# മാവോ തിരഞ്ഞെടുത്ത കൃതികൾ

# 毛泽东选集



# മാവോ സെതുങ്ങ്
# തെരഞ്ഞെടുത്ത കൃതികൾ

## രണ്ടാം ഭാഗം

ദേശീയ
പ്രസിദ്ധീകരണ
കേന്ദ്രം

കോട്ടയം—686 008

Scanned by CamScanner

Malayalam

MAO TSETUNG KRITHIKAL

Volume II

First Published December 1983

Cover design: V. K. Satheesan

Publishers:
Janakeeya Prasidheekarana Kendram
East Arpookara
Kottayam-686 008

First impression
Copies 2000

Printed at Lipee Press, Arpookara

Price Rs. 40/-

Scanned by CamScanner

1 ) ജപ്പാനെ ചെറുക്കുന്നതിന് വേണ്ടിയുള്ള നയങ്ങളും നടപടികളും കാഴ്ചപ്പാടുകളും . പിഡിഎഫ് ..... 13

2 ) ദേശത്തുള്ള എല്ലാ സേനകളെയും ചെറുത്തു നിൽപ്പ് യുദ്ധത്തിന്റെ വിജയത്തിനായി അണിനിരത്തുക . പിഡിഎഫ് .... 23

3 ) വിട്ടുവീഴ്ച മനോഭാവത്തോട് പൊരുതുക . പിഡിഎഫ് .... 31

4 ) കുമിന്താങ് - കമ്മ്യൂണിസ്റ്റ് സഖ്യം സ്ഥാപിതമായതിനെ തുടർന്നുള്ള അടിയന്തിര കർത്തവ്യങ്ങൾ . പിഡിഎഫ് .... 35

5 ) ബ്രിട്ടീഷ് പത്രപ്രവർത്തകനായ ജെയിംസ് ബർട്രാമുമായി നടത്തിയ അഭിമുഖം . പിഡിഎഫ് ... 46

6 ) ഷാങ്ഹായുടെയും തായ്യുവാൻറെയും പതനത്തിനു ശേഷം ജാപ്പുവിരുദ്ധ യുദ്ധത്തിന്റെ സ്ഥിതിയും കടമകളും . പിഡിഎഫ് .... 60

7 ) അതിർത്തി പ്രദേശ സർക്കാരിന്റെയും എട്ടാം പഥസേനയുടെ പിന്നണി ഹെഡ്ക്വാർട്ടേസിന്റെയും പ്രഖ്യാപനം . പിഡിഎഫ് .... 75

8 ) ജപ്പാനെതിരായ ഗറില്ലായുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങൾ . പിഡിഎഫ് .... 79

9 ) സുദീർഘ യുദ്ധത്തെക്കുറിച്ച് . പിഡിഎഫ് .... 118

10 ) ദേശീയ യുദ്ധത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പങ്ക് . പിഡിഎഫ് .... 211

11 ) ഐക്യമുന്നണിക്കുള്ളിലെ സ്വാതന്ത്ര്യത്തിന്റെയും മുൻകൈയുടേയും പ്രശ്നം . പിഡിഎഫ് .... 230

12 ) യുദ്ധത്തിന്റെയും തന്ത്രത്തിന്റെയും പ്രശ്നങ്ങൾ . പിഡിഎഫ് .... 235

13 ) മെയ് 4 പ്രസ്ഥാനം , യുവജനപ്രസ്ഥാനത്തിന്റെ നിലപാട് . പിഡിഎഫ് .... 258

14 ) കീഴടങ്ങൽ വാദപ്രവർത്തനങ്ങളെ എതിർക്കുക . പിഡിഎഫ് .... 271

15 ) പിന്തിരിപ്പന്മാർ ശിക്ഷിക്കപ്പെടുക തന്നെ വേണം . പിഡിഎഫ് ..... 277

16 ) ന്യൂചൈന ദിനപ്പത്രവുമായി നടത്തിയ കൂടിക്കാഴ്ച . പിഡിഎഫ് ..... 282

17 ) സാവോ താങ് പാവോ , ഹ്സിൻമിൻ പാവോ പ്രതിനിധികളുമായി കൂടിക്കാഴ്ച . പിഡിഎഫ് .... 290

18 ) സോവിയറ്റ് യൂണിയന്റെയും മാനവരാശിയുടെയും താൽപ്പര്യങ്ങൾ തമ്മിലുള്ള അനന്യത . പിഡിഎഫ് .... 297

# ജപ്പാനെ ചെറുക്കുന്നതിനുവേണ്ടിയുള്ള നയങ്ങളും നടപടികളും കാഴ്ചപ്പാടുകളും*

*1937 ജൂലൈ 23*

## 1. രണ്ടു നയങ്ങൾ

ജൂലൈ 8 ന് അതായത് ലുക്കൗച്യാവോ സംഭവത്തിന്റെ[1] തൊട്ടടുത്ത ദിവസം, രാഷ്ട്രത്തെയാകെ ചെറുത്തുനില്പു യുദ്ധത്തിനുവേണ്ടി ആഹ്വാനം ചെയ്തുകൊണ്ട് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിററി ഒരു പ്രകടനപത്രിക പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത പ്രകടന പത്രിക ഭാഗികമായി ഇങ്ങനെ പറയുന്നു.

സഹദേശവാസികളേ, പേയ്പിങ്ങും ടിയൻസീനും സർവനാശത്തിന്റെ വക്കത്താണ്. വടക്കൻചൈന നാശത്തെ നേരിട്ടുകൊണ്ടിരിക്കുന്നു. ചൈനീസ്ദേശം തന്നെ നാശത്തിന്റെ വക്കത്താണ്. മുഴുവൻ ദേശത്തിന്റെയും ഒരു ചെറുത്തുനില്പുയുദ്ധം മാത്രമാണ് ഒരേയൊരു പോംവഴി. ജാപ്പ്സൈന്യത്തിന്റെ കടന്നാക്രമണത്തിനെതിരെ ഉടനടി, പതറാത്ത ചെറുത്തുനില്പിനും, ഏതു് അടിയന്തിരാവസ്ഥയേയും നേരിടുന്നതിനും അതിവേഗമുള്ള തയ്യാറെടുപ്പിന് ഞങ്ങളാവശ്യപ്പെടുന്നു. ജാപ്പ് ആക്രമണകാരികളോട് വിധേയത്വത്തോടുകൂടിയ ഒരു സമാധാന ജീവിതം കാംക്ഷിക്കുന്ന വ്യക്തികളും രാഷ്ട്രമാകെത്തന്നെയും അത്തരം ആശയം തീർച്ചയായും ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. സഹദേശവാസികളേ! ഫെങ്ചിആന്റെ സേന നടത്തുന്ന ധീരോദാത്തമായ ചെറുത്തുനില്പിന്

---

* സായുധശക്തികൊണ്ട് ചൈനയെ അപ്പാടെ പിടിച്ചടക്കി തങ്ങളോടുകൂടി ചേർക്കാനുള്ള പരിശ്രമത്തിൽ ജാപ്പനീസ് സാമ്രാജ്യവാദികൾ 1937 ജൂലൈ 7 ന് ലൂക്കൗച്യാവോ സംഭവം അരങ്ങേററി. ചൈനീസ് ജനത ഏകകണ്ഠമായി ജപ്പാനെതിരായി യുദ്ധം ആവശ്യപ്പെട്ടു. ചിയാങ് കൈഷെക് ജപ്പാനോടുള്ള ചെറുത്തുനില്പ്, ലൂഷാനിൽ വച്ചു ചെയ്ത പരസ്യപ്രസ്താവനയിലൂടെ വിമ്മിട്ടത്തോടെ പ്രഖ്യാപിക്കും മുമ്പായി പത്തുദിവസങ്ങൾ കടന്നുപോയി. അയാൾ അപ്രകാരം ചെയ്തതുതന്നെ ദേശവ്യാപകമായ ജനകീയ സമ്മർദ്ദത്തിൻ കീഴിലും ചൈനയിൽ ബ്രിട്ടിഷ്—യു. എസ്. സാമ്രാജ്യവാദികൾക്കും അയാൾ നേരിൽ പ്രതിനിധീകരിച്ചിരുന്ന വൻകിട ഭൂപ്രഭു

Scanned by CamScanner

നമ്മുടെ അഭിവാദനങ്ങളും പിന്തുണയും പ്രഖ്യാപിക്കണം. മരണംവരെ പൊരുതി മാതൃരാജ്യത്തെ പ്രതിരോധിക്കുമെന്ന വടക്കൻ ചൈനയിലെ പ്രാദേശിക ഭരണകർത്താക്കളുടെ പ്രഖ്യാപനത്തെ ആഹ്ലാദാഭിവാദനങ്ങളോടെ നമുക്കു പിന്താങ്ങുക. ജനറൽ സങ്ങ് ചെ–യുവാൻ 29–ാം സൈന്യവിഭാഗത്തെ2 ഉടനടി അണിനിരത്തുകയും മുന്നണിയിൽ പൊരുതുന്നതിനു നിയോഗിക്കുകയും ചെയ്യണമെന്ന് ഞങ്ങളാവശ്യപ്പെടുന്നു. നാങ്കിങ്ങിലെ കേന്ദ്ര ഭരണാധികാരികളോടാകട്ടെ, ഞങ്ങൾ ഇനി പറയുന്ന കാര്യങ്ങൾ ആവശ്യപ്പെടുന്നു.

29–ാം സൈന്യവിഭാഗത്തിനു് ഫലപ്രദമായ സഹായം നൽകുക. ജനങ്ങൾക്കിടയിലുള്ള രാജ്യസ്നേഹികളുടെ പ്രസ്ഥാനങ്ങളിൻമേലുള്ള നിരോധനം ഉടനടി നീക്കുകയും അങ്ങനെ സായുധചെറുത്തുനില്പിനു വേണ്ടിയുള്ള ആവേശം ഉപയോഗപ്പെടുത്താൻ അനുവദിക്കുകയും ചെയ്യുക. രാജ്യത്തെ കര, കടൽ, വ്യോമസേനകളെ ഉടനടി അണിനിരത്തി സമരോന്മുഖമാക്കുക. ചൈനയിലുള്ള രാജ്യദ്രോഹികളെയും ജാപ്പ് ഏജൻറുകളെയും ഉടനടി പിഴുതെറിഞ്ഞ് നമ്മുടെ പിൻനിര സുശക്തമാക്കുക. ജപ്പാനെതിരായുള്ള പാവനമായ സ്വയം പ്രതിരോധയുദ്ധത്തിനു് ശക്തികൂട്ടുന്നതിനു് മുഴുവൻ രാജ്യത്തെയും ജനങ്ങളെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ഞങ്ങളുടെ മുദ്രാവാക്യങ്ങൾ ഇവയാണ്.

---

കൾക്കും വൻകിട ബൂർഷ്വാസിക്കും, അവരുടെ താല്പര്യങ്ങൾക്കുമേൽ ജാപ്പനീസ് കടന്നാക്രമണം കടുത്ത പ്രഹരമേല്പിച്ചതുകൊണ്ടുമായിരുന്നു. അതേസമയം ചിയാങ്ങ് കൈഷെക് സർക്കാർ ജാപ്പനീസ് ആക്രമണകാരികളുമായി ഒത്തുതീർപ്പുസംഭാഷണം തുടരുകയും, അവർ പ്രാദേശിക ഭരണാധികാരികളുമായി ഉണ്ടാക്കിയിരുന്ന സമാധാന സന്ധികൾ എന്നു വിളിക്കപ്പെട്ടിരുന്നവ സ്വീകരിക്കുക പോലും ചെയ്തു. 1937 ആഗസ്റ്റ് 13 വരെ, അതായതു് ഷാങ്ങ്ഹായിക്കുമേൽ ജാപ്പ് ആക്രമണകാരികൾ കടന്നാക്രമണം കെട്ടഴിച്ചുവിടുകയും തെക്കുകിഴക്കൻ ചൈനയിൽ തൻെറ ഭരണം തുടരുന്നതു് ചിയാങ്ങ് കൈഷെക്കിനു് അസാദ്ധ്യമാവുകയും ചെയ്യുംവരെ, അയാൾ സായുധ ചെറുത്തുനില്പിനൊരുങ്ങാൻ നിർബ്ബന്ധിതനായില്ല, അതിൽപിന്നെ മാത്രമാണതുണ്ടായതു്. 1944 വരെ ചിയാങ്ങ് ഒരിക്കലും ജപ്പാനുമായിസമാധാനം സ്ഥാപിക്കാനുള്ള തൻെറ ഗൂഢശ്രമങ്ങൾ നിർത്തിവയ്ക്കുകയുണ്ടായില്ല. ചെറുത്തുനില്പുയുദ്ധത്തിൽ ഉടനീളം, മുഴുവൻ ജനങ്ങളും അണിനിരത്തപ്പെടുന്ന ഒരു സർവ്വവ്യാപിയായ ജനകീയ യുദ്ധത്തെ ചിയാങ്ങ് കൈഷെക് എതിർക്കുകയും, ജപ്പാനെ നിഷ്ക്രിയമായി എതിർക്കുക, കമ്യൂണിസ്റ്റ്പാർട്ടിയേയും ജനങ്ങളേയും സക്രിയമായി എതിർക്കുക എന്ന തൻെറ പിന്തിരിപ്പൻനയം തുടർന്നുകൊണ്ടിരിക്കുകയും ചെയ്തു. അങ്ങനെ ''ഒരിക്കൽ യുദ്ധം പൊട്ടിപ്പുറപ്പെടുന്നതോടെ, ഓരോ വ്യക്തിയും—ചെറുപ്പക്കാരനോ വയസ്സനോ ആകട്ടെ; വടക്കനോ തെക്കനോ ആകട്ടെ—ജപ്പാനെ ചെറുക്കുന്നതിൻെറയും ജന്മഭൂമിയെ പ്രതിരോധിക്കുന്നതിൻെറയും ഉത്തരവാദിത്വം ഏറ്റെടുക്കണം'' എന്ന തൻെറ ലൂഷാൻ പ്രസ്താവനയെ അയാളുടെ മേൽപ്പറഞ്ഞ നടപടികളിലൂടെ പൂർണ്ണമായി ലംഘിക്കുകയും ചെയ്തു. സഖാവ് മാവോ സെതുങ്ങ് ഈ ലേഖനത്തിൽ ചർച്ചചെയ്യുന്ന രണ്ടു നയങ്ങളും രണ്ടു കൂട്ടം നടപടികളും രണ്ടു കാഴ്ചപ്പാടുകളും ചെറുത്തുനില്പുയുദ്ധത്തിലെ കമ്യൂണിസ്റ്റ്പാർട്ടിയുടേയും ചിയാങ്ങ്കൈഷെക്കിൻെറയും ലൈനുകൾ തമ്മിലുള്ള സമരത്തെ പ്രതിഫലിപ്പിക്കുന്നു.

Scanned by CamScanner

പേയ്പിങ്ങും, ടിയൻസിനും വടക്കൻ ചൈനയും സായുധമായി സംരക്ഷിക്കുക. അവസാനത്തുള്ളി രക്തംവരെ പൊരുതി മാതൃഭൂമിയെ സംരക്ഷിക്കുക. ജാപ്പനീസ് ആക്രമണത്തിനെതിരായി മുഴുവൻ ബഹുജനങ്ങളും ഭരണകൂടവും സായുധസേനയും ഒരൈക്യമുന്നണി രൂപീകരിച്ച് ചെറുത്തുനില്പിനായി ഒരു വന്മതിൽ സൃഷ്ടിക്കുക. ജാപ്പ് കൈയേററക്കാരുടെ പുതിയ ആക്രമണത്തെ ചെറുക്കുന്നതിനുവേണ്ടി ക്വമിന്താങ്ങും കമ്യൂണിസ്റ്റുപാർട്ടിയും നിരുപാധികം സഹകരിക്കുക. ജാപ്പ് ആക്രമണകാരികളെ ചൈനയുടെ മണ്ണിൽനിന്നും തുരത്തുക.

ഇതു് ഒരു നയപ്രഖ്യാപനമാണ്.

ലൂഷാനിൽ വച്ച് മി. ചിയാങ്ങ് കൈഷെക് ഒരു പ്രസ്താവന ചെയ്തു. ആ പ്രസ്താവന ചെറുത്തുനില്പു യുദ്ധത്തിനുള്ള തയ്യാറെടുപ്പിന്റെ നയപരിപാടിയായിരുന്നതുപോലെ ക്വമിന്താങ് വർഷങ്ങളായി തുടർന്നിരുന്ന തെററായ വിദേശനയത്തിന്റെ ആദ്യ തിരുത്തൽ പ്രഖ്യാപനവുമായിരുന്നു. അതുകൊണ്ടുതന്നെ ജനങ്ങളാകെയും ഞങ്ങളും ആ പ്രസ്താവനയെ സ്വാഗതം ചെയ്യുകയും ചെയ്തു. ലൂക്കൗച്യാവോ സംഭവത്തിനെ സംബന്ധിച്ചുള്ള ഒരു ടമ്പടിക്ക് നാല് ഉപാധികൾ ആ പ്രസ്താവനയിൽ നിർദ്ദേശിച്ചിരുന്നു.

1. ചൈനയുടെ പരമാധികാരത്തെയോ ദേശീയ ഭദ്രതയെയോ ബാധിക്കുന്ന ഒന്നുംതന്നെ ഉടമ്പടിയിലുണ്ടാകരുതു്.
2. ഹോപേയ്, ചഹാർ പ്രവിശ്യകളിലെ ഭരണപരമായ ഘടനയിൽ നിയമാനുസൃതമല്ലാത്ത യാതൊരു വ്യതിയാനവും പാടില്ല.
3. മററുള്ളവരുടെ ആവശ്യപ്രകാരം, കേന്ദ്ര സർക്കാർ നിയമിച്ചിട്ടുള്ള പ്രാദേശിക ഭരണകർത്താക്കളെ പിരിച്ചുവിടുകയോ മാററുകയോ ചെയ്യരുതു്.
4. 29–ാം സേനാവ്യൂഹത്തെ അവർ ഇപ്പോൾ നിർത്തിയിരുന്ന സ്ഥലത്തുമാത്രമായി ഒതുക്കിനിർത്തരുതു്.

ഉപസംഹാരമായി പ്രസ്താവന ഇങ്ങിനെ പറഞ്ഞു.

ലൂക്കൗ ച്യാവോ സംഭവത്തെ സംബന്ധിച്ചിടത്തോളം ഭരണകൂടം അംഗീകരിച്ചിട്ടുള്ള നയപരിപാടികളിലും നിലപാടിലും ഭരണകൂടം ഉറച്ചുനില്ക്കും. രാഷ്ട്രമാകെ ഒരു യുദ്ധത്തിലേർപ്പെട്ടിരിക്കുമ്പോൾ കയ്പേറിയ ഏതൊരു അന്ത്യവും നേരിടുന്നതിനുള്ള ത്യാഗം ആവശ്യമായിവരുമെന്നും, സുഗമമായ ഒരു പോംവഴിയെപ്പററി തരിമ്പും പ്രതീക്ഷ വേണ്ടെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. ഒരു യുദ്ധം പൊട്ടിപ്പുറപ്പെട്ടുകഴിഞ്ഞാൽ ജപ്പാനെ ചെറുക്കുന്നതിലും മാതൃഭൂമിയെ രക്ഷിക്കുന്നതിലുമുള്ള ഉത്തരവാദിത്വം പ്രായഭേദമെന്യേ, വടക്കരെന്നോ തെക്കരെന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാ ആളുകളും ഏറെറടുത്തേ മതിയാകൂ. ഇതും ഒരു നയപ്രഖ്യാപനമാണ്.

ഇവിടെ നമുക്ക് ലൂക്കൗച്യാവോ സംഭവത്തെ സംബന്ധിച്ചുള്ള ചരിത്രപ്രധാനമായ രണ്ടു നയപ്രഖ്യാപനങ്ങളുണ്ട്. ഒന്ന് കമ്യൂണിസ്റ്റ് പാർട്ടിയുടേതും മറേറത് ക്വമിന്താങ്ങിന്റേതും. രണ്ടിലും ഒരു കാര്യം പൊതുവായിട്ടുണ്ട്. രണ്ടു പ്രഖ്യാപനങ്ങളും അടിപതറാതുള്ള ചെറുത്തുനില്പിലും സന്ധിചെയ്യൽ, സൗജന്യങ്ങൾ ചെയ്തുകൊടുക്കൽ എന്നിവയ്ക്ക് എതിരായുള്ള നിലപാടിലും ഉറച്ചുനിൽക്കുന്നു എന്നുള്ളതാണ് അതു്.

ജാപ്പ് ആക്രമണത്തെ ചെറുത്തുനില്ക്കുന്ന കാര്യത്തിലുള്ള പല നയങ്ങളിൽ ഏററവും ശരിയായ നയമാണിതു്.

Scanned by CamScanner

പക്ഷെ, മറെറാരുതരം നയം അംഗീകരിക്കപ്പെടാനുള്ള സാദ്ധ്യത കൂടിയുണ്ട്. ഈ അടുത്ത മാസങ്ങളിലായി പേയ്പിങ്ങിലേയും, ടിയൻസീനിലേയും രാജ്യദ്രോഹികളും ജാപ്പനനുകൂലികളും ജപ്പാന്റെ ആവശ്യങ്ങൾക്ക വഴങ്ങിക്കൊടുക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. അവർ അടിപതറാതുള്ള സായുധ ചെറുത്തുനില്പിന്റെ വിജയസാദ്ധ്യത കുറച്ചുകാണിക്കുകയും, ഒത്തുതീർപ്പിനും വഴങ്ങലിനും വേണ്ടി വാദിക്കുകയും ചെയ്യുന്നു. ഇതെല്ലാം ഏററവുമധികം അപകടകരങ്ങളായ ലക്ഷണങ്ങളാണ്.

ഒത്തുതീർപ്പും വഴങ്ങലുമെന്ന നയം അടിപതറാതുള്ള സായുധ ചെറുത്തുനില്പെന്ന നയത്തിന് തീർത്തും കടകവിരുദ്ധമാണ്. ഇതു് എത്രയും വേഗം തിരുത്തിയില്ലെങ്കിൽ പേയ്പിങ്ങും ടിയൻസീനും വടക്കൻ ചൈന മുഴുവനും ശത്രുവിന്റെ കയ്യിലകപ്പെടുകയും രാജ്യമാകെ അപകടത്തിലാകുകയും ചെയ്യും. എല്ലാവരും ജാഗരൂകരാകേണ്ടിയിരിക്കുന്നു.

29–ാം സേനയിലെ ദേശാഭിമാനികളായ സേനാനായകന്മാരെ ഏകോപിക്കുക! ഒത്തുതീർപ്പിനെയും വഴങ്ങലിനെയും എതിർക്കുകയും അടിപതറാതുള്ള സായുധ ചെറുത്തുനില്പിനെ പിന്താങ്ങുകയും ചെയ്യുക. പേയ്പിങ്ങിലെയും ടിയൻസീനിലേയും വടക്കൻ ചൈനയിലേയും സഹദേശസ്നേഹികളേ ഒന്നിക്കുക! ഒത്തുതീർപ്പിനെയും വഴങ്ങലിനെയും എതിർക്കുക, അടിപതറാതുള്ള സായുധ ചെറുത്തുനില്പിനെ പിന്താങ്ങുക!

രാജ്യമാസകലമുള്ള സഹദേശസ്നേഹികളേ ഒന്നിക്കുക! ഒത്തുതീർപ്പിനെയും വഴങ്ങലിനെയും എതിർക്കുക, അടിപതറാതുള്ള സായുധചെറുത്തുനില്പിനെ പിന്താങ്ങുക!

മി. ചിയാങ്ങ് കൈഷെക്! കുമിന്താങ്ങിലെ ദേശാഭിമാനികളായ അംഗങ്ങളെ! നിങ്ങളുടെ പ്രഖ്യാപിതനയത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുമെന്നും നിങ്ങളുടെ പ്രതിജ്ഞ നിറവേററുമെന്നും ഒത്തുതീർപ്പിനെയും വഴങ്ങലിനെയും എതിർക്കുമെന്നും സായുധരായി ചെറുത്തുനിന്നു പൊരുതുമെന്നും അങ്ങനെ ശത്രുവിന്റെ തെമ്മാടിത്തത്തിന് പ്രവൃത്തികൊണ്ടു മറുപടി നൽകുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ചുവപ്പുസേനയുൾപ്പെടെ രാജ്യത്തെ മൊത്തം സായുധസേനയും ചിയാങ്ങ്കൈഷെക്കിന്റെ പ്രഖ്യാപനത്തിന് പിന്തുണ നൽകുകയും ഒത്തുതീർപ്പിനെയും വഴങ്ങലിനെയും എതിർക്കുകയും അടിപതറാതുള്ള സായുധചെറുത്തുനിൽപുസമരം നടത്തുകയും ചെയ്യട്ടെ!

ഞങ്ങൾ കമ്യൂണിസ്റ്റുകാർ, ഞങ്ങളുടെ പ്രകടനപത്രിക ഹൃദയംഗമമായി, വിശ്വസ്തതയോടെ നടപ്പിലാക്കുകയാണ്. അതേസമയം ചിയാങ്ങ്കൈഷെക്കിന്റെ പ്രഖ്യാപനത്തെ അങ്ങേയററം പിന്താങ്ങുന്നു. കുമിന്താങ്ങിലെ അംഗങ്ങളോടുംസഹദേശവാസികളോടുമൊപ്പം രാജ്യത്തെ രക്ഷിക്കുന്നതിന് അവസാനത്തുള്ളി രക്തംവരെ ചിന്തിപ്പൊരുതാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ അറച്ചുനില്പിനേയും, ആടിക്കളിക്കലിനേയും ഒത്തുതീർപ്പിനയും വഴങ്ങിക്കൊടുക്കുന്നതിനേയും എതിർക്കുന്നുവെന്നു മാത്രമല്ല, അടിപതറാതെനിന്ന് സായുധസമരം നടത്തുകയും ചെയ്യും.

## II. രണ്ടുകൂട്ടം നടപടികൾ

അടിപതറാതുള്ള സായുധ ചെറുത്തുനില്പെന്ന നയത്തിന്റെ ലക്ഷ്യം നേടിയെടുക്കുന്നതിന് സമഗ്രമായ ഒരുകൂട്ടം നടപടികൾ ആവശ്യമാണ്.

Scanned by CamScanner

അതെന്തൊക്കെയാണ്? പ്രധാനപ്പെട്ടവ താഴെപ്പറയുന്നു: രാജ്യത്തെ സായുധസേനയെ ആകെ അണിനിരത്തുക. കര, കടൽ, വ്യോമസേന എന്നിവയിലും കേന്ദ്ര സേനയിലും പ്രാദേശിക സൈന്യവിഭാഗങ്ങളിലും രണ്ടു ദശലക്ഷത്തിലേറെ വരുന്ന നമ്മുടെ സ്ഥിരസൈന്യങ്ങളെ അണിനിരത്തുകയും പ്രധാന സൈന്യവിഭാഗങ്ങളെ ദേശീയ പ്രതിരോധ മുന്നണിയിലേക്ക് ഉടനയയ്ക്കുകയും, അതേസമയം കുറെ സൈന്യങ്ങളെ പിന്നണിയിൽ നിറുത്തി ക്രമസമാധാന ചുമതല ഏല്പിക്കുകയും ചെയ്യുക. ദേശീയ താല്പര്യത്തിനോട് ആനുകൂല്യമുള്ള ജനറൽമാരെ വിവിധ യുദ്ധമുന്നണികളുടെ ചുമതലയേല്പിക്കുക, സൈനികനീക്കങ്ങളുടെ ലക്ഷ്യം നേടുന്നതിനാവശ്യമായ ഐക്യം നേടുന്നതിനും തന്ത്രങ്ങളാവിഷ്കരിക്കുന്നതിനുമാവശ്യമായ ഒരു ദേശീയസംരക്ഷണസമ്മേളനം വിളിച്ചുകൂട്ടുക, ഓഫീസർമാരും സൈനികരും തമ്മിലും സൈനികർ മൊത്തത്തിലും ജനങ്ങളും തമ്മിലുമുള്ള ഐക്യം നേടിയെടുക്കുന്നതിനനുസൃതമായ വിധത്തിൽ സൈനികർക്കിടയിലുള്ള രാഷ്ട്രീയപ്രവർത്തനമാകെ അഴിച്ചുപണിയുക. തന്ത്രപരമായ കടമയുടെ ഒരു വിഭാഗത്തിന്റെ ഉത്തരവാദിത്വം ഗറില്ലാരീതിയിൽ നടപ്പാക്കുകയെന്ന തത്വം പ്രാവർത്തികമാക്കുകയും, ഗറില്ലാപ്രവർത്തനവും സ്ഥിരം സൈനികപ്രവർത്തനങ്ങളും ഉചിതമായി ഏകോപിപ്പിക്കുകയും ചെയ്യുക, സൈന്യത്തിലുള്ള രാജ്യദ്രോഹികളെ പിഴുതെറിയുക, ആവശ്യമുള്ളത്ര സൈനികരെ വേണ്ടത്ര പരിശീലനം നൽകി മുന്നണിയിലേക്കയയ്ക്കാൻ സജ്ജമാക്കുക. സായുധസേനയ്ക്കാവശ്യമുള്ള യുദ്ധോപകരണങ്ങളും ആഹാരസാധനങ്ങളും നൽകി സജ്ജമാക്കുക. അടിപതറാതെ ചെറുത്തുനില്ക്കുക എന്ന പൊതുനയത്തിനനുസൃതമായി ഇത്തരം സൈനിക പദ്ധതികൾ രൂപീകരിക്കുക. ചൈനയുടെ സൈനിക സംഖ്യ ഒട്ടും ചെറുതൊന്നുമല്ല, പക്ഷെ മേൽ പറഞ്ഞ പദ്ധതികൾ നടപ്പാക്കിയില്ലെങ്കിൽ ശത്രുവിനെ തോല്പിച്ചോടിക്കുക എന്നത് സാദ്ധ്യമാകുകയില്ല. എന്നാൽ രാഷ്ട്രീയവും ദ്രവ്യപരവുമായ ഘടകങ്ങൾ ഏകോപിപ്പിക്കുകയാണെങ്കിൽ കിഴക്കനേഷ്യയിൽ നമ്മുടെ സേനയോട് മറെറാരു സേനയ്ക്കും കിടപിടിക്കാനാവുകയില്ല.

2. മുഴുവൻ ജനതയെയും അണിനിരത്തുക, ദേശാഭിമാനപ്രസ്ഥാനങ്ങളുടെ മേലുള്ള നിരോധനം പിൻവലിക്കുക, രാഷ്ട്രീയത്തടവുകാരെ മോചിപ്പിക്കുക. 'റിപ്പബ്ളിക്കിനെ അപകടപ്പെടുത്തുന്ന കാര്യങ്ങളെ കൈകാര്യം ചെയ്യാനുള്ള അടിയന്തിരാവസ്ഥാനിയമ'വും[3], ''വാർത്താനിയന്ത്രണ നിയമ[4]''വും മരവിപ്പിക്കുക. ഇന്നുള്ള ദേശാഭിമാനപ്രസ്ഥാനങ്ങൾക്ക് നിയമസാധുത നൽകുക; തൊഴിലാളികൾ, കർഷകർ, വ്യവസായികൾ, ബുദ്ധിജീവികൾ എന്നിവർക്കിടയിലും വ്യാപിപ്പിക്കുക, സ്വരക്ഷയ്ക്കായി ജനങ്ങളെ സായുധരാക്കുകയും അതിലൂടെ സായുധസേനയ്ക്ക് പിന്തുണ നൽകാൻ സജ്ജമാക്കുകയും ചെയ്യുക. ഒററവാക്കിൽ പറഞ്ഞാൽ ജനങ്ങൾക്ക് അവരുടെ രാജ്യസ്നേഹം പ്രകടമാക്കാനുള്ള സ്വാതന്ത്ര്യം നൽകുക. ജനങ്ങളുടേയും, സായുധസേനകളുടേയും സംയുക്തശക്തികൊണ്ട് ജാപ്പനീസ് സാമ്രാജ്യവാദികളുടെമേൽ മാരകമായ പ്രഹരമേല്പിക്കാൻകഴിയും. വമ്പിച്ച ബഹുജനവിഭാഗങ്ങളെ ആശ്രയിക്കാതെ യുദ്ധത്തിൽ വിജയം നേടുക സാദ്ധ്യമല്ലെന്നുള്ളതിൽ സംശയമില്ലതന്നെ. അബിസീനിയയുടെ പതനം[5] നമുക്കൊരു മുന്നറിയിപ്പായിരിക്കട്ടെ. അടിപതറാത്ത സായുധ ചെറുത്തുനിൽപ്പുയുദ്ധം നടത്തുന്നതിൽ ആത്മാർത്ഥതയുള്ള യാതൊരാൾക്കും ഈ കാര്യം അവഗണിക്കാനാവില്ല.

3. ഭരണയന്ത്രം പരിഷ്ക്കരിക്കുക. എല്ലാ രാഷ്ട്രീയകക്ഷികളുടെയും ഗ്രൂപ്പുകളുടെയും പ്രതിനിധികളെയും പൊതുജനനേതാക്കന്മാരെയും ഭരണകാര്യങ്ങളുടെ നടത്തിപ്പിനായി ഗവണ്മെൻറിൽ പങ്കാ

Scanned by CamScanner

ളികളാക്കുകയും സർക്കാർതലത്തിൽ ഒളിഞ്ഞിരിക്കുന്ന ജാപ്പനുകൂലികളേ
യും രാജ്യദ്രോഹികളേയും പിഴുതെറിയുകയും ചെയ്യുന്നതിലൂടെ സർക്കാരി
നെ സാധാരണജനതയുമായി താദാത്മ്യം പ്രാപിക്കുന്നതാക്കിത്തീർക്കുക.
ഒരുപിടി വ്യക്തികൾക്ക മാത്രം സാധിതപ്രായമാകുവാൻ കഴിയുന്നതല്ല
ജപ്പാനെതിരായ ചെറുത്തുനില്പ് എന്ന ബൃഹത്തായ കടമ. അങ്ങനെ ഒരു
കൂട്ടം വ്യക്തികൾ കയ്യടക്കിവയ്ക്കാൻ ശ്രമിക്കുകയാണെങ്കിൽ അവർക്ക വീഴ്ച
യേ സംഭവിക്കുകയുള്ളൂ. സർക്കാർ യഥാർത്ഥത്തിൽ ദേശീയപ്രതിരോധ
ത്തിനുള്ള സർക്കാരായിത്തീരണമെങ്കിൽ അതു് ജനങ്ങളിൽ ആശ്രയിക്കു
ന്നതും ജനാധിപത്യ കേന്ദ്രീകരണം പ്രയോഗത്തിൽ വരുത്തുന്നതുമായിരി
ക്കണം. അതു് ഒരേസമയം ജനാധിപത്യപരവും കേന്ദ്രീകൃതവുമായിരി
ക്കണം. അത്തരമൊരു സർക്കാരാണ് ഏററവും ശക്തിമത്താകുക. ദേശീയ
അസംബ്ളി യഥാർത്ഥ ജനപ്രാതിനിധ്യമുള്ളതായിരിക്കണം. അതു്
പരമാധികാര ഉപകരണമായിരിക്കണം.

4. ഒരു ജാപ്പവിരുദ്ധ ദേശീയനയം അംഗീകരിക്കുക. ജാപ്പ
സാമ്രാജ്യവാദികൾക്ക് യാതൊരുവിധ സൗകര്യങ്ങളും സഹായങ്ങളും
ചെയ്തുകൊടുക്കാതിരിക്കുക, അതേസമയം അവരുടെ സ്വത്തുക്കൾ പിടി
ച്ചെടുക്കുക, അവരുടെ വായ്പകൾ നിരാകരിക്കുക, അവരുടെ പിണിയാ
ളുകളെ പിഴുതെറിയുക, അവരുടെ ചാരന്മാരെ നിഷ്കാസനം ചെയ്യുക.
ജാപ്പ് സാമ്രാജ്യവാദികളെ തോല്പിച്ചോടിക്കുന്നതിന്ന് നാം മുഖ്യമായും
നമ്മുടെ ശക്തിയെത്തന്നെ ആശ്രയിക്കണം. പക്ഷെ, വിദേശസഹായം
ഒഴിവാക്കാനാവുകയില്ല. ഒററപ്പെടലിന്റേതായ ഒരു നയം ശത്രുവിന്റെ
കരങ്ങളിൽ കരുവാകൽ മാത്രമേ ആകൂ.

5. ജനജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പരിപാടി ഉടനടി
പ്രഖ്യാപിക്കുകയും അതുടനെ നടപ്പിലാക്കാൻ തുടങ്ങുകയും ചെയ്യുക. താഴെ
പറയുന്ന പരിമിതമായ കാര്യങ്ങൾകൊണ്ടു് തുടക്കം കുറിക്കുക. അമിത
മായ നികുതികളും പലതരം ലെവികളും റദ്ദാക്കുക, പാട്ടം വെട്ടി കുറക്കുക,
അന്യായ പലിശക്ക് കടം കൊടുക്കുന്ന രീതിക്ക് കടിഞ്ഞാണിടുക, തൊ
ഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുക, താഴെക്കിടയിലുള്ള ഓഫീസർ
മാരുടെയും പട്ടാളക്കാരുടെയും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഓ
ഫീസ് ജീവനക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക, പ്രകൃതി
ക്ഷോഭങ്ങൾക്കിരയായവർക്ക് ദുരിതാശ്വാസം എത്തിക്കുക; ചിലയാളു
കൾ വാദിക്കുന്നതുപോലെ, ഈ നടപടികൾ രാജ്യത്തിന്റെ സാമ്പത്തിക
നില താറുമാറാക്കുകയല്ല, നേരെമറിച്ച് ജനങ്ങളുടെ ക്രയശേഷി വർദ്ധി
പ്പിക്കുകയും അങ്ങനെ സാമ്പത്തിക, വ്യാവസായികസ്ഥിതി അഭിവൃദ്ധി
പ്പെടുത്തുകയും ചെയ്യും. അവ ജപ്പാനെ ചെറുക്കുന്നതിനുള്ള നമ്മുടെ ശക്തി
കൾ ക്രമാതീതമായി ആക്കം കൂട്ടുകയും ഭരണകൂടത്തിന്റെ അസ്ഥിവാരം
കൂടുതൽ ഉറപ്പുള്ളതാക്കിത്തീർക്കുകയും ചെയ്യും.

6. ദേശീയ പ്രതിരോധത്തിനനുസൃതമായ ഒരു വിദ്യാഭ്യാസ സ
മ്പ്രദായം നടപ്പിലാക്കുക. നിലവിലുള്ള വിദ്യാഭ്യാസ നയവും സമ്പ്രദാ
യവും സമൂലം പരിഷ്കരിക്കുക, അത്യന്തം ആവശ്യമുള്ളതല്ലാത്ത എല്ലാ
പദ്ധതികളും, യുക്തിഹീനമായ നടപടികളും ഉപേക്ഷിക്കുക. പത്രങ്ങളും
പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും നാടകങ്ങളും സിനിമയും സാഹിത്യ
വും കലയുമെല്ലാം ദേശീയ പ്രതിരോധത്തിന്ന് സഹായകമാവണം. രാജ്യ
ദ്രോഹ പ്രചാരണങ്ങൾ കർശനമായി നിരോധിക്കണം.

7. ജപ്പാനെ നേരിടുന്നതിനായുള്ള ധനപരവും സാമ്പത്തികവു
മായ നയങ്ങളംഗീകരിക്കുക. ധനവാന്മാർ കൂടുതൽ സംഭാവന ചെയ്യുകയും
ജാപ്പ് സാമ്രാജ്യമോഹികളുടെയും ചൈനയിലെ രാജ്യദ്രോഹികളുടെയും
സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്യുകയെന്ന തത്വത്തിലധിഷ്ഠിതമായിരി

Scanned by CamScanner

ക്കണം സാമ്പത്തികനയം. ധനപരമായ നയമാകട്ടെ ജാപ്പ് ഉല്പന്നങ്ങൾ ബഹിഷ്കരിക്കുകയും ദേശീയോല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതിലധിഷ്ഠിതമായിരിക്കണം. അങ്ങനെ എല്ലാ നയങ്ങളും ജപ്പാനെ ചെറുത്തു തോല്പിക്കുന്നതിന് സഹായകരമായിരിക്കണം. സാമ്പത്തിക ഞെരുക്കം തെററായ നടപടികളുടെ ഫലമാണ്. ജനോപകാരപ്രദങ്ങളായ ഇത്തരം പുതിയ നയങ്ങൾ അംഗീകരിക്കുന്നതുവഴി അതു തരണം ചെയ്യാൻ തീർച്ചയായും കഴിയും. ഇത്രവലിയ ഭൂപരമായ വിസ്തൃതിയും ഇത്ര ഭീമമായ ജനസംഖ്യയുമുള്ള ഒരുരാജ്യം സാമ്പത്തികമായും ധനപരമായും നിസ്സഹായമാണെന്നു പറയുന്നതു് ശുദ്ധ അസംബന്ധമാണ്.

8. ചൈനീസ് ജനതയും ഭരണകൂടവും സായുധ സേനയും നമ്മുടെ വന്മതിലിനുതുല്യം ഒരു ഐക്യമുന്നണി കെട്ടിപ്പടുക്കുന്നതിനായി സംഘടിക്കുക. സായുധ പ്രതിരോധനയവും മേൽപറഞ്ഞ നടപടികളും നടപ്പാക്കുക എന്നതു് ഈ ഐക്യമുന്നണിയെന്ന അസ്ഥിവാരത്തിലായിരിക്കണം. ഇവിടെ പ്രധാന താക്കോൽ കൂമിന്താങ്ങും കമ്യൂണിസ്റ്റുപാർട്ടിയും തമ്മിലുള്ള ഏററവും അടുത്ത സഹകരണമാണ്. ഇരു പാർട്ടികളും തമ്മിലുള്ള അത്തരം സഹകരണത്തിന്റെ അടിസ്ഥാനത്തിൽ ഭരണകൂടവും സായുധസേനയും എല്ലാ രാഷ്ട്രീയകക്ഷികളും ജനതയാകെത്തന്നെയും സംഘടിക്കുക. ''ദേശീയ പ്രതിസന്ധി നേരിടുന്നതിനുള്ള വിശ്വാസ്യമായ ഐക്യം'' എന്ന മുദ്രാവാക്യം സുന്ദരമായ വാക്കുകളിൽ ഒതുക്കിനിർത്താതെ സുന്ദരമായ പ്രവൃത്തികളിലൂടെ തെളിയിച്ചുകാണിക്കുക. ഐക്യമെന്നതു് ശുദ്ധവും യഥാർത്ഥമായതുമാവണം. വഞ്ചന പററുകയില്ല. ഭരണപരമായ സൗകര്യങ്ങളുടെ നടത്തിപ്പ് കൂടുതൽ വിശാല മനസ്കതയോടുകൂടിയതും ദൂരവ്യാപക സ്വഭാവത്തോടുകൂടിയതുമാകണം. നിസ്സാര കാര്യങ്ങളിൽ അനാവശ്യമായ സമയം പാഴാക്കൽ, നികൃഷ്ടമായ കുതന്ത്രങ്ങൾ, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം, തങ്ങളുടെ പാളിച്ചകളെ ആത്മീയ വിജയങ്ങളാക്കിക്കാണിക്കൽ[6] എന്നിവ നിരുപയോഗമാണ്. ശത്രുവിനെതിരെ ഇവയെല്ലാം ഉപയോഗശൂന്യം മാത്രമല്ല, അവ സ്വന്തം ജനത ചെയ്യുകയെന്നതു് അധിക്ഷേപാർഹവുമാണ്. എല്ലാ കാര്യങ്ങളിലും പ്രധാനവും അപ്രധാനവുമായ തത്വങ്ങളടങ്ങിയിരിക്കും. പക്ഷെ അപ്രധാനമായവ മുഖ്യമായവയ്ക്കു് താഴെയേ വരാവൂ. നമ്മുടെ സഹോദരന്മാർ കാര്യങ്ങളെ മുഖ്യമായവയുടെ വെളിച്ചത്തിൽ നോക്കിക്കാണുകതന്നെ വേണം. എങ്കിൽ മാത്രമേ അവരുടെ ആശയങ്ങളും പ്രവൃത്തികളും അതിനനുസൃതമായി ശരിയായി രൂപീകരിക്കാൻ കഴിയുകയുള്ളൂ. ഇന്നു് ആരെങ്കിലും ഐക്യത്തിനുവേണ്ടിയുള്ള ശുദ്ധമായ ആഗ്രഹമില്ലാത്തവരാകുന്നുണ്ടെങ്കിൽ അവർ രാത്രിയുടെ നിശ്ശബ്ദതയിൽ സ്വന്തം മനസാക്ഷിയെ പരിശോധനാവിധേയമാക്കുകയും കുറഞ്ഞപക്ഷം, മററാരും കുററപ്പെടുത്തുന്നില്ലെങ്കിൽ കൂടി, സ്വയം ലജ്ജിക്കുകയും വേണം.

അടിപതറാതുള്ള സായുധ ചെറുത്തുനില്പിനുള്ള മേല്പറഞ്ഞ ഒരുകൂട്ടം നടപടികളെ വേണമെങ്കിൽ എട്ടിനപരിപാടി എന്നുവിളിക്കാം. അടിപതറാതുള്ള സായുധചെറുത്തുനില്പെന്ന നയത്തോടൊപ്പം ഈ പരിപാടികളും നടപ്പാക്കിയേ പററൂ. അല്ലെങ്കിൽ നമുക്കൊരിക്കലും വിജയം നേടാനാവുകയില്ല. ജപ്പാന്റെ കടന്നാക്രമണം ഒരിക്കലും അവസാനിക്കുകയുമില്ല. അങ്ങനെ ചൈന ജപ്പാനെതിരെ നിസ്സഹായമാവുകയും അബിസീനിയയുടെ വിധി ചൈനക്കുണ്ടാവുകയും ചെയ്യും.

അടിപതറാതുള്ള സായുധ ചെറുത്തുനില്പ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരെല്ലാം ഈ പരിപാടികൾ പ്രാവർത്തികമാക്കിയേ തീരൂ. അങ്ങനെ ഒരാൾ ആത്മാർത്ഥമായി അടിപതറാതുള്ള ചെറുത്തുനില്പ് ആഗ്രഹിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതു് ഈ പരിപാടികൾ അയാൾ അംഗീ

Scanned by CamScanner

കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ടോ എന്നതിൽനിന്നു് അറിയാൻ കഴിയും.

ഈ പരിപാടികൾക്കു് കടകവിരുദ്ധമായ മറെറാരുകൂട്ടം നടപടികളുമുണ്ടു്. മൊത്തം സായുധ സേനയുടെയും പടയിളക്കമല്ല; പടയിളക്കമേ വേണ്ട; പിൻവാങ്ങലാകാം.

ജനതയുടെ സ്വാതന്ത്ര്യമല്ല; അടിച്ചമർത്തലാണു് വേണ്ടതു്. ദേശീയാടിസ്ഥാനത്തിലുള്ള ജനാധിപത്യ കേന്ദ്രീകരണത്തിലധിഷ്ഠിതമായ ഒരു ഭരണകൂടമല്ല, പക്ഷെ, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിൻെറയും മുതലാളിമാരുടെയും വൻകിട ഭൂപ്രഭുക്കളുടെയും ഭരണകൂടം. ജപ്പാനെ ചെറുത്തുനില്ക്കുന്ന ഒരു വിദേശനയമല്ല, പക്ഷെ അവരെ താലോലിക്കുന്ന ഒരു വിദേശനയം.

ജനങ്ങളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയല്ല, പക്ഷെ അവരെ പിഴിഞ്ഞൂററുകയും അവരെ ദരിദ്രത്തിലാഴ്ത്തുകയും അങ്ങനെ ജപ്പാനെ ചെറുത്തുനില്ക്കാനുള്ള ശക്തി നശിപ്പിക്കുകയും ചെയ്യുക.

ദേശീയ പ്രതിരോധത്തിനാവശ്യമായ വിദ്യാഭ്യാസമല്ല, പക്ഷെ ദേശീയാടിമത്വത്തിനുള്ള വിദ്യാഭ്യാസം.

ജപ്പാനെ നേരിടുന്നതിനാവശ്യമായ ധനപരവും സാമ്പത്തികവുമായ നയപരിപാടികളല്ല വേണ്ടതു്, മറിച്ചു് സ്വരാജ്യത്തേക്കാൾ ശത്രുവിനു് ഉപകാരപ്രദമായ അതേ പഴയതോ അതിലും മോശമോ ആയ ധനപരവും സാമ്പത്തികവുമായ നയങ്ങൾ.

നമ്മുടെ വൻമതിൽ പോലുള്ള ജാപ്പ്വിരുദ്ധ ദേശീയ ഐക്യമുന്നണി കെട്ടിപ്പടുക്കുകയല്ല, അതിനെ പൊളിച്ചടുക്കുക, അല്ലെങ്കിൽ വെറുതെ ഐക്യത്തിനെപ്പററി വാചകമടിക്കുക; പക്ഷെ അതിൻെറ പുരോഗതിക്കുവേണ്ടി ഒന്നും ചെയ്യാതിരിക്കുക.

നടപടികൾ നയങ്ങളിൽനിന്നാണു് ഉയിർക്കൊള്ളുന്നതു്. നയം ചെറുത്തുനില്പിൻേറതല്ലെങ്കിൽ നടപടികളിൽ ചെറുത്തുനില്പില്ലായ്മയായിരിക്കും പ്രതിഫലിക്കുക. ഈ പാഠം കഴിഞ്ഞ ആറുവർഷകാലമായി നാം പഠിച്ചുകൊണ്ടിരിക്കുന്നതാണു്. നയം അടിപതറാത്ത ചെറുത്തുനില്പിൻേറതാണെങ്കിൽ അതിനനുസൃതമായ ഒരുകൂട്ടം നടപടികൾ ഒഴിവാക്കാനൊക്കുകയില്ല.

## III. രണ്ടു കാഴ്ചപ്പാടുകൾ

എന്തൊക്കെയാണാ കാഴ്ചപ്പാടുകൾ? ഓരോരുത്തരും ആകാംക്ഷാഭരിതരായിരിക്കുന്നതു് ഇക്കാര്യത്തിലാണു്. ആദ്യത്തെ നയം പിന്തുടരുകയും ആദ്യത്തെക്കൂട്ടം നടപടികൾ അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ, തീർച്ചയായും ജാപ്പ് സാമ്രാജ്യത്വത്തെ തുരത്തിയോടിക്കലും അതിലൂടെ ചൈനയുടെ വിമോചനം നേടിയെടുക്കലുമായിരിക്കും കാഴ്ചപ്പാടു്.

രണ്ടാമത്തെ നയം തുടരുകയും രണ്ടാമത്തെ നടപടികൾ അംഗീകരിക്കുകയുമാണെങ്കിൽ കാഴ്ചപ്പാടു് തീർച്ചയായും ജാപ്പ് സാമ്രാജ്യവാദികൾ ചൈനയെ കീഴടക്കുകയും അങ്ങനെ ചൈനക്കാരാകെ അടിമകളും ഭാരം ചുമക്കുന്ന മൃഗങ്ങളുമായി മാററപ്പെടുകയും ചെയ്യുക എന്നതായിരിക്കും. ഇക്കാര്യത്തിൽ ഇനിയും സംശയിക്കേണ്ടതുണ്ടോ? ഞാനങ്ങനെ കരുതുന്നില്ല.

Scanned by CamScanner

## IV. ഉപസംഹാരം

ആദ്യത്തെ നയം നടപ്പാക്കുക എന്നതും ആദ്യക്കൂട്ടം നടപടികൾ അംഗീകരിക്കുക എന്നതും ആദ്യം ചൂണ്ടിക്കാണിച്ച കാഴ്ചപ്പാടിനുവേണ്ടി പരിശ്രമിക്കുക എന്നതും അവശ്യം ആവശ്യമുള്ളതാണ്. രണ്ടാമതു പറഞ്ഞ നയങ്ങളെ എതിർക്കുകയും, രണ്ടാമത്തെ കൂട്ടം നടപടികൾ കൈയൊഴിക്കുകയും അതനുസരിച്ചുള്ള കാഴ്ചപ്പാട് മാററുകയും ചെയ്യുക എന്നത് അത്യാവശ്യമാണ്. ദേശാഭിമാനികളായ എല്ലാ കുമിന്താങ്ങ് അംഗങ്ങളും കമ്യൂണിസ്റ്റ്പാർട്ടി അംഗങ്ങളും സംഘടിക്കുകയും ആദ്യനയം നടപ്പാക്കുകയും, ആദ്യക്കൂട്ടം നടപടികൾ അംഗീകരിക്കുകയും ആദ്യത്തെ കാഴ്ചപ്പാടിനുവേണ്ടി അശ്രാന്തം പരിശ്രമിക്കുകയും ചെയ്യട്ടെ.

എല്ലാ രാജ്യസ്നേഹികളും ദേശാഭിമാനികളായ സൈനികരും കക്ഷികളും സംഘടിച്ച് ആദ്യത്തെ നയം അണുവിട വിടാതെ നടപ്പിലാക്കട്ടെ; ആദ്യത്തെ പരിപാടികൾ അംഗീകരിക്കട്ടെ, കാഴ്ചപ്പാടിനുവേണ്ടി അശ്രാന്തം പരിശ്രമിക്കട്ടെ. അവർ രണ്ടാമത്തെ നയത്തെ എതിർക്കുകയും നടപടികളെ കയ്യൊഴിക്കുകയും കാഴ്ചപ്പാടുകൾ റദ്ദാക്കുകയും ചെയ്യട്ടെ.

ദേശീയ വിപ്ലവസമരം നീണാൾ വാഴട്ടെ!

ചൈനീസ് രാഷ്ട്രത്തിന്റെ വിമോചനം നീണാൾ വാഴട്ടെ!

## കുറിപ്പുകൾ

1 1937 ജൂലൈ 7–ാംതീയതി ജാപ്പ് ആക്രമണസേന പീക്കിങ്ങിന് ഏകദേശം 10 കിലോമീററർ ദൂരത്തുള്ള ലൂക്കൗ ച്യാവോ സൈനികകേന്ദ്രം ആക്രമിക്കുകയുണ്ടായി. രാജ്യമെമ്പാടുമുള്ള ജാപ്പവിരുദ്ധ പ്രസ്ഥാനത്താൽ പ്രചോദിതരായ അവിടത്തെ ചൈനീസ് ഭടന്മാർ ധീരമായി ചെറുത്തുനിന്നു. ആ സംഭവം ചൈനീസ് ജനതയുടെ എട്ടുകൊല്ലം നീണ്ടുനിന്ന ധീരോദാത്തമായ ജാപ്പവിരുദ്ധ ചെറുത്തുനിൽപുയുദ്ധത്തിന്റെ നാന്ദി കുറിച്ചു.

2 ഫെങ്ങ് യു–സിയാങ്ങിന്റെ കീഴിലുള്ള കുമിന്താങ്ങിന്റെ വടക്കുപടിഞ്ഞാറൻ സൈന്യവ്യൂഹത്തിന്റെ ഒരു ഭാഗമായ 29–ാംപട ആ സമയം ഹോപേയ്, ചഹാർ പ്രവിശ്യകളിൽ താവളമടിച്ചിരിക്കുകയായിരുന്നു.

3 കുമിന്താങ്ങ് ഭരണകൂടം 1931 ജനുവരി 31–ാംതീയതി കൊട്ടിഘോഷിക്കപ്പെട്ട, ''രാഷ്ട്രത്തെ അപകടപ്പെടുത്തുന്നു''എന്ന കുററം ചുമത്തി രാജ്യസ്നേഹികളേയും വിപ്ലവകാരികളേയും കുരുതികഴിക്കുന്നതിനായി ''രാജ്യത്തെ അപകടപ്പെടുത്തുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അടിയന്തിരാവസ്ഥാനിയമം'' കൊണ്ടുവന്നു. ഈ നിയമം മൃഗീയവും ക്രൂരവുമായ മർദ്ദനമുറകൾ അഴിച്ചുവിട്ടു.

4 ജനതയുടെ വായ് മൂടിക്കെട്ടുന്നതിനായി 1934 ആഗസ്റ്റിൽ കുമിന്താങ്ങ് ഭരണകൂടം പ്രസിദ്ധീകരിച്ച ''വാർത്താനിയന്ത്രണത്തിനുള്ള പൊതുനിയമത്തി''ന്റെ മറെറാരു പേരാണ് 'പത്രനിയന്ത്രണ നടപടിക്രമങ്ങൾ'. എല്ലാ വാർത്തകളുടെയും പ്രതികൾ വാർത്താനിയന്ത്രണത്തിനു വിധേയമാക്കണമെന്ന് അവ അനുശാസിക്കുന്നു.

Scanned by CamScanner

5 'ജപ്പാനെതിരായ പ്രതിരോധത്തിൽ കമ്യൂണിസ്റ്റ്പാർട്ടിയുടെ കടമ
കൾ' നോക്കുക. മാവോ സെതുങ്ങ് കൃതികൾ, വാല്യം ഒന്ന്, മല
യാളം പതിപ്പ്, പേജ് 305, ജ. പ്ര. കേ., കോട്ടയം.

6 വിശ്രുത ചൈനീസ് ഗ്രന്ഥകാരനായ ലു സുൺ എഴുതിയ 'അഹ്
ക്യൂവിന്റെ യഥാർത്ഥ കഥ' എന്ന കൃതിയിലെ പ്രധാന കഥാപാത്ര
മാണ് അഹ്ക്യൂ. തങ്ങളുടെ യഥാർത്ഥ ജീവിതത്തിലുണ്ടാകുന്ന
പാളിച്ചകളും തെററുകളും, ധാർമ്മികവും ആത്മീയവുമായ വിജയ
ങ്ങളായി കണക്കാക്കുന്ന സ്വഭാവക്കാരുടെ പ്രതിനിധിയാണ്
അഹ്ക്യൂ.

# ദേശത്തുള്ള എല്ലാ സേനകളേയും ചെറുത്തുനിൽപുയുദ്ധത്തിന്റെ വിജയത്തിനായി അണിനിരത്തുക*

*1937 ആഗസ്റ്റ് 25*

(എ) ജൂലൈ 7 ന്റെ ലൂക്കൗച്യാവോ സംഭവം വൻമതിലിനു് തെക്കുഭാഗത്തു് ജാപ്പു് സാമ്രാജ്യവാദികളുടെ തുറന്ന കടന്നാക്രമണത്തിന്റെ തുടക്കം കുറിച്ചു. ചൈനീസ് സേന ലൂക്കൗച്യാവോയിൽ നടത്തിയ യുദ്ധം ചൈനീസ് ജനതയാകെ നടത്തിയ ചെറുത്തുനില്പുസമരത്തിന്റെ ആരംഭമായിരുന്നു. അററമില്ലാത്ത ജാപ്പു് ആക്രമണങ്ങളും, ജനതയുടെ തീവ്രമായസമരവും, ചെറുത്തുനില്പുയുദ്ധത്തിലുള്ള ദേശീയ ബൂർഷ്വാസിയുടെ താല്പര്യവും. ഒരു ദേശീയ ഐക്യമുന്നണി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള കമ്യൂണിസ്റ്റുപാർട്ടിയുടെ ശക്തിമത്തായ പ്രചാരണവും പ്രവർത്തനവും അതിന്നു് സാർവ്വത്രികമായി കിട്ടിയ സ്വാഗതവും എല്ലാം തന്നെ ചൈനീസ് ഭരണാധികാരികളെ അതുവരെ തുടർന്നുവന്നിരുന്ന നിഷ്ക്രിയത്വത്തിന്റേതായ നയങ്ങളിൽ മാററം വരുത്തുന്നതിനു് നിർബന്ധിതരാക്കി. 1931 സെപ്ററംബർ 18–ാം തീയതിയിലെ സംഭവം മുതൽ അവർ തുടർന്നുവന്നിരുന്ന ഒത്തരം നയത്തിൽനിന്നും ലൂക്കൗച്യാവോ സംഭവത്തിനുശേഷം ചെറുത്തുനില്പെന്ന നയത്തിലേക്കു് മാറിയപ്പോൾ അതു് ഡിസംബർ 9സമരത്തിലേക്കു്[1] എത്തിക്കുംവിധം ചൈനീസ് വിപ്ലവത്തെ വളർത്തി വികസിപ്പിക്കുകയാണു് ചെയ്തതു്. അതായതു് ആഭ്യന്തരയുദ്ധം അവസാനിപ്പിച്ചു് ചെറുത്തുനില്പുയുദ്ധത്തിനു തയ്യാറെടുക്കുക എന്ന സ്ഥിതിയിൽനിന്നും തികച്ചും യഥാർത്ഥ ചെറുത്തുനില്പ് സ്ഥിതിയിലേക്കു് എന്ന നയം സ്വീകരിക്കാൻ അവർ നിർബന്ധിതരായി. സിയാൻ സംഭവത്തോടെ ക്വമിന്താങ്ങ് കക്ഷിയുടെ നയത്തിൽ വന്ന ആദ്യ മാററങ്ങൾ, അവരുടെ കേന്ദ്രനിർവ്വാഹക സമിതിയുടെ മൂന്നാമതു പൂർണ്ണസമ്മേളനം തങ്ങളുടെ തുടക്കത്തിനുള്ള അടിസ്ഥാനമാക്കിക്കൊണ്ടു് മി. ചിയാങ്ങ് കൈഷെക്ക് ജൂലൈ 17 നു് നടത്തിയ ജാപ്പ്പ്രതിരോധത്തെ സംബന്ധിച്ച പ്രസ്താവന, അദ്ദേഹം ദേശീയ പ്രതിരോധത്തിനു് എടുത്ത നിരവധി നടപടികൾ ഇവയെല്ലാംതന്നെ തീർത്തും അഭിന

---

* ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി കേന്ദ്ര കമ്മിററിയുടെ പ്രചരണമാദ്ധ്യമങ്ങൾക്കായി സ: മാവോ സെതുങ്ങ് എഴുതിയ ഒരു പ്രചാരണ–പ്രക്ഷോഭണ രൂപരേഖയായിരുന്നു ഇതു്. കേന്ദ്രകമ്മിററിയുടെ പൊളിററു് ബ്യൂറോയുടെ, വടക്കൻ ഷെൻസിയിലെ ലോ ചുവാനിൽ കൂടിയ വിസ്തൃതയോഗം അതു് അംഗീകരിച്ചു.

Scanned by CamScanner

ദനം അർഹിക്കുന്നവയാണ്. കര, കടൽ, വ്യോമ പ്രാദേശിക സൈന്യവിഭാഗങ്ങളെല്ലാംതന്നെ അവരുടെ ധീരോദാത്തത തെളിയിച്ചുകൊണ്ട് ധീരധീരം പോരാടി. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി നമ്മുടെ സൈനികരേയും, ചൈനയെറ്റാടുമുള്ള മററു സഹോദരന്മാരേയും ചൈനീസ് വിപ്ലവത്തിന്റെ പേരിൽ ഹൃദയംഗമമായി അഭിവാദ്യം ചെയ്യുന്നു.

(ബി) എന്നാൽ അതേ സമയംതന്നെ, ജൂലൈ 7 ലെ ലൂക്കൗച്യാവോ സംഭവത്തിനുശേഷം ക്വമിന്താങ്ങ് ഭരണാധികാരികൾ വിട്ടുവീഴ്ചകളും, ആനുകൂല്യങ്ങളും നൽകുക, രാജ്യസ്നേഹികളായ സൈനികരുടെ ആവേശാഗ്നിയിൽ വെള്ളം ഒഴിക്കുക, ജനങ്ങളുടെ ദേശീയ മോചന പ്രസ്ഥാനത്തെ അടിച്ചമർത്തി തുടങ്ങി. സെപ്റ്റംബർ 18 മുതലേയുള്ള അവരുടെ തെററായ നയം തുടരുകയാണ്. പേയ്പിങ്ങും, ടീയൻസീനും പിടിച്ചടക്കിയതുമൂലം ജാപ്പ് സാമ്രാജ്യവാദികൾ അവരുടെ വൻതോതിലുള്ള കടന്നാക്രമണങ്ങളുടെ നയമനുസരിച്ചായി തള്ളിക്കയറുകയും മുൻകൂട്ടി ആസൂത്രണം ചെയ്ത ആക്രമണത്തിന്റെ രണ്ടാമത്തേയും, മൂന്നാമത്തേയും ചുവടുകൾ വയ്ക്കുകയും മുഴുവൻ വടക്കൻ ചൈനയുടേയും മററു ഭാഗങ്ങളുടേയും നേരെ്രുക്ഷമായ ആക്രമണംനടത്തുകയും ചെയ്യുമെന്നുള്ളതിൽ സംശയമില്ല. ഇതിന് അവർ അവരുടെ മുഗീയമായ സൈനിക ശക്തിയെ അവലംബിക്കുകയും അതേ സമയംതന്നെ ജർമ്മൻ, ഇററാലിയൻ സാമ്രാജ്യവാദികളുടെ സഹായം തേടുകയും, ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ ആടിക്കളിക്കലിനേയും, ക്വമിന്താങ്ങ് സർക്കാരിന്റെ അദ്ധ്വാനിക്കുന്ന ജനസമൂഹത്തിൽനിന്നുള്ള ഒററപ്പെടലിനേയും ഉപയോഗപ്പെടുത്തുകയും ചെയ്യുകയാണ്. ചഹാർ, ഷാങ്ങ് ഹായ് പ്രവിശ്യകളിൽ യുദ്ധത്തിന്റെ കരാളജ്വാല ഇപ്പോൾതന്നെ പടർന്നുപിടിച്ചു കഴിഞ്ഞു. നമ്മുടെ മാതൃഭൂമിയെ രക്ഷിക്കുന്നതിനും, ശക്തരായ കടന്നാക്രമണകാരികളെ ചെറുത്തുനിറുത്തുവാനും, വടക്കൻ ചൈനയേയും തീരപ്രദേശങ്ങളേയും പ്രതിരോധിക്കുന്നതിനും പേയ്പിങ്ങും, ടീയൻസീനും, വടക്കുകിഴക്കൻ ചൈനയും തിരിച്ചുപിടിക്കുന്നതിനും ക്വമിന്താങ്ങ് ഭരണാധികാരികളും ജനതയാകെത്തന്നേയും വടക്കുകിഴക്കൻ ചൈനയുടേയും പേയ്പിങ്ങ്, ടീയൻസീൻ എന്നിവയുടേയും പതനത്തിൽനിന്നും വിദേശീയാക്രമണകാരികളുടെമേൽ സോവിയററ് യൂണിയൻ കഴിഞ്ഞ കാലങ്ങളിൽ നേടിയിട്ടുള്ള വിജയത്തിൽനിന്നും 3, വിജയകരമായി ഇപ്പോൾ സ്പെയിൻ മാഡ്രിഡ് നഗരത്തെ പ്രതിരോധിച്ചതിൽനിന്നും 4 അബ്സീനിയായുടെ പതനത്തിൽനിന്നും നല്ലതുപോലെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദൃഢമായ ഐക്യബോധത്തോടുകൂടി മാതൃഭൂമിയുടെ രക്ഷയ്ക്കുവേണ്ടി സമരംചെയ്തേ തീരൂ. ഇനി മുതൽ ഏറെറടുക്കേണ്ട ചുമതലയിതാണ്. ''ചെറുത്തുനില്പുയുദ്ധത്തിന്റെ വിജയത്തിനുവേണ്ടി ദേശത്തിന്റേതായ മുഴുവൻ സേനകളേയും അണിനിരത്തുക.'' അതു് സാക്ഷാത്കരിക്കുന്നതിനുള്ള താക്കോൽ ക്വമിന്താങ്ങ് നയങ്ങളിൽ സമൂലവും സമഗ്രവുമായ ഒരു മാററംഎന്നതാണ്. ക്വമിന്താങ്ങ് ചെറുത്തുനില്പ് എന്ന കാര്യത്തിൽ എടുത്ത മുന്നോട്ടുള്ള കാൽവയ്പ് പ്രശംസനീയമാണ്. ഇതാണ് കമ്യൂണിസ്റ്റ് പാർട്ടിയും മൊത്തം രാഷ്ട്രവും കഴിഞ്ഞ കാലം മുഴുവൻ ആഗ്രഹിച്ചുകൊണ്ടിരുന്നതു്. അതു് ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷേ, ക്വമിന്താങ്ങ് ബഹുജനങ്ങളെ അണിനിരത്തുക. രാഷ്ട്രീയ പരിഷ്കരണങ്ങൾ നടപ്പിലാക്കുക എന്നിവപോലുള്ള കാര്യങ്ങളിൽ അവരുടെ നയങ്ങളിൽ മാററംവരുത്തിയിട്ടുമില്ല. അതു് അടിസ്ഥാനപരമായി ഇപ്പോഴും ജാപ്പ് വിരുദ്ധ ജനകീയപ്രസ്ഥാനത്തിന്റെ മേലുള്ള നിരോധനം പിൻവലിക്കാനോ, ഭരണയന്ത്രത്തിൽ മൗലികമായ മാററം വരുത്തുവാനോ തയ്യാറല്ല. അവർക്കിപ്പോഴും ജനതയുടെ ജീവിതസൗകര്യ

Scanned by CamScanner

ങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു നയവും ഇല്ല. കമ്യൂണിസ്റ്റ്പാർട്ടിയുമായി സഹകരിക്കുന്നതിൽ ആവശ്യമുള്ളത്ര ആത്മാർത്ഥതയും അവർക്കില്ല. നമ്മുടെ നാടിന്റെ ജീവന്മരണ പ്രശ്നത്തിന്റെ ഈ നിർണ്ണായകഘട്ടത്തിൽപോലും അവരുടെ പഴയ പാത തുടരുകയും ഉടനടി നയം മാററാതിരിക്കുകയുമാണെങ്കിൽ അതു് ചെറുത്തുനില്പുയുദ്ധത്തിനു് അത്യാപത്തു് വരുത്തിവയ്ക്കും. ചില കുമിന്താങ്ങ് അംഗങ്ങൾ പറയുന്നതു് ''രാഷ്ട്രീയപരിഷ്കരണങ്ങൾ എല്ലാം നടപ്പിലാക്കുന്നതു് യുദ്ധം വിജയിച്ചിട്ടാകാം'' എന്നാണ്. അവർ വിചാരിക്കുന്നതു് ജാപ്പ് അക്രമണകാരികളെ സർക്കാരിന്റെ ശ്രമങ്ങൾകൊണ്ടു മാത്രം തോല്പിച്ചുകളയാമെന്നാണ്. പക്ഷേ അവർക്കു് തെററുപററിയിരിക്കുന്നു. ഒരു സമൂലയുദ്ധത്തിൽ ചില ഏററുമുട്ടലുകൾ ഭരണകൂടത്തിന്റെ കഴിവുകൊണ്ടു് വിജയിച്ചു എന്നു വരാം. പക്ഷേ ജാപ്പ് ആക്രമണകാരികളെ തീർത്തും പരാജയപ്പെടുത്തി ഓടിക്കാൻ അതുകൊണ്ടു് കഴിയുകയില്ലതന്നെ. അതു് രാഷ്ട്രം മുഴുവൻ പങ്കെടുക്കുന്ന ഒരു ചെറുത്തുനില്പു യുദ്ധംകൊണ്ടേ കഴിയുകയുള്ളു. ഏതായാലും അത്തരം ഒരു യുദ്ധത്തിനു്, കുമിന്താങ്ങുകളുടെ നയത്തിൽ സമൂലമായ മാററം വരുത്തുകയും അടിമുതൽ മുടിവരെ രാഷ്ട്രമാകെ ജപ്പാനെ എതിരിടുന്നതിനുള്ള പരിപാടിയോടുകൂടി എല്ലാ കഴിവുകളും വിനിയോഗിക്കുകയും വേണം. അതായതു് കുമിന്താങ്ങ്—കമ്യൂണിസ്റ്റ്സഹകരണത്തിന്റെ ആദ്യഘട്ടത്തിൽ ഡാ: സൺ യാററ്സൺതന്നെ തയ്യാറാക്കിയ ''മൂന്നു ജനകീയതത്വങ്ങൾ'' ''മൂന്നു മഹത്തായ നയങ്ങൾ'' 5എന്നിവയുടെ ചൈതന്യം ഉൾക്കൊണ്ടുള്ള ഒരു ദേശീയവിമോചന പരിപാടിയാണു് വേണ്ടതു്.

(സി) ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി തികഞ്ഞ ആത്മാർത്ഥതയോടുകൂടി കുമിന്താങ്ങ്കക്ഷിയോടും രാജ്യത്തിലെ മുഴുവൻ ബഹുജനങ്ങളോടും, എല്ലാ രാഷ്ട്രീയകക്ഷികളോടും, വിഭാഗങ്ങളോടും, ജീവിതത്തിന്റെ എല്ലാ തുറയിലുമുള്ളവരോടും, എല്ലാ സേനാവിഭാഗങ്ങളോടും ജാപ്പ് ആക്രമണകാരികളെ തീർത്തും പരാജയപ്പെടുത്താനുതകുന്ന ഒരു ''പത്തിന രാജ്യരക്ഷാ പരിപാടി'' നിർദ്ദേശിക്കുന്നു. ഈ പരിപാടി മുഴുവനും ആത്മാർത്ഥതയോടുകൂടി അടിപതറാതെ നടപ്പിലാക്കുന്നതിലൂടെ മാത്രമേ ജാപ്പ് ആക്രമണകാരികളെ സമൂലം പരാജയപ്പെടുത്താൻ കഴിയു എന്നു് പാർട്ടി പൂർണ്ണമായും വിശ്വസിക്കുന്നു. അങ്ങനെയല്ലെങ്കിൽ അതിനു് വിളംബംവരുത്തി സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുന്നവരിൽ ആയിരിക്കും അതിന്റെ ഉത്തരവാദിത്വം വന്നു വീഴുക. പശ്ചാത്തപിക്കലിനും, പയ്യാരംപറച്ചിലിനും അപ്പോഴേക്കും സമയം വളരെ താമസിച്ചു എന്നുവരും. ആ പത്തിനപരിപാടി താഴെ പറയുന്നവയാണു്.

1. ജാപ്പ് സാമ്രാജ്യവാദികളെ പരാജയപ്പെടുത്തുക.

ജപ്പാനുമായുള്ള നയതന്ത്ര ബന്ധങ്ങൾ വിച്ഛേദിക്കുക. ജാപ്പനീസ് ഉദ്യോഗസ്ഥന്മാരെ നാടുകടത്തുക, ജാപ്പ് ചാരന്മാരെ തടവിലാക്കുക, ചൈനയിലുള്ള ജപ്പാന്റെ സ്വത്തുക്കളെ സർക്കാരിലേയ്ക്കു് കണ്ടുകെട്ടുക, ജപ്പാനുമായുള്ള വായ്പാ ബാദ്ധ്യതകൾ നിഷേധിക്കുക, ജപ്പാനുമായി ഉണ്ടാക്കിയിട്ടുള്ള എല്ലാ ഉടമ്പടികളും റദ്ദാക്കുക. ജപ്പാനു് ചെയ്തുകൊടുത്തിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും പിൻവലിക്കുക.

2. രാഷ്ട്രത്തിന്റെയാകെ സൈനികശക്തി സമാഹരിക്കുക. രാഷ്ട്രമാകെയുള്ള ചെറുത്തുനിൽപുയുദ്ധത്തിനുവേണ്ടി കര, കടൽ, വ്യോമസേനയാകെ അണിനിരത്തുക. നിഷ്ക്രിയമായ, വെറും പ്രതിരോധപരം മാത്രമായ യുദ്ധതന്ത്രത്തെ എതിർക്കുകയും, തികച്ചും ക്രിയാത്മകവും സ്വതന്ത്രവുമായ ഒരു തന്ത്രം അംഗീകരിക്കുകയും ചെയ്യുക. രാഷ്ട്രത്തിന്റെ പ്രതിരോധ പരിപാടികളും, തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിനും ചർച്ച

Scanned by CamScanner

ചെയ്യുന്നതിനുമായി സ്ഥിരമായ ഒരു രാഷ്ട്രീയ പ്രതിരോധസഭ രൂപവ ല്ക്കരിക്കുക.

പ്രധാന സൈന്യശക്തികളുടെ പ്രവർത്തനങ്ങളുമായി ഏകോപി പ്പിച്ചുകൊണ്ട് ജാപ്പ് വിരുദ്ധ ഒളിപ്പോർ സംഘടിപ്പിക്കുന്നതിനുവേണ്ടി ജനങ്ങളെ ആയുധവൽക്കരിക്കുക. സാധാരണ ഭടന്മാരും സേനാനായക ന്മാരും തമ്മിൽ ക്രിയാത്മകമായ ഐക്യമുണ്ടാക്കാനുതകുന്ന രാഷ്ട്രീയ പ്രവർത്തന പരിഷ്ക്കാരങ്ങൾ ഉടൻ നടപ്പിലാക്കുക. സായുധസേനയും ജനങ്ങളുമായി ഐക്യം ഉണ്ടാക്കുകയും സേനയുടെ സമരസന്നദ്ധതയ്ക്ക് ഉത്തേജനം കൊടുക്കുകയും ചെയ്യുക. വടക്കുകിഴക്കൻ ജാപ്പ് വിരുദ്ധ ഐക്യസേനയെ പിന്താങ്ങുകയും ശത്രുവിന്റെ പിൻനിര ഛിന്നഭിന്നമാ ക്കുകയും ചെയ്യുക.

ചെറുത്തുനിൽപ്പ് യുദ്ധത്തിലേർപ്പെട്ടിട്ടുള്ള എല്ലാ സൈന്യവിഭാഗ ങ്ങളേയും തുല്യമായി കാണുക.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും സൈനികമേഖലകൾ രൂപീക രിക്കുക. രാഷ്ട്രമാകെ യുദ്ധത്തിൽ പങ്കെടുക്കുന്നതിന് സന്നദ്ധമാക്കി, ക്രമേണ ശമ്പളത്തിനുവേണ്ടി മാത്രമെന്ന നിലയിൽനിന്നും പൊതുവായ സൈനികസേവനം എന്നസ്ഥിതിയിലേയ്ക്കു പരിവർത്തനം സാദ്ധ്യമാക്കുക.

3. രാജ്യത്തെ മുഴുവൻ ജനങ്ങളേയും അണിനിരത്തുക.

ജപ്പാനെ ചെറുക്കുന്നതിലും, ദേശത്തെ രക്ഷിക്കുന്നതിലും, രാജ്യ ത്തെ എല്ലാ ജനങ്ങൾ (ദേശദ്രോഹികൾ ഒഴികെ) ക്കും അഭിപ്രായപ്രകടന, പത്രസമ്മേളന, സംഘടനാസ്വാതന്ത്ര്യങ്ങൾ അനുവദിക്കുകയും ശത്രുവിനെ തിരെ ആയുധമേന്താൻ അധികാരം നൽകുകയും ചെയ്യുക.

രാഷ്ട്രത്തിന്റെ പ്രതിരോധ പരിപാടികളും, തന്ത്രങ്ങളും ആവി ഷ്കരിക്കുന്നതിനും ചർച്ചചെയ്യുന്നതിനുമായി സ്ഥിരമായ ഒരു ദേശീയ പ്രതിരോധസഭ രൂപവൽക്കരിക്കുക.

പ്രധാന സൈന്യശക്തിയുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പി ച്ചുകൊണ്ട് ജപ്പാൻവിരുദ്ധ ഒളിപ്പോർ സംഘടിപ്പിക്കുന്നതിനുവേണ്ടി ജന ങ്ങളെ ആയുധവൽക്കരിക്കുക.

സാധാരണ ഭടന്മാരും സേനാനായകന്മാരുമായി ക്രിയാത്മകമായ ഐക്യമുട്ടിയുണ്ടാക്കുന്നതിനുതകുന്ന രാഷ്ട്രീയമായ പ്രവർത്തന പരിഷ് കാരങ്ങൾ നടപ്പിലാക്കുക.

സായുധസേനയും ജനങ്ങളുമായി ഐക്യം ഉണ്ടാക്കുകയും സേനയു ടെ സമരസന്നദ്ധതയ്ക്ക് ഉത്തേജനം കൊടുക്കുകയും ചെയ്യുക.

വടക്കുകിഴക്കൻ ജപ്പാൻ വിരുദ്ധ ഐക്യസേനയെ പിന്താങ്ങുകയും, ശത്രുവിന്റെ പിൻനിര ഛിന്നഭിന്നമാക്കുകയും ചെയ്യുക.

ചെറുത്തുനിൽപ്പുസമരത്തിലേർപ്പെട്ടിട്ടുള്ള എല്ലാ സൈന്യ വിഭാഗ ങ്ങളേയും തുല്യമായി കാണുക.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും സൈനികമേഖലകൾ രൂപീക രിക്കുക, രാഷ്ട്രമാകെ യുദ്ധത്തിൽ പങ്കെടുക്കുന്നതിന് സന്നദ്ധമാക്കി ക്രമേണ ശമ്പളത്തിനുവേണ്ടി മാത്രം എന്ന നിലയിൽനിന്നും പൊതുവായ സൈനികസേവനം എന്ന സ്ഥിതിയിലേക്ക് പരിവർത്തനം സാദ്ധ്യ മാക്കുക.

3. രാജ്യത്താകമാനമുള്ള ജനശക്തി സമാഹരിക്കുക.

രാജ്യദ്രോഹികളൊഴിച്ചുള്ള എല്ലാ ആളുകൾക്കും അഭിപ്രായപ്രകടന സ്വാതന്ത്ര്യം അനുവദിക്കുക. അതായത് പത്രങ്ങൾ, സഭകൾ, സംഘടന കൾ എന്നിവയ്ക്കെല്ലാം ജപ്പാനെ ചെറുത്തുനിറുത്തി രാജ്യം രക്ഷിക്കുന്നതി നായി അഭിപ്രായപ്രകടനസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ശത്രുവിനെ തിരായി ആയുധമേന്താനുള്ള സ്വാതന്ത്ര്യം നൽകുക.

Scanned by CamScanner

ജനതയുടെ രാജ്യസ്നേഹപരമായ പ്രസ്ഥാനങ്ങളെ തടഞ്ഞുനിറുത്തുന്നതല്ല, പഴയ നിയമങ്ങൾ റദ്ദാക്കുകയും പുതിയ വിപ്ലവാത്മകമായ നിയമങ്ങളും ചട്ടങ്ങളും കൊണ്ടുവരികയും ചെയ്യുക.

രാജ്യസ്നേഹികളും വിപ്ലവരാഷ്ട്രീയപ്രവർത്തകരുമായ എല്ലാ തടവുകാരെയും മോചിപ്പിക്കുകയും രാഷ്ട്രീയകക്ഷികളുടെ മേലുള്ള നിരോധനങ്ങൾ പിൻവലിക്കുകയും ചെയ്യുക.

രാജ്യത്തെ മുഴുവൻ ജനങ്ങളും അണിനിരക്കട്ടെ, ആയുധമേന്തട്ടെ, ചെറുത്തുനിൽപുയുദ്ധത്തിൽ ചേരട്ടെ.

ശക്തിമാന്മാർ ശക്തിയും, പണമുള്ളവർ പണവും, തോക്കുള്ളവർ തോക്കും, വിജ്ഞാനമുള്ളവർ വിജ്ഞാനവും സംഭാവന ചെയ്യട്ടെ.

ദേശീയ സ്വയംനിർണ്ണയാവകാശം, പരമാധികാരം എന്നീ തത്വങ്ങൾക്ക് അനുസൃതമായിത്തന്നെ മംഗോളിയർ, ഹ്യൂയി തുടങ്ങിയവരേയും മററ് എല്ലാ ന്യൂനപക്ഷദേശീയതകളേയും ജപ്പാനെതിരായുള്ള പൊതുവായ പോരാട്ടത്തിൽ അണിനിരത്തുക.

4. സർക്കാർ ഭരണയന്ത്രം പരിഷ്കരിക്കുക.

യഥാർത്ഥത്തിൽ ജനാധിപത്യപരമായൊരു ഭരണഘടന അംഗീകരിക്കുന്നതിനും ജപ്പാനെ ചെറുത്ത് രാജ്യത്തെ രക്ഷിക്കുന്നതിനുംവേണ്ടിയുള്ള നയങ്ങൾ തീരുമാനിക്കുന്നതിനും ഒരു സർക്കാരിനെ തിരഞ്ഞെടുക്കുന്നതിനുമായി ഒരു ദേശീയ അസംബ്ളി വിളിച്ചുകൂട്ടുക.

അങ്ങനെയുള്ള ഒരു ദേശരക്ഷാ ഭരണകൂടം എല്ലാ കക്ഷികളിലും ബഹുജനസംഘടനകളിലും ഉള്ള വിപ്ലവകാരികൾ അടങ്ങിയതായിരിക്കണം. ജാപ്പ് അനുകൂലികളെ ബഹിഷ്കരിക്കണം.

അത്തരം ഭരണകൂടം ജനാധിപത്യ കേന്ദ്രീകരണം നടപ്പിലാക്കണം. അതായത് ജനാധിപത്യത്തിലധിഷ്ഠിതമായിരിക്കുമ്പോൾതന്നെ കേന്ദ്രീകൃതവുമായിരിക്കണം.

ആ ദേശരക്ഷാഭരണകൂടം ജപ്പാനെ ചെറുത്ത് രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടി വിപ്ലവാത്മകമായ നയങ്ങൾ പിന്തുടരണം.

പ്രാദേശിക സ്വയംഭരണം നടപ്പിലാക്കുക, അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുക, അങ്ങനെ ശുദ്ധമായ ഒരു ഭരണയന്ത്രം സ്ഥാപിക്കുക.

5. ഒരു ജാപ്പ്‌വിരുദ്ധവിദേശനയം അംഗീകരിക്കുക.

നമ്മുടെ പരമാധികാരവും രാജ്യാതിർത്തികളും അല്പവും നഷ്ടപ്പെടുത്താതെ ജാപ്പനീസ് ആക്രമണത്തെ എതിർക്കുന്ന എല്ലാരാഷ്ട്രങ്ങളുമായി ആക്രമണവിരുദ്ധസന്ധികളും ഉടമ്പടികളും ഉണ്ടാക്കുക.

സാർവ്വദേശീയ സമാധാനമുന്നണിയെ പിന്താങ്ങുകയും ജർമ്മനി, ജപ്പാൻ, ഇററലി ഇവയടങ്ങിയ ആക്രമണമുന്നണിയെ എതിർക്കുകയും ചെയ്യുക.

ജാപ്പനീസ് സാമ്രാജ്യവാദികൾക്കെതിരായി ജപ്പാനിലെയും ചൈനയിലെയും തൊഴിലാളി കർഷക ബഹുജനങ്ങളുമായി ഐക്യമുണ്ടാക്കുക.

6. യുദ്ധകാല സാമ്പത്തിക. ധനപരനയങ്ങൾ അംഗീകരിക്കുക.

യുദ്ധത്തിന്റെ ചിലവിനായി പണമുള്ളവർ പണം സംഭാവനചെയ്യുക എന്നതിലും, രാജ്യദ്രോഹികളുടെ പണം പിടിച്ചെടുക്കണം എന്നതിലും അധിഷ്ഠിതമായിരിക്കണം ധനവിനിമയം. സാമ്പത്തികനയങ്ങളാകട്ടെ പ്രതിരോധപരമായിട്ടുള്ളതിൽ ആവർത്തിച്ചിട്ടുള്ള നീക്കുപോക്കുകളും, വിപുലീകരണവും, ഗ്രാമീണസമ്പദ്സ്ഥിതിയുടെ വികസനം, യുദ്ധകാല ആവശ്യവസ്തുക്കളിൽ ചൈനീസ് സാധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, തദ്ദേശീയോല്പന്നങ്ങളെ മെച്ചപ്പെടുത്തുക, ജാപ്പനീസ്

Scanned by CamScanner

സാധനങ്ങൾ പൂർണ്ണമായും നിരോധിക്കുക, കൊള്ളക്കാരായ കച്ചവടക്കാരെ അടിച്ചമർത്തുക, ഊഹക്കച്ചവടവും അട്ടിമറിയും നിരോധിക്കുക.

7. ജനജീവിതം മെച്ചപ്പെടുത്തുക.

തൊഴിലാളികൾ, ഓഫീസ് ജീവനക്കാർ, അദ്ധ്യാപകർ, ജപ്പാനെതിരായി പടപൊരുതുന്ന സൈനികർ എന്നിവരുടെ സ്ഥിതി മെച്ചപ്പെടുത്തുക. ജപ്പാനെതിരായി പടപൊരുതുന്ന സൈനികരുടെ കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.

അമിതമായ കരങ്ങളും വിവിധതരം ലെവികളും റദ്ദാക്കുക.
പാട്ടവും പലിശനിരക്കും കുറയ്ക്കുക.
തൊഴിൽരഹിതർക്ക് ആശ്വാസം നൽകുക.
ധാന്യവിതരണം ക്രമീകരിക്കുക.
പ്രകൃതിക്ഷോഭങ്ങൾക്കിരയായവർക്ക് സഹായമെത്തിക്കുക.

8. ഒരു ജപ്പാൻവിരുദ്ധ വിദ്യാഭ്യാസനയം അംഗീകരിക്കുക.

നിലവിലുള്ള വിദ്യാഭ്യാസപദ്ധതിയും പഠനക്രമവും മാറ്റുകയും ജപ്പാനെ ചെറുത്ത് രാജ്യത്തെ രക്ഷിക്കുന്നതിനെ ലക്ഷീകരിച്ചുകൊണ്ടുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുകയും ചെയ്യുക.

9. രാജ്യദ്രോഹികളേയും ജാപ്പ് അനുഭാവികളേയും പിഴുതെറിഞ്ഞു നമ്മുടെ പിൻനിര ശക്തിപ്പെടുത്തുക.

10. ജപ്പാനെതിരായി ദേശീയഐക്യം നേടുക.

ചെറുത്തുനിൽപ്പുയുദ്ധം നയിക്കുന്നതിനും ദേശീയപ്രതിസന്ധിയെ ആത്മാർത്ഥതയോടുകൂടി നേരിടുന്നതിനും കുമിന്താങ്ങ്–കമ്യൂണിസ്റ്റ്സഹകരണത്തിലധിഷ്ഠിതമായി, എല്ലാ രാഷ്ട്രീയകക്ഷികളുടേയും, വിഭാഗങ്ങളുടേയും, ഒരുജാപ്പ്വിരുദ്ധ ദേശീയഐക്യമുന്നണി കെട്ടിപ്പടുക്കുക.

(ഡി) സർക്കാരിന്റേതു മാത്രമായ ചെറുത്തുനില്പ് എന്ന നയം ഉപേക്ഷിച്ചുകൊണ്ട് മുഴുവൻ ദേശത്തിന്റേതുമായ ചെറുത്തുനില്പ് യുദ്ധനയം അംഗീകരിക്കുക എന്നത് യാതൊരു കാരണവശാലും ഒഴിവാക്കാവുന്നതല്ല. ഡാ:സൺയാററ്സൺന്റെ വിപ്ലവചേതന ഉൾക്കൊണ്ടുകൊണ്ട് ഭരണകൂടവും ജനതയും ഒന്നാകുകയും മേൽ പറഞ്ഞ പത്തിനപരിപാടി നടപ്പിലാക്കി സമ്പൂർണ്ണ വിജയത്തിനുവേണ്ടി പരിശ്രമിക്കുകയും വേണം. കമ്യൂണിസ്റ്റ്പാർട്ടി ബഹുജനങ്ങളുമായും തങ്ങളുടേയും നേതൃത്വത്തിലുള്ള സായുധസേനയുമായും ഒന്നിച്ച് ഈ പരിപാടിയിൽ ഉറച്ചുനില്ക്കുകയും അവസാന തുള്ളിരക്തംപോലും ചിന്തി മാതൃഭൂമിയെ പ്രതിരോധിക്കുകയും ചെയ്യും. ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി അതിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി കുമിന്താങ്ങ് കക്ഷിയോടും, മററു കക്ഷികളോടും, വിഭാഗങ്ങളോടും തോളോടുതോൾ ചേർന്നുനിന്ന് ദേശീയ ഐക്യമുന്നണിയുടെ ഉറച്ച ഒരു വൻമതിൽ കെട്ടിപ്പടുക്കുവാൻ തയ്യാറാണ്. ഈ ലക്ഷ്യം നേടണമെങ്കിൽ രാജ്യദ്രോഹികളുടെ സന്ധി ചെയ്യലിന്റെയും, കീഴടങ്ങലിന്റെയും സിദ്ധാന്തങ്ങളെയും, ജാപ്പ് ആക്രമണകാരികളെ തോല്പിക്കാനാവില്ലെന്ന ദേശീയ പരാജയവാദത്തിനെയും നിരാകരിച്ചേ പററൂ. മേൽപ്പറഞ്ഞ പത്തിനപരിപാടികൾ നടപ്പിലാക്കുകയാണെങ്കിൽ ജാപ്പ് ആക്രമണകാരികളെ തീർച്ചയായും തീർത്തും പരാജയപ്പെടുത്തിയോടിക്കാമെന്ന് ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി തീർത്തും വിശ്വസിക്കുന്നു. നമ്മുടെ 45 കോടി ജനങ്ങളും അശ്രാന്തം പരിശ്രമിക്കുകയാണെങ്കിൽ ചൈനീസ് രാഷ്ട്രത്തിനു തീർച്ചയായും അന്തിമ വിജയം കരസ്ഥമാക്കാൻ കഴിയും!

Scanned by CamScanner

ജാപ്പ് സാമ്രാജ്യവാദികൾ തുലയട്ടെ!
ദേശീയവിപ്ലവയുദ്ധം നീണാൾ വാഴട്ടെ!
സ്വതന്ത്രവും സന്തുഷ്ടവും നിരാശ്രിതവുമായ പുത്തൻ ചൈന നീണാൾ വാഴട്ടെ!

## കുറിപ്പുകൾ

1. രാജ്യത്താകമാനമുണ്ടായ ജനങ്ങളുടെ ദേശാഭിമാന പ്രചോദിതമായ പ്രസ്ഥാനങ്ങളുടെ ഒരു ഉയിർത്തെഴുന്നേല്പിനു് 1935 സാക്ഷ്യം വഹിച്ചു. പീക്കിങ്ങിൽ വിദ്യാർത്ഥികൾ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ആഭ്യന്തരസമരം അവസാനിപ്പിക്കുക, വിദേശീയാക്രമണത്തെ ചെറുക്കുക, ''ജാപ്പനീസ് സാമ്രാജ്യവാദം തുലയട്ടെ'' എന്നീ മുദ്രാവാക്യങ്ങളുമായി ഡിസംബർ 9നു് ദേശാഭിമാനോജ്ജ്വലമായ പ്രകടനം നടത്തി. ജാപ്പനീസ് ആക്രമണകാരികളുമായി കൂട്ടുചേർന്നുകൊണ്ടു് ക്വമിന്താങ്ങ് ഭരണകൂടം രാജ്യമാസകലം ചിരകാലമായി നടത്തിയിരുന്ന ക്രൂരമായ ഭരണ സംവിധാനങ്ങളെ ഈ പ്രസ്ഥാനം കീറി മുറിച്ചു—ഇതു് 'ഡിസംബർ ഒൻപതു് പ്രസ്ഥാനം' എന്നു് അറിയപ്പെടുന്നു. ഇതിന്റെ ഫലമായി വിവിധ വർഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ ചില വ്യതിയാനങ്ങൾ അനിവാര്യമാകുകയും, ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുവച്ച ''ജാപ്പ് വിരുദ്ധ ദേശീയഐക്യമുന്നണി'' എന്നതു് എല്ലാ ദേശാഭിമാനികളുടേയും പ്രഖ്യാപിത നയമായിത്തീരുകയും ചിയാങ്ങ് കൈഷെക്കിന്റെ ഭരണകൂടം അവരുടെ ദേശദ്രോഹനയങ്ങളുമായി തികച്ചും ഒററപ്പെടുകയും ചെയ്തു.

2. ഇതേ അദ്ധ്യായത്തിന്റെ ആമുഖമായ അടികുറിപ്പ് നോക്കുക.

3. സോവിയററ് കമ്യൂണിസ്റ്റു പാർട്ടിയുടെ (ബോൾഷെവിക്ക്) ചരിത്രം (ചുരുക്കം). ഇംഗ്ലീഷ് പതിപ്പ് F L P H മോസ്കോ 1951. പേജ് 347—81 നോക്കുക.

4. മാഡ്രിഡിന്റെ പ്രതിരോധം 1936 ഒക്ടോബറിൽ തുടങ്ങി 2 കൊല്ലവും 5 മാസവും നീണ്ടുനിന്നു. 1936 ൽ ഫാസിസ്റ്റു ജർമ്മനിയും, ഇററലിയും, ഫാസിസ്ററും യുദ്ധക്കൊതിയനുമായഫ്രാങ്കോയുടെ സഹായത്തോടുകൂടി സ്പെയിനിനെതിരായി ഒരു കടന്നാക്രമണം അഴിച്ചുവിട്ടു. സ്പാനിഷ്ജനത അവരുടെ ജനകീയ ഐക്യമുന്നണി ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജനാധിപത്യത്തിനുവേണ്ടി വീരോചിതമായി സമരം ചെയ്തു. സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിൽ വച്ചുനടന്ന യുദ്ധമായിരുന്നു അതിൽവച്ചേററവും കടുത്തതു്. ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ ''ഇടപെടാതിരിക്കൽ'' തുടർന്നതുകൊണ്ടും ജനകീയ മുന്നണിയിൽ തന്നെ ഭിന്നതകൾ ഉണ്ടായിരുന്നതിനാലും 1939 മാർച്ചിൽ മാഡ്രിസ് നഗരത്തിന്റെ പതനം സംഭവിച്ചു.

5. ചൈനയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിൽ ദേശീയത, ജനാധിപത്യം, ജനങ്ങളുടെ ഉപജീവനോപാധികൾ എന്നിവയെ സംബന്ധിച്ച് ഡോ: സൺയാററ്സൺ മുന്നോട്ടുവച്ച സിദ്ധാന്തങ്ങളും പരിപാടിയുമാണ് മൂന്നു ജനകീയ തത്വങ്ങൾ എന്നറിയപ്പെടുന്നതു്. 1924 ൽ ക്വമിന്താങ്ങ് കക്ഷിയുടെ ഒന്നാം ദേശീയ സമ്മേളനം അംഗീകരിച്ച പ്രകടനപത്രിക ഈ തത്വങ്ങൾ എടുത്തു പ്രസ്താവിക്കുകയുണ്ടായി. ദേശീയ ആക്രമണത്തിൽ സാമ്രാജ്യത്വത്തിനു് കടകവിരുദ്ധമാണെന്നു്

Scanned by CamScanner

വ്യാഖ്യാനിച്ചുകൊണ്ടു് തൊഴിലാളികളുടേയും കർഷകരുടേയും പ്രസ്ഥാനങ്ങൾക്കും അതു് ക്രിയാത്മക പിന്തുണ പ്രഖ്യാപിച്ചു. അങ്ങനെ പഴയ മൂന്നു ജനീകയ തത്വങ്ങൾ പുതിയ മൂന്നു ജനകീയതത്വങ്ങളായി, മൂന്നു മഹത്തായ നയങ്ങളായി തിരുത്തി കുറിക്കപ്പെട്ടു. അതായതു് റഷ്യയുമായി സഖ്യം, കമ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരണം, തൊഴിലാളികൾക്കും കർഷകർക്കും സഹായം എന്നിവ. ഈ പുതിയ ''മൂന്നു ജനകീയതത്വങ്ങളാ''ണു് ആദ്യത്തെ വിപ്ലവ ആഭ്യന്തര യുദ്ധകാലത്തു് കമ്യൂണിസ്റ്റ് പാർട്ടിയും, കുമിന്താങ്ങ് കക്ഷിയും തമ്മിലുള്ള സഹകരണത്തിന്റെ രാഷ്ട്രീയാടിത്തറസ്സു് കളമൊരുക്കിയതു്.

---

തിരുത്തു്: ഈ ലേഖനത്തിലെ 26—ാം പേജിലെ 22—ാം വരിയെ തുടർന്നു് 27—ാം പേജു് വായിക്കുക.

Scanned by CamScanner

# വിട്ടുവീഴ്ചാമനോഭാവത്തോട് പോരാടുക

*1937 സെപ്തമ്പർ 7*

നാം പ്രത്യയ ശാസ്ത്രരംഗത്ത് സജീവമായ സമരത്തിനുവേണ്ടി നിലകൊള്ളുന്നു. കാരണം, നമ്മുടെ സമരത്തിന്റെ താല്പര്യം മുൻനിർത്തി പാർട്ടിക്കുള്ളിലും വിപ്ലവസംഘടനകൾക്കുള്ളിലും ഐക്യം ഉറപ്പു വരുത്താനാവശ്യമായ ഒരേയൊരു ആയുധമാണിത്. ഏതൊരു കമ്യൂണിസ്റ്റുകാരനും വിപ്ലവകാരിയും ഈ ആയുധം കയ്യിലെടുക്കേണ്ടതുണ്ട്.

പക്ഷെ വിട്ടുവീഴ്ചാമനോഭാവം പ്രത്യയശാസ്ത്രപരമായ സമരത്തെ നിരാകരിക്കുകയും, തത്വദീക്ഷയില്ലാത്ത സമാധാനത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നു. തന്നിമിത്തം ദുഷിച്ചതും താൽക്കാലിക നേട്ടങ്ങളെ മാത്രം ലക്ഷ്യം വെക്കുന്നതുമായ ഒരു മനോഭാവം വളരുകയും പാർട്ടിയിലും വിപ്ലവ സംഘടനകളിലുമുള്ള ചില ഘടങ്ങളുടേയും വ്യക്തികളുടേയും രാഷ്ട്രീയാധ:പതനത്തിന്നിടവരുത്തുകയും ചെയ്യുന്നു.

വിട്ടുവീഴ്ചാമനോഭാവം വിവിധരൂപങ്ങളിലാണ് പ്രകടമാകുന്നത്.

പ്രശ്നത്തോട് ബന്ധപ്പെട്ട വ്യക്തി വ്യക്തമായും തെററാണ് ചെയ്തതെങ്കിലും സമാധാനത്തിന്റേയും സൗഹൃദത്തിന്റേയും പേരിൽ കാര്യങ്ങൾ വഴുതിപ്പോകാനനുവദിക്കുകയും, അയാൾ ഒരു പരിചയക്കാരനോ ഒരേ പട്ടണത്തിൽനിന്നു് വന്ന ആളോ, അയൽവാസിയോ, ഒരു സഹപാഠിയോ, ആത്മസുഹൃത്തോ, സ്നേഹബന്ധമുള്ള ഒരാളോ, പഴയ ഒരു സഹപ്രവർത്തകനോ അതുമല്ലെങ്കിൽ പണ്ട് തന്റെ കീഴിൽ ജോലി ചെയ്ത ആളോ ആണെന്ന കാരണത്താൽ അയാളുമായി തത്വത്തിലധിഷ്ഠിതമായ വാദപ്രതിവാദങ്ങൾ നടത്താതിരിക്കുകയും ചെയ്യുക. അല്ലെങ്കിൽ അയാളുമായുള്ള ലോഹ്യം നിലനിർത്തിപ്പോരാൻ വേണ്ടി കാര്യത്തിലേക്ക് ചുഴിഞ്ഞു ചെല്ലാതെ ലഘുവായി മാത്രം സ്പർശിച്ചു പോകുക. ഇതിന്റെ ഫലമായി സംഘടനകൾ ബന്ധപ്പെട്ട വ്യക്തികൾ ഹാനി സംഭവിക്കുന്നു. വിട്ടുവീഴ്ചാമനോഭാവത്തിന്റെ ഒരു മാതൃകയാണിത്.

തന്റെ നിർദ്ദേശങ്ങൾ സജീവമായി സംഘടനയിൽ കൊണ്ടുവരുന്നതിനു പകരം സ്വകാര്യത്തിൽ നിരുത്തരവാദപരമായ വിമർശനങ്ങളിലേർപ്പെടുക. ആൾക്കാരുടെ മുമ്പിൽവെച്ച് ഒന്നും പറയാതെ അവരുടെ പിന്നിൽനിന്നുകൊണ്ട് അപവാദപ്രചരണം നടത്തുക. അല്ലെങ്കിൽ യോഗങ്ങളിൽ ഒന്നും പറയാതെ അതു കഴിഞ്ഞശേഷം അപവാദം പറഞ്ഞു നടക്കുക. കൂട്ടായ ജീവിതത്തിന്റെ തത്വങ്ങളിൽ ഒട്ടും പരിഗണന കാട്ടാതിരിക്കുകയും പകരം തന്റെ സ്വന്തം വാസനയ്ക്കൊത്ത് കാര്യങ്ങൾ ചെയ്യുകയും ചെയ്യുക. ഇതു് രണ്ടാമത്തെ മാതൃകയാണ്.

സ്വന്തം താല്പര്യങ്ങളെ നേരിട്ടു ബാധിക്കുന്നവയല്ലെങ്കിൽ അത്തരം കാര്യങ്ങളെ ചുക്കാനററ തോണിപോലെ വിട്ടേക്കുക. എന്താണ് തെററെന്ന് വളരെ നല്ലവണ്ണം അറിയാമെങ്കിലും അക്കാര്യത്തിൽ തനിക്ക് കഴിയാവുന്നത്ര മൗനം ദീക്ഷിക്കുകയും വിശാലമനസ്കനാണെന്ന് നടിക്കു

കയും അങ്ങുമിങ്ങും തൊടാതെ സ്വന്തം രക്ഷ തേടുകയും തന്നെ ആരും കുററപ്പെടുത്തരുതെന്ന് മാത്രം ആഗ്രഹിക്കുകയും ചെയ്യുക. ഇതു് മൂന്നാമത്തെ മാതൃകയാണ്.

മുകളിൽനിന്നുള്ള കല്പനകൾ അനുസരിക്കാതിരിക്കുകയും പകരം സ്വന്തം അഭിപ്രായങ്ങൾക്ക് പ്രാമുഖ്യം നൽകുകയും ചെയ്യുക. സംഘടനയിൽ നിന്ന് പ്രത്യേക ആനുകൂല്യങ്ങൾ അവകാശപ്പെടുകയും അതേസമയം അതിന്റെ അച്ചടക്കം നിരാകരിക്കുകയും ചെയ്യുക. ഇതു് നാലാമത്തെ മാതൃകയാണ്.

ഐക്യത്തെയോ പുരോഗതിയെയോ അല്ലെങ്കിൽ പ്രവൃത്തി ശരിയാംവണ്ണം ചെയ്തു തീർക്കുന്നതിനെയോ ലക്ഷ്യംവെച്ചുകൊണ്ട് വാദപ്രതിവാദങ്ങളിലേർപ്പെടുകയും ശരിയല്ലാത്ത കാഴ്ചപ്പാടുകൾക്കെതിരായി സമരം ചെയ്യുകയും ചെയ്യുന്നതിനുപകരം വ്യക്തിപരമായ ആക്രമണങ്ങളിലേർപ്പെടുകയും കലഹങ്ങൾ സൃഷ്ടിക്കുകയും സ്വന്തം പക പ്രകടിപ്പിക്കുകയും അല്ലെങ്കിൽ പ്രതികാരം വീട്ടുകയും ചെയ്യുക. ഇതു് അഞ്ചാമത്തെ മാതൃകയാണ്.

ശരിയല്ലാത്ത അഭിപ്രായങ്ങൾ കേൾക്കുകയും അതേസമയം അവയ്ക്ക് അതേ നിമിഷംതന്നെ തിരിച്ചടി നൽകാതിരിക്കുകയും ചെയ്യുക; പ്രതിവിപ്ലവപരമായ അഭിപ്രായ പ്രകടനങ്ങൾപോലും കേൾക്കുകയും അതേസമയം അവയെപ്പററി റിപ്പോർട്ട് ചെയ്യാതിരിക്കുകയും ചെയ്യുക, പകരം ഒന്നും സംഭവിച്ചില്ല എന്ന മട്ടിൽ അവയെ ശാന്തമായി മനസ്സിൽ വെക്കുക. ഇതു് ആറാമത്തെ മാതൃകയാണ്.

ബഹുജനങ്ങൾക്കിടയിലായിരിക്കുകയും അതേസമയം പ്രചാരണങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കുകയോ അല്ലെങ്കിൽ യോഗങ്ങളിൽ സംസാരിക്കുകയോ അവർക്കിടയിൽ സൂക്ഷ്മ നിരീക്ഷണങ്ങളും അന്വേഷണങ്ങളും നടത്തുകയോ ചെയ്യാതിരിക്കുക. പകരം അവരിൽ താല്പര്യമൊട്ടും പ്രകടിപ്പിക്കാതിരിക്കുകയും അവരുടെ ക്ഷേമത്തിൽ ആകാംക്ഷ കാട്ടാതിരിക്കുകയും, താനൊരു കമ്യൂണിസ്റ്റുകാരനാണെന്ന വസ്തുത മറന്നുകൊണ്ട് ഒരു സാധാരണ കമ്യൂണിസ്റ്റേതരനെപ്പോലെ പെരുമാറുകയും ചെയ്യുക. ഇതു് ഏഴാമത്തെ മാതൃകയാണ്.

വല്ലവരും ബഹുജനങ്ങളുടെ താല്പര്യങ്ങൾക്ക് ഹാനി വരുത്തുന്നതു് കാണുകയാണെങ്കിൽപ്പോലും അതിൽ ധാർമ്മികരോഷം തോന്നാതിരിക്കുക. അല്ലെങ്കിൽ അയാളെ അതിൽനിന്ന് വിരമിപ്പിക്കുകയോ തടയുകയോ അയാൾക്ക് കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുകയോ ചെയ്യുന്നതിനു പകരം അതു് തുടർന്നുകൊണ്ട് പോകാൻ അയാളെ അനുവദിക്കുക. ഇതു് എട്ടാമത്തെ മാതൃകയാണ്.

നിയതമായ പദ്ധതിയോ, ദിശയോ കൂടാതെ അർദ്ധമനസ്സോടെ പ്രവർത്തിക്കുക. കേവലം ഔപചാരികമായി പ്രവർത്തിക്കുകയും എങ്ങിനെയെങ്കിലും തപ്പിത്തടഞ്ഞു് നീങ്ങുകയും ചെയ്യുക. ''ഒരു ബുദ്ധമത പുരോഹിതനായിരിക്കുന്നേടത്തോളം കാലം താൻ മണിമുട്ടിക്കൊണ്ടേയിരിക്കും'' എന്ന മട്ടിൽ കാര്യങ്ങൾ ചെയ്യുക. ഇതു് ഒമ്പതാമത്തെ മാതൃകയാണ്.

വിപ്ലവത്തിൽ പ്രശസ്തസേവനം ചെയ്ത ഒരാളാണെന്നു് സ്വയം അഭിമാനിക്കുകയും പഴക്കവും തഴക്കവും ചെന്നൊരു അഭ്യസ്തനെന്നു് അഹങ്കരിക്കുകയും ചില്ലറ ജോലികളെ പുച്ഛത്തോടെ അവഗണിക്കുകയും അതേസമയം വലിയ കാര്യങ്ങൾ ചെയ്യാൻവേണ്ട കഴിവു് ഒട്ടുമില്ലാതിരിക്കുകയും ചെയ്യുക; പ്രവർത്തനത്തിൽ തെല്ലും ചിട്ടയില്ലായ്മയും പഠിപ്പിൽ അലംഭാവവും കാട്ടുക. ഇതു് പത്താമത്തെ മാതൃകയാണ്.

Scanned by CamScanner

സ്വന്തം തെററുകളെപ്പററി തികച്ചും ബോധവാനാണെങ്കിൽകൂടിയും അവയെ തിരുത്താൻ യാതൊരു ശ്രമവും ചെയ്യാതിരിക്കുക. തന്നോട് തന്നെ വിട്ടുവീഴ്ചയുടേതായ ഒരു നിലപാട് സ്വീകരിക്കുക. ഇത് പതിനൊന്നാമത്തെ മാതൃകയാണ്.

ഇനിയും കുറേ മാതൃകകൾ നമുക്കെടുത്തു പറയാൻ കഴിയും. പക്ഷെ ഈ പതിനൊന്നെണ്ണമാണ് പ്രധാനമായവ.

ഇവയൊക്കെ വിട്ടുവീഴ്ചാമനോഭാവത്തിൻെറ പ്രകടരൂപങ്ങളാണ്.

ഒരു വിപ്ലവ സംഘടനയിൽ വിട്ടുവീഴ്ചാമനോഭാവം അങ്ങേയററം ഹാനികരമാണ്. ഐക്യത്തെ കാർന്നു തിന്നുന്നതും യോജിപ്പിനെ തുരങ്കം വെക്കുന്നതും അലസതക്കിടയാക്കുന്നതും അഭിപ്രായഭിന്നതകൾ സൃഷ്ടിക്കുന്നതുമായ ഒരു നശീകരണ വസ്തുവാണ് അത്. അത് വിപ്ലവ അണികളുടെ കെട്ടുറപ്പുള്ള സംഘടനയും കണിശമായ അച്ചടക്കവും അവരിൽനിന്ന് തട്ടിയെടുക്കുന്നു. നയങ്ങൾ വിജയകരമായി നടപ്പിലാക്കുന്നതിനെ അത് തടയുന്നു. പാർട്ടി നയിക്കുന്ന ബഹുജനങ്ങളിൽനിന്ന് പാർട്ടി സംഘടനകളെ അത് അകററിനിർത്തുന്നു. അങ്ങേയററം ചീത്തയായ ഒരു പ്രവണതയാണിത്.

പെററിബൂർഷ്വാ സ്വാർത്ഥത്തിൽനിന്നാണ് വിട്ടുവീഴ്ചാ മനോഭാവം ഉടലെടുക്കുന്നത്. അത് വ്യക്തിപരമായ താല്പര്യങ്ങളെ ഒന്നാം സ്ഥാനത്തും വിപ്ലവത്തിൻെറ താല്പര്യങ്ങളെ രണ്ടാംസ്ഥാനത്തും നിർത്തുന്നു. ഇതാകട്ടെ പ്രത്യയ ശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവുമായ വിട്ടുവീഴ്ചാമനോഭാവം വളരാനിടയാക്കുകയും ചെയ്യുന്നു.

വിട്ടുവീഴ്ചാസ്വഭാവക്കാരായ ആളുകൾ മാർക്സിസത്തിൻെറ തത്വങ്ങളെ അമൂർത്തമായ പ്രമാണങ്ങളായാണ് വീക്ഷിക്കുന്നത്. അവർ മാർക്സിസത്തെ ശരിവെക്കുന്നു; പക്ഷെ അത് പ്രായോഗിക പ്രവർത്തനത്തിൽ കൊണ്ടുവരാനോ അഥവാ മുഴുവനായും പ്രവർത്തനത്തിൽ കൊണ്ടുവരാനോ തയ്യാറില്ല. മാർക്സിസത്തെ തങ്ങളുടെ വിട്ടുവീഴ്ചാമനോഭാവത്തിൻെറ സ്ഥാനത്ത് മാററി പ്രതിഷ്ഠിക്കാൻ അവർ തയ്യാറാവുന്നില്ല. ഇത്തരക്കാർക്ക് മാർക്സിസമുണ്ട്. അതേപോലെതന്നെ വിട്ടുവീഴ്ചാമനോഭാവവുമുണ്ട്. അവർ മാർക്സിസം സംസാരിക്കുന്നു. പക്ഷെ വിട്ടുവീഴ്ചാമനോഭാവമാണ് പ്രാവർത്തികമാക്കുന്നത്. അവർ മററുള്ളവർക്ക് മാർക്സിസം ബാധകമാക്കുമ്പോൾ വിട്ടുവീഴ്ചാമനോഭാവമാണ് സ്വയം ബാധകമാക്കുന്നത്. രണ്ടുതരം സാധനങ്ങളും അവർ കൈവശം വെക്കുന്നു. ഇവയിൽ ഓരോന്നിനും അതാതിനൊത്ത ഉപയോഗം കണ്ടെത്തുകയും ചെയ്യുന്നു. ഇങ്ങിനെയാണ് ചില ആളുകളുടെ മനസ്സുകൾ പ്രവർത്തിക്കുന്നത്.

അവസരവാദത്തിൻെറ ഒരു പ്രകടരൂപമാണ് വിട്ടുവീഴ്ചാമനോഭാവം. മാർക്സിസവുമായി അത് മൗലികമായും സംഘട്ടനത്തിൽ വരുന്നു. അതു നിഷേധാത്മകമാണ്. വസ്തുനിഷ്ഠമായി നോക്കിയാൽ ശത്രുവെ സഹായിക്കുന്ന ഫലമാണ് അതിനുള്ളത്. അതുകൊണ്ടാണ് നമ്മുടെയിടയിൽ അതു നിലനിർത്തിപ്പോരുന്നതിനെ ശത്രു സ്വാഗതം ചെയ്യുന്നത്. അതിൻെറ സ്വഭാവം ഇത്തരത്തിലായതുകൊണ്ട് വിപ്ലവ അണികളിൽ അതിന് യാതൊരു സ്ഥാനവും ഉണ്ടാകാൻ പാടുള്ളതല്ല.

നിഷേധാത്മകമായ വിട്ടുവീഴ്ചാമനോഭാവത്തെ അതിജീവിക്കാൻ വേണ്ടി ഗുണാത്മകമായ മാർക്സിസത്തെ നാം ഉപയോഗിച്ചേ തീരൂ. ഒരു കമ്യൂണിസ്റ്റുകാരൻ മഹാമനസ്കനായിരിക്കേണ്ടതാണ്. അയാൾ മനക്കരുത്തുള്ളവനും സദാ സജീവമായിരിക്കുന്നവനുമാകേണ്ടതാണ്. വിപ്ലവത്തിൻെറ താല്പര്യങ്ങളെ സ്വന്തം ജീവനെപ്പോലെ അയാൾ കരുതണം.

Scanned by CamScanner

സ്വന്തം താല്പര്യങ്ങളെ വിപ്ലവത്തിന്റെ താല്പര്യങ്ങൾക്ക് കീഴ്പ്പെടുത്തണം. പാർട്ടിയുടെ കൂട്ടുജീവിതം സുദൃഢീകരിക്കുന്നതിനും പാർട്ടിയും ബഹുജനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ സുശക്തമാക്കുന്നതിനും വേണ്ടി അയാൾ എല്ലായ്പ്പോഴും എല്ലാ സ്ഥലത്തും തത്വത്തിൽ അടിയുറച്ചു നില്ക്കേണ്ടതും ശരിയല്ലാത്ത എല്ലാ ആശയങ്ങൾക്കും പ്രവർത്തികൾക്കുമെതിരായി അക്ഷീണസമരം ചെയ്യേണ്ടതുമാണ്. ഏതെങ്കിലുമൊരു സ്വകാര്യവ്യക്തിയേക്കാളുമധികം പാർട്ടിയിലും ബഹുജനങ്ങളിലും അയാൾ ആകാംക്ഷ കാട്ടണം. തന്നോടുള്ളതിനേക്കാളുമധികം ആകാംക്ഷ അയാൾക്ക് മററുള്ളവരോടുണ്ടായിരിക്കണം. എങ്കിൽ മാത്രമേ അയാളെ ഒരു കമ്യൂണിസ്റ്റ് കാരനായി കരുതാൻ കഴിയുകയുള്ളു.

നമ്മുടെയിടയിൽ ചില ആൾക്കാർ പ്രദർശിപ്പിക്കുന്ന വിട്ടുവീഴ്ചയുടേതായ പ്രവണതകളെ എതിർക്കാൻവേണ്ടി കൂറും ആത്മാർത്ഥതയും ചുറുചുറുക്കും സത്യസന്ധതയുമുള്ള എല്ലാ കമ്യൂണിസ്റ്റ്കാരും യോജിച്ചേ തീരൂ. അങ്ങിനെ അത്തരക്കാരെ ശരിയായ പാതയിലേക്ക് നയിക്കണം. നമ്മുടെ പ്രത്യയ ശാസ്ത്രരംഗത്തെ കടമകളിൽ ഒന്നാണിത്.

# കുമിന്താങ്ങ്–കമ്യൂണിസ്റ്റ് സഖ്യം സ്ഥാപിതമായതിനെത്തുടർന്നുള്ള അടിയന്തിര കർത്തവ്യങ്ങൾ*

*1937 സെപ്തംബർ 29*

മുമ്പ്, 1933 ൽ തന്നെ കമ്യൂണിസ്റ്റുപാർട്ടി ജപ്പാനെ ചെറുത്തുനില്ക്കുന്ന കാര്യത്തിൽ ഏതൊരു കുമിന്താങ്ങ് സൈനിക വിഭാഗവുമായും മൂന്ന് ഉപാധികളുടെ അടിസ്ഥാനത്തിൽ ഒരു ഒത്തുതീർപ്പുണ്ടാക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അതായത് ചുവപ്പുസേനയുടെ നേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കണം, ജനങ്ങൾക്ക് ജനാധിപത്യസ്വാതന്ത്ര്യം അനുവദിക്കണം, ജനങ്ങളെ ആയുധവല്ക്കരിക്കണം എന്നീ ഉപാധികൾ. 1931 സെപ്തംബർ 18 സംഭവത്തിനുശേഷം ചൈനീസ് ജനതയെ സംബന്ധിച്ചിടത്തോളം പ്രാഥമികമായ കർത്തവ്യം ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധമായിത്തീർന്നതുകൊണ്ടാണ് ഈ പ്രഖ്യാപനം നടത്തിയത്. പക്ഷെ, നാം നമ്മുടെ ഉദ്ദേശം സാധിക്കുന്നതിൽ വിജയിച്ചില്ല.

1935 ആഗസ്റ്റിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയും ചുവപ്പുസേനയും ജാപ്പ് സാമ്രാജ്യവാദികളുടെ കടന്നാക്രമണത്തെ ചെറുക്കുന്നതിനായി ഒരു പൊതു ജാപ്പുവിരുദ്ധ ദേശീയ പ്രതിരോധയുദ്ധത്തിനായി എല്ലാ രാഷ്ട്രീയ കക്ഷികളെയും ഗ്രൂപ്പുകളെയും മുഴുവൻ രാജ്യത്തെയും ബഹുജനങ്ങളെയും ആഹ്വാനം ചെയ്യുകയുണ്ടായി[1]. അതേവർഷം ഡിസംബറിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി ദേശീയ ബൂർഷ്വാസിയോടൊപ്പം നിന്നുകൊണ്ട് ഒരു ജാപ്പ വിരുദ്ധദേശീയ ഐക്യമുന്നണി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രമേയം[2] അംഗീകരിക്കുകയും ചെയ്തു. 1936 മേയിൽ ജപ്പാനെ എതിർക്കുക എന്ന പൊതു താല്പര്യം നേടുന്നതിനായി ചുവപ്പുസേന നാങ്കിങ്ങ് ഭരണകൂടത്തിനോട് ആഭ്യന്തരയുദ്ധം ഉടനടി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു കമ്പിസന്ദേശം[3] പ്രസിദ്ധീകരിച്ചു. കുമിന്താങ്ങ് ആഭ്യന്തര സമരം അവസാനിപ്പിക്കണമെന്നും ജാപ്പ് സാമ്രാജ്യമോഹികൾക്കെതിരെ സംയുക്തമായി യുദ്ധം ചെയ്യുന്നതിനായി ഇരു കക്ഷികളുടെയും ഒരു ഐക്യമുന്നണി രൂപീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആ കൊല്ലം ആഗസ്റ്റിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മിറ്റി ഒരു കത്ത്[4] അയക്കുകയുണ്ടായി. ആ കൊല്ലം സെപ്തംബറിൽ ഒരു ഐക്യജനാധിപത്യ–പരമാധികാര ചൈന കെട്ടിപ്പടുക്കുന്നതിനെ സംബന്ധിച്ച് ഒരു പ്രമേയം[5] കമ്യൂണിസ്റ്റ് പാർട്ടി പാസാക്കുകയുണ്ടായി. തുറന്ന പ്രഖ്യാപനത്തിനും പരസ്യമായ കമ്പിസന്ദേശത്തിനും കത്തിനും പ്രമേയത്തിനും പുറമെ കുമിന്താങ്ങുമായി ചർച്ചകൾ നടത്തുന്നതിനായി നിരവധിതവണ പ്രതിനിധികളെ നിയോ

Scanned by CamScanner

ഗിച്ചുവെങ്കിലും അതെല്ലാം നിഷ്ഫലമാവുകയാണുണ്ടായതു്. 1936 അവസാനത്തോടുകൂടി സീയാൻ സംഭവത്തിനുശേഷം മാത്രമാണു് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പൂർണ്ണാധികാര പ്രതിനിധികളും കൂമിന്താങ്ങിന്റെ ഉത്തരവാദിത്വമുള്ള നേതാവിനും തമ്മിൽ സമകാലീന പരമപ്രധാന വിഷയത്തെ സംബന്ധിച്ചു്—അതായതു് ഇരുകക്ഷികളും തമ്മിലുള്ള ആഭ്യന്തരയുദ്ധം അവസാനിപ്പിക്കുക, സീയാൻ സംഭവത്തെ സംബന്ധിച്ചു് സമാധാനപരമായ ഒരു തീരുമാനമെടുക്കുക എന്നതിനെക്കുറിച്ചു്, ഒരുടമ്പടിയിൽ എത്തിച്ചേരാൻ കഴിഞ്ഞതു്. ഇരു കക്ഷികളും തമ്മിലുള്ള സഹകരണം പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായ അതു്, ചൈനീസ് ചരിത്രത്തിലെ മഹത്തായ ഒരു സംഭവമായിരുന്നു.

ഈ വർഷം ഫെബ്രുവരി 10 നു് ഇരു കക്ഷികളും തമ്മിലുള്ള മൂർത്തമായ സഹകരണത്തിനുവേണ്ടി വിപുലമായ നിർദ്ദേശങ്ങളടങ്ങിയ ഒരു കമ്പിസന്ദേശം6 ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മിററി കൂമിന്താങ്ങിന്റെ കേന്ദ്ര നിർവാഹകസമിതിയുടെ പരമാധികാര സമ്മേളനത്തിനു്, സമ്മേളനം തുടങ്ങുന്നതിനു തൊട്ടുമുമ്പായി അയക്കുകയുണ്ടായി. ആ കമ്പിസന്ദേശത്തിൽ താഴെ പറയുന്ന അഞ്ചുകാര്യങ്ങളിൽ കൂമിന്താങ്ങ് കമ്യൂണിസ്റ്റ് പാർട്ടിക്കു് ഉറപ്പുനൽകണമെന്നു് ആവശ്യപ്പെട്ടിരുന്നു.

ആഭ്യന്തരസമരം അവസാനിപ്പിക്കുക.

ജനാധിപത്യ സ്വാതന്ത്ര്യങ്ങൾ അനുഭവവേദ്യമാക്കിത്തീർക്കുക.

ദേശീയ അസംബ്ലി വിളിച്ചുകൂട്ടുക.

ജപ്പാനെ പ്രതിരോധിക്കുന്നതിനായി അതിവേഗത്തിൽ തയാറെടുക്കുക.

ജനജീവിതം മെച്ചപ്പെടുത്തുക.

അതേ സമയം കമ്യൂണിസ്റ്റ് പാർട്ടി കൂമിന്താങ്ങിനു് താഴെ പറയുന്ന നാലു കാര്യങ്ങളിൽ ഉറപ്പുകൊടുക്കാൻ തയ്യാറായി.

രണ്ടു ഭരണങ്ങളും തമ്മിലുള്ള ശത്രുത ഒഴിവാക്കുക.

ചുവപ്പു സേനയുടെ പദവി പുനർനിർണയം ചെയ്യുക.

വിപ്ലവതാവള പ്രദേശങ്ങളിൽ പുതിയ ജനാധിപത്യവ്യവസ്ഥ, നടപ്പിലാക്കുക.

ഭൂപ്രഭുക്കളിൽനിന്നു് ഭൂമി പിടിച്ചെടുക്കൽ നിറുത്തിവെയ്ക്കുക.

ഇതും വളരെ പ്രാധാന്യമേറിയ രാഷ്ട്രീയ കാൽവയ്പാണു്. ഇതില്ലാതെ ഇരുകക്ഷികളും തമ്മിലുള്ള സഹകരണം സാധിതപ്രായമാകുകയില്ലെന്നു മാത്രമല്ല ജപ്പാനെതിരായുള്ള ചെറുത്തുനില്പു യുദ്ധത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പുകളെ അതു തിരിഞ്ഞടിക്കുകയും ചെയ്യും.

അതിനുശേഷം ഇരുകക്ഷികളും പരസ്പര കൂടിയാലോചനകളിൽ ഒരു ചുവടു കൂടുതൽ അടുത്തു. ഇരു കക്ഷികൾക്കുമായി ഒരു പൊതു രാഷ്ട്രീയ പരിപാടിയെ സംബന്ധിച്ചും ബഹുജന പ്രസ്ഥാനങ്ങളുടെമേലുള്ള നിയന്ത്രണം പിൻവലിക്കുന്നതിനെ സംബന്ധിച്ചും രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കുന്നതിനെ സംബന്ധിച്ചും ചുവപ്പു സേനയുടെ പദവിമാററത്തെ സംബന്ധിച്ചും കമ്യൂണിസ്റ്റ് പാർട്ടി കൂടുതൽ വ്യക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി. എന്നാൽ ഇതുവരെയായിട്ടും പൊതുവായ പരിപാടി അംഗീകരിക്കുകയോ, ബഹുജനപ്രസ്ഥാനങ്ങളുടെ മേലുള്ള നിരോധനം പിൻവലിക്കുകയോ, വിപ്ലവതാവള പ്രദേശങ്ങളിൽ പുതിയ വ്യവസ്ഥ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും പേയ്പിങ്ങിന്റെയും ടിയൻ സീനിന്റെയും പതനത്തിനു് ഒരു മാസത്തിനുശേഷം ചുവപ്പുസേനയുടെ പേരു് 'ദേശീയ വിപ്ലവ സൈന്യത്തിന്റെ എട്ടാം പഥസേന' (ജാപ്പു വിരുദ്ധ പടനിരയിൽ ''പതിനെട്ടാം വിഭാഗസേന'' എന്നും വിളിക്കപ്പെടുന്നു.) എന്നു മാററിക്കൊണ്ടുള്ള ഒരുത്തരവു പുറപ്പെട്ട

Scanned by CamScanner

വിച്ചു. നമ്മുടെ പാർട്ടിയുടെ കേന്ദ്രകമ്മിററി ഉഭയകക്ഷി സഹകരണത്തെ പററിയുള്ള അതിന്റെ പ്രഖ്യാപനം ജൂലൈ 15 നു തന്നെ കൂമിന്താങ്ങിനെ അറിയിക്കുകയും ചിയാങ്ങ് കൈഷെക് കമ്യൂണിസ്റ്റ് പാർട്ടിയുടെ പദവി അംഗീകരിച്ചുകൊണ്ട് പ്രസ്താവന ചെയ്യുകയും അതു് പൊതുജനങ്ങളുടെ അറിവിനായി പരസ്യപ്പെടുത്താമെന്നു് സമ്മതിക്കുകയും ചെയ്തിരുന്നെങ്കിലും പരിതസ്ഥിതി അങ്ങേയററം ആപൽക്കരമായിത്തീർന്നതിനുശേഷം സെപ്തംബർ 22 നും 23 നുമായി മാത്രമാണു് (കഷ്ടം! എത്ര താമസിച്ചു മാത്രം) കൂമിന്താങ്ങ് കേന്ദ്ര വാർത്താ ഏജൻസി അവ അവസാനമായി പ്രസിദ്ധീകരിച്ചതു്. കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഖ്യാപനവും ചിയാങ്ങ് കൈഷെക്കിന്റെ പ്രസ്താവനയും രാഷ്ട്രത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ഇരു കക്ഷികളുടെയും സഹകരണവും ഇരു കക്ഷികളും തമ്മിലുള്ള മഹത്തായ ഐക്യമെന്ന ലക്ഷ്യത്തിനു വേണ്ടിയുള്ള അടിത്തറ പാകലും ഉൽഘോഷിച്ചു.

കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഖ്യാപനം ഇരു കക്ഷികളും തമ്മിലുള്ള ഐക്യമെന്ന തത്വം മാത്രമല്ല, എന്നാൽ രാജ്യമാസകലമുള്ള ജനങ്ങളുടെയാകെ ഐക്യമെന്ന മഹത്തായ അടിസ്ഥാന തത്വം കൂടി ഉൾക്കൊണ്ടിരുന്നു. ചിയാങ്ങിന്റെ പ്രസ്താവന ചൈനയിലാകെ കമ്യൂണിസ്റ്റുപാർട്ടിയുടെ പദവി അംഗീകരിക്കുകയും രാജ്യത്തെ രക്ഷിക്കുന്നതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തതു് വളരെ നല്ല ഒരു കാര്യമാണു്. എങ്കിലും അദ്ദേഹം തന്റെ കൂമിന്താങ്ങ് ഔദ്ധത്യം ഉപേക്ഷിക്കുകയോ ആവശ്യമായ സ്വയം വിമർശനം നടത്തുകയോ ചെയ്തില്ല. അതു് നമുക്ക് തൃപ്തികരമാണെന്നു് പറയാനേ വയ്യ. എങ്കിലും ഇരു പാർട്ടികളുടേയും ഐക്യമുന്നണി സ്ഥാപിതമായതായി വിളംബരം ചെയ്യപ്പെട്ടു. ഇതു് ചൈനീസ് വിപ്ലവത്തിന്റെ ചരിത്രത്തിൽ ഒരു പുതുയുഗത്തിന്റെ ഉദയം കുറിച്ചു. ഇതു് തീർച്ചയായും ചൈനീസ് വിപ്ലവത്തിൽ വ്യാപകവും ശക്തിമത്തുമായ സ്വാധീനം ചെലുത്തുകയും ജാപ്പ് സാമ്രാജ്യത്വത്തെ തോല്പിക്കുന്നതിൽ നിർണ്ണായക പങ്കു വഹിക്കുകയും ചെയ്യും.

1924 മുതൽതന്നെ കൂമിന്താങ്ങും കമ്യൂണിസ്റ്റ്പാർട്ടിയും തമ്മിലുള്ള ബന്ധം ചൈനീസ് വിപ്ലവത്തിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. 1924—27ലെ വിപ്ലവം ഒരു നിശ്ചിത പരിപാടിയുടെ അടിസ്ഥാനത്തിലുള്ള ഇരുപാർട്ടികളുടേയും സഹകരണഫലമായാണുണ്ടായതു്. ഡോ: സൺയാററ്സൺ നാല്പതു സംവത്സരക്കാലത്തോളം ശ്രമിച്ചിട്ടും അദ്ദേഹത്തിനു സാധിക്കാതിരുന്നതുമായ ദേശീയവിപ്ലവത്തിൽ വെറും രണ്ടോ മൂന്നോ കൊല്ലംകൊണ്ട് വൻവിജയങ്ങളാണു് നേടാൻ കഴിഞ്ഞതു്. ഈ വിജയങ്ങളാണു് ക്വാങ്ങ്ടുങ്ങിൽ വിപ്ലവതാവളസ്ഥാപനം, വടക്കൻ പടനീക്കത്തിന്റെ വിജയം എന്നിവ. ഇതെല്ലാം ഇരുപാർട്ടികളുടേയും ഐക്യമുന്നണി രൂപീകരിച്ചതിന്റെ ഫലങ്ങളാണു്. പക്ഷെ, അതേസമയം വിപ്ലവം വിജയംനേടാറായപ്പോൾ വിപ്ലവത്തിന്റെഅന്ത:സത്ത ഉൾക്കൊള്ളാൻ കഴിയാത്ത ചിലയാളുകൾ രണ്ടു പാർട്ടികളും തമ്മിലുണ്ടാക്കിയ ഐക്യമുന്നണി തകർക്കുകയും അങ്ങനെ വിപ്ലവത്തെ പരാജയപ്പെടുത്തുകയും വിദേശീയാക്രമണത്തിനു് വാതിൽ തുറന്നുകൊടുക്കുകയും ചെയ്തു. ഇതെല്ലാം ഐക്യമുന്നണിയുടെ തകർച്ചയുടെ ഫലങ്ങളാണു്. ഇപ്പോൾ പുതുതായി രൂപംകൊണ്ട ഇരുപാർട്ടി ഐക്യമുന്നണി ചൈനീസ് വിപ്ലവത്തിന്റെ ഒരു പുതിയ കാലഘട്ടത്തിന്റെ ഉദയംകുറിക്കുന്നു. ഇപ്പോഴും ചിലയാളുകൾ ഐക്യമുന്നണിയുടെ ചരിത്രപരമായ പ്രാധാന്യത്തെയും അതിന്റെ മഹത്തായ ഭാവിയേയും മനസ്സിലാക്കാതിരിക്കുകയും അതിനെ പരിതസ്ഥിതി അടിച്ചേല്പിച്ച വെറുമൊരു സംവിധാനം മാത്രമായി കാണുകയും ചെയ്യുന്നു. എങ്കിലും ഐക്യമുന്നണി ചൈനീസ്

Scanned by CamScanner

വിപ്ലവത്തിന്റെ ചക്രങ്ങൾ മുന്നോട്ടുരുട്ടി തികച്ചും ഒരു പുതിയ ഘട്ടത്തിൽ എത്തിക്കുകതന്നെ ചെയ്യും. ഇപ്പോൾ തികച്ചും രൂക്ഷമായിത്തീർന്നിരിക്കുന്ന ദേശീയവും സാമൂഹികവുമായ പ്രതിസന്ധിയിൽനിന്നും ചൈന ഉയർത്തെഴുന്നേല്ക്കുമോ എന്നതു് ഈ ഐക്യമുന്നണി എങ്ങിനെ പുരോഗമിക്കും എന്നതിനെ ആശ്രയിച്ചാണിരിക്കുന്നതു്. അനുകൂലമായ പരിവർത്തനത്തിന്റെ പുതിയ തെളിവുകൾ ഇപ്പോൾതന്നെ ഉണ്ടായിട്ടുണ്ടു്. ഒന്നാമതായി ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി ഐക്യമുന്നണി എന്ന നയം മുന്നോട്ടുവെച്ചുകഴിഞ്ഞപ്പോൾതന്നെ അതു് ജനങ്ങൾ സാർവ്വത്രികമായി അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഇതു് ജനതയുടെ അഭിലാഷത്തിന്റെ വ്യക്തമായ ബഹിർസ്ഫുരണമാണു്. രണ്ടാമതു്, സിയാൻ സംഭവം സമാധാനപരമായി ഒത്തുതീരുകയും, ഇരു പാർട്ടികളും ആഭ്യന്തര സമരം അവസാനിപ്പിക്കുകയും ചെയ്തുകഴിഞ്ഞ ഉടനേതന്നെ എല്ലാ രാഷ്ട്രീയകക്ഷികളും വിഭാഗങ്ങളും എല്ലാ തുറകളിലുമുള്ള ജനങ്ങളും രാജ്യത്തെ സായുധസേനാവിഭാഗങ്ങളും മുമ്പെങ്ങുമില്ലാത്തവിധം സംഘടിതരാകുകയുമുണ്ടായി. ജനങ്ങളും ഭരണകൂടവും തമ്മിലുള്ള ഐക്യത്തിന്റെ പ്രശ്നങ്ങൾ അടിസ്ഥാനപരമായി പരിഹരിക്കപ്പെടാത്തിടത്തോളം ഈ ഐക്യം ജപ്പാനെ ചെറുത്തുനില്ക്കുന്ന കാര്യത്തിൽ അപര്യാപ്തംതന്നെയാണു്. മൂന്നാമതായി, ഏററവും വലിയ ആഘാതം സൃഷ്ടിച്ച വസ്തുത രാഷ്ട്രമാകെത്തന്നെ ചെറുത്തുനില്പുയുദ്ധം ആരംഭിച്ചുകഴിഞ്ഞു എന്നുള്ളതാണു്. ചെറുത്തുനില്പുയുദ്ധത്തിന്റെ ഇന്നത്തെ സ്വഭാവത്തിൽ ഞങ്ങൾ തൃപ്തരല്ല, കാരണം അതിന്റെ സ്വഭാവത്തിൽ അതു് ദേശവ്യാപകമാണെങ്കിൽകൂടിയും ഭരണകൂടത്തിന്റെയും സായുധസേനയുടെയും മാത്രം കാര്യമാണെന്ന നിലയിലാണ നടത്തപ്പെടുന്നതു്. ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ജാപ്പനീസ് സാമ്രാജ്യത്വത്തെ ഇത്തരം ഒരു ചെറുത്തുനില്പുയുദ്ധംകൊണ്ടു് പരാജയപ്പെടുത്താനാവില്ല. എങ്കിലും കഴിഞ്ഞ നൂറുവർഷങ്ങളിൽ ആദ്യമായി ചൈന വിദേശാക്രമണത്തിനെതിരായി ദേശവ്യാപകമായ ഒരു യുദ്ധം നടത്തി. ആഭ്യന്തരസമാധാനം ഇല്ലാതിരിക്കുകയും ഇരുപാർട്ടികളും തമ്മിൽ സഹകരിക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇതു തീർച്ചയായും സാദ്ധ്യമാകുമായിരുന്നില്ല. ഇരുപാർട്ടികളും തമ്മിലുള്ള ഐക്യം തകർന്നിരുന്ന അവസരത്തിൽ ഒരു വെടിപോലും പൊട്ടിക്കാതെ ജാപ്പ് ആക്രമണകാരികൾക്കു് നാലു വടക്കുകിഴക്കൻ പ്രവിശ്യകൾ പിടിച്ചെടുക്കാൻ കഴിഞ്ഞിരുന്നുവെങ്കിലും ഇന്നു് ഐക്യമുന്നണി പുനസ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അവർക്കു് രക്തരൂക്ഷിതമായ യുദ്ധത്തിന്റെ വില നൽകാതെ ചൈനയുടെ കൂടുതൽ അതിർത്തികൾ കൈവശപ്പെടുത്താനാവില്ല. നാലാമതായി, വിദേശങ്ങളിലും ഇതിന്റെ ഫലങ്ങളുണ്ടു്. ജാപ്പ് വിരുദ്ധഐക്യമുന്നണിക്കു വേണ്ടിയുള്ള ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ നിർദ്ദേശത്തിനു് ലോകത്തെമ്പാടുമുള്ള തൊഴിലാളികളുടേയും കർഷകരുടേയും കമ്യൂണിസ്റ്റ്പാർട്ടികളുടേയും പിന്തുണ നേടാൻ കഴിഞ്ഞു. കുമിന്താങ്ങും കമ്യൂണിസ്റ്റ്പാർട്ടിയും തമ്മിലുള്ള സഹകരണം സ്ഥാപിതമായതോടുകൂടി വിവിധ രാജ്യങ്ങളിലുള്ള ജനങ്ങളും പ്രത്യേകിച്ചു് സോവിയററു് യൂണിയനും ചൈനയെ കൂടുതൽ ഫലപ്രദമായി സഹായിക്കും. ചൈനയും സോവിയററു് യൂണിയനും തമ്മിൽ ഒരു അനാക്രമണ ഉടമ്പടി ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു; എന്നുമാത്രമല്ല, ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ഭാവിയിൽ കൂടുതൽ മെച്ചപ്പെടുകയുംചെയ്യും. ഈ തെളിവുകളുടെയെല്ലാം അടിസ്ഥാനത്തിൽ ഐക്യമുന്നണിയുടെ വളർച്ച കൂടുതൽ ഭാസുരവും മഹത്തായ ഭാവിയിലേക്കു്, അതായതു് ജാപ്പ് സാമ്രാജ്യത്വത്തിന്റെ പരാജയത്തിലേക്കും ഒരു ഐക്യ ജനാധിപത്യപര

Scanned by CamScanner

മാധികാരരാജ്യത്തിന്റെ സ്ഥാപനത്തിലേക്കും ചൈനയെ നയിക്കുമെന്ന് ഉറപ്പായി പറയാൻ നമുക്കു കഴിയും.

എന്നിരുന്നാലും ഈ ഐക്യമുന്നണി ഇന്നത്തെ നിലയിൽത്തന്നെ തുടരുകയാണെങ്കിൽ ഈ മഹത്തായ കർത്തവ്യം നടപ്പിലാക്കുവാൻ അതിനു കഴിയുകയില്ല. ഇരുകക്ഷികളും തമ്മിലുള്ള ഈ ഐക്യമുന്നണി ഇനിയും വികസിക്കേണ്ടിയിരിക്കുന്നു. കാരണം ഇന്നത്തെ നിലയിൽ അത് ആവശ്യമുള്ളത്ര വിശാലാടിസ്ഥാനത്തിലുള്ളതോ സുസംഘടിതമോ അല്ല.

ജാപ്പ് വിരുദ്ധ ഐക്യമുന്നണി എന്നത് ക്വമിന്താങ്ങും കമ്യൂണിസ്റ്റ് പാർട്ടിയുമുൾക്കൊള്ളുന്ന പരിമിതമായ ഒന്നു മാത്രമായിരിക്കണമോ? അത് ഈ രണ്ടു കക്ഷികളും ചേർന്ന് അതിന്റെ ഒരു ഭാഗം മാത്രമായ മുഴുവൻ രാഷ്ട്രത്തിന്റെയും വിശാലമായ ഒരു ഐക്യമുന്നണിയായിരിക്കണം. എല്ലാ കക്ഷികളുടേയും വിഭാഗങ്ങളുടേയും എല്ലാ തുറയിലുമുള്ള ജനങ്ങളുടേയും എല്ലാ സായുധസേനാ വിഭാഗങ്ങളുടേയും തൊഴിലാളികൾ, കർഷകർ, സൈനികർ, ബുദ്ധിജീവികൾ, വ്യവസായികൾ തുടങ്ങി എല്ലാ രാജ്യസ്നേഹികളായ ജനങ്ങളുടേയും ഒരു ഐക്യമുന്നണിതന്നെയായിരിക്കണം അത്. ഇതുവരെ അത് ഈ രണ്ടു കക്ഷികളിൽ മാത്രമായി ഒതുങ്ങിനില്ക്കുകയാണ്; അതേസമയം തൊഴിലാളികളേയും കൃഷിക്കാരെയും, പട്ടണവാസികളായ ഇടത്തരക്കാർ, ഒരു നല്ല വിഭാഗം രാജ്യസ്നേഹികൾ എന്നിവരെയും അത് ആവേശഭരിതരാക്കിയിട്ടില്ല; അവരെ കൃത്യനിർവ്വഹണത്തിന് ആഹ്വാനംചെയ്യുകയോ, സംഘടിപ്പിക്കുകയോ ആയുധവല്ക്കരിക്കുകയോചെയ്തിട്ടില്ല. ഇതാണിന്നത്തെ ഏററവും ഗുരുതരമായപ്രശ്നം. ഇതു ഗുരുതരമാണ്, കാരണം അത് യുദ്ധമുന്നണിയിലെ നമ്മുടെ വിജയം അസാദ്ധ്യമാക്കിത്തീർക്കുന്നു. ഈ ഗുരുതരാവസ്ഥ വടക്കൻ ചൈനയിലെ കിയാങ്ങ്സു, ചെക്കിയാങ്ങ് പ്രവിശ്യകളിൽ മാത്രം ഒതുക്കിവയ്ക്കാൻ ഇനിയും സാദ്ധ്യമല്ല; മാത്രമല്ല, അതിന്റെ ആവശ്യവുമില്ല. സ്ഥിതി എങ്ങിനെ തരണം ചെയ്യാമെന്നതാണു പ്രശ്നം. അതിനുള്ള ഒരേയൊരു മാർഗം ഡോ: സൺയാററ്സണിന്റെ മരണപത്രപ്രതിജ്ഞ പ്രാവർത്തികമാക്കുക മാത്രമാണ്. അതായത് ''സാധാരണ ജനസഹസ്രങ്ങളെ തട്ടിയുണർത്തുക'' അദ്ദേഹത്തിന്റെ മരണശയ്യയിലെ വാക്കുകളിൽ ഡോ: സൺയാററ്സൺ, തന്റെ നാല്പതുവർഷത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ, അതിൽ കൂടി മാത്രമേ വിപ്ലവത്തിന്റെ ലക്ഷ്യം നേടിയെടുക്കാനാവുകയുള്ളു എന്ന് തനിക്കു പൂർണ്ണബോദ്ധ്യമുണ്ടെന്ന് പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം മന:പൂർവം നടപ്പിലാക്കാതിരിക്കാൻ എന്തു കാരണമാണുള്ളത്? രാഷ്ട്രത്തിന്റെ വിധിതന്നെ അപകടത്തിലായിരിക്കുന്ന ഒരു സന്ദർഭത്തിൽ അതു നടപ്പിലാക്കാൻ കൂട്ടാക്കാതിരിക്കുന്നതിന് എന്തു കാരണമാണുള്ളത്? ''ബഹുജനങ്ങളെ തട്ടിയുണർത്തുക'' എന്നത് സ്വേച്ഛാധിപത്യത്തിനും അടിച്ചമർത്തലിനും കടകവിരുദ്ധമാണെന്നുള്ളത് എല്ലാവർക്കുമറിയാം. സർക്കാരും സായുധസേനയും മാത്രം നടത്തുന്ന ചെറുത്തുനില്പുയുദ്ധംകൊണ്ട് ജാപ്പ് സാമ്രാജ്യത്വത്തെ ഒരിക്കലും പരാജയപ്പെടുത്താനാവില്ല. ചെറുത്തുനില്പിനുവേണ്ടി തട്ടിയുണർത്താതിരുന്നാൽ അബിസീനിയയുടെ നാശത്തിന്റെ പാതതന്നെ ചൈനയും എന്ന് തികഞ്ഞ ഗൗരവത്തോടെ ഭരണകക്ഷിയായ ക്വമിന്താങ്ങിനെ താക്കീതു ചെയ്തിരുന്നതാണ്. ഇക്കാര്യം ചൈനീസ് കമ്യൂണിസ്റ്റുകാർ മാത്രമല്ല രാജ്യമെമ്പാടുമുള്ള പുരോഗമനവാദികളും ക്വമിന്താങ്ങിലെതന്നെ ബുദ്ധിയുള്ള വളരെപ്പേരും ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നിട്ടും സ്വേച്ഛാധിപത്യഭരണം എന്ന നയം മാററപ്പെടാതിരിക്കുകയാണ്. അതിന്റെ ഫലമായി സർക്കാർ സൈന്യം ജനങ്ങളിൽനിന്നും സായുധസേന ജനസമൂഹത്തിൽനിന്നും, സേനാനായകത്വം അവരുടെ അണികളിൽനിന്നും ഒററപ്പെട്ടുകഴിഞ്ഞു. ഐക്യ

Scanned by CamScanner

മുന്നണി ജനസാമാന്യത്തിന്റെ പങ്കാളിത്തത്തോടുകൂടി ശക്തിപ്പെടുത്തിയില്ലെങ്കിൽ യുദ്ധമുന്നണിയിലെ പ്രതിസന്ധി ലഘൂകരിക്കുകയല്ല, വഷളാക്കപ്പെടുകയായിരിക്കും ചെയ്യുക.

ഇപ്പോഴത്തെ ജാപ്പവിരുദ്ധ ഐക്യമുന്നണിക്ക് ക്വമിന്താങ്ങിന്റെ സ്വേച്ഛാധിപത്യ നയത്തിനു പകരം ഒരു രാഷ്ട്രീയപരിപാടി ഇനിയും വേണ്ടിയിരിക്കുന്നു. അതായത് ഇരുപാർട്ടികളും അംഗീകരിച്ച്, ഔപചാരികമായി പ്രഖ്യാപിക്കുന്ന ഒരു നയം. ജനസമൂഹവുമായുള്ള ബന്ധത്തെ സംബന്ധിച്ചിടത്തോളം ക്വമിന്താങ്ങ് കഴിഞ്ഞ പത്തുവർഷമായി തുടരുന്ന അതേ നടപടികൾതന്നെ തുടരുകയാണ്. കഴിഞ്ഞ പത്തുവർഷമായി ഒരു മാററവുമില്ലാതെ, മൊത്തത്തിൽ എല്ലാംതന്നെ, സർക്കാർ ഭരണയന്ത്രം, സൈനിക സംവിധാനം, ജനദ്യോഗസ്ഥന്മാരുടെ നേരെയുള്ള നയം എന്നിവ മുതൽ സാമ്പത്തികവും ധനപരവും വിദ്യാഭ്യാസപരവുമായ നയങ്ങൾവരെ അതേപടി തുടരുന്നു. ആഭ്യന്തരയുദ്ധം അവസാനിപ്പിച്ചതും ജാപ്പവിരുദ്ധ ഐകമത്യം തുടങ്ങി മഹത്തരമായതുതന്നെയായ ചില മാററങ്ങൾ ഉണ്ടായിട്ടില്ലെന്നല്ല, ഇരു പാർട്ടികളും ആഭ്യന്തരയുദ്ധം അവസാനിപ്പിച്ചതും രാജ്യവ്യാപകമായി ജാപ്പവിരുദ്ധ ചെറുത്തുനില്പുയുദ്ധം തുടങ്ങിയതും സിയാൻ സംഭവത്തിനുശേഷം ചൈനയിൽ രാഷ്ട്രീയത്തിലുണ്ടായ അതിബൃഹത്തായ മാററത്തെയാണു കുറിക്കുന്നത്. എന്നാൽ ഇതുവരെ മുമ്പു പറഞ്ഞ നടപടികളിൽ യാതൊരു മാററമുണ്ടായിട്ടില്ലെന്നു മാത്രമല്ല, അതുകൊണ്ട് അങ്ങനെ മാറിയ സംഗതികളും മാറാത്തവയും തമ്മിൽ ഒരു പൊരുത്തക്കേടുണ്ടുതാനും. പഴയ നടപടികൾ അന്തർദ്ദേശീയമായി സന്ധിചെയ്യലിനും ദേശീയമായി വിപ്ലവത്തെ അടിച്ചമർത്തലിനുമാണ് സഹായിച്ചതെങ്കിൽ ജാപ്പ് സാമ്രാജ്യത്വ ആക്രമണത്തെ നേരിടുന്ന കാര്യത്തിൽ അവയ്ക്കുള്ള അപര്യാപ്തത വെളിപ്പെടുത്തപ്പെടുകയും അനുയോജ്യത തെളിയിക്കപ്പെടുകയുമാണു ചെയ്തത്. ജപ്പാനെ ചെറുക്കുന്നതിന് നമുക്കു താല്പര്യമില്ലായിരുന്നെങ്കിൽ കഥ വേറൊന്നായിരുന്നേനെ. പക്ഷെ നമ്മൾ അതാഗ്രഹിക്കുകയും ചെറുത്തുനില്പ് തുടങ്ങിക്കഴിയുകയും ഒരു പ്രതിസന്ധി സംജാതമായിരിക്കുന്നു എന്നു തെളിയുകയും ചെയ്തിരിക്കുന്ന സ്ഥിതിക്ക് പുതിയ മാർഗ്ഗങ്ങളിലേക്ക് ചുവടുമാറാൻ വിസമ്മതിക്കുന്നത് ഊഹാതീതമായ അതിഭയങ്കര അപകടത്തിലേക്കു നയിക്കപ്പെടാനായിരിക്കും ഇടവരുത്തുക. ജപ്പാനെതിരായ ചെറുത്തുനില്പിനു വിശാലാടിസ്ഥാനത്തിലുള്ള ഒരു ഐക്യമുന്നണിയാണ് ആവശ്യമായിട്ടുള്ളത്, അതുകൊണ്ട് എല്ലാ ജനങ്ങളെയും അതിൽ ചേരുന്നതിനായി അണിനിരത്തണം. ജപ്പാനെ ചെറുക്കുവാൻ ഒരു സുസംഘടിത ഐക്യമുന്നണി വേണം. അതിന് പൊതുവായ ഒരു പ്രവർത്തന പരിപാടിയും ആവശ്യമാണ്. ആ പൊതുപരിപാടി ഐക്യമുന്നണിയുടെ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയായിരിക്കുകയും ഐക്യമുന്നണിയിലുള്ള എല്ലാ സംഘടനകളേയും വ്യക്തികളേയും എല്ലാ കക്ഷികളേയും വിഭാഗങ്ങളേയും എല്ലാ ജീവിതതുറകളിലുമുള്ള ജനങ്ങളേയും സായുധസേനകളേയും ഒരു ചരടിലെന്നപോലെ ഇണക്കിനിറുത്തുകയും വേണം. ഉറച്ച ഐക്യത്തെപ്പററി സംസാരിക്കാൻ നമുക്ക് അങ്ങനെ മാത്രമേ കഴിയൂ. പഴയ നിയന്ത്രണചട്ടങ്ങളെ ഞങ്ങൾ എതിർക്കുന്നു. കാരണം അവ ദേശീയവിപ്ലവയുദ്ധത്തിന് അനുയോജ്യമല്ല. പുതിയ നിയന്ത്രണചട്ടങ്ങൾകൊണ്ട് പഴയവയുടെ പകരം വെക്കുന്നതു ഞങ്ങൾ പ്രതീക്ഷയോടെ ഉററുനോക്കിക്കൊണ്ടിരിക്കുകയാണ്. അതായത് ഒരു സംയുക്ത പൊതുപരിപാടിയുടെ വിപ്ലവക്രമബദ്ധതയും പ്രഖ്യാപനവും. വേറൊന്നുംതന്നെ ചെറുത്തുനില്പുയുദ്ധത്തിന് യോജിക്കില്ല.

Scanned by CamScanner

എന്തായിരിക്കണം ആ പൊതുപരിപാടി? അതു് ഡോ: സൺയാററ്സണിൻെറ മൂന്നു ജനകീയ തത്വങ്ങളും ഈ വർഷം ആഗസ്റ്റ് 25നു് കമ്യൂണിസ്റ്റ്പാർട്ടി നിർദ്ദേശിച്ച ജപ്പാനെ ചെറുക്കുന്നതിനും രാഷ്ട്രത്തെ രക്ഷിക്കുന്നതിനുമുള്ള പത്തിനപരിപാടിയുമായിരിക്കണം.

ഡോ:സൺയാററ്സണിൻെറ ജനകീയതത്വങ്ങൾ ഇന്നു ചൈനയെ സംബന്ധിച്ചിടത്തോളം അവശ്യം ആവശ്യമായതിനാൽ അതു് പൂർണ്ണമായി നടപ്പിലാക്കുന്നതിനു് നമ്മുടെ പാർട്ടി സമരംചെയ്യാൻ തയ്യാറാണെന്നു് ക്വമിന്താങ്ങ്—കമ്യൂണിസ്റ്റ് സഹകരണത്തെപ്പററിയുള്ള പ്രഖ്യാപനത്തിൽ ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി പ്രസ്താവിക്കുകയുണ്ടായി. ക്വമിന്താങ്ങിൻെറ മൂന്നു ജനകീയതത്വങ്ങൾ നടപ്പിലാക്കാൻ കമ്യൂണിസ്റ്റ് പാർട്ടി തയ്യാറാണെന്നു പറയുന്നതു് ചിലയാളുകൾക്കു് വിചിത്രമായി തോന്നാം. ഉദാഹരണത്തിനു് ഷാങ്ങ്ഹായിലെ ചൂയിങ്ങ്ലായ്[9] ഒരു പ്രാദേശിക പ്രസിദ്ധീകരണത്തിലൂടെ തൻെറ സംശയം പ്രകടിപ്പിക്കുകയുണ്ടായി. ഇത്തരം ആളുകൾ വിചാരിക്കുന്നതു് കമ്യൂണിസവും മൂന്നു ജനകീയതത്വങ്ങളും ഒന്നുചേർന്നുപോവുകയില്ലെന്നാണു്. ഇതു തികച്ചും ഒരു യാന്ത്രികസമീപനമാണു്. കമ്യൂണിസം വിപ്ലവത്തിൻെറ കുറച്ചുകൂടി വികസിച്ച ഘട്ടത്തിലാണു നടപ്പിലാക്കേണ്ടതു്. ഈ ഘട്ടത്തിൽ അതു നേടിയെടുക്കാമെന്ന യാതൊരു വ്യാമോഹവും കമ്യൂണിസ്റ്റുകാർ പുലർത്തുന്നില്ല; മറിച്ചു് ചരിത്രം അനുശാസിക്കുന്നതായ ദേശീയവും ജനാധിപത്യപരവുമായ വിപ്ലവം കമ്യൂണിസ്റ്റുകാർ നടത്തും. ഒരു ജാപ്പ് വിരുദ്ധ ഐക്യമുന്നണിയും ഒരു ഏകീകൃത ജനാധിപത്യ—പരമാധികാര രാഷ്ട്രവും എന്ന ആശയം കമ്യൂണിസ്റ്റ്പാർട്ടി മുന്നോട്ടുവച്ചതിൻെറ അടിസ്ഥാനകാരണം ഇതാണു്. മൂന്നു ജനകീയതത്വങ്ങളെ സംബന്ധിച്ചാണെങ്കിൽ ഒന്നാം ഇരുപാർട്ടി ഐക്യമുന്നണിയുടെ സന്ദർഭത്തിൽ പത്തുവർഷത്തിലേറെക്കാലം കമ്യൂണിസ്റ്റ്പാർട്ടിയും ക്വമിന്താങ്ങും സംയുക്തമായി ക്വമിന്താങ്ങിൻെറ ഒന്നാം ദേശീയ കോൺഗ്രസിൽവച്ചു് തീരുമാനിക്കുകയും എല്ലാ കമ്യൂണിസ്റ്റുകാരുടേയും കൂറുള്ള ക്വമിന്താങ്ങുകാരുടേയും ശ്രമഫലമായി രാജ്യത്തിൻെറ വിപുല ഭാഗങ്ങളിൽ അവ നടപ്പിൽ വരുത്തുകയും ചെയ്തു. നിർഭാഗ്യവശാൽ ആ ഐക്യമുന്നണി 1927—ൽ തകരുകയും അതിൽ പിന്നീടു് പത്തുവർഷക്കാലം ക്വമിന്താങ്ങ് മൂന്നു ജനകീയതത്വങ്ങൾ നടപ്പാക്കുന്നതിനെ എതിർത്തുകൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ കമ്യൂണിസ്റ്റ്പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ പത്തു സംവത്സരക്കാലവും അതിൻെറ നയങ്ങൾ അടിസ്ഥാനപരമായി ഡോ: സണിൻെറ മൂന്നു ജനകീയതത്വങ്ങൾക്കും മൂന്നു മഹത്തായ നയങ്ങൾക്കും അനുസൃതമായവയായിരുന്നു. സാമ്രാജ്യത്വത്തിനു് എതിരായി സമരം നടത്താത്ത ഒരൊററ ദിവസംപോലുമില്ലായിരുന്നു, അതായതു് തികച്ചും പൂർണ്ണമായി തന്നെ ദേശീയതയുടെ തത്വം നടപ്പിലാക്കൽ എന്നർത്ഥം. തൊഴിലാളി കർഷക ജനാധിപത്യ സർവാധിപത്യം എന്നാൽ ജനാധിപത്യത്തിൻെറ പ്രയോഗമല്ലാതെ മററൊന്നുമല്ല. കാർഷികവിപ്ലവമെന്നാൽ ''ജനകീയ ഉപജീവനമാർഗ്ഗങ്ങളുടെ തത്വത്തിൻെറ പൂർണ്ണമായ പ്രയോഗംതന്നെയാണു്. പിന്നെന്തുകൊണ്ടാണു് കമ്യൂണിസ്റ്റ്പാർട്ടി തൊഴിലാളി കർഷക ജനാധിപത്യസർവാധിപത്യത്തിൻെറ റദ്ദാക്കൽ പ്രഖ്യാപിച്ചതും ഭൂപ്രഭുക്കളുടെ ഭൂമിപിടിച്ചെടുക്കൽ നിറുത്തിവച്ചതും.'' കാരണം കുറച്ചുകാലങ്ങൾക്കുമുമ്പു് വിശദീകരിച്ചതുപോലെ അതിലെല്ലാം ഏതെങ്കിലും തെററുകളുണ്ടായതുകൊണ്ടല്ല, പക്ഷെ ജാപ്പ് സാമ്രാജ്യത്വത്തിൻെറ കടന്നാക്രമണം വർഗ്ഗബന്ധങ്ങളിൽ ചില മാററങ്ങൾ വരുത്തിത്തീർത്തതുകൊണ്ടും ജാപ്പ് സാമ്രാജ്യത്വത്തിനെതിരായി എല്ലാ ദേശീയവർഗ്ഗങ്ങളും ഒത്തുചേരേണ്ടതിൻെറ ആവശ്യകതകൊണ്ടും മാത്രമല്ല, എന്നാൽ അതിനുള്ള സാദ്ധ്യത ഉണ്ടാ

Scanned by CamScanner

യിട്ടുള്ളതുകൊണ്ടു കൂടിയാണ്. ഒരു ഫാസിസ്റ്റ് വിരുദ്ധ ഐക്യമുന്നണി
ഫാസിസത്തിനെതിരായി പൊതുസമരത്തിൽ ചൈനയിൽ മാത്രമല്ല
ലോകമാസകലംതന്നെ ആവശ്യവും സാദ്ധ്യവുമാണ്. അതുകൊണ്ടു്
ഞങ്ങൾ ചൈനയിൽ ഒരു ദേശീയ ജനാധിപത്യഐക്യമുന്നണിയുടെ
സ്ഥാപനത്തിനുവേണ്ടി നിലകൊള്ളുന്നു. ഈ പശ്ചാത്തലത്തിലാണ്
ഞങ്ങൾ തൊഴിലാളി—കർഷക ജനാധിപത്യ സർവാധിപത്യത്തിനു പക
രം എല്ലാ വർഗ്ഗങ്ങളുടേയും യോജിപ്പിലധിഷ്ഠിതമായ ഒരു ജനാധിപത്യ
പരമാധികാര രാഷ്ട്രം നിർദ്ദേശിച്ചതു്. കാർഷികവിപ്ലവം ''കൃഷി
ഭൂമി കർഷകനു്'', എന്ന മുദ്രാവാക്യം സാധിതമാക്കി. അതാണ് തീർത്തും
സൺയാററ്സൺ നിർദ്ദേശിച്ചതു്. ജാപ്പ് സാമ്രാജ്യത്വത്തിനെതിരെ
കൂടുതൽ ജനങ്ങളെ അണിനിരത്തുന്നതിനുവേണ്ടി അതു ഞങ്ങൾ നിറുത്തി
വച്ചു. എന്നാൽ അതിന്റെ അർത്ഥം ചൈനയ്ക്കു് അതിന്റെ ഭൂപ്രശ്നം പരി
ഹരിക്കേണ്ടതിന്റെ ആവശ്യമില്ല എന്നല്ല. ഈ നയംമാററത്തിന്റെ
കാരണങ്ങളെപ്പററിയും അതിനു തിരഞ്ഞെടുത്ത സന്ദർഭത്തെപ്പററിയും
ഞങ്ങളുടെ നിലപാടു് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഞങ്ങൾ വിശദീ
കരിച്ചിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ മാർക്സിസ്റ്റ് തത്വങ്ങളിൽ അധി
ഷ്ഠിതമായ ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി വിപ്ലവകരമായ മൂന്നു ജനകീ
യതത്വങ്ങൾ—അതായതു് ആദ്യത്തെ കുമിന്താങ്ങ്—കമ്യൂണിസ്റ്റ് ഐക്യ
മുന്നണിയുടെ പൊതുപ്രവർത്തന പരിപാടി—നിരന്തരമായി മുറുകെ പിടി
ച്ചു വളർത്തിയെടുത്തുകൊണ്ടാണ്. ശക്തനായ ഒരാക്രമണകാരി കടന്നാ
ക്രമണം നടത്തിയിരിക്കുന്ന ഈ ദേശീയ പ്രതിസന്ധിയുടെ നിമിഷ
ത്തിൽ പാർട്ടിക്കു് രാജ്യത്തെ രക്ഷിക്കാൻ കഴിയുന്ന ഒരേയൊരു നയ
മായ ദേശീയവും ജനാധിപത്യപരവുമായ ഐക്യമുന്നണി എന്ന നിർ
ദ്ദേശം സമയോചിതമായി മുന്നോട്ടു വയ്ക്കാനും ആ നയം എല്ലാ
കഴിവുമുപയോഗിച്ചു പ്രായോഗികമാക്കാനും കഴിഞ്ഞതു്. കമ്യൂണിസ്റ്റ്
പാർട്ടി വിപ്ലവപരമായ മൂന്നു ജനകീയതത്വങ്ങളിൽ വിശ്വസിക്കുന്നു
ണ്ടോ? അതു നടപ്പിലാക്കുന്നുണ്ടോ എന്നതല്ല ഈ അവസരത്തിലുയരുന്ന
ചോദ്യം, മറിച്ചു് കുമിന്താങ്ങ് അങ്ങനെ ചെയ്യുന്നുണ്ടോ എന്നതാണ്.
ഇപ്പോഴുള്ള കർത്തവ്യം സണിന്റെ മൂന്നു ജനകീയതത്വങ്ങളുടെ വിപ്ലവാ
ത്മകമായ അന്ത:സത്ത രാജ്യമാസകലം പുന:സ്ഥാപിക്കുകയും ആ അടി
സ്ഥാനത്തിൽ സുനിശ്ചിതമായ ഒരു നയവും പരിപാടിയും ആവിഷ്ക്ക
രിച്ചു് അവയെ ആത്മാർത്ഥതയോടുകൂടി—അർദ്ധമനസ്സോടെയല്ല, പൂർണ്ണ
മനസ്സോടെ, വഴിപാടായല്ല, കൃത്യതയോടെ, വലിച്ചിഴച്ചല്ല—നടപ്പാ
ക്കുക എന്നതാണ്. കമ്യൂണിസ്റ്റ്പാർട്ടി ഇങ്ങനെ ഒന്നുണ്ടായിക്കാണാൻ
രാപ്പകലില്ലാതെ ഉള്ളഴിഞ്ഞു പ്രത്യാശിച്ചുകൊണ്ടിരിക്കയാണ്. ഇക്കാ
രണം ഒന്നുകൊണ്ടു മാത്രമാണ് ലുക്കൗച്യാവോസംഭവത്തിനുശേഷം പാർട്ടി
ജപ്പാനെ ചെറുക്കുന്നതിനും രാജ്യത്തെ രക്ഷിക്കുന്നതിനും പത്തിനപരി
പാടി മുന്നോട്ടു വച്ചതു്. പത്തിനപരിപാടി മാർക്സിസത്തിനും,
യഥാർത്ഥത്തിൽ വിപ്ലവാത്മകമായ മൂന്നു ജനകീയതത്വങ്ങൾക്കും അനന്യ
തമായിട്ടുള്ളതാണ്—ജാപ്പ് വിരുദ്ധ ദേശീയ വിപ്ലവയുദ്ധത്തിന്റെ ഘട്ട
മെന്ന ചൈനീസ് വിപ്ലവത്തിന്റെ ഇന്നത്തെ ഘട്ടത്തിനു് അനുയോജ്യ
മായ ഒരു പരിപാടി—ഒരു പ്രാഥമിക പ്രവർത്തനപരിപാടിയാണ്.
ഈ പരിപാടി ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ മാത്രമേ ചൈനയെ
രക്ഷിക്കാൻ കഴിയൂ. ഈ പരിപാടിക്കു വിഘാതമായിട്ടുള്ള ഏതു മാർഗ്ഗ
വും നിർബന്ധപൂർവ്വം സ്വീകരിക്കുന്നവരെ ചരിത്രം ശിക്ഷിക്കുകതന്നെ
ചെയ്യും.

രാജ്യമൊട്ടാകെ ഈ പ്രവർത്തനപരിപാടി നടപ്പിലാക്കുവാൻ കുമി
ന്താങ്ങിന്റെ യോജിപ്പില്ലാതെ കഴിയുകയില്ല. കാരണം കുമിന്താങ്ങാണ്

Scanned by CamScanner

ഇന്നും ചൈനയിലെ ഏററവും വലിയ കക്ഷിയും ഭരണകക്ഷിയും. കൂമിന്താങ്ങിലെ ബുദ്ധിയുള്ള അംഗങ്ങൾ ഈ പരിപാടിയോടു യോജിക്കുന്ന ഒരു ദിനം വരുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കാരണം അങ്ങനെ അവർ ചെയ്യില്ലെങ്കിൽ മൂന്നു ജനകീയതത്വങ്ങൾ എന്നതു വെറും പൊള്ള വാക്കു മാത്രമായി അവശേഷിക്കുകയും ഡോ: സൺയാററ്സണിൻെറ വിപ്ലവാത്മകമായ ആത്മസത്ത പുനപ്രതിഷ്ഠിക്കാൻ കഴിയാതെവരികയും, ജാപ്പുസാമ്രാജ്യത്വത്തെ തോല്പിക്കാൻ കഴിയാതാവുകയും ചൈനീസ് ജനതയ്ക്ക് വിദേശ ശക്തിയുടെ കീഴിൽ അടിമത്തം അനുഭവിക്കുക എന്നതിൽനിന്ന് രക്ഷപ്പെടാൻ കഴിയാതെവരികയും ചെയ്യും. യഥാർത്ഥ ബുദ്ധിശാലിയായ ഏതൊരു കൂമിന്താങ്ങ് അംഗത്തിനും ഇതു സംഭവിക്കണമെന്ന് ആഗ്രഹമുണ്ടാവാനിടയില്ല, നമ്മുടെ ജനങ്ങൾ ഒരിക്കലും അടിമകളാകാൻ സ്വയമനുവദിക്കുകയുമില്ല. കൂടാതെ സെപ്ററംബർ 23–ലെ പ്രസ്താവനയിൽ ചിയാങ്ങ് ഇങ്ങനെ പ്രഖ്യാപിച്ചു.

''ഞാൻ അധികൃതമായി ഉറപ്പിച്ചുപറയുന്നതു് നമ്മളിൽ വിപ്ലവത്തിനുവേണ്ടി നില്ക്കുന്നവർ വ്യക്തിപരമായ വൈരങ്ങളും ഇഷ്ടാനിഷ്ടങ്ങളും മാററിവയ്ക്കുണമെന്നും മൂന്നു ജനകീയതത്വങ്ങൾ നടപ്പാക്കാൻ സ്വയം അർപ്പിക്കണമെന്നുമാണ്. ഈ നിർണ്ണായകമായ ജീവന്മരണ പ്രതിസന്ധിയിൽ നമ്മളെല്ലാം കഴിഞ്ഞതെല്ലാം മറന്ന് മുഴുവൻ ദേശത്തോടുമൊപ്പം തികച്ചും ഒരു പുതിയ ആരംഭം കുറിക്കുകയും നമ്മുടെ രാജ്യത്തിൻെറ ജീവനും നിലനില്പും സംരക്ഷിക്കാൻ വേണ്ടിയുള്ള ഐക്യത്തിനായി കഠിനമായി പ്രവർത്തിക്കുകയും ചെയ്യണം.''

ഇതു് ഏററവുമധികം സത്യമാണ്. ഇന്നത്തെ അടിയന്തിര ചുമതല മൂന്നു ജനകീയതത്വങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി കഠിനമായി യത്നിക്കുക, വ്യക്തിപരവും വിഭാഗീയവുമായ ഇഷ്ടാനിഷ്ടങ്ങൾ ഉപേക്ഷിക്കുക, പഴയ മാമൂൽസംഗതികൾ മാററുക, മൂന്നു ജനകീയതത്വങ്ങൾക്കനുസൃതമായി വിപ്ലവപരമായ പരിപാടികൾ ഉടൻ നടപ്പിലാക്കുക, മുഴുവൻ ദേശത്തോടുമൊപ്പം തികച്ചും പുതിയ ഒരു തുടക്കം കുറിക്കുക എന്നിവയാണ്. ഇന്ന് ഈ ഒരു മാർഗ്ഗം മാത്രമേയുള്ളൂ. ഇനിയും താമസിച്ചാൽ പശ്ചാത്തപിക്കാൻ സമയം കിട്ടിയെന്നുവരില്ല.

എന്നാൽ മൂന്നു ജനകീയതത്വങ്ങളും പത്തിനപരിപാടികളും നടപ്പിലാക്കാൻ ഉപകരണങ്ങൾ തീർച്ചയായും വേണം. അതു് സർക്കാരിൻേറയും സായുധസേനയുടേയും പരിഷ്കാരം എന്ന പ്രശ്നം ഉയർത്തുന്നു. ഇന്നത്തെ സർക്കാർ ഇപ്പോഴും കൂമിന്താങ്ങിൻെറ ഏകകക്ഷി സ്വേഛാധിപത്യമാണ്, അല്ലാതെ ദേശീയ ജനാധിപത്യ ഐക്യമുന്നണിയുടെ ഒരു സർക്കാരല്ല. ഒരു ദേശീയ ജനാധിപത്യ ഐക്യമുന്നണി സർക്കാരില്ലാതെ മൂന്നു ജനകീയ തത്വങ്ങളും പത്തിനപരിപാടിയും നടപ്പിലാക്കാൻ കഴിയുകയില്ല. ഇന്നുള്ള കൂമിന്താങ്ങ് സൈനികപദ്ധതി ഇപ്പോഴും പഴയതുതന്നെയാണ്. ഈ പദ്ധതിയനുസരിച്ച് സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സൈന്യത്തിനു് ജാപ്പ് സാമ്രാജ്യത്വത്തെ തോല്പിക്കാനാവില്ല. സൈനികർ ഇപ്പോൾ ചെറുത്തുനില്പിലേർപ്പെട്ടിരിക്കുകയാണ്. അവരെല്ലാം—പ്രത്യേകിച്ചും മുന്നണിയിൽനിന്നു പൊരുതുന്നവരെ—ഞങ്ങൾ ബഹുമാനിക്കുകയും ചെയ്യുന്നു. കഴിഞ്ഞ മൂന്നുമാസത്തെ യുദ്ധാനുഭവങ്ങൾ പഠിപ്പിക്കുന്നതു് കൂമിന്താങ്ങ് സൈനിക പദ്ധതി ജാപ്പ് ആക്രമണകാരികളെ തീർത്തും പരാജയപ്പെടുത്തുന്നതിനും മൂന്നു ജനകീയതത്വങ്ങൾ വിജയകരമായി നടപ്പിൽ വരുത്തുന്നതിനും, വിപ്ലവപരിപാടികൾക്കു യോജിച്ചതല്ലാത്തതുമൂലം തീർച്ചയായും അതു് മാററപ്പെടേണ്ടതാണെന്നുമാണ്. ആദ്യമായി, ഓഫീസർമാരും ഭടന്മാരും തമ്മിലുള്ള ഐക്യത്തിലും സൈന്യ

വും ബഹുജനങ്ങളും തമ്മിലുള്ള ഐക്യത്തിലും അധിഷ്ഠിതമായിരിക്കുക തന്നെ വേണം.

ഇപ്പോഴുള്ള ക്വമിന്താങ്ങ് സൈനികപദ്ധതി അടിസ്ഥാനപരമായി ഈ രണ്ടു തത്വങ്ങൾക്കും എതിരാണ്. അതു് ഓഫീസർമാരും സൈനികരുമടങ്ങിയ സമൂഹത്തെ ആത്മാർത്ഥതയും ധൈര്യവുമുള്ളവരായിരുന്നിട്ടുകൂടിയും കഴിവുകൾ മുഴുവൻ പ്രകടിപ്പിക്കുന്നതിൽനിന്നു തടഞ്ഞുനിർത്തുന്നു. അതുകൊണ്ടു് അതു പരിഷ്കരിക്കുന്നതിൽ ഉടനടി നടപടികളെടുക്കുക തന്നെ വേണം. അതിന്റെ അർത്ഥം പരിഷ്ക്കരണ നടപടികളെടുക്കുന്നതുവരെ യുദ്ധം നിറുത്തിവയ്ക്കണമെന്നല്ല; യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ അതിനെ പരിഷ്കരിക്കാൻ കഴിയും. ഇവിടെ കേന്ദ്രകർത്തവ്യം സൈന്യത്തിന്റെ രാഷ്ട്രീയാന്തഃസത്തയും രാഷ്ട്രീയ പ്രവർത്തനവും മാറ്റത്തിനു വിധേയമാക്കുകയെന്നതാണ്. ദേശീയ വിപ്ലവ യുദ്ധസൈന്യം വടക്കൻ പടനീക്ക കാലത്തു് പ്രശംസനീയമായ ഒരു ദൃഷ്ടാന്തം നൽകുന്നു. കാരണം പൊതുവിൽ അതു് ഓഫീസർമാരും സൈനിക അണികളും തമ്മിലും, സൈനികരും ജനങ്ങളും തമ്മിലും ഐക്യമുണ്ടാക്കി. അക്കാലത്തെ ആവേശം പുനരുദ്ധരിക്കേണ്ടതു് തികച്ചും ആവശ്യമായിരിക്കുന്നു. സ്പെയിനിൽ യുദ്ധകാലത്തു് തികച്ചും പ്രതികൂല സാഹചര്യത്തിൽ അവിടത്തെ റിപ്പബ്ലിക്കൻ സേന എങ്ങിനെ കെട്ടിപ്പടുക്കപ്പെട്ടു എന്നതിൽനിന്നു് ചൈന പാഠം പഠിക്കേണ്ടിയിരിക്കുന്നു. ചൈന സ്പെയിനിനെക്കാളും ഭേദപ്പെട്ട നിലയിലാണ്. എന്നാൽ ചൈനക്കു് വിശാലമായ അടിസ്ഥാനമുള്ളതും സുസംഘടിതവുമായ ഒരൈക്യമുന്നണിയുടേയും വിപ്ലവപരിപാടികൾ മുഴുവനായും നടപ്പാക്കാൻ കഴിവുള്ള ഒരു ഐക്യമുന്നണി സർക്കാരിന്റേയും ഒരു പുതിയ പദ്ധതിയനുസരിച്ചു് സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സായുധസേനയുടേയും അഭാവമുണ്ടു്. ചൈന ഈ കുറവ് പരിഹരിച്ചേ മതിയാകൂ. യുദ്ധം മൊത്തത്തിലെടുത്താൽ, ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള ചുവപ്പുസേനയ്ക്കു് ഒരു മുന്നണിപ്പടയുടെ പങ്കുവഹിക്കാൻ മാത്രമേ ഇന്നു കഴിയൂ. ദേശീയ നിലവാരത്തിൽ നിർണായകമായ ഒരു പങ്കുവഹിക്കാൻ ഇപ്പോൾ കഴിയുകയില്ല. എങ്കിലും അതിന്റെ രാഷ്ട്രീയ, സൈനിക, സംഘടനാമേന്മകൾ രാജ്യമാസകലം സുഹൃദ്സൈന്യങ്ങൾക്കു് നന്നായി ആർജിക്കത്തക്കതാണ്. അതിന്റെ ഉത്ഭവകാലത്തു് ചുവപ്പുസേന ഇന്നത്തെ സ്ഥിതിയിലായിരുന്നില്ല. അതും പലപല പരിഷ്ക്കരണങ്ങൾക്കു് വിധേയമായിട്ടുണ്ടു്—പ്രധാനമായും അതിനകത്തുണ്ടായിരുന്ന ഫ്യൂഡൽ പ്രവണതകൾ തുടച്ചുമാറ്റുക, ഓഫീസർമാരും അണികളും തമ്മിലുള്ള ഐക്യം എന്ന തത്വം നടപ്പിലാക്കുക, സൈന്യവും ജനങ്ങളും തമ്മിൽ ഐക്യമുണ്ടാക്കുക എന്നിവ. രാജ്യമാസകലമുള്ള സുഹൃദ് സൈനിക വിഭാഗങ്ങൾക്കു് ഈ അനുഭവങ്ങൾ കണ്ടുപിടിക്കാവുന്നതാണ്.

## കുറിപ്പുകൾ

1 'ജപ്പാനെതിരായ പ്രതിരോധത്തിന്റെ കാലഘട്ടത്തിൽ കമ്യൂണിസ്റ്റുപാർട്ടിയുടെ ചുമതലകൾ' കുറിപ്പ് 2.
മാവോ സേതുങ്ങ് കൃതികൾ, മലയാളം പതിപ്പ്, ജ. പ്ര. കേ. കോട്ടയം, 1983—F. L. P. ഭാഗം 1, പേജ് 318നോക്കുക,

2 പ്രമേയത്തെക്കുറിച്ചു് കുറിപ്പ്—3. പേജ് 320—22 നോക്കുക,

Scanned by CamScanner

3 തുറന്ന കമ്പിസന്ദേശത്തിന്, കുറിപ്പ് 4. പേജുകൾ 322–24 നോക്കുക.

4 കത്തിന്റെ ഉള്ളടക്കത്തിനുവേണ്ടി: 'ചിയാങ്ങ് കൈഷെക്കിന്റെ പ്രസ്താവനയെപ്പററി ഒരു പ്രസ്താവന' കുറിപ്പ്–7 പേജുകൾ 300–304 നോക്കുക.

5 പ്രമേയത്തെക്കുറിച്ച് 'ജപ്പാനെതിരായ പ്രതിരോധത്തിന്റെ കാലഘട്ടത്തിൽ കമ്യൂണിസ്റ്റുപാർട്ടിയുടെ ചുമതലകൾ' കുറിപ്പ് 6 പേജുകൾ 324–326 നോക്കുക.

6 കമ്പിസന്ദേശത്തെപ്പററി കുറിപ്പ് 7, പേജുകൾ 326–27 നോക്കുക.

7 ചൈനയും സോവിയററു യൂണിയനും തമ്മിലുള്ള അനാക്രമണ ഉടമ്പടി 1937 ആഗസ്റ്റ് 21 ന് ഉണ്ടായി.

8 പത്തിനപരിപാടികളെപ്പററി ഈ പുസ്തകത്തിലെ 'രാഷ്ട്രത്തിന്റെഎല്ലാ ശക്തികളെയും ചെറുത്തുനില്പുയുദ്ധത്തിന്റെ വിജയത്തിനായി അണിനിരത്തുക.' ലേഖനത്തിന്റെ സി. ഉപവിഭാഗം നോക്കുക.

9 നാഷണൽ സോഷ്യലിസ്റ്റുപാർട്ടി (പിന്തിരിപ്പൻ ഭ്രവുടമകളും ഉദ്യോഗസ്ഥന്മാരും വൻകിട ബൂർഷ്വാസിയും കൂടി പടച്ചുണ്ടാക്കിയ ഒരു ചെറിയ സങ്കുചിത കൂട്ടുകെട്ട്) യുടെ ഒരു നേതാവായിരുന്നു ചൃയിങ്ങ്–ലായി. അയാൾ പിൽക്കാലത്ത് വഞ്ചകനായ വാങ്ങ്ചിങ്ങ്–വെയ് ഭരണകൂടത്തിൽ അംഗമായി.

Scanned by CamScanner

# ബ്രിട്ടീഷ് പത്രപ്രവർത്തകനായ ജെയിംസ് ബർട്രാമുമായി നടത്തിയ അഭിമുഖം

*1937 ഒക്ടോബർ 25*

## ചൈനീസ് കമ്യൂണിസ്ററ് പാർട്ടിയും ചെറുത്തുനിൽപുയുദ്ധവും

**ജെയിംസ് ബർട്രാം:** ചൈനാ—ജാപ്പ് യുദ്ധം പൊട്ടി പുറപ്പെടുന്നതിനു മുമ്പും പിന്നീടും ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി ഏതേത് പ്രത്യേകമായ പ്രഖ്യാപനങ്ങളാണ് നടത്തിയിട്ടുള്ളത്?

**മാവോ സെതുങ്ങ്:** യുദ്ധം പൊട്ടി പുറപ്പെടുന്നതിനുമുൻപ്, ജപ്പാനുമായുള്ള യുദ്ധം അനിവാര്യമാണെന്നും, ജാപ്പ് സാമ്രാജ്യവാദികളുടെ ''സമാധാനപൂർണ്ണമായ ഒത്തുതീർപ്പ്'' എന്നതും അവരുടെ നയതന്ത്ര പ്രതിനിധികളുടെയും മററും മനോഹരങ്ങളായ വാചകക്കസർത്തുകളും യുദ്ധത്തിനുവേണ്ടിയുള്ള അവരുടെ തയ്യാറെടുപ്പുകളെ മൂടിവയ്ക്കാൻ മാത്രമുള്ള യവനികകളാണെന്നും ദേശത്തിനാകെ ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി പല തവണ മുന്നറിയിപ്പ് നൽകിയിരുന്നു. ഐക്യമുന്നണിയെ ശക്തിപ്പെടുത്താതെയും, ഒരു വിപ്ലവാത്മകനയം കൈക്കൊള്ളാതെയും വിജയകരമായി ഒരു ദേശീയ വിമോചനയുദ്ധം നടത്താനാവില്ലെന്ന് നിരന്തരം ഞങ്ങൾ ഊന്നിപ്പറഞ്ഞിരുന്നു. ജാപ്പ് വിരുദ്ധമുന്നണിയിൽ ചേരുന്നതിനായി മുഴുവൻ ജനങ്ങളേയും അണിനിരത്തുന്നതിന് ഉപയുക്തമായ ജനാധിപത്യ പരിഷ്കരണ നടപടികൾ ചൈനീസ് സർക്കാർ കൈക്കൊള്ളുക എന്നതാണ് ഈ വിപ്ലവകരമായ നയങ്ങളിൽ ഏററവും പ്രധാനകാര്യം. ജപ്പാന്റെ ''സമാധാന വാഗ്ദാന''ത്തിൽ വിശ്വസിക്കുകയും യുദ്ധം ഒഴിവാക്കാനാവുമെന്ന് കരുതുകയും ചെയ്യുവരുടെയും അല്ലെങ്കിൽ ബഹുജനങ്ങളെ അണിനിരത്താതെ ജാപ്പ് ആക്രമണകാരികളെ ചെറുക്കുവാൻ സാദ്ധ്യമാണെന്നു കരുതിയവരുടേയും തെററുകൾ പലപ്രാവശ്യം ഞങ്ങൾ ചൂണ്ടിക്കാട്ടി. യുദ്ധം പൊട്ടിപുറപ്പെട്ടതും അതിന്റെ ഗതിയും ഞങ്ങളുടെ വീക്ഷണങ്ങൾ ശരിയായിരുന്നുവെന്ന് തെളിയിച്ചു. ലൂക്കൗച്യാവോ സംഭവത്തിന്റെ അടുത്ത ദിവസം, കമ്യൂണിസ്റ്റുപാർട്ടി രാജ്യമാസകലമുള്ള മിക്ക രാഷ്ട്രീയ കക്ഷികളേയും വിഭാഗങ്ങളേയും എല്ലാ സാമൂഹ്യ തലങ്ങളിലുമുള്ളയാളുകളേയും ജാപ്പ് ആക്രമണത്തെ ചെറുക്കുകയും ദേശീയ ഐക്യമുന്നണിയെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതു് പൊതുലക്ഷ്യമായിരിക്കണമെന്നാഹ്വാനം ചെയ്തുകൊണ്ട് ഒരു പ്രകടനപത്രിക പ്രസിദ്ധീകരിക്കുകയുണ്ടായി. തുടർന്നുതന്നെ ജപ്പാനെ ചെറുക്കുന്നതിനും രാഷ്ട്രത്തെ രക്ഷിക്കുന്നതിനും വേണ്ടി ഞങ്ങൾ പത്തിനപരിപാടി പ്രഖ്യാപിച്ചു. അതിൽ ചെറുത്തുനില്പുയുദ്ധത്തിൽ ചൈനീസ് സർക്കാർ തീർച്ചയായും

Scanned by CamScanner

കൈക്കൊള്ളേണ്ട നയങ്ങൾ എണ്ണിപ്പറഞ്ഞിരുന്നു. ക്വമിന്താങ്ങ്—കമ്യൂണിസ്റ്റുസഹകരണം ഉണ്ടായതോടുകൂടി ഞങ്ങൾ മറ്റൊരു പ്രധാനപ്പെട്ട പ്രഖ്യാപനംകൂടി നടത്തി. ഐക്യമുന്നണിയെ ശക്തിപ്പെടുത്തിക്കൊണ്ട് ചെറുത്തുനില്പുയുദ്ധം നടത്തുകയെന്ന തത്വവും വിപ്ലവകരമായ ഒരു നയം നടപ്പാക്കുക എന്നതും ഞങ്ങൾ എത്രമാത്രം മുറുകെ പിടിക്കുന്നു എന്നത് ഇതെല്ലാം വ്യക്തമാക്കുന്നുണ്ട്. ഇന്ന് ഞങ്ങളുടെ അടിസ്ഥാന മുദ്രാവാക്യം ''മുഴുവൻ ദേശവും നടത്തുന്ന ആത്യന്തിക ചെറുത്തുനില്പ്'' എന്നതാണ്.

# യുദ്ധപരിതസ്ഥിതിയും അതിന്റെ പാഠങ്ങളും

ചോദ്യം: നിങ്ങളുടെയഭിപ്രായത്തിൽ ഇന്നുവരെയുള്ള യുദ്ധത്തിന്റെ ഫലങ്ങൾ എന്തൊക്കെയാണ്?

ഉത്തരം: അതിന് രണ്ടു മുഖ്യവശങ്ങളുണ്ട്. ഒന്നാമതായി ഞങ്ങളുടെ നഗരങ്ങൾ പിടിച്ചെടുത്തും, ഭൂപ്രദേശങ്ങൾ കൈയടക്കിയും, കൊള്ളയടിച്ചും കശാപ്പുചെയ്തും ജാപ്പ് സാമ്രാജ്യവാദികൾ ചൈനക്കാർക്ക് സംശയരഹിതമായും ദേശീയാടിമത്വമെന്ന വിപത്തിനെ മുഖാമുഖം കാണിച്ചുതന്നു. മറ്റൊന്ന് അതിന്റെ ഫലമായി, കൂടുതൽ ഐകമത്യം ഇല്ലാതെയും ദേശമൊന്നാകെ നടത്തുന്ന ചെറുത്തുനില്പില്ലാതെയും ഈ പ്രതിസന്ധി തരണംചെയ്യാൻ കഴിയുകയില്ല എന്ന കാര്യത്തിൽ ചൈനക്കാർ ഭൂരിപക്ഷവും ബോധവാന്മാരായി. അതേസമയം സമാധാനകാംക്ഷികളായ ലോകത്തിലെ മററു രാജ്യങ്ങൾ ജാപ്പ്ഭീഷണിയെ ചെറുത്തുനില്ക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ബോധവാന്മാരായിരിക്കുകയും ചെയ്യുന്നു. ഇതെല്ലാമാണ് യുദ്ധത്തിന്റെ ഇതുവരെയുള്ള ഫലങ്ങൾ.

ചോദ്യം: ജപ്പാന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നാണ് നിങ്ങൾ കരുതുന്നത്? അവർ അത് എത്രമാത്രം നേടി?

ഉത്തരം: ആദ്യനടപടിയായി വൈനയും ഷാങ്ങ്ഹായും പിടിച്ചെടുക്കുകയും പിന്നീട് ചൈനയുടെ മററു ഭാഗങ്ങൾ അധീനപ്പെടുത്തുകയും ചെയ്യുകയെന്നുള്ളതായിരുന്നു ജപ്പാന്റെ പദ്ധതി. അതിൽ അവർ എത്രത്തോളം വിജയിച്ചു എന്നതാണെങ്കിൽ, ഹോപേയ്, ചഹാർ, സിചുവാൻ എന്നീ മൂന്നു പ്രവിശ്യകൾ വളരെ കുറഞ്ഞസമയംകൊണ്ടു തന്നെ അവർ പിടിച്ചടക്കി. കാരണം, ഇന്നുവരെ ചൈനയുടെ ചെറുത്തുനില്പ് സർക്കാരിന്റേതും സൈന്യത്തിന്റേതും മാത്രമായിരുന്നു. ഈ പ്രതിസന്ധി തരണംചെയ്യണമെങ്കിൽ ചെറുത്തുനില്പ് സർക്കാരും ജനങ്ങളും സംയുക്തമായി നടത്തണം.

ചോദ്യം: നിങ്ങളുടെ അഭിപ്രായത്തിൽ ചെറുത്തുനില്പുയുദ്ധത്തിൽ ചൈന ഇതുവരെയായി എന്തെങ്കിലും നേട്ടം ഉണ്ടാക്കിയിട്ടുണ്ടോ? എന്തെങ്കിലും പാഠം പഠിക്കേണ്ടതായിട്ടുണ്ടെങ്കിൽ അവ ഏതെല്ലാമാണ്?

ഉത്തരം: ഈ ചോദ്യത്തെ സംബന്ധിച്ചിടത്തോളം ഞാൻ നിലപാട് കുറച്ചു വിശദമായി ചർച്ചചെയ്യാനാഗ്രഹിക്കുന്നു. ഒന്നാമതായി, നേട്ടങ്ങളുണ്ട്; അതും വമ്പിച്ച നേട്ടങ്ങൾ. അവ താഴെപ്പറയുന്ന

Scanned by CamScanner

രീതിയാൽ കാണുന്നു. (1) ചൈനയ്ക്കെതിരെ സാമ്രാജ്യത്വ ആക്രമണം ഉണ്ടായതിനുശേഷം ഇന്നുവരെ ജപ്പാനെതിരായിട്ടുള്ള ചെറുത്തുനില്പുസമരത്തിനു തുല്യമായി മററൊരു സംഭവം ഉണ്ടായിട്ടില്ല. ഭൂമിശാസ്ത്രപരമായി, മൊത്തം രാജ്യങ്ങളും യുദ്ധത്തിൽ പങ്കെടുക്കുന്നുവെന്നുള്ളതൊരു സത്യമാണ്. ഇതു് സ്വഭാവംകൊണ്ടു് വിപ്ലവകരമാണ്. (2) യുദ്ധം ഐക്യപ്പെടാത്ത ഒരു രാജ്യത്തെ ഏകത്വമുള്ളതാക്കി മാററി. ഈ ഐക്യത്തിന്റെ അടിസ്ഥാനം കുമിന്താങ്ങ്—കമ്യൂണിസ്റ്റ് സഹകരണമാണ്. (3) ഈ യുദ്ധത്തിനു് ലോകജനാഭിപ്രായത്തിന്റെ സഹാനുഭൂതികൂടിയുണ്ടു്. ഒരുകാലത്തു് ചെറുത്തുനില്പാത്തതിന്റെ പേരിൽ ചൈനയെ വെറുത്തിരുന്നവർ ഇന്നു് അതിന്റെ ചെറുത്തുനില്പിനെ ബഹുമാനിക്കുന്നു. (4) ഈ യുദ്ധം ജാപ്പ് ആക്രമണകാരികൾക്കു് വമ്പിച്ച നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. ദിനംപ്രതി ഇരുപതു ദശലക്ഷം യെൻ അവരുടെ ഖജനാവിൽനിന്നും ചോർന്നുകൊണ്ടിരിക്കുന്നു എന്നു പറയപ്പെടുന്നു. ശരിയായ കണക്കുകൾ ലഭ്യമല്ലെങ്കിലും അവരുടെ ആൾനഷ്ടവും വളരെ വലുതാണ്. ജാപ്പ് ആക്രമണകാരികൾ നാലു വടക്കൻ പ്രവിശ്യകൾ വളരെയെളുപ്പത്തിൽ വലിയ ശ്രമം കൂടാതെതന്നെ കീഴടക്കിയെങ്കിലും ഇപ്പോൾ അവർക്കു് രക്തരൂക്ഷിതമായ യുദ്ധം നടത്താതെ ചൈനയുടെ അതിർത്തികളൊന്നും കയ്യടക്കാൻ സാധിക്കുകയില്ല. ആക്രമണകാരികൾ ചൈനയെ ആത്തിയോടുകൂടി വാരിവിഴുങ്ങാൻ കഴിയുമെന്നാണു വിചാരിച്ചതു്. പക്ഷെ ചൈനയുടെ സുദീർഘമായ ചെറുത്തുനില്പ് ജാപ്പ് സാമ്രാജ്യത്വം പൊളിഞ്ഞുവീഴാനിടയാക്കുകതന്നെ ചെയ്യും. അങ്ങിനെ ചൈന സ്വയരക്ഷയ്ക്കുവേണ്ടിമാത്രം പോരാടുകയല്ല, മറിച്ചു് ലോക ഫാസിസ്റ്റ്‌വിരുദ്ധമുന്നണിയോടുള്ള തന്റെ ഉത്തരവാദിത്വം നിറവേററുകയുമാണ്. ഇവിടെയും ചെറുത്തുനില്പുയുദ്ധത്തിന്റെ വിപ്ലവസ്വഭാവം തെളിഞ്ഞുകാണാം. (5) ഈ യുദ്ധത്തിൽനിന്നും ഞങ്ങൾ ചില പാഠങ്ങൾ പഠിച്ചുകഴിഞ്ഞു. അതിന്റെ വില ഭൂപ്രദേശങ്ങളും രക്തവുമായിരുന്നു.

പാഠങ്ങളെ സംബന്ധിച്ചാണെങ്കിൽ, അവയും മഹത്തരമായവതന്നെ. പല മാസങ്ങൾ നീണ്ടുനില്ക്കുന്ന യുദ്ധം ചൈനയുടെ പല ബലഹീനതകളും വെളിച്ചത്തു കൊണ്ടുവന്നു. അവ സർവ്വോപരി രാഷ്ട്രീയരംഗത്തു് പ്രകടമാണ്. ഭൂമിശാസ്ത്രപരമായി രാജ്യം മുഴുവനും യുദ്ധത്തിൽപെട്ടിട്ടുണ്ടെങ്കിൽ കൂടി, ഈ യുദ്ധം മുഴുവൻ ദേശവും പങ്കെടുത്തു നടത്തുകയല്ല. വിശാലമായ ജനവിഭാഗങ്ങളെ അതിൽ ഭാഗഭാക്കുകളാകുന്നതിൽനിന്നും സർക്കാർ പഴയതുപോലെതന്നെ തടഞ്ഞുനിർത്തുന്നു; അങ്ങിനെ ഈ യുദ്ധത്തിൽപോലും ജനകീയസ്വഭാവം ഇല്ല. അതു് ജനകീയമായിത്തീരാത്തപക്ഷം ജാപ്പ് സാമ്രാജ്യത്വത്തിനെതിരെയുള്ള ഈ യുദ്ധം വിജയിക്കാനിടയില്ല. ചിലർ പറയുന്നു: ''ഈ യുദ്ധം എല്ലാത്തിനേയും ഉൾക്കൊള്ളുന്നതാണ്'' എന്നു്. രാജ്യത്തിന്റെ വളരെയധികം ഭാഗം ഈ യുദ്ധത്തിൽ ഉൾപ്പെടുന്നു എന്ന അർത്ഥത്തിൽ മാത്രം ഇതു ശരിയാണ്. പങ്കാളിത്തത്തെ സംബന്ധിച്ചിടത്തോളം ഇതു് ഇപ്പോഴും ഭാഗികമായൊരു യുദ്ധമാണ്. കാരണം, ഈ യുദ്ധം നടത്തുന്നതു് സർക്കാരും യുദ്ധസേനയുംമാത്രമാണ്; അല്ലാതെ ജനങ്ങളല്ല. പ്രധാനമായും ഇവിടെയാണ് ഭൂവിഭാഗം നഷ്ടപ്പെട്ടതിനും സൈനികതിരിച്ചടിയുണ്ടായതിനുമുള്ള കാരണം കാണാവുന്നതു്. അതുകൊണ്ടു് ഇന്നത്തെ ഈ ചെറുത്തുനില്പുയുദ്ധം വിപ്ലവകരമായ ഒന്നാണെങ്കിൽ കൂടിയും അതിന്റെ വിപ്ലവസ്വഭാവം അപൂർണ്ണമാണ്. കാരണം അതു് ഇതുവരെയും ഒരു ബഹുജന

Scanned by CamScanner

യുദ്ധമായിട്ടില്ല. എല്ലാ രാഷ്ട്രീയകക്ഷികളും വിഭാഗങ്ങളും താരതമ്യേന മുമ്പെന്നത്തേക്കാളും ഏകോപിച്ചിട്ടുണ്ടെങ്കിലും ആവശ്യമുള്ളതിലും വളരെ താഴെയാണ് ആ ഐക്യത്തിന്റെ നില. ഏററിയ പങ്ക് രാഷ്ട്രീയ തടവുകാരെയും ഇപ്പോഴും വിമോചിപ്പിക്കുകയോ, രാഷ്ട്രീയപാർട്ടികളുടെ മേലുള്ള നിരോധനം പൂർണ്ണമായി നീക്കുകയോ ചെയ്തിട്ടില്ല. സർക്കാരും ജനങ്ങളും തമ്മിലും, സായുധസേനയും ജനങ്ങളും തമ്മിലും, ഓഫീസർമാരും അണികളും തമ്മിലും ഉള്ള ബന്ധം ഇപ്പോഴും വളരെ മോശമാണ്. ഇവിടെ ഐക്യത്തിനു പകരം അകൽച്ചയാണ് ഒരാൾക്ക് കാണാൻ കഴിയുക. ഇതു് ഒരു മൌലികമായ പ്രശ്നമാണ്. ഇതു പരിഹരിച്ചില്ലെങ്കിൽ വിജയത്തെപ്പററി ചിന്തിക്കുകയേ വേണ്ട. കൂടാതെ യുദ്ധതന്ത്രപരമായ ബന്ധങ്ങൾക്കൂടിയും ആളുകളുടെ ഭൂപ്രദേശം നഷ്ടപ്പെടുന്നതിനുള്ള പ്രധാനമായൊരു കാരണമാണ്. ഇതുവരെ നടത്തിയ യുദ്ധങ്ങളെല്ലാം നിഷ്ക്രിയമായിരുന്നു, സൈനികഭാഷയിൽ പറഞ്ഞാൽ അതു് ''വെറും ആത്മരക്ഷാർത്ഥമായവ'' ആയിരുന്നു. ഇങ്ങനെ യുദ്ധം ചെയ്താൽ നമുക്കൊരിക്കലും വിജയിക്കാനാവില്ല. വിജയം നേടണമെങ്കിൽ രാഷ്ട്രീയരംഗത്തും സൈനികരംഗത്തും ഇന്നനുവർത്തിക്കുന്ന നയങ്ങളിൽനിന്നും സമൂലം വ്യത്യസ്തമായ നയങ്ങൾ ആവശ്യമാണ്. ഇവയാണ് ഞങ്ങൾ പഠിച്ച പാഠങ്ങൾ.

ചോദ്യം: അപ്പോൾ പിന്നെ രാഷ്ട്രീയമായും സൈനികമായും വേണ്ടതായ മുൻ വ്യവസ്ഥകൾ എന്തെല്ലാമാണ്?

ഉത്തരം: രാഷ്ട്രീയ രംഗത്ത്, ഒന്നാമതായി, ഇന്നത്തെ സർക്കാരിനെ എല്ലാ വിഭാഗം ജനങ്ങളും ഭാഗഭാക്കാകുകളാകുന്ന ഒരു ഐക്യമുന്നണി സർക്കാർ ആക്കി പരിവർത്തനപ്പെടുത്തണം. ആ സർക്കാർ ജനകീയവും അതേ സമയം കേന്ദ്രീകൃതവുമായിരിക്കണം. അതു് ആവശ്യമായ വിപ്ലവാത്മക നയം നടപ്പാക്കുന്നതുമാകണം. രണ്ടാമതായി, യുദ്ധത്തിന് ജനകീയ സ്വഭാവം നൽകത്തക്കവണ്ണം ജനങ്ങൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും, സംഘടിക്കാനും സംഘംചേരാനും ഉള്ള അവകാശവും ശത്രുവിനെതിരായി ആയുധമെടുക്കാനുള്ള അവകാശവും നൽകണം. മൂന്നാമതായി, അമിതമായ കരങ്ങളും വിവിധതരം ലെവികളും റദ്ദാക്കുക, പാട്ടവും പലിശയും കുറക്കുക, തൊഴിലാളികളുടെയും താഴെക്കിടയിലുള്ള ഓഫീസർമാരുടെയും സൈനികരുടേയും സ്ഥിതി മെച്ചപ്പെടുത്തുക, ജപ്പാനെതിരായി പടപൊരുതുന്ന പടയാളികളുടെ കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക, പ്രകൃതിക്ഷോഭത്തിന് വിധേയരായവർക്കും യുദ്ധക്കെടുതി മൂലം അഭയാർത്ഥികളായവർക്കും ദുരിതാശ്വാസം നൽകുക തുടങ്ങിയ നടപടികൾ നടപ്പാക്കുന്നതിലൂടെ ജനജീവിതം മെച്ചപ്പെടുത്തുക തന്നെ വേണം. സർക്കാരിന്റെ ധന സംഭരണം സാമ്പത്തിക ബാധ്യതകൾ തുല്യമായി പങ്കിട്ടുവഹിക്കുക എന്ന തത്വത്തിൽ അധിഷ്ഠിതമായിരിക്കണം. അതായതു് ധനം ഉള്ളവർ ധനം സംഭാവന ചെയ്യണം. നാലാമതായി ക്രിയാത്മകമായ ഒരു വിദേശ നയം ഉണ്ടാകണം. അഞ്ചാമതായി, സംസ്കാരിക വിദ്യാഭ്യാസ നയം മാററപ്പെടണം. ആറാമതായി, രാജ്യദ്രോഹികളെ നിർദ്ദാക്ഷിണ്യം അടിച്ചമർത്തണം. പ്രശ്നം വളരെ ഗുരുതരമായി തീർന്നുകഴിഞ്ഞു. രാജ്യദ്രോഹികൾ നിർഭയം ചുററിയടിക്കുന്നു. മുന്നണിയിൽ അവർ ശത്രുവിനെ സഹായിക്കുന്നു, പിന്നണിയിൽ അവർ ശല്യങ്ങളുണ്ടാക്കുന്നു. അവരിൽ ചിലർ ജാപ്പ് വിരുദ്ധരായി അഭിനയിച്ചുകൊണ്ട് ദേശാഭിമാനികളെ രാജ്യദ്രോഹ മുദ്രകുത്തി തടവിലാക്കുകപോലും ചെയ്യുന്നു. ജനങ്ങൾക്ക് സ്വതന്ത്രമായി സർക്കാരുമായി സഹകരി

Scanned by CamScanner

ക്കാൻ കഴിഞ്ഞാൽ മാത്രമേ രാജ്യദ്രോഹികളെ ഫലപ്രദമായി അടിച്ചമർത്താൻ സാധിക്കുകയുള്ളു. സൈനികരംഗത്താകട്ടെ സമഗ്ര പരിഷ്കരണങ്ങൾ ആവശ്യമായിരിക്കുന്നു. അതിൽ ഏററവും മുഖ്യമായതു് വെറും ആത്മരക്ഷയുടേതായ തന്ത്രങ്ങളിൽനിന്നും അടവുകളിൽനിന്നും സക്രിയമായ കടന്നാക്രമണത്തിന്റെ നയത്തിലേക്കു മാറുക, പഴയ രീതിയിലുള്ള സൈന്യത്തിൽനിന്നും ഒരു പുതിയ മാതൃകയിലുള്ള സൈന്യത്തിലേക്കു മാറുക, നിർബന്ധിതമായി സൈന്യത്തിൽ ചേർക്കുന്നതിൽനിന്നു് മുന്നണിയിലേക്കു കുതിക്കാൻ ജനങ്ങളെ ആവേശഭരിതരാക്കുക, വിഭജിത സേനാനായകത്വത്തിനു പകരം ഒരു ഏകീകൃത നായകത്വം ഉണ്ടാക്കുക, ജനങ്ങളെ അകററി സൈന്യത്തിൽനിന്നും അന്യമാക്കുന്ന അച്ചടക്കരാഹിത്യത്തിനു് പകരം ജനങ്ങളുടെ താല്പര്യം അല്പംപോലും ഹനിക്കാത്തതായ അച്ചടക്കബോധം ഉണ്ടാക്കുക, ഇന്നുള്ള സൈന്യം ഒററയ്ക്കുനിന്നു പോരാടുക എന്നതിൽനിന്നും സൈന്യം നടത്തുന്ന യുദ്ധത്തിനോടൊപ്പം ജനങ്ങളുടെ ഒളിപ്പോരു യുദ്ധമുറകൾകൂടി വികസിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ രീതി നടപ്പാക്കുക മുതലായവയാണു്. ഈപ്പറഞ്ഞ രാഷ്ട്രീയവും സൈനികവുമായ മുൻവ്യവസ്ഥകളെല്ലാംതന്നെ ഞങ്ങളുടെ പ്രസിദ്ധീകരിക്കപ്പെട്ട പത്തിനപരിപാടിയിൽ അക്കമിട്ടു പറഞ്ഞിരിക്കുന്നു. ഇവയെല്ലാംതന്നെ ഡോ: സൺയാററ്സണിന്റെ മൂന്നു ജനകീയതത്വങ്ങൾക്കും അദ്ദേഹത്തിന്റെ മൂന്നു മഹത്തായ നയങ്ങൾക്കും മരണപത്രത്തിനും അനുസൃതമായിട്ടുള്ളവയാണു്. ഈ കാര്യങ്ങൾ നടപ്പിലാക്കിയാലേ യുദ്ധം ജയിക്കാൻ കഴിയുകയുള്ളു.

ചോദ്യം: ഈ പരിപാടികൾ നടപ്പാക്കുന്നതിനായി കമ്യൂണിസ്റ്റ്പാർട്ടി എന്താണു ചെയ്തുകൊണ്ടിരുന്നതു്?

ഉത്തരം: ഇന്നത്തെ സ്ഥിതിയെപ്പററി അവിശ്രമം വിശദീകരിക്കുകയും കുമിന്താങ്ങ് കക്ഷിയേയും മററെല്ലാ ദേശാഭിമാനികളായ കക്ഷികളേയും ഗ്രൂപ്പുകളേയും ചേർത്തു് ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണി വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഏകോപിപ്പിക്കുകയും എല്ലാ സേനകളേയും ചെറുത്തുനില്പുയുദ്ധം വിജയിപ്പിക്കുന്നതിനായി അണിനിരത്തുകയും ചെയ്യുക എന്നതു് ഞങ്ങളുടെ കർത്തവ്യമായി ഏറെറടുക്കുന്നു. ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയുടെ വൈപുല്യം ഇപ്പോഴും വളരെ പരിമിതമാണു്. അതു് വികസിപ്പിക്കേണ്ടതു് ആവശ്യമാണു്. അതായതു് അടിത്തട്ടിലുള്ള ജനങ്ങളെ ഐക്യമുന്നണിയിൽ ചേരാനായി അണിനിരത്തിക്കൊണ്ടു് ഡോ:സൺയാററ്സണിന്റെ മരണപത്രത്തിൽ പറഞ്ഞപോലെ ''ബഹുജനവിഭാഗങ്ങളെ തട്ടിയുണർത്തുക'' ആവശ്യമാണു്. ഐക്യമുന്നണിയെ സുദൃഢീകരിക്കുകയെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എല്ലാ കക്ഷികൾക്കും ഗ്രൂപ്പുകൾക്കും തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ നടപ്പാക്കാൻ ബാദ്ധ്യസ്ഥമായ ഒരു പൊതു പരിപാടിയുടെ നിർവ്വഹണം എന്നതാണു്. ഡോ: സണിന്റെ വിപ്ലവാത്മകമായ മൂന്നു ജനകീയതത്വങ്ങളും, മൂന്നു മഹത്തായ നയങ്ങളും, മരണപത്രവും എല്ലാ രാഷ്ട്രീയകക്ഷികളുടേയും എല്ലാ സാമൂഹ്യവർഗ്ഗങ്ങളുടേയും ഐക്യമുന്നണിയുടെ പൊതുപരിപാടിയായി അംഗീകരിക്കുന്നതു് ഞങ്ങൾക്കു സമ്മതമാണു്. പക്ഷെ ഇതുവരേക്കും എല്ലാ കക്ഷികളും ഈ പരിപാടികൾ അംഗീകരിച്ചിട്ടില്ല; പ്രത്യേകിച്ചും കുമിന്താങ്ങ് കക്ഷി അങ്ങനെ ഒരു സാമാന്യ പരിപാടി പ്രഖ്യാപിക്കുന്നതിനോടു് യോജിപ്പു പ്രകടിപ്പിച്ചിട്ടില്ല. ജാപ്പ്വിരുദ്ധ ചെറുത്തുനില്പിൽ വ്യക്തമായതുപോലെ, ഡോ:സണിന്റെ ദേശീയനയം ഭാഗികമായി

Scanned by CamScanner

മാത്രമേ ക്രമിന്താങ്ങ് നടപ്പിലാക്കിയിട്ടുള്ളൂ. അദ്ദേഹത്തിന്റെ നയമോ, ജനാധിപത്യതത്വങ്ങളോ, ജനകീയ ഉപജീവനമാർഗ്ഗങ്ങളെപ്പററിയുള്ള തത്വങ്ങളോ നടപ്പാക്കിയിട്ടില്ല. അതിന്റെ ഫലമാണ് ചെറുത്തുനില്പുയുദ്ധത്തിനു് ഇന്നുളവായിരിക്കുന്ന രൂക്ഷമായ പ്രതിസന്ധി. യുദ്ധപരിതഃസ്ഥിതികളെല്ലാം നിർണ്ണായകമായി തീർന്നിരിക്കുന്ന ഈ പതനത്തിൽ ക്രമിന്താങ്ങ്കക്ഷി മൂന്നു ജനകീയ തത്വങ്ങളും മുഴുവനായും നടപ്പാക്കാൻ ഇനിയുമൊട്ടും താമസിച്ചുകൂടാ. അല്ലെങ്കിൽ പിന്നീടു പശ്ചാത്തപിക്കേണ്ടിവരും. യഥാർത്ഥത്തിൽ വിപ്ലവകരമായ മൂന്നു ജനകീയതത്വങ്ങളും, മൂന്നു മഹത്തായ നയങ്ങളും ഡോ: സൺയാററ്സണിന്റെ മരണപത്രവും രാജ്യമാസകലം പൂർണ്ണമായും കൃത്യമായും നടപ്പാക്കുന്നതിനും, ജാപ്പ്‌വിരുദ്ധ ഐക്യമുന്നണി വിശാലമാക്കുന്നതിനും ദൃഢീകരിക്കുന്നതിനും വേണ്ടി ശബ്ദമുയർത്തുകയും ഇതെല്ലാം നിരന്തരമായും പ്രേരണാജനകമായും ക്രമിന്താങ്ങിനോടും മൊത്തം ദേശത്തോടും വിശദീകരിക്കുകയും ചെയ്യുക എന്നുള്ളതു് കമ്യൂണിസ്റ്റ്പാർട്ടിയുടെ കടമയാണു്.

# ചെറുത്തുനിൽപുയുദ്ധത്തിൽ എട്ടാംപഥ സൈന്യം

ചോദ്യം: വളരെയധികം ആളുകൾ താല്പര്യം കാണിക്കുന്ന എട്ടാംപഥ സൈന്യത്തെപ്പററി ദയവുചെയ്തു് സംസാരിക്കുമോ? ഉദാഹരണമായി അതിന്റെ തന്ത്രവും അടവുകളും രാഷ്ട്രീയപ്രവർത്തനം എന്നിങ്ങനെയുള്ളവയെപ്പററി.

ഉത്തരം: ചുവപ്പുസേന, എട്ടാംപഥസൈന്യം എന്ന പദവി സ്വീകരിക്കുകയും മുന്നണിയിലേക്കു് പോകുകയും ചെയ്തതിനുശേഷം വളരെയധികം ആളുകൾ അതിന്റെ പ്രവർത്തനങ്ങളിൽ താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെന്നുള്ളതു് ശരിയാണു്. ഞാൻ അതിനെപ്പററി പൊതുവായ ഒരു വിവരണം തരാം.

ഒന്നാമതായി അതിന്റെ പ്രവർത്തനമണ്ഡലത്തെപ്പററി തന്ത്രപരമായി എട്ടാംപഥസേന കേന്ദ്രീകരിച്ചിരിക്കുന്നതു് ഷാൻസിയിലാണു്. നിങ്ങൾക്കറിയാവുന്നതുപോലെ, അതു് പല വിജയങ്ങളും നേടി. ഉദാഹരണമായിപിങ്ങ് സിങ്ങ്‌യാനിലെപോരാട്ടം, ചിങ്ങ്പിങ്ങ്, പിങ്ങ്ല്യ, നിങ്ങ്വു ഇവയുടെ വീണ്ടെടുക്കൽ ചെസിങ്ങ്കാൻപിടിച്ചെടുക്കൽ, ജാപ്പ് സേനയുടെ മൂന്നു വിതരണമാർഗ്ഗങ്ങൾ മുറിച്ചതു് (താതുങ്ങിനും യെൻമെൻകാനും തമ്മിലും പേയ്ക്സിനും പിങ്ങ്സിങ്ങ്കാനും തമ്മിലും ഫൈഹ്സീനും നിങ്ങ്വൂവും തമ്മിലും ബന്ധിപ്പിക്കുന്ന മാർഗ്ഗങ്ങൾ) യെൻമെൻ കാനു് തെക്കുള്ള ജാപ്പ്സേനയുടെ പിന്നണി തകർത്തതു് പിങ്ങ്സിങ്ങ്കാൻ, യെൻമെൻകാൻ എന്നിവ രണ്ടുപ്രാവശ്യം തിരിച്ചുപിടിച്ചതു്, ഈയടുത്ത കാലത്തു് പൃയാങ്ങ്, താങ്ങ്സീൻ എന്നിവയുടെ വീണ്ടെടുക്കൽ എന്നിവ. ഷാൻസിയിലെ ജാപ്പ്സേനകളെ എട്ടാംപഥ സേനയും മററു ചൈനീസ് സേനകളുംകൂടി തന്ത്രപരമായി വളഞ്ഞിട്ടു. വടക്കൻ ചൈനയിൽ ജാപ്പ്സേനകൾ ഏററവും കഠിനമായ ചെറുത്തുനില്പിനെ നേരിടുമെന്നു് ഞങ്ങൾക്കു് ഉറപ്പായി പറയാൻ കഴിയും. അവർ ഷാൻസിയിൽ ചവിട്ടിമെതിച്ചുകടക്കാൻ ശ്രമിക്കുകയാണെങ്കിൽ ഇന്നുവരെ അനു

Scanned by CamScanner

ഭവിച്ചിട്ടില്ലാത്തതും കഠിനവുമായ ബുദ്ധിമുട്ടുകളെ അവർ നേരിടേണ്ടിവരുമെന്നുള്ളതു തീർച്ചയാണ്.

അടുത്തതായി തന്ത്രവും അടവുകളും എന്നതിനെപ്പററി, മററു ചൈനീസ് സേനകൾ അനുവർത്തിക്കാതിരുന്നവയാണ് ഞങ്ങൾ ചെയ്യുന്നതു്. അതായതു് പ്രധാനമായി ശത്രുവിന്റെ പാർശ്വങ്ങളിലും പിന്നണിയിലും ഞങ്ങൾ ആക്രമണം നടത്തുന്നു. ഈ രീതിയിലുള്ള യുദ്ധം മുഖാമുഖമുള്ള പ്രതിരോധമുറയിൽനിന്നും തീർത്തും വിഭിന്നമാണ്. സേനകളുടെ ഭാഗികഘടകങ്ങളെ മുഖാമുഖനടപടികളിൽ ഏർപ്പെടുത്തുന്നതിനു് ഞങ്ങൾ എതിരല്ല; കാരണം അതാവശ്യമാണ്. എന്നാൽ പ്രധാന സേനകളെ ശത്രുവിന്റെ പാർശ്വങ്ങളിൽതന്നെ ഉപയോഗപ്പെടുത്തണം. വളഞ്ഞിടുകയും പൊതിഞ്ഞൊതുക്കുകയും ചെയ്യുക എന്ന അടവുപയോഗിച്ച് ശത്രുവിനെ സ്വതന്ത്രമായും മുൻകൈ നമ്മുടേതുതന്നെയാക്കി നിലനിർത്തിക്കൊണ്ടും ആക്രമിക്കുക എന്നതു് കാതലായ കാര്യമാണ്. കാരണം ശത്രുസൈന്യത്തെ നശിപ്പിക്കുന്നതിനും അതേസമയം നമ്മുടെ സൈന്യത്തെ നഷ്ടംകൂടാതെ സൂക്ഷിക്കുന്നതിനും ആ ഒരു മാർഗ്ഗമേയുള്ളൂ. മാത്രമല്ല, നമ്മുടെ സേനയുടെ ചില ഭാഗങ്ങളെ ശത്രുവിന്റെ പിൻനിരയ്ക്കെതിരായി ഉപയോഗിക്കുന്നതു് പ്രത്യേകിച്ചും ഫലപ്രദമാണ്. കാരണം അവയ്ക്കും ശത്രുവിന്റെതന്നെ മാർഗ്ഗങ്ങളും താവളങ്ങളും തകരാറിലാക്കാൻ കഴിയും. മുന്നണിപോരാട്ടസേനപോലും ''പ്രത്യാക്രമണ''മായിരിക്കണംനടത്തേണ്ടതു്. അല്ലാതെ വെറും ആത്മരക്ഷയുടെ അടവുകൾ ആയിരിക്കരുതു് അവലംബിക്കുന്നതു്. കഴിഞ്ഞ ചില മാസങ്ങളിലെസൈനികപരാജയങ്ങൾക്കുള്ള ഒരു പ്രധാന കാരണം അനുചിതമായ പോരാട്ടരീതികളുപയോഗിച്ചു എന്നതാണ്. നമ്മൾ ഒളിപ്പോരെന്നും ചലനാത്മകയുദ്ധമുറ എന്നും വിളിക്കുന്ന രീതികൾ അന്നു് സ്വതന്ത്രമായും അതേസമയം മുൻകൈ നമ്മുടെ ഭാഗത്തുതന്നെ നിലനിർത്തിക്കൊണ്ടുമാണ് എട്ടാംപഥസേന അവലംബിച്ചിരിക്കുന്നതു്. അടിസ്ഥാനപരമായി ഇതേ രീതിതന്നെയാണ് ആഭ്യന്തര യുദ്ധകാലത്തു് ഞങ്ങൾ ഉപയോഗിച്ചിരുന്നതു്. എന്നാൽ ചില വ്യത്യാസങ്ങളുണ്ടു്. ഉദാഹരണമായി ഇന്നത്തെ ഘട്ടത്തിൽ ശത്രുവിന്റെ പാർശ്വങ്ങളിലും പിന്നണിയിലും വിപുലമായ ഒരു മേഖലയിലും മിന്നലാക്രമണം നടത്തുവാൻ സഹായിക്കുന്നതിനായി നമ്മുടെ സേനകളെ കേന്ദ്രീകരിച്ചിരിക്കുന്നതിലേറെ പലപ്പോഴും വിഭജിച്ചുനിർത്തുകയാണ ചെയ്യുന്നതു്. രാജ്യത്തെ മുഴുവൻ സേനയുടേയും മൊത്തം സംഖ്യാബലം മികച്ചതായതുകൊണ്ടു് ചിലവയെ മുഖാമുഖയുദ്ധത്തിനും മററു ചിലവയെ ഒളിപ്പോരു നടത്തുന്നതിനും വിന്യസിച്ചേ തീരൂ. എന്നാൽ മുഖ്യസേനകളെ എപ്പോഴും ശത്രുവിന്റെ പാർശ്വങ്ങളിൽ ആക്രമണം സംഘടിപ്പിക്കുന്നതിൽ കേന്ദ്രീകരിക്കണം. യുദ്ധത്തിൽ പ്രഥമ പ്രധാനകാര്യം സ്വയം സംരക്ഷിച്ചു് എതിർക്കുകയും ശത്രുവിനെ നശിപ്പിക്കുകയും ചെയ്യുകയെന്നതാണ്. ഇതിനുവേണ്ടി ഒളിപ്പോരു യുദ്ധരീതിയും ചലനാത്മകയുദ്ധരീതിയും പരസ്പരാശ്രയമില്ലാതെ നടത്തേണ്ടതും മുൻകൈ നമ്മുടെ വശംതന്നെ നിലനിർത്തേണ്ടതും നിഷ്ക്രിയത്വത്തിന്റെയും അയവില്ലായ്മയുടേയുമായ അടവുകൾ കൈയൊഴിക്കേണ്ടതും അത്യാവശ്യമാണ്. എട്ടാംപഥസേന ഗറില്ലായുദ്ധമുറയിൽ ഒരു വലിയ സംഖ്യവരുന്ന സേനകളെ അവ നടത്തിക്കൊണ്ടിരിക്കുന്ന ചലനാത്മകയുദ്ധത്തിൽ സഹായിക്കുകയാണെങ്കിൽ നമുക്കു വിജയം സുനിശ്ചിതമാണ്.

ഇനി രാഷ്ട്രീയപ്രവർത്തനത്തെപ്പററി. എട്ടാംപഥ സൈന്യത്തിന്റെ മറെറാരു പ്രമുഖവും വ്യതിരിക്തവുമായ സവിശേഷത മൂന്നു് അടിസ്ഥാന തത്വങ്ങളാൽ നയിക്കപ്പെടുന്ന അതിന്റെ രാഷ്ട്രീയപ്രവർത്തനമാണ്. ഒന്നാമത്തേതു്, ഓഫീസറന്മാരും അണികളുമായുള്ള ഐക്യ

ത്തിൻെറ തത്വം. അതായതു് സേനയിൽനിന്നും പഴയ ഫ്യൂഡൽ മാമൂലു കരം തുടച്ചുമാററുക, തല്ലും ചീത്തവിളിയും നിരോധിക്കുക, ബോധപൂർവ്വമുള്ള അച്ചടക്കം കെട്ടിപ്പടുക്കുക, സുഖവും ദു:ഖവും പങ്കിടുക എന്നിവ. അതിൻെറ ഫലമായി മൊത്തം സേനയും ഗാഢമായി ഐക്യപ്പെടുന്നു. രണ്ടാമതായി, സേനയും ജനങ്ങളുമായുള്ള ഐക്യം എന്ന തത്വം. എന്നു വച്ചാൽ ജനങ്ങളുടെ താല്പര്യങ്ങളെ തരിമ്പും നിഷേധിക്കാത്തവിധത്തിലുള്ള അച്ചടക്കം പാലിക്കുക, ബഹുജനങ്ങൾക്കിടയിൽ പ്രചരണം സംഘടിപ്പിക്കുക, അവരെ സംഘടിപ്പിക്കുകയും ആയുധവല്കരിക്കുകയും ചെയ്യുക. അവരുടെ സാമ്പത്തികഭാരം ലഘൂകരിക്കുക, സൈന്യത്തിനും രാജ്യത്തിനും ദോഷംചെയ്യുന്ന രാജ്യദ്രോഹികളേയും അഞ്ചാംപത്തികളേയും അടിച്ചമർത്തുക എന്നിവ. അതിൻെറ ഫലമായി സൈന്യം ജനങ്ങളുമായി കൂടുതൽ ഐക്യം നേടുകയും എല്ലായിടത്തും സ്വാഗതം ചെയ്യപ്പെടുകയും ചെയ്യുന്നു. മൂന്നാമതായി ശത്രുസേനകളെ ശിഥിലീകരിക്കുകയും, യുദ്ധത്തടവുകാരോടു് സൗമ്യമായി പെരുമാറുകയും ചെയ്യുക. നമ്മുടെ വിജയം സായുധസേനാനടപടികളെ മാത്രമല്ല, ശത്രുസേനയുടെ ശിഥിലീകരണത്തെ കൂടിയുമാണു് ആശ്രയിച്ചിരിക്കുന്നതു്. ശത്രുസേനകളെ ശിഥിലീകരിക്കുന്നതിൻെറയും യുദ്ധത്തടവുകാരോടു് സൗമ്യമായി പെരുമാറുന്നതിൻേറയുമായ ഞങ്ങളുടെ നടപടികൾക്കു് സ്പഷ്ടമായ ഫലങ്ങളുളവാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെങ്കിലും അതു ഭാവിയിൽ തീർച്ചയായും ഉളവാക്കുകതന്നെ ചെയ്യും. കൂടാതെ മൂന്നു നയങ്ങളിൽ, രണ്ടാമത്തേതിനു് അനുസൃതമായി എട്ടാംപഥ സേന അതിൻെറ ശക്തി വർദ്ധിപ്പിക്കുന്നതു് നിർബന്ധ ബലപ്രയോഗം വഴിയല്ല. അതിനേക്കാൾ ഏറെ ഫലപ്രദ നയം ജനതയെ മുന്നണിയിലേക്കു് സ്വമേധയാ പോകാൻ ആവേശഭരിതരാക്കിയതാണു്.

ഹോപേയു്, ചഹാർ, സിച്ചവാൻ, ഷാൻസിയുടെ ചില ഭാഗങ്ങൾ എന്നിവ നഷ്ടപ്പെട്ടുവെങ്കിലും, ഞങ്ങൾ നിരാശിതരായിട്ടേയില്ല. എന്നാൽ മുഴുവൻ സേനയേയും മററു സുഹൃദ്സ്ഥലങ്ങളുമായി ഇണക്കിച്ചേരാൻ ദൃഢനിശ്ചയത്തോടുകൂടി ആഹ്വാനം ചെയ്തുകൊണ്ടു് ഷാൻസിയെ പ്രതിരോധിക്കുന്നതിനും നഷ്ടപ്പെട്ട ഭൂവിഭാഗങ്ങൾ തിരിച്ചുപിടിക്കുന്നതിനുമായി ഉറച്ചുനിന്നു ധീരമായി പോരാടുകതന്നെയാണു്. എട്ടാംപഥസേന ഷാൻസിയുടെ പ്രതിരോധം തുടരുന്നതിനായി അതിൻെറ പ്രവർത്തനങ്ങൾ മററു ചൈനീസ് സേനകളുമായി ഇണക്കിച്ചേർക്കും. ഇതു് യുദ്ധത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും വളരെ പ്രധാനമാണു്.

ചോദ്യം: നിങ്ങളുടെ അഭിപ്രായത്തിൽ എട്ടാംപഥസേനയുടെ എല്ലാ വശങ്ങളും ചൈനയുടെ മററു സേനകൾക്കും ആർജ്ജിക്കാൻ കഴിയുമോ?

ഉത്തരം: തീർച്ചയായും അവർക്കും കഴിയും. 1924—27 കാലഘട്ടത്തിൽ കുമിന്താങ്ങ് സേനയുടെ അന്ത:സത്ത, വിശാലമായ അർത്ഥത്തിൽ ഇന്നത്തേതുപോലെതന്നെയായിരുന്നു. കമ്യൂണിസ്റ്റ്പാർട്ടിയും, കുമിന്താങ്ങ്കക്ഷിയും അന്നു് ഒരു പുതിയ രീതിയിലുള്ള സായുധസേന സംഘടിപ്പിക്കുന്നതിനായി സഹകരിക്കുന്നുണ്ടായിരുന്നു. രണ്ടു സൈനികറെജിമെൻറുകളിൽ മാത്രമായി തുടങ്ങി മററു പല സേനകളേയും അതിൻെറ പിന്നിൽ നിരത്തി. ചെൻ യുങ്—മിങ്ങിനെ പരാജയപ്പെടുത്തിക്കൊണ്ടു് അവർ അവരുടെ ആദ്യത്തെ വിജയം നേടുകയുംചെയ്തു. പിന്നീടു് ഈ സേനകൾ വളർന്നു് ഒരു സേനാവ്യൂഹമായി തീരുകയും കൂടുതൽ കൂടുതൽ സേനാവിഭാഗങ്ങൾ അതിൻെറ സ്വാധീനത്തിലാകുകയും ചെയ്തു. അതിൽ പിന്നീടു മാത്രമാണു് ''വടക്കൻ പടനീക്കം'' ഉണ്ടായതു്. ഒരു

Scanned by CamScanner

പുതിയ ഉണർവ്വ് ആ സൈന്യവ്യൂഹത്തിലാകെ പടർന്നിരുന്നു. മൊത്തത്തിൽ ഓഫീസർമാരും അണികളും തമ്മിലും, സൈന്യങ്ങളും ജനങ്ങളും തമ്മിലും ഐക്യം നിലവിൽ വരുകയും സൈന്യത്തിലാകെ വിപ്ലവകരമായ രണോത്സുകത നിറഞ്ഞുനില്ക്കുകയും ചെയ്തു. പാർട്ടി പ്രതിനിധികളും രാഷ്ട്രീയവകുപ്പുകളും അടങ്ങുന്ന ഒരു വ്യവസ്ഥ ചൈനയിലാദ്യമായി സായുധസേനയുടെ സ്വഭാവത്തിൽ സമൂലമായി പരിവർത്തനം വരുത്തിത്തീർത്തു. 1927–ൽ രൂപീകരിച്ച ചുവപ്പുസേനയും ഇന്നത്തെ എട്ടാംപഥ സേനയും ഈ വ്യവസ്ഥ ഉൾക്കൊള്ളുകയും വികസിപ്പിക്കുകയും ചെയ്തു. 1924—27 ലെ വിപ്ലവ കാലഘട്ടത്തിൽ സായുധസേന ഈ ഉണർവ്വ് ഉൾക്കൊണ്ടുകൊണ്ട് സ്വാഭാവികമായി അവരുടെ രാഷ്ട്രീയവീക്ഷണത്തിന് അനുസൃതമായ യുദ്ധമുറകളംഗീകരിച്ച് യുദ്ധംചെയ്തു. അതായത് നിഷ്ക്രിയമായും അയവില്ലാതെയും അല്ല, എന്നാൽ മുൻകൈയോടെയും ആക്രമണത്വരയോടുംകൂടി യുദ്ധം ചെയ്യുന്നതിന്റെ ഫലമായി അതിന്റെ ''വടക്കൻ പടനീക്കം'' വിജയകരമാക്കാൻ കഴിഞ്ഞു. ഇത്തരം ഒരു സേനയെയാണ് ഇന്ന് യുദ്ധക്കളത്തിൽ നമുക്ക് വേണ്ടത്. ദശലക്ഷങ്ങൾ നമുക്ക് വേണമെന്നില്ല. ഏതാനും നൂറായിരം അംഗങ്ങളടങ്ങിയ കേന്ദ്രബിന്ദു ഉപയോഗിച്ച് നമുക്ക് ജാപ്പ് സാമ്രാജ്യത്വത്തെ തോല്പിച്ചോടിക്കാം. ചെറുത്തുനില്പുയുദ്ധത്തിൽ രാജ്യത്താകമാനം നടത്തിയ ധീരോജ്ജ്വലമായ ത്യാഗത്തിന്റെ പേരിൽ നാം നമ്മുടെ സൈന്യത്തെ അഗാധമായി ആദരിക്കുന്നു. എന്നാൽ നടത്തിക്കഴിഞ്ഞ രക്തരൂക്ഷിതമായ യുദ്ധങ്ങളിൽനിന്നു നാം പാഠം പഠിക്കണം.

ചോദ്യം: ജാപ്പുസൈന്യത്തിന്റെ അച്ചടക്കം ഇന്നത്തെ രീതിയിൽ ആയിരിക്കുന്നിടത്തോളം യുദ്ധത്തടവുകാരോട് സൗമനസ്യപൂർവ്വം പെരുമാറുകയെന്ന നിങ്ങളുടെ നയം നിഷ്പ്രയോജനമാകുകയില്ലേ? ഉദാഹരണമായി, നിങ്ങൾ മോചിപ്പിക്കുന്ന യുദ്ധത്തടവുകാരെ ജാപ്പ് സൈനികനേതൃത്വം കൊന്നുകളഞ്ഞു എന്നുവരികയും, നിങ്ങളുടെ നയത്തിന്റെ സാരം ജാപ്പ് സൈന്യം മൊത്തത്തിൽ മനസ്സിലാക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ—?

ഉത്തരം: അതുണ്ടാകുകയില്ല. അവർ കൂടുതൽ കൊല്ലുന്തോറും ചൈനീസ് സേനയ്ക്ക് കൂടുതൽ സഹാനുഭൂതി ജാപ്പ് ഭടന്മാർക്കിടയിൽ ഉണ്ടാകും. ഇത്തരം സത്യങ്ങൾ അണികളിൽനിന്നു മറച്ചുവയ്ക്കാനാവില്ല. ഞങ്ങൾ ഞങ്ങളുടെ ഈ നയം ക്ഷമയോടുകൂടി തുടരും. ഉദാഹരണമായി, എട്ടാംപഥസേനക്കെതിരായി വിഷവാതകപ്രയോഗം നടത്താനുള്ള ജപ്പാന്റെ പ്രഖ്യാപിത ഉദ്ദേശം നടപ്പാക്കുകയാണെങ്കിൽപോലും ഞങ്ങൾ നയം മാററുകയില്ല. നിർബ്ബന്ധത്തിനു വഴങ്ങി യുദ്ധംചെയ്യുന്ന ഭടന്മാരും ചെറുകിട ഓഫീസറന്മാരുമായ ജാപ്പ് തടവുകാരോട് സൗമനസ്യതയോടുകൂടി തന്നെ ഞങ്ങൾ പെരുമാറും; ഞങ്ങൾ അവരെ അപമാനിക്കുകയോ ശകാരിക്കുകയോ ഇല്ല, നേരെമറിച്ച് ഇരു രാജ്യങ്ങളിലേയും സാധാരണ ജനതയുടെ താല്പര്യങ്ങളേയും പൊതുസ്വഭാവത്തേയുംപററി വിശദീകരിച്ചുകൊടുത്തതിനുശേഷം അവരെ വിട്ടയയ്ക്കും. തിരിച്ചുപോകാൻ ഇഷ്ടമില്ലാത്തവർക്ക് എട്ടാംപഥ സേനയിൽ സേവനമനുഷ്ഠിക്കാം. ജാപ്പ് വിരുദ്ധ യുദ്ധമുന്നണിയിൽ ഒരു സാർവ്വദേശീയ ബ്രിഗേഡ് ഉണ്ടാകുകയാണെങ്കിൽ അവർ അതിൽ ചേരുകയും ജാപ്പ് സാമ്രാജ്യത്വത്തിനെതിരായി ആയുധമെടുക്കുകയും ചെയ്യും.

Scanned by CamScanner

# ചെറുത്തുനിൽപ്പു യുദ്ധത്തിൽ കീഴടങ്ങൽ നയം

ചോദ്യം: യുദ്ധം തുടർന്നുകൊണ്ടിരിക്കുന്നതിനിടയിൽതന്നെ ഷാങ്ഹായിൽ ജപ്പാൻ സമാധാനത്തെപ്പററി ഉഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. എന്താണ് അവരുടെ യഥാർത്ഥ ഉദ്ദേശം?

ഉത്തരം: അവരുടെ ചില പദ്ധതികൾ വിജയിച്ചുകഴിഞ്ഞാൽ, ജാപ്പ് സാമ്രാജ്യത്വവാദികൾ ഒരിക്കൽക്കൂടി അവരുടെ മൂന്ന് ലക്ഷ്യങ്ങൾ നേടുകയെന്ന ഉദ്ദേശത്തോടുകൂടി സമാധാനത്തിന്റെ പുകമറ സൃഷ്ടിക്കും. ആ ലക്ഷ്യങ്ങൾ ഇവയാണ്. 1) പുനരാക്രമണത്തിനുള്ള തന്ത്രപരമായ ആരംഭകേന്ദ്രങ്ങളായി ഉപയോഗിക്കത്തക്കവിധം പിടിച്ചെടുത്ത സ്ഥലങ്ങളെ ഭദ്രമാക്കുക. 2) ചൈനയുടെ ജാപ്പ്‌വിരുദ്ധ മുന്നണിയിൽ പിളർപ്പുണ്ടാക്കുക. 3) ചൈനക്കു വേണ്ടിയുള്ള സാർവ്വദേശീയ സഹായമുന്നണി തകർക്കുക. സമാധാനത്തെ സംബന്ധിച്ച് ഇപ്പോഴുള്ള ഊഹാപോഹങ്ങൾ കേവലം ആദ്യപുകബോംബ് അല്ലാതെ മററൊന്നുമല്ല. അപകടമെന്താണെന്നുവെച്ചാൽ ഇപ്പോഴും ചൈനയിൽ ശത്രുവിന്റെ കരകൗശലങ്ങളിൽപ്പെട്ട്, ആടിക്കളിക്കുന്ന ചിലരെല്ലാമുണ്ടെന്നുള്ളതും, രാജ്യദ്രോഹികളും അഞ്ചാംപത്തികളും അവരെ ഇഷ്ടംപോലെ ഉപയോഗപ്പെടുത്തുകയും ജാപ്പ് ആക്രമണകാരികൾക്ക് ചൈനയെ കീഴ്പ്പെടുത്തിക്കൊടുക്കുന്നതിനു വേണ്ടിയുള്ള അവരുടെ ശ്രമത്തിന്റെ ഭാഗമായി എല്ലാത്തരത്തിലുമുള്ള ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു എന്നതുമാണ്.

ചോദ്യം: നിങ്ങളുടെ കാഴ്ചപ്പാടിൽ ഈ അപകടം എന്തിലേക്കായിരിക്കും എത്തിക്കുക?

ഉത്തരം: സംഭവഗതികൾ രണ്ടുതരത്തിലുണ്ടായേക്കാം. ഒന്നുകിൽ ചൈനീസ് ജനത കീഴടങ്ങലിനെ അതിജീവിക്കും, അല്ലെങ്കിൽ കീഴടങ്ങൽ ഒരു സത്യമായിത്തീരുകയും അതിന്റെ ഫലമായി ജാപ്പ് വിരുദ്ധ മുന്നണി ഭിന്നിക്കുകയും ചൈന ക്രമരാഹിത്യത്തിൽ ആണ്ടുപോകുകയും ചെയ്യും.

ചോദ്യം: ഇതിൽ ഏതിനാണ് കൂടുതൽ സാധ്യത?

ഉത്തരം: ചൈനീസ് ജനതയാകെ ആവശ്യപ്പെടുന്നത് യുദ്ധം അവസാനംവരെ പൊരുതണമെന്നാണ്. ഭരണകക്ഷിയിലെ ഒരു വിഭാഗം കീഴടങ്ങലിന്റെ മാർഗ്ഗം സ്വീകരിക്കുകയാണെങ്കിൽ, ബാക്കി ഉറച്ചുനില്ക്കുന്നവർ അതിനെ തീർച്ചയായും എതിർക്കുകയും ജനങ്ങളോടൊപ്പംനിന്ന് ചെറുത്തുനിൽപുയുദ്ധം തുടരുകയും ചെയ്യും. തീർച്ചയായും അത്തരമൊരു അവസ്ഥ ചൈനയുടെ ജാപ്പ്‌വിരുദ്ധ മുന്നണിക്ക് ഒരു നിർഭാഗ്യം തന്നെയായിരിക്കും. പക്ഷെ കീഴടങ്ങൽ വാദികൾക്ക് ജനപിന്തുണ ലഭിക്കുകയില്ലെന്നും ബഹുജനവിഭാഗങ്ങൾ കീഴടങ്ങൽ വാദത്തെ അതിജീവിച്ച് ക്ഷമയോടുകൂടി യുദ്ധം തുടരുകയും വിജയം വരിക്കുകയും ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്.

ചോദ്യം: കീഴടങ്ങൽവാദത്തെ എങ്ങിനെ അതിജീവിക്കാം?

ഉത്തരം: വാക്കുകൾകൊണ്ടും; അതായത് കീഴടങ്ങലിന്റെ അപകടങ്ങളെ തുറന്നുകാണിച്ചും, പ്രവർത്തികൊണ്ടും; അതായത് കീഴടങ്ങൽ പ്രവർത്തനങ്ങളെ എതിർക്കുന്നതിനായി ബഹുജനവിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിലൂടെയും. കീഴടങ്ങൽവാദത്തിന്റെ വേര് ദേശീയ പരാജയ

Scanned by CamScanner

മനോഭാവത്തിലും, ദേശീയ അശുഭാപ്തിവിശ്വാസത്തിലുമാണുള്ളതു്. അതായതു് ചില യുദ്ധങ്ങളിൽ തോററുപോയതിനാൽ ജപ്പാനെ എതിരിടാൻ ചൈനയ്ക്കു് ശക്തി ശേഷിച്ചിട്ടില്ല എന്ന ആശയത്തിൽ വിശ്വസിക്കുന്ന അശുഭാപ്തിവിശ്വാസക്കാർ പരാജയം വിജയത്തിൻെറ മാതാവാണെന്നും പരാജയത്തിൽനിന്നും പഠിക്കുന്നപാഠങ്ങൾ ഭാവിയിലെ വിജയത്തിൻെറ അടിത്തറയാണെന്നും, മനസ്സിലാക്കുന്നില്ല. അവർ ചെറുത്തുനിൽപ്പു യുദ്ധത്തിലെ പരാജയങ്ങളെ മാത്രമെ കാണുന്നുള്ളു, വിജയങ്ങളെ കാണുന്നില്ല, പ്രത്യേകിച്ചും നമ്മുടെ പരാജയങ്ങളിൽ വിജയത്തിൻെറ വശം ഉൾക്കൊള്ളുന്നുണ്ടെന്നും അവർ മനസ്സിലാക്കുന്നില്ല. നമ്മുടെ യുദ്ധത്തിൻെറ വിജയസാദ്ധ്യതകളെ ബഹുജനവിഭാഗങ്ങൾക്കു് ചൂണ്ടിക്കാണിച്ചുകൊടുക്കുകയും, നമ്മുടെ പരാജയങ്ങളും വൈഷമ്യങ്ങളും താല്ക്കാലികമാണെന്നും, നമ്മൾ യുദ്ധം തുടർന്നുകൊണ്ടിരിക്കുന്നിടത്തോളം എല്ലാ തിരിച്ചടികളും നേരിട്ടുകൊണ്ടാണെങ്കിൽക്കൂടിയും അന്തിമവിജയം നമ്മുടേതു് ആയിരിക്കുമെന്നും മനസ്സിലാക്കാൻ ബഹുജനങ്ങളെ സഹായിക്കുകയും ചെയ്യണം. കീഴടങ്ങൽവാദക്കാർക്കു് ബഹുജനാടിത്തറ ഇല്ലാതായാൽ അവർക്കു് കൗശലങ്ങൾ കാണിക്കാനുള്ള സാദ്ധ്യത നഷ്ടപ്പെടുകയും ജാപ്പ് വിരുദ്ധമുന്നണി കൂടുതൽ സുദൃഢമായി തീരുകയും ചെയ്യും.

## ജനാധിപത്യവും ചെറുത്തുനിൽപ്പുസമരവും

ചോദ്യം: കമ്യൂണിസ്റ്റ് പാർട്ടി അതിൻെറ പരിപാടിയിൽ മുന്നോട്ടുവച്ചിട്ടുള്ള ''ജനാധിപത്യം'' എന്നതുകൊണ്ടു് എന്താണർത്ഥമാക്കുന്നതു്? ''ഒരു യുദ്ധകാല ഭരണകൂട''മെന്ന ആശയത്തിനു് വിരുദ്ധമല്ലെ അതു്?

ഉത്തരം: തീർച്ചയായിട്ടുമല്ല. കമ്യൂണിസ്റ്റ് പാർട്ടി ''ജനാധിപത്യ പരമാധികാര രാഷ്ട്ര''മെന്ന മുദ്രാവാക്യം 1936 ആഗസ്റ്റ് മുതൽ തന്നെ മുന്നോട്ടുവച്ചതാണു്. രാഷ്ട്രീയമായും സംഘടനാപരമായും ഈ മുദ്രാവാക്യംകൊണ്ടു് അർത്ഥമാക്കുന്നതു്; 1) ഭരണകൂടവും സർക്കാരും ഒരു വർഗ്ഗത്തിൻേറതുമാത്രമായിരിക്കരുതു്, പക്ഷെ എല്ലാ ജാപ്പ് വിരുദ്ധ വർഗ്ഗങ്ങളുടേയും ഐക്യത്തിലധിഷ്ഠിതവും, എന്നാൽ രാജ്യദ്രോഹികളേയും അഞ്ചാംപത്തികളേയും ഒഴിവാക്കിക്കൊണ്ടുള്ളതും, തൊഴിലാളികളും കൃഷിക്കാരും ഇടത്തരക്കാരുമായ മററു് എല്ലാ വിഭാഗക്കാരും ഉൾക്കൊള്ളുന്നതുമായിരിക്കണം. 2) അതിൻെറ സംഘടനാരൂപം ജനാധിപത്യകേന്ദ്രീകരണം ആയിരിക്കണം. അതായതു് ജനാധിപത്യപരമായിരിക്കുമ്പോൾതന്നെ കേന്ദ്രീകൃതവും ആയിരിക്കണം. ജനാധിപത്യം, കേന്ദ്രീകൃതം എന്നീ കാഴ്ചയിൽ വിപരീതങ്ങളായവയെ ഒരു നിശ്ചിത രൂപത്തിൽ ഐക്യപ്പെടുത്തിയതു് ഈ സർക്കാർ ജനങ്ങൾക്കാവശ്യമായ രാഷ്ട്രീയ സ്വാതന്ത്ര്യങ്ങൾ, വിശേഷിച്ചും സംഘടിക്കാനും സ്വയം പ്രതിരോധിക്കാനും സ്വയപരിശീലനത്തിനും ആയുധവല്ക്കരണത്തിനുമുള്ള സ്വാതന്ത്ര്യം നൽകുന്നതായിരിക്കണം. ഈ മൂന്നു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ജനാധിപത്യ പരമാധികാര രാഷ്ട്രം ഒരു യുദ്ധകാല സർക്കാരിനു് യാതൊരുവിധത്തിലും വിരുദ്ധമല്ലെന്നു കാണാവുന്നതാണു്. മറിച്ചു് ചെറുത്തുനിൽപ്പുസമരത്തിനു് സഹായകരമായ യഥാർത്ഥരൂപത്തിലുള്ള ഭരണകൂടരൂപവും സർക്കാരുമാണതു്.

Scanned by CamScanner

ചോദ്യം: ''ജനാധിപത്യ കേന്ദ്രീകരണം'' എന്നതു് പരസ്പരവി
രുദ്ധമായ ഒരു പദമല്ലേ?

ഉത്തരം: നമ്മൾക്കു് ഒരു പദത്തെ മാത്രം നോക്കിയാൽ പോരാ;
യാഥാർത്ഥ്യവും നോക്കിക്കാണണം. ജനാധിപത്യവും കേന്ദ്രീകൃതത്വവും
തമ്മിൽ നികത്താൻ കഴിയാത്ത വിടവൊന്നുമില്ല. രണ്ടും ചൈനയ്ക്കു്
അത്യാവശ്യം തന്നെയാണു്. ഒരു വശത്തു് നമുക്കാവശ്യമായ സർക്കാർ
ജനാഭിലാഷത്തെ ശരിയായി പ്രതിനിധീകരിക്കണം. അതിനു് രാജ്യ
മുടനീളം ബഹുജന പിന്തുണയുണ്ടായിരിക്കുകയും, ജനങ്ങൾക്കു് പിന്തുണ
നൽകാനുള്ള സ്വാതന്ത്ര്യവും അതിന്റെ നയങ്ങളുടെമേൽ സ്വാധീനം ചെലു
ത്താനുള്ള എല്ലാ അവസരവുമുണ്ടായിരിക്കുകയും വേണം. ഇതാണു് ജനാ
ധിപത്യത്തിന്റെ അർത്ഥം. മറുവശത്തു് കേന്ദ്രീകൃതമായ ഭരണനടത്തി
പ്പും ആവശ്യമാണു്. ജനങ്ങൾ ആവശ്യപ്പെടുന്ന നയപരമായ നടപടികൾ
അവരുടെ പ്രാതിനിധ്യമുള്ള സംഘടനയിലൂടെ അവരാൽ തിരഞ്ഞെടുക്ക
പ്പെട്ട ഒരു സർക്കാരിലേക്കു് ഒരിക്കൽ കൈമാററം ചെയ്യപ്പെട്ടുകഴിഞ്ഞാൽ
സർക്കാർ അതു നടപ്പാക്കുകയും ജനേഛയനുസരിച്ചു് എടുത്ത നയങ്ങൾക്കു്
അതു വിരുദ്ധമാകാത്തിടത്തോളം അവർക്കതു നിഷ്പ്രയാസം സാധി
ക്കാൻ കഴിയുകയും ചെയ്യും. ഇതാണു് കേന്ദ്രീകരണത്തിന്റെ സാരം.
ജനാധിപത്യ കേന്ദ്രീകരണം അംഗീകരിച്ചാൽ മാത്രമേ ഒരു സർക്കാരിനു്
ശരിക്കും ശക്തിമത്തായിരിക്കാൻ കഴിയൂ. ചൈനയുടെ ദേശീയ പ്രതി
രോധസർക്കാർ ജാപ്പവിരുദ്ധ ചെറുത്തുനില്പുയുദ്ധത്തിൽ ഈ രീതി സ്വീക
രിക്കണം.

ചോദ്യം: ഇതു് യുദ്ധകാല മന്ത്രിസഭയ്ക്കു് സദൃശമല്ല; അല്ലെ?

ഉത്തരം: അതു് കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്ന ചില യുദ്ധ
കാല മന്ത്രിസഭകൾക്കു സദൃശമല്ല.

ചോദ്യം: ഇത്തരം ഒരു യുദ്ധകാല മന്ത്രിസഭയെന്നെങ്കിലും ഉണ്ടാ
യിട്ടുണ്ടോ?

ഉത്തരം: ഉണ്ടു്. യുദ്ധകാല സർക്കാരുകളെ യുദ്ധത്തിന്റെ സ്വഭാ
വമനുസരിച്ചു് പൊതുവായി രണ്ടു തരമായി വിഭജിക്കാം. ഒന്നു് ജനാ
ധിപത്യ കേന്ദ്രീകരണവും, മറേറതു് കലർപ്പില്ലാത്ത കേന്ദ്രീകരണവും.
ചരിത്രത്തിലുണ്ടായിട്ടുള്ള എല്ലാ യുദ്ധങ്ങളും അവയുടെ സ്വഭാവമനുസരിച്ചു്
രണ്ടായി തിരിക്കാം. നീതിയുക്തമായ യുദ്ധങ്ങളും നീതിരഹിതമായ
യുദ്ധങ്ങളും. ഉദാഹരണമായി, ഏകദേശം ഇരുപതുവർഷങ്ങൾക്കു മുൻപു
ണ്ടായ യൂറോപ്പിലെ മഹായുദ്ധം ഒരു നീതിരഹിതമായ സാമ്രാജ്യത്വ യുദ്ധ
മായിരുന്നു. സാമ്രാജ്യത്വ രാജ്യങ്ങളിലെ സർക്കാരുകൾ സാമ്രാജ്യത്വ
താല്പര്യത്തിനുവേണ്ടി യുദ്ധം ചെയ്യാൻ ജനങ്ങളെ നിർബന്ധിച്ചു. അത്തരം
സന്ദർഭങ്ങൾ ബ്രിട്ടണിലെ ലോയ്ഡ് ജോർജ്ജ് സർക്കാരിന്റേതു
പോലുള്ള ഒരു സർക്കാർ ആവശ്യമുള്ളതാക്കി തീർക്കുന്നു. ലോയ്ഡ്
ജോർജ്ജ് സർക്കാർ ബ്രിട്ടീഷ് ജനതയെ അടിച്ചമർത്തുകയും, സാമ്രാജ്യ
ത്വയുദ്ധത്തിനെതിരായി സംസാരിക്കുന്നതിൽനിന്നും അവരെ വിലക്കുക
യും യുദ്ധത്തിനെതിരായി ജനാഭിപ്രായം പ്രകടിപ്പിച്ച സംഘടനകളേയും
സംഘങ്ങളേയും നിരോധിക്കുകയും ചെയ്തു. ജനപ്രതിനിധി സഭ നില
നില്ക്കുന്നുണ്ടായിരുന്നെങ്കിലും, അതു് ഒരുക്കൂട്ടം സാമ്രാജ്യവാദികളുടെ ആയുധം
മാത്രമായിരുന്നു, അതായതു് യുദ്ധബജ്ജററ് പാസ്സാക്കാനുള്ള റബ്ബർ
സ്റ്റാമ്പ് മാത്രമായിരുന്നു. ഒരു യുദ്ധത്തിൽ സർക്കാരും ജനങ്ങളും തമ്മിലുള്ള
ഐക്യത്തിന്റെ അഭാവം കേവലകേന്ദ്രീകരണം, ജനാധിപത്യമില്ലാ
ത്ത പൂർണ്ണ കേന്ദ്രീകരണം ഇവ ഉദയം ചെയ്യാനിടയാക്കുന്നു. പക്ഷെ
ചരിത്രപരമായി വിപ്ലവകരങ്ങളായ യുദ്ധങ്ങളും ഉണ്ടായിട്ടുണ്ടു്. ഉദാഹര
ണത്തിനു് ഫ്രാൻസിൽ, റഷ്യയിൽ, ഇന്നു് സ്പെയിനിൽ. ഇത്തരം

Scanned by CamScanner

യുദ്ധങ്ങളിൽ സർക്കാർ ജനങ്ങളുടെ വിസമ്മതത്തെ ഭയക്കുന്നില്ല. കാരണം ജനങ്ങൾ, അത്തരം യുദ്ധങ്ങളിൽ ഭാഗഭാക്കുകളാകാൻ, അങ്ങേയററം തയ്യാറുള്ളവരാണ്. ജനങ്ങളെ ഭയക്കുന്നതിനു പകരം ജനങ്ങളെ യുദ്ധത്തിൽ ക്രിയാത്മകമായി പങ്കെടുക്കാവുന്ന തരത്തിൽ ഉണർത്താനും അവരുടെ അഭിപ്രായങ്ങൾ പറയാൻ ഉത്തേജിതരാക്കാനും അതു ശ്രമിക്കുന്നു. കാരണം സർക്കാർ നിലനില്ക്കുന്നതു് ജനങ്ങളുടെ സ്വമേധയാ ഉള്ള പിന്തുണയിലാണ്. ചൈനയുടെ ദേശീയ വിമോചന യുദ്ധത്തിനു് ജനതയുടെ പരിപൂർണ്ണ അംഗീകാരമുണ്ട്. അതു് അവരുടെ പങ്കാളിത്തംകൂടാതെ വിജയിപ്പിക്കാനാവില്ല. അതുകൊണ്ടു് ജനാധിപത്യപരമായ കേന്ദ്രീകരണം ആവശ്യമായി തീരുന്നു. 1926–27 ലെ വടക്കൻ പടനീക്കത്തിലെ വിജയങ്ങളും ജനാധിപത്യ കേന്ദ്രീകരണത്തിലൂടെയാണ് നേടിയതു്. അങ്ങിനെ യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ ജനങ്ങളുടെ താല്പര്യങ്ങളെ നേരിട്ടു പ്രതിഫലിപ്പിക്കുമ്പോഴും, സർക്കാർ കൂടുതൽ ജനകീയമാകുമ്പോഴും, യുദ്ധം കൂടുതൽ ഫലപ്രദമായി നടത്താൻ കഴിയും. അത്തരം ഒരു സർക്കാരിനു് ജനത യുദ്ധത്തെ എതിർക്കുമെന്ന ഭയം ഉണ്ടാകേണ്ടകാര്യമില്ല. നേരെമറിച്ച് ജനങ്ങൾ നിഷ്ക്രിയരും യുദ്ധത്തിൽ താല്പര്യം കാണിക്കാത്തവരും ആയിപ്പോകുമെന്ന ചിന്തയാണ് മന:ശല്യമുണ്ടാക്കുന്നതു്. ഒരു യുദ്ധത്തിന്റെ സ്വഭാവം സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം എങ്ങിനെ എന്നു തീരുമാനിക്കുന്നു. ഇതു് ചരിത്രപരമായ ഒരു തത്വമാണ്

ചോദ്യം: ഇത്തരം ഒരു സർക്കാരിനെ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിങ്ങൾ എടുക്കുവാൻ പോകുന്നതു്?

ഉത്തരം: പ്രധാന പ്രശ്നം ക്കൂമിന്താങ്ങ് കക്ഷിയും കമ്യൂണിസ്റ്റ്പാർട്ടിയും തമ്മിലുള്ള സഹകരണമാണ്.

ചോദ്യം: എന്തുകൊണ്ട്?

ഉത്തരം: കഴിഞ്ഞ പതിനഞ്ചുവർഷമായി ക്കൂമിന്താങ്ങും കമ്യൂണിസ്റ്റുപാർട്ടിയും തമ്മിലുള്ള ബന്ധമായിരുന്നു ചൈനയിലെ പ്രധാന രാഷ്ട്രീയ ഘടകം—രണ്ടു കക്ഷികളും തമ്മിലുള്ള 1924–27 ലെ സഹകരണത്തിന്റെ ഫലമായിരുന്നു ആദ്യത്തെ വിപ്ലവത്തിന്റെ വിജയം. 1927–ൽ രണ്ടു കക്ഷികളും തമ്മിലുള്ള ഭിന്നിപ്പ് കഴിഞ്ഞ ദശവത്സരക്കാലത്തെ നിർഭാഗ്യകരമായ സ്ഥിതിവിശേഷത്തിനു് ഇടയാക്കി. ഏതായിരുന്നാലും ഭിന്നിപ്പിന്റെ ഉത്തരവാദിത്വം ഞങ്ങളുടേതല്ല, ക്കൂമിന്താങ്ങിന്റെ അടിച്ചമർത്തലിനെ ചെറുക്കാൻ ഞങ്ങൾ നിർബന്ധിതരാകുകയും ചൈനയുടെ വിമോചനത്തിന്റെ ഉജ്ജ്വലപതാക ഉയർത്തിപ്പിടിക്കുന്നതിൽ ദൃഢചിത്തരാകുകയും ചെയ്തു. ഇപ്പോൾ മൂന്നാമത്തെ ഘട്ടം ആഗതമായിരിക്കുന്നു. ജപ്പാനെ ചെറുത്തുനിൽക്കുന്നതിനും രാഷ്ട്രത്തെ രക്ഷിക്കുന്നതിനുമായി ഒരു നിശ്ചിത പരിപാടിയുടെ അടിസ്ഥാനത്തിൽ ഇരുകക്ഷികളും പൂർണ്ണമായി സഹകരിച്ചേ തീരൂ. ഞങ്ങളുടെ നിരന്തര പരിശ്രമത്തിന്റെ ഫലമായി സഹകരണത്തിന്റെ വ്യവസ്ഥാപനം അവസാനം പ്രഖ്യാപിക്കപ്പെട്ടു. പക്ഷെ പ്രശ്നം ഇരുകക്ഷികളും ഒരു പൊതുപരിപാടി അംഗീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്, അത്തരം ഒരു പരിപാടിയുടെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകം ഒരു പുതിയ സമ്പ്രദായം ആവിഷ്ക്കരിക്കുക എന്നതാണ്.

ചോദ്യം: ഇരു കക്ഷികളുടേയും സഹകരണത്തിലൂടെ ഒരു പുതിയ സമ്പ്രദായം എങ്ങിനെയാണ് സ്ഥാപിതമാകുക?

ഉത്തരം: ഞങ്ങൾ സർക്കാർ നിയന്ത്രണത്തിന്റേയും സൈനിക ഏർപ്പാടുകളുടേയും ഒരഴിച്ചുപണി നിർദ്ദേശിക്കുകയാണ്. ഇന്നത്തെ അടിയന്തിരാവസ്ഥയെ നേരിടുന്നതിനായി ഒരു താല്ക്കാലിക ദേശീയ ജനപ്രതിനിധി സഭ വിളിച്ചുകൂട്ടണമെന്നു് ഞങ്ങൾ നിർദ്ദേശിക്കുന്നു. ഈ

Scanned by CamScanner

സഭയിലേക്കുള്ള ജനപ്രതിനിധികളെ 1924 ൽ ഡോ: സൺ നിർദ്ദേശിച്ചതുപോലെ വിവിധ ജാപ്പവിരുദ്ധ കക്ഷികളിൽനിന്നും, ജാപ്പ് വിരുദ്ധ സായുധസേനകളിൽനിന്നും, ജാപ്പവിരുദ്ധമായ ജനസമ്മത വ്യാവസായിക സംഘടനകളിൽനിന്നും തിരഞ്ഞെടുക്കണം. ഈ സഭ ദേശത്തെ രക്ഷിക്കുന്നതിനായും ജനങ്ങൾ തീരുമാനിക്കുന്ന ഭരണകൂടാധികാരത്തിന്റെ പരമാധികാരം ഉപകരണം എന്നനിലയിൽ പ്രവർത്തിക്കുകയും, ഒരു ഭരണഘടനാപരമായ പരിപാടി അംഗീകരിക്കുകയും സർക്കാരിനെ തിരഞ്ഞെടുക്കുകയും ചെയ്യണം. ചെറുത്തുനില്പുസമരം നിർണ്ണായകമായ ഒരു വഴിത്തിരവിൽ എത്തിയിരിക്കുകയാണെന്നും അധികാരമുള്ളതും ജനാഭിലാഷത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതുമായ അത്തരം ഒരു ദേശീയ സഭയുടെ ഉടനെയുള്ള സമ്മേളനത്തിനുമാത്രമെ ചൈനയുടെ രാഷ്ട്രീയ ജീവിതത്തെ ഉയർത്തെഴുന്നേല്പിക്കാനും ഇന്നത്തെ പ്രതിസന്ധി തരണം ചെയ്യാനും കഴിയുകയുള്ളവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ കുമിന്താങ്ങുമായി വീക്ഷണവിനിമയം ചെയ്തുകൊണ്ടിരിക്കുകയാണ്. അവരുടെ സമ്മതം ലഭിക്കണമെന്ന് ഞങ്ങളാശിക്കുന്നു.

ചോദ്യം: ദേശീയപ്രതിനിധിസഭ വേണ്ടതില്ല എന്ന് ദേശീയ സർക്കാർ പ്രഖ്യാപിച്ചിട്ടില്ലേ?

ഉത്തരം: വേണ്ടന്നുള്ളതു് ശരി തന്നെയാണ്. കുമിന്താങ്ങുകക്ഷി വിളിച്ചുകൂട്ടുവാൻ ഒരുങ്ങിക്കൊണ്ടിരുന്ന ദേശീയ സഭയാണ് വേണ്ടന്നുവെച്ചതു്. കുമിന്താങ്ങിന്റെ നിശ്ചയമനുസരിച്ച് അതിന് നേരിയ അധികാരങ്ങൾപോലുമുണ്ടാകുമായിരുന്നില്ല. അതിന്റെ തിരഞ്ഞെടുപ്പുനടപടികൾ ജനാഭിലാഷത്തിന് തികച്ചും എതിരായുള്ളവയുമായിരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങളോടുമൊപ്പം ഞങ്ങളും അത്തരം ഒരു ദേശീയസഭയെ നിരാകരിച്ചിരുന്നു. ഞങ്ങൾ നിർദ്ദേശിക്കുന്ന താല്കാലിക ദേശീയ പ്രതിനിധിസഭ ഇപ്പോൾ വേണ്ടെന്നുവച്ചിരിക്കുന്ന സഭയിൽനിന്നും സമൂലമായിതന്നെ വ്യത്യസ്തമാണ്. ഈ പുതിയ ദേശീയ സഭയുടെ സമ്മേളനം ഇന്ന് സംശയലേശമേന്യ മുഴുവൻ ദേശത്തിനും ഒരു പുതിയ ഉണർവ്വ് നൽകുകയും, സർക്കാർ ഭരണയന്ത്രത്തിന്റേയും സൈന്യത്തിന്റെയും അഴിച്ചുപണിയലിനും മുഴുവൻ ജനതയേയും അണിനിരത്തുന്നതിനുമാവശ്യമായ മുന്നുപാധികൾ ലഭ്യമാക്കുകയും ചെയ്യും. ചെറുത്തുനില്പുയുദ്ധത്തിന്റെ അനുകൂലമായ വഴിത്തിരിവ് ഇതിനെ ആധാരമാക്കിയാണ് ഉണ്ടാവുക.

Scanned by CamScanner

# ഷാങ്ങ്ഹായുടെയും തായ്യ്യുവാന്റെയും പതനത്തിനുശേഷം ജാപ്പുവിരുദ്ധ യുദ്ധത്തിന്റെ സ്ഥിതിയും കടമകളും*

*1937 നവംബർ 12*

## 1. ഇന്നത്തെ സ്ഥിതി ഭാഗിക ചെറുത്തുനില്പിൽനിന്നും സമൂലമായ ഒരു ചെറുത്തുനില്പിലേയ്ക്കുള്ള പരിവർത്തനത്തിന്റേതാണ്.

(1) ജാപ്പ് സാമ്രാജ്യത്വ ആക്രമണത്തിനെതിരായി ഭാഗികമാണെങ്കിൽ
പോലും ഏതുതരം ചെറുത്തുനില്പു യുദ്ധത്തേയും ഞങ്ങൾ പിന്താങ്ങുന്നു.
കാരണം ഭാഗികമായ ചെറുത്തുനില്പ്, ചെറുത്തുനില്പേ ഇല്ല എന്നതിൽ
നിന്ന് മുമ്പോട്ടുള്ള ഒരു കാൽവയ്പും, ഒരു പരിധിവരെ വിപ്ളവസ്വഭാ
വമുള്ളതും മാതൃഭൂമിയെ പ്രതിരോധിക്കുന്നതിനുള്ള ഒരു യുദ്ധവും ആണ്.
(2) ഏതായാലും ഞങ്ങൾ നേരത്തെതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതു
പോലെ (ഇക്കൊല്ലം ഏപ്രിലിൽ യെനാനിൽവച്ച് കൂടിയ പാർട്ടിപ്രവർ
ത്തകരുടെ സമ്മേളനത്തിലും, മേയിൽ നടന്ന പാർട്ടിയുടെ ദേശീയസ
മ്മേളനത്തിലും, ആഗസ്റ്റിൽ കൂടിയ പാർട്ടിയുടെ കേന്ദ്രകമ്മിററിയുടെ
പോളിററ് ബ്യൂറോയുടെ പ്രമേയത്തിലും) ബഹുജന പങ്കാളിത്തമില്ലാതെ
സർക്കാർ മാത്രമായി നടത്തുന്ന ഭാഗികമായ ചെറുത്തുനില്പ് തീർച്ചയായും
പരാജയമടയും. കാരണം അത് ഒരർത്ഥത്തിലും ഒരു ദേശീയ വിപ്ളവ
യുദ്ധമല്ല; ജനങ്ങളുടെ യുദ്ധമല്ല.
(3) മുഴുവൻ ജനതയേയും അണിനിരത്തിക്കൊണ്ടുള്ള എല്ലാ അർത്ഥത്തി
ലും വിപ്ലവകരമായ ഒരു ദേശീയ യുദ്ധത്തിനുവേണ്ടി—മററു വാക്കുകളിൽ
പറഞ്ഞാൽ സമൂലമായ ചെറുത്തുനില്പു യുദ്ധത്തിനുവേണ്ടി—ഞങ്ങൾ

---

* ഇതു് 1937 നവംബറിൽ യെനാനിൽ വച്ച് കൂടിയ പാർട്ടിയുടെ സജീവ പ്രവർത്തകരുടെ സമ്മേളനത്തിൽ സഖാവ് മാവോ സെതുങ്ങ് അവതരിപ്പിച്ച റിപ്പോർട്ടിന്റെ രൂപരേഖയാണ്. പാർട്ടിയിലെ വലതുപക്ഷ അവസരവാദികൾ ഇതിനെ ഉടനെതന്നെ എതിർക്കുകയുണ്ടായി. 1938 ഒക്ടോബറിൽ കൂടിയ പാർട്ടിയുടെ ആറാമത് സമ്പൂർണ്ണ സമ്മേളനം വരെ വലതുപക്ഷ വ്യതിയാനത്തെ അടിസ്ഥാനപരമായി തരണം ചെയ്യാൻ കഴിഞ്ഞിരുന്നില്ല.

Scanned by CamScanner

നിലകൊള്ളുന്നു. കാരണം, അത്തരം ഒരു ചെറുത്തുനില്പുയുദ്ധം മാത്രമേ ഒരു ജനകീയ യുദ്ധമാവുകയുള്ളൂ; മാതൃഭൂമിയെ പ്രതിരോധിക്കുക എന്ന ലക്ഷ്യം നേടാൻ കഴിവുള്ളതായിരിക്കുകയുമുള്ളൂ.

(4) കുമിന്താങ്ങ് ശുപാർശ ചെയ്യുന്ന ഭാഗികമായ ചെറുത്തുനില്പുയുദ്ധം ഒരു ദേശീയയുദ്ധവും, ഒരു പരിധിവരെ വിപ്ലവസ്വഭാവമുള്ളതുമാണെങ്കിൽകൂടി അതിന്റെ വിപ്ലവസ്വഭാവം പൂർണ്ണതയിൽനിന്നും വളരെ ദൂരത്താണ്. ഭാഗികമായ ചെറുത്തുനില്പ് ഒരു യുദ്ധത്തെ പരാജയപ്പെടുത്തുകയേ ഉള്ളൂ. അതിനൊരിക്കലും മാതൃഭൂമിയെ വിജയകരമായി പ്രതിരോധിക്കാൻ കഴിയുകയില്ല.

(5) ഇവിടെയാണ് ചെറുത്തുനില്പുയുദ്ധത്തെ സംബന്ധിച്ചിടത്തോളം കമ്യൂണിസ്റ്റുപാർട്ടിയുടെ നിലപാടിലും, കുമിന്താങ്ങ് കക്ഷിയുടെ നിലപാടിലും തത്വത്തിലുള്ള വ്യത്യാസം സ്ഥിതിചെയ്യുന്നത്. കമ്യൂണിസ്റ്റുകാർ തത്വത്തിലുള്ള വ്യത്യാസങ്ങൾ മറക്കുകയാണെങ്കിൽ അവർക്ക് ചെറുത്തുനില്പുയുദ്ധം ശരിയായി നയിക്കാൻ കഴിയുകയില്ല. അവർക്ക് ഒരു വശം മാത്രം കാണുന്ന കുമിന്താങ്ങ് നയത്തെ എതിർത്തു തോല്പിക്കാൻ ശക്തിയില്ലാതാവുകയും, സ്വയം തത്വങ്ങൾ ബലികഴിക്കുന്ന നീചമായ പതനത്തിലേയ്ക്ക് താഴ്ന്നുപോവുകയും തങ്ങളുടെ പാർട്ടിയെ കുമിന്താങ്ങ് കക്ഷിക്കൊപ്പം താഴ്ത്തിക്കെട്ടുകയും ചെയ്യും. ദേശീയ വിപ്ലവസമരം നടത്തുകയും മാതൃഭൂമിയെ പ്രതിരോധിക്കുകയും ചെയ്യുക എന്ന പരിപാവന ലക്ഷ്യത്തിനെതിരായുള്ള ഒരു പാതയായിരിക്കും അത്.

(6) പൂർണ്ണാർത്ഥത്തിലുള്ള ഒരു ദേശീയ വിപ്ലവസമരത്തിൽ, അതായത് ഒരു ആത്യന്തിക ചെറുത്തുനില്പുയുദ്ധത്തിൽ ജപ്പാനെ ചെറുക്കുന്നതിനും രാഷ്ട്രത്തെ രക്ഷിക്കുന്നതിനുമായി കമ്യൂണിസ്റ്റുപാർട്ടി നിർദ്ദേശിച്ച പത്തിനപരിപാടി നടപ്പിലാക്കേണ്ടത് ഒഴിച്ചുകൂടാനാവാത്തതാണ്. അതുപോലെ ഈ പരിപാടികൾ മുഴുവനായി നടപ്പാക്കുന്ന ഒരു സർക്കാരും സായുധസേനയും ഉണ്ടായിരിക്കുക എന്നതും ആവശ്യമാണ്.

(7) ഷാങ്ങ്ഹായിയുടേയും തായ്‌യുവാന്റേയും പതനത്തിനുശേഷമുള്ള സ്ഥിതി താഴെപ്പറയുന്നവയാണ്.

1. വടക്കൻ ചൈനയിൽ കുമിന്താങ്ങ് മുഖ്യപങ്കുവഹിച്ച സാധാരണ യുദ്ധം അവസാനിച്ചുകഴിയുകയും, കമ്യൂണിസ്റ്റുകാർ മുഖ്യപങ്കു വഹിക്കുന്ന ഒളിപ്പോരു് പ്രഥമസ്ഥാനത്തെത്തുകയും ചെയ്തിരിക്കുന്ന ക്യാങ്ങ്സു, ചെക്കിയാങ്ങ് പ്രവിശ്യകളിൽ ജാപ്പ് ആക്രമണകാരികൾ കുമിന്താങ്ങ് പോരാട്ടനിരകളെ ഭേദിക്കുകയും നാങ്കിങ്ങ്–യാങ്ങ്ടിസിങ്ങിന്റെ ഭാഗികമായ ചെറുത്തുനില്പിനു് നീണ്ടുനിൽക്കാൻ കഴിയില്ലെന്നു് തെളിഞ്ഞുകഴിഞ്ഞു.

താഴ്‌വരകളിലേയ്ക്ക് മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കുമിന്താ

2. തങ്ങളുടെ സാമ്രാജ്യത്വ താല്പര്യം മുൻനിറുത്തി ബ്രിട്ടനിലേയും, അമേരിക്കൻ ഐക്യനാടുകളിലേയും, ഫ്രാൻസിലേയും സർക്കാരുകൾ ചൈനയെ സഹായിക്കുമെന്നു് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ വാക്കുകൾ കൊണ്ടുള്ള സഹാനുഭൂതി പ്രകടനമല്ലാതെ പ്രായോഗികമായ ഒരു സഹായവും ലഭിച്ചില്ല.

3. ജർമ്മനിയിലേയും, ഇററലിയിലേയും ഫാസിസ്റ്റുകൾ ജപ്പാനെ സഹായിക്കുന്നതിനു് കഴിവുള്ളതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു.

4. ജനങ്ങളുടെ മേലുള്ള തങ്ങളുടെ ഏകകക്ഷി സർവ്വാധിപത്യത്തിലും സ്വേഛാധിപത്യ ഭരണത്തിലും എന്തെങ്കിലും മൌലികമാററങ്ങൾ വരുത്തുവാൻ കുമിന്താങ്ങിനു് ഇപ്പോഴും വിസമ്മതമാണു്.

ഇതു് ചിത്രത്തിന്റെ ഒരു വശമാണു്.

Scanned by CamScanner

മറുവശം താഴെ പറയുന്നതിൽനിന്നും മനസ്സിലാക്കാം.

1. കമ്യൂണിസ്റ്റ് പാർട്ടിയുടേയും എട്ടാംപഥ സേനയുടേയും രാഷ്ട്രീയ സ്വാധീനം വളരെവേഗം വ്യാപിപ്പിക്കുകയും അവരെ ''രാഷ്ട്രത്തിന്റെ രക്ഷകന്മാർ'' എന്ന് രാജ്യമാസകലം പുകഴ്ത്തുകയും ചെയ്യുന്നു. വടക്കൻ ചൈനയിൽ രാഷ്ട്രത്തെ മുഴുവൻ പ്രതിരോധിക്കുന്നതിനായി ഒളിപ്പോരു തുടർന്നുകൊണ്ടു പോകുന്നതിനും, ജാപ്പ് ആക്രമണകാരികളെ തടഞ്ഞുനിറുത്തുന്നതിനും, മദ്ധ്യസമതലങ്ങളേയും വടക്കുകിഴക്കൻ ഭാഗങ്ങളേയും ആക്രമിക്കുന്നതിൽനിന്ന് അവരെ തടയുന്നതിനും, കമ്യൂണിസ്റ്റു പാർട്ടിയും എട്ടാംപഥസേനയും തീർച്ചപ്പെടുത്തിയിരിക്കുന്നു.

2. ജനകീയ പ്രസ്ഥാനം ഒരു പടികൂടി വളർന്നിരിക്കുന്നു.

3. ദേശീയ ബൂർഷ്വാസി ഇടതുപക്ഷത്തേയ്ക്കു ചാഞ്ഞുകൊണ്ടിരിക്കുന്നു.

4. കുമിന്താങ്ങ് കക്ഷിക്കാർക്കുള്ളിൽതന്നെ പരിഷ്കരണത്തിനുവേണ്ടിയുള്ള ശക്തികൾ വളർന്നുകൊണ്ടിരിക്കുന്നു.

5. ജപ്പാനെ എതിർക്കുന്നതിനും, ചൈനയെ സഹായിക്കുന്നതിനും വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ ലോകജനതയിലെമ്പാടും പടർന്നുകൊണ്ടിരിക്കുന്നു.

6. ചൈനയ്ക്കു സക്രിയമായ സഹായം നൽകുന്നതിന് സോവിയററ് യൂണിയൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു.

ഇതാണ് ചിത്രത്തിന്റെ മറുവശം.

(8) അതുകൊണ്ട് ഇന്നത്തെ സ്ഥിതി ഭാഗികമായ ചെറുത്തുനില്പിൽനിന്നും ആത്യന്തിക ചെറുത്തുനില്പിലേക്കുള്ള ചെറുത്തുനില്പു യുദ്ധത്തിന്റേതാണ്. ഭാഗികമായ ചെറുത്തുനില്പ് ദീർഘകാലം നിലനില്ക്കുകയില്ല. എങ്കിലും ആത്യന്തിക ചെറുത്തുനില്പ് ഇനിയും തുടങ്ങിക്കഴിഞ്ഞിട്ടില്ല. ഒന്നിൽനിന്ന് മറെറാന്നിലേയ്ക്കുള്ള ഈ മാററത്തിനുവേണ്ടി വരുന്ന കാലവിളംബം അപകടപൂർണ്ണമാണ്.

9. ഈ കാലഘട്ടത്തിൽ ചൈനയുടെ ഭാഗികമായ ചെറുത്തുനില്പ് താഴെ പറയുന്ന മൂന്നെണ്ണത്തിൽ ഏതെങ്കിലും ഒരു ദിശയിലേയ്ക്ക് വികസിച്ചേക്കാം. ഒന്നാമതായി ഭാഗിക ചെറുത്തുനില്പിന്റെ അന്ത്യവും അതിന്റെ സ്ഥാനത്ത് ആത്യന്തിക ചെറുത്തുനില്പിന്റെ ആഗമനവും. ഇതാണ് രാഷ്ട്രത്തിൽ ഭൂരിപക്ഷം ആളുകളും ആവശ്യപ്പെടുന്നതെങ്കിലും കുമിന്താങ്ങ് ഇനിയും തീരുമാനത്തിലെത്തിയിട്ടില്ല. രണ്ടാമത്തേത് സായുധ ചെറുത്തുനില്പിന്റെ അന്ത്യവും അതിന്റെ സ്ഥാനത്ത് കീഴടങ്ങൽ—ഇതാണ് ജാപ്പ് ആക്രമണകാരികളും രാജ്യദ്രോഹികളും അഞ്ചാംപത്തികളും ജാപ്പ് അനുകൂലികളും ആവശ്യപ്പെടുന്നതും; എന്നാൽ ഭൂരിപക്ഷം ചൈനക്കാർ എതിർക്കുന്നതും. മൂന്നാമതായി സായുധ ചെറുത്തുനില്പിന്റെയും കീഴടങ്ങലിന്റേയും ഒരേസമയത്തുള്ള സാന്നിദ്ധ്യം. ഇത് ജാപ്പ് ആക്രമണകാരികളുടേയും രാജ്യദ്രോഹികളുടേയും അഞ്ചാംപത്തികളുടേയും ജാപ്പ് അനുകൂലികളുടേയും രണ്ടാമത്തെ ദിശയിലേക്കുള്ള വ്യതിചലനം സാദ്ധ്യമല്ലെന്നു കണ്ടാൽ ചൈനയുടെ ജാപ്പ് വിരുദ്ധ മുന്നണിയെ ഭിന്നിപ്പിക്കുന്നതിനുള്ള കുതന്ത്രങ്ങളുടെ ഫലമായി സംഭവിക്കാവുന്നതാണ്. അവർ ഇതുപോലുള്ള ഒന്നിനുവേണ്ടിയാണ് ഒരുക്കൂട്ടിക്കൊണ്ടിരിക്കുന്നത്. ഈ അപകടം തീർച്ചയായും ഗുരുതരമാണ്.

10. ഇന്നത്തെ പരിത:സ്ഥിതിയിൽനിന്നും അനുമാനിക്കാവുന്നത് കീഴടങ്ങലിനെ എതിർക്കുന്ന ദേശീയവും, സാർവ്വദേശീയവുമായ ഘടകങ്ങൾക്ക് മുൻകൈ ലഭിക്കുന്നുണ്ടെന്നാണ്. പൊരുതുവാനല്ലാതെ മററു മാർഗ്ഗമൊന്നുമില്ലാത്ത വിധം ചൈനയെ തങ്ങളുടെ അധീനതയിൽ കൊണ്ടുവരണമെന്ന നയത്തിലുള്ള ജപ്പാന്റെ കടുംപിടി, കമ്യൂണിസ്റ്റ് പാർട്ടിയു

Scanned by CamScanner

ടേയും, എട്ടാംപഥ സേനയുടേയും നിലനില്പ്; ചൈനീസ് ജനതയുടെ അ
ഭിലാഷം, ഭൂരിപക്ഷം ക്വമിന്താങ് അംഗങ്ങളുടേയും ആഗ്രഹം, ക്വമിന്താ
ങ്ങിൻെറ കീഴടങ്ങൽ തങ്ങളുടെ താല്പര്യങ്ങൾക്ക് ഹാനികരമാവുമെന്നുള്ള
ബ്രിട്ടൻ, അമേരിക്കൻ, ഐക്യനാടുകൾ, ഫ്രാൻസ് എന്നിവയുടെ
ഉല്കണ്ഠ, സോവിയററു യൂണിയൻെറ നിലനില്പും ചൈനയ്ക്ക് സഹായമാ
യിട്ടുള്ള അവരുടെ നയങ്ങളും, സോവിയററ് യൂണിയനിൽ ചൈനീസ്
ജനതയർപ്പിക്കുന്ന വമ്പിച്ച പ്രതീക്ഷ, ഇവയെല്ലാം ആ ഘടകങ്ങളിൽ
ഉൾപ്പെടുന്നു. ഈ ഘടകങ്ങളുടെ ഉചിതവും, ഏകോപിതവുമായ പ്രയോ
ഗം കീഴടങ്ങൽ വാദത്തേയും പിളർപ്പൻ നയത്തേയും നിരാശപ്പെടുത്തു
മെന്നു മാത്രമല്ല, ഭാഗികമായ ചെറുത്തുനില്പിനപ്പുറം ഏതു മുന്നേററത്തിനു
മുള്ള തടസ്സങ്ങളെ തരണം ചെയ്യാൻ സഹായിക്കുകയും ചെയ്യും.

11. ആയതിനാൽ ഭാഗിക ചെറുത്തുനില്പിൽനിന്നും ആത്യന്തിക ചെറുത്തു
നില്പിലേയ്ക്കുള്ള പ്രയാണത്തിനുള്ള സാധ്യതകളുണ്ട്. ഈ സാധ്യതയ്ക്കുവേ
ണ്ടി പരിശ്രമിക്കുക എന്നുള്ളതാണ് മികച്ച ചൈനീസ് കമ്യൂണിസ്റ്റുകളു
ടേയും, ക്വമിന്താങ്ങിലെ പുരോഗമനകാംക്ഷികളായ അംഗങ്ങളുടേയും
മൊത്തം ചൈനീസ് ജനതയുടേയും കടമ.

12. ചൈനയുടെ ജാപ്പ് വിരുദ്ധ ദേശീയ വിപ്ലവയുദ്ധം ഇന്നു
ഗൗരവതരമായ ഒരു പ്രതിസന്ധിയെ നേരിടുകയാണ്. ഈ പ്രതിസന്ധി
നീങ്ങിപ്പോവുകയോ, അതു് കഴിയുന്നത്രവേഗം തരണം ചെയ്യപ്പെടുകയോ
ചെയ്യാം. ആഭ്യന്തരമായി, ക്വമിന്താങ്–കമ്യൂണിസ്റ്റ് സഹകരണവും,
ആ സഹകരണത്തിനനുസൃതമായി ക്വമിന്താങ്ങിൻെറ നയങ്ങളിലുള്ള മാ
ററങ്ങളും തൊഴിലാളി–കർഷ ബഹുജനങ്ങളുടെ ശക്തിയും വിധിനിർണ്ണാ
യക ഘടകങ്ങളാണ്.

13. ക്വമിന്താങ്കക്ഷിയുടെ രാഷ്ട്രീയവും സംഘടനാപരവു
മായ പരിഷ്ക്കരണം ആവശ്യമാണ്, സാദ്ധ്യവുമാണ്2 . അതിനുള്ള
പ്രധാന കാരണങ്ങൾ ജപ്പാൻെറ സമ്മർദ്ദം, ചൈനീസ് കമ്യൂണിസ്റ്റ്പാർ
ട്ടിയുടെ ഐക്യമുന്നണി നയം, ചൈനീസ് ജനതയുടെ അഭിലാഷം, ക്വമി
ന്താങ്കക്ഷിയിൽ പുതിയ ശക്തികളുടെ വളർച്ച എന്നിവയാണ്. സർ
ക്കാരിന്റേയും, സായുധസേനയേയും പരിഷ്ക്കരണവിധേയമാക്കുന്നതി
നുള്ള അടിസ്ഥാനമെന്ന നിലയ്ക്കു് ക്വമിന്താങ്ങിൻെറ ഈ പരിഷ്ക്കരണ
ത്തിനുവേണ്ടി ശ്രമിക്കുക എന്നതാണ് നമ്മുടെ കർത്തവ്യം. ഈ പരി
ഷ്ക്കരണത്തിനു് സംശയലേശമെന്യേ ക്വമിന്താങ്കക്ഷിയുടെ കേന്ദ്ര
നിർവ്വാഹകസമിതിയുടെ സമ്മതം വേണം.

14. സർക്കാരിനെ തീർച്ചയായും പരിഷ്ക്കരിക്കണം. താല്ക്കാ
ലിക ദേശീയസഭ വിളിച്ചുകൂട്ടണമെന്നു ഞങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.
അതു് ആവശ്യവും സാദ്ധ്യവുമാണ്. സംശയലേശമെന്യേ ഈ പരി
ഷ്ക്കാരത്തിനു് ക്വമിന്താങ്ങിൻെറ സമ്മതം കിട്ടണം.

15. ഒരു പുതിയ സൈന്യം കെട്ടിപ്പടുക്കുക എന്നതും പഴയതിനെ
പരിഷ്ക്കരിക്കുക എന്നതും അടങ്ങിയതാണ് സേനയെ പരിഷ്ക്കരിക്കു
ക എന്ന കർത്തവ്യം. ഒരു പുതിയ രാഷ്ട്രീയസത്ത ഉൾക്കൊള്ളുന്ന, രണ്ടര
ലക്ഷം മുതൽ മൂന്നുലക്ഷത്തോളം ആളുകൾ അടങ്ങുന്ന ഒരു പുതിയ സേന
ആറു മുതൽ പന്ത്രണ്ടു മാസത്തിനകം സംഘടിപ്പിക്കുകയാണെങ്കിൽ ജാപ്പ്
വിരുദ്ധ രണാങ്കണത്തിൽ മാററങ്ങൾ വരുത്തുന്നതു് തുടങ്ങാൻ കഴിയും.
അത്തരം ഒരു പുതിയ സേനയ്ക്കു് പഴയ സൈന്യത്തെ സ്വാധീനമാക്കുവാനും
അവർക്കു ചുററും അണിനിരത്തുവാനും കഴിയും. ചെറുത്തുനില്പുയുദ്ധ
ത്തിൽ പ്രത്യാക്രമണത്തിനുള്ള തന്ത്രപരമായ സൈനികാടിസ്ഥാനമുണ്ടാ
ക്കുന്നതിനു് അതുപകരിക്കും. ഇതിനും ക്വമിന്താങ്ങിൻെറ സമ്മതം വേണ്ടി

യാരിക്കുന്നു. എട്ടാംപഥസേനയ്ക്കു് ഈ പരിഷ്കരണപ്രക്രിയയിൽ വളരെ ശ്ലാഘനീയമായ ഒരു പങ്കു നിർവ്വഹിക്കാൻ കഴിയണം. എട്ടാംപഥസേനയും വികസിപ്പിക്കപ്പെടണം.

# II. പാർട്ടിക്കുള്ളിലും രാജ്യമെമ്പാടും കീഴടങ്ങൽവാദത്തെ എതിർത്തുതോല്പിക്കുകതന്നെ വേണം.

*പാർട്ടിക്കുള്ളിൽ വർഗപരമായ കീഴടങ്ങലിനെ എതിരിടുക.*

16. 1927–ൽ ചെൻ ടുസ്യുവിൻെറ കീഴടങ്ങൽവാദം വിപ്ലവത്തിനെ പരാജയത്തിലേക്കു നയിച്ചു. ചോരയിലെഴുതപ്പെട്ടിട്ടുള്ള ഈ ചരിത്രപരമായ പാഠം പാർട്ടിയിലെ ഒരൊററ അംഗവും മറന്നുകൂടാത്തതാണു്.

17. ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയുടേതായ പാർട്ടിയുടെ ലൈനിനെ സംബന്ധിച്ചിടത്തോളം, ലൂക്കൗച്യാവോ സംഭവത്തിനു മുൻപു് പാർട്ടിക്കുള്ളിൽ പ്രധാന വിപത്തു് 'ഇടതുപക്ഷ' അവസരവാദമായിരുന്നു. അതായതു് വാതിലുകൾ കൊട്ടിയടയ്ക്കൽനയം. കൂമിന്താങ്ങ് അപ്പോഴും ജപ്പാനെ ചെറുത്തുനില്ക്കാൻ തുടങ്ങിയിട്ടില്ലായിരുന്നു എന്നതാണു് അതിനുള്ള മുഖ്യകാരണം.

18. ലൂക്കൗച്യാവോ സംഭവത്തിനുശേഷം പാർട്ടിക്കുള്ളിൽ പ്രധാന വിപത്തു് ''ഇടതുപക്ഷ'' വാതിൽ കൊട്ടിയടയ്ക്കൽ നയമല്ല. മറിച്ചു് വലതുപക്ഷ അവസരവാദിത്വമാണു്; അതായതു് കീഴടങ്ങൽവാദം. അതിനുള്ള മുഖ്യ ഹേതു കൂമിന്താങ്ങ് ജപ്പാനെ ചെറുത്തുനില്ക്കാൻ തുടങ്ങി എന്നുള്ളതാണു്.

19. പാർട്ടിപ്രവർത്തകരുടെ ഏപ്രിലിൽ കൂടിയ യെനാൻ സമ്മേളനത്തിനുശേഷം, മേയിൽ കൂടിയ പാർട്ടിയുടെ ദേശീയസമ്മേളനത്തിലും, വിശേഷിച്ചും കേന്ദ്രകമ്മിററിയുടെ പോളിററ്ബ്യൂറോയുടെ ആഗസ്റ്റ് യോഗത്തിലും (ലോചാൻ സമ്മേളനം) നമ്മൾ താഴെപ്പറയുന്ന ചോദ്യം ഉന്നയിച്ചു. ഐക്യമുന്നണിയിൽ തൊഴിലാളി ബൂർഷ്വാസിയെ നയിക്കുമോ? ഇന്നത്തെ സവിശേഷ രാഷ്ട്രീയ കടമയുമായി ബന്ധപ്പെടുത്തുമ്പോൾ ഈ ചോദ്യത്തിൻെറ സാരം ഇതാണു്. കൂമിന്താങ്ങ്കക്ഷി ജപ്പാനെ ചെറുത്തു് രാഷ്ട്രത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള പത്തിനപരിപാടിയുടെ നിലവാരത്തിലേക്കു്, കമ്യൂണിസ്റ്റ്പാർട്ടി വാദിച്ചുപോരുന്നതായ ആത്യന്തിക ചെറുത്തുനില്പിൻെറ തലത്തിലേക്കു് ഉയർത്തപ്പെടണമോ? അതോ കമ്യൂണിസ്റ്റ്പാർട്ടി ഭൂപ്രഭുക്കളുടേയും, ബൂർഷ്വാസിയുടേതുമായ കൂമിന്താങ്ങ് സ്വേച്ഛാധിപത്യത്തിൻെറ നിലവാരത്തിലേക്കു്, ഭാഗികമായ ചെറുത്തുനില്പിൻെറ തലത്തിലേക്കു് നിപതിക്കണമോ?

20. എന്തുകൊണ്ടു് നാം ഈ ചോദ്യം അത്ര മൂർച്ചയോടുകൂടി ഉന്നയിക്കണം. അതിൻെറ ഉത്തരം ഇതാണു്: ഒരുവശത്തു് ചൈനീസ് ബൂർഷ്വാസിയുടെ ഒത്തുതീർപ്പിനുള്ള സന്നദ്ധത, കൂമിന്താങ്ങ് കക്ഷിയുടെ ദ്രവ്യപരമായ മികച്ച സ്ഥിതി, കമ്യൂണിസ്റ്റ്പാർട്ടിയെ അപകീർത്തിപ്പെടുത്തുന്നതിനും, അധിക്ഷേപിക്കുന്നതും, ''വർഗ്ഗസമരം അവസാനിപ്പിക്കണമെന്നു്'' മുറവിളി കൂട്ടുന്നതുമായ കൂമിന്താങ്ങ് കേന്ദ്ര നിർവ്വാഹക

Scanned by CamScanner

സമിതിയുടെ സമ്പൂർണ്ണ സമ്മേളനത്തിലെ തീരുമാനങ്ങളും പ്രഖ്യാപനങ്ങളും, ''കമ്യൂണിസ്റ്റ്പാർട്ടിയുടെ കീഴടങ്ങലി''നുവേണ്ടിയുള്ള കുമിന്താങ്ങിന്റെ ദുരാഗ്രഹവും ആ ലക്ഷ്യം നേടുന്നതിനായുള്ള അതിന്റെ വിപുലമായ പ്രചാരണങ്ങളും, കമ്യൂണിസ്റ്റ്പാർട്ടിയെ തന്റെ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരാനുള്ള ചിയാങ്ങ് കൈഷെക്കിന്റെ ശ്രമങ്ങളും, ചുവപ്പുസേനയേയും ജാപ്പവിരുദ്ധ ജനാധിപത്യ താവളപ്രദേശങ്ങളേയും കൂച്ചുവിലങ്ങിടുകയും ശക്തിഹീനമാക്കുകയും ചെയ്യുന്ന കുമിന്താങ്ങിന്റെ നയങ്ങൾ ''ചെറുത്തുനില്പുയുദ്ധത്തിനിടയിൽ'' കമ്യൂണിസ്റ്റ്പാർട്ടിയുടെ ശക്തി അഞ്ചിൽ രണ്ടു ഭാഗമായി കുറയ്ക്കുന്നതിനായി ജൂലൈയിലെ കുമിന്താങ്ങ് ലുഷാൻ പരിശീലനകോഴ്സിൽ പടച്ചുണ്ടാക്കിയ പദ്ധതി, മദിരയും മദിരാക്ഷിയും പേരും പെരുമയും വച്ചുനീട്ടി കമ്യൂണിസ്റ്റു കേഡർമാരെ പാട്ടിലാക്കാനുള്ള കുമിന്താങ്ങിന്റെ ശ്രമങ്ങൾ, ചില പെററിബൂർഷ്വാ ഉല്പതിഷ്ണുക്കളുടെ രാഷ്ട്രീയമായ കീഴടങ്ങൽ (ചാങ്ങ്നായ്—ചി14 പ്രതിനിധാനം ചെയ്യുന്ന) മുതലായവ ഇന്ന് നമ്മുടെ മുന്നിലുണ്ട്.

മറുഭാഗത്ത് കമ്യൂണിസ്റ്റുകാർക്കിടയിലുള്ള അസന്തുലിതമായ സൈദ്ധാന്തിക നിലവാരം, വടക്കൻ പടനീക്കത്തിന്റെ കാലത്ത് ഇരുപാർട്ടികളും തമ്മിലുള്ള സഹകരണത്തിന്റെ അനുഭവം പല പാർട്ടിഅംഗങ്ങൾക്കും ഇല്ല എന്നവസ്തുത, വലിയൊരു പററം പാർട്ടിഅംഗങ്ങൾ പെററിബൂർഷ്വാസിയിൽനിന്നും വന്നവരാണെന്നുള്ള വസ്തുത, കടുത്ത സമരജീവിതം നയിക്കുന്നതിന് പല പാർട്ടിഅംഗങ്ങൾക്കുമുള്ള വിമുഖത, ഐക്യമുന്നണികളിൽ കുമിന്താങ്ങുമായി തത്വരഹിതമായ രീതിയിൽ ഒന്നിച്ചുപോകാനുള്ള പ്രവണത, എട്ടാംപഥസേനയിൽ ഒരു പുതിയതരം യുദ്ധപ്രഭുത്വപ്രവണത ഉയർന്നുവരുന്നത്, കുമിന്താങ്ങ് സർക്കാരിൽ കമ്യൂണിസ്റ്റുകാരുടെ ഭാഗഭാഗിത്വം എന്ന പ്രശ്നം ഉദിച്ചുവരുന്നത്, ജാപ്പ്‌വിരുദ്ധ ജനാധിപത്യ താവളപ്രദേശങ്ങളിൽ അമിതമായി താവളമടിക്കാനുള്ള പ്രവണത എന്നിവയും ഇന്നു നമ്മുടെ മുന്നിലുണ്ട്.

മുകളിൽ വിവരിച്ച ഗുരുതരമായ പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ട്, ആരാണ് നയിക്കേണ്ടതെന്ന ചോദ്യം മൂർച്ചയോടുകൂടി നമ്മൾ ഉന്നയിക്കുകയും കീഴടങ്ങൽ വാദത്തെ അടിയുറച്ചുനിന്ന് എതിരിടുകയും വേണം. കഴിഞ്ഞ കുറെ മാസങ്ങളായി, പ്രത്യേകിച്ചും ചെറുത്തുനില്പുയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം യഥാർത്ഥത്തിലുള്ളതോ, ഉണ്ടാകാവുന്നതോ ആയ കീഴടങ്ങൽ പ്രവണതയ്ക്കെതിരായി കേന്ദ്രകമ്മിററിയും പാർട്ടിയുടെ നിലവാരത്തിലുള്ള എല്ലാ സംഘടനകളും നേരിട്ടും ഉറച്ചുനിന്നുള്ളതുമായ ഒരു സമരം ചെയ്യുകയും അത്തരം പ്രവണതയ്ക്കെതിരായി വിവിധ മുൻകരുതലുകൾ എടുക്കുകയും അതിന്റെ നല്ല ഫലങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര കമ്മിററി സർക്കാരിൽ കമ്യൂണിസ്റ്റുകാരുടെ ഭാഗഭാഗിത്വം എന്ന പ്രശ്നത്തെപ്പററി, ഒരു കരടുപ്രമേയം 5 പ്രസിദ്ധീകരിക്കുകയുണ്ടായി.

എട്ടാംപഥസേനയിൽ പുതിയ യുദ്ധപ്രഭുത്വപ്രവണതയ്ക്കെതിരായിട്ടുള്ള ഒരു സമരം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ചില വ്യക്തികൾ ചുവപ്പുസേന പദവി മാററിയതിനുശേഷം കമ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിനു വിധേയരാകുന്നതിൽ വിമുഖത കാട്ടുക, വ്യക്തിപര ധീരത എന്ന സ്വഭാവം വളർന്നുവരിക, കുമിന്താങ്ങുകൾ നൽകുന്ന നിയമനങ്ങളിൽ (ഉദാ:— ഓഫീസർമാരാക്കുക) അഭിമാനംകൊള്ളുക എന്നിങ്ങനെ ഈ പ്രവണത പ്രതിഫലിക്കുന്നുണ്ട്. ഈ പുതിയ യുദ്ധപ്രഭുത്വപ്രവണതയ്ക്ക്, പഴയ മേധാവിത്വപ്രവണതയുടെ അതേവേരുകളും (കുമിന്താങ്ങിന്റെ നില

Scanned by CamScanner

വാരത്തിലേക്ക് കമ്യൂണിസ്റ്റ്പാർട്ടിയേയും അധ:പതിപ്പിക്കൽ) അതേഫലവും (ബഹുജനങ്ങളിൽനിന്ന് ഒററപ്പെടൽ) തന്നെയാണുള്ളത്. ആ പഴയ യുദ്ധപ്രഭുത്വപ്രവണത ആളുകളെ തല്ലുകയും ചീത്തവിളിക്കുകയും ചെയ്യുക, അച്ചടക്കം ലംഘിക്കുക മുതലായ രീതിയിലാണ് പ്രകടിപ്പിക്കപ്പെട്ടിരുന്നത്. ക്വമിന്താങ്ങ്—കമ്യൂണിസ്റ്റ് ഐക്യമുന്നണിയുടെ ഈ കാലഘട്ടത്തിലാണ് ഇതുണ്ടാകുന്നതെന്നത് പ്രത്യേകിച്ചും അപകടകരമാണ്. അതുകൊണ്ടുതന്നെ ഇത് സവിശേഷ ശ്രദ്ധയർഹിക്കുന്നതും, ദൃഢതയോടുകൂടി എതിർക്കപ്പെടേണ്ടതുമാണ്. ക്വമിന്താങ്ങ് ഇടപെടൽ മൂലം ത്യജിക്കപ്പെട്ടിരുന്ന പൊളിററിക്കൽ കമ്മി സാർ സമ്പ്രദായവും, അതേകാരണംകൊണ്ടുതന്നെ ''രാഷ്ട്രീയ പരിശീലനഓഫീസുകാം'' എന്ന് പുതിയതായി നാമകരണം ചെയ്യപ്പെട്ടു. പഴയ രാഷ്ട്രീയവകുപ്പുകളുടെ സമ്പ്രദായവും ഇപ്പോഠം പുന:സംഘടിപ്പിക്കപ്പെട്ടുകഴിഞ്ഞ ''പർവ്വതപ്രദേശങ്ങളിൽ നമുക്ക് മുൻകൈയുള്ള സ്വതന്ത്രമായ ഒളിപ്പോർയുദ്ധം'' എന്ന പുതിയ തന്ത്രപരമായ തത്വം നടപ്പാക്കുന്നതിനു നമ്മഠം നേതൃത്വം കൊടുക്കുകയും അത് ആത്മാർത്ഥമായി നടപ്പിൽ വരുത്തുകയും ചെയ്തു. പോരാട്ടയുദ്ധത്തിലും അതിന്റെ മററു കർത്തവ്യങ്ങളിലും എട്ടാംപഥസേനയുടെ വിജയം സാദ്ധ്യമാകുമെന്നുറപ്പു വരുത്തി. ഞങ്ങഠം എട്ടാംപഥസേനാ യൂണിററുകളിലേക്ക് തങ്ങളുടെ അംഗങ്ങളെ ഭടന്മാരായി അയയ്ക്കണമെന്നുള്ള ആവശ്യം നിരാകരിക്കുകയും എട്ടാംപഥസേനാവിഭാഗത്തിന്റെ നേതൃത്വം കണിശമായും കമ്യൂണിസ്റ്റ്പാർട്ടിക്കു മാത്രമായിരിക്കണമെന്ന തത്വം ഉയർത്തിപ്പിടിക്കുകയും ചെയ്തു. അതുപോലെതന്നെ വിപ്ലവപരമായ ജാപ്പ്വിരുദ്ധതാവളപ്രദേശങ്ങളിൽ ''ഐക്യമുന്നണിക്കുള്ളിൽസ്വാതന്ത്ര്യവും മുൻകൈയും'' എന്ന തത്വം ആവിഷ്ക്കരിക്കുകയുംചെയ്തു. 'പാർലമെൻററിസ'ത്തിലേക്കുള്ള പ്രവണതയെ ഞങ്ങഠം തിരുത്തി. (തീർച്ചയായും രണ്ടാം ഇൻറർനാഷണലിന്റെ പാർലിമെൻററിസമല്ല—ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുണ്ടായിരുന്നില്ലെങ്കിലും) കവർച്ചക്കാർക്കും, ശത്രുചാരന്മാർക്കും അട്ടിമറിക്കുമെതിരെ സമരത്തിൽ നമ്മഠം ഉറച്ചുനില്ക്കുകയും ചെയ്തു.

സിയാനിൽ തത്വരഹിതമായി ക്വമിന്താങ്ങുമായി ഒത്തുചേരുന്ന പ്രവണത തിരുത്തുകയും പുതുതായി ബഹുജനസമരം വളർത്തിയെടുക്കുകയും ചെയ്തു.

കിഴക്കൻ കാൻസുവിലും മൊത്തത്തിലും സിയാനിൽ ചെയ്തതുതന്നെ നമ്മഠം ചെയ്തു.

ഷാങ്ങ്ഹായിൽ ചാങ്ങ്നായ്—ചിയുടെ ''കുറച്ച് ആഹ്വാനങ്ങഠം നൽകുക, കൂടുതൽ നിർദ്ദേശങ്ങഠം മുന്നോട്ടുവയ്ക്കുക'' എന്ന ലൈനിനെ നമ്മഠം വിമർശിക്കുകയും ദേശീയ വിമോചനപ്രസ്ഥാനത്തിൽ അമിതമായി തമ്പടിക്കുക എന്ന പ്രവണത തിരുത്താൻ തുടങ്ങുകയും ചെയ്തു.

ദക്ഷിണ ഗറില്ലാ മേഖലകളിൽ—ഈ പ്രദേശങ്ങഠം ക്വമിന്താങ്ങുമായി ഒരു ദശകം മുഴുവൻ നടത്തിയ രക്തരൂക്ഷിതമായ സമരത്തിലൂടെ നേടിയ സ്ഥലങ്ങളെ നമ്മുടെ തെക്കൻ പ്രവിശ്യകളിൽ ദേശീയവിപ്ലവത്തിനുള്ള തന്ത്രപരമായ ശക്തികേന്ദ്രങ്ങളേയും സിയാൻ സംഭവത്തിനു ശേഷംപോലും നമ്മുടെ സൈന്യത്തെ വലയം ചെയ്ത് അടിച്ചമർത്തി ''തുടച്ചുനീക്കുന്നതിന്'' ക്വമിന്താങ്ങ് ശ്രമിച്ചതും, ലൂക്കൌച്യാവോ സംഭവത്തിനു ശേഷംപോലും ''സിംഹത്തിനെ ഇരകാട്ടി ആകർഷിച്ച് പർവ്വതങ്ങളിൽനിന്നും ഇറക്കിക്കൊണ്ടുവരിക'' എന്ന പുതിയ തന്ത്രം ഉപയോഗിച്ച് നമ്മുടെ സൈന്യത്തെ ശക്തിഹീനമാക്കാൻ ശ്രമിച്ചതുമായ പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന (1) പരിത:സ്ഥിതികളെ കണക്കിലെടുക്കാതെ സൈന്യത്തെ കേന്ദ്രീകരിക്കുന്നതിന് എതിരായി (അത്

Scanned by CamScanner

ഈ ശക്തികേന്ദ്രങ്ങളെ നശിപ്പിക്കുന്നതിനു് ക്ലമിന്താങ്ങിനു് അനുകൂലമായിരിക്കും) കരുതലെടുക്കുന്നതിനും (2) ക്ലമിന്താങ്ങ് നിയമിച്ചവരെ നിരായുധീകരിക്കുന്നതിനും (3) മറെറാരു ഹോമിങ്ങ്സംഭവത്തിന്റെ അപകടത്തിനു്—അതായതു് ക്ലമിന്താങ്ങ് വളഞ്ഞിട്ടു് നിരായുധീകരിക്കുക എന്ന അപകടത്തിനു്—എതിരായി ജാഗ്രതയായിരിക്കുന്നതിനുവേണ്ടി ഞങ്ങൾ പ്രത്യേകിച്ചു് ശ്രദ്ധിക്കുകയുണ്ടായി.

''ലിബറേഷൻ'' വാരികയിൽ വന്ന നമ്മുടെ നിലപാടു് ഗൗരവതരവും കററമററ രീതിയിലുള്ളതുമായ വിമർശനത്തിന്റേതായി തുടരുന്നുണ്ടു്.

22. സായുധചെറുത്തുനില്പു് ക്ഷമാപൂർവ്വം തുടരുന്നതിനും അതിൽ വിജയം നേടുന്നതിനു് അതുപോലെതന്നെ ഭാഗികമായ ചെറുത്തുനില്പു് ആത്യന്തികമായ ചെറുത്തുനില്പായി മാററിതീർക്കുന്നതിനും ജാപ്പ് വിരുദ്ധദേശീയ ഐക്യമുന്നണിയിൽ ഉറച്ചുനില്ക്കുകയും അതിനെ വികസിപ്പിച്ചു് ശക്തിമത്താക്കി തീർക്കുകയും ചെയ്യേണ്ടതു് ആവശ്യമാണു്. ക്ലമിന്താങ്ങ്—കമ്യൂണിസ്റ്റ് ഐക്യമുന്നണിയെ താറുമാറാക്കുന്ന തരത്തിലുള്ള ഒരു വീക്ഷണവും അനുവദിക്കില്ല. ''ഇടതുപക്ഷ'' അടഞ്ഞ വാതിൽ നയത്തിനെതിരായി നാമെപ്പോഴും ജാഗരൂകരായിരിക്കുകതന്നെ വേണം. അതേ സമയം ഐക്യമുന്നണിയുടെ പ്രവർത്തനങ്ങളിലും സ്വയാശ്രയത്വവും മുൻകയ്യും എന്ന തത്വം നാം ശ്രദ്ധാപൂർവ്വം പിൻതുടരുകയും വേണം. ക്ലമിന്താങ്ങും മററു കക്ഷികളുമായുള്ള നമ്മുടെ ഐക്യമുന്നണി വ്യക്തമായ ചില പരിപാടികളുടെ നടപ്പാക്കലിലാണധിഷ്ഠിതമായിരിക്കുന്നതു്. ഈ അടിസ്ഥാനമില്ലാതുള്ള ഒരു ഐക്യമുന്നണി ഉണ്ടായിക്കൂടാ എന്നു മാത്രമല്ല, അതാണു് സ്ഥിതിയെങ്കിൽ സഹകരണം തത്വരഹിതമായിരിക്കുകയും കീഴടങ്ങൽവാദത്തിന്റെ പ്രകടിതരൂപമായിരിക്കുകയും ചെയ്യും. അങ്ങനെ ജാപ്പ് വിരുദ്ധദേശീയ വിപ്ലവയുദ്ധത്തെ നയിക്കുന്നതിനുള്ള താക്കോൽ, ഐക്യമുന്നണിക്കുള്ള ''സ്വാശ്രയത്വം എന്ന തത്വം'' വിശദീകരിക്കുകയും പ്രയോഗത്തിൽ വരുത്തുകയും എന്നതാണു്.

23. ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നതിലുള്ള നമ്മുടെ ഉദ്ദേശമെന്താണു്? ഒരുതരത്തിൽ പറഞ്ഞാൽ ഇതു് ഇപ്പോൾതന്നെ നേടിക്കഴിഞ്ഞ അടിസ്ഥാനതലം നിലനിർത്തുന്നതിനാണു്, കാരണം ആ അടിസ്ഥാനതലം നമ്മുടെ പുരോഗമനത്തിനുള്ള തന്ത്രപരമായ കേന്ദ്രമാണു്. അതിന്റെ നഷ്ടം എന്നുപറഞ്ഞാൽ എല്ലാം നശിച്ചു എന്നതാണു്. എന്നാൽ നമ്മുടെ മുഖ്യമായ ഉദ്ദേശം നമ്മൾ നേടിക്കഴിഞ്ഞ അടിസ്ഥാനതലം വിസ്തൃതപ്പെടുത്തുകയും ''ദശലക്ഷക്കണക്കിനു ബഹുജനങ്ങളെ ജാപ്പ് വിരുദ്ധദേശീയ ഐക്യമുന്നണിയിലേക്കു് നേടിയെടുക്കുകയും ജാപ്പ് സാമ്രാജ്യത്വത്തെ മറിച്ചിടുകയും ചെയ്യുക'' എന്ന ഗുണാത്മകലക്ഷ്യം സാക്ഷാത്കരിക്കുകയും അടിസ്ഥാനതലം നിലനിർത്തുക എന്നതും അതു് വിശാലമാക്കുക എന്നതും വേർതിരിക്കാൻ ആവാത്തവിധം ബന്ധമുള്ളവയാണു്. ഈ കഴിഞ്ഞ ചില മാസങ്ങളായി, പെററിബൂർഷ്വാ വിഭാഗത്തിലുള്ള കുറെയധികം ഇടതുപക്ഷ ചിന്താഗതിയുള്ള അംഗങ്ങൾ നമ്മുടെ സ്വാധീനത്തിൽ അണിചേരുകയും, ക്ലമിന്താങ്ങ് കൂടാരത്തിൽ ഉള്ള പുതിയ ശക്തികൾ വളരുകയും, ഷാൻസിയിലെ ബഹുജനസമരം വികസ്വരമാകുകയും, നമ്മുടെ പാർട്ടിസംഘടനകൾ പല സ്ഥലങ്ങളിലും വിപുലമാകുകയും ചെയ്തിട്ടുണ്ടു്.

24. പക്ഷെ രാജ്യം മൊത്തത്തിൽ എടുക്കുമ്പോൾ പൊതുവേ പറഞ്ഞാൽ നമ്മുടെ പാർട്ടിയുടെ സംഘടനാപരമായ ശക്തി ഇപ്പോൾ വളരെ ചെറുതാണെന്നുള്ള കാര്യം നാം വളരെ വ്യക്തമായി മനസ്സിലാക്കുകതന്നെ

Scanned by CamScanner

വേണം. രാജ്യം മൊത്തത്തിൽ എടുക്കുമ്പോൾ ബഹുജനശക്തിയും വളരെ
ചെറുതാണ്; കാരണം അടിസ്ഥാന ബഹുജന വിഭാഗങ്ങളായ തൊഴി
ലാളികളും കർഷകരും ഇപ്പോഴും അസംഘടിതരാണ്. ഇതെല്ലാം ഒരു
വശത്ത് കുമിന്താങ്ങുകളുടെ നിയന്ത്രണവും അടിച്ചമർത്തലും എന്ന നയം
മൂലവും മറുവശത്ത് അതിനെതിരെ അപര്യാപ്തവും ചിലയിടങ്ങളിൽ തീരെ
യില്ലാത്തതുമായ നമ്മുടെ പ്രവർത്തനം മൂലമാണ്. ഇന്നത്തെ ജാപ്പ്
വിരുദ്ധദേശീയ വിപ്ലവയുദ്ധത്തിൽ നമ്മുടെ അടിസ്ഥാനപരമായ ദൗർബ
ല്യമാണിത്. ഈ ദൗർബല്യം നമുക്ക് തരണംചെയ്യാൻ കഴിയുന്നില്ലെ
ങ്കിൽ ജാപ്പ് സാമ്രാജ്യത്വത്തെ പരാജയപ്പെടുത്താൻ കഴിയുകയില്ലതന്നെ.
ഈ ലക്ഷ്യം നേടുന്നതിനായി ''ഐക്യമുന്നണികളിൽ സ്വയാശ്രയ
ത്വവും മുൻകൈയ്യും'' എന്ന തത്വം നടപ്പാക്കുകയും കീഴടങ്ങലിന്റേയും
അമിതമായ കൂട്ടുചേരലിന്റേതുമായ എല്ലാ പ്രവണതകളേയും നമ്മൾ തര
ണംചെയ്യുകതന്നെ വേണം.

## മൊത്തത്തിൽ രാഷ്ട്രത്തിൽ ആകെ ദേശീയ കീഴടങ്ങൽവാദത്തെ എതിർക്കുക

25. മുകളിൽ പറഞ്ഞ കാര്യങ്ങൾ വർഗപരമായ കീഴടങ്ങൽവാദ
ത്തെ സംബന്ധിച്ചുള്ളവയാണ്. ഈ പ്രവണത ബൂർഷ്വാസിയുടെ ബഹി
ഷ്കരണവാദം ബൂർഷ്വാസിയുടെ ഉറച്ചനില്ലായ്മയും തൊഴിലാളിവർ
ഗം അംഗീകരിക്കുന്നതിലേക്കും ആയിരിക്കും നയിക്കുക. ഇതിനെ തരണം
ചെയ്യാൻ കഴിയാത്തിടത്തോളം ജാപ്പ് വിരുദ്ധ ദേശീയവിപ്ലവയുദ്ധം വിജ
യകരമായി മുന്നോട്ടുപോകുന്നതിനോ ഭാഗികമായ ചെറുത്തുനില്പ് മാതൃഭൂ
മിയെ സംരക്ഷിക്കുന്നതിനോ ആത്യന്തികമായ ചെറുത്തുനില്പായി മാറു
ന്നതിനോ നമുക്ക് കഴിയില്ല.

എന്നാൽ മറ്റൊരുതരം വാദവുമുണ്ട്. അതായത് ദേശീയ കീഴട
ങ്ങൽവാദം. അത് ചൈന സ്വയം ജാപ്പ് സാമ്രാജ്യവാദികളുടെ താല്പര്യ
ങ്ങൾ അംഗീകരിക്കുന്നതിലേക്കും ചൈന ഒരു ജാപ്പ് കോളനിയായി തീ
രുന്നതിലേക്കും, ചൈനീസ് ജനതയെ കൊളോണിയൽ അടിമകൾ
ആക്കിതീർക്കുന്നതിലേക്കും നയിക്കും. ഈ പ്രവണത ഇപ്പോൾ ജാപ്പ്
വിരുദ്ധദേശീയ ഐക്യമുന്നണിയിലെ വലതുപക്ഷ വിഭാഗത്തിൽ പ്രത്യ
ക്ഷപ്പെട്ടിട്ടുണ്ട്.

26. കമ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വമുള്ള തൊഴിലാളികളും,
കർഷകരും നഗരങ്ങളിലെപെറ്റിബൂർഷ്വാസിയും അടങ്ങിയ ബഹുജനങ്ങ
ളടങ്ങിയതാണ് ജാപ്പവിരുദ്ധ ദേശീയമുന്നണി. ജാപ്പ് വിരുദ്ധദേശീയ
ഐക്യമുന്നണിയിലെ ഇടതുപക്ഷത്തെ വിപുലീകരിക്കുകയും സുദൃഢീക
രിക്കുകയും ചെയ്യുന്നതിന് അങ്ങേയറ്റം ശ്രമിക്കുക എന്നുള്ളതാണ് നമ്മുടെ
കടമ. ഈ കടമ നിറവേറ്റുക എന്നത് കുമിന്താങ്ങിനേയും, സർക്കാരിനേ
യും സൈന്യത്തേയും പരിഷ്കരിക്കുന്നതിനുള്ള ഒരു ഐക്യ ജനാധിപത്യ
പരമാധികാര രാഷ്ട്രം സ്ഥാപിക്കുന്നതിനും, ഭാഗികമായ ചെറുത്തുനില്പ്
ആത്യന്തിക ചെറുത്തുനില്പ് ആക്കിതീർക്കുന്നതിനും ജാപ്പ് സാമ്രാജ്യത്വ
ത്തെ മറിച്ചിടുന്നതിനുമുള്ള പ്രാഥമികമായ കടമയാണ്.

27. ജാപ്പ് വിരുദ്ധദേശീയ ഐക്യമുന്നണിയുടെ മധ്യമ പക്ഷം
ദേശീയ ബൂർഷ്വാസിയും പെറ്റിബൂർഷ്വാ വിഭാഗത്തിലെ മേലേക്കിടയി
ലുള്ളവരുമാണ്. ഷാങ്ഹായിലെ പ്രധാന പത്രം ആർക്കുവേണ്ടിയാണോ

Scanned by CamScanner

സംസാരിക്കുന്നതു് അവർ ഇടതുപക്ഷത്തേക്കു ചാഞ്ഞുതുടങ്ങിയിരിക്കുന്നു.[9] അതേസമയം ഫഹ്സിംഗ് സൊസൈററിയിലെ ചില അംഗങ്ങൾ ആടിക്കളിക്കുകയും, സി. സി. ക്ലിക്കിലെ ചില അംഗങ്ങൾ ആടാൻ തുടങ്ങുകയും ചെയ്യുന്നു. ജപ്പാനെ ചെറുത്തുനില്ക്കുന്ന സൈന്യങ്ങൾ കടുത്ത പാഠങ്ങൾ പഠിക്കുകയും ചിലർ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ തുടങ്ങുകയോ അതിനുവേണ്ടി തയ്യാറെടുക്കുകയോ ചെയ്തുതുടങ്ങിയിരിക്കുന്നു. നമ്മുടെ കർത്തവ്യം മദ്ധ്യമവിഭാഗത്തെ അവരുടെ നിലപാട് മാററുന്നതിൽ സഹായിക്കുക എന്നുള്ളതാണ്.

28. വൻകിട ഭൂപ്രഭുക്കളും വൻകിട ബൂർഷ്വാസിയും അടങ്ങിയതാണ്. ജാപ്പവിരുദ്ധമുന്നണി ജാപ്പ്വിരുദ്ധദേശീയ ഐക്യമുന്നണിയുടെ വലതുവിഭാഗം. ദേശീയ കീഴടങ്ങൽവാദത്തിന്റെ നാഡീകേന്ദ്രം അവരാണ്. അവർ കീഴടങ്ങൽ വാദത്തിലേക്കു് പായുക എന്നതു് അനിവാര്യമാണ്. കാരണം അവർ യുദ്ധത്തിൽ തങ്ങളുടെ സ്വത്തുക്കൾ നശിച്ചുപോകുമെന്നും ബഹുജനങ്ങൾ ഉണർന്നെഴുന്നേല്ക്കുമെന്നും ഭയപ്പെടുന്നു. അവരിൽ വളരെയധികംപേർ ഇപ്പോൾതന്നെ അഞ്ചാംപത്തികളാണ്, വളരെപേർ ജാപ്പ് അനുകൂലികൾ ആകാൻ തയ്യാറെടുക്കുകയോ, ആയിതീരുകയോ ചെയ്തുകൊണ്ടിരിക്കുന്നു. കുറേപേർ ആടിക്കളിക്കുന്നു. വളരെ ചെറിയൊരുവിഭാഗം മാത്രംചില പ്രത്യേകപരിതസ്ഥിതികൾമൂലം ഉറച്ച ജാപ്പ് വിരുദ്ധരായിതീരുന്നു. അവരിൽ ചിലർ താല്ക്കാലികമായി നിർബന്ധപൂർവ്വം മനസ്സില്ലാമനസ്സോടെയും ആണ് ജാപ്പ് വിരുദ്ധദേശീയമുന്നണിയിൽ ചേർന്നതു്. പൊതുവേ പറഞ്ഞാൽ അവർ തെററിപ്പിരിഞ്ഞു് അകലാൻ വലിയ കാലതാമസമില്ല. യഥാർത്ഥത്തിൽ വൻകിട ഭൂപ്രഭുക്കൻമാർക്കിടയിലും വൻകിട ബൂർഷ്വാസിയിലും ഉള്ള ഏററവും ചീത്ത ചില ഘടകങ്ങൾ ഈ നിമിഷത്തിൽപോലും ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയിൽ ഒരു പിളർപ്പുണ്ടാക്കുന്നതിനു് ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവർ അഭ്യൂഹങ്ങൾ പടച്ചുവിടുകയാണ്. ''കമ്യൂണിസ്റ്റുകാർ ഉയർത്തു് എഴുന്നേല്പിനു് തയ്യാറെടുത്തതായും'', എട്ടാംപഥസേന പിന്തിരിഞ്ഞോടികൊണ്ടിരിക്കുന്നതായുമുള്ള കള്ളക്കഥകൾ തീർച്ചയായും ദിനംപ്രതി പെരുകിവരുകതന്നെ ചെയ്യും. നമ്മുടെ കർത്തവ്യം ദേശീയ കീഴടങ്ങൽവാദത്തെ ഉറച്ചുനിന്നു് എതിർക്കുക എന്നുള്ളതാണ്. ആ സമരത്തിൽ ഇടതുപക്ഷത്തെ വിപുലീകരിക്കുകയും സുദൃഢീകരിക്കുകയും മദ്ധ്യമവിഭാഗത്തെ മുന്നോട്ടുനീങ്ങാനും അവരുടെ നിലപാട് മാററാനും സഹായിക്കുക എന്നിവയുമാണ്.

## വർഗപരമായ കീഴടങ്ങൽ വാദവും ദേശീയ കീഴടങ്ങൽ വാദവും തമ്മിലുള്ള ബന്ധം

29. ജാപ്പ് വിരുദ്ധദേശീയ യുദ്ധത്തിൽ വർഗപരമായ കീഴടങ്ങൽവാദം സത്യത്തിൽ ദേശീയ കീഴടങ്ങലിന്റെ ഒരു കരുതൽശക്തിയാണ്. അതു് വലതുപക്ഷകൂടാരത്തിനു് ശക്തിയേകുന്നതും യുദ്ധത്തിൽ പരാജയത്തിലേക്കു് നയിക്കുന്നതുമായ വിഷലിപ്തമായ പ്രവണതയാണ്. ദേശീയ കീഴടങ്ങൽ വാദത്തിനെതിരായുള്ള സമരത്തിനെ തീവ്രതരമാക്കുന്നതിനും ചൈനാരാഷ്ട്രത്തിന്റെ വിമോചനം നേടിയെടുക്കുന്നതിനും, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ വിമോചനത്തിനുവേണ്ടി നമ്മൾ ഈ പ്രവണതയ്ക്കു് എതിരായി കമ്യൂണിസ്റ്റ്പാർട്ടികളിലും തൊഴിലാളിവർഗത്തിനിടയിലും ശക്തമായി സമരം ചെയ്യുകയും ആ സമരം നമ്മുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും വ്യാപിപ്പിക്കുകയും ചെയ്യുന്നു.

Scanned by CamScanner

# കുറിപ്പുകൾ

1. 1937 ആഗസ്റ്റ് 25—ാം തീയതി വടക്കൻ ഷെൻസിയിലെ ലോചപാനിൽ കൂടിയ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രകമ്മിററിയുടെ പൊളിററ്ബ്യൂറോ യോഗത്തിൽ അംഗീകരിച്ച ''ഇന്നത്തെ പരിതസ്ഥിതിയും പാർട്ടിയുടെ കർത്തവ്യങ്ങളും'', എന്ന പ്രമേയത്തെ ആണു് സൂചിപ്പിക്കുന്നതു്.

(1) ലൂക്കൗ ച്യാവോയിൽ ജാപ്പ് അക്രമണകാരികളുടെ സൈനിക പ്രകോപനവും പേപ്പിങ്ങ്, ടീയിൻസീൻ എന്നിവ പിടിച്ചടക്കിയതും വൻമതിലിന്റെ തെക്കുഭാഗത്തു് ചൈനയുടെ നേരെയുള്ള അവരുടെ വിപുലമായ ആക്രമണത്തിന്റെ തുടക്കത്തെതന്നെയാണു് പ്രതിനിധാനം ചെയ്യുന്നതു്. അവർ അവരുടെ യുദ്ധത്തിനായുള്ള ദേശീയമായ അണിയൊരുക്കം ആരംഭിച്ചുകഴിഞ്ഞു. തങ്ങൾക്കു് ''സ്ഥിതി മോശമാക്കണമെന്നു് ആഗ്രഹമില്ല'' എന്ന അവരുടെ പ്രചരണം തുടന്നാക്രമണത്തിനുവേണ്ടിയുള്ള ഒരു പുകമറ മാത്രമാണു്.

(2) നാങ്കിങ്ങ് സർക്കാർ, ജാപ്പ് അക്രമണകാരികളുടെ കയ്യേററത്തിന്റെ സമ്മർദ്ദം മൂലവും ചൈനീസ് ജനതയുടെ ധാർമ്മികരോഷത്തിന്റെ ഫലമായും യുദ്ധംചെയ്യുന്നതിൽ മനസ്സുറപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. പൊതുവായ പ്രതിരോധ സജ്ജീകരണങ്ങളും ചിലയിടങ്ങളിൽ ശരിയായ ചെറുത്തുനില്പും തുടങ്ങിക്കഴിഞ്ഞു. ചൈനയും ജപ്പാനും തമ്മിൽ ഒരു തികഞ്ഞ യുദ്ധം അനിവാര്യമാണു്. ലൂക്കൗച്യാവോയിലെ ജൂലൈ ഏഴിന്റെ ചെറുത്തുനില്പ്, ചൈനയുടെ ദേശീയ ചെറുത്തുനില്പിന്റേയും ആരംഭം കുറിച്ചുകഴിഞ്ഞു.

(3) അങ്ങനെ ചൈനയുടെ രാഷ്ട്രീയപരിതസ്ഥിതിയിലെ ഒരു പുതിയ ഘട്ടം, ശരിയായ ചെറുത്തുനില്പിന്റെ ഘട്ടം, തുറക്കപ്പെട്ടിരിക്കുന്നു. ചെറുത്തുനില്പിനുവേണ്ടി തയ്യാറെടുപ്പ് എന്ന ഘട്ടം കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ ഘട്ടത്തിൽ ചെറുത്തുനില്പുയുദ്ധം വിജയിപ്പിക്കുന്നതിനായി ദേശത്തിന്റെ സേനകളെ എല്ലാം അണിനിരത്തുക എന്നതാണു് ഏററവും മുഖ്യമായ കർത്തവ്യം. കുമിന്താങ്ങിന്റെ മനസ്സില്ലായ്മമൂലവും ആവശ്യമായ തോതിൽ ജനങ്ങളെ അണിനിരത്താത്തതുമൂലവും കഴിഞ്ഞഘട്ടത്തിൽ സാക്ഷാൽക്കരിക്കാൻ കഴിയാതിരുന്ന ജനാധിപത്യം നേടിയെടുക്കൽ ചെറുത്തുനില്പുയുദ്ധത്തിന്റെ വിജയത്തിനുവേണ്ടിയുള്ള സമരത്തിന്റെ പുരോഗതിയിൽ സഫലീകരിക്കുക എന്നതു് ഒരു കടമയാണു്.

(4) ഈ പുതിയ ഘട്ടത്തിൽ കുമിന്താങ്ങിനോടും മററു ജാപ്പ് വിരുദ്ധ വിഭാഗങ്ങളോടും നമുക്കുള്ള അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും ഒരു ചെറുത്തുനിൽപ്പ നടത്തണമോ എന്ന കാര്യത്തിലല്ല, പക്ഷേ എങ്ങിനെ വിജയം നേടിയെടുക്കും എന്ന കാര്യത്തിലാണു്.

(5) ഇന്നു് തുടങ്ങിക്കഴിഞ്ഞിരിക്കുന്ന ചെറുത്തുനില്പുയുദ്ധം രാഷ്ട്രമാകെ പങ്കെടുക്കുന്ന ഒരു ആത്യന്തിക ചെറുത്തുനില്പുയുദ്ധമായി വികസിപ്പിക്കുന്നതിലാണു് യുദ്ധവിജയത്തിന്റെ താക്കോൽ സ്ഥിതിചെയ്യുന്നതു്. അത്തരം ഒരു ആത്യന്തിക ചെറുത്തുനില്പുയുദ്ധത്തിലൂടെ മാത്രമേ അന്തിമവിജയം നേടാൻ കഴിയുകയുള്ളു. ജപ്പാനെ ചെറുക്കുന്നതിനും രാഷ്ട്രത്തെ രക്ഷിക്കുന്നതിനുംവേണ്ടി നമ്മുടെ പാർട്ടി ഇപ്പോൾ ഉന്നയിച്ചിട്ടുള്ള പത്തിന പരിപാടിയിൽ ചെറുത്തുനില്പുയുദ്ധം വിജയിപ്പിക്കുന്നതിനുള്ള മാർഗ്ഗം വളരെ സമൂർത്തമായി വിശദീകരിച്ചിട്ടുണ്ടു്.

(6) ചെറുത്തുനില്പിന്റെ ഇന്നത്തെ അവസ്ഥയിൽ ഒരു ഭീമമായ വിപത്തു് പതിയിരിക്കുന്നുണ്ടു്. കുമിന്താങ്ങ് ഇപ്പോഴും മൊത്തം ജനത

Scanned by CamScanner

യെയും യുദ്ധത്തിൽ അണിനിരത്തുന്നതിൽ സമ്മതമില്ല എന്നുള്ളതാണ് ഈ വിപത്തിന്റെ മുഖ്യഹേതു. അതിനുപകരം, യുദ്ധം സർക്കാർകാര്യം മാത്രമാണെന്നു കരുതുകയും ഓരോ സംഭവവികാസത്തിലും ഭയപ്പെടുകയും യുദ്ധത്തിൽ ജനങ്ങളുടെ പങ്കാളിത്തം നിയന്ത്രിക്കുകയും സർക്കാരും സൈന്യവും ജനങ്ങളും തമ്മിൽ ഉററസമ്പർക്കത്തിലേർപ്പെടുന്നതു് തടയുകയും, ജപ്പാനെ ചെറുക്കുന്നതിനും ദേശത്തെ രക്ഷിക്കുന്നതിനുമുള്ള ബഹുജനങ്ങളുടെ ജനകീയാവകാശങ്ങൾ നിഷേധിക്കുകയും സർക്കാർ ഭരണയന്ത്രത്തെ സമൂലം പരിഷ്കരിക്കുന്നതിനും, സർക്കാരിനെ മുഴുവൻ രാജ്യത്തിന്റേതുമായ പ്രതിരോധ ഭരണരൂപമായി മാററുന്നതിനു തയ്യാറാകാതിരിക്കുകയും ചെയ്യുന്നു. ഇത്തരം ഒരു ചെറുത്തുനില്പുയുദ്ധം ഭാഗികവിജയം നേടിയെന്നു വരാം; പക്ഷെ ഒരിക്കലും അന്തിമവിജയം നേടുകയില്ല.

(7) ചെറുത്തുനില്പുയുദ്ധത്തിലുള്ള ഈ ഗൗരവതരമായ പാളിച്ചകൾ പല തിരിച്ചടികളിലേക്കും പിന്മാററങ്ങളിലേക്കും വഞ്ചനകളിലേക്കും, താല്ക്കാലികവും ഭാഗികവുമായ ഒത്തുതീർപ്പുകളിലേക്കും അതുപോലുള്ള മററു തിരിച്ചടികളിലേക്കും നയിച്ചേക്കാം. അതുകൊണ്ടു് യുദ്ധം കഠിനവും ദീർഘവുമായ ഒരു യുദ്ധമായിരിക്കുമെന്ന കാര്യം മനസ്സിലാക്കുക തന്നെ വേണം. നമ്മുടെ പാർട്ടിയുടേയും മൊത്തം ജനതയുടേയും ശ്രമഫലമായി തുടങ്ങിക്കഴിഞ്ഞ ചെറുത്തുനില്പ് എല്ലാ തടസ്സങ്ങളെയും തുത്തെറിഞ്ഞു് മുന്നോട്ടുപോവുകയും വികസ്വരമാവുകയും ചെയ്യുമെന്നു് നമുക്കുറപ്പുണ്ടു്. നാം എല്ലാ വൈഷമ്യങ്ങളേയും തരണംചെയ്യുകയും വിജയത്തിനുവേണ്ടി നമ്മുടെ പാർട്ടി മുന്നോട്ടുവെച്ച പത്തിനപരിപാടി സാക്ഷാല്ക്കരിക്കുന്നതിനുവേണ്ടി ഉറച്ചുനിന്നു സമരം ചെയ്യുകയും ചെയ്യേണ്ടതുണ്ടു്. ഇതിനെതിരായിവരുന്ന എല്ലാ തെററായ നയങ്ങളെയും നാം ഉറച്ചുനിന്നെതിർക്കുകയും അതിനെ അപകടപ്പെടുത്തുന്ന ദേശീയമായ പരാജയബോധത്തെയും അശുഭാപ്തിവിശ്വാസങ്ങളെയും എതിർക്കുകയും ചെയ്യണം.

(8) പാർട്ടിയുടെ നേതൃത്വത്തിൽ ജനതയോടും സായുധസേനയോടുമൊപ്പം കമ്യൂണിസ്റ്റ് പാർട്ടി അംഗങ്ങൾ സമരത്തിന്റെ മുൻനിരയിൽ നിന്നു് സജീവമായി പ്രവർത്തിക്കുകയും ദേശീയ പ്രതിരോധത്തിന്റെ കേന്ദ്രമായിത്തീരുകയും ജാപ്പവിരുദ്ധ ബഹുജനപ്രസ്ഥാനം വളർത്തിയെടുക്കുന്നതിനു് ആവുന്നതെല്ലാം ചെയ്യുകയും വേണം. അവർ ഒരു നിമിഷംപോലും അലസരാവുകയും ജനങ്ങൾക്കിടയിൽ പ്രചാരണം നടത്തുന്നതിനു ലഭിക്കുന്ന ഒരു സന്ദർഭംപോലും പാഴാക്കിക്കളയുകയും ചെയ്യാതെ അവരെ സംഘടിപ്പിക്കുകയും ആയുധവൽക്കരിക്കുകയും ചെയ്യണം. ദശലക്ഷക്കണക്കിനു് ജനങ്ങളെ യഥാർത്ഥത്തിൽ ദേശീയ ഐക്യമുന്നണിയുടെ കീഴിൽ സംഘടിപ്പിക്കുകയാണെങ്കിൽ ജപ്പാനെതിരായുള്ള ചെറുത്തുനില്പുയുദ്ധത്തിൽ വിജയം നേടുമെന്നുള്ളതു് തീർച്ചയാണു്. ചെറുത്തുനില്പുയുദ്ധത്തിന്റെ ആരംഭനാളുകളിൽ ക്യൂമിന്താങ്ങും ചിയാങ്:് കൈഷെക്കും ജനസമ്മർദ്ദത്തിന്റെ ഫലമായി പല പരിഷ്കാരങ്ങളും നടപ്പാക്കുമെന്നു് ഉറപ്പുനൽകിയിരുന്നെങ്കിലും അവയെല്ലാം വളരെവേഗം ഒന്നൊന്നായി ലംഘിക്കുകയുണ്ടായി. ജനങ്ങളാഗ്രഹിച്ച പരിഷ്കാരങ്ങൾ ക്യൂമിന്താങ്ങ് നടപ്പാക്കാനുള്ള സാധ്യത യാഥാർത്ഥ്യമായിത്തീർന്നില്ല. 'കൂട്ടുഗവൺമെന്റിനെപ്പററി' എന്ന ലേഖനത്തിൽ സ: മാവോ സെതുങ്ങ് പിന്നീടു് പറഞ്ഞതുപോലെ:

2. ക്യൂമിന്താങ്ങ് സർക്കാർ അപകടസന്ധിയെ നേരിടുന്ന സമയത്തു് സന്ദർഭത്തിനൊത്തുയരുമെന്നും ജനാധിപത്യപരമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുമെന്നും ഡോ: സണിന്റെ വിപ്ലവാത്മകമായ മൂന്നു ജനകീയ തത്വങ്ങൾ പ്രയോഗിക്കുമെന്നും കമ്യൂണിസ്റ്റുകാരും മററു ജനാധി

പത്യവാദികളും ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതുകൊണ്ടുതന്നെ അവർ ഉത്സാഹഭരിതരാവുകയും ചെയ്തു. പക്ഷെ അവരുടെ ആഗ്രഹങ്ങളെല്ലാം നിഷ്ഫലമായിത്തീരുകയാണുണ്ടായതു്. (മാവോ സെതുങ്ങിന്റെ തിരഞ്ഞെടുത്ത കൃതികൾ വാല്യം III പേജ് 263, എഫ്. എൽ. പി. പീക്കിങ്ങ്, ഇംഗ്ലീഷ് പതിപ്പ് നോക്കുക)

3. തന്റെ പിന്തിരിപ്പൻ ഭരണത്തിന്റെ കാതൽ രൂപപ്പെടുത്തുന്നതിനായി സർക്കാരിന്റേയും കുമിന്താങ്ങിന്റേയും ഉയർന്നതും ഇടത്തരവുമായ ഓഫീസർമാരെ പരിശീലിപ്പിക്കുവാൻ ക്യാങ്ങ്സി പ്രവിശ്യയിലെ ലൂഷാനിൽ ചിയാങ്ങ് സ്ഥാപിച്ചതാണ് 'ലൂഷാൻ ട്രെയിനിംഗ് കോഴ്സ്'.

4. ''കുറച്ചുമാത്രം ആഹ്വാനങ്ങൾ പുറപ്പെടുവിക്കുക, കൂടുതൽ നിർദ്ദേശങ്ങൾ നൽകുക'' എന്നു് ശുപാർശ ചെയ്യുകയായിരുന്നു അന്നു് ചാങ്ങ്നായ്—ചി. എന്നാൽ കുമിന്താങ്ങ് അടിച്ചമർത്തലിന്റേതായ ഒരു നയം തുടർന്നതുകൊണ്ടു് അതിനു് ''നിർദ്ദേശങ്ങൾ'' സമർപ്പിക്കുക മാത്രം ചെയ്യുന്നതു് ഉപയോഗശൂന്യമാകുമായിരുന്നു. കുമിന്താങ്ങിനെതിരായി ബഹുജനങ്ങളെ തട്ടിയുണർത്തുന്നതിനുവേണ്ടി, ബഹുജനങ്ങളോടു നേരിട്ടുതന്നെ ആഹ്വാനങ്ങൾ നൽകേണ്ടതുണ്ടായിരുന്നു. അല്ലാത്തപക്ഷം ജപ്പാനെതിരെ യുദ്ധം തുടർന്നുകൊണ്ടുപോകുന്നതും കുമിന്താങ്ങ് പിന്തിരിപ്പത്തത്തെ ചെറുക്കുന്നതും അസാദ്ധ്യമാകുമായിരുന്നു. ഈ കാര്യത്തിൽ ചിയാങ്ങ് കൈഷെക്കിനു തെറ്റുപറ്റി; ക്രമേണ അയാൾക്കു ബോധ്യമാവുകയും ചെയ്തു.

5. 1937 സെപ്തംബർ 25 ന് തയ്യാറാക്കിയ ''സർക്കാരിലെ കമ്യൂണിസ്റ്റുപാർട്ടിയുടെ പങ്കാളിത്തത്തെ സംബന്ധിച്ച് ചൈനീസ് കമ്യൂണിസ്റ്റുപാർട്ടി കേന്ദ്രകമ്മിററിയുടെ കരടുപ്രമേയ''ത്തെയാണ് ഇവിടെ പരാമർശിക്കുന്നതു്. താഴെ കൊടുക്കുന്നതാണ് അതിന്റെ പൂർണ്ണ ഉള്ളടക്കം:

(1) ജാപ്പവിരുദ്ധ യുദ്ധത്തിന്റെ വർത്തമാന പരിതഃസ്ഥിതി, മുഴുവൻ ദേശത്തെയും പ്രതിനിധീകരിക്കുന്ന ഒരു ഐക്യമുന്നണി സർക്കാരിന്റെ ആവശ്യകത അടിയന്തിരമാക്കുന്നു, എന്തെന്നാൽ ജാപ്പവിരുദ്ധ ദേശീയ വിപ്ലവയുദ്ധം ഫലപ്രദമായി നയിക്കുന്നതിനും ജാപ്പനീസ് സാമ്രാജ്യത്വത്തെ പരാജയപ്പെടുത്തുന്നതിനും അത്തരമൊരു സർക്കാരിനേ കഴിയൂ. അത്തരമൊരു സർക്കാരിൽ പങ്കെടുക്കുന്നതിനു്, അതായതു്, നേരിട്ടും ഔദ്യോഗികമായും സർക്കാരിൽ നിർവ്വഹണ ചുമതലകൾ ഏറെറടുക്കുന്നതിനും അതിൽ ഒരു സക്രിയമായ പങ്കുവഹിക്കുന്നതിനും, കമ്യൂണിസ്റ്റുപാർട്ടി തയാറാണ്. എന്നാൽ അത്തരമൊരു സർക്കാർ ഇപ്പോഴും നിലവിലില്ല. ഇന്നു നിലവിലുള്ളതു് കുമിന്താങ്ങിന്റെ ഏകകക്ഷി സർവ്വാധിപത്യസർക്കാരാണ്;

(2) കുമിന്താങ്ങിന്റെ ഏകകക്ഷി സർവ്വാധിപത്യത്തിൽനിന്നു് മുഴുവൻ ദേശത്തിന്റെയും ഒരു ഐക്യമുന്നണി സർക്കാരിലേക്കു മാറുമ്പോൾ മാത്രമാണ്, അതായതു്, ഇപ്പോഴത്തെ കുമിന്താങ്ങ് സർക്കാർ (a) ജപ്പാനെ ചെറുക്കുന്നതിനും ദേശത്തെ രക്ഷിക്കുന്നതിനും നമ്മുടെ പാർട്ടി നിർദ്ദേശിച്ച പത്തിനപരിപാടിയുടെ അടിസ്ഥാനതത്വങ്ങൾ സ്വീകരിക്കുകയും തദനുസൃതമായ ഒരു ഭരണനിർവ്വഹണ പരിപാടി വിളംബരപ്പെടുത്തുകയും; (b) ഈ പരിപാടി നടപ്പിലാക്കുന്നതിനുള്ള തങ്ങളുടെ ശ്രമങ്ങളിലെ ആത്മാർത്ഥത പ്രവൃത്തിയിൽ കാണിക്കാൻ തുടങ്ങുകയും നിയതഫലങ്ങൾ നേടുകയും; (c) കമ്യൂണിസ്റ്റുപാർട്ടി സംഘടനകളുടെ നിയമപരമായ നിലനില്പ് അനുവദിക്കുകയും ബഹുജനങ്ങളെ അണിനിരത്താനും സംഘ

Scanned by CamScanner

ടിപ്പിക്കാനും ബോധവൽക്കരിക്കാനും കമ്യൂണിസ്റ്റുപാർട്ടിക്കുള്ള സ്വാതന്ത്ര്യം ഉറപ്പാക്കുകയും ചെയ്യുമ്പോഴും ആണ് ഈ സർക്കാരിൽ ചൈനീസ് കമ്യൂണിസ്റ്റുപാർട്ടിക്കു പങ്കെടുക്കാൻ കഴിയുക.

(3) കേന്ദ്രസർക്കാരിൽ പങ്കെടുക്കാൻ പാർട്ടിയുടെ കേന്ദ്രകമ്മററി തീരുമാനിക്കുംമുമ്പ്, ഏതെങ്കിലും പ്രാദേശിക സർക്കാരിലോ, ഏതെങ്കിലും ഭരണനിർവ്വഹണ സമിതികളിലോ, കേന്ദ്ര—പ്രാദേശിക സർക്കാരുകളുടെ ഭരണനിർവ്വഹണ ഉപകരണങ്ങളുമായി ബന്ധപ്പെട്ട കമ്മിററികളിലോ കമ്യൂണിസ്റ്റുപാർട്ടി അംഗങ്ങൾ സാധാരണഗതിയിൽ പങ്കെടുത്തുകൂടാ. കാരണം അത്തരത്തിലുള്ള പങ്കെടുക്കൽ കമ്യൂണിസ്റ്റുപാർട്ടിക്കുള്ള വ്യതിരിക്തസ്വഭാവ സവിശേഷതകളെ ദുർഗ്രഹമാക്കുകയും ക്വമിന്താങ്ങിൻെറ സർവ്വാധിപത്യത്തെ നീട്ടിക്കൊണ്ടുപോവുകയും ഒരു ഏകീകൃത ജനാധിപത്യ സർക്കാർ നിലവിൽ വരുന്നതിനെ സഹായിക്കുന്നതിനേക്കാൾ തടസ്സപ്പെടുത്തുകയും ചെയ്യും.

(4) എങ്കിലും, പഴയ ഭരണാധികാരികൾക്ക് മുൻകാലങ്ങളിലെപ്പോലെ ഭരിക്കാൻ കഴിയാത്തതും അവർ പൊതുവേ കമ്യൂണിസ്റ്റുപാർട്ടിയുടെ നയങ്ങൾ നടപ്പിലാക്കാൻ തയ്യാറുള്ളതും, കമ്യൂണിസ്റ്റുപാർട്ടിക്ക് പരസ്യമായി പ്രവർത്തിക്കുന്നതിന് സ്വാതന്ത്ര്യമുള്ളതും, ഇന്നത്തെ അടിയന്തിരാവസ്ഥയിൽ ജനങ്ങളുടേയും സർക്കാരിൻെറയും അഭിപ്രായത്തിൽ കമ്യൂണിസ്റ്റ്കാരുടെ ഭാഗഭാഗിത്വം ആവശ്യമുള്ളതുമായ യുദ്ധമുന്നണിപോലുള്ള ചില പ്രദേശങ്ങളുടെ ഭരണത്തിൽ കമ്യൂണിസ്റ്റ്പാർട്ടിയിലെ അംഗങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

(5) കമ്യൂണിസ്റ്റ്പാർട്ടി ഔദ്യോഗികമായി ഭരണത്തിൽ പങ്കാളികളാകുന്നതിനു മുമ്പ്, അഖിലചൈന ദേശീയ പ്രതിനിധിസഭപോലെ പ്രാതിനിധ്യസ്വഭാവമുള്ള സമിതികളിൽ ജനകീയ ഭരണഘടനയെപ്പററിയും ദേശത്തെ രക്ഷിക്കുന്നതിനുള്ള നയങ്ങളെപ്പററിയും ചർച്ചചെയ്യുന്നതിനുവേണ്ടി പാർട്ടി അംഗങ്ങൾക്ക് പങ്കാളിത്തം ഉണ്ടാകാവുന്നതാണ്.

(6) സുനിശ്ചിതമായ ഒരു പൊതുപരിപാടിയും പരിപൂർണ്ണതുല്യതയെന്ന തത്വവും നൽകപ്പെട്ടുകഴിഞ്ഞാൽ കമ്യൂണിസ്റ്റ്പാർട്ടിയുടെ കേന്ദ്രകമ്മിററിയോ അതിൻെറ പ്രാദേശിക ശാഖകളോ ക്വമിന്താങ്ങിൻെറ കേന്ദ്രനിർവ്വാഹകസമിതിയുമായോ അതിൻെറ പ്രാദേശിക പ്രവർത്തനങ്ങളുമായോ പലവിധത്തിലുള്ള സംയുക്തസമിതികളെപ്പോലുള്ള ഐക്യമുന്നണിസംഘടനകൾ രൂപീകരിക്കുകയും (ഉദാ: ദേശീയ വിപ്ലവലീഗുകൾ, ജനകീയപ്രസ്ഥാനത്തിനുള്ള സമിതികൾ) അത്തരം സംയുക്തപ്രവർത്തനങ്ങളിലൂടെ കമ്യൂണിസ്റ്റ്പാർട്ടി ക്വമിന്താങ്ങുമായി സഹകരണം നേടിയെടുക്കുകയും ചെയ്യണം.

(7) ദേശീയ വിപ്ലവസേനയുടെ ഭാഗമായിക്കൊണ്ടുള്ള ചുവപ്പുസേനയുടെ പദവിമാററത്തോടുകൂടിയും ചുവപ്പു രാഷ്ട്രീയാധികാര ഉപകരണങ്ങൾ സവിശേഷ മേഖലകളുടെ സർക്കാരായിത്തീർന്നതോടുകൂടിയും അവയുടെ പ്രതിനിധികൾ അവർക്കു ലഭിച്ച നിയമാനുസൃതമായ പദവി ഉപയോഗിച്ച് ജാപ്പ്‌വിരുദ്ധ ചെറുത്തുനില്പ് വിപുലീകരിക്കുന്നതിനും ദേശത്തെ രക്ഷിക്കുന്നതിനുംവേണ്ടി സൈനികവും ജനകീയവുമായ സംഘടനകളിൽ പങ്കാളികളാകണം.

(8) മുമ്പത്തെ ചുവപ്പുസേനയിലും ഗറില്ലാ യൂണിററുകളിലും കമ്യൂണിസ്റ്റ്പാർട്ടിയുടെ സ്വാതന്ത്ര്യവും നിരുപാധികവുമായ നേതൃത്വം കാത്തുസൂക്ഷിക്കുക എന്നത് അവശ്യം ആവശ്യമാണ്. ഈ താത്വികമായ കാര്യത്തിൽ കമ്യൂണിസ്റ്റ്കാർ യാതൊരുവിധ ചാഞ്ചാട്ടവും കാണിച്ചുകൂടാ.

Scanned by CamScanner

6. വിപ്ലവതാവളപ്രദേശങ്ങളിലെ രാഷ്ട്രീയാധികാരരീതിയെ ജനപ്രാതിനിധ്യ കോൺഫറൻസുകളുടെ രീതിയെ, ബൂർഷ്വാ പാർലമെൻററിയാക്കി മാററണമെന്ന ചില പാർട്ടി സഖാക്കളുടെ നിർദ്ദേശത്തെയാണ് ''പാർലമെൻററിസം'' എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

7. ഹോമിങ്ങ് സംഭവം ഉണ്ടായതു് 1934 ഒക്ടോബറിൽ കേന്ദ്ര ചുവപ്പുസേന വടക്കോട്ടു നീങ്ങിയപ്പോഠം ചുവപ്പുസേനയുടെ ഗറില്ലാ യൂണിററുകഠം പിറകിൽ നില്ക്കുകയും ക്യാങ്ങ്സി, ഫൂക്കിയെൻ—ക്വാങ്ങ്ടുങ്ങ്, ഹൂനാൻ, ഹൂപേ, ഹൊനാൻ, ആൻഹൈ എന്നീ എട്ടു ദക്ഷിണപ്രവിശ്യകളിലായി പതിന്നാലിടങ്ങളിൽ വളരെ ബുദ്ധിമുട്ടുള്ള പരിത:സ്ഥിതികളിൽ ഒളിപ്പോരു നടത്തുകയുമുണ്ടായി. ജാപ്പ്വിരുദ്ധയുദ്ധം ആരംഭിച്ചപ്പോഠം ഈ യൂണിററുകഠം, ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി കേന്ദ്ര കമ്മിററിയുടെ നിർദ്ദേശാനുസരണം പ്രവർത്തിച്ചുകൊണ്ടു്, ആഭ്യന്തരയുദ്ധം നിറുത്തിവയ്ക്കുന്നതിനായി ക്വമിന്താങ്ങുമായി കൂടിയാലോചനകളിൽ ഏർപ്പെടുകയും സ്വയം ഒററസേനയായി സംഘടിക്കുകയും (പിന്നീടു് യാങ്ങ്ടിസി നദിയുടെ തെക്കും വടക്കും കരകളിൽ ജപ്പാനോടു് ഉറച്ചുനിന്നു് അടരാടിയ 'പുതിയ നാലാംസേന'യാണു് ഇതു്) ജപ്പാനെ ചെറുക്കാൻ മുന്നണിയിലേക്കു നീങ്ങുകയും ചെയ്തു. പതിന്നാലു ഗറില്ലാമേഖലകളിൽ ഒന്നായ ഫൂക്കെയെ്ൻ—ക്വാങ്ങ്ടുങ്ങ് അതിർത്തിപ്രദേശത്തെ ഒരു ഗറില്ലാ നേതാവായിരുന്ന ഹോമിങ്ങ്. ചിയാങ്ങ് കൈഷെക്കിന്റെ ഗൂഢപദ്ധതിയെക്കുറിച്ചു് അയാഠം ജാഗ്രതയിലായിരുന്നില്ല; തൽഫലമായി അയാളുടെ കീഴിലുള്ള ഗറില്ലകളിൽ ഒരായിരത്തിൽ അധികം പേർ, അവർ അണിചേർക്കപ്പെട്ടതിനുശേഷം, ക്വമിന്താങ്ങുസേനകളാൽ ചുററി വളയപ്പെടുകയും നിരായുധരാക്കപ്പെടുകയും ചെയ്തു.

8. ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി കേന്ദ്ര കമ്മിററിയുടെ 1937—ൽ യെനാനിൽ സ്ഥാപിച്ച, മുഖപത്രമായിരുന്ന ''ലിബറേഷൻ വാരിക.'' അതു് 1941—ൽ ''ലിബറേഷൻ ദിനപ്പത്രം'' ആക്കിമാററി.

9. 'ഷെൻപാഓ' മുതലായ പ്രസിദ്ധീകരണ മാദ്ധ്യമങ്ങഠം ഉപയോഗിച്ചിരുന്ന ദേശീയ ബൂർഷ്വാസിയുടെ വിഭാഗമാണിവർ.

10. ക്വമിന്താങ്ങിനു് അകത്തുതന്നെയുള്ള രണ്ടു ഫാസിസ്റ്റ്സംഘടനകളായ ഫൂസിങ്ങ് സൊസൈററിയും സി. സി. ക്ലിക്കും നയിച്ചിരുന്നതു് യഥാക്രമം ചിയാങ്ങ് കൈഷെക്കും ചെൻ ലി—ഫൂവും ആയിരുന്നു. അവർ വൻകിട ഭൂപ്രഭുക്കളുടെയും വൻകിട ബൂർഷ്വാസിയുടെയും പ്രഭുത്വതാല്പര്യങ്ങളെയാണു സേവിച്ചതു്. എന്നാൽ പല പെററി ബൂർഷ്വാഘടകങ്ങളും അവയിൽ ചേരാൻ നിർബന്ധിതരാകയോ വഞ്ചിതരായി ചേർന്നുപോവുകയോ ചെയ്തിരുന്നു. ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളതു് താഴെക്കിടയിലുള്ളതും ഇടത്തരവുമായ ക്വമിന്താങ്ങ് സൈനിക ഓഫീസർമാരുടെ വിഭാഗവും സി. സി. ക്ലിക്കിൽ ഫൂസിങ്ങ് സൊസൈററിയിൽ അധികാരമില്ലാതിരുന്ന അംഗങ്ങളടങ്ങിയ വിഭാഗവുമാണു്.

Scanned by CamScanner

# ഷെൻസി-കാൻസു-നിങ്ങ്സിയാ അതിർത്തിപ്രദേശസർക്കാരിൻെറയും എട്ടാംപഥസേനയുടെ പിന്നണി ഹെഡ്ക്വാർട്ടേഴ്സിൻെറയും പ്രഖ്യാപനം*

*1938 മെയ് 15*

ഇതാ, ഇതോടെ പ്രഖ്യാപിതമാവുകയാണ്: ലൂക്കൗച്യാവോ സംഭവത്തെ തുടർന്ന് ഇങ്ങോട്ട് ദേശസ്നേഹികളായ നമ്മുടെ എല്ലാ ദേശവാസികളും ചെറുത്തുനില്പ് യുദ്ധത്തിൽ ഉറപ്പോടെ പോരാടിക്കൊണ്ടേ ഇരിക്കുകയാണ്. മുന്നണിയിലെ ഓഫീസർമാരും സൈനികരും തങ്ങളുടെ രക്തം ചിന്തുകയും ജീവൻ ബലിയർപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും ഗ്രൂപ്പുകളും ഉത്തമ വിശ്വാസത്തോടെ ഐക്യപ്പെട്ടിട്ടുണ്ട്. എല്ലാ വിഭാഗങ്ങളിലുംപെട്ട ജനങ്ങളും ദേശത്തെ രക്ഷിക്കുന്നതിനായി തങ്ങളുടെ ശക്തികൾ കൂട്ടായി കേന്ദ്രീകരിച്ചിരിക്കുകയാണ്. ചൈനീസ് ദേശത്തിൻെറ ശോഭനമായ ഒരു ഭാവിയിലേക്ക് ഇത് വിരൽ ചൂണ്ടുകയും ജപ്പാനുമേലുള്ള വിജയത്തിന് ഒരു മുന്നുറപ്പ് ഇതു സാദ്ധ്യമാക്കുകയും ചെയ്യുന്നു. ഞങ്ങളുടെ എല്ലാ സഹദേശവാസികളും മുന്നേററത്തിൻെറ ഈ പാത പിൻതുടർന്നുകൊണ്ടേയിരിക്കണം. ഷെൻസി–കാൻസു–നിങ്ങ്സിയാ അതിർത്തി 1 പ്രദേശത്തെ

---

* ചിയാങ്ങ് കൈഷെക് ക്ലിക്കിൻെറ അലങ്കോലപ്പെടുത്തൽ നടപടികളെ എതിരിടുന്നതിനുള്ള ഒരു കാഴ്ചപ്പാടോടെ, ഷെൻസി–കാൻസു നിങ്ങ്സിയാ സർക്കാരിനും എട്ടാംപഥസേനയുടെ ഹെഡ്ക്വാർട്ടേഴ്സിനുംവേണ്ടി സഖാവ് മാവോ സെതുങ്ങ് തയ്യാറാക്കിയതാണ് ഈ പ്രഖ്യാപനം. ചിയാങ്ങ് കൈഷെക്ക് ക്ലിക്ക്, കുമിന്താങ്ങ്–കമ്യൂണിസ്റ്റ് സഹകരണം സ്ഥാപിതമായതിനു തൊട്ടുപിന്നാലെ, കമ്യൂണിസ്റ്റു നേതൃത്വത്തിലുള്ള വിപ്ലവസൈന്യങ്ങൾക്ക് എതിരായി അലങ്കോലപ്പെടുത്തലിനുള്ള ഗൂഢാലോചന തുടങ്ങിവെച്ചു. ഷെൻസി–കാൻസു–നിങ്ങ്സിയാ അതിർത്തി പ്രദേശത്തിനെ അലങ്കോലപ്പെടുത്തലും അവരുടെ ഗൂഢാലോചനയുടെ ഭാഗമായിരുന്നു. വിപ്ലവതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒരു ഉറച്ച നിലപാട് എടുക്കേണ്ടത് അവശ്യം ആവശ്യമാണെന്ന് മാവോ സെതുങ്ങ് ശക്തിയായി വാദിച്ചു. ചിയാങ്ങ് ക്ലിക്കിൻെറ ഈ ഇടങ്കോലിടലുകളുടെ കാര്യത്തിൽ ജാപ്പ് വിരുദ്ധ മുന്നണിയിൽ ചില പാർട്ടി അംഗങ്ങൾ എടുത്ത അവസരവാദപരമായ നിലപാടിന് ഒരു കനത്ത പ്രഹരം ഈ പ്രഖ്യാപനം ഏല്പിക്കുകയുണ്ടായി.

Scanned by CamScanner

സേനയും ജനങ്ങളും സർക്കാരിന്റെ നേതൃത്വത്തെ പിൻതുടരുകയും തങ്ങളുടെ പ്രയത്നം ദേശീയ വിമോചന ലക്ഷ്യത്തിനായി അർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവർ ചെയ്തിട്ടുള്ളതെല്ലാംതന്നെ നീതിനിഷ്ഠവും ബഹുമാന്യവും ആയിട്ടുണ്ട്. കടുത്ത കഷ്ടപ്പാടുകൾക്കിടയിലും അവർ അക്ഷീണമായും ആവലാതികൂടാതെയും സമരം തുടർന്നിട്ടുണ്ട്. രാജ്യമാസകലമുള്ള ജനങ്ങൾ ഏക രാഷ്ട്രമായാണ് അവരെ പ്രശംസിക്കുന്നത്. തങ്ങളുടെ പ്രദേശത്തെല്ലാമുള്ള ജനങ്ങളെ അവരുടെ പ്രയത്നം അവസാനനിമിഷം വരെ തുടരുന്നതിനായി അതിർത്തി പ്രദേശ സർക്കാരും പിന്നണി ഹെഡ്ക്വാർട്ടേഴ്സും തങ്ങളുടെ പക്ഷത്തുനിന്ന് പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കും. ആരെയുംതന്നെ തന്റെ കടമയോട് ഉപേക്ഷ കാണിക്കാൻ അനുവദിക്കുന്നതല്ല; ദേശീയ വിമോചന ലക്ഷ്യത്തെ തുരങ്കംവെയ്ക്കുന്ന ഒന്നുംതന്നെ അനുവദിക്കുന്നതല്ല. ഇങ്ങനെയൊക്കെയാണെങ്കിലും, പൊതുതാല്പര്യം വകവെയ്ക്കാതെ ചിലയാളുകൾ പല ദുഷ്ചെയ്തികളും ചെയ്യാൻ വിവിധ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതായി, **അതിർത്തി പ്രദേശത്ത്** ഈയിടെ നടത്തിയ സൂക്ഷ്മാന്വേഷണങ്ങളിലൂടെ വെളിവായിട്ടുണ്ട്. കർഷകരെ അവർക്ക് വിതരണം ചെയ്യപ്പെട്ടിട്ടുള്ള ഭൂമിയും വീടുകളും തിരിച്ചേല്പിക്കുന്നതിനു നിർബന്ധിക്കുക, പഴയ റദ്ദ് ചെയ്യപ്പെട്ട കടം 2 ഒടുക്കുന്നതിന് കടം എടുത്തിട്ടുള്ളവരെ നിർബന്ധിക്കുക; കെട്ടിപ്പടുത്തിട്ടുള്ള ജനാധിപത്യ വ്യവസ്ഥയെ മാറ്റുന്നതിനോ സംസ്ഥാപിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള സൈനിക, സാമ്പത്തിക, സംസ്കാരിക, ബഹുജന സംഘടനകളെ താറുമാറാക്കുന്നതിനോ ആയി സ്വയം വഴങ്ങാൻ ജനങ്ങളെ ബലംപ്രയോഗിച്ച് നിർബന്ധിക്കുക എന്നിങ്ങനെയുള്ളവയാണ് ആ ദുശ്ചെയ്തികൾ, അവരിൽ ചിലർ ചാരന്മാരായി പ്രവർത്തിക്കുക, കൊള്ളക്കൂട്ടങ്ങളുമായി ഗൂഢാലോചന നടത്തുക, നമ്മുടെ പടയാളികൾക്കിടയിൽ ലഹള ഇളക്കിവിടുക, നമ്മുടെ ഭൂവിഭാഗങ്ങളുടെ സർവ്വേകളും ഭൂപടങ്ങളും ഉണ്ടാക്കുക, രഹസ്യമായി വിവരങ്ങൾ ശേഖരിക്കുക, അല്ലെങ്കിൽ **അതിർത്തിപ്രദേശസർക്കാരിനെതിരായി** പരസ്യമായി കുപ്രചരണം നടത്തുക എന്നിവപോലും ചെയ്യുകയാണ്. ഈ എല്ലാ നടപടികളും, സ്പഷ്ടമായും, ജപ്പാനെ പ്രതിരോധിക്കുന്നതിനുള്ള ഐക്യത്തിന്റെ അടിസ്ഥാന തത്വങ്ങളുടെ ലംഘനമാണ്, **അതിർത്തിപ്രദേശത്തെ** ജനങ്ങളുടെ ഇച്ഛക്ക് എതിരായുള്ളതാണ്, ആഭ്യന്തര കലഹങ്ങൾ കുത്തിപ്പൊക്കാനും ഐക്യമുന്നണിയെ താറുമാറാക്കാനും ജനകീയ താല്പര്യങ്ങളെ അപകടപ്പെടുത്താനും **അതിർത്തിപ്രദേശസർക്കാരിന്റെ** അന്തസ്സിന് തുരങ്കംവെയ്ക്കാനും ഉദ്ദേശിച്ചിട്ടുള്ളതുമാണ്. ഇവയാകട്ടെ ജപ്പാന് എതിരായി ജനങ്ങളെ അണിനിരത്തുന്നതിലുള്ള വിഷമതകളെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ദേശീയ താല്പര്യത്തെ അപായപ്പെടുത്തുംവിധം മൂരാച്ചികൾ പെരുമാറുന്നുണ്ടെന്നതാണ് ഇതിനു കാരണം. ചിലർ തങ്ങളുടെ ഗൂഢാലോചനാപരമായ നടപടികളെ ഒളിച്ചുവെയ്ക്കാൻ, വിവിധതരം കപടവേഷങ്ങൾ കെട്ടിക്കൊണ്ട്, ജാപ്പ് അക്രമണകാരികളുടെ ചട്ടുകങ്ങളായി സേവനം അനുഷ്ഠിക്കപോലും ചെയ്യുകയാണ്. അത്തരം നടപടികൾ നിർത്തിക്കുന്നതിന് നമ്മോട് അഭ്യർത്ഥിച്ചുകൊണ്ട് കൗണ്ടികളിലെ ജനങ്ങളിൽനിന്ന്, നമ്മുടെ ദിവസേന ഉള്ള ശ്രദ്ധ ക്ഷണിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ കഴിഞ്ഞ കുറേ മാസങ്ങളായി നിരന്തരം കുമിഞ്ഞുകൂടുന്നുണ്ട്. ജാപ്പ് വിരുദ്ധസൈന്യങ്ങളെ സുശക്തമാക്കാനും ജപ്പാന് എതിരായ പിന്നണി നിര സുദൃഢമാക്കാനും, ജനങ്ങളുടെ താല്പര്യങ്ങളെ കാത്തുസൂക്ഷിക്കാനും ഉള്ള ഒരു വീക്ഷണത്തോടെ മുകളിൽ പ്രസ്താവിച്ച ദുശ്ചെയ്തിയുടേതായ നടപടികൾക്ക് വിലക്ക് കല്പിക്കുക എന്നത് ഒരു ബാദ്ധ്യത

Scanned by CamScanner

യായി സർക്കാരും പിന്നണി ഹെഡ്ക്വാർട്ടേഴ്സും കാണുന്നു. അതനുസരിച്ച്, ഞങ്ങൾ ഇതോടെ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു:

1) ആഭ്യന്തരസമാധാനം സ്ഥാപിക്കപ്പെടുന്നതിനുമുൻപ് അതിർത്തിപ്രദേശ സർക്കാരിന്റെ അധികാരപരിധിയിൽ ഇരുന്ന പ്രദേശങ്ങൾക്ക് അകത്ത് നടപ്പാക്കിയിട്ടുള്ള ഭൂമിയുടേയും വീടുകളുടേയും വിതരണത്തിലും കടങ്ങളുടെ റദ്ദാക്കലിലും ഏതെങ്കിലും വിധത്തിൽ അനധികൃതമായി മാററംചെയ്യുന്നതിനെ, ജനങ്ങൾ നേടിയെടുത്തിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി സർക്കാരും പിന്നണി ഹെഡ്ക്വാർട്ടേഴ്സും നിരോധിച്ചിരിക്കുന്നു.

2) ആഭ്യന്തരസമാധാനം സ്ഥാപിക്കപ്പെട്ടപ്പോൾ നിലവിൽ വന്നുകഴിഞ്ഞിരുന്നവയും ഐക്യമുന്നണിയുടെ തത്വമനുസരിച്ച് അതിൽ പിന്നീട് മുന്നേറുകയും വിസ്തൃതമാക്കപ്പെടുകയും ചെയ്തിട്ടുള്ളവയുമായ എല്ലാ സൈനീക, രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക, ബഹുജന, സംഘടനകളുടേയും പ്രവർത്തനങ്ങളെ, സർക്കാരും പിന്നണി ഹെഡ്ക്വാട്ടേഴ്സും സംരക്ഷിക്കുന്നതാകുന്നു; അവയുടെ പുരോഗതിയെ പ്രോത്സാഹിപ്പിക്കുന്നതാണ്; അവക്കെതിരായ എല്ലാ ഇടങ്കോലിടലുകളും അലങ്കോലപ്പെടുത്തൽ നടപടികളും നിർത്തിക്കുന്നതുമാണ്.

3) ജപ്പാനെ ചെറുത്തുനിൽക്കുന്നതിന്റെയും ദേശീയ വിമോചനത്തിന്റെയും ലക്ഷ്യത്തെ സേവിക്കുന്നതായ ഏതുവിധത്തിലുള്ള ഉദ്യമങ്ങളും, സായുധ ചെറുത്തുനില്പിന്റേയും ദേശീയ പുനർനിർമ്മാണത്തിന്റേയും പരിപാടി ഉറപ്പോടെ നടപ്പാക്കികൊണ്ട് സർക്കാരും പിന്നണിഹെഡ്ക്വാർട്ടേഴ്സും സസന്തോഷം ആരംഭിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യും. എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളിൽനിന്നുമുള്ള ആത്മാർത്ഥ സഹായത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാൽ കപടനാട്യക്കാർക്ക് എതിരെ കരുതൽ എടുക്കുക, രാജ്യദ്രോഹികളെ ഒഴിച്ചുനിർത്തുക എന്നിവയ്ക്കായി, ഏതൊരു ആളെയും, അയാൾ സക്കാരിൽ നിന്നും പിന്നണി ഹെഡ്ക്വാട്ടേഴ്സിൽനിന്നും അനുമതിയും രേഖാമൂലമുള്ള അധികാരപ്പെടുത്തലും നേടിയിട്ടില്ലെങ്കിൽ, അയാളുടെ പ്രവൃത്തനം എന്തുതന്നെയായിരിക്കട്ടെ, അതിർത്തിപ്രദേശത്തിനകത്ത് പ്രവേശിക്കുന്നതിൽനിന്നും താമസിക്കുന്നതിൽനിന്നും ഞങ്ങൾ നിരോധിക്കുന്നു.

4) സായുധചെറുത്തുനില്പിന്റെ സംഘർഷപൂർണ്ണമായ ഈകാലയളവിൽ, അതിർത്തിപ്രദേശത്തിന്റെ അതിരുകൾക്കകത്ത് അട്ടിമറി പണിചെയ്യാൻ ശ്രമിക്കുന്ന, അലങ്കോലപ്പെടുത്തലിൽ ഏർപ്പെടുന്ന, കലാപങ്ങൾ ഇളക്കിവിടുന്ന അഥവാ രഹസ്യങ്ങൾ ചോർത്തി എടുത്തു പുറത്തുവിടുന്ന ഏതൊരു ആളെക്കുറിച്ചും ജനങ്ങൾ റിപ്പോർട്ടുചെയ്യുന്നത് ശരിയായതും ഉചിതവുമാണ്. മതിയായ തെളിവിന്റെ അടിസ്ഥാനത്തിൽ അത്തരത്തിൽ കുററം ചുമത്തപ്പെട്ട ഏതൊരു വ്യക്തിയും കൈയോടെ അറസ്റ്റ് ചെയ്യപ്പെടാം. കുററം തെളിയിക്കപ്പെടുകയാണെങ്കിൽ നിയമലംഘകർ, മതിയായത്ര കഠിനമായി ശിക്ഷിക്കപ്പെടും.

അതിർത്തിപ്രദേശത്തെങ്ങുമുള്ള സായുധസൈന്യങ്ങളിലെ എല്ലാ അംഗങ്ങളും എല്ലാ സിവിലിയന്മാരും ഈ നാലു ചട്ടങ്ങൾ പരിപാലിക്കുകതന്നെ വേണം; ഏതുവിധത്തിലുമുള്ള യാതൊരു ലംഘനവും അനുവദിക്കുന്നതല്ലതന്നെ. ഇനിമേൽ ഏതെങ്കിലും നിയമലംഘകനായ വ്യക്തി കുഴപ്പം ഉണ്ടാക്കാൻ ഒരുമ്പെട്ടാൽ, അതിർത്തിപ്രദേശ സർക്കാരും പിന്നണി ഹെഡ് ക്വാർട്ടേഴ്സും മുൻ പറഞ്ഞ ചട്ടങ്ങൾ അക്ഷരാർത്ഥ

Scanned by CamScanner

ത്തിൽതന്നെ നടപ്പിൽ വരുത്തും; അറിവുകേടിന്റേതായ ഒരു വാദവും അംഗീകരിക്കുന്നതുമല്ല.

പൂർണ്ണമായ നിയമപ്രാബല്യത്തോടെ, ഇതിനാൽ ഈ പ്രഖ്യാപനം പുറപ്പെടുവിച്ചിരിക്കുന്നു.

## കുറിപ്പുകൾ

1. വടക്കൻ ഷെൻസിയിലെ വിപ്ലവ ഗറില്ലാതാവളം യുദ്ധത്തിലൂടെ 1931–നുശേഷം പടിപടിയായി കെട്ടിപ്പടുക്കപ്പെട്ട വിപ്ലവതാവള പ്രദേശമായിരുന്നു: ഷെൻസി–കാൻസു–നിങ്ങ്സിയ അതിർത്തിപ്രദേശം ലോങ്ങ് മാർച്ചിനുശേഷം കേന്ദ്ര ചുവപ്പുസേന വടക്കൻ ഷെൻസിയിലെത്തിയപ്പോൾ, അതു് വിപ്ലവത്തിന്റെ കേന്ദ്ര താവളപ്രദേശവും ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി കേന്ദ്ര കമ്മിററിയുടെ ആസ്ഥാനവും ആയിത്തീർന്നു. 1937–ൽ ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയുടെ രൂപീകരണത്തിനു ശേഷം ഷെൻസി–കാൻസു–നിങ്ങ്സിയ അതിർത്തിപ്രദേശമെന്നു് അതിനെ നാമകരണം ചെയ്തു; പ്രസ്തുത മൂന്നു പ്രവിശ്യകളുടെ പൊതു അതിർത്തികളിലായുള്ള ഇരുപത്തിമൂന്നു് കൗണ്ടികൾ ഉൾപ്പെട്ടതായിരുന്നു അതു്.
2. 1936–ഓടെ അതിർത്തിപ്രദേശത്തെ മിക്കവാറും സ്ഥലങ്ങളിൽ ഭൂപ്രഭുക്കളുടെ ഭൂമി കണ്ടുകെട്ടുന്നതിന്റെയും അതു് കർഷകർക്കിടയിൽ വിതരണം ചെയ്യുന്നതിന്റെയും കർഷകരുടെ പഴയ കടങ്ങൾ റദ്ദു ചെയ്യുന്നതിന്റെയും നയം നടപ്പാക്കിക്കഴിഞ്ഞിരുന്നു. 1936–നു ശേഷം വിശാലമായ ഒരു ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയുടെ രൂപീകരണത്തെ സുഗമമാക്കുന്നതിനായി ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടി മൊത്തം രാജ്യത്തിലുള്ള, അതിന്റെ നയം പാട്ടവും പലിശയും വെട്ടിക്കുറയ്ക്കുന്നതിന്റേതായ ഒന്നാക്കി മാററി; എന്നിരുന്നാലും അതോടൊപ്പംതന്നെ, ഭൂപരിഷ്ക്കരണത്തോടെ കർഷകർ നേടിയെടുത്തുകഴിഞ്ഞിരുന്ന നേട്ടങ്ങളെ അതു് ഉറപ്പോടെ സംരക്ഷിക്കുകയുമുണ്ടായി.

Scanned by CamScanner

# ജപ്പാനെതിരായ ഗറില്ലായുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങൾ *

*1938 മെയ്*

## ഗറില്ലായുദ്ധത്തിൽ തന്ത്രത്തിന്റെ പ്രശ്നം എന്തുകൊണ്ട് ഉന്നയിക്കുന്നു?

ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധത്തിൽ പ്രാഥമികമായതു് വ്യവസ്ഥാപിത യുദ്ധമാണു്, ഗറില്ലാ യുദ്ധമുറ അനുബന്ധവും. ഈ പ്രശ്നം നേരത്തെതന്നെ ശരിയായ രീതിയിൽ പരിഹരിച്ചു കഴിഞ്ഞതാണു്. അതുകൊണ്ടു്, ഗറില്ലാ യുദ്ധമുറയിൽ അടവുപരമായ പ്രശ്നമേയുള്ളൂ എന്ന തോന്നൽ ഉണ്ടാകാം. പിന്നെ എന്തിനാണു് തന്ത്രത്തിന്റെ പ്രശ്നങ്ങൾ ഉന്നയിക്കുന്നതു്?

ചൈന ഒരു ചെറിയ രാജ്യവും, അതിൽ ഗറില്ലാ യുദ്ധമുറയുടെ പങ്കു് വ്യവസ്ഥാപിതമായ സൈന്യത്തിന്റെ കാമ്പെയിനുകൾക്കു് ഹ്രസ്വകാലത്തേക്കു മാത്രം നേരിട്ടു പിന്തുണ നൽകുക എന്നതുമായിരുന്നുവെങ്കിൽ, തീർച്ചയായും അടവുപരമായ പ്രശ്നങ്ങൾ മാത്രമേ ഉണ്ടാകുമായിരുന്നു

---

* ജാപ്പ്‌വിരുദ്ധ യുദ്ധത്തിന്റെ പ്രാരംഭനാളുകളിൽ പാർട്ടിക്കകത്തും പുറത്തുമുള്ള വളരെപ്പേർ ഗറില്ലായുദ്ധമുറയുടെ തന്ത്രപരമായ പങ്കിന്റെ പ്രാധാന്യത്തെ കുറച്ചു കാണുകയും വ്യവസ്ഥാപിത യുദ്ധമുറയിൽ മാത്രം, പ്രത്യേകിച്ചു്, ക്വമിന്താങ്ങ് സേനകളുടെ പ്രവർത്തനങ്ങളിൽ അവരുടെ പ്രതീക്ഷകൾ ഒതുക്കിനിർത്തുകയും ചെയ്തു. സ: മാവൊ സെതുങ്ങ് ഈ കാഴ്ചപ്പാടിനെ നിരാകരിക്കുകയും ജാപ്പ്‌വിരുദ്ധ ഗറില്ലായുദ്ധമുറയുടെ വികാസത്തിന്റെ ശരിയായ പാത ചൂണ്ടിക്കാണിക്കുന്നതിനു് ഈ ലേഖനം എഴുതുകയും ചെയ്തു. തൽഫലമായി, 1937–ൽ ചെറുത്തുനില്പ്‌യുദ്ധം ആരംഭിച്ചപ്പോൾ നാല്പതിനായിരം സൈനികരിൽ അല്പം കൂടുതലുണ്ടായിരുന്ന മൂന്നാംപഥസൈന്യവും പുതിയ നാലാംസൈന്യവും, 1945ൽ ജപ്പാൻ കീഴടങ്ങിയ കാലത്തിനിടയ്ക്കു് ഒരു ദശലക്ഷം വരുന്ന ഒരു വമ്പിച്ച സൈന്യമായി വളരുകയും, വിപ്ലവപരമായ വളരെയധികം താവളപ്രദേശങ്ങൾ സ്ഥാപിക്കുകയും, യുദ്ധത്തിൽ ഒരു വലിയ പങ്കു വഹിക്കുകയും അങ്ങിനെ ഈ കാലഘട്ടത്തിലുടനീളം ജപ്പാനു് കീഴടങ്ങുന്നതിനോ ഒരു ദേശവ്യാപകമായ ആഭ്യന്തരയുദ്ധം നടത്തുന്നതിനോ ചിയാങ്ങ് കൈഷെക്കിനെ ഭയമുള്ളവനാക്കുകയും ചെയ്തു. 1946–ൽ ചിയാങ്ങ് ഒരു ദേശവ്യാപകമായ ആഭ്യന്തരയുദ്ധം നടത്തിയപ്പോൾ, എട്ടാംപഥസൈന്യത്തിൽനിന്നും പുതിയ നാലാംസൈന്യത്തിൽനിന്നും രൂപം കൊണ്ട ജനകീയ വിമോചനസേന അയാളുടെ ആക്രമണങ്ങളെ നേരിടുന്നതിനു് തക്ക ശക്തിയുള്ളതായിക്കഴിഞ്ഞിരുന്നു.

Scanned by CamScanner

ള്ള. മറിച്ച് തന്ത്രത്തിന്റെ പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നില്ല. നേരെ മറിച്ച്, ചൈന സോവിയററ് യൂണിയനോളം ശക്തിയുള്ളൊരു രാജ്യമായിരിക്കുകയും, ആക്രമണകാരിയായ ശത്രുവെ പെട്ടെന്ന് പുറത്താക്കാൻ കഴിയുകയോ, അല്ലെങ്കിൽ, ശത്രുവെ പുറത്താക്കാൻ കുറച്ചധികം സമയം എടുക്കുകയുമാണെങ്കിലുമോ പോലും ശത്രുവിനു വിപുലമായ പ്രദേശങ്ങൾ കൈവശപ്പെടുത്താൻ കഴിയുകയില്ല. ആ സ്ഥിതിയിലും ഗറില്ലാ യുദ്ധമുറ സൈനികപ്രവർത്തനങ്ങളിൽ വെറുമൊരു പിന്തുണയുടേതായ പങ്കു തന്നെയായിരിക്കും വഹിക്കുക, സ്വാഭാവികമായും അടവുപരമായ പ്രശ്നങ്ങൾ മാത്രമേ ഉദിക്കുകയുള്ളൂ, തന്ത്രപരമായ പ്രശ്നങ്ങൾ ഉദിക്കുകയില്ല.

ചൈന ഏതായാലും ചെറുതോ സോവിയററ്യൂണിയനെപ്പോലെ ഉള്ളതോ അല്ല. മറിച്ച് വിശാലവും ദുർബലവുമാണ്. അതുകൊണ്ട് ചൈനയുടെ കാര്യത്തിൽ, ഗറില്ലായുദ്ധത്തിൽ തന്ത്രത്തിന്റെ പ്രശ്നം ഉദിക്കുകതന്നെ ചെയ്യുന്നു. വിശാലവും ദുർബലവുമായ ഈ രാജ്യം പുരോഗതിയുടെ യുഗത്തിലാണ്; മുഴുവൻ പ്രശ്നത്തിന്റെയും ഉറവിടം ഇതാണ്. ഈ സാഹചര്യങ്ങളിലാണ് വിപുലമായ പ്രദേശങ്ങൾ ശത്രുവിന്റെ കൈവശത്തിലായതും യുദ്ധം നീണ്ടുവലിഞ്ഞ ഒന്നായിത്തീർന്നിട്ടുള്ളതും. വിശാലമായ നമ്മുടെ രാജ്യത്തിന്റെ വിസ്തൃതപ്രദേശങ്ങൾ ശത്രു കൈവശപ്പെടുത്തിക്കൊണ്ടിരിക്കയാണ്. എന്നാൽ ജപ്പാൻ ഒരു കൊച്ചുരാജ്യമാണ്, അതിനു പര്യാപ്തമായത്ര പട്ടാളക്കാരില്ല. അധീനപ്രദേശങ്ങളിൽ പലതിലും സന്നിഹിതമായിരിക്കാൻ കഴിയാതെ ഒഴിയേണ്ടിവരുന്നു. അതുകൊണ്ട് വ്യവസ്ഥാപിത സൈന്യവിഭാഗങ്ങളുടെ ക്യാമ്പെയിനുകൾക്ക് സഹായകമായി ആഭ്യന്തര നിരയിലല്ല നമ്മുടെ ജാപ്പ്‌വിരുദ്ധ ഗറില്ലായുദ്ധം ഒന്നാമതായി കേന്ദ്രീകരിക്കേണ്ടതു്. മറിച്ച് ബാഹ്യനിരകളിലെ സ്വതന്ത്രമായ പ്രവർത്തനങ്ങളിലാണ്; അതിനും പുറമെ, ചൈന പുരോഗമനോന്മുഖമാണ്. അതായതു്, കമ്യൂണിസ്റ്റ് പാർട്ടിയാൽ നയിക്കപ്പെടുന്ന ഒരുറച്ച സൈന്യവും വിശാലമായ ജനവിഭാഗങ്ങളും അതിനുണ്ട്. എന്നിരിക്കെ നമ്മുടെ ജാപ്പ്‌വിരുദ്ധ ഗറില്ലായുദ്ധമുറ ചെറിയതോതിലുള്ളതായിരിക്കുക എന്നതിലേറെ വാസ്തവത്തിൽ വൻതോതിലുള്ള യുദ്ധമുറയാകേണ്ടതുണ്ട്. ആയതുകൊണ്ട്, തന്ത്രപരമായ പ്രതിരോധം തന്ത്രപരമായ കടന്നാക്രമണം എന്നിങ്ങനെയുള്ള പ്രശ്നങ്ങളുടെ ഒരു മുഴുവൻ പരമ്പരതന്നെ ആവിർഭവിക്കുന്നു. യുദ്ധത്തിന്റെ നീണ്ടുവലിഞ്ഞ സ്വഭാവവും തൽഫലമായുള്ള അതിന്റെ നിഷ്ഠൂരതയും വളരെയധികം അസാധാരണ നടപടികൾ എടുക്കുക എന്നതു് ഗറില്ലായുദ്ധമുറയ്ക്ക് ഒഴിച്ചുകൂടാൻ വയ്യാത്തതാക്കിത്തീർത്തിട്ടുണ്ട്; അതുകൊണ്ട് താവളപ്രദേശങ്ങളുടെയും ചലനാത്മക യുദ്ധമുറയിലേക്കുള്ള ഗറില്ലായുദ്ധമുറയുടെ വികാസത്തിന്റെയും അതുപോലുള്ള പലതിന്റെയും പ്രശ്നങ്ങളും ഉദിക്കുന്നു. ഈ കാരണങ്ങൾകൊണ്ടെല്ലാം ചൈനയുടെ ജാപ്പ്‌വിരുദ്ധ ഗറില്ലായുദ്ധമുറ അടവുകളുടെ അതിർവരമ്പുകൾ മുറിച്ചുകടന്ന് തന്ത്രത്തിന്റെ വാതിലിൽ മുട്ടുന്നതിലെത്തുന്നു, തന്ത്രത്തിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള പരിശോധന ആവശ്യപ്പെടുന്നു. ഇത്രയും വിപുലമായതും അതുപോലെതന്നെ സുദീർഘവുമായ ഗറില്ലാ യുദ്ധമുറ, യുദ്ധചരിത്രത്തിലപ്പാടെതന്നെ തികച്ചും പുതിയതാണെന്ന സംഗതി നമ്മുടെ പ്രത്യേകശ്രദ്ധ ആവശ്യപ്പെടുന്നതാണ്. നാമിപ്പോൾ ആയിരത്തിതൊള്ളായിരത്തിമുപ്പതുകളിലും നാല്പതുകളിലുമാണെന്നും നമുക്കിപ്പോൾ കമ്യൂണിസ്റ്റ് പാർട്ടിയും ചുവപ്പുസേനയും ഉണ്ടെന്നുമുള്ള വസ്തുതയുമായി ഇതു് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാര്യത്തിന്റെ മർമ്മം ഇവിടെയാണ്. സൂങ് രാജവാഴ്ചയെ മങ്കോളിയർ കീഴടക്കിയതും ചിങ് രാജവാഴ്ചയെ മഞ്ചുക്കാർ കീഴ്പെടുത്തിയതും വടക്കേ അമേരിക്കയേയും ഇന്ത്യയേയും

Scanned by CamScanner

ബ്രിട്ടൻ കൈയടക്കിയതും, മദ്ധ്യഅമേരിക്കയേയും തെക്കേ അമേരിക്കയേയും കത്തോലിക്കർ കൈയടക്കിയതും എല്ലാം അതിശയിക്കുന്നതിന്റെ മോഹനസ്വപ്നങ്ങൾ നമ്മുടെ ശത്രു ഒരുപക്ഷേ ഇപ്പോഴും താലോലിക്കുന്നുണ്ടാകാം. എന്നാൽ ഇന്നത്തെ ചൈനയിൽ അത്തരം സ്വപ്നങ്ങൾക്ക് പ്രായോഗികമതിപ്പില്ല, കാരണം ആ ചരിത്രസംഭവങ്ങളിൽ ഇല്ലാതിരുന്ന നിയത ഘടകങ്ങൾ ഇന്നു ചൈനയിലുണ്ട്. അവയിലൊന്ന് തികച്ചും പുതിയൊരു പ്രതിഭാസമായ ഗറില്ലാ യുദ്ധമുറയാണ്. ഈ വസ്തുതയെ അവഗണിക്കുകയാണെങ്കിൽ നമ്മുടെ എതിരാളികൾ തീർച്ചയായും ദു:ഖിക്കേണ്ടിവരും.

നമ്മുടെ മൊത്തം ചെറുത്തുനില്പുയുദ്ധത്തിൽ ഗറില്ലാ യുദ്ധമുറയ്ക്ക് ഒരു അനുബന്ധസ്ഥാനം മാത്രമെയുള്ളവെങ്കിൽ കൂടിയും അതിനെ എല്ലാംകൊണ്ടും തന്ത്രത്തിന്റെ വീക്ഷണകോണിൽ നിന്നുകൊണ്ട് പരിശോധിക്കണം എന്നു പറയാനുള്ള കാരണങ്ങൾ ഇവയാണ്.

അപ്പോൾ ഗറില്ലാ യുദ്ധമുറയ്ക്ക് ചെറുത്തുനില്പ് യുദ്ധത്തിന്റെ തന്ത്രപരമായ സാമാന്യതത്വങ്ങൾ എന്തുകൊണ്ട് ബാധകമാക്കിക്കൂടാ?

നമ്മുടെ ജാപ്പവിരുദ്ധ ഗറില്ലായുദ്ധമുറയുടെ തന്ത്രത്തിന്റെ പ്രശ്നം ഒട്ടുമൊത്തം ചെറുത്തുനില്പുയുദ്ധത്തിന്റെ തന്ത്രത്തിന്റെ പ്രശ്നവുമായി തീർച്ചയായും അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. കാരണം അവയ്ക്ക് പൊതുവായ പല കാര്യങ്ങളുമുണ്ട്. അതേ സമയം വ്യവസ്ഥാപിത യുദ്ധമുറയിൽ നിന്ന് ഗറില്ലാ യുദ്ധമുറ ഭിന്നമാണ്, അതിന് തനതായ സവിശേഷതകളുണ്ട്. തൽഫലമായി ഗറില്ലാ യുദ്ധമുറയുടെ തന്ത്രത്തിന്റെ പ്രശ്നത്തിലും വളരെയധികം സവിശേഷ ഘടകങ്ങൾ അന്തർഭവിച്ചിരിക്കുന്നു. ചെറുത്തുനില്പുയുദ്ധത്തിന്റെ തന്ത്രപരമായ തത്വങ്ങളെ പരിഷ്കരിക്കാതെ, അവ തനതു സവിശേഷതകളോടുകൂടിയ ഗറില്ലാ യുദ്ധമുറയിൽപ്രയോഗിക്കുവാൻ സാദ്ധ്യമല്ല.

*അദ്ധ്യായം 2*

## യുദ്ധത്തിന്റെ അടിസ്ഥാനതത്വം സ്വയം സംരക്ഷണവും ശത്രുസംഹാരവുമാണ്

ഗറില്ലാ യുദ്ധമുറയിൽ തന്ത്രത്തിന്റെ പ്രശ്നത്തെ സമൂർത്തമായ രീതികളിൽ ചർച്ചചെയ്യുന്നതിന് മുമ്പ്, യുദ്ധത്തിന്റെ അടിസ്ഥാനപ്രശ്നത്തെപ്പററി ചില വാക്കുകൾ പറയേണ്ടതുണ്ട്.

സ്വന്തം ശക്തിയെ സംരക്ഷിക്കാനും ശത്രുശക്തിയെ നശിപ്പിക്കാനും പരമാവധി കിണഞ്ഞു ശ്രമിക്കുകയെന്ന ഏക അടിസ്ഥാനതത്വത്തിൽ നിന്നാണ് സൈനികപ്രവർത്തനങ്ങളുടെ മാർഗനിർദേശകതത്വങ്ങൾ എല്ലാംതന്നെ വളരുന്നത്. ഒരു വിപ്ലവയുദ്ധത്തിൽ ഈ തത്വം അടിസ്ഥാനരാഷ്ട്രീയ തത്വങ്ങളുമായി നേരിട്ടു കണ്ണിചേർന്നുള്ളതാണ്. ഉദാഹരണത്തിന്, ചൈനയുടെ ജാപ്പവിരുദ്ധ ചെറുത്തുനില്പുയുദ്ധത്തിന്റെ അടിസ്ഥാനപരമായ രാഷ്ട്രീയതത്വം, അതായത് അതിന്റെ രാഷ്ട്രീയലക്ഷ്യം ജാപ്പ സാമ്രാജ്യത്വത്തെ തുരത്തിയോടിക്കലും സ്വാശ്രിതവും സ്വതന്ത്രവും സന്തുഷ്ടവുമായ ഒരു പുത്തൻ ചൈന കെട്ടിപ്പടുക്കലുമാണ്. സൈനിക നടപടികളുടെ ഭാഷയിൽ ഈ തത്വത്തിനർത്ഥം

Scanned by CamScanner

മാതൃഭൂമിയെ പ്രതിരോധിക്കാനും ജാപ്പ് ആക്രമണകാരികളെ തുരത്തിയോടിക്കാനും സായുധശക്തി ഉപയോഗിക്കുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി സായുധ യൂണിററുകളുടെ നടപടികൾ ഒരു ഭാഗത്ത് സ്വന്തം ശക്തിയെ സംരക്ഷിക്കുന്നതിനും മറുഭാഗത്ത് ശത്രുവിന്റെ ശക്തിയെ നശിപ്പിക്കുന്നതിനും ആവുന്നത്ര ശ്രമിക്കുക എന്നരൂപം സ്വീകരിക്കുന്നു. എങ്കിൽപിന്നെ യുദ്ധത്തിൽ ധീരോജ്ജ്വല ത്യാഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനെ നാമെങ്ങിനെ ന്യായീകരിക്കും? എല്ലാ യുദ്ധവും ഒരു വില ഈടാക്കുന്നു. ചിലപ്പോൾ വളരെ ഉയർന്ന തോതിൽ തന്നെ. ''സ്വയം സംരക്ഷണം'' എന്നതുമായി ഇതു വൈരുദ്ധ്യമുള്ളതല്ലേ? വാസ്തവത്തിൽ യാതൊരു വൈരുദ്ധ്യവുമുള്ളതല്ലതന്നെ. കൃത്യമായിപ്പറയുകയാണെങ്കിൽ ത്യാഗവും സ്വയം സംരക്ഷണവും ഇരുവിപരീതങ്ങളും പരസ്പരപൂരകങ്ങളാണ്. അത്തരം ത്യാഗം ശത്രുവിനെ നശിപ്പിക്കുന്നതിനുമാത്രമല്ല സ്വയം സംരക്ഷണത്തിനും അനുപേക്ഷണീയമാണ്—ഭാഗികവും താല്ക്കാലികവുമായ 'സംരക്ഷണരാഹിത്യം' (ത്യാഗം അല്ലെങ്കിൽ വില നൽകൽ) പൊതുവായതും സ്ഥായിയായതുമായ സംരക്ഷണത്തിനു് അത്യാവശ്യമാണ്. ഈ അടിസ്ഥാന തത്വത്തിൽനിന്നു്, സൈനിക പ്രവർത്തനത്തെ നയിക്കുന്ന തത്വങ്ങളുടെ ഒരു പരമ്പരതന്നെ ആവിർഭവിക്കുന്നു. വെടിവെപ്പിന്റെ തത്വങ്ങൾ മുതൽ (സ്വന്തം സംരക്ഷണത്തിനു് മറ സ്വീകരിക്കലും ശത്രുവിനെ സംഹരിക്കാൻ വെടിക്കോപ്പു ശക്തിയുടെ ഉപയോഗിക്കലും) തന്ത്രത്തിന്റെ തത്വങ്ങൾ വരെയുള്ള എല്ലാംതന്നെ ഈ അടിസ്ഥാനതത്വത്തിന്റെ അന്ത:സത്തയിലേക്കു് വ്യാപിച്ചുകിടക്കുന്നു. സാങ്കേതികവും, അടവുപരവും തന്ത്രപരവുമായ എല്ലാ തത്വങ്ങളും ഈ അടിസ്ഥാനതത്വത്തിന്റെ പ്രയോഗങ്ങളെ പ്രതിനിധാനം ചെയ്യുന്നു. സ്വയം സംരക്ഷണത്തിന്റേയും ശത്രുസംഹാരത്തിന്റേയും തത്വം എല്ലാ സൈനിക തത്വങ്ങളുടേയും അടിസ്ഥാനമാണ്.

*അദ്ധ്യായം 3*

## ജപ്പാനെതിരായ ഗറില്ലായുദ്ധത്തിൽ തന്ത്രത്തിന്റെ നിർദിഷ്ടമായ ആറു പ്രശ്നങ്ങൾ

നമ്മുടെ സ്വയം സംരക്ഷണത്തിന്റേയും ശത്രുസംഹാരത്തിന്റേയുമായ ലക്ഷ്യത്തിലേക്കെത്തുംമുമ്പ് ജാപ്പ വിരുദ്ധ ഗറില്ലാ നടപടികളിൽ സ്വീകരിക്കേണ്ടതായ നയങ്ങൾ അഥവാ തത്വങ്ങൾ എന്തെല്ലാമാണെന്ന് നമുക്ക് പരിശോധിക്കാം. ചെറുത്തുനില്പുയുദ്ധത്തിൽ (മറെറല്ലാ വിപ്ലവയുദ്ധങ്ങളിലും) ഗറില്ലാ യൂണിററുകൾ സാമാന്യേന ഒന്നുമില്ലായ്മയിൽ നിന്നു് വളരുന്നവയായതുകൊണ്ടും, ചെറുതിൽനിന്നു് ഒരു വലിയ ശക്തിയായി വികസിക്കുന്നതായതുകൊണ്ടും അവ സ്വയം സംരക്ഷിക്കപ്പെടേണ്ടവയും അതുവിട്ടു് വിപുലീകരിക്കപ്പെടേണ്ടവയുമാണ്, നമ്മുടെ സ്വയംസംരക്ഷണം, വിപുലീകരണം എന്നിവയുടേയും ശത്രുസംഹാരത്തിന്റേയും ലക്ഷ്യങ്ങളെ നമുക്ക് നേടാനാവൂ. നാം സ്വീകരിക്കേണ്ടതായ നയങ്ങൾ അഥവാ തത്വങ്ങൾ എന്താണ് എന്നതാണ് അതുകൊണ്ടു് പ്രശ്നം.

പൊതുവെ പറഞ്ഞാൽ മുഖ്യതത്വങ്ങൾ താഴെപറയും പ്രകാരമാണ്:

1. പ്രതിരോധത്തിനകത്ത് കടന്നാക്രമണങ്ങൾ, സുദീർഘയുദ്ധത്തിനകത്ത് ശീഘ്രനിർണയന പോരാട്ടങ്ങൾ, ആഭ്യന്തര യുദ്ധനിരാനടപടി

Scanned by CamScanner

കൾക്കകത്ത് ബാഹ്യയുദ്ധനിരാനടപടികൾ എന്നിവ നടപ്പാക്കുന്നതിൽ മുൻകൈയുടേയും വഴക്കത്തിന്റേയും ആസൂത്രണത്തിന്റേയും പ്രയോഗം.

2. വ്യവസ്ഥാപിത യുദ്ധമുറയുമായുള്ള ഏകോപനം
3. താവളപ്രദേശങ്ങളുടെ സ്ഥാപനം.
4. തന്ത്രപരമായ പ്രതിരോധവും തന്ത്രപരമായ കടന്നാക്രമണവും.
5. ചലനാത്മക യുദ്ധത്തിലേക്കുള്ള ഗറില്ലാ യുദ്ധമുറയുടെ വികസനം.
6. ശരിയായ ബന്ധം.

ഈ ആറ് ഇനങ്ങൾ ചേർന്നതാണ് ജപ്പാനെതിരായ ഗറില്ലാ യുദ്ധത്തിനുള്ള തന്ത്രപരമായ പൂർണ പരിപാടി. നമ്മുടെ സംരക്ഷണത്തിനും വിപുലീകരണത്തിനും ശത്രുവെ സംഹരിക്കുന്നതിനും പുറത്താക്കുന്നതിനും, വ്യവസ്ഥാപിത യുദ്ധമുറയുമായി സംയോജിപ്പിക്കുന്നതിനും അന്തിമ വിജയം നേടുന്നതിനും അവശ്യംആവശ്യമായ ഉപാധികളും ഇവയാണ്.

*അദ്ധ്യായം 4*

# പ്രതിരോധത്തിനകത്തുവച്ചുതന്നെ കടന്നാക്രമണങ്ങളും സുദീർഘ യുദ്ധത്തിനകത്ത് ശീഘ്രനിർണയ പോരാട്ടങ്ങളും ആഭ്യന്തര നടപടികൾക്കകത്ത് ബാഹ്യനിരാ നടപടികളും നടപ്പാക്കുന്നതിനുള്ള മുൻകൈയും വഴക്കവും ആസൂത്രണവും

നാല് ശീർഷകങ്ങളിലായി ഇവിടെ ഈ വിഷയത്തെ പരിശോധിക്കാനാവും. (1) പ്രതിരോധം, കടന്നാക്രമണം എന്നിവ തമ്മിലും സുദീർഘത, ശീഘ്രനിർണയം എന്നിവ തമ്മിലും ആഭ്യന്തര, ബാഹ്യനിരകൾ തമ്മിലുമുള്ള പരസ്പര ബന്ധം (2) എല്ലാ സൈനിക നടപടികളിലും വേണ്ട മുൻകൈ (3) സൈനിക ശക്തികളുടെ വഴക്കത്തോടെയുള്ള നിയോഗം (4) എല്ലാ സൈനിക നടപടികളിലുമുള്ള ആസൂത്രണം. ഒന്നാമത്തേതിൽനിന്നു തുടങ്ങാം.

ചെറുത്തുനില്പുയുദ്ധം മൊത്തത്തിലെടുക്കുകയാണെങ്കിൽ ചൈന ഒരു ദുർബ്ബലരാജ്യവും സ്വയം പ്രതിരോധിക്കുന്നതും ആയിരിക്കെ ജപ്പാൻ ഒരു ശക്തമായ രാജ്യവും ആക്രമിച്ചുകൊണ്ടിരിക്കുന്നതുമാണെന്ന വസ്തുത നമ്മുടെ യുദ്ധത്തെ തന്ത്രപരമായി പ്രതിരോധപരവും സുദീർഘമായതുമാക്കുന്നു. സൈനിക നടപടികളെ സംബന്ധിച്ചിടത്തോളം ജപ്പാൻകാർ ബാഹ്യനിരകളിലും നാം ആഭ്യന്തര നിരകളിലും പ്രവർത്തിക്കുന്നു. സ്ഥിതിഗതികളുടെ ഒരു വശം ഇതാണ്. എന്നാൽ നേരെ വിപരീതമായ മറ്റൊരു വശവുമുണ്ട്. ശത്രുസൈന്യങ്ങൾ (ആയുധത്തിലും അവരുടെ ആളുകളുടെ നിർദ്ദിഷ്ടഗുണത്തിലും മറ്റുചില ഘടകങ്ങളിലും) ശക്തിമത്താണെങ്കിലും എണ്ണത്തിൽ ചെറുതാണ്, അതേസമയം നമ്മുടെ സൈന്യങ്ങൾ (ആയുധം നമ്മുടെ ആളുകളുടെ നിർദ്ദിഷ്ടഗുണങ്ങൾ, മറ്റുചില നിർദ്ദിഷ്ട ഘടകങ്ങൾ എന്നിവയിൽ) ദുർബ്ബലമാണെങ്കിലും എണ്ണത്തിൽ വളരെ വിപുലമാണ്. ഈ വസ്തുതക്കുപുറമേ, നാം ശത്രുവിന്റെ ആക്രമണത്തെ സ്വന്തം മണ്ണിൽനിന്നുകൊണ്ട് ചെറുക്കുമ്പോൾ ശത്രു, നമ്മുടെ രാജ്യത്തെ കടന്നാ

ക്രമിക്കുന്ന ഒരന്യ രാജ്യമാണ്, ഇതു് താഴെപ്പറയുന്ന തന്ത്രത്തെ നിർണ്ണീതമാക്കുന്നു. തന്ത്രപരമായ പ്രതിരോധത്തിനകത്തുതന്നെ അടവുപരമായ കടന്നാക്രമണത്തെ ഉപയോഗിക്കുക, തന്ത്രപരമായി സുദീർഘമായ ഒരു യുദ്ധത്തിനകത്തുതന്നെ പെട്ടെന്നു് നിർണ്ണയിക്കുന്ന പോരാട്ടങ്ങളും കാമ്പെയിനുകളും നടത്തുക, തന്ത്രപരമായി ആഭ്യന്തര നിരകൾക്കകത്തുതന്നെ ബാഹ്യനിരകളിലുള്ള പോരാട്ടങ്ങളും കാമ്പെയിനുകളും നടത്തുക സാദ്ധ്യവും അത്യാവശ്യവുമാണ്. മൊത്തം ചെറുത്തുനില്പ് യുദ്ധത്തിൽ സ്വീകരിക്കപ്പെടേണ്ട തന്ത്രം ഇപ്രകാരമുള്ളതാണ്. വ്യവസ്ഥാപിത യുദ്ധത്തിലും ഗറില്ലാ യുദ്ധത്തിലും ഇതു് ഒരുപോലെ ബാധകമാണ്. അളവിലും രൂപത്തിലും മാത്രമേ ഗറില്ലാ യുദ്ധമുറ വ്യത്യസ്തമാകുന്നുള്ളു. ഗറില്ലാ യുദ്ധമുറയിലുള്ള കടന്നാക്രമണങ്ങൾ പൊതുവെ മിന്നലാക്രമണങ്ങളുടെ രൂപം സ്വീകരിക്കുന്നു. വ്യവസ്ഥാപിത യുദ്ധമുറയിലും മിന്നലാക്രമണങ്ങളെ ഉപയോഗിക്കാൻ കഴിയുന്നതും കഴിയേണ്ടതുമാണെന്നിരിക്കിലും ആകസ്മികതയുടെ അളവു് അതിൽ കുറഞ്ഞിരിക്കും. ഗറില്ലാ യുദ്ധമുറയിൽ സൈനിക നടപടികളെ പെട്ടെന്നു തീർപ്പിലെത്തിക്കേണ്ടതിന്റെ ആവശ്യകത വമ്പിച്ചതാണ്. ക്യാമ്പെയിനുകളും പോരാട്ടങ്ങളിലും ശത്രുവെ വളഞ്ഞിടുന്നതിനുള്ള നമ്മുടെ ബാഹ്യനിരാവലയം വളരെ ചെറുതുമാണ്. ഇവയെല്ലാം അതിനെ വ്യവസ്ഥാപിത യുദ്ധമുറയിൽനിന്നു് വേർതിരിക്കുന്നു.

ഗറില്ലാ ഘടകങ്ങൾ അവയുടെ നടപടികൾ, പരമാവധി സൈനികശക്തിയിലും കേന്ദ്രീകരിക്കുകയും, രഹസ്യമായും ദ്രുതഗതിയിലും പ്രവർത്തിക്കുകയും, ശത്രുവെ ആകസ്മികമായി ആക്രമിക്കുകയും പോരാട്ടങ്ങളെ പെട്ടെന്നുതന്നെ തീർപ്പിൽ എത്തിക്കുകയും ചെയ്യേണ്ടതുണ്ടെന്നു് മേൽ പറഞ്ഞതിൽനിന്നു് കാണാവുന്നതാണ്, നിഷ്ക്രിയ പ്രതിരോധത്തെയും കാലവിളംബത്തേയും സമരത്തിലേർപ്പെടും മുമ്പേ സൈന്യങ്ങളുടെ പിരിഞ്ഞുപോകലിനെയും കർശനമായും ഒഴിവാക്കേണ്ടതാണ് എന്നും അവർ കാണിക്കുന്നു. തീർച്ചയായും ഗറില്ലാ യുദ്ധമുറയിൽ തന്ത്രപരം മാത്രമല്ല അടവുപരംകൂടിയായ പ്രതിരോധം ഉൾപ്പെടുന്നു. പോരാട്ടവേളയിൽ കുടുക്കിനിർത്തൽ, കാവൽസ്ഥാനങ്ങൾക്ക നേരെയുള്ള ആക്രമണം എന്നിവയും ചെറുത്തുനില്പിനുവേണ്ടി ശത്രുവെ തുടച്ചുനീക്കുന്നതിനും ക്ഷീണിപ്പിക്കുന്നതിനും ആയി ഇടുങ്ങിയ ചുരങ്ങളിലോ, നദികളിലോ, ഗ്രാമങ്ങളിലോ സേനകളെ വിന്യസിച്ചുനിർത്തലും, പിൻവാങ്ങലിനെ മറച്ചുവയ്ക്കുന്നതിനുള്ള നടപടിയും ഇതര സംഗതികളുടെ കൂട്ടത്തിൽ, അടവുപരമായ പ്രതിരോധത്തിൽ ഉൾപ്പെടുന്നു. എന്നാൽ, ഗറില്ലാ യുദ്ധമുറയുടെ അടിസ്ഥാന തത്വം കടന്നാക്രമണമായിരിക്കണം. വ്യവസ്ഥാപിത യുദ്ധമുറയെ അപേക്ഷിച്ച് ഗറില്ലാ യുദ്ധമുറ, അതിന്റെ സ്വഭാവത്തിൽ, ഏറെ കടന്നാക്രമണപരമാണ്. അതിനും പുറമെ, കടന്നാക്രമണം മിന്നലാക്രമണങ്ങളുടെ രൂപം സ്വീകരിക്കണം. നമ്മുടെ സേനകളെ പ്രകടനപരമായ പരേഡ് ചെയ്യിച്ച് സ്വയം തുറന്നുകാണിക്കുന്നതു് ഗറില്ലാ യുദ്ധമുറയിൽ, വ്യവസ്ഥാപിത യുദ്ധമുറയിൽനിന്നു പോലും അനുവദിക്കത്തക്കതല്ല. ശത്രു ശക്തനും നാം ദുർബലരുമാണെന്നുള്ള വസ്തുതയിൽനിന്നു് ഒരു കാര്യം തികച്ചും വ്യക്തമാകുന്നു. സഹായം അപ്രാപ്യമാക്കപ്പെട്ടിട്ടുള്ള ചെറുതും ഒറ്റപ്പെട്ടതുമായ ഒരു സേനയെ കടന്നടിച്ചു തകർക്കുന്നതിന്റേതുപോലുള്ള ചില സന്ദർഭങ്ങളിൽ ഗറില്ലാസമരം വളരെ ദിവസങ്ങളോളം നടത്തേണ്ടിവന്നേക്കാമെങ്കിലും വ്യവസ്ഥാപിത യുദ്ധമുറയിലേക്കാളുമേറെ, പൊതുവേയുള്ള ഗറില്ലാനടപടികളിലെ പോരാട്ടങ്ങൾക്ക് പെട്ടെന്നു തീർപ്പുണ്ടാകണം. ഗറില്ലാ യുദ്ധമുറയ്ക്ക് അതിന്റെ ചിതറി പ്രവർത്തിക്കുന്ന സ്വഭാവം

Scanned by CamScanner

കാരണം അതിനെ എല്ലായിടത്തേക്കും വ്യാപിപ്പിക്കാൻ കഴിയുന്നതാണ്; ശത്രുവെ ശല്യപ്പെടുത്തൽ, കുടുക്കിയിടൽ, ശിഥിലമാക്കൽ എന്നിവയും ബഹുജനപ്രവർത്തനം എന്നതുപോലുള്ള അതിന്റെ അനേകം കർത്തവ്യങ്ങളിൽ ഗറില്ലാ യുദ്ധമുറയുടെ തത്വം സേനകളെ ചിതറിനിർത്തുക എന്നതാണ്; എന്നാൽ ഒരു ഗറില്ലാ യൂണിറ്റോ, ഒരു ഗറില്ലാ അണിയൊരുക്കമോ ശത്രുസംഹാരത്തിൽ വ്യാപൃതമായിരിക്കുമ്പോൾ, പ്രത്യേകിച്ചും ശത്രുവിന്റെ ഒരാക്രമണത്തെ തകർക്കാൻ യത്നിക്കുമ്പോൾ സ്വന്തം മുഖ്യസേനകളെ കേന്ദ്രീകരിക്കേണ്ടതുണ്ട്. ''ശത്രുസൈന്യത്തിന്റെ ചെറിയ വിഭാഗത്തിനുനേരെ ആഞ്ഞടിക്കാൻ ഒരു വലിയ സൈന്യത്തെ കേന്ദ്രീകരിക്കുക'' എന്നത് ഗറില്ലാ യുദ്ധമുറയിലെ സൈനിക നടപടികളുടെ രംഗത്തെ ഒരു തത്വമായി നിലനില്ക്കുന്നു.

അതുകൊണ്ട്, ചെറുത്തുനില്പുയുദ്ധത്തെ മൊത്തത്തിൽ എടുക്കുകയാണെങ്കിൽ, വ്യവസ്ഥാപിത ഗറില്ലാ യുദ്ധമുറകളിൽ രണ്ടിലുമായി കടന്നാക്രമണസ്വഭാവമുള്ള അനേകം കാമ്പെയിനുകളുടേയും പോരാട്ടങ്ങളുടേയും ഉച്ചസ്ഥായിയിലെത്തുന്ന ഫലത്തിലൂടെ മാത്രമേ അതായത് കടന്നാക്രമണസ്വഭാവത്തോടുകൂടിയ സൈനികനടപടികളിലൂടെ വിജയങ്ങളിലൂടെ ഉച്ചസ്ഥായിയിലെത്തുന്ന ഫലത്തിലൂടെ മാത്രമേ, നമ്മുടെ തന്ത്രപരമായ പ്രതിരോധത്തിന്റെ ലക്ഷ്യങ്ങൾ നേടുവാനും അവസാനം ജാപ്പനീസ് സാമ്രാജ്യത്വത്തെ പരാജയപ്പെടുത്താനും നമുക്കു കഴിയുകയുള്ളു എന്നുകൂടി മുൻപു പറഞ്ഞിട്ടുള്ളതിൽനിന്നു കാണാവുന്നതാണ്, പെട്ടെന്നു തീർപ്പുണ്ടാക്കുന്നതിനുള്ള അനവധി കാമ്പെയിനുകളുടേയും പോരാട്ടങ്ങളുടേയും ഉച്ചസ്ഥായിയിലുണ്ടാകുന്ന ഫലത്തിലൂടെ മാത്രമെ, അതായത് കടന്നാക്രമണ സ്വഭാവമുള്ള കാമ്പെയിനുകളിലും പോരാട്ടങ്ങളിലുമുണ്ടാകുന്ന പെട്ടെന്നുള്ള തീർപ്പിലൂടെ നേടിയെടുത്ത വിജയങ്ങളുടെ ഉച്ചസ്ഥായിയിലുണ്ടാകുന്ന ഫലത്തിൽ കൂടി മാത്രമേ, തന്ത്രപരമായി സുദീർഘമാക്കുന്നതിന്റേതായ നമ്മുടെ ലക്ഷ്യം നേടാൻ നമുക്കു കഴിയുകയുള്ളു. സുദീർഘമാക്കുക എന്നതിന്റെ അർത്ഥം, തന്ത്രപരമായ ഒരു പ്രത്യാക്രമണം തൊടുക്കുവാനും ചൈനയിൽനിന്ന് ജാപ്പനീസ് ആക്രമണകാരികളെ തുരത്തിഓടിക്കുന്നതിനും നാം പ്രാപ്തരാകുന്നതിന് സാർവ്വദേശീയ പരിതസ്ഥിതിയിലുള്ള മാറ്റത്തെയും ശത്രുവിന്റെ ആഭ്യന്തര തകർച്ചയേയും ത്വരിതപ്പെടുത്തുകയോ പ്രതീക്ഷിക്കുകയോ ചെയ്തുകൊണ്ടിരിക്കേതന്നെ, ചെറുക്കുന്നതിനുള്ള നമ്മുടെ കഴിവു വർദ്ധിപ്പിക്കുവാൻ സമയം കണ്ടെത്തുക എന്നതാണ്. ശത്രുസൈന്യങ്ങളിൽ എല്ലാറ്റിനേയുമല്ലെങ്കിൽ ഒരു ഭാഗത്തെയെങ്കിലും ചുറ്റിവളഞ്ഞുകൊണ്ട്, നാം ചുറ്റിവളഞ്ഞിട്ടുള്ള എല്ലാ സൈന്യങ്ങളെയുമല്ലെങ്കിലും, അതിന്റെ ഒരു ഭാഗത്തെയെങ്കിലും നശിപ്പിച്ചുകൊണ്ട്, വലയംചെയ്യപ്പെട്ട സൈന്യങ്ങളെ വൻസംഖ്യകളിൽ പിടികൂടാനായില്ലെങ്കിൽ അവയ്ക്കു ഭീമമായ ആൾനാശം ഏല്പിച്ചുകൊണ്ട്, ശത്രുസൈന്യങ്ങളെ വലയം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനും നാം തന്ത്രപരമായ പ്രതിരോധത്തിന്റെ ഘട്ടത്തിലോ അല്ലെങ്കിൽ തന്ത്രപരമായ പ്രത്യാക്രമണഘട്ടത്തിലോ ആയിക്കൊള്ളട്ടെ, നമുക്ക് എല്ലാ കാമ്പെയിനുകളിലും പോരാട്ടത്തിലും സൈന്യങ്ങളെ കേന്ദ്രീകരിക്കേണ്ടതായും ബാഹ്യനിരയിലെ സൈനികപ്രവർത്തനങ്ങൾക്കെതിരെ പോരാടേണ്ടതായും ഉണ്ട്. ഇത്തരം നിരവധി ഉന്മൂലനപോരാട്ടങ്ങളുടെ ഉച്ചസ്ഥായിയിലെത്തുന്ന ഫലത്തിലൂടെ മാത്രമേ ശത്രുവിനും നമ്മൾക്കുമിടയിലുള്ള ആപേക്ഷികസ്ഥിതിക്ക് മാറ്റം വരുത്താനും ശത്രുവിന്റെ തന്ത്രപരമായ വലയംചെയ്യലിനെ—അതായത് അതിന്റെ ബാഹ്യനിരാനടപടികളുടെ പദ്ധതിയെ—പൂർണ്ണമായി തകർക്കുവാനും അങ്ങിനെ അന്തിമമായി സാർവദേശീയ ശക്തികളുമായും ജാപ്പനീസ് ജനതയുടെ

Scanned by CamScanner

വിപ്ലവസമരങ്ങളുമായും ഏകോപിപ്പിച്ചുകൊണ്ട് ജാപ്പനീസ് സാമ്രാജ്യത്വവാദികളെ വളയുകയും അവർക്ക് 'ഒടുക്കത്തെ മാരകപ്രഹരം' (coup de grace) നൽകുകയും ചെയ്യാനും നമുക്ക് കഴിയും. ഗറില്ലാ യുദ്ധമുറയുടെ ദ്വിതീയസ്ഥാനപങ്കാളിത്തത്തോടെ വ്യവസ്ഥാപിത യുദ്ധമുറ പ്രമുഖസ്ഥാനത്തുനിന്ന് നേടിയെടുക്കേണ്ടതാണ് ഈ സൽഫലങ്ങൾ എന്നിരിക്കിലും രണ്ടിനും പൊതുവായിട്ടുള്ളത്, നിരവധി ചെറിയ വിജയങ്ങളുടെ ഒരു വൻ വിജയസൃഷ്ടിയിലേക്കുള്ള സ്വരൂപണമാണ്. ചെറുത്തുനില്പുയുദ്ധത്തിൽ ഗറില്ലാ യുദ്ധമുറയുടെ വമ്പിച്ച തന്ത്രപരമായ പങ്ക് ഇവിടെ സ്ഥിതിചെയ്യുന്നു.

ഇനി നമുക്ക് ഗറില്ലാ യുദ്ധമുറയിലെ മുൻകൈ പ്രവർത്തനം, വഴക്കം, ആസൂത്രണം എന്നിവയെപ്പററി ചർച്ചചെയ്യാം. എന്താണ് ഗറില്ലാ യുദ്ധമുറയിൽ മുൻകൈ?

ഏതൊരു യുദ്ധത്തിലും ഒരു പോർക്കളത്തിലൊ, പോരാട്ടം നടക്കുന്ന പ്രദേശത്തോ ഒരു യുദ്ധമേഖലയിലോ, അല്ലെങ്കിൽ മുഴുവൻ യുദ്ധത്തിൽത്തന്നെയോ ആയിക്കൊള്ളട്ടെ, എതിരാളികൾ മുൻകൈ നേടുന്നതിനായി മത്സരിക്കുന്നു. കാരണം മുൻകൈ എന്നതിന് അർത്ഥം ഒരു സൈന്യത്തിന് പ്രവർത്തനസ്വാതന്ത്ര്യം എന്നാണ്. മുൻകൈ നഷ്ടപ്പെടുന്നതോടെ നിഷ്ക്രിയാവസ്ഥയിലാക്കപ്പെടുകയും പ്രവർത്തനസ്വാതന്ത്ര്യം ഇല്ലാതാക്കപ്പെടുകയും ചെയ്യുകഴിയുന്ന ഏതൊരു സൈന്യവും പരാജയത്തിന്റെയോ ഉന്മൂലനത്തിന്റെയോ അപകടത്തെ അഭിമുഖീകരിക്കേണ്ടിവരുന്നു. മുൻകൈ നേടുക എന്നത് സ്വാഭാവികമായും തന്ത്രപരമായ പ്രതിരോധത്തിലും ആഭ്യന്തരനിരയിലും ഉള്ള സൈനിക നടപടികളിൽ പ്രയാസമേറിയതാണ്. കടന്നാക്രമണ സ്വഭാവത്തോടുകൂടിയ ബാഹ്യനിരയിലെ സൈനിക നടപടികളിലാകട്ടെ താരതമ്യേന എളുപ്പവുമാണ്. എന്നിരുന്നാലും രണ്ട് അടിസ്ഥാനബലഹീനതകൾ ജാപ്പനീസ് സാമ്രാജ്യത്വത്തിനുണ്ട്. പട്ടാളങ്ങളുടെ കുറവും വിദേശമണ്ണിലാണ് അത് പോരാടുന്നതെന്ന വസ്തുതയും. ഇതിനുംപുറമെ, ചൈനയുടെ ശക്തിയെപ്പററിയുള്ള അതിന്റെ മതിപ്പുകുറവ്, സൈനിക മേധാവികൾക്കിടയിലെ ആഭ്യന്തര വൈരുദ്ധ്യങ്ങൾ എന്നിവ ഖണ്ഡശയായുള്ള സൈനിക പോഷണം, തന്ത്രപരമായ ഏകീകരണമില്ലായ്മ, മുഖ്യ ആക്രമണ ദിശാബോധത്തിന്റെ സാന്ദർഭിക സാന്നിദ്ധ്യം, സൈനിക നടപടികളിൽ ചിലതിൽ അനുകൂല സന്ദർഭം മനസിലാക്കുന്നതിലെ വീഴ്ച, വലയം ചെയ്യപ്പെട്ടാതുക്കിയ സൈന്യങ്ങളെ തുടച്ചുനീക്കുന്നതിൽ പററുന്ന വീഴ്ച, എന്നിവ പോലുള്ള സൈനിക കമാൻഡിന്റെ തെററുകൾക്ക് വഴിവെയ്ക്കുന്നു. ഇവയെല്ലാം ചേർന്നുള്ളതിനെ ജാപ്പനീസ് സാമ്രാജ്യത്വത്തിന്റെ മൂന്നാമത്തെ ദൗർബല്യമായി കണക്കാക്കാം. അതുപ്രകാരം, ആക്രമണപരവും ബാഹ്യനിരകളിൽ പ്രവർത്തിക്കുന്നതുമാണെന്ന മേന്മയുണ്ടായിട്ടും തങ്ങളുടെ സൈനിക സംഖ്യകൾക്ക് (അവരുടെ ചെറിയ ഭൂപ്രദേശം, ചെറിയ ജനസംഖ്യ, അപര്യാപ്തമായ വിഭവങ്ങൾ, നാടുവാഴിത്തപരമായ സാമ്രാജ്യത്വം മുതലായവ) കാരണമായും അവർ വിദേശമണ്ണിലാണ് യുദ്ധം ചെയ്യുന്നു എന്ന വസ്തുത കാരണമായും (അവരുടെ യുദ്ധം സാമ്രാജ്യത്വപരവും കിരാതവുമാണ്) സൈനിക കമാൻഡിലുള്ള വങ്കത്തങ്ങൾ കാരണമായും, ജാപ്പനീസ് സാമ്രാജ്യത്വ മേധാവികൾക്ക് ക്രമേണ മുൻകൈ നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. യുദ്ധം ഇപ്പോൾ പര്യവസാനിക്കാനുള്ള കഴിവോ സമ്മതമോ ഇല്ല; അതിന്റെ തന്ത്രപരമായ ആക്രമണം പരിസമാപ്തിയിലെത്തിയിട്ടുമില്ല. മറിച്ച് അതിന്റെ കടന്നാക്രമണം നിശ്ചിതപരിധികളിൽ ഒതുക്കിനിർത്തപ്പെട്ടിരിക്കുന്നു എന്നാണ് പൊതുപ്രവണത കാണിക്കുന്നത്. ഇതാകട്ടെ അതിന്റെ മൂന്നു ദൗർബല്യങ്ങളുടെ

Scanned by CamScanner

അനിവാര്യമായ അനന്തര ഫലവുമാണ്. ചൈനയെ മുഴുവനും വിഴുങ്ങും വരേയ്ക്ക് അനിശ്ചിതമായി യുദ്ധം തുടരാൻ അതിനു കഴിയുന്നതുമല്ല. തികച്ചും നിഷ്ക്രിയമായ അവസ്ഥയിലേക്ക് ജപ്പാനൊരു ദിവസം എത്തിപ്പെടുമെന്നുള്ളതിന്റെ ലക്ഷണങ്ങൾ ഇപ്പോൾതന്നെയുണ്ട്. ചൈനയാകട്ടെ യുദ്ധത്തിന്റെ ആരംഭത്തിൽ താരതമ്യേന കൂടുതൽ നിഷ്ക്രിയാവസ്ഥയിലായിരുന്നു; എന്നാൽ അനുഭവങ്ങൾ നേടിയിട്ടുള്ളതിനാൽ ഇപ്പോൾ അത് ചലനാത്മക യുദ്ധമുറയുടെ പുതിയ നയത്തിലേക്ക്—ആക്രമണരീതി സ്വീകരിക്കുന്നതിന്റെയും പെട്ടെന്നുള്ള തീരുമാനങ്ങൾ തേടുന്നതിന്റെയും ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും ബാഹ്യനിരകളിൽ പ്രവർത്തിക്കുന്നതിന്റെയും നയത്തിലേക്ക്—തിരിയുകയാണ്. ഇതാകട്ടെ പടർന്നുപിടിച്ചുള്ള യുദ്ധമുറയെ വികസിപ്പിക്കുന്നതിന്റേതായ നയത്തോടൊന്നിച്ചു ചേർന്ന്, ചൈനയെ, തന്റെ മുൻകൈ പദവി വളർത്തിയെടുക്കുന്നതിന് ദൈനംദിനം സഹായിച്ചുകൊണ്ടിരിക്കുകയുമാണ്. ഗറില്ലായുദ്ധത്തിൽ മുൻകൈ പ്രവർത്തനത്തിന്റെ പ്രാധാന്യമാണ് കാരണം. മിക്കവാറും ഗറില്ലാ യൂണിററുകൾ പിന്നണിപോരാട്ട നിരയില്ലാത്ത ശത്രുവിന്റെ പ്രബലസൈന്യങ്ങളെ തങ്ങളുടെ ദുർബലമായ സൈന്യങ്ങൾ കൊണ്ടു നേരിടുന്നതും (ഘടകങ്ങൾ പുതുതായി സംഘടിപ്പിക്കപ്പെട്ടപ്പോൾ) അനുഭവങ്ങൾ കുറവുള്ള, വേർപിരിക്കപ്പെടുന്ന അങ്ങേയററം വിഷമംപിടിച്ച സാഹചര്യങ്ങളിലാണു പ്രവർത്തിക്കുന്നത്. എന്നിരുന്നാലും മുൻകൈ പ്രവർത്തനം വളർത്തിയെടുക്കുന്നതിനുള്ള സുപ്രധാന ഉപാധി, ശത്രുവിന്റെ മൂന്നു ബലഹീനതകളിൽനിന്നു മുതലെടുക്കുക എന്നതായിരിക്കെ ഗറില്ലാ യുദ്ധമുറയിൽ അതു സാദ്ധ്യമാണ്. ശത്രുവിന്റെ സൈനികക്കമ്മിററിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് മൊത്തം യുദ്ധത്തിന്റെ കാഴ്ചപ്പാടിൽ ഗറില്ലാ യൂണിററുകൾക്ക് തങ്ങളുടെ സൈനിക പ്രവർത്തനരംഗങ്ങളായി വിശാലമായ പ്രദേശങ്ങളെ ധൈര്യമായി ഉപയോഗിക്കാൻ കഴിയും; ശത്രു, വിദേശീയ ആക്രമണകാരിയാണ്, അത് അങ്ങേയററം കിരാതമായ നയമാണ് പിന്തുടരുന്നത് എന്നീ വസ്തുതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട്, ഗറില്ലാ യൂണിററുകൾക്ക് കോടിക്കണക്കിനുള്ള ജനതതിയുടെ പിന്തുണ തന്റേടമായി നേടിയെടുക്കുവാനും, ശത്രുവിന്റെ സൈനിക കമാൻറിന്റെ വങ്കത്തത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് അവരുടെ പ്രത്യാക്രമണത്തിന് പൂർണ്ണമായ പ്രവർത്തനവ്യാപ്തി നൽകുവാനും കഴിയുന്നതാണ്. ശത്രുവിന്റെ ഈ എല്ലാ ദൗർബല്യങ്ങളേയും, സ്ഥിരസൈന്യം, ശത്രുവിനെ പരാജയപ്പെടുത്തുന്നതിൽ തങ്ങൾക്കു ഗുണങ്ങളാക്കി മാററുകതന്നെ വേണമെന്നിരിക്കേതന്നെ, സ്ഥിരസൈന്യം എല്ലാം തങ്ങളുടെ നേട്ടമാക്കി മാററുകതന്നെ വേണം. അങ്ങിനെ ചെയ്യേണ്ടത് ഗറില്ലാ യൂണിററുകൾക്ക് കുറേക്കൂടി പ്രാധാന്യമേറിയ കാര്യമാണ്. ഗറില്ലാ യൂണിററുകൾക്കുള്ള ബലഹീനതകളെ സംബന്ധിച്ചാണെങ്കിൽ അവയെ സമരത്തിന്റെ ഗതിക്രമത്തിൽ പടിപടിയായി ചുരുക്കിക്കൊണ്ടുവരാൻ കഴിയും. ഇതിനുംപുറമെ ഈ ബലഹീനതകൾ ചില സന്ദർഭങ്ങളിൽ മുൻകൈ എടുക്കുന്നതിനുതന്നെയുള്ള ഉപാധിയായിത്തീരുന്നു. ഉദാഹരണത്തിന് ഗറില്ലാ യൂണിററുകൾ ചെറുതാണെന്ന ഒററക്കാരണംകൊണ്ടു തന്നെ ശത്രുവിന് തങ്ങളെ എന്തെങ്കിലും ചെയ്യുന്നതിൽ കഴിവുകെട്ടവനാക്കികൊണ്ട് ഗറില്ലാ യൂണിററുകൾക്ക് ശത്രുനിരകൾക്കു പുറകിൽ സൈനികപ്രവർത്തനങ്ങളിൽ അത്ഭുതാവഹമായി പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്യാൻ കഴിയുന്നത്, അവ ചെറുതാണ് എന്നതുകൊണ്ടാണ്. അങ്ങിനെ വമ്പിച്ച സ്ഥിരസൈന്യങ്ങൾക്ക് ഒരിക്കലും അനുഭവിക്കാൻ കഴിയാത്ത ഒരു പ്രവർത്തനസ്വാതന്ത്ര്യം അനുഭവിക്കാൻ അവയ്ക്കു കഴിയുകയും ചെയ്യുന്നു.

Scanned by CamScanner

നിരവധി ദിശകളിൽനിന്ന് ശത്രു ഏകത്ര കേന്ദ്രീകരിച്ച് ഒരാക്രമണം നടത്തുമ്പോൾ ഒരു ഗറില്ലാ യൂണിററിന് ബുദ്ധിമുട്ടി മാത്രമേ മുൻകൈ പ്രയോഗിക്കാൻ കഴിയൂ. അതു് വളരെ എളുപ്പത്തിൽതന്നെ നഷ്ടപ്പെടാവുന്നതുമാണ്. അത്തരം ചില സന്ദർഭങ്ങളിൽ, അതിൻെറ കണക്കുകൂട്ടലുകളും സൈനികവിന്യാസവും തെററിയിട്ടുണ്ടെങ്കിൽ, ഒരു നിഷ്ക്രിയാവസ്ഥയിൽ എത്തിപ്പെടലിനും, അനന്തര ഫലമായി ശത്രുവിൻെറ ഏകത്ര കേന്ദ്രീകൃതമായ ആക്രമണത്തെ തകർക്കുന്നതിൽ പരാജയത്തിനും അതു വിധേയമാകും. ശത്രു പ്രതിരോധത്തിലും നാം ആക്രമണത്തിലും ആയിരിക്കുമ്പോഴുംപോലും ഇതു് സംഭവിച്ചേക്കാം. കാരണം പരിതസ്ഥിതിയുടെ (നമ്മുടേയും ശത്രുവിൻേറയും) ഒരു ശരിയായ വിലയിരുത്തൽ നടത്തുന്നതിൻേറയും, ശരിയായ സൈനികവും രാഷ്ട്രീയവുമായ വിന്യാസങ്ങൾ സജ്ജീകരിക്കുന്നതിൻെറയും ഫലമായാണ് മുൻകൈ ഉണ്ടാകുന്നതു്. വസ്തുനിഷ്ഠസാഹചര്യങ്ങളുമായി പൊരുത്തപ്പെടാത്ത അശുഭാപ്തിപരമായ ഒരു വിലയിരുത്തലും തൽഫലമായി താല്പര്യമില്ലാതെ നടത്തുന്ന വിന്യാസങ്ങളും നിസ്സംശയമായും മുൻകൈ നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുകയും അങ്ങേയററം നിസ്തേജാവസ്ഥയിലേക്ക് വലിച്ചെറിയുകയും ചെയ്യും. മറിച്ചാണെങ്കിൽ വസ്തുനിഷ്ഠസാഹചര്യങ്ങളുമായി പൊരുത്തപ്പെടാത്ത, അമിതമായ ശുഭാപ്തിവിശ്വാസത്തോടുകൂടിയ ഒരു വിലയിരുത്തലും, അതിനേത്തുടർന്നുളവാകുന്ന വിപൽസാദ്ധ്യതയുള്ള (ന്യായീകരിക്കാൻ കഴിയാത്തവിധം വിപൽസാദ്ധ്യതയുള്ള) വിന്യാസ ഏർപ്പാടുകളും മുൻകൈ നഷ്ടപ്പെടുന്നതിൽ എത്തിക്കുകയും അന്തിമമായി ഒരാളെ ദോഷൈകദൃക്കുകളുടേതിന് തുല്യമായ ഒരു സ്ഥിതിയിലേക്കു് താഴ്ത്തുകയും ചെയ്യും. മുൻകൈ എന്നതു് പ്രതിഭാധനന്മാരുടേതായ ഒരു സൈനികനിധിയൊന്നുമല്ല; മറിച്ച് ഒരു വിവേകിയായ നേതാവ് തുറന്ന മനസ്സോടുകൂടിയ പഠനത്തിലൂടെയും, സൈനികവും രാഷ്ട്രീയവുമായ ശരിയായ വിന്യാസ ഏർപ്പാടുകളിലൂടെയും നേടിയെടുക്കുന്ന ഒന്നാണ്. മുൻകൈശേഷി റെഡിമെയ്ഡല്ല, മറിച്ച് ബോധപൂർവ്വമായ ശ്രമം ആവശ്യമുള്ള ഒന്നാണെന്നു് ഇതിൽനിന്നു വ്യക്തം.

തെററായ വിലയിരുത്തൽ, വിന്യാസം എന്നിവയിലൂടെയോ താങ്ങാനാവാത്ത സന്ദർഭത്തിലൂടെയോ ഒരു നിസ്തേജാവസ്ഥയിലേക്ക തള്ളപ്പെടുമ്പോൾ, ഒരു ഗറില്ലാ യൂണിററ്, സ്വയം ഭേദിച്ച് പുറത്തുവരാൻ പണിപ്പെടണം. ഇതെങ്ങനെ ചെയ്യുവാൻ കഴിയുമെന്നതു് സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്ന കാര്യമാണ്. വളരെയധികം സന്ദർഭങ്ങളിൽ ''അകന്നുനീങ്ങൽ'' ആവശ്യമാണ്. നീങ്ങാനുള്ള കഴിവ് ഒരു ഗറില്ലാ യൂണിററിൻെറ വ്യതിരിക്ത സ്വഭാവമാണ്. ഒരു നിസ്തേജാവസ്ഥയിൽനിന്നു് പുറത്തു കടക്കുന്നതിനും മുൻകൈ വീണ്ടെടുക്കുന്നതിനുമുള്ള പ്രധാനമായ രീതി അകന്നുനീങ്ങുക എന്നതാണ്. എന്നാൽ ഇതു് ഒരേ ഒരു സമ്പ്രദായമല്ല. ശത്രു ഏററവും ഊർജ്ജസ്വലനും നാം ഏററവും വമ്പിച്ച വിഷമതകളിലുമായിരിക്കുന്ന സന്ദർഭം മിക്കപ്പോഴും സംഗതികൾ ശത്രുവിന് പ്രതികൂലമായും നമ്മൾക്കു് അനുകൂലമായും തിരിയാൻതുടങ്ങുന്ന സന്ദർഭംതന്നെയാകാറുണ്ടു്. ''അല്പംകൂടി പിടിച്ചുനില്ക്കുക'' എന്നതിൻെറ ഫലമായി ഇടവിട്ടിടവിട്ടു് ഒരു അനുകൂല സാഹചര്യം ആവർത്തിച്ചുണ്ടാകുകയും മുൻകൈ നേടിയെടുക്കപ്പെടുകയും ചെയ്യുന്നു.

അടുത്തതായി വഴക്കത്തേപ്പററി പരിശോധിക്കാം. മുൻകൈശേഷിയുടെ ഒരു സമൂർത്തപ്രകടനമാണ് വഴക്കം. വ്യവസ്ഥാപിത യുദ്ധമുറയെ അപേക്ഷിച്ച് ഗറില്ലാ യുദ്ധമുറയിൽ സൈന്യങ്ങളുടെ വഴക്കത്തോ നിയോഗം വളരെ അത്യാവശ്യമാണ്.

Scanned by CamScanner

ശത്രുവും നമ്മളും തമ്മിലുള്ള സ്ഥിതി മാറ്റുന്നതിനും മുൻകൈ
നേടിയെടുക്കുന്നതിനുമുള്ള പ്രധാനമായ ഉപാധി തന്റെ സേനകളുടെ വഴക്ക
ത്തോടെയുള്ള നിയോഗമാണെന്ന് ഒരു ഗറില്ലാ കമാൻഡർ മനസ്സിലാക്കി
യിരിക്കണം. ചെയ്തുതീർക്കാനുള്ള പ്രവർത്തികൾ, ശത്രുവിന്റെ സ്ഥിതി,
ഭൂസ്ഥിതി, പ്രാദേശിക ജനസംഖ്യ തുടങ്ങിയ സാഹചര്യങ്ങൾക്കനുസ
രിച്ച് ഗറില്ലാ സൈനികരെ വഴക്കത്തോടെ നിയോഗിക്കുക എന്നുള്ളതാ
ണ് ഗറില്ലായുദ്ധമുറയുടെ സ്വഭാവം. ഗറില്ലാസൈനികരെ നിയോഗിക്കു
ന്നതിനുള്ള പ്രധാന മാർഗ്ഗങ്ങളാകട്ടെ വ്യാപകമായി ചിതറിനിൽക്കൽ, കേ
ന്ദ്രീകരണസ്ഥാനം മാറിക്കൊണ്ടിരിക്കൽ എന്നിവയാണ്. സൈന്യത്തെ
നിയോഗിക്കുന്ന ഒരു ഗറില്ലാകമാൻഡർ വലയെറിയുന്ന മുക്കുവനെപ്പോലെ
യാണ്, അയാൾ വല വിസ്തൃതമായി വീശുകയും അതേപോലെതന്നെ
ഇവയെ വലിച്ചടുപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെ വല വീശുമ്പോൾ
മുക്കുവന് വെള്ളത്തിന്റെ ആഴത്തെപ്പറ്റിയും ഒഴുക്കിന്റെ വേഗതയെപ്പ
റ്റിയും പ്രതിബന്ധങ്ങളുടെ സാന്നിദ്ധ്യ അസാന്നിദ്ധ്യങ്ങളെപ്പറ്റിയും
തിട്ടപ്പെടുത്തേണ്ടതുണ്ട്; അതേപ്പോലെ തന്നെ തന്റെ യൂണിറ്റുക
ളെ വിസ്താരത്തിൽ ചിതറുമ്പോൾ ഒരു ഗറില്ലാ കമാൻഡർ പരിതസ്ഥിതി
യെപ്പറ്റിയുള്ള ധാരണയില്ലായ്മയിൽനിന്നോ പിഴവുപറ്റിയ നടപടി
യിലൂടെയോ നഷ്ടങ്ങൾ സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ട
തുണ്ട്. തന്റെ വല ഇറുകെ വലിച്ചെടുക്കുന്നതിന് മുക്കുവന് വലക്കയറി
ന്മേൽ കടുംപിടിയുണ്ടായിരിക്കണമെന്നതുപോലെതന്നെ ഗറില്ലാ കമാൻ
ഡർ തന്റെ എല്ലാ സേനകളുമായും വാർത്താവിനിമയവും ബന്ധവും നില
നിറുത്തേണ്ടതും ആവശ്യമായത്ര പ്രധാന സൈന്യങ്ങളെ തന്റെതന്നെ
കീഴിൽ നിറുത്തേണ്ടതുമാണ്. മീൻപിടുത്തത്തിൽ തുടരെത്തുടരെ ഇടം
മാറുന്നത് ആവശ്യമുള്ളതുപോലെതന്നെ ഒരു ഗറില്ലായൂണിറ്റിനും തുടരെ
ത്തുടരെയുള്ള സ്ഥാനം മാറിക്കൊണ്ടിരിക്കൽ ആവശ്യമാണ്. ഗറില്ലാ
യുദ്ധമുറയിൽ സൈന്യങ്ങളെ നിയോഗിക്കുന്നതിനുള്ള വഴക്കത്തിന്റെ മൂന്ന
മാർഗ്ഗങ്ങൾ ചിതറിനിറുത്തലും കേന്ദ്രീകരിക്കലും സ്ഥാനം മാറിക്കൊ
ണ്ടിരിക്കലുമാണ്.

പൊതുവെ പറയുകയാണെങ്കിൽ, ഗറില്ലാ ഘടകങ്ങളുടെ ചിതറ
ലോ അല്ലെങ്കിൽ ''മുഴുവൻ സൈന്യത്തെ ഭാഗങ്ങളായി തിരിക്കലോ''
പ്രധാനമായി ഇനി പറയുന്ന സമയങ്ങളിലാണ് നടത്തുന്നത്: (1) ശത്രു
വിനെ അത് പ്രതിരോധാവസ്ഥയിലാണെന്നതുകൊണ്ട്, ഒരു അഭിമുഖ
ആക്രമണത്തിലൂടെ ഭീഷണിപ്പെടുത്താൻ നാം ആഗ്രഹിക്കുകയും തല്ക്കാലം
നടപടിക്കായി നമ്മുടെ സൈന്യങ്ങളെ കൂട്ടം ചേർക്കാൻ സാദ്ധ്യതയില്ലാ
തിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ; (2) ശത്രുവിന്റെ സൈന്യങ്ങൾ
ദുർബലമായിരിക്കുന്ന ഒരു പ്രദേശത്തിലുടനീളം അതിനെ ശിഥിലമാ
ക്കാനും ശല്യപ്പെടുത്താനും നാമാഗ്രഹിക്കുമ്പോൾ; (3) ശത്രുവിന്റെ
വലയംചെയ്യലിനെ ഭേദിക്കാൻ നമുക്ക് കഴിവില്ലാതിരിക്കുകയും ആവു
ന്നത്ര ഒളിഞ്ഞു തെന്നിമാറാൻ നാം ശ്രമിക്കുകയും ചെയ്യുമ്പോൾ; (4)
ഭൂസ്ഥിതിയിലും സാധന സാമഗ്രികളുടെ വിതരണത്തിലും തടസ്സമുള്ള
പ്പോൾ; അല്ലെങ്കിൽ, (5) ഒരു വിപുലമായ പ്രദേശത്ത് നാം ബഹു
ജനപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുമ്പോഴും. പക്ഷെ, സാഹചര്യങ്ങൾ
എന്തുതന്നെയാകട്ടെ സൈന്യങ്ങളെ നടപടികൾക്കായി ചിതറിനിർത്തു
മ്പോൾ നാം ഇനി താഴെപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാ
ണ്. (1) നാമൊരിക്കലും സൈന്യങ്ങളെ തീർത്തും ചിതറിക്കൂടാ,
ചാതുര്യത്തോടെ നീക്കുപോക്കു നടത്തുന്നതിനുതകുമാറുള്ള പ്രദേശത്ത്
സാമാന്യം വലിയ വിഭാഗത്തെ കരുതിനിർത്തണം; അങ്ങിനെ, സംഭ
വിച്ചേക്കാവുന്ന ഏതു ദുർഘടസ്ഥിതിയും നേരിടാവുന്നതാണ്, ചിത

Scanned by CamScanner

റിനിന്നുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് ഒരു ഗുരുത്വാകർഷണ കേന്ദ്രം ഉണ്ടായിരിക്കേണ്ടതുമാണ്. (2) വ്യക്തമായി മുൻകൂട്ടി തീരുമാനിച്ച പോരാട്ട രംഗങ്ങൾ, നടപടികൾക്കുള്ള സമയപരിധികൾ, വീണ്ടും ഒത്തുചേരുവാനുള്ള സ്ഥലങ്ങൾ, പരസ്പരം ബന്ധംവെക്കാനുള്ള രീതികൾ എന്നിവ ചിതറിനിർത്തിയിട്ടുള്ള യൂണിററുകളെ ദൃഢമായി പറഞ്ഞേല്പിക്കണം.

സൈനികശക്തികളുടെ കേന്ദ്രീകരണം അഥവാ, 'വിഭാഗങ്ങളെ ഒരു മുഴുരൂപത്തിലേക്ക് സംയോജിപ്പിക്കൽ' ശത്രു കടന്നാക്രമണത്തിലായിരിക്കുമ്പോൾ അതിനെ സംഹരിക്കാനും, ചിലപ്പോഴെല്ലാം ശത്രു പ്രതിരോധത്തിലായിരിക്കുമ്പോൾതന്നെയും അതിൻെറ ഒരു സ്ഥലത്ത് തമ്പടിച്ചിട്ടുള്ള സൈന്യങ്ങളിൽ ചിലതിനെ സംഹരിക്കുന്നതിനും സാധാരണയായി പ്രയോഗിക്കുന്ന രീതിയാണ്. സൈന്യങ്ങളുടെ കേന്ദ്രീകരണം എന്നതുകൊണ്ട് കേവലമായ കേന്ദ്രീകരണം എന്നർത്ഥമില്ല, മറിച്ച് ശത്രുവെ കുടുക്കിയിടുന്നതിനോ, അല്ലെങ്കിൽ ബഹുജനപ്രവർത്തനം നടത്തുന്നതിനോ, നമ്മുടെ സൈന്യങ്ങളുടെ ചില ഭാഗങ്ങളെ വേറൊരു ദിശയിൽ കരുതി നിർത്തുകയോ അയക്കുകയോ ചെയ്യുമ്പോൾതന്നെ പ്രധാന സൈന്യങ്ങളെ മുഖ്യദിശയിൽ ഉപയോഗിക്കുന്നതിനുവേണ്ടി കൂട്ടം ചേർക്കുക എന്നാണർത്ഥം.

സാഹചര്യങ്ങൾക്കനുസരിച്ച്, സൈന്യങ്ങളുടെ വഴക്കത്തോടുകൂടിയ ചിതറലോ, കേന്ദ്രീകരണമോ, ഗറില്ലായുദ്ധമുറയിലെ പ്രധാന രീതിയാണെങ്കിലും, നമ്മുടെ സൈന്യങ്ങളെ വഴക്കത്തോടെ എങ്ങനെ നീക്കണം (അല്ലെങ്കിൽ സ്ഥലംമാററം ചെയ്യണം) എന്നും നാം അറിഞ്ഞിരിക്കണം. ഗറില്ലകളാൽ ഗുരുതരമായി ഭീഷണിപ്പെടുത്തപ്പെടുന്നതായി ശത്രുവിനു് അനുഭവപ്പെടുമ്പോൾ, അവയെ ആക്രമിക്കുന്നതിനോ, അടിച്ചമർത്തുന്നതിനോ, പട്ടാളങ്ങളെ അതയക്കും. അതുകൊണ്ട്, ഗറില്ലാ യൂണിററുകൾക്ക് സ്ഥിതിഗതികളെ കണക്കിലെടുക്കേണ്ടിവരും. സംഗതമാണെങ്കിൽ തങ്ങൾ എവിടെയാണോ അവിടെ അവർ പോരാടണം; അല്ലെങ്കിൽ മറെറാരിടത്തേക്ക് മാറുന്നതിന് ഒട്ടും സമയം വെറുതെ കളയരുത്. ശത്രു യൂണിററുകളെ ഓരോന്നായി തകർക്കുന്നതിന് ചിലപ്പോൾ ഒരു സ്ഥലത്ത് ഒരു ശത്രുസൈന്യയൂണിററിനെ സംഹരിച്ച ഗറില്ലാ യൂണിററുകൾ രണ്ടാമതൊരു ശത്രുസൈന്യ യൂണിററിനെ തുടച്ചു നീക്കുന്നതിന് ഉടനെതന്നെ മറെറാരു സ്ഥലത്തേക്കു നീങ്ങേണ്ടി വന്നേക്കാം; ചിലപ്പോൾ ഒരു സ്ഥലത്ത് പോരാടുന്നത് നല്ലതല്ലെന്നു കാണുകയാണെങ്കിൽ അവർക്ക് പെട്ടെന്ന് പോരാട്ടം ഒഴിവാക്കേണ്ടതായും ശത്രുവെ മറേറതെങ്കിലുമൊരിടത്ത് നേരിടേണ്ടതായും വന്നേക്കാം. ഒരു നിശ്ചിത സ്ഥലത്ത് ശത്രുവിൻെറ സൈന്യങ്ങൾ പ്രത്യേകമായി ഗുരുതരമായ ഒരു ഭീഷണി ഉണ്ടാക്കുകയാണെങ്കിൽ, ഗറില്ലാ യൂണിററുകൾ അവിടെ തങ്ങിനിൽക്കാൻ പാടുള്ളതല്ല. മറിച്ച് മിന്നൽ വേഗത്തിൽ അകന്നു പോകണം. പൊതുവായി സ്ഥാനം മാറൽ രഹസ്യമായും വേഗത്തിലുമായിരിക്കണം. ശത്രുവെ വഴിതെററിക്കുന്നതിനും കെണിയിൽപ്പെടുത്തുന്നതിനും ആശയക്കുഴപ്പത്തിലാക്കുന്നതിനും കിഴക്കോട്ടേക്കൊഞ്ഞി പടിഞ്ഞാററ് ആക്രമിക്കുക, തൽസമയം തെക്കു പ്രത്യക്ഷപ്പെട്ട് അപ്പോൾതന്നെ വടക്കു പ്രത്യക്ഷമാകുക; പ്രഹരിച്ചിട്ടു പാഞ്ഞുപോകുന്ന ആക്രമണം, രാത്രിയിലെ ആക്രമണ നടപടികൾ തുടങ്ങിയ സ്ഥിരമായ സമരകൗശലങ്ങൾ അവ ഉപയോഗിക്കണം.

ചിതറുന്നതിലും കേന്ദ്രീകരിക്കുന്നതിലും സ്ഥാനം മാറുന്നതിലുമുള്ള വഴക്കം ഗറില്ലാ യുദ്ധമുറയിലെ മുൻകൈയുടെ സമൂർത്ത പ്രകടനങ്ങളാണ്' അതേസമയം അശ്രദ്ധയും ആലസ്യവും അനിവാര്യമായും അനാവശ്യമായ നിഷ്ക്രിയത്വത്തിലേക്കു നയിക്കുകയും അനാവശ്യമായ നഷ്ട

ത്തിനിടയാക്കുകയും ചെയ്യുന്നു. എന്നാൽ തന്റെ സൈന്യങ്ങളെ വഴക്കത്തോടെ ഉപയോഗിക്കുന്നതിന്റെ പ്രാധാന്യത്തെ അംഗീകരിക്കുന്നതിലല്ല ഒരു കമാൻഡർ വിവേകമതിയാണെന്നു് സ്വയം തെളിയിക്കപ്പെടുന്നതു്, മറിച്ച് നിർദ്ദിഷ്ട സാഹചര്യങ്ങൾക്കനുസൃതമായി തക്ക സന്ദർഭങ്ങളിൽ അവയെ ചിതറുന്നതിലും കേന്ദ്രീകരിക്കുന്നതിലും സ്ഥാനം മാറുന്നതിലും പ്രകടിപ്പിക്കുന്ന നൈപുണ്യത്തിലാണു്. മാറ്റങ്ങളെ മണത്തറിയാൻ കഴിയുന്നതിലും, പ്രവർത്തിക്കാനുള്ള ശരിയായ സന്ദർഭം തെരഞ്ഞെടുക്കുന്നതിലുമുള്ള ഈ വിവേകം എളുപ്പത്തിൽ ആർജ്ജിക്കാൻ കഴിയുന്നതല്ല; മനസിരുത്തി പഠിക്കുകയും, അന്വേഷണം നടത്തുകയും ശുഷ്കാന്തിയോടെ പരിചിന്തിക്കുകയും ചെയ്യുന്നവർക്കു മാത്രമേ അതു നേടിയെടുക്കാൻ കഴിയുകയുള്ളൂ. വഴക്കം വൈകാരികമായ ആവേശമായി കോലം തിരിയുന്നതു് തടയുന്നതിനു് സാഹചര്യങ്ങളുടെ ദീർഘദർശനത്തോടു കൂടിയ വിലയിരുത്തൽ വളരെ ആവശ്യമാണു്.

അവസാനമായി ആസൂത്രണത്തിന്റെ വിഷയത്തിലെത്തിയിരിക്കുന്നു. ആസൂത്രണം കൂടാതെ ഗറില്ലാ യുദ്ധത്തിൽ വിജയങ്ങൾ അസാദ്ധ്യമാണു്. യാദൃച്ഛികതയുടേതായ രീതിയിൽ ഗറില്ലായുദ്ധം നടപ്പാക്കാൻ കഴിയുമെന്ന ഏതാശയവും അടക്കമില്ലായ്മയുടെ സ്വഭാവത്തെയോ ഗറില്ലായുദ്ധമുറയെപ്പറ്റിയുള്ള അജ്ഞതയെയോ ആണു് സൂചിപ്പിക്കുന്നതു്. മൊത്തം ഒരു ഗറില്ലാ മേഖലയുടെയോ, ഒരു ഗറില്ലാ യൂണിറ്റിന്റെയോ അണിയൊരുക്കത്തിന്റെയോ സൈനിക നടപടികൾ കഴിയാവുന്നത്ര സമഗ്രമായ ആസൂത്രണവും ഓരോ ആക്രമണ നടപടികൾക്കും വേണ്ടിയുള്ള മുൻകൂട്ടിയുള്ള തയ്യാറെടുപ്പും ഉണ്ടായതിനു ശേഷമേ അരങ്ങേറാവൂ. സ്ഥിതിഗതികളെ ഗ്രഹിക്കൽ, കടമകൾ നിശ്ചയിക്കൽ സൈന്യങ്ങളെ വിന്യസിക്കൽ, സൈനികവും രാഷ്ട്രീയവുമായ പരിശീലനംനൽകൽ, ആവശ്യവസ്തുക്കൾ സംഭരിക്കൽ, സാമഗ്രികൾ ശരിയായക്രമത്തിൽവയ്ക്കൽ ജനങ്ങളുടെ സഹായത്തെ ശരിയായി ഉപയോഗപ്പെടുത്തൽ മുതലായവയെല്ലാംഗറില്ലാ കമാൻഡർമാരുടെ ജോലിയുടെ ഭാഗമാണു്. ഇവയൊക്കെ അവർശ്രദ്ധയോടെ കൈകാര്യം ചെയ്യുകയും പരിശോധിച്ചുകൊണ്ടിരിക്കുകയുംവേണം. ഇപ്രകാരം അവർ ചെയ്യുന്നില്ലെങ്കിൽ മുൻകൈയോ വഴക്കമോ കടന്നാക്രമണമോ ഒന്നുമുണ്ടാവില്ല. വ്യവസ്ഥാപിത യുദ്ധമുറയിലെന്നപോലെ, ഒരുയർന്ന നിലവാരത്തിലുള്ള ആസൂത്രണം നടത്താൻ അനുവദിക്കുകയില്ല എന്നതു് സത്യമാണു്, ഗറില്ലായുദ്ധമുറയിൽ തികച്ചും സമഗ്രമായ ആസൂത്രണത്തിനുവേണ്ടി ശ്രമിക്കുന്നതു് ഒരു തെറ്റായിരിക്കും. എന്നാൽ വസ്തുനിഷ്ഠ സാഹചര്യങ്ങൾ അനുവദിക്കുന്നത്ര സമഗ്രമായ ആസൂത്രണം നടത്തേണ്ടതുണ്ടു്, അതാവശ്യമാണു്, കാരണം ശത്രുവിനോടു് യുദ്ധം ചെയ്യുന്നതു് തമാശയൊന്നുമല്ല.

പ്രതിരോധത്തിനകത്തുതന്നെ ആക്രമണവും സുദീർഘ യുദ്ധത്തിനിടയ്ക്കു് ശീഘ്രനിർണ്ണയന പോരാട്ടങ്ങളും, ആഭ്യന്തര നിരാ നടപടികൾക്കകത്തുതന്നെ ബാഹ്യനിരാ നടപടികളും നടപ്പാക്കുന്നതിൽ മുൻകൈയും വഴക്കവും ആസൂത്രണവും ഉപയോഗിക്കുന്നതിന്റേതായ ഗറില്ലാ യുദ്ധമുറയിലെ തന്ത്രപരമായ തത്വങ്ങളിൽ ഒന്നാമത്തേതിനെ വിശദീകരിക്കുന്നതിനു് ഉതകുന്നതാണു് മേൽക്കൊടുത്ത കാര്യങ്ങൾ. ഗറില്ലായുദ്ധമുറയുടെ തന്ത്രത്തിൽ താക്കോൽ സ്ഥാനമുള്ള പ്രശ്നമാണിതു്. സൈനിക കമാൻഡിനെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നത്തിന്റെ പരിഹാരം ഗറില്ലായുദ്ധമുറയിലെ വിജയത്തിനു് വലിയ മുന്നറിയിപ്പ് നൽകുന്നു. ഒട്ടേറെ വിഷയങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം ക്യാമ്പെയിനുകൾ, പോരാട്ടങ്ങൾ, എന്നിവയിലെ കടന്നാക്രമണത്തെ കേന്ദ്രമാക്കി നടക്കുന്നതാണു്. ഒരു കടന്നാക്രമണത്തിലെ വിജയ

Scanned by CamScanner

ത്തിനുശേഷം മാത്രമേ മുൻകൈശേഷിയെപ്പററി ശരിയായ രീതിയിൽ മനസ്സിലാക്കാൻ കഴിയുകയുള്ളു. എല്ലാ കടന്നാക്രമണങ്ങളും നിർബ്ബന്ധത്തിനു വഴങ്ങി തൊടുത്തു വിടുകയല്ല, നമ്മുടെ മുൻകയ്യിൽ സംഘടിപ്പിക്കുകയാണു് വേണ്ടതു്. സൈനികശക്തികളെ നിയോഗിക്കുന്നതിലുള്ള വഴക്കം, കടന്നാക്രമണം നടത്തുന്നതിനുള്ള ശ്രമത്തെ കേന്ദ്രീകരിച്ചു് നിൽക്കുന്നു; ആസൂത്രണം മുഖ്യമായും കടന്നാക്രമണ നടപടികളിലെ വിജയത്തെ ഉറപ്പു വരുത്തുന്നതിനു് അതുപോലെ ആവശ്യമാണു്. അടവുപരമായ പ്രതിരോധ നടപടികൾ, ഒരു കടന്നാക്രമണത്തിനു് പ്രത്യക്ഷമായോ പരോക്ഷമായോ പിന്തുണ നൽകുക എന്ന അതിന്റെ പങ്കിൽനിന്നു വ്യതിചലിക്കുകയാണെങ്കിൽ അർത്ഥശൂന്യമായിത്തീരുന്നു.

പെട്ടെന്നുള്ള തീരുമാനം ഒരു കടന്നാക്രമണത്തിന്റെ പിരിമുറുക്കത്തെ സൂചിപ്പിക്കുന്നു, ബാഹ്യനിരകൾ അതിന്റെ വ്യാപ്തിയേയും സൂചിപ്പിക്കുന്നു. ശത്രുവിനെ നശിപ്പിക്കുന്നതിനുള്ള ഏക മാർഗ്ഗവും സ്വയംസംരക്ഷണത്തിനുള്ള പ്രധാന മാർഗവുംകൂടിയാണു് കടന്നാക്രമണം. അതേസമയം കേവല പ്രതിരോധത്തിനും കേവല പിന്മാററത്തിനും സ്വയം പ്രതിരോധത്തിൽ താല്ക്കാലികവും ഭാഗികവുമായ ഒരു പങ്കുമാത്രമേ വഹിക്കാൻ കഴിയൂ, ശത്രുവിനെ നശിപ്പിക്കുന്നതിൽ അവ ഉപയോഗശൂന്യമാണു്. മുകളിൽ പ്രസ്താവിച്ചിട്ടുള്ള തത്വം വ്യവസ്ഥാപിത യുദ്ധത്തിനും ഗറില്ലാ യുദ്ധത്തിനും അടിസ്ഥാനപരമായും ഒന്നുതന്നെയാണു്; അതിന്റെ പ്രകടരൂപത്തിൽ മാത്രം അതു് ഒരളവുവരെ വ്യത്യസ്തമാകുന്നു. എന്നാൽ ഈ വ്യത്യാസം ശ്രദ്ധിക്കേണ്ടതു് ഗറില്ലായുദ്ധത്തിൽ പ്രധാനവും അതേസമയം അത്യാവശ്യവുമാണു്. കൃത്യമായും രൂപത്തിലുള്ള ഈ വ്യത്യാസമാണു് ഗറില്ലാ യുദ്ധനടപടികളുടെ രീതികളെ വ്യവസ്ഥാപിത യുദ്ധത്തിന്റേതിൽനിന്നും വേർതിരിക്കുന്നതു്. തത്വം പ്രായോഗികമാകുമ്പോൾവരുന്ന വ്യത്യസ്തമായ ഈ രണ്ടു രൂപങ്ങളെ നാം കൂട്ടിക്കുഴക്കുകയാണെങ്കിൽ ഗറില്ലായുദ്ധത്തിലെ വിജയം അസാദ്ധ്യമായിത്തീരും.

*അദ്ധ്യായം 5*

# വ്യവസ്ഥാപിതയുദ്ധമുറയുമായുള്ള ഏകോപനം

ഗറില്ലാ യുദ്ധമുറയിലെ തന്ത്രത്തിന്റെ രണ്ടാമത്തെ പ്രശ്നം, വ്യവസ്ഥാപിത യുദ്ധമുറയുമായുള്ള അതിന്റെ ഏകോപനമാകുന്നു. പ്രയോഗതലത്തിൽ ഗറില്ലാ യുദ്ധമുറകളും വ്യവസ്ഥാപിത യുദ്ധമുറകളും തമ്മിലുള്ള ബന്ധത്തെ, യഥാർത്ഥ ഗറില്ലാ പ്രവർത്തനത്തിന്റെ സ്വഭാവത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്ന പ്രശ്നമാണിതു്. ശത്രുവെ പരാജയപ്പെടുത്തുന്നതു് ഫലപ്രദമാക്കുന്നതിനു് ഈ ബന്ധത്തെപ്പററിയുള്ള ഒരു ധാരണ വളരെ പ്രാധാന്യമുള്ളതാണു്.

ഗറില്ലാ യുദ്ധമുറകളും വ്യവസ്ഥാപിത യുദ്ധമുറകളും തമ്മിൽ മൂന്നുതരം ഏകോപനങ്ങളുണ്ടു്: തന്ത്രങ്ങളിലെ ഏകോപനം, ക്യാമ്പെയിനുകളിലെ ഏകോപനം, പോരാട്ടങ്ങളിലെ ഏകോപനം എന്നിവ.

മൊത്തത്തിലെടുത്താൽ ശത്രുവെ അസ്ഥശക്തനാക്കുകയും അതിനെ കീഴ്പ്പെടുത്തുകയും അതിന്റെ വിതരണമാർഗങ്ങളെ താറുമാറാക്കുകയും സ്ഥിരസൈന്യങ്ങളെയും രാജ്യത്തെ മുഴുവൻ ജനങ്ങളെയും ആവേശംകൊള്ളിക്കുകയും ചെയ്യുന്നതായ ശത്രുനിരകൾക്കു് പിന്നിലെ ഗറില്ലാ യുദ്ധമുറ വ്യവസ്ഥാപിത യുദ്ധമുറയുമായി തന്ത്രത്തിന്റെ കാര്യത്തിൽ ഏകോ

Scanned by CamScanner

പിതമാണ്. മൂന്നു വടക്കുകിഴക്കൻ പ്രവിശ്യകളിലെ ഗറില്ലാ യുദ്ധമുറയുടെ കാര്യമെടുക്കാം, തീർച്ചയായും ദേശവ്യാപകമായ ചെറുത്തുനില്പുയുദ്ധത്തിനുമുമ്പ് ഏകോപനത്തിന്റെ പ്രശ്നം പൊന്തിവന്നില്ല. എന്നാൽ യുദ്ധം ആരംഭിച്ചതിനുശേഷം അത്തരം ഏകോപനത്തിന്റെ പ്രാധാന്യം തികച്ചും വ്യക്തമായിത്തീർന്നിട്ടുണ്ട്. അവിടെ ഗറില്ലകൾ കൊല്ലുന്ന ഓരോ ശത്രുസൈനികനും അവർമൂലം ശത്രുവിന്, ചിലവാക്കേണ്ടിവരുന്ന ഓരോ വെടിയുണ്ടയും വൻമതിലിനു തെക്കോട്ട് മുന്നേറുന്നതിൽനിന്നും അവർ തടഞ്ഞുനിർത്തുന്ന ഓരോ ശത്രുസൈനികനും ചെറുത്തുനില്പിന്റെ മൊത്തം ശക്തിക്കുള്ള സംഭാവനകളാണ്, ഇതിനും പുറമെ മുഴുവൻ ശത്രുസേനകൾക്കും, ജപ്പാനെ ആകെയും അസ്തവീര്യമാക്കുന്നതും നമ്മുടെ മുഴുവൻ സൈന്യത്തിനും ജനങ്ങൾക്കും ആത്മവീര്യം പകരുന്നതുമാണെന്നത് വ്യക്തമാണ്. പേയ്പിങ്-സ്യൂയുവാൻ, പേയ്പിങ്-ഹാങ്കോ, ടിയെൻസിൻ-പൂക്കോ, ടാടുങ്-പൂച്ചോവ്, ചെങ്ടിങ്-തായുവാൻ, ഷാങ്ഹായ്-ഹാങ്ചൗ റെയിൽവേകളിലൂടെ ഗറില്ലാ യുദ്ധമുറ തന്ത്രപരമായ ഏകോപനത്തിൽ കുറെക്കൂടെ വ്യക്തമാണ്. ശത്രു തന്ത്രപരമായ കടന്നാക്രമണത്തിലുള്ളപ്പോൾ നമ്മുടെ ഇപ്പോഴത്തെ തന്ത്രപരമായ പ്രതിരോധത്തിലുള്ള സ്ഥിരസേനകളുമായുള്ള ഏകോപനത്തിന്റെ കൃത്യം ഗറില്ലാ യൂണിറ്റുകൾ നിർവ്വഹിക്കുകയാണ്; ശത്രു തന്റെ തന്ത്രപരമായ കടന്നാക്രമണം പൂർത്തിയാക്കുകയും അതിന്റെ നേട്ടങ്ങളെ സംരക്ഷിക്കുന്നതിലേക്ക് കടക്കുകയും ചെയ്യുമ്പോൾ അധീനപ്പെടുത്തിയിട്ടുള്ള ഭൂപ്രദേശത്തിന്മേലുള്ള ശത്രുവിന്റെ പിടിയെ തകർക്കുന്നതിന് സ്ഥിരസേനകളുമായി അവ ഏകോപിക്കുന്നതാണ്; മാത്രമല്ല, സ്ഥിരസൈന്യങ്ങൾ തന്ത്രപരമായ പ്രത്യാക്രമണം കെട്ടഴിച്ചുവിടുമ്പോൾ ശത്രുസൈന്യങ്ങളെ ആട്ടിയോടിക്കുന്നതിലും നഷ്ടപ്പെട്ട എല്ലാ ഭൂപ്രദേശങ്ങളെയും വീണ്ടെടുക്കുന്നതിലും സ്ഥിരസേനയുമായി അവർ ഏകോപിക്കുകകൂടി ചെയ്യുന്നതാണ്. തന്ത്രപരമായ ഏകോപനത്തിൽ ഗറില്ലാ യുദ്ധമുറയുടെ മഹത്തായ പങ്ക് കുറച്ചു കാണാൻ പാടുള്ളതല്ല. ഈ പങ്കിനെ ഗറില്ലാ യൂണിറ്റുകളുടേയും സ്ഥിരസൈന്യങ്ങളുടേയും കാമാൻഡർമാർ വ്യക്തമായും മനസ്സിലാക്കിയിരിക്കണം.

ഇതിനുംപുറമെ, പ്രത്യേക കാമ്പെയിനുകളിൽ വ്യവസ്ഥാപിത യുദ്ധമുറയുമായുള്ള ഏകോപനത്തിന്റെ കൃത്യം ഗറില്ലായുദ്ധമുറ നിർവ്വഹിക്കുന്നു. ഉദാഹരണത്തിന് തായുവാന് വടക്കുള്ള സിൻകൗവിലെ പ്രത്യേക സമരത്തിൽ പിങ്സിൻകുവാനിലൂടെയും യാങ്ഫാങ്കൗവിലൂടെയും പോകുന്ന മോട്ടോർ റോഡിനേയും ടാടുങ്-പൂച്ചോവ് റെയിൽവേ ലൈനിനെയും തകർത്തുകൊണ്ട് യാൻമെൻകുവാന്റെ തെക്കും വടക്കും തമ്മിൽ ബന്ധിപ്പിക്കുന്നതിൽ ഗറില്ലകൾ അത്ഭുതാവഹമായ പങ്കാണു വഹിച്ചത്. അല്ലെങ്കിൽ മറെറാരു സംഭവം എടുക്കാം: ഷെൻസിപ്രവിശ്യയിലാകമാനം നേരത്തെതന്നെ വിപുലമായി വ്യാപിച്ചിരുന്നതും പ്രധാനമായും സ്ഥിരസേനകളാൽ നടത്തപ്പെട്ടിരുന്നതുമായ ഗറില്ലാ യുദ്ധമുറ ശത്രു ഫെങ്ലിങ്ടു പിടിച്ചടക്കിയതിനുശേഷം ഷെൻസി പ്രവിശ്യയിലുള്ള മഞ്ഞനദിയുടെ പടിഞ്ഞാറും, ഹൊനാൻപ്രവിശ്യയിലുള്ള മഞ്ഞനദിയുടെ തെക്കുമുള്ള പ്രതിരോധപരമായ ക്യാമ്പെയിനുകളുമായി ഏകോപിക്കുകവഴി ഏറെ വമ്പിച്ചൊരു പങ്കുതന്നെയും വഹിക്കുകയുണ്ടായി. പിന്നെ, വടക്കൻ ചൈനയിലെ അഞ്ചു പ്രവിശ്യകളിലെ ഗറില്ലാ യുദ്ധമുറ, ശത്രു തെക്കൻ ഷാൻടുങ് ആക്രമിച്ചപ്പോൾ നമ്മുടെ സേനയുടെ ക്യാമ്പെയിനുകളുമായി ഏകോപിക്കുന്നതിലൂടെ ഒട്ടുവളരെ സംഭാവനകൾ നൽകി. ഇത്തരത്തിലുള്ള ഒരു കർത്തവ്യം നിർവ്വഹിക്കുന്നതിൽ, ശത്രുനിരകൾക്കു പുറകിലുള്ള ഓരോ ഗറില്ലാത്താവളങ്ങളുടെ നേതാക്കളും അല്ലെ

Scanned by CamScanner

ങ്കിൽ, അവിടേക്കു താല്ക്കാലികമായി അയച്ചിട്ടുള്ള ഗറില്ലാ അണിയുടെ കാമാൻഡർമാരും തങ്ങളുടെ സൈന്യങ്ങളെ നല്ലരീതിയിൽ വിന്യസിക്കുകയും, സന്ദർഭത്തിനും സ്ഥലകാലങ്ങൾക്കും അനുയോജ്യമായ വ്യത്യസ്ത അടവുകൾ സ്വീകരിക്കുന്നതിലൂടെയും ശത്രുവിന്റെ മർമ്മമായിട്ടുള്ളതും എന്നാൽ തകർക്കപ്പെടാവുന്ന സ്ഥിതിയിലുള്ളതുമായ സ്ഥാനങ്ങൾക്കു നേരെ അതിനെ അസ്ഥശക്തമാക്കുന്നതിനും കീഴ്പ്പെടുത്തുന്നതിനും അതിന്റെ വിതരണമാർഗങ്ങളെ താറുമാറാക്കുന്നതിനുംവേണ്ടി ഊർജ്ജസ്വലമായി നീങ്ങുകയും, അങ്ങിനെ ആഭ്യന്തര ലൈനുകളിൽ നമ്മുടെ ക്യാമ്പെയിനുകൾ നയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സൈന്യങ്ങൾക്ക് പ്രചോദനം നൽകുകയും അതുവഴി പ്രത്യേക സമരവുമായി ഏകോപിക്കുന്നതിന്റേതായ തങ്ങളുടെ കടമ നിറവേററുകയും ചെയ്യുന്നു. സ്ഥിരസൈന്യങ്ങളുടെ ക്യാമ്പെയിനുകളുമായി ഏകോപിക്കുന്നതിന് യാതൊരു ശ്രദ്ധയും കൊടുക്കാതെ ഏതെങ്കിലും ഒരു ഗറില്ലാ മേഖലയോ യൂണിററോ ഒററപ്പെട്ടു മുന്നേറുകയാണെങ്കിൽ, പൊതുവായ തന്ത്രത്തിൽ അവ പിന്നെയും അത്തരമൊരു പങ്കുവഹിക്കുമെങ്കിലും തന്ത്രപരമായ ഏകോപനത്തിൽ അതിന്റെ പങ്കിന് പ്രാധാന്യം വളരെയേറെ നഷ്ടപ്പെടും. എല്ലാ ഗറില്ലാ കമാൻഡർമാരും ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ക്യാമ്പെയിനുകളിൽ ഏകോപനം നേടിയെടുക്കുന്നതിന് എല്ലാ ഗറില്ലാ യൂണിററുകൾക്കും ഗറില്ലാ അണിയൊരുക്കങ്ങൾക്കും റേഡിയോ ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതു് തികച്ചും അത്യാവശ്യമാണ്.

അന്തിമമായി, പോർക്കളത്തിലെ യഥാർത്ഥ ഏററുമുട്ടൽ രംഗത്തെ സ്ഥിരസൈന്യങ്ങളുമായുള്ള ഏകോപനമാണ് ആഭ്യന്തരനിരയിലെ പോർക്കളത്തിന്റെ ചുററുവട്ടത്തുള്ള എല്ലാ ഗറില്ലാ ഘടകങ്ങളുടെയും കർത്തവ്യം. വ്യവസ്ഥാപിത സേനകളുടെ സമീപത്തു് പ്രവർത്തിക്കുന്ന ഗറില്ലാ യൂണിററുകൾക്കോ ഗറില്ലാ ദൗത്യത്തിനായി താല്ക്കാലികമായി അയച്ചിട്ടുള്ള സ്ഥിര സേനകളുടെ യൂണിററുകൾക്കോ മാത്രമേ തീർച്ചയായും ഇതു് ബാധകമാവുകയുള്ളൂ. ഇത്തരം സന്ദർഭങ്ങളിൽ സൈന്യങ്ങളുടെ കമാൻഡർ നൽകുന്ന കർത്തവ്യം എന്തുതന്നെയായാലും ഒരു ഗറില്ലാ യൂണിററ് നിർവ്വഹിക്കേണ്ടതുണ്ട്. അതാകട്ടെ സാധാരണയായി ചില ശത്രുസൈന്യങ്ങളെ കീഴടക്കലോ അതിന്റെ വിതരണമാർഗങ്ങളെ താറുമാറാക്കലോ രംഗപരിശോധന നടത്തലോ അല്ലെങ്കിൽ സ്ഥിരസേനകൾക്ക് വഴികാട്ടികളെന്നനിലയിൽ പ്രവർത്തിക്കലോ ആയിരിക്കും. ഇത്തരമൊരു ചുമതലപ്പെടുത്തൽ ഇല്ലെങ്കിൽപ്പോലും ഗറില്ലാ യൂണിററ് അതിന്റെ സ്വന്തം മുൻകൈയിൽ ഈ കടമകൾ നിർവ്വഹിക്കേണ്ടതുണ്ട്. ചലിക്കാതെയോ സമരം ചെയ്യാതെയോ വെറുതേയിരിക്കുന്നതും അല്ലെങ്കിൽ സമരം ചെയ്യാതെ അലഞ്ഞുതിരിഞ്ഞുനടക്കുന്നതും ഗറില്ലായൂണിററുകളെ സംബന്ധിച്ചിടത്തോളം പൊറുപ്പിച്ചുകൂടാത്ത അലംഭാവമായിരിക്കും.

Scanned by CamScanner

## അദ്ധ്യായം 6

# താവളപ്രദേശങ്ങളുടെ സ്ഥാപനം

ജാപ്പ്‌വിരുദ്ധ ഗറില്ലാ യുദ്ധമുറയിലെ തന്ത്രത്തിന്റെ മൂന്നാമത്തെ പ്രശ്നം താവളപ്രദേശങ്ങളുടെ സ്ഥാപനമാണ്. യുദ്ധത്തിന്റെ സുദീർഘവും ക്രൂരവുമായ സ്വഭാവത്താൽ ഇതു് സുപ്രധാനവും ഒഴിച്ചുകൂടാൻ വയ്യാത്തതുമാണ്. നഷ്ടപ്പെട്ട നമ്മുടെ ഭൂവിഭാഗങ്ങളുടെ വീണ്ടെടുക്കലിനു് ദേശം മുഴുവൻ വ്യാപിച്ച തന്ത്രപരമായ പ്രത്യാക്രമണംവരെ കാത്തിരിക്കേണ്ടിവരും; അപ്പോഴേക്കും, ശത്രുവിന്റെ മുന്നണി മദ്ധ്യചൈനയിലേക്കു് ആഴത്തിൽ വ്യാപിക്കുകയും അതിനെ വടക്കുനിന്നു് തെക്കോട്ടു് രണ്ടായി മുറിക്കുകയും നമ്മുടെ നാടിന്റെ ഒരു ഭാഗമോ, ഒരു വലിയ ഭാഗംതന്നെയോ ശത്രുവിന്റെ കൈയിൽ അകപ്പെടുകയും അതു് അതിന്റെ പിന്നണിമേഖലയാവുകയും ചെയ്യുന്നതാണ്. ശത്രു അധീനപ്പെടുത്തിയിട്ടുള്ള ഈ വിപുലമായ പ്രദേശത്തിലെമ്പാടും ഗറില്ലാ യുദ്ധമുറയെ നമുക്കു് വ്യാപിപ്പിക്കേണ്ടതായും, ശത്രുവിന്റെ പിന്നണിമേഖലയിൽനിന്നു് ഒരു മുന്നണി സൃഷ്ടിക്കേണ്ടതായും അതു് അധീനപ്പെടുത്തുന്ന ഭൂപ്രദേശത്തിലാകമാനം ഇടതടവില്ലാതെ യുദ്ധം ചെയ്യാൻ അതിനെ നിർബ്ബന്ധിക്കേണ്ടതായും വന്നേക്കാം. നമ്മുടെ തന്ത്രപരമായ പ്രത്യാക്രമണം കെട്ടഴിച്ചുവിടുന്ന കാലംവരെ, അതേസമയം നമ്മുടെ നഷ്ടപ്പെട്ട ഭൂപ്രദേശങ്ങൾ വീണ്ടെടുക്കാത്ത സ്ഥിതിയിൽ (അതു് എത്രകാലം വേണ്ടിവരുമെന്നു് വ്യക്തമായി പറയാൻ കഴിയുകയില്ലെങ്കിലും) തീർച്ചയായും കുറെ ദീർഘമായ കാലത്തേക്കു് പിന്നണിമേഖലയിൽ ഗറില്ലാ യുദ്ധമുറയിൽ ഉറപ്പോടെ തുടരേണ്ടതു് ആവശ്യമായിരിക്കും. യുദ്ധം സുദീർഘമായിരിക്കേണ്ടതിന്റെ കാരണം ഇതാണ്. അധീനപ്പെടുത്തപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെ നേട്ടങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ശത്രുവിനു് ഗറില്ലാ വിരുദ്ധ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടിവരും. പ്രത്യേകിച്ചു് അതിന്റെ തന്ത്രപരമായ കടന്നാക്രമണം അവസാനിപ്പിച്ചതിനു് ശേഷം ഗറില്ലകളെ ഇടതടവില്ലാതെ അടിച്ചമർത്തുന്നതിൽ മുഴുകുവാൻ ശത്രു നിർബ്ബന്ധിക്കപ്പെടുന്നു. അങ്ങിനെ സുദീർഘതയുടെകൂടെ നിഷ്ഠൂരത കൂടിയാവുമ്പോൾ, താവളപ്രദേശങ്ങൾ കൂടാതെ ശത്രുനിരകൾപിന്നിൽ ഗറില്ലാ യുദ്ധമുറ തുടരുക അസാദ്ധ്യമാകുന്നു.

അപ്പോൾ പിന്നെ, ഈ താവളപ്രദേശങ്ങൾ എന്നാൽ എന്താണ്?

ഗറില്ലാ സേനകൾക്കു് അവരുടെ തന്ത്രപരമായ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനും, സ്വയം സംരക്ഷിക്കുന്നതിന്റെയും വ്യാപിക്കുന്നതിന്റെയും ലക്ഷ്യം നേടുന്നതിനും, ശത്രുവെ സംഹരിക്കുന്നതിനും ആട്ടിഓടിക്കുന്നതിനും ആശ്രയിക്കാവുന്ന തന്ത്രപരമായ താവളങ്ങളാണവ. ഇത്തരം തന്ത്രപരമായ താവളങ്ങൾ കൂടാതെ, നമ്മുടെ തന്ത്രപരമായ ഏതെങ്കിലും പ്രവർത്തികൾ നിർവ്വഹിക്കുന്നതിനോ യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ നേടിഎടുക്കുന്നതിനോ ആശ്രയിക്കാനായി ഒന്നുംതന്നെ ഉണ്ടായിരിക്കുന്നതല്ല. രാജ്യത്തിന്റേതായ പൊതുപിന്നണി മേഖലയിൽനിന്നും ഗറില്ലാ സൈന്യങ്ങൾ വിഛേദിക്കപ്പെടുന്നതുകൊണ്ടു് അതൊരു പിന്നണിമേഖല കൂടാതെതന്നെ എതിരിടപ്പെടുന്നു. ഇതു് ശത്രുനിരകൾക്കു് പിന്നിലെ ഗറില്ലാ യുദ്ധമുറയുടെ ഒരു സവിശേഷതയാണ്. എന്നാൽ താവളപ്രദേശം കൂടാതെ ഗറില്ലാ യുദ്ധമുറയ്ക്കു് നീണ്ടുനിൽക്കാനോ വികസിക്കാനോ കഴിയുന്നതല്ല. തീർച്ചയായും താവളപ്രദേശങ്ങളാണ് അതിന്റെ പിന്നണി.

Scanned by CamScanner

''അലഞ്ഞുതിരിയുന്ന കലാപ''സ്വഭാവമുള്ള ധാരാളം കർഷകയുദ്ധങ്ങൾ ചരിത്രത്തിലുണ്ട്. എന്നാൽ അവയൊന്നുംതന്നെ ഒരിക്കലും വിജയിക്കുകയുണ്ടായിട്ടില്ല. പുരോഗമിച്ച വാർത്താവിനിമയത്തിന്റെയും സാങ്കേതികവിദ്യയുടേയുമായ ഇന്നത്തെ കാലഘട്ടത്തിൽ അലഞ്ഞുതിരിയുന്ന കലാപകാരികളുടെ രീതിയിൽ പോരാടുന്നതുകൊണ്ട് വിജയംവരിക്കാൻ കഴിയുമെന്ന സങ്കല്പിക്കുന്നത് എല്ലാംകൊണ്ടും ഏറെ അടിസ്ഥാനരഹിതമായിരിക്കും. എന്നിരുന്നാലും, ഈ അലഞ്ഞുതിരിയുന്ന കലാപത്തിന്റെ ആശയം പാപ്പരാക്കപ്പെട്ട കർഷകർക്കിടയിൽ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. അതാകട്ടെ താവളപ്രദേശങ്ങൾ ആവശ്യമോ പ്രധാനമോ അല്ല, കാഴ്ചപ്പാടുകളായി ഗറില്ലാ കമാൻഡർമാരുടെ മനസ്സുകളെ ഈ ആശയത്തിൽനിന്നു വിമുക്തമാക്കുന്നത്, താവളപ്രദേശങ്ങൾ സ്ഥാപിക്കുക എന്ന നയം തീർച്ചപ്പെടുത്തുന്നതിനുള്ള ഒരു മുൻ ഉപാധിയാണ് താവളപ്രദേശങ്ങൾ വേണോ വേണ്ടയോ അവയെ പ്രാധാന്യമുള്ളതായി കാണണോ വേണ്ടയോ എന്ന പ്രശ്നം. മററാരുതരത്തിൽ പറഞ്ഞാൽ, താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതിന്റെയും അലഞ്ഞുതിരിയുന്ന കലാപകാരികളെപ്പോലെ പോരാടുന്നതിന്റെയും ആശയങ്ങൾ തമ്മിലുള്ള സംഘട്ടനം എല്ലാ ഗറില്ലാ യുദ്ധമുറയിലും ഉയർന്നുവരുന്നു; ഒരതിരുവരെ നമ്മുടെ ജാപ്പ്‌വിരുദ്ധ ഗറില്ലാ യുദ്ധമുറയും ഇതിൽനിന്നു വിമുക്തമല്ല. അതുകൊണ്ട് അലഞ്ഞുതിരിയുന്ന കലാപത്തിന്റെ പ്രത്യയശാസ്ത്രത്തിനെതിരെയുള്ള ഒരു അനിവാര്യമായ പ്രക്രിയയാണ്. ഈ പ്രത്യയശാസ്ത്രത്തെ പൂർണ്ണമായും മറികടന്നുകൊണ്ട്, താവളപ്രദേശങ്ങൾ സ്ഥാപിക്കുക എന്ന നയം മുന്നോട്ട് വയ്ക്കപ്പെടുകയും നടപ്പിലാക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ ഒരു നീണ്ട കാലത്തേക്കുള്ള ഒരു ഗറില്ലാ യുദ്ധമുറയുടെ സംരക്ഷണത്തിനുള്ള അനുകൂല സാഹചര്യങ്ങൾ സംജാതമാകയുള്ളു.

ഇപ്പോൾ താവളപ്രദേശങ്ങളുടെ ആവശ്യത്തെപ്പററിയും പ്രാധാന്യത്തെപ്പററിയും വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. ഇനി താവളപ്രദേശങ്ങൾ സ്ഥാപിക്കുമ്പോൾ മനസ്സിലാക്കേണ്ടതും പരിഹരിക്കേണ്ടതുമായ താഴെ പറയുന്ന പ്രശ്നങ്ങളിലേക്ക് നമ്മൾക്ക് പ്രവേശിക്കാം. താവളപ്രദേശങ്ങളുടെ ഇനങ്ങളും, ഗറില്ലാ മേഖലകൾ, താവളപ്രദേശങ്ങൾ എന്നിവയും, താവളപ്രദേശങ്ങൾ വ്യാപിക്കുന്നതിനുള്ള വ്യവസ്ഥകളും അവയുടെ സുദൃഢീകരണവും വിപുലീകരണവും, നമ്മളും ശത്രുവും അന്യോന്യം ചുററിവളയുന്നതിന്റെ രൂപങ്ങളുമാണ് ഈ പ്രശ്നങ്ങൾ.

## 1. താവളപ്രദേശങ്ങളുടെ ഇനങ്ങൾ

ജാപ്പ്‌വിരുദ്ധ ഗറില്ലാ യുദ്ധമുറയിൽ, താവളപ്രദേശങ്ങൾ പ്രധാനമായും മൂന്നു തരമാണ്: പർവ്വതപ്രദേശങ്ങളിലുള്ളവ, സമതലപ്രദേശങ്ങളിലുള്ളവ, നദി–തടാക– അഴിമുഖപ്രദേശങ്ങളിലുള്ളവ.

മലമ്പ്രദേശങ്ങളിൽ താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതിന്റെ നേട്ടം വ്യക്തമാണ്. ചാങ്ങ്പായ് 1, വൂട്ടായ് 2, തൈഹാങ്ങ് 3, തായ്ഷാൻ 4, യെൻഷാൻ 5, മാവൊഷാൻ 6 എന്നീ മലകളിൽ സ്ഥാപിക്കപ്പെട്ടിരുന്നതും, സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും, സ്ഥാപിക്കപ്പെടാനിരിക്കുന്നതുമായ താവളപ്രദേശങ്ങളെല്ലാം ഈ തരത്തിൽപ്പെടുന്നു. അവയെല്ലാം ജാപ്പ്‌വിരുദ്ധ ഗറില്ലാ യുദ്ധമുറ നീണ്ട കാലത്തേക്ക് നിലനിർത്താൻ പററിയപ്രദേശങ്ങളും ചെറുത്തുനില്പുയുദ്ധത്തിന്റെ പ്രധാന ശക്തികേന്ദ്രങ്ങളുമാണ്. ശത്രുനിരകൾക്ക് പുറകിലേ എല്ലാ

Scanned by CamScanner

പർവ്വതപ്രദേശങ്ങളിലും നാം ഗറില്ലാ യുദ്ധമുറ വികസിപ്പിക്കുകയും താവളപ്രദേശങ്ങൾ സ്ഥാപിക്കുകയും വേണം.

തീർച്ചയായും പർവ്വതങ്ങളെ അപേക്ഷിച്ച് സമതലങ്ങൾ അത്ര തന്നെ അനുയോജ്യമല്ലെങ്കിലും അവിടെ ഗറില്ലാ യുദ്ധമുറ വികസിപ്പിക്കുന്നതോ താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതോ യാതൊന്നുകൊണ്ടും അസാദ്ധ്യമായ കാര്യമല്ല. യഥാർത്ഥത്തിൽ സമതലങ്ങളിൽ ഗറില്ലാ യുദ്ധമുറ വികസിപ്പിക്കുന്നതിനു സാദ്ധ്യമാണെന്ന് ഹോപേയിലും, ഷാൻടുങ്ങിന്റെ വടക്കും വടക്കുപടിഞ്ഞാറുമുള്ള സമതലങ്ങളിലെ വ്യാപകമായ ഗറില്ലാ യുദ്ധമുറ തെളിയിക്കുന്നു. അവിടങ്ങളിൽ താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതിന്റെയും നീണ്ട കാലത്തേക്ക് അവയെ നിലനിർത്തുന്നതിന്റെയും തെളിവുകൾ ഇന്നുവരേയ്ക്കും ഇല്ലെന്നിരിക്കെത്തന്നെ, അവിടെ താല്ക്കാലിക താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നത് സാദ്ധ്യമാണെന്നും, ചെറിയ യൂണിററുകൾക്കു വേണ്ടിയോ കാലികമായ ഉപയോഗത്തിനോ വേണ്ടി താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നത് സാദ്ധ്യമാകുമെന്നും തെളിയിക്കപ്പെട്ടിരിക്കുന്നു. ഒരുവശത്ത് ശത്രുവെ സംബന്ധിച്ചിടത്തോളം, വേണ്ടത്ര പട്ടാളം കൈവശമില്ലാതിരിക്കുകയും ഇന്നോളം കേട്ടിട്ടില്ലാത്തവിധം മൃഗീയതയുടേതായ ഒരു നയം പിന്തുടരുകയും ചെയ്യുന്നു. മറുവശത്ത് ചൈനയ്ക്കു വിശാലമായൊരു ഭൂപ്രദേശവും, ജപ്പാനെ ചെറുത്തുകൊണ്ടിരിക്കുന്ന അസംഖ്യം വരുന്ന ജനതയുമുണ്ട്. സമതലങ്ങളിൽ ഗറില്ലാ യുദ്ധമുറ വ്യാപിപ്പിക്കുന്നതിനും താല്ക്കാലിക താവളപ്രദേശങ്ങൾ കെട്ടിപ്പടുക്കുന്നതിനുമുള്ള വസ്തുനിഷ്ഠസാഹചര്യങ്ങൾ അതുകൊണ്ട് പൂർത്തീകരിക്കപ്പെട്ടിരിക്കുകയുമാണ്. സമർത്ഥമായ സൈനികനേതൃത്വം കൊണ്ട്, അവിടെ ചെറിയ ഗറില്ലാ യൂണിററുകൾക്കു വേണ്ടിയുള്ള താവളങ്ങൾ സ്ഥാപിക്കുക തീർച്ചയായും സാദ്ധ്യമാണ്. ഈ താവളങ്ങൾ ദീർഘകാലാടിസ്ഥാനത്തിലുള്ളതാണ്. പക്ഷെ സ്ഥിരമായതല്ല. വിശദമായി പറയുകയാണെങ്കിൽ, ശത്രുവിന്റെ തന്ത്രപരമായ കടന്നാക്രമണം തീർത്തും തടയപ്പെടുകയും പിടിച്ചെടുത്ത പ്രദേശങ്ങളെ സംരക്ഷിക്കുന്നതിന്റെ ഘട്ടത്തിലേക്ക് അതു പ്രവേശിക്കുകയും ചെയ്യുമ്പോൾ എല്ലാ ഗറില്ലാ താവളങ്ങൾക്കു നേരെയും വന്യമായ ആക്രമണങ്ങൾ നിസ്സംശയമായും കെട്ടഴിച്ചുവിടുന്നതാണ്. സ്വാഭാവികമായും സമതലപ്രദേശങ്ങളിലുള്ളവർക്കായിരിക്കും ആദ്യമായി ആക്രമണത്തിന്റെ ആഘാതം ഏല്ക്കേണ്ടിവരുക. സമതലങ്ങളിൽ പ്രവർത്തിക്കുന്ന വമ്പിച്ച ഗറില്ലാ അണിയൊരുക്കങ്ങൾക്ക് അവിടെ ദീർഘകാലത്തേക്ക് പോരാട്ടം തുടരുന്നതിനു കഴിയുന്നതല്ല, സാഹചര്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അവയ്ക്ക് ക്രമേണ മലമുകളിലേക്കു നീങ്ങേണ്ടതായി വരും. ഉദാഹരണത്തിന് ഹോപേയ് സമതലത്തിൽനിന്ന് വൂട്ടായിലേക്കും, തായ്ഹാങ്ങ് മലകളിലേക്കും; ഷാൻടുങ്ങ് സമതലങ്ങളിൽനിന്ന് തായ്ഷാൻ മലയിലേക്കും കിഴക്കുള്ള ഷാൻടുങ്ങ് അർദ്ധദീപിലേക്കും. എന്നാൽ നമ്മുടെ ദേശീയ യുദ്ധത്തിന്റെ സാഹചര്യങ്ങളിൽ, നിരവധി ചെറു ഗറില്ലാ യൂണിററുകൾക്ക് വിശാലമായ സമതലങ്ങളിലുള്ള വിവിധ കൗണ്ടികളിൽ തുടന്ന് നിലനില്ക്കുവാനും ഒരിടത്തുനിന്ന് മറെറാരിടത്തേക്ക് അവരുടെ താവളങ്ങളെ മാററിക്കൊണ്ടുള്ള പോരാട്ടത്തിന്റെ ഒഴുകിനടക്കുന്ന ഒരു രീതി സ്വീകരിക്കുക അസാദ്ധ്യമല്ല. വേനലിലെ ഉയരംകൂടിയ വിളകളുടെ ''ഹരിതമറ''യുടെയും ശൈത്യകാലത്തെ ഉറഞ്ഞുകട്ടിയായ നദികളുടെയും സൗകര്യങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കാലാവസ്ഥയ്ക്ക് അനുസൃതമായ ഗറില്ലാ യുദ്ധമുറ നടത്തുന്നതിനു തീർച്ചയായും സാദ്ധ്യമാണ്. ഇപ്പോൾ കൂടുതലായി ഉപയോഗിക്കാവുന്ന ശക്തി ശത്രുവിനില്ലാത്തതിനാലും അതിന് അങ്ങിനെ ഉപയോഗിക്കാവുന്ന ശക്തി ഇനി ഉണ്ടായാൽതന്നെയും എല്ലാ

Scanned by CamScanner

പ്രവർത്തനങ്ങളിലും ശ്രദ്ധചെലുത്താൻ ഒരിക്കലും കഴിയുന്നതല്ല എന്നതു കൊണ്ടും ഇന്ന് ആഴത്തിലും പരപ്പിലും ഗറില്ലാ യുദ്ധമുറ വ്യാപിക്കേണ്ടതിന്റെയും; ഭാവിയിലാണെങ്കിൽ കാലികമായെങ്കിലും ചെറിയ ഗറില്ലാ യൂണിററുകളാൽ ഗറില്ലാ യുദ്ധമുറയെ നിലനിറുത്തുന്നതിനുള്ള തയ്യാറെടുപ്പിന്റെയും സ്ഥിരമല്ലാത്ത താവളപ്രദേശങ്ങൾ സൃഷ്ടിക്കുന്നതിന്റെയും നയത്തെപ്പററി തീരുമാനിക്കേണ്ടതു് തികച്ചും ആവശ്യമാണ്.

വസ്തുനിഷ്ഠമായി പറയുകയാണെങ്കിൽ, ഗറില്ലാ യുദ്ധമുറ വികസിപ്പിക്കുന്നതിന്റെയും താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതിന്റെയും സാദ്ധ്യതകൾ, പർവ്വതപ്രദേശങ്ങളെ അപേക്ഷിച്ച് കുറവാണെങ്കിലും നദി–തടാക–അഴിമുഖ പ്രദേശങ്ങളിൽ സമതലങ്ങളെക്കാളും വളരെ കൂടുതലാണ്. ''കടൽ കൊള്ളക്കാരും'', ''ജലമാർഗ്ഗ കവർച്ചക്കാരും'' നടത്തിയ നമ്മുടെ ചരിത്രത്തിൽ നിറഞ്ഞുനില്ക്കുന്ന നാടകീയമായ പോരാട്ടങ്ങൾ, ചുവപ്പുസേനയുടെ കാലഘട്ടത്തിൽ നിരവധി കൊല്ലങ്ങൾ നീണ്ടുനിന്ന ഹുങ്ങ്ഹു തടാകത്തിനു ചുററും നടന്ന ഗറില്ലാ യുദ്ധമുറ എന്നിവ രണ്ടും, നദി–തടാക–അഴിമുഖ പ്രദേശങ്ങളിൽ ഗറില്ലാ യുദ്ധമുറ വികസിപ്പിക്കുന്നതിന്റെയും താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതിന്റെയും സാദ്ധ്യതയ്ക്കു സാക്ഷ്യം വഹിക്കുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും, ഇന്നുവരെ ജപ്പാനെ എതിർക്കുന്ന രാഷ്ട്രീയപാർട്ടികളും ബഹുജനങ്ങളും ഈ സാദ്ധ്യതകളിൽ കാര്യമായ ശ്രദ്ധയൊന്നും വച്ചിട്ടില്ല. ഇപ്പോഴും ആത്മനിഷ്ഠ സാഹചര്യങ്ങളുടെ അഭാവമുണ്ടെങ്കിലും മേൽപ്പറഞ്ഞ സാദ്ധ്യതകൾക്കു നേരെ നിസ്സംശയമായും നാം നമ്മുടെ ശ്രദ്ധ തിരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുതുടങ്ങുകയും വേണം. നമ്മുടെ ദേശവ്യാപകമായ ഗറില്ലാ യുദ്ധമുറയുടെ വികാസത്തിലെ ഒരു ഘടകമെന്ന നിലയ്ക്ക് യാങ്ങ്ടിസി നദിയുടെ വടക്ക് ഹങ്ങ്സെ തടാകപ്രദേശത്തും യാങ്ങ്ടിസിയുടെ തെക്ക് തായ്ഹു തടാകപ്രദേശത്തും, നദിതീരം, കടൽത്തീരം എന്നിവിടങ്ങളിൽ ശത്രു കൈയടക്കിവച്ചിട്ടുള്ള പ്രദേശങ്ങളിലെ എല്ലാ നദി–തടാക–അഴിമുഖങ്ങളിലും നാം ശക്തിയായിത്തന്നെ ഗറില്ലാ യുദ്ധമുറ സംഘടിപ്പിക്കണം. ഇത്തരം സ്ഥലങ്ങളിലും അതിനു സമീപത്തും സ്ഥിരമായ താവളപ്രദേശങ്ങൾ നാം സൃഷ്ടിക്കുകയും വേണം. ഈ ഘടകത്തെ അവഗണിക്കുന്നതുകൊണ്ട് ഫലത്തിൽ നാം ശത്രുവിനു് ജലഗതാഗതസൗകര്യങ്ങൾ വിട്ടുകൊടുക്കുകയാണ്; ചെറുത്തുനില്പുയുദ്ധത്തിനുള്ള നമ്മുടെ തന്ത്രപരമായ പദ്ധതിയുടെ ഒരു വിടവാണിതു്. അതു് വേണ്ട സമയത്തു് നികത്തുകതന്നെ വേണം.

## 2. ഗറില്ലാമേഖലകളും താവളപ്രദേശങ്ങളും

ശത്രുനിരകൾക്കു പുറകിലെ ഗറില്ലായുദ്ധമുറയിൽ ഗറില്ലാമേഖലകൾക്കും താവളപ്രദേശങ്ങൾക്കും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ശത്രുവിനാൽ വളയപ്പെട്ടിട്ടുള്ളതും, എന്നാൽ വൂട്ടായ് മലമ്പ്രദേശങ്ങളിലെ ചില കൗണ്ടികളിൽ (അതായതു് ഷാൻസി–ചഹോർ–ഹോപേയ് അതിർത്തിപ്രദേശം) തെയ്ഹാങ്ങ്, തായ്ഷാൻ മലമ്പ്രദേശങ്ങളിലെ ചില സ്ഥലങ്ങൾ എന്നിവിടങ്ങളിലെപ്പോലെ മദ്ധ്യഭാഗങ്ങൾ അധീനപ്പെടുത്തിയിട്ടില്ലാത്തതോ, അല്ലെങ്കിൽ വീണ്ടെടുക്കപ്പെട്ടിട്ടുള്ളതോ ആയ പ്രദേശങ്ങൾ, ഗറില്ലാ യുദ്ധമുറ വികസിപ്പിക്കുന്നതിൽ ഗറില്ലാ യൂണിററുകൾക്കു് സൗകര്യപൂർവ്വം ഉപയോഗിക്കാവുന്ന സ്വതസിദ്ധമായ താവളങ്ങളാണ്. എന്നാൽ ഈ പ്രദേശങ്ങളിലെ മററിടങ്ങളിൽ, സ്ഥിതിഗതി

Scanned by CamScanner

കാം വ്യത്യസ്തമാണ്. ഉദാഹരണത്തിന് പടിഞ്ഞാറൻ ഹോപേയുടേയും തെക്കൻ ചഹാറിന്റെയും ഭാഗങ്ങൾ ഉൾപ്പെടുന്ന വൂട്ടായ് മലമ്പ്രദേശത്തിന്റെ കിഴക്കും തെക്കും ഭാഗങ്ങളിലും, പാവോടിങ്ങിന്റെ കിഴക്കും സാങ്ചൗവിന്റെ പടിഞ്ഞാറുമുള്ള ധാരാളം സ്ഥലങ്ങളിലും ഗറില്ലായുദ്ധമുറ ആരംഭിച്ചപ്പോൾ, ഈ സ്ഥലങ്ങൾ ഗറില്ലകൾക്ക് പൂർണ്ണമായി അധീനത്തിലാക്കാൻ കഴിഞ്ഞില്ല.

എന്നാൽ കൂടെക്കൂടെ മിന്നലാക്രമണങ്ങൾ നടത്താൻ മാത്രമേ കഴിഞ്ഞുള്ളൂ: ഗറില്ലകൾ അവിടെ ഉണ്ടാകുമ്പോൾ തങ്ങളുടെ കൈവശം വയ്ക്കുകയും അവർ അവിടെനിന്നു പോകുമ്പോൾ പാവഭരണം കൈവശം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്ന പ്രദേശങ്ങളാണവ. അതുകൊണ്ട് അവ ഇപ്പോഴും ഗറില്ലാ താവളപ്രദേശങ്ങളല്ല, മറിച്ച് അവ ഗറില്ലാമേഖലകൾ എന്നു മാത്രം വിളിക്കാവുന്നവയാണ്. ഇത്തരം ഗറില്ലാ മേഖലകൾ, ഗറില്ലാ യുദ്ധമുറയുടെ അവശ്യപ്രക്രിയ രൂപീകരിച്ചു കഴിഞ്ഞാൽ, അതായത് ശത്രു സൈന്യങ്ങളുടെ വിപുലമായ സംഖ്യ ഉന്മൂലനം ചെയ്യപ്പെടുകയോ അവിടങ്ങളിൽ പരാജയപ്പെടുകയോ ചെയ്തുകഴിഞ്ഞാൽ, പാവഭരണം നശിപ്പിക്കപ്പെടുകയും പ്രവർത്തനത്തിന് ബഹുജനങ്ങൾ തട്ടിയുണർത്തപ്പെടുകയും ജപ്പാൻ വിരുദ്ധ ബഹുജനസംഘടനകൾ രൂപീകരിക്കപ്പെടുകയും ജനങ്ങളുടെ പ്രാദേശിക സായുധ സൈന്യങ്ങൾ വികസിപ്പിച്ചെടുക്കുകയും ജാപ്പ് വിരുദ്ധ രാഷ്ട്രീയാധികാരം സ്ഥാപിക്കപ്പെടുകയും, അവ താവളപ്രദേശങ്ങളായി പരിവർത്തനപ്പെടുകയും ചെയ്യുന്നതാണ്. നമ്മുടെ താവളപ്രദേശങ്ങളുടെ വികസനം എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത്, നേരത്തെ സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ള താവളങ്ങളുമായി ഇത്തരത്തിലുള്ളപ്രദേശങ്ങളുടെ കൂട്ടിച്ചേർക്കലിനെയാണ്.

ചില സ്ഥലങ്ങളിൽ, (ഉദാഹരണത്തിന് ഹോപെ) ഗറില്ലാനടപടികളുടെ മുഴുവൻ പ്രദേശങ്ങളും ആരംഭം മുതല്ക്കേ ഗറില്ലാ മേഖലയായിരുന്നിട്ടുണ്ട്. അവിടെ നീണ്ട കാലമായി പാവഭരണം നിലനില്ക്കുകയാണ്. പ്രാദേശികമായ ഉയർത്തെഴുന്നേല്പിൽനിന്നും വളർന്നുവന്നതായ സായുധസേനകൾ, വൂട്ടായ് മലകളിൽനിന്നയച്ച ഗറില്ലാ വിഭാഗങ്ങൾ എന്നിവ രണ്ടിനും ഗറില്ലാ നടപടികളുടെ മുഴുവൻ പ്രദേശവും ആരംഭം മുതല്ക്കേ ഒരു ഗറില്ലാ മേഖലയായിരുന്നിട്ടുണ്ട്. അവയുടെ പ്രാരംഭപ്രവർത്തനങ്ങളുടെ അഥവാ താവളപ്രദേശങ്ങൾ എന്ന നിലയിൽ അവിടെ താരതമ്യേന കുറച്ചു നല്ല സ്ഥലങ്ങൾ തിരഞ്ഞെടുക്കാൻ മാത്രമേ അവർക്കു കഴിഞ്ഞിരുന്നുള്ളൂ. ശത്രുസേനകൾ സംഹരിക്കപ്പെടുകയും ജനങ്ങളെ തട്ടിയുണർത്തുക എന്ന കൃത്യം തികച്ചും ഉഷാറാക്കി നടപ്പാക്കപ്പെടുകയും ചെയ്യും. ഇത്തരം സ്ഥലങ്ങൾ ഗറില്ലാ മേഖലകളിൽനിന്നു താരതമ്യേന ഉറച്ച താവളപ്രദേശങ്ങളായി രൂപാന്തരപ്പെടുകയില്ല.

അതുകൊണ്ട് ഗറില്ലാ മേഖലയുടെ താവളപ്രദേശങ്ങളിലേക്കുള്ള രൂപാന്തരണം ക്ലേശകരമായ ഒരു സർഗ്ഗാത്മക പ്രക്രിയയാണ്; അതിന്റെ സഫലീകരണം, ശത്രു എത്രകണ്ട നശിപ്പിക്കപ്പെടുകയും ബഹുജനങ്ങൾ എത്രകണ്ട് തട്ടിയുണർത്തപ്പെടുകയും ചെയ്തിട്ടുണ്ടെന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്.

വളരെയധികം പ്രദേശങ്ങൾ ഒരു ദീർഘകാലത്തേക്ക് ഗറില്ലാമേഖലകളായി നിലനില്ക്കും. ശത്രു ഈ പ്രദേശങ്ങളിൽ നിയന്ത്രണം നിലനിർത്താൻ എത്രയധികം ശ്രമിച്ചാലും അതിന് ഉറച്ച പാവഭരണങ്ങൾ സ്ഥാപിക്കുന്നതിനു കഴിയുന്നതല്ല. അതേസമയം ഗറില്ലാ യുദ്ധമുറ എത്രതന്നെ വികസിച്ചാലും ജാപ്പ് വിരുദ്ധ രാഷ്ട്രീയാധികാരം സ്ഥാപിക്കുക എന്ന ലക്ഷ്യം നേടുക നമുക്കു സാദ്ധ്യമല്ല. വൻനഗരങ്ങളുടെ പ്രാന്തപ്രദേ

Scanned by CamScanner

ശങ്ങളിലും സമതലങ്ങളുടെ ചില പ്രദേശങ്ങളിലും റയിൽവേപാതകൾക്ക ചേർന്നുള്ള ശത്രുഅധീന പ്രദേശങ്ങളിലും ഇത്തരം ഉദാഹരണങ്ങൾ കാണാവുന്നതാണ്.

ശത്രു ശക്തിയായി താവളമടിച്ചിട്ടുള്ള വലിയ നഗരങ്ങളെയും റെയിൽവേസ്റ്റേഷനുകളെയും, സമതലങ്ങളിലെ പ്രദേശങ്ങളെയും സംബന്ധിച്ചിടത്തോളം ഗറില്ലാ യുദ്ധമുറ അവയുടെ ചുററുവട്ടത്തു് വ്യാപിപ്പിക്കുവാനേ കഴിയുകയുള്ളു. താരതമ്യേന ഉറച്ച പാവഭരണങ്ങളുള്ള അവയ്ക്കു് അകത്തേക്കു് നേരിട്ടു് എത്തിക്കാൻ സാദ്ധ്യമല്ല. ഇതു് മറെറാരുവിധത്തിലുള്ള സ്ഥിതിഗതിയാണ്.

നമ്മുടെ നേതൃത്വത്തിലെ തെററുകളും, അല്ലെങ്കിൽ ശത്രുവിന്റെ ശക്തമായ സമ്മർദ്ദവും മുകളിൽ വിവരിച്ച വാസ്തവസ്ഥിതികളിൽ ഒരു തിരിച്ചടി ഉണ്ടാക്കിയേക്കാം. അതായതു് ഒരു ഗറില്ലാത്താവളം ഒരു ഗറില്ലാ മേഖലയായോ ഒരു ഗറില്ലാമേഖല താരതമ്യേന ഒരു ഉറച്ച ശത്രു അധീനപ്രദേശമായോ തീർന്നേക്കാം. ഇത്തരം മാററങ്ങൾ സംഭവ്യമാണ്. ഇവ ഗറില്ലാ കമാൻഡർമാരുടെ ഭാഗത്തുനിന്നു് പ്രത്യേക ജാഗ്രത അർഹിക്കുന്നവയാണ്.

ശത്രു അധീന ഭൂപ്രദേശങ്ങൾ മുഴുവനും അതുകൊണ്ടു്, ഗറില്ലാ യുദ്ധമുറ, നമ്മളും ശത്രുവും തമ്മിലുള്ള പോരാട്ടം എന്നിവയുടെ ഒരു ഫലമെന്ന നിലയിൽ താഴെ പറയുന്ന മൂന്നു ഇനങ്ങളിലായി ആണ് നിലവിൽ വരിക. 1) നമ്മുടെ ഗറില്ലാ യൂണിററുകളാലും രാഷ്ട്രീയാധികാരത്തിന്റെ ഉപകരണങ്ങളാലും നിയന്ത്രിക്കപ്പെടുന്ന ജാപ്പവിരുദ്ധ താവളങ്ങൾ; 2) ജാപ്പ സാമ്രാജ്യത്വത്താലും അതിന്റെ പാവ ഭരണങ്ങളാലും നിയന്ത്രിക്കപ്പെടുന്ന പ്രദേശങ്ങൾ; 3) ഇരുകൂട്ടരും മത്സരിക്കുന്ന മദ്ധ്യമേഖലകൾ; അതായതു്, ഗറില്ലാ മേഖലകൾ. ഒന്നും മൂന്നും വിഭാഗങ്ങളെ പരമാവധി വികസിപ്പിക്കേണ്ടതും രണ്ടാം വിഭാഗത്തെ പരമാവധി കുറക്കേണ്ടതുമായ കടമ ഗറില്ലാ കമാൻഡർമ്മാർക്കുണ്ടു്. ഗറില്ലായുദ്ധമുറയുടെ തന്ത്രപരമായ കടമ ഇതാണ്.

## 3. താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതിനുളള വ്യവസ്ഥകൾ

ജാപ്പ വിരുദ്ധ സായുധ സൈന്യങ്ങൾ ഉണ്ടായിരിക്കണം എന്നുള്ളതും ഈ സായുധ സൈന്യങ്ങൾ ശത്രുവിനു് പരാജയങ്ങൾ ഏല്പിക്കുന്നതിനു തന്നെ നിയോഗിക്കണം എന്നതും, ബഹുജനങ്ങളെ അവ പ്രവർത്തനങ്ങളിലേക്കു് തട്ടിയുണർത്തണമെന്നതുമാണ് ഒരു താവളപ്രദേശം സ്ഥാപിക്കുന്നതിനുള്ള മൗലിക വ്യവസ്ഥകൾ. അതുപ്രകാരം താവളപ്രദേശ സ്ഥാപനത്തിന്റെ കാര്യം പ്രഥമവും പ്രധാനവുമായി ഒരു സായുധശക്തി കെട്ടിപ്പടുക്കുന്നതിന്റെ കാര്യമാണ്. ഗറില്ലായുദ്ധത്തിലെ നേതാക്കൾ, ഒന്നോ അതിലധികമോ അവരുടെ പ്രവർത്തനശേഷി ഗറില്ലായൂണിററുകൾ കെട്ടിപ്പടുക്കുന്നതിനായി ഉപയോഗിക്കുകയും സമരഗതിയിൽ അവയെ ഗറില്ലാ അണിശേഖരമായോ സ്ഥിരസൈന്യങ്ങളുടെ യൂണിററുകൾ, അണിശേഖരങ്ങൾ എന്നിവയായിപ്പോലുമോ ക്രമേണ വികസിപ്പിക്കുകയും വേണം. ഒരു സായുധസേന പടുത്തുയർത്തുകയെന്നതു് ഒരു താവളപ്രദേശം സ്ഥാപിക്കുന്നതിനുള്ള താക്കോലാണ്; സായുധസേന ഇല്ല, അല്ലെങ്കിൽ

സായുധസേന ദുർബലമാണ് എന്ന സ്ഥിതിയായാൽ ഒന്നുംതന്നെ ചെ
യ്യാൻ കഴിയില്ല. ഇങ്ങിനെയുള്ളതാണ് ഒന്നാമത്തെ വ്യവസ്ഥ.

ശത്രുവിനെ തോല്പിക്കുന്നതിനായി, ജനങ്ങളുമായി ഒത്തുചേർന്നു
കൊണ്ടു് സായുധസേനകൾ ഉപയോഗിക്കപ്പെടണം എന്നതാണ് താവള
പ്രദേശങ്ങൾ സ്ഥാപിക്കുന്നതിന്റെ രണ്ടാമത്തെ ഒഴിച്ചുകൂടാനാവാത്ത വ്യ
വസ്ഥ. ശത്രുവിന്റെ താവളപ്രദേശങ്ങളാണ്, ഗറില്ലാതാവളങ്ങളല്ലാ
എന്നിരിക്കെ ശത്രു പരാജയപ്പെടാത്തിടത്തോളം കാലം അവയെ ഗറില്ലാ
താവളപ്രദേശങ്ങളായി രൂപാന്തരപ്പെടുത്താൻ കഴിയുന്നതല്ല. ശത്രു
വിന്റെ ആക്രമണങ്ങളെ തിരിച്ചടിക്കുകയും അവനെ പരാജയപ്പെടുത്തു
കയും നാം ചെയ്യുന്നില്ലെങ്കിൽ ഗറില്ലകൾ പിടിച്ചുനിൽക്കുന്ന സ്ഥലങ്ങൾ
പോലും ശത്രുനിയന്ത്രണത്തിൽ ആകുന്നതും അപ്പോൾതന്നെ താവള
പ്രദേശങ്ങൾ സ്ഥാപിക്കുന്നതിനു് അസാദ്ധ്യമായി തീരുന്നതുമാണ്.
ഒരു താവള പ്രദേശം സ്ഥാപിക്കുന്നതിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത മൂന്നാ
മത്തെ വ്യവസ്ഥ ജപ്പാനെതിരായ സമരത്തിനായി ബഹുജനങ്ങളെ തട്ടി
യുണർത്തുന്നതിനു് സായുധസമരങ്ങൾ അടക്കമുള്ള നമ്മുടെ എല്ലാ ശക്തിയും
പ്രയോജനപ്പെടുത്തുക എന്നതാണ്. ഈ സമരത്തിന്റെ ഗതിക്കിടയ്ക്കു
തന്നെ നാം ജനങ്ങളെ ആയുധവൽക്കരിക്കണം; അതായതു്, സ്വയം സംര
ക്ഷണ സൈനിക ദളങ്ങളും ഗറില്ലാ യൂണിറ്റുകളും സംഘടിപ്പിക്കണം;
ബഹുജന സംഘടനകൾ രൂപീകരിക്കണം; തൊഴിലാളികളെയും കർഷക
രെയും യുവാക്കളെയും സ്ത്രീകളേയും കുട്ടികളേയും വ്യാപാരികളേയും
കൈത്തൊഴിൽകാരെയും അവരുടെ രാഷ്ട്രീയ ബോധത്തിന്റെയും സമ
രോത്സുകതയുടെയും തോതനുസരിച്ചു് ജാപ്പ് ആക്രമണകാരികൾക്കെതി
രായ സമരത്തിനു് അവശ്യം ആവശ്യമായ വിവിധതരം ബഹുജന സംഘ
ടനകളിലായി സംഘടിപ്പിക്കുകയും ചെയ്യണം. അവയെയെല്ലാം, നമ്മൾ
തന്നെ ക്രമേണയായി വികസിപ്പിക്കുകയും വേണം. സംഘടനയില്ലാതെ
ജനങ്ങൾക്കു് തങ്ങളുടെ ജാപ്പ് വിരുദ്ധ പ്രതിരോധശേഷിയെ ഫലവത്താ
ക്കാൻ കഴിയുന്നതല്ല. തെളിഞ്ഞതും ഒളിഞ്ഞതുമായ വഞ്ചകരെ ഈ സമര
ത്തിന്റെ ഗതി—വിഗതിക്കിടയ്ക്കു നാം നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
ഇതാകട്ടെ ജനശക്തിയെ മാത്രം ആശ്രയിച്ചുകൊണ്ടു ചെയ്തുതീർക്കാ
വുന്ന ഒരു കർത്തവ്യമാണ്. പ്രാദേശികമായ ജാപ്പ് വിരുദ്ധ രാഷ്ട്രീയാ
ധികാര ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, എന്നല്ല അവ സുദൃഢീക
രിക്കുന്നതിനുമായി ജനങ്ങളെ തട്ടിയുണർത്തുന്നതു് ഈ സമരത്തിൽ പ്ര
ത്യേക പ്രാധാന്യമുള്ള സംഗതിയാണ്. ചൈനയിലെ പ്രാരംഭകാല
ദേശീയ രാഷ്ട്രീയാധികാര ഉപകരണങ്ങളെ ശത്രു നശിപ്പിച്ചിട്ടില്ലാത്തി
ടത്തൊക്കെ വിശാല ബഹുജന വിഭാഗങ്ങളുടെ പിന്തുണയോടുകൂടി അവ
യെ നാം പുനഃസംഘടിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും വേണം. ശത്രു
എവിടെയൊക്കെ അവയെ നശിപ്പിച്ചിട്ടുള്ളിടത്താകട്ടെ, ബഹുജന യത്ന
ങ്ങളിലൂടെ അവയെ നാം പുനർനിർമ്മിക്കണം. ജാപ്പ് വിരുദ്ധദേശീയ
ഐക്യമുന്നണിയുടെ നയം നടപ്പിലാക്കുന്നതിനുള്ള രാഷ്ട്രീയാധികാര
ഉപകരണങ്ങളാണ് അവ, നിലവിൽ നമ്മുടെ പരമശത്രുവായ ജാപ്പനീസ്
സാമ്രാജ്യത്വത്തിനും അതിന്റെ പിണിയാളുകൾക്കും (വഞ്ചകരും പിന്തി
രിപ്പന്മാരും) എതിരായി സമരം ചെയ്യുന്നതിനു് ജനങ്ങളുടെ എല്ലാ ശക്തി
കളേയും നാം ഒന്നിപ്പിക്കണം.

ഗറില്ലായുദ്ധത്തിനായുള്ള ഒരു താവളപ്രദേശം സത്യത്തിൽ സ്ഥാ
പിക്കാൻ കഴിയുക, മുൻപറഞ്ഞ മൂന്നു് അടിസ്ഥാനവ്യവസ്ഥകൾ പടി
പടിയായി പൂർത്തീകരിക്കുന്നതിലൂടെ മാത്രമാണ്; അതായതു്, ജാപ്പ്
വിരുദ്ധ സായുധ സൈന്യങ്ങൾ കെട്ടിപ്പടുക്കുകയും ശത്രുവിന്റെ തോൽവി
സംഭവിക്കുകയും ചെയ്തതിനുശേഷം മാത്രം.

Scanned by CamScanner

ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ സാഹചര്യങ്ങളേയും കൂടി പരാമർശിക്കേണ്ടതുണ്ട്. ആദ്യത്തേതിനെ സംബന്ധിച്ച് ലേഖനത്തിന്റെ പ്രഥമ ഭാഗത്ത്, നമ്മൾ ഈ താവളപ്രദേശങ്ങളെ മൂന്നു വ്യത്യസ്ത ഗണങ്ങളിലായി ചർച്ച ചെയ്തുകഴിഞ്ഞു. ഇവിടെ പിന്നെ നമുക്ക് ഒരു പ്രധാന ആവശ്യകതയെപ്പററി മാത്രമെ പരാമർശിക്കേണ്ടതായുള്ളു, അതായത് പ്രദേശം വികസിച്ചുകൊണ്ടിരിക്കുന്നതായിരിക്കണം എന്നത്. ശത്രു എല്ലാവശത്തുനിന്നും, അതല്ലെങ്കിൽ മൂന്നുവശത്തുനിന്നും ശത്രുവാൽ ചുററപ്പെട്ട സ്ഥലങ്ങളിൽ, താവളങ്ങൾ കെട്ടിപ്പടുക്കുന്നതിനു മലമ്പ്രദേശങ്ങൾ സ്വാഭാവികമായും ഏററവും നല്ല സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നു, അവയാകട്ടെ ഒരു ദീർഘകാലത്തേക്ക് നിലനിർത്താൻ കഴിയുന്നവയുമാണ്. എന്നാൽ പ്രധാനകാര്യം ഗറില്ലകൾക്ക് സൈനിക കൗശലങ്ങൾ ചാതുര്യത്തോടെ നടത്താൻ യഥേഷ്ടം സ്ഥലം ഉണ്ടായിരിക്കണം എന്നതാണ്. അതായത് പ്രദേശങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കാവുന്നത് ആവണം. വികസന സാദ്ധ്യതയുള്ള ഭൂപ്രദേശമുണ്ടെങ്കിൽ സമതലപ്രദേശങ്ങളിൽപോലും ഗറില്ലായുദ്ധമുറ വികസിപ്പിച്ചെടുക്കുവാനും നിലനിർത്തുവാനും കഴിയും എന്നതാണ്, നദി–തടാക–അഴിമുഖ പ്രദേശങ്ങളുടെ കാര്യം പറയേണ്ടതുമില്ലല്ലോ. പൊതുവേ നോക്കിയാൽ ചൈനയുടെ അപാരമായ ഭൂവിസ്തൃതിയും ശത്രുവിന് സൈന്യങ്ങളിലുള്ള എണ്ണക്കുറവും ചൈനയിൽ ഗറില്ലായുദ്ധമുറക്ക് വേണ്ടതായ ഈ സാഹചര്യത്തെ സ്വയമേവ സൃഷ്ടിച്ചിട്ടുണ്ട്. ഗറില്ലായുദ്ധം നടത്താനുള്ള സാദ്ധ്യതയെ പരിഗണിക്കുമ്പോൾ ഇതു് പ്രധാനമായും പ്രാഥമികമായ ഒരു വ്യവസ്ഥയാണ്. ഈ വ്യവസ്ഥയുടെ അസാന്നിദ്ധ്യമുള്ള ബൽജിയം പോലുള്ള ചെറിയ രാജ്യങ്ങളിൽ ഇത്തരം സാദ്ധ്യത കഷ്ടിയാണ്, അഥവാ ഇല്ലതന്നെ. ചൈനയിൽ, ഈ വ്യവസ്ഥ യത്നിച്ചുനോക്കേണ്ടതായ ഒന്നല്ല, അതൊരു പ്രശ്നമാവുന്നുമില്ല; ഇവിടെ അതു പ്രകൃതിദത്തമായിത്തന്നെയുണ്ട്. അതിനെ ഉപയോഗപ്പെടുത്തേണ്ട താമസമേയുള്ളു. സാമ്പത്തിക സ്ഥിതിഗതികൾ, അതിന്റെ സ്ഥൂലപശ്ചാത്തലത്തിൽ ഭൂമിശാസ്ത്ര സ്ഥിതിഗതികളോട് സദൃശമാണ്. ശത്രുവെ കാണാൻ കഴിയാത്ത ഒരു മരുഭൂമിയിൽ താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതിനെപ്പററിയല്ല നാമിപ്പോൾ ചർച്ചചെയ്യുന്നത്. മറിച്ച് ശത്രുനിരകളുടെ പുറകിലുള്ള പ്രദേശങ്ങളെപ്പററിയാണ്; ശത്രുവിനു നുഴഞ്ഞുകയറാൻ കഴിയുന്ന എല്ലാ സ്ഥലത്തും തദ്ദേശ വാസികളായ ചൈനാക്കാരും നിലനില്പിനുള്ള ഒരു സാമ്പത്തിക അടിത്തറയും ഇപ്പോൾതന്നെയുണ്ട്; അതുകൊണ്ടുതന്നെ താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതിൽ സാമ്പത്തികസ്ഥിതിയുടെ പ്രത്യേകമായ തെരഞ്ഞെടുപ്പിന്റെ പ്രശ്നം ഉദിക്കുന്നേയില്ല. ചൈനാക്കാരായ തദ്ദേശവാസികളും ശത്രുസൈന്യങ്ങളും ഉള്ളിടത്തെല്ലാം സാമ്പത്തിക സ്ഥിതിഗതികളെ കൂടാതെതന്നെ ഗറില്ലായുദ്ധമുറ വികസിപ്പിക്കുന്നതിനും സ്ഥിരമോ താല്ക്കാലികമോ ആയ താവളപ്രദേശങ്ങൾ പടുത്തുയർത്തുന്നതിനും നമ്മുടെ കഴിവിന്റെ പരമാവധി നാം പ്രവർത്തിക്കണം എന്നിരുന്നാലും, രാഷ്ട്രീയാർത്ഥത്തിൽ സാമ്പത്തിക സ്ഥിതിഗതികൾ ഒരു പ്രശ്നം മുന്നോട്ടുവയ്ക്കുന്നു. താവളപ്രദേശങ്ങളുടെ സ്ഥാപനത്തിൽ വമ്പിച്ച പ്രാധാന്യമുള്ള സാമ്പത്തികനയത്തിന്റെ പ്രശ്നം. നീതിയുക്തമായി സാമ്പത്തിക ബാദ്ധ്യതകൾ ചുമത്തുന്നതിൽകൂടിയും വാണിജ്യത്തെ സംരക്ഷിക്കുന്നതിൽകൂടിയും ഗറില്ലാ താവള പ്രദേശങ്ങളുടെ സാമ്പത്തികനയം ജാപ്പവിരുദ്ധ ദേശീയഐക്യമുന്നണിയുടെ തത്വങ്ങളെ പിന്തുടരുന്നതായിരിക്കണം. രാഷ്ട്രീയാധികാരത്തിന്റെ പ്രാദേശിക ഉപകരണങ്ങളോ, ഗറില്ലാ യൂണിററുകളോ, ഈ തത്വങ്ങളെ ലംഘിക്കാൻ പാടുള്ളതല്ല; മറിച്ചാണെങ്കിൽ താവളപ്രദേശങ്ങളുടെ സ്ഥാപന

Scanned by CamScanner

ത്തേയും ഗറില്ലാ യുദ്ധമുറയുടെ നിലനിറുത്തിക്കൊണ്ടുപോകലിനേയും
അതു് ദോഷകരമായി ബാധിക്കും. ധനപരമായ ബാദ്ധ്യത നീതിനി
ഷ്ഠമായിരിക്കും എന്നതിനു് അർത്ഥം ''പണമുള്ളവർ പണം സംഭാവന ചെ
യ്യണം'' എന്നതും അതേസമയം കർഷകർ ഗറില്ലാ യൂണിറ്റുകൾക്കു്, ഒരു
നിശ്ചിത അളവിൽ ധാന്യം കൊടുക്കണം എന്നതും ആണു്. ഗറില്ലാ
യൂണിറ്റുകൾ മികച്ച തോതിൽ അച്ചടക്കം പാലിക്കണം എന്നതും തെളി
യിക്കപ്പെട്ട വഞ്ചകരുടേതൊഴികെയുള്ള കടകൾ പിടിച്ചെടുക്കുന്നതു് കർശ
നമായി നിരോധിക്കണമെന്നുമാണു് വാണിജ്യസംരക്ഷണം എന്നതുകൊ
ണ്ടു് അർത്ഥമാക്കുന്നതു്. ഇതത്ര എളുപ്പമായ കാര്യമല്ല, എന്നാൽ നയം
തയ്യാറാക്കിക്കഴിഞ്ഞു, അതു് നടപ്പിൽ വരുത്തുകതന്നെ വേണം.

## 4. താവളപ്രദേശങ്ങളുടെ സുദൃഢീകരണവും വിപുലീകരണവും

ശത്രുക്കളായ കടന്നാക്രമണകാരികളെ അവരുടെ ഏതാനും ശക്തി
കേന്ദ്രങ്ങളിൽ, അതായതു് വലിയ പട്ടണങ്ങളിലും പ്രധാന വാർത്താവി
നിമയ ലൈനുകളിലുമായി, ഒതുക്കിനിർത്തുന്നതിനുവേണ്ടി ഗറില്ലകൾ,
തങ്ങളുടെ താവളപ്രദേശങ്ങളിൽനിന്നു് ഗറില്ലാ യുദ്ധമുറ ആവുന്നത്ര
വിസ്തൃതിയിൽ വ്യാപിപ്പിക്കുന്നതിനു് കഴിയാവുന്നതെല്ലാം ചെയ്യു
കയും ശത്രുവിന്റെ ശക്തികേന്ദ്രങ്ങൾ എല്ലാത്തിനും വരമ്പിട്ട വളയുകയും
അങ്ങിനെ താവളപ്രദേശങ്ങൾ വികസിപ്പിച്ചെടുക്കുമ്പോൾതന്നെ ശത്രുവി
ന്റെ അസ്തിത്വത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടും അതിന്റെ മനോവീര്യ
ത്തെ ഉലച്ചുകൊണ്ടും, മുന്നേറുകയും വേണം. ഇതു് മർമ്മപ്രധാനമായ
കാര്യമാണു്. പ്രസ്തുത സന്ദർഭത്തിൽ ഗറില്ലാ യുദ്ധമുറയിലെ യഥാസ്ഥി
തിപാലനവാദത്തെ നാമെതിർക്കേണ്ടതുണ്ടു്. ആയാസരഹിതമായ ജീവി
തത്തിനു വേണ്ടിയുള്ള ആഗ്രഹത്തിൽനിന്നോ, ശത്രുവിന്റെ ശക്തിയെ
ഉള്ളതിലേറെ കണക്കു കൂട്ടുന്നതിൽ നിന്നോ ഉരുത്തിരിയുന്നതാകട്ടെ
യാഥാസ്ഥിതികവാദത്തിൽ നിന്നു് ചെറുത്തുനില്പുയുദ്ധത്തിൽ നഷ്ട
ങ്ങൾ വരുത്തിവയ്ക്കാൻ മാത്രമേ കഴിയുകയുള്ളൂ; ഗറില്ലാ യുദ്ധമുറയ്ക്കും താവ
ളപ്രദേശങ്ങൾക്കുതന്നെയും ഇതു് ഹാനികരമാണു്. അതേസമയം ജനങ്ങ
ളെ തട്ടിയുണർത്തുകയും സംഘടിപ്പിക്കുകയും ചെയ്യുക, ഗറില്ലാ യൂണി
റ്റുകളേയും പ്രാദേശിക സായുധസൈന്യങ്ങളേയും പരിശീലിപ്പിക്കുക,
എന്നിവ മുഖ്യകടമയായിരിക്കെ മുൻ പറഞ്ഞതിനൊപ്പംതന്നെ മറക്കാൻ
പാടില്ലാത്തതുമാണു്. താവളപ്രദേശങ്ങളുടെ സുദൃഢീകരണം സുദീർഘ
യുദ്ധമുറകൊണ്ടു നടത്തിപ്പോരുന്നതിനും വിപുലീകരണത്തിനും കൂടിയും
ഇത്തരം സുദൃഢീകരണം ആവശ്യമാണു്; അതിന്റെ അഭാവത്തിൽ ചുറു
ചുറുക്കോടെയുള്ള വിപുലീകരണം അസാദ്ധ്യമാണുതാനും. നമ്മുടെ ഗറില്ലാ
യുദ്ധമുറയിൽ വിപുലീകരണത്തിന്റെ കാര്യം മാത്രം നാം ശ്രദ്ധിക്കുകയും
സുദൃഢീകരണത്തെ മറക്കുകയുമാണെങ്കിൽ നമുക്കു് ശത്രുവിന്റെ ആക്രമണ
ങ്ങളെ എതിർത്തുനില്ക്കാൻ കഴിയാതെ വരും. അനന്തര ഫലമായി വികാ
സനസാദ്ധ്യത തടയപ്പെടുക മാത്രമല്ല താവളപ്രദേശങ്ങളുടെ നിലനില്പു
തന്നെ അപകടത്തിലാകുന്നതുമായിരിക്കും. സുദൃഢീകരണത്തോടനുബ
ന്ധിച്ചുള്ള വിപുലീകരണം എന്നതാണു് ശരിയായ നയം. അതു് ഒരു നല്ല
രീതിയുമാണു്. കടന്നാക്രമണമോ പ്രതിരോധമോ വിവേചനത്തോടെ
തിരഞ്ഞെടുത്തു നടത്തുന്നതിനു് അതു നമ്മെ അനുവദിക്കുകയും ചെയ്യുന്നു.

സുദീർഘ യുദ്ധത്തിൽ താവളപ്രദേശങ്ങളുടെ സുദൃഢീകരണത്തിൻെറയും വിപുലീകരണത്തിൻെറയും പ്രശ്നം ഓരോ ഗറില്ലാ യൂണിററിൻെറ മുമ്പിലും നിരന്തരമായി ഉയർന്നുവരും. സമൂർത്തമായ പരിഹാരം, തീർച്ചയായും സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒരു സമയത്തു് വിപുലീകരണത്തിൽ, അതായതു് ഗറില്ലാ മേഖലകൾ വിപുലീകരിക്കുന്നതിലും ഗറില്ലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും ആയിരിക്കും ഊന്നൽ നൽകേണ്ടിവരിക. മറെറാരു സന്ദർഭത്തിൽ ഊന്നൽ നൽകേണ്ടിവരിക സുദൃഢീകരണത്തിൽ, അതായതു് ബഹുജനങ്ങളെ സംഘടിപ്പിക്കുന്നതിലും സൈനികഘടകങ്ങളെ പരിശീലിപ്പിക്കുന്നതിലുമായിരിക്കും. വിപുലീകരണവും സുദൃഢീകരണവും സ്വഭാവത്തിൽ വ്യത്യസ്തങ്ങളായതുകൊണ്ടും സൈന്യങ്ങളുടെ വിന്യാസങ്ങളും മററു കടമകളും തദനുസൃതമായി വ്യത്യാസപ്പെടുന്നതുകൊണ്ടും, സന്ദർഭത്തിനും സാഹചര്യത്തിനും അനുയോജ്യമായവിധത്തിൽ ഊന്നൽ മാറി മാറി നൽകുമ്പോൾ മാത്രമേ പ്രശ്നത്തിന് ഒരു ഫലവത്തായ പരിഹാരം സാദ്ധ്യമാവൂ.

## 5. നമ്മളും ശത്രുവും പരസ്പരം ചുററിവളയുന്നതിൻേറതായ രൂപങ്ങൾ

ചെറുത്തുനില്പുയുദ്ധം മൊത്തമെടുത്താൽ, ശത്രു തന്ത്രപരമായ ആക്രമണത്തിലും ബാഹ്യനിരാ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നതുകൊണ്ടും, അതേസമയം നാം തന്ത്രപരമായ പ്രതിരോധത്തിലും ആഭ്യന്തരനിരാ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നതുകൊണ്ടും, നമ്മൾ ശത്രുവാൽ തന്ത്രപരമായി വലയംചെയ്യപ്പെട്ടിരിക്കുകയാണ് എന്നതിൽ സംശയമില്ല. ശത്രുവിൻെറ വലയംചെയ്യലിൻെറ പ്രഥമ രൂപമാണിതു്. നമ്മുടെ പക്ഷത്തുനിന്നു് നാം വേർതിരിഞ്ഞുള്ള സൈനികപഥങ്ങളിലൂടെ നമ്മുടെ നേരെ മുന്നേറിക്കൊണ്ടിരിക്കുന്ന ശത്രുപംക്തികളെ വലയം ചെയ്യുന്നു. ശത്രുവിനെ വലയംചെയ്യലിൽ നമുക്കുള്ള പ്രഥമരൂപമിതാണ്. അടുത്തതായി, ശത്രുവിൻെറ പിന്നണിപ്രദേശത്തെ ഗറില്ലാ താവളപ്രദേശങ്ങളാകട്ടെ, അവയെ ഒററയ്ക്കൊററയ്ക്കെടുത്താൽ അതിലെ ഓരോ പ്രദേശവും ഒന്നുകിൽ വൂട്ടായ് മലമ്പ്രദേശത്തെപ്പോലെ നാനാ ഭാഗങ്ങളിൽനിന്നും, അല്ലെങ്കിൽ വടക്കുപടിഞ്ഞാറെ ഷാൻസിപ്രദേശത്തെപ്പോലെ മൂന്നു ഭാഗങ്ങളിൽനിന്നും ശത്രു വലയം ചെയ്തിരിക്കുകയാണ്. ശത്രുവിൻെറ വലയം ചെയ്യലിൻെറ രണ്ടാമത്തെ രൂപം ഇതാണ് എന്നിരുന്നാലും, ഗറില്ലാതാവളപ്രദേശങ്ങൾ മൊത്തവും സ്ഥിരസൈന്യങ്ങളുടെ പോരാട്ടമുന്നണികളോടുള്ള അവയുടെ ബന്ധവും പരിഗണിക്കുകയാണെങ്കിൽ, നമ്മളും വളരെയധികം ശത്രുസൈന്യങ്ങളെ തിരിച്ച് വലയം ചെയ്തിട്ടുള്ളതായി കാണാം. ഉദാഹരണത്തിനു്, ഷാൻസി പ്രവിശ്യയിൽ ടാടുങ്ങ്—പൂച്ചോറെയിൽപാതയെ മൂന്നു ഭാഗങ്ങളിലും (കിഴക്കും പടിഞ്ഞാറും പാർശ്വങ്ങളിലും തെക്കേ അററത്തും) തായ്യുവാൻ പട്ടണത്തിനെ എല്ലാ ഭാഗങ്ങളിലും മേൽപ്രകാരമാണ് വലയംചെയ്തിരിക്കുന്നതു്. ഹോപെ, ഷാടുങ്ങ് പ്രവിശ്യകളിലും ഇത്തരം ഉദാഹരണങ്ങൾ ധാരാളമുണ്ടു്. ശത്രുവിനെതിരായ നമ്മുടെ വലയം ചെയ്യലിൻെറ രണ്ടാമത്തെ രൂപമാണിതു്. ഇങ്ങിനെ സൈന്യങ്ങൾ നടത്തുന്ന വലയംചെയ്യലിൻേറതായ രണ്ടു രൂപങ്ങളും നമ്മുടെ സൈന്യങ്ങളുടേതായ രണ്ടു രൂപങ്ങളും ഉണ്ട്—ഏറെക്കുറെ 'വെയ്ചി'[9] കളിയെപ്പോലെ ഇരു ചേരികളും നടത്തുന്ന ക്യാമ്പെയ്നുകളും പോരാട്ടങ്ങളും ഓരോരുത്തരും

മറുഭാഗത്തിന്റെ കരുക്കളെ പിടിച്ചെടുക്കുന്നതിനോട് സദൃശവും ശത്രുവിന്റെ ശക്തികേന്ദ്രങ്ങളുടെ സ്ഥാപനവും, നമ്മുടെ ഗറില്ലാ പ്രദേശങ്ങളുടെ സ്ഥാപനവും ബോർഡിലെ ഇടങ്ങൾ അധീനപ്പെടുത്തുന്നതിനുള്ള നീക്കങ്ങളോടും സദൃശമാണ്. ശത്രുവിന്റെ പിന്നണിയിലുള്ള ഗറില്ലാ താവളപ്രദേശങ്ങളുടെ വമ്പിച്ച തന്ത്രപരമായ പങ്ക് വെളിവാകുന്നത് ''ഇടങ്ങൾ അധീനപ്പെടുത്തുന്നതിൽ'' ആണ്. രാജ്യത്തിന്റെ സൈനിക അധികാര കേന്ദ്രങ്ങളും എല്ലാ പ്രദേശങ്ങളിലെയും ഗറില്ലാ കമാൻഡർമാരും, ശത്രുനിരകൾക്കു പിറകിലെ ഗറില്ലാ യുദ്ധമുറയുടെ വികസനത്തെയും, സാദ്ധ്യമായ ഇടങ്ങളിലെല്ലാം താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതിനെയും കാര്യപരിപാടിയിൽ ഉൾപ്പെടുത്തുകയും—ഇതിനെ തന്ത്രപരമായൊരു പ്രവർത്തനമെന്ന നിലക്ക് നിർവ്വഹിക്കണം—അതിനുവേണ്ടിയാണ് ചെറുത്തുനില്പുയുദ്ധത്തിൽ നാമീ പ്രശ്നമുന്നയിക്കുന്നത്. ഒരു തന്ത്രപരമായ യൂണിററായി ചൈനയും, മററു തന്ത്രപരമായ ഘടകങ്ങളായി സോവിയററു യൂണിയനും ചേരാൻ സാദ്ധ്യതയുള്ള ഇതര നാടുകളും ഒന്നിച്ച് സാർവദേശീയതലത്തിലുള്ള ഒരു ജാപ്പ്‌വിരുദ്ധ മുന്നണി പസഫിക് മേഖലയിൽ നമുക്കു രൂപീകരിക്കാൻ കഴിയുകയാണെങ്കിൽ ശത്രു ഉണ്ടാക്കിയിട്ടുള്ളതിനേക്കാളും ഒരെണ്ണം അധികം വലയംചെയ്യാൻ അതിനെതിരായി അപ്പോൾ നമുക്ക് ഉണ്ടായിരിക്കുന്നതാണ്. ഫാസിസ്റ്റു ജപ്പാനെ വലയം ചെയ്തു നശിപ്പിക്കുന്നതിനായി പസഫിക് മേഖലയിൽ നമുക്ക് ബാഹ്യനിരാപ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നതുമാണ്. ഇതിന് ഇന്ന് പ്രായോഗിക പ്രസക്തിതന്നെ കുറവാണെങ്കിലും അത്തരമൊരു പ്രത്യാശയ്ക്ക് ഇടമില്ലാതില്ല എന്നുറപ്പാണ്.

*അദ്ധ്യായം 7*

# ഗറില്ലായുദ്ധമുറയിലെ തന്ത്രപരമായ പ്രതിരോധവും തന്ത്രപരമായ കടന്നാക്രമണവും

ഗറില്ലാ യുദ്ധമുറയിലെ തന്ത്രത്തിന്റെ നാലാമത്തെ പ്രശ്നം തന്ത്രപരമായ പ്രതിരോധത്തെയും തന്ത്രപരമായ കടന്നാക്രമണത്തെയും സംബന്ധിച്ചതാകുന്നു. ജപ്പാനെതിരായ നമ്മുടെ ഗറില്ലാ യുദ്ധത്തിൽ നാം പ്രതിരോധത്തിലായിരിക്കുമ്പോഴും കടന്നാക്രമണത്തിലായിരിക്കുമ്പോഴും (ഒന്നാമത്തെ പ്രശ്നത്തെപ്പററിയുള്ള ചർച്ചയിൽ നാം പരാമർശിച്ചിട്ടുള്ളതായ) അക്രമണയുദ്ധമുറയുടെ നയം എങ്ങനെ പ്രയോഗത്തിൽ കൊണ്ടുവരണമെന്നതാണ് പ്രശ്നം.

ദേശവ്യാപമായുള്ള തന്ത്രപരമായ പ്രതിരോധത്തിനകത്തോ തന്ത്രപരമായ ആക്രമണത്തിനകത്തോ (കൂടുതൽ കൃത്യമായിപ്പറഞ്ഞാൽ തന്ത്രപരമായ പ്രത്യാക്രമണത്തിൽ) ചെറിയ തോതിലുള്ള തന്ത്രപരമായ പ്രതിരോധവും ആക്രമണവും ഗറില്ലാ താവളപ്രദേശത്തും, അകത്തും ചുററിലും ആയി സംഭവിക്കുന്നു. ശത്രു കടന്നാക്രമണത്തിലും നാം പ്രതിരോധത്തിലുമായിരിക്കുമ്പോഴുള്ള നമ്മുടെ തന്ത്രപരമായ സ്ഥിതിഗതികളെയും നയത്തെയുമാണ് തന്ത്രപരമായ പ്രതിരോധം എന്നതുകൊണ്ട് നാമർത്ഥമാക്കുന്നത്. ശത്രു പ്രതിരോധത്തിലും നാം കടന്നാക്രമണത്തിലും ഉള്ളപ്പോഴത്തെ തന്ത്രപരമായ കടന്നാക്രമണം എന്നതുകൊണ്ട് നാമർത്ഥമാക്കുന്നത് നമ്മുടെ തന്ത്രപരമായ സ്ഥിതിഗതികളേയും നയത്തേയുമാണ്.

Scanned by CamScanner

## 1. ഗറില്ലായുദ്ധത്തിൽ തന്ത്രപരമായ പ്രതിരോധം

ഗറില്ലാ യുദ്ധമുറ പൊട്ടിപ്പുറപ്പെടുകയും ഗണ്യമായ അളവിൽ വളരുകയും ചെയ്തതിനുശേഷം, പ്രത്യേകിച്ചും മൊത്തത്തിൽ രാജ്യത്തിനു് എതിരായ ശത്രുവിന്റെ തന്ത്രപരമായ ആക്രമണത്തിന്റെ അന്ത്യം കുറിക്കപ്പെടുകയും അതു സ്വന്തം അധിനിവേശിത പ്രദേശങ്ങളെ കാത്തുസംരക്ഷിക്കുന്നതിനുള്ള നയം സ്വീകരിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ ഗറില്ലാ താവള പ്രദേശങ്ങൾക്കു നേരെ ശത്രു അനിവാര്യമായും കടന്നാക്രമണം നടത്തുന്നതാണു്. ഇത്തരം കടന്നാക്രമണങ്ങളുടെ അനിവാര്യത അംഗീകരിക്കുകയെന്നതു് മർമ്മപ്രധാനമായ കാര്യമാണു്. കാരണം അല്ലാത്തപക്ഷം ഗറില്ലാ കമാൻഡർമാർ തികച്ചും തയ്യാറെടുത്തിട്ടില്ലാത്തവരായി പകച്ചു നിൽക്കുകയും ശത്രുവിന്റെ കനത്ത കടന്നാക്രമണങ്ങൾക്കുമുമ്പിൽ അവർ നിസംശയമായും അമ്പരക്കുകയും ആശയക്കുഴപ്പത്തിലാവുകയും അവരുടെ സൈന്യങ്ങൾ പിഴുതെറിയപ്പെടുകയും ചെയ്യുന്നതാണു്.

ഗറില്ലകളെയും അവരുടെ താവളപ്രദേശങ്ങളെയും തുടച്ചുനീക്കുന്നതിനു്, ശത്രു തുടരെത്തുടരെ ഏകത്ര കേന്ദ്രീകരിച്ചുകൊണ്ടുള്ള ആക്രമണത്തിനു് മുതിരുന്നു. ഉദാഹരണത്തിനു് വുട്ടായ് മലമ്പ്രദേശത്തിനുനേരെ തിരിച്ചുവിട്ട നാലോ അല്ലെങ്കിൽ അഞ്ചോ' ശിക്ഷാപരമായ പടനീക്കങ്ങളി'ൽമൂന്നോ, നാലോ, അഞ്ചോ, ആറോ, ഏഴോ പോലുമോ സൈനിക പംക്തികളിലായി ശത്രു ഒരു ആസൂത്രിത മുന്നേററം നടത്തി. ഗറില്ലാ പോരാട്ടത്തിന്റെ വ്യാപ്തി ഏറുന്തോറും താവളപ്രദേശങ്ങളുടെ സ്ഥാനത്തിനു് പ്രാധാന്യമേറുന്നു. ശത്രുവിന്റെ തന്ത്രപരമായ കേന്ദ്രങ്ങൾക്കും സുപ്രധാന വാർത്താവിനിമയ ലൈനുകൾക്കുമെതിരെയുള്ള ഭീഷണിയുടെ കാഠിന്യമേറുന്തോറും ശത്രുവിന്റെ കടന്നാക്രമണങ്ങളുടെ രൂക്ഷതയും കഠിനമാകുന്നു. അതുകൊണ്ടു് ഒരു ഗറില്ലാ പ്രദേശത്തു് ശത്രുവിന്റെ കടന്നാക്രമണങ്ങൾ എത്രയധികം രൂക്ഷമായതാണോ, അവിടെ ഗറില്ലാ യുദ്ധമുറ വിജയകരമാണെന്നും സ്ഥിരപോരാട്ടവുമായി അതു് ഫലവത്തായ രീതിയിൽ ഏകോപിക്കപ്പെട്ടിരിക്കുന്നു എന്നും അത്രകണ്ടു് കൂടുതലായി വ്യക്തമാക്കപ്പെടുന്നു.

ശത്രു നിരവധി പംക്തികളിലായി സർവ്വത്ര കേന്ദ്രീകരിച്ചുകൊണ്ടുള്ള കടന്നാക്രമണം കെട്ടഴിച്ചുവിടുമ്പോൾ, പ്രത്യാക്രമണംകൊണ്ടു് അതിനെ തകർക്കുക എന്നതായിരിക്കണം ഗറില്ലാനയം. മുന്നേറുന്ന ശത്രുപംക്തിക്കു് അകമ്പടി യൂണിററുകളില്ല, ചെറുതോ വലുതോ ആയ ഒരു യൂണിററുമാത്രമേയുള്ളവെങ്കിൽ മുന്നേറുന്ന മാർഗത്തിൽ പടയാളികളെ തമ്പടിക്കുവാനോ, വഴിക്കോട്ടകൾ പടുത്തുയർത്താനോ മോട്ടോർ മാർഗങ്ങൾ നിർമ്മിക്കാനോ കഴിയില്ല എങ്കിൽ അതിനെ എളുപ്പത്തിൽ തകർക്കാൻ കഴിയുന്നതാണു്. ശത്രു സർവത്ര കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു കടന്നാക്രമണം കെട്ടഴിച്ചുവിടുമ്പോൾ അതാക്രമണപരവും ബാഹ്യനിരകളിൽ പ്രവർത്തിക്കുന്ന അവസ്ഥയിലുമാണു്, അപ്പോൾ നാം പ്രതിരോധാവസ്ഥയിലും നിരകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയിലുമായിരിക്കും. നമ്മുടെ സൈനിക വിന്യാസങ്ങളെ സംബന്ധിച്ചാണെങ്കിൽ നിരവധി ശത്രുപംക്തികളെ തടഞ്ഞുനിറുത്തുന്നതിനായി നമ്മുടെ രണ്ടാംകിട സൈന്യങ്ങളെ ഉപയോഗിക്കണം. ഒരൊററ ശത്രുപംക്തിക്കെതിരായി അതു നീങ്ങിക്കൊണ്ടിരിക്കുമ്പോൾ അതിനു് ആഘാതമേല്പിച്ചുകൊണ്ടു് നമ്മുടെ പ്രധാനസൈന്യം (പതിയിരുന്നാക്രമിക്കുന്നതിന്റെ രൂപത്തിലുള്ള) ആകസ്മികമായ കടന്നാക്രമണങ്ങൾ നടത്തണം. ശത്രു ബലവാനാണെങ്കിലും അവർ ആവർത്തിച്ചുള്ള കടന്നാക്രമണങ്ങളാൽ ദുർബ

ലരാക്കപ്പെടുന്നതും ചിലപ്പോഴൊക്കെ പകുതിക്കുവെച്ചുതന്നെ പിൻവാങ്ങുന്നതുമാണ്; അപ്പോൾ ഗറില്ലാ യൂണിററുകൾക്കു് അനുധാവനവേളയിൽ കൂടുതൽ ആകസ്മികമായ കടന്നാക്രമണങ്ങൾ നടത്താനും ശത്രുവെ കൂടുതൽ ദുർബലമാക്കുവാനും കഴിയുന്നതാണ്. ശത്രുവിൻെറ ആക്രമണം നിറുത്തുന്നതിൻെറയോ പിൻവാങ്ങൽ തുടങ്ങുന്നതിൻെറയോ മുമ്പുള്ള ഘട്ടത്തിൽ അതു് സാധാരണയായി നമ്മുടെ താവളപ്രദേശങ്ങളിലെ കൗണ്ടിനഗരങ്ങളെയോ മററു നഗരങ്ങളെയോ കയ്യടക്കുന്നു. അതിൻെറ ധാന്യവിതരണത്തെ വിച്ഛേദിച്ചുകൊണ്ടും അതിൻെറ വാർത്താവിനിമയ ബന്ധത്തെ വേർപെടുത്തിക്കൊണ്ടും നാം ഈ പട്ടണങ്ങളെ വലയം ചെയ്യണം. അതുവഴി അതിനു് പിടിച്ചുനിൽക്കാനാവാതെ വരികയും പിന്തിരിഞ്ഞോടാൻ തുടങ്ങുകയും ചെയ്യുമ്പോൾ അനുധാവനം ചെയ്യാനും ആക്രമിക്കാനുമായി ആ സന്ദർഭം പിടിച്ചെടുക്കുവാൻ നമുക്കു കഴിയും. ഒരു പംക്തിയെ തകർത്തതിനുശേഷം മറെറാന്നിനെ തകർക്കാനായി നാം നമ്മുടെ സൈന്യങ്ങളെ സ്ഥാനം മാററുകയും, ശത്രുസൈന്യങ്ങളെ ഓരോന്നായി തകർത്തുകൊണ്ടു് ഏകത്ര കേന്ദ്രീകരിച്ചുകൊണ്ടുള്ള അവരുടെ കടന്നാക്രമണത്തെ ഛിന്നഭിന്നമാക്കുകയും വേണം.

വൂട്ടായ് മലമ്പ്രദേശത്തെപ്പോലുള്ള ഒരു വലിയ താവപ്രദേശം ഒരു സൈനിക പ്രദേശമായി രൂപം കൊള്ളുന്നു. ഇതാകട്ടെ നാലോ, അഞ്ചോ അല്ലെങ്കിൽ അതിലധികമോ സൈനിക ഉപപ്രദേശങ്ങളായി വിഭജിക്കപ്പെടുന്നു. ഓരോന്നും സ്വതന്ത്രമായി പ്രവർത്തിക്കുന്ന തനതായ സായുധസൈന്യങ്ങളോടുകൂടിയതാണ്. മുകളിൽ വിശദീകരിക്കപ്പെട്ടിട്ടുള്ള അടവുകളെ ഉപയോഗിച്ചുകൊണ്ടു്, ഈ സൈന്യങ്ങൾ ശത്രുവിൻെറ കടന്നാക്രമണങ്ങളെ ഏകസമയത്തുതന്നെയോ ഒന്നിനു പിറകിൽ മറെറാന്നു് എന്ന രീതിയിലോ പലപ്പോഴും തകർത്തിട്ടുണ്ടു്.

ശത്രുവിൻെറ ഏകത്ര കേന്ദ്രീകരിച്ചുകൊണ്ടുള്ള കടന്നാക്രമണത്തിനെതിരായുള്ള നമ്മുടെ പ്രവർത്തനപദ്ധതിയിൽ നാം നമ്മുടെ പ്രധാന സൈന്യങ്ങളെ, സാമാന്യേന ആഭ്യന്തര നിരകളിൽ നിർത്തുന്നു; എന്നാൽ മിച്ചംവയ്ക്കാൻ മാത്രം നമുക്കു് സൈനികശക്തിയുള്ളപ്പോൾ നമ്മുടെ രണ്ടാംകിട സേനകളെ (കൗണ്ടിയിലേയൊ ജില്ലകളിലേയൊ ഗറില്ലാ യൂണിററുകളേയൊ പ്രധാന സൈന്യത്തിൻെറ വിഭാഗങ്ങളേയൊപോലും) ശത്രുവിൻെറ വിനിമയ ലൈനുകളെ തകിടംമറിക്കുന്നതിനും അതിൻെറ പോഷകശക്തികൾ തടഞ്ഞുവയ്ക്കുന്നതിനുമായി നാം ബാഹ്യനിരകളിൽ ഉപയോഗിക്കണം. നമ്മുടെ താവളപ്രദേശത്തേക്കു് ശത്രു കടന്നുകയറി സങ്കേതമാക്കുകയാണെങ്കിൽ നമ്മുടെ അടവുകൾ നേർവിപരീതമാകാവുന്നതാണ്. അതായതു് പിൻവാങ്ങുന്നതിനും നമ്മുടെ പ്രധാന സൈന്യങ്ങളെ ആക്രമിക്കുന്നതിനുമായി ശത്രുവെ പ്രലോഭിപ്പിക്കുന്നതിനുവേണ്ടി ശത്രു എത്തിപ്പെട്ടിട്ടുള്ള പ്രദേശത്തു് കടന്നാക്രമണം നടത്തുകയും അവിടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി പ്രധാന സൈന്യത്തെ നിയോഗിക്കുമ്പോൾതന്നെ, ശത്രുവെ വളഞ്ഞാക്രമിക്കുന്നതിനായി നമ്മുടെ സൈന്യങ്ങളിൽ ചിലതിനെ താവളപ്രദേശത്തു നിർത്തുക; ഇതു് ''വേയ്‌യുടെ രാഷ്ട്രത്തെ ഉപരോധിക്കുകവഴി ചാവോവിൻെറ രാഷ്ട്രത്തെ മോചിപ്പിക്കുക''10 അടവാണ്.

ഏകത്ര കേന്ദ്രീകരിച്ചുള്ള ഒരു കടന്നാക്രമണത്തിനെതിരായ പ്രവർത്തനങ്ങളുടെ ഗതിക്രമത്തിൽ ജാപ്പ്‌വിരുദ്ധ പ്രാദേശിക സ്വയം പ്രതിരോധദളങ്ങളെയും എല്ലാ ബഹുജനസംഘടനകളെയും പ്രവർത്തനത്തിനുവേണ്ടി അണിനിരത്തുകയും ശത്രുവുമായി പോരാടുന്നതിനു് നമ്മുടെ സൈന്യങ്ങളെ എല്ലാവിധേനയും സഹായിക്കുകയും വേണം. പ്രാദേശികമായ സൈ

നികശാസനം ശക്തിപ്പെടുത്തുന്നതും, കഴിയുന്നത്ര ''നമ്മുടെ പ്രതിരോധജോലികൾ ശക്തമാക്കുകയും വയലുകൾ ശുദ്ധമാക്കുകയും'' ചെയ്യുക എന്നതും ശത്രുവുമായുള്ള പോരാട്ടത്തിൽ പ്രാധാന്യമുള്ളതാണ്. ആദ്യം പറഞ്ഞതിന്റെ ഉദ്ദേശം വഞ്ചകരെ അടിച്ചമർത്തലും വിവരങ്ങൾ നേടിയെടുക്കുന്നതിൽനിന്ന് ശത്രുവിനെ തടയലുമാണ്. രണ്ടാമത്തേതുകൊണ്ടുദ്ദേശിക്കുന്നത് നമ്മുടെതന്നെ പ്രവർത്തനങ്ങളെ സഹായിക്കുകയും (നമ്മുടെ പ്രതിരോധജോലികൾ ശക്തമാക്കുകവഴി) ഭക്ഷണം നേടുന്നതിൽനിന്ന് (വയലുകളെ ശുദ്ധമാക്കുകവഴി)} ശത്രുവെ തടുക്കലുമാണ്. ''വയലുകളെ ശുദ്ധമാക്കൽ'' എന്നതിന് വിളകൾ പാകമാകുംമുമ്പെ കൊയ്യുകഎന്നാണ് അർത്ഥം.

ശത്രു പിൻവാങ്ങുമ്പോൾ ഗറില്ലാ താവളപ്രദേശങ്ങളെ നശിപ്പിക്കാനുള്ള ഉദ്ദേശത്തോടെ അത്രു് അധീനപ്പെടുത്തിയിട്ടുള്ള നഗരങ്ങളിലെയും പട്ടണങ്ങളിലെയും വീടുകളെ പലപ്പോഴും കത്തിച്ചുകളയുകയും, അതിന്റെ മാർഗ്ഗത്തിലുള്ള ഗ്രാമങ്ങളെ നിരപ്പാക്കുകയും ചെയ്യുന്നു; എന്നാൽ അങ്ങിനെ ചെയ്യുന്നതുവഴി അതിന്റെ അടുത്ത ആക്രമണസമയത്ത് അതു് ഷെൽട്ടറുകളും ഭക്ഷണവും സ്വയം കൈമോശം വരുത്തുകയും, നാശം അതിന്റെ സ്വന്തം തലയ്ക്കു് തിരിച്ചടിക്കുകയും ചെയ്യുന്നു. ഒരേ കാര്യത്തിന് രണ്ടു വിരുദ്ധവശങ്ങളുണ്ടെന്ന് നാം പറയുന്നതിന്റെ ഒരു സമൂർത്ത വിശദീകരണമാണിതു്. ശത്രുവിന്റെ ഏകത്ര കേന്ദ്രീകരിച്ചുള്ള കനത്ത ആക്രമണങ്ങളെ തകർക്കുന്നതു് അസാദ്ധ്യമാണെന്ന് ആവർത്തിച്ചുള്ള സൈനികപ്രവർത്തനങ്ങൾക്കുശേഷം തെളിയുമ്പോഴല്ലാതെ ഒരു ഗറില്ലാ കമാൻഡർ അയാളുടെ താവളപ്രദേശത്തെ കയ്യൊഴിയുന്നതിനെപ്പററിയോ മറെറാന്നിലേയ്ക്കു മാറുന്നതിനെപ്പററിയോ ചിന്തിക്കാൻ പാടുള്ളതല്ല. ഇത്തരം സാഹചര്യങ്ങളിൽ അയാൾ അശുഭ ചിന്താഗതികൾക്കെതിരെ ജാഗ്രത പുലർത്തണം. തത്വത്തിന്റെ കാര്യങ്ങളിൽ നേതാക്കന്മാർ അബദ്ധം വരുത്താത്തിടത്തോളംകാലം സർവ്വത്ര കേന്ദ്രീകരിച്ചുകൊണ്ടുള്ള ആക്രമണങ്ങളെ തകർക്കാനും, മലമ്പ്രദേശത്തുള്ള താവളപ്രദേശങ്ങളിൽ പിടിച്ചുനില്ക്കാനും സാമാന്യേന സാദ്ധ്യമാണ്. സർവ്വത്ര കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു കനത്ത ആക്രമണത്തെ അഭിമുഖീകരിക്കുന്ന സമതലങ്ങളിൽ മാത്രമേ ഗറില്ലാ കമാൻഡർ പ്രത്യേക സാഹചര്യങ്ങളുടെ വെളിച്ചത്തിൽ മററു നടപടികളെപ്പററി ആലോചിക്കാവൂ; അതായതു് ശത്രുവിന്റെ പ്രധാന സൈന്യം സ്ഥലം വിട്ടുകഴിഞ്ഞാൽ തിരിച്ചുവരുന്നതിനും സമതലങ്ങളിൽ സ്വന്തം പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും കഴിയുമാറ് വമ്പിച്ച ഗറില്ലാ അണിയൊരുക്കങ്ങളെ ചില മലമ്പ്രദേശങ്ങളിലേക്കു് താല്ക്കാലികമായി മാററണം. അതോടൊപ്പംതന്നെ ചിതറിയ സൈനികപ്രവർത്തനങ്ങൾക്കായി അനേകം യൂണിററുകളെ അവിടെത്തന്നെ നിർത്തുകയും വേണം.

പൊതുവെ പറഞ്ഞാൽ, ആഭ്യന്തരയുദ്ധകാലത്തു് ക്വമിന്താങ്ങ് ഉപയോഗിച്ച വഴിക്കോട്ട യുദ്ധമുറയുടെ തത്വം സ്വീകരിക്കാൻ ജപ്പാൻകാർക്കു കഴിയുന്നതല്ല. കാരണം, ചൈനയുടെ വിശാലമായ ഭൂപ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അവരുടെ സൈന്യങ്ങൾ അപര്യാപ്തമാണ്. എന്നിരുന്നാലും, അവരുടെ മർമ്മപ്രധാന സ്ഥാനങ്ങൾക്കു് ഒരു സവിശേഷഭീഷണിയുണ്ടാക്കുന്ന ഗറില്ലാ താവളപ്രദേശങ്ങളുടെ നേരെ ഒരളവുവരെ അവർ ആ യുദ്ധമുറ ഉപയോഗിച്ചേക്കുമെന്നുള്ള സാദ്ധ്യതയെ നാം കണക്കിലെടുക്കേണ്ടതുണ്ടു്. എന്നാൽ അത്തരം സാഹചര്യങ്ങളിൽ പോലും ആ പ്രദേശങ്ങളിൽ ഗറില്ലാ യുദ്ധമുറ നിലനിത്താൻ നാം തയ്യാറെടുത്തിരിക്കണം. ആഭ്യന്തര യുദ്ധകാലത്തു് ഗറില്ലാ യുദ്ധമുറ നിലനിർത്താൻ കഴിഞ്ഞതിന്റെ അനുഭവം നമുക്കുണ്ടായിട്ടുണ്ടു്; അപ്പോൾപിന്നെ ഒരു ദേശീയ യുദ്ധം അങ്ങിനെ ചെയ്യാനുള്ള നമ്മുടെ വമ്പിച്ച കഴിവിനെപ്പററി ഒരു നേരിയ

Scanned by CamScanner

ത്തിൽ സംശയംപോലുമില്ല. ആപേക്ഷിക സൈനിക ബലത്തിന്റെ കാര്യത്തിൽ, അളവിലും ഗുണത്തിലും ഒരേപോലെ ഏറെ മികച്ച സൈന്യങ്ങളെ നമ്മുടെ ചില താവളപ്രദേശങ്ങൾക്കു നേരെ എടുത്തെറിയാൻ ശത്രുവിനു കഴിഞ്ഞേക്കാമെങ്കിലും നമ്മൾക്കും ശത്രുവിനും ഇടയിലുള്ള അപരിഹാര്യമായ ദേശീയ വൈരുദ്ധ്യവും അതിന്റെ കമാൻഡിന്റെ ഒഴിവാക്കാൻ കഴിയാത്ത ദൗർബല്യങ്ങളും അവശേഷിക്കുന്നു. ബഹുജനങ്ങൾക്കിടയിലെ സമഗ്രമായ പ്രവർത്തനത്തിലും നമ്മുടെ സൈനിക നടപടികളിലെ വഴക്കമേറിയ അടവുകളിലുമാണ് നമ്മുടെ വിജയങ്ങളുടെ അടിത്തറ സ്ഥിതിചെയ്യുന്നതു

## 2. ഗറില്ലായുദ്ധത്തിലെ തന്ത്രപരമായ ആക്രമണം

ശത്രുവിന്റെ ഒരു ആക്രമണത്തെ നാം തകർത്തതിനു ശേഷവും ശത്രു ഒരു പുതിയ കടന്നാക്രമണം തുടങ്ങുന്നതിനുമുമ്പും, അതു തന്ത്രപരമായ പ്രതിരോധത്തിലും നാം തന്ത്രപരമായ കടന്നാക്രമണത്തിലുമാണ്.

പ്രതിരോധ സ്ഥാനങ്ങളിൽ കോട്ടകെട്ടിയുറപ്പിച്ചിട്ടുള്ളതും തോല്പിക്കാമെന്ന് നമുക്കുറപ്പില്ലാത്തതുമായ ശത്രുസേനകളെ ആക്രമിക്കാതിരിക്കുക, പകരം ശത്രുവിനെ കൈകാര്യം ചെയ്യുവാൻ ഗറില്ലാ യൂണിററിനു ശേഷിയുള്ള പ്രദേശങ്ങളിൽ ശത്രുവിന്റെ ചെറിയ യൂണിററുകളെയും പാവ സൈന്യങ്ങളെയും ക്രമാനുഗതമായി സംഹരിക്കുകയോ തുരത്തുകയോ ചെയ്യുക; നമ്മുടെ പ്രദേശങ്ങളിൽ ജാപ്പവിരുദ്ധസമരത്തിനായി ബഹുജനങ്ങളെ ഉണർത്തുക, നമ്മുടെ സേനാവിഭാഗങ്ങളെ കുറവുനികത്തി പരിശീലനം ചെയ്യിക്കുക, പുതിയ ഗറില്ലാ യൂണിററുകൾ സംഘടിപ്പിക്കുക എന്നിവ അടങ്ങിയതാണ് ഇത്തരം സന്ദർഭങ്ങളിലെ നമ്മുടെ സൈനിക നടപടി നയം. ഈ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ശത്രു പ്രതിരോധത്തിൽത്തന്നെ തുടരുകയാണെങ്കിൽ നമുക്ക് നമ്മുടെ പുതിയ പ്രദേശങ്ങളെ ഇനിയും കൂടുതൽ വിപുലീകരിക്കാനും സൈന്യ സജ്ജീകരണം നടത്താനും ക്ഷീണാവസ്ഥയിലുള്ള നഗരങ്ങളെയും വാർത്താവിനിമയ ലൈനുകളെയും ആക്രമിക്കുവാനും സാഹചര്യങ്ങൾ അനുവദിക്കുന്നിടത്തോളംകാലം അവിടങ്ങളിൽ പിടിച്ചുനില്ക്കാനും കൈവശംവയ്ക്കാനും നമുക്കുകഴിയുന്നതാണ്. ഇവയെല്ലാമാണ് തന്ത്രപരമായ കടന്നാക്രമണത്തിലെ കടമകൾ. നമ്മുടെ സ്വന്തംസൈന്യത്തേയും ബഹുജനശക്തിയെയും ഫലവത്തായ രീതിയിൽ പടുത്തുയർത്താനും ശത്രുവിന്റെ ബലത്തെ ഫലവത്തായ രീതിയിൽ കുറക്കുവാനും, ശത്രു വീണ്ടും ഒരാക്രമണത്തിന്നൊരുങ്ങുമ്പോൾ ക്രമാനുഗതമായും വീറോടുകൂടിയും അതിനെ തകർക്കുന്നതിന് തയ്യാറെടുക്കാനും നമുക്കു കഴിയത്തക്കവിധം ശത്രു പ്രതിരോധത്തിലാണെന്ന വാസ്തവ സ്ഥിതിയുടെ മേന്മയെ ഉപയോഗപ്പെടുത്തുകയാണ് ഈ കടമകളുടെ ഉദ്ദേശം.

നമ്മുടെ പട്ടാളങ്ങൾക്ക് വിശ്രമവും പരിശീലനവും നൽകേണ്ടതു് അത്യാവശ്യമാണ്. അങ്ങനെ ചെയ്യുന്നതിനുള്ള ഏററവും നല്ല സമയം ശത്രു പ്രതിരോധത്തിലുള്ളപ്പോഴാണ്. വിശ്രമത്തിനും പരിശീലനത്തിനുമായി മറെറല്ലാം മാററിവെച്ച് അടച്ചുപൂട്ടിക്കഴിയുന്നതിന്റേതായ ഒരു പ്രശ്നമല്ലിതു്. മറിച്ച് നമ്മുടെ പ്രദേശങ്ങളെ വിപുലീകരിക്കുകയും ശത്രുവിന്റെ ചെറിയ യൂണിററുകളെ തുടച്ചുനീക്കുകയും ജനങ്ങളെ തട്ടിയുണർത്തുകയും ചെയ്യുമ്പോൾതന്നെ വിശ്രമത്തിനും പരിശീലനത്തിനുമുള്ള സമയം

Scanned by CamScanner

കണ്ടെത്തുക എന്നതാണ് പ്രശ്നം. സുഗമമായ ഭക്ഷ്യവിതരണം, ശസ്ത്രോപകരണങ്ങൾ, വസ്ത്രങ്ങൾ എന്നിവ ലഭ്യമാകുന്നതിനേറതായ വിഷമം പിടിച്ച പ്രശ്നം, സാധാരണയായി കൈകാര്യം ചെയ്യുന്ന സമയവും കൂടിയാണിതു്.

വമ്പിച്ച തോതിൽ ശത്രുവിന്റെ വാർത്താവിനിമയ ലൈനുകൾ തകർക്കുന്നതിനും അതിന്റെ ഗതാഗതത്തെ താറുമാറാക്കുന്നതിനും, സ്ഥിര സൈന്യങ്ങൾക്ക് അവരുടെ ക്യാമ്പെയ്നുകളിൽ നേരിട്ട് പിന്തുണ നൽകുന്നതിനുള്ള സമയവുമിതാണ്.

ഇത്തരം അവസരങ്ങളിൽ ഗറില്ലാ താവളപ്രദേശങ്ങളും ഗറില്ലാ മേഖലകളും ഗറില്ലാ യൂണിററുകളും ഉയർന്ന മനോവീര്യമുള്ളതായിരിക്കും. ശത്രു തച്ചുതകർത്തിട്ടുള്ള പ്രദേശങ്ങളിൽ ക്രമേണ പുനരധിവാസം ആരംഭിക്കുന്നതും അവയെ വീണ്ടെടുക്കുന്നതുമായ സമയവും അതാണ്. ശത്രു അധീന പ്രദേശങ്ങളിലെ ജനങ്ങൾകൂടി ആഹ്ലാദഭരിതരാകുകയും ഗറില്ലകളുടെ പ്രശസ്തി എങ്ങും പ്രതിദ്ധ്വനിക്കുകയും ചെയ്യുന്നതാണ്. മറുവശത്ത് ശത്രുവിന്റെയും അതിന്റെ വിടുനായ്ക്കളുടെയും ദേശദ്രോഹികളുടെയും താവളത്തിൽ സംഭ്രമവും ഛിദ്രവും വർദ്ധിക്കുമ്പോൾതന്നെ ഗറില്ലകൾ, അവരുടെ താവളപ്രദേശങ്ങൾ എന്നിവയുടെ നേരെയുള്ള വിദ്വേഷം വളരുകയും അവയെ നേരിടുന്നതിനുള്ള ഒരുക്കങ്ങൾ തീവ്രമാക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് ഗറില്ലായൂണിററുകളുടെ കമാൻഡർമാർ തന്ത്രപരമായ കടന്നാക്രമണകാലത്ത് മതിമറന്ന് ആഹ്ലാദിക്കുന്നതും അതുവഴി ശത്രുവെ വിലകുറച്ചു കാണുന്നതിനും, തങ്ങളുടെ സ്വന്തം അണികളിൽ ഐക്യം ശക്തിപ്പെടുത്തുകയും, സ്വന്തം താവളപ്രദേശങ്ങളെയും സ്വന്തം സൈന്യങ്ങളെയും സുദൃഢീകരിക്കുകയും ചെയ്യേണ്ടതു് വിട്ടുപോകാനിടയാക്കുന്നതും അനുവദനീയമല്ല. ഇത്തരം സമയങ്ങളിൽ നമ്മൾക്കെതിരായ ഏതൊരു പുതിയ ആക്രമണത്തിന്റെയും സൂചനകൾക്കായി ശത്രുവിന്റെ എല്ലാനീക്കത്തെയും അവർ കണ്ണിലെണ്ണയൊഴിച്ച് ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ ശത്രു വരുന്ന നിമിഷത്തിൽതന്നെ തങ്ങൾക്ക ശത്രുവിന്റെ തന്ത്രപരമായ ആക്രമണത്തെ നല്ല രീതിയിൽ തോല്പിച്ച് തുന്നംപാടിക്കുന്നതിനും അതിനെ തന്ത്രപരമായ പ്രതിരോധത്തിലേക്ക് തിരിച്ചുവിടാനും, അങ്ങനെ ശത്രുവിന്റെ ആക്രമണത്തെ തകർക്കാനും കഴിയുന്നതാണ്.

*അദ്ധ്യായം 8*

# ചലനാത്മക യുദ്ധത്തിലേക്കുള്ള ഗറില്ലായുദ്ധത്തിന്റെ വികസനം

ജപ്പാനെതിരായ ഗറില്ലായുദ്ധത്തിലെ തന്ത്രത്തിന്റെ അഞ്ചാമത്തെ പ്രശ്നം, ചലനാത്മക യുദ്ധത്തിലേക്കുള്ള അതിന്റെ വികസനമാണ്. യുദ്ധം സുദീർഘവും നിർദ്ദാക്ഷിണ്യവുമായതുകൊണ്ട് അതാവശ്യവും സാദ്ധ്യവുമാണ്. ഈ വികസനം ജാപ്പ് ആക്രമണകാരികളെ വേഗത്തിൽ ചൈനയ്ക്ക് തോല്പിക്കുവാനും നഷ്ടപ്പെട്ട ഭൂവിഭാഗത്തെ വീണ്ടെടുക്കുവാനും കഴിയുമായിരുന്നെങ്കിൽ, യുദ്ധം സുദീർഘമൊ നിർദ്ദാക്ഷിണ്യമൊ അല്ലാതിരുന്നെങ്കിൽ, ഇതു് ആവശ്യമായിരുന്നില്ല. എന്നാൽ നേരെമറിച്ച്

Scanned by CamScanner

യുദ്ധം സുദീർഘവും നിർദ്ദാക്ഷിണ്യവുമായതിനാൽ ഗറില്ലാ യുദ്ധമുറസ്സ് ചലനാത്മക യുദ്ധമായി വികസിക്കാതെ ഇത്തരം ഒരു യുദ്ധത്തിന് അന്ത്യം കുറിക്കുവാൻ സ്വയം കഴിയുന്നതല്ല. യുദ്ധം ദീർഘവും നിർദ്ദാക്ഷിണ്യവുമാകയാൽ പര്യാപ്തമായവിധത്തിൽ ഗറില്ലാ യൂണിററുകൾക്ക് ഉരുക്കായി ഉറയുന്ന പ്രക്രിയയിലൂടെ കടന്നുപോകാനും സ്ഥിരസൈന്യങ്ങളായി ക്രമേണ സ്വയം രൂപാന്തരപ്പെടുവാനും സാധിക്കുന്നതാണ്. അതുവഴി അവയുടെ നടപടിസമ്പ്രദായങ്ങൾ ക്രമേണ ക്രമാനുഗതമായിത്തീരുകയും ഗറില്ലാ യുദ്ധമുറ ചലനാത്മക യുദ്ധമുറയായി തിരിച്ചുവിടുകയെന്ന നയത്തിൽ അടിയുറച്ചുനില്ക്കുകയും അതിനെ ചിട്ടയോടെ നടപ്പിലാക്കുകയും ചെയ്യണമെങ്കിൽ ഈ വികാസത്തിന്റെ ആവശ്യകതയെയും സാദ്ധ്യതയെയും കുറിച്ച് ഗറില്ലാ കമാൻഡർമാർ കൃത്യമായി മനസ്സിലാക്കണം. വുട്ടായ് പർവ്വതപ്രദേശംപോലുള്ള നിരവധി സ്ഥലങ്ങളിലെ ഇന്നത്തെ ഗറില്ലാ യുദ്ധമുറകളുടെ വളർച്ചയ്ക്ക് സ്ഥിരസൈന്യങ്ങൾ അവിടേക്കയച്ച കരുത്തുററ സൈനിക വിഭാഗങ്ങളോട് കടപ്പെട്ടിരിക്കുന്നു. അവിടങ്ങളിലെ സൈനിക പ്രവർത്തനങ്ങൾ പൊതുവെ ഗറില്ലാ സ്വഭാവത്തോടുകൂടിയതാണെങ്കിലും, അതിന്റെ ആരംഭം മുതൽതന്നെ ചലനാത്മക യുദ്ധമുറയുടെ ഒരംശം ഉൾക്കൊള്ളുന്നതാണ്. യുദ്ധം തുടരുന്നതിനനുസരിച്ച് ഈ അംശം ക്രമേണ വളർച്ചപ്രാപിക്കും. ഇന്നത്തെ ജാപ്പ്‌വിരുദ്ധ ഗറില്ലാ യുദ്ധമുറയുടെ സുഗമമായ വികാസത്തെയും, ഒരുയർന്ന നിലവാരത്തിലേക്കുള്ള അതിന്റെ ശീഘ്രമായ വികാസത്തെയും സാദ്ധ്യമാക്കിത്തീർക്കുന്ന മേന്മയേറിയ സംഗതി സ്ഥിതിചെയ്യുന്നതിവിടെയാണ്: അങ്ങനെ ഗറില്ലാ യുദ്ധമുറയ്ക്കുള്ള സാഹചര്യങ്ങൾ മൂന്നു വടക്കുകിഴക്കൻ പ്രവിശ്യകളിൽ ഉണ്ടായിരുന്നവയെക്കാൾ വളരെ മികച്ചതാണ്.

ഗറില്ലാ യുദ്ധമുറയിൽ പോരാടുന്ന ഗറില്ലാ യൂണിററുകളെ ചലനാത്മകയുദ്ധം നടത്തുന്ന സ്ഥിരം സേനകളായി രൂപാന്തരപ്പെടുത്തുവാൻ രണ്ടു വ്യവസ്ഥകൾ സ്ഥാപിക്കേണ്ടതുണ്ട്; എണ്ണത്തിൽ ഒരു വർദ്ധനവും ഗുണം മെച്ചപ്പെടുത്തലും. സേനകളിൽ ചേരാൻ ജനങ്ങളെ നേരിട്ട് അണിനിരത്തുന്നതിനു പുറമെ ചെറിയ യൂണിററുകളെ കൂട്ടിച്ചേർത്തും എണ്ണത്തിലെ വർദ്ധനവു നേടിയെടുക്കാൻ കഴിയുന്നതാണ്, ഗുണമാകട്ടെ യുദ്ധത്തിന്റെ ഗതിയിൽ യോദ്ധാക്കളെ ഉരുക്കുപോലുറപ്പിക്കുന്നതിനെയും അവരുടെ ആയുധങ്ങളെ മെച്ചപ്പെടുത്തുന്നതിനെയും ആശ്രയിച്ചിരിക്കുന്നു.

ചെറിയ യൂണിററ് കൂട്ടിച്ചേർക്കുന്നതിൽ, നാം ഒരുവശത്ത് പ്രാദേശിക താല്പര്യങ്ങളിൽ ശ്രദ്ധ മുഴുവനായി കേന്ദ്രീകരിക്കുന്ന, കേന്ദ്രീകരണം തടയുന്ന, പ്രാദേശികവാദത്തിനെതിരായി കരുതലെടുക്കേണ്ടതാണ്. മറുവശത്താകട്ടെ പ്രാദേശിക താല്പര്യങ്ങളെ തള്ളിക്കളയുന്ന സൈന്യത്തിനെതിരെ കരുതലെടുക്കണം.

പൊതുതാല്പര്യത്തെ അവഗണിച്ചുകൊണ്ട് പലപ്പോഴും പ്രാദേശിക പരിഗണനകൾക്ക് മുൻകൂട്ടി സ്ഥാനം കൊടുത്തിട്ടുള്ളതോ, വലിയ ഗ്രൂപ്പായി പ്രവർത്തിക്കുന്നതിന് പരിശീലനം നേടിയിട്ടില്ലാത്തതിനാൽ സ്വന്തം വഴിക്കു പ്രവർത്തിക്കുവാൻ ഇഷ്ടപ്പെടുന്നതുമായ പ്രാദേശിക ഗറില്ലാ യൂണിററുകൾക്കും, പ്രാദേശിക ഗവണ്മെൻറുകൾക്കുമിടയിൽ പ്രാദേശികവാദം നിലനില്ക്കുന്നു. ഇക്കാര്യത്തെ കണക്കിലെടുക്കുകയും പ്രാദേശികമേഖലകളെ അവയുടെ സൈന്യങ്ങളുടെ കുറച്ചുഭാഗം അവിടെത്തന്നെ നിർത്തുവാനും, അവരുടെ ഗറില്ലാ യുദ്ധമുറ വികസിപ്പിക്കുവാനും അനുവദിക്കുകയും ചെയ്തുകൊണ്ട് പ്രധാന ഗറില്ലാ യൂണിററുകൾ മറുഭാഗങ്ങളെ ക്രമത്തിന് ഒന്നിച്ചു കൂട്ടിച്ചേർക്കുന്ന ഒരു രീതി സ്വീകരിക്കുകയും വേണം. കമാൻഡർമാർ ഈ ഭാഗങ്ങളെ കൂട്ടായ സൈനികപ്രവർത്തനങ്ങളിലേക്ക് അടുപ്പിച്ചെടുക്ക

Scanned by CamScanner

കയും അതിൽപിന്നെ അവയുടെ പ്രാഥമിക സംഘടനാരൂപങ്ങൾ വിഘടിതമാക്കാതെ, കമാൻഡർമാരെ പുതിയ സ്ഥാനങ്ങളിൽ മാററി പ്രതിഷ്ഠിക്കാതെ അവയുടെ സംയോജനം നടപ്പിലാക്കണം; അങ്ങിനെ ചെയ്താൽ ചെറിയ ഗ്രൂപ്പുകൾ വലിയ ഗ്രൂപ്പുകളിൽ സുഗമമായിത്തന്നെ ഉൾച്ചേർന്നേക്കും.

പ്രാദേശിക മാററത്തിനെതിരായ തനി സൈനിക സമീപനം മുഖ്യസൈന്യങ്ങളിലെ ചിലരുടെ വീക്ഷണത്തിൽ കുടികൊള്ളുന്നു. അവർ തങ്ങളുടെ സ്വശക്തി വിപുലീകരിക്കുന്നതിനു് തിടുക്കം പിടിക്കുകയും, പ്രാദേശിക സായുധ യൂണിററുകളെ സഹായിക്കുന്ന കാര്യം അവഗണിക്കുകയും ചെയ്യുന്നു. പടന്മ പിടിച്ച ഗറില്ലായുദ്ധമുറയുടെ മദ്ധ്യത്തിൽനിന്നു് ചലനാത്മകയുദ്ധമുറ പയററാൻ കഴിവുള്ള ഒരു പ്രധാന സൈന്യത്തെ, നിരവധി ഗറില്ലായൂണിററുകൾ വിപുലീകരണ ഗറില്ലാ നടപടികൾ തുടർന്നും അതിനു ചുററും നടത്തിക്കൊണ്ടിരിക്കേണ്ടിവരുന്ന സ്ഥിതിയിലുള്ള ഒരു സൈന്യത്തെ, ക്രമേണയായി രൂപപ്പെടുത്തുക—ഇതാണു് ചലനാത്മകയുദ്ധമുറയിലേക്കുള്ള ഗറില്ലാ യുദ്ധമുറയുടെ വികസനത്തിനു് അർത്ഥം, അല്ലാതെ ഗറില്ലാ യുദ്ധമുറയെ ഉപയോഗിക്കുക എന്നല്ല. ഇക്കാര്യം മേല്പറഞ്ഞ കൂട്ടർക്കു ബോദ്ധ്യപ്പെടുന്നില്ല. ഈ ഗറില്ലായൂണിററുകൾ സൈന്യത്തിന്റെ കരുത്തുററ തുണകളാണു്, അതിന്റെ അനസ്യൂതമായ വളർച്ചക്കുള്ള അക്ഷയമായ കരുതൽ ശേഖരങ്ങളായി വർത്തിക്കുകയും ചെയ്യുന്നു. അതുകൊണ്ടു്, തനി സൈനിക സമീപനത്തിന്റെ ഫലമായി ഒരു പ്രധാന സൈന്യത്തിന്റെ കമാൻഡർ, പ്രാദേശിക ജനവിഭാഗത്തിന്റെയും പ്രാദേശിക സർക്കാരിന്റെയും താല്പര്യങ്ങളെ അവഗണിക്കുന്ന തെററു് ചെയ്തിട്ടുണ്ടെങ്കിൽ, പ്രാദേശിക സൈന്യത്തിന്റെ വികസനം, പ്രാദേശിക സായുധ യൂണിററുകളുടെ വർദ്ധന എന്നിവയുടെ രണ്ടിനും അതിനു വേണ്ടത്ര ശ്രദ്ധ ലഭിക്കുന്നതിനായി, അയാൾ അതു് തിരുത്തിയേ മതിയാവൂ.

ഗറില്ലാ യൂണിററുകളുടെ രാഷ്ട്രീയവും, സംഘടനാപരവുമായ നിലവാരം ഉയർത്തുക, അവയുടെ ഉപകരണങ്ങളെയും സൈനിക സാങ്കേതിക അടവുകളേയും, അച്ചടക്കവും മെച്ചപ്പെടുത്തുക എന്നീ കാര്യങ്ങൾ അവയുടെ ഗുണനിലവാരം ഉയർത്തുന്നതിനു് അത്യന്തം അനുപേക്ഷണീയമാണു്; അങ്ങിനെ ക്രമേണ അവ സ്വയം സ്ഥിരം സൈന്യങ്ങളുടെ രീതികൾ ശീലിക്കുന്നതും തങ്ങളുടെ ഗറില്ലാരീതികൾ കൈവിടുന്നതുമാണു്. ഗറില്ലാ യൂണിററുകളെ സൈന്യങ്ങളുടെ നിലവാരത്തിലേക്കു് ഉയർത്തുന്നതിന്റെ ആവശ്യകത കമാൻഡർമാരെയും പോരാളികളേയും ബോദ്ധ്യപ്പെടുത്തുക, ഈ ലക്ഷ്യത്തിന്നായി സ്ഥിരപരിശ്രമംചെയ്തു് അവരെ പ്രോത്സാഹിപ്പിക്കുക, രാഷ്ട്രീയപ്രവർത്തനത്തിലൂടെ അതിന്റെ പൂർത്തീകരണത്തെ ഉറപ്പുവരുത്തുക എന്നിവ രാഷ്ട്രീയമായി അത്യന്തം അനുപേക്ഷണീയമാണു്. സൈനികവും രാഷ്ട്രീയവുമായ നിർവ്വഹണ ഉപകരണങ്ങൾ, നിർവ്വാഹക വിഭാഗങ്ങളും നിർവ്വഹണ സമ്പ്രദായങ്ങളും, ചിട്ടയായുള്ള ഒരു അവശ്യ വസ്തു വിതരണ സംവിധാനം, മെഡിക്കൽ സർവ്വീസ് മുതലായ കാര്യങ്ങളിൽ ഒരു വ്യവസ്ഥാപിത (സൈനിക) അണിയൊരുക്കലിന്റെ എല്ലാ ആവശ്യകതകളേയും ക്രമേണ പൂർത്തീകരിക്കുക എന്നതു് സംഘടനാപരമായി അത്യന്തം അനുപേക്ഷണീയമാണു്. മെച്ചപ്പെട്ടതും വിതരണത്തിൽപ്പെട്ടതുമായ ധാരാളം ആയുധങ്ങൾ നേടേണ്ടതും അവശ്യ വാർത്താവിനിമയ ഉപകരണങ്ങളുടെ വിതരണവർദ്ധനവും സാമഗ്രികളുടെ കാര്യത്തിലെ അനുപേക്ഷണീയമായ കാര്യങ്ങളാണു്. സൈനിക സാങ്കേതിക രീതികളുടെയും അടവുകളുടെയും കാര്യത്തിൽ ആകട്ടെ ഒരു വ്യവസ്ഥാപിത (സൈനിക) അണിയൊരുക്കലിനു് വേണ്ടതായ നിലവാരത്തിലേക്കു്

Scanned by CamScanner

ഗറില്ലാ യൂണിററുകളെ ഉയർത്തുന്നത് അനുപേക്ഷണീയമാണ്. അച്ചടക്കത്തിന്റെ കാര്യത്തിൽ, ഒരേതരം മാനദണ്ഡങ്ങൾ നടപ്പാക്കുകയും, കൂടാതെ എല്ലാ ഉത്തരവുകളും നടപ്പിലാക്കുകയും എല്ലാ അലംഭാവങ്ങളേയും ഉപേക്ഷ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നതിന് ഉതകുംവിധം നിലവാരം ഉയർത്തുക എന്നത് അനുപേക്ഷണീയമാണ്. ഈ കടമകളെല്ലാം പൂർത്തീകരിക്കുന്നതിന് ഒരു സുദീർഘയജ്ഞം ആവശ്യമാണ്, അത് ഒരു രാത്രി കൊണ്ട് ചെയ്തുതീർക്കാനാവില്ല. എന്നാൽ, നമുക്ക് പുരോഗമിക്കുന്നതിനുള്ള ദിശ അതാണ്. അപ്പോൾ മാത്രമെ, ഓരോ ഗറില്ലാ താവളപ്രദേശത്തും ഓരോ മുഖ്യസൈന്യം നമുക്ക പടുത്തുയർത്താൻ കഴിയുകയുള്ളൂ; ശത്രുവിനുനേരേ കൂടുതൽ ഫലവത്തായ കടന്നാക്രമണങ്ങൾക്കുവേണ്ടിയുള്ള ചലനാത്മക യുദ്ധമുറ ഉയർന്നുവരികയുള്ളൂ. സ്ഥിരസൈന്യങ്ങളാൽ ഘടകവിഭാഗങ്ങളേയോ കമാൻഡർമാരേയോ അയക്കപ്പെട്ടിട്ടുള്ള ഇടങ്ങളിലെല്ലാം ലക്ഷ്യം നേടിയെടുക്കുക കൂടുതൽ എളുപ്പത്തിൽ കഴിയും. ഇതുകൊണ്ട് ഗറില്ലായൂണിററുകൾ സ്ഥിര സൈനിക യൂണിററുകളായി വികസിക്കുന്നതിന് അവയെ സഹായിക്കേണ്ട ഉത്തരവാദിത്വം എല്ലാ സ്ഥിരസൈന്യങ്ങൾക്കുമുണ്ട്.

*അദ്ധ്യായം 9*

## കമാൻഡിന്റെ ബന്ധം

ജാപ്പ് വിരുദ്ധ ഗറില്ലായുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങളിൽ അവസാനത്തേത് കമാൻഡിന്റെ ബന്ധം സംബന്ധിച്ചിട്ടുള്ളതാണ്. ഈ പ്രശ്നത്തിന്റെ ശരിയായ ഒരു പരിഹാരം, ഗറില്ലായുദ്ധമുറയുടെ നിർവ്വിഘ്നമായ വികസനത്തിനുള്ള മുൻ ഉപാധികളിലൊന്നാണ്.

ചിതറിനിത്തിയുള്ള സൈനിക നടപടിയുടെ സവിശേഷസ്വഭാവമുള്ള കീഴ്ത്തട്ടിലെ സായുധസംഘടനയാണ് ഗറില്ലാ യൂണിററുകൾ എന്നതിനാൽ ഗറില്ലായുദ്ധമുറയിലെ നേതൃത്വ (കമാൻഡ്) രീതികൾ വ്യവസ്ഥാപിത യുദ്ധമുറയിലേതുപോലെ ഒരു ഉയന്ന നിലവാരത്തിലുള്ള കേന്ദ്രീകരണത്തിന് അനുവദിക്കുന്നില്ല. ഗറില്ലാ യുദ്ധമുറയിൽ വ്യവസ്ഥാപിത യുദ്ധമുറയിലെ നേതൃത്വരീതികൾ പ്രയോഗിക്കുവാനുള്ള ഏതൊരു ശ്രമവും അതിന്റെ മികച്ച വഴക്കസ്വഭാവത്തെ ഒഴിവാക്കാനാവാത്തവിധം ഞെരിച്ചൊതുക്കുന്നതും അങ്ങിനെ അതിന്റെ ജീവചൈതന്യം ചോർന്നുപോകുന്നതുമാണ്. അങ്ങേയററം കേന്ദ്രീകൃതമായൊരു നേതൃത്വം ഗറില്ലാ യുദ്ധമുറയുടെ മികച്ച വഴക്കസ്വഭാവത്തിന് നേരെ വിപരീതമായതാണ്, അതിനെ ഗറില്ലായുദ്ധമുറയിൽ പ്രയോഗിക്കാൻ പാടുള്ളതോ, കഴിയുന്നതോ അല്ല. എന്നിരുന്നാലും കുറച്ചൊക്കെ കേന്ദ്രീകൃതമായ നേതൃത്വം കൂടാതെ ഗറില്ലാ യുദ്ധമുറയെ വിജയകരമായി വികസിപ്പിക്കുക സാദ്ധ്യമല്ല. വിപുലീകരണക്ഷമമായ വ്യവസ്ഥാപിത യുദ്ധമുറയും വിപുലീകരണക്ഷമംതന്നെയായ ഗറില്ലായുദ്ധമുറയും ഏകകാലത്തിൽ നടന്നുകൊണ്ടിരിക്കുന്നു എന്നിരിക്കെ അവയുടെ സൈനിക നടപടികൾ ശരിയാംവണ്ണം ഏകോപിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ട് രണ്ടിനേയും ഏകോപിപ്പിക്കുന്ന ഒരു നേതൃത്വം ആവശ്യമാണ്. അതായത് ദേശീയഅധികാര സൈനികകേന്ദ്രവും യുദ്ധമേഖലാ കമാൻഡർമാരും യോജിച്ചുള്ള ഒരു ഏകീകൃത തന്ത്രപരനേതൃത്വം ആവശ്യമാണ്. നിരവധി ഗറില്ലാ യൂണി

Scanned by CamScanner

ററുകളോടുകൂടിയ ഒരു ഗറില്ലാ മേഖലയിൽ അല്ലെങ്കിൽ ഒരു താവള പ്രദേശത്ത് സാധാരണയായി (ചിലപ്പോൾ വ്യവസ്ഥാപിത സൈനിക അണിയൊരുക്കങ്ങളോടൊന്നിച്ച്) ഒന്നോ അതിൽ അധികമോ ഗറില്ലാ അണിയൊരുക്കങ്ങൾ ഉണ്ടായിരിക്കും. അതായിരിക്കും മുഖ്യസൈന്യം. അതുകൂടാതെ, പോഷകസേനയായി വർത്തിക്കുന്ന ചെറുതും വലുതുമായ നിരവധി ഗറില്ലാ ഘടകങ്ങളും ഉല്പാദനത്തിൽനിന്ന് പിൻവാങ്ങിയിട്ടില്ലാത്ത ജനങ്ങളും ഉൾക്കൊള്ളുന്ന ധാരാളം സായുധ യൂണിററുകളും ഉണ്ടായിരിക്കും. ഗറില്ലകൾക്ക് എതിരായി തങ്ങളുടെ സൈനിക നടപടികൾ ഗൂഢമായി ആസൂത്രണം ചെയ്യുന്നതിൽ അവിടത്തെ ശത്രുസൈന്യങ്ങൾ പലപ്പോഴും ഏകീകൃതമായ ഒരു കൂട്ടായ്മ രൂപീകരിക്കുന്നു. അതിന്റെ വെളിച്ചത്തിൽ നിരന്തരം ഗറില്ലാ മേഖലകളിലും താവള പ്രദേശങ്ങളിലും ഏകീകൃതമായതോ കേന്ദ്രീകൃതമായതോ ആയ നേതൃത്വം രൂപീകരിക്കുന്നതിന്റേതായ പ്രശ്നം ഉയർന്നുവരുന്നു.

അതുകൊണ്ട് കേവല കേന്ദ്രീകരണം, കേവല വികേന്ദ്രീകരണം എന്നിവ രണ്ടിനേയും എതിർത്തുകൊണ്ടുള്ള ഗറില്ലായുദ്ധത്തിലെ നേതൃത്വത്തിന്റേതായ കേന്ദ്രീകരണം തന്ത്രപരമായി കമാൻഡറിൽ ആയിരിക്കണം; കാമ്പയിനുകളിലും പോരാട്ടങ്ങളിലും ഇതു വികേന്ദ്രീകൃതമാണ്.

കേന്ദ്രീകൃതമായ തന്ത്രപരമായ കമാൻഡ് മൊത്തത്തിലുള്ള ഗറില്ലാ യുദ്ധമുറയ്ക്കുവേണ്ടി ഭരണകൂടം നടത്തുന്ന ആസൂത്രണ, ദിശാനിർണ്ണയങ്ങളും, ഓരോ യുദ്ധമേഖലയിലേയും വ്യവസ്ഥാപിത യുദ്ധമുറയുമായുള്ള ഗറില്ലായുദ്ധമുറയുടെ ഏകോപനവും, ഓരോ ഗറില്ലാ മേഖലയിലേയോ താവളപ്രദേശം എന്നിവയിലെയോ എല്ലാ ജാപ്പ് വിരുദ്ധ സായുധ സേനകളുടെയും ഏകോപിതമായ ദിശാനിർണ്ണയവും ഉൾപ്പെടുന്നതാണ് കേന്ദ്രീകൃത തന്ത്രപരകമാൻഡ്. ഇവിടെ ഏകതാനതയുടെയും ഐക്യത്തിന്റെയും കേന്ദ്രീകരണം ഇല്ലാതിരിക്കുന്നത് ദോഷകരമാണ്. ഇവ മൂന്നും ഉറപ്പുവരുത്തുന്നതിന് എല്ലാ ശ്രമങ്ങളും നടത്തിയേ മതിയാവൂ. പൊതുവായ കാര്യങ്ങളിൽ അതായത് തന്ത്രത്തിന്റേതായ കാര്യങ്ങളിൽ കീഴ്ഘടകങ്ങൾ മേൽഘടകത്തോട് ബാദ്ധ്യസ്ഥമായിരിക്കണം. ആസൂത്രിതമായ സൈനിക നടപടി ഉറപ്പുവരുത്തേണ്ടതുള്ളതുകൊണ്ട് അവയുടെ നിർദ്ദേശങ്ങൾ അനുസരിക്കുകയും വേണം. എന്നിരിക്കെതന്നെ, കേന്ദ്രീകരണമെന്നത് ഈ ബിന്ദുവിൽ എത്തിനിൽക്കുന്നു, അതിനപ്പുറം കടക്കുന്നത് ഒരു ക്യാമ്പെയിനോ പോരാട്ടത്തിനോ വേണ്ടിയുള്ള നിർദ്ദിഷ്ട വിന്യാസം പോലുള്ള കീഴ്തലങ്ങളിലെ വിശദമായ കാര്യങ്ങളിൽ ഇടപെടുന്നതും മുൻപറഞ്ഞവപോലെതന്നെ ഹാനികരമാണ്. കാരണം അത്തരം വിശദാംശങ്ങൾ നിർദ്ദിഷ്ട സാഹചര്യങ്ങളുടെ വെളിച്ചത്തിൽതന്നെ പരിഹരിക്കേണ്ടതാണ്, സാഹചര്യങ്ങളാണെങ്കിൽ ഓരോ സന്ദർഭത്തിലും ഓരോ സ്ഥലത്തിലും മാറിക്കൊണ്ടിരിക്കുന്നതും അകലെയുള്ള ഉന്നതതല കമാണ്ടിന്റെ അറിവിന് തികച്ചും അതീതവും ആയിരിക്കും. ക്യാമ്പയിനുകളിലും പോരാട്ടങ്ങളിലുമുള്ള കേന്ദ്രീകൃത കമാൻഡിന്റെ തത്വം എന്നതിന് അർത്ഥം ഇതാണ്. വിശേഷിച്ചും വ്യവസ്ഥാപിത സൈനിക പ്രവർത്തനങ്ങളിൽ പൊതുവേയും പ്രത്യേകിച്ച്, വാർത്താവിനിമയങ്ങൾ അപര്യാപ്തമായിരിക്കുമ്പോഴും, ഇതേ തത്വം ബാധകമാണ്. ഇതിനുള്ള കാരണം ഗറില്ലായുദ്ധമുറ ഏകീകൃതമായ തന്ത്രത്തിന്റെ നിശ്ചിത പരിധിക്കുള്ളിൽതന്നെസ്വതന്ത്രമായും നമ്മുടെ മുൻകൈയോടുകൂടിയും നടത്തപ്പെടുന്നു എന്നതാണ്. ചുരുക്കത്തിൽ ഇതിന്റെയർത്ഥം ഒരു ഗറില്ലാ താവളപ്രദേശം ഒരു സൈനികപ്രദേശം ആയിത്തീരുമ്പോൾ അത് ഉപപ്രദേശങ്ങളായി വിഭജിക്കപ്പെടുന്നു. ഈ ഉപപ്രദേശങ്ങൾ ഓരോന്നും നിരവധി കൗണ്ടിക

ളായും കൗണ്ടികൾ ഓരോന്നും ജില്ലകളായും വിഭജിക്കപ്പെടുന്നു; വിവിധ നിലവാരങ്ങൾ തമ്മിലുള്ള ബന്ധം, സൈനികപ്രദേശത്തിന്റെയും ഉപപ്രദേശങ്ങളുടെയും ആസ്ഥാനങ്ങൾമുതൽ കൗണ്ടി, ജില്ലാ സർക്കാരുകൾ വരെ ക്രമാനുഗതമായി കീഴ്‌വഴങ്ങലിന്റേതായ ഒന്നാണ്. എല്ലാ സായുധ സൈന്യങ്ങളും അവയുടെ സ്വഭാവത്തിനനുസരിച്ച്, ഇതിൽ ഏതെങ്കിലും ഒന്നിന്റെ കമാൻഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ ആയിരിക്കേണ്ടതുണ്ട്. വ്യക്തമായി പറഞ്ഞുകഴിഞ്ഞ തത്വത്തിന്റെ അടിസ്ഥാനത്തിൽ കമാൻഡിന്റെ ബന്ധത്തിന്റെ ഈ തലങ്ങളിൽ, സ്വാശ്രിത പ്രവർത്തനത്തിന്റേതായ അധികാരമുണ്ടായിരിക്കേണ്ട കീഴ്ഘടകങ്ങളിൽ നിർദ്ദിഷ്ട സാഹചര്യങ്ങളുടെ വെളിച്ചത്തിൽ യഥാർത്ഥ സൈനിക നടപടികൾ നിർവ്വഹിക്കുകയും അതേസമയം പൊതുവായ നയത്തിന്റെ കാര്യങ്ങൾ ഉയർന്ന തലങ്ങളിൽ കേന്ദ്രീകരിക്കപ്പെടേണ്ടതുമാണ്. താഴെക്കിടയിലുള്ള ഒരു ഘടകം ഏറ്റെടുത്തിട്ടുള്ള യഥാർത്ഥ സൈനിക നടപടികളെപ്പറ്റി ഒരു മേൽഘടകത്തിന് വല്ലതും പറയുവാനുണ്ടെങ്കിൽ, അതിന് ''നിർദ്ദേശങ്ങൾ'' എന്ന നിലയിൽ അതിന്റെ വീക്ഷണങ്ങളെ മുന്നോട്ടുവെക്കാൻ കഴിയുന്നതും, വെക്കേണ്ടതുമാണ്; എന്നാൽ, കർശനമായി ''ആജ്ഞകൾ'' നൽകാൻ പാടുള്ളതല്ല, പ്രദേശമെത്രകണ്ട് കൂടുതൽ വിപുലമാണോ പരിതഃസ്ഥിതികൾ അത്രകണ്ട് സങ്കീർണ്ണവും, ഉയർന്നതും താഴ്ന്നതുമായ ഘടകങ്ങൾ തമ്മിലുള്ള ദൂരം വലിയതുമാകുന്നു. കീഴ്ഘടകങ്ങൾക്ക് അവയുടെ യഥാർത്ഥ സൈനിക നടപടികളിൽ താരതമ്യേന കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്നതും അങ്ങനെ അത്തരം സൈനിക നടപടികൾക്ക് പ്രാദേശിക ആവശ്യങ്ങളുമായി കൂടുതൽ അടുത്തു പൊരുത്തപ്പെടുന്ന സ്വഭാവം നൽകുന്നതും അത്രകണ്ട് അഭികാമ്യമായിരിക്കുന്നതുമാണ്. അതുവഴി കീഴ്ഘടകങ്ങളും പ്രാദേശിക സൈനികരും സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള കഴിവ് വളർത്തിയെടുക്കുന്നതും സങ്കീർണ്ണമായ പരിതഃസ്ഥിതികളുമായി വിജയകരമായി പൊരുത്തപ്പെടുന്നതും, ഗറില്ലാ യുദ്ധമുറയെ വിജയകരമായി വികസിപ്പിക്കുന്നതുമാണ്. കേന്ദ്രീകൃതമായ ഒരു സൈനിക നടപടിയിൽ ഏർപ്പെട്ടിട്ടുള്ള ഒരു സായുധ ഘടകത്തെയോ, താരതമ്യേന വലിയ വിന്യാസത്തെയോ സംബന്ധിച്ചിടത്തോളം പ്രയോഗത്തിൽ കൊണ്ടുവരേണ്ട തത്വം അതിന്റെ നേതൃത്വത്തിന്റെ ആഭ്യന്തരബന്ധത്തിലുള്ള കേന്ദ്രീകരണത്തിന്റേതാണ്. കാരണം ഉയർന്ന നേതൃത്വത്തിന് സാഹചര്യം വ്യക്തമായി അറിയാവുന്നതാണ്; എന്നാൽ ചിതറിയ നടപടികൾക്കുവേണ്ടി ഈ ഘടകമോ, വിന്യാസമോ പിരിയുന്ന ആ നിമിഷത്തിൽ പൊതുവായ കാര്യങ്ങളിലുള്ള കേന്ദ്രീകരണത്തിന്റേതായ തത്വവും വിശദാംശങ്ങളിലുള്ള വികേന്ദ്രീകരണത്തിന്റെ തത്വവും പ്രയോഗിക്കേണ്ടതുണ്ട്. കാരണം ആ സന്ദർഭത്തിൽ നിർദ്ദിഷ്ട സാഹചര്യങ്ങളെപ്പറ്റി ഉയർന്ന നേതൃത്വത്തിന് വ്യക്തത ഉണ്ടായിരിക്കുന്നതല്ല.

കേന്ദ്രീകരണം ആവശ്യമുള്ളിടത്തുള്ള അതിന്റെ അസാന്നിദ്ധ്യം എന്നതിനർത്ഥം ഉയർന്ന ഘടകങ്ങളോടുള്ള അവഗണനയോ കീഴ്ഘടകങ്ങൾ അധികാരം കടന്നെടുക്കലോ ആണ്. ഇതു രണ്ടും സൈനികകാര്യത്തിൽ പ്രത്യേകിച്ചും പൊറുപ്പിക്കാവുന്നതല്ല. ആവശ്യമായിടത്ത് വികേന്ദ്രീകരണം പ്രയോഗിക്കുന്നില്ലെങ്കിൽ അതിനർത്ഥം, ഉയർന്ന ഘടകങ്ങൾ അധികാരം കുത്തകയാക്കുന്നു എന്നും കീഴ്ഘടകങ്ങളുടെ ഭാഗത്ത് മുൻകൈയിന്റെ കുറവുണ്ടെന്നുമാണ്. ഉയർന്നതും താഴ്ന്നതുമായ ഘടകങ്ങൾക്കിടയിലെ, പ്രത്യേകിച്ചും ഗറില്ലാ യുദ്ധമുറയിലെ നേതൃത്വത്തിലെ ബന്ധത്തിൽ ഇതു രണ്ടും പൊറുപ്പിക്കാവുന്നതല്ല. നേതൃബന്ധത്തിന്റെ പ്രശ്ന

Scanned by CamScanner

ങ്ങൾ പരിഹരിക്കുന്നതിനു് മേൽ പറഞ്ഞ തത്വങ്ങൾ ശരിയായ നയത്തെ മാത്രം രൂപീകരിക്കുന്നു.

## കുറിപ്പുകൾ

1. ചാങ്ങ്ഹായ് മലനിര ചൈനയുടെ വടക്കുകിഴക്കൻ അതിർത്തിയിൽ സ്ഥിതിചെയ്യുന്നു. 1931 സെപ്തംബറിലെ ജപ്പാന്റെ ആക്രമണത്തിനുശേഷം ഈ മേഖല, ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയാൽ നയിക്കപ്പെടുന്ന ജാപ്പ് വിരുദ്ധ ഗറില്ലകൾക്കു് ഒരു താവളമായിത്തീർന്നു.

2. വൂട്ടായ് മലനിര, ഷാൻസിക്കും ഹോപേയ്ക്കുമിടയിലുള്ള അതിർത്തികളിൽ സ്ഥിതിചെയ്യുന്നു, അതന്നു് ചഹാർപ്രവിശ്യയിലായിരുന്നു. 1937 ഒക്ടോബറിൽ, ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയാൽ നയിക്കപ്പെടുന്ന എട്ടാംപഥസൈന്യം വൂട്ടായ് മലപ്രദേശത്തെ അതിന്റെ കേന്ദ്രമാക്കിക്കൊണ്ടു്, ഷാൻസി—ചഹാർ—ഹോപേ ജാപ്പ് വിരുദ്ധ താവളപ്രദേശങ്ങൾ കെട്ടിപ്പടുക്കാൻ തുടങ്ങി.

3. തായ്ഹാങ്ങ് മലനിര ഷാൻസിക്കും ഹോപേയ്ക്കും ഹൊനാൻ പ്രവിശ്യക്കുമിടയിലുള്ള അതിർത്തികളിൽ സ്ഥിതിചെയ്യുന്നു. 1937 നവമ്പറിൽ എട്ടാംപഥസൈന്യം തായ്ഹാങ്ങ് മലപ്രദേശങ്ങളെ അതിന്റെ കേന്ദ്രമാക്കിക്കൊണ്ടു് തെക്കുകിഴക്കൻ ഷാൻസി ജാപ്പ് വിരുദ്ധ താവളപ്രദേശം പടുത്തുയർത്താനാരംഭിച്ചു.

4. മദ്ധ്യ ഷാൻടുങ്ങിലുള്ള തായ്—യി മലനിരയുടെ പ്രധാന കൊടുമുടികളിൽ ഒന്നാണു് തായ്ഷാൻ പർവ്വതം. 1937—ലെ ശൈത്യകാലത്തു് ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയാൽ നയിക്കപ്പെടുന്ന ഗറില്ലാസൈന്യങ്ങൾ തായ്—യി മലപ്രദേശത്തെ അതിന്റെ കേന്ദ്രമാക്കിക്കൊണ്ടു് മദ്ധ്യ ഷാങ്ങ്ടുങ്ങ് ജാപ്പ് വിരുദ്ധ താവളപ്രദേശം പടുത്തുയർത്താൻ തുടങ്ങി.

5. യെൻഷാൻ മലനിര ഹോപെയുടെ വടക്കുകിഴക്കുഭാഗത്തു് സ്ഥിതിചെയ്യുന്നു. 1938 വേനലിൽ എട്ടാംപഥസൈന്യം യെൻഷാൻ മലപ്രദേശത്തെ അതിന്റെ കേന്ദ്രമാക്കിക്കൊണ്ടു് കിഴക്കൻ ഹോപെ ജാപ്പ്‌വിരുദ്ധ താവളപ്രദേശം പടുത്തുയർത്താനാരംഭിച്ചു.

6. മാവോഷാൻ മലകൾ തെക്കൻ ക്യാങ്ങ്സുവിലാണുള്ളതു്. 1938 ജൂണിൽ ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയാൽ നയിക്കപ്പെടുന്ന പുതിയ നാലാംസൈന്യം മാവോഷാൻ മലപ്രദേശത്തെ അതിന്റെ കേന്ദ്രമാക്കിക്കൊണ്ടു് തെക്കൻ ക്യാങ്ങ്സു ജാപ്പ് വിരുദ്ധ താവളപ്രദേശം പടുത്തുയർത്താൻ തുടങ്ങി.

7. സമതലങ്ങളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ളതും നിരവധി സൈന്യങ്ങളിൽ ഉറച്ചതുമായ താവളപ്രദേശങ്ങൾ സ്ഥാപിക്കുന്നതു് സാദ്ധ്യമാണെന്നു്, ചെറുത്തുനില്പുയുദ്ധത്തിൽനിന്നു് നേടിയ അനുഭവം തെളിയിച്ചു, അവയുടെ വൈപുല്യവും വലിയ ജനസംഖ്യയും, കമ്യൂണിസ്റ്റ് പാർട്ടിയുടെ നയത്തിൽ ശരിയും ജനങ്ങളുടെ വിപുലമായ സംഘടിക്കലും ശത്രുവിന്റെ പട്ടാളക്ഷാമം എന്നിവകൊണ്ടുമാണു് ഇതെല്ലാമുണ്ടായതു്. സ: മാവോ—സെതുങ്ങ് പിന്നീടുള്ള നിർദ്ദേശങ്ങളിൽ കൂടുതൽ കൃത്യമായി ഈ സാദ്ധ്യതയെ സ്വീകരിച്ചിട്ടുണ്ടു്.

8. രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനംതൊട്ടിന്നുവരെ ദേശീയവും ജനാധിപത്യപരവുമായ വിപ്ലവപ്രസ്ഥാനം ഏഷ്യയിലും,

Scanned by CamScanner

ആഫ്രിക്കയിലും, ലാററിൻ അമേരിക്കയിലും മുന്നോട്ട് കുതിച്ചുകൊണ്ടിരുന്നിട്ടുണ്ട്. വളരെയധികം രാജ്യങ്ങളിൽ, അവരുടെ വിപ്ലവപരവും പുരോഗമനപരവുമായ സ്ഥിരം ശക്തികളാൽ നയിക്കപ്പെടുന്ന ജനങ്ങൾ സാമ്രാജ്യത്വത്തിന്റെയും പിന്തിരിപ്പാധിപത്യത്തിന്റെയും ഇരുണ്ട നുകത്തെ തിരിച്ചറിയുന്നതിന് അഭംഗുരമായ സായുധസമരങ്ങൾ നടത്തിയിട്ടുണ്ട്. ചരിത്രപരമായ പുതിയ സാഹചര്യത്തിൽ ലോക മുതലാളിത്ത സമ്പ്രദായം ഇനിയും കൂടുതൽ ക്ഷയിച്ചുകൊണ്ടിരിക്കുകയും സാമ്രാജ്യത്വത്തിന്റെ കോളണിഭരണം ശിഥിലീകരണത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ സോഷ്യലിസ്റ്റ് ചേരിയും കൊളോണിയൽ നാടുകളിലെ വിപ്ലവശക്തികളും എല്ലാ നാടുകളിലേയും ജനാധിപത്യത്തിനും പുരോഗമനത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ജനങ്ങളുടെ ശക്തികളും ചടുലമായി മുന്നേറുകയാണ്. വിവിധ നാടുകളിലെ ജനങ്ങൾ ഗറില്ലായുദ്ധം നടത്തുന്നഇന്നത്തെ സാഹചര്യവും, ചൈനീസ് ജനത ജപ്പാനെതിരെ നടത്തിയഗറില്ലാ യുദ്ധമുറയുടെ നാളുകളിലേതും ഒന്നായിരിക്കണമെന്നില്ല. മററുവാക്കിൽ പറഞ്ഞാൽ ഭൂപ്രദേശം വിശാലമല്ലാത്തനാട്ടിൽ ഗറില്ലാ യുദ്ധം വിജയകരമായി നടത്താവുന്നതാണ്; ഉദാഹരണത്തിന് ക്യൂബയും അൾജീരിയായും ലാവോസും തെക്കൻവിയററ്നാമും.

9. വേയ്ചി, ഒരു പഴയ ചൈനീസ്കളിയാണ്. അതിൽ രണ്ടുകളിക്കാർ ബോർഡിലുള്ള ഓരോരുത്തരുടെ കരുക്കളെ ചുററിവളയാൻ ശ്രമിക്കുന്നു. ഒരു കളിക്കാരന്റെ കരുക്കൾ ചുററിവളയപ്പെടുമ്പോൾ അവ ''മരിച്ചതായി'' (പിടിച്ചടക്കപ്പെട്ടതായി) കണക്കാക്കപ്പെടുന്നു. എന്നാൽ ചുററിവളയപ്പെട്ട കരുക്കൾക്കിടയിൽ ആവശ്യമായ അളവിൽ ശൂന്യസ്ഥലങ്ങൾ ഉണ്ടെങ്കിൽ അവ അപ്പോഴും ''ജീവിച്ചിരിക്കുന്നതാണ്'', (പിടിച്ചടക്കപ്പെടുന്നില്ല).

10. ബി. സി. 383ൽ ചാവോ സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഹാൻടെനെ വേയ് ഭരണകൂടം ഉപരോധിച്ചു. ചാവോവിന്റെ ഒരു കൂട്ടായിട്ടുള്ള ചീസംസ്ഥാനത്തിന്റെ രാജാവ് അവരുടെ പട്ടാളങ്ങളെക്കൊണ്ട് ചാവോവിനെ സഹായിക്കുന്നതിന്, ജനറൽമാരായ തിയാൻ—ചിക്കുംസുൺപിന്നും ഉത്തരവുനൽകി. വേയുടെ പ്രഹരശക്തികൾ ചാവോവിൽ പ്രവേശിച്ചിട്ടുണ്ടെന്നും സ്വന്തം ഭൂപ്രദേശത്ത് ദുർബ്ബലമായ കാവലേർപ്പെടുത്തി പോയിരിക്കയാണെന്നും അറിഞ്ഞുകൊണ്ട് ജനറൽ സുൺപിൻ, സ്വന്തം നാടിനെ പ്രതിരോധിക്കാനായി സൈന്യങ്ങളെ പിൻവലിച്ചു വേയ് സംസ്ഥാനത്തെ ആക്രമിച്ചു. അവരുടെ ക്ഷീണത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട്, ചീയുടെ പട്ടാളങ്ങൾ (ഷാൻ അടങ്ങിയിട്ടുള്ള ഇന്നത്തെ നോട്ട്സെകൗണ്ടിയുടെ തെക്കുകിഴക്കുള്ള) കചീലിങ്ങിൽ വെച്ച് അവയുമായി ഏററുമുട്ടുകയും തുടച്ചുമാററുകയും ചെയ്തു. ചാവോയുടെ തലസ്ഥാനമായ ഹാൻടെന്റെ ഉപരോധം അങ്ങിനെ നീക്കപ്പെട്ടു. അന്നു മുതൽ, ചൈനക്കാരായ യുദ്ധതന്ത്രജ്ഞന്മാർ ഇതുപോലുള്ള അടവുകളെ ''വേയ്സംസ്ഥാനത്തെ ഉപരോധിച്ചുകൊണ്ട് ചാവോ സംസ്ഥാനത്തെ മോചിപ്പിക്കുക'' എന്നു് വിളിച്ചിരുന്നു.

Scanned by CamScanner

# സുദീർഘയുദ്ധത്തെക്കുറിച്ച്*

*1938 മെയ്*

## പ്രശ്നത്തെക്കുറിച്ചുള്ള പ്രസ്താവന

1. ജൂലായ് 7: മഹത്തായ ജാപ്പവിരുദ്ധ യുദ്ധത്തിന്റെ ആദ്യവാർഷികം വന്നെത്തുകയാണ്. ഐക്യബോധത്തോടെ അണിനിരന്നുകൊണ്ടും ചെറുത്തുനില്പുയുദ്ധത്തേയും ഐക്യമുന്നണിയേയും സംരക്ഷിച്ചുകൊണ്ടും രാജ്യത്തെ മുഴുവൻ ശക്തികളും ഏതാണ്ടൊരുവർഷക്കാലമായി ശത്രുവിനെതിരെ ധീരമായി പോരാടുകയാണ്. കിഴക്കൻ രാജ്യങ്ങളിൽ അഭൂതപൂർവ്വവും, ലോകചരിത്രത്തിൽ മഹത്തായ യുദ്ധമെന്ന് രേഖപ്പെടുത്തേണ്ടതുമായ ഈ യുദ്ധത്തെ ലോകത്തിലെ മുഴുവൻ ജനങ്ങളും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയാണ്. യുദ്ധത്തിന്റെ കെടുതികളിൽപ്പെട്ടു വീർപ്പുമുട്ടുമ്പോൾ പോലും സ്വന്തം നാടിന്റെ അതിജീവനത്തിനുവേണ്ടി പോരടിക്കുന്ന ഓരോ ചൈനക്കാരനും ഓരോ ദിവസവും വിജയത്തിനുവേണ്ടി ഉൽക്കടമായി ദാഹിക്കുന്നു. എന്നാൽ യുദ്ധത്തിന്റെ ഗതി വാസ്തവത്തിൽ എന്തായിരിക്കും? നമുക്കതിൽ വിജയിക്കാൻ കഴിയുമോ? പെട്ടെന്ന് വിജയിക്കാൻ കഴിയുമോ? ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു യുദ്ധത്തെപ്പറ്റി ഇപ്പോൾ പലരും സംസാരിക്കുന്നുണ്ട്. എന്നാൽ ഈ യുദ്ധം എന്തുകൊണ്ട് അത്തരത്തിലുള്ള ഒന്നാവണം? ദീർഘകാലാടിസ്ഥാനത്തിലുള്ള യുദ്ധം എങ്ങിനെയാണ് നടത്തിക്കൊണ്ട്പോവുക? പലരും അന്തിമ വിജയത്തെക്കുറിച്ച് പറയുന്നുണ്ട്, പക്ഷെ അന്തിമ വിജയം നമ്മുടെതാകുമെന്ന് പറയുന്നത് എന്തുകൊണ്ടാണ്? അതിനുവേണ്ടി എങ്ങിനെയാണ് നാം കഠിനയത്നം ചെയ്യുക?

എല്ലാവർക്കും ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വാസ്തവത്തിൽ മിക്കവരും ഉത്തരം കണ്ടെത്തിയിട്ടുമില്ല. അതുകൊണ്ടുതന്നെ, ചൈന കീഴടക്കപ്പെടുമെന്നും, അന്തിമവിജയം നമ്മുടേതായിരിക്കില്ലെന്നും പറഞ്ഞുനടക്കാൻ പരാജയവാദികൾ തിരക്കുകൂട്ടുന്നുണ്ട്. അവരുടെ സിദ്ധാന്തം ദേശീയമായ കീഴടങ്ങലിന്റേതാണ്. മറുഭാഗത്ത്, അമിതോത്സാഹികളായ നമ്മുടെ ചില സുഹൃത്തുക്കൾ, വലിയ ക്ലേശമൊന്നും കൂടാതെ പെട്ടെന്നുതന്നെ ചൈന ഈ യുദ്ധത്തിൽ വിജയം നേടുമെന്ന് പ്രഖ്യാപിക്കാൻ വ്യഗ്രത കാട്ടുന്നു. ഈ അഭിപ്രായങ്ങൾ വാസ്തവത്തിൽ ശരിയാണോ? അവ ശരിയല്ലെന്നു നാം എക്കാലവും പറഞ്ഞിട്ടുള്ളതാണ്. എന്നാൽ, അങ്ങിനെ പറയുമ്പോൾ നാം എന്താണ് ഉദ്ദേശിക്കുന്നത് എന്ന് ഇനിയും പലരും മനസ്സിലാക്കിയിട്ടില്ല. വേണ്ടത്ര പ്രചരണപ്രവർത്തനങ്ങളും വിശദീകരണങ്ങളും നാം നടത്തിയിട്ടില്ലെന്നതാണ് ഇതിനൊരു കാരണം. വസ്തുനിഷ്ഠസംഭവങ്ങളുടെ വികാസമാകട്ടെ അവയുടെ

---

* 1938 മേയ് 26 മുതൽ ജൂൺ 3 വരെ യെനാനിലെ ''ജാപ്പവിരുദ്ധയുദ്ധത്തിന്റെ പഠനത്തിനുവേണ്ടിയുള്ള സംഘടന''യിൽ സ: മാവോ സെതുങ് നടത്തിയ ഒരു പ്രഭാഷണപരമ്പരയാണിത്.

Scanned by CamScanner

അന്തർഹിത സ്വഭാവത്തെയും സവിശേഷതകളെയും പൂർണ്ണമായും സുവ്യക്തമായും വെളിപ്പെടുത്തിയിട്ടുമില്ല. ഇതാണ് മറ്റൊരു കാരണം. അതുകൊണ്ട് മൊത്തത്തിലുള്ള പ്രവണത, അനന്തരഫലത്തെ മുൻകൂട്ടികാണാനും അതനുസരിച്ച് നയങ്ങളുടെയും അടവുകളുടെയും ഒരു സമഗ്രരൂപത്തെ നിർണ്ണയിക്കാനും കഴിയുന്ന ഒരു അവസ്ഥയിലല്ല ജനങ്ങൾ. ഇപ്പോൾ കാര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്; ദ്രുതവിജയ സിദ്ധാന്തത്തിൽനിന്ന് അമിതോത്സാഹികളായ നമ്മുടെ സുഹൃത്തുക്കളെ പിന്തിരിപ്പിക്കാനും ദേശീയമായ കീഴടങ്ങലിന്റെ അടിസ്ഥാനരഹിതമായ സിദ്ധാന്തത്തെ ശിഥിലമാക്കുന്നതിനും കഴിഞ്ഞ പത്തുമാസത്തെ നമ്മുടെ യുദ്ധാനുഭവം ധാരാളം മതി. അത്തരമൊരവസ്ഥയിൽ ഒരു സംക്ഷിപ്തമായ വിശദീകരണം പലരും ആവശ്യപ്പെടുന്നുണ്ട്. പ്രത്യേകിച്ചും ദീർഘകാലാടിസ്ഥാനത്തിലുള്ള യുദ്ധത്തെപ്പറ്റി. അതിനെതിരായ വീക്ഷണങ്ങളും നിലവിലുണ്ടല്ലോ—ദേശീയ കീഴടങ്ങലിന്റേയും ദ്രുതവിജയത്തിന്റേയും സിദ്ധാന്തങ്ങൾ—കൂടാതെ ദീർഘകാലാടിസ്ഥാനത്തിലുള്ള യുദ്ധത്തെക്കുറിച്ചുതന്നെയുള്ള ആഴം കുറഞ്ഞ ധാരണകളുമുണ്ട് ''ലൂക്കൗച്ച്യാവോ സംഭവത്തിനുശേഷം നാല്പതുകോടി ജനങ്ങൾ കൂട്ടായ പ്രവർത്തനത്തിലേർപ്പെട്ടിരിക്കയാണ്, അതുകൊണ്ട് അന്തിമവിജയം ചൈനയുടേതായിരിക്കും.'' വിശാലബഹുജനങ്ങൾക്കിടയ്ക്ക് ഈ സൂത്രവാക്യത്തിന് നല്ല പ്രചാരം സിദ്ധിച്ചിട്ടുണ്ട്. ഈ സൂത്രവാക്യം ശരിതന്നെ, പക്ഷേ അതിന് കുറേ കൂടി കാമ്പ് ആവശ്യമാണ്. യുദ്ധത്തിലും ഐക്യമുന്നണിയിലും ഉറച്ചുനില്ക്കുന്നതിന് പല ഘടകങ്ങളും നമ്മെ സഹായിച്ചിട്ടുണ്ട്; ആഭ്യന്തരമായി കമ്യൂണിസ്റ്റുപാർട്ടി മുതൽ കുമിന്താങ്ങ് വരെയുള്ള നമ്മുടെ നാട്ടിലെ എല്ലാ പാർട്ടികളും, തൊഴിലാളികളും കർഷകരും മുതൽ ബൂർഷ്വാസി വരേയുള്ള എല്ലാ ജനങ്ങളും, പ്രധാന സൈനിക വിഭാഗങ്ങൾ മുതൽ ഒളിപ്പോർ യൂണിറ്റുകൾ വരെയുള്ള എല്ലാ സൈന്യവും; അന്താരാഷ്ട്രീയമായി, സോഷ്യലിസ്റ്റുനാടുകൾ മുതൽ എല്ലാ രാജ്യങ്ങളിലേയും നീതിയെ ഉയർത്തിപ്പിടിക്കുന്നവരായ എല്ലാ ജനങ്ങളുംവരെ; ശത്രുവിന്റെ ഭാഗത്തുതന്നെ യുദ്ധത്തെ എതിർക്കുന്ന ജപ്പാനിലെ ജനവിഭാഗങ്ങൾ മുതൽ യുദ്ധവിരുദ്ധരായ യുദ്ധരംഗത്തെ ഭടന്മാർവരെ ഉൾക്കൊണ്ടതാണ് ഈ ഘടകങ്ങൾ. ചുരുക്കത്തിൽ ഈ ശക്തികളെല്ലാം ചെറുത്തുനില്പുയുദ്ധത്തിൽ നമ്മെ വിവിധ തോതുകളിൽ സഹായിച്ചിട്ടുണ്ട്. മനസ്സാക്ഷിയുള്ള എല്ലാവരും അവർക്കഭിവാദ്യംചെയ്യണം. പൈശാചികരായ ജാപ്പനീസ് ആക്രമണകാരികളെ കീഴ്പ്പെടുത്തുന്നതിനുവേണ്ടി എല്ലാ ശക്തികളേയും ഏകീകരിക്കാനായ് കഠിനയത്നം ചെയ്യുക എന്നതാണ് ചെറുത്തുനിൽപിനെ അനുകൂലിക്കുന്ന മറ്റെല്ലാ പാർട്ടികളോടും മുഴുവൻ ജനങ്ങളോടുമൊപ്പം കമ്യൂണിസ്റ്റുകാരായ നാം അനുവർത്തിക്കേണ്ടിയിരിക്കുന്നത്. ഈ വരുന്ന ജൂലൈ 1–ാം തീയതി ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ 17–ാം സ്ഥാപനദിനമാണ്. ചെറുത്തുനില്പിൽ കൂടുതൽ മെച്ചപ്പെട്ടതും മഹത്തരവുമായ പങ്കുവഹിക്കുന്നതിന് ഓരോ കമ്യൂണിസ്റ്റുകാരനേയും പ്രാപ്തനാക്കുന്നതിനുവേണ്ടി, ദീർഘകാലാടിസ്ഥാനത്തിലുള്ള യുദ്ധത്തെക്കുറിച്ച് ഗൗരവപൂർവ്വമായ പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. അത്തരമൊരു പഠനത്തിനുള്ള ശ്രമമാണ് ഈ പ്രഭാഷണങ്ങൾ. ദീർഘകാലാടിസ്ഥാനത്തിലുള്ള യുദ്ധത്തെ സംബന്ധിച്ച് പ്രസക്തമായ എല്ലാ പ്രശ്നങ്ങളേയുംകുറിച്ച് സംസാരിക്കാൻ ഞാൻ ശ്രമിക്കാം. പക്ഷേ ഈ ഒരൊററ പ്രഭാഷണപരമ്പരയിൽ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളിക്കാൻ എനിക്ക് കഴിഞ്ഞെന്ന് വരികയില്ല.

2. പത്തുമാസക്കാലത്തെ യുദ്ധാനുഭവങ്ങൾ രണ്ട് വീക്ഷണങ്ങൾ തെറ്റാണെന്നു തെളിയിച്ചിട്ടുണ്ട്. ചൈനയുടെ അനിവാര്യമായ കീഴട

Scanned by CamScanner

ങ്ങളുടെ സിദ്ധാന്തവും, ദ്രുതവിജയ സിദ്ധാന്തവും. ഇവയിൽ ഒന്നാമത്തേത് ഒത്തുതീർപ്പുപ്രവണതകളിലേക്കും രണ്ടാമത്തേത് ശത്രുവിന്റെ ശക്തിയെ കുറച്ചുകാണുന്ന പ്രവണതയിലേക്കും ചെന്നെത്തുന്നു. രണ്ടു വീക്ഷണങ്ങളും ആത്മനിഷ്ഠവും ഏകപക്ഷീയവുമാണ്. ഒററവാക്കിൽ പറഞ്ഞാൽ അശാസ്ത്രീയമാണ്.

3. ചെറുത്തുനില്പുയുദ്ധത്തിനു മുമ്പ് ദേശീയമായ കീഴടങ്ങലിനെ സംബന്ധിച്ച് വളരെയേറെ പറയപ്പെട്ടിരുന്നു. ചിലർ പറഞ്ഞു: ''ചൈനയുടെ ആയുധങ്ങൾ താണതരമാണ്. അതുകൊണ്ട് ചൈനയുടെ പരാജയം സുനിശ്ചിതമാണ്.'' ''ഒരു സായുധ ചെറുത്തുനില്പിലേർപ്പെടുകയാണെങ്കിൽ ചൈന തീർച്ചയായും മറെറാരു അബിസീനിയയായിത്തീരും''. ഇങ്ങിനെയാണ് മററു ചിലർ പറയുന്നത്. യുദ്ധം ആരംഭിച്ചതോടെ ദേശീയ കീഴടങ്ങൽ സിദ്ധാന്തം ഒരിക്കലും പരസ്യമായി ഉന്നയിക്കപ്പെട്ടിട്ടില്ല. എന്നാൽ ഒട്ടേറെ ആളുകൾ ഇപ്പോഴും രഹസ്യമായി ഈ സിദ്ധാന്തം പിന്തുടരുന്നുണ്ട്. ഉദാഹരണമായി ഒത്തുതീർപ്പിന്റെതായ അന്തരീക്ഷം ഇടയ്ക്കിടയ്ക്ക് ഉയർന്നുവരുന്നുണ്ട്. ഒത്തുതീർപ്പിന്റെ വക്കാലത്തുകാർ ''വീണ്ടുമുള്ള ചെറുത്തുനില്പ് അനിവാര്യമായ കീഴടങ്ങലിൽ ചെന്നെത്തും'' എന്നു വാദിക്കുകയും ചെയ്യുന്നുണ്ട്; ഹുനാനിൽനിന്നും ഒരു വിദ്യാർത്ഥി ഇങ്ങനെ എഴുതി: ''ഗ്രാമപ്രദേശങ്ങളിലെല്ലാം ബുദ്ധിമുട്ടായി ഉയർന്നുവരുന്നു. കാരണം ഇതാണെന്നുതോന്നുന്നു. സ്വന്തമായി പ്രചരണത്തിലേർപ്പെട്ടിരിക്കുന്ന എനിക്ക് കാണുന്നിടത്തെല്ലാം ജനങ്ങളുമായി സംഭാഷണത്തിൽ ഏർപ്പെടേണ്ടതുണ്ടല്ലോ. ഞാൻ സംസാരിച്ച ജനങ്ങളാരുംതന്നെ വിവരദോഷികളല്ല. കാര്യങ്ങളെക്കുറിച്ച് അവർക്കെല്ലാം കുറെയൊക്കെ ധാരണയുണ്ട്. ഞാൻ പറയുന്ന കാര്യങ്ങളിൽ അവർ അതീവ തല്പരരുമാണ്. എന്നാൽ ഞാൻ എന്റെ ബന്ധുക്കളുടെ ചിട്ടയിലെത്താൻ ചെന്നുകപ്പെട്ടാൽ ഉടനെ അവർ (ബന്ധുക്കൾ) പറയുകയായി: ''യുദ്ധം ജയിക്കാൻ ചൈനയ്ക്കു കഴിയില്ല, ചൈന കീഴടക്കപ്പെടും.'' അവരെന്നെ എത്ര തളർത്തുന്നുവെന്നോ! ഭാഗ്യം, അവരാരും ഈ വീക്ഷണങ്ങൾ പ്രചരിപ്പിക്കുന്നില്ല. അല്ലെങ്കിൽ കാര്യങ്ങൾ ഏറെ ദോഷമാകുമായിരുന്നു, കാരണം, കർഷകർ അവർ പറയുന്നത് കൂടുതൽ വിശ്വസിച്ചേനെ.''

''ചൈനയുടെ അനിവാര്യമായ കീഴടങ്ങൽ'' സിദ്ധാന്തത്തിന്റെ ഇത്തരം വക്കാലത്തുകാരാണ് ഒത്തുതീർപ്പുപ്രവണതകളുടെ സാമൂഹ്യാടിത്തറയായി വർത്തിക്കുന്നത്. ഇത്തരക്കാരെ നാട്ടിലെവിടെയും കാണാം. അതുകൊണ്ട് ജാപ്പ് വിരുദ്ധമുന്നണിയിൽതന്നെ എപ്പോൾ വേണമെങ്കിലും മുളച്ചുപൊന്താവുന്ന ഈ ഒത്തുതീർപ്പിന്റെ പ്രശ്നത്തിൽ അന്ത്യവിരാമമിടാൻ ഒരുപക്ഷെ യുദ്ധം കഴിയുന്നതിനു മുമ്പ് സാധിച്ചെന്നു വരില്ല. അതുകൊണ്ട് 'സൂചോ' നമുക്ക് നഷ്ടപ്പെടുകയും വുഹാൻ അപകടസ്ഥിതിയിൽ ചെന്നെത്തുകയും ചെയ്തിരിക്കുന്നു. ഈ പരിതഃസ്ഥിതിയിൽ ദേശീയമായ കീഴടങ്ങലിന്റെ ഇത്തരം സിദ്ധാന്തങ്ങളെ അടിച്ചുതകർക്കുന്നതായിരിക്കും കൂടുതൽ ഉത്തമം.

യുദ്ധത്തിന്റെ കഴിഞ്ഞ പത്തു മാസങ്ങളിൽ, സാഹസികത്വം പ്രകടമാക്കുന്ന ഒട്ടേറെ വീക്ഷണങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഉദാഹരണത്തിന്, യുദ്ധാരംഭത്തിൽ ജപ്പാന്റെ ശക്തിയെ കുറച്ചുകാണുകയും, ജാപ്പനു ഷാൻസിയോളം പോലും എത്താൻ കഴിയുകയില്ലെന്നു വിശ്വസിക്കുകയും ചെയ്യുന്നതരത്തിലുള്ള അടിസ്ഥാനരഹിതമായ ശുഭാപ്തിവിശ്വാസം ഒരുപാടാളുകൾ വെച്ചുപുലർത്തിയിരുന്നു. ചെറുത്തുനില്പുയുദ്ധത്തിൽ ഒളിപ്പോരിന്റെ തന്ത്രപരമായ പ്രാധാന്യം കുറച്ചുകണ്ടിരുന്നു മററുചിലർ. ''പൊതുവേ ചലനാത്മകയുദ്ധം മുഖ്യവും ഒളിപ്പോർ അനു

പൂരകവുമാണെങ്കിൽ, ഭാഗിക സ്ഥിതികളിൽ ഒളിപ്പോർ മുഖ്യവും, ചലനാത്മകയുദ്ധം അനുപൂരകവുമായിത്തീരും'' എന്ന പ്രസ്താവത്തെ അവർ സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചത്. ''ഗറില്ലാ യുദ്ധമുറയാണ് അടിസ്ഥാനപരം, എന്നാൽ അനുകൂല പരിത:സ്ഥിതിയിൽ ചലനാത്മകയുദ്ധത്തിനുള്ള അവസരം നഷ്ടപ്പെടുത്താതിരിക്കുക; എട്ടാംപഥസൈന്യത്തിന്റെ ഈ തന്ത്രത്തോട് അവർ യോജിച്ചു. ഇവർ ഇതിനെ ഒരു യാന്ത്രികസമീപനമായി കണക്കാക്കി[2]. ഷാങ്ഹായ് യുദ്ധത്തിനിടയ്ക്ക് ചിലർ പറഞ്ഞു: ''മൂന്നു മാസമെങ്കിലും പിടിച്ചുനില്ക്കുവാൻ നമുക്കു കഴിയുകയാണെങ്കിൽ അന്താരാഷ്ട്രീയ പരിത:സ്ഥിതി വരാതിരിക്കാൻ നിർവ്വാഹമില്ല. സോവിയറ്റു യൂണിയൻ പട്ടാളത്തെ അയയ്ക്കാതിരിക്കില്ല.'' അങ്ങിനെ യുദ്ധം അവസാനിക്കാതിരിക്കില്ല.'' ചെറുത്തുനില്പുയുദ്ധത്തിന്റെ ഭാവിപ്രതീക്ഷകൾ അവർ പൂർണ്ണമായും അർപ്പിച്ചതു് വിദേശ സഹായത്തിലായിരുന്നു.[3] തായിർചാങ് വിജയത്തിനുശേഷം[4] സൂച്ചോ ക്യാമ്പയിൻ ''മിക്കവാറും നിർണ്ണായകമായ യുദ്ധ''മായിരിക്കണമെന്ന് ദീർഘകാലാടിസ്ഥാനത്തിലുള്ള യുദ്ധത്തിന്റെ നയംമാറേണ്ടതാണെന്നുമുള്ള അഭിപ്രായത്തിൽ കുറെപ്പേർ എത്തിച്ചേർന്നു. അവർ പറയും; ''ഈ ഏറ്റുമുട്ടൽ ശത്രുവിന്റെ അവസാനത്തെ മരണവെപ്രാളമാണ്.'' അല്ലെങ്കിൽ, ''ഈ യുദ്ധം നമ്മൾ ജയിച്ചാൽ ആത്മവീര്യം തകർന്ന ജാപ്പനീസ് സൈനികമേധാവിത്വത്തിന് തങ്ങളുടെ ദുർവ്വിധിയെ കാത്തിരിക്കുകയേ വേണ്ടു[5].'' പിങ്ങ്സിങ്ങ്കുവാനിലെ വിജയം ചിലരുടെ തലകറക്കി. അങ്ങിനെ, ശത്രു വുട്ടാന്റെമേൽ ആക്രമണം അഴിച്ചുവിട്ടേക്കുമോ എന്നുപോലും അവർ സംശയിക്കാൻ തുടങ്ങി. പലരും വിചാരിച്ചു ശത്രു ''ഒരുപക്ഷെ അതു ചെയ്യുകയില്ല.'' മറ്റു ചിലർ വിചാരിച്ചു ശത്രുവിനു് ''അതു് തീർച്ചയായും കഴിയില്ല. ഇത്തരം സംശയങ്ങൾ മുഖ്യപ്രശ്നങ്ങളെയും ബാധിക്കും. ഉദാഹരണത്തിന് ജപ്പാനെ ചെറുത്തു തോല്പിക്കാൻ നമുക്കു വേണ്ടത്ര സൈനികശക്തിയുണ്ടോ? ശത്രുവിന്റെ മുന്നേറ്റത്തെ തടയുവാൻ വേണ്ടത്ര സൈനികശക്തി ഇന്നു നമുക്കുണ്ടെന്ന് ചില ആളുകൾ ഉത്തരം തരും. എന്നാൽ പിന്നെ ഒരു സൈനികശക്തിയെ വികസിപ്പിക്കേണ്ട ആവശ്യം എന്തിരിക്കുന്നു? നമുക്ക് മറ്റൊരു ചോദ്യം ചോദിക്കാം: ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയെ സുദൃഢീകരിക്കാനും വികസിപ്പിക്കാനുമുള്ള മുദ്രാവാക്യം ഇപ്പോഴും ശരിയാണോ? ശത്രുവിനെ തുരത്താൻ ഐക്യമുന്നണി ഇപ്പോൾതന്നെ ശക്തമാണെന്നും അതിനെ ഇനിയും സ്വീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യാനുള്ള മുദ്രാവാക്യം ശരിയല്ലെന്നുമുള്ള നിഷേധാത്മകമായ ഉത്തരമായിരിക്കും ചിലർ നൽകുക; ഇനിയുമൊരു ചോദ്യം: നമ്മുടെ നയതന്ത്രപരമായ പരിശ്രമങ്ങളും അന്താരാഷ്ട്രീയമായ പ്രചാരണവും കൂടുതൽ ശക്തമാക്കേണ്ടതുണ്ടോ? ഇവിടെയും ഉത്തരം നിഷേധാത്മകമായിരിക്കാം. അല്ലെങ്കിൽ, സൈനികവും സർക്കാരിന്റേതുമായ വ്യവസ്ഥകൾ പരിഷ്ക്കരിക്കുവാനും ബഹുജനപ്രസ്ഥാനങ്ങൾ വികസിപ്പിക്കുവാനും ദേശീയ പ്രതിരോധത്തിനു് ആവശ്യമായ വിദ്യാഭ്യാസപരിപാടി ഊർജ്ജസ്വലമായി നടപ്പിലാക്കാനും, രാജ്യദ്രോഹികളേയും ട്രോസ്കിയിസ്റ്റുകളെയും അടിച്ചമർത്താനും, യുദ്ധവുമായി ബന്ധപ്പെട്ട വ്യവസായങ്ങളെ വികസിപ്പിക്കാനും, ജനങ്ങളുടെ ജീവിതനിലവാരങ്ങൾ മെച്ചപ്പെടുത്താനും നാം ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതല്ലെ? അതുമല്ലെങ്കിൽ വുഹാന്റെയും, കാൻറണിന്റെയും, വടക്കു പടിഞ്ഞാറൻ ഭാഗങ്ങളുടെയും പ്രതിരോധത്തിനു് ശത്രുവിന്റെ പിന്നണിയിൽ ഗറില്ലായുദ്ധത്തിന്റെ ഊർജ്ജസ്വലമായ വികസനത്തിനുംവേണ്ടി ഉയർത്തപ്പെടുന്ന മുദ്രാവാക്യം ഇന്നത്തെ പരിത:സ്ഥിതിയിലും ശരിയാണൊ? അവരുടെ ഉത്തരങ്ങളെല്ലാം നിഷേധാ

Scanned by CamScanner

ത്മകമായിരിക്കും. യുദ്ധപരിത:സ്ഥിതിയിൽ അല്പമൊരു അനുകൂലമാററം സംഭവിക്കുമ്പോഴേക്കും കൂമിന്താങ്ങും കമ്യൂണിസ്റ്റ്പാർട്ടിയും തമ്മിലുള്ള സംഘർഷം വർദ്ധിപ്പിക്കാനും, അതുവഴി വൈദേശിക കാര്യങ്ങളിൽനിന്നും ആഭ്യന്തര കാര്യത്തിലേക്ക് തങ്ങളുടെ ശ്രദ്ധയെ തിരിച്ചുവിടാനും തയ്യാറെടുത്തിരിക്കുന്ന ഒരുകൂട്ടം ആളുകളുണ്ട്. നമ്മൾ താരതമ്യേന വലിയൊരു യുദ്ധം വിജയിപ്പിക്കുമ്പോഴും ശത്രു തല്ക്കാലം അവരുടെ മുന്നേററം നിർത്തിവെക്കുമ്പോഴും സ്ഥിരമായി സംഭവിക്കുന്ന ഒരു കാര്യമാണിത്. രാഷ്ട്രീയവും സൈനികവുമായ ഹ്രസ്വദൃഷ്ടിയായി നാം ഇതിനെ കണക്കാക്കുന്നു. ഇത്തരം വാദങ്ങൾ, അതിൻെറ വക്കാലത്തുകാർ തികച്ചും ശരിയാണെന്നു സമർത്ഥിക്കുമെങ്കിലും യഥാർത്ഥത്തിൽ യാതൊരടിസ്ഥാനവുമില്ലാത്ത, പൊള്ളയായ വാചക കസർത്തുകളാണ്; ഇത്തരം പൊള്ളയായ വാദങ്ങൾ തളർത്തുവാൻ ജാപ്പ് വിരുദ്ധയുദ്ധത്തിൻെറ വിജയത്തിനുവേണ്ടിയുള്ള തീവ്രശ്രമങ്ങൾ നമ്മെ സഹായിക്കും.

5. ഇപ്പോഴത്തെ ചോദ്യം ഇതാണ്. ചൈന കീഴടക്കപ്പെടുമോ? ഇല്ല. ചൈന കീഴ്പ്പെടുത്തപ്പെടില്ല. അന്തിമവിജയം ചൈനയുടേതായിരിക്കും. ചൈനക്കു വളരെ പെട്ടെന്ന് വിജയിക്കാൻ കഴിയുമോ? ഇല്ല. ജാപ്പ് വിരുദ്ധ യുദ്ധം സുദീർഘമായിരിക്കും.

6. രണ്ട് വർഷത്തിനു മുമ്പുതന്നെ ഈ പ്രശ്നങ്ങളെ സംബന്ധിച്ച മുഖ്യവാദങ്ങളുടെ സാമാന്യമായ ഒരു രൂപരേഖ നാം മുന്നോട്ടുവെച്ചിരുന്നു. 1936 ജൂലൈ 16 ന് അതായത് സിയാൻ സംഭവത്തിനുമുമ്പ് അഞ്ച് മാസവും ലുക്കൗച്ച്യാവോ സംഭവത്തിന് പന്ത്രണ്ട് മാസം മുമ്പുതന്നെ, ഞാൻ ഒരു അമേരിക്കൻ പത്രപ്രവർത്തകനായ എഡ്ഗാർസ്നോയ്ക്ക് നൽകിയ ഒരു കൂടിക്കാഴ്ചയിൽ ചൈന—ജപ്പാൻ യുദ്ധത്തിൻെറ പരിത:സ്ഥിതിയെ സംബന്ധിച്ച സാമാന്യമായ കണക്കുകൂട്ടൽ നടത്തുകയും വിജയത്തിനാവശ്യമായ വിവിധ തത്വങ്ങൾ നിർദ്ദേശിക്കുകയുമുണ്ടായി. താഴെ പറയുന്ന പ്രസക്തഭാഗങ്ങൾ ഓർമ്മപുതുക്കാൻ ഉപയുക്തമാകും.

ചോദ്യം:— ഏതു പരിത:സ്ഥിതിയിലാണ് ചൈനീസ് ജനതക്കു ജാപ്പ് സൈന്യങ്ങളെ പരാജയപ്പെടുത്താനും നശിപ്പിക്കാനും കഴിയുമെന്ന് താങ്കൾ വിശ്വസിക്കുന്നത്?

ഉത്തരം:— വിജയം ഉറപ്പ് വരുത്തുന്നതിന് മൂന്ന് ഉപാധികളാണുള്ളത്. ഒന്ന്: ജപ്പാനെതിരായി ചൈനയിൽ ഒരു ദേശീയ ഐക്യമുന്നണി കെട്ടിപ്പടുക്കൽ. രണ്ട്: ജപ്പാനെതിരായി ഒരു സാർവ്വദേശീയ ഐക്യമുന്നണിയുടെ രൂപീകരണം. മൂന്ന്: ജാപ്പനീസ് ജനതയുടെയും ജാപ്പ് സാമ്രാജ്യത്വത്തിനുകീഴിൽ മർദ്ദനം അനുഭവിക്കുന്ന ജനങ്ങളുടെയും വിപ്ലവപ്രസ്ഥാനങ്ങൾ, ചൈനീസ് ജനതയെ സംബന്ധിച്ചിടത്തോളം ഈ മൂന്നു ഉപാധികളിൽ ഏററവും പ്രധാനപ്പെട്ടത് ചൈനീസ് ജനതയുടെതന്നെ ഐക്യമാണ്.

ചോദ്യം:— ഇത്തരം യുദ്ധം എത്രകാലം നീണ്ടുനില്ക്കുമെന്നാണ് നിങ്ങൾ കരുതുന്നത്?

ഉത്തരം:— ഇത് ചൈനയുടെ ജാപ്പ് വിരുദ്ധ ഐക്യമുന്നണിയുടെ ശക്തിയെ ആശ്രയിച്ചിരിക്കും; ഒപ്പംതന്നെ ചൈനയിലേയും ജപ്പാനിലേയും പല പരിതസ്ഥിതികളേയും എടുത്തു പറഞ്ഞാൽ, ചൈനയുടെ സ്വന്തം ശക്തിക്കു പുറമെ—അതാണ് പ്രമുഖമെങ്കിലും—ചൈനക്കു ലഭിക്കുന്ന സാർവ്വദേശീയ സഹായവും, ജപ്പാനിലെ വിപ്ലവത്തിൽനിന്നും ലഭിക്കുന്ന സഹായവും പ്രധാനപ്പെട്ടതാണ്. ചൈനയിലെ ജാപ്പ് വിരുദ്ധ ഐക്യമുന്നണി വൻതോതിൽ വികസിപ്പിക്കുകയും—അത് ലംബമായും തിരശ്ചീനമായും ഫലപ്രദമായി സംഘടിപ്പിക്കപ്പെടുകയും, ജാപ്പ്

Scanned by CamScanner

സാമ്രാജ്യത്വം സ്വന്തതാല്പര്യത്തിനുതന്നെ ഭീഷണിയാണെന്നംഗീകരിക്കുന്ന രാജ്യങ്ങളിലെ സർക്കാരുകളിൽനിന്നും ജനങ്ങളിൽനിന്നും ആവശ്യമായ അന്താരാഷ്ട്രീയ സഹായം ലഭിക്കുകയും, ജപ്പാനിൽതന്നെ വേഗത്തിൽ വിപ്ലവമുണ്ടാവുകയുമാണെങ്കിൽ യുദ്ധം പെട്ടെന്നുതന്നെ അവസാനിക്കുകയും ചൈന പെട്ടെന്നുതന്നെ വിജയം വരിക്കുകയും ചെയ്യും. ഈ സാഹചര്യങ്ങൾ വേണ്ടത്ര വേഗത്തിൽ നടപ്പാവുന്നില്ലെങ്കിൽ യുദ്ധം കുറേ ദീർഘമാവാനാണ് സാദ്ധ്യത. എന്തായാലും അവസാനം ഒന്നുതന്നെയായിരിക്കും. ജപ്പാൻ നിശ്ചയമായും തോല്പിക്കപ്പെടും, ചൈന നിശ്ചയമായും വിജയിക്കുകയും ചെയ്യും. അതിനുവേണ്ടി വരുന്ന ത്യാഗങ്ങൾ വമ്പിച്ചതായിരിക്കുമെന്ന് മാത്രം. അതൊരു വേദന നിറഞ്ഞ കാലഘട്ടമായിരിക്കും.

ചോദ്യം:— രാഷ്ട്രീയവും സൈനികവുമായി അത്തരമൊരു യുദ്ധത്തിന്റെ വികാസഗതി ഏകദേശം എങ്ങിനെയായിരിക്കുമെന്നാണ് താങ്കളുടെ അഭിപ്രായം?

ഉത്തരം: ഭൂഖണ്ഡങ്ങളെ സംബന്ധിച്ച ജപ്പാന്റെ നയം നിശ്ചയിക്കപ്പെട്ടു കഴിഞ്ഞതാണ്; ഈ പരമാധികാരങ്ങളും, കൂടുതൽ ചൈനീസ് ഭൂഭാഗങ്ങൾ വിട്ടുകൊടുത്തുകൊണ്ടുണ്ടാകുന്ന ഒത്തുതീർപ്പുകളിലൂടെ ജാപ്പാനീസ് മുന്നേററത്തെ തടയാമെന്ന് കരുതുന്നവർ വെറും സാങ്കല്പിക ലോകത്തിലിരുന്നു സ്വപ്നം കാണുകയാണ്. ലോവർ യാങ്ട്സി താഴ്‌വരയും നമ്മുടെ തെക്കൻ തുറമുഖങ്ങളെല്ലാം ജപ്പാന്റെ ആക്രമണപരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നതായി നമുക്ക് നന്നായറിയാം. കൂടാതെ ഫിലിപ്പൈൻസ്, സയാം, ഇൻഡോ–ചൈന, മലയ, ഡച്ച്, ഈസ്റ്റ്ഇൻഡീസ് മുതലായ രാജ്യങ്ങളെ പിടിച്ചടക്കാനും ചൈനയിൽനിന്നും മററു രാജ്യങ്ങളെ അകററാനും തെക്കുപടിഞ്ഞാററൻ ശാന്തസമുദ്രത്തിൽ കുത്തകയുറപ്പിക്കാനും ജപ്പാൻ ആഗ്രഹിക്കുന്നതായും നമുക്കറിയാം. ജപ്പാന്റെ നാവിക നയമാണിത്. ഇത്തരം ഒരു കാലഘട്ടത്തിൽ അങ്ങേയററമൊരു വിഷമസ്ഥിതിയിലായിരിക്കും ചൈന എന്നത് സംശയരഹിതമാണ്. ചൈനീസ് ജനതയുടെ ഭൂരിഭാഗവും ഇത്തരം വിഷമങ്ങളെ തരണംചെയ്യാൻ കഴിയുമെന്ന് വിശ്വസിക്കുന്നവരാണ്, തുറമുഖ നഗരങ്ങളിലെ സമ്പന്നന്മാർ മാത്രമാണ് പരാജയവാദികൾ. തങ്ങളുടെ സ്വത്ത് നഷ്ടപ്പെട്ടേക്കുമോ എന്ന ഭയമാണവർക്ക്. നമ്മുടെ തീരപ്രദേശത്ത് ജപ്പാൻ ഒരു നാവിക ഉപരോധം ഏർപ്പെടുത്തിയാൽ പിന്നെ ജപ്പാനെതിരായ യുദ്ധം തുടർന്നു കൊണ്ടുപോകുവാൻ ചൈനക്ക് കഴിയില്ലെന്ന് പലരും കരുതുന്നു. ഇത് ശുദ്ധ ഭോഷ്കാണ്. ഈ വാദം നിരാകരിക്കാൻ ചുവപ്പ് സൈന്യത്തിന്റെ യുദ്ധചരിത്രത്തിലേക്കൊന്ന് എത്തിനോക്കുകയേ വേണ്ടൂ. ഇപ്പോഴത്തെ ജാപ്പ് വിരുദ്ധ യുദ്ധത്തിൽ ചൈനയുടെ സ്ഥിതി ആഭ്യന്തര യുദ്ധത്തിലേതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ടതാണ്. ചൈന വളരെ വിപുലമായ രാഷ്ട്രമാണ്. പത്തോ ഇരുപതോ കോടി ജനങ്ങൾ അധിവസിക്കുന്ന ചൈനയുടെ ഒരു ഭാഗം ജപ്പാനു കൈവശപ്പെടുത്താൻ കഴിഞ്ഞാൽ തന്നെ, നാം തോല്പിക്കപ്പെട്ടു കഴിഞ്ഞു എന്നർത്ഥമില്ല. ജപ്പാനെ നേരിടാൻ വേണ്ട ശക്തി നമുക്കെപ്പോഴുമുണ്ടായിരിക്കും. അവർക്കവരുടെ പിൻനിരയിലെങ്ങും പ്രതിരോധപരമായ പോരാട്ടം നടത്തേണ്ടിവരും. അത് യുദ്ധത്തിന്റെ മുഴുവൻ കാലത്തും തുടരും. ചൈനീസ് സാമ്പത്തിക വ്യവസ്ഥയുടെ വൈവിധ്യവും അസമ വികാസവും, ജപ്പാനെതിരായ ചെറുത്തുനില്പു യുദ്ധത്തിൽ നമുക്ക് നേട്ടങ്ങളുണ്ടാക്കിത്തരും. ഉദാഹരണമായി ഷാങ്ഹായ് ചൈനയുടെ ഇതര ഭാഗങ്ങളിൽനിന്നു വേർപെടുത്തുന്നത്, ന്യൂയോർക്കിനെ അമേരിക്കയുടെ മററു ഭാഗങ്ങളിൽനിന്ന്

വേർപെടുത്തുന്നതുപോലെ അത്രയും വിനാശകരമായിരിക്കുകയില്ല എന്നതു് തീർച്ചയാണു്, ചൈനയുടെ തീരപ്രദേശത്തെ ഉപരോധിക്കാൻ ജപ്പാനു് കഴിഞ്ഞാൽപോലും ചൈനയുടെ വടക്കുപടിഞ്ഞാറും തെക്കുപടിഞ്ഞാറും, പടിഞ്ഞാറും ഉപരോധം ഏർപ്പെടുത്താൻ ജപ്പാനു സാദ്ധ്യമല്ല. അങ്ങിനെ മുഴുവൻ ചൈനീസ് ജനതയേയും ഐക്യപ്പെടുത്തി, ദേശവ്യാപകമായ ഒരു ജാപ്പ് വിരുദ്ധ മുന്നണി കെട്ടിപ്പടുക്കുക എന്നതു് മുമ്പേ തൊട്ടു് കമ്യൂണിസ്റ്റ് പാർട്ടി വാദിച്ചിരിക്കുന്നതുപോലെ, ഒരിക്കൽകൂടി പ്രശ്നത്തിന്റെ കേന്ദ്രബിന്ദുവായിത്തീരുന്നു.

ചോദ്യം; യുദ്ധം നീണ്ടുപോവുകയും ജപ്പാനെ പൂർണ്ണമായും പരാജയപ്പെടുത്താൻ കഴിയാതിരിക്കുകയുമാണെങ്കിൽ, കമ്യൂണിസ്റ്റ് പാർട്ടി ജപ്പാനുമായി സമാധാന ഉടമ്പടിക്കു തയ്യാറാവുകയും, ചൈനയുടെ വടക്കുകിഴക്കൻ പ്രദേശത്തെ അവരുടെ ഭരണം അംഗീകരിക്കുകയും ചെയ്യുമോ?

ഉത്തരം:— ഇല്ല. ചൈനയുടെ ഒരിഞ്ചു ഭൂമിയും പിടിച്ചുവെക്കാൻ, മുഴുവൻ ചൈനീസ് ജനതയെയും പോലെതന്നെ, ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയും ജപ്പാനെ അനുവദിക്കില്ല.

ചോദ്യം:— താങ്കളുടെ അഭിപ്രായത്തിൽ ഈ ''വിമോചന യുദ്ധ''ത്തിൽ സ്വീകരിക്കേണ്ട മുഖ്യതന്ത്രങ്ങളും അടവുകളും എന്തായിരിക്കണം?

ഉത്തരം:— ദീർഘവും ചലനാത്മകവുമായ ഒരു യുദ്ധമുന്നണിയിൽ, ചൈനയുടെ പ്രധാന സൈന്യങ്ങളെക്കൊണ്ടു് യുദ്ധം ചെയ്യിക്കുക എന്നതായിരിക്കും ആ തന്ത്രം. വിജയം നേടാനായി ചൈനീസ് സൈന്യം വിശാലമായ യുദ്ധമേഖലകളിൽ, അത്യധികം ഉയർന്ന ചലനാത്മകതയോടെ, അതിവേഗതയാർന്ന മുന്നേറ്റങ്ങളും പിൻവാങ്ങലുകളും നടത്തിക്കൊണ്ടു് ദ്രുതകേന്ദ്രീകരണങ്ങളും പിരിഞ്ഞുപോകലും നടത്തിക്കൊണ്ടു് യുദ്ധം ചെയ്യുകയാണു് വേണ്ടതു്. വൻതോതിലുള്ള ചലനാത്മക യുദ്ധത്തിന്റേതായിരിക്കും തന്ത്രം. സ്ഥാനികയുദ്ധവും പ്രയോഗിക്കേണ്ടതാണു്. എന്നാൽ തന്ത്രപരമായി അതിനു് അനുപൂരകവും ദ്വിതീയവുമായ പ്രാധാന്യമേ ഉണ്ടായിരിക്കുകയുള്ളൂ. ഭൂമിശാസ്ത്രപരമായി ഞങ്ങളുടെ യുദ്ധരംഗം വളരെ വിസ്താരമാണു്. അതുകൊണ്ടു് കൂടുതൽ ഫലപ്രദമായി ചലനാത്മകയുദ്ധം നടത്തുക എന്നതിനാണു് കൂടുതൽ സാദ്ധ്യത. ഞങ്ങളുടെ സൈന്യത്തിന്റെ ചടുലമായ ആസൂത്രണങ്ങൾക്കു മുൻപിൽ ജാപ്പനീസ് സൈന്യത്തിനു കൂടുതൽ ശ്രദ്ധാലുവാകേണ്ടിവരും. അതിന്റെ യുദ്ധയന്ത്രം കൂടുതൽ ഭാരിച്ചതും മന്ദഗതിയിൽ ചലിക്കുന്നതും കാര്യക്ഷമത കുറഞ്ഞതുമാണു്. നമ്മുടെ സൈന്യങ്ങളെ നാമൊരു പ്രതിരോധപരമായ യുദ്ധത്തിനുവേണ്ടി ഒരു ഇടുങ്ങിയ മുന്നണിയിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ, നാം നമ്മുടെ ഭൂമിശാസ്ത്രത്തിന്റെയും സാമ്പത്തിക ഘടനയുടെയും നേട്ടങ്ങളെ വലിച്ചെറിയുമെന്നും, അബിസീനിയയുടെ തെറ്റുകളെ ആവർത്തിക്കുമെന്നായിരിക്കും അർത്ഥം. യുദ്ധത്തിന്റെ ആരംഭദശകളിൽ പ്രധാനപ്പെട്ട നിർണ്ണായകയുദ്ധങ്ങൾ ഒഴിവാക്കുകയും ക്രമേണ ശത്രുവിന്റെ സജീവസൈന്യങ്ങളുടെ കാര്യക്ഷമതയും ആത്മവീര്യവും തകർക്കുന്നതിനായി ചലനാത്മക യുദ്ധത്തെ പ്രയോഗിക്കുകയുമാണു് വേണ്ടതു്. പരിശീലനം സിദ്ധിച്ച സൈന്യങ്ങളെ, ചലനാത്മകയുദ്ധത്തിനുവേണ്ടി നിയോഗിക്കുന്നതിനു പുറമെ കർഷകർക്കിടയിൽ കുറെയേറെ ഗറില്ലാ ഘടകങ്ങളെയും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. മൂന്നു വടക്കുകിഴക്കൻ പ്രവിശ്യകളിലെ ജാപ്പ് വിരുദ്ധ വളണ്ടിയർ യൂണിറ്റുകൾ ചൈനയിലാകെ കർഷകരിൽനിന്നും സജ്ജീകരിക്കാവുന്ന വിധത്തിൽ അന്തർഹിതമായിരിക്കുന്ന പ്രതിരോധശക്തിയുടെ ചെറിയൊരു പ്രകടനം മാത്രമാണു്. ചൈനീസ് കർഷകരിൽ വമ്പിച്ച ശക്തി മറഞ്ഞുകിടപ്പുണ്ടു്. ശരിയായി സംഘടിപ്പിക്കുകയും നയിക്കുകയും ചെയ്താൽ അത്തരം

Scanned by CamScanner

യൂണിററുകൾക്ക് ദിവസത്തിൽ 24മണിക്കൂറും ജപ്പാനെ പണിത്തിരക്കിൽ തളച്ചിടാനും മാരകമായി വിഷമിപ്പിക്കാനും കഴിയും. ചൈനക്കുള്ളിൽ വെച്ചാണ് യുദ്ധത്തിന്റെ പോരാട്ടങ്ങൾ നടക്കുന്നതെന്ന് ഓർക്കുക. ഇതിന്നർത്ഥം ശത്രുമനോഭാവമുള്ള ചൈനീസ് ജനതയാൽ ജപ്പാൻകാർ പൂർണ്ണമായും വളയപ്പെട്ടിരിക്കും എന്നാണ്. ജപ്പാൻകാർക്ക് തങ്ങൾക്കാവശ്യമായ പലവ്യഞ്ജനങ്ങൾ പുറമേനിന്ന് ഉള്ളിലേക്ക് കടത്തിക്കൊണ്ടു വരികയും അതിന് കാവൽ ഏർപ്പെടുത്തേണ്ടതായും വരും. എല്ലാ വാർത്താവിനിമയ മാർഗ്ഗങ്ങൾക്കും സൈനിക സംരക്ഷണം നൽകേണ്ടിവരും. ആക്രമണങ്ങളിൽനിന്നും സ്ഥിരമായ സംരക്ഷണം വേണ്ടിവരും. ജപ്പാനിലെയും മഞ്ചൂറിയയിലെയും താവളങ്ങൾക്ക കനത്ത കാവൽ സൈന്യത്തെ ഏർപ്പെടുത്തേണ്ടിവരും.

യുദ്ധത്തിനിടയിൽ ധാരാളം ജാപ്പനീസ് തടവുകാരെയും, ആയുധങ്ങളും വെടിക്കോപ്പുകളും പിടിച്ചെടുക്കുന്നതിന് ചൈനക്കു കഴിയും. അങ്ങിനെ സ്വന്തം ആയുധശക്തി വർദ്ധിപ്പിക്കാനും അതേസമയംതന്നെ ചൈനക്ക് വിദേശസഹായം നേടിയെടുക്കാനും സൈന്യഘടകങ്ങളുടെ ഉപകരണങ്ങൾ കൂടുതൽ ശക്തിമത്താക്കാനും കഴിയും. അതുകൊണ്ട് യുദ്ധത്തിന്റെ പിൽക്കാല ഘട്ടങ്ങളിൽ സ്ഥാനിക യുദ്ധമുറ പ്രയോഗിക്കാനും, ജാപ്പധീന പ്രദേശങ്ങളിൽ സ്ഥാനികാക്രമണങ്ങൾ നടത്താനും ചൈനക്കു കഴിയും. അങ്ങിനെ ചൈനയുടെ സുദീർഘമായ ചെറുത്തുനില്പിൽനിന്നുള്ള ക്ലേശംമൂലം ജപ്പാന്റെ സമ്പദ്‌വ്യവസ്ഥയിൽ വിള്ളലുകൾ വീഴും. അസംഖ്യം പേരോട്ടങ്ങളുടെ പരീക്ഷണങ്ങൾമൂലം ജാപ്പനീസ് സൈന്യത്തിന്റെ ആത്മവീര്യം തകരും. ചൈനയെ സംബന്ധിച്ചാകട്ടെ വളർന്നുകൊണ്ടിരിക്കുന്ന ചെറുത്തുനില്പിനുള്ള ലീനശക്തി നിരന്തരമായി പ്രവർത്തനരംഗത്തേക്കു പ്രവഹിച്ചുകൊണ്ടിരിക്കും. വിപ്ലവകാരികളായ ജനങ്ങൾ സ്വന്തം സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതാനായി മുന്നണിയിലേക്കു വന്നുകൊണ്ടിരിക്കും. മുകളിൽ പറഞ്ഞവയും മററു ഘടകങ്ങളും ചേർന്ന് ജപ്പാന്റെ കോട്ടകൊത്തളങ്ങളുടെയും താവളങ്ങളുടെയും മേൽ അന്തിമവും നിർണ്ണായകവുമായ ആക്രമണങ്ങൾ അഴിച്ചുവിടാനും അധിനിവേശ സൈന്യത്തെ ചൈനയുടെ മണ്ണിൽനിന്നു തുരത്താനും ഞങ്ങളെ പ്രാപ്തരാക്കും....''

പത്തുമാസത്തെ യുദ്ധാനുഭവങ്ങളിൽനിന്ന് മേൽ കൊടുത്ത വീക്ഷണങ്ങൾ ശരിയായിരുന്നുവെന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്. ഭാവിയിലും അതങ്ങിനെതന്നെയായിരിക്കും.

7. 1937 ആഗസ്റ്റ് 27 ന്, ലുക്കൗച്യാവോ സംഭവത്തിനു ഏതാണ്ടൊരുമാസം മുമ്പുതന്നെ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മിററി അതിന്റെ സമകാലീന പരിത:സ്ഥിതിയേയും പാർട്ടിയുടെ കടമകളേയും കുറിച്ചുള്ള പ്രചരണത്തിൽ താഴെ കാണുന്ന വസ്തുതകൾ വ്യക്തമായി ചൂണ്ടിക്കാട്ടി.

ലുക്കൗച്യാവോയിൽ ജപ്പ് അക്രമണകാരികൾ സൃഷ്ടിച്ച പ്രകോപനവും, പേയ്പ്പിങ്ങും, ടിയൻസിനും അവർ പിടിച്ചെടുത്തതും ചൈനയുടെ വൻമതിലിനു തെക്കുഭാഗത്തു വിപുലമായ ആക്രമണങ്ങൾ അഴിച്ചുവിടുന്നതിന്റെ ആരംഭമല്ലാതെ മറെറാന്നുമല്ല. യുദ്ധത്തിനുവേണ്ടിയുള്ള രാജ്യവ്യാപകമായ നീക്കങ്ങൾ അവർ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 'പരിത:സ്ഥിതികൾ കൂടുതൽ വഷളാക്കാൻ താല്പര്യമില്ലെന്ന' അവരുടെ പ്രചരണം ആക്രമണങ്ങൾ മറച്ചുവെക്കാനുള്ള വെറും പുകമറ മാത്രമാണ്.

ലുക്കൗച്യാവോയിലെ ജൂലൈ 7 ന്റെ ചെറുത്തുനില്പ് ചൈനയുടെ ദേശവ്യാപകമായ സായുധ ചെറുത്തുനില്പ് യുദ്ധത്തിന്റെ തുടക്കം കുറിച്ചു.

Scanned by CamScanner

അങ്ങനെ ചൈനയുടെ രാഷ്ട്രീയ പരിത:സ്ഥിതിയിൽ ഒരു പുയിയ ഘട്ടം ആരംഭിച്ചിരിക്കയാണ്. അതായതു് യഥാർത്ഥമായ ചെറുത്തുനില്പിന്റെ ഘട്ടം. ചെറുത്തുനില്പിനുവേണ്ടിയുള്ള തയ്യാറെടുപ്പിന്റെ ഘട്ടം അവസാനിച്ചു കഴിഞ്ഞു. ഇപ്പോഴത്തെ ഘട്ടത്തിൽ കേന്ദ്രകടമ ചെറുത്തുനിൽപ്പു യുദ്ധത്തിന്റെ വിജയത്തിനായി രാജ്യത്തെ എല്ലാ ശക്തികളേയും അണിനിരത്തുക എന്നതാണ്.

യുദ്ധത്തിൽ വിജയംവരിക്കുന്നതിന്റെ മർമ്മം കിടക്കുന്നതു്, നേരത്തേ ആരംഭിച്ചുകഴിഞ്ഞ ചെറുത്തുനില്പ് മുഴുവൻ രാജ്യത്തിന്റെയും സമഗ്രമായ ചെറുത്തുനില്പായി വികസിപ്പിച്ചെടുക്കുന്നതിലാണ്. സമഗ്രമായ ചെറുത്തുനില്പിന്റെ അത്തരം ഒരു യുദ്ധത്തിലൂടെ മാത്രമേ അന്തിമവിജയം നേടിയെടുക്കാൻ കഴിയൂ.

ചെറുത്തുനില്പു യുദ്ധത്തിൽ ഗൗരവാവഹമായ ദൗർബല്യങ്ങൾ നിലനിന്നാൽ അതിന്റെ തുടർന്നുള്ള ഗതി തിരിച്ചടികളും പിന്മാററങ്ങളും ആഭ്യന്തര പിളർപ്പുകളും വഞ്ചനകളും, താല്ക്കാലികവും ഭാഗികവുമായ ഒത്തുതീർപ്പുകളുമെല്ലാം നിറഞ്ഞതായിരിക്കും. അതിനാൽ ഈ സായുധ ചെറുത്തുനിൽപ്പ് രൂക്ഷവും ദീർഘവുമായ ഒരു യുദ്ധമായിരിക്കുമെന്ന് നാം മനസ്സിലാക്കണം. എന്നാൽ, മുമ്പേ ആരംഭിച്ചുകഴിഞ്ഞ ചെറുത്തുനില്പ് നമ്മുടെ പാർട്ടിയുടെയും മുഴുവൻ ജനങ്ങളുടെയും ശ്രമഫലമായി എല്ലാ വിഷമതകളെയും അതിജീവിച്ചുകൊണ്ടു് മുന്നേറുമെന്നും വികസിക്കുമെന്നും നമ്മൾ കരുതുന്നു.

കഴിഞ്ഞ പത്തുമാസത്തെ യുദ്ധാനുഭവങ്ങൾ ഈ പ്രസ്താവന ശരിയായിരുന്നുവെന്ന് തെളിയിച്ചിട്ടുണ്ട്. ഭാവിയിലും അതങ്ങിനെതന്നെയായിരിക്കും.

8. ജ്ഞാനസിദ്ധാന്തപരമായി പറഞ്ഞാൽ യുദ്ധത്തിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച ആശയവാദപരവും യാന്ത്രികവുമായ പ്രവണതകളാണ് തെററായ എല്ലാ വീക്ഷണങ്ങളുടെയും സ്രോതസ്സ്. അത്തരം പ്രവണതകൾ കാണിക്കുന്ന ആളുകൾ പ്രശ്നങ്ങളെ ആത്മനിഷ്ഠമായും ഏകപക്ഷീയമായുമാണ് സമീപിക്കുന്നതു്. ഒന്നുകിൽ അവർ അടിസ്ഥാനരഹിതവും ആത്മനിഷ്ഠവുമായ വാദഗതികളിൽ ഏർപ്പെടുന്നു; അല്ലെങ്കിൽ ഒററപ്പെട്ട കാര്യങ്ങളിലോ താൽക്കാലിക പ്രതിഭാസങ്ങളിലോ കടിച്ചുതൂങ്ങി അതേ ആത്മനിഷ്ഠതയോടെ അതിനെ മുഴുവൻ പ്രശ്നമാക്കി പർവ്വതീകരിക്കുന്നു. തെററായ വീക്ഷണങ്ങളെ രണ്ടു വിഭാഗമായി തരംതിരിക്കാം. അടിസ്ഥാനപരമായ, അതുകൊണ്ടുതന്നെ ഇളക്കമില്ലാത്തതുംകൂടിയായ തിരുത്താൻ പ്രയാസമുള്ള തെററായ വീക്ഷണങ്ങൾ ഒന്നാമത്തെ വിഭാഗത്തിൽ പെടുന്നു. തിരുത്താനെളുപ്പമായ, യാദൃശ്ചികവും താൽക്കാലികവുമായി തെററായിപ്പോയ വീക്ഷണങ്ങൾ രണ്ടാമത്തെ വിഭാഗത്തിൽപെടുന്നു. രണ്ടും തെററുതന്നെ ആയതുകൊണ്ടു് തിരുത്തൽ ആവശ്യമാണ്. യുദ്ധപ്രശ്നങ്ങളെ സംബന്ധിച്ച ആശയവാദപരവും യാന്ത്രികവുമായ പ്രവണതകളെ എതിർത്തുകൊണ്ടും, അവയെ പഠിക്കുന്നതിൽ വസ്തുനിഷ്ഠവും സമഗ്രവുമായ ഒരു വീക്ഷണം സ്വീകരിച്ചുകൊണ്ടും മാത്രമെ, ഈ പ്രശ്നങ്ങളെ സംബന്ധിച്ച ശരിയായ നിഗമനങ്ങളിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ.

Scanned by CamScanner

## പ്രശ്നത്തിന്റെ അടിസ്ഥാനം

9. എന്തുകൊണ്ടാണ് ജാപ്പ്‌വിരുദ്ധയുദ്ധം ഒരു ദീർഘകാലയുദ്ധമായിരിക്കുന്നത്? എന്തുകൊണ്ടാണ് അന്തിമവിജയം ചൈനയുടേതാകുന്നത്? ഈ പ്രസ്താവനകളുടെ അടിസ്ഥാനമെന്താണ്?

ചൈനയും ജപ്പാനും തമ്മിലുള്ള യുദ്ധം വെറുമൊരു യുദ്ധമല്ല. അർദ്ധനാടുവാഴിത്ത അർദ്ധ—അധിനിവേശിത ചൈനയും ജപ്പാനീസ് സാമ്രാജ്യത്വവും തമ്മിൽ 1930 കളിൽ നടത്തുന്ന ഒരു ജീവൻമരണ പോരാട്ടമല്ലാതെ മറ്റൊന്നുമല്ല ഇത്. മുഴുവൻ പ്രശ്നങ്ങളുടെയും കാതൽ ഇവിടെയാണ്. യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇരുവിഭാഗങ്ങൾക്കും പരസ്പരവിരുദ്ധമായ ധാരാളം സവിശേഷതകളുണ്ട്. അവ താഴെ പരിശോധിക്കപ്പെടുന്നു.

## ജപ്പാനെ സംബന്ധിച്ച സവിശേഷതകൾ

10. ഒന്നാമതായി ജപ്പാൻ സുശക്തമായ ഒരു സാമ്രാജ്യത്വരാജ്യമാണ്. സൈനികവും, സാമ്പത്തികവും രാഷ്ട്രീയ സംവിധാനപരവും ആയ ശക്തിയുടെ കാര്യത്തിൽ കിഴക്കൻമേഖലയിലെ ഒന്നാമത്തെ ശക്തിയാണത്. മാത്രമല്ല ലോകത്തിലെ ഏറ്റവും മികച്ച അഞ്ചോ ആറോ സാമ്രാജ്യത്വരാജ്യങ്ങളിൽ ഒന്നാണത്. ജപ്പാന്റെ ആക്രമണയുദ്ധത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ഇവയാണ്. ജപ്പാന്റെ സാമ്രാജ്യത്വസംവിധാനവും അതിന്റെ വമ്പിച്ച സൈനികവും സാമ്പത്തികവും രാഷ്ട്രീയ സംവിധാനപരവുമായ ശക്തിയുമാണ് യുദ്ധത്തിന്റെ അനിവാര്യതയ്ക്കും ചൈനയ്ക്ക് ഒരു ദ്രുതവിജയം അസാദ്ധ്യമായിരിക്കുന്നതിനും കാരണം. രണ്ടാമതായി ജപ്പാന്റെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയുടെ സാമ്രാജ്യത്വസ്വഭാവത്തിൽനിന്നാണ് പിന്തിരിപ്പനും കിരാതവുമായ ഈ യുദ്ധത്തിന്റെ സാമ്രാജ്യത്വസ്വഭാവം ഉത്ഭവിക്കുന്നത്. ഇരുപതാംനൂറ്റാണ്ടിന്റെ മുപ്പതുകളിൽ, ജപ്പാനീസ് സാമ്രാജ്യത്വം, അതിന്റെ ആഭ്യന്തരവും വൈദേശികവുമായ വൈരുദ്ധ്യങ്ങൾമൂലം മുമ്പത്തെക്കാളും വിപുലമായ, ഒരു സാഹസികയുദ്ധത്തിൽ ഏർപ്പെടാൻ മാത്രമല്ല അതിന്റെ അവസാനപതനത്തെ സമീപിക്കാനും നിർബന്ധിക്കപ്പെട്ടു. സാമൂഹ്യവികാസത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ ജപ്പാൻ അഭിവൃദ്ധി പ്രാപിക്കുന്ന ഒരു രാജ്യമല്ല. ജപ്പാന്റെ ഭരണവർഗ്ഗം കരുതുന്നതുപോലെ ഈ യുദ്ധം സമ്പൽസമൃദ്ധിയിലേക്കു നയിക്കുകയുമില്ല; വാസ്തവത്തിൽ നേരെ തിരിച്ചാണു സംഭവിക്കുക. അത് ജാപ്പനീസ് സാമ്രാജ്യത്വത്തെ നാശത്തിലെത്തിക്കും. ഇതാണ് ജപ്പാന്റെ യുദ്ധത്തിന്റെ പിന്തിരിപ്പൻ സ്വഭാവം എന്നതുകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത്. ജപ്പാൻ യുദ്ധരംഗത്തു കാട്ടുന്ന സവിശേഷമായ കാടത്തത്തിന് ഊർജ്ജം പകരുന്നത് ജാപ്പനീസ് സാമ്രാജ്യത്വത്തിന്റെ ഈ പിന്തിരിപ്പത്വവും സൈനിക നാടുവാഴിത്തസ്വഭാവവുമാണ്. ഈ കാടത്തം ജപ്പാനിലെതന്നെ വിവിധ വർഗ്ഗങ്ങൾ തമ്മിലും, ചൈനാ ജാപ്പനീസ് രാഷ്ട്രങ്ങൾ തമ്മിലും, ജപ്പാനും മിക്ക ലോകരാഷ്ട്രങ്ങളും തമ്മിലും ഏറ്റവും ശത്രുത ഉളവാക്കും. ജപ്പാന്റെ സുനിശ്ചിതമായ പരാജയത്തിന്റെ പ്രാഥമിക കാരണം ജപ്പാന്റെ തന്നെ പിന്തിരിപ്പത്വവും യുദ്ധരംഗത്തു കാട്ടുന്ന കാടത്തവുമാണ്. മൂന്നാമതായി ജപ്പാൻ ഈ യുദ്ധം നടത്തുന്നത് അതിന്റെ ശക്തമായ സൈനിക, സാമ്പത്തിക, രാഷ്ട്രീയ, സംഘടനാശക്തിയുടെ അടിസ്ഥാനത്തിലായിരിക്കുമ്പോൾതന്നെ, അപ

Scanned by CamScanner

ര്യാപ്തമായ പ്രകൃതിസമ്പത്തിന്റെ അടിസ്ഥാനത്തിന്മേലാണ് അതു നിലകൊള്ളുന്നത്. സൈനിക, സാമ്പത്തിക, രാഷ്ട്രീയ സംഘടനാശക്തിയിൽ ജപ്പാൻ ഒരു വലിയ ശക്തിയായിരിക്കെത്തന്നെ അളവുപരമായി ജപ്പാന്റെ ശക്തി അപര്യാപ്തമാണ്. ആൾബലത്തിലും സൈനികവും സാമ്പത്തികവും ഭൗതികവുമായ വിഭവങ്ങളുടെകാര്യത്തിലും ദൗർലഭ്യംനേരിടുന്ന, താരതമ്യേന ഒരു ചെറിയ രാജ്യമായ ജപ്പാന് ഒരു ദീർഘകാലയുദ്ധത്തിൽ പിടിച്ചുനില്ക്കാൻ സാധ്യമല്ല. ഈ ബുദ്ധിമുട്ടുകളെ യുദ്ധത്തിലൂടെ പരിഹരിക്കാനാണ് ജാപ്പനീസ് ഭരണകർത്താക്കൾ യത്നിക്കുന്നത്. എന്നാൽ അവർ ഉദ്ദേശിക്കുന്നതിന്റെ നേരെ വിപരീതമായ ഫലമായിരിക്കും അവർക്കു ലഭിക്കുക. അതായത്, അവർ ഈ യുദ്ധമാരംഭിച്ചിരിക്കുന്നത് വിഷമംപിടിച്ച ഈ പ്രശ്നം പരിഹരിക്കാനാണ്. പക്ഷെ യുദ്ധം ഈ അവസ്ഥയെ കൂടുതൽ വഷളാക്കുകയും ഇപ്പോൾ അവർക്കുള്ള വിഭവസമ്പത്തിനെപ്പോലും ഇല്ലായ്മചെയ്യുകയും ചെയ്യും. നാലാമതായും അവസാനമായും ഫാസിസ്റ്റ്ശക്തികളുടെ അന്താരാഷ്ട്രീയ പിന്തുണയുള്ളപ്പോൾതന്നെ, ഈ പിന്തുണയെ അധികരിക്കുന്ന രീതിയിൽ ജപ്പാന് അന്താരാഷ്ട്രീയതലത്തിൽ എതിർപ്പിനെ നേരിടേണ്ടിവരുമെന്നതിന് സംശയമില്ല. ക്രമേണ ഈ എതിർപ്പിന്റെ ശക്തി വർദ്ധിച്ച് ജപ്പാന് ലഭിക്കുന്ന പിന്തുണയെ നിർവ്വീര്യമാക്കുക മാത്രമല്ല, അവസാനം ജപ്പാന്റെമേൽതന്നെ സമ്മർദ്ദം കൊണ്ടുവരികയും ചെയ്യും. അന്യായമായ കാര്യത്തിന് പിന്തുണ ലഭിക്കുകയില്ല എന്ന നിയമം സാധൂകരിക്കുന്ന ഈ വസ്തുത ജപ്പാന്റെ യുദ്ധത്തിന്റെ സ്വാഭാവിക പരിണാമമാണ്. ചുരുക്കിപ്പറഞ്ഞാൽ ജപ്പാന്റെ മികവ് കിടക്കുന്നത് അതിന്റെ വമ്പിച്ച യുദ്ധശേഷിയിലാണ്. ദൗർബല്യമാവട്ടെ അവരുടെ യുദ്ധത്തിന്റെതന്നെ സ്വഭാവമായ പിന്തിരിപ്പത്വത്തിലും, ആൾബലത്തിന്റെയും ഭൗതിക വിഭാഗങ്ങളുടെയും അപര്യാപ്തതയിലും, അന്താരാഷ്ട്രീയ പിന്തുണയുടെ അഭാവത്തിലുമാണ്. ഇവയാണ് ജാപ്പനീസ് വശത്തിന്റെ സ്വഭാവ വിശേഷങ്ങൾ.

## ചൈനയെ സംബന്ധിച്ച വിശേഷതകൾ

11. ചൈനയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഒന്നാമത് അത് ഒരു അർദ്ധ അധിനിവേശിതവും അർദ്ധ നാടുവാഴിത്തപരവുമായ ഒരു രാജ്യമാണ്. കറുപ്പ്യുദ്ധം[6], തായ്പിങ്ങ്വിപ്ലവം[7], 1898–ലെ പരിഷ്കരണ പ്രസ്ഥാനം[8], 1911–ലെവിപ്ലവം[9], വടക്കൻപടനീക്കം[10] എന്നിങ്ങനെ അന്ന് ചൈനയെ മോചിപ്പിക്കാനായി നടത്തിയ, വിപ്ലവകരമോ പരിഷ്കരണവാദപരമോ ആയ എല്ലാ പ്രസ്ഥാനങ്ങൾക്കും ഗുരുതരമായ തിരിച്ചടികൾ നേരിടേണ്ടിവന്നു. അർദ്ധ കൊളോണിയലും അർദ്ധ ഫ്യൂഡലുമായ ഒരു രാജ്യമായി ചൈന അവശേഷിക്കുകയും ചെയ്തു. നമ്മളിപ്പോഴും ഒരു ദുർബ്ബല രാജ്യമാണ്. ശത്രുവിനെ അപേക്ഷിച്ച് സൈനികമായും, സാമ്പത്തികമായും, രാഷ്ട്രീയസംഘടനാശക്തിയിലും വളരെ താഴെയുമാണ്. യുദ്ധത്തിന്റെ അനിവാര്യതയുടെയും ചൈനയ്ക്ക് പെട്ടെന്നൊരു വിജയം കൈവരിക്കാൻ സാധ്യമല്ലാത്തതിന്റെയും അടിസ്ഥാനം ഇവിടെ കാണാൻ കഴിയും. രണ്ടാമതായി, ചൈനയിലെ വിമോചനപ്രസ്ഥാനം കഴിഞ്ഞ ഒരു നൂറുവർഷത്തെ അതിന്റെ സഞ്ചിതവികാസത്തിന്റെ ചരിത്രത്തിൽ മുമ്പൊരിക്കലും സംഭവിക്കാത്ത തരത്തിൽ ഇന്ന് തീർത്തും വ്യത്യസ്തമാണ്. അകത്തും പുറത്തു

Scanned by CamScanner

മുള്ള ശത്രുശക്തികൾ വിമോചനപ്രസ്ഥാനത്തിന് സാരമായ തിരിച്ചടികൾ ഏല്പിച്ചിട്ടുണ്ടെങ്കിൽതന്നെ, അതെല്ലാം ചൈനീസ് ജനതയെ ഉരുക്കുപോലെ ദൃഢീകരിക്കുകയാണു ചെയ്തത്. സൈനികമായും, സാമ്പത്തികമായും, രാഷ്ട്രീയമായും, സാംസ്കാരികമായും ചൈന ഇന്ന് ജപ്പാനോളം ശക്തമല്ലെങ്കിലും ചരിത്രത്തിൽ മറെറാരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള പുരോഗമനപരമായ ഘടകങ്ങൾ ഇന്നും ചൈനയിൽ നിലവിലുണ്ട്. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയും അതിന്റെ നേതൃത്വത്തിലുള്ള സൈന്യവും ഈ പുരോഗമനപരമായ ഘടകങ്ങളെ പ്രതിനിധീകരിക്കുന്നു. ഈ പുരോഗമനപരതയുടെ അടിസ്ഥാനത്തിലാണ് ചൈനയുടെ വിമോചനയുദ്ധം സുദീർഘമായിരിക്കുന്നതും അതിന് അന്തിമവിജയം നേടാൻ കഴിയുന്നതും. അധഃപതനോന്മുഖമായ ജാപ്പനീസ് സാമ്രാജ്യത്വത്തിന് വിരുദ്ധമായി ചൈന പ്രഭാതസൂര്യനെപ്പോലെ കുതിച്ചുയരുന്ന ഒരു രാജ്യമാണ്. ചൈനയുടെ യുദ്ധം പുരോഗമനപരമാണ്. ഈ പുരോഗമനസ്വഭാവംതന്നെയാണ് അതിന്റെ നീതീകരണവും. ചൈനയുടെ യുദ്ധം നീതിപൂർവ്വമാകയാൽ അതിനുവേണ്ടി മുഴുവൻ രാഷ്ട്രത്തെയും ഐക്യദാർഢ്യത്തോടുകൂടി അണിനിരത്താൻ കഴിയും. ജപ്പാനിലെ ജനങ്ങളുടെപോലും അനുഭാവം നേടാൻ കഴിയും. ലോകത്തിലെ മിക്ക രാജ്യങ്ങളുടെയും പിന്തുണ നേടിയെടുക്കാൻ കഴിയും. മൂന്നാമതായി ചൈന വിശാലഭൂവിഭാഗങ്ങളോടും, സമൃദ്ധമായ പ്രകൃതിവിഭവങ്ങളോടും, വലിയ ജനസംഖ്യയോടും, ധാരാളം സൈനികരോടും കൂടിയ ഒരു വലിയ രാജ്യമാണ്. അതുകൊണ്ടുതന്നെ ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു യുദ്ധം നടത്തിക്കൊണ്ടുപോകുവാൻ തികച്ചും പ്രാപ്തവുമാണ്. ജപ്പാന്റേതിൽനിന്ന് തികച്ചും വിഭിന്നമായ ഒരവസ്ഥയാണിതു്. നാലാമതായും അവസാനമായും, ചൈനയുടെ യുദ്ധത്തിന്റെ പുരോഗമനസ്വഭാവത്തിൽനിന്നും ന്യായയുക്തതയിൽനിന്നും ഉളവാകുന്ന വമ്പിച്ച അന്താരാഷ്ട്രീയ പിൻതുണ ജപ്പാന്റെ ഉദ്ദേശലക്ഷ്യത്തിന്റെ ന്യായമില്ലായ്മയിൽനിന്നും അന്താരാഷ്ട്രീയപിൻതുണയിൽനിന്നും വ്യതിരിക്തമാണ്. ചുരുക്കത്തിൽ പറഞ്ഞാൽ ചൈനയുടെ ദൗർബ്ബല്യം അതിന്റെ കുറഞ്ഞ സമരശേഷിയാണ്; ശക്തിയുക്തത്തിന്റെ പുരോഗമനസ്വഭാവവും ന്യായയുക്തമായ സ്വഭാവവും രാജ്യവിസ്തൃതിയുടെ വൈപുല്യവും സുദൃഢമായ അന്താരാഷ്ട്രീയപിൻതുണയുമാണ്. ഇവയാണ് ചൈനയുടെ സ്വാഭാവികവിശേഷങ്ങൾ.

12. അങ്ങിനെ, സൈനികവും, സാമ്പത്തികവും, രാഷ്ട്രീയ–സംഘടനാപരവുമായി ജപ്പാന് വമ്പിച്ച ശക്തിയുണ്ട്. എന്നാൽ ജപ്പാന്റെ യുദ്ധം പിൻതിരിപ്പനാണ്. കാടത്തം നിറഞ്ഞതാണ്. അവരുടെ ആൾബലവും ഭൗതികസമ്പത്തും തീരെ അപര്യാപ്തമാണ്. അന്താരാഷ്ട്രീയമായി അതു് തീരെ മെച്ചമില്ലാത്ത അവസ്ഥയിലാണ്. നേരെമറിച്ച് ചൈന സൈനികമായും, സാമ്പത്തികമായും; രാഷ്ട്രീയ–സംഘടനാപരമായും ദുർബ്ബലമാണ്. എന്നാൽ ചൈന പുരോഗതിയുടെ ഒരു ചരിത്രഘട്ടത്തിൽ എത്തിനിൽക്കുന്നു, ചൈനയുടെ യുദ്ധം പുരോഗമനപരവും നീതിപൂർവ്വവും ആണ്. എല്ലാററിനും ഉപരി, വിശാലമായ ഒരു രാജ്യം എന്ന നിലയിൽ ദീർഘകാല അടിസ്ഥാനത്തിലുള്ള യുദ്ധം തുടർന്നു കൊണ്ടുപോകുവാൻ ചൈന പ്രാപ്തമാണ്. ലോകത്തിന്റെ മിക്ക രാജ്യങ്ങളിലും ചൈനക്ക് പിൻതുണ നൽകുകയും ചെയ്യും. ചൈന–ജപ്പാൻ യുദ്ധത്തിന്റെ അടിസ്ഥാനപരവും പരസ്പരവിരുദ്ധവുമായ സ്വഭാവ വിശേഷങ്ങൾ ഇവയാണ്. ഇരുകൂട്ടരുടേയും രാഷ്ട്രീയനയങ്ങളും സൈനികതന്ത്രങ്ങളും അടവുകളും, നിർണ്ണയിച്ചതും നിർണ്ണയിക്കുന്നതും ഇവയാണ്.

Scanned by CamScanner

യുദ്ധത്തിന്റെ ദീർഘസ്വഭാവവും അന്തിമ വിജയവും ജപ്പാന്റേതായിരിക്കില്ല, ചൈനയുടെതായിരിക്കും എന്ന അതിന്റെ അനന്തരഫലവും നിർണ്ണയിച്ചതും നിർണ്ണയിക്കുന്നതും ഇവയാണ്. യുദ്ധം ഈ വിരുദ്ധസ്വഭാവവിശേഷങ്ങൾ തമ്മിലുള്ള മത്സരമാണ്. യുദ്ധഗതി അനുസരിച്ച് ഈ സ്വഭാവവിശേഷങ്ങൾ അവയുടെ പ്രകൃതമനുസരിച്ച് വീണ്ടും പരിഗണിക്കും. ഈ പരിണാമത്തിൽനിന്നാണ് എല്ലാം രൂപപ്പെടുക. ഈ സ്വഭാവവിശേഷങ്ങൾ ശരിക്കും നിലനില്ക്കുന്നവയാണ്. ജനങ്ങളെ വഴിതെറ്റിക്കാൻ നമ്മൾ ഉണ്ടാക്കിയതല്ല. അപൂർണ്ണമായ പൊട്ടുപൊടികൾ അല്ല, മറിച്ച് യുദ്ധത്തിന്റെ അടിസ്ഥാനപരമായ എല്ലാ മൂലഘടകങ്ങളും അവയിൽ അടങ്ങിയിരിക്കുന്നു. ഇവ ഇരുഭാഗത്തും ഉള്ള പ്രധാനവും അപ്രധാനവും ആയ എല്ലാ പ്രശ്നങ്ങളിലും, യുദ്ധത്തിന്റെ എല്ലാ ഘട്ടങ്ങളിലും സ്വാധീനം ചെലുത്തുന്നു, അല്ലാതെ അനന്തരഫലങ്ങൾ ഇല്ലാത്ത കാര്യങ്ങളിൽ അല്ല. ഈ സ്വഭാവവിശേഷങ്ങളെ കണക്കിലെടുക്കാതെ ആരെങ്കിലും ചൈന—ജപ്പാൻ യുദ്ധം പരിഗണിക്കുകയാണെങ്കിൽ അയാൾക്ക് തീർച്ചയായും തെറ്റ് പററും. അയാളുടെ ചില നിഗമനങ്ങൾ പ്രത്യക്ഷത്തിൽ ശരിയും താല്ക്കാലികമായി കുറച്ച് ആളുകളുടെ അംഗീകാരമുള്ളവയാകുമെങ്കിലും, യുദ്ധഗതി അയാൾക്ക് തെററുപററി എന്ന് തെളിയിക്കും. ഈ സ്വഭാവവിശേഷങ്ങളുടെ അടിസ്ഥാനത്തിൽ നാം ഏറെറടുക്കാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രശ്നങ്ങളെയും വിശദീകരിക്കാൻ നമുക്ക് ശ്രമിക്കാം.

## ദേശീയ കീഴടങ്ങൽ സിദ്ധാന്തത്തിന്റെ നിരാകരണം

13. ശത്രുവിന്റെ ശക്തിയും നമ്മുടെ ദൗർബ്ബല്യവും തമ്മിലുള്ള വൈരുദ്ധ്യം മാത്രം കണക്കിലെടുത്തുകൊണ്ട് കീഴടങ്ങൽ സിദ്ധാന്തക്കാർ പറയുമായിരുന്നു. ''ചെറുത്തുനില്പ് എന്നുപറഞ്ഞാൽ കീഴടങ്ങലാണ്.'' ഇപ്പോൾ അവർ പറയുന്നത് ''യുദ്ധം തുടരുകയെന്നുവെച്ചാൽ കീഴടങ്ങേണ്ടി'' വരുമെന്നാണ്. ജപ്പാൻ ശക്തമാണെങ്കിലും ചെറുതാണെന്നും. ചൈന ദുർബ്ബലമാണെങ്കിലും വലുതാണെന്നുമുള്ള വെറും പ്രസ്താവന കൊണ്ട് അവരെ ബോദ്ധ്യപ്പെടുത്താനാവില്ല. സുങ് രാജവംശത്തെ യുവാൻ നിലംപരിശാക്കിയതും, മിങ് രാജവംശത്തെ ചിങ് തകർത്തെറിഞ്ഞതുംപോലുള്ള ചരിത്ര സംഭവങ്ങൾ, ചെറുതെങ്കിലും ശക്തമായ ഒരു രാഷ്ട്രത്തിന്, വലുതെങ്കിലും ദുർബ്ബലമായൊരു രാഷ്ട്രത്തെ തോല്പിക്കാനാവുമെന്നും, അതുപോലെതന്നെ ഒരു പിന്നോക്കരാജ്യത്തിന് ഒരു വികസിതരാജ്യത്തെ കീഴടക്കാൻ കഴിയുമെന്നും അവർ വാദിച്ചേക്കാം. ഈ കാര്യങ്ങൾപുരാതന കാലത്തു സംഭവിച്ചതാണെന്നും ഇപ്പോൾ തെളിവുകളായി നിരത്തിയതുകൊണ്ട ഫലമില്ലെന്നും നമ്മൾപറഞ്ഞാൽ, ഇന്ത്യയെ ബ്രിട്ടീഷുകാർ കീഴടക്കിയത് ചൂണ്ടിക്കാട്ടിക്കൊണ്ട്, ചെറുതെങ്കിലും ശക്തമായ ഒരു മുതലാളിത്തരാജ്യത്തിന്, വലുതെങ്കിലും പിന്നോക്കാവസ്ഥയിലുള്ള ഒരു രാജ്യത്തെ കീഴടക്കാനാവുമെന്ന് അവർക്കുപറയാൻ കഴിയും. അതുകൊണ്ട് ഈ കീഴടങ്ങൽവാദികളുടെ നാവടക്കാനും അവരെ ബോധ്യപ്പെടുത്താനും, ഇപ്പോഴും ആശയകുഴപ്പത്തിൽപ്പെട്ട സ്ഥിരതയില്ലാതിരിക്കുന്ന ആളുകളെബോധ്യപ്പെടുത്താനും, ചെറുത്തുനില്പ് യുദ്ധത്തിലുള്ള അവരുടെ വിശ്വാസം ഉറപ്പിക്കാനുമായി നമ്മുടെ പ്രചാരകർക്കാവശ്യമായ വാദങ്ങൾ നൽകാനും നമുക്ക് മററുകാര്യങ്ങൾ മുന്നോട്ടുവെക്കാം.

Scanned by CamScanner

14. ഏതുകാര്യമാണ് നാം മുന്നോട്ടുവെക്കേണ്ടതു്? ഈ ചരിത്ര ഘട്ടത്തിന്റെ സ്വഭാവവിശേഷങ്ങൾ ജപ്പാന്റെ പിന്തിരിപ്പത്വത്തിലും അതിനുള്ള പിന്തുണയുടെ അഭാവത്തിലും ചൈനയുടെ പുരോഗതിയിലും പിന്തുണയുടെ ബാഹുല്യത്തിലും ഈ സ്വഭാവവിശേഷങ്ങൾ സമൂർത്തമായി പ്രതിഫലിക്കുന്നു.

15. നമ്മുടെ യുദ്ധം ഇരുപതാം നൂററാണ്ടിന്റെ മുപ്പതുകളിൽ ചൈനയും ജപ്പാനും തമ്മിൽ ഏററുമുട്ടുന്ന ഒരു യുദ്ധമല്ലാതെ മറെറാന്നുമല്ല. നമ്മുടെ ശത്രു, ജപ്പാൻ, ഒന്നാമതായി ക്ഷയോന്മുഖമായ ഒരു സാമ്രാജ്യത്വ ശക്തിയാണ്. അതു് മുമ്പുതന്നെ അധഃപതനോന്മുഖമായ ഒരു ദിശയിലാണ്. ബ്രിട്ടീഷ് മുതലാളിത്തം പുരോഗമനോന്മുഖമായിരുന്ന ഒരു ഘട്ടത്തിലാണ് ഇന്ത്യയെ കീഴടക്കിയതു്. ജപ്പാന്റെ ഇന്നത്തെ അവസ്ഥ അന്നത്തെ ബ്രിട്ടന്റേതിൽനിന്നു് വ്യത്യസ്തമാണ്; എന്തിനു്, ഇരുപതുകൊല്ലം മുമ്പുനടന്ന ഒന്നാംലോകമഹായുദ്ധകാലത്തെ ജപ്പാന്റേതിൽനിന്നുപോലും വ്യത്യസ്തമാണ് അതിന്റെ ഇന്നത്തെ അവസ്ഥ. സാമ്രാജ്യത്വത്തിന്റെ പൊതു തകർച്ചയുടെ തലേന്നാളും ഫാസിസ്റ്റ് രാജ്യങ്ങളുടെ തകർച്ചയുടെ ആരംഭഘട്ടത്തിലുമാണ് ഈ യുദ്ധം അഴിച്ചുവിടപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണ് വിറളിപിടിച്ച രീതിയിലുള്ള അവസാനത്തെ ഈ സാഹസികയുദ്ധത്തിനു് ശത്രു ഒരുമ്പെട്ടതു്. അതുകൊണ്ടു്, നിസ്സംശയമായും ചൈനയായിരിക്കില്ല. ജാപ്പ് സാമ്രാജ്യത്വത്തിന്റെ ഭരണവിഭാഗമായിരിക്കും യുദ്ധഫലമായി നശിപ്പിക്കപ്പെടുക. എല്ലാററിലുമുപരി ഏറെ രാജ്യങ്ങൾ യുദ്ധത്തെ അഭിമുഖീകരിക്കുകയും അല്ലെങ്കിൽ അഭിമുഖീകരിക്കേണ്ടിടത്തു് എത്തുകയും ചെയ്ത ഒരു സമയത്താണ്; നമ്മൾ പൈശാചികമായ ആക്രമണയുദ്ധത്തിന്നെതിരായി പോരാടുകയോ, പോരാടാൻ തയ്യാറാവുകയോ ചെയ്യുന്ന സമയത്താണ്, ജപ്പാൻ ഈ യുദ്ധം ആരംഭിച്ചതു്. അതുപോലെതന്നെ ചൈനയുടെ താല്പര്യം ഈ രാജ്യങ്ങളുടെയും ജനങ്ങളുടെയും താല്പര്യവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഈ രാജ്യങ്ങളിലും, ജനങ്ങളിലും ജപ്പാനെതിരെ ഉയർന്നുവന്നിരിക്കുന്ന, ഇനിയും കൂടുതലായി ഉയർന്നുവരാനിരിക്കുന്ന എതിർപ്പിന്റെ മൂലകാരണം ഇതാണ്.

16. ചൈനയെ സംബന്ധിച്ചോ? ഇന്നത്തെ ചൈനയെ അതിന്റെ മറെറാരുചരിത്രഘട്ടത്തിലെ ചൈനയുമായും താരതമ്യപ്പെടുത്തി നോക്കിക്കൂടാ. അർദ്ധ കൊളോണിയലും അർദ്ധ ഫ്യൂഡലുമായ ഒരു രാജ്യമാണ് ചൈന. അതുകൊണ്ടുതന്നെ ചൈനയെ ഒരു ദുർബ്ബലരാജ്യമായാണ് കണക്കാക്കുന്നതു്. എന്നാൽ അതേ ചൈന ഇന്നു പുരോഗതിയുടെ ഒരു ചരിത്രഘട്ടത്തിൽ എത്തിനില്ക്കുകയാണ്. ചൈനക്കു് ജപ്പാനെ തോല്പിക്കാൻ കഴിയും എന്നതിന്റെ ഒന്നാമത്തെ കാരണവും ഇതുതന്നെയാണ്. ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധം പുരോഗമനപരമാണെന്നു പറയുമ്പോൾ സാധാരണ അർത്ഥത്തിലോ, പൊതുവായ അർത്ഥത്തിലോ ഉള്ള പുരോഗമനസ്വഭാവമല്ല ഉദ്ദേശിക്കപ്പെടുന്നതു്. ഇററലിക്കെതിരായി നടത്തിയ അബിസീനിയൻ യുദ്ധത്തിന്റേതുപോലുള്ള പുരോഗമന സ്വഭാവമോ, തായ്പിങ്ങ്‌വിപ്ലവത്തിന്റേതു പോലുള്ള പുരോഗമന സ്വഭാവമോ അല്ല ഉദ്ദേശിക്കപ്പെടുന്നതു്. ഇന്നത്തെ ചൈനയുടെപുരോഗമനസ്വഭാവമാണ് നാം അർത്ഥമാക്കുന്നതു്. ഇന്നു് ചൈന പൂർണ്ണമായും ഒരു ഫ്യൂഡൽരാജ്യമല്ലാതായി കഴിഞ്ഞിരിക്കുന്നു. ഇന്നു ചൈനയിൽ കുറച്ചു മുതലാളിത്തമുണ്ടു്, ഒരു മുതലാളിവർഗവും ഒരു തൊഴിലാളിവർഗവുമുണ്ടു്. പ്രബുദ്ധരായ, പ്രബുദ്ധരായിക്കൊണ്ടിരിക്കുന്ന വിശാലബഹുജനങ്ങളുണ്ടു്; ഒരു കമ്യൂണിസ്റ്റ്പാർട്ടിയും പുരോഗമനസ്വഭാവമുള്ള ഒരു സൈ

Scanned by CamScanner

ന്യവും, അതായത് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു ചുവപ്പുസൈന്യവുമുണ്ട്. അനേകദശകങ്ങളിലെ വിപ്ലവപാരമ്പര്യവും അനുഭവവും ഉണ്ട്; പ്രത്യേകിച്ചും ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടി സ്ഥാപിച്ചതിനു് ശേഷമുള്ള കഴിഞ്ഞ പതിനേഴ്‌വർഷക്കാലംകൊണ്ട് സ്വരൂപിച്ചെടുത്ത അനുഭവങ്ങളുണ്ട്. ഇതുകൊണ്ടെല്ലാമാണ് ചൈന പുരോഗമനപരമാവുന്നത്. ഈഅനുഭവങ്ങൾ ചൈനീസ്ജനതയുടെയോ, ചൈനീസ് രാഷ്ട്രീയപാർട്ടികളേയും വിദ്യാഭ്യാസം ചെയ്യിപ്പിച്ചിട്ടുണ്ട്. ഇതാണ് ജപ്പാനെതിരായ ചൈനയുടെ ഇന്നത്തെ ഐക്യദാർഢ്യത്തിന്റെ അടിസ്ഥാനം. 1905 ലെ അനുഭവം കൂടാതെ റഷ്യയിൽ 1917 ലെ വിപ്ലവവിജയം സാദ്ധ്യമാവുമായിരുന്നില്ലെന്ന് പറയണമെങ്കിൽ, കഴിഞ്ഞ പതിനേഴുകൊല്ലക്കാലത്തെ അനുഭവങ്ങൾ കൂടാതെ ജാപ്പ്‌വിരുദ്ധ യുദ്ധത്തിൽ വിജയം സാദ്ധ്യമാവില്ലെന്ന് നമുക്ക് പറയാൻ കഴിയും. ഇതാണ് ചൈനയുടെ ആഭ്യന്തരപരിത:സ്ഥിതി.

നിലവിലുള്ള സാർവ്വദേശീയ പരിത:സ്ഥിതിയിൽ ചൈന ഈ യുദ്ധത്തിൽ ഒററപ്പെട്ടിട്ടില്ല എന്നത് ചരിത്രത്തിലെ അഭൂതപൂർവ്വമായ വസ്തുതയാണ്. കഴിഞ്ഞകാലത്ത്, ചൈനയിലായാലും ഇന്ത്യയിലായാലും, ഒററപ്പെട്ടരീതിയിലാണ് യുദ്ധങ്ങൾ ഉണ്ടായിട്ടുള്ളത്. ചരിത്രത്തിൽ സാധാരണമല്ലാത്തവിധത്തിൽ ആഴത്തിലും വ്യാപ്തിയിലും ലോകമെമ്പാടും ജനകീയപ്രസ്ഥാനങ്ങൾ ഉടലെടുത്തതും, ഇപ്പോഴും ഉടലെടുത്തുകൊണ്ടിരിക്കുന്നതും ചൈനക്ക് സഹായം എത്തിക്കുന്നതും ഇന്നുമാത്രമാണ്. 1917 ലെ റഷ്യൻ വിപ്ലവത്തിനും അന്താരാഷ്ട്രീയ പിന്തുണ ലഭിക്കുകയുണ്ടായി. അത് റഷ്യൻ തൊഴിലാളികളേയും കർഷകരേയും വിജയം നേടാൻ സഹായിക്കുകയും ചെയ്തു. എന്നാൽ ആ സഹായം ഇന്നു ചൈനക്കുലഭിച്ചുകൊണ്ടിരിക്കുന്ന സഹായത്തോളം വമ്പിച്ചതോ ഉത്കൃഷ്ടമോ ആയിരുന്നില്ല. ജനകീയ പ്രസ്ഥാനങ്ങൾ ഇന്ന് ലോകമെങ്ങും പണ്ടെങ്ങുമില്ലാതിരുന്ന ആഴത്തോടും വ്യാപ്തിയോടുംകൂടി വികാസംപ്രാപിച്ചുകൊണ്ടിരിക്കുകയാണ്. സോവിയററ് യൂണിയന്റെ അസ്തിത്വം സാർവ്വദേശീയരാഷ്ട്രീയത്തിൽ ഇന്ന് സജീവമായ ഒരു ഘടകമാണ്. വർദ്ധമാനമായ ഉത്സാഹത്തോടുകൂടി സോവിയററ്യൂണിയൻ ചൈനയെ നിശ്ചയമായും പിന്തുണക്കും. ഇരുപത്കൊല്ലം മുൻപ് ഇതുപോലെ ഒരവസ്ഥ ഉണ്ടായിരുന്നില്ല. ഈ ഘട്ടങ്ങളെല്ലാംചേർന്ന് ചൈനയുടെ അന്തിമവിജയത്തെ ഉറപ്പുവരുത്തുന്ന, അനിവാര്യമായ പരിതസ്ഥിതികളെ സൃഷ്ടിച്ചിട്ടുണ്ട്, സൃഷ്ടിച്ചുകൊണ്ടിരിക്കുകയുമാണ്. വൻതോതിലുള്ള പ്രത്യക്ഷസഹായം ഇനിയും വന്നുതുടങ്ങിയിട്ടില്ല, ഇതു ഭാവിയിലേ ഉണ്ടാകൂ; എങ്കിൽപോലും ചൈനയുടെ പുരോഗമനസ്വഭാവവും വമ്പിച്ച വലുപ്പവും യുദ്ധത്തെ നീട്ടിക്കൊണ്ടുപോവാനും അന്താരാഷ്ട്രീയ പിന്തുണ നേടാനും, ഇത് ലഭിക്കുന്നതുവരെ കാത്തുനില്ക്കാനും ചൈനയെ പ്രാപ്തമാക്കും.

17. ഇതിനെല്ലാം പുറമെ, കുറഞ്ഞ രാജ്യവിസ്തൃതിയും, പരിമിതമായ പ്രകൃതിസമ്പത്തും, കുറഞ്ഞ ജനസംഖ്യയും, ചെറിയ സൈന്യവുമുള്ള ഒരു ചെറിയ രാജ്യമാണ് ജപ്പാനെന്നിരിക്കെ, വിസ്തൃതമായ ഭൂപ്രദേശങ്ങളും സമൃദ്ധമായ പ്രകൃതിസമ്പത്തും ഭീമമായ ഒരു ജനസംഖ്യയും വമ്പിച്ച സൈന്യങ്ങളുമുള്ള ഒരു വലിയ രാജ്യമാണ് ചൈന എന്ന അവസ്ഥയുമുണ്ട്; അങ്ങിനെ ബലവും ദൗർബല്യവും തമ്മിലുള്ള വൈരുദ്ധ്യത്തിനു പുറമെ, ചെറിയ രാജ്യം, പിന്തിരിപ്പത്തം, പിന്തുണയുടെ അഭാവം ഇവ ഒരുവശത്തും, വലിയ രാജ്യം, പുരോഗതി, ധാരാളമായ പിന്തുണ— ഇവ മറുവശത്തുമായുള്ള വൈരുദ്ധ്യവുമുണ്ട്. ഇതാണ് ചൈന ഒരിക്കലും

Scanned by CamScanner

കീഴടക്കപ്പെടില്ല എന്നതിന്റെ കാരണം. ബലവും ദൗർബല്യവും തമ്മിലുള്ള വൈരുദ്ധ്യത്തിനർത്ഥം ചൈനയെ കീഴ്പ്പെടുത്തുന്നതിൽ ജപ്പാൻ കുറച്ചുകാലത്തേക്ക്, ഒരു പരിധിവരെ വിജയിക്കുമെന്നും, ചൈനയ്ക്ക് അനിവാര്യമായും വിഷമംപിടിച്ച ഒരു കാലഘട്ടത്തിലൂടെ കടന്നുപോകേണ്ടതായിവരുമെന്നും, ജാപ്പനീസ് വിരുദ്ധയുദ്ധം സുദീർഘമായ ഒന്നായിരിക്കുമെന്നും പെട്ടെന്ന് നിർണ്ണായകഫലങ്ങൾ ഉണ്ടാകുന്ന ഒരു യുദ്ധം ആയിരിക്കില്ല എന്നുമാണ്. എന്നാൽതന്നെ, ഒരു ചെറിയ രാജ്യം, പിന്തിരിപ്പത്തം, പിന്തുണയുടെ അഭാവം എന്നിവ ഒരു ഭാഗത്തും വലിയ രാജ്യം, പുരോഗതി, പിന്തുണയുടെ ധാരാളിത്തം എന്നിവ മറുഭാഗത്തുമായുള്ള വൈരുദ്ധ്യത്തിൽ ചൈനയെഎല്ലാ കാലത്തേക്കും തോല്പിച്ചുനിർത്താൻ ജപ്പാനു സാധിക്കില്ലെന്നും, അന്തിമമായ പരാജയത്തിന്റെ പടുകുഴിയിലേക്കുള്ള ജപ്പാന്റെ പതനം അനിവാര്യമാണെന്നും അവസാന വിജയം ചൈനയുടേതായിരിക്കുമെന്നുംകൂടി അർത്ഥമുണ്ട്.

18. എന്തുകൊണ്ടാണ് അബിസീനിയ കീഴടക്കപ്പെട്ടത്? അബിസീനിയ ഒരു ദുർബലരാജ്യം മാത്രമല്ല ചെറിയ രാജ്യംകൂടിയായിരുന്നു. രണ്ടാമതായി അബിസീനിയ ചൈനയുടെ അത്രതന്നെ പുരോഗമിച്ചിരുന്നില്ല. അടിമത്തത്തിൽനിന്ന് അടിയായ്മയിലേക്കു കടക്കുന്നേ ഉണ്ടായിരുന്നുള്ളു. കമ്യൂണിസ്റ്റ്പാർട്ടി പോയിട്ട്, മുതലാളിത്തമോ മുതലാളിത്തപാർട്ടികളോ അവിടെ ഉണ്ടായിരുന്നില്ല. എട്ടാംപഥസൈന്യത്തിന്റേതുപോലെ പോകട്ടെ, ചൈനയുടേതുപോലെ പോലും ഉള്ള ഒരു സൈന്യവും ഉണ്ടായിരുന്നില്ല. മൂന്നാമതായി അന്താരാഷ്ട്രീയ പിന്തുണയ്ക്കു കാത്തുനില്ക്കാനാവാതെ അബിസീനിയയ്ക്ക് ഒറ്റയ്ക്കുനിന്നു യുദ്ധം ചെയ്യേണ്ടിവന്നു, നാലാമതായും മുഖ്യമായും ഇററലിക്കെതിരായ യുദ്ധത്തിൽ അബിസീനിയൻ നേതൃത്വം തെററുകൾ വരുത്തി. അതുകൊണ്ടാണ് അബിസീനിയ കീഴടക്കപ്പെട്ടതും. എന്നാൽ, ഇപ്പോഴും അബിസീനിയക്കാർ തികച്ചും വ്യാപകമായ രീതിയിൽതന്നെ ഒളിപ്പോർ നടത്തിക്കൊണ്ടിരിക്കുകയാണ്. അതു ശരിക്കും തുടർന്നുപോവുകയാണെങ്കിൽ, ഭാവിയിൽ ലോകപരിതസ്ഥിതി മാറുമ്പോൾ അവർക്കു തങ്ങളുടെ മാതൃഭൂമി വീണ്ടെടുക്കാൻ കഴിഞ്ഞേക്കും.

19. ''ചെറുത്തുനില്പ് എന്നാൽ കീഴടങ്ങൽ എന്നാണ് അർത്ഥം'' ''യുദ്ധം തുടരുക എന്നാൽ കീഴടങ്ങുകയായിരിക്കും ഫലം'' എന്നിങ്ങനെയുള്ള വാദങ്ങൾക്ക് തെളിവു കണ്ടെത്താൻ 'കീഴടങ്ങൽ'വാദികൾ ആധുനികചൈനയിലെ വിമോചനപ്രസ്ഥാനങ്ങളുടെ പരാജയചരിത്രം ഉദ്ധരിക്കുമ്പോൾ ''കാലങ്ങൾ വ്യത്യസ്തമാണ്'' എന്നതാണ് നമുക്കുള്ള മറുപടി. ജപ്പാനിലെ ആഭ്യന്തര അവസ്ഥയും അന്താരാഷ്ട്രീയമായ പരിതസ്ഥിതിയും. ചൈനതന്നെയും മുമ്പത്തേതിനെക്കാൾ ഏറെ വ്യത്യസ്തമാണ്. ജപ്പാൻ പണ്ടത്തെക്കാൾ കൂടുതൽ ശക്തമാണെന്നതും, ഇപ്പോഴും അർദ്ധഫ്യൂഡൽ അർദ്ധ കൊളോണിയൽ അവസ്ഥ നിലനില്ക്കുന്ന ചൈന ദുർബലമാണെന്നതും തുലോം ഗൗരവതരമായ കാര്യമാണ്. ജപ്പാനു സ്വന്തം ജനങ്ങളെ ഇപ്പോഴും അടക്കിനിർത്താൻ കഴിയും എന്നതും ചൈനയെ കടന്നാക്രമിക്കാനായി അന്താരാഷ്ട്രീയ സംഘർഷത്തിൽനിന്നും മുതലെടുക്കാൻ കഴിയും എന്നതും ഒരു വസ്തുതയാണ്. പക്ഷെ യുദ്ധത്തിന്റെ ദീർഘകാലഗതിയിൽ കാററു മാറി വീശാതിരിക്കാൻ നിവൃത്തിയില്ല. ഇനിയും ഇതൊരു വസ്തുതയായിട്ടില്ലെങ്കിലുംഭാവിയിൽ തീർച്ചയായുംഇതൊരുവസ്തുതയായി മാറും. ദേശീയ കീഴടങ്ങൽവാദികൾ ഈ കാര്യത്തെ തള്ളിക്കളയുന്നു. ചൈനയെ സംബന്ധിച്ചേടത്തോളം നമുക്ക് ഇന്ന് പുതിയ ജനങ്ങളും, പുതിയ രാഷ്ട്രീയപാർട്ടിയും പുതിയ സൈന്യവും പുതിയ ജാപ്പ്

വിരുദ്ധനയവും ഉണ്ട്. ഒരു ദശാബ്ദത്തിനു മുമ്പുണ്ടായിരുന്നതിൽനിന്നു് വ്യത്യസ്തമായ ഒരു സാഹചര്യമാണിതു്. മാത്രമല്ല, ഇതെല്ലാം അനിവാര്യമായും കൂടുതൽ വികസിക്കുകയും ചെയ്യും. ചരിത്രപരമായി ചൈനയിലെ വിമോചനപ്രസ്ഥാനങ്ങൾ വീണ്ടും വീണ്ടും തിരിച്ചടികൾ നേരിട്ടിട്ടുണ്ടെങ്കിലും, അതിന്റെ ഫലമായി നമുക്ക് ഇന്നത്തെ ചെറുത്തുനില്പുയുദ്ധത്തിനുവേണ്ടി വലിയൊരു പരിധിവരെ ശക്തി സംഭരിക്കാൻ കഴിഞ്ഞിട്ടില്ല എന്നിരിക്കിലും—ഇതു് വേദനാകരമായ ഒരു ചരിത്രപാഠമാണ്—ഒരിക്കലും നമ്മുടെ വിപ്ലവസൈന്യങ്ങളെ നാംതന്നെ നശിപ്പിക്കരുതെന്നു് ചരിത്രം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഇന്നത്തെ നിലയിൽ, വമ്പിച്ച ശ്രമങ്ങൾ നടത്തിക്കൊണ്ട് നമുക്ക് ക്രമേണ മുന്നോട്ടുപോകുവാനും നമ്മുടെ ചെറുത്തുനില്പിന്റെ ശക്തി വർദ്ധിപ്പിക്കാനും കഴിയും. അത്തരം യജ്ഞങ്ങളെല്ലാം കേന്ദ്രീകരിക്കേണ്ടതു് മഹത്തായ ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയിലാണ്. അന്താരാഷ്ട്രീയ പിന്തുണയെ സംബന്ധിച്ചാണെങ്കിൽ പ്രത്യക്ഷവും വിപുലവുമായ സഹായം കൺമുന്നിലില്ലെങ്കിലും അതുരുത്തിരിഞ്ഞു വന്നുകൊണ്ടിരിക്കുകയാണ്, കാരണം അന്താരാഷ്ട്രീയ പരിതഃസ്ഥിതി പഴയതിൽനിന്നും അടിസ്ഥാനപരമായി വ്യത്യസ്തമാണിന്നു്. ചെറുത്തുനില്പുയുദ്ധത്തെ കൂടുതൽ ദുഷ്കരമാക്കുന്ന—ശത്രുവിന്റെ ബലം, നമ്മുടെ ദൗർബല്യം, ശത്രുവിന്റെ വിഷമതകൾ ആരംഭിക്കുന്നേയുള്ളു എന്ന വസ്തുത, നമ്മുടെ പുരോഗതി ഇനിയും അപര്യാപ്തമാണെന്ന വസ്തുത, തുടങ്ങിയ—നിരവധി ബുദ്ധിമുട്ടുകൾ നിലവിലുണ്ടെങ്കിൽപോലും, ശത്രുവിന്റെ പരാജയത്തിനു സഹായകമായ നിരവധി ഘടകങ്ങളും നിലനില്ക്കുന്നുണ്ട്. ആയതിനോട് നമ്മുടെ ആത്മനിഷ്ഠയത്നങ്ങൾ കൂട്ടിച്ചേർക്കുക മാത്രമേ വേണ്ടൂ. എങ്കിൽ വൈഷമ്യങ്ങൾ തരണംചെയ്യാനും വിജയം നേടാനും നമുക്ക് കഴിയുന്നതാണ്. നമ്മുടെ ചരിത്രത്തിൽ മുമ്പൊരു ഘട്ടത്തിലും നിലനിന്നിട്ടില്ലാത്ത അനുകൂല സാഹചര്യങ്ങളാണിവ. അതുകൊണ്ടുതന്നെ നമ്മുടെ ചരിത്രത്തിലെ വിമോചനപ്രസ്ഥാനങ്ങൾ പരാജയപ്പെട്ടതുപോലെ ജാപ്പ് വിരുദ്ധയുദ്ധം ഒരിക്കലും പരാജയപ്പെടുകയില്ല.

## ഒത്തുതീർപ്പോ ചെറുത്തുനില്പോ?
## ജീർണ്ണതയോ പുരോഗതിയോ?

20. ''ദേശീയ കീഴടങ്ങൽ സിദ്ധാന്തം'' അടിസ്ഥാനരഹിതമാണെന്നു്, മുകളിൽ പറഞ്ഞതുപോലെ, വിശദീകരിച്ചുകഴിഞ്ഞതാണ്. എങ്കിലും, വർത്തമാന പരിതഃസ്ഥിതിയെക്കുറിച്ച് അഗാധമായി ഉല്ക്കണ്ഠാകുലരായ ഒട്ടേറെ പേരുണ്ട്. അവരെല്ലാവരും ഈ സിദ്ധാന്തത്തെ അംഗീകരിക്കുന്നവരല്ല. മറിച്ച്, സത്യസന്ധരും നല്ലവരുമായ സ്വരാജ്യസ്നേഹികൾതന്നെ. ജപ്പാനുമായി ഒത്തുതീർപ്പുണ്ടാകുമോ എന്ന ഭയവും, രാഷ്ട്രീയപുരോഗതിയുടെ സാദ്ധ്യതയെക്കുറിച്ചുള്ള നൈരാശ്യവുമാണ് അവരെ അലട്ടുന്ന രണ്ട് കാര്യങ്ങൾ. ഈ രണ്ട് കുഴഞ്ഞ പ്രശ്നങ്ങളും വിപുലമായി ചർച്ചചെയ്യുന്നുണ്ട്. ധാരാളം ആളുകൾ ചർച്ച ചെയ്യുവയുമാണ്, എന്നാൽ അവയുടെ പരിഹാരത്തിനുള്ള താക്കോൽ ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നമുക്കീ പ്രശ്നങ്ങൾ പരിശോധിക്കാൻ ശ്രമിക്കാം.

21. നേരത്തെ വിശദീകരിച്ചതുപോലെ ഒത്തുതീർപ്പിന്റെ പ്രവണതകൾക്ക് അവയുടേതായ സാമൂഹ്യവേരുകളുണ്ട്. ഈ വേരുകൾ നിലനില്ക്കുന്നേടത്തോളം കാലം ഒത്തുതീർപ്പിനുള്ള പ്രവണതകൾ ഉയർന്നുവരിക

Scanned by CamScanner

തന്നെ ചെയ്യും. എന്നാൽ ഒത്തുതീർപ്പ് പ്രയോജനകരമാകാൻ പോകുന്നില്ല. ഇതു് തെളിയിക്കുന്നതിനു് ജപ്പാനും ചൈനയും അന്താരാഷ്ട്രീയപരിത:സ്ഥിയും അടങ്ങുന്ന ഘടകങ്ങളെ മാത്രം നോക്കിയാൽ മതി. ആദ്യമായി നമുക്കു് ജപ്പാന്റെ അവസ്ഥ പരിശോധിക്കാം. ചെറുത്തുനില്പുയുദ്ധത്തിന്റെ ആരംഭഗതിയിൽ ഒത്തുതീർപ്പിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുമെന്നു് നാം കണക്കുകൂട്ടി; അതായതു് ശത്രു വടക്കൻ ചൈനയും കിയാങ്ങ്സൂവും, ചെക്യാങ്ങും കൈവശപ്പെടുത്തിക്കഴിഞ്ഞാൽ ജപ്പാൻ നമ്മളെ കീഴടങ്ങാൻ പ്രേരിപ്പിക്കുമെന്നു നമ്മൾ കണക്കുകൂട്ടി. തീർച്ചയായും അവരീ പദ്ധതിതന്നെ സ്വീകരിച്ചു; എന്നാൽ പ്രതിസന്ധി അധികകാലം നീണ്ടുനിന്നില്ല. കാരണം ശത്രു എല്ലായിടത്തും കാടത്തത്തിന്റെ നയം അനുവർത്തിക്കുകയും നഗ്നമായി കൊള്ളയടിക്കുകയും ചെയ്തു. ചൈന കീഴടങ്ങിയിരുന്നുവെങ്കിൽ, ഇന്നു് ഓരോ ചൈനക്കാരും സ്വരാജ്യം നഷ്ടപ്പെട്ട അടിമയാകുമായിരുന്നു. കൊള്ളയടിക്കുകയും ചൈനയെ കീഴ്പ്പെടുത്തുകയും ചെയ്യുകയെന്ന ശത്രുവിന്റെ നയത്തിനും രണ്ടു വശങ്ങളുണ്ടു്. അതായതു് ഭൗതികവും ആത്മീയവുമായ വശങ്ങൾ. ഇതു രണ്ടും എല്ലാ ചൈനക്കാർക്കും, താഴെക്കിടയിലുള്ളവർക്കും അതുപോലെതന്നെ മേലേക്കിടയിലുള്ളവർക്കും ബാധകമാണു്. രണ്ടാമത്തെ കൂട്ടരെ ഒരുപക്ഷെ അല്പം വിനയത്തോടുകൂടി കൈകാര്യം ചെയ്തേക്കാം. പക്ഷെ ഇക്കാര്യത്തിലും തോതിലുള്ള ഏററക്കുറച്ചിലുകളേ ഉണ്ടാകാൻ കഴിയൂ, അല്ലാതെ തത്വമാററമൊന്നും ഉണ്ടായിരിക്കുകയില്ല. പ്രധാനമായും ശത്രു മൂന്നു വടക്കുകിഴക്കൻ പ്രവിശ്യകളിൽ നടപ്പാക്കിക്കൊണ്ടിരുന്ന അതേ പഴയ നടപടികൾ ഉൾഭാഗത്തേക്കും പറിച്ചു നട്ടുകൊണ്ടിരിക്കുകയാണു്. ഭൗതികമായി സാധാരണജനങ്ങളുടെ ആഹാരവും വസ്ത്രവും അവർ കൊള്ളയടിക്കുകയാണു്. അങ്ങനെ വിശാല ബഹുജനങ്ങളെ വിശപ്പിലേക്കും തണുപ്പിലേക്കും തള്ളിയിടുന്നു, അവർ ഉല്പാദനോപാധികളെ കൊള്ളയടിക്കുകയാണു്. അങ്ങിനെ ചൈനയുടെ ദേശീയ വ്യവസായങ്ങളെ അടിമപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യുന്നു. ആത്മീയമായി, ചൈനീസ് ജനതയുടെ ദേശീയബോധത്തെ നശിപ്പിക്കുവാനാണു് ശത്രു പ്രവർത്തിക്കുന്നതു്; ഉദയസൂര്യന്റെ തലപ്പു കീഴിൽ, ചൈനീസ് ദേശീയബോധത്തിന്റെ ഒരാശയമെങ്കിലും നിലനിർത്താൻ അനുവദിക്കപ്പെടാത്ത അനുസരണശീലമുള്ള പ്രജകളാക്കി, ഭാരം ചുമക്കുന്ന മൃഗങ്ങളാക്കി ചൈനക്കാരെ മാററാനാണു ശ്രമിക്കുന്നതു്. ശത്രുവിന്റെ ഈ കാടത്തനയം ചൈനയുടെ ഏററവും ഉൾഭാഗത്തുകൂടി നടപ്പിലാക്കും. ജപ്പാന്റെ ചോരക്കൊതി നശിക്കാത്തതുകൊണ്ടു്, യുദ്ധം നിർത്താൻ അവർ ആഗ്രഹിക്കുന്നില്ല. ജാപ്പനീസ് മന്ത്രിസഭ അതിന്റെ 1938 ജനുവരി 16—ാംതീയതിയിലെ പ്രസ്താവനയിൽ വിളംബരപ്പെടുത്തിയ പരിപാടി നിശ്ചയദാർഢ്യത്തോടുകൂടി നടപ്പാക്കിക്കൊണ്ടിരിക്കയാണു്, അങ്ങിനെ ചെയ്തേ മതിയാകൂ; ഇതു് ചൈനയിലെ എല്ലാ വിഭാഗം ജനങ്ങളെയും രോഷാകുലരാക്കിയിട്ടുണ്ടു്. ജാപ്പനീസ് യുദ്ധത്തിന്റെ പിന്തിരിപ്പസ്വഭാവവും കാടത്തവും കാരണമായി, ‘‘തങ്ങളുടെ ദുർവ്വിധിയിൽനിന്നും രക്ഷപ്പെടുക അസാദ്ധ്യമാണെന്നു്’’ ഭയക്കുന്ന ചൈനീസ് ജനത, ജപ്പാനെതിരായി തികഞ്ഞ ശത്രുതയോടെ ഉണർന്നുകഴിഞ്ഞിട്ടുണ്ടു്. ഇനിയും ഭാവിയിൽ കീഴടങ്ങാൻ ശത്രു നമ്മളുടെമേൽ സമ്മർദ്ദം ചെലുത്തുമെന്നു്, അന്നും ചില ദേശീയ കീഴടങ്ങൽവാദികൾ ഇഴഞ്ഞു പുറത്തു വരുമെന്നു്, ചില വിദേശീയ ഘടകങ്ങളു (ബ്രിട്ടണിലും അമേരിക്കയിലും ഫ്രാൻസിലും പ്രത്യേകിച്ചു് ബ്രിട്ടനിലെ ഉയർന്നവിഭാഗത്തിലും അത്തരക്കാരെ കണ്ടെത്താൻ കഴിയും) മായി ഐക്യപ്പെടുമെന്നു്, ഈ പാതകത്തിൽ പങ്കാളികൾ ആകുമെന്നു കണക്കാക്കപ്പെടുന്നു. പക്ഷെ സംഭ

വങ്ങളുടെ പൊള്ളയായ പ്രവണത കീഴടങ്ങൽ അനുവദിക്കുകയില്ല എന്നാണു കാണിക്കുന്നതു്, കാരണം യുദ്ധം നടത്തുന്നതിനുള്ള ജപ്പാൻകാരുടെ സവിശേഷമായ കാടത്തവും മർക്കടമുഷ്ടിയും പ്രശ്നത്തിന്റെ ഈ വശം പരിഗണിച്ചുകഴിഞ്ഞു.

22. രണ്ടാമതായി, നമുക്കു് ചൈനീസ് അവസ്ഥ പരിശോധിക്കാം. ചെറുത്തുനില്പ്പു്യുദ്ധം നിരന്തരമായി കൊണ്ടുപോകുന്നതിനു് കാരണമായ മൂന്നു് ഘടകങ്ങൾ ചൈനയിൽ നിലവിലുണ്ടു്. ജപ്പാനെ ചെറുത്തുനില്ക്കാൻ ജനങ്ങൾക്കു് നേതൃത്വം കൊടുക്കുന്നതിൽ ആശ്രയിക്കാവുന്ന ശക്തിയായ കമ്യൂണിസ്റ്റുപാർട്ടി, ഈ ഘടകങ്ങളിൽ ഒന്നാം സ്ഥാനത്തു വരുന്നു. ബ്രിട്ടന്റേയും അമേരിക്കൻ ഐക്യനാടുകളുടേയും മേലുള്ള ആശ്രിതത്വംമൂലം അവർ ആവശ്യപ്പെട്ടാലല്ലാതെ ജപ്പാനു് കീഴടങ്ങാൻ വഴിയില്ലാത്ത കുമിന്താങ്ങു് ആണു് അടുത്ത ഘടകം. ഒത്തുതീർപ്പിനെ എതിർക്കുകയും, ചെറുത്തുനില്പു യുദ്ധത്തെ പിന്തുണക്കുകയും ചെയ്യുന്ന മററു പാർട്ടികളും ഗ്രൂപ്പുകളുമാണു് അവസാന ഘടകം. ഇവ മൂന്നും അന്യോന്യം ഐക്യപ്പെട്ടിരിക്കുന്നു. ഇവയിൽ ഏതെങ്കിലും ഒരു ഘടകം ഒത്തുതീർപ്പിനു തുനിയുകയാണെങ്കിൽ ആ ഘടകത്തെ ശത്രുസഹായികളുടെകൂടെ ചേർന്നതായി കണക്കാക്കാനും അവരെ ശിക്ഷിക്കാനും മററു രണ്ടു ഘടകങ്ങൾക്കും സാവകാശം ഉണ്ടായിരിക്കും. രാജ്യദ്രോഹികൾ ആകാൻ തയ്യാറല്ലാത്ത മററു് എല്ലാവരുംതന്നെ യുദ്ധം അതിന്റെ അന്ത്യംവരെ തുടർന്നുകൊണ്ടുപോകുവാൻ വേണ്ടി യോജിച്ചു പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥരാണു്. അതുകൊണ്ടു് ഒത്തുതീർപ്പു് വിജയിക്കുക സാദ്ധ്യമല്ല.

23. മൂന്നാമതായി, നമുക്കു അന്താരാഷ്ട്രീയ അവസ്ഥ പരിശോധിക്കാം. ജപ്പാന്റെ സഖ്യശക്തികളും മുതലാളിത്ത രാജ്യങ്ങളിലെ ഉന്നത തലത്തിലുള്ള ചിലരും ഒഴിച്ചു് എല്ലാവരുംതന്നെ ചൈനയുടെ ചെറുത്തുനില്പിനെയാണു്, ഒത്തുതീർപ്പിനെയല്ല അനുകൂലിക്കുന്നതു്. ഈ ഘടകം ചൈനയുടെ പ്രതീക്ഷകൾക്കു് കരുത്തു നൽകുന്നു. അന്താരാഷ്ട്രീയശക്തികൾ ചൈനക്കുള്ള തങ്ങളുടെ സഹായം ക്രമേണ വർദ്ധിപ്പിക്കുമെന്നു് പ്രതീക്ഷിക്കുന്നവരാണു് രാജ്യത്തിലെ മുഴുവൻ ജനങ്ങളും. അവരുടെ പ്രതീക്ഷകൾ വിഫലമാകില്ല, പ്രത്യേകിച്ചും സോവിയററു യൂണിയന്റെ അസ്തിത്വം ചെറുത്തുനില്പു് യുദ്ധത്തിൽ ചൈനക്കു് ശക്തി പകർന്നുതന്നിട്ടുണ്ടു്. പണ്ടത്തേക്കാളും ശക്തമായി തീർന്നിരിക്കുന്ന സോഷ്യലിസ്റ്റു് സോവിയററു യൂണിയൻ എക്കാലവും ചൈനയുടെ സന്തോഷങ്ങളിലും വേദനകളിലും പങ്കുചേർന്നിട്ടുണ്ടു്. ലാഭമല്ലാതെ മറെറാന്നും അന്വേഷിക്കാത്ത മുതലാളിത്ത രാജ്യങ്ങളിലെ ഉപരിവർഗ്ഗങ്ങൾക്കു് വിരുദ്ധമായി, ദുർബല രാജ്യങ്ങളേയും വിപ്ലവയുദ്ധങ്ങളേയും സഹായിക്കേണ്ടതു് സ്വന്തം കടമയായി സോവിയററു യൂണിയൻ കരുതുന്നു. അതായതു് ചൈന ഒരു ഒററപ്പെട്ട യുദ്ധമല്ല ചെയ്യുന്നതു് എന്നു പറയുന്നതിന്റെ അടിത്തറ അതിന്റെ പൊതുവായ സാർവ്വദേശീയ പിന്തുണയിൽ മാത്രമല്ല, സോവിയററു യൂണിയന്റെ പ്രത്യേകമായ പിന്തുണയിലും കൂടിയാണു് നിലകൊള്ളുന്നതു്. ചൈനയും സോവിയററു യൂണിയനും ഭൂമിശാസ്ത്രപരമായി അയൽരാജ്യങ്ങളുമാണു്. അതു് ജപ്പാന്റെ പ്രതിസന്ധിയെ കൂടുതൽ വഷളാക്കുകയും ചൈനയുടെ ചെറുത്തുനില്പുയുദ്ധത്തെ സഹായിക്കുകയും ചെയ്യുന്നു. ജപ്പാനോടുള്ള ചൈനയുടെ ഭൂമിശാസ്ത്രപരമായ സാമീപ്യം ചെറുത്തുനില്പിനുള്ള വിഷമതകൾ വർദ്ധിപ്പിക്കുന്നു. നേരെമറിച്ചു് സോവിയററു യൂണിയനോടുള്ള സാമീപ്യമാകട്ടെ, ചെറുത്തുനില്പുയുദ്ധത്തിനു് അനുകൂലമായ സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നു.

Scanned by CamScanner

24. അതുകൊണ്ടു് വിട്ടുവീഴ്ചയുടേതായ അപകടം നിലനില്ക്കുന്നുവെന്നും എങ്കിലും നമുക്കു് അതിനെ തരണം ചെയ്യാനാവുമെന്നും അനുമാനിക്കാം. ശത്രുവിനു് അവന്റെ നയത്തെ ഒരു പരിധിവരെ പരിഷ്കരിക്കാൻ കഴിഞ്ഞേക്കുമെങ്കിലും, അതിനെ മൗലികമായി മാറ്റുവാൻ അവനു കഴിയില്ല. ചൈനയിൽ വിട്ടുവീഴ്ചക്കുള്ള സാമൂഹ്യവേരുകൾ നിലവിലുണ്ടു്. എന്നാൽ വിട്ടുവീഴ്ചയുടെ എതിരാളികൾക്കാണു് ഭൂരിപക്ഷമുള്ളതു്. സാർവ്വദേശീയമായിട്ടു നോക്കിയാലും ചില ശക്തികൾ വിട്ടുവീഴ്ചയെ അനുകൂലിക്കുന്നു. എന്നാൽ മുഖ്യശക്തികൾ ചെറുത്തുനില്പിനെയാണു് അനുകൂലിക്കുന്നതു്. ഈ മൂന്നു ഘടകങ്ങളുടെ കൂടിച്ചേരൽ വിട്ടുവീഴ്ചയെന്ന അപകടത്തെ തരണം ചെയ്യുന്നതും അന്ത്യംവരെ ചെറുത്തുനില്പുയുദ്ധം തുടർന്നുകൊണ്ടുപോകുന്നതും സാദ്ധ്യമാക്കുന്നു.

25. ഇനി നമുക്കു് രണ്ടാമത്തെ ചോദ്യത്തിനു് ഉത്തരം നൽകാം. രാജ്യത്തിനുള്ളിലെ രാഷ്ട്രീയ പുരോഗതിയും ചെറുത്തുനില്പുയുദ്ധം സ്ഥിരോത്സാഹത്തോടെ തുടരുന്നതും അവിഭാജ്യമായ ഘടകങ്ങളാണു്. രാഷ്ട്രീയപുരോഗതി കൂടുതലാകുന്നതനുസരിച്ചു് അത്രകണ്ടു് കൂടുതൽ യുദ്ധം തുടരുവാൻ നമുക്കു് കഴിയുന്നു. യുദ്ധത്തിൽ എത്രകണ്ടു് കൂടുതൽ നാം ഉറച്ചുനില്ക്കുന്നുവോ രാഷ്ട്രീയ പുരോഗതി അത്രകണ്ടു് വർദ്ധിക്കുന്നു. എന്നാൽ, അടിസ്ഥാനപരമായി എല്ലാം ആശ്രയിച്ചുനില്ക്കുന്നതു് ചെറുത്തുനില്പുയുദ്ധത്തിൽ നാം ഉറച്ചുനില്ക്കുന്നതിനെയാണു്. കുമിന്താങ്ങ് ഭരണത്തിൻകീഴിൽ വിവിധ മേഖലകളിൽ കാണപ്പെടുന്ന അനാരോഗ്യകരമായ പ്രവണതകൾ വളരെ ഗുരുതരമാണു്. വർഷങ്ങളായി അനാശാസ്യമായ ഈ ഘടകങ്ങൾ കുന്നുകൂടിക്കൊണ്ടിരിക്കുന്നതു് നമ്മുടെ ദേശാഭിമാനികളുടെ വിശാല അണികളിൽ വളരെ ആകാംക്ഷയും പരിഭ്രാന്തിയും സൃഷ്ടിച്ചിട്ടുണ്ടു്. എന്നാൽ അശുഭാപ്തി വിശ്വാസത്തിന്റെ ആവശ്യമില്ല, കാരണം കഴിഞ്ഞ നിരവധി വർഷങ്ങളിൽ ഉണ്ടായത്ര പുരോഗതി കഴിഞ്ഞ പത്തു മാസങ്ങളിൽ ചൈനീസ് ജനതക്കു് ഉണ്ടായെന്നു് ചെറുത്തുനില്പ് യുദ്ധത്തിലെ അനുഭവങ്ങൾ ഇതിനോടകംതന്നെ തെളിയിച്ചിട്ടുണ്ടു്. നീണ്ട വർഷങ്ങളായി നിലവിലുള്ള അഴിമതിയുടെ കൂട്ടായ ഫലങ്ങൾ ജപ്പാനെ ചെറുക്കുന്നതിനുള്ള ജനങ്ങളുടെ ശക്തിയുടെ വളർച്ചയെ ഗുരുതരമായി തടസ്സപ്പെടുത്തുകയും, അപ്രകാരം നമ്മുടെ വിജയങ്ങളുടെ അളവു പരിമിതപ്പെടുത്തുകയും നമുക്കു് യുദ്ധത്തിൽ നഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നുണ്ടെങ്കിലും, ചൈനയിലെയും ജപ്പാനിലെയും ലോകത്തിലെയും മൊത്തത്തിലുള്ള അവസ്ഥ ചൈനീസ് ജനത പുരോഗതി കൈവരുത്തുന്നതിനെ ഒരുകാരണവശാലും തടസ്സപ്പെടുത്താൻ കഴിവില്ലാത്ത ഒന്നാണു്. പുരോഗതിയെ തടസ്സപ്പെടുത്തുന്ന അഴിമതി എന്ന ഘടകംമൂലം ഈ പുരോഗതി സാവധാനമായിരിക്കും. പുരോഗതിയും പുരോഗതിയുടെ കുറഞ്ഞ വേഗതയും ഇന്നത്തെ അവസ്ഥയുടെ രണ്ടു സ്വഭാവവിശേഷങ്ങളാണു്. യുദ്ധത്തിന്റെ അടിയന്തരാവശ്യങ്ങൾക്കനുസരിച്ചു് നോക്കുമ്പോൾ രണ്ടാമത്തെ ഘടകം നമുക്കനുയോജ്യമല്ലാത്തതാണു്. ഇതു് ദേശാഭിമാനികൾക്കു് വലിയ ഉൽക്കണ്ഠ ഉളവാക്കുന്നു. എന്നാൽ നാമിന്നു് ഒരു വിപ്ലവയുദ്ധത്തിന്റെ നടുക്കാണു്. വിപ്ലവയുദ്ധം ശത്രുവിന്റെ വിഷത്തെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി മാത്രമല്ല, നമ്മുടെതന്നെ അഴുക്കുകളിൽനിന്നു് നമ്മളെ മുക്തമാക്കുകയും ചെയ്യുന്നതിനുള്ള ഒരു പ്രതിവിധിയാണു്. ഓരോ ന്യായയുക്തവും വിപ്ലവകരവുമായ യുദ്ധവും പലതിനെയും പരിവർത്തിപ്പിക്കുവാനും, അഥവാ പരിവർത്തനത്തിനുള്ള വഴി തുറക്കുവാനും കഴിവുറ്റ അളവറ്റ ശക്തിയാൽ സമ്പന്നമാണു്. ചൈന—ജപ്പാൻ യുദ്ധം ചൈനയെ മാത്രമല്ല ജപ്പാനെയും പരിവർത്തിപ്പിക്കും. ചൈന ചെറുത്തു

നില്പുയുദ്ധത്തിലും ഐക്യമുന്നണിയിലും ഉറച്ചു നില്ക്കുകയാണെങ്കിൽ, പഴയ ജപ്പാൻ തീർച്ചയായും ഒരു പുതിയ ജപ്പാനായും, പഴയ ചൈന തീർച്ചയായും ഒരു പുതിയ ചൈനയായും പരിവർത്തനം ചെയ്യപ്പെടും. ചൈനയിലെയും, ജപ്പാനിലെയും ജനങ്ങളും മറ്റെല്ലാംതന്നെയും യുദ്ധത്തിനിടക്കും അതിനുശേഷവും പരിവർത്തനത്തിനു വിധേയമാകും. ജാപ്പ് വിരുദ്ധയുദ്ധത്തെയും നമ്മുടെ ദേശീയ പുനർനിർമ്മാണത്തേയും പരസ്പരബന്ധിതമായി കാണുന്നതാണ് ശരിയായിട്ടുള്ളത്. ജപ്പാനെയും പരിവർത്തനത്തിനു വിധേയമാക്കാമെന്നു പറയുന്നതിനർത്ഥം ആ രാജ്യത്തിന്റെ ഭരണാധിപന്മാർ നടത്തുന്ന ആക്രമണയുദ്ധം പരാജയത്തിൽ കലാശിക്കുമെന്നും ജാപ്പനീസ് ജനതയെ ഒരു വിപ്ലവത്തിലേക്ക് അതു് നയിച്ചേക്കാമെന്നുമാണ്. ജാപ്പനീസ് വിപ്ലവത്തിന്റെ വിജയദിനം ജപ്പാന്റെ പരിവർത്തനത്തിന്റെ ദിനമാകും. ഇതെല്ലാം ചൈനയുടെ ചെറുത്തുനില്പുമായി അടുത്തു കണ്ണി ചേർക്കപ്പെട്ടിരിക്കുന്നു, നാം കണക്കിലെടുക്കേണ്ട ഒരു വസ്തുതയാണിത്.

## ദേശീയ കീഴടങ്ങൽ സിദ്ധാന്തം തെറ്റാണ്, ദ്രുതവിജയ സിദ്ധാന്തവും അതുപോലെതന്നെ തെറ്റാണ്

26. ആപേക്ഷികശക്തി, അപേക്ഷിക വലുപ്പം, പുരോഗതി അഥവാ പ്രതിപ്രവർത്തനം, പിന്തുണയുടെ ആപേക്ഷിക അളവ് എന്നിവ പോലുള്ള അടിസ്ഥാന വിരുദ്ധ സ്വഭാവവിശേഷങ്ങളെ സംബന്ധിച്ച് ശത്രുവും നമ്മളുമായിട്ടുള്ള താരതമ്യപഠനത്തിൽ, നാമിതിനോടകംതന്നെ ദേശീയ കീഴടങ്ങൽ സിദ്ധാന്തത്തെ നിരാകരിക്കുകയും, എന്തുകൊണ്ടാണ് വിട്ടുവീഴ്ചക്ക് സാദ്ധ്യതയില്ലാത്തതെന്നും എന്തുകൊണ്ടാണ് രാഷ്ട്രീയപുരോഗതി സാദ്ധ്യമായിട്ടുള്ളതെന്നും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. കീഴടങ്ങൽ വാദികൾ ശക്തിയും ദൗർബല്യവും തമ്മിലുള്ള വൈരുദ്ധ്യത്തിൽ ഊന്നുകയും, മറ്റെല്ലാ വൈരുദ്ധ്യങ്ങളെയും അവഗണിച്ചുകൊണ്ട് ഈ വൈരുദ്ധ്യം പ്രശ്നത്തെ സംബന്ധിച്ച തങ്ങളുടെ മുഴുവൻ വാദത്തിന്റെയും അടിസ്ഥാനമായി തീരുന്നതുവരെ അതിനെ പെരുപ്പിക്കുകയും ചെയ്യുന്നു. ശക്തിയിലുള്ള ഈ അന്തരത്തെക്കുറിച്ചുള്ള അവരുടെ അതിരുകടന്ന ശ്രദ്ധ അവരുടെ ഏകപക്ഷീയതയെയാണ് കാട്ടുന്നത്. പ്രശ്നത്തിന്റെ ഈ ഒരു വശം പ്രശ്നത്തിന്റെ മൊത്തം ഉള്ളടക്കമായി പെരുപ്പിച്ചുകാട്ടുന്നത് അവരുടെ ആത്മനിഷ്ഠവാദത്തെയും കാട്ടുന്നു. ഇപ്രകാരം, പ്രശ്നത്തെ അതിന്റെ സമഗ്രതയിൽ ഒരാൾ വീക്ഷിക്കുകയാണെങ്കിൽ അവർക്കു നില്ക്കക്കള്ളിയില്ലെന്നും അവരുടെ നിലപാട് തെറ്റാണെന്നും കാണാം. കീഴടങ്ങൽവാദികളോ സ്ഥിരീകരിക്കപ്പെട്ട അശുഭാപ്തിവിശ്വാസികളോ അല്ലാത്തവരും, എന്നാൽ ഒരു നിർദ്ദിഷ്ടസമയത്തും ചില കാര്യങ്ങളിലും നമ്മുടെ ശക്തിയും ശത്രുവിന്റെ ശക്തിയും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റിയോ രാജ്യത്തിലെ അഴിമതിയെപറ്റിയോ ചിന്താകുഴപ്പത്തിലാകുന്നതുമൂലം മാത്രം തല്ക്കാലത്തേക്ക് അശുഭാപ്തിവിശ്വാസത്തോടുകൂടിയ ഒരു മാനസികാവസ്ഥയിൽ ചെന്നുപെടുന്നവരുമായ ആളുകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, അവരുടെയും സമീപനം ഏകപക്ഷീയവും ആത്മനിഷ്ഠവുമായ ഒരു നിലപാടിലേക്കാണ് നീങ്ങുന്ന

Scanned by CamScanner

തെന്നു് നാമവർക്കു ചൂണ്ടിക്കാട്ടിക്കൊടുക്കണം. എന്നാൽ ഇത്തരക്കാരെ തിരുത്തിയെടുക്കുകയെന്നതു് താരതമ്യേന എളുപ്പമാണു്; ഒരിക്കൽ അവരെ ജാഗ്രതപ്പെടുത്തിക്കഴിഞ്ഞാൽ അവർക്കു് കാര്യങ്ങൾ എളുപ്പം മനസ്സിലാവും; കാരണം അവർ ദേശാഭിമാനികളാണു്, അവരുടെ തെററു് താൽക്കാലികം മാത്രവുമാണു്.

27. ദ്രുതവിജയത്തിന്റെ വക്താക്കളുടെ നിലപാടും ഇതുപോലെ തന്നെ തെററാണു്. ഒന്നുകിൽ അവർ മററു വൈരുദ്ധ്യങ്ങളെ മാത്രം ഓർമ്മിച്ചുകൊണ്ടു് ശക്തിയും ദൗർബ്ബല്യവും തമ്മിലുള്ള വൈരുദ്ധ്യത്തെ പൂർണ്ണമായി മറന്നുകളയുകയോ, അല്ലെങ്കിൽ അവർ ചൈനയുടെ അനുകൂലഘടകങ്ങളെ യാഥാർത്ഥ്യങ്ങളുടെ എല്ലാ പരിധികൾക്കുമപ്പുറവും തിരിച്ചറിയാനാവാത്തവിധവും പെരുപ്പിച്ചുകാട്ടുകയുമൊ, അല്ലെങ്കിൽ ''കണ്ണിനുമുമ്പിൽ പിടിക്കുന്ന ഒരില തായ്പർവ്വതത്തെ മുഴുവൻ മറച്ചുകളയുന്നു'' എന്നു് പഴഞ്ചൊല്ലിൽ പറയുന്നതുപോലെ ഒരു നിർദ്ദിഷ്ടസമയത്തും സ്ഥലത്തുമുള്ള ശാക്തിക സമതുലിതാവസ്ഥയെ മുഴുവൻ അവസ്ഥയായി ഗർവ്വോടെ എടുത്തുകാട്ടുകയുമൊ ചെയ്യുന്നു. ചുരുക്കിപറഞ്ഞാൽ, ശത്രു ശക്തനാണെന്നും അതേസമയം നാം ദുർബ്ബലരാണെന്നും അംഗീകരിക്കാനുള്ള ധൈര്യം അവർക്കില്ല. അവർ പലപ്പോഴും ഇക്കാര്യം നിഷേധിക്കുകയും തന്മൂലം സത്യത്തിന്റെ ഒരു വശം നിഷേധിക്കുകയും ചെയ്യുന്നു. അതുപോലെ നമ്മുടെ അനുകൂലസ്ഥിതികളുടെ പരിമിതികളെ അംഗീകരിക്കുവാനുള്ള ധൈര്യവും അവർക്കില്ല, അതുവഴി സത്യത്തിന്റെ മറെറാരുവശവും അവർ നിഷേധിക്കുന്നു. ഇതിന്റെ ഫലം അവർ വലുതും ചെറുതുമായ തെററുകൾ ചെയ്യുന്നു എന്നതാണു്, ഇവിടെയും ആത്മനിഷ്ഠവാദവും ഏകപക്ഷീയതയുമാണു് വിനവരുത്തുന്നതു്. ഈ സുഹൃത്തുക്കളുടെയും ഉദ്ദേശം നല്ലതാണു്, അവരും ദേശാഭിമാനികളാണു്. എന്നാൽ ''ഈ മാന്യരുടെ അഭിലാഷങ്ങൾ തീർച്ചയായും ഉന്നതമായിരിക്കുമ്പോൾ'' തന്നെ അവരുടെ വീക്ഷണങ്ങൾ തെററാണു്, അവർ പറയുന്നതനുസരിച്ചു് പ്രവർത്തിക്കുകയാണെങ്കിൽ തീർച്ചയായും അതു് ഒരു ഇഷ്ടികഭിത്തിയെ തലകൊണ്ടിടിച്ചു പൊളിക്കുന്നതുപോലെയാവും. കാരണം നമ്മുടെ വിലയിരുത്തൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ നമ്മുടെ പ്രവൃത്തിക്കു് അതിന്റെ ലക്ഷ്യം കൈവരിക്കാനാവുകയില്ല. ഇതു് പരിഗണിക്കാതെ പ്രവർത്തിക്കുക എന്നതിനർത്ഥം ശത്രുവിന്റെ വിജയവും ദേശത്തിന്റെ കീഴടങ്ങലുമെന്നതാണു്. പരാജയവാദികളുടെ കാഴ്ചപ്പാടനുസരിച്ചു് പ്രവർത്തിക്കുന്നതുപോലെയാകും ഇതുമൂലം ഉണ്ടാകുന്ന ഫലം. അതുകൊണ്ടു് ഈ ദ്രുതവിജയ സിദ്ധാന്തവും നമുക്കു് പ്രയോജനപ്പെടില്ല.

28. നാം ദേശീയ കീഴടങ്ങൽ എന്ന അപകടത്തെ നിഷേധിക്കുകയാണോ? ഇല്ല, നാമതിനെ നിഷേധിക്കുന്നില്ല. ചൈന രണ്ടു സംഭവ്യമായ സാദ്ധ്യതകളെ, വിമോചനത്തിന്റെയോ കീഴടങ്ങലിന്റെയോ, അഭിമുഖീകരിക്കുന്നുവെന്നും, ഇവ തമ്മിൽ തീക്ഷ്ണമായ സംഘർഷത്തിലാണെന്നും നാം അംഗീകരിക്കുന്നു. നമ്മുടെ കടമ വിമോചനം നേടുകയും കീഴടങ്ങൽ ഒഴിവാക്കുകയുമാണു്. വിമോചനത്തിനുള്ള ഉപാധികൾ ചൈനയുടെ പുരോഗതിയും—ഇതാണു് അടിസ്ഥാനപരമായിട്ടുള്ളതു്—ശത്രുവിന്റെ വിഷമതകളും സാർവ്വദേശീയ പിന്തുണയുമാണു്. നാം കീഴടങ്ങൽവാദികളിൽനിന്നു വ്യത്യസ്തരാണു്. വസ്തുനിഷ്ഠവും സർവ്വതോമുഖവുമായ ഒരു വീക്ഷണം സ്വീകരിച്ചുകൊണ്ടു്, ദേശീയ കീഴടങ്ങലിന്റേയും വിമോചനത്തിന്റേതുമായ രണ്ടു സാധ്യതകളും നാമംഗീകരിക്കുകയും, വിമോചനത്തിന്റേതാണു് മുൻതൂക്കമുള്ള സാദ്ധ്യതയെന്നു് ഊന്നിപ്പറയുകയും, അതു നേടുന്നതിനുള്ള ഉപാധികൾ ചൂണ്ടിക്കാട്ടുകയും അവ

Scanned by CamScanner

നേടുന്നതിനായി കഠിനയത്നം നടത്തുകയും ചെയ്യുന്നു. നേരെമറിച്ച്, കീഴടങ്ങൽവാദികളാകട്ടെ ആത്മനിഷ്ഠവും ഏകപക്ഷീയവുമായ ഒരു വീക്ഷണം സ്വീകരിച്ചുകൊണ്ട് കീഴടങ്ങലിനേറതായ ഒരു സാദ്ധ്യതമാത്രം അംഗീകരിക്കുന്നു; അവർ വിമോചനത്തിൻെറ സാദ്ധ്യത അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല, വിമോചനത്തിന്നാവശ്യമായ ഉപാധികൾ ചൂണ്ടിക്കാട്ടുകയോ അവ നേടുന്നതിനായി ശ്രമിക്കുകയോ ചെയ്യുന്നില്ല. കൂടാതെ, വിട്ടുവീഴ്ചക്കും അഴിമതിക്കും ഉള്ള പ്രവണത അംഗീകരിക്കുമ്പോൾതന്നെ, ക്രമേണ ഇവയെ അതിജീവിച്ചുവരുന്നതും ഇപ്പോൾതന്നെ ഇവയുമായി തീക്ഷ്ണമായ വൈരുദ്ധ്യത്തിൽ ഏർപ്പെട്ടിട്ടുള്ള പ്രവണതകളേയും പ്രതിഭാസങ്ങളേയും നാം കാണുന്നു; ഇതിനും പുറമെ ആരോഗ്യകരമായ പ്രവണതകൾക്കും പ്രതിഭാസങ്ങൾക്കും അതിജീവിക്കാനാവശ്യമായ ഉപാധികൾ നാം ചൂണ്ടിക്കാട്ടുകയും, വിട്ടുവീഴ്ചക്കുള്ള പ്രവണതയെ തരണം ചെയ്യാനും അഴിമതിനിറഞ്ഞ അവസ്ഥ മാററുവാനും നാം കഠിനമായി യത്നിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, അശുഭാപ്തി വിശ്വാസികളിൽനിന്നു വ്യത്യസ്തമായി, നാമൊട്ടുംതന്നെ മനസ്സിടിഞ്ഞവരല്ല.

29. ഇതിനർത്ഥം നാം ദ്രുതവിജയം ആഗ്രഹിക്കുന്നില്ല എന്നല്ല; ഈ ''രാക്ഷസന്മാരെ'' ഒററരാത്രികൊണ്ട് പുറത്തുചാടിക്കുന്നത് എല്ലാവർക്കും ഇഷ്ടമായിരിക്കും. എന്നാൽ നാം ചൂണ്ടിക്കാണിക്കുന്നത് ചില നിർദ്ദിഷ്ട ഉപാധികളുടെ അഭാവത്തിൽ ദ്രുതവിജയമെന്നതു് നമ്മുടെ മനസ്സിൽമാത്രം ഒതുങ്ങുന്ന ഒന്നായിരിക്കുമെന്നും, ഒരുവസ്തുനിഷ്ഠ യാഥാർത്ഥ്യമാവുകയില്ലെന്നും, ഇതൊരു വ്യാമോഹം മാത്രമായിരിക്കുമെന്നും ഒരു തെററായ സിദ്ധാന്തമായിരിക്കുമെന്നുമാണ്. അതുപ്രകാരം, ശത്രുവിനേയും നമ്മെയും സംബന്ധിച്ച എല്ലാ സാഹചര്യങ്ങളേയുംകുറിച്ച് വസ്തുനിഷ്ഠവും സർവ്വതോമുഖവുമായ ഒരു വിലയിരുത്തൽ നടത്തിയിട്ട്, അന്തിമവിജയത്തിനുള്ള ഏകമാർഗം ഒരു ദീർഘകാലയുദ്ധത്തിനേറതായ തന്ത്രമാണെന്ന് നാം ചൂണ്ടിക്കാട്ടുകയും, ദ്രുതവിജയത്തിനേറതായ അടിസ്ഥാനരഹിതമായ സിദ്ധാന്തത്തെ നാം തിരസ്കരിക്കുകയും ചെയ്യുന്നു. അന്തിമവിജയത്തിനു് ഒഴിച്ചുകൂടാനാവാത്ത എല്ലാ ഉപാധികളും നേടുവാൻ നാം കഠിനമായി യത്നിക്കണമെന്നും, എത്രവേഗം ഈ ഉപാധികൾ നാം കൂടുതൽ പൂർണ്ണമായി നേടുന്നുവോ വിജയത്തെക്കുറിച്ച് അത്രകണ്ട് കൂടുതൽ നാം സുനിശ്ചിതരാവുമെന്നും അത്രകണ്ട കൂടുതൽവേഗത്തിൽ നാമതു് നേടിയെടുക്കുമെന്നുള്ള ഉറച്ച നിലപാട് നാം സ്വീകരിക്കുന്നു. ഈ രീതിയിൽ മാത്രമെ യുദ്ധത്തിൻെറ ദൈർഘ്യം കുറക്കാനാവുകയുള്ളവെന്ന് നാം വിശ്വസിക്കുന്നു; വെറുമൊരലസഭാഷണവും കാര്യങ്ങൾ വിലകുറഞ്ഞരീതിയിൽ നേടുവാനുള്ള ഒരു ശ്രമവുമായ ദ്രുതവിജയസിദ്ധാന്തത്തെ നാം തിരസ്കരിക്കുകയും ചെയ്യുന്നു.

## എന്തുകൊണ്ട് ഒരു സുദീർഘയുദ്ധം?

30. നമുക്കിനി ദീർഘകാലയുദ്ധത്തിനേറതായ പ്രശ്നം പരിശോധിക്കാം. ചൈനയും ജപ്പാനും തമ്മിലുള്ള എല്ലാ മൗലിക അന്തരങ്ങളുടേയും അടിസ്ഥാനത്തിൽ മാത്രമേ ''എന്തുകൊണ്ട് ഒരു സുദീർഘയുദ്ധം?'' എന്ന പ്രശ്നത്തിനു് ശരിയായ ഒരു ഉത്തരം കണ്ടെത്താൻ കഴിയൂ. ഉദാഹരണത്തിനു്, ശത്രു ശക്തമായൊരു സാമ്രാജ്യത്വശക്തിയാണെന്നും അതേസമയം നാം ദുർബലമായ ഒരു അർദ്ധ കൊളോണിയൽ, അർദ്ധ ഫ്യൂഡൽ രാജ്യമാ

Scanned by CamScanner

ണെന്നും മാത്രം നാം പറയുകയാണെങ്കിൽ ദേശീയ കീഴടങ്ങൽ സിദ്ധാന്തത്തിൽ ചെന്നു വീഴുമെന്ന അപകടമുണ്ട്. കാരണം സിദ്ധാന്തത്തിലാകട്ടെ, പ്രയോഗത്തിലാകട്ടെ ഒരു സമരത്തിനു് ദുർബലനെ ശക്തനെതിരായി വിടുന്നതിലൂടെ മാത്രം ദീർഘകാലാടിസ്ഥാനത്തിലുള്ളതാകുവാൻ കഴിയില്ല. ചെറിയവനെതിരെ വലിയവനേയൊ പിന്തിരിപ്പനെതിരെ പുരോഗാമിയേയൊ അണിനിരത്തുന്നതുകൊണ്ടോ, തുച്ഛമായപിന്തുണയ്ക്കെതിരെ ധാരാളമായ പിന്തുണ അണിനിരത്തുന്നതുകൊണ്ടോ മാത്രം ഒരു സമരത്തിനു് ദീർഘകാലാടിസ്ഥാനത്തിലുള്ളതാകുവാൻ കഴിയില്ല. ഒരു വലിയ രാജ്യം ഒരു ചെറിയ രാജ്യത്തേയൊ, ഒരു ചെറിയ രാജ്യം ഒരു വലിയ രാജ്യത്തേയൊ പിടിച്ചടക്കുന്നതു് ഒരു സാധാരണ സംഭവമാണു്. ശക്തമല്ലാത്ത ഒരു പുരോഗാമിയായരാജ്യം ഒരു വലിയ പിന്തിരിപ്പൻരാജ്യത്താൽ നശിപ്പിക്കപ്പെടുന്നതു പലപ്പോഴും സംഭവിക്കുന്ന ഒരു കാര്യമാണു്; പുരോഗാമിയാണെങ്കിലും ശക്തമല്ലാത്ത ഏതൊന്നിനും സംഭവിക്കാവുന്ന ഒരു കാര്യമാണിതു്. ധാരാളമോ തുച്ഛമോ ആയ പിന്തുണ പ്രധാനപ്പെട്ടതെങ്കിലും സഹായകമായ ഒരു ഘടകം മാത്രമാണു്; ഇതുണ്ടാക്കുന്ന ഫലത്തിന്റെ അളവു് രണ്ടു ഭാഗത്തെയും അടിസ്ഥാന ഘടകങ്ങളെ ആശ്രയിച്ചു നില്ക്കുന്നു. അതുകൊണ്ടു് ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധം ഒരു സുദീർഘയുദ്ധമാണെന്നു നാം പറയുമ്പോൾ, നാമീ നിഗമനത്തിലെത്തുന്നതു് രണ്ടു ഭാഗത്തും പ്രവർത്തനനിരതമായ എല്ലാ ഘടകങ്ങളുടേയും പരസ്പരബന്ധങ്ങളിൽനിന്നാണു്. ശത്രു ശക്തനും നാം ദുർബലനുമാണു്, അതുകൊണ്ടു് കീഴടക്കലിന്റെ അപകടവും ഉണ്ടു്. എന്നാൽ മററു തുറകളിൽ ശത്രുവിനു പോരായ്മകളുണ്ടു്, നമുക്കു് അനുകൂല ഘടകങ്ങളുമുണ്ടു്. നമ്മുടെ ശ്രമങ്ങളിലൂടെ ശത്രുവിന്റെ അനുകൂല ഘടകങ്ങളെ കുറയ്ക്കുവാനും അവന്റെ പോരായ്മകളെ വർദ്ധിപ്പിക്കുവാനും കഴിയും. നേരേമറിച്ചു്, നമ്മുടെ ശ്രമങ്ങളിലൂടെ നമ്മുടെ അനുകൂലഘടകങ്ങളെ വളർത്തുവാനും നമ്മുടെ പോരായ്മകൾക്കു പരിഹാരമുണ്ടാക്കുവാനും കഴിയും. അതുകൊണ്ടു്, നമുക്കു് അന്തിമവിജയം നേടുവാനും കീഴടങ്ങലൊഴിവാക്കുവാനും കഴിയും; അതേസമയം ശത്രു ആത്യന്തികമായി പരാജയപ്പെടുത്തപ്പെടുകയും അവന്റെ സാമ്രാജ്യത്വവ്യവസ്ഥ മുഴുവൻ നിലംപതിക്കുന്നതു് ഒഴിവാക്കാൻ അവനു് കഴിയാതെവരികയും ചെയ്യും.

31. ശത്രുവിനു് ഒരു തുറയിൽ മാത്രം അനുകൂല ഘടകങ്ങൾ ഉണ്ടായിരിക്കുകയും എന്നാൽ മറെറല്ലാത്തിലും പോരായ്മകളുണ്ടായിരിക്കുകയും, നമുക്കു് ഒരു തുറയിൽമാത്രം പോരായ്മകളുണ്ടായിരിക്കുകയും എന്നാൽ മറെറല്ലാത്തിലും അനുകൂല ഘടകങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ, എന്തുകൊണ്ടാണു് ഇതൊന്നും സന്തുലിതാവസ്ഥ ഉണ്ടാക്കാതിരിക്കുകയും മറിച്ചു് ഇന്നു് അവനു് ഒരു മേധാവിത്വസ്ഥാനവും നമുക്കു് താഴേക്കിടസ്ഥാനവും ഉണ്ടാക്കുകയും ചെയ്തിരിക്കുന്നതു്? ഈ പ്രശ്നം ഇതുപോലെ ഔപചാരികമായൊരു രീതിയിൽ നമുക്കു പരിഗണിക്കാൻ കഴിയില്ല എന്നതു് തികച്ചും വ്യക്തമാണു്. ശത്രുവിന്റെ ശക്തിയും നമ്മുടെ ശക്തിയും തമ്മിൽ ഇന്നുള്ള വ്യത്യാസം ശത്രുവിന്റെ ശക്തിയെ നിഷ്പ്രഭമാക്കുവാൻ പര്യാപ്തമായ അളവിൽ അവന്റെ പോരായ്മകൾ വികസിക്കാനിട നൽകാത്തവിധം, തൽക്കാലം വികസിക്കാൻ കഴിയാത്തവിധം, അത്രയേറെ വലുതാണു് എന്നതും, അതേസമയം നമ്മുടെ ദൗർബല്യത്തിനു് പരിഹാരമാകുവാൻ പര്യാപ്തമായ അളവിൽ നമ്മുടെ അനുകൂല ഘടകങ്ങൾ വികസിച്ചിട്ടില്ല, അതിനു തല്ക്കാലം അങ്ങനെ വികസിക്കാൻ കഴിയില്ല എന്നതുമാണു് വസ്തുത. അതുകൊണ്ടു് ഇപ്പോഴും സന്തുലിതാവസ്ഥ ഉണ്ടാകാറായിട്ടില്ല, അസന്തുലിതാവസ്ഥ മാത്രമാണുള്ളതു്;

32. ചെറുത്തുനില്പുയുദ്ധത്തിലും ഐക്യമുന്നണിയിലും സ്ഥിരോത്സാഹത്തോടെ ഉറച്ചുനില്ക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾ നമ്മുടെ ദൗർബല്യത്തേയും അധ:സ്ഥിതാവസ്ഥയേയും അപേക്ഷിച്ച് ശത്രുവിന്റെ ശക്തിയും മേധാവിത്വാവസ്ഥയും കുറെയൊക്കെ മാററിയിട്ടുണ്ടെങ്കിലും, ഇനിയും അടിസ്ഥാനപരമായ മാററമൊന്നുമുണ്ടായിട്ടില്ല. അതുകൊണ്ട് യുദ്ധത്തിന്റെ ഒരു നിശ്ചിതഘട്ടത്തിൽ ശത്രു ഒരളവുവരെ വിജയിയാവും, നമുക്കു പരാജയം നേരിടുകയും ചെയ്യും. എന്നാൽ ഈ ഘട്ടത്തിൽ ശത്രുവിന്റെ വിജയങ്ങളും നമ്മുടെ പരാജയങ്ങളും അളവിൽ നിശ്ചയമായും പരിമിതപ്പെട്ടിരിക്കുന്നതും, പൂർണ്ണമായ വിജയത്തിനോ പൂർണ്ണമായ പരാജയത്തിനോ അവയെ അതിലംഘിക്കുവാൻ കഴിയാതിരിക്കുന്നതും എന്തുകൊണ്ടാണ്? ഇതിനുള്ള കാരണം, ഒന്നാമതായി, വളരെ തുടക്കം മുതലേ ശത്രുവിന്റെ ശക്തിയും നമ്മുടെ ദൗർബല്യവും ആപേക്ഷികമായിരുന്നു, കേവലമായിരുന്നില്ല എന്നതും, രണ്ടാമതായി ചെറുത്തുനില്പുയുദ്ധത്തിലും ഐക്യമുന്നണിയിലും ഉറച്ചുനില്ക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾ ഈ ആപേക്ഷികതയെ കൂടുതൽ വർദ്ധിപ്പിച്ചിട്ടുണ്ടെന്നതുമാണ്. ആദ്യസ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ശത്രു ഇപ്പോഴും ശക്തനാണ്; എന്നാൽ പ്രതികൂലമായ ഘടകങ്ങൾ അവന്റെ ശക്തി കുറച്ചിട്ടുണ്ട്, അവന്റെ മേധാവിത്വത്തെ നശിപ്പിക്കുവാൻ പര്യാപ്തമായ അളവിൽ അല്ലെങ്കിൽ കൂടിയും അതുപോലെതന്നെ നാമിപ്പോഴും ദുർബലരാണ്; എന്നാൽ അനുകൂലമായ ഘടകങ്ങൾ നമ്മുടെ ദൗർബല്യത്തിന് പരിഹാരമുണ്ടാക്കിയിട്ടുണ്ട്, നമ്മുടെ അധ:സ്ഥിതാവസ്ഥയെ പരിവർത്തിപ്പിക്കുവാൻ പര്യാപ്തമായ അളവിലല്ലെങ്കിൽക്കൂടിയും. ഇതിൽനിന്നു വരുന്നത് ശത്രു ആപേക്ഷികമായി ശക്തനാണെന്നും നാം ആപേക്ഷികമായി ദുർബലരാണെന്നുമാണ്, ശത്രു താരതമ്യേന മേധാവിത്വപരമായ നിലയിലും നാം താരതമ്യേന അധസ്ഥിതമായ നിലയിലാണെന്നുമാണ്. രണ്ടു വശത്തും ശക്തിയും ദൗർബല്യവും, മേധാവിത്വാവസ്ഥയും അധസ്ഥിതാവസ്ഥയും ഒരിക്കലും കേവലമായിരുന്നില്ല; കൂടാതെ ജപ്പാനെതിരായ ചെറുത്തുനില്പിലും ഐക്യമുന്നണിയിലും യുദ്ധകാലത്തു് ഉറച്ചുനില്ക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾ നാമും ശത്രുവും തമ്മിലുള്ള പ്രാരംഭത്തിലുണ്ടായിരുന്ന ശാക്തികസന്തുലിതാവസ്ഥയിൽ കൂടുതൽ മാററങ്ങൾ വരുത്തിയിട്ടുമുണ്ട്. അതുകൊണ്ട് ഈ ഘട്ടത്തിൽ ശത്രുവിന്റെ വിജയവും നമ്മുടെ പരാജയവും നിശ്ചയമായും അളവുപരമായി പരിമിതപ്പെടുത്തപ്പെട്ടിട്ടുണ്ട്, അതുകൊണ്ട് യുദ്ധം ദീർഘകാലാടിസ്ഥാനത്തിലുള്ളതാകുന്നു.

33. എന്നാൽ സാഹചര്യങ്ങൾ തുടർച്ചയായി മാറിക്കൊണ്ടിരിക്കുകയാണ്. യുദ്ധത്തിനിടയ്ക്കു് നാം ശരിയായ സൈനിക, രാഷ്ട്രീയ അടവുകൾ പ്രയോഗിക്കുകയും, താത്വികമായ തെററുകൾ വരുത്താതിരിക്കുകയും, നാം ഏററവും ഉയർന്ന ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ, യുദ്ധം നീണ്ടുപോകുന്നതുകൊണ്ട് ശത്രുവിന്റെ പ്രതികൂല ഘടകങ്ങളും നമ്മുടെ അനുകൂലഘടകങ്ങളും രണ്ടും വളരുകയും ഇതിന്റെ അനിവാര്യഫലമെന്ന നിലയിൽ രണ്ടു ഭാഗങ്ങളുടേയും പരസ്പരം താരതമ്യപ്പെടുത്താവുന്ന ശക്തിയുടെ വ്യത്യാസത്തിലും, അതുകൊണ്ട് ഇരുഭാഗക്കാരുടേയും ആപേക്ഷിക നിലകളിലും തുടർച്ചയായ മാററമുണ്ടാവുകയും ചെയ്യും. ഇതൊരു പുതിയ ഘട്ടത്തിൽ എത്തുമ്പോൾ, ശത്രുവിന്റെ പരാജയത്തിലും നമ്മുടെ വിജയത്തിലും കലാശിക്കുന്ന ഒരു വലിയ മാററം ശാക്തികസന്തുലിതാവസ്ഥയിൽ സംഭവിക്കും.

34. ഇപ്പോൾ ശത്രുവിന് തന്റെ ശക്തി ഉപയോഗപ്പെടുത്താനുള്ള കഴിവ് ഇനിയുമുണ്ട്, നമ്മുടെ ചെറുത്തുനില്പ് യുദ്ധം അവനെ അടിസ്ഥാ

Scanned by CamScanner

നപരമായി ദുർബ്ബലനാക്കിയിട്ടുമില്ല. ആൾശേഷിയിലും ഭൗതികസമ്പത്തുകളിലും അവനുള്ള അപര്യാപ്തത അവന്റെ തള്ളിക്കയററം തടയുന്ന ഒരു സ്ഥിതിയിലെത്തിയിട്ടില്ല. നേരെമറിച്ച് ഒരളവുവരെ തള്ളിക്കയററം തുടരുവാൻ അവനിപ്പോഴും കഴിയുന്നു. ജപ്പാനുള്ളിൽ വർഗ്ഗവൈരുദ്ധ്യങ്ങൾ തീഷ്ണമാക്കുകയും ചൈനയിൽ ചെറുത്തുനില്പ് തീവ്രമാക്കുകയും ചെയ്യുന്ന ഒരു ഘടകമായ അവന്റെ യുദ്ധത്തിന്റെ പിന്തിരിപ്പനും കിരാതവുമായ സ്വഭാവം അവന്റെ മുന്നേററത്തെ മൗലികമായും തടസ്സപ്പെടുത്തുന്ന ഒരു സ്ഥിതി ഇനിയും ഉണ്ടാക്കിയിട്ടില്ല. സാർവ്വദേശീയതലത്തിൽ ശത്രുവിന്റെ ഒററപ്പെടൽ വർദ്ധിച്ചുകൊണ്ടിരിക്കയാണെങ്കിലും അതിനിയും പൂർണ്ണമായിട്ടില്ല. നമ്മെ സഹായിക്കുമെന്ന് സൂചിപ്പിച്ചിട്ടുള്ള പല രാജ്യങ്ങളിലും വെടിക്കോപ്പുകളും യുദ്ധസാമഗ്രികളും വിററഴിക്കുന്നവരും ലാഭത്തിൽ മാത്രം കണ്ണുനട്ടിട്ടുള്ളവരുമായ മുതലാളിമാർ ഇപ്പോഴും ജപ്പാന് വലിയ അളവിൽ യുദ്ധസാമഗ്രികൾ നൽകിക്കൊണ്ടിരിക്കയാണ്12; അവരുടെ അവിടത്തെ സർക്കാരുകൾ13 ജപ്പാനെതിരെ പ്രായോഗികമായി സാമ്പത്തികോപരോധം ഏർപ്പെടുത്തുന്നതിൽ സോവിയററ്യൂണിയനോട് ഒന്നുചേരുവാൻ ഇപ്പോഴും മടികാണിക്കുന്നു. ഇതെല്ലാംതന്നെ കാണിക്കുന്നത് നമ്മുടെ ചെറുത്തുനില്പുയുദ്ധത്തിന് ദ്രുതഗതിയിൽ വിജയം വരിക്കാനാവില്ലെന്നും ഇതിനൊരു സുദീർഘയുദ്ധമാകാനെ കഴിയുകയുള്ളു എന്നുമാണ്. ചൈനയെ സംബന്ധിച്ചേടത്തോളം കഴിഞ്ഞ 10 മാസക്കാലത്തെ ചെറുത്തുനില്പിനിടയ്ക്ക് സൈനികവും, സാമ്പത്തികവും, രാഷ്ട്രീയവും, സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ഉള്ള ദൗർബ്ബല്യങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ കുറച്ചൊക്കെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും, ശത്രുവിന്റെ തള്ളിക്കയററത്തെ തടയുവാനും അവനെതിരെ ഒരു പ്രത്യാക്രമണത്തിന് തയ്യാറാകുവാനുംതക്ക സ്ഥിതിയിലെത്തുവാൻ ഇനിയും ദീർഘദൂരം പോകേണ്ടതുണ്ട്. എന്നു മാത്രവുമല്ല, അളവുപരമായി നോക്കുകയാണെങ്കിൽ നമുക്കും ചില നഷ്ടങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. നമുക്കനുകൂലമായ ഘടകങ്ങളെല്ലാം ഒരു ഗുണാത്മകമായ ഫലമുളവാക്കുന്നുണ്ടെങ്കിലും, നാം അത്യന്തം ശക്തമായ ശ്രമം നടത്താത്തിടത്തോളംകാലം, ശത്രുവിന്റെ കടന്നാക്രമണത്തെ തടുക്കുവാനും നമ്മുടെ പ്രത്യാക്രമണത്തിന് തയ്യാറാകുവാനും ഇത് പര്യാപ്തമാവുകയില്ല. അഴിമതി ഇല്ലാതാക്കൽ, ആഭ്യന്തര പുരോഗതിയുടെ വേഗത വർദ്ധിപ്പിക്കൽ എന്നിവയോ, ജാപ്പനനുകൂലശക്തികളെ തടയുക, വിദേശത്തുള്ള ജാപ്പ് വിരുദ്ധ ശക്തികളെ വികസിപ്പിക്കുക എന്നിവയൊ ഇനിയും നേടിയെടുക്കപ്പെട്ടിട്ടില്ലാത്ത കാര്യങ്ങളാണ്. ഇതെല്ലാംതന്നെ കാണിക്കുന്നത് ദ്രുതഗതിയിൽ നമുക്ക് യുദ്ധത്തിൽ ജയം നേടാൻ കഴിയുകയില്ലെന്നും ഇതിനൊരു സുദീർഘ യുദ്ധമായിരിക്കാനേ കഴിയുകയുള്ളു എന്നുമാണ്.

## സുദീർഘയുദ്ധത്തിന്റെ മൂന്നു ഘട്ടങ്ങൾ

35. ചൈനാ ജപ്പാൻ യുദ്ധം ദീർഘകാലാടിസ്ഥാനത്തിലുള്ള ഒന്നായതുകൊണ്ടും അന്തിമവിജയം ചൈനക്കുറപ്പായതുകൊണ്ടും ഈ സുദീർഘയുദ്ധം മൂന്നു ഘട്ടങ്ങളിലൂടെ കടന്നുപോകുമെന്ന് ന്യായമായും സങ്കല്പിക്കാൻ കഴിയുന്നതാണ്. ആദ്യത്തെ ഘട്ടം ശത്രുവിന്റെ തന്ത്രപരമായ കടന്നാക്രമണത്തിന്റെയും നമ്മുടെ തന്ത്രപരമായ പ്രതിരോധത്തിന്റെയും ഘട്ടമാണ്. രണ്ടാമത്തെ ഘട്ടം ശത്രുവിന്റെ തന്ത്രപരമായ സുദൃഢീകരണത്തിന്റേയും നമ്മുടെ പ്രത്യാക്രമണത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പി

Scanned by CamScanner

ൻേറയും ഘട്ടമാണ്. മൂന്നാമത്തെ ഘട്ടം നമ്മുടെ തന്ത്രപരമായ പ്രത്യാക്രമണത്തിൻേറയും ശത്രുവിൻെറ തന്ത്രപരമായ പിന്മാററത്തിൻേറയും ഘട്ടമാണ്. മൂന്നു ഘട്ടങ്ങളിലേയും സമൂർത്തസ്ഥിതി മുൻകൂട്ടി പ്രവചിക്കുക അസാദ്ധ്യമാണ്. എങ്കിലും വർത്തമാന സാഹചര്യങ്ങളുടെ വെളിച്ചത്തിൽ യുദ്ധത്തിലെ ചില പ്രധാന പ്രവണതകൾ ചൂണ്ടിക്കാട്ടാനാകും. സംഭവങ്ങളുടെ വസ്തുനിഷ്ഠഗതി അത്യന്തം സമ്പന്നവും വൈജാത്യ സ്വഭാവത്തോടുകൂടിയതും, അനേകം വളവുകളോടും തിരിവുകളോടും കൂടിയതുമായിരിക്കും; ആർക്കുംതന്നെ ചൈനാ—ജപ്പാൻ യുദ്ധത്തിൻെറ ഒരു ജാതകമുണ്ടാക്കാൻ കഴിയില്ല. എന്നിരുന്നാലും ഈ പ്രവണതകളുടെ ഒരു ഏകദേശരൂപം ഉണ്ടാക്കേണ്ടതു് യുദ്ധത്തിൻെറ തന്ത്രപരമായ ദിശക്ക് ആവശ്യമാണ്. നമ്മുടെ ഈ ചിത്രം പിന്നീട് വെളിപ്പെടുന്ന വസ്തുതകളുമായി പൂർണ്ണമായി യോജിച്ചില്ലെങ്കിലും അവ ഇതിനു് ഭേദഗതി വരുത്തുകയാണെങ്കിൽകൂടിയും, സുദീർഘയുദ്ധത്തിനു് ദൃഢവും സോദ്ദേശവുമായ തന്ത്രപരമായ ദിശ കൊടുക്കുന്നതിനു് ഇതാവശ്യം തന്നെയാണ്.

36. ഒന്നാമത്തെ ഘട്ടം ഇനിയും അവസാനിച്ചിട്ടില്ല. ശത്രുവിൻെറ പരിപാടി കാൻറൺ, വുഹാൻ, ലാൻചൗ എന്നിവ കൈവശപ്പെടുത്തുകയും ഇവയെ പരസ്പരം ബന്ധിപ്പിക്കുകയുമാണ്. ഈ ലക്ഷ്യം നേടുന്നതിനു് ശത്രുവിനു് ഏററവും ചുരുങ്ങിയതു് അൻപതു് ഡിവിഷനുകൾ അഥവാ ഏതാണ്ട് ഒന്നരദശലക്ഷം സൈനികരെ നിയോഗിക്കുകയും ഒന്നൊന്നര വർഷക്കാലം ചിലവഴിക്കുകയും പതിനായിരം ദശലക്ഷം യെൻ ചിലവാക്കേണ്ടിവരികയും ചെയ്യും. ഇത്ര ആഴത്തിലേക്ക് കടന്നു കയറുകവഴി സങ്കല്പിക്കാനാവാത്തവിധം വിനാശകരമായ പരിണിതഫലങ്ങളോടുകൂടിയ അളവററ വിഷമതകൾ അഭിമുഖീകരിക്കേണ്ടിവരും. കാൻറൺ—ഹാൻകൊ റെൽവേയും, സിയാൻ—ലാൻചൗറോഡും പൂർണ്ണമായും കൈവശപ്പെടുത്തുവാൻ ശ്രമിക്കുകയാണെങ്കിൽ, ശത്രുവിനു് അപകടകരമായ യുദ്ധങ്ങൾ നടത്തേണ്ടിവരികയും എങ്കിൽപോലും തൻെറ ലക്ഷ്യം പൂർണ്ണമായും നേടാൻ അസാദ്ധ്യമായ ഒരു സ്ഥിതിയിലെത്തേണ്ടിവരികയും ചെയ്യും. എന്നാൽ നാം നമ്മുടെ സമരപ്രവർത്തനം ആസൂത്രണം ചെയ്യുമ്പോൾ ശത്രു ഈ മൂന്നു സ്ഥാനങ്ങളും മററുചില പ്രദേശങ്ങൾക്കൂടിയും കൈവശപ്പെടുത്തിയേക്കാമെന്നും അവയെ തമ്മിൽ ബന്ധിപ്പിച്ചേക്കാമെന്നും ഉള്ള ധാരണയെ ആസ്പദമാക്കി അതുനടത്തുകയും, ശത്രു അങ്ങനെ ചെയ്യുകയാണെങ്കിൽ കൂടിയും അവനോടു നേരിടുവാൻ നമുക്ക് കഴിവുണ്ടാകുംവിധം ഒരു സുദീർഘയുദ്ധത്തിനുള്ള സൈന്യവിന്യാസങ്ങൾ നാം നടത്തുകയും ചെയ്യണം. ഈ ഘട്ടത്തിൽ നാം സ്വീകരിക്കേണ്ട സമരരൂപം പ്രധാനമായും ചലനാത്മകയുദ്ധമുറയും, അതിനു സഹായകമായി ഗറില്ലാ യുദ്ധമുറയും സ്ഥാനിക യുദ്ധമുറയുമാണ്. കുമിന്താങ്ങ് സൈനിക അധികാരികളുടെ ആത്മനിഷ്ഠമായ തെററുകൾമൂലം ഈ ഘട്ടത്തിൻെറ ആദ്യതലത്തിൽ സ്ഥാനിക യുദ്ധമുറക്ക് പ്രഥമസ്ഥാനം നൽകപ്പെട്ടു, എന്നാൽ ഈ ഘടകത്തെ ആകമൊത്തമെടുക്കുമ്പോൾ ഇതിനു് സഹായകസ്ഥാനമേയുള്ളു. ഈ ഘട്ടത്തിൽ ചൈന ഇതിനോടകംതന്നെ ഒരു വിശാല ഐക്യമുന്നണി കെട്ടിപ്പടുക്കുകയും അഭൂതപൂർവ്വമായ ഐക്യം നേടുകയും ചെയ്തിട്ടുണ്ട്. ദ്രുതനിശ്ചയത്തിനുവേണ്ടിയുള്ള തൻെറ പരിപാടി സാക്ഷാത്കരിക്കുന്നതിനും കാര്യമായ ശ്രമം കൂടാതെ മുഴുവൻ രാജ്യത്തെയും കീഴടക്കുന്നതിനുംവേണ്ടിയുള്ള ശ്രമത്തിനു് കീഴടങ്ങാനായി ചൈനയെ പ്രേരിപ്പിക്കുന്നതിനു് ശത്രുഹീനവും നാണംകെട്ടതുമായ മാർഗങ്ങളുപയോഗിച്ചിട്ടുണ്ടെങ്കിലും, അവ ഉപയോഗിക്കുന്നതു് തുടരുന്നുണ്ടെങ്കിലും, ഇക്കാര്യത്തിൽ അവനിതുവരേക്കും പരാജയപ്പെട്ടിരിക്കുകയാണ്,

Scanned by CamScanner

ഭാവിയിലും അവൻ വിജയിക്കാനുള്ള സാദ്ധ്യതയില്ല. ഈ ഘട്ടത്തിൽ ഗണ്യമായ നാശനഷ്ടങ്ങൾ നേരിടേണ്ടിവരുമെങ്കിൽപോലും ചൈന കാര്യമായ പുരോഗതി നേടും, ഇത് രണ്ടാംഘട്ടത്തിലെ തുടർന്നുള്ള ചെറുത്തുനില്പിന് പ്രധാന അടിത്തറയായി തീരുകയും ചെയ്യും. വർത്തമാനഘട്ടത്തിൽ സോവിയററൂയൂണിയൻ ചൈനയ്ക്ക് ഇതിനോടകംതന്നെ ഗണ്യമായ സഹായം നൽകിയിട്ടുണ്ട്. ശത്രുവിൻെറ ഭാഗത്താണെങ്കിൽ ഇതിനോടകംതന്നെ അവൻെറ ആത്മവീര്യം കുറഞ്ഞുവരുന്നതിൻെറ സൂചനകളുണ്ട്, അവൻെറ സൈന്യത്തിൻെറ ആക്രമണവേഗത ഈ ഘട്ടത്തിൽ ആദ്യതലത്തെ അപേക്ഷിച്ച് മദ്ധ്യതലത്തിൽ കുറഞ്ഞിട്ടുണ്ട്, അന്തിമതലത്തിലെത്തുമ്പോഴേക്കും ഇനിയുമതു് കുറഞ്ഞുവരും. അവൻെറ ധനശേഷിയിലും സമ്പദ്വ്യവസ്ഥയിലും ക്ഷീണം അനുഭവപ്പെട്ടുവാൻ തുടങ്ങിയതിൻെറ സൂചനകളുണ്ട്; അവൻെറ ജനങ്ങൾക്കും സൈന്യങ്ങൾക്കുമിടയിൽ യുദ്ധംമൂലമുള്ള ക്ഷീണം അനുഭവപ്പെടാൻ തുടങ്ങിയിട്ടുണ്ട്; യുദ്ധത്തെ നയിക്കുന്ന ക്ലിക്കിനുള്ളിൽതന്നെ ''യുദ്ധനൈരാശ്യങ്ങൾ'' പ്രത്യക്ഷപ്പെടാൻ തുടങ്ങുകയും യുദ്ധസാദ്ധ്യതയെക്കുറിച്ചുള്ള അശുഭാപ്തിവിശ്വാസം വളർന്നുവരികയും ചെയ്തിട്ടുണ്ട്.

37. രണ്ടാംഘട്ടത്തെ തന്ത്രപരമായ സ്തംഭനാവസ്ഥയുടെ ഘട്ടമെന്നു വിളിക്കാം. ഒന്നാംഘട്ടത്തിൻെറ ഏതാണ്ട് ഏററവും അവസാനമാവുമ്പോഴേക്കും സൈനികരുടെ കുറവുമൂലവും നമ്മുടെ ദൃഢമായ ചെറുത്തുനില്പിൻെറ ഫലമായും ശത്രുവിനു് തൻെറ തന്ത്രപരമായ കടന്നാക്രമണത്തിൽ ചില പരമാവധി ലക്ഷ്യസ്ഥാനങ്ങൾ നിശ്ചയിക്കേണ്ടതായിവരും; ആ സ്ഥാനങ്ങളിലെത്തുന്നതോടെ അവൻ തന്ത്രപരമായ കടന്നാക്രമണം നിർത്തുകയും താൻ കൈവശപ്പെടുത്തിയ ഈ പ്രദേശങ്ങൾ സംരക്ഷിക്കുകയെന്ന ഘട്ടത്തിലേക്ക് പ്രവേശിക്കുകയും ചെയ്യും. രണ്ടാമത്തെ ഘട്ടത്തിൽ, ശത്രു അധീനപ്രദേശങ്ങളെ രക്ഷിക്കുവാനും പാവസർക്കാരുകൾ സ്ഥാപിക്കുകയെന്ന മാർഗ്ഗത്തിലൂടെ അവയെ തൻെറ സ്വന്തമാക്കാനും ശ്രമിക്കും. ഈ സമയമെല്ലാം അവൻ ചൈനീസ് ജനതയെ പരമാവധി കൊള്ളയടിച്ചുകൊണ്ടിരിക്കും. പക്ഷെ വീണ്ടുമവനു് നിശ്ചയദാർഢ്യത്തോടെയുള്ള ഗറില്ലായുദ്ധമുറയെ നേരിടേണ്ടിവരും. ശത്രുവിൻെറ പിന്നണിപ്രദേശങ്ങൾ കാത്തുസൂക്ഷിക്കപ്പെടുന്നില്ല എന്ന വസ്തുത പ്രയോജനപ്പെടുത്തിക്കൊണ്ട് ആദ്യഘട്ടത്തിൽതന്നെ നമ്മുടെ ഗറില്ലാ യുദ്ധമുറ വ്യാപകമായി വികസിക്കും, അധീനപ്രദേശങ്ങളെ ദൃഢീകരിക്കുവാനുള്ള ശത്രുവിൻെറ ശ്രമങ്ങളെ ഗുരുതരമായി ഭീഷണിപ്പെടുത്തിക്കൊണ്ട് പല താവളപ്രദേശങ്ങളും സ്ഥാപിക്കപ്പെടും, അതുകൊണ്ട് രണ്ടാമത്തെ ഘട്ടത്തിൽ വ്യാപകമായി യുദ്ധമുണ്ടാവും. ഈ ഘട്ടത്തിൽ, നമ്മുടെ യുദ്ധരൂപം പ്രധാനമായും ഗറില്ലാ യുദ്ധമുറയായിരിക്കും, ചലനാത്മക യുദ്ധമുറ അതിനു സഹായകവുമായിരിക്കും. ചൈന അപ്പോഴും ഒരു വലിയ സ്ഥിര സേനയെ നിലനിർത്തുമെങ്കിലും ഉടനെതന്നെ തന്ത്രപരമായ പ്രത്യാക്രമണം ആരംഭിക്കുവാൻ വിഷമമായിരിക്കും. ഇതിനു കാരണം, ഒരു വശത്തു് വൻനഗരങ്ങളിലും തൻെറ അധീനതയിലുള്ള പ്രധാന വാർത്താവിനിമയ മാർഗ്ഗങ്ങളിൽ ഉടനീളവും, ശത്രു തന്ത്രപരമായി പ്രതിരോധപരമായ ഒരു നിലപാട് സ്വീകരിക്കുന്നതും, മറുവശത്തു് ചൈന ഇതിനെ നേരിടുവാൻ സാങ്കേതികമായി വേണ്ടത്ര സജ്ജമായിരിക്കില്ല എന്നതുമാണ്. ശത്രുവിനെതിരെ തുറന്ന പ്രതിരോധത്തിൽ ഏർപ്പെട്ടിട്ടുള്ള സേനകളൊഴികെ നമ്മുടെ സേനകൾ ശത്രുവിൻെറ പിന്നണിയിലേക്ക് താരതമ്യേന വികേന്ദ്രീകൃതമായ വിന്യാസരീതിയിൽ നിയോഗിക്കപ്പെടും; ശത്രുവിൻെറ ശരിക്കുള്ള കൈവശത്തിൽ ആയിട്ടില്ലാത്ത പ്രദേശങ്ങളെ താവളമാക്കിക്കൊണ്ടും ജനകീയ പ്രാദേശിക

സൈനികശക്തികളുമായി സഹകരിച്ചുകൊണ്ടും അവർ, ശത്രുവിനെ ചലനാത്മക യുദ്ധമുറയിലൂടെ നശിപ്പിക്കുന്നതിനുവേണ്ടി അവനെ കഴിയാവുന്നത്ര സ്ഥാനമാററത്തിനു് നിർബ്ബന്ധിച്ചുകൊണ്ടു്, ശത്രു അധീനപ്രദേശങ്ങൾക്കെതിരെ വ്യാപകവും തീക്ഷ്ണവുമായ ഗറില്ലായുദ്ധമുറ കെട്ടഴിച്ചുവിടും; ഇപ്പോൾ ഷാൻസി പ്രവിശ്യയിൽ നടന്നുകൊണ്ടിരിക്കുന്നതു് ഇതാണു്. രണ്ടാംഘട്ടത്തിലെ യുദ്ധം നിഷ്ഠൂരമായിരിക്കും, ശത്രുവിനു് ഗുരുതരമായ നാശനഷ്ടങ്ങൾ നേരിടേണ്ടിവരികയും ചെയ്യും. ഗറില്ലായുദ്ധമുറ വിജയകരമായിരിക്കും, ഇതു് ശരിയായി നടത്തപ്പെടുകയാണെങ്കിൽ ശത്രുവിനു് അവൻെറ അധീനപ്രദേശങ്ങളുടെ ഏതാണ്ടു് മൂന്നിലൊരു ഭാഗം മാത്രമെ നിലനിർത്താനാവുകയുള്ളു, അവശേഷിക്കുന്ന മൂന്നിൽ രണ്ടു ഭാഗവും നമ്മുടെ കൈകളിലാവും, ഇതു് ശത്രുവിനു് ഒരു കനത്ത പരാജയവും ചൈനയ്ക്കു് ഒരു മഹത്തായ വിജയവും ആയിരിക്കുകയും ചെയ്യും. അതോടെ ശത്രു അധീനപ്രദേശങ്ങളാകെ മൂന്നു വിഭാഗങ്ങളായി തീരും: ഒന്നു്, ശത്രുവിൻെറ താവളപ്രദേശങ്ങൾ; രണ്ടു്, ഗറില്ലാ യുദ്ധത്തിനുവേണ്ടിയുള്ള നമ്മുടെ താവളപ്രദേശങ്ങൾ; മൂന്നു്, ഇരുപക്ഷക്കാരും 'കൈവശപ്പെടുത്താൻ ശ്രമിക്കുന്ന ഗറില്ലാ പ്രദേശങ്ങൾ. ഈ ഘട്ടത്തിൻെറ കാലയളവു് നമ്മളും ശത്രുവും തമ്മിലുള്ള ശാക്തിക സന്തുലിതാവസ്ഥയിലെ മാററത്തിൻെറ അളവിനെയും സാർവ്വദേശീയ സ്ഥിതിയിലെ മാററങ്ങളെയും ആശ്രയിച്ചിരിക്കും; പൊതുവിൽ പറഞ്ഞാൽ, ഈ ഘട്ടം താരതമ്യേന ദീർഘമായ കാലം നീണ്ടുനില്ക്കുമെന്നു് മനസ്സിലാക്കി അതിൻെറ വിഷമതകളെ തരണം ചെയ്യുന്നതിനു് തയ്യാററായിരിക്കണം. ഇതു് ചൈനയെ സംബന്ധിച്ചിടത്തോളം വേദനാകരമായ ഒരു കാലഘട്ടമായിരിക്കും; സാമ്പത്തികവിഷമതകളും ദേശദ്രോഹികളുടെ ശിഥിലീകരണപ്രവർത്തനങ്ങളും ആയിരിക്കും ഇക്കാലത്തു് നാം നേരിടുന്ന രണ്ടു് വലിയ പ്രശ്നങ്ങൾ. ശത്രു ചൈനയിലെ ഐക്യമുന്നണിയെ തകർക്കുന്നതിനു് എല്ലാ മാർഗ്ഗങ്ങളിലൂടെയും ശ്രമിക്കുകയും എല്ലാ അധീനപ്രദേശങ്ങളിലെയും ദേശദ്രോഹികളുടെ സംഘടനകൾ ''ഏകീകൃതസർക്കാർ'' എന്നു വിളിക്കപ്പെടുന്നതിൽ ലയിച്ചു് ഒന്നായി ചേരുകയും ചെയ്യും. വൻനഗരങ്ങളുടെ നഷ്ടവും യുദ്ധത്തിലെ കഷ്ടപ്പാടുകളും മൂലം നമ്മുടെ അണികൾക്കിടയിലെ ചാഞ്ചാടുന്ന വിഭാഗങ്ങൾ വിട്ടുവീഴ്ചയ്ക്കുവേണ്ടി മുറവിളികൂട്ടുകയും അശുഭാപ്തിവിശ്വാസം ഗുരുതരമായ തോതിൽ ശക്തിപ്പെടുകയും ചെയ്യും. അപ്പോൾ നമ്മുടെ കടമകൾ മുഴുവൻ ജനങ്ങളെയും ഒററക്കെട്ടായി ഐക്യപ്പെടുത്തുകയും ഇടറാത്ത സ്ഥിരോത്സാഹത്തോടെ യുദ്ധം നടത്തുകയും, ഐക്യമുന്നണിയെ വികസിപ്പിക്കുകയും ദൃഢീകരിപ്പിക്കുകയും, എല്ലാ അശുഭാപ്തിവിശ്വാസവും വിട്ടുവീഴ്ചയുടേതായ എല്ലാ ആശയങ്ങളും തുടച്ചുമാററുകയും, കഠിനമായ സമരത്തിലേർപ്പെടുന്നതിനുള്ള ഇച്ഛാശക്തി പ്രോത്സാഹിപ്പിക്കുകയും, പുതിയ യുദ്ധകാല നയങ്ങൾ പ്രയോഗിക്കുകയും, അങ്ങിനെ വിഷമതകളെ തരണംചെയ്യുകയുമെന്നതായിരിക്കും. രണ്ടാമത്തെ ഘട്ടത്തിൽ, നമുക്കു് ഒരൈക്യസർക്കാർ ദൃഢനിശ്ചയത്തോടെ നിലനിർത്തുന്നതിനു് രാജ്യത്തോടു മുഴുവൻ ആഹ്വാനം നൽകുകയും, ഭിന്നിപ്പുകളെ എതിർക്കുകയും യുദ്ധത്തിൻെറ സാങ്കേതികവിദ്യകൾ ചിട്ടയായി വികസിപ്പിക്കുകയും സായുധസേനകളെ പരിഷ്ക്കരിക്കുകയും ജനങ്ങളെ മുഴുവൻ സജ്ജീകരിക്കുകയും പ്രത്യാക്രമണത്തിനു് തയ്യാറെടുക്കുകയും ചെയ്യേണ്ടിവരും. സാർവ്വദേശീയസ്ഥിതി കൂടുതൽ കൂടുതലായി ജപ്പാനു പ്രതികൂലമായി തീരുകയും, ''വിധിക്കു'' കീഴടങ്ങുന്ന ചേമ്പർലെയ്നേപ്പോലുള്ളവരുടെ ''യാഥാർത്ഥ്യവാദ''പരമായ സംഭാഷണങ്ങളുണ്ടെങ്കിൽപ്പോലും പ്രധാന സാർവ്വദേശീയ ശക്തികൾ ചൈനയ്ക്കു കൂടുതൽ സഹായംനൽകുന്ന അവസ്ഥയി

Scanned by CamScanner

ലേക്ക് എത്തുകയും ചെയ്യും. ദക്ഷിണപൂർവ്വേഷ്യക്കും സൈബീരിയയ്ക്കും ജപ്പാനിൽനിന്നുള്ള ഭീഷണി കൂടുതൽ ശക്തിപ്പെടുകയും മറെറാരു യുദ്ധംകൂടി ഉണ്ടാവുകയും ചെയ്യേക്കാം. ജപ്പാനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, അതിന്റെ ഡസൻകണക്കിനു ഡിവിഷനുകൾ രക്ഷപ്പെടാനാവാത്തവിധം ചൈനയിൽ പുതഞ്ഞുപോകും. വ്യാപകമായ ഗറില്ലായുദ്ധവും ജനങ്ങളുടെ ജാപ്പ് വിരുദ്ധ പ്രസ്ഥാനവും ഈ വലിയ ജാപ്പനീസ് സേനയെ ക്ഷീണിപ്പിക്കും, അതിന്റെ എണ്ണം കുറച്ചുകൊണ്ടുവരും, ഗൃഹാതുരത്വവും യുദ്ധം സൃഷ്ടിക്കുന്ന ക്ഷീണവും യുദ്ധവിരുദ്ധ വികാരങ്ങളുംപോലും തീവ്രിപ്പിച്ചുകൊണ്ട് ശത്രുസേനയുടെ ആത്മവീര്യം ശിഥിലീകരിക്കുകയുംചെയ്യും. ചൈനയെ കൊള്ളയടിക്കുകവഴി ജപ്പാന് ഒരു പ്രയോജനവും സിദ്ധിക്കുകയില്ലെന്ന് പറയുന്നതു് ശരിയായിരിക്കുമെങ്കിലും മൂലധന കുറവുമൂലവും ഗറില്ലായുദ്ധം ശല്യം ചെയ്യുന്നതുമൂലവും ആ രാജ്യത്തിനു് വേഗതയേറിയതോ ഗണ്യമോ ആയ ഫലങ്ങൾ നേടാൻ കഴിയാതെവരും. ഈ രണ്ടാം ഘട്ടം യുദ്ധത്തിന്റെയാകെ പരിവർത്തനഘട്ടമായിരിക്കും; ഇതു് അങ്ങേയററം കടുത്ത പരീക്ഷണം നേരിടുന്ന കാലഘട്ടമായിരിക്കുമെങ്കിലും ഇതു് മർമ്മപ്രധാനമായ കാലഘട്ടം കൂടിയാണു്. ചൈന ഒരു സ്വതന്ത്രരാജ്യമായിത്തീരുമൊ അതോ ഒരു കോളനിയായി മാററപ്പെടുമൊ എന്നു നിർണ്ണയിക്കുന്നതു് ആദ്യഘട്ടത്തിൽ വൻനഗരങ്ങൾ സ്വന്തം പിടിയിൽ നിലനിർത്താനാവുമോ അതോ അവ നഷ്ടപ്പെടുമൊ എന്നതിനെ ആശ്രയിച്ചല്ല, മറിച്ച് രണ്ടാംഘട്ടത്തിൽ എത്രകണ്ടു് രാജ്യം മുഴുവനും യുദ്ധശ്രമത്തിൽ മുഴുകുമെന്നതിനെ ആശ്രയിച്ചാണു്. ചെറുത്തുനില്പുയുദ്ധത്തിലും ഐക്യമുന്നണിയിലും സുദീർഘയുദ്ധത്തിലും നമുക്ക് സ്ഥിരോത്സാഹത്തോടെ ഉറച്ചുനില്ക്കാൻ കഴിയുമെങ്കിൽ ചൈന ആ ഘട്ടത്തിൽ ദൗർബ്ബല്യത്തിൽ നിന്നു് ശക്തിയിലേക്കു മാറുവാനുള്ള കരുത്തു് സംഭരിക്കും. ഇതു് ചൈനയുടെ ഈ ചെറുത്തുനില്പുയുദ്ധമെന്ന മൂന്നങ്ക നാടകത്തിലെ രണ്ടാംരംഗമായിരിക്കും. മുഴുവൻ നടന്മാരുടെയും ശ്രമങ്ങളിലൂടെ ഏററവും ഉജ്ജ്വലമായ അവസാനരംഗം അരങ്ങേറുവാൻ സാദ്ധ്യമായിത്തീരും.

38. മൂന്നാംഘട്ടം നമ്മുടെ നഷ്ടപ്പെട്ട പ്രദേശങ്ങൾ വീണ്ടെടുക്കുന്നതിനുള്ള പ്രത്യാക്രമണത്തിന്റെ ഘട്ടമാണു്. അവയുടെ വീണ്ടെടുക്കൽ പ്രധാനമായും ആശ്രയിച്ചിരിക്കുന്നതു് തൊട്ടുമുമ്പുള്ള ഘട്ടത്തിൽ ചൈന കെട്ടിപ്പടുത്തതും മൂന്നാം ഘട്ടത്തിൽ തുടർന്നു വളർന്നുകൊണ്ടിരിക്കുന്നതുമായ ശക്തി അനുസരിച്ചായിരിക്കും. എന്നാൽ ഇതിനു് ചൈനയുടെ ശക്തി മാത്രം മതിയാവുകയില്ല. നമുക്കു്, സാർവ്വദേശീയ ശക്തികളുടെ പിന്തുണയേയും ജപ്പാനുള്ളിൽതന്നെ ഉണ്ടാകുന്ന മാററങ്ങളേയുംകൂടി ആശ്രയിക്കേണ്ടതായി വരും. അല്ലെങ്കിൽ നമുക്ക് വിജയം നേടാവാവുകയില്ല. ഇതു് സാർവ്വദേശീയ പ്രചരണത്തിലും നയതന്ത്രകുശലതയിലും ചൈനയുടെ കടമകളോടു് കൂടിച്ചേരുന്നു. മൂന്നാംഘട്ടത്തിൽ, നമ്മുടെ യുദ്ധം തന്ത്രപരമായ പ്രതിരോധത്തിന്റേതായിരിക്കയില്ല; മറിച്ച് അതു് തന്ത്രപരമായ കടന്നാക്രമണങ്ങളിലൂടെതന്നെ പ്രകടമാകുന്ന തന്ത്രപരമായ ഒരു പ്രത്യാക്രമണത്തിലേക്കു മാറും; അതിനു കൂടുതൽ നാം തന്ത്രപരമായ ആഭ്യന്തരനിരകളിലുള്ള പോരാട്ടമായി തുടരാനാവുകയില്ല; മറിച്ച് അതു് ക്രമേണ തന്ത്രപരമായ ബാഹ്യനിരകളിലേക്കു മാറും. യാലു നദിവരെ നാം പോരാടി മുന്നേറുന്നതുവരെ ഈ യുദ്ധം തീർന്നുവെന്നു് പരിഗണിക്കാനാവുകയില്ല. മൂന്നാംഘട്ടം സുദീർഘയുദ്ധത്തിന്റെ അവസാനഘട്ടമാണു് അവസാനംവരെ യുദ്ധത്തിൽ സ്ഥിരോത്സാഹത്തോടെ ഉറച്ചുനില്ക്കുകയെന്നു് നാം പറയുന്നതും അർത്ഥമാക്കുന്നതും ഈ ഘട്ടത്തിലൂടെ ഉടനീളം

Scanned by CamScanner

കടന്നുപോവുക എന്നാണ്. നമ്മുടെ യുദ്ധത്തിന്റെ പ്രധാനരൂപം അപ്പോഴും ചലനാത്മക യുദ്ധമുറയായിരിക്കും, എന്നാൽ സ്ഥിരയുദ്ധമുറ ക്രമേണ പ്രധാനമായുയർന്നുവരും. നിലനിൽക്കുന്ന സാഹചര്യങ്ങൾമൂലം ഒന്നാംഘട്ടത്തിൽ സ്ഥിരപ്രതിരോധത്തെ പ്രധാനമായിട്ട് പരിഗണിക്കാനാവുകയില്ലെങ്കിലും, മാറിയ സാഹചര്യങ്ങൾമൂലവും പുതിയ കടമകളുടെ ആവശ്യങ്ങൾക്കനുസൃതമായും നിലയുറപ്പിച്ചുള്ള ആക്രമണം തികച്ചും പ്രധാനമായിത്തീരും. മൂന്നാം ഘട്ടത്തിൽ ഗറില്ലായുദ്ധമുറ ചലനാത്മകവും സ്ഥിരവുമായ യുദ്ധമുറകൾക്ക് സഹായകമായി നിന്നുകൊണ്ട് അവർക്ക് തന്ത്രപരമായി പിന്തുണ നൽകുന്നത് വീണ്ടും തുടരും, എന്നാൽ ഇതു് രണ്ടാംഘട്ടത്തിലെപോലെ പ്രധാനയുദ്ധമായിരിക്കുകയില്ല.

39. യുദ്ധം ദീർഘകാലാടിസ്ഥാനത്തിലുള്ളതും അതുവഴി അതിന്റെ സ്വഭാവം നിഷ്ഠൂരമായിരിക്കുമെന്നതും ഇപ്രകാരം പ്രകടമാണ്. ശത്രുവിനു് ചൈനയെ മുഴുവൻ വിഴുങ്ങാൻ കഴിയുകയില്ല, എന്നാൽ ഒരു ഗണ്യമായ കാലയളവോളം പല സ്ഥലങ്ങളേയും അധീനപ്പെടുത്തുവാൻ കഴിയും. ചൈനക്കു് ജപ്പാനെ വേഗം തുരത്തുവാൻ കഴിയുകയില്ല, എന്നാൽ സ്വന്തം ഭൂപ്രദേശത്തിന്റെ വലിയ ഭാഗവും സ്വന്തം കൈവശത്തിൽ നിലനിർത്താൻ കഴിയും. അവസാനം ശത്രു പരാജയപ്പെടുകയും നാം വിജയം നേടുകയും ചെയ്യും. എന്നാൽ നമുക്കു് പരുക്കനായ ഒരു പാതയിലൂടെ കടന്നുപോകേണ്ടതുണ്ട്.

40. ദീർഘവും നിഷ്ഠൂരവുമായ യുദ്ധത്തിന്റെ ഇടക്കു് ചൈനീസ് ജനത ദൃഢതയാർജ്ജിക്കും. ഈ യുദ്ധത്തിൽ പങ്കെടുക്കുന്ന രാഷ്ട്രീയ പാർട്ടികൾ ഉറപ്പുനേടുകയും പരീക്ഷിക്കപ്പെടുകയും ചെയ്യും. ഐക്യമുന്നണിയിൽ നാം സ്ഥിരോത്സാഹത്തോടെ ഉറച്ചുനില്ക്കണം; ഐക്യമുന്നണിയിൽ ഉറച്ചുനില്ക്കുന്നതിലൂടെ മാത്രമെ യുദ്ധത്തിലും ഉറച്ചുനില്ക്കുവാൻ നമുക്കു് കഴിയുകയുള്ള. ഐക്യമുന്നണിയിലും യുദ്ധത്തിലും ഉറച്ചു നില്ക്കുന്നതിലൂടെ മാത്രമെ നമുക്കു് അന്തിമവിജയം നേടാൻ കഴിയുകയുള്ളൂ. അപ്രകാരം മാത്രമെ എല്ലാ വിഷമതകളേയും തരണം ചെയ്യുവാൻ കഴിയുകയുള്ളൂ. പരുക്കനായ പാതയിലൂടെ സഞ്ചരിച്ചതിനുശേഷം നാം വിജയത്തിന്റെ വിശാല പാതയിലെത്തിച്ചേരും. ഇതാണ് യുദ്ധത്തിന്റെ സ്വാഭാവികനിയമം.

41. ഈ മൂന്നു ഘട്ടങ്ങളിലും ആപേക്ഷികശക്തിയിലുണ്ടാകുന്ന മാറ്റങ്ങൾ താഴെ പറയുന്ന രീതിയിൽ മുന്നോട്ടുപോകും. ഒന്നാംഘട്ടത്തിൽ ശക്തിയെ സംബന്ധിച്ചിടത്തോളം ശത്രുമേധാവിത്വസ്ഥാനത്തും നാം അധ:സ്ഥിത സ്ഥാനത്തുമാണ്. നമ്മുടെ ഈ അധ:സ്ഥിതാവസ്ഥയെ സംബന്ധിച്ചിടത്തോളം ചെറുത്തുനില്പുയുദ്ധത്തിന്റെ തൊട്ടുമുമ്പു മുതൽ ഈ ഘട്ടത്തിന്റെ അവസാനത്തോളം രണ്ടു തരത്തിലുള്ള മാറ്റങ്ങളെ നാം കണക്കിലെടുക്കണം. ഒന്നാമത്തേതു് കൂടുതൽ വഷളായ അവസ്ഥയിലേക്കു നയിക്കുന്ന ഒരു മാറ്റമാണ്. ഭൂപ്രദേശങ്ങൾ, ജനസംഖ്യ, സാമ്പത്തികശക്തി, സൈനികശക്തി, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ ചുരുങ്ങിപ്പോവുന്നതുപോലുള്ള യുദ്ധനഷ്ടങ്ങൾമൂലം ചൈനയുടെ തുടക്കത്തിലുള്ള അധ:സ്ഥിതാവസ്ഥ കൂടുതൽ തീക്ഷ്ണമാകും. ഒന്നാംഘട്ടത്തിന്റെ അവസാനമെത്തുമ്പോഴേക്കും ഈ കുറവ്, പ്രത്യേകിച്ചും സാമ്പത്തികരംഗത്തുണ്ടാകുന്ന ശക്തിക്ഷയം ഒരുപക്ഷെ ഗണ്യമായിരിക്കും. ചിലർ ഇക്കാര്യം ദേശീയ കീഴടങ്ങലിന്റെയും വിട്ടുവീഴ്ചയുടേതുമായ തങ്ങളുടെ സിദ്ധാന്തങ്ങൾക്കു് ഉപോൽബലകമായി ചൂഷണംചെയ്യുവെന്നുംവരും. എന്നാൽ രണ്ടാമത്തെ തരത്തിലുള്ള മാറ്റവും, ഗുണപരമായ ദിശയിലുള്ള മാറ്റവും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. യുദ്ധത്തിൽ നേടിയ അനുഭവം,

Scanned by CamScanner

സായുധസേനകളുടെ വളർച്ച,രാഷ്ട്രീയ പുരോഗതി, ജനങ്ങളെ സംഘടി
പ്പിച്ച് സജ്ജമാക്കൽ, ഒരു പുതിയ ദിശയിലൂടെയുള്ള സാംസ്കാരിക
വികാസം, ഗറില്ലാ യുദ്ധമുറയുടെ ആവിർഭാവം, സാർവ്വദേശീയ പിന്തുണ
യുടെ വർദ്ധനവ് മുതലായവ ഇതിലുൾപ്പെടുന്നു. ഒന്നാംഘട്ടത്തിൽ താഴേ
ക്കു് പോകുന്നതു് പഴയ പരിമാണവും പഴയ ഗുണവുമാണ്. ഇവയുടെ
പ്രകടിത രൂപങ്ങൾ പ്രധാനമായും അളവുപരമാണ്. മേലേക്കുയരുന്നതു്
പുതിയ പരിമാണവും, പുതിയ ഗുണവുമാണ്. ഇവയുടെ പ്രകടിതരൂപ
ങ്ങൾ പ്രധാനമായും ഗുണപരമാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള
യുദ്ധം നടത്താനും അന്തിമവിജയം നേടുവാനുമുള്ള നമ്മുടെ കഴിവിന്റെ
അടിത്തറയായി വർത്തിക്കുന്നതു് രണ്ടാമത്തെ തരത്തിൽപ്പെട്ട മാററമാണ്.

42. ഒന്നാംഘട്ടത്തിൽ ശത്രുവിന്റെ പക്ഷത്തും രണ്ടുതരത്തിലുള്ള
മാററങ്ങൾ സംഭവിക്കുന്നുണ്ടു്. ഒന്നാമത്തേതു്, അവസ്ഥ കൂടുതൽ വഷളാ
കുന്നതരത്തിലുള്ള ഒരു മാററമാണ്; പതിനായിരക്കണക്കിനു് ആൾനഷ്ടം,
ആയുധങ്ങളിലും വെടിക്കോപ്പുകളിലുമുണ്ടാകുന്ന നഷ്ടം, സൈനികരുടെ
ആത്മവീര്യത്തിനുണ്ടാകുന്ന അപചയം, സ്വന്തം രാജ്യത്തു് ജനങ്ങൾക്കിട
യിൽ വളരുന്ന അസംതൃപ്തി, വ്യാപാരത്തിന്റെ കുറവ്, പതിനായിരം
ദശലക്ഷം യെന്നിലധികം വരുന്ന ചിലവ്, എതിരായ ലോകാഭിപ്രാ
യം മുതലായവയിലൂടെയാണ് ഇതു് പ്രകടമാകുന്നതു്. ഒരു സുദീർഘ
യുദ്ധം നടത്തുന്നതിനും അന്തിമവിജയം നേടുന്നതിനുമുള്ള ഒരടിത്തറ നമു
ക്കു് ഈ പ്രവണത പ്രദാനം ചെയ്യുന്നു. എന്നാൽ അതേസമയംതന്നെ ശത്രു
പക്ഷത്തുണ്ടാകുന്ന രണ്ടാമത്തെ തരത്തിൽപെട്ട മാററവും നാം കണക്കിലെ
ടുക്കണം; ഭൂപ്രദേശത്തിലുണ്ടാകുന്ന വർദ്ധനവ്, ജനസംഖ്യയിലും വിഭവ
ശേഷിയിലും ഉണ്ടാകുന്ന വർദ്ധനവ് എന്നിവപോലെ ശത്രുവിനു കൂടു
തൽ മെച്ചമുണ്ടാകുന്ന ഒരു മാററമാണിതു്. ഇതും നമ്മുടെ ചെറുത്തുനില്പു
യുദ്ധത്തിന്റെ ദീർഘകാല സ്വഭാവത്തിനും പെട്ടന്നുള്ള വിജയം അസാ
ദ്ധ്യമാക്കി തീർക്കുന്നതിനും ഒരടിസ്ഥാനകാരണമായിരിക്കുന്നു. എ
ന്നാൽ അതേസമയംതന്നെ ചിലർ ഇതിനെ ദേശീയ കീഴടങ്ങലിന്റെയും
വിട്ടുവീഴ്ചയുടെതുമായ തങ്ങളുടെ സിദ്ധാന്തങ്ങൾക്കു് ഒരു അടിത്തറയായി
ഉപയോഗിക്കും. എന്നിരുന്നാലും, ശത്രുപക്ഷത്തിനു് കൂടുതൽ മെച്ചമുണ്ടാ
കുന്ന ഈ മാററത്തിന്റെ താല്ക്കാലികവും ഭാഗികവുമായ സ്വഭാവവും നാം
കണക്കിലെടുക്കണം. ജപ്പാൻ തകർച്ചയിലേക്കു തലകുത്തിവീഴുന്ന ഒരു
സാമ്രാജ്യത്വ രാജ്യമാണ്. ചൈനീസ് ഭൂപ്രദേശങ്ങളുടെ മേലുള്ള അ
തിന്റെ കൈവശാവകാശം സ്ഥാപിക്കൽ താല്ക്കാലികവുമാണ്. ചൈ
നയിലെ ഗറില്ലായുദ്ധത്തിന്റെ ഊർജ്ജസ്വലമായ വളർച്ച ജപ്പാന്റെ
ചൈനീസ് ഭൂപ്രദേശങ്ങളെ യഥാർത്ഥത്തിൽ കൈവശം വെക്കാനുള്ള കഴി
വു് ചില ഇടുങ്ങിയ മേഖലകളിലായി പരിമിതപ്പെടുത്തും. കൂടാതെ
ഭൂപ്രദേശങ്ങളെ കൈവശപ്പെടുത്തുകവഴി ജപ്പാനും മററു വിദേശരാജ്യങ്ങളും
തമ്മിലുള്ള വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കപ്പെടുകയും അവ തീക്ഷ്ണമാവുകയും
ചെയ്തിട്ടുണ്ടു്. ഇതിനുംപുറമേ പൊതുവിൽ പറഞ്ഞാൽ, മൂന്നു വടക്കുകിഴ
ക്കൻ പ്രവിശ്യകളിലെ അനുഭവം ചൂണ്ടിക്കാട്ടുന്നതുപോലെ ഇതുപോലെ
ഭൂപ്രദേശങ്ങളെ കൈവശപ്പെടുത്തൽ ഒരു ഗണ്യമായ കാലം ഒരു ലാഭവും
ലഭിക്കാനാവാതെ മൂലധനം നിക്ഷേപിക്കേണ്ട അവസ്ഥയിലേക്കു്
ജപ്പാനെ എത്തിക്കുന്നു. ഇവയെല്ലാംതന്നെ ദേശീയ കീഴടങ്ങലിന്റെയും
വിട്ടുവീഴ്ചയുടെതുമായ സിദ്ധാന്തങ്ങളെ തകർക്കുന്നതിനും, സുദീർഘയു
ദ്ധത്തിന്റെയും അന്തിമവിജയത്തിന്റെയുമായ സിദ്ധാന്തങ്ങൾ
സ്ഥാപിക്കുന്നതിനുമുള്ള ഒരടിത്തറ നമുക്കു് വീണ്ടും പ്രദാനംചെയ്യുന്നുണ്ടു്.

Scanned by CamScanner

43) രണ്ടാംഘട്ടത്തിൽ ഇരുപക്ഷങ്ങളിലെയും മുൻപറഞ്ഞ മാററങ്ങൾ തുടർന്നു വികസിക്കും. ഈ അവസ്ഥ വിശദമായി മുൻകൂട്ടി പ്രവചിക്കാനാവുകയില്ലെങ്കിലും, മൊത്തത്തിൽ ജപ്പാന്റെ താഴോട്ടുള്ള പോക്കും ചൈനയുടെ ഉയർച്ചയും തുടരും 14. ഉദാഹരണത്തിന്, ചൈനയുടെ ഗറില്ലായുദ്ധംമൂലം ജപ്പാന്റെ സൈനികവും സാമ്പത്തികവുമായ വിഭവശേഷിക്ക് ഗുരുതരമായ ക്ഷീണം സംഭവിക്കും. ജപ്പാനിൽ ജനകീയ അസംതൃപ്തി വളരും, ജാപ്പനീസ് സൈന്യങ്ങളുടെ ആത്മവീര്യം കൂടുതൽ ശിഥിലമാകും, ജപ്പാൻ കൂടുതലായി സാർവ്വദേശീയ തലത്തിൽ ഒററപ്പെടുകയും ചെയ്യും. ചൈനയെ സംബന്ധിച്ചേടത്തോളം രാഷ്ട്രീയവും സൈനികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ജനങ്ങളെ ഒന്നിച്ചണിനിരത്തലും അതു് കൂടുതൽ പുരോഗതി നേടും; ഗറില്ലായുദ്ധം കൂടുതൽ വികസിക്കും; ഉൾപ്രദേശങ്ങളിലെ ചെറുകിടവ്യവസായങ്ങളുടെയും വ്യാപകമായ കൃഷിയുടെയും അടിസ്ഥാനത്തിൽ കുറെ പുതിയ സാമ്പത്തിക വളർച്ചയുണ്ടാകും. സാർവ്വദേശീയപിന്തുണ ക്രമേണ വർദ്ധിക്കും; ചിത്രമാകെ ഇന്നത്തേതിനെക്കാൾ തികച്ചും വ്യത്യസ്തമാവുകയും ചെയ്യും. ഈ രണ്ടാംഘട്ടം കുറെയേറെക്കാലം നീണ്ടുനിന്നേക്കാം, ഇക്കാലത്തിനിടയ്ക്ക് ചൈന ക്രമേണ ഉയരുകയും ജപ്പാൻ ക്രമേണ താഴ്ന്നുവരികയും ചെയ്യുന്നതിലൂടെ ശാക്തികസന്തുലിതാവസ്ഥയിൽ ഒരു വലിയ തലകീഴ്മറിയലുണ്ടാകും. ചൈന അതിന്റെ അധഃസ്ഥിതാവസ്ഥയിൽനിന്നു മുന്നോട്ടുവരും; ജപ്പാനു് അതിന്റെ മേധാവിത്വസ്ഥാനം നഷ്ടപ്പെടും; ആദ്യം രണ്ടു രാജ്യങ്ങളും തുല്യനിലയിലുള്ളവയായിത്തീരും, എന്നിട്ട് അവയുടെ ആപേക്ഷികസ്ഥാനങ്ങൾക്ക് കീഴ്മറിച്ചിലുണ്ടാകും. അതോടെ പൊതുവിൽ ചൈന തന്ത്രപരമായ പ്രത്യാക്രമണത്തിനുള്ള അതിന്റെ തയ്യാറെടുപ്പുകൾ പൂർത്തിയാക്കിയിട്ടുണ്ടായിരിക്കും, അതു് പ്രത്യാക്രമണത്തിന്റെയും ശത്രുവിനെ പുറംതള്ളുന്നതിന്റെയുമായ ഘട്ടത്തിലേക്കു പ്രവേശിക്കുകയും ചെയ്യും. അധഃസ്ഥിതാവസ്ഥയിൽനിന്നു് മേധാവിത്വാവസ്ഥയിലേക്കുള്ള മാററത്തിലും പ്രത്യാക്രമണത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പുകളുടെ പൂർത്തീകരണത്തിലും മൂന്നു കാര്യങ്ങൾ, അതായതു് ചൈനയുടെതന്നെ ശക്തിയിലുള്ള വളർച്ച, ജപ്പാന്റെ വൈഷമ്യങ്ങളുടെ വളർച്ച, സാർവ്വദേശീയ പിന്തുണയുടെ വർദ്ധനവു് എന്നിവ, ഉൾച്ചേർന്നിട്ടുണ്ടെന്നു് ഊന്നിപ്പറയേണ്ടതുണ്ട്. ഈ ശക്തികളുടെയെല്ലാം കൂടിച്ചേരലാണു് ചൈനയുടെ മേധാവിത്വാവസ്ഥയേയും പ്രത്യാക്രമണത്തിനുവേണ്ടിയുള്ള അതിന്റെ തയ്യാറെടുപ്പുകളുടെ പൂർത്തീകരണത്തെയും സംഭവിപ്പിക്കുന്നതു്.

44. ചൈനയുടെ രാഷ്ട്രീയ, സാമ്പത്തികവികാസത്തിന്റെ അസമാനതമൂലം മൂന്നാംഘട്ടത്തിലെ തന്ത്രപരമായ പ്രത്യാക്രമണം അതിന്റെ പ്രഥമതലത്തിൽ ഐകരൂപ്യമുള്ളതും സമാനവുമായൊരു ചിത്രം രാജ്യത്തുടനീളം പ്രദാനം ചെയ്യുകയില്ല, മറിച്ചതു് പ്രാദേശികസ്വഭാവമുള്ളതായിരിക്കും, ചിലടത്തു്. ഉയരുകയും മററു ചിലടത്തു് താഴ്ന്നുപോകയും ചെയ്യുന്ന അവസ്ഥയിലായിരിക്കും; ഈ ഘട്ടത്തിനിടയ്ക്കു് ചൈനയുടെ ഐക്യമുന്നണിയെ തകർക്കുന്നതിനുള്ള വിഭാഗീയമായ സൂത്രപ്പണികൾക്കു് ശത്രു ഒരു കുറവും വരുത്തുകയില്ല. അതുകൊണ്ടു് ചൈനയുടെ ആഭ്യന്തര ഐക്യം നിലനിർത്തുകയെന്നതു് മുമ്പിലത്തെക്കാൾ കൂടുതൽ പ്രധാനമായിത്തീരും. ആഭ്യന്തരഭിന്നിപ്പുകൾമൂലം തന്ത്രപരമായ പ്രത്യാക്രമണം നടക്കവെച്ചു നിലംപതിക്കുകയില്ലെന്നു് നമുക്കുറപ്പുവരുത്തേണ്ടിവരും, ഈ കാലഘട്ടത്തിൽ സാർവ്വദേശീയ സ്ഥിതി ചൈനയ്ക്കു് വളരെ അനുകൂലമായിത്തീരും. പൂർണ്ണവിമോചനം നേടുന്നതിനുവേണ്ടിയും ഒരു സ്വതന്ത്രജനാധിപത്യഭരണകൂടം സ്ഥാപിക്കുന്നതിനുവേണ്ടിയും ഇതിനെ

Scanned by CamScanner

പ്രയോജനപ്പെടുത്തുക എന്നതാവും ചൈനയുടെ കടമ; ഈ പ്രവർത്തനം നടത്തുകയെന്നതിന്ന് അർത്ഥം ലോക ഫാസിസ്റ്റ്‌വിരുദ്ധപ്രസ്ഥാനത്തെ സഹായിക്കുകയെന്നുമാണ്.

45. ചൈന അധ:സ്ഥിതാവസ്ഥയിൽനിന്ന് തുല്യതയിലേക്കും അവിടെനിന്ന് മേധാവിത്വാവസ്ഥയിലേക്കും, ജപ്പാൻ മേധാവിത്വാവസ്ഥയിൽനിന്ന് തുല്യതയിലേക്കും അവിടെനിന്ന് അധ:സ്ഥിതാവസ്ഥയിലേക്കും നീങ്ങുന്നു; ചൈന പ്രതിരോധാവസ്ഥയിൽനിന്ന് ആർക്കും ജയിക്കാനാവാത്ത അവസ്ഥയിലേക്കും അവിടെനിന്ന് പ്രത്യാക്രമണത്തിലേക്കും നീങ്ങുന്നു. ജപ്പാൻ കടന്നാക്രമണത്തിന്റെ അവസ്ഥയിൽനിന്ന് സ്വന്തം നേട്ടങ്ങളെ രക്ഷിച്ചുനിർത്തുന്ന അവസ്ഥയിലേക്കും അവിടെനിന്ന് പിന്മാററത്തിലേക്കും നീങ്ങുന്നു. ഇതായിരിക്കും ചൈനാ—ജപ്പാൻയുദ്ധത്തിന്റെ വിധിയും അതിന്റെ അനിവാര്യമായ പ്രവണതയും.

46. അതുകൊണ്ട് പ്രശ്നങ്ങളും നിഗമനങ്ങളും താഴെപ്പറയുന്നവയാണ്.

ചൈന കീഴടക്കപ്പെടുമോ? ഉത്തരം ഇല്ല എന്നാണ്, ചൈന കീഴടക്കപ്പെടുകയില്ല, അത് അന്തിമവിജയം കൈവരിക്കും; ചൈനക്ക് ദ്രുതഗതിയിൽ വിജയം നേടാനാകുമോ? ഉത്തരം ഇല്ല എന്നാണ്, ദ്രുതഗതിയിൽ ചൈനക്കു വിജയം നേടാനാവില്ല. യുദ്ധം ദീർഘകാലാടിസ്ഥാനത്തിലുള്ള ഒന്നായിരിക്കണം. ഈ നിഗമനങ്ങൾ ശരിയാണോ? അവ ശരിയാണെന്നു ഞാൻ കരുതുന്നു.

47. ഇത്രയുമാകുമ്പോഴേക്കും ദേശീയ കീഴടങ്ങലിന്റെയും വിട്ടുവീഴ്ചയുടേയും വക്താക്കൾ വീണ്ടും തിരക്കിട്ടുവന്നു പറയും, ''അധ:സ്ഥിതാവസ്ഥയിൽനിന്ന് തുല്യതയിലേക്കു നീങ്ങുന്നതിന്ന് ചൈനക്ക് ജപ്പാനു തുല്യമായ ഒരു സൈനിക, സാമ്പത്തികശക്തി ആവശ്യമാണ്, തുല്യതയിൽനിന്ന് മേധാവിത്വാവസ്ഥയിലേക്കു നീങ്ങുന്നതിന്ന് ചൈനക്ക് ജപ്പാനെക്കാൾ വലിയ ഒരു സൈനിക, സാമ്പത്തികശക്തി ആവശ്യമാണ്. എന്നാൽ ഇതസാദ്ധ്യമാണ്, അതുകൊണ്ട് മേൽ പറഞ്ഞ നിഗമനങ്ങൾ ശരിയല്ല.''

48. ആയുധങ്ങളാണ് എല്ലാം നിർണ്ണയിക്കുന്നത്''15 എന്നു വിളിക്കപ്പെടുന്ന സിദ്ധാന്തമാണിത്. യുദ്ധത്തെ സംബന്ധിച്ച ഒരു യാന്ത്രികസമീപനവും ആത്മനിഷ്ഠവും ഏകപക്ഷീയവുമായ ഒരു വീക്ഷണവുമാണിത്. നമ്മുടെ വീക്ഷണം ഇതിനെതിരാണ്; നാമായുധങ്ങളെ മാത്രമല്ല ജനങ്ങളെയും കാണുന്നു. ആയുധങ്ങൾ യുദ്ധത്തിൽ ഒരു പ്രധാന ഘടകമാണ്, എന്നാൽ നിർണ്ണായക ഘടകമല്ല; ജനങ്ങളാണ്, സാമഗ്രികളല്ല നിർണ്ണായകമായിട്ടുള്ളത്. രണ്ടു ശക്തികൾ തമ്മിലുള്ള മത്സരം സൈനികവും സാമ്പത്തികവുമായ ശക്തികൾ തമ്മിലുള്ള മത്സരം മാത്രമല്ല, മനുഷ്യശക്തിയുടേയും ആത്മവീര്യത്തിന്റെയും ഒരു മത്സരംകൂടിയാണ്. സൈനികവും സാമ്പത്തികവുമായ ശക്തി അവശ്യമായും കൈകാര്യം ചെയ്യുന്നതു ജനങ്ങളാണ്. ചൈനയിലെയും ജപ്പാനിലെയും മററു രാജ്യങ്ങളിലെയും ബഹുഭൂരിപക്ഷം ജനങ്ങൾ ജപ്പാനെതിരായ നമ്മുടെ ചെറുത്തുനില്പുയുദ്ധത്തിന്റെ ഭാഗത്താണെങ്കിൽ, എങ്ങിനെയാണ് ബലപ്രയോഗത്തിലൂടെ ഒരു ചെറിയ ന്യൂനപക്ഷത്താൽ കൈകാര്യം ചെയ്യപ്പെടുന്ന ജപ്പാന്റെ സൈനികവും സാമ്പത്തികവുമായ ശക്തിക്ക് ഒരു മേധാവിത്വശക്തിയാകുവാൻ കഴിയുക? അങ്ങിനെ സാധ്യമല്ലെങ്കിൽ, താരതമ്യേന താഴെക്കിടയിലുള്ള സൈനികവും സാമ്പത്തികവുമായ ശക്തിയാണു

Scanned by CamScanner

ള്ളതെങ്കിലും ചൈനയ്ക്കെന്തുകൊണ്ട് മേധാവിത്വശക്തിയായിത്തീരാൻ
കഴിയുകയില്ല? ചെറുത്തുനില്പുയുദ്ധത്തിലും ഐക്യമുന്നണിയിലും സ്ഥി
രോത്സാഹത്തോടെ ഉറച്ചുനില്ക്കുകയാണെങ്കിൽ ചൈന ക്രമേണ സൈനിക
വും സാമ്പത്തികവുമായ ശക്തിയിൽ വളർച്ച പ്രാപിക്കുമെന്നതിന് ഒരു
സംശയവുമില്ല. നമ്മുടെ ശത്രുവിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ—
ദീർഘമായ യുദ്ധവും ആഭ്യന്തരവും ബാഹ്യവുമായ വൈരുദ്ധ്യങ്ങളുംമൂലം
ക്ഷീണിതനായ അവന്റെ സൈനികവും സാമ്പത്തികവുമായ ശക്തി
വിപരീതദിശയിലേക്കു മാറുമെന്ന കാര്യം തീർച്ചയാണ്. ഈ സാഹച
ര്യങ്ങളിൽ ചൈനയ്ക്കു മേധാവിത്വ സ്ഥാനത്തേക്ക് എത്താൻ തടസ്സമാ
കുന്ന എന്തെങ്കിലും കാരണങ്ങളുണ്ടോ? ഇത്രയും മാത്രമല്ല, നമുക്കിനിയും
മററു രാജ്യങ്ങളുടെ സൈനികവും സാമ്പത്തികവുമായ ശക്തിയെ, പര
സ്യമായും ഒരു വലിയ അളവിലും നമുക്കു സഹായം ചെയ്യുന്ന ഒന്നായി
ഇപ്പോൾ കണക്കുകൂട്ടാനാവില്ലെങ്കിലും ഭാവിയിൽ നമുക്കവയെ അങ്ങി
നെ കണക്കുകൂട്ടാനാവുകയില്ലെന്നതിന് എന്തെങ്കിലും കാരണങ്ങളുണ്ടോ?
ജപ്പാന്റെ ശത്രു ചൈന മാത്രമല്ലെങ്കിൽ ഭാവിയിൽ ഒന്നോ അതിലധിക
മോ രാജ്യങ്ങൾ അവയുടെ ഗണ്യമായ സാമ്പത്തികവും സൈനികവുമായ
ശക്തി പ്രതിരോധപരമായോ കടന്നാക്രമണപരമായോ പ്രയോഗിക്കുക
യും നമ്മളെ പരസ്യമായി സഹായിക്കുകയും ചെയ്യുകയാണെങ്കിൽ, അ
പ്പോൾ നമ്മുടെ മേധാവിത്വാവസ്ഥ കൂടുതൽ വലുതായിത്തീരില്ലേ?
ജപ്പാനൊരു ചെറിയ രാജ്യമാണ്, അതു് നടത്തുന്ന യുദ്ധം പിന്തിരിപ്പനും
കിരാതവുമാണ്. അതു് സാർവദേശീയമായി കൂടുതൽ കൂടുതൽ ഒററപ്പെ
ട്ടതായിത്തീരുകയും ചെയ്യും; ചൈന ഒരു വലിയ രാജ്യമാണ്, അതു നട
ത്തുന്ന യുദ്ധം പുരോഗമനപരവും ന്യായയുക്തവുമാണ്, അതിന് സാർ
വദേശീയമായി കൂടുതൽ കൂടുതൽ പിന്തുണ നേടുവാനാവുകയും ചെയ്യും.
ഈ ഘടകങ്ങളുടെയെല്ലാം ദീർഘകാലാടിസ്ഥാനത്തിലുള്ള വികാസം
ശത്രുവും നമ്മളും തമ്മിലുള്ള ആപേക്ഷികസ്ഥിതിയെ നിർണ്ണായകമാ
യും മാററുകയില്ല എന്നതിന് എന്തെങ്കിലും കാരണങ്ങളുണ്ടോ?

49. എന്നിരുന്നാലും ദ്രുതവിജയത്തിന്റെ വക്താക്കൾ യുദ്ധം
ഒരു ശാക്തികമത്സരമാണെന്നും, യുദ്ധത്തിലേർപ്പെട്ടിട്ടുള്ളവരുടെ ആപേ
ക്ഷികശക്തിയിൽ ഒരു നിർദ്ദിഷ്ടമാററമുണ്ടാകുന്നതിനുമുമ്പ് തന്ത്രപരമാ
യി നിർണ്ണായകമായ യുദ്ധങ്ങൾ നടത്തുന്നതിനും വിമോചനപാതയുടെ
ദൈർഘ്യം കുറയ്ക്കുന്നതിനും വേണ്ടി ശ്രമിക്കുന്നതിന് യാതൊരടിസ്ഥാന
വുമില്ലെന്നും അംഗീകരിക്കുന്നില്ല. അവരുടെ ആശയങ്ങൾ നാം പ്രയോഗ
ത്തിൽ വരുത്തുകയാണെങ്കിൽ നാം അനിവാര്യമായും ഒരിഷ്ടികഭിത്തിയെ
തലകൊണ്ടിടിച്ചുപൊളിക്കാൻ ശ്രമിക്കുന്ന അവസ്ഥയിലാകും. ഒരുപ
ക്ഷെ, തങ്ങളുടെ ആശയങ്ങളെ പ്രയോഗത്തിൽ വരുത്താനുള്ള യഥാർത്ഥ
ഉദ്ദേശമൊന്നുമില്ലാതെ അവർ സ്വന്തം മന:സംതൃപ്തിക്കുവേണ്ടി സംസാരി
ക്കുക മാത്രമാകും, അവസാനം ശ്രീമാൻ യാഥാർത്ഥ്യം മുന്നോട്ടുവന്ന് ഈ
വായാടികളുടെ തലയിൽ ഒരു ബക്കററ് തണുത്ത വെള്ളമൊഴിച്ച് ഇക്കൂട്ടർ
കാര്യങ്ങൾ വിലകുറഞ്ഞ രീതിയിൽ നേടുവാൻ ശ്രമിക്കുന്ന കാററുനിറച്ച
ചാക്കുകൾ മാത്രമാണെന്നും കഷ്ടപ്പെടാതെ നേട്ടങ്ങളുണ്ടാക്കാൻ ശ്രമിക്കുന്ന
വരാണെന്നും തുറന്നുകാട്ടും. ഇത്തരം അലസമായ വായാടിത്തം നാം
മുമ്പും കേട്ടിട്ടുണ്ട്, അവരുടെ എണ്ണം വളരെ കൂടുതലല്ലെങ്കിലും അവരിപ്പോ
ഴും നമ്മുടെകൂടെയുണ്ട്; എന്നാൽ യുദ്ധം ആർക്കും ജയിക്കാനാവാത്ത അവ
സ്ഥയുടെ ഘട്ടത്തിലേക്കും പിന്നീട് പ്രത്യാക്രമണത്തിന്റെ ഘട്ടത്തിലേ
ക്കും വികസിക്കുമ്പോൾ ഇത്തരക്കാരുടെ എണ്ണവും കൂടിയേക്കും. എന്നാൽ

Scanned by CamScanner

ഇതിനിടയ്ക്ക് ഒന്നാംഘട്ടത്തിൽ ചൈനയുടെ നഷ്ടങ്ങൾ താരതമ്യേന കനത്തതായിരിക്കുകയും, രണ്ടാംഘട്ടം വളരെ ദീർഘകാലം ഇഴഞ്ഞുനീങ്ങുകയും ചെയ്യുകയാണെങ്കിൽ, ദേശീയ കീഴടങ്ങലിന്റെയും വിട്ടുവീഴ്ചയുടേതുമായ സിദ്ധാന്തങ്ങൾ വലിയ പ്രചാരം നേടും. അതുകൊണ്ട് നമ്മുടെ വിമർശനം പ്രധാനമായും ഇവരെ ലക്ഷ്യമാക്കിയിരിക്കണം. ദ്രുതവിജയത്തെക്കുറിച്ച് അലസഭാഷണം നടത്തുന്നവർക്ക് രണ്ടാംസ്ഥാനം കൊടുക്കേണ്ട ആവശ്യമേയുള്ളൂ.

50. യുദ്ധം ദീർഘകാലാടിസ്ഥാനത്തിലുള്ളതായിരിക്കുമെന്നതു തീർച്ചയാണ്. എന്നാൽ എത്ര മാസങ്ങളോ എത്ര വർഷങ്ങളോ നീണ്ടുനില്ക്കുമെന്ന് കൃത്യമായി പ്രവചിക്കാൻ ആർക്കും കഴിയില്ല. കാരണം ഇതു പൂർണ്ണമായും ആശ്രയിച്ചിരിക്കുന്നതു് ശാക്തിക സന്തുലിതാവസ്ഥയുടെ മാററത്തിലുണ്ടാകുന്ന അളവിനെയാണ്. യുദ്ധം എളുപ്പം തീർക്കാനാഗ്രഹിക്കുന്നവർക്ക് നമ്മുടെ ശക്തി വർദ്ധിപ്പിക്കാനും ശത്രുവിന്റെ ശക്തി കുറയ്ക്കാനും കഠിനമായി പണിയെടുക്കുകയല്ലാതെ മറെറാരു പോംവഴിയുമില്ല. കൃത്യമായി പറഞ്ഞാൽ, കൂടുതൽ യുദ്ധങ്ങളിൽ വിജയംനേടുവാൻ കഠിനമായി യത്നിക്കുകയും ശത്രുസേനകളെ തുടർച്ചയായി ക്ഷീണിപ്പിക്കുകയും ശത്രുവിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങളുടെ വിസ്തൃതി ഏററവും ചുരുക്കുന്നതിനായി ഗറില്ലായുദ്ധം വികസിപ്പിക്കുകയും മുഴുവൻ രാജ്യത്തെയും ശക്തികളെ അണിനിരത്തുന്നതിനായി ഐക്യമുന്നണി ദൃഢപ്പെടുത്തുകയും വികസിപ്പിക്കുകയും പുതിയ സേനകൾ കെട്ടിപ്പടുക്കുകയും പുതിയ യുദ്ധവ്യവസായങ്ങൾ വികസിപ്പിക്കുകയും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതി പ്രോത്സാഹിപ്പിക്കുകയും തൊഴിലാളികളെയും കർഷകരെയും കച്ചവടക്കാരെയും ബുദ്ധിജീവികളെയും മററു ജനവിഭാഗങ്ങളെയുംസംഘടിപ്പിച്ച് അണിനിരത്തുകയും ശത്രുസേനകളെ ശിഥിലീകരിക്കുകയും അവരുടെ സൈനികരെ നേടിയെടുക്കുകയും വിദേശീയ പിന്തുണ ലഭിക്കുന്നതിനായി സാർവദേശീയതലത്തിൽ പ്രചരണം നടത്തുകയും ജാപ്പനീസ് ജനതയുടേയും മററു മർദ്ദിത ജനതകളുടെയും പിന്തുണ നേടിയെടുക്കുകയും ചെയ്യുകയെന്നതാണ് ഏകമാർഗ്ഗം, ഇവയെല്ലാം ചെയ്യുകവഴി മാത്രമെ നമുക്ക് യുദ്ധത്തിന്റെ കാലയളവ് ചുരുക്കാൻ കഴിയുകയുള്ളൂ. ഇതിന് മററു മാന്ത്രിക കുറുക്കുവഴിയൊന്നുമില്ല.

## ജിഗ്-സോ മാതൃകയിലുള്ള ഒരുയുദ്ധം

51. ജപ്പാനെതിരായുള്ള സുദീർഘമായ ചെറുത്തുനില്പുയുദ്ധം മനുഷ്യന്റെ യുദ്ധചരിത്രത്തിലെ അത്യുൽകൃഷ്ടമായ ഒരു ഉജ്ജ്വല അദ്ധ്യായമായിരിക്കുമെന്നു നമുക്കു പറയാം. ജപ്പാന്റെ കിരാതത്വവും, സൈനികശക്തിയുടെ അപര്യാപ്തതയും ഒരുവശത്തും; ചൈനയുടെ പുരോഗാമിത്വവും ഭൂപരമായ വ്യാപ്തിയും മറുവശത്തുമായുള്ള ഒരു വൈരുദ്ധ്യമുണ്ട്. ഇത്തരം വിരുദ്ധഘടകങ്ങളിൽനിന്നുത്ഭവിക്കുന്ന, കൂട്ടിക്കൊളുത്തുള്ള ''ജിഗ് സോ'' (ഒരു പ്രത്യേകതരം അറപ്പുവാൾ) മാതൃക ഈ യുദ്ധത്തിന്റെ പ്രത്യേകതകളിലൊന്നാണ്. ഈ മാതൃകയിലുള്ള യുദ്ധങ്ങൾ ചരിത്രത്തിൽ വേറെയുമുണ്ടായിട്ടുണ്ട്. ഒക്ടോബർ വിപ്ലവത്തിനുശേഷം നടന്ന മൂന്നുവർഷത്തെ ആഭ്യന്തരയുദ്ധം ഈ മാതൃകയിലുള്ളതാണ്. എന്നാൽ റഷ്യയിലേതിൽനിന്ന് ചൈനയിലെ യുദ്ധത്തെ വ്യത്യസ്തമാക്കുന്നതു്

Scanned by CamScanner

അതിന്റെ സുദീർഘസ്വഭാവവും വ്യാപ്തിയുമാണ്. അവ ചരിത്രത്തിലെ ഒരതുല്യ സംഭവമായി നിലനില്ക്കും. അതിന്റെ ജിഗ്സോ മാതൃക താഴെപറയുന്നവിധത്തിൽ സ്വയം പ്രകടിതമാവുന്നു.

## ആന്തരികവും ബാഹ്യവുമായ നിരകൾ

52. ജാപ്പവിരുദ്ധയുദ്ധം മൊത്തത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത് ആന്തരിക നിരകളിലാണ്. എന്നാൽ പ്രധാന സൈന്യവും ഗറില്ലാഘടകങ്ങളും തമ്മിലുള്ള ബന്ധത്തെ പരിശോധിച്ചാൽ പ്രധാന സൈന്യം ആന്തരികനിരകളേയും ഗറില്ലാ യൂണിററുകൾ ബാഹ്യനിരകളേയുമാണ് ആശ്രയിക്കുന്നതെന്നു കാണാം. ഇത് ശത്രുവിനു ചുററുമുള്ള ഒരു ദ്വിമുഖാക്രമണത്തിന്റെ ശ്രദ്ധാർഹമായ ഒരു വീക്ഷണം മുന്നോട്ടുവയ്ക്കുന്നു. വിവിധ ഗറില്ലാമേഖലകൾ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചും ഇതുതന്നെ പറയാവുന്നതാണ്. ഓരോ ഗറില്ലാമേഖലകളും സ്വന്തം വീക്ഷണത്തിൽ നിന്നുതന്നെ ആന്തരനിരകളെയാണ് ആശ്രയിക്കുന്നത്. മററുമേഖലകളാകട്ടെ ബാഹ്യനിരകളേയും. ഇവയൊരുമിച്ച് നിരവധി യുദ്ധമുന്നണികൾക്ക് രൂപം നൽകുകയും അവ ശത്രുവിനെ ദ്വിമുഖാക്രമണങ്ങളിൽ കുടുക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ, ആന്തരികനിരകളിൽ തന്ത്രപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥിരസേന പിൻമാറുന്നു. എന്നാൽ തന്ത്രപരമായി ബാഹ്യനിരകളിൽ പ്രവർത്തിക്കുന്ന ഗറില്ലാ യൂണിററുകൾ ശത്രുവിന്റെ പിൻനിരയിലേക്ക് വിശാലമേഖലകളിലൂടെ വൻചുവടുകൾ വച്ചുകൊണ്ട് മുന്നേറുന്നു. രണ്ടാംഘട്ടത്തിൽ അവർ കൂടുതൽ ശക്തമായി മുന്നേറുന്നു. അങ്ങനെ മുന്നേററത്തിന്റേയും പിൻമാററത്തിന്റേയും ശ്രദ്ധേയമായ ഒരു ചിത്രം മുന്നോട്ടുവയ്ക്കുന്നു.

## ഒരു പിന്നണി പ്രദേശത്തെ കൈവശംവയ്ക്കലും വയ്ക്കാതിരിക്കലും.

53. മുന്നണിനിരകൾ മുതൽ ശത്രുവിന്റെ അധിനിവേശിത മേഖലയുടെ പുറംപരിധികൾവരെ വിസ്തൃതമായി നിലനില്ക്കുന്ന പ്രധാന സൈന്യം, രാജ്യത്തിന്റെ മൊത്തത്തിലുള്ള പിന്നണിമേഖലയിൽനിന്നാണ് പ്രവർത്തിക്കുന്നത്. ശത്രുവിന്റെ പിന്നണിയിലേക്കുവരെ പോരാട്ടനിരകളെ വ്യാപിപ്പിക്കുന്ന ഗറില്ലായൂണിററുകൾ രാജ്യത്തിന്റെ മൊത്തത്തിലുള്ള പിന്നണിമേഖലയിൽനിന്നും വേർപെടുത്തപ്പെട്ടിരിക്കുന്നു. എന്നാൽ ഓരോ ഗറില്ലായൂണിററിനും അതാതിന്റേതായ ഒരു ചെറിയ പിന്നണിമേഖലയുണ്ട്. അതിന്റെ വഴക്കമുള്ള പോരാട്ടനിരകളെ സ്ഥാപിക്കാൻ അതു് ആശ്രയിക്കുന്നത് ഈ മേഖലയെയാണ്. ഒരു ഗറില്ലാമേഖലയിൽനിന്ന് അതേ മേഖലയിലെ ശത്രുവിന്റെ പിൻനിരയിൽ ഹ്രസ്വകാല ആക്രമണങ്ങൾ നടത്താൻ നിയുക്തമാകുന്ന ഒരു ഗറില്ലാദളത്തിന്റെ കാര്യം വ്യത്യസ്തമാണ്. അത്തരം ദളങ്ങൾക്ക് പിൻനിരകളില്ല; ഒരു പോരാട്ടനിരയുമില്ല. ''ഒരു പിൻനിരപ്രദേശമില്ലാതെ പൊരുതുക'' എന്നതാണ് പുതിയ കാലഘട്ടത്തിലെ വിപ്ലവയുദ്ധത്തിന്റെ ഒരു സവിശേഷത; വിപുലമായ ഒരു ഭൂപ്രദേശവും, പുരോഗമനസ്വഭാവമുള്ള ജനങ്ങളും, പുരോഗമനം പ്രാപിച്ച ഒരു പാർട്ടിയും സൈന്യവു

Scanned by CamScanner

മുള്ള ഒരു രാജ്യത്തെ വിപ്ലവത്തിന്റെ സവിശേഷതയാണിതു്. അതേക്കുറിച്ചു് ഭയപ്പെടേണ്ടതോ, സംശയിക്കേണ്ടതോ ആയിട്ടൊന്നുമില്ല, എന്നാൽ വളരെയേറെ നേടാനുണ്ടുതാനും. നാമതിനെ പ്രോത്സാഹിപ്പിക്കണം.

## വലയം ചെയ്യലും എതിർ വലയം ചെയ്യലും

54. യുദ്ധത്തെ മൊത്തത്തിൽ പരിഗണിച്ചാൽ നാം ശത്രുവിനാൽ തന്ത്രപരമായി വലയം ചെയ്യപ്പെട്ടിരിക്കയാണെന്നതു് നിസ്സംശയമാണ്. കാരണം ശത്രു തന്ത്രപരമായി കടന്നാക്രമണസ്ഥാനത്താണ്. ബാഹ്യനിരയെ ആശ്രയിച്ചാണ് അവർ പ്രവർത്തിക്കുന്നതു്. അതേസമയം നാമാകട്ടെ തന്ത്രപരമായ പ്രതിരോധസ്ഥാനത്തു് ആന്തരനിരയെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നതു്. ഇതാണ് ശത്രുവിന്റെ വലയംചെയ്യലിന്റെ ഒന്നാമത്തെ രൂപം. നമുക്ക നേരെ വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ മുന്നേറുന്ന ശത്രുവിന്റെ ഒന്നോ അതിലധികമോ സേനാപംക്തികളെ വലയം ചെയ്യാൻ നമുക്ക കഴിയും. കാരണം തന്ത്രപരമായി ബാഹ്യനിരകളിൽനിന്നു് നമുക്കെതിരെ മുന്നേറുന്ന ശത്രുസേനാ പംക്തികളെ, സംഖ്യാപരമായി ഉയർന്ന സേനയെ ഉപയോഗിച്ചുകൊണ്ടു്, അടവുപരമായി ബാഹ്യനിരകളിൽനിന്നു് ക്യാമ്പയിനുകളിലും പോരാട്ടങ്ങളിലും യുദ്ധം ചെയ്യുന്ന നയമാണ് നാം പ്രയോഗിക്കുക. ശത്രുവിനെ നാം എതിർവലയം ചെയ്യുന്നതിന്റെ ആദ്യരൂപമാണിതു്. അടുത്തതായി, ശത്രുവിന്റെ പിൻനിരകളിലുള്ള ഗറില്ലാ താവളപ്രദേശങ്ങളെ നോക്കിയാൽ, ഓരോ പ്രദേശത്തേയും ഒററയ്ക്കൊററയ്ക്കു് പരിശോധിച്ചാൽ അവ വൂട്ടായ് മലകളെപ്പോലെ എല്ലാവശത്തും ശത്രുവിനാൽ വലയംചെയ്യപ്പെട്ടതോ വടക്ക പടിഞ്ഞാറൻ ഷെൻസി മേഖലയെപ്പോലെ മൂന്നു വശത്തുനിന്നും വലയം ചെയ്യപ്പെട്ടതോ ആണ്. ഇതാണ് ശത്രുവിന്റെ വലയം ചെയ്യലിന്റെ രണ്ടാമത്തെ രൂപം. എങ്കിലും എല്ലാ ഗറില്ലാ താവളപ്രദേശങ്ങളേയും മൊത്തത്തിലും സ്ഥിരസൈന്യവുമായുള്ള ആപേക്ഷിക നിലയേയും പരിശോധിച്ചാൽ, അതിനു പകരമായി നാം വളരെയേറെ ശത്രുസൈന്യത്തെ വളഞ്ഞിരിക്കുകയാണെന്നു കാണാം. ഉദാഹരണത്തിനു് ഷാൻസി പ്രവിശ്യയിൽ ടാടുങ്—പുച്ചോവ് റെയിൽവെ മൂന്നു വശങ്ങളിൽനിന്നും (കിഴക്കും പടിഞ്ഞാറും പാർശ്വങ്ങളും തെക്കേ അററവും) നാം വളഞ്ഞിരിക്കുകയാണ്. തായ്യുവാൻ നഗരത്തെ നാം എല്ലായിടത്തുനിന്നും വളഞ്ഞിരിക്കുന്നു. ഹോപെയ്, ഷാൻടുങ് പ്രവിശ്യകളിൽ ഇതുപോലുള്ള ധാരാളം ഉദാഹരണങ്ങളുണ്ടു്. ഇതു് ശത്രുവിനെ എതിർവലയം ചെയ്യുന്നതിന്റെ രണ്ടാമത്തെ രൂപമാണ്. അങ്ങനെ ശത്രുസൈന്യത്തിനു് രണ്ടുതരം വലയം ചെയ്യൽ രീതികളുണ്ടു്. നമുക്കും രണ്ടുതരം വലയം ചെയ്യൽ രീതികളുണ്ടു്. ഒരു വെയ്ചി16കളിപോലെ. ഇരുഭാഗക്കാരും നടത്തുന്ന ക്യാമ്പെയിനുകളും പോരാട്ടങ്ങളും പരസ്പരം കരുക്കളെ പിടിച്ചെടുക്കുന്നതുപോലെയാണ്. ശത്രുവിന്റെ ശക്തികേന്ദ്രങ്ങളും (തായ്യുവാനെപ്പോലെ) നമ്മുടെ ഗറില്ലാ താവളപ്രദേശങ്ങളും (വൂട്ടായ് മലകളെപ്പോലെ) സ്ഥാപിക്കുന്നതു് കളിക്കളത്തിൽ സ്ഥലം പിടിച്ചെടുക്കാൻ ശ്രമിക്കുന്നതുപോലെയാണ്. ലോകത്തെ ഉൾക്കൊള്ളാവുന്ന വിധത്തിൽ വെയ്ചികളിയെ വിപുലമാക്കുകയാണെങ്കിൽ, വലയംചെയ്യലിന്റെ മൂന്നാമതൊരു രൂപംകൂടി നമുക്ക കാണാം. നാമും ശത്രുവും തമ്മിലും അങ്ങനെയൊരു രൂപമുണ്ടല്ലോ. ആക്രമണ മുന്നണിയും സമാധാന മുന്നണിയു

Scanned by CamScanner

തമ്മിലുള്ള പരസ്പര ബന്ധമാണതു്. ശത്രു ചൈനയേയും, സോവിയററ് യൂണിയനേയും, ഫ്രാൻസിനേയും, ചെക്കോസ്ളോവാക്യയേയും തന്റെ ആക്രമണ മുന്നണിയാൽ വലയം ചെയ്യുന്നു. അതേസമയം നാമാകട്ടെ, ജർമ്മനിയേയും ജപ്പാനേയും ഇററലിയേയും നമ്മുടെ സമാധാന മുന്നണി കൊണ്ടു് എതിർവലയത്തിൽപ്പെടുത്തുന്നു. എന്നാൽ നമ്മുടെ വലയം ചെയ്യൽ, ബുദ്ധന്റെ കൈകൾപോലെ, പ്രപഞ്ചത്തിനു കുറുകെ കിടക്കുന്ന പഞ്ചമൂലകങ്ങളുടെ പർവ്വതമായി മാറും. ആധുനിക സൺ—വു—കുങ്ങുമാർ17 ഫാസിസ്റ്റ് ആക്രമണകാരികൾ—ഒരിക്കലും ഉയരാനാവാത്തവിധം അതിനിടയിൽ പുതഞ്ഞുപോകും. അതുകൊണ്ടു് സാർവ്വദേശീയതലത്തിൽ ശാന്തസമുദ്രത്തിൽ നമുക്കൊരു ജാപ്പവിരുദ്ധ മുന്നണി കെട്ടിപ്പടുക്കാൻ കഴിയണം. ചൈന അതിന്റെ ഒരു തന്ത്രപരമായ ഘടകമാവണം. സോവിയററു് യൂണിയനും അതിൽ ചേരാനിടയുള്ള മററു രാജ്യങ്ങളും ചേർന്നു തന്ത്രപരമായ മററു ഘടകങ്ങളാവണം. ജപ്പാനിലെ ജനകീയ പ്രസ്ഥാനം അതിന്റെ മറെറാരു ഘടകമാവണം. ഇങ്ങനെ ആധുനിക സൺ—വു—കുങ്ങുമാർക്കു് രക്ഷപ്പെടാനാവാത്ത തരത്തിലുള്ള ഭീമാകാരമായ ഒരു വല നമുക്കു സൃഷ്ടിക്കാൻ കഴിഞ്ഞാൽ അതു് നമ്മുടെ ശത്രുവിന്റെ നാശത്തിന്റെ ദിവസമായിരിക്കും. അത്തരമൊന്നു് രൂപീകരിക്കപ്പെടുന്ന ദിവസം ജാപ്പാനീസ് സാമ്രാജ്യത്വത്തിന്റെ പരിപൂർണ്ണ തകർച്ചയുടെ ദിനമായിരിക്കുമെന്നതു് നിസ്സംശയമാണു്. നാം തമാശയല്ല പറയുന്നതു്. ഇതു് യുദ്ധത്തിന്റെ അനിവാര്യമായ പ്രവണതയാണു്.

## വലിയ പ്രദേശങ്ങളും തീരെ ചെറിയ പ്രദേശങ്ങളും

55. വൻമതിലിനു തെക്കുള്ള ചൈനയുടെ വലിയഭാഗം ശത്രു പിടിച്ചെടുക്കാനും ചെറിയ ഭാഗംമാത്രം ഭദ്രമായി നിലനില്ക്കാനുമുള്ള സാദ്ധ്യതയുണ്ടു്. ഇന്നത്തെ സ്ഥിതിയുടെ ഒരു വശമാണതു്. എന്നാൽ മൂന്നു് വടക്കുകിഴക്കൻ പ്രവിശ്യകൾ ഉൾപ്പെടാത്ത ഈ വലിയ ഭാഗത്തു് ശത്രുവിനു് വാസ്തവത്തിൽ കൈയടക്കാൻ കഴിയുന്നതു് വൻ നഗരങ്ങളും, പ്രധാന വാർത്താവിനിമയ ലൈനുകളും ചില സമതലങ്ങളുമാണു്. ഈ സമതലങ്ങൾ പ്രാധാന്യത്തിൽ ഒന്നാംസ്ഥാനത്തു നില്ക്കുന്നവയാണു്. എന്നാൽ ജനസംഖ്യയുടേയും വലുപ്പത്തിന്റേയും കാര്യത്തിൽ ശത്രു അധീനപ്പെടുത്തിയ പ്രദേശങ്ങളിൽ കുറച്ചുപ്രദേശങ്ങൾ മാത്രമേ ഉൾപ്പെടുന്നുള്ളു. അതേസമയം ഇത്തരത്തിലുള്ള വൻ പ്രദേശങ്ങൾ ഗറില്ലാമേഖലകളിലാണു്. അവയാകട്ടെ എല്ലായിടത്തും വളർന്നുവരികയും ചെയ്യും. അതാണു് സ്ഥിതിയുടെ മറെറാരു വശം. വൻമതിലിനു തെക്കുള്ള പ്രവിശ്യകളുടേയുമപ്പുറത്തേക്കു് നാം പോവുകയും മംഗോളിയ, സിങ്കിയാങ്ങ്, ചിങ്ങ്ഹായ്, ടിബററ് എന്നിവ ഉൾപ്പെടുത്തുകയുമാണെങ്കിൽ ചൈനയുടെ ഭൂഭാഗങ്ങളിൽ ഏറിയപങ്കും ശത്രുവിനാൽ പിടിച്ചെടുക്കപ്പെട്ടതല്ലെന്നു കാണാം. അപ്പോൾ മൂന്നു വടക്കുകിഴക്കൻ പ്രവിശ്യകൾ ഉൾപ്പെടെയാണെങ്കിൽപോലും ശത്രുവിനാൽ കീഴടക്കപ്പെട്ട പ്രദേശങ്ങൾ ചെറിയ ഭാഗമാണെന്നുകാണാം. ഇതാണു് സ്ഥിതിയുടെ വേറെയൊരു വശം. ഭദ്രമായു് നിലനില്ക്കുന്ന പ്രദേശങ്ങൾ വളരെ പ്രധാനപ്പെട്ടതാണു്. അതിനെ രാഷ്ട്രീയമായും സൈനികമായും സാമ്പത്തികമായും മാത്രമല്ല, പ്രധാനമായും സാംസ്കാരികമായിക്കൂടി വികസിപ്പിക്കുന്നതിനു് നാം വമ്പിച്ച പ്രയത്നം ചെലവഴിക്കണം. നമ്മുടെ ആദ്യകാല സാംസ്കാരികകേന്ദ്രങ്ങളെ ശത്രു സാംസ്കാരികമായി പിന്നോക്കപ്രദേശങ്ങളാക്കി രൂപാ

Scanned by CamScanner

ന്തരപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് നേരത്തെ സാംസ്കാരികമായി പിന്നോക്കാവസ്ഥയിലായിരുന്ന പ്രദേശങ്ങളെ നാം സാംസ്കാരികകേന്ദ്രങ്ങളാക്കി രൂപാന്തരപ്പെടുത്തേണ്ടിയിരിക്കുന്നു. അതേസമയംതന്നെ, ശത്രുനിരകളുടെ പുറകിൽ ഗറില്ലാമേഖലകളുടെ വ്യാപ്തി വികസിപ്പിക്കുന്ന പ്രവർത്തനവും അങ്ങേയററം പ്രധാനമാണ്. ഈ പ്രവർത്തനത്തിന്റെ സാംസ്കാരികമടക്കമുള്ള എല്ലാ വശങ്ങളും നാം ശ്രദ്ധിക്കണം. ചുരുക്കിപ്പറഞ്ഞാൽ ചൈനീസ് ഭൂവിഭാഗത്തിന്റെ വൻ മേഖലകളായ ഗ്രാമപ്രദേശങ്ങൾ പുരോഗതിയുടേയും പ്രകാശത്തിന്റേയും മേഖലകളായി രൂപാന്തരപ്പെടും. അതേസമയം ശത്രു അധീനപ്പെടുത്തിയ ചെറുഭാഗങ്ങൾ, പ്രത്യേകിച്ചും വൻ നഗരങ്ങൾ, താല്ക്കാലികമായി പിന്നോക്കാവസ്ഥയുടേയും ഇരുളിന്റേയും മേഖലകളായി മാറും.

56. അങ്ങനെ ജപ്പാനെതിരെയുള്ള സുദീർഘവും വിസ്തൃതവ്യാപകവുമായ ചെറുത്തുനില്പുയുദ്ധം, സൈനികമായും രാഷ്ട്രീയമായും, സാമ്പത്തികമായും സാംസ്കാരികമായും ഒരു ജിഗ്-സോ മാതൃകയിലുള്ള യുദ്ധമാണ്. യുദ്ധങ്ങളുടെ ചരിത്രത്തിൽ അതിശയകരമായ ഒരുദാഹരണമാണത്. ചൈനീസ്രാഷ്ട്രം ഏറെറടുത്ത ധീരോദാത്തവും, പ്രൗഢവുമായ ഭൂമി കുലുക്കുന്ന ഒരു കൃത്യമാണത്. ഈ യുദ്ധം ചൈനയേയും ജപ്പാനേയും മാത്രമല്ല ബാധിക്കുന്നത്, മുന്നേറാൻ ശക്തമായി നിർബ്ബന്ധിക്കുന്നത്. അത് എല്ലാ രാഷ്ട്രങ്ങളേയും, പ്രത്യേകിച്ച് ഇന്ത്യയെപ്പോലുള്ള മർദ്ദിതരാഷ്ട്രങ്ങളെ മുന്നോട്ടു മാർച്ചുചെയ്യാൻ നിർബന്ധിക്കും. അങ്ങനെ ലോകത്തെ മുഴുവൻതന്നെ ബാധിക്കും. ഓരോ ചൈനക്കാരനും ജിഗ്-സോ മാതൃകയിലുള്ള ഈ യുദ്ധത്തിലേക്ക് ബോധപൂർവ്വം സ്വയമേവ വലിച്ചെറിയപ്പെടണം. കാരണം ചൈനീസ്രാഷ്ട്രം സ്വയമായി വിമോചനം പ്രാപിക്കാനുള്ള യുദ്ധരൂപം ഇതാണ്. 1930 കളിലും 40 കളിലും ഒരു വലുപ്പമേറിയ അർദ്ധ-അധിനിവേശിതരാജ്യം നടത്തുന്ന വിമോചനയുദ്ധത്തിന്റെ പ്രത്യേകരൂപമാണിത്.

## ശാശ്വത സമാധാനത്തിനുവേണ്ടിയുള്ള പോരാട്ടം

57. ചൈനയുടെ ജാപ്പവിരുദ്ധ ചെറുത്തുനില്പു യുദ്ധത്തിന്റെ സുദീർഘ സ്വഭാവം ചൈനയിലും ലോകത്തെമ്പാടും ശാശ്വത സമാധാനത്തിനുവേണ്ടിയുള്ള പോരാട്ടവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇന്നത്തെപ്പോലെ യുദ്ധം ശാശ്വതസമാധാനത്തോട് ഇത്രയേറെ അടുത്തു വന്നിട്ടുള്ള ഒരു ചരിത്രഘട്ടം ഒരിക്കലുമുണ്ടായിട്ടില്ല. വർഗ്ഗങ്ങൾ രൂപമെടുത്തതിനു ശേഷമുള്ള ആയിരക്കണക്കിനു വർഷങ്ങളിൽ മനുഷ്യവർഗ്ഗത്തിന്റെ ജീവിതം യുദ്ധങ്ങൾ നിറഞ്ഞതായിരുന്നു, ഓരോ രാഷ്ട്രവും എണ്ണമററ യുദ്ധങ്ങൾ നടത്തിയിട്ടുണ്ട്. ഒന്നുകിൽ ആഭ്യന്തരമായി, അല്ലെങ്കിൽ മററു രാജ്യങ്ങളുമായി. മുതലാളിത്ത സമൂഹത്തിന്റെ സാമ്രാജ്യത്വഘട്ടത്തിൽ പ്രത്യേകമായ വ്യാപ്തിയോടെയും സവിശേഷമായ രൂക്ഷതയോടെയുമാണ് യുദ്ധങ്ങൾ നടക്കുന്നത്. 20 വർഷം മുമ്പു നടന്ന വമ്പിച്ച സാമ്രാജ്യത്വയുദ്ധം ചരിത്രത്തിലെ അത്തരത്തിലുള്ള ആദ്യത്തെ യുദ്ധമായിരുന്നു. പക്ഷേ അവസാനത്തേതല്ല. ഇപ്പോൾ തുടങ്ങിയിട്ടുള്ള യുദ്ധം മാത്രമേ ഒരു അവസാന യുദ്ധമാകുന്നതിനു കൂടുതൽ അടുത്തു വന്നിട്ടുള്ളു. അതായത് മനുഷ്യവർഗ്ഗത്തിന്റെ ശാശ്വത സമാധാനത്തോട് കൂടുതൽ അടുത്തു വന്നിട്ടുള്ളു. ഇപ്പോൾ ലോകജനതയുടെ മുന്നിലൊരു

Scanned by CamScanner

ഭാഗം പേർ യുദ്ധത്തിൽ പ്രവേശിച്ചു കഴിഞ്ഞു. നോക്കൂ! ഇററലി, ജപ്പാൻ, അബിസീനിയ, സ്പെയിൻ, ചൈന. യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന രാജ്യങ്ങളിലെ ജനസംഖ്യ ഏതാണ്ട് 600 ദശലക്ഷമാണ്. അല്ലെങ്കിൽ ലോകജനസംഖ്യയുടെ ഏതാണ്ട് മൂന്നിലൊരു ഭാഗം. ഈ യുദ്ധത്തിന്റെ സവിശേഷതകൾ അതിന്റെ തടസ്സമില്ലായ്മയും ശാശ്വത സമാധാനത്തോടുള്ള അതിന്റെ സാമീപ്യവുമാണ്. എന്തുകൊണ്ടാണത് തടസ്സമില്ലാതാകുന്നത്? അബിസീനിയയെ ആക്രമിച്ചതിനുശേഷം ഇററലി സ്പെയിനിനെ ആക്രമിച്ചു. ജർമ്മനിയും ഒപ്പം ചേർന്നു. അപ്പോൾ ജപ്പാൻ ചൈനയെ ആക്രമിച്ചു. അടുത്തതെന്തായിരിക്കും? നിശ്ചയമായും ഹിററ്ലർ വൻ ശക്തികളോടേററുമുട്ടും. 'ഫാസിസം യുദ്ധമാണ്'[18] — ഇത് പൂർണ്ണമായും സത്യമാണ്. ഇന്നത്തെ യുദ്ധത്തിന് ഒരു ലോകയുദ്ധമായി വികസിക്കുന്നതിന് യാതൊരു തടസ്സവുമില്ല. ഒരു യുദ്ധത്തിന്റെ ദുരന്തത്തെ ഒഴിവാക്കാൻ മനുഷ്യവർഗ്ഗത്തിന് കഴിയില്ല. പിന്നെ എന്തുകൊണ്ടാണ് ഇന്നത്തെ യുദ്ധം ശാശ്വതസമാധാനത്തോട് അടുത്താണെന്ന് നാം പറയുന്നത്? ഒന്നാം ലോകയുദ്ധത്തോടെ ആരംഭിച്ച ലോക മുതലാളിത്തത്തിന്റെ പൊതു കുഴപ്പത്തിന്റെ വികാസഫലമാണ് ഇന്നത്തെ യുദ്ധം. ഇന്നത്തെ പൊതുകുഴപ്പം മുതലാളിത്ത രാജ്യങ്ങളെ ഒരു പുതിയ യുദ്ധത്തിലേക്കു നയിക്കുന്നു. എല്ലാററിനും പുറമേ, ഫാസിസ്റ്റ് രാജ്യങ്ങളെ പുതിയ യുദ്ധ സാഹസങ്ങളിലേക്കു നയിക്കുന്നു. നമുക്കു മുൻകൂട്ടി പറയാനാകും, ഈ യുദ്ധം മുതലാളിത്തത്തെ രക്ഷിക്കാൻ പോകുന്നില്ല; നേരെ മറിച്ച് അതിന്റെ തകർച്ചയെ അത് ത്വരിതപ്പെടുത്തും. അതിന്റെ തോത് വർദ്ധിക്കുകയും 20 വർഷം മുമ്പു നടന്ന യുദ്ധത്തേക്കാൾ രൂക്ഷമാവുകയും ചെയ്യും. എല്ലാ രാഷ്ട്രങ്ങളേയും അത് അനിവാര്യമായും തന്നിലേക്ക് വലിച്ചടുപ്പിക്കും. അത് ദീർഘകാലം നീണ്ടു നിൽക്കും. മനുഷ്യവർഗ്ഗത്തിന് വമ്പിച്ച വിഷമങ്ങളുണ്ടാകും. എന്നാൽ സോവിയററു യൂണിയൻ നിലനിൽക്കുന്നതും ലോകജനതയുടെ രാഷ്ട്രീയ ബോധം വളരുന്നതും മൂലം, എല്ലാ പ്രതിവിപ്ലവ യുദ്ധങ്ങളേയും എതിർക്കുന്ന മഹത്തായ വിപ്ലവയുദ്ധങ്ങൾ ഈ യുദ്ധത്തിൽനിന്നും നിസ്സംശയമായും ഉയർന്നുവരും. അങ്ങനെ ഈ യുദ്ധത്തിന് ശാശ്വതസമാധാനത്തിനുവേണ്ടിയുള്ള സമരത്തിന്റെ സ്വഭാവം ലഭിക്കും. പിൽക്കാലത്ത് മറെറാരു യുദ്ധഘട്ടം ഉണ്ടായാൽപോലും ശാശ്വതമായ ലോകസമാധാനം അകലെയായിരിക്കില്ല. മനുഷ്യൻ മുതലാളിത്തത്തെ ഒരിക്കൽ നശിപ്പിച്ചു കഴിഞ്ഞാൽ അവൻ ശാശ്വത സമാധാനത്തിന്റെ യുഗത്തെ പ്രാപിക്കും. പിന്നീട് യുദ്ധത്തിന്റെ ആവശ്യമുണ്ടായിരിക്കില്ല. സൈന്യങ്ങളോ, യുദ്ധക്കപ്പലുകളോ, സൈനിക വിമാനങ്ങളോ, വിഷവാതകങ്ങളോ ആവശ്യമുണ്ടാകില്ല. അതിനുശേഷം, പിന്നീടൊരിക്കലും മനുഷ്യവർഗ്ഗം യുദ്ധമെന്തെന്നറിയില്ല. മുൻപുതന്നെ ആരംഭിച്ചു കഴിഞ്ഞ വിപ്ലവയുദ്ധങ്ങൾ ശാശ്വതസമാധാനത്തിനുവേണ്ടിയുള്ള യുദ്ധത്തിന്റെ ഭാഗമാണ്. രണ്ടു രാജ്യങ്ങളിലും കൂടി 500 ദശലക്ഷം ജനങ്ങളുള്ള ചൈനയും ജപ്പാനും തമ്മിലുള്ള യുദ്ധം, ശാശ്വതസമാധാനത്തിനുവേണ്ടിയുള്ള യുദ്ധത്തിൽ ഒരു പ്രധാന സ്ഥാനം വഹിക്കും. അതിൽനിന്ന് ചൈനീസ് രാഷ്ട്രത്തിന്റെ വിമോചനം സംഭവിക്കും. ഭാവിയിലെ വിമോചിത ചൈന ഭാവിയിലെ വിമോചിതലോകത്തിന്റെ അഭേദ്യഭാഗമാകും. അങ്ങനെ ജപ്പാനെതിരായ നമ്മുടെ ചെറുത്തുനില്പുയുദ്ധം ശാശ്വതസമാധാനത്തിനുവേണ്ടിയുള്ള സമരത്തിന്റെ സ്വഭാവം കൈവരിക്കുന്നു.

58. യുദ്ധത്തെ ന്യായമെന്നും അന്യായമെന്നും രണ്ടായി വേർതിരിച്ചിരിക്കുന്നുവെന്ന് ചരിത്രം കാണിക്കുന്നു, പുരോഗമനപരമായ എല്ലാ

Scanned by CamScanner

യുദ്ധങ്ങളും ന്യായമാണ്; പുരോഗതിയെ തടസ്സപ്പെടുത്തുന്നതെല്ലാം അന്യായവും. കമ്യൂണിസ്റ്റുകാരായ നമ്മൾ, പുരോഗതിയെ തടസ്സപ്പെടുത്തുന്ന എല്ലാ അന്യായയുദ്ധങ്ങളേയും എതിർക്കുന്നു; എന്നാൽ പുരോഗമനപരവും ന്യായയുക്തവുമായ ഒരു യുദ്ധത്തേയും നമ്മൾ എതിർക്കുന്നില്ല. നമ്മൾ കമ്യൂണിസ്റ്റുകാർ ന്യായമായ യുദ്ധങ്ങളെ എതിർക്കാതിരിക്കുകമാത്രമല്ല, നാം അവയിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നു. അന്യായമായ യുദ്ധങ്ങളെ സംബന്ധിച്ച്, ഒന്നാം ലോകയുദ്ധം അത്തരമൊരു യുദ്ധമായിരുന്നു. അതിൽ ഇരുവിഭാഗങ്ങളും പൊരുതിയതു് സാമ്രാജ്യത്വ താല്പര്യങ്ങൾക്കുവേണ്ടിയായിരുന്നു. അതുകൊണ്ട് ലോകത്തെങ്ങുമുള്ള കമ്യൂണിസ്റ്റുകാർ ആ യുദ്ധത്തെ ശക്തമായി എതിർത്തു. ഇത്തരത്തിലുള്ള ഒരു യുദ്ധത്തെ എതിർക്കാനുള്ള വഴി, അതു് പൊട്ടിപ്പുറപ്പെടുന്നതിനുമുമ്പ് അതിനെ തടയാൻ കഴിയാവുന്നതെല്ലാം ചെയ്യുകയും; ഒരിക്കൽ അതു് പൊട്ടിപ്പുറപ്പെട്ടാൽ കഴിയുമ്പോഴെല്ലാം യുദ്ധത്തെ യുദ്ധംകൊണ്ട്, അന്യായമായ യുദ്ധത്തെ ന്യായമായ യുദ്ധംകൊണ്ട് എതിർക്കുകയുമാണ്. ജപ്പാന്റെ യുദ്ധം പുരോഗതിക്കു തടസ്സം സൃഷ്ടിക്കുന്ന അന്യായമായ യുദ്ധമാണ്. ജപ്പാനിലെ ജനങ്ങളടക്കം ലോകജനത അതിനെ എതിർക്കണം, എതിർക്കുകയുമാണ്. നമ്മുടെ രാജ്യത്തു് ജനങ്ങളും സർക്കാരും, കമ്യൂണിസ്റ്റുപാർട്ടിയും കുമിന്താങ്ങും എല്ലാം ആക്രമണത്തിനെതിരായ ദേശീയവിപ്ലവയുദ്ധത്തിൽ നീതിയുടെ കൊടിക്കൂറ ഉയർത്തിയിരിക്കുകയാണ്. നമ്മുടെ യുദ്ധം പാവനവും ന്യായയുക്തവുമാണ്, അതു് പുരോഗമനപരവും അതിന്റെ ലക്ഷ്യം സമാധാനവുമാണ്. അതിന്റെ ലക്ഷ്യം ഒരു രാജ്യത്തെ സമാധാനമല്ല, മറിച്ച് ലോകമെങ്ങുമുള്ള സമാധാനമാണ്. താല്ക്കാലികമായ സമാധാനമല്ല, മറിച്ച് ശാശ്വതമായ സമാധാനമാണ്. ഈ ലക്ഷ്യം നേടാൻ നാം ജീവൻമരണ പോരാട്ടം നടത്തണം, എന്തു ത്യാഗത്തിനും തയ്യാറാവണം, അവസാനംവരെ നിരന്തരമായി പ്രയത്നിക്കണം, ലക്ഷ്യമെത്തുന്നതിനു മുമ്പ് ഒരിക്കലും പിന്തിരിയാതിരിക്കണം. ആ ത്യാഗം എത്രമാത്രം വലുതായിരുന്നാലും, എത്രത്തോളം സമയം ആവശ്യമായിവന്നാലും, നമുക്കു നേടാനുള്ള ശാശ്വതസമാധാനത്തിന്റെ പ്രകാശപൂർണ്ണമായ ലോകം നമുക്കു മുമ്പിൽ വ്യക്തമായി നിലകൊള്ളുന്നു. നാം അങ്ങേയററം പ്രയത്നിച്ച് നേടാനുദ്ദേശിക്കുന്ന പുതിയ ചൈനയും, നിത്യമായ സമാധാനവും വെളിച്ചവും പുലരുന്ന ലോകവുമാണ് ഈ യുദ്ധത്തിലെ നമ്മുടെ വിശ്വാസത്തിനു് അടിസ്ഥാനമായിട്ടുള്ളതു്. ഫാസിസവും സാമ്രാജ്യത്വവും ശാശ്വതമാക്കാനാഗ്രഹിക്കുന്നതു് യുദ്ധത്തെയാണ്, എന്നാൽ വിദൂരമല്ലാത്ത ഭാവിയിൽ അതിനൊരറുതിവരുത്താൻ നാം അഭിലഷിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ മഹാഭൂരിപക്ഷവും അവരുടെ കഠിനമായ യത്നം ഇതിനുവേണ്ടി പ്രയോഗിക്കണം. ചൈനയിലെ 450 ദശലക്ഷംവരുന്ന ജനങ്ങൾ ലോകജനതയുടെ നാലിലൊരുഭാഗം വരുന്നു. തങ്ങളുടെ ഏകഭാവത്തിലുള്ള പ്രവർത്തനത്തിലൂടെ അവർ ജാപ്പനീസ് സാമ്രാജ്യത്വത്തെ പിഴുതെറിയുകയും സ്വാതന്ത്ര്യവും സമത്വവുമുള്ള ഒരു പുതിയ ചൈന സൃഷ്ടിക്കുകയും ചെയ്താൽ, ശാശ്വതമായ ലോകസമാധാനത്തിനുവേണ്ടിയുള്ള സമരത്തിനു് നിശ്ചയമായും ഒരു മികച്ച സംഭാവനയായിരിക്കും അതു്. ഇതു് നിഷ്ഫലമായ ഒരു പ്രതീക്ഷയല്ല; കാരണം സാമൂഹ്യവും സാമ്പത്തികവുമായ വികാസഗതിയിൽ മുഴുവൻ ലോകവും ഈ സാഹചര്യത്തെ സമീപിക്കുകയാണ്. മനുഷ്യവർഗ്ഗത്തിന്റെ മഹാഭൂരിപക്ഷവും ഒരുമിച്ചു പ്രവർത്തിച്ചാൽ കുറച്ചു ദശകങ്ങൾകൊണ്ട് നിശ്ചയമായും നേടിയെടുക്കാവുന്നതാണ് നമ്മുടെ ലക്ഷ്യം.

Scanned by CamScanner

# യുദ്ധത്തിൽ മനുഷ്യന്റെ ഊർജ്ജസ്വലമായ പങ്ക്

59. യുദ്ധം ഒരു സുദീർഘ യുദ്ധമായിരിക്കുന്നതെന്തുകൊണ്ടാണെന്നും, ആത്യന്തിക വിജയം ചൈനയുടേതായിരിക്കുന്നതെന്തുകൊണ്ടാണെന്നും നാം ഇതുവരെ വിശദീകരിച്ചു. സുദീർഘയുദ്ധം എന്നാലെന്താണെന്നും എന്താണ് അങ്ങനെയല്ലാത്തതെന്നുമുള്ള കാര്യമാണ് നാം മുഖ്യമായും കൈകാര്യം ചെയ്തത്. ഇനി നമുക്ക് എന്താണ് ചെയ്യേണ്ടതെന്നും എന്താണ് ചെയ്തുകൂടാത്തതെന്നുമുള്ള പ്രശ്നത്തെ പരിശോധിക്കാം. സുദീർഘയുദ്ധം നടത്തേണ്ടതും ആത്യന്തികവിജയം നേടേണ്ടതും എങ്ങനെയാണ്? ഈ ചോദ്യങ്ങൾക്കാണ് താഴെ ഉത്തരം പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ ക്രമാനുസാരിയായി നാം ചർച്ച ചെയ്യണം. യുദ്ധത്തിൽ മനുഷ്യന്റെ ഊർജ്ജസ്വലമായ പങ്ക്, യുദ്ധവും രാഷ്ട്രീയവും, ചെറുത്തുനില്പുയുദ്ധത്തിനുവേണ്ടിയുള്ള രാഷ്ട്രീയമായ അണിനിരത്തൽ, യുദ്ധത്തിന്റെ ലക്ഷ്യം, പ്രതിരോധത്തിനുള്ളിലെ കടന്നാക്രമണം, ഒരു സുദീർഘയുദ്ധത്തിലെ ദ്രുതതീരുമാനങ്ങൾ, ആന്തരിക നിരകളിലെ ബാഹ്യനിരകൾ, മുൻകൈ, വഴക്കം, ആസൂത്രണം, ചലനാത്മകയുദ്ധമുറ, ഗറില്ലാ യുദ്ധമുറ, സ്ഥാനിക യുദ്ധമുറ, ഉന്മൂലനയുദ്ധം, തേയ്മാനമുണ്ടാക്കുന്ന യുദ്ധം, ശത്രുവിന്റെ പിശകുകളിൽനിന്ന് മുതലെടുക്കാനുള്ള സാദ്ധ്യതകൾ, ജാപ്പുവിരുദ്ധ യുദ്ധത്തിൽ നിർണ്ണായക സമരങ്ങളിൽ ഏർപ്പെടുന്നതിനെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ, സൈന്യവും ജനങ്ങളും, വിജയത്തിന്റെ അടിത്തറ എന്നിവയാണ് അവ. മനുഷ്യന്റെ ഊർജ്ജസ്വലമായ പങ്കിനെ സംബന്ധിച്ചുള്ള പ്രശ്നത്തിൽനിന്ന് നമുക്കു തുടങ്ങാം.

60. പ്രശ്നങ്ങളോടുള്ള ആത്മനിഷ്ഠ സമീപനങ്ങളെ എതിർക്കുന്നു എന്നു പറയുമ്പോൾ നമ്മൾ അർത്ഥമാക്കുന്നത്, വസ്തുനിഷ്ഠസത്യങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ലാത്തതോ, അതിനോട് പൊരുത്തപ്പെടാത്തതോ ആയ ആശയങ്ങളെ നാം എതിർക്കേണ്ടതുണ്ടെന്നാണ്. കാരണം അത്തരം ആശയങ്ങൾ സാങ്കല്പികവും മിഥ്യയുമായിരിക്കും; അപ്രകാരം പ്രവർത്തിച്ചാൽ അത് പരാജയത്തിലേക്കായിരിക്കും നയിക്കുക. എന്നാൽ ചെയ്യാനുള്ളത് എന്തുതന്നെയായാലും അത് നിർവ്വഹിക്കേണ്ടത് മനുഷ്യജീവികളാണ്. മനുഷ്യപ്രവർത്തനമില്ലാതെ സുദീർഘയുദ്ധമോ ആത്യന്തികവിജയമോ ഉണ്ടാവുകയില്ല. അത്തരം പ്രവർത്തനങ്ങൾ വിജയകരമാകണമെങ്കിൽ വസ്തുനിഷ്ഠസത്യങ്ങളിൽനിന്ന് ആശയങ്ങളും തത്വങ്ങളും വീക്ഷണങ്ങളും ആവിഷ്ക്കരിക്കാനും, പദ്ധതികളും മാർഗ്ഗനിർദ്ദേശങ്ങളും നയങ്ങളും തന്ത്രങ്ങളും അടവുകളും മുന്നോട്ടുവയ്ക്കാനും കഴിവുള്ള ആളുകൾ നിശ്ചയമായും ഉണ്ടായേ തീരൂ. ആശയങ്ങൾ തുടങ്ങിയ കാര്യങ്ങൾ ആത്മനിഷ്ഠമായിരിക്കുമ്പോൾ പ്രവൃത്തികൾ അഥവാ പ്രവർത്തനങ്ങൾ വസ്തുനിഷ്ഠതയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ആത്മനിഷ്ഠതകളാണ്. ഇവ രണ്ടും മനുഷ്യജീവികൾക്ക് സവിശേഷമായ ഊർജ്ജസ്വലമായ പങ്കിനെ പ്രതിനിധീകരിക്കുന്നു. ഇത്തരം ഊർജ്ജിത പങ്കാളിത്തത്തെ ''മനുഷ്യന്റെ ബോധപൂർവ്വമായ പ്രവർത്തനം'' എന്നു നാം വിളിക്കുന്നു. മനുഷ്യനെ മറ്റെല്ലാ ജീവജാലങ്ങളിൽനിന്നും വേർതിരിക്കുന്ന സവിശേഷ സ്വഭാവമാണിത്. വസ്തുനിഷ്ഠസത്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതും അവയോട് പൊരുത്തപ്പെടുന്നവയുമായ എല്ലാ ആശയങ്ങളും ശരിയായ ആശയങ്ങളാണ്. ശരിയായ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തി

Scanned by CamScanner

യുള്ള എല്ലാ പ്രവൃത്തികളും അഥവാ പ്രവത്തനങ്ങളും ശരിയായ പ്രവർത്തനങ്ങളാണ്. ഈ ആശയങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഈ ഊർജ്ജസ്വലമായ പങ്കിനും നാം പരിപൂർണ്ണമായ പ്രവർത്തനസന്ദർഭം നൽകണം. ജാപ്പവിരുദ്ധ യുദ്ധം നടത്തപ്പെടുന്നത് സാമ്രാജ്യത്വത്തെ തുരത്താനും പഴയ ചൈനയെ ഒരു പുതിയ ചൈനയായി പരിവത്തിപ്പിക്കാനും വേണ്ടിയാണ്. മുഴുവൻ ചൈനീസ് ജനതയും അണിനിരത്തപ്പെടുകയും ജപ്പാനെ ചെറുക്കുന്നതിൽ അവരുടെ ബോധപൂർവ്വമായ പങ്കാളിത്തത്തിന് പരിപൂർണ്ണ സന്ദർഭം നൽകപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ ഇതു നേടാനാവൂ. നാം വെറുതെ കൈയുംകെട്ടി ഇരിക്കുകയും ഒരു പ്രവർത്തനത്തിലും ഏർപ്പെടാതിരിക്കുകയും ചെയ്താൽ കീഴടങ്ങൽ മാത്രമായിരിക്കും നമ്മെ കാത്തിരിക്കുന്നത്. അല്ലാതെ സുദീർഘയുദ്ധമോ ആത്യന്തികവിജയമോ ആയിരിക്കില്ല.

61. ബോധപൂർവ്വമായ ഊർജ്ജിതപ്രവർത്തനം നടത്തുക എന്നത് മാനുഷികമായ ഒരു സവിശേഷതയാണ്. ഈ സവിശേഷത മനുഷ്യൻ യുദ്ധത്തിൽ ശക്തമായി പ്രകടിപ്പിക്കുന്നു. ഒരു യുദ്ധത്തിലെ വിജയമോ പരാജയമോ നിർണ്ണയിക്കുന്നത് ഇരുഭാഗത്തുമുള്ള സൈനികവും രാഷ്ട്രീയവും സാമ്പത്തികവും ഭൂമിശാസ്ത്രപരവുമായ സാഹചര്യങ്ങളും, ഇരുവിഭാഗങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന യുദ്ധത്തിൻെറ സ്വഭാവങ്ങളും, ഇരുവിഭാഗങ്ങൾക്കും ലഭിക്കുന്ന സാർവ്വദേശീയ പിന്തുണയുമൊക്കെയാണെന്നത് സത്യമാണ്. പക്ഷേ കാര്യങ്ങൾ നിർണ്ണയിക്കുന്നത് ഇവ മാത്രമല്ല; അതാതിൻെറ തനതുരൂപത്തിൽ ഇവ വിജയത്തിനോ പരാജയത്തിനോ ഉള്ള സാദ്ധ്യതകളാണ് നൽകുന്നത്. അല്ലാതെ പ്രശ്നങ്ങളെ അവ നിർണ്ണയിക്കുന്നില്ല. അവയെ നിർണ്ണയിക്കുന്നതിന് ആത്മനിഷ്ഠയത്നം കൂടി ആവശ്യമാണ്, അതായത് യുദ്ധത്തെ നയിക്കാനും നടത്തിക്കൊണ്ടു പോകാനും യുദ്ധത്തിലെ ബോധപൂർവ്വമായ ഊർജ്ജിതപ്രവർത്തനം ആവശ്യമാണ്.

62. വിജയത്തിനായുള്ള അന്വേഷണത്തിൽ, വസ്തുനിഷ്ഠപരിത: സ്ഥിതികൾ അടിച്ചേല്പിക്കുന്ന പരിമിതികളെ മറികടക്കാൻ യുദ്ധത്തെ നയിക്കുന്നവർക്ക് സാദ്ധ്യമല്ല. എങ്ങനെയായാലും വിജയത്തിനുവേണ്ടിയുള്ള നിരന്തര യത്നത്തിൽ ഈ പരിമിതികളിൽ നിന്നുകൊണ്ട് പരമാവധി ഊർജ്ജസ്വലമായ ഒരു പങ്കുവഹിക്കാൻ അവർക്കു കഴിയും, കഴിയണം. ഒരു യുദ്ധത്തിലെ കമാൻറർമാരുടെ പ്രവർത്തനരംഗം വസ്തുനിഷ്ഠ സാദ്ധ്യതകളുടെ അടിസ്ഥാനത്തിലായിരിക്കണം തയ്യാറാക്കേണ്ടത്. എന്നാൽ ആ അരങ്ങിൽ ശബ്ദായമാനവും വർണ്ണശബളവും ശക്തവും പ്രതാപപൂർണ്ണവുമായ നിരവധി നാടകങ്ങൾ അരങ്ങേറാൻ അവർക്കുകഴിയും. വസ്തുനിഷ്ഠ ഭൗതിക അടിസ്ഥാനങ്ങൾ ബോദ്ധ്യപ്പെട്ടാൽ, ജാപ്പവിരുദ്ധ യുദ്ധത്തിലെ കമാൻറർമാർ തങ്ങളുടെ വീര്യം പ്രകടിപ്പിക്കുകയും, ദേശീയശത്രുവിനെ ഞെരിച്ചുതകർക്കാനായി സ്വന്തം സേനയെ അണിനിരത്തുകയും, കടന്നാക്രമണത്താലും മർദ്ദനത്താലും വിഷമതകളനുഭവിക്കുന്ന നമ്മുടെ രാജ്യത്തിൻേറയും സമൂഹത്തിൻേറയും വർത്തമാനസ്ഥിതിയെ പരിവർത്തനപ്പെടുത്തുകയും, സ്വതന്ത്രവും സമത്വപൂർണ്ണവുമായ ഒരു പുതിയ ചൈന സൃഷ്ടിക്കുകയും ചെയ്യണം. ഇവിടെയാണ് യുദ്ധത്തെ നയിക്കുന്നതിനുള്ള നമ്മുടെ ആത്മനിഷ്ഠ സാമർത്ഥ്യത്തെ പ്രയോഗിക്കാൻ കഴിയുന്നതും പ്രയോഗിക്കേണ്ടതും. യുദ്ധംചെയ്യുന്ന നമ്മുടെ ഏതെങ്കിലും കമാൻറർമാർ വസ്തുനിഷ്ഠ സാഹചര്യങ്ങളിൽനിന്നും സ്വയം അകലണമെന്നും തെറ്റുകൾ വരുത്തിവയ്ക്കുന്ന തലതിരിഞ്ഞ സാഹസികനാകണമെന്നും നാം ആഗ്രഹിക്കുന്നില്ല; മറിച്ച് ഓരോ കമാൻററും ധീരനും കൂർമ്മബുദ്ധിയുമായ ജനറലായിത്തീരണമെന്നാണ് തീർച്ചയായും നാം ആഗ്ര

Scanned by CamScanner

ഹിക്കുന്നതു്. നമ്മുടെ കമാൻഡർമാർക്കു് ശത്രുവിനെ അതിജീവിക്കാനുള്ള ധീരതമാത്രം പോരാ, യുദ്ധത്തിലുടനീളമുണ്ടാവുന്ന മാററങ്ങളുടേതും വിപര്യയങ്ങളുടേതുമായ സാഹചര്യങ്ങളെ വിദഗ്ദ്ധമായി കൈകാര്യം ചെയ്യാനുള്ള കഴിവുകൂടി വേണം. യുദ്ധത്തിന്റെ മഹാസമുദ്രത്തിൽ നീന്തുമ്പോൾ അവർ മുങ്ങിപ്പൊങ്ങുകയല്ല, മറിച്ചു് അളന്നുമുറിച്ചതുഴയലുകളോടെ മറുകരയിലെത്തുമെന്നു് ഉറപ്പുവരുത്തുകയാണു് വേണ്ടതു്. യുദ്ധത്തെ നയിക്കാനുള്ള നിയമങ്ങളെന്നനിലയിൽ തന്ത്രവും അടവുകളും യുദ്ധത്തിന്റെ സമുദ്രത്തിൽ നീന്താനുള്ള കലയുടെ ഘടകങ്ങളാണു്.

## യുദ്ധവും രാഷ്ട്രീയവും

63. ''യുദ്ധം രാഷ്ട്രീയത്തിന്റെ തുടർച്ചയാണു്''. ഈ അർത്ഥത്തിൽ യുദ്ധം രാഷ്ട്രീയമാണു്; അതിന്റെ തനതർത്ഥത്തിൽ ഒരു രാഷ്ട്രീയ പ്രവർത്തനമാണു്. പുരാതനകാലം മുതൽതന്നെ ഒരു രാഷ്ട്രീയസ്വഭാവമില്ലാത്ത ഒരു യുദ്ധവും ഒരിക്കലും ഉണ്ടായിട്ടില്ല. ജാപ്പവിരുദ്ധയുദ്ധം മുഴുവൻ രാഷ്ട്രത്താലും നടത്തപ്പെടുന്ന ഒരു വിപ്ലവപരമായ യുദ്ധമാണു്. യുദ്ധത്തിന്റെ രാഷ്ട്രീയ ലക്ഷ്യത്തിൽ—ജാപ്പനീസ് സാമ്രാജ്യത്വത്തെ തുരത്തുന്നതും സ്വാതന്ത്ര്യവും സമത്വപൂർണ്ണവുമായ ഒരു ചൈനയെ കെട്ടിപ്പടുക്കലിൽ—നിന്നു് വിജയത്തെ വേർതിരിച്ചുകാണാവുന്നതല്ല. ചെറുത്തുനില്പുയുദ്ധത്തിലും, ഐക്യമുന്നണിയിലും നിഷ്ഠയോടെ ഉറച്ചുനില്ക്കുന്നതിൽനിന്നും, മുഴുവൻ ജനങ്ങളേയും ഒരുമിച്ചണിനിരത്തുന്നതിൽനിന്നും, ഓഫീസർമാരും സാധാരണ ആളുകളും തമ്മിലുള്ള ഐക്യത്തിന്റെ രാഷ്ട്രീയ തത്വങ്ങളിൽനിന്നും, സൈന്യവും ജനങ്ങളും തമ്മിലുള്ള ഐക്യത്തിൽനിന്നും, ശത്രുസൈന്യത്തിന്റെ ശിഥിലീകരണത്തിൽനിന്നും, ഐക്യമുന്നണിനയത്തിന്റെ ഫലപ്രദമായ പ്രയോഗത്തിൽനിന്നും, സാംസ്കാരികമുന്നണിയിലെ അണിനിരത്തലിൽനിന്നും, സാർവ്വദേശീയപിന്തുണയും ജപ്പാനിലെ ജനങ്ങളുടെ പിന്തുണയും നേടിയെടുക്കാനുള്ള ശ്രമങ്ങളിൽനിന്നും യുദ്ധത്തിന്റെ രാഷ്ട്രീയലക്ഷ്യത്തെ വേർപെടുത്തി കാണാനാവില്ല. ഒററവാക്കിൽ പറഞ്ഞാൽ ഒരുനിമിഷം പോലും യുദ്ധത്തെ രാഷ്ട്രീയത്തിൽനിന്നും വേർപെടുത്താവുന്നതല്ല. യുദ്ധത്തെ രാഷ്ട്രീയത്തിൽനിന്നും വേർതിരിച്ചുകണ്ടുകൊണ്ടു്, രാഷ്ട്രീയത്തെ നിസ്സാരമായിക്കാണുന്ന ജാപ്പവിരുദ്ധ സായുധസൈന്യത്തിലെ ഏതു പ്രവണതയും, യുദ്ധത്തെ കേവലമായി കാണുന്ന ആശയങ്ങളെ പിന്താങ്ങുന്ന ഏതു പ്രവണതയും തെററാണു്; തിരുത്തപ്പെടേണ്ടതുമാണു്.

64. എന്നാൽ യുദ്ധത്തിനു് അതിന്റെ പ്രത്യേക സ്വഭാവവിശേഷങ്ങളുണ്ടു്. ഈ അർത്ഥത്തിൽ അതിനെ പൊതുവിൽ രാഷ്ട്രീയവുമായി സമീകരിക്കാനാവില്ല. ''യുദ്ധം രാഷ്ട്രീയത്തിന്റെ മററു്...... ഉപാധികളിലൂടെയുള്ള തുടർച്ചയാണു്''19. രാഷ്ട്രീയം ഒരു പ്രത്യേക ഘട്ടംവരെ വികസിക്കുകയും സാധാരണ രീതികളിലൂടെ അതിനപ്പുറത്തേക്കു മുന്നേറാൻ അതിനു കഴിയാതെ വരികയും ചെയ്യുമ്പോൾ ആ തടസ്സങ്ങളെ മാർഗത്തിൽനിന്നും തുത്തുമാററാൻ യുദ്ധം പൊട്ടിപ്പുറപ്പെടുന്നു. ഉദാഹരണത്തിനു് ചൈനയുടെ അർദ്ധസ്വാതന്ത്ര്യമായ പദവി ജാപ്പനീസ്സാമ്രാജ്യത്വത്തിന്റെ വളർച്ചക്കു് ഒരു തടസ്സമാണു്. അപ്പോൾ ആ തടസ്സത്തെ തുടച്ചുനീക്കാനായി ജപ്പാൻ ഒരു കടന്നാക്രമണയുദ്ധം കെട്ടഴിച്ചുവിട്ടു. എന്താണു് ചൈനയുടെ കാര്യം? ചൈനയുടെ ബൂർഷ്വാജനാധിപത്യവിപ്ലവത്തിനു് സാമ്രാജ്യത്വമർദ്ദനം വളരെക്കാലമായി ഒരു തടസ്സമായി

ഏറെ വിമോ
ത്തനം. അതിനെ ഉത്തേറിയാനുള്ള ശ്രമമെന്ന നിലയിൽ
ചനയുദ്ധങ്ങൾ നടത്തപ്പെട്ടു. ജപ്പാൻ ഇന്നു യുദ്ധത്തെ ഉപയോഗപ്പെടുത്തു
ന്നതു ചൈനയെ മർദ്ദിക്കാനും ചൈനീസ് വിപ്ലവത്തിന്റെ മുന്നേററത്തെ
പൂർണ്ണമായി തടയുന്നതിനും വേണ്ടിയാണ്. അതുകൊണ്ട് ഈ പ്രതി
ബന്ധത്തെ തുടച്ചുനീക്കാനായി ഒരു ചെറുത്തുനില്പുയുദ്ധം നടത്താൻ ചൈന
നിർബ്ബന്ധിതമായിരിക്കുന്നു. ഈ പ്രതിബന്ധം നീക്കം ചെയ്യപ്പെട്ടാൽ
നമ്മുടെ രാഷ്ട്രീയലക്ഷ്യം നേടുകയും യുദ്ധം അവസാനിക്കുകയും ചെയ്യും.
അതു പൂർണ്ണമായും മാററപ്പെട്ടില്ലെങ്കിൽ ആ ലക്ഷ്യം പൂർണ്ണമാകുന്നതുവരെ
യുദ്ധം തുടർന്നുകൊണ്ടിരിക്കും. അതുകൊണ്ട് ജാപ്പവിരുദ്ധയുദ്ധത്തി
ന്റെ കടമ നിറവേററപ്പെടുന്നതിനുമുൻപ് ആരെങ്കിലും ഒരു ഒത്തുതീർപ്പിനു
ശ്രമിച്ചാൽ അതു പരാജയപ്പെടാൻ ബാദ്ധ്യസ്ഥമാണ്. ഏതെങ്കിലും
കാരണവശാൽ ഒരു ഒത്തുതീർപ്പുണ്ടായാൽതന്നെ, വിശാലബഹുജനങ്ങൾ
നിശ്ചയമായും കീഴടങ്ങാതിരിക്കുകയും തങ്ങളുടെ രാഷ്ട്രീയലക്ഷ്യം നേടു
ന്നതുവരെ യുദ്ധം തുടരുകയും ചെയ്യുമെന്നതിനാൽ യുദ്ധം വീണ്ടും പൊട്ടി
പുറപ്പെടും. അതിനാൽ രാഷ്ട്രീയം എന്നാൽ രക്തചൊരിച്ചിലില്ലാത്ത
യുദ്ധമാണെന്നും യുദ്ധമെന്നാൽ രക്തരൂക്ഷിതമായ രാഷ്ട്രീയമാണെന്നും
പറയാം.

65. ഒരു യുദ്ധത്തിന്റെ പ്രത്യേക സ്വഭാവവിശേഷങ്ങളിൽ
നിന്നു ഒരു പ്രത്യേകവിഭാഗം സംഘടനകളും, ഒരു പ്രത്യേകനിര രീതി
കളും ഒരു പ്രത്യേകതരം പ്രക്രിയയും ഉടലെടുക്കുന്നു. സംഘടനകൾ സായു
ധസൈന്യങ്ങളും അവയോടൊപ്പമുള്ളവയുമാണ്. രീതികൾ യുദ്ധത്തെ
നയിക്കാനുള്ള തന്ത്രവും അടവുകളുമാണ്. പ്രക്രിയ എന്നാൽ പരസ്പരം
എതിർക്കുന്ന സായുധസൈന്യങ്ങൾ തങ്ങൾക്കു അനുകൂലവും ശത്രുവിനു
പ്രതികൂലവുമായ തന്ത്രവും അടവുകളും പ്രയോജനപ്പെടുത്തിക്കൊണ്ട്
അന്യോന്യം ആക്രമിക്കുകയോ, മറേറ ആളിൽനിന്നു ഒരാൾ സ്വയം
പ്രതിരോധിക്കുകയോ ചെയ്യുന്ന ഒരു പ്രത്യേക സാമൂഹ്യപ്രവർത്തനത്തി
ന്റെ രൂപമാണ്. അതുകൊണ്ട് യുദ്ധാനുഭവം ഒരു പ്രത്യേകതരം അനുഭ
വമാണ്. യുദ്ധത്തിൽ പങ്കെടുക്കുന്ന എല്ലാവരും തങ്ങൾ അതുവരെ തുടർ
ന്നുപോന്ന ചിട്ടപ്പടിരീതികളിൽനിന്നു സ്വയം വിമുക്തമാവുകയും യുദ്ധ
ത്തിന്റെ രീതികളോടു ഇണങ്ങിച്ചേരുകയും വേണം; അല്ലാതെ അവർക്കു
വിജയം വരിക്കുക സാദ്ധ്യമല്ല.

## ചെറുത്തുനിൽപുയുദ്ധത്തിനുവേണ്ടിയുള്ള രാഷ്ട്രീയമായ അണിനിരത്തൽ

66. നമ്മുടേതുപോലെ മഹത്തായ ഒരു ദേശീയവിപ്ലവ യുദ്ധം
വിപുലവും പൂർണ്ണവുമായ ഒരു രാഷ്ട്രീയ അണിനിരത്തലില്ലാതെ വിജ
യിക്കുക സാദ്ധ്യമല്ല. ജാപ്പവിരുദ്ധ യുദ്ധത്തിനുമുമ്പ് ജപ്പാനോടുള്ള ചെറു
ത്തുനില്പിനുവേണ്ടിയുള്ള രാഷ്ട്രീയ അണിനിരത്തൽ നടത്തപ്പെട്ടിട്ടില്ലാ
യിരുന്നു. അതൊരു വലിയ പോരായ്മയായിരുന്നു. അതിന്റെ ഫല
മായി ചൈന ശത്രുവിനേക്കാൾ ഒരു കരുനീക്കത്തിനു പിന്നിലായിപ്പോ
യി. യുദ്ധം തുടങ്ങിയതിനുശേഷം, രാഷ്ട്രീയമായ അണിനിരത്തൽ
പൂർണ്ണമായിരുന്നു; പക്ഷേ വൈപുല്യത്തിൽ അതു ഏറെ അകലെയായി
രുന്നു. ശത്രുവിന്റെ വെടിയൊച്ചകളും ശത്രുവിമാനങ്ങൾ നിക്ഷേപിച്ച
ബോംബുകളുമായിരുന്നു മഹാഭൂരിപക്ഷം ജനങ്ങൾക്കും യുദ്ധത്തിന്റെ വാർ

Scanned by CamScanner

അതയെത്തിച്ചതു്. അതും ഒരുതരം അണിനിരത്തലായിരുന്നു. എന്നാൽ നമുക്കുവേണ്ടി അതു ചെയ്തതു് ശത്രുവായിരുന്നു; നാം അതു് സ്വയം ചെയ്തില്ല. വെടിയൊച്ചകൾ കടന്നുചെല്ലാത്തത്ര വിദൂരമായ മേഖലകളിൽ ഇപ്പോഴും ആളുകൾ ശാന്തരായി തങ്ങളുടെ പതിവുജീവിതം തുടരുന്നു. ഈ സാഹചര്യം മാറിയേ തീരൂ. അല്ലെങ്കിൽ നമ്മുടെ ജീവൻമരണ സമരത്തിൽ നമുക്കു വിജയിക്കാനാവില്ല. നമുക്കു് ഇനിയൊരു നീക്കംപോലും ശത്രുവിനുവേണ്ടി നഷ്ടപ്പെടുത്തിക്കൂടാ. നേരെമറിച്ചു് അവനിൽനിന്നു് കൂടുതൽ കിട്ടുന്നതിനുവേണ്ടി ഈ നീക്കത്തെ, രാഷ്ട്രീയമായ അണിനിരത്തലിനെ നമുക്കു് പൂർണ്ണമായും ഉപയോഗപ്പെടുത്തണം. ഈ നീക്കം നിർണ്ണായകമാണു്; തീർച്ചയായും പ്രാഥമിക പ്രാധാന്യമുള്ളതാണു്. അതേസമയം ആയുധങ്ങളിലും മററു സാധനങ്ങളുടെ കാര്യത്തിലും നമുക്കുള്ള പരാധീനത രണ്ടാംസ്ഥാനത്തു മാത്രമേ വരുന്നുള്ളു. രാജ്യത്തെമ്പാടുമുള്ള സാധാരണജനങ്ങളെ അണിനിരത്തിയാൽ അതിൽനിന്നും വിശാലമായ ഒരു സമുദ്രം സൃഷ്ടിക്കപ്പെടും. ശത്രു അതിൽ മുങ്ങിമരിക്കും, ആയുധങ്ങളുടേയും മററു സാധനങ്ങളുടേയും കാര്യത്തിൽ നമുക്കുള്ള പരാധീനത പരിഹരിക്കാവുന്ന സാഹചര്യമുണ്ടാവും. യുദ്ധത്തിലെ ഓരോ വിഷമതകളും തരണംചെയ്യാൻ വേണ്ട മുന്നുപാധികൾ സൃഷ്ടിക്കപ്പെടും. വിജയം നേടുന്നതിനുവേണ്ടി നാം ചെറുത്തുനില്പുയുദ്ധത്തിലും ഐക്യമുന്നണിയിലും സുദീർഘയുദ്ധത്തിലും ദൃഢമായി ഉറച്ചുനില്ക്കുന്നു. എന്നാൽ ഇതെല്ലാം സാധാരണജനങ്ങളെ അണിനിരത്തുന്നതുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വിജയത്തിനുവേണ്ടി അഭിലഷിക്കുകയും രാഷ്ട്രീയമായ അണിനിരത്തലിനെ അവഗണിക്കുകയും ചെയ്യുക എന്നുവച്ചാൽ ''തെക്കോട്ടുപോകാൻവേണ്ടി വടക്കോട്ടു് തേരോടി''ക്കുന്നതുപോലെയാണു്. അതിന്റെ അനിവാര്യമായ ഫലം വിജയത്തെ കളഞ്ഞുകുളിക്കുക എന്നായിരിക്കും.

67. രാഷ്ട്രീയമായ അണിനിരത്തൽ എന്നതിന്റെ അർത്ഥമെന്താണു്? ഒന്നാമതായി, ഇതിനർത്ഥം യുദ്ധത്തിന്റെ രാഷ്ട്രീയലക്ഷ്യം എന്താണെന്നു് സൈന്യത്തോടും ജനങ്ങളോടും പറയുകയെന്നാണു്. എന്തുകൊണ്ടാണു് ഈ യുദ്ധത്തിൽ പോരാടേണ്ടതെന്നും ഈ യുദ്ധം എങ്ങിനെ അവനെ ബാധിക്കുന്നുവെന്നും ഓരോ സൈനികനും പൗരനും അറിയേണ്ടതാവശ്യമാണു്. ''ജാപ്പനീസ് സാമ്രാജ്യത്വത്തെ തുരത്തുകയും സ്വാതന്ത്ര്യവും സമത്വവുമുള്ള ഒരു പുത്തൻ ചൈന കെട്ടിപ്പടുക്കുകയുമാണു്'' യുദ്ധത്തിന്റെ രാഷ്ട്രീയലക്ഷ്യം; നാം ഈ ലക്ഷ്യം എല്ലാവരോടും പ്രഖ്യാപിക്കണം, എങ്കിൽ മാത്രമേ ഒരു ജാപ്പവിരുദ്ധ മുന്നേററം സൃഷ്ടിക്കുവാനും യുദ്ധത്തിനുവേണ്ടി തങ്ങളുടെ സർവ്വതും സമർപ്പിക്കുവാൻ തയ്യാറാകത്തക്കവിധം ദശലക്ഷക്കണക്കിനു ജനങ്ങളെ ഒററക്കെട്ടായി ഐക്യപ്പെടുത്തുവാനും നമുക്കു കഴിയൂ. രണ്ടാമതായി, യുദ്ധത്തിന്റെ ലക്ഷ്യം മാത്രം അവരോടു വിശദീകരിച്ചതുകൊണ്ടു മാത്രമായില്ല; അതു നേടിയെടുക്കുന്നതിനുള്ള നടപടികളും നയങ്ങളും മുന്നോട്ടുവയ്ക്കണം, അതായതു് ഒരു രാഷ്ട്രീയ പരിപാടി ഉണ്ടായിരിക്കണം. ജപ്പാനെ ചെറുക്കുന്നതിനും രാഷ്ട്രത്തെ രക്ഷിക്കുന്നതിനുമുള്ള പത്തിനപരിപാടിയും സായുധ ചെറുത്തുനില്പിന്റേയും ദേശീയ പുനർനിർമ്മാണത്തിന്റേതുമായ പരിപാടിയും മുമ്പേതന്നെ നമുക്കുണ്ടു്; നാം അവ രണ്ടും സൈന്യത്തിലും ജനങ്ങൾക്കിടയിലും ജനസമ്മിതി ആർജ്ജിക്കുംവിധം പ്രചരിപ്പിക്കുകയും അവ നടപ്പിലാക്കാനായി എല്ലാവരേയും സംഘടിപ്പിച്ചണിനിരത്തുകയും ചെയ്യണം. വ്യക്തവും സമൂർത്തവുമായ ഒരു രാഷ്ട്രീയ പരിപാടിയില്ലാതെ ജപ്പാനെതിരായ യുദ്ധം അവസാനംവരെ നടത്തുന്നതിനു് എല്ലാ സായുധ സേനകളേയും മുഴുവൻ ജനങ്ങളേയും സംഘടിപ്പിച്ചണിനിരത്തുക സാദ്ധ്യമല്ല. മൂന്നാമതായി, എങ്ങി

Scanned by CamScanner

നെയാണ് നാം അവരെ സംഘടിപ്പിച്ചണിനിരത്തുക? സംസാരത്തിലൂടെയും ലഘുലേഖകളും ബുള്ളററിനുകളും വഴിയായും, പുസ്തകങ്ങളും ലഘുപുസ്തകങ്ങളും വഴിയായും, നാടകങ്ങളും സിനിമകളും വഴിയായും, വിദ്യാലയങ്ങൾ വഴിയായും, ബഹുജനസംഘടനകൾ വഴിയായും, നമ്മുടെ കേഡർമാർ വഴിയായും. ക്വമിന്താങ് പ്രദേശങ്ങളിൽ ഈ ദിശയിൽ ഇതുവരെ ചെയ്തതെല്ലാം ഒരു സമുദ്രത്തിൽ ഒരുതുള്ളി വെള്ളം പോലെയേ ആകുന്നുള്ളു, കൂടാതെ അതെല്ലാം ചെയ്തതു് ജനങ്ങളുടെ രുചിക്കു് അനുയോജ്യമല്ലാത്ത രീതിയിലും അവർക്കു നൈസർഗ്ഗികമായി ഇഷ്ടപ്പെടാനാവാത്ത സ്പിരിററിലുമാണ്; ഇതു് കർശനമായി മാററണം. നാലാമതായി ഒരിക്കൽ സംഘടിപ്പിച്ചണിനിരത്തിയതുകൊണ്ടുമാത്രമായില്ല; ചെറുത്തുനില്പുയുദ്ധത്തിനു വേണ്ടിയുള്ള രാഷ്ട്രീയമായ അണിനിരത്തൽ തുടർച്ചയായി നടത്തപ്പെടണം. നമ്മുടെ രാഷ്ട്രീയ പരിപാടി ജനങ്ങളോടു് ഉരുവിടുകയെന്നതു മാത്രമല്ല നമ്മുടെ ജോലി; കാരണം അതുപോലുള്ള ഉരുവിടൽ ആരും ശ്രദ്ധിക്കയില്ല; യുദ്ധത്തിനുവേണ്ടിയുള്ള രാഷ്ട്രീയമായ അണിനിരത്തലിനെ നമ്മൾ യുദ്ധത്തിന്റെ വികാസവുമായും സൈനികരുടേയും ജനങ്ങളുടേയും ജീവിതവുമായും കണ്ണിചേർക്കുകയും അതിനെ ഒരു തുടർച്ചയായ പ്രസ്ഥാനമാക്കി മാററുകയും ചെയ്യണം. ഇതു് അതിരററ പ്രാധാന്യമുള്ള ഒരു കാര്യമാണ്; യുദ്ധത്തിൽ നമ്മുടെ വിജയം പ്രാഥമികമായും ആശ്രയിച്ചിരിക്കുന്നതു് ഇതിനെയാണ്.

## യുദ്ധത്തിന്റെ ലക്ഷ്യം

68. ഇവിടെ നാം കൈകാര്യം ചെയ്യുന്നതു് യുദ്ധത്തിന്റെ രാഷ്ട്രീയ ലക്ഷ്യമല്ല. ജപ്പാനെതിരായ ചെറുത്തുനിൽപ്പു യുദ്ധത്തിന്റെ രാഷ്ട്രീയ ലക്ഷ്യം 'ജാപ്പനീസ് സാമ്രാജ്യത്വത്തെ തുരത്തുകയും സ്വാതന്ത്ര്യവും സമത്വവുമുള്ള ഒരു പുത്തൻ ചൈന കെട്ടിപ്പടുക്കുക'യെന്നതുമാണെന്നു് മുകളിൽ നിർവ്വചിക്കപ്പെട്ടിട്ടുണ്ടു്. ഇവിടെ നാം കൈകാര്യം ചെയ്യുന്നതു് യുദ്ധത്തിന്റെ പ്രാഥമിക ലക്ഷ്യമാണ്, 'രക്തച്ചൊരിച്ചിലോടുകൂടിയ രാഷ്ട്രീയം' എന്ന നിലയ്ക്കുള്ള, എതിർസേനകളുടെ പരസ്പര കൂട്ടക്കൊല എന്ന നിലയ്ക്കുള്ള യുദ്ധത്തെയാണ്. യുദ്ധത്തിന്റെ ലക്ഷ്യം കൃത്യമായും 'സ്വയം രക്ഷിച്ചു നിലനിർത്തുകയും ശത്രുവിനെ നശിപ്പിക്കുകയും ചെയ്യുക' എന്നതാണ് (ശത്രുവിനെ നശിപ്പിക്കുക എന്നതുകൊണ്ടുദ്ദേശിക്കുന്നതു് അവനെ നിരായുധനാക്കുകയോ, ചെറുത്തു നിൽക്കുവാനുള്ള അവന്റെ ശക്തി നശിപ്പിക്കുകയോ ചെയ്യുക എന്നതാണ്, അല്ലാതെ അവന്റെ സേനയിലെ എല്ലാ അംഗങ്ങളേയും ഭൗതികമായി നശിപ്പിക്കുക എന്നല്ല) പുരാതന യുദ്ധമുറയിൽ കുന്തവും പരിചയും ഉപയോഗിച്ചിരുന്നു; കുന്തം ശത്രുവിനെ ആക്രമിക്കുന്നതിനും നശിപ്പിക്കുന്നതിനും വേണ്ടിയും പരിച സ്വയം പ്രതിരോധിക്കുന്നതിനും പരിരക്ഷിക്കുന്നതിനും വേണ്ടിയും. ഇന്നോളമുള്ള എല്ലാ ആയുധങ്ങളും പഴയ കുന്തത്തിലും പരിചയിലും നിന്നുള്ള വികാസം മാത്രമാണ്. ബോംബർ വിമാനവും യന്ത്രത്തോക്കും ദീർഘദൂരത്തോക്കും വിഷവാതകവും കുന്തത്തിന്റെ വികാസങ്ങളാണ്. ആകാശമാർഗ്ഗേണയുള്ള ആക്രമണത്തിൽനിന്നു രക്ഷനേടുന്നതിനുള്ള അഭയസ്ഥാനം, ഉരുക്കുതൊപ്പി, കോൺക്രീററു് ഉപയോഗിച്ചുള്ള കൊത്തളങ്ങൾ, മുഖാവരണം എന്നിവ പരിചയുടെ വികാസങ്ങളും. കുന്തം, പരിച എന്നിവ രണ്ടിന്റേയും കടമകൾ സംയോജിപ്പിക്കുന്ന ഒരു പുതിയ ആയുധമാണു് ടാങ്ക്. ശത്രുവിനെ നശിപ്പിക്കുന്നതിനുള്ള പ്രധാന മാർഗ്ഗമാണ്

ആക്രമണം. എന്നാൽ പ്രതിരോധം ഒഴിവാക്കാൻ കഴിയില്ല. ആക്രമണത്തിൽ അടിയന്തിര ലക്ഷ്യം ശത്രുവിനെ നശിപ്പിക്കുക എന്നതാണ്; അതേ സമയംതന്നെ അതു് ആത്മപരിക്ഷണവുമാണ്, കാരണം ശത്രു നശിപ്പിക്കപ്പെട്ടില്ലെങ്കിൽ നിങ്ങരം നശിപ്പിക്കപ്പെടും. പ്രതിരോധത്തിൽ അടിയന്തിരലക്ഷ്യം സ്വയം പരിരക്ഷിക്കുക എന്നതാണ്; എന്നാൽ അതേ സമയംതന്നെ പ്രതിരോധം ആക്രമണത്തിനു് അനുപൂരകമായ ഒരു മാർഗ്ഗവും, അല്ലെങ്കിൽ ആക്രമണത്തിലേക്ക നീങ്ങുന്നതിനുള്ള തയ്യാറെടുപ്പുമാണ്. പിന്മാററമെന്നതു് പ്രതിരോധത്തിന്റെ വിഭാഗത്തിൽപ്പെടുന്നു, അതു് പ്രതിരോധത്തിന്റെ ഒരു തുടർച്ചയുമാണ്. അതേസമയം പിന്തുടരൽ ആക്രമണത്തിന്റെ ഒരു തുടർച്ചയാണ്. ശത്രുവിനെ നശിപ്പിക്കുകയെന്നതാണ് യുദ്ധത്തിന്റെ പ്രധാന ലക്ഷ്യമെന്നും ആത്മപരിരക്ഷണം രണ്ടാം സ്ഥാനത്തേ വരുന്നുള്ളുവെന്നും ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ശത്രുവിന്റെ വൻ വിഭാഗങ്ങളെ നശിപ്പിക്കുന്നതിലൂടെ മാത്രമേ ഒരാരംക്ക് ഫലവത്തായി സ്വയം രക്ഷിക്കുവാൻ കഴിയുകയുള്ളു. അതുകൊണ്ട്, ശത്രുവിനെ നശിപ്പിക്കുന്നതിനുള്ള ഒരു അനുപൂരക മാർഗ്ഗവും ആത്മപരിരക്ഷണത്തിനുള്ള മാർഗ്ഗവുമായ പ്രതിരോധം രണ്ടാം സ്ഥാനത്തു വരുന്നു. യഥാർത്ഥ യുദ്ധമുറയിൽ മിക്കവാറും സമയം പ്രതിരോധമാണ് പ്രധാന പങ്കു വഹിക്കുന്നതു്, ശേഷിച്ച സമയം ആക്രമണവും; എന്നാൽ യുദ്ധത്തെതന്നെ മൊത്തത്തിൽ എടുത്തു നോക്കുകയാണെങ്കിൽ ആക്രമണം മുഖ്യസ്ഥാനത്തു തന്നെ നിൽക്കുന്നു.

69. യുദ്ധത്തിലെ ധീരോദാത്തമായ ത്യാഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനെ നാമെങ്ങിനെയാണു ന്യായീകരിക്കുന്നതു്? ഇതു് "ആത്മപരിരക്ഷണ"ത്തിനു് എതിരായി വരുന്നില്ലേ? ഇല്ല, അങ്ങിനെ ഇതു വരുന്നില്ല, ത്യാഗവും ആത്മപരിരക്ഷണവും പരസ്പരം വിരുദ്ധവും അതേസമയം തന്നെ അനുപൂരകവുമാണ്. യുദ്ധമെന്നതു് രക്തച്ചൊരിച്ചിലോടുകൂടിയ രാഷ്ട്രീയമാണ്, ഇതിനൊരു വില കൊടുക്കേണ്ടി വരുന്നു, അത്യന്തം കനത്ത ഒരു വില. പൊതുവും സ്ഥിരവുമായ പരിരക്ഷണത്തിനുവേണ്ടി ഭാഗികവും താല്ക്കാലികവുമായ ത്യാഗം (പരിരക്ഷണമില്ലായ്മ) വേണ്ടി വരുന്നു. ആക്രമണം അടിസ്ഥാനപരമായും ശത്രുവിനെ നശിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിരിക്കുമ്പോരം തന്നെ അതിനു് ആത്മപരിരക്ഷണത്തിന്റേതായ കടമകൂടിയുണ്ടെന്നു് നാം പറയുന്നതു് കൃത്യമായും ഇതുകൊണ്ടു തന്നെയാണ്. പ്രതിരോധത്തെ ആക്രമണം അനുധാവനം ചെയ്യണമെന്നും ശുദ്ധവും ലളിതവുമായ പ്രതിരോധം മാത്രമായിരിക്കരുതെന്നും പറയുന്നതിനുള്ള കാരണം ഇതാണ്.

70. യുദ്ധത്തിന്റെ ലക്ഷ്യം, അതായതു് സ്വന്തം പരിരക്ഷണവും ശത്രുവിന്റെ നശീകരണവും എന്നതാണ് യുദ്ധത്തിന്റെ സാരാംശവും എല്ലാ യുദ്ധപ്രവർത്തനങ്ങളുടേയും അടിസ്ഥാനവും, ഇതു് സാങ്കേതികതത്വം മുതൽ തന്ത്രം വരെ എല്ലാ യുദ്ധപ്രവർത്തനങ്ങളിലും വ്യാപിച്ചുകിടക്കുന്നു. യുദ്ധത്തിന്റെ ലക്ഷ്യമാണ് യുദ്ധത്തിന്റെ ആധാരമായിരിക്കുന്ന തത്വം, സാങ്കേതികമോ അടവുപരമോ ആയ സങ്കല്പങ്ങരംക്കോ തത്വങ്ങരംക്കോ ഏതെങ്കിലും രീതിയിൽ ഇതിൽനിന്നു വേർപെട്ടിരിക്കാനാവുകയില്ല. ഉദാഹരണത്തിനു്, വെടിവയ്ക്കുമ്പോരം "മറ ഉപയോഗിക്കുകയും വെടിശക്തി പൂർണമായി ഉപയോഗപ്പെടുത്തുകയും ചെയ്യുക" എന്ന തത്വത്തിന്റെ അർത്ഥമെന്താണ്? ആദ്യത്തേതിന്റെ ഉദ്ദേശം ആത്മപരിരക്ഷണമെന്നാണ്, രണ്ടാമത്തേതിന്റേതു് ശത്രുവിന്റെ നശീകരണമെന്നും. ആദ്യത്തേതു് ഭൂതലത്തേയും അതിന്റെ സവിശേഷതകളേയും പ്രയോജനപ്പെടുത്തുക, പെട്ടെന്നുള്ള ഊററത്തോടുകൂടിയ രീതിയിൽ മുന്നേറുക, ചിതറിയ സൈന്യവി

Scanned by CamScanner

ന്യാസരൂപത്തിൽ വ്യാപിക്കുക എന്നിവപോലുള്ള സാങ്കേതികവിദ്യകൾ പിറവിനൽകുന്നു. രണ്ടാമത്തേതു്, വെടിവയ്പുരംഗത്തുനിന്നു് ശത്രുവിനെ നിഷ്കാസനം ചെയ്യുകയും അവനെ വെടിവലയത്തിൽ കുടുക്കുകയും ചെയ്യുകയെന്നതുപോലുള്ള മററു സാങ്കേതികവിദ്യകൾക്ക് പിറവി നൽകുന്നു. ഒരു അടവുപരമായ സൈനിക നടപടികളുള്ള ആക്രമണസേന, ശത്രുവിന്റെ ആക്രമണപരിധി പരിമിതപ്പെടുത്തുന്നതിനുള്ള പ്രതിരോധ സേന, കരുതൽ സേന എന്നിവയെ സംബന്ധിച്ചിടത്തോളം, ആദ്യത്തേതു് ശത്രുവിനെ ഉന്മൂലനം ചെയ്യുന്നതിനും രണ്ടാമത്തേതു് സ്വയം പരിരക്ഷിക്കുന്നതിനും മൂന്നാമത്തേതു് പരിതസ്ഥിതിക്കനുസരണമായി മുൻപറഞ്ഞ ഏതെങ്കിലുമൊന്നിനു്—ഒന്നുകിൽ ശത്രുവിനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടിയോ (ഇവിടെ അതു് ആക്രമണസേനയെ ശക്തിപ്പെടുത്തുകയോ ഒരു പിന്തുടരൽ സേനയായി സേവനമനുഷ്ഠിക്കുകയോ ചെയ്യുന്നു.) അല്ലെങ്കിൽ ആത്മപരിരക്ഷണത്തിനുവേണ്ടിയോ (ഇവിടെ അതു് പ്രതിരോധസേനയെ ശക്തിപ്പെടുത്തുകയോ ഒരു രക്ഷാസേനയായി സേവനമനുഷ്ഠിക്കുകയോ ചെയ്യുന്നു)—വേണ്ടിയുമാണു്. ഇപ്രകാരം സാങ്കേതികമോ അടവുപരമോ തന്ത്രപരമോ ആയ തത്വങ്ങൾക്കും നടപടികൾക്കും ഏതെങ്കിലും രീതിയിൽ യുദ്ധത്തിന്റെ ലക്ഷ്യത്തിൽനിന്നു് വേർപെട്ടുനില്ക്കാനാവുകയില്ല, ഈ ലക്ഷ്യം ഒരു യുദ്ധത്തിലാകമാനം വ്യാപരിച്ചിരിക്കുകയും ആദ്യാവസാനം, ഉടനീളം, നിലനില്ക്കുകയും ചെയ്യുന്നു.

71. ജാപ്പവിരുദ്ധയുദ്ധത്തിനു മാർഗ്ഗനിർദ്ദേശം കൊടുക്കുമ്പോൾ, വിവിധ തലങ്ങളിലുള്ള നേതാക്കന്മാർക്കു് ഇരുപക്ഷങ്ങളിലേയും അടിസ്ഥാനഘടകങ്ങൾ തമ്മിലുള്ള അന്തരത്തെ കുറിച്ചോ ഈ യുദ്ധത്തിന്റെ ലക്ഷ്യത്തെ കുറിച്ചോ ഉള്ള കാഴ്ചപ്പാടു് നഷ്ടപ്പെടരുതു്. സൈനികപ്രവർത്തനങ്ങൾക്കിടയ്ക്കു്, സ്വയം പരിരക്ഷിക്കുന്നതിനും എതിരാളിയെ നശിപ്പിക്കുന്നതിനും വേണ്ടിയുള്ള ഓരോ പക്ഷത്തിന്റേയും സമരത്തിൽ, വ്യത്യസ്തതയുള്ള ഈ അടിസ്ഥാനഘടകങ്ങൾ സ്വയം പ്രകടമാകുന്നു. നമ്മുടെ യുദ്ധത്തിൽ, ശത്രുവുമായുള്ള ഓരോ ഏറ്റുമുട്ടലിലും വലുതോ ചെറുതോ ആയ ഒരു വിജയം നേടുവാനും ശത്രുവിന്റെ ഒരു ഭാഗത്തെ നിരായുധമാക്കുവാനും അവന്റെ ഒരു ഭാഗം ആൾക്കാരേയും യുദ്ധോപകരണങ്ങളേയും നശിപ്പിക്കുവാനും നാം കഠിനമായി പരിശ്രമിക്കുന്നു. ശത്രുവിനു് ഏല്പിക്കുന്ന ഈ ഭാഗിക നാശനഷ്ടങ്ങളുടെ ഫലങ്ങൾ പ്രധാനപ്പെട്ട തന്ത്രപരമായ വിജയങ്ങളായി നാം സമാഹരിക്കുകയും അങ്ങിനെ ശത്രുവിനെ പുറത്താക്കുകയും മാതൃഭൂമിയെ രക്ഷിക്കുകയും ഒരു പുത്തൻ ചൈന കെട്ടിപ്പടുക്കുകയെന്ന അന്തിമ രാഷ്ട്രീയ ലക്ഷ്യം നേടിയെടുക്കുകയും ചെയ്യണം.

## പ്രതിരോധത്തിനുള്ളിൽ കടന്നാക്രമണം, ഒരു സുദീർഘയുദ്ധത്തിനുള്ളിൽ ദ്രുതനിശ്ചയങ്ങൾ, ആന്തരനിരകൾക്കുള്ളിൽ ബാഹ്യനിരകൾ.

72. ഇനി നമുക്കു് ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധത്തിന്റെ സവിശേഷതന്ത്രത്തെ പരിശോധിക്കാം. ജപ്പാനെ ചെറുക്കുന്നതിനുള്ള നമ്മുടെ തന്ത്രം ഒരു സുദീർഘയുദ്ധത്തിന്റേതാണെന്നു് നാം മുമ്പേതന്നെ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്; ഇതു് തീർച്ചയായും ശരിയുമാണു്. എന്നാൽ ഈ

Scanned by CamScanner

തന്ത്രം പൊതുവായിട്ടുള്ളതാണ്, സവിശേഷമായിട്ടുള്ളതല്ല. സവിശേഷമായി നോക്കുമ്പോൾ, എങ്ങിനെയാണ് സുദീർഘയുദ്ധം നടത്തപ്പെടേണ്ടതു്? ഇപ്പോൾ നമുക്ക് ഈ പ്രശ്നം ചർച്ച ചെയ്യാം. നമ്മുടെ ഉത്തരം താഴെപറയുംവിധമാണ്. യുദ്ധത്തിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിൽ, അതായതു് അവന്റെ കടന്നാക്രമണത്തിന്റേയും അവൻ തന്റെ നേട്ടങ്ങളെ പരിരക്ഷിക്കുന്നതിന്റേയുമായ ഘട്ടങ്ങളിൽ, നാം തന്ത്രപരമായ പ്രതിരോധത്തിനുള്ളിൽ അടവുപരമായ കടന്നാക്രമണങ്ങൾ നടത്തുകയും തന്ത്രപരമായി സുദീർഘമായ യുദ്ധത്തിനുള്ളിൽ ദ്രുതനിശ്ചയത്തിന്റേതായ സൈനിക നീക്കങ്ങളും പോരാട്ടങ്ങളും, തന്ത്രപരമായ ആന്തരനിരകൾക്കുള്ളിൽ ബാഹ്യനിരകളിൽ സൈനികനീക്കങ്ങളും പോരാട്ടങ്ങളും നടത്തണം. മൂന്നാംഘട്ടത്തിൽ നാം തന്ത്രപരമായ പ്രത്യാക്രമണം കെട്ടഴിച്ചുവിടണം.

73. ജപ്പാൻ ശക്തമായ ഒരു സാമ്രാജ്യത്വരാജ്യമായതുകൊണ്ടും നാമൊരു ദുർബലമായ അർദ്ധകൊളോണിയൽ, അർദ്ധ ഫ്യൂഡൽ രാജ്യമായതുകൊണ്ടും, ജപ്പാൻ തന്ത്രപരമായ കടന്നാക്രമണത്തിന്റേതായ ഒരു നയം സ്വീകരിച്ചിരിക്കുകയും, അതേസമയം നാം തന്ത്രപരമായി പ്രതിരോധപരമായ ഒരു നയം സ്വീകരിച്ചിരിക്കുകയും ചെയ്യുന്നു. ദ്രുതനിശ്ചയത്തിന്റേതായ ഒരു യുദ്ധതന്ത്രം നടപ്പിൽ വരുത്താനാണ് ജപ്പാൻ ശ്രമിക്കുന്നതു്; അതേസമയം സുദീർഘ യുദ്ധത്തിന്റേതായ ഒരു സമരതന്ത്രം നടപ്പിലാക്കാൻ നാം ബോധപൂർവ്വം ശ്രമിക്കണം. കരയിൽനിന്നും കടലിൽനിന്നും ചൈനയെ വലയം ചെയ്യുന്നതിനും ഉപരോധിക്കുന്നതിനുമായി ജപ്പാൻ താരതമ്യേന മെച്ചപ്പെട്ട യുദ്ധ തയ്യാറെടുപ്പോടുകൂടിയ ഡസൻകണക്കിനു സൈനിക ഡിവിഷനുകളും (ഇപ്പോൾ അവയുടെ എണ്ണം മുപ്പതാണ്) നാവികസേനയുടെ ഒരു ഭാഗവും ഉപയോഗിക്കുകയും ചൈനയുടെ മേൽ ബോമ്പിടുന്നതിനായി വ്യോമസേനയെ ഉപയോഗിക്കുകയും ചെയ്യുന്നു. ജപ്പാന്റെ സൈന്യം ഇതിനോടകം തന്നെ പാഒടൊ മുതൽ ഹാങ്ചൗ വരെ നീണ്ടുകിടക്കുന്ന ദീർഘമായ ഒരു മുന്നണി നിര സ്ഥാപിക്കുകയും ജാപ്പനീസ് നാവികസേന ഫൂക്കിയനിലും ക്വാങ്ടുങ്ങിലും എത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ബാഹ്യനിരാപ്രവർത്തനം വലിയ തോതിൽ രൂപം കൊണ്ടിട്ടുണ്ട്. നേരമറിച്ച്, നാം ആന്തരനിരയിൽ പ്രവർത്തിക്കാവുന്ന ചുററുപാടിലാണ്. ശത്രു ശക്തനും നാം ദുർബലനും ആണെന്ന വസ്തുതയാണ് ഇതിനെല്ലാം കാരണം. ഇതു് ഇന്നത്തെ അവസ്ഥയുടെ ഒരു വശമാണ്.

74. എന്നാൽ ഇതിനു നേരേ വിരുദ്ധമായ മറെറാരു വശമുണ്ട്: ജപ്പാൻ ശക്തമാണെങ്കിലും അതിനു വേണ്ടത്ര സൈനികരില്ല. ചൈന ദുർബ്ബലമാണെങ്കിലും അതിനു് ഒരു വിശാല ഭൂപ്രദേശവും ഒരു വലിയ ജനസംഖ്യയും ധാരാളം സൈനികരുമുണ്ട്. ഇതിന്റെ രണ്ടു പ്രധാനപ്പെട്ട പരിണിതഫലങ്ങൾ താഴെ പറയുന്നവയാണ്. ഒന്നാമതു്, വിസ്തൃതമായ ഒരു രാജ്യത്തിനെതിരെ തന്റെ ചെറിയ സൈന്യത്തെ ഉപയോഗിച്ചുകൊണ്ട് ശത്രുവിനു് ചില വലിയ നഗരങ്ങളും പ്രധാന ഗതാഗത മാർഗ്ഗങ്ങളും സമതല പ്രദേശത്തിന്റെ ഒരു ഭാഗവും മാത്രമേ അധീനപ്പെടുത്തുവാൻ കഴിയുകയുള്ളു. ഇപ്രകാരം ശത്രുവിന്റെ അധീനതയിലുള്ള ഭൂപ്രദേശങ്ങളിൽ അവനു് സംരക്ഷണം നൽകാനാവാതെ വിടേണ്ടിവരുന്ന വ്യാപകമായ പ്രദേശങ്ങളുണ്ട്, ഇതു് നമ്മുടെ ഗറില്ലായുദ്ധത്തിനുള്ള ഒരു വിശാല ഭൂപ്രദേശം പ്രദാനം ചെയ്യുന്നു. ചൈനയെയാകെ കണക്കെടുക്കുമ്പോൾ കാൻറൺ, വൂഹാൻ, ലാൻചൗ എന്നീ നഗരങ്ങളേയും സമീപപ്രദേശങ്ങളേയും ബന്ധിപ്പിക്കുന്ന ഗതാഗതമാർഗങ്ങൾ കൈവശപ്പെടുത്തുന്നതിൽ ശത്രു വിജയിക്കുകയാണെങ്കിൽപോലും അതിനപ്പുറമുള്ള പ്രദേശം പിടിച്ചെടുക്കു

Scanned by CamScanner

വാൻ ശത്രുവിനു് ഒട്ടും സാധ്യമല്ല; ഇതു് അന്തിമവിജയംവരെ സുദീർഘ യുദ്ധം നടത്തിക്കൊണ്ടിരിക്കുന്നതിനുള്ള ഒരു പൊതുപിന്നണിപ്രദേശവും മർമ്മപ്രധാനമായ താവളങ്ങളും ചൈനക്കു് പ്രദാനംചെയ്യുന്നു. രണ്ടാമതു്, വലിയ സേനകൾക്കെതിരെ തന്റെ ചെറിയ സേനകളെ നിയോഗിക്കു ബോൾ ശത്രുവിനെ നമ്മുടെ വലിയ സേനകൾ വലയം ചെയ്യുന്നു. ശത്രു നിരവധി റൂട്ടുകളിലൂടെ നമ്മെ ആക്രമിച്ചുകൊണ്ടിരിക്കുകയാണു്, തന്ത്രപര മായി അവൻ ബാഹ്യനിരകളിലാണു്, നാം ആന്തരനിരകളിലും. തന്ത്ര പരമായി അവൻ കടന്നാക്രമണത്തിലാണു്, നാം പ്രതിരോധത്തിലും. ഇതെല്ലാം നമുക്കു് വളരെ പ്രതികൂലമാണെന്നു തോന്നിയേക്കാം.

എന്നാൽതന്നെയും നമുക്കനുകൂലമായ രണ്ടുകാര്യങ്ങൾ—വലിയ ഒരു സൈന്യവും വിപുലമായ രാജ്യവിസ്തൃതിയും — ഉപയോഗപ്പെടുത്തി ക്കൊണ്ടു് സ്ഥിരയുദ്ധമുറയുടേതായ അയവില്ലാത്ത തന്ത്രത്തിനുപകരം ചലനാത്മകയുദ്ധത്തിന്റെ അയഞ്ഞ അടവുകൾ സ്വീകരിച്ചു് ഒരു ശത്രു സേനാവിഭാഗത്തിനെതിരായി ഒട്ടേറെ സേനാവിഭാഗങ്ങളെയും പതിനാ യിരം ശത്രുഭടന്മാർക്കെതിരായി നമ്മുടെ ലക്ഷക്കണക്കിനു് ഭടന്മാരെയും ശത്രുവിന്റെ ഒരു സൈനികവ്യൂഹത്തിനെതിരായി നമ്മുടെ അനേകം വ്യൂഹങ്ങളെയും അണിനിരത്തി യുദ്ധരംഗത്തിന്റെ ബാഹ്യനിരയിൽ നിന്നും ശത്രുവിന്റെ ഒരു സൈനികവ്യൂഹത്തെ വലയംചെയ്തു് മിന്നലാക്ര മണങ്ങൾ തൊടുത്തുവിടാൻ നമുക്കു് കഴിയുന്നതാണു്. അങ്ങിനെ ബാഹ്യ നിരയിലുള്ള ശത്രുവിന്റെ സ്ഥാനങ്ങളും തന്ത്രപരമായ ആക്രമണങ്ങളും കേവലം ആന്തരനിരയിലുള്ള സ്ഥാനങ്ങളും പ്രതിരോധപരമായ നീക്കങ്ങ ളുമായി മാറാതിരിക്കാൻ വയ്യ. ആന്തരനിരയിലുള്ള നമ്മുടെ സ്ഥാന ങ്ങളും പ്രതിരോധപരമായ നീക്കങ്ങളും ബാഹ്യനിരയിലുള്ള സ്ഥാന ങ്ങളും കടന്നാക്രമണപരമായ ഏറ്റുമുട്ടലുകളും രൂക്ഷമായ പോരാട്ടങ്ങളുമായി മാറാതെ വയ്യ. ഇതു് ശത്രുവിന്റെ ഒരു സൈനികവ്യൂഹത്തോടെന്ന പോലെ മറ്റുള്ളവയോടും ചെയ്യാൻ കഴിയും.

ശത്രുവിന്റേതു് ഒരു ചെറിയ സൈന്യവും നമ്മുടേതു് വലിയ ഒരു സൈന്യവുമാണെന്ന സവിശേഷ അവസ്ഥയിൽനിന്നാണു് മുകളിൽ സൂചിപ്പിച്ച രണ്ടുകാര്യങ്ങളും ഉടലെടുക്കുന്നതു്. വീണ്ടും ശത്രുവിന്റെ സൈന്യം ചെറുതെങ്കിലും ശക്തമാണു്; ആയുധങ്ങളുടേയും പരിശീലന ത്തിന്റെയും കാര്യത്തിൽ. നമ്മുടെ സൈന്യമാവട്ടെ വലുതെങ്കിലും ദുർബല മാണു്. ആയുധങ്ങളുടേയും പരിശീലനത്തിന്റേയും കാര്യത്തിൽമാത്രം, എന്നാൽ ആത്മവീര്യത്തിന്റെ കാര്യത്തിലല്ല. ഇതുകാരണം ക്യാമ്പെ യ്‌നുകളിലും പോരാട്ടങ്ങളിലും ആന്തരികനിരയിലുള്ള ഒരു വലിയ സൈന്യം ഉപയോഗപ്പെടുത്തിക്കൊണ്ടു് ആക്രമിക്കുക മാത്രമല്ല നാം ചെയ്യുന്നതു്, പ്രത്യുത ആക്രമണത്തിൽ, നിശ്ചയത്തെക്കൂടി നാം ലക്ഷ്യം വയ്ക്കുന്നുണ്ടു്. ദ്രുതനിശ്ചയത്തിനു് സാധാരണനിലയിൽ ഒരു സ്ഥാനത്തു കടിച്ചുതൂങ്ങിനിൽക്കുന്ന ഒരു ശത്രുസൈന്യത്തെയല്ല, നീങ്ങിക്കൊണ്ടിരി ക്കുന്ന ഒന്നിനെയാണു നാം ആക്രമിക്കേണ്ടതു്. ശത്രുസൈന്യം കടന്നു പോവുമെന്നു് ഉറപ്പുള്ള വഴിയിൽ മുമ്പേതന്നെ നമ്മുടെ ഒരു വലിയ സൈ ന്യത്തെ കേന്ദ്രീകരിക്കുകയും ശത്രു കടന്നുപോകുമ്പോൾ പെട്ടെന്നു് അതി ന്റെമേൽ ചാടിവീഴുകയും എന്താണു് സംഭവിക്കുന്നതെന്നു് മനസിലാകു ന്നതിനു മുമ്പുതന്നെ അതിനെ വലയംചെയ്താക്രമിക്കുകയും ഏററവും പെട്ടെ ന്നു് പോരാട്ടം അവസാനിപ്പിക്കുകയും ചെയ്യുന്നു. നന്നായി പോരാടുക യാണെങ്കിൽ ശത്രുസൈന്യത്തെയോ അല്ലെങ്കിൽ ശത്രുസൈന്യത്തിന്റെ വലിയൊരു ഭാഗത്തെയോ വകവരുത്താൻ നമുക്കു കഴിയും. ഏററവും ചുരു ങ്ങിയതു് ശത്രുസൈന്യത്തിന്റെ ഒരു വിഭാഗത്തെയെങ്കിലും നശിപ്പിക്കാ

Scanned by CamScanner

നാവും. അത്ര നല്ലരീതിയിൽ യുദ്ധം ചെയ്തില്ലെങ്കിൽപോലും ശത്രുവിനു് കനത്ത നാശനഷ്ടങ്ങളുണ്ടാക്കാൻ നമുക്കു സാധിക്കും. നമ്മുടെ ഏതു യുദ്ധത്തിനും, എല്ലാ യുദ്ധങ്ങൾക്കും ഇതു് ബാധകമാണു്. ഏററവും ചുരുങ്ങിയതു് ഓരോ മാസത്തിലും പിങ്ങ്സിങ്ങ് ക്വാനോടോ തായിർച്ചാങ്ങിനോടോ കിടപിടിക്കത്തക്ക സാമാന്യം വലിയ ഓരോ വിജയമെങ്കിലും നമുക്കു നേടാനായാൽ അതു ശത്രുവിന്റെ ആത്മവീര്യത്തെ അതിയായി തകർക്കുകയും നമ്മുടെ ആത്മവീര്യത്തെ വർദ്ധിപ്പിക്കുകയും അന്താരാഷ്ട്രപിന്തുണ നമുക്കു് നേടിത്തരികയും ചെയ്യും. അങ്ങനെ തന്ത്രപരമായി ദീർഘകാലാടിസ്ഥാനത്തിലുള്ള നമ്മുടെ യുദ്ധം, യുദ്ധരംഗത്തു് ദ്രുതനിശ്ചയയുദ്ധമായിത്തീരുന്നു. ശത്രുവിന്റെ തന്ത്രപരമായ ദ്രുതനിശ്ചയയുദ്ധം ചെറിയ ഏററുമുട്ടലുകളിലും ഉഗ്രമായ പോരാട്ടങ്ങളിലും സംഭവിക്കുന്ന ഒട്ടേറെ പരാജയങ്ങൾക്കുശേഷം ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു യുദ്ധമായി മാറാതെ കഴിയില്ല.

75. ചുരുക്കിപ്പറഞ്ഞാൽ, മുകളിൽ സൂചിപ്പിച്ച വിധത്തിലുള്ള പടനീക്കത്തിന്റെയും യുദ്ധത്തിന്റെയും പ്രവർത്തനത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ 'ബാഹ്യനിരയിലെ നിശ്ചയ കടന്നാക്രമണ യുദ്ധമുറ'യുള്ളവയാണു്. ഇതു് 'ആന്തര നിരയിലെ ദീർഘകാലാടിസ്ഥാനത്തിലുള്ള യുദ്ധമുറയെ' സംബന്ധിച്ച തന്ത്രപരമായ തത്വങ്ങൾക്കു് നേരേ എതിരാണു്. എന്നാൽ അതു് ഈ തന്ത്രം നടപ്പാക്കുന്നതിനു് ഒഴിച്ചുകൂടാനാവാത്ത ഒരു തത്വമാണു്. ചെറുത്തുനിൽപ്പു യുദ്ധത്തിന്റെ ആരംഭഘട്ടത്തിൽ നാം ചെയ്തതുപോലെ 'ആന്തരനിരയിലെ ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രതിരോധ യുദ്ധമുറ'യെ ക്യാമ്പെയിനുകൾക്കും പോരാട്ടങ്ങൾക്കുമുള്ള ഒരു തത്വമായിക്കൂടി നാം ഉപയോഗിക്കുകയാണെങ്കിൽ, അതു് ശത്രു ചെറുതും നമ്മൾ വലുതും, ശത്രു ശക്തവും നമ്മൾ ദുർബ്ബലവുമാണെന്ന രണ്ടു സവിശേഷതകൾക്കു് ഒട്ടും പൊരുത്തപ്പെടാത്തതായിത്തീരും; തന്ത്രപരമായ ലക്ഷ്യത്തിലെത്തിച്ചേരാനാവാതെ ശത്രുവാൽ നാം തോല്പിക്കപ്പെടും. അതുകൊണ്ടാണു് മൊത്തം നാടിന്റെ സേനകളെ നിരവധി വിപുലമായ സൈന്യങ്ങളായി സംഘടിപ്പിക്കണമെന്നു് നമ്മൾ എക്കാലവും വാദിച്ചതു്. ശത്രുസൈന്യത്തിന്റെ രണ്ടോ, മൂന്നോ, നാലോ ഇരട്ടി വലുപ്പമുള്ള ഈ ഓരോ സൈന്യവും ശത്രുവിന്റെ ഓരോ സൈന്യങ്ങൾക്കുമെതിരെ നിലകൊള്ളണം. ബൃഹത്തായ യുദ്ധരംഗത്തു് ശത്രുവുമായി ഏററുമുട്ടുന്നതിനു് മുകളിൽ പറഞ്ഞ തത്വങ്ങൾക്കനുസരണമായി ശത്രുവിനെ യുദ്ധം ചെയ്യാൻ നിർബ്ബന്ധിച്ചുകൊണ്ടിരിക്കണം. 'ബാഹ്യനിരയിൽ ദ്രുതനിശ്ചയ കടന്നാക്രമണ യുദ്ധമുറ' എന്ന ഈ തത്വം ഗറില്ലായുദ്ധമുറയിലും അതുപോലെതന്നെ ക്രമാനുസൃതമായ യുദ്ധത്തിനും ഒരുപോലെ ബാധകമാക്കാൻ കഴിയും, കഴിയണം. യുദ്ധത്തിന്റെ ഒരു ഘട്ടത്തിനെ മാത്രമല്ല; അതിന്റെ മുഴുവൻ ഗതിക്കും ഇതു് ഉപയോഗപ്പെടുത്താവുന്നതാണു്. തന്ത്രപരമായ പ്രത്യാക്രമണത്തിന്റേതായ ഘട്ടത്തിൽ സാങ്കേതിക വിദ്യയിൽ നാം പുരോഗതി നേടിയതും, ശക്തനോടു് ദുർബ്ബലൻ പോരാടുന്ന ഒരവസ്ഥയിൽനിന്നു് നമ്മുടെ സ്ഥിതിക്കു് മാററം സംഭവിച്ചതുമായ അവസ്ഥയിൽ, ബാഹ്യനിരകളിൽനിന്നുള്ള ദ്രുതനിശ്ചയത്തിനുവേണ്ടിയുള്ള കടന്നാക്രമണ പോരാട്ടങ്ങളിൽ കൂടുതൽ സംഖ്യ വരുന്ന സേനയെ നിയോഗിക്കുന്നതു നാം തുടരുകയാണെങ്കിൽ ഒരു വലിയ അളവിൽ തടവുകാരെയും ശത്രുസമ്പത്തും പിടിച്ചെടുക്കാൻ നമുക്കു കഴിയും. ഉദാഹരണമായി ശത്രുവിന്റെ യന്ത്രവൽകൃതമായ ഒരു ഡിവിഷൻ സൈന്യത്തിനെതിരെ നമ്മുടെ യന്ത്രവൽകൃതമായ രണ്ടോ മൂന്നോ നാലോ ഡിവിഷനുകൾ നിയോഗിക്കുകയാണെങ്കിൽ നമുക്കതിനെ നശിപ്പിക്കാമെന്നു് കൂടുതൽ സുനിശ്ചി

Scanned by CamScanner

തമായി ഉറപ്പുവരുത്താൻ കഴിയും. കുറെ മല്ലന്മാർ കൂടി നേരിടുകയാണെങ്കിൽ ഒരാളെ നിഷ്പ്രയാസം തോല്പിക്കാൻ കഴിയുമെന്നത് സാമാന്യബുദ്ധികൊണ്ട് മനസ്സിലാകുന്ന കാര്യമാണല്ലോ.

76. യുദ്ധരംഗത്ത് ''ബാഹ്യനിരയിൽ ദ്രുതനിശ്ചയത്തിനുള്ള കടന്നാക്രമണപരമായ യുദ്ധമുറ'' നാം നിശ്ചയദാർഢ്യത്തോടെ പ്രയോഗിക്കുകയാണെങ്കിൽ നമുക്ക് യുദ്ധരംഗത്തെ ശാക്തിക സന്തുലിതാവസ്ഥക്ക് മാററം വരുത്താൻ കഴിയുമെന്ന മാത്രമല്ല, പൊതു അവസ്ഥ തന്നെ ക്രമാനുഗതമായി മാററുവാനും കഴിയും. യുദ്ധരംഗത്ത് നാം കടന്നാക്രമണത്തിലായിരിക്കും, ശത്രു പ്രതിരോധത്തിലും; ബാഹ്യനിരയിൽ നാം ഒരു വലിയ സൈന്യത്തെയും ശത്രു ആന്തരനിരയിൽ ഒരു ചെറിയ സൈന്യത്തെയുമായിരിക്കും നിയോഗിക്കുക. യുദ്ധത്തിൽ പെട്ടെന്നുള്ള തീരുമാനത്തിനായി നാം ശ്രമിക്കും. അതേസമയം പോഷകസേനയെ പ്രതീക്ഷിച്ചുകൊണ്ട് യുദ്ധം നീട്ടിക്കൊണ്ടുപോകാൻ എത്ര ശ്രമിച്ചാലും ശത്രുവിനു് കഴിയില്ല. ഇതിന്റെയെല്ലാം ഫലമായി ശത്രുവിന്റെ അവസ്ഥ ശക്തിയിൽനിന്ന ദൗർബല്യത്തിലേക്കും, മേധാവിത്വാവസ്ഥ അധ:സ്ഥിതാവസ്ഥയിലേക്കും മാറുകയും അതേസമയം നമ്മുടെ ഭാഗത്ത് ദൗർബല്യത്തിൽനിന്നു് ശക്തിയിലേക്കും, അധ:സ്ഥിതാവസ്ഥയിൽനിന്ന മേധാവിത്വാവസ്ഥയിലേക്കും മാററമുണ്ടാവുകയും ചെയ്യും. ഇത്തരത്തിലുള്ള വിജയകരമായ പല ഏററുമുട്ടലുകൾക്കും ശേഷം, ശത്രുവിനും നമുക്കും ഇടയിലുള്ള സാമാന്യാവസ്ഥയിൽതന്നെ മാററമുണ്ടാകും. അതായതു്, പല യുദ്ധരംഗങ്ങളിലും ബാഹ്യനിരയിൽ ദ്രുതനിശ്ചയത്തിന്നായി നടത്തപ്പെടുന്ന കടന്നാക്രമണപരമായ യുദ്ധമുറവഴിയുണ്ടാകുന്ന വിജയം നമ്മുടെ സഞ്ചിതഫലമായി ക്രമേണ നാം ശക്തരാവുകയും ശത്രുവിനെ ദുർബലമാക്കുകയും ചെയ്യും; ഇതു് അവശ്യമായും പൊതുസന്തുലിതാവസ്ഥയെ ബാധിക്കുകയും അതിൽ മാററം വരുത്തുകയും ചെയ്യും. അതു സംഭവിക്കുമ്പോൾ നമ്മുടെ ഭാഗത്തെ ഇതര ഘടകങ്ങളോടൊപ്പവും ശത്രുതാവളത്തിനുള്ളിൽ സംഭവിക്കുന്ന മാററങ്ങളോടൊപ്പവും അനുകൂലമായ സാർവദേശീയ അവസ്ഥയോടൊപ്പവും ഈ മാററങ്ങൾ നമ്മളും ശത്രുവും തമ്മിലുള്ള ബന്ധത്തിന്റെ സാമാന്യാവസ്ഥയെ ആദ്യം തുല്യതയിലേക്കും പിന്നീട് നമ്മുടെ മേധാവിത്വത്തിലേക്കും മാററും. നമുക്ക് പ്രത്യാക്രമണം അഴിച്ചുവിടുന്നതിനും ശത്രുവിനെ നാട്ടിൽനിന്ന തുരത്തുന്നതിനുള്ള സമയം അതായിരിക്കും.

77. യുദ്ധം ഒരു ശാക്തികമത്സരമാണ്. എന്നാൽ യുദ്ധഗതിയിൽ, ശക്തിയുടെ പൂർവ്വാവസ്ഥക്ക് മാററം സംഭവിക്കുന്നു. ഇവിടെ കൂടുതൽ വിജയങ്ങൾ നേടാനും കുറച്ചു തെററുവരുത്താനുംവേണ്ടിയുള്ള ആത്മനിഷ്ഠയത്നമാണു് നിർണ്ണായക ഘടകം. വസ്തുനിഷ്ഠഘടകമാണു് അതുപോലുള്ള മാററം സാദ്ധ്യമാക്കിതീർക്കുക. എന്നാൽ ഈ സാദ്ധ്യതയെ യാഥാർത്ഥ്യമാക്കിമാററുന്നതിനു് ശരിയായവശവും ആത്മനിഷ്ഠശ്രമങ്ങളും ആവശ്യമാണു്. അപ്പോഴാണു് ആത്മനിഷ്ഠഘടകം നിർണ്ണായക പങ്കു വഹിക്കുന്നതു്.

## മുൻകൈ പ്രവർത്തനം, വഴക്കം, ആസൂത്രണം

78. മുകളിൽ ചർച്ച ചെയ്തതുപോലെ ദ്രുതനിശ്ചയത്തിനുവേണ്ടിയുള്ള കടന്നാക്രമണ കാമ്പെയ്നുകളിലും ബാഹ്യനിരകളിലെ പോരാട്ട

Scanned by CamScanner

ങ്ങളിലും നിർണ്ണായകമായിട്ടുള്ളതു് 'കടന്നാക്രമണ'മാണു്; 'ബാഹ്യനിരകൾ' പരാമർശിക്കുന്നതു് കടന്നാക്രമണത്തിന്റെ മണ്ഡലത്തേയും 'ദ്രുതനിശ്ചയം' അതിന്റെ കാലയളവിനേയുമാണു്. അതുകൊണ്ടാണു് 'ബാഹ്യനിരകളിലെ ദ്രുതനിശ്ചയത്തിനുവേണ്ടിയുള്ള കടന്നാക്രമണ യുദ്ധമുറ' എന്നു വിളിക്കുന്നതു്. ഒരു സുദീർഘയുദ്ധം നടത്തുന്നതിനുള്ള ഏററവും നല്ല തത്വമിതാണു്, ചലനാത്മക യുദ്ധമുറ എന്നു വിളിക്കപ്പെടുന്നതിനുള്ള തത്വവും ഇതാണു്. എന്നാൽ മുൻകൈ പ്രവർത്തനവും വഴക്കവും ആസൂത്രണവും കൂടാതെ ഇതു ഫലത്തിൽ കൊണ്ടുവരാൻ കഴിയില്ല. ഇനി നമുക്കു് ഈ മൂന്നു പ്രശ്നങ്ങളേയും കുറിച്ചു് പഠിക്കാം.

79. മനുഷ്യന്റെ ബോധപൂർവ്വമുള്ള ഊർജ്ജസ്വലമായ പങ്കിനെ കുറിച്ചു് നാം ഇതിനോടകംതന്നെ ചർച്ച ചെയ്തു കഴിഞ്ഞിട്ടുണ്ടു്, പിന്നെന്തിനാണു് മുൻകൈ പ്രവർത്തനത്തെക്കുറിച്ചു് നാം വീണ്ടും പറയുന്നതു്? ബോധപൂർവ്വമുള്ള ഊർജ്ജസ്വലമായ പങ്കു് എന്നതുകൊണ്ടു് നാം അർത്ഥമാക്കുന്നതു് ബോധപൂർവ്വമായ പ്രവർത്തനവും ശ്രമവും എന്നാണു്; മനുഷ്യനെ മററു ജീവികളിൽനിന്നു വേർതിരിക്കുന്ന ഒരു സ്വഭാവവിശേഷമാണിതു്; മനുഷ്യന്റെ ഈ സവിശേഷത യുദ്ധത്തിൽ ഏററവും ശക്തമായി പ്രകടമാകുന്നു. ഇതെല്ലാം മുമ്പേതന്നെ ചർച്ച ചെയ്തിട്ടുണ്ടു്. ഇവിടെ മുൻകൈ എന്നതുകൊണ്ടർത്ഥമാക്കുന്നതു് അടിച്ചേല്പിക്കപ്പെട്ട ഒരു സ്വാതന്ത്ര്യനഷ്ടത്തിൽനിന്നു വ്യത്യസ്തമായി ഒരു സൈന്യത്തിന്റെ പ്രവർത്തന സ്വാതന്ത്ര്യമെന്നാണു്. പ്രവർത്തനസ്വാതന്ത്ര്യം ഒരു സൈന്യത്തിന്റെ ജീവബിന്ദുവാണു്; ഒരിക്കൽ ഇതു നഷ്ടപ്പെട്ടുകഴിഞ്ഞാൽ, ആ സൈന്യം പരാജയത്തിനോ നാശത്തിനോ വളരെ അടുത്തെത്തിയിരിക്കുന്നു എന്നർത്ഥം. ഒരു സൈനികൻ നിരായുധനാക്കപ്പെടുന്നതു് ഒരു നിഷ്ക്രിയ നിലയിലെത്തുവാൻ നിർബ്ബന്ധിക്കപ്പെടുന്നതിലൂടെ അവന്റെ പ്രവർത്തന സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതിന്റെ ഫലമായാണു്. ഒരു സൈന്യത്തിന്റെ പരാജയത്തെ സംബന്ധിച്ചും ഇതുതന്നെയാണു് വാസ്തവം. ഇതുകാരണം യുദ്ധത്തിൽ ഏർപ്പെട്ടിട്ടുള്ള ഇരുകക്ഷികളും മുൻകൈ നേടുന്നതിനും നിഷ്ക്രിയത്വം ഒഴിവാക്കുന്നതിനുമായി തങ്ങൾക്കു കഴിയാവുന്നതെല്ലാം ചെയ്യുന്നു. നാം ഉയർത്തിപ്പിടിക്കുന്ന ബാഹ്യനിരകളിലെ ദ്രുതനിശ്ചയത്തിനുവേണ്ടിയുള്ള കടന്നാക്രമണ യുദ്ധമുറയും അതിന്റെ നടത്തിപ്പിനു് ആവശ്യമായ വഴക്കവും ആസൂത്രണവും മുൻകൈ നേടുന്നതിനും, അപ്രകാരം ശത്രുവിനെ ഒരു നിഷ്ക്രിയതയിലേക്കു തള്ളിയിടുന്നതിനും, സ്വയം പരിരക്ഷിക്കുകയും ശത്രുവിനെ നശിപ്പിക്കുകയും ചെയ്യുന്ന ലക്ഷ്യം നേടിയെടുക്കുന്നതിനും വേണ്ടി രൂപംകൊടുക്കപ്പെട്ടിട്ടുള്ളതാണെന്നു പറയാം. എന്നാൽ, മുൻകൈയോ നിഷ്ക്രിയത്വമോ യുദ്ധം നടത്തുന്നതിനുള്ള കഴിവിനെ സംബന്ധിച്ച മേധാവിത്വാവസ്ഥയിൽ നിന്നോ അധഃസ്ഥിതാവസ്ഥയിൽ നിന്നോ വേർപെടുത്താനാവില്ല. തന്മൂലം യുദ്ധത്തിന്റെ ആത്മനിഷ്ഠദിശയുടെ ശരിയിൽനിന്നോ ശരിയില്ലായ്മയിൽനിന്നോ കൂടിയും അതു് വേർപെടുത്താനാവില്ല. ഇതിനുപുറമേ മുൻകൈ നേടുന്നതിനും ശത്രുവിനെ നിഷ്ക്രിയത്വത്തിലേക്കു് തള്ളിയിടുന്നതിനുംവേണ്ടി ശത്രുവിന്റെ ശരിയായ സങ്കല്പങ്ങളേയും തയാറെടുപ്പില്ലായ്മയേയും ചൂഷണം ചെയ്യുകയെന്ന പ്രശ്നവുമുണ്ടു്. ഈ കാര്യങ്ങൾ താഴെ വിശകലനം ചെയ്തിരിക്കുന്നു.

80. മുൻകൈപ്രവർത്തനം യുദ്ധം നടത്തുവാനുള്ള കഴിവിലെ മേധാവിത്വാവസ്ഥയിൽനിന്നു് അവിഭാജ്യമാണു്. അതേസമയം നിഷ്ക്രിയത്വം യുദ്ധംനടത്തുവാനുള്ള കഴിവിലെ അധഃസ്ഥിതാവസ്ഥയിൽനിന്നും അവിഭാജ്യമാണു്. തന്ത്രപരമായ ഒരു കടന്നാക്രമണത്തിലൂടെ തന്ത്രപരമായ മുൻകൈ കൂടുതൽ നന്നായി നിലനിർത്തുവാനും പ്രയോ

ഗിക്കുവാനും കഴിയുമെന്നതു് സ്വാഭാവികമാണു്. എന്നാൽ എല്ലായ്പോഴും എല്ലായിടത്തും മുൻകൈ നിലനിർത്തുകയെന്നതു്, അതായതു് സമ്പൂർണ്ണമായ മുൻകൈ ഉണ്ടാവുകയെന്നതു്, സാദ്ധ്യമാകുന്നതു് തികഞ്ഞ അധഃസ്ഥിതാവസ്ഥക്കെതിരെ തികഞ്ഞ മേധാവിത്വാവസ്ഥ നേടിയെടുക്കുമ്പോൾ മാത്രമാണു്. ശക്തനും ആരോഗ്യവാനുമായ ഒരു മനുഷ്യൻ വികലാംഗനായ ഒരു മനുഷ്യനുമായി ഗുസ്തിയിലേർപ്പെടുമ്പോൾ, ആദ്യത്തെ ആൾക്കു് സമ്പൂർണ്ണമായ മുൻകൈ ഉണ്ടു്. ജപ്പാൻ അപരിഹാര്യമായ വൈരുദ്ധ്യങ്ങളാൽ പീഢിപ്പിക്കപ്പെട്ടിരുന്നില്ലെങ്കിൽ, ഉദാഹരണത്തിനു് നിരവധി ദശലക്ഷമോ പത്തുദശലക്ഷമോ വരുന്ന ഒരു വൻ സേനയെ വളരെ പെട്ടെന്നു് യുദ്ധരംഗത്തേക്കു് നിയോഗിക്കുവാൻ അതിനു കഴിഞ്ഞിരുന്നുവെങ്കിൽ, അതിന്റെ സാമ്പത്തികവിഭവശേഷി ഇപ്പോഴുള്ളതിന്റെ നിരവധി മടങ്ങായിരുന്നുവെങ്കിൽ, സ്വന്തം ജനങ്ങളിൽനിന്നോ മററു രാജ്യങ്ങളിലെ ജനങ്ങളിൽനിന്നോ അതിനു് എതിർപ്പു് നേരിടേണ്ടി വന്നില്ലായിരുന്നുവെങ്കിൽ, ചൈനീസ് ജനതയുടെ രണ്ടും കല്പിച്ചുള്ള ചെറുത്തുനില്പിനെ ഉത്തേജിപ്പിച്ച കിരാതനയങ്ങൾ അതു് പിന്തുടന്നില്ലായിരുന്നുവെങ്കിൽ, അതിനു് തികഞ്ഞ മേധാവിത്വാവസ്ഥ നിലനിർത്തുവാനും എല്ലായ്പോഴും എല്ലായിടത്തും തികഞ്ഞ മുൻകൈ നേടുവാനും കഴിയുമായിരുന്നേനെ. ഉദാഹരണത്തിനു്, ഒന്നാം ലോകയുദ്ധത്തിൽ ജർമ്മനിയുടെ കീഴടങ്ങലിനു തൊട്ടുമുൻപു്, സഖ്യരാജ്യങ്ങൾ തികഞ്ഞ മേധാവിത്വാവസ്ഥയിലെത്തുകയും ജർമ്മനി തികഞ്ഞ അധഃസ്ഥിതാവസ്ഥയിലായിതീരുകയും ചെയ്തു. അതുമൂലം ജർമ്മനി പരാജയപ്പെടുത്തപ്പെടുകയും സഖ്യരാജ്യങ്ങൾ വിജയശ്രീലാളിതരാവുകയും ചെയ്തു. ഒരു യുദ്ധത്തിന്റെ അവസാനത്തോടടുക്കുമ്പോൾ എങ്ങനെ തികഞ്ഞ മേധാവിത്വവും തികഞ്ഞ അധഃസ്ഥിതത്വവും സ്ഥാപിക്കപ്പെടുമെന്നതിനു് ഒരു ഉദാഹരണമാണിതു്. വീണ്ടും, തായിർചാങ്ങിലെ ചൈനീസ് വിജയത്തിനു് തൊട്ടുമുൻപു് കടുത്തപോരാട്ടത്തിലൂടെ അവിടെയുണ്ടായിരുന്ന ഒററപ്പെട്ട ജാപ്പനീസ് സേനകൾ തികഞ്ഞ അധഃസ്ഥിതാവസ്ഥയിലാവുകയും, അതേസമയം നമ്മുടെ സേനകൾ തികഞ്ഞ മേധാവിത്വം നേടിയെടുക്കുകയും ചെയ്തു. അതുമൂലം ശത്രു പരാജയപ്പെടുത്തപ്പെടുകയും നമ്മൾ വിജയം വരിക്കുകയും ചെയ്തു. ഒരു ക്യാമ്പയിനിന്റെ അവസാനമടുക്കുമ്പോൾ എങ്ങനെയാണു് തികഞ്ഞ മേധാവിത്വവും തികഞ്ഞ അധഃസ്ഥിതത്വവും സ്ഥാപിക്കപ്പെടുന്നതെന്നതിനു് മറെറാരുദാഹരണമാണിതു്. ഒരു യുദ്ധമോ ക്യാമ്പയിനൊ ആപേക്ഷിക മേധാവിത്വമുള്ളതോ തുല്യതയുള്ളതോ ആയ അവസ്ഥയിലും അവസാനിപ്പിക്കാം. അപ്പോൾ യുദ്ധത്തിൽ ഒത്തുതീർപ്പുണ്ടാവുകയൊ സ്തംഭനാവസ്ഥ ഉണ്ടാവുകയൊ ചെയ്യുന്നു. മിക്കവാറും സന്ദർഭങ്ങളിലെല്ലാംതന്നെ വിജയത്തെയും പരാജയത്തെയും നിർണ്ണയിക്കുന്നതു് തികഞ്ഞ മേധാവിത്വവും അധഃസ്ഥിതത്വവുമാണു്. ഒരു യുദ്ധത്തിന്റെയോ ക്യാമ്പയിനിന്റെയോ അവസാനഘട്ടത്തെ സംബന്ധിച്ചാണു്, അല്ലാതെ ആരംഭഘട്ടത്തിലല്ല, ഇപ്പറഞ്ഞതെല്ലാം ശരിയായിതീരുന്നതു്. ചൈനാ—ജപ്പാൻ യുദ്ധത്തിന്റെ പരിണിതഫലത്തെ സംബന്ധിച്ചിടത്തോളം, ജപ്പാൻ തികഞ്ഞ അധഃസ്ഥിതാവസ്ഥയിലെത്തിച്ചേരുകയും പരാജയപ്പെടുകയും ചെയ്യുമെന്നും ചൈന തികഞ്ഞ മേധാവിത്വാവസ്ഥയിലെത്തുകയും വിജയം നേടുകയും ചെയ്യുമെന്നും മുൻകൂട്ടി പ്രവചിക്കുവാൻ കഴിയും. എന്നാൽ ഇന്നു് ഏതെങ്കിലും ഒരു പക്ഷത്തിനു് തികഞ്ഞ മേധാവിത്വമോ അധഃസ്ഥിതത്വമോ ഇല്ല, ആപേക്ഷികമായ മേധാവിത്വമോ അധഃസ്ഥിതത്വമോ മാത്രമെയുള്ളൂ. നമ്മുടെ സൈനികവും സാമ്പത്തികവും രാഷ്ട്രീയ—സംഘടനാപരവും ആയ ദൗർബ്ബല്യ

Scanned by CamScanner

ങ്ങൾക്കെതിരെ സൈനികവും സാമ്പത്തികവും രാഷ്ട്രീയ–സംഘടനാപരവുമായ അനുകൂലാവസ്ഥമൂലം ജപ്പാൻ മേധാവിത്വാവസ്ഥയിലായിരിക്കുകയും, അതു് ജപ്പാന്റെ മുൻകൈക്കു് അടിസ്ഥാനമായിരിക്കുകയും ചെയ്യുന്നു. എന്നാൽ അളവുപരമായി നോക്കുമ്പോൾ അതിന്റെ സൈനികവും മറ്റുമായ ശക്തി വളരെ വലുതല്ലാത്തതിനാലും അതിനു് മറ്റു പല പ്രതികൂലാവസ്ഥയേയും നേരിടേണ്ടതുള്ളതിനാലും, അതിന്റെ മേധാവിത്വം അതിന്റേതന്നെ വൈരുദ്ധ്യങ്ങളാൽ പരിമിതപ്പെടുന്നു. ചൈനക്കെതിരായ ആക്രമണത്തോടെ, ജപ്പാൻ ഒരു വിശാലഭൂപ്രദേശത്തിനെതിരെ യുദ്ധം ചെയ്യേണ്ടിവന്നതിനാലും ചൈനയിലെ വലിയ ജനസംഖ്യയും വലിയ സംഖ്യവരുന്ന സൈനികരും ദൃഢനിശ്ചയത്തോടുകൂടിയ ദേശവ്യാപിയായ ചെറുത്തുനില്പുംമൂലം അതിന്റെ മേധാവിത്വം പിന്നെയും കുറഞ്ഞുപോയിരിക്കുന്നു. അതുകൊണ്ടു് ജപ്പാന്റെ പൊതു അവസ്ഥ ആപേക്ഷിക മേധാവിത്വത്തിന്റേതു് മാത്രമായി തീർന്നിട്ടുണ്ടു്. മുൻകൈ പ്രയോഗിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള അതിന്റെ കഴിവും ഇതുമൂലം തടസ്സപ്പെടുത്തപ്പെടുകയും അങ്ങനെ ആപേക്ഷികമായി ചുരുങ്ങുകയും ചെയ്തിട്ടുണ്ടു്. ചൈനയെ സംബന്ധിച്ചിടത്തോളം അതിന്റെ ശക്തിക്കുറവുമൂലം അതു് ഏറെക്കുറെ തന്ത്രപരമായി നിഷ്ക്രിയാവസ്ഥയിലാണുള്ളതെങ്കിലും, പ്രദേശത്തിന്റെയും ജനസംഖ്യയുടെയും സൈനികരുടെയും കാര്യത്തിൽ അളവുപരമായി മെച്ചപ്പെട്ട അവസ്ഥയിലാണെന്നു മാത്രമല്ല അതിന്റെ ജനങ്ങളുടെയും സൈന്യത്തിന്റെയും ആത്മവീര്യത്തിലും ശത്രുവിനോടുള്ള അവരുടെ ദേശാഭിമാനപരമായ വെറുപ്പിലും അതു് മുന്നിൽതന്നെയാണു്; മറ്റു് അനുകൂലാവസ്ഥകളോടൊപ്പം ഈ മേധാവിത്വം സൈനികവും സാമ്പത്തികവും മറ്റുമായ ശക്തികളിൽ അതിനുള്ള കുറവു് ഒരു പരിധിവരെ കുറക്കുകയും അതിനെ ആപേക്ഷികമായി ഒരു തന്ത്രപരമായ അധഃസ്ഥിതാവസ്ഥയാക്കി മാറ്റുകയും ചെയ്യുന്നു. ഇതു് ചൈനയുടെ നിഷ്ക്രിയത്വത്തിന്റെ അളവു് കുറക്കുന്നു, അതുമൂലം അതിന്റെ തന്ത്രപരമായ അവസ്ഥ ആപേക്ഷിക നിഷ്ക്രിയത്വത്തിന്റേതുമാത്രമാണു്. എന്നിരുന്നാലും ഏതൊരുവിധ നിഷ്ക്രിയത്വവും പ്രതികൂലമാണു്. അതിനെ ദൂരെ വലിച്ചെറിയാൻ കഠിനപ്രയത്നം ചെയ്തുകൊണ്ടിരിക്കണം. സൈനികമായിട്ടു് അപ്രകാരം ചെയ്യുന്നതിനുള്ള മാർഗ്ഗം ബാഹ്യനിരകളിൽ ദ്രുതനിശ്ചയത്തിനുവേണ്ടിയുള്ള കടന്നാക്രമണപരമായ യുദ്ധം നടത്തുകയും ശത്രുവിന്റെ പിന്നണിയിൽ ഗറില്ലായുദ്ധമഴിച്ചുവിടുകയും അങ്ങനെ വലിയ അളവിൽ പ്രാദേശിക മേധാവിത്വത്തിലൂടെയും പ്രാദേശിക മുൻകൈയ്യിലൂടെയും നമുക്കു് തന്ത്രപരമായ മേധാവിത്വവും തന്ത്രപരമായ മുൻകൈയ്യും ക്രമേണ സൃഷ്ടിക്കുവാനും തന്ത്രപരമായ അധഃസ്ഥിതത്വത്തിൽനിന്നും നിഷ്ക്രിയത്വത്തിൽനിന്നും സ്വയം മോചിതരാകുവാനും കഴിയും. മുൻകൈയ്യും നിഷ്ക്രിയത്വവും തമ്മിലുള്ള, മേധാവിത്വവും അധഃസ്ഥിതത്വവും തമ്മിലുള്ള പരസ്പരബന്ധം ഇതുപോലെയാണു്.

81. ഇതിൽനിന്നു് മുൻകയ്യോ നിഷ്ക്രിയത്വമോ ഒരു ഭാഗത്തും ഇവയും യുദ്ധത്തിന്റെ ആത്മനിഷ്ഠ നേതൃത്വവും തമ്മിലുള്ള ബന്ധവും നമുക്കു മനസ്സിലാക്കാൻ കഴിയും. നേരത്തേ വിശദീകരിച്ചതുപോലെ, ആപേക്ഷികമായി തന്ത്രപരമായ അധഃസ്ഥിതത്വത്തിന്റെയും നിഷ്ക്രിയത്വത്തിന്റെയുമായ നമ്മുടെ അവസ്ഥയിൽനിന്നു് രക്ഷപെടുക സാദ്ധ്യമാണു്. ഇതിനുള്ള സമ്പ്രദായം പല ക്യാമ്പയിനുകളിലും പ്രാദേശിക മേധാവിത്വവും മുൻകൈയ്യും സൃഷ്ടിക്കുകയും, അങ്ങനെ ശത്രുവിനു് പ്രാദേശിക മേധാവിത്വവും മുൻകൈയ്യും നഷ്ടപ്പെടുത്തുകയും അവനെ അധഃസ്ഥിതത്വ

Scanned by CamScanner

ത്തിലേക്കും നിഷ്ക്രിയത്വത്തിലേക്കും തള്ളിവീഴ്ത്തുകയും ചെയ്യുകയാണ്. ഈ പ്രാദേശിക വിജയങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം തന്ത്രപരമായ മേധാവിത്വവും മുൻകൈയുമായി സമാഹരിക്കപ്പെടുകയും ശത്രുവിനെ സംബന്ധിച്ചിടത്തോളം തന്ത്രപരമായ അധസ്ഥിതത്വവും നിഷ്ക്രിയത്വവുമായി മാറുകയും ചെയ്യും. അതുപോലൊരു മാററം ആശ്രയിച്ചിരിക്കുന്നത് ശരിയായ ആത്മനിഷ്ഠനേതൃത്വത്തെയാണ്. എന്തുകൊണ്ട്? കാരണം നാം മേധാവിത്വത്തിനും മുൻകൈക്കുംവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ശത്രുവിന്റെയും ശ്രമം അതുതന്നെയാണ്. ഈ വീക്ഷണത്തിലൂടെ നോക്കുമ്പോൾ, സൈനിക ശക്തികൾ സാമ്പത്തിക വിഭവങ്ങൾ എന്നിവപോലുള്ള ഭൗതികോപാധികളെ അടിസ്ഥാനമാക്കി മേധാവിത്വത്തിനും മുൻകൈക്കും വേണ്ടിയുള്ള തങ്ങളുടെ സമരത്തിന് എതിർസേനകളുടെ കമാൻഡർമാർ തമ്മിൽ അവരുടെ ആത്മനിഷ്ഠമായ കഴിവിന്റെ കാര്യത്തിൽ നടത്തുന്ന ഒരു മത്സരമാണ് യുദ്ധം. ഈ മത്സരത്തിൽനിന്ന് ഒരു ജേതാവും ഒരു പരാജിതനും ആവിർഭവിക്കുന്നു; വസ്തുനിഷ്ഠമായ ഭൗതികോപാധികൾ തമ്മിലുള്ള വ്യത്യാസം മാററിവെക്കുകയാണെങ്കിൽ ജേതാവ് അവശ്യമായും വിജയം നേടിയത് ശരിയായ ആത്മനിഷ്ഠനേതൃത്വത്തിലുള്ള അയാളുടെ വിജയംമൂലവും പരാജിതൻ പരാജയപ്പെട്ടത് തെററായ ആത്മനിഷ്ഠനേതൃത്വം മൂലവുമാണ്. യുദ്ധമെന്ന പ്രതിഭാസം കൈയെത്തിപിടിക്കാൻ കൂടുതൽ വിഷമമുള്ളതും മറേറതൊരു സാമൂഹ്യപ്രതിഭാസത്തേക്കാളുമേറെ അനിശ്ചിതത്വമുള്ളതും, മറെറാരു വിധത്തിൽ പറഞ്ഞാൽ ഇത് ''സംഭവ്യതകളു''ടേതായ ഒരു കൂടിച്ചേരലാണെന്നും നാമംഗീകരിക്കുന്നു. എന്നാലും യുദ്ധം ഒരു കാരണവശാലും പ്രകൃതിയിൽനിന്ന് അതീതമായ ഒന്നല്ല, മറിച്ച് അനിവാര്യതയാൽ നിയന്ത്രിക്കപ്പെടുന്ന ഐഹികമായ ഒരു പ്രക്രിയയാണ്. അതുകൊണ്ടാണ്, 'ശത്രുവിനെ അറിയുക, നിങ്ങളെതന്നെ അറിയുക, എങ്കിൽ നിങ്ങൾക്ക പരാജയഭീതി കൂടാതെ ഒരു നൂറു പോരാട്ടങ്ങൾ നടത്തുവാൻ കഴിയും20' എന്ന് സൺവുസു പറഞ്ഞത് ഒരു ശാസ്ത്രീയ സത്യമായി അവശേഷിക്കുന്നത്. തെററുകൾ സംഭവിക്കുന്നത് ശത്രുവിനെക്കുറിച്ചും നമ്മെക്കുറിച്ചുതന്നെയുമുള്ള അജ്ഞതയിൽനിന്നാണ്. മാത്രവുമല്ല യുദ്ധത്തിന്റെ പ്രത്യേക സ്വഭാവം പലപ്പോഴും ഇരുപക്ഷങ്ങളെയുംകുറിച്ചുള്ള പൂർണ്ണമായ അറിവുനേടുന്നത് അസാദ്ധ്യമാക്കിതീർക്കുന്നു. സൈനിക അവസ്ഥകളെക്കുറിച്ചും നടപടികളെക്കുറിച്ചും ഉള്ള അനിശ്ചിതത്വം ഇതുകൊണ്ടാണ്, തെററുകളും പരാജയങ്ങളും ഉണ്ടാവുന്നത് ഇതുകൊണ്ടുതന്നെയാണ്. എന്നാൽ യുദ്ധപരിത:സ്ഥിതിയും നീക്കങ്ങളും എന്തുതന്നെയായിരുന്നാലും ശരി അവയുടെ പൊതുവശങ്ങളും അടിസ്ഥാനകാര്യങ്ങളും ഒരാൾക്കറിയുവാൻ കഴിയും. ആദ്യം എല്ലാവിധത്തിലുള്ള പര്യവേക്ഷണങ്ങളിലൂടെയും പിന്നീട് ബുദ്ധിപരമായ അനുമാനങ്ങളിലൂടെയും നിർണ്ണയങ്ങളിലൂടെയും തെററുകൾ കുറക്കുവാനും പൊതുവെ ശരിയായ നിർദ്ദേശങ്ങൾ നൽകുവാനും ഒരു കമാൻറർക്കു കഴിയും. ''പൊതുവെ ശരിയായ നേതൃത്വം'' എന്ന ആയുധംകൊണ്ട് സജ്ജരാണെങ്കിൽ, നമുക്ക് കൂടുതൽ പോരാട്ടങ്ങളിൽ വിജയം നേടുവാനും നമ്മുടെ അധസ്ഥിതത്വത്തെ മേധാവിത്വമാക്കി മാററുവാനും നമ്മുടെ നിഷ്ക്രിയത്വത്തെ മുൻകൈയാക്കി മാററുവാനും കഴിയും. മുൻകൈയോ നിഷ്ക്രിയത്വമോ ശരിയോ തെറേറാ ആയ യുദ്ധത്തിന്റെ ആത്മനിഷ്ഠനേതൃത്വവുമായി ബന്ധപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്.

82. തെററായ ആത്മനിഷ്ഠ നേതൃത്വത്തിന് മേധാവിത്വത്തേയും മുൻകൈയിനേയും അധസ്ഥിതത്വമായും നിഷ്ക്രിയത്വമായും മാററാൻ കഴിയുമെന്നും, ശരിയായ ആത്മനിഷ്ഠ നേതൃത്വത്തിന് ഇതിനെതിരായ

Scanned by CamScanner

ഒരു മാററം വരുത്താൻ കഴിയുമെന്നുള്ള സിദ്ധാന്തം കൂടുതൽ ബോധ്യമാകുന്നതു് വലുതും ശക്തിമത്തുമായ സൈന്യങ്ങൾക്കു് നേരിട്ട പരാജയങ്ങളുടേയും ചെറുതും ദുർബ്ബലവുമായ സൈന്യങ്ങൾ നേടിയ വിജയങ്ങളുടേയും വിവരങ്ങൾ നാം പരിശോധിക്കുമ്പോഴാണു്. ചൈനയുടേയും വിദേശരാജ്യങ്ങളുടേയും ചരിത്രത്തിൽ ഇതുപോലുള്ള നിരവധി ഉദാഹരണങ്ങൾ ഉണ്ടു്. സിൻ, ച്യൂ സംസ്ഥാനങ്ങൾ തമ്മിലുള്ള ചെങ്ങ്പൂയുദ്ധം 21, ച്യൂ, ഹാൻ സംസ്ഥാനങ്ങൾ തമ്മിലുള്ള ചെങ്കാഓ യുദ്ധം 22, ഹാൻസിൻ ചാഓ സൈന്യങ്ങളെ പരാജയപ്പെടുത്തിയ യുദ്ധം23, സിൻ, ഹാൻ സംസ്ഥാനങ്ങൾ തമ്മിലുള്ള കൺയാങ്ങ് യുദ്ധം 24, യ്വാൻഷാഓയും സാഓസാഓയും തമ്മിലുള്ള ക്വാൺടു യുദ്ധം 25, വൂ, വെയ് സംസ്ഥാനങ്ങൾ തമ്മിലുള്ള ചിഹ്പി യുദ്ധം 26, വൂ, ഷൂ സംസ്ഥാനങ്ങൾ തമ്മിലുള്ള യിലിങ്ങ് യുദ്ധം27, ചിൻ, സിൻ സംസ്ഥാനങ്ങൾ തമ്മിലുള്ള ഫെയ്ഷ്വി യുദ്ധം 28 മുതലായവയാണു് ചൈനയിലെ ഉദാഹരണങ്ങൾ. നെപ്പോളിയന്റെ മിക്കവാറും ക്യാമ്പെയിനുകളും ഒക്ടോബർ വിപ്ലവത്തിനുശേഷം സോവിയററ് യൂണിയനിൽ നടന്ന ആഭ്യന്തര യുദ്ധവുമാണു് വിദേശരാജ്യങ്ങളുടെ ചരിത്രത്തിൽനിന്നുള്ള ഉദാഹരണങ്ങൾ. ഈ എല്ലാ ഉദാഹരണങ്ങളിലും വലിയ സേനകൾക്കെതിരെ ചെറിയ സേനകളും മേധാവിത്വമുള്ള സേനകൾക്കെതിരെ അധസ്ഥിതാവസ്ഥയിലുള്ള സേനകളും വിജയം നേടി. ഈ ഓരോ യുദ്ധത്തിലും, ദുർബ്ബലമായ ശക്തി ശത്രുവിന്റെ പ്രാദേശിക അധസ്ഥിതാവസ്ഥക്കും നിഷ്ക്രിയത്വത്തിനുമെതിരെ പ്രാദേശിക മേധാവിത്വവും മുൻകൈയും പ്രയോഗിച്ചുകൊണ്ടു് ആദ്യം ശത്രുവിനെ ഒരു കനത്ത പരാജയം ഏൽപിക്കുകയും പിന്നീടു് അവന്റെ അവശിഷ്ട സേനകൾക്കെതിരെ തിരിയുകയും അവയെ ഓരോന്നായി നശിപ്പിക്കുകയും അപ്രകാരം മൊത്തം സ്ഥിതിയെ മേധാവിത്വവും മുൻകൈയുമുള്ള ഒന്നായി മാററുകയും ചെയ്യുന്നു. ആദ്യം മേധാവിത്വവും മുൻകൈയും ഉണ്ടായിരുന്ന ശത്രുവിന്റെ കാര്യത്തിൽ അതു് നേരെ മറിച്ചായിരുന്നു. ആത്മനിഷ്ഠമായ തെററുകളും ആന്തരിക വൈരുധ്യങ്ങളും മൂലം മേധാവിത്വവും മുൻകൈയും ഉണ്ടായിരുന്ന അത്യുത്തമമോ താരതമ്യേന നല്ലതോ ആയ സ്ഥാനങ്ങൾ അവനു പൂർണ്ണമായി നഷ്ടപ്പെടുകയും അവൻ സൈന്യമില്ലാത്ത ഒരു സേനാധിപതിയോ രാജ്യമില്ലാത്ത ഒരു രാജാവോ ആയിത്തീരുകയും ചെയ്ത സംഭവങ്ങൾ ചിലപ്പോൾ ഉണ്ടായിട്ടുണ്ടു്. ഇപ്രകാരം, യുദ്ധം ചെയ്യുവാനുള്ള കഴിവിലെ മേധാവിത്വമോ അധസ്ഥിതത്വമോ ആണു് മുൻകൈയേയോ നിഷ്ക്രിയത്വത്തേയോ നിർണ്ണയിക്കുന്ന വസ്തുനിഷ്ഠ അടിത്തറയെങ്കിലും, അതുമാത്രം തനതായി യഥാർത്ഥ മുൻകൈയോ നിഷ്ക്രിയത്വമോ ആകുന്നില്ല. ഒരു സമരത്തിലൂടെയേ, കഴിവുകൾ തമ്മിലുള്ള ഒരു ഏററുമുട്ടലിലൂടെയേ യഥാർത്ഥ മുൻകൈക്കോ നിഷ്ക്രിയത്വത്തിനോ ആവിർഭവിക്കാൻ കഴിയുള്ളു. സമരത്തിൽ, ശരിയായ ആത്മനിഷ്ഠ നേതൃത്വത്തിനു് അധസ്ഥിതത്വത്തെ മേധാവിത്വമായും നിഷ്ക്രിയത്വത്തെ മുൻകൈയായും പരിവർത്തിപ്പിക്കുവാൻ കഴിയും. തെററായ ആത്മനിഷ്ഠ നേതൃത്വംമൂലം നേരേ വിപരീതമായതു് സംഭവിക്കുന്നു. ഭരണത്തിലിരുന്ന എല്ലാ രാജവംശങ്ങളേയും വിപ്ലവസേനകൾ പരാജയപ്പെടുത്തിയെന്നതു കാണിക്കുന്നതു് ചില തുറകളിലെ മേധാവിത്വം മാത്രം അന്തിമ വിജയം പോയിട്ടു്, മുൻകൈപോലും ഉറപ്പു തരുന്നില്ല എന്നാണു്. യഥാർത്ഥ പരിതസ്ഥിതികൾക്കനുസരണമായ സജീവ ആത്മനിഷ്ഠ ശ്രമങ്ങളിലൂടെ ചില ഉപാധികൾ ഭദ്രമാക്കിക്കൊണ്ടു് അധസ്ഥിതാവസ്ഥയിലുള്ള പക്ഷത്തിനു് മേധാവിത്വത്തിലുള്ള പക്ഷത്തിൽനിന്നു് മുൻകൈയും വിജയവും പിടിച്ചെടുക്കാൻ കഴിയും.

Scanned by CamScanner

83. തെററായ സങ്കല്പങ്ങൾ ഉണ്ടാവുകയും അറിയാതെ കുടുക്കിൽ പെടുകയും ചെയ്യുകയെന്നതിനർത്ഥം മേധാവിത്വവും മുൻകൈയും നഷ്ടപ്പെടുകയെന്നാണ്. അതുകൊണ്ട്, ബോധപൂർവ്വം ശത്രുവിന് തെററിദ്ധാരണ സൃഷ്ടിക്കുകയും എന്നിട്ട് അറിയാതെ പെട്ടെന്ന് അവൻെറമേൽ കടന്നാക്രമണം നടത്തുകയുമെന്നത് മേധാവിത്വം നേടുന്നതിനും മുൻകൈ പിടിച്ചെടുക്കുന്നതിനുമുള്ള രണ്ടു പ്രധാന മാർഗ്ഗങ്ങളാണ്. തെററിധാരണകൾ എന്നാൽ എന്താണ്? 'പാകുങ് പർവതത്തിലെ ഓരോ മരത്തേയും കുററിക്കാടിനെയും ഒരു ശത്രു സൈനികനായി ദർശിക്കുന്നത്''[29] തെററിധാരണക്ക് ഒരു ഉദാഹരണമാണ്. 'കിഴക്കോട്ട് ആയുകയും എന്നിട്ട് പടിഞ്ഞാറ് ആക്രമിക്കുകയും' ചെയ്യുകയെന്നത് ശത്രുവിനിടയ്ക്ക് തെററിധാരണകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്. വാർത്തകൾ ചോരുന്നത് തടയുവാൻതക്കവണ്ണം ജനപിന്തുണ വേണ്ടത്ര നന്നായി കഴിയുമ്പോൾ ശത്രുവിനെ വിവിധ മാർഗ്ഗങ്ങളിലൂടെ, അവ മേധാവിത്വവും മുൻകൈയും നഷ്ടപ്പെടുംവിധം, തെററായ നിഗമനങ്ങളിലേക്കും പ്രവർത്തികളിലേക്കും അവനെ നയിക്കുക പലപ്പോഴും സാധ്യമാണ്. 'യുദ്ധത്തിൽ ഒരിക്കലും വളരെയധികം വഴിതെററിക്കൽ സാധ്യമല്ല' എന്നു പറയുന്നതിനർത്ഥം ഇതുതന്നെയാണ്. 'അറിയാതെ പെട്ടുപോവുക' എന്നതിന് എന്താണർത്ഥം? ഇതിനർത്ഥം തയാറെടുപ്പില്ലായിരുന്നുവെന്നാണ്. തയാറെടുപ്പ് കൂടാതെയുള്ള മേധാവിത്വം യഥാർത്ഥ മേധാവിത്വമല്ല, അപ്പോൾ മുൻകൈ നേടാനും കഴിയില്ല. ഈ കാര്യം മനസ്സിലാക്കിയാൽ ചെറുതെങ്കിലും തയ്യാറെടുപ്പുള്ള ഒരു സൈന്യത്തിന് അപ്രതീക്ഷിതമായ ആക്രമണത്തിലൂടെ ഒരു വലിയ ശത്രുവിനെ പരാജയപ്പെടുത്താൻ കഴിയും. ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ശത്രുവിനെ ആക്രമിക്കുക എളുപ്പമാണ്. കാരണം ശത്രു അപ്പോൾ കാവൽക്കാരില്ലാത്ത അവസ്ഥയിലാണ്; ആക്രമണത്തെ നേരിടാൻ സന്നദ്ധതയില്ലാത്ത അവസ്ഥയിലാണ്. ശത്രുവിൽ തെററിദ്ധാരണകൾ സൃഷ്ടിക്കുക, ശത്രുവിനെ അപ്രതീക്ഷിതമായി ആക്രമിക്കുക എന്നീ കാര്യങ്ങൾകൊണ്ട് നാമർത്ഥമാക്കുന്നത് യുദ്ധത്തിൻെറ അനിശ്ചിതത്വങ്ങൾ ശത്രുവിന് കൈമാററം ചെയ്യുക എന്നതാണ്. അതേസമയം നാം സ്വയം കഴിയുന്നത്ര സുനിശ്ചിതത്വം ഉറപ്പു വരുത്തുകയും അതിലൂടെ നാം പ്രാബല്യവും, മുൻകൈയും, വിജയവും നേടുക എന്നതുമാണ്. ഇവയെ നേടുന്നതിനുള്ള മുന്നുപാധി ബഹുജനങ്ങളെ മികച്ച രീതിയിൽ സംഘടിപ്പിക്കുക എന്നതാണ്. അതുകൊണ്ട് ശത്രുവിനെ എതിർക്കുന്ന മുഴുവൻ ജനങ്ങളേയും ഉണർത്തുന്നതും, അവരിൽ അവസാനത്തെ ആളേയും ആയുധമണിയിക്കുന്നതും, ശത്രുകേന്ദ്രങ്ങളിൽ വിപുലമായ റെയ്ഡുകൾ നടത്തുന്നതും, വാത്തകൾ ചോർന്നുപോകാതെ സൂക്ഷിക്കുന്നതും, നമ്മുടെ സൈന്യത്തിന് മറനൽകുന്നതും അങ്ങേയററം പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഇത്തരത്തിൽ, നാം എപ്പോൾ എവിടെ ആക്രമിക്കും എന്നതിനെക്കുറിച്ച് ധാരണയില്ലാതെ ശത്രു ഇരുട്ടിൽ തപ്പുന്ന ഒരവസ്ഥ സൃഷ്ടിക്കുവാൻ കഴിയും. അങ്ങനെ തെററിദ്ധാരണകൾ ഉടലെടുക്കാനും തയാറെടുപ്പില്ലാതിരിക്കാനുമുള്ള ഒരു വസ്തുനിഷ്ഠ അടിസ്ഥാനം ശത്രുവിൻെറ ഭാഗത്തുണ്ടാകും. സംഘടിതരും സായുധരുമായ ബഹുജനങ്ങളുണ്ടായിരുന്നതുകൊണ്ടാണ്, കാർഷിക വിപ്ലവ യുദ്ധത്തിൻെറ ഘട്ടത്തിൽ ചെറുതും ദുർബ്ബലവുമായിരുന്നിട്ടുകൂടി ചൈനീസ് ചുവപ്പു സൈന്യത്തിന് ധാരാളം പോരാട്ടങ്ങളിൽ വിജയിക്കാൻ കഴിഞ്ഞത്. യുക്തിപരമായി, ഒരു ദേശീയ യുദ്ധത്തിന് ഒരു കാർഷിക വിപ്ലവ യുദ്ധത്തേക്കാൾ വിശാലമായ ബഹുജനപിന്തുണ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞകാല തെററുകളുടെ[30] ഫലമായി ജനങ്ങൾ അസംഘടിതമായ അവസ്ഥയിലാണ്. വിപ്ലവലക്ഷ്യത്തെ

Scanned by CamScanner

സേവിക്കാനായി അവരെ ഉടൻതന്നെ മുന്നോട്ട് കൊണ്ടുവരാനാവുന്നില്ലെന്നു മാത്രമല്ല, ചിലയിടങ്ങളിൽ അവർ ശത്രുവിനാൽ ഉപയോഗപ്പെടുത്തപ്പെടുകകൂടി ചെയ്യുന്നു. യുദ്ധത്തിന്റെ മുഴുവൻ ആവശ്യങ്ങളും പരിഹരിക്കാനുള്ള അക്ഷയമായ വിഭവശേഷി കൈവരിക്കാൻ ബഹുജനങ്ങളെ ദൃഢവും വിശാലവുമായി അണിനിരത്തുക മാത്രമേ മാർഗ്ഗമുള്ളൂ. മാത്രമല്ല; ശത്രുവിനെ വഴിതെറ്റിച്ചുകൊണ്ടും അവന്റെ അജ്ഞതകളിൽനിന്നും മുതലെടുത്തുകൊണ്ടും ശത്രുവിനെ പരാജയപ്പെടുത്തുക എന്ന നമ്മുടെ അടവുകളെ പ്രായോഗികമാക്കുന്നതിൽ അതു് തീർച്ചയായും ഒരു വലിയ പങ്കു വഹിക്കും. നമ്മൾ സുങ്ങിലെ ഹ്സിയാൻ പ്രഭുവല്ല. അയാളുടെ കഴുതസദാചാരം31കൊണ്ടു് നമുക്കുപയോഗവുമില്ല. വിജയം നേടാനായി ശത്രുവിന്റെ കണ്ണുകളും ചെവികളും മൂടിക്കെട്ടിക്കൊണ്ടു് അയാളെ കഴിയാവുന്നത്ര അന്ധനും ബധിരനുമാക്കണം. ശത്രുവിന്റെ കമാൻറർമാരിൽ ആശയക്കുഴപ്പങ്ങളുണ്ടാക്കിക്കൊണ്ടു് അവരെ പരിഭ്രാന്തരാക്കണം. മുൻകൈയും നിഷ്ക്രിയത്വവും യുദ്ധത്തിന്റെ ആത്മനിഷ്ഠ ദിശയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നാണു് മുകളിൽ പറഞ്ഞിരിക്കുന്നതു്. ജപ്പാനെ പരാജയപ്പെടുത്താൻ അത്തരം ആത്മനിഷ്ഠ ദിശ ഒഴിച്ചുകൂടാനാവാത്തതാണു്.

84. ജപ്പാന്റെ കടന്നാക്രമണഘട്ടത്തിൽ മുഖ്യമായും മുൻകൈ ഉണ്ടായിരുന്നതു് ജപ്പാനാണു്. അവരുടെ സൈനികശക്തിയും, നാം പണ്ടു വരുത്തിയതും ഇപ്പോൾ വരുത്തുന്നതുമായ ആത്മനിഷ്ഠമായ തെറ്റുകളിൽനിന്നും മുതലെടുക്കാൻ അവർക്കു കഴിഞ്ഞതുമായിരുന്നു അതിനു കാരണം. എന്നാൽ അവരുടെ മുൻകൈ ഒരു പരിധിവരെ ക്ഷയിക്കാൻ തുടങ്ങിയിരിക്കുന്നു. അവരിൽതന്നെ അന്തർഹിതമായിരിക്കുന്ന നിരവധി പ്രതികൂലഘടകങ്ങളും, യുദ്ധത്തിന്റെ ഗതിക്കിടയിൽ (പില്ലാലത്തു് കൂടുതലായും) അവർ വരുത്തിവച്ച തെറ്റുകളും നമുക്കു ലഭിച്ച നിരവധി അനുകൂല ഘടകങ്ങളും അതിനു കാരണമാണു്. തായിർചാങ്ങിൽ ശത്രുവിനുണ്ടായ പരാജയവും ഷാൻസിയിൽ അവർക്കു നേരിട്ട ദു:സ്ഥിതിയും ഇതു് വ്യക്തമായി തെളിയിക്കുന്നു. ശത്രുവിന്റെ പിന്നണിപ്രദേശങ്ങളിൽ ഗറില്ലായുദ്ധത്തിനുണ്ടായ വിശാലമായ വികാസംമൂലം അധിനിവേശ പ്രദേശങ്ങളിലെ ശത്രുവിന്റെ കാവൽസേന പൂർണ്ണമായും നിഷ്ക്രിയാവസ്ഥയിലായിത്തീർന്നു. തന്ത്രപരമായി ശത്രു ഇപ്പോഴും കടന്നാക്രമണസ്ഥാനത്തു തന്നെയാണു്, മുൻകൈയും അവർക്കുതന്നെയാണു്. എങ്കിലും, അവരുടെ തന്ത്രപരമായ കടന്നാക്രമണം അവസാനിക്കുന്നതോടെ മുൻകൈയും അവസാനിക്കും. ശത്രുവിന്റെ സൈനികഘടകങ്ങളുടെ പരിമിതിമൂലം ഈ കടന്നാക്രമണത്തെ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോവുക അസാദ്ധ്യമാകും. അതാണു് എന്നും ശത്രുവിനു് ഈ മുൻകൈ നിലനിർത്താനാവില്ലെന്നു പറയുന്നതിന്റെ ഒന്നാമത്തെ കാരണം. ഒരു പരിധിയെത്തിയാൽ ശത്രുവിനു തന്റെ കടന്നാക്രമണം അവസാനിപ്പിക്കേണ്ടിവരികയും സ്വന്തം മുൻകൈ നിലനിർത്താനാവാതെവരികയും ചെയ്യും. ശത്രുനിരകൾക്കുപിന്നിൽ നാം നടത്തുന്ന ക്യാമ്പെയിനുകളിലെ കടന്നാക്രമണയുദ്ധങ്ങളും മറ്റു ഘടകങ്ങളുംകൂടി ചേരുമ്പോൾ, ഇതിന്റെ രണ്ടാമത്തെ കാരണമാകുന്നു. സോവിയറ്റുയൂണിയന്റെ നിലനില്പും സാർവ്വദേശീയ സാഹചര്യത്തിൽ സംഭവിക്കുന്ന മാറ്റങ്ങളുമാണു് ഇതിന്റെ മൂന്നാമത്തെകാരണം. അപ്പോൾ ശത്രുവിന്റെ മുൻകൈശേഷി പരിമിതവും തകർക്കപ്പെടാവുന്നതുമാണെന്നു കാണാം. സൈനിക ആക്രമണങ്ങളുടെ കാര്യത്തിൽ, ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും ചൈനയ്ക്കു് സ്വന്തം മുഖ്യസൈന്യത്തെ ആശ്രയിച്ചുകൊണ്ടു് കടന്നാക്രമണയുദ്ധം നിലനിർത്താൻ കഴിഞ്ഞാൽ, ശത്രുവിന്റെ പിന്നണിയിൽ ഗറില്ലായുദ്ധം ഊർജ്ജിതമായി വികസി

Scanned by CamScanner

പ്പിക്കാൻ കഴിഞ്ഞാൽ, ജനങ്ങളെ വിശാലമായ ഒരടിസ്ഥാനത്തിൽ രാഷ്ട്രീയമായണിനിരത്താൻ കഴിഞ്ഞാൽ, നമുക്ക് തന്ത്രപരമായ മുൻകൈ സാവധാനത്തിൽ കെട്ടിപ്പടുക്കാൻ കഴിയും.

85. ഇനി നമുക്ക് വഴക്കത്തെക്കുറിച്ച് ചർച്ചചെയ്യാം. എന്താണ് വഴക്കം? അത് സൈനികാക്രമണങ്ങളിലെ മുൻകൈയുടെ വസ്തുനിഷ്ഠ സാക്ഷാത്ക്കാരമാണ്; അത് സായുധശക്തികളുടെ വഴക്കമൊന്ന വിനിയോഗമാണ്. സായുധ സൈന്യത്തിന്റെ വഴക്കമൊന്ന വിനിയോഗം എന്നത് ഒരു യുദ്ധം നയിക്കുന്നതിന്റെ കേന്ദ്രകടമയാണ്; മികച്ച രീതിയിൽ നിർവ്വഹിക്കാൻ അങ്ങേയററം വിഷമമായ ഒരു കടമ. സൈന്യത്തേയും ജനങ്ങളേയും സംഘടിപ്പിക്കുന്നതിനും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുംപുറമെ, സൈനികഘടകങ്ങളെ പോരാട്ടങ്ങളിൽ നിയോഗിക്കുക എന്നതുകൂടി യുദ്ധത്തിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുന്നു. ഇതെല്ലാം ചെയ്യുന്നതാകട്ടെ യുദ്ധത്തിൽ വിജയംവരിക്കാനുമാണ്. ഒരു സൈന്യത്തെ സംഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ വിഷമംപിടിച്ചതാണ്. എന്നാൽ അവയെ നിയോഗിക്കുക എന്നത് കൂടുതൽ വിഷമംപിടിച്ചതാണ്; പ്രത്യേകിച്ചും ദുർബ്ബലർ ശക്തരോട് പോരാടുമ്പോൾ. അങ്ങനെ ചെയ്യുന്നതിന് ഉന്നതമായ ആത്മനിഷ്ഠസാമർത്ഥ്യം ആവശ്യമാണ്. യുദ്ധത്തെ സംബന്ധിച്ച് സവിശേഷമായ ആശയക്കുഴപ്പം, അവ്യക്തത, അനിശ്ചിതത്വം എന്നിവയെ അതിജീവിക്കുകയും ക്രമം, വ്യക്തത, സുനിശ്ചിതത്വം എന്നിവ കണ്ടെത്തുകയും ചെയ്യേണ്ടതാണ്. അങ്ങനെ വഴക്കമുള്ള അവസ്ഥ നേതൃത്വസ്ഥാനത്ത് സാക്ഷാത്ക്കരിക്കാവുന്നതാണ്.

86. ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധത്തിലെ ആക്രമണപ്രവർത്തനങ്ങളുടെ അടിസ്ഥാനതത്വം, ബാഹ്യനിരകളിലുള്ള ശീഘ്രനിർണ്ണയനപരമായ കടന്നാക്രമണയുദ്ധമാണ്. ഈ തത്വത്തെ പ്രായോഗികമാക്കാൻ വിവിധ അടവുകളോ രീതികളോ ഉണ്ട്. സൈന്യത്തിന്റെ വ്യാപനവും കേന്ദ്രീകരണവും, വിവ്രജനമുന്നേററവും സംപ്രജന ആക്രമണവും, കടന്നാക്രമണവും പ്രതിരോധവും, പൊടുന്നനെയുള്ള ആക്രമണവും ഉൾക്കൊള്ളലും, വലയംചെയ്യലും കൈയേററവും, മുന്നേററവും പിൻവാങ്ങലും എന്നിവ അത്തരത്തിൽപ്പെടുന്നു. ഈ അടവുകൾ മനസ്സിലാക്കുക എളുപ്പമാണ്; എന്നാൽ അവയെ വഴക്കത്തോടെ വിനിയോഗിക്കാനും വ്യതിചലിപ്പിക്കാനും അത്ര എളുപ്പമല്ല. ഇവിടെ കാലവും സ്ഥലവും സൈനികഘടകങ്ങളുമാണ് നിർണ്ണായകമായ മൂന്നു കണ്ണികൾ. ഇവ മൂന്നും ശരിയായി തെരഞ്ഞെടുക്കപ്പെട്ടവയല്ലെങ്കിൽ വിജയംവരിക്കുക സാദ്ധ്യമല്ല. ഉദാഹരണത്തിന് ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ശത്രുസേനയെ ആക്രമിക്കുന്ന കാര്യമെടുക്കാം. നാം വളരെ നേരത്തെ അടിക്കുകയാണെങ്കിൽ നാം ശത്രുവിന് സ്വയം വെളിപ്പെടുകയും തയ്യാറെടുപ്പിനുള്ള അവസരം അവർക്കു നൽകുകയുമായിരിക്കും ചെയ്യുന്നത്. നാം അടിക്കുന്നത് ഏറെ വൈകിയിട്ടാണെങ്കിൽ ശത്രു പാളയമടിക്കുകയും തന്റെ സൈന്യത്തെ കേന്ദ്രീകരിക്കുകയും ചെയ്തിട്ടുണ്ടാകാം. അങ്ങനെയാണെങ്കിൽ നമ്മുടെ ശ്രമങ്ങൾ നിഷ്ഫലമാകും. ഇത് കാലത്തിന്റെ പ്രശ്നമാണ്. ശത്രുവിന്റെ ഇടതുപാർശ്വത്തിൽ, യഥാർത്ഥത്തിൽ അവരുടെ ദുർബ്ബലബിന്ദുവായി മാറിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാനം ആക്രമണത്തിനായി നാം തെരഞ്ഞെടുക്കുകയാണെങ്കിൽ വിജയം എളുപ്പമായിരിക്കും. എന്നാൽ വലതുപാർശ്വമാണ് നാം തെരഞ്ഞെടുക്കുന്നതെങ്കിൽ, ഒളിഞ്ഞിരുന്ന ഒരു വിപത്തിലാണ് നാം ചെന്നു മുട്ടുന്നതെങ്കിൽ അതുകൊണ്ട് ഒന്നുംതന്നെ നേടാനില്ല. ഇത് സ്ഥലത്തിന്റെ പ്രശ്നമാണ്. നമ്മുടെ സൈന്യത്തിന്റെ ഒരു പ്രത്യേക ഘടകത്തെ ഒരു പ്രത്യേക കടമയ്ക്കു് നിയോഗിക്കുകയാണെ

Scanned by CamScanner

കിൽ എളുപ്പത്തിൽ വിജയിക്കാം. എന്നാൽ മറെറാരു ഘടകത്തേയാണ്
ആ കടമ നിർവ്വഹിക്കാൻ നിയോഗിച്ചതെങ്കിൽ അതിൽനിന്ന് ഫലമു
ണ്ടാവുക ബുദ്ധിമുട്ടായിരിക്കും. ഇതു് സൈനിക ഘടകങ്ങളുടെ പ്രശ്നമാ
ണ്. അടവുകളെ എങ്ങനെ പ്രയോഗിക്കാമെന്നു മാത്രമല്ല അവയെ എ
ങ്ങനെ വ്യത്യാസപ്പെടുത്താമെന്നുകൂടി നാം അറിഞ്ഞിരിക്കണം. നേതൃ
ത്വത്തിന്റെ വഴക്കത്തിനുവേണ്ടിയുള്ള പ്രധാനമായ കടമ, കടന്നാക്രമണ
ത്തിൽനിന്ന് പ്രതിരോധത്തിലേക്കോ അല്ലെങ്കിൽ പ്രതിരോധത്തിൽ
നിന്ന് കടന്നാക്രമണത്തിലേക്കോ, മുന്നേററത്തിൽനിന്ന് പിൻവാങ്ങ
ലിലേക്കോ അല്ലെങ്കിൽ പിൻവാങ്ങലിൽനിന്ന് മുന്നേററത്തിലേക്കോ,
ഉൾക്കൊള്ളലിൽ നിന്ന് പൊടുന്നനെയുള്ള കടന്നാക്രമണത്തിലേക്കോ അ
ല്ലെങ്കിൽ പൊടുന്നനെയുള്ള കടന്നാക്രമണത്തിൽനിന്ന് ഉൾക്കൊള്ളലിലേ
ക്കോ, വലയം ചെയ്യലിൽ നിന്ന് കൈയേററത്തിലേക്കോ അല്ലെങ്കിൽ
കൈയേററത്തിൽ നിന്ന് വലയം ചെയ്യലിലേക്കോ മാററങ്ങൾ വരുത്തുക
എന്നതാണ്. ഈ മാററങ്ങൾ ശരിയായ സമയവും സൈനിക ഘടകങ്ങ
ളുടെ സ്ഥിതികളും, ഇരുവശത്തേയും ഭൂപരമായ സാഹചര്യവും അനുസരി
ച്ച് ഏററവും അനുയോജ്യമായ വിധത്തിലാണ് നിർവഹിക്കേണ്ടതു്.
ഇതു് ക്യാമ്പെയിനുകളുടെ നിയന്ത്രണത്തിന്റേയും തന്ത്രപരമായ നേതൃത്വ
ത്തിന്റേയും, പോരാട്ടങ്ങളിലെ നേതൃത്വത്തിന്റേയും കാര്യത്തിൽ ശരിത
ന്നെയാണ്.

87. പഴയ ആളുകൾ പറഞ്ഞു: ''അടവുകൾ മാറിമാറി പയററാ
നുള്ള ചാതുര്യം നൈസർഗ്ഗിക സാമർത്ഥ്യമനുസരിച്ചാണ്.'' ഈ ''ചാതു
ര്യ''ത്തെയാണ് നാം വഴക്കം എന്നതുകൊണ്ടർത്ഥമാക്കുന്നതു്. അതു്
ബുദ്ധിമാനായ ഒരു കമാൻററുടെ സംഭാവനയാണ്, വഴക്കം എന്നതുകൊ
ണ്ടർത്ഥമാക്കുന്നതു് ലക്കും ലഗാനുമില്ലായ്മയല്ല. അതു് തീർച്ചയായും
തള്ളിക്കളയേണ്ടതാണ്. ''സ്ഥിതിയെ അളന്നുകുറിക്കുകയും സമയത്തെ
വിലയിരുത്തുകയും'' ചെയ്തശേഷം (ഈ ''സ്ഥിതി''യിൽ ശത്രുവിന്റെ
സ്ഥിതിയും നമ്മുടെ സ്ഥിതിയും ഭൂപരമായ പ്രത്യേകതയും ഉൾപ്പെടുന്നു)
വസ്തുനിഷ്ഠസാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, സമയത്തിനനുസരിച്ച്
അനുയോജ്യമായ നടപടികൾ സ്വീകരിക്കാനുള്ള ബുദ്ധിമാനായ ഒരു
കമാൻററുടെ കഴിവാണ് വഴക്കത്തിന്റെ ഒരു ഘടകം. ഈ വഴക്കമാണ്
''അടവുകൾ മാറിമാറി പയററാനുള്ള ചാതുര്യം''. ഈ ചാതുര്യത്തിന്റെ
അടിസ്ഥാനത്തിൽ ബാഹ്യനിരകളിലെ ശീഘ്രനിർണ്ണയനപരമായ കട
ന്നാക്രമണയുദ്ധത്തിൽ കൂടുതൽ വിജയങ്ങൾ നേടാനും, സൈനികശക്തി
യുടെ തുലനനിലയിൽ നമുക്കനുകൂലമായ മാററങ്ങളുണ്ടാക്കാനും, ശത്രുവിനു
മേൽ മുൻകൈ നേടാനും, അവസാനവിജയം നേടാനാവുംവിധം ശത്രു
വിനെ ഞെരിച്ചുതകർക്കാനും അയാളെ കീഴ്പ്പെടുത്താനും നമുക്കുകഴിയും.

88. ഇനി നമുക്ക് ആസൂത്രണത്തിന്റെ പ്രശ്നം ചർച്ചചെയ്യാം.
അനിശ്ചിതത്വം യുദ്ധത്തിന്റെ സവിശേഷതയായതിനാൽ മററു പ്രവർ
ത്തനങ്ങളുടെ കാര്യത്തിലെന്നപോലെ പദ്ധതിയനുസരിച്ച് യുദ്ധം നടത്തു
ക എന്നതു് വിഷമകരമാണ്. എങ്കിലും, ''തയ്യാറെടുപ്പ് വിജയത്തെ
ഉറപ്പിക്കുകയും തയ്യാറെടുപ്പില്ലായ്മ പരാജയത്തിനു് കാരണമാവുകയും''
ചെയ്യുന്നതുകൊണ്ട്, ''മുൻകൂട്ടിയുള്ള ആസൂത്രണവും തയ്യാറെടുപ്പില്ലായ്മ
യും പരാജയത്തിനു് കാരണമാവുകയും'' ചെയ്യുന്നതുകൊണ്ട് മുൻകൂട്ടിയുള്ള
ആസൂത്രണവും തയ്യാറെടുപ്പുമില്ലാതെ യുദ്ധത്തിൽ വിജയിക്കുക സാദ്ധ്യമല്ല.
യുദ്ധത്തിൽ കേവലമായ അസന്ദിഗ്ദ്ധതയില്ല. എങ്കിലും ഒരളവുവരെ
ആപേക്ഷിക സുനിശ്ചിതത്വം അതിനുണ്ട്. നാം നമ്മുടെ സ്ഥിതിയെ
ക്കുറിച്ച് താരതമ്യേന നിശ്ചയമുള്ളവരാണ്. ശത്രുവിന്റെ സ്ഥിതിയെ

Scanned by CamScanner

കുറിച്ച് നാം വളരെ അനിശ്ചിതത്വത്തിലാണ്. എങ്കിലും ഇവിടേയും നമുക്കു വായിക്കാനാവുന്ന അടയാളങ്ങളും, പിന്തുടരാവുന്ന സൂചനകളും, പരിഗണിക്കാവുന്ന സംഭവപരമ്പരകളുമുണ്ട്. ഇതാണ് നാം പറഞ്ഞ ആപേക്ഷിക സുനിശ്ചിതത്വത്തിനു കാരണമാകുന്നത്. യുദ്ധത്തിൽ ആസൂത്രണത്തിനു് ഇതു് വസ്തുനിഷ്ഠ അടിത്തറ നൽകുന്നു. ആധുനിക സാങ്കേതികവിദ്യയുടെ വികാസം (ടെലഗ്രാഫ്, റേഡിയോ, വിമാനങ്ങൾ, മോട്ടോർവാഹനങ്ങൾ, റെയിൽവേ, ആവിക്കപ്പലുകൾ തുടങ്ങിയവ) യുദ്ധത്തിലെ ആസൂത്രണത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. എങ്ങനെയായാലും പൂർണ്ണമോ അഥവാ സ്ഥായിയോ ആയ ആസൂത്രണം വിഷമകരമാണ്. കാരണം യുദ്ധത്തിൽ വളരെ പരിമിതവും ക്ഷണികവുമായ സുനിശ്ചിതത്വം മാത്രമേയുള്ളു. അത്തരം ആസൂത്രണം യുദ്ധത്തിന്റെ ചലന (ഒഴുക്ക് അല്ലെങ്കിൽ മാററം) മനുസരിച്ച് മാറുകയും യുദ്ധത്തിന്റെ തോതനുസരിച്ച് അളവിൽ വ്യത്യാസപ്പെടുകയും ചെയ്യും. ചെറിയ അണികളോ ഘടകങ്ങളോ നിർവ്വഹിക്കേണ്ട ആക്രമണമോ പ്രതിരോധമോ പോലുള്ള അടവുപരമായ പദ്ധതികൾ ഒരുദിവസത്തിൽ തന്നെ പലപ്രാവശ്യം മാറേറണ്ടിവന്നേക്കാം. ഒരു ക്യാമ്പെയിനുള്ള പദ്ധതി, അതായതു് വലിയ അണികളുടെ പ്രവർത്തനപദ്ധതി സാധാരണഗതിയിൽ ക്യാമ്പെയിനിന്റെ അവസാനംവരെ നിലനിന്നേക്കാം. എന്നാൽ അതിന്റെ ഗതിയിൽ ആപദ്ധതിപലപ്പോഴും ഭാഗികമായോ ചിലപ്പോൾ പൂർണ്ണമായോ മാറേറണ്ടിവന്നേക്കാം. യുദ്ധംചെയ്യുന്ന ഇരു വിഭാഗത്തിന്റേയും മൊത്തത്തിലുള്ള സ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയുള്ള തന്ത്രപരമായ പദ്ധതി കുറെക്കൂടി സ്ഥായിയാവാം. എന്നാൽ അതും ഒരു നിർദ്ദിഷ്ടതന്ത്രത്തിന്റെഘട്ടത്തിൽ മാത്രമേ പ്രായോഗികമാവൂ. യുദ്ധം പുതിയൊരു ഘട്ടത്തിലേക്കു മാറുമ്പോൾ അതും മാറേറണ്ടിവരും. സാഹചര്യങ്ങൾക്കും സാദ്ധ്യതകൾക്കുമനുസരിച്ച് അടവുപരവും ക്യാമ്പയിനടിസ്ഥാനത്തിലുള്ളതും തന്ത്രപരവുമായ പദ്ധതികൾ രൂപപ്പെടുത്തുന്നതും, ആവശ്യമായ വിധത്തിൽ അവയെ മാററുന്നതും, ഒരു യുദ്ധം നയിക്കുന്നതിൽ നിർണ്ണായകമായ ഘടകമാണ്. യുദ്ധത്തിൽ വഴക്കത്തിന്റെ വസ്തുനിഷ്ഠമായ പ്രകടിതരൂപമാണതു്. മററുവാക്കുകളിൽ പറഞ്ഞാൽ അടവുകൾ മാറിമാറി പയററാനുള്ള ഒരാളുടെ ചാതുര്യമാണതു്. ജാപ്പവിരുദ്ധയുദ്ധത്തിലെ എല്ലാ നിലവാരത്തിലുമുള്ള കമാൻറർമാർ ഇതു് ശ്രദ്ധിക്കണം.

89. യുദ്ധത്തിന്റെ ചലനാത്മകതമൂലം, ചിലയാളുകൾ യുദ്ധത്തിന്റെ പദ്ധതികളും നയങ്ങളും ആപേക്ഷികമായി സ്ഥായിയാണെന്ന സത്യത്തെ നിരുപാധികം നിഷേധിക്കുന്നു. അത്തരം പദ്ധതികളും നയങ്ങളും ''യാന്ത്രിക''മാണെന്നാണ് അവർ വിശദീകരിക്കുന്നതു്. ഈ വീക്ഷണം തെററാണ്. യുദ്ധത്തിന്റെ പരിത:സ്ഥിതികൾ ആപേക്ഷികമായി മാത്രം സ്ഥിരമായിരിക്കുകയും, യുദ്ധത്തിന്റെ ഒഴുക്ക് (ചലനം അഥവാ മാററം) ത്വരിതവുമാകയാൽ, യുദ്ധപദ്ധതികളോ നയങ്ങളോ ആപേക്ഷികമായി മാത്രമേ സ്ഥിരമായിരിക്കു എന്നും; പരിതസ്ഥിതികളുടെ മാററവും യുദ്ധത്തിന്റെ ഒഴുക്കുമനുസരിച്ച് ശരിയായ സമയത്തു് അവയെ മാററുകയോ പുന:പരിശോധിക്കുകയോ വേണമെന്നും നാം കഴിഞ്ഞ ഖണ്ഡത്തിൽതന്നെ പൂർണ്ണമായും അംഗീകരിച്ചിരുന്നതാണ്. അല്ലെങ്കിൽ നാം യാന്ത്രികവാദികളായി പോകും. എന്നാൽ നിർദ്ദിഷ്ടകാലഘട്ടങ്ങളിൽ ആപേക്ഷിക സ്ഥിരതയുള്ള യുദ്ധപദ്ധതികളുടേയും നയങ്ങളുടേയും ആവശ്യകതയെ ആരും നിഷേധിക്കാൻ പാടില്ല. ഇതിനെ നിഷേധിക്കുക എന്നുവച്ചാൽ യുദ്ധത്തേയും നിഷേധിക്കുന്ന ആളേയുമടക്കം എല്ലാററി

Scanned by CamScanner

നേയും നിഷേധിക്കുക എന്നാണർത്ഥം. പട്ടാളത്തിൻെറ സാഹചര്യങ്ങളും പ്രവർത്തനങ്ങളും ആപേക്ഷികമായി സ്ഥിരമായിരിക്കുന്നതുകൊണ്ട് അവയിൽ നിന്നുണ്ടാകുന്ന യുദ്ധപദ്ധതികൾക്കും നയങ്ങൾക്കും നാം ആപേക്ഷികസ്ഥിരത നൽകണം. ഉദാഹരണത്തിന് വടക്കൻചൈനയിലെ യുദ്ധത്തിൻെറ സ്ഥിതികളും എട്ടാം പഥസൈന്യത്തിൻെറ വ്യാപനസ്വഭാവവും ഒരു പ്രത്യേക ഘട്ടത്തിൽ ആപേക്ഷികമായി സ്ഥിരമായതുകൊണ്ട്, ഈ ഘട്ടത്തിൽ എട്ടാംപഥസൈന്യത്തിൻെറ തന്ത്രപരമായ ആക്രമണതത്വത്തിൻെറ ആപേക്ഷികസ്ഥിരത നാം അംഗീകരിക്കേണ്ടതു് അവശ്യം ആവശ്യമാണ്. ''ഗറില്ലായുദ്ധമുറയാണ് അടിസ്ഥാനപരം, എന്നാൽ അനുകൂലസാഹചര്യങ്ങളിൽ ചലനാത്മകയുദ്ധത്തിനുള്ള അവസരം നഷ്ടപ്പെടുത്തരുതു്.'' ഇതാണ് ആ തത്വം. ഒരു ക്യാമ്പെയിൻ പദ്ധതി സാധുവായിരിക്കുന്നതു് ഒരു തന്ത്രപരമായ പദ്ധതിയേക്കാൾ കുറഞ്ഞ കാലത്തേക്കായിരിക്കും. അടവുപരമായ ഒരു പദ്ധതിയുടെ കാലയളവ് അതിനേക്കാൾ ചെറുതായിരിക്കും. പക്ഷേ ഓരോന്നും ഓരോ നിർദ്ദിഷ്ടസമയത്തേക്ക് സ്ഥിരംതന്നെയാണ്. ഈ കാര്യത്തെ നിഷേധിക്കുന്നവർക്ക് യുദ്ധത്തെ കൈകാര്യംചെയ്യാൻ യാതൊരു മാർഗ്ഗവുമുണ്ടാവില്ല. യുദ്ധത്തിൽ യാതൊരു സ്ഥിരവീക്ഷണങ്ങളുമില്ലാത്ത ഒരു ആപേക്ഷികതാവാദിയായിരിക്കും അയാൾ. അവർക്ക് ഓരോഗതിയും മറെറാന്നിനെപ്പോലെതന്നെ തെറേറാ, നീതിയുക്തമോ ശരിയോ ആയിരിക്കും. ഒരു കാലയളവിലേക്ക് സാധുവായിട്ടുള്ള പദ്ധതിപോലും ചലനസ്വഭാവമുള്ളതാണ് എന്നതിനെ ആരും നിഷേധിക്കുന്നില്ല. അല്ലെങ്കിൽ ഒരു പദ്ധതി മറെറാന്നിനുവേണ്ടി ഒരിക്കലും ഉപേക്ഷിക്കപ്പെടില്ല. പക്ഷേ ആ ചലനസ്വഭാവത്തിന് ചില പരിമിതികളുണ്ട്. പ്രായോഗികമാക്കുന്നതിനുവേണ്ടി ഏറെറടുക്കപ്പെട്ട വിവിധ യുദ്ധപ്രവർത്തനങ്ങളുടെ പരിധികൾക്കകത്തുള്ള ചലനസ്വഭാവമേ അതിനുള്ളു; അല്ലാതെ അതിൻെറ സത്തയെ സംബന്ധിച്ച് അതു് ചലനസ്വഭാവമുള്ളതല്ല. മററു വാക്കുകളിൽ പറഞ്ഞാൽ, അതു് അളവുപരമായി ചലനസ്വഭാവമുള്ളതാണ്; ഗുണപരമായി അങ്ങിനെയല്ല. അത്തരമൊരു നിർദ്ദിഷ്ടകാലപരിധിയിൽ ഈ സത്ത നിശ്ചയമായും ചലനാത്മകമല്ല. ഒരു നിർദ്ദിഷ്ടഘട്ടത്തിലെ ആപേക്ഷികസ്ഥിരത എന്നു പറയുമ്പോൾ നാം അർത്ഥമാക്കുന്നതു് ഇതാണ്. ഒരു യുദ്ധഗതിയിലെ കേവലമായ ചലനാത്മകതയുടെ—ദ്രവസ്വഭാവത്തിൻെറ (മഹാനദിയിൽ ഓരോ പ്രത്യേക ലഘുദൈർഘ്യത്തിൽ ആപേക്ഷികമായ സ്ഥിരതയുണ്ട്)—യുദ്ധപദ്ധതികളേയോ നയങ്ങളേയോ സംബന്ധിച്ചുള്ള നമ്മുടെ അടിസ്ഥാനവീക്ഷണം ഇതാണ്.

90. തന്ത്രത്തിൽ ആന്തരിക നിരകളിലുള്ള സുദീർഘമായ പ്രതിരോധ യുദ്ധത്തേയും, ക്യാമ്പയിനുകളിലും പോരാട്ടങ്ങളിലും ബാഹ്യനിരകളിലുമുള്ള ശീഘ്രനിർണ്ണയന കടന്നാക്രമണ യുദ്ധത്തേയും, മുൻകൈയേയും, വഴക്കത്തേയും, ആസൂത്രണത്തേയും കുറിച്ച് സംസാരിച്ച ശേഷം ഇനി അവയെ ചുരുക്കി സമാഹരിക്കാം. ജാപ്പവിരുദ്ധയുദ്ധത്തിന് ഒരു പദ്ധതി അത്യാവശ്യമാണ്. തന്ത്രത്തിൻേറയും അടവുകളുടേയും വസ്തുനിഷ്ഠപ്രയോഗങ്ങളായ യുദ്ധപദ്ധതികൾ, യുദ്ധത്തിൻെറ പരിതഃസ്ഥിതികളിൽ സ്വീകരിക്കാവുന്ന വിധത്തിൽ നിശ്ചയമായും വഴക്കമൊന്നതായിരിക്കണം. ശത്രുവിനും നമുക്കും ഇടയിലുള്ള പരിതസ്ഥിതിയെ മാററാവുന്ന വിധത്തിൽ നമ്മുടെ അധഃസ്ഥിതിയെ ഉപരിസ്ഥിതിയായും നമ്മുടെ നിഷ്ക്രിയതത്വത്തെ മുൻകൈയായും പരിവർത്തിപ്പിക്കാൻ നാം യത്നിക്കണം. ഇവയെല്ലാംതന്നെ, ക്യാമ്പെയിനുകളിലും പോരാട്ടങ്ങ

Scanned by CamScanner

ളിലും ബാഹ്യനിരകളിലെ ദ്രുതനിർണ്ണയന കടന്നാക്രമണങ്ങളിലും, തന്ത്രത്തിൽ ആന്തരനിരകളിലെ സുദീർഘ പ്രതിരോധയുദ്ധത്തിലും പ്രകടമാവുന്നു.

## ചലനാത്മകയുദ്ധമുറയും, ഗറില്ലായുദ്ധമുറയും, സ്ഥാനികയുദ്ധമുറയും

91. ഒരു യുദ്ധത്തിന്റെ ഉള്ളടക്കം ആന്തരനിരകളുടെ തന്ത്രത്തിന്റെ ചട്ടക്കൂടിനകത്ത്, ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും ബാഹ്യനിരകളിലുമുള്ള ശീഘ്രനിർണ്ണയന കടന്നാക്രമണയുദ്ധവും, സുദീർഘയുദ്ധവും, പ്രതിരോധവുമാവുമ്പോൾ അത് ചലനാത്മകയുദ്ധത്തിന്റെ രൂപം സ്വീകരിക്കുന്നു. വിപുലമായ മുന്നണികളിലും വിശാലമായ പ്രവർത്തനമേഖലകളിലും, ബാഹ്യനിരകളിൽ ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും സ്ഥിരസേനകൾ ശീഘ്രനിർണ്ണയന കടന്നാക്രമണം നടത്തുന്ന യുദ്ധരൂപമാണ് ചലനാത്മകയുദ്ധമുറ, അതേസമയംതന്നെ അത്തരം കടന്നാക്രമണപരമായ പോരാട്ടങ്ങളെ സഹായിക്കുന്ന വിധത്തിൽ, ആവശ്യമാവുമ്പോൾ നടത്തുന്ന ''ചലനാത്മക പ്രതിരോധവും'' അതിൽ ഉൾപ്പെടുന്നു. ഒരു അനുപൂരകഘടകമെന്ന നിലയിൽ സ്ഥാനിക ആക്രമണവും സ്ഥാനിക പ്രതിരോധവും അതിൽ ഉള്ളടങ്ങിയിട്ടുണ്ട്. സ്ഥിര സൈന്യങ്ങൾ, ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും സൈന്യത്തിന്റെ ആധിപത്യം, കടന്നാക്രമണം, ദ്രവസമാനമായ ചലനക്ഷമത ഇവയാണ് അതിന്റെ സ്വഭാവവിശേഷങ്ങൾ.

92. ചൈനക്ക് വിശാലമായ ഭൂപ്രദേശവും അസംഖ്യം പട്ടാളക്കാരുമുണ്ട്. എന്നാൽ ചൈനയുടെ സൈനികഘടകങ്ങൾ ആയുധങ്ങളുടേയും പരിശീലനത്തിന്റേയും കാര്യത്തിൽ അപര്യാപ്തമാണ്. നേരെമറിച്ച് ശത്രുവിന്റെ സൈന്യമാവട്ടെ സംഖ്യയിൽ അപര്യാപ്തമാണെങ്കിലും സുസജ്ജവും നന്നായി പരിശീലനം ലഭിച്ചതുമാണ്. ഈ സാഹചര്യത്തിൽ നമ്മുടെ ഒന്നാമത്തെ യുദ്ധരൂപമായി കടന്നാക്രമണപരമായ ചലനാത്മകയുദ്ധമാണ് സ്വീകരിക്കേണ്ടതെന്നും, മററു യുദ്ധരൂപങ്ങളെ അനുപൂരകമായാണുപയോഗിക്കേണ്ടതെന്നും അവയെ മൊത്തത്തിൽ ചലനാത്മകയുദ്ധമായി കൂട്ടിയോജിപ്പിക്കേണ്ടതുണ്ടെന്നുമുള്ളത് സംശയരഹിതമാണ്. ''പിന്മാറുക മാത്രം മതി, ഒരിക്കലും മുന്നേറരുത്'' എന്ന വീക്ഷണത്തെ നാം എതിർക്കണം. അത് പലായനവാദമാണ്. അതേസമയംതന്നെ ''മുന്നേററം മാത്രം മതി, ഒരിക്കലും പിന്മാററരുത്'' എന്ന വീക്ഷണത്തേയും നാം എതിർക്കണം. അത് നിരാശയിൽനിന്നുണ്ടാകുന്ന സാഹസികതയാണ്.

93. ചലനാത്മകയുദ്ധത്തിന്റെ ഒരു സവിശേഷത അതിന്റെ ദ്രവസമാനമായ ചലനക്ഷമതയാണ്. യുദ്ധരംഗത്തെ സൈന്യത്തെ വലിയ ചുവടുവയ്പുകളോടെ മുന്നേറാനും പിന്മാറാനും അതനുവദിക്കുന്നു. മാത്രമല്ല അത്തരം ഒരു സൈന്യം അതിനു് ആവശ്യം കൂടിയാണ്. എങ്കിലും അതിനു് ഹാൻ—ഫു—ച32 തരത്തിൽപെട്ട പലായനവാദവുമായി പൊതുവായി ഒന്നുമില്ല. യുദ്ധത്തിന്റെ പ്രാഥമികമായ ആവശ്യകത ശത്രുവിനെ നശിപ്പിക്കലാണ്. രണ്ടാമത്തേത് സ്വയം സംരക്ഷിക്കലും.

Scanned by CamScanner

സ്വയം സംരക്ഷണത്തിന്റെ ലക്ഷ്യം ശത്രുവിനെ നശിപ്പിക്കലും, ശത്രുവി
നെ നശിപ്പിക്കൽ സ്വയം സംരക്ഷണത്തിന്റെ ഏററവും ഫലപ്രദമായ
ഉപാധിയും ആണ്. അതുകൊണ്ട് ചലനാത്മകയുദ്ധം ഹാൻ-ഫു-ച്ചു
വിനെപ്പോലുള്ളവർക്ക് യാതൊരുവിധത്തിലും ഒരു ഒഴികഴിവല്ല. പുറ
കോട്ടുമാത്രം നീങ്ങുക; ഒരിക്കലും മുന്നോട്ടു നീങ്ങാതിരിക്കുക എന്നും അതി
നർത്ഥം കല്പിക്കാനാവില്ല. ചലനാത്മകയുദ്ധത്തിന്റെ അടിസ്ഥാന
പരമായ കടന്നാക്രമണസ്വഭാവത്തെപ്പോലും നിഷേധിക്കുന്ന അത്തരം
''നീക്കം'' പ്രയോഗത്തിൽ വരുമ്പോൾ എത്ര വിസ്തൃതമായ ചൈന
യെപ്പോലും ഭൂമുഖത്തുനിന്നു ''നീക്കം'' ചെയ്യും.

94. എങ്കിലും നിരാശയിൽനിന്നുണ്ടാകുന്ന സാഹസികത എന്നു
നമ്മൾ പറയുന്ന, ''മുന്നേറുകമാത്രം, ഒരിക്കലും പിന്മാററരുത്'' എന്ന
വീക്ഷണവും തെററുതന്നെയാണ്. നാം പിന്താങ്ങുന്ന ഈ ചലനാത്മക
യുദ്ധത്തിന്റെ ഉള്ളടക്കം, ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും
ബാഹ്യനിരകളിൽനിന്നു കൊണ്ടുനടത്തുന്ന ശീഘ്രനിർണ്ണയന കടന്നാ
ക്രമണയുദ്ധവും ഒരു അനുപൂരക ഘടകമായി സ്ഥാനികയുദ്ധവും
''ചലനാത്മകപ്രതിരോധവും'', പിന്മാററവും ഉൾക്കൊണ്ടതാണ്. ഇതെ
ല്ലാമില്ലാതെ ചലനാത്മകയുദ്ധം പൂർണ്ണമായി നടത്തുക സാദ്ധ്യമല്ല.
നിരാശയിൽനിന്നുണ്ടാകുന്ന സാഹസികത്വമാവട്ടെ, സൈനികമായ
ഹ്രസ്വദൃഷ്ടിയാണ്. ഭൂവിഭാഗങ്ങൾ നഷ്ടപ്പെടുന്നതിലുള്ള ഭീതി
യിൽനിന്നാണ് അതു് ഉടലെടുക്കുന്നത്. മേല്പറഞ്ഞ തരത്തിൽ സാഹ
സികമായി പ്രവർത്തിക്കുന്ന ആൾ ചലനാത്മകയുദ്ധത്തിന്റെ ഒരു സവി
ശേഷത ദ്രവസമാനമായ ചലനക്ഷമതയാണെന്ന് അറിയുന്നില്ല. യുദ്ധ
രംഗത്തെ സൈന്യത്തെ വലിയ ചുവടുവയ്പുകളോടെ മുന്നേറാനും പിന്മാ
റാനും അതു് അനുവദിക്കുന്നുവെന്നും; മാത്രമല്ല അത്തരം ഒരു സൈന്യം
അതിനു് ആവശ്യംകൂടിയാണെന്നും അയാൾ അറിയുന്നില്ല. അതിന്റെ
അനുകൂലവശത്തെ സംബന്ധിച്ചാണെങ്കിൽ, ശത്രുവിനു് അനുകൂലമല്ലാ
ത്തതും നമുക്ക് അനുകൂലമായതുമായ ഒരു പോരാട്ടത്തിലേക്ക് അതു് ശത്രു
വിനെ വലിച്ചുകൊണ്ടുപോകുന്നു. സാധാരണഗതിയിൽ ശത്രു ചലിക്കേ
ണ്ടിവരുന്നതും നമുക്ക് ഒരു അനുകൂല ഭൂപ്രകൃതി, വഴങ്ങിത്തരുന്ന ഒരു ശത്രു,
വിവരങ്ങൾ ചോർന്നുപോകാതെ സൂക്ഷിക്കുന്ന ഒരു പ്രാദേശികജനത,
ശത്രുവിന്റെ ക്ഷീണവും തയ്യാറെടുപ്പില്ലായ്മയും തുടങ്ങിയ അനുകൂലഘട
കങ്ങൾ ലഭിക്കേണ്ടതും അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ ശത്രു
വിനു് മുന്നേറേണ്ടതായിവരുന്നു. നമ്മുടെ ഭൂഭാഗത്തിന്റെ ഒരു ഭാഗം നഷ്ട
പ്പെടുന്നതിനെക്കുറിച്ച് നാം ശണ്ഠ കൂടേണ്ടതില്ല. കാരണം ഈ താല്ക്കാ
ലികനഷ്ടം നമ്മുടെ മുഴുവൻ ഭൂഭാഗവും സ്ഥിരമായി സംരക്ഷിക്കാനും
നഷ്ടപ്പെട്ടതു് തിരിച്ചുകിട്ടാനും നാം കൊടുക്കേണ്ടിവന്ന വിലയാണ്.
പ്രതികൂലവശത്തെ സംബന്ധിച്ചാണെങ്കിൽ, നമ്മുടെ സൈന്യത്തിന്റെ
രക്ഷയെ അടിസ്ഥാനപരമായി അപകടപ്പെടുത്തുന്ന ഒരു അപായകരമായ
സ്ഥാനത്തേക്ക് നാം തള്ളിനീക്കപ്പെട്ടാൽ നമുക്ക് പിന്മാറാനുള്ള ധൈര്യ
മുണ്ടാകണം. അപ്പോൾ നമ്മുടെ സേനയെ സംരക്ഷിക്കാനും പുതിയ അവ
സരങ്ങളുണ്ടാവുമ്പോൾ ശത്രുവിനെ ആഞ്ഞടിക്കാനും നമുക്കു കഴിയും. ഈ
തത്വം മനസ്സിലാക്കാതെയിരുന്നാൽ സാഹസികപ്രവർത്തനങ്ങളെ പിന്താ
ങ്ങുന്നവർ ഒരു നഗരത്തിനോ ഒരു തുണ്ടുഭൂമിക്കോവേണ്ടി പൊരുതും. നമ്മു
ടെ സ്ഥാനം പ്രത്യക്ഷമായിതന്നെ എത്രകണ്ടു് പ്രതികൂലാവസ്ഥയിലാ
ണെങ്കിലും അവർ പൊരുതും. അതിന്റെ ഫലമായി ആ പട്ടണമോ
തുണ്ടുഭൂമിയോ കിട്ടുകയില്ലെന്നു മാത്രമല്ല സൈന്യത്തെ സംരക്ഷിച്ചുനിർ
ത്താനും കഴിയാതെവരും. ''ശത്രുവിനെ ഉൾപ്രദേശങ്ങളിലേക്കു പ്രലോ

ഭിപ്പിച്ചുകൊണ്ടുപോകുന്ന'' നയത്തെപ്പററി നാം എപ്പോഴും പറഞ്ഞിട്ടുണ്ട്. ദുർബ്ബലവും തന്ത്രപരമായി പ്രതിരോധാവസ്ഥയിലുള്ളതുമായ ഒരു സൈന്യത്തിന് ഒരു ശക്തമായ സൈന്യത്തിനുനേരെ പ്രയോഗിക്കാവുന്ന ഏററവും മികച്ച സൈനിക നയമാണിത്.

95. ജാപ്പവിരുദ്ധ യുദ്ധത്തിലെ യുദ്ധരൂപങ്ങളിൽ ചലനാത്മക യുദ്ധമുറ ഒന്നാംസ്ഥാനത്തും ഗറില്ലാ യുദ്ധമുറ രണ്ടാംസ്ഥാനത്തും വരുന്നു. യുദ്ധത്തെ മുഴുവനായി പരിഗണിക്കുമ്പോൾ, ചലനാത്മകയുദ്ധം പ്രാഥമികമാണെന്നും ഗറില്ലാ യുദ്ധം അനുപൂരകമാണെന്നും പറയുമ്പോൾ നാം ഉദ്ദേശിക്കുന്നതു് യുദ്ധത്തിന്റെ ഫലം നിർണ്ണയിക്കുന്നതു് സ്ഥിരയുദ്ധമാണെന്നാണ്, പ്രത്യേകിച്ചും ചലനാത്മകരൂപത്തിലുള്ള സ്ഥിരയുദ്ധം. യുദ്ധത്തിന്റെ ഫലത്തെ നിർണ്ണയിക്കുന്ന മുഖ്യ ഉത്തരവാദിത്തം ഏറെറടുക്കാൻ ഗറില്ലാ സൈന്യത്തിനു കഴിയില്ല. യുദ്ധത്തിന്റെ തന്ത്രത്തിൽ ഗറില്ലാ യുദ്ധമുറയുടെ പങ്ക് അപ്രധാനമാണെന്ന് യാതൊരർത്ഥവും ഇതിനില്ല. യുദ്ധത്തിന്റെ തന്ത്രത്തിലുടനീളം ചലനാത്മകയുദ്ധത്തെ അപേക്ഷിച്ച് അതിന്റെ സ്ഥാനം രണ്ടാമത്തേതു് മാത്രമാണ്. അതിന്റെ സഹായമില്ലാതെ ശത്രുവിനെ പരാജയപ്പെടുത്താൻ നമുക്കു കഴിയില്ല. ഇതു പറയുമ്പോൾതന്നെ ഗറില്ലാ യുദ്ധമുറയെ ചലനാത്മകയുദ്ധമുറയായി വികസിപ്പിക്കുന്ന തന്ത്രപരമായ കടമയും നമ്മുടെ മനസ്സിലുണ്ട്. സുദീർഘവും ക്രൂരവുമായ ഈ യുദ്ധത്തിലുടനീളം ഗറില്ലാ യുദ്ധമുറ ഒരേ അവസ്ഥയിൽ തന്നെ തുടരില്ല. അതു് ഉയന്ന തലത്തിലേക്ക് ഉയരുകയും ചലനാത്മകയുദ്ധമായി വികസിക്കുകയും ചെയ്യും. അങ്ങനെ ഗറില്ലാ യുദ്ധമുറയുടെ തന്ത്രപരമായ പങ്ക് ദ്വിമുഖമാണ്. സ്ഥിരയുദ്ധത്തെ സഹായിക്കലും സ്വയം സ്ഥിരയുദ്ധമായി പരിവത്തനപ്പെടലും. ചൈനയുടെ ചെറുത്തുനില്പുയുദ്ധത്തിൽ ഗറില്ലാ യുദ്ധമുറയുടെ അഭൂതപൂർവ്വമായ വ്യാപ്തിയും കാലയളവും പരിഗണിക്കുമ്പോൾ അതിന്റെ തന്ത്രപരമായ പങ്കിനെ കുറച്ചുകാണാതിരിക്കുന്നതു് വളരെ പ്രധാനമാണ്. അപ്പോൾ ചൈനയിലെ ഗറില്ലാ യുദ്ധമുറയ്ക്ക്, അതിന്റെ അടവുപരം മാത്രമല്ല, അതിന്റെ സവിശേഷമായ തന്ത്രപ്രശ്നങ്ങൾ കൂടിയുണ്ട്. ''ജപ്പാനെതിരായ ഗറില്ലായുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങളി''ൽ ഞാനിതു് നേരത്തെ ചർച്ചചെയ്തതാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ ചെറുത്തുനില്പുയുദ്ധത്തിന്റെ മൂന്നു തന്ത്രപരമായ ഘട്ടങ്ങളിലെ യുദ്ധമുറയുടെ രൂപങ്ങൾ താഴെ പറയുന്നപോലെയാണ്. ഒന്നാംഘട്ടത്തിൽ ചലനാത്മകയുദ്ധമാണ് പ്രാഥമികം. ഗറില്ലാ യുദ്ധമുറയും സ്ഥാനികയുദ്ധവും അനുപൂരകങ്ങളാണ്. രണ്ടാംഘട്ടത്തിൽ ഗറില്ലാ യുദ്ധമുറ ഒന്നാംസ്ഥാനത്തേക്ക് മുന്നേറുകയും ചലനാത്മകവും സ്ഥാനികവുമായ യുദ്ധമുറകൾ അതിനു് അനുപൂരകമാവുകയും ചെയ്യും. മൂന്നാംഘട്ടത്തിൽ ചലനാത്മകയുദ്ധം വീണ്ടും പ്രാഥമികരൂപം കൈവരിക്കുകയും സ്ഥാനിക, ഗറില്ലാ യുദ്ധമുറകൾ അതിനു് അനുപൂരകമാവുകയും ചെയ്യും. എന്നാൽ മൂന്നാംഘട്ടത്തിലെ ചലനാത്മകയുദ്ധം നിർവ്വഹിക്കുന്നതു് ആദ്യത്തെ സ്ഥിരസൈന്യം ഒററക്കായിരിക്കില്ല. അതിന്റെ ഒരു ഭാഗം, ഒരു പ്രധാന ഭാഗംതന്നെ ഏറെറടുക്കുന്നതു് പഴയ ഗറില്ലകളായിരിക്കും. ഗറില്ലകൾ എന്ന സ്ഥിതിയിൽനിന്നു് ചലനാത്മകയുദ്ധം ചെയ്യാവുന്ന വിധത്തിൽ പുരോഗമിച്ച ഗറില്ലകളായിരിക്കുമെന്നു മാത്രം. ജപ്പാനെതിരായ ചൈനയുടെ ചെറുത്തുനില്പുയുദ്ധത്തിന്റെ മൂന്നു ഘട്ടങ്ങളുടേയും കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ ഗറില്ലാ യുദ്ധമുറ തീർച്ചയായും ഒഴിവാക്കാനാവാത്ത ഒന്നാണ്. യുദ്ധങ്ങളുടെ ചരിത്രത്തിൽ താരതമ്യമില്ലാത്ത വിധത്തിലുള്ള ഒന്നായിരിക്കും നമ്മുടെ ഗറില്ലാ യുദ്ധം. ഇക്കാരണത്താൽ, ചൈനയുടെ ദശലക്ഷക്കണെ

Scanned by CamScanner

ക്കിനവരുന്ന സ്ഥിരസൈന്യത്തിൽനിന്ന് കറെ ലക്ഷണങ്ങളെയെങ്കിലും എല്ലാ ശത്രു അധീനപ്രദേശങ്ങളിലേക്കം അയയ്ക്കേണ്ടതാവശ്യമാണ്. ബഹുജനങ്ങളെ ഉണർത്തുകയും അവരെ സ്വയം സായുധരാക്കുകയും ബഹുജനങ്ങളോടൊത്തുനിന്നുകൊണ്ട് ഗറില്ലായുദ്ധം നടത്തുകയുമായിരിക്കണം അവരുടെ കടമ. അത്തരത്തിൽ നിയോഗിക്കപ്പെടുന്ന സ്ഥിരസൈനികർ ഈ പാവനമായ കടമ പൂർണ്ണമനസ്സോടെ ഏറ്റെടുക്കണം. തങ്ങൾക്ക് കുറച്ച് വൻയുദ്ധങ്ങളിൽ മാത്രമല്ലേ പങ്കെടുക്കാൻ പററൂ എന്നും; ദേശീയ വീരപുരുഷന്മാരായി തല്ക്കാലം അറിയപ്പെടാനാവില്ലല്ലോ എന്നും കരുതി തങ്ങളുടെ പദവി താഴ്ന്നുപോയെന്ന് അവരാരും കരുതരുത്. അത്തരത്തിലുള്ള ഏതു ചിന്തയും തെററാണ്. സ്ഥിരയുദ്ധത്തെപ്പോലെ പെട്ടെന്നുള്ള ഫലങ്ങളോ, വമ്പിച്ച കീർത്തിയോ ഗറില്ലാ യുദ്ധത്തിൽ നിന്നുണ്ടാകുന്നില്ല. പക്ഷേ ''ദീർഘമായ വഴിയാണ് ഒരു കുതിരയുടെ ശക്തി പരീക്ഷിക്കുന്നത്, ഒരു നീണ്ട കടമയാണ് ഒരു മനുഷ്യന്റെ ഹൃദയത്തെ തെളിയിക്കുന്നത്.'' ഈ ദീർഘവും ക്രൂരവുമായ യുദ്ധത്തിൽ ഗറില്ലായുദ്ധം അതിന്റെ അപാരമായ ശക്തി പ്രകടിപ്പിക്കും; തീർച്ചയായും അതൊരു സാധാരണ ഉദ്യമമല്ല. മാത്രമല്ല, അത്തരം സ്ഥിരസൈന്യത്തിന് എട്ടാംപഥസൈന്യം ചെയ്തിരുന്നതുപോലെ, വ്യാപിച്ചിരിക്കുന്ന അവസ്ഥയിൽ ഗറില്ലായുദ്ധവും കേന്ദ്രീകരിച്ചിരിക്കുന്ന അവസ്ഥയിൽ ചലനാത്മകയുദ്ധവും നടത്താവുന്നതാണ്. ''ഗറില്ലാ യുദ്ധമുറയാണ് അടിസ്ഥാനപരം, പക്ഷേ അനുകൂലസാഹചര്യങ്ങളിൽ ചലനാത്മക യുദ്ധത്തിനുള്ള അവസരം നഷ്ടപ്പെടുത്തിക്കൂടാ.'' ഇതാണ് എട്ടാം പഥ സൈന്യത്തിന്റെ തത്വം. ഇതു് പൂർണ്ണമായും ശരിയാണ്. ഇതിനെ എതിർക്കുന്നവരുടെ വീക്ഷണങ്ങൾ തെററാണ്.

96. ചൈനയുടെ ഇന്നത്തെ സാങ്കേതിക നിലവാരത്തിൽ, പ്രതിരോധപരമോ, കടന്നാക്രമണപരമോ ആയ സ്ഥാനികയുദ്ധം പൊതുവിൽ അപ്രായോഗികമാണ്. ഇവിടെയാണ് നമ്മുടെ ദൗർബ്ബല്യം സ്വയം പ്രകടമാകുന്നത്. മാത്രമല്ല കോട്ടകെട്ടി ബലപ്പെടുത്തിയ നമ്മുടെ സ്ഥാനങ്ങളെ മറികടക്കാൻ ശത്രുനമ്മുടെ ഭൂപരമായ വിശാലതയെ ചൂഷണംചെയ്യുന്നുമുണ്ട്. അതുകൊണ്ട് സ്ഥാനികയുദ്ധം നമുക്ക് ഒരു പ്രധാനപ്പെട്ട ഉപാധിയാവുക സാധ്യമല്ല. എന്നാൽ ഒന്നും രണ്ടും യുദ്ധഘട്ടങ്ങളിൽ, ചലനാത്മക യുദ്ധത്തിന്റെ സാധ്യതകൾക്കുള്ളിൽ, ക്യാമ്പെയിനുകളിൽ അനുപൂരകങ്ങളെന്ന നിലയിൽ, പ്രാദേശികവല്കരിക്കപ്പെട്ട സ്ഥാനികയുദ്ധം നടത്തുന്നത് സാധ്യവും ആവശ്യവുമാണ്. ശത്രുവിനെ ഓരോ കാൽവയ്പിലും ചെറുക്കാൻ, അങ്ങനെ അവന്റെ സൈന്യത്തെ ശുഷ്ക്കമാക്കാനും അധിക സമയം നേടാനും വേണ്ടി സ്ഥിരീകരിക്കുന്ന ചലനാത്മക യുദ്ധമുറയുടെ കൂടുതൽ അത്യാവശ്യമായ ഭാഗമാണ് അർദ്ധ സ്ഥാനികസ്വഭാവമുള്ള 'ചലനാത്മക പ്രതിരോധം'. തന്ത്രപരമായ പ്രത്യാക്രമണത്തിന്റെ ഘട്ടത്തിൽ സ്ഥാനികാക്രമണത്തിന്റെ കടമകൾ പൂർണ്ണമായും നിർവ്വഹിക്കാനാവുന്ന വിധത്തിൽ, ആധുനികാക്രമണങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കാൻ നാം കഠിനമായി യത്നിക്കണം. ഈ മൂന്നാം ഘട്ടത്തിൽ സ്ഥാനികയുദ്ധം ഒരു വമ്പിച്ച പങ്ക് വഹിക്കുമെന്നതു് നിസ്സംശയമാണ്. കാരണം അപ്പോൾ ശത്രു തന്റെ സ്ഥാനങ്ങളിൽ മുറുകെപ്പിടിക്കുകയായിരിക്കും. അപ്പോൾ ചലനാത്മക യുദ്ധത്തിന് പിന്തുണ നൽകാവുന്ന വിധത്തിൽ ശക്തമായ സ്ഥാനികാക്രമണങ്ങൾ നാം നടത്തുന്നില്ലെങ്കിൽ നമ്മുടെ നഷ്ടപ്പെട്ട ഭൂഭാഗങ്ങൾ തിരിച്ചു പിടിക്കാൻ നമുക്ക് കഴിയില്ല. എങ്കിലും മൂന്നാം ഘട്ടത്തിലും യുദ്ധത്തിന്റെ പ്രഥമ രൂപം ചലനാത്മകയുദ്ധംതന്നെയായിരിക്കാൻ നാം നമ്മുടെ എല്ലാ പ്രയത്നവും വിനിയോഗിക്കണം, ഒന്നാം

Scanned by CamScanner

ലോകയുദ്ധത്തിന്റെ രണ്ടാം പകുതിയിൽ പടിഞ്ഞാറൻ യൂറോപ്പിൽ നടന്നതുമാതിരിയുള്ള സ്ഥാനിക യുദ്ധത്തിൽ, യുദ്ധം നയിക്കുന്നതിനാവശ്യമായ ചാതുര്യവും മനുഷ്യന്റെ സജീവമായ പങ്കാളിത്തവും വൻതോതിൽ നിഷ്ഫലമാക്കപ്പെട്ടു. ഇവിടെ പോരാട്ടം നടക്കുന്നതു് ചൈനയുടെ വിശാലമായ പ്രദേശങ്ങളിലായിരിക്കുകയും, കുറേക്കാലത്തേക്കുകൂടി നമ്മുടെ ഭാഗം സാങ്കേതികമായി സുസജ്ജമാകാതെ തുടരുകയും ചെയ്യുന്നതുകൊണ്ടു് യുദ്ധത്തെ 'കിടങ്ങുകളിൽനിന്നു് പുറത്തു കൊണ്ടുവരേണ്ടതു്' തികച്ചും സ്വാഭാവികം മാത്രമാണു്. ചൈനയുടെ സാങ്കേതിക സ്ഥിതി കൂടുതൽ മെച്ചപ്പെട്ടതാവുന്ന മൂന്നാംഘട്ടത്തിൽപോലും അക്കാര്യത്തിൽ ശത്രുവിനെ മറികടക്കുക ചൈനയെ സംബന്ധിച്ചേടത്തോളം ബുദ്ധിമുട്ടാണു്. അതുകൊണ്ടു് ഉയർന്നതരം ചലനാത്മക യുദ്ധത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതു് ആവശ്യമാണു്. അതില്ലാതെ ആത്യന്തിക വിജയം നേടുക സാധ്യമല്ല. അതുകൊണ്ടു് ചെറുത്തുനില്പു യുദ്ധത്തിലുടനീളം ചൈന സ്ഥാനികയുദ്ധത്തെ പ്രാഥമികമായെടുക്കില്ല. പ്രാഥമികമോ അല്ലെങ്കിൽ പ്രധാനമോ ആയ യുദ്ധമുറ ചലനാത്മക യുദ്ധമുറയും ഗറില്ലായുദ്ധമുറയുമാണു്. യുദ്ധത്തിന്റെ ഈ രണ്ടു രൂപങ്ങളും ചേർന്നു് യുദ്ധത്തിന്റെ നടത്തിപ്പിനേയും മനുഷ്യന്റെ സജീവമായ പങ്കാളിത്തത്തേയും പൂർണ്ണമായും ചലനക്ഷമമാക്കും. നമ്മുടെ നിർഭാഗ്യത്തിൽനിന്നുണ്ടായ മികച്ചൊരു ഭാഗ്യമാണതു്!

## തേയ്മാനമുണ്ടാക്കുന്ന യുദ്ധവും ഉന്മൂലന യുദ്ധവും

97. നാം നേരത്തെ പറഞ്ഞതുപോലെ യുദ്ധത്തിന്റെ സത്ത അല്ലെങ്കിൽ ലക്ഷ്യം സ്വയം സംരക്ഷിക്കലും ശത്രുവിനെ നശിപ്പിക്കലുമാണു്. ഈ ലക്ഷ്യം നേടുന്നതിനായി ചലനാത്മകയുദ്ധം, സ്ഥാനികയുദ്ധം, ഗറില്ലായുദ്ധം എന്നിങ്ങനെ മൂന്നു യുദ്ധരൂപങ്ങളുണ്ടായിരിക്കുകയും അവ ഫലങ്ങളുണ്ടാക്കുന്ന കാര്യത്തിൽ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുകയും ചെയ്യുന്നതുകൊണ്ടു്, തേയ്മാനയുദ്ധത്തിനും ഉന്മൂലന യുദ്ധത്തിനും തമ്മിൽ വിശാലമായ വ്യത്യാസങ്ങൾ ഉയർന്നുവരുന്നു.

98. ഒരു തുടക്കത്തിനുവേണ്ടി ജാപ്പുവിരുദ്ധയുദ്ധം ഒരേസമയം തന്നെ ഒരു തേയ്മാനയുദ്ധവും ഉന്മൂലനയുദ്ധവുമാണെന്നു് നമുക്കു പറയാം. എന്തുകൊണ്ടു്? ശത്രു തന്ത്രപരമായ മേധാവിത്തവും, തന്ത്രപരമായ മുൻകൈയും ഇപ്പോഴും നിലനിർത്തുകയും തന്റെ വർദ്ധിച്ചശക്തി നമുക്കെതിരെ ഉപയോഗിക്കുകയും ചെയ്യുന്നതുകൊണ്ടു്, ഉന്മൂലനക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും നാം ഏർപ്പെടുന്നില്ലെങ്കിൽ, അവരുടെ ശക്തി ത്വരിതഗതിയിൽ ഫലപ്രദമായി ക്ഷയിപ്പിക്കാനും, അവരുടെ ആധിപത്യവും മുൻകയ്യും തകർക്കാനും നമുക്കു കഴിയില്ല. നമുക്കിപ്പോഴും നമ്മുടെ ദൗർബ്ബല്യമുണ്ടു്. തന്ത്രപരമായ അധഃസ്ഥിതാവസ്ഥയിൽനിന്നും നിഷ്ക്രിയത്വത്തിൽനിന്നും നാം മോചിതരായിട്ടില്ല. അതുകൊണ്ടു് ഉന്മൂലന ക്യാമ്പെയിനുകളിലും പോരാട്ടങ്ങളിലും നാം ഏർപ്പെടുന്നില്ലെങ്കിൽ നമ്മുടെ ആഭ്യന്തരവും സാർവ്വദേശീയവുമായ പരിതഃസ്ഥിതികൾ മെച്ചപ്പെടുത്താനും പ്രതികൂലമായ സ്ഥിതികൾ മാററംവരുത്താനും സമയം നേടിയെടുക്കാൻ നമുക്കു് കഴിയില്ല. അതുകൊണ്ടു് തന്ത്രപരമായ നശീകരണ യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ഉപാധികളാണു് ഉന്മൂലന

ക്യാമ്പെയിനുകൾ. ഈ അർത്ഥത്തിൽ ഉന്മൂലനയുദ്ധം നശീകരണയുദ്ധം തന്നെയാണ്. ഉന്മൂലനത്തിലൂടെ നശീകരിക്കുന്ന രീതി മുഖ്യമായും ഉപയോഗിച്ചുകൊണ്ടേ ചൈനക്ക് ഒരു സുദീർഘയുദ്ധം നടത്താനാവൂ.

99. എന്നാൽ തന്ത്രപരമായ നശീകരണത്തിന്റെ ലക്ഷ്യം നശീകരണക്യാമ്പെയിനുകളിലൂടെയും നേടാനായേക്കാം. പൊതുവിൽ പറഞ്ഞാൽ, ചലനാത്മകയുദ്ധം ഉന്മൂലനത്തിന്റെ കടമകൾ നിർവ്വഹിക്കുന്നു, ഗറില്ലായുദ്ധമാകട്ടെ ഇതു രണ്ടും ഒരേസമയം നിർവ്വഹിക്കുന്നു. ഈ മൂന്നു യുദ്ധമുറകളും ഇങ്ങനെയാണ് പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നത്. ഈ അർത്ഥത്തിൽ ഉന്മൂലനയുദ്ധം നശീകരണയുദ്ധത്തിൽനിന്ന് വ്യത്യസ്തമാണ്. ഒരു സുദീർഘയുദ്ധത്തിൽ നശീകരണ ക്യാമ്പെയിനുകൾ അനുപൂരകഘടകങ്ങൾ മാത്രമാണെങ്കിലും അത്യാവശ്യഘടകങ്ങൾ കൂടിയാണ്.

100. സൈദ്ധാന്തികമായും ചൈനയുടെ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയും സംസാരിക്കുകയാണെങ്കിൽ, ശത്രുസൈന്യത്തെ വൻതോതിൽ ശുഷ്ക്കമാക്കുക എന്ന തന്ത്രപരമായ ലക്ഷ്യം കൈവരിക്കാൻ ചൈന തന്റെ പ്രതിരോധഘട്ടത്തിൽ ഉന്മൂലനത്തെ ഉപയോഗപ്പെടുത്തണം. അത് മുഖ്യമായും ചലനാത്മകയുദ്ധത്തിലൂടെയും ഭാഗികമായി ഗറില്ലായുദ്ധത്തിലൂടെയുമാണ് നിറവേററപ്പെടുന്നത്. ഇതുമാത്രമല്ല നശീകരണത്തേയും ചൈന ഉപയോഗപ്പെടുത്തണം. അതാകട്ടെ മുഖ്യമായും സ്ഥാനികയുദ്ധമുറയിലൂടെയും (അത് അനുപൂരകമാണെങ്കിൽക്കൂടിയും) ഭാഗികമായി ഗറില്ലായുദ്ധമുറയിലൂടെയുമാണ് നിർവ്വഹിക്കപ്പെടുന്നത്. വിഷമഘട്ടങ്ങളിൽ ശത്രുസൈന്യത്തെ വൻതോതിൽ ശുഷ്കമാക്കുന്നതിന് ഗറില്ലായുദ്ധവും ചലനാത്മകയുദ്ധവും നിർവഹിക്കുന്ന ഉന്മൂലനത്തിന്റേയും നശീകരണത്തിന്റേയും ഫലങ്ങളെ നാം തുടർന്നും ഉപയോഗപ്പെടുത്തണം. ഇതെല്ലാം ലക്ഷ്യംവയ്ക്കുന്നത് യുദ്ധത്തെ സുദീർഘമാക്കാനാണ്, സേനകളുടെ പൊതു തുലനസ്ഥിതിയെ വ്യത്യാസപ്പെടുത്തുന്നതിനും നമ്മുടെ പ്രത്യാക്രമണത്തിനാവശ്യമായ സാഹചര്യങ്ങൾ തയ്യാറാക്കുന്നതിനുമാണ്. തന്ത്രപരമായ പ്രത്യാക്രമണത്തിന്റെ ഘട്ടത്തിൽ ഉന്മൂലനത്തിലൂടെയുള്ള നശീകരണരീതിയെ നാം തുടർന്നും പ്രയോഗിക്കണം. അങ്ങനെ മാത്രമേ ശത്രുവിനെ ആത്യന്തികമായി നമുക്ക് തുരത്താൻ കഴിയൂ.

101. എന്നാൽ ഒരു വസ്തു എന്ന നിലയിൽ, കഴിഞ്ഞ പത്തുമാസക്കാലത്തെ അനുഭവമെന്താണ്? ധാരാളം അഥവാ മിക്കവാറും ചലനാത്മകയുദ്ധ ക്യാമ്പെയിനുകൾ നശീകരണ ക്യാമ്പെയിനുകളാകുന്നു. ചില മേഖലകളിൽ ഗറില്ലായുദ്ധത്തിന് ഉന്മൂലനത്തെ സംബന്ധിച്ച അതിന്റെ ശരിയായ കടമ വേണ്ടവിധത്തിൽ നിറവേററാനാവുന്നുമില്ല. ഏററവും ചുരുങ്ങിയത് നാം ശത്രുവിന്റെ ശക്തികളെ ശുഷ്ക്കമാക്കി. ഇതാണതിന്റെ അനുകൂലവശം. ഇതാകട്ടെ നമ്മുടെ സുദീർഘയുദ്ധത്തിനും ആത്യന്തികവിജയത്തിനും പ്രധാനവുമാണ്. നമ്മുടെ ഒരുതുള്ളി രക്തം പോലും നാം പാഴിലാക്കിയില്ല. എന്നാൽ എന്തൊക്കെയാണ് നമ്മുടെ പോരായ്മകൾ? ഒന്നാമത് നാം ശത്രുവിനെ വേണ്ടത്ര ശുഷ്ക്കമാക്കിയില്ല; രണ്ടാമത്, താരതമ്യേന വലിയ നഷ്ടങ്ങളെ ഒഴിവാക്കാൻ നമുക്കു കഴിഞ്ഞില്ല. ശത്രുവിന്റെ സാധനസാമഗ്രികൾ പിടിച്ചെടുത്തതുമില്ല. ഈ സാഹചര്യമുണ്ടാവാനുള്ള വസ്തുനിഷ്ഠകാരണം നാം അംഗീകരിക്കണം. സാങ്കേതികതവത്തിന്റേയും, സാമഗ്രികളുടേയും, പരിശീലനത്തിന്റേയും കാര്യത്തിൽ ശത്രുവും നമ്മളും തമ്മിലുള്ള അസമാനതയാണ് ഈ കാരണം. എങ്കിലും സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ ഊർജ്ജസ്വലമായ യുദ്ധ

Scanned by CamScanner

ങ്ങൾ നടത്താൻ നമ്മുടെ മുഖ്യസൈന്യത്തെ സൈദ്ധാന്തികമായും പ്രായോഗികമായും പ്രേരിപ്പിക്കണം. അട്ടിമറിയോ ശല്യപ്പെടുത്തലോ പോലുള്ള പ്രത്യേക കടമകൾ നിർവ്വഹിക്കേണ്ടി വരുമ്പോൾ നമ്മുടെ ഗറില്ലാ യൂണിററുകൾക്ക് ശുദ്ധ നശീകരണ യുദ്ധം നടത്തേണ്ടിവരുമെങ്കിലും, പരിതസ്ഥിതികൾ അനുകൂലമാണെങ്കിൽ ഉന്മൂലനക്യാമ്പെയിനുകളും പോരാട്ടങ്ങളും നടത്തേണ്ടതു് ആവശ്യമായി വരും. അതിലൂടെ ശത്രുസൈന്യത്തെ വലിയ അളവിൽ ശുഷ്കമാക്കുകയും നമ്മുടെ സൈന്യത്തിൻെറ കുറവു തീർക്കുകയും ചെയ്യാം.

102. ബാഹ്യനിരകളിലുള്ള ദ്രുതനിർണ്ണയനപരമായ കടന്നാക്രമണയുദ്ധങ്ങളിലെ 'ബാഹ്യനിരകളും' 'ദ്രുത നിർണ്ണയനവും' കടന്നാക്രമണവും ചലനാത്മകയുദ്ധത്തിലെ 'ചലനാത്മകത'യും പ്രവർത്തനരംഗത്തു് മുഖ്യമായും പ്രകടമാവുന്നതു് വലയം ചെയ്യലിൻേറയും കടന്നുകയററത്തിൻേറയും അടവുകളിലാണു്. അതുകൊണ്ടാണു് പ്രബലമായ സൈന്യത്തിൽ കേന്ദ്രീകരിക്കേണ്ടിവരുന്നതു്. അതുകൊണ്ടു് സൈനികശക്തികളിൽ കേന്ദ്രീകരിക്കുന്നതും വലയംചെയ്യലിൻേറയും കടന്നുകയററത്തിൻേറയും അടവുകളെ ഉപയോഗിക്കലും ചലനാത്മക യുദ്ധത്തിനുള്ള, അതായതു് ബാഹ്യനിരകളിലുള്ള ദ്രുതനിർണ്ണയന കടന്നാക്രമണ യുദ്ധത്തിനുള്ള മുന്നുപാധികളാണു്. ഇതെല്ലാം ലക്ഷ്യംവയ്ക്കുന്നതു് ശത്രുസൈന്യത്തെ ഉന്മൂലനം ചെയ്യുന്നതിലാണു്.

103. ജാപ്പനീസ് സൈന്യത്തിൻെറ ശക്തി അതിൻെറ ആയുധങ്ങളിൽ മാത്രമല്ല നിലകൊള്ളുന്നതു്, അതിലെ ഓഫീസർമാരുടേയും സാധാരണ സൈനികരുടേയും പരിശീലനത്തിൽ കൂടിയാണു്. അതിൻെറ ഘടനാരീതിയുടെ തോതു്, ഒരിക്കലും തോല്പിക്കപ്പെട്ടിട്ടില്ലാത്തതിൽനിന്നും ഉടലെടുക്കുന്ന ആത്മവിശ്വാസം, മിക്കാഡോയിലും മററു് ഭൗതികാതീത ശക്തികളിലുമുള്ള അന്ധവിശ്വാസം, അതിൻെറ ഔദ്ധത്യം, ചൈനീസ് ജനതയോടുള്ള അവരുടെ അവജ്ഞ തുടങ്ങി ജാപ്പനീസ് യുദ്ധപ്രഭുക്കളുടെ നീണ്ടകാലത്തെ പ്രബോധനത്തിൽനിന്നും ജാപ്പനീസ് ദേശീയ പാരമ്പര്യത്തിൽനിന്നും ഉടലെടുത്ത ഈ കാര്യങ്ങളെല്ലാം അവരുടെ ശക്തിയെ വർദ്ധിപ്പിക്കുന്നു. നമുക്കു് വളരെയേറെ ശത്രുസൈനികരെ മുറിവേല്പിക്കാനും കൊല്ലാനും കഴിഞ്ഞിട്ടുണ്ടെങ്കിലും വളരെ കുറച്ചുപേരെ മാത്രമേ തടവുകാരായി പിടിക്കാൻ കഴിഞ്ഞിട്ടുള്ളു. ഇതിനു കാരണം മേൽപറഞ്ഞ ഘടകങ്ങളാണു്. കഴിഞ്ഞ കാലത്തു് വളരെയേറെ ആളുകൾ പ്രാധാന്യം കുറച്ചു കണ്ടിരുന്ന ഒരു കാര്യമാണതു്. ശത്രുവിൻെറ ഈ സവിശേഷ സ്വഭാവങ്ങളെ ഇല്ലാതാക്കുന്നതിനു് ഒരു നീണ്ട പ്രക്രിയ ആവശ്യമാണു്. ആദ്യമായി വേണ്ടതു് ഇക്കാര്യത്തെ ഗൗരവതരമായി പരിഗണിക്കുകയും ക്ഷമയോടും ക്രമബദ്ധതയോടും കൂടി പ്രവർത്തിക്കുകയുമാണു്. രാഷ്ട്രീയമണ്ഡലത്തിലും, സാർവ്വദേശീയ പ്രചരണത്തിലും, ജപ്പാനിലെ ജനകീയപ്രസ്ഥാനങ്ങളിലും ഈ പ്രവർത്തനം ആവശ്യമാണു്. സൈനികമേഖലയിൽ ഉന്മൂലനയുദ്ധം തീർച്ചയായും അതിനുള്ള ഉപാധികളിലൊന്നാണു്. ശത്രുവിൻെറ ഈ സവിശേഷതകളിൽ ദേശീയമായ കീഴടങ്ങലിനുള്ള ഒരടിത്തറയുണ്ടെന്നു് അശുഭാപ്തിവിശ്വാസികളും, ഉന്മൂലനയുദ്ധത്തെ എതിർക്കാനുള്ള ഒരടിത്തറയുണ്ടെന്നു് നിഷ്ക്രിയ മനസ്ഥിതിയുള്ള സൈനികരും കണ്ടെത്തിയേക്കാം. നേരെ മറിച്ചു്, ജാപ്പനീസ് സൈന്യത്തിൻെറ ഈ ശാക്തികസവിശേഷതകൾ നശിപ്പിക്കാവുന്നതാണെന്നും അവയുടെ നാശം ആരംഭിച്ചുകഴിഞ്ഞുവെന്നും നാം കരുതുന്നു. അവയെ നശിപ്പിക്കുന്നതിനുള്ള പ്രധാന മാർഗ്ഗം ജാപ്പനീസ്

Scanned by CamScanner

സൈനികരെ രാഷ്ട്രീയമായി നേടിയെടുക്കുകയാണ്. അവരെ പരി ക്കേല്പിക്കുന്നതിനേക്കാഠം, അവരുടെ ആത്മാഭിമാനത്തെ ശരിയായ ദിശ യിൽ തിരിച്ചുവിടുകയും യുദ്ധത്തടവുകാരോട് സൗമ്യമായി പെരുമാറുക യും ജാപ്പനീസ് ഭരണാധികാരികഠം നടത്തുന്ന കടന്നാക്രമണത്തിന്റെ ജനവിരുദ്ധ സ്വഭാവം അവർക്ക ബോദ്ധ്യപ്പെടുത്തി കൊടുക്കുകയുമാണ് ചെയ്യേണ്ടതെന്ന് നാം മനസ്സിലാക്കണം. മറുവശത്ത് ചൈനീസ് സൈ ന്യത്തിന്റേയും ജനതയുടേയും അധൃഷ്യമായ ആത്മബോധവും, ധീരവും ദൃഢവുമായ പോരാട്ടശേഷിയും ജാപ്പനീസ് സൈനികർക്ക് നാം ബോ ദ്ധ്യപ്പെടുത്തിക്കൊടുക്കണം. അതായത് ഉന്മൂലനപോരാട്ടങ്ങളിൽ നാം അവർക്ക് കനത്ത അടിയേല്പിക്കണം. സൈനികപ്രവർത്തനങ്ങളിൽ കഴി ഞ്ഞ പത്തുമാസക്കാലംകൊണ്ട് നമുക്ക ലഭിച്ചിട്ടുള്ള അനുഭവങ്ങഠംതന്നെ, ശത്രുസൈന്യത്തെ ഉന്മൂലനം ചെയ്യാൻ നമുക്ക കഴിയുമെന്ന് തെളി യിച്ചിട്ടുണ്ട്—പിങ്ങ്സിങ്ങ്കുവാൻ, തായിർചാങ്ങ് ക്യാമ്പെയിനുകഠം ഇതിനു തെളിവാണ്. ജാപ്പനീസ് സൈന്യത്തിന്റെ ആത്മവീര്യം അ യഞ്ഞുതുടങ്ങാൻ തുടങ്ങിയിരിക്കുന്നു. അവരുടെ സൈനികർക്ക് യുദ്ധത്തി ന്റെ ഉദ്ദേശം മനസ്സിലാക്കാൻ കഴിയുന്നില്ല. ചൈനീസ് സേനയാലും ജനതയാലും അവർ വളയപ്പെട്ടിരിക്കുകയാണ്. കടന്നാക്രമണങ്ങളിൽ അവർ ചൈനീസ് യോദ്ധാക്കളേക്കാഠം വളരെ കുറഞ്ഞ ധീരതയേ പ്രക ടിപ്പിക്കുന്നുള്ളു. ഇത്തരം കാര്യങ്ങളെല്ലാം ഉന്മൂലന പോരാട്ടങ്ങഠംക്ക് അ നുകൂലമായ വസ്തുനിഷ്ഠഘടകങ്ങളാണ്. യുദ്ധം കൂടുതൽ സുദീർഘസ്വഭാവ മാർജ്ജിക്കുന്നതോടെ അവ കൂടുതൽ സ്ഥിരമായി വികസിക്കും. ശത്രുവി ന്റെ ആത്മപ്രശംസനിറഞ്ഞ ഔദ്ധത്യത്തെ ഉന്മൂലന പോരാട്ടങ്ങളിലൂടെ നശിപ്പിക്കുന്നതിനെക്കുറിച്ചു പറയുമ്പോഠം, യുദ്ധത്തിന്റെ ദൈർഘ്യം കുറ യ്ക്കുന്നതിനും ജാപ്പനീസ് സൈനികരുടേയും ജാപ്പനീസ് ജനതയുടേയും വിമോചനത്തെ ത്വരിതപ്പെടുത്തുന്നതിനുമുള്ള മുന്നുപാധികളിലൊന്നാണ് അത്തരം പോരാട്ടങ്ങഠം. പൂച്ചകഠം പൂച്ചകളുമായാണ് സൗഹൃദം സ്ഥാപി ക്കുന്നത്. ലോകത്തിലൊരിടത്തും പൂച്ചകഠം എലികളുമായി സൗഹൃദം സ്ഥാപിക്കുന്നില്ല.

104. മറുവശത്ത് ഇന്നത്തെ സ്ഥിതിയിൽ സാങ്കേതിക സാമഗ്രി കളുടേയും സൈനിക പരിശീലനത്തിന്റേയും കാര്യത്തിൽ നാം ശത്രുവി നേക്കാഠം താഴെയാണെന്ന് സമ്മതിച്ചേതീരൂ. അതുകൊണ്ട് ഉന്മൂലന ത്തിൽ, പ്രത്യേകിച്ചും സമതലങ്ങളിൽ പോരാടുമ്പോഠം, ഒരു ശത്രുസൈ ന്യത്തെ മുഴുവനായോ അതിന്റെ വലിയ ഭാഗത്തേയോ പിടിച്ചെടുക്കുന്ന തുപോലെ പരമാവധി നേട്ടങ്ങളുണ്ടാക്കാൻ നമുക്ക കഴിയുന്നില്ല. ഇക്കാര്യ ത്തിൽ ദ്രുതവിജയ സൈദ്ധാന്തികരുടെ അമിതമായ അവകാശവാദങ്ങഠം തെററാണ്. ജാപ്പവിരുദ്ധ യുദ്ധത്തിൽ നമ്മുടെ സൈന്യത്തിൽനിന്ന് ആവശ്യപ്പെടാവുന്നത് കഴിയാവുന്നിടത്തോളം ഉന്മൂലന പോരാട്ടങ്ങഠം നടത്തണമെന്നുള്ളതാണ്. അനുയോജ്യമായ പരിത:സ്ഥിതികളിൽ ഓരോ പോരാട്ടത്തിലും നാം പ്രബലസൈന്യത്തെ കേന്ദ്രീകരിക്കണം. വലയംചെയ്യലിന്റേയും കടന്നുകയററത്തിന്റേയും അടവുകഠം സ്വീകരി ക്കണം. മുഴുവൻ സൈന്യത്തേയും വലയംചെയ്യാൻ കഴിയുന്നില്ലെങ്കിൽ ഒരു ഭാഗത്തെ വലയംചെയ്യണം; വലയംചെയ്ത മുഴുവൻ സൈന്യത്തേയും പിടിച്ചെടുക്കാനാവുന്നില്ലെങ്കിൽ ഒരു ഭാഗത്തെ പിടിച്ചെടുക്കണം. അവ രെ പിടിച്ചെടുക്കാനാവുന്നില്ലെങ്കിൽ വലയംചെയ്യപ്പെട്ട സൈന്യത്തിന്റെ ഒരു ഭാഗത്തിന് കനത്ത അടികളേല്പിക്കണം. ഉന്മൂലനയുദ്ധത്തിന് സാ ഹചര്യങ്ങഠം അനുകൂലമല്ലെങ്കിൽ നാം നശീകരണ പോരാട്ടങ്ങളായിരിക്ക ണം നടത്തേണ്ടത്. അനുകൂലസാഹചര്യങ്ങളിൽ സൈനിക കേന്ദ്രീകരണ

Scanned by CamScanner

തത്വവും അല്ലാത്തപ്പോഠം അവയുടെ വ്യാപനതത്വവുമായിരിക്കണം നാം സ്വീകരിക്കേണ്ടതു്. ക്യാമ്പെയിനുകളിലെ നേതൃത്വങ്ങളുടെ ബന്ധത്തെ ക്കുറിച്ചാണെങ്കിൽ, ആദ്യത്തേതിൽ കേന്ദ്രീകൃത നേതൃത്വവും രണ്ടാമത്തേ തിൽ വികേന്ദ്രീകൃത നേതൃത്വവുമായിരിക്കും നാം പ്രയോഗിക്കുക. ജപ്പാ നെതിരായ ചെറുത്തുനില്പുയുദ്ധത്തിൽ യുദ്ധരംഗത്തെ പ്രവത്തനങ്ങാംക്കു ള്ള അടിസ്ഥാന തത്വങ്ങളാണിവ.

## ശത്രുവിന്റെ പിശകുകളിൽനിന്ന് മുതലെടുക്കാനുള്ള സാദ്ധ്യതകൾ

105. ജപ്പാനെ പരാജയപ്പെടുത്താനുള്ള സാദ്ധ്യതയ്ക്ക് ശത്രുനേതൃ ത്വംതന്നെ ചില അടിസ്ഥാനങ്ങഠം നൽകുന്നു. അജയ്യനായ ഒരു ജനറൽ ചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ല. നമുക്ക് പിശകുകളെ ഒഴിവാക്കുക ബുദ്ധിമുട്ടായിരിക്കുന്നതുപോലെതന്നെ ശത്രുവും പിശകുകഠം വരുത്തുന്നു. അതുകൊണ്ടു് ശത്രുവിന്റെ പിശകുകളെ ചൂഷണം ചെയ്യാനുള്ള സാദ്ധ്യത നിലനില്ക്കുന്നു. പത്തുമാസത്തെ കടന്നാക്രമണയുദ്ധത്തിനിടയ്ക്ക് തന്ത്ര ത്തിലും അടവുകളിലും ശത്രു ധാരാളം പിശകുകഠം വരുത്തിയിട്ടുണ്ടു്. അവ യിൽ പ്രധാനപ്പെട്ട അഞ്ചെണ്ണം താഴെ കൊടുക്കുന്നു.

ഒന്നാമതായി, കുറേശ്ശെയായ ബലപ്പെടുത്തൽ. ഇതു് ശത്രു ചൈന യെ വിലകുറച്ചു കണ്ടതുകൊണ്ടും അവരുടെ സൈനിക സംഖ്യയുടെ അപ ര്യാപ്തതകൊണ്ടും ഉണ്ടായതാണു്. ശത്രു എന്നും നമ്മെ താഴെ നില്ക്കുന്നതാ യേ കണ്ടുള്ളു. നാലു വടക്കുകിഴക്കൻ പ്രവിശ്യകളും വലിയ ബുദ്ധിമുട്ടി ല്ലാതെ പിടിച്ചെടുത്തതിനുശേഷം, തന്ത്രപരമായ സൈനിക പരിശോധന യിലൂടെ കിഴക്കൻ ഹോപെയും വടക്കൻ ചഹാറും അവർ കീഴടക്കി. ചൈനീസ് രാഷ്ട്രം ഇളകിയ മണലിന്റെ ഒരു കൂനയാണെന്ന നിഗമന ത്തിലാണു് ശത്രു എത്തി ചേർന്നതു്. ഒരൊററ അടിക്കു് ചൈന തകർന്നു വീഴുമെന്നു കരുതിക്കൊണ്ടു്, ചെറുസൈന്യങ്ങളെക്കൊണ്ടു് നമ്മെ ഭയപ്പെ ടുത്തി വിരട്ടിയോടിക്കാൻ ശ്രമിക്കുന്ന ഒരു ''ദ്രുതനിർണ്ണയന'' പദ്ധതി ക്കു് ശത്രു രൂപംകൊടുത്തു. കഴിഞ്ഞ പത്തു മാസക്കാലത്തു് ചൈന പ്രദർ ശിപ്പിച്ച മഹത്തായ ഐക്യവും അത്യധികമായ ചെറുത്തുനില്പുശേഷിയും അവർക്കു് അപ്രതീക്ഷിതമായിരുന്നു. ചൈന പുരോഗതിയുടേതായ ഒരു യുഗത്തിലേക്കു് പ്രവേശിച്ചു കഴിഞ്ഞുവെന്നും, ചൈനയിൽ വളർച്ച പ്രാ പിക്കുന്ന ഒരു പാർട്ടിയും വികസിച്ച ഒരു സൈന്യവും മുന്നേറുന്ന ഒരു ജന തയും നിലനില്ക്കുന്നുണ്ടെന്നും ശത്രു മറന്നു. തിരിച്ചടികളെ നേരിട്ടപ്പോഠം തന്റെ സൈന്യശക്തിയെ 12 ഡിവിഷനുകളിൽനിന്നു് 30 ഡിവിഷനു കളായി കുറേശെയായി ശത്രു വർദ്ധിപ്പിച്ചു. ശത്രു മുന്നേറാൻ ആഗ്രഹിക്കു ന്നുണ്ടെങ്കിൽ അവർക്കു് സ്വന്തം സൈന്യശേഷി കൂടുതൽ വർദ്ധിപ്പിക്കേ ണ്ടിയിരുന്നു. എന്നാൽ സോവിയററ് യൂണിയനോടുള്ള ജപ്പാന്റെ ശത്രു തയും മനുഷ്യശക്തിയിലും സാമ്പത്തിക സ്ഥിതിയിലും അവർക്കുള്ള സ ഹജമായ പരിമിതികളും മൂലം ജപ്പാനു് നിയോഗിക്കാവുന്ന പരമാവധി സൈനികരുടെ എണ്ണത്തിനു് അനിവാര്യമായ പരിമിതികളുണ്ടു്. അതു കൊണ്ടുതന്നെ മുന്നേററത്തിന്റെ പരമാവധി വികാസത്തിലും ഈ പരിമി തികളുണ്ടു്.

Scanned by CamScanner

രണ്ടാമതായി, ആക്രമണത്തിന്റെ മുഖ്യദിശയുടെ അഭാവം. തായിർചാങ്ങ് ക്യാമ്പെയിനുമുമ്പ് ശത്രു തന്റെ സൈന്യത്തെ വടക്കൻചൈനയിലും മദ്ധ്യചൈനയിലും ഏറെക്കുറെ സമമായി വീതിച്ചു. ഈ മേഖലകളിലോരോന്നിലും അവയെ വീണ്ടും വിഭജിച്ചു. ഉദാഹരണത്തിന് വടക്കൻ ചൈനയിൽ അവർ തങ്ങളുടെ സൈന്യത്തെ ടിയൻസിൻ–പുക്കൌ, പെയ്പിങ്ങ്–ഹാൻകൌ, ടാററുങ്ങ്–പുച്ചൌ റെയിൽവേകൾക്കിടയിൽ വിഭജിച്ചു നിർത്തി. ഈ നിരകളിലോരോന്നിലും ചില തിരിച്ചടികൾ ലഭിച്ചതിനെ തുടർന്ന് പിടിച്ചെടുത്ത പ്രദേശങ്ങളിലെ ചില കാവൽതാവളങ്ങളെ അവർ ഉപേക്ഷിച്ചുപോയി. അതിനുശേഷം കൂടുതൽ മുന്നേററത്തിനുവേണ്ടിയുള്ള സേനകൾ അവർക്കുണ്ടായിരുന്നില്ല. തായിർചാങ്ങ് പരാജയത്തിനുശേഷം അതിൽനിന്ന് പാഠംപഠിച്ച ശത്രു തന്റെ മുഖ്യസേനകളെ സൂച്ചൌ ദിശയിൽ കേന്ദ്രീകരിച്ചു, അങ്ങനെ താല്ക്കാലികമായി ഈ തെററു തിരുത്തി.

മൂന്നാമതായി, തന്ത്രപരമായ ഏകോപനത്തിന്റെ അഭാവംമൊത്തത്തിലെടുത്താൽ വടക്കൻ ചൈനയിലും മദ്ധ്യചൈനയിലുമുള്ള ശത്രു സൈന്യത്തിന്റെ ഗ്രൂപ്പുകൾക്കിടയിൽ ഏകോപനം നിലനില്ക്കുന്നുണ്ട്. എന്നാൽ ഈ രണ്ടു വിഭാഗങ്ങൾക്കുമിടയിലുള്ള ഏകോപനത്തിന്റെ അഭാവം ഏറെ വ്യക്തമാണ്. ടിയൻസിൻ–പുക്കൌ റെയിൽവേയുടെ തെക്കൻ വിഭാഗത്തിലുള്ള ശത്രുസൈന്യം ഹ്സിയാവോ പെങ്പു ആക്രമിച്ചപ്പോൾ വടക്കൻ വിഭാഗത്തിലുള്ളവർ അനങ്ങിയതേയില്ല. വടക്കു ഭാഗത്തെ സൈന്യം ടെയ്ചാങ്ങ് ആക്രമിച്ചപ്പോൾ തെക്കൻ വിഭാഗത്തിലുള്ളവരും അനങ്ങിയില്ല. ശത്രു രണ്ടുഭാഗത്തും പരാജയമടഞ്ഞപ്പോൾ ജപ്പാന്റെ യുദ്ധകാര്യമന്ത്രി ഒരു പരിശോധനാ പര്യടനത്തിനായെത്തി. ജനറൽ സ്റ്റാഫിന്റെ തലവൻ ചാർജ്ജെടുത്തു. അപ്പോൾ ഒരു നിമിഷത്തേക്കു് അവിടെ ഏകോപനമുള്ളതായി തോന്നിച്ചു. ജപ്പാനിലെ ഭൂപ്രഭു വർഗ്ഗത്തിനും ബൂർഷ്വാസിക്കും യുദ്ധപ്രഭുക്കന്മാർക്കുമിടയിൽ വളരെ ഗുരുതരമായ ആഭ്യന്തരവൈരുദ്ധ്യങ്ങളുണ്ട്. അതു് വളർന്നുകൊണ്ടിരിക്കുകയാണ്. സൈനിക ഏകോപനത്തിന്റെ അഭാവം ഈ വസ്തുതയുടെ പ്രത്യക്ഷ പ്രകടനങ്ങളിലൊന്നാണ്.

നാലാമതായി, തന്ത്രപരമായ അവസരങ്ങളെ മനസ്സിലാക്കുന്നതിലുള്ള പരാജയം. നാങ്കിങ്ങും തായ്യുവാനും പിടിച്ചെടുത്തതിനുശേഷം ശത്രുവിന് മുന്നോട്ടുനീങ്ങാൻ കഴിയാതെ പോയതു് ഈ പരാജയത്തിന്റെ പ്രകടമായ ഉദാഹരണമായിരുന്നു. ശത്രുവിന്റെ സൈനികശക്തിയിലുള്ള പരിമിതിയും തന്ത്രപരമായി പിൻതുടരാനുള്ള സേനയുടെ അഭാവവുമായിരുന്നു ഇതിനു കാരണം.

അഞ്ചാമതായി, വൻവിഭാഗങ്ങളെ വലയംചെയ്യുമെങ്കിലും ചെറുസംഖ്യ വരുന്നവരെ മാത്രം ഉന്മൂലനംചെയ്യൽ. തായിർചാങ്ങ് ക്യാമ്പെയിനുമുമ്പ് ഷാങ്ങ്ഹായ്, നാങ്കിങ്ങ്, ട്സാങ്ങ് ചൌ, പാങ്ടിങ്ങ്, നാൻകൌ, ലിൻഫെൻ ക്യാമ്പയിനുകളിൽ ധാരാളം ചൈനീസ് സൈനികർ പരാജയപ്പെട്ടു പരക്കംപാഞ്ഞു. എന്നാൽ കുറച്ചു പേരെ മാത്രമേ അവർക്കു തടവുകാരായി പിടിക്കാൻ കഴിഞ്ഞുള്ളു. ഇതു് ശത്രുനേതൃത്വത്തിന്റെ മഠയത്തരത്തെ കാണിക്കുന്നു.

ഈ അഞ്ചു പിശകുകളും—കുറേശെയായ ബലപ്പെടുത്തൽ, ആക്രമണത്തിന്റെ മുഖ്യദിശയുടെ അഭാവം, തന്ത്രപരമായ ഏകോപനത്തിന്റെ അഭാവം, അവസരങ്ങളെ മനസ്സിലാക്കുന്നതിലുള്ള പരാജയം, വൻവിഭാഗങ്ങളെ വലയം ചെയ്യലും ചെറുസംഖ്യ വരുന്നവരെമാത്രം ഉന്മൂലനംചെ

Scanned by CamScanner

ശ്യല്പം—തായിർചാങ് ക്യാമ്പെയിനുമുമ്പ് ജാപ്പനീസ് സൈന്യനേതൃത്വത്തിലുണ്ടായിരുന്ന അയോഗ്യതയുടെ പ്രശ്നങ്ങളാണ് ഇവ. അതിനുശേഷം ശത്രു ചില കാര്യങ്ങളിൽ പുരോഗതി നേടിയിട്ടുണ്ടെങ്കിലും തന്റെ തെറ്റുകളെ ആവർത്തിക്കാതിരിക്കാനുള്ള കഴിവ് ഇപ്പോഴും അവർക്കില്ല. സൈനിക സംഖ്യയിലുള്ള കുറവ്, സ്വന്തം ആന്തരിക വൈരുദ്ധ്യങ്ങൾ, മററു ഘടകങ്ങൾ എന്നിവയാണതിനു കാരണം. ഇതിനും പുറമെ ഒരിടത്തു് നേടുന്നതു് ശത്രു മറെറാരിടത്തു് നഷ്ടപ്പെടുത്തുന്നു. ഉദാഹരണത്തിനു് ശത്രു വടക്കൻ ചൈനയിലെ സൈന്യത്തെ സൂച്ചൌവിൽ കേന്ദ്രീകരിച്ചപ്പോൾ അവിടത്തെ അധീനപ്രദേശങ്ങളിൽ അവർ വലിയ ഒരു ശൂന്യതയുണ്ടാക്കി. ഇതുകൊണ്ടു് ഗറില്ലായുദ്ധം വികസിപ്പിക്കാൻ നമുക്കു് പൂർണ്ണമായ അവസരം ലഭിച്ചു. ഈ പിശകുകൾ ശത്രു സ്വയം വരുത്തിവച്ചതാണ്, അല്ലാതെ നാം ചെലുത്തിയതല്ല. നമുക്കാണെങ്കിൽ ബോധപൂർവ്വം ശത്രുവിനെക്കൊണ്ടു് തെററുകൾ ചെയ്യിക്കാൻ കഴിയും. നന്നായി സംഘടിപ്പിക്കപ്പെട്ട പ്രാദേശിക ജനങ്ങളുടെ സഹായത്തോടെ നടത്തുന്ന സമർത്ഥവും ഫലപ്രദവുമായ നീക്കങ്ങൾവഴി ശത്രുവിനെ ഉദ്ദേശിച്ച സ്ഥാനത്തേക്കു് തെററായി നയിക്കാനും ഉപായത്തിൽ കുടുക്കാനും കഴിയും. ഉദാഹരണമായി ''കിഴക്കുഭാഗത്തു് ആക്രമിക്കുന്നതായി നടിച്ചുകൊണ്ടു് പടിഞ്ഞാറുഭാഗത്തു് ആക്രമിക്കു''വാൻ കഴിയും. ഈ സാദ്ധ്യത നാം നേരത്തെ ചർച്ച ചെയ്തതാണ്. ശത്രുവിന്റെ നേതൃനിരയിൽപോലും നമുക്കു് വിജയത്തിനു് ചില അടിസ്ഥാനങ്ങൾ കാണാൻ കഴിയുമെന്നാണ് ഇതെല്ലാം കാണിക്കുന്നതു്. തീർച്ചയായും നമ്മുടെ തന്ത്രപരമായ ആസൂത്രണത്തിനു് ഒരു പ്രധാന അടിസ്ഥാനമായി നാമിതിനെ കണക്കാക്കാൻ പാടില്ല. നേരെ മറിച്ചു് ശത്രു വളരെക്കുറച്ചു് തെററുകൾ മാത്രമേ വരുത്തൂ എന്ന ധാരണയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് ആസൂത്രണം നിർവ്വഹിക്കുന്നതായിരിക്കും ഏറെ വിശ്വസനീയം. മാത്രമല്ല, ശത്രുവിന്റെ തെററുകളിൽനിന്നു് നാം മുതലെടുക്കുന്നതുപോലെതന്നെ നമ്മുടെ തെററുകളിൽനിന്നു് ശത്രുവിനും മുതലെടുക്കാൻ കഴിയും. ശത്രുവിനു് അത്തരം അവസരങ്ങൾ ഏററവും കുറവു മാത്രമേ നൽകാവൂ എന്നതു് നമ്മുടെ സൈനിക നേതൃത്വത്തിന്റെ കടമയാണ്. വാസ്തവത്തിൽ ശത്രു നേതൃത്വം പിശകുകൾ വരുത്തിയിട്ടുണ്ടു്. ഭാവിയിലും അവർ തെററുകൾ വരുത്തും. നമ്മുടെ പ്രയത്നഫലമായി അവർക്കങ്ങനെ വരുത്തുകയും ചെയ്യാം. ഈ തെററുകളെയെല്ലാം നമുക്കുപയോഗപ്പെടുത്താൻ കഴിയും. അവയെ പരമാവധി ഉപയോഗപ്പെടുത്തുന്നതു് ചെറുത്തുനില്പു യുദ്ധത്തിലെ നമ്മുടെ ജനറൽമാരുടെ കടമക്കൂടിയാണ്. ശത്രുവിന്റെ തന്ത്രപരവും ക്യാമ്പെയിനടിസ്ഥാനത്തിലുള്ളതുമായ നേതൃത്വത്തിലേറെയും അയോഗ്യമാണെങ്കിലും അവരുടെ പോരാട്ടനേതൃത്വത്തിൽ ചില മികച്ച കാര്യങ്ങളുണ്ടു്. അതു് ഘടകങ്ങളുടേയും ചെറിയ അണികളുടേയും അടിസ്ഥാനത്തിലുള്ള അടവുകളാണ്. ഈ കാര്യങ്ങൾ നാം അവരിൽനിന്നും പഠിക്കേണ്ടിയിരിക്കുന്നു.

•

## ജാപ്പുവിരുദ്ധ യുദ്ധത്തിൽ നിർണ്ണായക ഏററുമുട്ടലുകളുടെ പ്രശ്നം

106. ജാപ്പവിരുദ്ധ യുദ്ധത്തിൽ നിർണ്ണായക ഏററുമുട്ടലുകളുടെ പ്രശ്നത്തെ മൂന്നു വശങ്ങളിൽനിന്നും സമീപിക്കേണ്ടതുണ്ടു്. നമുക്കു് വിജയം ഉറപ്പുള്ള ക്യാമ്പെയിനിലോ പോരാട്ടത്തിലോ നാം ദൃഢനിശ്ചയത്തോ

Scanned by CamScanner

ടെ നിർണ്ണായകമായ ഏറ്റുമുട്ടലിലേർപ്പെടണം. വിജയത്തെക്കുറിച്ച് ഉറപ്പില്ലാത്ത ഒരു ക്യാമ്പെയിനിലോ പോരാട്ടത്തിലോ നിർണ്ണായകമായ ഏറ്റുമുട്ടൽ നാം ഒഴിവാക്കണം. മുഴുവൻ രാഷ്ട്രത്തിന്റേയും വിധിയുമായി ബന്ധപ്പെട്ടു കിടക്കുന്ന തന്ത്രപരമായി നിർണ്ണായകമായ ഒരു പോരാട്ടം നാം നിശ്ചയമായും ഒഴിവാക്കണം. മററു നിരവധി യുദ്ധങ്ങളിൽനിന്ന് നമ്മുടെ ജാപ്പവിരുദ്ധ ചെറുത്തുനില്പു യുദ്ധത്തെ വ്യത്യസ്തമാക്കുന്ന സവിശേഷതകൾ നിർണ്ണായകമായ ഏററുമുട്ടലുകളുടെ ഈ പ്രശ്നത്തിൽ വെളിവാകുന്നുണ്ട്. ശത്രുവിന്റെ ശക്തിയും നമ്മുടെ ദൗർബ്ബല്യവും യുദ്ധത്തിന്റെ ഒന്നും രണ്ടും ഘട്ടങ്ങളുടെ മുഖമുദ്രയായിരുന്നപ്പോൾ, ഒരു നിർണ്ണായക ഏററുമുട്ടലിൽ നമ്മുടെ മുഖ്യ ശക്തികളെ കേന്ദ്രീകരിപ്പിക്കുക എന്നതായിരുന്നു ശത്രുവിന്റെ ലക്ഷ്യം. നമ്മുടെ ലക്ഷ്യമാകട്ടെ നേരെ എതിരായിരുന്നു. നമുക്കനുകൂലമായ സാഹചര്യങ്ങൾ തെരഞ്ഞെടുക്കാനും പ്രബല സൈന്യത്തെ കേന്ദ്രീകരിക്കാനും വിജയം ഉറപ്പുള്ളപ്പോൾ മാത്രം നിർണ്ണായകമായ ഏററുമുട്ടലുകളിലേർപ്പെടാനുമാണ് നാം ആഗ്രഹിച്ചത്. പിങ്ങ്സിങ്ങ് കുവാനിലേയും തായിർചാങിലേയും മററു സ്ഥലങ്ങളിലേയും പോരാട്ടങ്ങൾ ഇതിനുദാഹരണങ്ങളാണ്. വിജയത്തെക്കുറിച്ച് ഉറപ്പില്ലാത്ത പ്രതികൂല സാഹചര്യങ്ങളിൽ നിർണ്ണായകമായ പോരാട്ടങ്ങൾ ഒഴിവാക്കാനാണ് നാമാഗ്രഹിക്കുന്നത്. ചാങ്ടേയിലേയും മററും ക്യാമ്പയിനുകളിൽ ഇതാണ് നാം ചെയ്തത്. മുഴുവൻ രാഷ്ട്രത്തിന്റേയും ഭാഗധേയവുമായി ബന്ധപ്പെട്ട തന്ത്രപരമായി നിർണ്ണായകമായ ഏററുമുട്ടലുകളുടെ കാര്യത്തിൽ, അടുത്ത കാലത്ത് സൂച്ചൌവിൽ ചെയ്തതുപോലെ നാം വെറുതെ പിൻവാങ്ങുന്നു. അങ്ങനെ 'ദ്രുതനിർണ്ണയന'ത്തിനായുള്ള ശത്രുവിന്റെ പദ്ധതി പരാജയപ്പെട്ടു. ഇപ്പോൾ നമ്മളുമായി ഒരു സുദീർഘ യുദ്ധം നടത്തുന്നതിൽനിന്ന് വിട്ടുനില്ക്കാൻ ശത്രുവിന് കഴിയില്ല. ഒരു ചെറിയ ഭൂപ്രദേശം മാത്രമുള്ള രാജ്യത്തെ സംബന്ധിച്ചേടത്തോളം ഈ തത്വങ്ങൾ അപ്രായോഗികമാണ്. രാഷ്ട്രീയമായി വളരെയേറെ പിന്നണിയിൽകിടക്കുന്ന രാജ്യത്ത് അവ പ്രായോഗികമാവാൻ വളരെ ബുദ്ധിമുട്ടാണ്. ചൈന ഒരു വലിയ രാജ്യമായതുകൊണ്ടും അത് പുരോഗതിയുടെ യുഗത്തിലായതുകൊണ്ടുമാണ് അവ ഇവിടെ പ്രായോഗികമായിരിക്കുന്നത്. തന്ത്രപരമായി നിർണ്ണായകമായ ഏററുമുട്ടലുകൾ ഒഴിവാക്കിയാൽ 'പച്ചപിടിച്ച മലകളുള്ളിടത്തോളംകാലം വിറകിനെക്കുറിച്ച് ഒരാൾക്ക് ദുഃഖിക്കേണ്ടതില്ല.' നമ്മുടെ ഭൂഭാഗങ്ങളിൽ ചിലത് നഷ്ടപ്പെട്ടാൽപ്പോലും, കൗശലങ്ങൾ പ്രയോഗിക്കാനും ആഭ്യന്തരപുരോഗതിയും അന്തർദേശീയ പിന്തുണയും, ശത്രുവിന്റെ ആന്തരിക ജീർണ്ണതയും വർദ്ധിപ്പിക്കാനും അതുവരെ കാത്തിരിക്കാനും നമുക്ക കഴിയും. ജാപ്പവിരുദ്ധ യുദ്ധത്തിൽ നമ്മുടെ ഏററവും നല്ല നയം അതാണ്. ഒരു സുദീർഘയുദ്ധത്തിന്റെ ദുഷ്കരമായ പരീക്ഷണങ്ങളെ നേരിടാൻ തയ്യാറില്ലാത്ത, ഒരു എളുപ്പ വിജയത്തിനുവേണ്ടി ഉൽക്കണ്ഠപ്പെടുന്ന ദ്രുതവിജയത്തിന്റെ അമിതോത്സാഹം കാട്ടുന്ന സൈദ്ധാന്തികർ, സാഹചര്യത്തിൽ അല്പം ചില അനുകൂലചലനങ്ങളുണ്ടാവുമ്പോൾ, തന്ത്രപരമായി നിർണ്ണായകമായ ഏററുമുട്ടലുകളിലേർപ്പെടാൻ ബഹളം വയ്ക്കുന്നു. അവരാഗ്രഹിക്കുന്നത് ചെയ്യുക എന്നുവച്ചാൽ മുഴുവൻ യുദ്ധത്തിനും കണക്കുകൂട്ടാനാവാത്തത്ര ദോഷം വരുത്തുക എന്നായിരിക്കും അർത്ഥം; സുദീർഘ യുദ്ധത്തെ അവസാനിപ്പിക്കുക എന്നായിരിക്കും അർത്ഥം; ശത്രുവിന്റെ അങ്ങേയററം അപകടകരമായ കെണിയിൽ കുടുങ്ങുക എന്നായിരിക്കും അർത്ഥം; വാസ്തവത്തിൽ അത് ഏററവും മോശപ്പെട്ട നയമായിരിക്കും. നിർണ്ണായകമായ ഏററുമുട്ടലുകൾ ഒഴിവാക്കണമെങ്കിൽ നിശ്ചയമായും നമുക്ക് ഭൂപ്രദേശങ്ങൾ കൈയൊഴി

Scanned by CamScanner

ക്കേണ്ടിവരും. അതു് പൂർണ്ണമായും ഒഴിവാക്കാനാവാതെ വരുമ്പോൾ (അപ്പോൾ മാത്രം) അങ്ങനെ ചെയ്യാനുള്ള ധൈര്യം നമുക്കുണ്ടായിരിക്കണം. അത്തരം സമയങ്ങളിൽ നമുക്ക് അല്പംപോലും ഖേദമുണ്ടായിക്കൂടാ. കാരണം സ്ഥലത്തിനുവേണ്ടി സമയം കൈമാറുന്ന ഈ നയം ശരിയാണ്. റഷ്യ എങ്ങനെയാണ് ഒരു നിർണ്ണായക ഏറ്റുമുട്ടലിൽനിന്നു് ധീരമായി പിന്മാറിയതെന്നും അതേത്തുടർന്നു് സ്വന്തം കാലഘട്ടത്തിലെ ഭീകരതയായിരുന്ന നെപ്പോളിയനെ എങ്ങനെ പരാജയപ്പെടുത്തി എന്നും ചരിത്രം പറയുന്നു. ഇന്നു് ചൈനയും അപ്രകാരം ചെയ്യണം.

107. 'ചെറുത്തുനില്പാത്തവർ' എന്ന പേരിൽ നിന്ദിക്കപ്പെടുന്നതിനേക്കുറിച്ച് ഭയപ്പെടാത്തവരല്ലേ നാം? അല്ല, നാം അങ്ങനെയല്ല, യുദ്ധം ചെയ്യാതിരിക്കുകയും ശത്രുവുമായി ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്യുന്നതാണ് ചെറുത്തുനില്പാതിരിക്കൽ. അതു് നിന്ദിക്കപ്പെടുക മാത്രമല്ല ഒരിക്കലും വച്ചു പൊറുപ്പിക്കാൻപോലും പാടില്ല. നാം ചെറുത്തുനില്പു യുദ്ധത്തിൽ ദൃഢമായി പോരാടും. എന്നാൽ ശത്രുവിന്റെ അപായകരമായ കെണികളെ ഒഴിവാക്കാനും നാം പോരാടും. ഒരൊററ അടിക്കു് നമ്മുടെ മുഖ്യ സൈന്യം തകർന്നുപോകാതിരിക്കണമെങ്കിൽ അതാവശ്യമാണ്. അങ്ങനെ സംഭവിച്ചാൽ ചെറുത്തുനില്പുയുദ്ധം തുടർന്നുകൊണ്ടുപോവുക വിഷമകരമാവും. ചുരുക്കത്തിൽ ദേശീയമായ കീഴടങ്ങൽ ഒഴിവാക്കണമെങ്കിൽ അതു് തീർച്ചയായും ആവശ്യമാണ്. ഇക്കാര്യത്തെക്കുറിച്ച് സംശയിക്കുക എന്നുവച്ചാൽ യുദ്ധത്തിന്റെ പ്രശ്നത്തിൽ ഹ്രസ്വദൃഷ്ടിയാവുക എന്നും കീഴടങ്ങൽ വാദിയായി മാറുക എന്നുമാണർത്ഥം. 'മുന്നേററം മാത്രം മതി ഒരിക്കലും പിന്മാററരുതു്' എന്ന സാഹസികമായ ലക്ഷ്യം ലഗാനുമില്ലായ്മയെ നാം വിമർശിച്ചതു് എന്തുകൊണ്ടെന്നാൽ, അതാണ് മാതൃകയായി തീരുന്നതെങ്കിൽ അതു് ചെറുത്തുനില്പുയുദ്ധത്തെ അസാധ്യമാക്കിത്തീർക്കും. ആത്യന്തികമായ ദേശീയ കീഴടങ്ങലിലേക്കായിരിക്കും അതു് നയിക്കുക.

108. പോരാട്ടങ്ങളിലായാലും വലുതോ ചെറുതോ ആയ ക്യാമ്പെയിനുകളിലായാലും സാഹചര്യങ്ങൾ അനുകൂലമാവുമ്പോഴെല്ലാം നിർണ്ണായകമായ ഏറ്റുമുട്ടലുകളിലേർപ്പെടണമെന്നതന്നെയാണ് നമ്മുടെ അഭിപ്രായം. ഇക്കാര്യത്തിൽ നാമൊരിക്കലും നിഷ്ക്രിയത്വത്തെ വച്ചുപൊറുപ്പിച്ചുകൂടാ. അത്തരം നിർണ്ണായകമായ ഏറ്റുമുട്ടലുകളിലൂടെ മാത്രമേ, ശത്രുസൈന്യത്തെ ഉന്മൂലനം ചെയ്യുക, ക്ഷീണിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ നമുക്ക നേടാനാവൂ. ജാപ്പവിരുദ്ധ യുദ്ധത്തിലെ ഓരോ പടയാളിയും തന്റെ പങ്കു് ദൃഢമായിതന്നെ നിർവഹിക്കണം. ഈ കാര്യത്തിനു് ഗണ്യമായ ഭൗതിക ത്യാഗങ്ങൾ ആവശ്യമാണ്. ഏതുതരം ത്യാഗത്തേയും ഒഴിവാക്കുക എന്നതു് ജപ്പാനെക്കുറിച്ചുള്ള ഭയം കടന്നുകൂടിയിട്ടുള്ള ഭീരുക്കളുടെ മനസ്ഥിതിയാണ്; അതു് ദൃഢമായിത്തന്നെ എതിർക്കപ്പെടേണ്ടതാണ്. ലി ഫു യിങ്ങ് ഹാൻഫു-ച്യു തുടങ്ങിയ പലായനവാദികളെ വധിച്ചതു് നീതിയുക്തമാണ്. യുദ്ധം ചെയ്യാനുള്ള ആവേശത്തേയും ധീരോദാത്തമായ ആത്മത്യാഗത്തേയും പോരാട്ടങ്ങളിൽ നിർഭീതമായ മുന്നേററത്തേയും പ്രോത്സാഹിപ്പിക്കേണ്ടതു് യുദ്ധത്തിന്റെ ശരിയായ ആസൂത്രണത്തിൽ അത്യാവശ്യമായും ഉൾപ്പെട്ടിരിക്കണം. സുദീർഘ യുദ്ധവും ആത്യന്തിക വിജയവുമായി അതിനു് അഭേദ്യമായ ബന്ധമുണ്ട്. 'പിന്മാററം മാത്രം മതി, ഒരിക്കലും മുന്നേററരുതു്' എന്ന പലായനവാദവീക്ഷണത്തെ നാം അതിശക്തമായി അപലപിക്കുകയും, കർശനമായ അച്ചടക്കത്തെ പിൻതാങ്ങുകയും ചെയ്തിട്ടുണ്ട്. കാരണം ശരിയായ പദ്ധതിയനുസരിച്ചുള്ള,

Scanned by CamScanner

ധീരോദാത്തമായ നിർണ്ണായക ഏററുമുട്ടലുകളിലൂടെ മാത്രമേ ശക്തനായ ശത്രുവിനെ നമുക്കു പരാജയപ്പെടുത്താനാവൂ. നേരെ മറിച്ച് പലായനവാദമാകട്ടെ, ദേശീയ കീഴടങ്ങൽ സിദ്ധാന്തത്തെ നേരിട്ട് പിന്തുണക്കുന്നു.

109. ആദ്യം ധീരമായി പോരാടണമെന്നും പിന്നീട് ഭൂപ്രദേശം കൈയൊഴിയണമെന്നും പറയുന്നത് പരസ്പരവിരുദ്ധമല്ലേ? ധീരരായ നമ്മുടെ പോരാളികൾ വൃഥാ രക്തമൊഴുക്കേണ്ടിവരില്ലേ? പ്രശ്നങ്ങൾ ഉന്നയിക്കേണ്ട രീതി അതല്ല. ഭക്ഷണം കഴിക്കുകയും പിന്നീട് ഉദരം ശൂന്യമാക്കുകയും ചെയ്യുക—അപ്പോൾ ഭക്ഷണം കഴിക്കുന്നത് നിഷ്ഫലമാകില്ലേ? ഇത്തരത്തിൽ പ്രശ്നങ്ങൾ ഉന്നയിക്കാമോ? ആവില്ലെന്നാണ് ഞാൻ കരുതുന്നത്. തിന്നുകൊണ്ടിരിക്കുക, ഉറങ്ങിക്കൊണ്ടിരിക്കുക, യാലുനദി വരെ ഒരു വിരാമവുമില്ലാതെ ധീരമായി പൊരുതിക്കൊണ്ടേയിരിക്കുക, ഇതെല്ലാം ആത്മനിഷ്ഠവും രൂപപരവുമായ മിഥ്യകളാണ്; ജീവിതത്തിലെ യാഥാർത്ഥ്യങ്ങളല്ല. എല്ലാവർക്കുമറിയാവുന്നതുപോലെ, സമയം നേടാനും പ്രത്യാക്രമണത്തിനു തയ്യാറെടുക്കാനും വേണ്ടിയുള്ള പോരാട്ടത്തിനും രക്തച്ചൊരിച്ചിലിനുമിടയ്ക്കു് കുറച്ചു ഭൂപ്രദേശം നമുക്ക് കൈയൊഴിക്കേണ്ടിവരുമെങ്കിലും, വാസ്തവത്തിൽ നാം സമയം നേടുന്നുണ്ട്, ശത്രുസൈന്യത്തെ ഉന്മൂലനം ചെയ്യുകയും ശുഷ്കമാക്കുകയും ചെയ്യുക എന്ന ലക്ഷ്യം നേടുന്നുണ്ട്, ഇതുവരേക്കും നിഷ്ക്രിയരായിരുന്ന ജനങ്ങളെ ഉണർത്തുന്നുണ്ട്, നമ്മുടെ സാർവ്വദേശീയനില മെച്ചപ്പെടുത്തുന്നുമുണ്ട്. നമ്മുടെ രക്തം ചൊരിഞ്ഞതു് വൃഥാവിലായോ? തീർച്ചയായുമില്ല: ഭൂപ്രദേശം ഉപേക്ഷിക്കപ്പെട്ടതു് നമ്മുടെ സൈനികശക്തിയെ സംരക്ഷിക്കാനാണ്, അതു നിശ്ചയമായും ഭൂപ്രദേശത്തെ സംരക്ഷിക്കുവാൻ കൂടിയാണ്. കാരണം സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോൾ നമ്മുടെ ഭൂപ്രദേശത്തിന്റെ ഒരു ഭാഗം നാം ഉപേക്ഷിക്കുന്നില്ലെങ്കിൽ, പകരം വിജയത്തെക്കുറിച്ച് നേരിയൊരുറപ്പുപോലുമില്ലാതെ നിർണ്ണായകമായ ഒരേററുമുട്ടലിൽ കണ്ണടച്ച് ഏർപ്പെടുകയാണെങ്കിൽ, നമുക്ക് നമ്മുടെ സൈന്യശക്തി നഷ്ടപ്പെടും. നമ്മുടെ മുഴുവൻ പ്രദേശവും നഷ്ടപ്പെടുന്നതിനെ തടയാൻ നമ്മൾ അപ്രാപ്തരാകും. നേരത്തെ നഷ്ടപ്പെട്ട പ്രദേശങ്ങൾ തിരിച്ചുപിടിക്കുന്ന കാര്യം പറയാനുമില്ല. ഒരു മുതലാളിക്കു് തന്റെ ബിസ്സിനസ്സ് നടത്താൻ മൂലധനം വേണം. അതു മുഴുവൻ നഷ്ടപ്പെടുകയാണെങ്കിൽപിന്നെ അയാളൊരു മുതലാളിയല്ല. ഒരു ചൂതാട്ടക്കാരനുപോലും പന്തയംവെക്കാൻ പണം വേണം. ഒരൊററ കളിയിൽതന്നെ അയാൾ അതെല്ലാം പന്തയംകെട്ടുകയും അയാളുടെ ഭാഗ്യം പരാജയപ്പെടുകയുമാണെങ്കിൽ അയാൾക്കു പിന്നെ ചൂതാടാനാവില്ല. സംഭവങ്ങൾക്ക് അവയുടേതായ വളവുതിരിവുകളുണ്ട്. അവ എല്ലായ്പോഴും ഋജുരേഖയിലല്ല സംഭവിക്കുന്നത്. യുദ്ധവും അതിനൊരപവാദമല്ല. കർക്കശന്മാർക്കു മാത്രമേ ഈ സത്യത്തെ ഉൾക്കൊള്ളാൻ കഴിയാതെ വരൂ.

110. തന്ത്രപരമായ പ്രത്യാക്രമണത്തിന്റെ ഘട്ടത്തിലെ നിർണ്ണായകമായ ഏററുമുട്ടലുകളിലും ഇതു സത്യമായിരിക്കുമെന്നു ഞാൻ കരുതുന്നു. അപ്പോഴേക്കും ശത്രു താഴ്ന്ന നിലയിലും നമ്മൾ ഉയർന്ന നിലയിലും എത്തിയിട്ടുണ്ടാകും. എങ്കിലും ''നിർണ്ണായകമായ ഏററുമുട്ടലുകളിൽ ലാഭകരമായതിൽ മാത്രം ഏർപ്പെടുകയും അങ്ങനെയല്ലാത്തതു് ഒഴിവാക്കുകയും ചെയ്യുക'' എന്ന തത്വം അപ്പോഴും പ്രായോഗികമായിരിക്കും. യാലുനദി വരേ നാം പൊരുതിയെത്തുവോളവും ആ തത്വം പ്രായോഗികമായിത്തന്നെ തുടരും. ഇങ്ങനെയാണ് തുടക്കം മുതൽ അവസാനംവരെ നാം നമ്മുടെ മുൻകൈ നിലനിർത്തുന്നതു്. ശത്രുവിന്റെ ''വെല്ലുവിളി''കളേയും മററുള്ളവരുടെ ''കുത്തുവാക്കു''കളേയും നാം അക്ഷോഭ്യരായി തള്ളിക്കളയുകയും അവഗണിക്കുകയും ചെയ്യണം. ഇത്തരം ദാർഢ്യം പ്രകടിപ്പിക്കാൻ

Scanned by CamScanner

കഴിവുള്ള ജനറൽമാർ മാത്രമേ ചെറുത്തുനില്പുയുദ്ധത്തിൽ ധീരതും ബുദ്ധിമാന്മാരുമായി പരിഗണിക്കപ്പെട്ടു. ''തൊട്ടാൽ ചാടുന്നവരു''ടെ ധാരണാശക്തിക്കതീതമാണിത്. യുദ്ധത്തിന്റെ ഈ ഒന്നാംഘട്ടത്തിൽ തന്ത്രപരമായി നാം ഏറെക്കുറെ നിഷ്ക്രിയമായ ഒരു സ്ഥാനത്താണെങ്കിൽപോലും ഓരോ ക്യാമ്പെയിനിലും നമുക്ക് മുൻകൈ നേടേണ്ടതുണ്ട്. ഇനി വരുന്ന ഘട്ടങ്ങളിലൊട്ടാകെ മുൻകൈ തീർച്ചയായും നമുക്കായിരിക്കണം. നാം സുദീർഘയുദ്ധത്തിനും അന്തിമ വിജയത്തിനും വേണ്ടിയാണ് നിലകൊള്ളുന്നത്, ഒരൊററ കളിയിൽതന്നെ എല്ലാം പന്തയംവയ്ക്കുന്ന ചൂതുകളിക്കാരല്ല നമ്മൾ.

## സൈന്യവും ജനങ്ങളുമാണ് വിജയത്തിന്റെ അടിസ്ഥാനം

111. വിപ്ലവചൈനയെ അടിച്ചമർത്തുന്നതിനും അതിനെതിരെ ആക്രമണം നടത്തുന്നതിനുമുള്ള ശ്രമങ്ങൾക്ക് ജാപ്പനീസ് സാമ്രാജ്യത്വം ഒരിക്കലും അയവുവരുത്തുകയില്ല; ഇതു നിർണ്ണയിക്കപ്പെടുന്നത് അതിന്റെ സാമ്രാജ്യത്വ സ്വഭാവത്താലാണ്. ചൈന ചെറുത്തുനിന്നില്ലായിരുന്നുവെങ്കിൽ നാലു വടക്കുകിഴക്കൻ പ്രവിശ്യകളുടെ കാര്യത്തിലെന്നതുപോലെ ചൈനയെ മുഴുവൻ ഒരൊററ വെടിപോലും വയ്ക്കാതെ നിഷ്പ്രയാസം ജപ്പാൻ പിടിച്ചടക്കുമായിരുന്നു. ചൈന ചെറുത്തുനില്ക്കുകയായതുകൊണ്ട്, ചൈനയുടെ ചെറുത്തുനില്പിന്റെ ശക്തി ജപ്പാന്റെ അടിച്ചമർത്തലിന്റെ ശക്തിയെ കവച്ചുവയ്ക്കുന്നതുവരെ ജപ്പാൻ ഈ ചെറുത്തുനില്പിനെ അടിച്ചമർത്തുന്നതു തുടരുമെന്നത് അനിഷേധ്യനിയമമാണ്. ജാപ്പനീസ് ഭൂപ്രഭുവർഗ്ഗവും ബൂർഷ്വാസിയും വളരെ അത്യാഗ്രഹികളാണ്. തെക്ക് ദക്ഷിണ പൂർവ്വേഷ്യയിലേക്കും വടക്ക് സൈബീരിയയിലേക്കും നീങ്ങുന്നതിനുവേണ്ടി ചൈനയെ ആക്രമിച്ച് മധ്യഭാഗം ആദ്യം വെട്ടിപ്പിടിക്കുക എന്ന നയമാണ് അവർ സ്വീകരിച്ചിരിക്കുന്നത്. തന്റെ ആക്രമണം നിറുത്തേണ്ടത് എവിടെയാണെന്ന് ജപ്പാന് അറിയാമെന്നും വടക്കൻ ചൈനയും കിയാങ്സുവും ചെക്കിയാങ് പ്രവിശ്യയും കൈവശപ്പെടുത്തുന്നതോടെ ജപ്പാൻ തൃപ്തിപ്പെടുമെന്നും വിചാരിക്കുന്നവർ ഒരു പുതിയ ഘട്ടത്തിലേക്കു വികസിച്ചിട്ടുള്ളതും നാമാവശേഷം വരുന്നതിനോട് അടുക്കുന്നതുമായ സാമ്രാജ്യത്വ ജപ്പാൻ പഴയ ജപ്പാനിൽനിന്ന് വ്യത്യസ്തമാണെന്ന മനസ്സിലാക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെടുന്നു. യുദ്ധരംഗത്തേക്കു നിയോഗിക്കുവാൻ കഴിയുന്ന സൈനികരുടെ സംഖ്യയിലും അതിനു മുന്നേറുവാൻ കഴിയുന്ന ദൂരത്തിലും ജപ്പാന് ഒരു നിശ്ചിത പരിധിക്കപ്പുറം പോകുന്നതിനാവുകയില്ലെന്നു പറയുമ്പോൾ നാം അർത്ഥമാക്കുന്നത് ജപ്പാന്റെ ലഭ്യമായശക്തിയുടെ തോതനുസരിച്ചു നോക്കുമ്പോൾ അതിനു ചൈനക്കെതിരെ സ്വന്തം സൈന്യത്തിന്റെ ഒരു ഭാഗം മാത്രമേ നിയോഗിക്കാൻ കഴിയുകയുള്ളുവെന്നാണ്. കാരണം അതിന് മററു ദിശകളിലും ആക്രമണം നടത്താൻ ആഗ്രഹമുണ്ട്, മററു ശത്രുക്കൾക്കെതിരെ സ്വയം പ്രതിരോധിക്കേണ്ടതുമുണ്ട്. അതേസമയംതന്നെ ഉറച്ച ചെറുത്തുനില്പു നടത്തുന്നതിലേക്കുള്ള പുരോഗതിയും കഴിവും ചൈന തെളിയിച്ചിട്ടുണ്ട്. ചൈനയുടെ അനിവാര്യമായ ചെറുത്തുനില്പിനെ നേരിടാതെ ജപ്പാനൊരു ഭീകരമായ ആക്രമണം നടത്താമെന്നു സങ്കല്പിക്കാൻപോലും സാധ്യമല്ല. ജപ്പാന് ചൈനയെ മുഴുവൻ കൈവശപ്പെടുത്താൻ കഴിയില്ല. പക്ഷെ,

എത്താവുന്ന എല്ലാ പ്രദേശത്തും ചൈനയുടെ ചെറുത്തുനില്പിനെ അടിച്ചമർത്താൻ ജപ്പാൻ പരമാവധി ശ്രമിക്കും. ആഭ്യന്തരവും ബാഹ്യവുമായ സംഭവവികാസങ്ങൾ ജാപ്പനീസ് സാമ്രാജ്യത്വത്തെ ശവക്കഴിവക്കത്തെത്തിക്കുംവരെ അതു് ആക്രമണത്തിൽനിന്നു പിന്തിരിയുകയുമില്ല. ജപ്പാനിലെ രാഷ്ട്രീയ പരിതസ്ഥിതികൾ പരിണിതഫലങ്ങൾ മാത്രമേ സാധ്യമായിട്ടുള്ളൂ. ഒന്നുകിൽ അവിടുത്തെ മുഴുവൻ ഭരണവർഗ്ഗവും വളരെ പെട്ടെന്നു് നിലംപതിക്കുകയും രാഷ്ട്രീയാധികാരം ജനങ്ങളുടെ കയ്യിലേക്കു വരികയും യുദ്ധം അങ്ങനെ അവസാനിക്കുകയും ചെയ്യുക, ഇതു് തല്ക്കാലം അസാധ്യമാണു്; അല്ലെങ്കിൽ അവിടുത്തെ ഭൂപ്രഭുവർഗ്ഗവും ബൂർഷ്വാസിയും കൂടുതൽ കൂടുതൽ ഫാസിസ്റ്റായിത്തീരുകയും അവർ നിലംപതിക്കുന്നതുവരെ യുദ്ധം തുടരുകയും ചെയ്യുക, ഈ പാതയിലൂടെതന്നെയാണു് ജപ്പാൻ ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു്. മറെറാരു ഫലമുണ്ടാവുക സാധ്യമല്ല. ജാപ്പനീസ് ബൂർഷ്വാസിയിലെ മിതവാദികൾ മുന്നോട്ടുവന്നു് യുദ്ധം നിറുത്തുമെന്നു് ആശിക്കുന്നവർ വ്യാമോഹങ്ങളിൽ കുടുങ്ങുകയാണു്. ജപ്പാനിലെ ബൂർഷ്വാ മിതവാദികൾ ഭൂപ്രഭുവർഗ്ഗത്തിനും കോടീശ്വരന്മാർക്കും കീഴടങ്ങുന്നുവെന്നതാണു് പല വർഷങ്ങളായി ജാപ്പനീസ് രാഷ്ട്രീയത്തിലെ യാഥാർത്ഥ്യം. ഇപ്പോൾ ജപ്പാൻ ചൈനക്കെതിരായ യുദ്ധം അഴിച്ചുവിട്ടിരിക്കുന്നതുകൊണ്ടു് ചൈനീസ് ചെറുത്തുനില്പുശക്തികളിൽനിന്നു് ഒരു കനത്ത പ്രഹരം അതു് ഏല്ക്കുന്നതുവരെയും വേണ്ടത്ര ശക്തി അതിനു നിലനിർത്താൻ കഴിയുന്നതുവരെയും അതു് ദക്ഷിണ പൂർവ്വേഷ്യയെയോ സൈബീരിയയെയോ അല്ലെങ്കിൽ രണ്ടിനേയുമോ ആക്രമിക്കുമെന്നതു് തീർച്ചയാണു്. ഒരിക്കൽ യൂറോപ്പിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടുകഴിയുമ്പോൾ ജപ്പാൻ അതു ചെയ്യും. ജാപ്പനീസ് ഭരണാധികാരികൾ വ്യാമോഹത്തോടെ വമ്പിച്ച കണക്കുകൂട്ടലുകൾ നടത്തിയിട്ടുണ്ടു്. ജപ്പാനു് സൈബീരിയയെ ആക്രമിക്കുകയെന്ന അതിന്റെ ആദ്യപദ്ധതി ഉപേക്ഷിക്കേണ്ടിവരുമെന്നും, സോവിയററ് യൂണിയന്റെ ശക്തിമൂലവും ചൈനക്കെതിരായ യുദ്ധത്തിൽ ഗുരുതരമായ അളവിൽ അതിന്റെ ശക്തി ക്ഷയിച്ചതുമൂലവും സോവിയററ് യൂണിയനോടു് പ്രധാനമായും പ്രതിരോധപരമായ ഒരു സമീപനം സ്വീകരിക്കാമെന്നതും തീർച്ചയായും സംഭവിക്കാവുന്നതാണു്. എന്നാൽ അങ്ങിനെ വരുമ്പോൾ ചൈനക്കെതിരായ അതിന്റെ യുദ്ധത്തിൽ അതു് അയവുവരുത്തുകയല്ല, മറിച്ചു് അതിനെ കൂടുതൽ തീക്ഷ്ണമാക്കുകയാണു ചെയ്യുക; കാരണം അപ്പോൾ അതിനു ശേഷിച്ചിട്ടുള്ള ഏക പോംവഴി ദുർബലമായതിനെ വിഴുങ്ങുക എന്നതു മാത്രമാണു്. അപ്പോൾ ചെറുത്തുനില്പുയുദ്ധത്തിലും ഐക്യമുന്നണിയിലും സുദീർഘയുദ്ധത്തിലും ദൃഢമായി ഉറച്ചുനില്ക്കുകയെന്ന ചൈനയുടെ കടമ കൂടുതൽ ഭാരിച്ചതായിത്തീരുകയും ഒരു തരിമ്പുപോലും നമ്മുടെ ശ്രമങ്ങൾക്കു കോട്ടംവരുത്താതെ നോക്കേണ്ടതു് ഏററവുമധികം അത്യാവശ്യമായിത്തീരുകയും ചെയ്യും.

112. വർത്തമാന പരിതസ്ഥിതിയിൽ ജപ്പാനെതിരെ ചൈനക്കു് വിജയം നേടുന്നതിനുള്ള പ്രധാന മുൻ ഉപാധികൾ കഴിഞ്ഞ കാലത്തേക്കാൾ പത്തോ നൂറോ മടങ്ങുപോലുമോ വലുതായ തോതിൽ ദേശവ്യാപിയായ ഐക്യവും സർവതോമുഖമായ പുരോഗതിയും നേടിയെടുക്കുക എന്നതാണു്. ചൈന ഇതിനോടകം തന്നെ പുരോഗതിയുടേതായ ഒരു യുഗത്തിലാണു്, മഹത്തായ ഐക്യം അതു് നേടിയെടുത്തിട്ടുമുണ്ടു്. എന്നാൽ അതിന്റെ പുരോഗതിയും ഐക്യവും വേണ്ടത്ര അളവിൽ ആയിക്കഴിഞ്ഞിട്ടില്ല. ജപ്പാനു് ഇത്ര വിശാലമായ ഒരു ഭൂപ്രദേശം കൈവശപ്പെടുത്താൻ കഴിഞ്ഞതു് ജപ്പാന്റെ ശക്തികൊണ്ടു മാത്രമല്ല, ചൈനയുടെ

Scanned by CamScanner

ദൗർബല്യം കൊണ്ടു കൂടിയാണ്. ഈ ദൗർബല്യം, പുരോഗതിയെ ഇപ്പോഴത്തെ അതിരുകളിൽ തളച്ചിട്ട കഴിഞ്ഞ നൂറു വർഷക്കാലത്തെ പ്രത്യേകിച്ചും കഴിഞ്ഞ പത്തുവർഷക്കാലത്തെ ചരിത്രപരമായ വിവിധ തെററുകളുടെ കൂട്ടായ ഫലമായിട്ടുതന്നെ ഉളവായിട്ടുള്ളതാണ്. വ്യാപകവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ ശ്രമങ്ങൾ കൂടാതെ ഇത്ര ശക്തനായ ഒരു ശത്രുവിനെ കീഴ്പ്പെടുത്തുക അസാധ്യമാണ്. നാം കഠിനമായി പരിശ്രമിച്ച് ചെയ്യേണ്ട പലകാര്യങ്ങളുമുണ്ട്. ഇവിടെ സൈന്യത്തിൻെറ പുരോഗതിയും ജനങ്ങളുടെ പുരോഗതിയുമെന്ന രണ്ട് അടിസ്ഥാനവശങ്ങൾ മാത്രമേ ഞാൻ പരാമർശിക്കുന്നുള്ളു.

113. നമ്മുടെ സൈനികസമ്പ്രദായം പരിഷ്കരിക്കുന്നതിന് ആവശ്യമായിരിക്കുന്നു. അതിൻെറ നവീകരണവും മെച്ചപ്പെട്ട സാങ്കേതികോപകരണങ്ങളും ആവശ്യമായിരിക്കുന്നു. ഇവ കൂടാതെ ശത്രുവിനെ യാലു നദിക്കപ്പുറത്തേക്കു തുരത്തുവാൻ നമുക്ക് കഴിയില്ല. നാം സൈന്യങ്ങളെ നിയോഗിക്കുമ്പോൾ, നമുക്ക് പുരോഗമനപരവും വഴക്കത്തോടുകൂടിയതുമായ തന്ത്രവും അടവുകളും ആവശ്യമാണ്. ഇവയെ കൂടാതെ നമുക്ക് വിജയം നേടാനാവുകയില്ല. എന്നിരുന്നാലും, ഒരു സൈന്യത്തിൻെറ അടിത്തറ സൈനികരാണ്. അവരിൽ പുരോഗമനപരമായ ഒരു രാഷ്ട്രീയ സ്പിരിററ് വ്യാപരിപ്പിക്കുവാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ, പുരോഗമനപരമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ ആ സ്പിരിററ് വളർത്തിക്കൊണ്ടിരുന്നില്ലെങ്കിൽ, ഓഫീസർമാരും സൈനികരും തമ്മിൽ യഥാർത്ഥ ഐക്യം നേടിയെടുക്കുകയെന്നതും, ചെറുത്തുനിൽപ്പുയുദ്ധത്തിനുള്ള അവരുടെ ഉത്സാഹം ഉണർത്തുകയെന്നതും, നമ്മുടെ സാങ്കേതിക ഉപകരണങ്ങളും അടവുകളുമെല്ലാം ഏററവും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു നല്ല അടിത്തറ പ്രദാനം ചെയ്യുകയെന്നതും അസാധ്യമായിരിക്കും. സാങ്കേതികമായ മേധാവിത്വമുണ്ടെങ്കിൽപോലും ജപ്പാൻ അന്തിമമായി പരാജയപ്പെടുമെന്നു പറയുമ്പോൾ നാം അർത്ഥമാക്കുന്നത് ഉന്മൂലനയുദ്ധത്തിലൂടെയും നശീകരണയുദ്ധത്തിലൂടെയും നാം ഏല്പിക്കുന്ന പ്രഹരങ്ങൾ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതിനു പുറമേ രാഷ്ട്രീയബോധമില്ലാത്ത സൈനികർ ആയുധമേന്തിയിട്ടുള്ള ശത്രുസൈന്യത്തിൻെറ ആത്മവീര്യം ആത്യന്തികമായി തകർക്കുമെന്നാണ്. നേരെമറിച്ച്, നമ്മുടെ ഭാഗത്ത് ഓഫീസറന്മാരും സൈനികരും ചെറുത്തുനില്പുയുദ്ധം വിജയിപ്പിക്കുകയെന്ന രാഷ്ട്രീയ ലക്ഷ്യത്തിൽ ഒററക്കെട്ടായി നിൽക്കുന്നു. ഇതു് എല്ലാ ജാപ്പ വിരുദ്ധ സേനകൾക്കുമിടയിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിനുള്ള അടിത്തറ നമുക്കു പ്രദാനം ചെയ്യുന്നു. പ്രധാനമായും സൈനികരെ ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്യുകയെന്ന നാടുവാഴിത്തരീതി ഉപേക്ഷിച്ചുകൊണ്ടും ഓഫീസറന്മാരും സൈനികരും എല്ലാ കഷ്ടപ്പാടുകളും തുല്യമായി പങ്കിട്ടെടുക്കുകവഴിയും സൈന്യത്തിനുള്ളിൽ ജനാധിപത്യം ഒരു വലിയ അളവിൽ പ്രയോഗത്തിൽ വരുത്തണം. ഒരിക്കൽ ഇതു ചെയ്തുകഴിഞ്ഞാൽ, ഓഫീസറന്മാരും സൈനികരും തമ്മിലുള്ള ഐക്യം നേടിയെടുക്കപ്പെടുകയും, സൈന്യത്തിൻെറ സമരശേഷി വളരെ വർദ്ധിക്കുകയും, ദീർഘവും ക്രൂരവുമായ യുദ്ധത്തെ അതിജീവിക്കുവാൻ നിസ്സംശയമായും നമുക്കു കഴിവുണ്ടാവുകയും ചെയ്യും.

114. യുദ്ധം നടത്തുന്നതിനുള്ള ഏററവും സമ്പന്നമായ ശക്തിയുടെ ഉറവിടം ബഹുജനങ്ങളാണ്. പ്രധാനമായും ചൈനീസ് ജനതയുടെ അസംഘടിതാവസ്ഥമൂലമാണ് നമ്മെ ഭീഷണിപ്പെടുത്തുവാൻ ജപ്പാൻ ധൈര്യപ്പെടുന്നതു്. ഒരിക്കൽ ഈ ദൂഷ്യം പരിഹരിക്കപ്പെട്ടു കഴിഞ്ഞാൽ, അഗ്നിവലയങ്ങളുടെ നേരെ കുതിച്ചെത്തുന്ന ഭ്രാന്തനായ ഒരു മൂരിക്കുട്ടനെ

Scanned by CamScanner

പോലെ ജാപ്പനീസ് സാമ്രാജ്യത്വം, തല ഉയർത്തി നില്ക്കുന്ന ദശലക്ഷക്കണക്കായ നമ്മുടെ ജനങ്ങളാൽ ചുററിവളയപ്പെടുകയും അവരുടെ ശബ്ദം തന്നെ ശത്രുവിൽ ഭയം വളർത്തുകയും അവൻ കരിഞ്ഞു് ചാമ്പലാവുകയും ചെയ്യും. ചൈനീസ് സേനകളെ ശക്തിപ്പെടുത്തുന്നതിനായി അതിലേക്ക് സൈനികരുടെ ഒരു നിരന്തര പ്രവാഹമുണ്ടായിരിക്കണം. ഏററവും താഴത്തെ തലങ്ങളിൽ ഇപ്പോഴും നിലനില്ക്കുന്ന നിർബന്ധിച്ച സൈന്യത്തിൽ ചേർക്കലും സ്വയം സൈന്യത്തിൽ ചേരുന്നതിനു പകരം മററൊരാളെ വിലയ്ക്കെടുത്തു് സൈന്യത്തിൽ അയയ്ക്കുന്നതും33 അടിയന്തിരമായി വിലക്കുകയും ഇവയ്ക്കു പകരം വ്യാപകവും ഉത്തേജനം സൃഷ്ടിക്കുന്നതുമായ രാഷ്ട്രീയ അണിനിരത്തൽ പകരം പ്രതിഷ്ഠിക്കുകയും ചെയ്യണം. ഇതു് ദശലക്ഷക്കണക്കിനു പേരെ സൈന്യത്തിൽ ചേർക്കുന്നതു് എളുപ്പമാക്കിത്തീർക്കും. ഇപ്പോൾ നമുക്കു് യുദ്ധത്തിനായി പണമുണ്ടാക്കുന്നതു് വളരെ വിഷമമുള്ള കാര്യമാണ്. എന്നാൽ ഒരിക്കൽ ജനങ്ങളെ അണിനിരത്തിക്കഴിഞ്ഞാൽ സാമ്പത്തികപ്രശ്നങ്ങളും പരിഹരിക്കപ്പെടും. ചൈനയെ പോലെ വിശാലവും ജനനിബിഡവുമായ ഒരു രാജ്യത്തിൽ എന്തിനു് നാം സാമ്പത്തികമായി ബുദ്ധിമുട്ടണം? സൈന്യം ജനങ്ങളുമായി ഒന്നിക്കണം, ജനങ്ങൾ സൈന്യത്തെ സ്വന്തമെന്നോണം കാണണം. അതുപോലൊരു സൈന്യം അജയ്യമായിരിക്കും, ജപ്പാനെപ്പോലുള്ള ഒരു സാമ്രാജ്യത്വശക്തിക്കു് അത്തരമൊരു സേനയെ നേരിടാനാവുകയില്ല.

115. ഓഫീസറന്മാരും സൈനികരും തമ്മിലും സൈന്യവും ജനങ്ങളും തമ്മിലുമുള്ള ബന്ധം വഷളാകുന്നതിനുള്ള കാരണം തെററായ രീതികളാണെന്നു് പലരും വിചാരിക്കുന്നു, എന്നാൽ ഞാൻ എല്ലായ്പോഴും അവരോടു പറയുന്നതു് പ്രശ്നം സൈനികരേയും ജനങ്ങളേയും ബഹുമാനിക്കുകയെന്ന അടിസ്ഥാന സമീപനത്തിന്റേതാണെന്നാണ് (അഥവാ അടിസ്ഥാനതത്ത്വത്തിന്റെ) ഈ സമീപനത്തിൽനിന്നാണ് വിവിധ നയങ്ങളും രീതികളും രൂപങ്ങളും ഉടലെടുക്കുന്നതു്. നാം ഈ സമീപനത്തിൽനിന്നകന്നുപോവുകയാണെങ്കിൽ നയങ്ങളും രീതികളും രൂപങ്ങളും തീർച്ചയായും തെററാകും, അപ്പോൾ ഓഫീസർമാരും സൈനികരും തമ്മിലും സൈന്യവും ജനങ്ങളും തമ്മിലുമുള്ള ബന്ധങ്ങൾ തൃപ്തികരമല്ലാതാവുമെന്ന കാര്യം തീർച്ചയാണ്. സൈന്യത്തിലെ രാഷ്ട്രീയപ്രവർത്തനത്തിനുവേണ്ടിയുള്ള നമ്മുടെ മൂന്നു പ്രധാന തത്വങ്ങൾ, താഴെപറയുന്നവയാണ്; ഒന്നാമതു്, ഓഫീസറന്മാരും സൈനികരും തമ്മിലുള്ള ഐക്യം; രണ്ടാമതു്, സൈന്യവും ജനങ്ങളും തമ്മിലുള്ള ഐക്യം; മൂന്നാമതു്, ശത്രുസേനകളുടെ ശിഥിലീകരണം. ഈ തത്വങ്ങൾ ഫലപ്രദമായി പ്രയോഗത്തിൽ വരുത്തുന്നതിനു് സൈനികരോടും ജനങ്ങളോടുമുള്ള ബഹുമാനവും, ഒരിക്കൽ ആയുധം താഴെവെച്ച കഴിഞ്ഞ രാഷ്ട്രീയ തടവുകാരോടുള്ള ബഹുമാനവുമെന്ന അടിസ്ഥാന സമീപനത്തിൽനിന്നു് നാം ആരംഭിക്കണം. ഇതിനെയെല്ലാം അടിസ്ഥാന സമീപനത്തിന്റെ ഒരു പ്രശ്നമായി കാണാതെ ഒരു സാങ്കേതിക പ്രശ്നമായി മാത്രം കാണുന്നവർ തീർച്ചയായും തെററാണു ചെയ്യുന്നതു്, അവർ അവരുടെ വീക്ഷണം തിരുത്തണം.

116. വുഹാന്റേയും മററു സ്ഥലങ്ങളുടേയും പ്രതിരോധം അടിയന്തിര പ്രാധാന്യമുള്ളതായിത്തീർന്നിരിക്കുന്ന ഈ സമയത്തു് യുദ്ധത്തെ പിൻതുണച്ചുകൊണ്ടു് മുഴവൻ സൈന്യത്തിന്റേയും മുഴവൻ ജനങ്ങളുടേയും മുൻകൈയും ഉത്സാഹവും പൂർണ്ണമായി ഉണർത്തുകയെന്നതു് അതീവ പ്രാധാന്യമുള്ള ഒരു കടമയാണ്. വുഹാനേയും മററു സ്ഥലങ്ങളേയും പ്രതിരോധിക്കുകയെന്ന കടമ ഗൗരവപൂർവ്വം ഉയർത്തിക്കൊണ്ടുവരികയും പ്രയോഗ

Scanned by CamScanner

ത്തിൽ വരുത്തുകയും ചെയ്യേണ്ടതുണ്ടെന്ന കാര്യം തർക്കമററതാണ്. എന്നാൽ നമുക്കവയെ സംരക്ഷിക്കുവാൻ കഴിയുമോയെന്നതു് ആശ്രയിച്ചിരിക്കുന്നതു് നമ്മുടെ ആത്മനിഷ്ഠ ആഗ്രഹങ്ങളെയല്ല, മറിച്ചു് സമൂർത്ത സാഹചര്യങ്ങളെയാണ്. ഇവയിൽവച്ചു് ഏററവും പ്രധാനപ്പെട്ടതു് മുഴുവൻ സൈന്യത്തേയും ജനങ്ങളേയും സമരത്തിനായി രാഷ്ട്രീയമായി അണിനിരത്തുകയെന്നതാണ്. എല്ലാ ആവശ്യമായ ഉപാധികളും ഭദ്രമാക്കാൻ കഠിനശ്രമം നടത്തിയില്ലെങ്കിൽ—ഇവയിൽ ഏതെങ്കിലുമൊരു ഉപാധിയുടെ പോരായ്മയുണ്ടായാൽതന്നെ—നാങ്കിങ്ങിൻേറയും മററു സ്ഥലങ്ങളുടേയും നഷ്ടംപോലുള്ള അത്യാഹിതങ്ങൾ ആവർത്തിക്കപ്പെടുമെന്നതു തീർച്ചയാണ്. സമാന സാഹചര്യങ്ങൾ സന്നിഹിതമായിട്ടുള്ള സ്ഥലങ്ങളിൽ ചൈനയിലും മാഡ്രിഡുകൾ ഉണ്ടാകും. ഇതുവരെയും ചൈനക്കു് ഒരു മാഡ്രിഡ് ഉണ്ടായിട്ടില്ല. ഇനിമുതൽ നിരവധി മാഡ്രിഡുകൾ സൃഷ്ടിക്കാനായി നാം കഠിനമായിപ്രവർത്തിക്കണം, എന്നാൽ ഇതെല്ലാം ആശ്രയിച്ചിരിക്കുന്നതു് സാഹചര്യങ്ങളെയാണ്. ഇതിൽ ഏററവും അടിസ്ഥാനപരമായിട്ടുള്ളതു് മുഴുവൻ സൈന്യത്തിൻേറയും ജനങ്ങളുടേയും വ്യാപകമായ രാഷ്ട്രീയ അണിനിരത്തലാണ്.

117. നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും പൊതുനയമെന്ന നിലയ്ക്കു് നാം ജാപ്പവിരുദ്ധ ദേശീയ ഐക്യമുന്നണിയിൽ ഉറച്ചുനില്ക്കണം. കാരണം, ഈ നയത്തിലൂടെമാത്രമേ നമുക്കു് ചെറുത്തുനില്പുയുദ്ധത്തിലും സുദീർഘയുദ്ധമുറയിലും ഉറച്ചുനില്ക്കാനും, ഓഫീസറന്മാരും സൈനികരും തമ്മിലും സൈന്യവും ജനങ്ങളും തമ്മിലുമുള്ള ബന്ധങ്ങളിൽ വ്യാപകവും ഗാഢവുമായ പുരോഗതി കൈവരിക്കാനും, ഇപ്പോഴും നമ്മുടെ കൈകളിലുള്ള എല്ലാ പ്രദേശങ്ങളുടെ പ്രതിരോധത്തിനുവേണ്ടിയും നഷ്ടപ്പെട്ടവ തിരിച്ചെടുക്കുന്നതിനുവേണ്ടിയും അങ്ങിനെ അന്തിമവിജയം നേടുന്നതിനുവേണ്ടിയും പോരാടുന്നതിനു് മുഴുവൻ സൈന്യത്തിൻേറയും മുഴുവൻ ജനങ്ങളുടേയും മുൻകൈയും ഉത്സാഹവും പൂർണ്ണമായി ഉണർത്തുവാനും നമുക്കു കഴിയൂ.

118. സൈന്യത്തിൻേറയും ജനങ്ങളുടേയുംരാഷ്ട്രീയമായ അണിനിരത്തൽ എന്ന ഈ പ്രശ്നം തീർച്ചയായും അത്യന്തം പ്രാധാന്യമുള്ളതാണ്. കൃത്യമായി പറഞ്ഞാൽ ഇതിനെക്കൂടാതെ വിജയം നേടുക അസാധ്യമായതിനാലാണ് ആവർത്തനഭയമുണ്ടായിട്ടുപോലും ഇതിനെക്കുറിച്ചു് വീണ്ടും പരാമർശിക്കുന്നതു്. വിജയം നേടുന്നതിനു് ഒഴിച്ചുകൂടാനാവാത്ത മററു പല ഉപാധികളും ഉണ്ടെങ്കിൽക്കൂടിയും രാഷ്ട്രീയമായ അണിനിരത്തൽ എന്നതാണ് ഏററവും മൗലികമായിട്ടുള്ളതു്. ജാപ്പവിരുദ്ധ ദേശീയ ഐക്യമുന്നണി എന്നതു് മുഴുവൻസൈന്യത്തിൻേറയും മുഴുവൻ ജനങ്ങളുടേയും ഒരു ഐക്യമുന്നണിയാണ്. ഇതു് തീർച്ചയായിട്ടും ചില രാഷ്ട്രീയ പാർട്ടികളുടെ കേന്ദ്രനേതൃത്വങ്ങളുടേയും അംഗങ്ങളുടേയും മാത്രമായ ഒരു ഐക്യമുന്നണിയല്ല. ജാപ്പവിരുദ്ധ ദേശീയഐക്യമുന്നണിക്കു് മുൻകൈ എടുക്കുന്നതിൽ നമുക്കുണ്ടായിരുന്ന അടിസ്ഥാനലക്ഷ്യം അതിൽ പങ്കെടുക്കാനായി മുഴുവൻ സൈന്യത്തേയും മുഴുവൻ ജനങ്ങളേയും അണിനിരത്തുക എന്നതായിരുന്നു.

## നിഗമനങ്ങൾ

119. നമ്മുടെ നിഗമനങ്ങൾ എന്തൊക്കെയാണ്? അവ താഴെ കൊടുക്കുന്നു;

Scanned by CamScanner

''ഏതേതു ഉപാധികളോടെ ചൈനക്കു് ജപ്പാന്റെ സേനകളെ പരാജയപ്പെടുത്തുവാനും നശിപ്പിക്കാനും കഴിയുമെന്നു് നിങ്ങൾ കരുതുന്നു?'' ''മൂന്നു് ഉപാധികൾ ആവശ്യമായിരിക്കുന്നു; ഒന്നാമതു്, ചൈനയിൽ ഒരു ജാപ്പവിരുദ്ധ ഐക്യമുന്നണിയുടെ സ്ഥാപനം; രണ്ടാമതു്, ഒരു സാർവദേശീയ ജാപ്പവിരുദ്ധ ഐക്യമുന്നണിയുടെ രൂപീകരണം; മൂന്നാമതു്, ജപ്പാനിലേയും ജാപ്പനീസ് കോളണികളിലേയും ജനങ്ങളുടെ വിപ്ലവസമരങ്ങളുടെ വളർച്ച. ചൈനീസ് ജനതയുടെ നിലപാടിൽ നിന്നു നോക്കുമ്പോൾ, ഈ മൂന്നു് ഉപാധികളിൽ ഏററവും പ്രധാനമായിട്ടുള്ളതു് ചൈനീസ്ജനതയുടെ ഐക്യമാണു്.''

''അതുപോലൊരുയുദ്ധം എത്രനാൾ നീണ്ടുനിൽക്കുമെന്നു് നിങ്ങൾ കരുതുന്നു?'' ''അതു് ചൈനയുടെ ജാപ്പവിരുദ്ധ ഐക്യമുന്നണിയുടെ ശക്തിയേയും ചൈനയേയും ജപ്പാനേയും ബാധിക്കുന്ന മററു പല ഘടകങ്ങളേയും ആശ്രയിച്ചിരിക്കുന്നു.''

''ഈ ഉപാധികൾ വേഗത്തിൽ സാക്ഷാത്കരിക്കപ്പെട്ടില്ലെങ്കിൽ യുദ്ധം ദീർഘിച്ചുപോകും. എന്നാൽ അവസാനം, എന്തൊക്കെ സംഭവിച്ചാലും, ജപ്പാൻ തീർച്ചയായും പരാജയപ്പെടുത്തപ്പെടുകയും ചൈന തീർച്ചയായും വിജയം കൈവരിക്കുകയും ചെയ്യും. ത്യാഗങ്ങൾ കനത്തതായിരിക്കുമെന്നും വളരെ വേദനാകരമായ ഒരു കാലഘട്ടത്തിലൂടെ നമുക്കു് കടന്നു പോകേണ്ടിവരികയും ചെയ്യുമെന്നു മാത്രം.''

''നീണ്ട, ചലനാത്മകമായ ഒരു മുന്നണിയിൽ പ്രവർത്തിക്കാനായി നമ്മുടെ സേനകളെ നിയോഗിക്കുകയെന്നതായിരിക്കണം നമ്മുടെ തന്ത്രം. വിജയം നേടുന്നതിനായി ചൈനീസ് സേനകൾ വ്യാപകമായ യുദ്ധരംഗങ്ങളിൽ ഉയർന്ന തോതിലുള്ള ചലനാത്മകതയോടെ യുദ്ധം ചെയ്യണം.''

''ചലനാത്മകയുദ്ധത്തിനായി പരിശീലിപ്പിക്കപ്പെട്ട സേനകളെ നിയോഗിക്കുന്നതിനുപുറമേ, കർഷകർക്കിടയിൽ നാം വളരെയേറെ ഗറില്ലകളെ സംഘടിപ്പിക്കണം.''

''യുദ്ധത്തിനിടക്കു് ചൈനക്കു് അതിന്റെ സൈന്യങ്ങളുടെ ഉപകരണങ്ങൾ ക്രമേണ വർദ്ധിപ്പിക്കുവാൻ കഴിയും. അതുകൊണ്ടു് യുദ്ധത്തിന്റെ അവസാനഘട്ടത്തിൽ ചൈനക്കു് സ്ഥാനികയുദ്ധം നടത്തുവാനും ജാപ്പ് അധീനപ്രദേശങ്ങളിൽ സ്ഥാനിക ആക്രമണങ്ങൾ നടത്തുവാനും കഴിയും. ഇപ്രകാരം ചൈനയുടെ ദീർഘമായ ചെറുത്തുനില്പു് ഏല്പിക്കുന്ന ക്ഷതങ്ങളേററു് ജാപ്പനീസ് സമ്പദ്‌വ്യവസ്ഥയിൽ വിള്ളലുകൾ ഉണ്ടാവുകയും എണ്ണമററ യുദ്ധങ്ങൾ സൃഷ്ടിക്കുന്ന പരീക്ഷണഘട്ടങ്ങളുടെ സമ്മർദ്ദത്തിൻകീഴിൽ ജാപ്പനീസ് സേനകളുടെ മനോവീര്യം തകരുകയും ചെയ്യും. ചൈനീസ് ഭാഗത്തു്, ചെറുത്തുനില്പിന്റെ വർധിച്ചുവരുന്ന അന്തർലീന ശക്തി നിരന്തരം മുന്നോട്ടു് ആനയിക്കപ്പെടുകയും അസംഖ്യം വിപ്ലവജനത തങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നതിനായി മുന്നണി നിരകളിലേക്കു് പ്രവഹിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇവയുടേയും മററു ഘടകങ്ങളുടേയുമെല്ലാം സംയോജനം ജാപ്പ് അധീനപ്രദേശങ്ങളിലെ സൈനികകേന്ദ്രങ്ങളുടേയും താവളങ്ങളുടേയും നേരെ അന്തിമവും നിർണ്ണായകവുമായ ആക്രമണങ്ങൾ അഴിച്ചുവിടുന്നതിനും ജാപ്പനീസ് ആക്രമണസേനകളെ ചൈനയിൽനിന്നു തുരത്തുന്നതിനും നമ്മെ കഴിവുററവരാക്കും''
(1936 ജൂലൈയിൽ എഡ്ഗാർ സ്നോയുമായി നടത്തിയ ഒരു അഭിമുഖ സംഭാഷണത്തിൽനിന്നു്)

Scanned by CamScanner

''ഇപ്രകാരം ചൈനയിലെ രാഷ്ട്രീയ പരിതസ്ഥിതിയിൽ ഒരു പുതിയ ഘട്ടം തുടങ്ങിയിരിക്കുന്നു...ഇപ്പോഴത്തെ ഘട്ടത്തിലെ കേന്ദ്രകടമ ചെറുത്തുനില്പുയുദ്ധത്തിന്റെ വിജയത്തിനായി ദേശത്തെ എല്ലാ സേനകളേയും അണിനിരത്തുകയെന്നതാണ്.''

''യുദ്ധത്തിൽ വിജയത്തെ നിർണ്ണയിക്കുന്ന ഘടകം ഇപ്പോഠം ആശ്രയിച്ചിരിക്കുന്നതു് ഇതിനോടകംതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുള്ള ചെറുത്തുനില്പിനെ മുഴുവൻ ദേശത്തിന്റേയും ഒരു പൂർണ്ണ ചെറുത്തുനില്പുയുദ്ധമായി വികസിപ്പിക്കുക എന്നതിനെയാണ്. അങ്ങിനെയുള്ള പൂർണ്ണമായ ഒരു ചെറുത്തുനില്പുയുദ്ധത്തിലൂടെയേ അന്തിമവിജയം നേടാനാവുകയുള്ളു.''

''ചെറുത്തുനില്പുയുദ്ധത്തിൽ ഗുരുതരമായ ദൗർബല്യങ്ങഠം നിലനില്ക്കുന്നതു് തിരിച്ചടികളിലേക്കും പിന്മാററങ്ങളിലേക്കും ആഭ്യന്തര ഭിന്നിപ്പുകളിലേക്കും വഞ്ചനകളിലേക്കും താല്ക്കാലികവും ഭാഗികവുമായ വിട്ടുവീഴ്ചകളിലേക്കും അതുപോലുള്ള മററു തിരിച്ചടികളിലേക്കും നയിക്കും. അതുകൊണ്ടു് യുദ്ധം ക്ലേശകരവും സുദീർഘവുമായിരിക്കുമെന്നു് ഓർത്തിരിക്കണം. എന്നാൽ, നമ്മുടെ പാർട്ടിയുടേയും മുഴുവൻ ജനങ്ങളുടേയും ശ്രമത്തിലൂടെ, ഇതിനോടകംതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുള്ള ചെറുത്തുനില്പ് എല്ലാ തടസ്സങ്ങളേയും തട്ടിമാററുമെന്നും തുടർന്നു മുന്നേറുമെന്നും വികസിക്കുമെന്നും നമുക്കു് വിശ്വാസമുണ്ടു്.'' (1937 ആഗസ്റ്റിൽ ചൈനീസ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കേന്ദ്രകമ്മിററി അംഗീകരിച്ച ''വർത്തമാന പരിതസ്ഥിതിയേയും പാർട്ടിയുടെ കടമകളേയും കുറിച്ചുള്ള പ്രമേയം.'')

ഇവയാണു് നമ്മുടെ നിഗമനങ്ങഠം. കീഴടങ്ങൽവാദികളുടെ കാഴ്ചയിൽ ശത്രു അതിമാനുഷരും നമ്മഠം ചൈനക്കാർ വിലകെട്ടവരുമാണു്, അതേസമയം ദ്രുതവിജയത്തിന്റെ സൈദ്ധാന്തികരുടെ കാഴ്ചയിൽ നമ്മഠം ചൈനക്കാർ അതിമാനുഷരും ശത്രു ഒന്നിനും കൊള്ളാത്തവരുമാണു്. ഈ രണ്ടു വീക്ഷണങ്ങളും തെററാണു്. നമ്മുടെ കാഴ്ചപ്പാടു് വ്യത്യസ്തമാണു്; ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധം ഒരു സുദീർഘയുദ്ധമാണു്, അന്തിമവിജയം ചൈനയുടേതുമായിരിക്കും. ഇവയാണു് നമ്മുടെ നിഗമനങ്ങഠം.

120. എന്റെ പ്രഭാഷണങ്ങഠം ഇവിടെ അവസാനിക്കുന്നു. ജപ്പാനെതിരായ മഹത്തായ ചെറുത്തുനില്പുയുദ്ധം ഇതഠംവിരിയുകയാണു്; ഇതിൽ പൂർണ്ണവിജയം എളുപ്പമാക്കിത്തീർക്കുന്നതിനായി ഇതുവരെയുള്ള അനുഭവങ്ങഠം സമാഹരിക്കപ്പെടണമെന്നു് പലരും ആശിക്കുന്നു. ഞാൻ ചർച്ചചെയ്യുതു് കഴിഞ്ഞ പത്തുമാസങ്ങളിലെ പൊതു അനുഭവങ്ങഠം മാത്രമാണു്. ഒരുപക്ഷേ ഇതൊരുതരം അനുഭവ സമാഹരണമായേക്കാം. സുദീർഘയുദ്ധത്തിന്റേതായ പ്രശ്നം വ്യാപകമായ ശ്രദ്ധയും ചർച്ചയും അർഹിക്കുന്നു. ഞാനിവിടെ നൽകിയതു് അതിന്റെ ഒരു രൂപരേഖ മാത്രമാണു്. ഇതു നിങ്ങഠം പരിശോധിക്കുകയും ചർച്ചചെയ്യുകയും ചെയ്യുമെന്നും ഇതിനുവേണ്ട ഭേദഗതികഠം വരുത്തുകയും ഇതിനെ വികസിപ്പിക്കുകയും ചെയ്യുമെന്നും ഞാൻ ആശിക്കുന്നു.

Scanned by CamScanner

# കുറിപ്പുകൾ

1. ദേശീയ കീഴടങ്ങലിന്റെ ഈ സിദ്ധാന്തം ക്വമിന്താങ്ങ് പുലത്തിയിരുന്ന വീക്ഷണമായിരുന്നു. ജപ്പാനെ ചെറുത്തുനില്ക്കാൻ തയ്യാറാകാതിരിക്കുകയും നിർബന്ധിതമായപ്പോൾ പോരാടുകയുമാണ് ക്വമിന്താങ്ങ് ചെയ്തതു്. ലൂക്കൗച്യാവോ സംഭവത്തിനുശേഷം (1937 ജൂലൈ 7) ക്വമിന്താങ്ങ് ക്ലിക്ക് വൈമനസ്യത്തോടെ ചെറുത്തുനില്പുയുദ്ധത്തിൽ പങ്കെടുത്തു, വാങ്ങ്ചിങ്ങ്–വെയ് ക്ലിക്ക് ദേശീയ കീഴടങ്ങൽ സിദ്ധാന്തത്തിന്റെ പ്രതിനിധികളായപ്പോൾ ജപ്പാനു കീഴടങ്ങാൻ തയ്യാറാവുകയും, പിന്നീട് വാസ്തവത്തിൽ അങ്ങനെ ചെയ്യുകയും ചെയ്തു. എങ്ങിനെയായാലും ദേശീയ കീഴടങ്ങലിന്റെ ആശയം ക്വമിന്താങ്ങിനെ മാത്രമല്ല സമൂഹത്തിലെ മദ്ധ്യതലത്തിലുള്ള നിർദ്ദിഷ്ട വിഭാഗങ്ങളെയും, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിലെ പിന്നോക്ക ഘടകങ്ങളെപ്പോലും ബാധിച്ചിരുന്നു. അഴിമതിക്കാരും പ്രാപ്തിയില്ലാത്തതുമായ ക്വമിന്താങ്ങ് സർക്കാർ പോരാട്ടങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടുകൊണ്ടിരുന്നപ്പോൾ ജാപ്പ്സൈന്യം വുഹാന്റെ അതിർത്തികൾ വരെ മുന്നേറി, പിന്നോക്കാവസ്ഥയിലുള്ള കുറെ ജനങ്ങൾ തികഞ്ഞ അശുഭാപ്തിവിശ്വാസികളായി മാറി.

2. ഈ വീക്ഷണഗതി കമ്യൂണിസ്റ്റ് പാർട്ടിക്കുള്ളിലും കാണപ്പെട്ടിരുന്നു. ജപ്പാനെ ഒററ താഡനംകൊണ്ട് തോല്പിക്കാനാവും എന്ന ധാരണ വച്ചുപുലത്തിയിരുന്ന ചില പാർട്ടിയംഗങ്ങൾക്കിടയിൽ ഈ പ്രവണത ചെറുത്തുനില്പുയുദ്ധത്തിന്റെ ആദ്യത്തെ ആറുമാസങ്ങളിൽ കാണപ്പെട്ടിരുന്നു. നമ്മുടെ സേനകൾ ശക്തമാണെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടായിരുന്നില്ല—കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള സംഘടിതമായ ജനശക്തിയും സേനകളും വളരെ ചെറുതായിരുന്നുവെന്ന് അവർക്കു് നന്നായി അറിയാമായിരുന്നു—എന്നാൽ ക്വമിന്താങ്ങ് ജപ്പാനെ ചെറുക്കാൻ ആരംഭിച്ചതുകൊണ്ടായിരുന്നു ഇതു്. അവരുടെ അഭിപ്രായത്തിൽ തികച്ചും ശക്തിമത്തായ ക്വമിന്താങ്ങും കമ്യൂണിസ്റ്റ് പാർട്ടിയും ഏകോപിക്കുന്നതിലൂടെ ജപ്പാനു് എണ്ണംപറഞ്ഞ താഡനങ്ങളേല്പിക്കുവാൻ കഴിയും. അതു് പിന്തിരിപ്പനും അഴിമതിനിറഞ്ഞതുമാണെന്ന വശത്തെ മറികടന്നുകൊണ്ട്, ജപ്പാനെ ചെറുക്കുന്നതാണെന്ന ക്വമിന്താങ്ങിന്റെ നല്ലവശം മാത്രം കണ്ടുകൊണ്ടാണു് അവർ ഇത്തരത്തിലുള്ള തെററായ വിലയിരുത്തൽ നടത്തിയതു്.

3. ഇതായിരുന്നു ചിയാങ്ങ് കൈഷെക്കിന്റെയും കൂട്ടാളികളുടെയും വീക്ഷണം എങ്കിലും ജപ്പാനെ ചെറുക്കുന്നതിനു് അവർ നിർബദ്ധരായി. സ്വന്തം ശക്തിയിലൊ ജനങ്ങളുടെ ശക്തിയിലൊ വിശ്വാസമില്ലാതിരുന്ന ക്വമിന്താങ്ങ് വിദേശസഹായത്തിലായിരുന്നു മുഴുവൻ പ്രതീക്ഷയും അർപ്പിച്ചിരുന്നതു്.

4. തെക്കൻ ഷാൻടുങ്ങിലെ ഒരു പട്ടണമായ തായിർചാങ്ങിലാണു് 1938 മാർച്ചിൽ ചൈനീസ് സൈന്യം ജാപ്പ് ആക്രമണകാരികൾക്കെതിരെ പൊരുതിയതു്. ജപ്പാന്റെ 70,000–നും 80,000–നും ഇടയ്ക്കു വരുന്ന സൈന്യത്തിനെതിരെ 40,000 പേരെ അണിനിരത്തിക്കൊണ്ടാണു് ചൈനീസ് പട്ടാളം അവരെ തോല്പിച്ചതു്.

5. ക്വമിന്താങ്ങിലെ രാഷ്ട്രമീമാംസാ വിഭാഗത്തിന്റെ അന്നത്തെ ജിഹ്വയായിരുന്ന 'താ കുങ്ങ് പാവോ'യിലെ മുഖപ്രസംഗമാണു് ഈ വീക്ഷണം മുന്നോട്ടുവെച്ചതു്. സ്വന്തം വർഗ്ഗത്തിന്റെ സുരക്ഷിതത്വത്തിനു് ഭീഷണിയാകുമെന്നതുകൊണ്ട് സുദീർഘയുദ്ധത്തിനായി ജനങ്ങ

Scanned by CamScanner

ളെ അണിചേർക്കേണ്ട ആവശ്യമില്ലെന്നും തായിർചാങ്ങ് മാതൃകയിലുള്ള കുറച്ചു വിജയങ്ങൾകൊണ്ടു് ജപ്പാന്റെ മുന്നേററത്തെ തടയാമെന്നുമുള്ള പ്രതീക്ഷയിൽ ആഗ്രഹചിന്തയിൽ മുഴുകിക്കഴിയുകയായിരുന്നു ഈ ക്ലിക്ക്. അന്നു് കുമിന്താങ്ങിലൊട്ടാകെ ഈ ആഗ്രഹചിന്ത വ്യാപിച്ചിരുന്നു.

6. 18–ാം നൂററാണ്ടിന്റെ അന്ത്യംമുതൽക്കേ ബ്രിട്ടൻ ചൈനയിലേക്കു് വർദ്ധമാനമായ തോതിൽ കറുപ്പു കയററുമതി ആരംഭിച്ചിരുന്നു. ഇതു് അനേക ദശകങ്ങളോളം തുടർന്നു. ഈ വിനിമയം ചൈനീസ് ജനതയെ മയക്കുമരുന്നിനു് അടിമകളാക്കി മാററുന്നതിനും ചൈനയുടെവെള്ളി ചോർത്തിക്കൊണ്ടുപോകുന്നതിനും ഇടയാക്കി. ഇതു് ചൈനയിലുടനീളം പ്രതിഷേധമുണർത്തി. 1840–ൽ ചൈനയുമായുള്ള വ്യാപാരം സംരക്ഷിക്കാനെന്ന നാട്യത്തിൽ ബ്രിട്ടൻ സായുധ കടന്നാക്രമണം അഴിച്ചുവിട്ടു. ലിൻ സെസ്യൂ നയിച്ചിരുന്ന ചൈനീസ് സൈന്യം പ്രതിരോധമുയർത്തി, കാൻറണിലെ ജനങ്ങൾ സ്വാത്മപ്രചോദിതരായി 'ബ്രിട്ടീഷ് പട്ടാളത്തെ നശിപ്പിക്കൽ' സംഘടിപ്പിച്ചു. ഇതു് ബ്രിട്ടീഷ് ആക്രമണകാരികൾക്കു് തീക്ഷ്ണമായ പ്രഹരങ്ങളേല്പിച്ചു. എങ്ങിനെയോ 1842–ൽ അഴിമതിക്കാരായ ചിങ്ങ് ഭരണം ബ്രിട്ടനുമായി നാങ്കിങ്ങ് സന്ധി ഒപ്പുവച്ചു.

7. തായ്പിങ്ങ് വിപ്ലവം അഥവാ തായ്പിങ്ങ് സ്വർഗീയ രാജ്യപ്രസ്ഥാനം ചിങ്ങ് രാജവംശത്തിന്റെ നാട്ടുവാഴിത്തഭരണത്തിനും ദേശീയ അടിച്ചമർത്തലിനും എതിരായി 19–ാം നൂററാണ്ടിന്റെ മധ്യത്തിൽനടന്ന വിപ്ലവപ്രസ്ഥാനമായിരുന്നു. 1851 ജനുവരിയിൽ ഹുങ്ങ് സ്യൂ–ചുവാൻ, യാങ്ങ് സ്യൂ–ചിങ്ങ് എന്നിവരും മററു നേതാക്കളും ക്വാങ്ങ്സി പ്രവിശ്യയിലെ ചിൻ തിയെൻ ഗ്രാമത്തിൽ ഒരു ഉയർത്തെഴുന്നേല്പിനു് ആരംഭം കുറിക്കുകയും തായ്പിങ്ങ് സ്വർഗീയ രാജ്യം സ്ഥാപിക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്തു. തെക്കോട്ടു് മാർച്ചുചെയ്തു് അവരുടെ കർഷകസൈന്യം 1851 ൽ ഹുനാൻ, ഹുപെ പ്രവിശ്യകൾ ആക്രമിച്ചു കൈവശപ്പെടുത്തി. 1853 ൽ കിയാങ്ങ്സി, ആൻഹ്വെ എന്നീ പ്രവിശ്യകളിലൂടെ മാർച്ചുചെയ്തു് നാങ്കിങ്ങ് പിടിച്ചെടുത്തു. ഇതിലൊരുഭാഗം സൈന്യങ്ങൾ വടക്കോട്ടുള്ള മാർച്ചു് തുടർന്നു് ടിയൻസിനിന്റെ സമീപമെത്തി. പക്ഷെ തങ്ങൾ അധീനപ്പെടുത്തിയ പ്രദേശങ്ങളിൽ ഉറച്ച താവളപ്രദേശങ്ങൾ സൃഷ്ടിക്കുന്നതിൽ തായ്പിങ്ങ് സൈന്യം പരാജയപ്പെട്ടു. കൂടാതെ നാങ്കിങ്ങിൽ ആസ്ഥാനമുറപ്പിച്ചശേഷം അതിന്റെ നേതൃത്വം ബ്രിട്ടീഷ്, അമേരിക്കൻ, ഫ്രഞ്ച് ആക്രമണകാരികളുടേയും പ്രതിവിപ്ലവ സേനകളുടെ കൂട്ടായ രാഷ്ട്രീയവും സൈനികവുമായ ആക്രമണം നേരിടാനാവാതെവരികയും 1864 ൽ അന്തിമമായി പരാജയപ്പെടുകയും ചെയ്തു.

8. 1898 ലെ പരിഷ്കരണപ്രസ്ഥാനം കാങ്ങ് യു വെയ്, ലിയാങ്ങ് ചി ചാവോ, ടാൻ സു ടുങ്ങ് എന്നിവരുടെ നേതൃത്വത്തിൽ ലിബറൽ ബൂർഷ്വാസിയുടേയും പുരോഗമനേച്ഛുക്കളായ ഭൂപ്രഭുക്കളുടെയും താല്പര്യത്തെ പ്രതിനിധീകരിച്ചു. ഈ പ്രസ്ഥാനത്തെ ക്വാങ്ങ് സു ചക്രവർത്തി അനുകൂലിക്കുകയും പിന്തുണക്കുകയും ചെയ്തു. പക്ഷെ ഇതിനു് ജനപിന്തുണ ഇല്ലായിരുന്നു. ഒരു സൈന്യത്തിന്റെ പിന്തുണയുണ്ടായിരുന്ന യുവാൻഷികായ് ഈ പരിഷ്കരണവാദികളെ സു–സി ചക്രവർത്തിനിക്കു് ഒററുകൊടുത്തു. പിന്തിരിപ്പന്മാരുടെ നേതാവായിരുന്ന ഈ ചക്രവർത്തിനി അധികാരം വീണ്ടെടുക്കുകയും ക്വാങ്ങ് സു ചക്രവർത്തിയെ തടവിലാക്കുകയും പ്രസ്ഥാനത്തിന്റെ നേതാക്കളെ കൊലപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഈ പ്രസ്ഥാനം പരാജയത്തിൽ കലാശിച്ചു.

Scanned by CamScanner

9. 1911 ലെ വിപ്ലവം ചിങ്ങ് രാജവംശത്തിന്റെ ഏകാധിപത്യവാഴ്ചയെ തകിടം മറിച്ച ബൂർഷ്വാവിപ്ലവമായിരുന്നു. ആ വർഷം ഒക്ടോബർ 10 ന് ചിങ്ങ് രാജവംശത്തിന്റെ പുത്തൻ സേനയുടെ വിപ്ലവാശയങ്ങളാൽ സ്വാധീനിക്കപ്പെട്ടിരുന്ന ഒരുവിഭാഗം ഹുപെ പ്രവിശ്യയിലെ വുചാങ്ങിൽ കലാപം ചെയ്തു. അന്നു നിലവിലുണ്ടായിരുന്ന ബൂർഷ്വാ, പെററിബൂർഷ്വാ വിപ്ലവസംഘങ്ങളും ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളും കർഷകരും സൈനികരും ആവേശപൂർവം ഇതിൽ പങ്കുചേരുകയും വളരെ വേഗം ചിങ്ങ് രാജവംശം തകർന്നുവീഴുകയും ചെയ്തു. 1912 ജനുവരിയിൽ സൺയാററ്സൺ താല്ക്കാലിക പ്രസിഡണ്ടായി നാങ്കിങ്ങിൽ റിപ്പബ്ലിക്കൻ ചൈനയുടെ താല്ക്കാലിക സർക്കാർ രൂപീകരിക്കപ്പെട്ടു. അങ്ങനെ രണ്ടായിരത്തിലേറെ വർഷക്കാലം നീണ്ടുനിന്ന ചൈനയിലെ നാടുവാഴിത്ത രാജവാഴ്ച അവസാനിച്ചു. ഒരു ജനാധിപത്യ റിപ്പബ്ലിക്കെന്ന ആശയം ജനങ്ങളുടെ ഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയിരുന്നു. എന്നാൽ വിപ്ലവം നയിച്ച ബൂർഷ്വാസി വളരെയേറെ അനുരഞ്ജന സ്വഭാവമുള്ളതായിരുന്നു. അതു് നാട്ടിൻപുറത്തെ ഭൂപ്രഭുവർഗത്തിന്റെ നാടുവാഴിത്തവാഴ്ച തകർക്കാൻ കർഷകജനതയെ വ്യാപകമായി അണിനിരത്തിയില്ല. പകരം സാമ്രാജ്യത്വ നാടുവാഴിത്ത സമ്മർദ്ദത്തിൻകീഴിൽ രാഷ്ട്രീയാധികാരം വടക്കൻ യുദ്ധപ്രഭുവായിരുന്ന യുവാൻ ഷികായ്ക്ക് കൈമാററം ചെയ്തു. ഇതുമൂലം വിപ്ലവം പരാജയത്തിൽ കലാശിച്ചു.

10. വടക്കൻ പര്യടനം 1926 മെയ്, ജൂലൈ കാലഘട്ടത്തിൽ ക്വാങ്ടുങ്ങ് പ്രവിശ്യയിൽനിന്ന് വടക്കോട്ടു മാർച്ചു ചെയ്തു വടക്കൻ യുദ്ധപ്രഭുക്കളെ അടിച്ചമർത്തുന്നതിനുള്ള വിപ്ലവസേനയുടെ മുന്നേററമായിരുന്നു. ചൈനീസ് കമ്യൂണിസ്റ്റു പാർട്ടിയുടെ പങ്കാളിത്തത്തോടു കൂടിയതും പാർട്ടിയുടെ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ടിരുന്നതുമായ (ആ സമയത്ത് സൈന്യത്തിലെ രാഷ്ട്രീയ പ്രവർത്തനം മിക്കവാറും കമ്യൂണിസ്റ്റു പാർട്ടിയുടെ കൈവശത്തിലായിരുന്നു.) വടക്കൻ പര്യടനസേന തൊഴിലാളികളുടേയും കർഷകരുടെയും ഹാർദ്ദമായ പിന്തുണ പിടിച്ചുപററി. 1926 ലെ അവസാന മാസങ്ങൾ മുതൽ 1927 മദ്ധ്യം വരെയുള്ള കാലഘട്ടത്തിൽ ഇതു് യാങ്ട്സി, മഞ്ഞനദികൾക്കു സമീപമുള്ള പ്രവിശ്യകൾ പലതും കൈവശപ്പെടുത്തുകയും വടക്കൻ യുദ്ധപ്രഭുക്കളെ പരാജയപ്പെടുത്തുകയും ചെയ്തു. വിപ്ലവസൈന്യത്തിനുള്ളിലെ പിന്തിരിപ്പൻ ചിയാങ് കൈഷെക് ക്ലിക്കിന്റെ വഞ്ചനയുടെ ഫലമായി 1927 ഏപ്രിലിൽ ഈ വിപ്ലവയുദ്ധം പരാജയപ്പെട്ടു.

11. 1938 ജനുവരി 16 ന് പുറപ്പെടുവിച്ച ഒരു നയ പ്രഖ്യാപനത്തിൽ ജപ്പാൻ ശക്തിയുപയോഗിച്ച് ചൈനയെ കീഴടക്കുമെന്ന് ജാപ്പനീസ് മന്ത്രിസഭ പ്രഖ്യാപിച്ചു. അതേസമയംതന്നെ ക്വമിന്താങ്ങ് സർക്കാർ ചെറുത്തുനില്പിനു പരിപാടിയിടുന്നതു് തുടരുകയാണെങ്കിൽ ജാപ്പനീസ് സർക്കാർ ചൈനയിലൊരു പുതിയ പാവസർക്കാരിനെ പ്രതിഷ്ഠിക്കുമെന്നും ചർച്ചകളിൽ ക്വമിന്താങ്ങിനെ ക്ഷണിക്കുകയില്ലെന്നും പ്രഖ്യാപിച്ചുകൊണ്ട് അവർ ക്വമിന്താങ്ങ് സർക്കാരിനെ കീഴ്പ്പെടുത്തുവാനായി ഭീഷണി മുഴക്കി.

12. ഇവിടെ പരാമർശിക്കപ്പെടുന്ന മുതലാളികൾ പ്രധാനമായും അമേരിക്കൻ ഐക്യനാടുകളിലെയാണ്.

13. 'അവരുടെ സർക്കാർ' എന്ന് സ: മാവോ സെതുങ്ങ് ഇവിടെ പരാമർശിക്കുന്നതു് ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ് എന്നീ സാമ്രാജ്യത്വ രാജ്യങ്ങളിലെ സർക്കാരുകളെയാണ്.

Scanned by CamScanner

14. ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധത്തിൽ സ്തംഭനാവസ്ഥയുടേതായ കാലഘട്ടത്തിൽ ചൈനയിൽ ഒരു മുന്നേററമുണ്ടാകുമെന്ന സ: മാവോസെതുങ്ങിന്റെ പ്രവചനം ചൈനീസ് കമ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലുണ്ടായിരുന്ന താവളപ്രദേശങ്ങളുടെ കാര്യത്തിൽ തികച്ചും ശരിയായിത്തീർന്നു, എന്നാൽ ക്വമിന്താങ്ങ് അധീനപ്രദേശത്തിൽ പ്രസ്ഥാനത്തെ തളർത്തിയിടുകയാണുണ്ടായതു്. കാരണം ചിയാങ്ങ് കൈഷക്കിന്റെ നേതൃത്വത്തിലുള്ള ഭരണക്ലിക്ക് ജപ്പാനെ ചെറുക്കുന്നതിൽ നിഷ്ക്രിയത്വവും കമ്യൂണിസ്റ്റ്പാർട്ടിയേയും ജനങ്ങളേയും അടിച്ചമർത്തുന്നതിൽ സജീവതയുമാണു കാട്ടിയതു്. ഇതു് ബഹുജനങ്ങൾക്കിടയിൽ എതിർപ്പു സൃഷ്ടിക്കുകയും അവരുടെ രാഷ്ട്രീയബോധം ഉയർത്തുകയും ചെയ്തു.

15. ''ആയുധങ്ങളാണ് എല്ലാം നിർണ്ണയിക്കുന്നതു്''' എന്ന സിദ്ധാന്തമനുസരിച്ച് ആയുധങ്ങളുടെ അടിസ്ഥാനത്തിൽ ജപ്പാനെക്കാൾ മോശപ്പെട്ട അവസ്ഥയിലായിരുന്ന ചൈന യുദ്ധത്തിൽ തീർച്ചയായും പരാജയപ്പെടേണ്ടതായിരുന്നു. ചിയാങ്ങ് കൈഷെക് അടക്കം ക്വമിന്താങ്ങിലെ എല്ലാ പിന്തിരിപ്പൻ നേതാക്കൾക്കിടയിലും ഈ കാഴ്ചപ്പാടിനായിരുന്നു സ്വാധീനം.

16. ''ജപ്പാനെതിരായ ഗറില്ലായുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങൾ'', എന്ന ഈ ഭാഗത്തിലെ ലേഖനത്തിന്റെ 9–ാം കുറിപ്പു നോക്കുക.

17. സൺ വു കുങ് 16–ാം നൂററാണ്ടിൽ എഴുതപ്പെട്ട സിയുചി (പടിഞ്ഞാറോട്ടുള്ള തീർത്ഥയാത്ര) എന്ന ചൈനീസ് നോവലിലെ വാനരരാജാവാണ്. അയാൾക്കു് ഒററക്കുതിക്കു് 108,000 ലി. ദൂരം പിന്നിടുവാൻ കഴിയുമായിരുന്നു. എന്നാൽ ഒരിക്കൽ ബുദ്ധന്റെ കൈപ്പിടിയിലായിക്കഴിഞ്ഞപ്പോൾ എത്ര ശ്രമിച്ചിട്ടും അയാൾക്കു് അതിൽനിന്നു രക്ഷപെടുവാൻ കഴിഞ്ഞില്ല. തന്റെ കൈപ്പത്തിയുടെ ഒരു ചെറുചലനത്തിലൂടെ ബുദ്ധൻ തന്റെ വിരലുകളെ അഞ്ചു മൂലകങ്ങളാൽ നിർമ്മിതമായ അഞ്ചു കൊടുമുടികളാക്കി മാററുകയും സൺ വു കുങ്ങിനെ കുഴിച്ചുമൂടുകയും ചെയ്തു.

18. 'ഫാസിസ്റ്റ് കടന്നാക്രമണവും കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ കടമകളും' എന്ന പേരിൽ 1935 ആഗസ്റ്റിൽ കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ ഏഴാം ലോക കോൺഗ്രസ്സിനുള്ള തന്റെ റിപ്പോർട്ടിൽ ''ഫാസിസമെന്നതു് എല്ലാ നിയന്ത്രണങ്ങളും ഭേദിച്ച സങ്കുചിത ദേശീയവാദമാണെന്നും ന്യായവിരുദ്ധ യുദ്ധമാണെന്നും'' സ: ഗ്യോർഗ് ദിമിത്രോവ്പറഞ്ഞു. 1937 ജൂലൈയിൽ 'ഫാസിസമെന്നാൽ യുദ്ധമെന്നാണ്'' എന്നപേരിൽ സ: ദിമിത്രോവ് ഒരു ലേഖനം പ്രസിദ്ധീകരിച്ചു.

19. ലെനിൻ, 'സോഷ്യലിസവും യുദ്ധവും.'

20. സുൺ സു, അദ്ധ്യായം 3, 'ആക്രമണത്തിന്റെ തന്ത്രം.'

21. ബി. സി. 1632–ൽ സിൻ, ചു സംസ്ഥാനങ്ങൾ തമ്മിലുള്ള യുദ്ധരംഗമായിരുന്ന ഷാൻടുങ്ങ് പ്രവിശ്യയിലെ ചെങ്ങ്പു. യുദ്ധാരംഭത്തിൽ ചു സൈന്യത്തിനു് മുൻകൈ കിട്ടി. സിൻ സൈന്യം 90 ലി പിൻവാങ്ങിയതിനുശേഷം ചു സൈന്യത്തിന്റെ ദുർബലസ്ഥാനങ്ങളായിരുന്ന വലതു്, ഇടതു വശങ്ങളിലൂടെ മുന്നേറുകയും അവരെ കനത്ത തോതിൽ പരാജയപ്പെടുത്തുകയും ചെയ്തു.

22. ഹുനാൻ പ്രവിശ്യയിലെ പുരാതന നഗരമായിരുന്ന ചെങ്ങ്കാവോച്ചു് വലിയ സൈനികപ്രാധാന്യമുണ്ടായിരുന്നു. ബി. സി. 203–ൽ ഹാൻരാജാവു് ലു പാങ്ങും, ചു രാജാവു് സിയാങ്ങ് യുവും

Scanned by CamScanner

തമ്മിൽ നടന്ന യുദ്ധങ്ങളുടെ രംഗമായിരുന്നു ഇതു്. ആദ്യം സിയാങ്ങ് യു സിങ്ങ്യാങ്ങും ചെങ്ങ് കാമോയും പിടിച്ചെടുക്കുകയും ലു പാങ്ങിന്റെ സേനകളെ മിക്കവാറും തുരത്തുകയും ചെയ്തു. സിയാങ്ങ് യുവിന്റെ സൈന്യങ്ങൾ സെഷ്വിനദി കടക്കുന്നതിനായി അതിന്റെ നടുക്കെത്തുന്നതുവരെ ലുപാങ്ങ് കാത്തിരിക്കുകയും എന്നിട്ട് പെട്ടെന്ന് ആക്രമണം നടത്തി അവരെ പരാജയപ്പെടുത്തി ചെങ്ങ്കാവോ തിരിച്ചുപിടിക്കുകയും ചെയ്തു.

23. ബി. സി. 204—ൽ ഹാൻ സംസ്ഥാനത്തെ ജനറലായിരുന്ന ഹാൻഡിൻ ചിങ്ങ്സിങ്ങിൽവച്ച് ചാവോ സ്വിയെയുമായി ഒരു യുദ്ധത്തിൽ ഏർപ്പെട്ടു. 200,000 അംഗങ്ങളുണ്ടായിരുന്ന ചാവോസ്വെയുടെ സൈന്യം ഹാൻഡിന്റെ സൈന്യത്തെക്കാൾ പല മടങ്ങു വലുതായിരുന്നു. ഒരു നദിയെ പിൻപററിക്കൊണ്ടു് തന്റെ സൈന്യങ്ങളെ നിയോഗിച്ച് ഹാൻഡിൻ ഒരു ധീരമായ പോരാട്ടത്തിൽ അവരെ നയിക്കുകയും അതേ സമയംതന്നെ ചില യൂണിററുകളെ ശത്രുവിന്റെ ദുർബലസ്ഥാനങ്ങളായ പിന്നണിയിൽ ആക്രമണം നടത്തുന്നതിനായും നിയോഗിച്ചു. ഇത്തരമൊരു കുടുക്കിൽപെട്ട ചാവോസ്വേയുടെ സേനകൾ പൂർണ്ണമായും തകർക്കപ്പെട്ടു.

24. ഹുനാൻ പ്രവിശ്യയുടെ വടക്കുഭാഗത്തുള്ള കുൻയാങ്ങ് എന്ന പുരാതന നഗരത്തിൽവച്ചായിരുന്നു എ. ഡി. 23 ൽ കിഴക്കൻ ഹാൻ രാജവംശത്തിന്റെ സ്ഥാപകനായ ലിയുസ്യു സിൻ രാജവംശത്തിലെ ചക്രവർത്തിയായിരുന്ന വാങ്ങ്മാങ്ങിന്റെ സേനകളെ പരാജയപ്പെടുത്തിയതു്. ഇരു ഭാഗങ്ങളിലേയും സേനകളുടെ സംഖ്യകൾ തമ്മിൽ വളരെ വ്യത്യാസമുണ്ടായിരുന്നു. വാങ്ങ്മാങ്ങിന്റെ 4 ലക്ഷത്തിനെതിരെ സ്യുകൾ 8000 നും 9000 നും ഇടയ്ക്കു് ആൾക്കാരേ ഉണ്ടായിരുന്നുള്ളു. എന്നാൽ വാങ്ങ്മാങ്ങിന്റെ ജനറൽമാരുടെ ശത്രുവിനെ വിലകുറച്ചുകാണുന്ന അലംഭാവസ്വഭാവം പ്രയോജനപ്പെടുത്തിക്കൊണ്ടു് തെരഞ്ഞെടുക്കപ്പെട്ട 3000 സൈനികരോടൊപ്പം ലിയുസ്യു ശത്രുസേനകളെ ആക്രമിക്കുകയും വാങ്ങ്മാങ്ങിന്റെ പ്രധാന സേനകളെ തുരത്തുകയും ചെയ്തു. ഇതേത്തുടർന്നു് അവശേഷിച്ച സൈന്യങ്ങളെയും തകർത്തു.

25. കുവാൻ ടു, ഹൊനാൻ പ്രവിശ്യയുടെ വടക്കുകിഴക്കൻ ഭാഗത്തായിരുന്നു. സാഒ സാഒ, യുവാൻ ഷാവോ എന്നിവർ തമ്മിൽ എ. ഡി. 200—ൽ നടന്ന യുദ്ധങ്ങളുടെ രംഗമായിരുന്നു അതു്. സാഒ സാഒയുടെ സൈന്യം വളരെ ചെറുതായിരുന്നു. യുദ്ധവിഭവങ്ങളും കുറവായിരുന്നു. ശത്രുവിന്റെ ശക്തിയെക്കുറച്ചുകണ്ട യുവാൻ ഷാവോയുടെ സൈനികരുടെ ഭാഗത്തെ ജാഗ്രതക്കുറവിൽനിന്നു മുതലെടുത്തുകൊണ്ടു് സാഒ സാഒ അയാളുടെ വേഗതയുള്ള സൈനികരെ ശത്രുവിനെതിരെ പെട്ടെന്നുള്ള ഒരാക്രമണം നടത്താനായി നിയോഗിക്കുകയും അവർ ശത്രുവിന്റെ ഗുദാമുകൾക്കു തീ കൊളുത്തുകയും ചെയ്തു. ഇതോടെ യുവാൻ ഷാവോയുടെ സൈന്യം പരിഭ്രാന്തിയിലകപ്പെടുകയും അതിന്റെ പ്രധാന ഭാഗം തുടച്ചുനീക്കപ്പെടുകയും ചെയ്തു.

26. വു സംസ്ഥാനം ഭരിച്ചിരുന്നതു് സൺ ചുവാനും, വെയ് സംസ്ഥാനം ഭരിച്ചിരുന്നതു് സാഒ സാഒയുമായിരുന്നു. ഹുപെ പ്രവിശ്യയിൽ യാങ്ങ് ടിസി നദിയുടെ തെക്കേകരയിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണു് ചിഹ്പി. എ. ഡി. 208—ൽ സൺചുവാനെതിരെ ആക്രമണം നടത്തുന്നതിനു് 8 ലക്ഷം സൈനികരുണ്ടെന്നു് പ്രഖ്യാപിക്കപ്പെട്ടിരുന്ന, യഥാർത്ഥത്തിൽ 5 ലക്ഷം സൈനികരുണ്ടായിരുന്ന ഒരു സൈന്യത്തിനു് സാഒ സാഒ നേതൃത്വം നൽകി. സൺചുവാനാകട്ടെ സാഒ സാഒയുടെ മറെറാരു എതിരാളിയായിരുന്ന ലുപെയുമായി സഖ്യംചെയ്തു് 30,000 സൈനികരെ സമാഹരിച്ചു. സാഒ സാഒയുടെ സൈന്യത്തിൽ പകർച്ചവ്യാധികൾ

Scanned by CamScanner

പിടിപെട്ടിരിക്കയാണെന്നും നദീയുദ്ധത്തിൽ അവർ പ്രവീണരല്ലെന്നും മനസ്സിലാക്കിക്കൊണ്ട് സൺ ചുവാൻെറയും ലു പെയുടെയും സഖ്യസേനകൾ സാവോ സാവോയുടെ നൗകകൾക്ക് തീ കൊളുത്തുകയും അയാളുടെ സൈന്യത്തെ തകർക്കുകയും ചെയ്തു.

27. എ. ഡി. 222–ൽ വു സംസ്ഥാനത്തിലെ ഒരു സേനാധിപതിയായിരുന്ന ലു സൺ ഷു ഭരണാധികാരിയായിരുന്ന പെയുടെ സൈന്യത്തെ പരാജയപ്പെടുത്തിയതു് ഹുപെ പ്രവിശ്യയിലെ യി ലിങ്ങിൽ വച്ചായിരുന്നു. ലു പെയുടെ സേനകൾ ആദ്യം നിരവധി വിജയങ്ങൾ നേടുകയും 500, 600 ലി ദൂരം മുന്നേറി യി ലിങ്ങ് വരെ എത്തുകയും ചെയ്തു. യി ലിങ്ങിനെ പ്രതിരോധിച്ചിരുന്ന ലു സുങ് ഏഴുമാസത്തിലേറെക്കാലം നേരിട്ടുള്ള ഏററുമുട്ടൽ ഒഴിവാക്കുകയും ഇതുവഴി ലു പെയുടെ എല്ലാ അടവുകളും വിഫലമാവുകയും അയാളുടെ സൈനികർ ക്ഷീണിതരും ആത്മവീര്യം നഷ്ടപ്പെട്ടവരുമായിത്തീരുകയും ചെയ്തു. അപ്പോളയാൾ അനുകൂലമായ കാററ് ഉപയോഗപ്പെടുത്തി ലു പെയുടെ കൂടാരങ്ങൾക്ക് തീയിട്ടുകൊണ്ട് ആ സൈന്യത്തെ പരാജയപ്പെടുത്തി.

28. കിഴക്കൻ സിൻ രാജവംശത്തിലെ സേനാധിപതിയായിരുന്ന സിയെ സ്വാൻ ചിൻ സംസ്ഥാനത്തിൻെറ ഭരണാധികാരിയായിരുന്ന ഫു ചി–യെനെ എ. ഡി. 383–ൽ ആൻവെയ് പ്രവിശ്യയിലെ ഫെയ് ഷ്വി നദീതടത്തിൽവച്ച് പരാജയപ്പെടുത്തി. ഫു ചി–യെന് 6 ലക്ഷം വരുന്ന കാലാൾപ്പടയും 270,000 വരുന്ന കുതിരപ്പടയും 30,000 വരുന്ന കരുതൽ സേനയും ഉണ്ടായിരുന്നു. അതേസമയം കിഴക്കൻ സിൻ സേനകൾ—കരസേനകളും നദീസേനകളും ഉൾപ്പെടെ—80,000 ഉണ്ടായിരുന്നുള്ളു. ഫെയ് ഷ്വി നദിയുടെ ഇരു കരകളിലുമായി സൈന്യങ്ങൾ രണ്ടും അണിനിരന്നപ്പോൾ ശത്രുസൈന്യത്തിൻെറ അതിരുകടന്ന ആത്മവിശ്വാസവും അഹങ്കാരവും മനസ്സിലാക്കിയ സിയെ സ്വാൻ, ഫു ചി–യെനോട് തൻെറ സേനകൾക്ക് നദികടന്ന് അക്കരെയെത്തി യുദ്ധം ചെയ്യുന്നതിന് സൗകര്യമുണ്ടാക്കിത്തരാൻ അല്പദൂരം പിന്മാറിത്തരണമെന്ന് അഭ്യർഥിച്ചു. ഇതംഗീകരിച്ച ഫു ചി–യെൻ പിന്മാററത്തിന് ഉത്തരവിട്ടപ്പോൾ അയാളുടെ സൈനികർ പരിഭ്രാന്തരാവുകയും അവരെ പിടിച്ചുനിർത്താനാകാതെ വരികയും ചെയ്തു. ഈ സന്ദർഭത്തിൽ കിഴക്കൻ സിൻ സേനകൾ നദി കടന്ന് ഒരു കടന്നാക്രമണം നടത്തി ശത്രുസേനകളെ തകർത്തു.

29. എ. ഡി. 383–ൽ ചിൻ സംസ്ഥാനത്തിൻെറ ഭരണാധികാരിയായിരുന്ന ഫു ചി–യെൻ സിൻ സേനകളുടെ ശക്തി കുറച്ചുകാണുകയും അവയെ ആക്രമിക്കുകയും ചെയ്തു. സിൻ സേനകൾ ശത്രുസേനകളുടെ മുന്നണിയിലുള്ള യൂണിററുകളെ ആൻവെയ് പ്രവിശ്യയിലെ ലോചിനിൽവച്ച് പരാജയപ്പെടുത്തുകയും കരയും നദിയുംവഴി മുന്നേറുകയുംചെയ്തു. ഷൗ യാങ്ങ് നഗരഭിത്തികൾക്കു മേലെകയറി ശത്രുസേനകളെ നിരീക്ഷിച്ച ഫു ചി–യെൻ സിൻ സേനകളുടെ കരുത്തുററ സേനാരൂപീകരണരീതി കാണുകയും പാ കങ് പർവ്വതത്തിലെ വൃക്ഷങ്ങളെയും കുററിക്കാടുകളെയും പോലും ശത്രുസൈനികരായി തെററിദ്ധരിക്കുകയും ശത്രുസൈന്യത്തിൻെറ ശക്തിയെക്കുറിച്ച് തെററിദ്ധരിച്ച് പരിഭ്രാന്തനാവുകയും ചെയ്തു.

30. സ: മാവോ സെതുങ് ഇവിടെ പരാമർശിക്കുന്നതു് 1927 ൽ ചിയാങ് കൈഷെക്കും വാങ് വെയും കൂമിന്താങ്ങും കമ്യൂണിസ്റ്റുപാർട്ടിയും തമ്മിലുണ്ടായിരുന്ന ആദ്യത്തെ ദേശീയ ജനാധിപത്യമുന്നണിയെ വഞ്ചിച്ചുകൊണ്ട് ജനങ്ങൾക്കെതിരായി പത്തുവർഷം നീണ്ടുനിന്ന യുദ്ധം അഴിച്ചുവിടുകയും അപ്രകാരം ദേശവ്യാപകമായി ചൈനീസ് ജനതയെ സംഘ

Scanned by CamScanner

ടിപ്പിക്കുന്നതു് അസാദ്ധ്യമാക്കിത്തീർക്കുകയും ചെയ്ത വസ്തുതയാണു്. ഇതിനു് ചിയാങ്ങ് കൈഷെക്കിൻെറ നേതൃത്വത്തിലുള്ള കുമിന്താങ്ങ് പിന്തിരിപ്പൻമാരാണു് ഉത്തരവാദിത്വം വഹിക്കേണ്ടതു്.

31. സുങ്ങിലെ സിയാങ്ങ് രാജകുമാരൻ വസന്ത, ശരത്കാല യുഗത്തിലാണു് നാടു ഭരിച്ചിരുന്നതു്. ബി. സി. 638 ൽ സുങ്ങ് സംസ്ഥാനം ശക്തിമത്തായ ചു സംസ്ഥാനവുമായി യുദ്ധം ചെയ്തു. ചു സേനകൾ നദികടക്കുന്ന സമയത്തു് തന്നെ സുങ്ങ്സേനകൾ യുദ്ധത്തിനു തയ്യാറായി അണിനിരത്തപ്പെട്ടുകഴിഞ്ഞിരുന്നു. ചു സേനകൾ സംഖ്യയിൽ കൂടുതൽ ശക്തമായതുകൊണ്ടു് ഉടനെ ആക്രമണം തുടരേണ്ടതാണെന്നു് സുങ്ങ് ഓഫീസർമാരിൽ ഒരാൾ നിർദ്ദേശിച്ചു. പക്ഷെ സിയാങ്ങ് പറഞ്ഞതു് ''യുദ്ധത്തിനു തയ്യാറാകാത്ത ഒരാളെ മാന്യനായ ഒരാൾ ആക്രമിക്കാൻ പാടില്ല'' എന്നാണു്. ചു സേനകൾ നദികടക്കുകയും പക്ഷെ അവരുടെ സൈന്യവിന്യാസം പൂർത്തീകരിക്കുന്നതിനു് കൂടുതൽ സമയം ആവശ്യമാവുകയും ചെയ്തിരുന്നപ്പോൾ അടിയന്തിരമായി ആക്രമണം നടത്തണമെന്നു് ആ ഓഫീസർ വീണ്ടും നിർദ്ദേശിച്ചു. പക്ഷെ ''യുദ്ധവിന്യാസം പൂർത്തീകരിക്കാത്ത ഒരു ശത്രുവിനെ മാന്യനായ ഒരാൾ ഒരിക്കലും ആക്രമിക്കാൻ പാടില്ല'' എന്നാണു് സിയാങ്ങ് വീണ്ടും പറഞ്ഞതു്. ചു സേനകൾ പൂർണ്ണമായും തയ്യാറെടുത്തിനുശേഷം മാത്രമാണു് സിയാങ്ങ് ആക്രമണത്തിനു് നിർദ്ദേശം നൽകിയതു്. ഇതുമൂലം സുങ്ങ് സേനകൾക്കു് കനത്ത പരാജയം നേരിടുകയും സിയാങ്ങിനുതന്നെ പരിക്കേൽക്കുകയും ചെയ്തു.

32. ഒരു കുമിന്താങ്ങ് യുദ്ധപ്രഭുവായിരുന്ന ഹാൻഫു-ചു നിരവധി വർഷങ്ങളായി ഷാൻടുങ്ങിലെ ഗവർണറായിരുന്നു. 1937 ൽ പേയ്പിങ്ങും ടിയൻസീനും അധീനപ്പെടുത്തിക്കൊണ്ടു് ജാപ്പ് ആക്രമണകാരികൾ ടിയൻസീൻ-പുക്കോവ് റെയിൽവേ വഴി തെക്കോട്ടു മുന്നേറിയപ്പോൾ ഹാൻ ഫു-ചു ഒരിക്കൽപോലും ചെറുത്തുനിൽക്കാതെ ഷാൻടുങ്ങിൽനിന്നു് ഹൊനാനിലേക്കു് പലായനം ചെയ്തു.

33. കുമിന്താങ്ങ് അതിൻെറ സൈന്യത്തെ വികസിപ്പിച്ചിരുന്നതു് നിർബന്ധിത സൈനിക സേവന ഉത്തരവുകൾ വഴിയായിരുന്നു. കുമിന്താങ്ങ് സൈന്യവും പോലീസും എല്ലായിടത്തും ജനങ്ങളെ കടന്നുപിടിക്കുകയും അവരെ കയർകൊണ്ടു് കെട്ടുകയും കുററവാളികളോടെന്നപോലെ അവരോടു് പെരുമാറുകയും ചെയ്തു. സാമ്പത്തികശേഷി ഉണ്ടായിരുന്നവർ കുമിന്താങ്ങ് ഉദ്യോഗസ്ഥൻമാർക്കു് കൈക്കൂലി കൊടുത്തു് രക്ഷപെടുകയോ തങ്ങൾക്കുപകരം മററാരെയെങ്കിലും സൈന്യത്തിലേക്കു് നിയോഗിക്കുകയും ചെയ്തിരുന്നു.

Scanned by CamScanner

# ദേശീയയുദ്ധത്തിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പങ്ക്*

*1938 ഒക്ടോബർ*

സഖാക്കളെ, നമുക്ക് മുന്നോട്ടുള്ള വിജയസാദ്ധ്യതകൾ ഉജ്ജ്വലമാ
ണ്; നമ്മൾ ജാപ്പ്സാമ്രാജ്യവാദികളെ പരാജിതരാക്കുകയും ഒരു പുത്തൻ
ചൈന പടുത്തുയർത്തുകയും ചെയ്യേണ്ടതാണ്, എന്നുമാത്രമല്ല
തീർച്ചയായും ഈ ലക്ഷ്യങ്ങളിലെത്തിച്ചേരാൻ നാം പ്രാപ്തരുമാ
ണ്. എന്നാൽ നമ്മുടെ ശോഭനമായ ഭാവിക്കും വർത്തമാനകാല യാഥാർ
ത്ഥ്യത്തിനുമിടക്ക് വിഷമസങ്കീർണ്ണമായ ഒരു പാത നീണ്ടുകിടക്കുന്നു. പ്രകാ
ശപൂരിതമായ ആ പുത്തൻ ചൈനക്കുവേണ്ടി ചൈനീസ് കമ്യൂണിസ്റ്റ്
പാർട്ടിയും മുഴുവൻജനങ്ങളും ജാപ്പ് ആക്രമണകാരികൾക്കെതിരെ ചിട്ടയാ
യി പോരാടേണ്ടതുണ്ട്; ദീർഘകാലാടിസ്ഥാനത്തിലുള്ള യുദ്ധത്തിലൂടെ
മാത്രമെ നമുക്ക് ജാപ്പ് ആക്രമണകാരികളെ പരാജിതരാക്കാൻ കഴിയുക
യുള്ളൂ. യുദ്ധസംബന്ധിയായ വിവിധ പ്രശ്നങ്ങളെ നാം ഒട്ടേറെ വിവരിച്ചു
കഴിഞ്ഞു. ചെറുത്തുനില്പുയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷമുള്ള അനുഭവ
ങ്ങൾ വിലയിരുത്തുകയും, വർത്തമാനകാല പരിതസ്ഥിതികൾ വിശകല
നം ചെയ്യുകയും മുഴുവൻ ദേശത്തിന്റെയും അടിയന്തിരകടമകളും മുന്നണി
യിൽ കൂടി ഒരു സുദീർഘയുദ്ധത്തെ പിന്തുണക്കുന്നതിനുള്ള കാരണവും രീ
തിയും വിവരിക്കുകയും, അന്താരാഷ്ട്രീയ പരിതസ്ഥിതികൾ അപഗ്ര
ഥിക്കുകയും ചെയ്തുകഴിഞ്ഞാൽ ഇനി പിന്നെ എന്തു പ്രശ്നങ്ങളാണുള്ളത്?
സഖാക്കളെ, ഒരു പ്രശ്നംകൂടി ബാക്കിയുണ്ട്—ദേശീയയുദ്ധത്തിൽ ചൈനീ
സ് കമ്യൂണിസ്റ്റ് പാർട്ടി വഹിക്കേണ്ട പങ്കെന്താണെന്ന പ്രശ്നം, അഥവാ
ഈ യുദ്ധം പരാജയത്തിന്റെ പടുകുഴിയിലേക്കെത്തിക്കാതെ, വിജയസോ
പാനത്തിലേക്കു നയിക്കുന്നതിനായി കമ്യൂണിസ്റ്റുകാർ തങ്ങളുടെ പങ്കെ
ന്താണെന്നു മനസ്സിലാക്കുകയും സ്വയം ശക്തരാവുകയും അണിയൊരുക്കുക
യും ചെയ്യുന്നതു് എങ്ങിനെ വേണമെന്നുള്ള പ്രശ്നം.

---

* ആറാം കേന്ദ്രകമ്മററിയുടെ ആറാം പ്ലീനറി സമ്മേളനത്തിനുവേണ്ടി സ: മാവോ സെതുങ്ങ് ചെയ്ത റിപ്പോർട്ടാണിതു്. ഈ സമ്മേളനം ഏറെ പ്രാധാന്യമർഹിക്കുന്നതായിരുന്നു. കാരണം, മാവോ സെതുങ്ങിന്റെ നേതൃത്വത്തിലുള്ള പോളിററ് ബ്യൂറോവിന്റെ ലൈൻ അംഗീകരിച്ചതു് ഈ സമ്മേളനമായിരുന്നു. ജാപ്പ് വിരുദ്ധ ചെറുത്തുനില്പുയുദ്ധം നയിക്കുകയെന്ന പാർട്ടിയുടെ മഹത്തായ, ചരിത്രപരമായ ചുമതല ശരിക്കും മനസ്സിലാക്കുന്നതിനും പൂർണ്ണമനസ്സോടെ ഏറെറടുക്കുന്നതിനും പാർട്ടിയിലെ എല്ലാ സഖാക്കളെയും സഹായിക്കുന്നതായിരുന്നു ''ദേശീയയുദ്ധത്തിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പങ്ക്'' എന്ന പ്രശ്നത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിശകലനം. ജാപ്പ് വിരുദ്ധ ഐക്യമുന്നണി ദൃഢമായി പിൻതുടരേണ്ട ലൈൻ ഈ സമ്മേളനം തീരുമാനിച്ചു. എന്നാൽ അതേസമയം

Scanned by CamScanner

## ദേശസ്നേഹവും സാർവ്വദേശീയതയും

സാർവ്വദേശീയ വാദിയായ ഒരു കമ്യൂണിസ്റ്റുകാരനു് ഒപ്പംതന്നെ ഒരു ദേശസ്നേഹിയാവാൻ കഴിയുമോ? കഴിയും, എന്നുമാത്രമല്ല കഴിയണം എന്നുകൂടിയാണു് നമ്മൾ കരുതുന്നതു്. ദേശസ്നേഹത്തിന്റെ നിശ്ചിതമായ ഉള്ളടക്കം ചരിത്രപരിതസ്ഥിതികളാൽ നിർണ്ണയിക്കപ്പെടുന്നതാണു്. ജാപ്പ് ആക്രമണകാരികളുടേതും ഹിററ്ലറുടേതുമായ ''ദേശസ്നേഹ''ത്തെ കമ്യൂണിസ്റ്റുകാർ നിശ്ചയദാർഢ്യത്തോടുകൂടി എതിർക്കുകതന്നെ വേണം. എന്നാൽ ജർമ്മനിയിലെയും ജപ്പാനിലെയും കമ്യൂണിസ്റ്റുകാർ തങ്ങളുടെ രാജ്യങ്ങൾ നടത്തുന്ന യുദ്ധത്തെ സംബന്ധിച്ചിടത്തോളം പരാജയപ്പെടുത്തൽ വാദക്കാരാണു്. ജാപ്പ് ആക്രമണകാരികളുടെയും ഹിററ്ലറുടെയും പരാജയം ഏതുവിധേനയും ഉറപ്പുവരുത്തുകയെന്നതു് ആ രാജ്യങ്ങളിലെ ജനതാല്പര്യങ്ങൾക്കു ചേർന്നതാണു്. പരാജയം എത്രമാത്രം പൂർണ്ണമാകുന്നുവോ അത്രയും നന്നു്. അവിടങ്ങളിലെ കമ്യൂണിസ്റ്റുകാർ ഇതു ചെയ്യേണ്ടതുണ്ടു്, ചെയ്യുകയുമാണു്. കാരണം ജാപ്പ് അക്രമണകാരികളും ഹിററ്ലറും അഴിച്ചുവിട്ടിരിക്കുന്ന യുദ്ധങ്ങൾ ലോകജനതക്കെന്നപോലെ തന്നെ തദ്ദേശീയരായ ജനങ്ങൾക്കും നാശനഷ്ടങ്ങൾ വരുത്തിവെക്കുന്നു. ചൈനയുടെ കാര്യം ഈ രാജ്യങ്ങളുടെതിൽനിന്നു് ഭിന്നമാണു്; കാരണം, ആക്രമിക്കപ്പെട്ട ഇതു് ഇരയാണു്. അതുകൊണ്ടു് ചൈനീസ് കമ്യൂണിസ്റ്റുകാർ തങ്ങളുടെ ദേശസ്നേഹത്തെ സാർവ്വദേശീയമായി സമന്വയിപ്പിക്കേണ്ടിയിരിക്കുന്നു. നമ്മൾ ഒരേ സമയം ദേശസ്നേഹികളും സാർവ്വദേശീയവാദികളുമാണു്. നമ്മുടെ മുദ്രാവാക്യം ''ആക്രമണകാരികൾക്കെതിരെ മാതൃഭൂമിയുടെ രക്ഷക്കായി പൊരുതുക'' എന്നതാണു്. നമ്മെ സംബന്ധിച്ചിടത്തോളം പരാജയപ്പെടുത്തൽ വാദം ഒരു കുററകൃത്യമാണു്. 'ചെറുത്തുനില്പ്'

---

തന്നെ ''എല്ലാം ഐക്യമുന്നണിയിലൂടെ'' എന്ന കാഴ്ചപ്പാടു് ചൈനീസ് അവസ്ഥകൾ യോജിച്ചതല്ലെന്നും, ഐക്യമുന്നണി ഐക്യവും സമരവും എന്ന തത്വത്തിൽ അധിഷ്ഠിതമായിരിക്കണമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ഐക്യമുന്നണിയെ സംബന്ധിച്ചുള്ള ''ഇടം അനുവദിക്കൽ'' നയത്തിന്റെ തെററു് അതുവഴി വിമർശിക്കപ്പെട്ടു. ഈ സമ്മേളനത്തിന്റെ അവസാനം ചെയ്ത പ്രസ്താവനയുടെ ഭാഗമായി വരുന്നതും, ഇതേ പുസ്തകത്തിൽ അടുത്തതായി കൊടുത്തിരിക്കുന്നതുമായ ''ഐക്യമുന്നണിക്കുള്ളിലെ....'' എന്ന ലേഖനത്തിൽ സഖാവ് മാവോ ഇതേപററി പരാമർശിച്ചിട്ടുണ്ടു്. ജനങ്ങളുടെ ജാപ്പ് വിരുദ്ധ സായുധ സമരം സംഘടിപ്പിക്കുന്നതിൽ മുഴുവൻ പാർട്ടിയും മുഴുകണമെന്നതു് പാർട്ടിയുടെ അതിപ്രധാനകാര്യമാണെന്ന കാര്യം ഉറപ്പിച്ചുകൊണ്ടു് പാർട്ടിയുടെ പ്രധാന പ്രവർത്തനമണ്ഡലങ്ങൾ യുദ്ധമേഖലയും ശത്രുവിന്റെ പിന്നണിനിരയും ആയിരിക്കണമെന്നും ഈ സമ്മേളനം തീരുമാനിച്ചു. ജാപ്പ് വിരുദ്ധ ആക്രമണകാരികളുടെമേലുള്ള വിജയത്തിനുവേണ്ടി ക്വമിന്താങ്ങ് സൈന്യങ്ങളിൽ ആശ കേന്ദ്രീകരിക്കുക എന്ന തെററായ ആശയത്തെയും ക്വമിന്താങ്ങ് പ്രതിലോമകാരികളുടെ ഭരണത്തിൻകീഴിൽ നിയമവിധേയസമരങ്ങളിൽ ജനങ്ങളുടെ ഭാവി അർപ്പിക്കുക എന്നതിനെയും ഈ സമ്മേളനം അപലപിക്കുകയുണ്ടായി. ഈ സമ്മേളനത്തിലെ ഉപസംഹാര പ്രസംഗത്തിന്റെ മറെറാരു ഭാഗമായി വരുന്ന 'യുദ്ധത്തിന്റെയും തന്ത്രത്തിന്റെയും പ്രശ്നങ്ങളി' (ഇതേ പുസ്തകത്തിലെ പിന്നീടുള്ള ഭാഗം കാണുക) ൽ സ: മാവോ സെതുങ്ങ് ഇതേപററി പരാമർശിക്കുന്നുണ്ടു്.

Scanned by CamScanner

യുദ്ധം' വിജയിപ്പിക്കുക എന്നതു് നമ്മുടെ ഒഴിച്ചുകൂടാനാവാത്ത ചുമതല
യാണത്രെ. കാരണം, മാതൃഭൂമിയുടെ രക്ഷക്കായി പൊരുതിക്കൊണ്ടു മാത്ര
മെ അക്രമണകാരികളെ തറപററിക്കാനും ദേശീയവിമോചനം നേടിയെടു
ക്കാനും നമുക്കു കഴിയൂ. ദേശീയവിമോചനത്തിൽകൂടി മാത്രമെ തൊഴിലാ
ളിവർഗ്ഗത്തിനും മററദ്ധ്വാനിക്കുന്ന ജനങ്ങൾക്കും സ്വന്തം മോചനത്തിലെ
ത്തിച്ചേരാനാവുകയുള്ളൂതാനും. ചൈനയുടെ വിജയവും കടന്നാക്രമണ
കാരികളായ സാമ്രാജ്യത്വവാദികളുടെ പരാജയവും മറുനാടുകളിലെ ജനത
കൾക്കുതന്നെയും സഹായകരമാവും. അങ്ങനെ ദേശീയ വിമോചനയുദ്ധ
ത്തിൽ ദേശസ്നേഹത്തിലൂടെയുള്ള സാർവ്വദേശീയത, പ്രായോഗിക സാർവ്വ
ദേശീയതയാണു്. ഇക്കാരണംകൊണ്ടു് കമ്യൂണിസ്റ്റുകാർ ദേശീയവിമോ
ചനയുദ്ധത്തിൻെറ അടരാട്ട മുന്നണിയിൽ തങ്ങളുടെ മുഴുവൻ മുൻകൈയ്യുമെടു
ക്കുകയും ദൃഢചിത്തതയോടും ധീരതയോടുംകൂടി മുന്നോട്ടു കുതിക്കുകയും
ജാപ്പ് ആക്രമണകാരികൾക്കെതിരായി തോക്കു തിരിച്ചുപിടിക്കുകയും
ചെയ്യേണ്ടതാണു്. ഇക്കാരണംകൊണ്ടുതന്നെ 1931 സെപ്തംബർ 18 ൻെറ
സംഭവത്തിനുശേഷം നമ്മുടെ പാർട്ടി ജാപ്പനീസ് ആക്രമണകാരികളെ
ചെറുത്തുതോല്പിക്കുന്നതിനായി ഒരു ദേശീയ പ്രതിരോധത്തിനുള്ള ആഹ്വാ
നം നൽകി, ഒരു ജാപ്പ്‌വിരുദ്ധ ദേശീയ ഐക്യമുന്നണി കെട്ടിപ്പടുക്കാനും,
ജാപ്പ്‌വിരുദ്ധ ദേശീയ വിപ്ലവസേനയുടെ ഭാഗമായി പുന:സംഘടിക്കാ
നും യുദ്ധമുന്നണിയിലേക്കു് മാർച്ചു് ചെയ്യാനും ചുവപ്പുസേനയോടു് നിർ
ദ്ദേശിച്ചു. യുദ്ധത്തിൻെറ മുന്നണി നിരയിൽതന്നെ സ്ഥാനം പിടിക്കാ
നും തങ്ങളുടെ അവസാനത്തുള്ളി ചോരവരെ മാതൃഭൂമിയുടെ പ്രതിരോധത്തി
നുവേണ്ടി പടപൊരുതാനും പാർട്ടി അംഗങ്ങളോടാവശ്യപ്പെട്ടു. ഈ എല്ലാ
പ്രവർത്തനങ്ങളും ദേശസ്നേഹപരമായി നല്ല കാര്യങ്ങളാണു്. സാർവ്വദേ
ശീയതയുടെ ചൈനയിലെ പ്രയോഗവുമാണു്. ഇതു് ഒരു തരത്തിലും
സാർവ്വദേശീയതയ്ക്കെതിരായി പോകലല്ലതന്നെ. രാഷ്ട്രീയമായി ചി
ന്താകാലുഷ്യം ബാധിച്ച അജ്ഞേയററത്തെ ദുരുദ്ദേശക്കാർ മാത്രമെ നമ്മൾ
തെററു പ്രവർത്തിച്ചെന്നും സാർവ്വദേശീയത കൈവെടിഞ്ഞെന്നുമുള്ള അസം
ബന്ധങ്ങൾ പുലമ്പുകയുള്ളു.

## ദേശീയ യുദ്ധത്തിൽ കമ്യൂണിസ്ററുകാർ മാതൃക കാണിക്കണം.

മേൽപറഞ്ഞ കാരണങ്ങളാൽ ദേശീയ യുദ്ധത്തിൽ കമ്യൂണിസ്ററുകാർ ഉയർന്ന തോതിൽ മുൻകൈ എടുക്കണം. അതു് മൂർത്തമായിരിക്കുകയും വേണം. മറെറാരു വിധത്തിൽ പറഞ്ഞാൽ എല്ലാ പ്രവർത്തന മേഖലകളിലും മുന്നണിപോരാളികളുടെ മാതൃകാപരമായ പങ്കു് കമ്യൂണിസ്റ്റുകാർ വഹിക്കേണ്ടതുണ്ടു്. പ്രതികൂല സാഹചര്യങ്ങളിലാണു് നാം യുദ്ധം ചെയ്യുന്നതു്. വിശാല ബഹുജനങ്ങൾക്കിടയിൽ ദേശീയ ബോധത്തിൻേറയും ദേശീയമായ ആത്മാഭിമാനത്തിൻേറയും ആത്മവിശ്വാസത്തിൻെറയും അപര്യാപ്തത, ഭൂരിപക്ഷം ജനങ്ങളുടേയും അസംഘടിതാവസ്ഥ, ചൈനയുടെ സൈനികശക്തിയുടെ ക്ഷീണാവസ്ഥ, സാമ്പത്തിക പിന്നോക്കാവസ്ഥ, ജനാധിപത്യ വിരുദ്ധമായ രാഷ്ട്രീയാവസ്ഥ, അഴിമതിയുടെയും വിശ്വാസരാഹിത്യത്തിൻെറയും സാന്നിദ്ധ്യം, ഐക്യമുന്നണിക്കുള്ളിൽതന്നെയുള്ള ഐകമത്യത്തിൻെറയും ഐക്യദാർഢ്യത്തിൻെറയും കുറവു് അങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഇവ

Scanned by CamScanner

യെല്ലാം പ്രതികൂല സാഹചര്യങ്ങളിൽപെട്ടവയാണ്. ആയതിനാൽ അനാശാസ്യമായ എല്ലാ പ്രതിഭാസങ്ങൾക്കും അറുതി വരുത്താൻ ദേശത്തെ മൊത്തം ഏകീകരിക്കുക എന്ന വമ്പിച്ച ചുമതല കമ്യൂണിസ്റ്റുകാർ ബോധപൂർവ്വം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ മുന്നണി പടയാളികളെന്ന നിലയ്ക്കുള്ള, കമ്യൂണിസ്റ്റുകാരുടെ മാതൃകാപരമായ പങ്കിന് അത്യന്തം പ്രാധാന്യമുണ്ട്. എട്ടാം പഥസേനയിലെയും നാലാം സേനയിലെയും കമ്യൂണിസ്റ്റുകാർ ധീരമായി അടരാടിയും, കല്പനകൾ നടപ്പാക്കിയും അച്ചടക്കം പുലർത്തിയും രാഷ്ട്രീയ പ്രവർത്തനം നടത്തിയും, ആഭ്യന്തരമായ ഐകമത്യവും ഐക്യദാർഢ്യവും ഉയർത്തിപ്പിടിച്ചു കൊണ്ടും മാതൃക സൃഷ്ടിക്കണം. സുഹൃത്സംഘടനകളും സൈന്യങ്ങളുമായുള്ള ബന്ധങ്ങളിൽ കമ്യൂണിസ്റ്റുകാർ ജപ്പാനെ ചെറുക്കുന്നതിൽ ഐക്യത്തിന്റേതായ ഉറച്ച നിലപാട് എടുക്കുകയും, ഐക്യമുന്നണിയുടെ പ്രവർത്തന പരിപാടി മുറുകെ പിൻതുടരുകയും ചെറുത്തുനില്പു യുദ്ധത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിൽ മാതൃക സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. അവർ സുഹൃത്സംഘടനകളും സൈന്യവുമായി എളിമയോടും ആത്മാർത്ഥതയോടുംകൂടി പ്രശ്നങ്ങൾ ചർച്ച ചെയ്തും സഹകരിച്ചും പ്രവർത്തിക്കുകയും വാക്കിൽ സത്യമുള്ളവരും പ്രവൃത്തിയിൽ ദൃഢബദ്ധരും എല്ലാ വാഗ്ദാനങ്ങളും നടപ്പാക്കുകയും ഐക്യമുന്നണിക്കകത്തെ പാർട്ടികളുടെ പരസ്പര ബന്ധത്തിൽ മാതൃക സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. തികഞ്ഞ ആർജ്ജവവും കറയില്ലായ്മയും പുലർത്തിയും നിയമനങ്ങൾ നടത്തുന്നതിൽ സ്വജന പക്ഷപാതത്തിൽനിന്ന വിമുക്തരായും കഠിനമായ ജോലി ചെയ്ത കുറച്ചു പ്രതിഫലം പററിയും ഭരണരംഗത്തു പ്രവർത്തിക്കുന്ന കമ്യൂണിസ്റ്റുകാർ മാതൃകയായിത്തീരേണ്ടതാണ്. ബഹുജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന കമ്യൂണിസ്റ്റുകാർ ബഹുജനങ്ങളുടെ മേലുള്ള ഉദ്യോഗസ്ഥന്മാരായല്ല, സുഹൃത്തുക്കളായാണ് പ്രവർത്തിക്കേണ്ടത്. ഒരിക്കലുമവർ ഉദ്യോഗസ്ഥ മേധാവികളായ രാഷ്ട്രീയക്കാരായിരിക്കരുത്. മറിച്ച് അക്ഷീണരായ അദ്ധ്യാപകരായിരിക്കണം. ഒരു കമ്യൂണിസ്റ്റുകാരൻ, ഒരു കാലത്തും ഒരു സാഹചര്യത്തിലും തന്റെ വ്യക്തിതാല്പര്യം പ്രഥമസ്ഥാനത്ത് വെക്കരുത്; പ്രത്യുത രാഷ്ട്രത്തിന്റെയും ബഹുജനങ്ങളുടെയും താല്പര്യങ്ങൾക്ക് തന്റെ വ്യക്തിപരമായ താല്പര്യങ്ങൾ കീഴ്പ്പെടുത്തണം. ഇക്കാരണങ്ങൾ കൊണ്ട് സ്വാർത്ഥത, വൈമനസ്യം, അഴിമതി, പ്രശസ്തി മോഹം ഇവയെല്ലാംതന്നെ നിന്ദ്യമാണ്. അതേസമയം നിസ്വാർത്ഥതയുടെയും, ഊർജ്ജസ്വലവും കഠിനവുമായ ജോലിയുടെയും പൊതുതാല്പര്യത്തിനുവേണ്ടിയുള്ള ആത്മനിരാസത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും അലിഞ്ഞുചേരുന്നതിന്റെയും സ്പിരിററ് എന്നും ആരെയും പിടിച്ചുപററും. കമ്യൂണിസ്റ്റുകാർ പാർട്ടിക്കു പുറത്തുള്ള എല്ലാവരുമായും പൊരുത്തപ്പെട്ടു പ്രവർത്തിക്കുകയും അനാശാസ്യമായതെന്തും തുടച്ചുമാററാൻ മുഴുവൻ ജനങ്ങളെയും ഏകീകരിക്കാൻ അശ്രാന്ത പരിശ്രമം ചെയ്യുകയും വേണം. ഒരു കാര്യം നാം മനസ്സിലാക്കണം; ദേശീയ ജനതയുടെ ഒരു ചെറിയ വിഭാഗം മാത്രമാണ് കമ്യൂണിസ്റ്റുകാർ. എന്നാൽ പാർട്ടിക്കു പുറത്ത് ഒട്ടേറെ പുരോഗമന വാദികളും പ്രവർത്തകരും ഉണ്ട്. അവരുമായി കണ്ണിചേർന്നു കൊണ്ടുവേണം നാം പ്രവർത്തിക്കാൻ. നമ്മൾ മാത്രമാണ് നല്ലവരെന്നും മററുള്ളവരെല്ലാം ഒന്നിനുംകൊള്ളാത്തവരാണെന്നും ധരിക്കുന്നത് തീരെ തെററാണ്. രാഷ്ട്രീയമായി പിന്നോക്കാവസ്ഥയിലുള്ള ആളുകളെ കമ്യൂണിസ്റ്റുകാർ പുച്ഛത്തോടുകൂടി നോക്കിക്കാണുകയോ ചെറുതാക്കി കാട്ടുകയോ ചെയ്യാൻ പാടുള്ളതല്ല. മറിച്ച് അവരുമായി സൗഹൃദം കെട്ടിപ്പടുക്കുകയും അവരുമായി ഏകീഭാവം കൈവരിക്കുകയും അവരെ ബോധവല്ക്കരിക്കുകയും പുരോഗമിക്കാൻ പ്രോത്സാഹിപ്പിക്കയും ചെയ്യേണ്ടതുണ്ട്.

Scanned by CamScanner

തങ്ങളുടെ ജോലികളിൽ തെററുകൾ വരുത്തിയവരെ അപ്പാടെ തള്ളിക്കളയുമെന്ന മനോഭാവം കമ്യൂണിസ്റ്റുകാർക്കുണ്ടായിക്കൂടാ. മറിച്ച്, ഭൂതകാലത്തെ ഭൂതെററിഞ്ഞു്, ഒരു പുതിയ ആരംഭം കുറിച്ചുകൊണ്ടു്, സ്വയം ഉദ്ധരിക്കേണ്ട ആവശ്യകതയിലേക്കു് ഉണർന്നുവരാൻ അവരെ പ്രേരിപ്പിക്കുകയാണു് വേണ്ടതു്. എന്നാൽ ഒരിക്കലും തെററു തിരുത്താൻ തയ്യാറാവാത്തവരെ സംബന്ധിച്ചിടത്തോളം ഇതു് ബാധകമല്ല. കമ്യൂണിസ്റ്റുകാർ ദീർഘദൃഷ്ടിയുള്ളവരായിരിക്കണമെന്നതുപോലെതന്നെ പ്രായോഗികമതികളുമായിരിക്കണം. ഇതിലും കമ്യൂണിസ്ററുകാർ മാതൃക സൃഷ്ടിക്കണം. കാരണം, പ്രായോഗികമതികളാണെങ്കിൽ മാത്രമെ ഏല്പിച്ച ചുമതലകൾ നിറവേററാൻ കഴിയുകയുള്ളൂ. ദീർഘദൃഷ്ടി ഉണ്ടായാൽ മാത്രമെ മുന്നേററത്തിൽ അവർക്കു നില തെററാതിരിക്കൂ. പഠനത്തിന്റെ കാര്യത്തിലും അതുകൊണ്ടു കമ്യൂണിസ്ററുകാർ മാതൃകയാവേണ്ടിയിരിക്കുന്നു. എല്ലായ്പോഴും അവർ ബഹുജനങ്ങളെ പഠിപ്പിക്കുന്നപോലെതന്നെ അവരിൽനിന്നു പഠിക്കുകയും വേണം. ബഹുജനങ്ങളിൽനിന്നും യഥാർത്ഥ പരിതഃസ്ഥിതികളിൽനിന്നും, സുഹൃത്തുക്കൾ, സേനകൾ, എന്നിവയിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടു് അറിവുനേടി അതിൽനിന്നു് നന്നായി പഠിച്ചാൽ മാത്രമെ നമുക്കു നമ്മുടെ പ്രവർത്തനങ്ങളിൽ പ്രായോഗികമതികളും, ഭാവിയെ സംബന്ധിച്ച ദീർഘവീക്ഷണമുള്ളവരും ആകാൻ കഴിയൂ. ഒരു ദീർഘകാലയുദ്ധത്തിലും, പ്രതികൂല സാഹചര്യങ്ങളിലും വിഷമതകളെ തരണം ചെയ്യുന്നതിനും സമരത്തിൽ മുഴുവൻ ദേശത്തേയും ഊർജ്ജസ്വലതയും സമാഹരിക്കാനും ശത്രുവെ പരാജയപ്പെടുത്താനും ഒരു പുത്തൻ ചൈന കെട്ടിപ്പടുക്കാനും കഴിയുക കമ്യൂണിസ്ററുകാർ സുഹൃത്കക്ഷികളിലും സേനകളിലും ബഹുജനങ്ങൾക്കിടയിലുമുള്ള പുരോഗമന ജനവിഭാഗങ്ങളുമായി ഒത്തൊരുമിച്ചു്, തങ്ങളുടെ പരമാവധി കഴിവുപയോഗിച്ചു് ഒരു മാതൃകാപരമായ മുന്നണിപ്പടയുടെ പങ്കു് വഹിക്കുന്നെങ്കിൽ മാത്രമാണു്.

## മുഴുവൻ ദേശത്തേയും ഏകീകരിക്കുക, അതിനിടയിലുള്ള ശത്രുഏജൻറുകളെ നേരിടുക

ബുദ്ധിമുട്ടുകൾ തരണം ചെയ്യാനും, ശത്രുവിനെ പരാജയപ്പെടുത്താനും, ഒരു പുത്തൻ ചൈന കെട്ടിപ്പടുക്കാനും ഉള്ള ഒരേയൊരു നയം ജാപ്പ്വിരുദ്ധ ദേശീയ ഐക്യമുന്നണിയെ സുശക്തമാക്കുകയും, വിപുലീകരിക്കുകയും, മുഴുവൻ ദേശത്തിന്റെയും ഊർജ്ജസ്വലത സമാഹരിക്കുകയുമാണു്. എന്നാൽ നമ്മുടെ ദേശീയ ഐക്യമുന്നണിക്കകത്തുതന്നെ കുഴപ്പങ്ങളുണ്ടാക്കുന്ന ശത്രു ഏജൻറുമാർ ഇപ്പോൾത്തന്നെ ഉണ്ടു്. ദേശദ്രോഹികളും ട്രോസ്കൈററുകളും ജാപ്പ് അനുകൂലികളുമാണവർ. ഈ ശത്രുഏജൻറന്മാരെ തിരഞ്ഞുപിടിക്കുന്നതിൽ കമ്യൂണിസ്റ്റുകാർ എപ്പോഴും ദത്തശ്രദ്ധരായിരിക്കണം, വസ്തുതാപരമായ തെളിവുകൾ നിരത്തിവെച്ചു് അവരുടെ കുററകൃത്യങ്ങൾ തുറന്നുകാട്ടണം, അവരുടെ വഞ്ചനകളിൽ കുടുങ്ങാതിരിക്കുന്നതിനു് ജനങ്ങൾക്കു മുന്നറിയിപ്പു നൽകുകയും വേണം. ഈ ശത്രുഏജൻറുകൾക്കെതിരെ കമ്യൂണിസ്റ്റുകാർ രാഷ്ട്രീയമായ ജാഗ്രത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ദേശീയഐക്യമുന്നണിയുടെ വിപുലീകരണത്തിനും സുദൃഢീകരണത്തിനും ഇവരെ പൊളിച്ചുകാട്ടി ഭൂതെററിയേണ്ടതു് തികച്ചും ആവശ്യമാണെന്നു് അവർ മനസ്സിലാക്കേണ്ടതുണ്ടു്. ഇവയിൽ ഏതെങ്കിലുമൊരു വശത്തു മാത്രം ശ്രദ്ധകൊടുക്കുന്നതും മറേറതു് വിസ്മരിക്കുന്നതും തീർത്തും തെററാണു്.

## കമ്യൂണിസ്ററുപാർട്ടിയെ വിപുലീകരിക്കുക, ശത്രുഏജൻറുമാർ നുഴഞ്ഞുകയറുന്നത് തടയുക

ബുദ്ധിമുട്ടുകൾ തരണംചെയ്യുന്നതിനം, ശത്രുവിനെ പരാജയപ്പെടുത്തുന്നതിനം ഒരു പുത്തൻചൈന പടുത്തുയർത്തുന്നതിനംവേണ്ടി തീർത്തും വിപ്ലവകാരികളും പാർട്ടിയുടെ തത്വങ്ങളിൽ വിശ്വസിക്കുന്നവരും നയങ്ങളെ പിന്താങ്ങുന്നവരും അച്ചടക്കം പാലിക്കാനും കഠിനയത്നം ചെയ്യാനും തയ്യാറുള്ളവരുമായ തൊഴിലാളികളും കർഷകരും യുവജനപ്രവർത്തകരും അടങ്ങുന്ന വിശാല ബഹുജനങ്ങൾക്ക് വാതിൽ മലർക്കെ തുറന്നുകൊടുത്തുകൊണ്ട്, കമ്യൂണിസ്റ്റ്പാർട്ടി അതിന്റെ സംഘടന വിപുലീകരിക്കുകയും ഒരു വമ്പിച്ച ബഹുജനസ്വഭാവമുള്ള പാർട്ടിയാക്കി മാററുകയും ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ അടഞ്ഞ വാതിൽ നയത്തിന്റെ യാതൊരു പ്രവണതയും വെച്ചുപൊറുപ്പിച്ചുകൂടാ. എന്നാൽ, അതേസമയം ശത്രുഏജൻറന്മാരുടെ നുഴഞ്ഞുകയററത്തിനെതിരെയുള്ള ജാഗ്രതയിൽ യാതൊരു മാററവും വരുത്തിക്കൂടാ. നമ്മുടെ പാർട്ടിയെ താറുമാറാക്കാനും, നമ്മുടെ പാർട്ടിയുടെ അണികളിലേക്ക് പ്രവർത്തകരുടെ വേഷത്തിൽ ഒളിഞ്ഞിരിക്കുന്ന വർഗ്ഗവഞ്ചകരെയും, ട്രോസ്കൈററുകളെയും, ജാപ്പനനുകൂലഘടകങ്ങളെയും സ്വഭാവദൂഷ്യമുള്ളവരെയും, സമ്പാദ്യമോഹികളെയും ഒളിച്ചുകടത്തുവാൻ ജാപ്പ് സാമ്രാജ്യവാദികളുടെ ചാരവൃന്ദം തീവ്രയത്നം ചെയ്തുകൊണ്ടേയിരിക്കുകയാണ്. ഇത്തരം ആൾക്കാർക്കെതിരായി നാമെടുക്കുന്ന കർശനമായ മുൻകരുതലുകൾ ഒരു നിമിഷംപോലും ഉലയുവാൻ പാടുള്ളതല്ല. ശത്രുഏജൻറന്മാരെ സംബന്ധിച്ച ഭയം കാരണമായി നമ്മുടെ പാർട്ടിയുടെ വാതിലുകൾ കൊട്ടിയടയ്ക്കാൻ പാടില്ല. ധീരമായി പാർട്ടിയെ വിപുലീകരിക്കുക എന്നതാണ് നമ്മുടെ ഉറച്ച നയം. എന്നാൽ പാർട്ടിയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുമ്പോൾതന്നെ, ആ അവസരം ഉപയോഗപ്പെടുത്തി പാർട്ടിയിലേക്ക നുഴഞ്ഞുകയറിയേക്കാവുന്ന ശത്രുഏജൻറന്മാരുടെയും സമ്പാദ്യമോഹികളുടെയും നേരെയുള്ള നമ്മുടെ ജാഗ്രതയിൽ ഒരുതരത്തിലും അയവുവരുത്തിക്കൂടാ. അങ്ങനെ ചെയ്താൽ അവർ ആ അവസരം ഇഴഞ്ഞകത്തുകയറാനായി ഉപയോഗപ്പെടുത്തും. ഏതെങ്കിലുമൊന്നിൽ മാത്രം ശ്രദ്ധിക്കുകയും മറേറതു വിസ്മരിക്കുകയും ചെയ്താൽ നമുക്ക് അബദ്ധംപററും. പാർട്ടിയെ ധീരം വിപുലീകരിക്കുക, പക്ഷെ ചേർക്കുമ്പോൾതന്നെ കൊള്ളരുതാത്ത ഒരുത്തനേയും അകത്തു കയറാൻ അനുവദിക്കാതിരിക്കുക—ഇതു മാത്രമാണ് ശരിയായ നയം.

## ഐക്യമുന്നണി, പാർട്ടിയുടെ സാശ്രയത്വം എന്നിവ രണ്ടും പരിരക്ഷിക്കുക

ദേശീയ ഐക്യമുന്നണിയുടെ കെട്ടുറപ്പു പരിരക്ഷിച്ചുകൊണ്ടു മാത്രമേ ബുദ്ധിമുട്ടുകൾ തരണം ചെയ്യാനും ശത്രുവെ പരാജയപ്പെടുത്താനും ഒരു പുത്തൻചൈന വാർത്തെടുക്കാനും നമുക്കു കഴിയൂ. സംശയാതീതമായ കാര്യമാണിത്. അതോടൊപ്പംതന്നെ ഐക്യമുന്നണിയിൽ ഘടകമായി ചേർന്നിരിക്കുന്ന ഓരോ പാർട്ടിയുടേയും ഗ്രൂപ്പിന്റെയും പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവുമായ സ്വാശ്രയത്വം കാത്തുസൂക്ഷിക്കേണ്ടതുണ്ട്. കൂമിന്താങ്ങിനും കമ്യൂണിസ്റ്റ്പാർട്ടിക്കും മററു പാർട്ടികൾ

Scanned by CamScanner

ക്കും ഗ്രൂപ്പുകൾക്കും ഇതു് ഒരുപോലെ ബാധകമാണു്. വിവിധ പാർട്ടികളും ഗ്രൂപ്പുകളും ഐക്യപ്പെട്ടുനില്ക്കുമ്പോൾതന്നെ അവയ്ക്കു് പരാശ്രയമില്ലാത്ത സ്വന്തം നിലനില്പു് അനുവദിക്കാമെന്നു് പാർട്ടികളും ഗ്രൂപ്പുകളും തമ്മിൽ തമ്മിലുള്ള ബന്ധത്തിന്റെ കാര്യത്തിൽ ''മൂന്നു ജനകീയതത്വങ്ങളി''ലെ ജനാധിപത്യതത്വം കൃത്യമായി അർത്ഥമാക്കുന്നു. നാം ഐക്യത്തെക്കുറിച്ചു മാത്രം സംസാരിക്കുകയും സ്വാശ്രയത്വത്തെ നിരാകരിക്കുകയുമാണെങ്കിൽ, കമ്യൂണിസ്റ്റു്പാർട്ടിക്കൊ, മററു പാർട്ടികൾക്കൊ ഗ്രൂപ്പുകൾക്കൊ ഒരുതരത്തിലും യോജിക്കാൻ കഴിയാത്ത, ജനാധിപത്യവിരുദ്ധനിലപാടായിരിക്കും അതു്. എന്നാൽ ഐക്യമുന്നണിക്കുള്ളിൽ കേവലമായ സ്വാശ്രയത്വമല്ല, ആപേക്ഷിക സ്വാശ്രയത്വം ആയിരിക്കും ഉണ്ടായിരിക്കുക എന്ന കാര്യത്തിൽ സംശയമില്ല. ഈ സ്വാശ്രയത്വം കേവലമാണെന്നു കണക്കാക്കുന്നതു് ശത്രുവിനെതിരായ ഐക്യം എന്ന പൊതുനയത്തെ തുരങ്കംവെക്കലായിരിക്കും. കമ്യൂണിസ്റ്റു്പാർട്ടിയിലേയും മററു സുഹൃദ്കക്ഷികളിലേയും ഓരോ അംഗവും വ്യക്തമായി മനസ്സിലാക്കേണ്ട കാര്യമാണിതു്.

വർഗ്ഗസമരവും ദേശീയസമരവും തമ്മിലുള്ള ബന്ധത്തിനും ഈ പറഞ്ഞതു ബാധകമാണു്. ജാപ്പ് വിരുദ്ധ യുദ്ധത്തിൽ, ജപ്പാനെതിരായ ചെറുത്തുനില്പിന്റെ താല്പര്യത്തിനു മറെറല്ലാ താല്പര്യങ്ങളും കീഴ്പ്പെട്ടിരിക്കണമെന്നതു് ഒരംഗീകൃത തത്വമാണു്, അതുകൊണ്ടു് വർഗ്ഗസമരത്തിന്റെ താല്പര്യം ചെറുത്തുനില്പുസമരത്തിനു് ഭിന്നതയിൽ വർത്തിക്കുകയല്ല, കീഴ്പ്പെടുകയാണു വേണ്ടതു്. എന്നാൽ, വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളും ഇപ്പോഴും നിലനില്ക്കുകതന്നെ ചെയ്യുന്നുവെന്ന കാര്യം നാം മറക്കരുതു്. ഈ വസ്തുത നിഷേധിക്കുന്നതു തെററാണു്. വർഗ്ഗസമരം നിലവിലുള്ള ഒരു വസ്തുതയാണെന്നതു നിഷേധിക്കാനായി ഉന്നയിക്കപ്പെടുന്ന സിദ്ധാന്തം അബദ്ധപഞ്ചാംഗമാണു്. നമ്മൾ വർഗ്ഗസമരത്തെ നിഷേധിക്കുന്നില്ല, ചില നീക്കുപോക്കുകൾ മാത്രം ചെയ്യുന്നു. നമ്മൾ മുന്നോട്ടുവെക്കുന്ന പരസ്പര സഹായത്തിന്റെയും ഇളവിന്റെയും നയം കക്ഷിബന്ധങ്ങളിൽ മാത്രമല്ല, വർഗ്ഗബന്ധങ്ങളിലും പ്രയോഗക്ഷമമാണു്. ജപ്പാനെതിരായി ഐക്യം കെട്ടിപ്പടുക്കുന്നതിനുവേണ്ടി, വർഗ്ഗബന്ധങ്ങളിൽ നീക്കുപോക്കുകൾ വരുത്തുന്ന ഒരു നയം നടപ്പാക്കേണ്ടതുണ്ടു്. ഒരുഭാഗത്തു്, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ രാഷ്ട്രീയവും ഭൗതികവുമായി അരക്ഷിതരായി ഉപേക്ഷിക്കാത്തതും, പണക്കാരുടെ താല്പര്യങ്ങൾക്കുകൂടി പരിഗണന നൽകുന്നതായ ഒരു നയം മറുഭാഗത്തു് ശത്രുവിനെതിരായ ഐക്യദാർഢ്യം എന്ന ആവശ്യകത നിറവേററുന്നതിനു വേണ്ടതുണ്ടു്. ഇവയിൽ ഏതെങ്കിലൊന്നു മാത്രം ശ്രദ്ധിക്കുകയും മറേറതു വിസ്മരിക്കുകയും ചെയ്യുന്നതു് 'ചെറുത്തുനില്പുയുദ്ധ'ത്തിനു് ഹാനികരമാണു്.

## മുഴുവൻ പരിതസ്ഥിതിയും കണക്കിലെടുക്കുക, ഭൂരിപക്ഷത്തെ അടിസ്ഥാനമാക്കി ചിന്തിക്കുക, നമ്മുടെ സഖ്യശക്തികളുമായി ഒത്തൊരുമിച്ച് പ്രവർത്തിക്കുക

ശത്രുവിനെതിരായ സമരത്തിൽ കമ്യൂണിസ്റ്റുകാർ നേതൃത്വം നൽകുന്നതിൽ മൊത്തം പരിതഃസ്ഥിതിയേയും കണക്കിലെടുക്കുകയും, ഭൂരിപക്ഷത്തെ അടിസ്ഥാനമാക്കി ചിന്തിക്കുകയും, സഖ്യശക്തികളുമായ

ഒത്തൊരുമിച്ചുപ്രവർത്തിക്കുകയും ചെയ്യണം. മുഴുവനുമായുള്ളതിന്റെ താല്പര്യത്തിന് ഭാഗികമായുള്ളതിന്റെ താല്പര്യം കീഴ്പ്പെടുത്തുക എന്ന തത്വം അവർ മുറുകെ പിടിക്കണം. ഒരു സാഹചര്യത്തിന്റെ ഭാഗികമായ വീക്ഷണത്തിൽ ഒരു ആശയം പ്രായോഗികമാക്കണമെങ്കിൽപോലും സമഗ്രവീക്ഷണത്തിൽ അതു് അപ്രായോഗികമാണെങ്കിൽ നടപ്പിലാക്കാൻ ശ്രമിക്കാതിരിക്കുകയാണ് വേണ്ടതു്. കാരണം, ഭാഗികമായുള്ളതിനെ പൂർണ്ണമായുള്ളതിന് കീഴ്പ്പെടുത്തേണ്ടിയിരിക്കുന്നു. ഇതേ കാരണംകൊണ്ടുതന്നെ ഭാഗികമായ വീക്ഷണത്തിൽ അപ്രായോഗികമാണെങ്കിൽപോലും സമഗ്രവീക്ഷണത്തിൽ പ്രായോഗികമാണെങ്കിൽ ഒരു കാര്യം നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. ഇവിടേയും ഭാഗികമായതിനെ പൂർണ്ണമായതിനു കീഴ്പ്പെടുത്തുകയാണ് നാം ചെയ്യുന്നതു്. ഒരു സാഹചര്യത്തെ പൂർണ്ണമായും കണക്കിലെടുക്കുക എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്. കമ്യൂണിസ്റ്റുകാർ ഒരിക്കലും ഭൂരിപക്ഷംജനങ്ങളിൽ നിന്നും സ്വയം വേർപെടരുതു്. ഒരിക്കലും അവർ ഭൂരിപക്ഷത്തെ പരിഗണിക്കാതിരിക്കരുതു്, ഒരു ചെറിയവിഭാഗം പുരോഗമനവാദികളേയും കൂട്ടി ഒററപ്പെട്ട തിടുക്കംകൂട്ടിയുള്ള മുന്നേററങ്ങൾക്കു തുനിയരുതു്; മറിച്ച്, പുരോഗമനവാദികളെ ബഹുജനങ്ങളുമായി അടുപ്പിക്കുന്ന കണ്ണികൾ അവർ കോർത്തിണക്കണം. ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുക എന്നതിന്റെ അർത്ഥം ഇതാണ്.

ജനാധിപത്യസംഘടനകളോ, ജനാധിപത്യവാദികളായ വ്യക്തികളോ, എവിടെയെല്ലാം നമ്മളുമായി സഹകരിക്കാൻ തയ്യാറാവുന്നുവോ അവിടെയെല്ലാം അവരുമായി കാര്യങ്ങൾ തുറന്നു സംസാരിക്കുകയും ഒത്തൊരുമിച്ചുപ്രവർത്തിക്കുകയും ചെയ്യുക എന്നതായിരിക്കണം നമ്മുടെ സമീപനം. നമ്മുടെ സഖ്യശക്തികളെ ഒഴിച്ചുനിർത്തിക്കൊണ്ട് സ്വേച്ഛാപരമായ തീരുമാനങ്ങളും അന്തിമമായ നടപടികളും എടുക്കുന്നതു് തീർത്തും അപലപനീയമാണ്. ഒരു നല്ല കമ്യൂണിസ്റ്റുകാരൻ മുഴുവൻ പരിത:സ്ഥിതിയേയും കണക്കിലെടുക്കുന്നതിലും ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കുന്നതിലും സംഖ്യശക്തികളുമൊരുമിച്ച് പ്രവർത്തിക്കുന്നതിലും മിടുക്കനായിരിക്കണം. ഇക്കാര്യത്തിൽ നമുക്ക് ധാരാളം വീഴ്ചകൾ വരികയുണ്ടായിട്ടുണ്ട്. അത്തരം വീഴ്ചകൾ ഒഴിവാക്കാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

## കേഡർനയം

അനേകദശലക്ഷം ജനങ്ങളുള്ള ഒരു രാഷ്ട്രത്തിലെ മഹത്തായ വിപ്ലവസമരം നയിക്കുന്ന ഒരു പാർട്ടിയാണ് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി. പ്രാപ്തിയും രാഷ്ട്രീയമായ ആർജ്ജവവും ഒത്തിണങ്ങിയ ഒട്ടേറെ നേതൃത്വ കേഡർമാരെക്കൂടാതെ ചരിത്രപരമായ ഈ ദൗത്യം നിർവ്വഹിക്കാൻ സാദ്ധ്യമല്ല. കഴിഞ്ഞ പതിനേഴ്കൊല്ലക്കാലത്തിനിടയ്ക്ക് കാര്യപ്രാപ്തിയുള്ള ഒട്ടേറെ നേതാക്കന്മാരെ പാർട്ടി പരിശീലിപ്പിച്ചെടുത്തിട്ടുണ്ട്. അതുവഴി സൈനിക, രാഷ്ട്രീയ, സാംസ്കാരിക, പാർട്ടി, ബഹുജനരംഗങ്ങളിൽ ഒരു കേഡർവലയം സ്ഥാപിതമായിട്ടുണ്ട്. ഈ നേട്ടത്തിനുള്ള ബഹുമതി മുഴുവൻ ദേശത്തിനും അർഹമായതാണ്. എന്നാൽ നമ്മുടെ സമരങ്ങളുടെ വിപുലമായ എടുപ്പുകൾ താങ്ങിനിർത്താൻ കഴിയുന്നത്ര ശക്തമല്ല ഇന്നുള്ള ഈ ചട്ടക്കൂട്. അതുകൊണ്ട് അസംഖ്യം കഴിവുററവരെ ഇനിയും നാം വൻതോതിൽ പരിശീലിപ്പിച്ചെ

ടുക്കൊണ്ടതായിട്ടാണിരിക്കുന്നതു്. ചൈനീസ് ജനതയുടെ മഹത്തായ സമരത്തിലൂടെ അനേകം പ്രവർത്തകർ മുന്നോട്ടുവന്നിട്ടുണ്ടു്, വന്നുകൊണ്ടി രിക്കുകയുമാണു്. അവരെ സംഘടിപ്പിക്കുകയും, പരിശീലിപ്പിക്കുകയും ശ്രദ്ധാപൂർവ്വം വളർത്തിയെടുക്കുകയും ശരിയായി ഉപയോഗിക്കുകയും ചെയ്യുകയെന്നതാണു് നമ്മുടെ ചുമതല. ഒരിക്കൽ രാഷ്ട്രീയലൈൻ എന്താണെന്നു നിശ്ചയിച്ചുകഴിഞ്ഞാൽപ്പിന്നെ നിർണ്ണായകമായ ഘടകം കേഡർമാരാണു്. അതുകൊണ്ടു് ആസൂത്രിതമാർഗങ്ങളിലൂടെ വൻസംഖ്യ വരുന്ന പുതിയ കേഡർമാരെ പരിശീലിപ്പിച്ചെടുക്കുക എന്നതു് മർമ്മ പ്രധാനമായ കടമയാകുന്നു.

പാർട്ടികേഡർമാരുടെ മാത്രമല്ല, പാർട്ടിക്കു പുറത്തുള്ള കേഡർമാരു ടെ കാര്യത്തിലും നാം തല്പരരായിരിക്കണം. കഴിവുള്ള ധാരാളംപേർ പാർട്ടിക്കു പുറത്തുണ്ടു്. അവരെ നാം അവഗണിക്കാൻ പാടില്ല. ഒഴിഞ്ഞു നില്ക്കൽ, ഔദ്ധത്യം എന്നിവയിൽനിന്നു മുക്തരാവുകയും, പാർട്ടിക്കു പുറ ത്തുള്ള കേഡർമാരോടൊന്നിച്ചു് സ്വരചേർച്ചയോടുകൂടി പ്രവർത്തിക്കുകയും, അവരെ ആത്മാർത്ഥമായി സഹായിക്കുകയും അവരോടു് ഊഷ്മളവും സഖാക്കളോടെന്ന നിലക്കുള്ളതുമായ മനോഭാവം കൈക്കൊള്ളുകയും, ചെറു ത്തുനില്പുയുദ്ധത്തിന്റേയും ദേശീയ പുനർനിർമ്മാണത്തിന്റേയും പ്രശ്നങ്ങ ളിലേക്കു് അവരുടെ മുൻകൈ കെട്ടഴിച്ചുവിടുകയും ചെയ്യുക എന്നതാണു് ഓരോ കമ്യൂണിസ്റ്റുകാരന്റേയും കടമ.

കേഡർമാരെ വിലയിരുത്തുന്നതു് എങ്ങിനെയെന്നു് നാമറിഞ്ഞിരിക്കണം. ജീവിതത്തിലെ ഒറ്റപ്പെട്ട സംഭവത്തിന്റെ അടിസ്ഥാനത്തിലോ, ഹ്രസ്വമായ കാലയളവിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലോ, കേഡർമാരെ വിലയിരുത്താൻ പാടില്ല; ജീവിതത്തെയും മുഴുവൻ പ്രവർത്തനത്തേയും കണക്കിലെടുത്തുകൊണ്ടുവേണം വിലയിരുത്താൻ. ഇതാണു് കേഡർമാരെ വിലയിരുത്തുന്ന പ്രധാന രീതി.

കേഡർമാരെ എങ്ങിനെയാണു് നന്നായി പ്രയോജനപ്പെടുത്തുക എന്നതും നാമറിഞ്ഞിരിക്കണം. അവസാന വിശകലനത്തിൽ നേതൃത്വ പരമായ ഉത്തരവാദിത്വം എന്നതിൽ രണ്ടുകാര്യങ്ങൾ ഉൾപ്പെടുന്നു. കാഴ്ച പ്പാടുകൾ ആവിഷ്കരിക്കലും കേഡർമാരുടെ കഴിവുകൾ വേണ്ടപോലെ പ്രയോജനപ്പെടുത്തലും. പദ്ധതികൾ ആസൂത്രണംചെയ്യൽ, തീരുമാനങ്ങ ളെടുക്കൽ, ആജ്ഞകളും മാർഗനിർദ്ദേശങ്ങളുംനൽകൽ തുടങ്ങിയവ കാഴ്ചപ്പാ ടുകൾ ആവിഷ്കരിക്കലിന്റെ മേഖലയിൽപ്പെടുന്നു. കാഴ്ചപ്പാടുകളെ പ്രയോഗത്തിൽ വരുത്തുന്നതിനു് കേഡർമാരെ കണ്ണിചേർക്കുകയും പ്രവർ ത്തനോന്മുഖരാക്കുകയും ചെയ്യേണ്ടതുണ്ടു്. ഇതു് ''കേഡർമാരുടെ കഴിവു കൾ നന്നായി പ്രയോജനപ്പെടുത്തുന്നതി''ന്റെ മേഖലയിൽപ്പെടുന്നു. നമ്മുടെ ദേശീയ ചരിത്രത്തിൽ ഉടനീളം കേഡർമാരെ നന്നായി പ്രയോജ നപ്പെടുത്തുന്നതിന്റെ കാര്യത്തിൽ പരസ്പരവിരുദ്ധമായ രണ്ടുലൈനുകൾ നിലവിലുണ്ടു്—''യോഗ്യതയുള്ളവരെ നിയമിക്കുക'' എന്നലൈനും ബന്ധുമിത്രാദികളെ ''സ്വജനപക്ഷപാതത്തോടെ'' നിയമനങ്ങൾ നട ത്തുക എന്ന ലൈനും. ആദ്യത്തേതു് സത്യനിഷ്ഠമായ രീതിയും രണ്ടാമ ത്തേതു് സത്യനിഷ്ഠമല്ലാത്ത രീതിയുമാണു്. പാർട്ടിയുടെ ലൈൻ സ്ഥിര നിശ്ചയത്തോടെ നടപ്പാക്കുന്നതിലും പാർട്ടി അച്ചടക്കം പാലിക്കുന്ന തിലും ജനങ്ങളുമായി അടുത്തബന്ധം പുലർത്തുന്നതിലും തന്റെ നില സ്വതന്ത്രമായ്തന്നെ ഭദ്രമാക്കുന്നതിലും ഊർജ്ജസ്വലനും കഠിനാദ്ധ്വാനി യും നിസ്വാർത്ഥനുമായിരിക്കുന്നതിലും ഒരു കേഡർ സക്ഷമനാണോ എന്ന താണു് കേഡർനയം നടപ്പാക്കുന്നതിൽ കമ്യൂണിസ്റ്റുപാർട്ടിയുടെ മാന ദണ്ഡം. ''യോഗ്യത ഉള്ളവരെ നിയമിക്കുക'' എന്നതു് ഇതാണു്,

Scanned by CamScanner

ചാങ്ങ്കാ—ടാവോവിൻെറ കേഡർനയം ഇതിന്ന നേരെ വിപരീതമായത്ത് ആയിരുന്നു. ''സ്വജനപക്ഷപാതത്തോടെ നിയമനങ്ങൾ നടത്തുക'' എന്ന ലൈൻ പിന്തുടർന്ന്, അയാൾ തനിക്കുചുററും സ്വജനങ്ങളെ നിരത്തിക്കൊണ്ട് ക്ഷുദ്രമായ ഒരു ''ക്ലിക്ക''ുണ്ടാക്കി, അവസാനം പാർട്ടിയിൽ വർഗവഞ്ചകനായി മാറുകയും പാർട്ടി വിടുകയും ചെയ്തു. ഇത് നമുക്കുള്ള ഒരു പ്രധാന പാഠമാണ്. ഇതിൽനിന്നും അതുപോലുള്ള മററു ചരിത്രപാഠങ്ങളിൽനിന്നുമുള്ള മുന്നറിയിപ്പുകൾ കണക്കിലെടുത്തുകൊണ്ട്, കേന്ദ്രകമ്മററിയും എല്ലാതലങ്ങളിലുമുള്ള നേതാക്കന്മാരും പാർട്ടിയിലെ ഐക്യവും ആദർശദാർഢ്യവും ഊട്ടിയുറപ്പിക്കത്തക്കവിധം, സത്യസന്ധവും നീതിയുക്തവുമായ കേഡർനയം അനുവർത്തിക്കുകയും, അന്യായവും അസത്യജഡിലവുമായ കേഡർനയത്തെ എതിർത്തുതോല്പിക്കുകയും ചെയ്യുക എന്നത് തങ്ങളുടെ ഉത്തരവാദിത്വമായി ഏറെറടുക്കണം.

കേഡർമാരെ എങ്ങിനെയാണ് വളർത്തിയെടുക്കേണ്ടതെന്ന് നാമറിഞ്ഞിരിക്കണം. അപ്രകാരം ചെയ്യുന്നതിന് ഒട്ടുവളരെ മാർഗങ്ങളുണ്ട്.

ഒന്ന്: അവർക്ക് മാർഗനിർദ്ദേശങ്ങൾ നൽകുക. ഇതിനർത്ഥം ഒരു ഭാഗത്ത്, ഉത്തരവാദിത്വങ്ങൾ സ്വയം ഏറെറടുക്കാനുള്ള ധൈര്യം, സ്വയം ഏറെറടുക്കുന്നതിനുവേണ്ടി കേഡർമാർക്കു തങ്ങളുടെ പ്രവർത്തനമേഖലകളിൽ തികഞ്ഞ പ്രവർത്തനസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുക; അതോടൊപ്പംതന്നെ പാർട്ടിയുടെ രാഷ്ട്രീയലൈനിന്ന് അനുസൃതമായി തങ്ങളുടെ മുൻകൈ പ്രവർത്തനശേഷി പൂർണമായും പ്രയോജനപ്പെടുത്തുന്നതിന് സമയോചിതമായ നിർദ്ദേശങ്ങൾ നൽകുക. ഇതാണ് മാർഗനിർദ്ദേശം നൽകുക എന്നതിനർത്ഥം.

രണ്ട്: അവരുടെ നിലവാരം ഉയർത്തിയെടുക്കുക. കേഡർമാരുടെ സൈദ്ധാന്തിക ധാരണയും പ്രവർത്തനശേഷിയും സ്വയം മെച്ചപ്പെടുത്തത്തക്കവിധം പഠിക്കാനുള്ള അവസരങ്ങൾ നൽകുന്നതിലൂടെ അവരെ ബോധവല്ക്കരിക്കുക എന്നാണിതിനർത്ഥം.

മൂന്ന്: അവർ ചെയ്ത പ്രവർത്തനങ്ങൾ പരിശോധിക്കുക, അവരുടെ അനുഭവങ്ങൾ സമാഹരിച്ച് വിലയിരുത്തുന്നതിന് അവരെ സഹായിക്കുക, നേട്ടങ്ങളെ ഇനിയും മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുകയും തെററുകൾ തിരുത്തുകയും ചെയ്യുക, പരിശോധനകൂടാതെ കേഡർമാരെ കൊണ്ടു പ്രവർത്തിപ്പിക്കുകയും ഗൗരവമുള്ള തെററുകൾ വരുത്തുമ്പോൾ മാത്രം ഓടിയെത്തുകയും ചെയ്യുന്നത്, കേഡർമാരെ നല്ല രീതിയിൽ വളർത്തിയെടുക്കുന്നതിൻെറ രീതിയല്ല.

നാല്: പൊതുവിൽ, തെററുകൾ വരുത്തുന്ന കേഡർമാരെ പ്രേരണയുടേതായ രീതി കൈക്കൊള്ളുകയും തെററുകൾ തിരുത്താനവരെ സഹായിക്കുകയും ചെയ്യുക. ഗൗരവമുള്ള തെററുകൾ വരുത്തുകയും എന്നിട്ടും മാർഗ്ഗനിർദ്ദേശങ്ങളെ തിരസ്കരിക്കയും ചെയ്യുന്നവരുടെ നേരെ മാത്രമെ സമരത്തിൻെറ രീതി പ്രയോഗിക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ ക്ഷമ വളരെ അത്യാവശ്യമാണ്. ആളുകളെ ''അവസരവാദികൾ'' എന്നെല്ലാം ലാഘവബുദ്ധിയോടെ മുദ്രകുത്തുകയോ അവർക്കെതിരായി ലാഘവബുദ്ധിയോടുകൂടി ''സമരം അഴിച്ചുവിടുവാൻ'' ആരംഭിക്കുകയൊ ചെയ്യുന്നത് തെററാണ്.

അഞ്ച്: ബുദ്ധിമുട്ടുകളിൽ അവരെ സഹായിക്കുക, രോഗം, ജീവിതോപാധികളിലുള്ള ഞെരുക്കം, കുടുംബപരമൊ മറെറാ ആയ തകരാറുകൾ തുടങ്ങിയ ബുദ്ധിമുട്ടുകളെ അവർ അഭിമുഖീകരിക്കുമ്പോൾ സാദ്ധ്യമായ

Scanned by CamScanner

എല്ലാ സഹായങ്ങളും കേഡർമാർക്കെത്തിക്കപ്പെടും എന്നുറപ്പിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

ഇങ്ങിനെയാണ് കേഡർമാരെ നന്നായി വളർത്തിയെടുക്കേണ്ടതിനുള്ള മാർഗ്ഗങ്ങൾ.

## പാർട്ടി അച്ചടക്കം

ചാങ്ങ്കോ–ടാവോവിന്റെ ഗുരുതരമായ അച്ചടക്കലംഘനത്തിന്റെ പശ്ചാത്തലത്തിൽ പാർട്ടി അച്ചടക്കം നാം വീണ്ടും പുതുതായി ഊന്നിയുറപ്പിക്കേണ്ടിയിരിക്കുന്നു: 1) വ്യക്തി സംഘടനയ്ക്ക് കീഴ്പെട്ടിരിക്കണം. 2) ന്യൂനപക്ഷം ഭൂരിപക്ഷത്തിന് കീഴ്പെട്ടിരിക്കണം. 3) കീഴ്ഘടകങ്ങൾ മേൽഘടകങ്ങൾക്ക് കീഴ്പെട്ടിരിക്കണം. 4) മുഴുവൻ അംഗങ്ങളും കേന്ദ്രകമ്മിററിക്ക് കീഴ്പെട്ടിരിക്കണം. ഇവയിലേതെങ്കിലും അച്ചടക്കനിയമങ്ങൾ ലംഘിക്കുന്നവർ പാർട്ടി ഐക്യത്തെയാണ് താറുമാറാക്കുന്നത്. ചിലർ അച്ചടക്കം ലംഘിക്കുന്നത് പാർട്ടി അച്ചടക്കം എന്താണെന്ന മനസ്സിലാകാത്തതുകൊണ്ടാണെന്ന് നമ്മുടെ അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. അതേസമയം ചാങ്ങ്കോ–ടാവോവിനെ പോലുള്ളവർ അറിഞ്ഞുകൊണ്ടുതന്നെ അച്ചടക്കം ലംഘിക്കുകയും തങ്ങളുടെ വഞ്ചനാപരമായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി പാർട്ടി അംഗങ്ങളുടെ അറിവുകേടിനെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. അതുകൊണ്ട് പാർട്ടി അംഗങ്ങളെ അച്ചടക്കത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതുണ്ട്. അതുവഴി പാർട്ടി അണികൾ സ്വയം അച്ചടക്കം പാലിക്കുന്നുവെന്ന മാത്രമല്ല നേതാക്കന്മാർ അച്ചടക്കം പാലിക്കുംവിധം അവരുടെ മേൽനോട്ടവുംവഹിക്കുന്നു. അങ്ങിനെ ചാങ്ങ്കോ–ടാവോവിന്റേതുപോലുള്ള സംഭവങ്ങളുടെ ആവർത്തനം തടയുന്നു. ഉൾപാർട്ടിബന്ധങ്ങൾ ശരിയായ രീതിയിൽ നിലനില്ക്കുന്നതുറപ്പുവരുത്താൻ, മുകളിൽ പറഞ്ഞ നാലു സർവ്വപ്രധാന നിയമങ്ങൾക്കു പുറമെ, എല്ലാ നേതൃഘടകങ്ങളുടെയും പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനാവശ്യമായ പാർട്ടി നിയമങ്ങൾ കുറച്ചു വിശദമായിതന്നെ തയ്യാറാക്കേണ്ടതുണ്ട്.

## ഉൾപാർട്ടി ജനാധിപത്യം

ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന മഹത്തായ സമരത്തിന്റെ പശ്ചാത്തലത്തിൽ, എല്ലാ നേതൃഘടകങ്ങളും കേഡർമാരും അംഗങ്ങളും തങ്ങളുടെ മുൻകൈശേഷി പൂർണ്ണമായും പ്രകടിപ്പിക്കണമെന്ന് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി ആവശ്യപ്പെടുന്നു. അതിനു മാത്രമെ വിജയം ഉറപ്പാക്കാൻ കഴിയൂ. നേതൃഘടകങ്ങളുടെയും, കേഡർമാരുടെയും, പാർട്ടി അണികളുടെയും പ്രവർത്തനത്തിനുള്ള കഴിവിലും, ഉത്തരവാദിത്വങ്ങൾ ഏറെറടുക്കാനുള്ള തയ്യാറിലും, അവർ പ്രവർത്തനങ്ങളിൽ കാണിക്കുന്ന അളവററ വീറിലും, അഭിപ്രായം പ്രകടിപ്പിക്കാനും ചോദ്യങ്ങളുന്നയിക്കാനും നേതൃഘടകങ്ങളുടെയും, നേതൃസ്ഥാനങ്ങളിലുള്ള കേഡർമാരുടെയും മേൽനോട്ടം വഹിക്കുന്ന കാര്യത്തിലും മിടുക്കിലും സഖാക്കളെന്ന നിലയിൽ കൃത്യവിലോപങ്ങളെ വിമർശനവിധേയമാക്കാനുമുള്ള അവരുടെ ധീരതയിലും ഈ മുൻകൈശേഷി സമൃദ്ധമായി പ്രകടിതമാവേണ്ടതുണ്ട്. അല്ലാത്തപക്ഷം...

പക്ഷം മുൻകൈശേഷി വെറും പൊള്ളയായിരിക്കും. എന്നാൽ മുൻകൈശേഷിയുടെ പ്രയോഗക്ഷമത പാർട്ടി ജീവിതത്തിൽ ജനാധിപത്യം സാർവ്വത്രികമാകുന്നതിനെ ആശ്രയിച്ചിരിക്കുന്നു. പാർട്ടി ജീവിതത്തിൽ വേണ്ടത്ര ജനാധിപത്യം നിലവിലില്ലെങ്കിൽ അതു നടപ്പാക്കാൻ കഴിയില്ല. വിപുലമായ തോതിൽ, പ്രാപ്തരായ ആളുകളെ ജനാധിപത്യത്തിന്റെതായ ഒരു അന്തരീക്ഷത്തിൽ മാത്രമെ ഉയർത്തിക്കൊണ്ടുവരാൻ കഴിയൂ. ചെറുകിട ഉല്പാദനവും മക്കത്തായവും നിലനില്ക്കുന്ന ഒരു രാജ്യമാണ് നമ്മുടേതു്. രാജ്യം മൊത്തത്തിലെടുത്താൽ, ഇപ്പോഴും ജനാധിപത്യം നിലവിലില്ല. തൽഫലമായി, പാർട്ടി ജീവിതത്തിലെ അപര്യാപ്തമായ ജനാധിപത്യം എന്ന രൂപത്തിൽ ഈ അവസ്ഥ നമ്മുടെ പാർട്ടിയിലും പ്രതിഫലിക്കുന്നുണ്ടു്; ഈ പ്രതിഭാസം പാർട്ടിയിലെ അതിന്റെ മുൻകൈശേഷി പൂർണ്ണമായി പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു. അതേപോലെതന്നെ ഇതു് ഐക്യമുന്നണിയിലും ബഹുജനപ്രസ്ഥാനങ്ങളിലും അപര്യാപ്തമായ ജനാധിപത്യം എന്ന സ്ഥിതി സൃഷ്ടിക്കുന്നു. ഇക്കാരണങ്ങളാൽ പാർട്ടിക്കുള്ളിൽതന്നെ ജനാധിപത്യത്തെക്കുറിച്ചു് വിദ്യാഭ്യാസം നടപ്പാക്കേണ്ടിയിരിക്കുന്നു. ജനാധിപത്യപരമായ ജീവിതക്രമത്തിന്റെയും ജനാധിപത്യവും കേന്ദ്രീകരണവും തമ്മിലുള്ള ബന്ധത്തിന്റെയും അർത്ഥവും, ജനാധിപത്യകേന്ദ്രീകരണം നടപ്പാക്കേണ്ട രീതിയും അംഗങ്ങൾക്ക മനസ്സിലാക്കാൻ കഴിയുംവിധമായിരിക്കണം ഇതു ചെയ്യുന്നതു്. ഉൾപാർട്ടി ജനാധിപത്യം വിപുലമാക്കാനും അതേസമയം അച്ചടക്കരാഹിത്യം ഉണ്ടാക്കുന്ന അതിരുകടന്ന ജനാധിപത്യവും എന്തും ചെയ്യാനുള്ള ദു:സ്വാതന്ത്ര്യവും ഒഴിവാക്കാനും അങ്ങിനയേ നമുക്കു കഴിയൂ. സൈന്യത്തിനുള്ളിലെ നമ്മുടെ പാർട്ടി സംഘടനകളിലും കൂടുതൽ ജനാധിപത്യവൽക്കരണം അത്യാവശ്യമാണ്; പാർട്ടി മെമ്പർമാരുടെ മുൻകൈശേഷിയും സൈനികദളങ്ങളുടെ ഫലപ്രദമായ ആയോധനശേഷിയും വളർത്താനാവശ്യമായ മാത്രയിൽ. എന്നിരിക്കെത്തന്നെ, സൈന്യത്തിനുള്ളിലെ പാർട്ടി സംഘടനകളിൽ പ്രാദേശിക പാർട്ടി സംഘടനകളിൽ ഉള്ളത്ര ജനാധിപത്യം ഉണ്ടാവുക സാദ്ധ്യമല്ല. സൈന്യത്തിലായാലും പ്രാദേശിക സംഘടനകളിലായാലും ഉൾപാർട്ടി ജനാധിപത്യംകൊണ്ടുദ്ദേശിക്കുന്നതു് അച്ചടക്കം ശക്തമാക്കുകയും പോരാട്ടശേഷിയുടെ ഫലദായകത്വം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ്, അവയെ ദുർബ്ബലമാക്കുക എന്നതല്ല. പാർട്ടിയെ വികസിപ്പിക്കുന്നതിനും സുദൃഢീകരിക്കുന്നതിനും ഉള്ള അത്യാവശ്യമായ കാൽവെപ്പായും, പാർട്ടിയെ വമ്പിച്ച സമരത്തിൽ ഏററവും സക്രിയമാകാനും, അതിന്റെ ചുമതലകൾ നടപ്പാക്കാൻ പ്രാപ്തമാണെന്നു തെളിയിക്കാനും, അതിനു നവശക്തി സംഭരിക്കാനും യുദ്ധത്തിന്റെ കെടുതികളെ മറികടക്കാനും കഴിവുള്ളതാക്കുന്ന സുപ്രധാനമായ ഒരായുധമായും ഈ ജനാധിപത്യവികസനത്തെ കണക്കാക്കേണ്ടതാണ്.

## രണ്ടു തുറകളിലുമുള്ള സമരത്തിലൂടെ നമ്മുടെ പാർട്ടി സ്വയം ദൃഢീകരിക്കുകയും ശക്തിയാർജ്ജിക്കുകയും ചെയ്തിട്ടുണ്ട്.

പാർട്ടിക്കുള്ളിൽ രണ്ടു തുറകളിലായുള്ള തെററായ ആശയങ്ങൾക്കെതിരായി—'വലതുപക്ഷ'അവസരവാദത്തിനും 'ഇടതുപക്ഷ' അവസരവാദത്തിനും എതിരായി—ഉള്ള പ്രത്യയശാസ്ത്രസമരംഎന്ന മാർക്സിസ്റ്റ്—

ലെനിനിസ്ററ് ആയുധം പ്രയോഗിക്കുന്നതിൽ, കഴിഞ്ഞ പതിനേഴ വർഷങ്ങളിൽ നമ്മുടെ പാർട്ടി വിശാലാർത്ഥത്തിൽ പറഞ്ഞാൽ; പരിശീലനം നേടിയിട്ടുണ്ട്.

ആറാം കേന്ദ്രകമ്മിററിയുടെ അഞ്ചാം പ്ലീനറിയോഗത്തിനുമുമ്പ്, ചെൻടു—സ്യൂവിൻെറ അവസരവാദത്തിനെതിരായും, സഖാവ് ലീ—ലിസാൻെറ 'ഇടതുപക്ഷ അവസരവാദത്തിനെതിരായും നമ്മുടെ പാർട്ടി പൊരുതുകയുണ്ടായി. ഈ രണ്ടു ഉംപാർട്ടി സമരങ്ങളിൽ നേടിയ വിജയങ്ങളുടെ ഫലമായി പാർട്ടിക്ക് വമ്പിച്ച പുരോഗതി ഉണ്ടായി. അഞ്ചാം പ്ലീനറിയോഗത്തിനുശേഷം ചരിത്ര പ്രാധാന്യമർഹിക്കുന്ന രണ്ടു് ഉംപാർട്ടി സമരങ്ങംനടന്നു; സുൻയീയോഗത്തിലെ സമരവും ചാങ്ക്വോ ടാവോവിനെ പാർട്ടിയിൽനിന്നു പുറത്താക്കുന്നതിൽ ചെന്നെത്തിയ സമരവുമാണ് അവ.

ഒരു ഇടതുപക്ഷ അവസരവാദ സ്വഭാവമുള്ള ഗുരുതരമായ വ്യതിയാനങ്ങളെ—ശത്രുവിൻെറ അഞ്ചാം 'വലയം ചെയ്തു് അടിച്ചമർത്തൽ' ക്യാമ്പയിനെതിരായ സമരത്തിൽ വരുത്തിയ താത്വിക വ്യതിയാനങ്ങളെ—സുൻചി സമ്മേളനം തിരുത്തുകയും പാർട്ടിയേയും സേനയേയും ഐക്യപ്പെടുത്തുകയും ചെയ്തു. 'ലോങ്മാർച്ച്' ഒരു വിജയശ്രീലാളിത പരിസമാപ്തിയിലെത്തിക്കുന്നതിനായി പാർട്ടി കേന്ദ്രകമ്മിററിയേയും ചുവപ്പുസേനയുടെ പ്രധാന വിഭാഗങ്ങളെയും അതു് പ്രാപ്തമാക്കി. ചാങ്ക്വോ—ടാവോവിൻെറ വലതു അവസരവാദത്തെ എതിർത്തു തോല്പിക്കുന്നതിലൂടെ പാസി, യെനാൻ സമ്മേളനങ്ങം (ചാങ്ക്വോ—ടാവോവിനെതിരായ സമരം പാസി3 സമ്മേളനത്തിൽവെച്ച് ആരംഭിക്കുകയും യെനാൻ സമ്മേള4 നത്തിൽ വെച്ച് സമാപിക്കുകയുംചെയ്തു). ജപ്പാനെതിരായ ധീരസമരത്തിൽ എല്ലാ ചുവപ്പു സേനകളേയും ഒരുമിച്ചു കൊണ്ടുവരുന്നതിലും മുഴുവൻ പാർട്ടിയെയും പൂർവ്വാധികം ഐക്യപ്പെടുത്തി ശക്തമാക്കുന്നതിലും വിജയം കൈവരിച്ചു, രണ്ടുതരത്തിലുള്ള അവസരവാദങ്ങളുടെ തെററുകം ഉയർന്നു വന്നതു് വിപ്ലവ ആഭ്യന്തര യുദ്ധകാലത്താണ്. വിശേഷസ്വഭാവങ്ങളാകട്ടെ യുദ്ധവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളവയായിരുന്നുതാനും.

ഈ രണ്ടു ഉംപാർട്ടി സമരങ്ങളിൽനിന്നും നാം നേടിയ പാഠങ്ങം എന്തെല്ലാമാണ്? അവ ഇനിപറയുന്നവയാണ്:

1. ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ ഘടകങ്ങളെ പരിഗണിക്കാത്തതായ ''ഇടതു്'' അതിസാഹസികത്വം ഒരു വിപ്ലവയുദ്ധത്തിനു്, ശരിക്കു പറഞ്ഞാൽ ഏതൊരു വിപ്ലവപ്രസ്ഥാനത്തിനും അങ്ങേയററം ഹാനികരമാണ്—ശത്രുവിൻെറ അഞ്ചാം വലയംചെയ്തടിച്ചമർത്തൽ ക്യാമ്പയിനു് എതിരായ സമരത്തിൽ പ്രകടിതമായതും, ചൈനയുടെ വിപ്ലവയുദ്ധത്തിൻെറ സവിശേഷ സ്വഭാവങ്ങളെക്കുറിച്ചുള്ള അജ്ഞതയിൽനിന്നു് ഉടലെടുത്തതുമായ ഗുരുതരമായ താത്വിക വ്യതിയാനങ്ങളിൽ ഇതും ഉണ്ടായിരുന്നു. 2. ചാങ് ക്വോ—ടാവോവിൻെറ അവസരവാദം വിപ്ലവയുദ്ധത്തിലെ വലതുപക്ഷ അവസരവാദമായിരുന്നു. പിന്തിരിഞ്ഞോടൽ ലൈനിൻെറയും യുദ്ധപ്രഭുത്വത്തിൻെറയും പാർട്ടിവിരുദ്ധ പ്രവർത്തനത്തിൻെറയും ഒരു സംയോഗമായിരുന്നു അതു്. ഈ ഇനത്തിൽപെട്ട അവസരവാദത്തെ ചെറുത്തു തരണം ചെയ്തുകൊണ്ടായിരുന്നു, ചുവപ്പുസേനയുടെ നാലാംമുന്നണി സേനയിലെ ധീരോദാത്തസമരങ്ങളുടെ സുദീർഘപാരമ്പര്യവും ഉൽകൃഷ്ട ഗുണങ്ങളുമുള്ള അസംഖ്യം കേഡർമാരും പാർട്ടി അംഗങ്ങളും അതിൻെറ ദുർഘടങ്ങളിൽനിന്നു സ്വയം മുക്തരാകാനും കേന്ദ്രകമ്മിററിയുടെ ശരിയായ ലൈനിലേക്കു് തിരിച്ചെത്താനും കഴിവു നേടിയതു്. 3. കാർഷിക

വിപ്ലവയുദ്ധത്തിന്റെ പത്തുവർഷത്തെ വമ്പിച്ച സംഘടനാപ്രവർത്തനം, രൂപീകരണത്തിലും ഭരണരംഗത്തെ പ്രവർത്തനങ്ങളിലും ബഹുജനപ്രവർത്തനത്തിലും പാർട്ടി കെട്ടിപ്പടുക്കുന്നതിലും വിസ്മയാവഹമായ ഫലം ഉളവാക്കി. യുദ്ധമുന്നണിയിലെ ധീരപോരാട്ടങ്ങൾക്ക് ഇത്തരം സംഘടനാപ്രവർത്തനങ്ങൾ പിന്തുണയായി ഉണ്ടായിരുന്നില്ലെങ്കിൽ, ചിയാങ് കൈഷെക്കിനെതിരായ രൂക്ഷസമരത്തിൽ തുടർന്നു മുന്നേറാൻ കഴിയുമായിരുന്നില്ല. എന്നാൽ ആ കാലഘട്ടത്തിന്റെ അവസാനത്തോടടുത്തു പാർട്ടിയുടെ സംഘടനാപരമായ നയത്തിലും കേഡർ നയത്തിലും ഗുരുതരമായ താത്വിക വ്യതിയാനങ്ങളുണ്ടായി. വിഭേശീയ പ്രവണതകളിലും, അച്ചടക്കനടപടിയുടെ പേരിലെടുത്ത കടുത്ത ശിക്ഷകളിലും അമിതമായ ആശയസമരനയത്തിലുമാണ് ഈ തെറ്റുകൾ സ്വയം പ്രകടിതമായതു്. മുൻ ലീലി—സാൻ ലൈനിന്റെ അവശിഷ്ടങ്ങൾ തുടച്ചുമാററുന്നതിൽ വന്ന പരാജയത്തിന്റേതെന്നപോലെതന്നെ, താത്വികപ്രശ്നങ്ങളിൽ അക്കാലത്തു വരുത്തിയ രാഷ്ട്രീയമായ തെററുകളുടേയും ഫലമായാണ് ഇതു സംഭവിച്ചതു്. സൻയീയോഗത്തിൽ ഈ തെററുകളും തിരുത്തപ്പെട്ടു. അങ്ങനെ ശരിയായ കേഡർനയത്തിന്റെയും സംഘടനാതത്വങ്ങളുടെയും ഒരു പുതിയ അദ്ധ്യായം ആരംഭിക്കുന്നതിനു് പാർട്ടിക്കു കഴിയുകയും ചെയ്തു. ചാങ് കോ—ടാവോവിന്റെ സംഘടനാനയമാണെങ്കിൽ, അതു് പാർട്ടി തത്വങ്ങളുടെയെല്ലാം ലംഘനവും, പാർട്ടി അച്ചടക്കത്തെ താറുമാറാക്കലും പാർട്ടിക്കും കേന്ദ്ര കമ്മിററിക്കും കമ്യൂണിസ്റ്റ് ഇൻറർനാഷണലിനും എതിരാക്കത്തക്കവിധം ചേരിയുണ്ടാക്കൽ പ്രവർത്തികളിലേക്കു വലിച്ചുകൊണ്ടുപോകലുമായിരുന്നു. ചാങ്ങ്കോ—ടാവോവിന്റെ അതിനിന്ദ്യവും തെററുനിറഞ്ഞതുമായ ലൈനിനെ പിൻതള്ളാനും, അയാളുടെ പാർട്ടി വിരുദ്ധ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കുന്നതിനും പാർട്ടി കേന്ദ്രകമ്മിററി ആവുന്നതെല്ലാം ചെയ്യുകയും ചാങ്ങ്കോ—ടാവോവിനെതന്നെ രക്ഷപെടുത്തുന്നതിനു ശ്രമിക്കുകയുമുണ്ടായി. എന്നാൽ അയാൾ സ്വന്തം തെററുകൾ തിരുത്താൻ ദുർവാശിയോടെ വിസമ്മതിക്കുകയും ഇരട്ടത്താപ്പനയം തുടരുകയും ഒടുവിൽ പാർട്ടിയെത്തന്നെയും വഞ്ചിച്ചു് ക്യമിന്താങ്ങിന്റെ ആശ്ലേഷങ്ങളിൽ സ്വയം അമരുകയും ചെയ്തപ്പോൾ പാർട്ടിക്കു് ഉറച്ച നടപടികളെടുക്കുകയും അയാളെ പാർട്ടിയിൽനിന്നു പുറത്താക്കുകയും ചെയ്യേണ്ടിവന്നു. ഈ അച്ചടക്കനടപടിക്കു് പാർട്ടി അംഗങ്ങളുടെ മാത്രമല്ല, ദേശീയ വിമോചന ലക്ഷ്യത്തോടു് പ്രതിബദ്ധതയുള്ളവരുടെയെല്ലാംതന്നെ പിന്തുണ ലഭിക്കുകയുണ്ടായി. കമ്യൂണിസ്റ്റ് ഇൻറർനാഷണലും ഈ തീരുമാനത്തെ ശരിവെക്കുകയും ചാങ്ങ്കോ—ടാവോവിനെ ഒരു കുറുമാററക്കാരനും വർഗ്ഗവഞ്ചകനുമെന്നു് അപലപിക്കുകയുമുണ്ടായി.

മുഴുവൻ പാർട്ടിയേയും ഒന്നിപ്പിക്കുവാനും പാർട്ടിയുടെ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവുമായ ഐക്യം സുശക്തമാക്കാനും മുകളിൽ സൂചിപ്പിച്ച പാഠങ്ങൾ, ആ നേട്ടങ്ങൾ, മുന്നുപാധികളായി ലഭ്യമായി. രണ്ടു തുറകളിലുമുള്ള സമരങ്ങളിൽ കൂടി നമ്മുടെ പാർട്ടി സ്വയം സുദൃഢീകരിക്കുകയും ശക്തിപ്രാപിക്കുകയും ചെയ്തിട്ടുണ്ടു്.

## ഇപ്പോഴത്തെ രണ്ടു തുറകളിലുള്ള സമരം

ഇനിയങ്ങോട്ടുള്ള ചെറുത്തുനില്പുയുദ്ധത്തിൽ, ''ഇടതുപക്ഷ'' അതിസാഹസികതയുടെമേൽ ഒരുകണ്ണു് ഇപ്പോഴും ഉണ്ടായിരിക്കേണ്ടതുണ്ടെങ്കിൽ കൂടിയും, വലതുപക്ഷ അശുഭവീക്ഷണത്തിനെതിരെ രാഷ്ട്രീയസമരം നട

ത്തുക എന്നതു് പരമപ്രധാനമായ പ്രശ്നമാണു്. പാർട്ടിയുടേയും ബഹുജനസംഘടനകളുടേയും ഐക്യമുന്നണിയുടേയും നയത്തിൻെറതായ ''ഇടതു''പ്രവണതയ്ക്കെതിരായുള്ള പ്രശ്നങ്ങളിൽ കതകടയ്ക്കൽ തുണ്ടു്. എങ്കിൽ മാത്രമേ മററു വിവിധ ജാപ്പവിരുദ്ധ പോരാട്ടം തുടരേണ്ട കളുമായി സഹകരണം വളർത്തിയെടുക്കാനും പാർട്ടികളും ഗ്രൂപ്പു വിപുലീകരിക്കാനും ബഹുജനപ്രസ്ഥാനത്തെ കമ്യൂണിസ്റ്റ് പാർട്ടിയെ കഴിയൂ. അതേസമയംതന്നെ നിരപേക്ഷ സഹകരണ, വിശാലമാക്കാനും നമുക്കു ളുടേതായ വലതുപക്ഷ അവസരവാദപ്രവണതയെ വിപുലീകരണങ്ങ തിനു് നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. ചെറുത്തുതോല്പിക്കുന്ന രണ്ടും താറുമാറാക്കപ്പെടുന്നതും കീഴടങ്ങിക്കൊണ്ടുള്ള അല്ലാത്തപക്ഷം അവ തത്വരഹിതമായ വിപുലീകരണത്തിലേക്കും സഹകരണത്തിലേക്കും നാം തിരിഞ്ഞുപോകുന്നതും ആയിരിക്കും.

ഓരോ കാര്യത്തിൻെറയും സമൂർത്ത സാഹചര്യങ്ങൾക്കു യോജിച്ച വിധത്തിൽ ആയിരിക്കണം രണ്ടു തുറകളിലുമുള്ള പ്രത്യയശാസ്ത്രസമരം. ഒരു പ്രശ്നത്തെയും നാം ആത്മനിഷ്ഠമായി സമീപിക്കുകയോ, ആളുകളെ ''മുദ്രകുത്തുന്ന'' ആ പഴയ ദുഃസ്വഭാവം തുടരാൻ അനുവദിക്കുകയോ ഒരിക്കലും ചെയ്യരുതു്.

വ്യതിചലനങ്ങൾക്കെതിരായ സമരത്തിൽ, ഇരട്ട മുഖത്തോടെയുള്ള പെരുമാററത്തെ എതിർക്കുന്നതിൽ ഗൗരവപൂർണ്ണമായ ശ്രദ്ധ നൽകേണ്ടതാണു്. ചാങ്ങ് കോ-ടാവോവിൻെറ ഔദ്യോഗികജീവിതം തെളിയിച്ചതു പോലെ, അത്തരം പെരുമാററത്തിൻെറ ഏററവും വലിയ അപകടം, അതു് ചേരിപ്പോരായി വികസിച്ചേക്കുമെന്നതാണു്. പരസ്യമായി അനുസരിക്കുക, രഹസ്യമായി എതിർക്കുക; 'ആകട്ടെ' എന്നു പറയുക 'പൊളിച്ചു കൊടുക്കാം' എന്നുദ്ദേശിക്കുക; നേരിൽ പഞ്ചാരവാക്കു പറയുക, പിറകിൽ കെണിയൊരുക്കുക—ഇവയെല്ലാം ഇരട്ടത്താപ്പുനയത്തിൻെറ വിവിധ രൂപങ്ങളാണു്. കേഡർമാരും പാർട്ടിഅംഗങ്ങളും അത്തരം പെരുമാററങ്ങൾക്കെതിരായി ജാഗരൂകമായാൽ മാത്രമേ പാർട്ടി അച്ചടക്കം ശക്തമാക്കാൻ നമുക്കു കഴിയൂ.

## പഠനം

പഠിക്കാൻ കഴിയുന്ന എല്ലാ കമ്യൂണിസ്ററു പാർട്ടി അംഗങ്ങളും മാർക്സ്, ഏംഗൽസ്, ലെനിൻ, സ്ററാലിൻ എന്നിവരുടേതായ സിദ്ധാന്തവും നമ്മുടെ ദേശീയ ചരിത്രവും വർത്തമാനകാല പ്രസ്ഥാനങ്ങളും പ്രവണതകളും പഠിക്കേണ്ടിയിരിക്കുന്നു. അതും വിട്ടു് സ്കൂളിൽ കുറച്ചുമാത്രം പോയിട്ടുള്ള അംഗങ്ങളെ അവർ സഹായിക്കുകയും വേണം. കേഡർമാർ പ്രത്യേകിച്ചും, മുകളിൽ സൂചിപ്പിച്ച വിഷയങ്ങൾ സശ്രദ്ധം പഠിക്കണം. കേന്ദ്രക്കമ്മിററിയിലെ അംഗങ്ങളും ഉയർന്ന കേഡർമാരും ഇക്കാര്യത്തിൽ അതിലും ഏറെ ശ്രദ്ധവെക്കണം. വിപ്ലവസിദ്ധാന്തം വശത്താക്കാതേയും, ചരിത്രത്തെക്കുറിച്ചു് അറിവു നേടാതെയും ശരിക്കും പ്രസ്ഥാനത്തെക്കുറിച്ചു് നല്ല പിടിപാടില്ലാതെയും ഒരു പാർട്ടിക്കും ഒരു മഹത്തായ വിപ്ലവപ്രസ്ഥാനത്തെ വിജയത്തിലേക്കു നയിക്കാൻ മിക്കവാറും സാദ്ധ്യമല്ല.

മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ എന്നിവരുടേതായ സിദ്ധാന്തങ്ങൾ സാർവ്വത്രികമായിതന്നെ പ്രയോഗക്ഷമമാണു്. ഒരു ശാശ്വതപ്രമാണമായല്ല, മറിച്ചു് പ്രവർത്തനത്തിനുള്ള വഴികാട്ടിയായാണു് അതിനെ നാം കണക്കാക്കേണ്ടതു്. അതു പഠിക്കുക എന്നതു് പദാ

വലികളിലും ശൈലികളിലും അറിവുനേടുന്നതിന്റെ കേവലമായൊരു കാര്യമല്ല, മറിച്ച് മാർക്സിസം–ലെനിനിസത്തിൽ അറിവു നേടുന്നതിന്റേതായ കാര്യമാണ്. യഥാർത്ഥ ജീവിതത്തിന്റെയും വിപ്ലവാനുഭവങ്ങളുടെയും വ്യാപകമായ പഠനത്തിൽനിന്ന് മാർക്സും ഏംഗൽസും ലെനിനും, സ്റ്റാലിനും എത്തിച്ചേർന്ന പൊതുനിയമങ്ങൾ മനസ്സിലാക്കുന്നതിന്റേതു മാത്രമായ ഒരു കാര്യമല്ല അതു്; മറിച്ച്, പ്രശ്നങ്ങൾ പരിശോധിക്കുന്നതിലും, പരിഹരിക്കുന്നതിലുമുള്ള അവരുടെ നിലപാടും രീതിയും പഠിക്കുന്നതിന്റെ കാര്യമാണതു്, മാർക്സിസം–ലെനിനിസത്തിൽ നമ്മുടെ പാർട്ടിക്കുള്ള പാടവം മുമ്പുണ്ടായിരുന്നവയേക്കാൾ ഏറെ ഭേദമാണ്; എന്നാൽ ആഴമോ വ്യാപ്തിയോ ഉള്ളതായിട്ടില്ലതന്നെ. അനേകകോടി ജനങ്ങളുടെ മഹത്തായ ഒരു ദേശത്തെ വമ്പിച്ചതും അഭൂതപൂർവ്വവുമായ ഒരു സമരത്തിന് നേതൃത്വം നൽകുക എന്ന കടമയാണ് നമ്മുടേതു്. അതുകൊണ്ടാണ് മാർക്സിസം–ലെനിനിസത്തിന്റെ പഠനത്തിനു വേണ്ടതായ വ്യാപ്തിയും ഗഹനതയും നമുക്കിത്രയും വലിയ പ്രശ്നമായി തീർന്നിരിക്കുന്നതു്. ഇതു് എത്രയും പെട്ടെന്ന് പരിഹരിക്കേണ്ടതുണ്ട്; കേന്ദ്രീകൃതമായ പരിശ്രമത്തിൽക്കൂടി മാത്രമേ നമുക്ക് അതു കഴിയൂ. കേന്ദ്രകമ്മിററിയുടെ ഈ പ്ളീനറി യോഗത്തെ തുടർന്നു പാർട്ടിയിലൊട്ടാകെ പഠനത്തിൽ ഒരു വാശിയേറിയ ശ്രമം ആരംഭിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ആരൊക്കെയാണ് ശരിക്കും എന്തെങ്കിലും പഠിക്കുന്നതെന്നും ആരൊക്കെയാണ് കൂടുതലായും മെച്ചമായും പഠിക്കുന്നതെന്നും നമുക്ക് കാണാമല്ലോ? നേതൃത്വം നൽകുന്നതിന്റേതായ പ്രധാന ചുമതല വഹിക്കുന്നതിനെ സംബന്ധിച്ചിടത്തോളം തുണ്ടുതുണ്ടായിട്ടുള്ളതല്ലാതെ ക്രമനിബദ്ധമായ, പൊള്ളയായതല്ലാതെ മൗലികമായ പിടിപാട് മാർക്സിസം–ലെനിനിസത്തിലുള്ള ഒന്നോ രണ്ടോ നൂറ് സഖാക്കളെങ്കിലും നമ്മുടെ പാർട്ടിയിലുണ്ടെങ്കിൽ നമ്മുടെ പാർട്ടിയുടെ സമരശേഷി വളരെയേറെ വമ്പിച്ചതായി തീരുകയും ജാപ്പ് സാമ്രാജ്യത്വത്തെ പരാജിതമാക്കുന്നതിന്റേതായ നമ്മുടെ കടമ വേഗംതന്നെ സാക്ഷാത്കൃതമായി തീരുകയും ചെയ്യും.

നമ്മുടെ ചരിത്രപരമായ പൈതൃകത്തെ പഠനവിധേയമാക്കുകയും അതിനെ സമാഹരിക്കുന്നതിന് മാർക്സിസ്റ്റ് രീതി ഉപയോഗിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ കടമകളിൽ മറെറാന്ന്. നമ്മുടെ ദേശീയ ചരിത്രത്തിന് അനവധി ആയിരം വർഷങ്ങളുടെ പിൻതുടർച്ചയുണ്ട്— അതിന് തനതായ സ്വഭാവവിശേഷങ്ങളും അളവററ ഈടുവയ്പുമുണ്ട്. എന്നാൽ ഈവക കാര്യങ്ങളിൽ നാം വെറും സ്കൂൾകുട്ടികളാണ്. വർത്തമാനകാല ചൈന ഭൂതകാലത്തെ ചൈനയിൽനിന്നും വളർന്നുവന്നതാണ്, ചരിത്രപരമായ സമീപനത്തിലും നാം മാർക്സിസ്റ്റുകളാണ്, എന്നിരിക്കെ നമ്മുടെ ചരിത്രത്തെ നമുക്ക് മുറിച്ചെറിയുക വയ്യ. കൺഫ്യൂഷസ് മുതൽ സൺയാററ്സൺവരെ നീണ്ടുകിടക്കുന്ന നമ്മുടെ ചരിത്രത്തെ നാം സമാഹരിക്കുകയും വിലയേറിയ ആ സ്വത്തിന് നാം അവകാശികളായിത്തീരുകയും വേണം. ഇന്നത്തെ മഹത്തായ പ്രസ്ഥാനത്തിനു മാർഗദർശനം നൽകുന്നതിൽ ഇതു് പ്രാധാന്യമുള്ളതാണ്. മാർക്സിസ്റ്റുകൾ ആയിരിക്കെ കമ്യൂണിസ്റ്റുകാർ സാർവ്വദേശീയവാദികളുമാണ്; എന്നാൽ നമ്മുടെ നാടിന്റെ പ്രത്യേകമായ സ്വഭാവവിശേഷങ്ങളുമായി മാർക്സിസത്തെ ഇണക്കിച്ചേർക്കുകയും അങ്ങിനെ അതിനൊരു നിയതമായ ദേശീയരൂപം സിദ്ധിക്കുകയും ചെയ്യുമ്പോൾ മാത്രമേ മാർക്സിസത്തെ പ്രയോഗത്തിൽ വരുത്താൻ നമുക്കു കഴിയൂ. എല്ലാ രാജ്യങ്ങളിലെയും സമൂർത്ത വിപ്ലവാനുഷ്ഠാനങ്ങളുമായുള്ള അതിന്റെ ഉദ്ഗ്രഥനശേഷിയിലാണ്

കൃത്യമായും മാർക്സിസം—ലെനിനിസത്തിന്റെ വമ്പിച്ച ശക്തി കുടി
കൊള്ളുന്നതു്. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കാര്യത്തിൽ മാർ
ക്സിസം—ലെനിനിസത്തിന്റെ സിദ്ധാന്തം ചൈനയുടെ നിർദ്ദിഷ്ട സാ
ഹചര്യങ്ങളിൽ എങ്ങിനെ പ്രായോഗികമാക്കാമെന്നു് പഠിക്കുക എന്ന പ്ര
ശ്നമാണതു്. മഹത്തായ ചൈനീസ് ദേശീയതയുടെ ഭാഗമായ, അതിന്റെ
മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമായ ചൈനീസ് കമ്യൂ
ണിസ്റ്റുകാർക്കാകട്ടെ, മാർക്സിസത്തെ കുറിച്ച് ചൈനയുടെ സ്വഭാവ
വിശേഷങ്ങളിൽനിന്നകന്നുകൊണ്ടുള്ള സംസാരം വെറും അമൂർത്തമായതാ
ണ് ശൂന്യതയിലെ മാർക്സിസം. എന്നിരിക്കെ, അതിന്റെ ഒരോ
പ്രകടിതരൂപത്തിലും സംശയത്തിനിടമില്ലാത്തവിധം, മാർക്സിസത്തെ
ചൈനയിൽ മൂർത്തമായി പ്രയോഗത്തിൽ വരുത്തുക എന്നതു്, അതായതു്,
ചൈനയുടേതായ സ്വഭാവവിശേഷങ്ങളുടെ വെളിച്ചത്തിൽ അതിനെ പ്ര
യോഗത്തിൽ വരുത്തുക എന്നതു്, മുഴുവൻ പാർട്ടിയും അടിയന്തിരമായും
മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യേണ്ട ഒരു പ്രശ്നമായി തീരുന്നു.
വിദേശീയ സ്റ്റീരിയൊ ടൈപ്പുകൾ അപ്പാടെ തിരസ്കരിക്കണം. പൊ
ള്ളയും അമൂർത്തവുമായ വായ്ത്താരി ഉരുക്കഴിക്കുന്നതു് കുറച്ചേക്കണം, വരട്ട
തത്വവാദത്തെ വിശ്രമിക്കാൻ വിട്ടേക്കണം, അവസ്ഥാപകരം സാധാരണ
ജനങ്ങൾ ഇഷ്ടപ്പെടുന്നതായ നവീനവും ജീവത്തുമായ ചൈനീസ് ശൈ
ലിയും അന്തസ്സത്തയും സ്ഥാപിക്കണം. സാർവ്വദേശീയതയുടെ ഉള്ളടക്ക
ത്തെ ദേശീയരൂപത്തിൽനിന്നു് അടർത്തിമാറ്റുന്നതു്, സാർവ്വദേശീയത
യെക്കുറിച്ചുള്ള പ്രാഥമിക കാര്യംപോലും മനസ്സിലാക്കിയിട്ടില്ലാത്തവർ
ചെയ്യുന്ന ഏർപ്പാടാണ്. നമ്മൾ, നേരെമറിച്ച്, രണ്ടിനെയും അടുപ്പ
ത്തിൽ കണ്ണിചേർത്തു് ഒന്നിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നമ്മുടെ
അണികൾക്കിടയിൽ ഗുരുതരമായ തെറ്റുകൾ നിലനില്ക്കുന്നുണ്ട്. അവ
സത്യസന്ധമായി തിരുത്തപ്പെടേണ്ടതാണ്.

ഇന്നത്തെ നമ്മുടെ പ്രസ്ഥാനത്തിന്റെ സ്വഭാവവിശേഷങ്ങൾ എ
ന്തൊക്കെയാണ്? എന്തെല്ലാമാണ് അതിന്റെ നിയമങ്ങൾ? അതിനു്
വഴികാണിക്കുന്നതു് എങ്ങനെ? ഇവയെല്ലാം പ്രായോഗികപ്രശ്നങ്ങളാണ്.
ജാപ്പ് സാമ്രാജ്യത്വത്തെയൊ ചൈനയെയൊ സംബന്ധിച്ച എല്ലാംതന്നെ
ഇപ്പോൾ നാം മനസ്സിലാക്കിയിട്ടില്ല. പ്രസ്ഥാനം വികസിക്കുകയാണ്,
പുതിയ കാര്യങ്ങൾ ഇനിയും ഉയർന്നുവരാനുണ്ട്, അനന്തമായ ഒരു ഉറവ
യിൽനിന്നെന്നോണം അവ ഉയർന്നുവന്നുകൊണ്ടേയിരിക്കുകയുമാണ്. ഈ
പ്രസ്ഥാനത്തെ അതിന്റെ പൂർണ്ണതയിലും വികാസഗതിയിലും പഠിക്കുക
എന്നതു് നമ്മുടെ നിരന്തര ശ്രദ്ധയാവശ്യപ്പെടുന്ന ഒരു വമ്പിച്ച കടമ
യാണ്. ഈ പ്രശ്നങ്ങൾ ഗൗരവപൂർവ്വം ശ്രദ്ധിച്ച പഠിക്കാൻ വിസമ്മതി
ക്കുന്നവർ ആരായാലും അവർ മാർക്സിസ്റ്റുകൾ അല്ലതന്നെ.

അലംഭാവം പഠനത്തിന്റെ ശത്രുവാണ്. അലംഭാവത്തിൽനിന്നു
മുക്തരാകാത്തിടത്തോളം നമുക്ക് യാതൊന്നും യഥാർത്ഥത്തിൽ പഠിക്കാൻ
കഴിയുകയില്ല. സ്വയം ''പഠിക്കുന്നതിൽ ഒടുങ്ങാത്ത ദാഹം'', മററുള്ള
വരെ ''പഠിപ്പിക്കുന്നതിൽ അക്ഷീണയത്നം'' എന്നിങ്ങനെയായിരിക്ക
ണം നമ്മുടെ മനോഭാവം.

## ഐക്യവും വിജയവും

ജാപ്പ് വിരുദ്ധ യുദ്ധം വിജയസമാപ്തിയിലെത്തിക്കുന്നതിനും ഒരു
പുത്തൻ ചൈന കെട്ടിപ്പടുക്കുന്നതിനുംവേണ്ടി മുഴുവൻ ജനങ്ങളെയും ഒന്നി
പ്പിക്കുന്നതിനുള്ള അടിസ്ഥാനപരമായ മുൻ ഉപാധി ചൈനീസ് കമ്യൂ

Scanned by CamScanner

ണിസ്റ്റ് പാർട്ടികളുളിലെ ഐക്യമാണ്. കറതീൺ കരുത്താർജ്ജിക്കലെ ന്റെറതായ പതിനേഴ സംവത്സരങ്ങൾ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി യെ അഭ്യന്തര ഐക്യം നേടിയെടുക്കുന്നതിന്റെ പല മാർഗ്ഗങ്ങളും പഠിപ്പി ച്ചിട്ടുണ്ട്; പാർട്ടിയിന്ന് വളരെയേറെ പക്വത നേടിയിട്ടുണ്ട്. ചെറുത്തു നില്പു യുദ്ധത്തിൽ വിജയം കൈവരിക്കുന്നതിനും ഒരു പുത്തൻ ചൈന കെട്ടിപ്പടുക്കുന്നതിനും വേണ്ടിയുള്ള സമരത്തിൽ മുഴവൻ ജനങ്ങൾക്കും കരു ത്തുററ ഒരു ന്യൂക്ലിയസ് സൃഷ്ടിക്കുന്നതിൽ നാം അതുവഴി ഇന്ന് പ്രാപ്തരാ ണ്. സഖാക്കളെ, നാം ഐക്യപ്പെട്ടുനില്ക്കുന്നത് തുടരുന്നുവെങ്കിൽ തീർ ച്ചയായും നമുക്കീ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയും.

## കുറിപ്പുകൾ

1. സി. പി. എസ്. യു. (ബി.) യുടെ 1934 ജനുവരിയിലെ പതിനേഴാം കോൺഗ്രസ്സിനുള്ള തന്റെ റിപ്പോർട്ടിൽ സ്റ്റാലിൻ പറയുകയു ണ്ടായി ''...ശരിയായ രാഷ്ട്രീയ ലൈൻ അംഗീകരിക്കപ്പെട്ടുകഴി ഞ്ഞാൽ പിന്നെ, എല്ലാത്തിനെയും, ആ രാഷ്ട്രീയ ലൈനിന്റെതന്നെ അന്തിമഫലത്തെ, അതിന്റെ വിജയ പരാജയങ്ങളെക്കൂടി നിർണ്ണയിക്കുന്ന ത് സംഘടനാപരമായ പ്രവർത്തനമാണ്'' ('ലെനിനിസത്തിന്റെ പ്രശ്ന ങ്ങൾ', ഇംഗ്ലീഷ് പതിപ്പ്, എഫ്. എൽ. പി. എച്ച്, മോസ്കോ, 1964. 644-ാം പേജ് നോക്കുക) ''ജോലിക്കാരുടെ ശരിയായ തിരഞ്ഞെ ടുപ്പി''ന്റെ പ്രശ്നവും അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ''കേഡർമാർ എല്ലാം നിർണ്ണയിക്കുന്നു'' എന്ന മുദ്രാവാക്യം, ചുവപ്പുസേനാ അക്കാദമിക ളിൽനിന്നുള്ള ബിരുദധാരികളോട് 1935 മേയിൽ ക്രെംലിൻ കൊട്ടാര ത്തിൽവെച്ച് നടത്തിയ തന്റെ പ്രഭാഷണത്തിൽ സ്റ്റാലിൻ അവതരിപ്പി ക്കുകയും വിശദീകരിക്കുകയും ചെയ്തു. (അതേകൃതി 661–662 പേജുകൾ) സി.പി.എസ്.യു. (ബി.) യുടെ 1939 മാർച്ചിലെ 18–ാംകോൺഗ്രസ്സി നുള്ള തന്റെ റിപ്പോർട്ടിൽ, സ്റ്റാലിൻ പറഞ്ഞിട്ടുണ്ട്: ''ഒരു ശരിയായ രാഷ്ട്രീയലൈൻ ആവിഷ്ക്കരിക്കപ്പെടുകയും പ്രയോഗത്തിൽ പരിശോ ധിച്ചുനോക്കുകയും ചെയ്തുകഴിഞ്ഞാൽപിന്നെ, പാർട്ടിയും ഭരണകൂടവും നടപ്പാക്കുന്ന നേതൃത്വപങ്കിൽ നിർണ്ണായകശക്തിയായി വരിക പാർട്ടി കേഡർമാരാണ്.'' (അതേ കൃതി 784–ാം പേജ്)

2. 1927 ആഗസ്റ്റിൽ കൂടിയ ചൈനീസ് കമ്യൂണിസ്റ്റുപാർട്ടി 5–ാം കേന്ദ്രകമ്മിററിയുടെ പൊളിററ് ബ്യൂറോ അടിയന്തിരയോഗം മുതൽ 1934 ജനുവരിയിൽ കൂടിയ ആറാം കേന്ദ്രകമ്മിററിയും 5–ാം പ്ളീനറി സമ്മേളനവും വരെയുള്ള കാലഘട്ടമാണ് ഇവിടെ പരാമർശിക്കുന്നത്.

3. വടക്കുപടിഞ്ഞാറൻ സെച്വാനും തെക്കുകിഴക്കൻ കാൻസുവും തമ്മിലുള്ള അതിർത്തിയിലെ സൂങ്ങ്പാൻ എന്ന കൗണ്ടിപട്ടണത്തിൽ വട ക്കുപടിഞ്ഞാറായുള്ള പാസിയിൽ 1935 ആഗസ്റ്റിൽ കേന്ദ്രകമ്മിററിയുടെ പൊളിററ്ബ്യൂറോ വിളിച്ചുകൂട്ടിയതായിരുന്നു പാസിയോഗം. ഒരു ചുവപ്പു സേനാവിഭാഗത്തെ നയിച്ചുകൊണ്ട്, ചാങ്ങ്കോ–ടാവോ കേന്ദ്രകമ്മി ററിയിൽനിന്ന് വിഘടിച്ചു പോയ്ക്കഴിഞ്ഞിരുന്നു; അയാൾ കേന്ദ്രകമ്മി ററിയുടെ ആജ്ഞകളെ വെല്ലുവിളിക്കുകയും തുരങ്കംവെയ്ക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയുമായിരുന്നു. ആജ്ഞാനുസാരിയായ ചുവപ്പുസേനാ ഘടകങ്ങളോടുകൂടിയ വടക്കൻ ഷെൻസിയ്ക്ക് അപകടമേഖല വിട്ടേക്കാൻ കേന്ദ്രകമ്മിററിയുടെ ഈ യോഗം തീരുമാനിക്കുകയുണ്ടായി. ഏതായാലും,

Scanned by CamScanner

ചാങ്ങ്കോ—ടാവോ, അയാരം വഴി തെററിച്ചുകൊണ്ടുപോയ ചുവപ്പു സേനാ യൂണിററുകളെ തെക്കോട്ടു്, ടീയൻ ചുവാൻ—ആഹ്പാ പ്രദേശത്തേക്കു്, നയിച്ചു് അവിടെ ചെററു ചിൻ ചുവാൻ—ലൂഷാൻ—വലുതു വ്യാജമായൊരു കേന്ദ്രകമ്മിററി സ്ഥാപിക്കുകയും പരസ്യമായിപാർട്ടിക്കെതിരായി പുറത്തുവരികയും ചെയ്തു.

4. 1937 ഏപ്രിലിൽകൂടിയ പാർട്ടികേന്ദ്രകമ്മിററി പൊളിററ് ബ്യൂറോയുടെ വിസ്തൃതയോഗമായിരുന്നു, യെനാൻ യോഗം. ഈ യോഗത്തിനുമുൻപായിതന്നെ, ചാങ്ങ് കോ—ടാവോവിനു കീഴിലെ ചുവപ്പു സേനാ യൂണിററുകളിലെ വൻ സംഖ്യകളിലുള്ള കേഡർമാരും സൈനികരും (അവർ അപ്പോഴേക്കും ചാങ്ങ്കോ—ടാവോവിൻെറ കൊടുംചതി മനസ്സിലാക്കിക്കഴിഞ്ഞിരുന്നു) വടക്കോട്ടു്, ഷെൻസി—കാൻസു അതിർത്തിപ്രദേശത്തെ ലക്ഷ്യംവെച്ചു് മാർച്ചുചെയ്യുകയുണ്ടായി. എന്നിരുന്നാലും വഴിക്കു് ചില യൂണിററുകരം തെററിദ്ധരിപ്പിക്കപ്പെട്ട ആജ്ഞകരംക്കനുസരിച്ചു പ്രവർത്തിക്കുകയും കാൻസുപ്രവിശ്യയിലെ കാൻചൌ; ലിങ്ങ്ചൌ സുച്ചൗ എന്നിവയുടെതായ പ്രദേശത്തേക്കു തിരിയുകയും ചെയ്തു. ഇവയിൽ ഏറെയും ശത്രുവാൽ തുടച്ചുനീക്കപ്പെടുകയും ശേഷിച്ചവ സിക്കിയാങ്ങിൽ വലഞ്ഞെത്തുകയും പിന്നീടുമാത്രം ഷെൻസി—കാൻസു അതിർത്തിപ്രദേശത്തു് തിരിച്ചെത്തുകയും ചെയ്തു. മററു യൂണിററുകരം ഷെൻസി—കാൻസു അതിർത്തിപ്രദേശത്തു് എത്തിച്ചേരുകയും കേന്ദ്ര ചുവപ്പുസേനയിൽ അണിചേരുകയും വളരെമുൻപേ ചെയ്തുകഴിഞ്ഞിരുന്നു. ചാങ്ങ്കോ—ടാവോ തന്നെയും വടക്കൻ ഷെൻസിൽ തിരിച്ചു് എത്തിപ്പെടുകയും യെനാൻ യോഗത്തിൽ സന്നിഹിതനാവുകയും ചെയ്തു. ഈ യോഗം അയാളുടെ അവസരവാദത്തെയും അയാരം പാർട്ടിയെ ധിക്കരിച്ചതിനെയും അക്കമിട്ടും അന്തിമമായും അപലപിച്ചു. അയാരം നിരപരാധിത്വം നടിക്കുകയും, എന്നാൽ യഥാർത്ഥത്തിൽ പാർട്ടിയെ അന്തിമമായി വഞ്ചിച്ചുപോകുന്നതിനായി ഒരുക്കു കൂട്ടുകയുമാണുണ്ടായതു്.

# ഐക്യമുന്നണിക്കുള്ളിലെ സ്വാതന്ത്ര്യത്തിന്റേയും മുൻകൈയുടേയും പ്രശ്നം*

*1938 നവംബർ 5*

## സഹായവും ആനുകൂല്യങ്ങളും ക്രിയാത്മകമായിരിക്കണം, നിഷേധാത്മകമായിരിക്കരുത്.

ഐക്യമുന്നണിയിലെ എല്ലാ രാഷ്ട്രീയപാർട്ടികളും ഗ്രൂപ്പുകളും ദീർഘകാലസഹകരണത്തെ ഉന്നംവെച്ചുകൊണ്ട് പരസ്പരം സഹായിക്കുകയും പരസ്പരം ആനുകൂല്യങ്ങൾ നൽകുകയും ചെയ്യണം. എന്നാൽ അതുപോലുള്ള സഹായവും ആനുകൂല്യങ്ങളും ക്രിയാത്മകമായിരിക്കണം, നിഷേധാത്മകമായിരിക്കരുത്. നാം നമ്മുടെ പാർട്ടിയെയും സൈന്യത്തെയും ദൃഢീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യണം, അതേസമയം തന്നെ സൗഹാർദ്ദം പുലർത്തുന്ന പാർട്ടികളെയും സൈന്യങ്ങളെയും ദൃഢീകരിക്കുവാനും വികസിപ്പിക്കുവാനും സഹായിക്കുകയും ചെയ്യണം; സർക്കാർ തങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ആവശ്യങ്ങൾ സഫലീകരിക്കണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു, അതേസമയംതന്നെ ചെറുത്തുനില്പുയുദ്ധം നടത്തുന്നതിന് തങ്ങളാലാവുന്ന സഹായം സർക്കാരിനു നൽകുകയും ചെയ്യുന്നു; ഫാക്ടറി തൊഴിലാളികൾ ഉടമകൾ തങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ നൽകണമെന്ന് ആവശ്യപ്പെടുന്നു, അതേസമയംതന്നെ ചെറുത്തുനില്പിന്റെ താല്പര്യങ്ങൾക്കായി കഠിനമായി പണിയെടുക്കുകയും ചെയ്യുന്നു; വിദേശാക്രമണത്തിനെതിരായ ഐക്യത്തിനുവേണ്ടി ഭൂഉടമകൾ പാട്ടവും പലിശയും കുറക്കണം; അതേസമയംതന്നെ കർഷകർ പാട്ടവും പലിശയും കൊടുക്കണം. പരസ്പരസഹായത്തിന്റേതായ ഈ തത്വങ്ങളും നയങ്ങളുമെല്ലാം

---

* പാർട്ടി ആറാം കേന്ദ്രകമ്മിററിയുടെ ആറാം പ്ളീനറി സമ്മേളനത്തിലെ സ: മാവോ സെതുങ്ങിന്റെ സമാപന പ്രസംഗത്തിന്റെ ഭാഗമാണിത്. ആ സമയത്ത് ഐക്യമുന്നണിക്കുള്ളിലെ സ്വാതന്ത്ര്യത്തിന്റേയും മുൻകയ്യിന്റേയും പ്രശ്നം ജാപ്പുവിരുദ്ധ ഐക്യമുന്നണിയെ സംബന്ധിച്ച മുന്തിനിൽക്കുന്ന പ്രശ്നങ്ങളിൽ ഒന്നായിരുന്നു. ഈ പ്രശ്നത്തിൽ സ: മാവോ സെതുങ്ങും ചെൻഷാഒ—യുവും തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നു. ഈ വിവാദത്തിൽ ഉയർന്നുവന്ന കാതലായ പ്രശ്നം ഐക്യമുന്നണിയിലെ തൊഴിലാളിവർഗ്ഗനേതൃത്വത്തെ കുറിച്ചായിരുന്നു. 1947 ഡിസംബറിലെ തന്റെ റിപ്പോർട്ടിൽ (''വർത്തമാന പരിതസ്ഥിതിയും നമ്മുടെ കടമകളും'') സ: മാവോ സെതുങ്ങ് ഈ വ്യത്യാസങ്ങളെ താഴെ പറയുംവിധം സംഗ്രഹിച്ചു.

Scanned by CamScanner

ക്രിയാത്മകമാണ്: നിഷേധാത്മകമോ ഏകപക്ഷീയമോ അല്ല. പരസ്പര
ആനുകൂല്യങ്ങളുടെ കാര്യത്തിലും ഇതുതന്നെയായിരിക്കണം വേണ്ടതു്.
ഓരോ വിഭാഗവും മററുള്ളവരെ തുരങ്കംവെക്കാൻ ശ്രമിക്കരുതു്, മററു പാർ
ട്ടികളിലും സർക്കാരിലും സൈന്യത്തിലും രഹസ്യ പാർട്ടിശാഖകൾ സം
ഘടിപ്പിക്കുന്നതിനു് മുതിരരുതു്. നമ്മുടെ പാർട്ടി ക്വമിന്താങ്ങിനുള്ളിലൊ
അതിൻെറ സർക്കാരിൻെറയോ സൈന്യത്തിൻെറയോ രഹസ്യ പാർട്ടി
ശാഖകൾ സംഘടിപ്പിക്കുന്നില്ല, അങ്ങിനെ ക്വമിന്താങ്ങിനസ്വസ്ഥത
ഉണ്ടാക്കാതിരിക്കുന്നു. ഇതു്, ചെറുത്തുനില്പുയുദ്ധത്തിൻെറ പുരോഗതിക്കു
വേണ്ടിയാണു്. ''മററു കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ചില കാര്യങ്ങ
ളിൽനിന്നൊഴിഞ്ഞുനില്ക്കുക''1 എന്ന പഴഞ്ചൊല്ലിൽ പറയുന്നതുപോലെ
യാണിതു്. ചുവപ്പുസേനയുടെ പുന:സംഘടനയും ചുവപ്പുപ്രദേശങ്ങളുടെ
ഭരണസംവിധാനത്തിലെ മാററങ്ങളും സായുധ ഉയർത്തെഴുന്നേല്പിൻെറതായ
നയം ഉപേക്ഷിക്കലും കൂടാതെ ഒരു ദേശീയ ചെറുത്തുനില്പുയുദ്ധം സാദ്ധ്യ
മാകുമായിരുന്നില്ല. ആദ്യത്തേതുപേക്ഷിക്കുകവഴി രണ്ടാമത്തേതു് നാം
നേടിയെടുത്തിരിക്കുന്നു; നിഷേധാത്മകമായ നടപടികൾ ക്രിയാത്മക
മായ ഫലങ്ങൾ ഉളവാക്കിയിരിക്കുന്നു. ''കുതിച്ചുചാട്ടത്തിനുവേണ്ടി പി

---

''ചെറുത്തുനില്പു യുദ്ധത്തിനിടക്കു് ക്വമിന്താങ്ങിൻെറ ജനവിരു
ദ്ധനയങ്ങളോടു് ഉദാരത കാട്ടുക, ജനങ്ങളേക്കാൾ ക്വമിന്താങ്ങിൽ വി
ശ്വാസമർപ്പിക്കുക, ബഹുജനസമരങ്ങൾ ഉത്തേജിപ്പിക്കുവാനും അവ
യെ പൂർണ്ണമായി വികസിപ്പിക്കുവാനും ധൈര്യം കാട്ടാതിരിക്കുക, ജ
ജാപ്പധീനപ്രദേശങ്ങളിൽ വിമോചിത പ്രദേശങ്ങളും ജനകീയസേന
കളും വികസിപ്പിക്കുന്നതിൽ ധൈര്യം കാട്ടാതിരിക്കുക, ചെറുത്തുനി
ല്പുയുദ്ധത്തിൻെറ നേതൃത്വം ക്വമിന്താങ്ങിനെ ഏല്പിച്ചുകൊടുക്കുക എ
ന്നിവപോലുള്ള കീഴടങ്ങൽ വാദികളുടേതിനു തുല്യമായ (ഇവിടെ
പരാമർശിക്കുന്നതു് ഒന്നാം വിപ്ളവ ആഭ്യന്തര യുദ്ധകാലഘട്ടത്തി
ലെ ചെൻടു–സ്യുവിൻെറ കീഴടങ്ങൽ വാദത്തെയാണു്) ആശയങ്ങ
ളെ നമ്മുടെ പാർട്ടി എതിർക്കുകയുണ്ടായി. മാർക്സിസം–ലെനി
നിസത്തിൻെറ തത്വങ്ങൾക്കെതിരായ ഇതുപോലുള്ള വന്ധ്യവും ജീർ
ണ്ണവുമായ ആശയങ്ങൾക്കെതിരെ നമ്മുടെ പാർട്ടി നിശ്ചയദാർഢ്യ
ത്തോടുകൂടിയ ഒരു സമരം നടത്തുകയും, ''പുരോഗമനശക്തികളെ വി
കസിപ്പിക്കുക, മദ്ധ്യശക്തികളെ നേടിയെടുക്കുക, ഒരിക്കലും ഗുണം
പിടിക്കാത്ത ശക്തികളെ ഒററപ്പെടുത്തുക'' എന്ന പാർട്ടിയുടെ രാ
ഷ്ട്രീയ ലൈൻ ദൃഢനിശ്ചയത്തോടെ നടപ്പിലാക്കുകയും, വിമോ
ചിതപ്രദേശങ്ങളെയും ജനകീയ വിമോചനസേനയേയും ദൃഢനിശ്ച
യത്തോടെ വികസിപ്പിക്കുകയും ചെയ്തു. ഇതു് ജാപ്പനീസ് സാമ്രാജ്യ
ത്വത്തെ അതിൻെറ ആക്രമണയുദ്ധത്തിൻെറതായ കാലഘട്ടത്തിൽ പ
രാജയപ്പെടുത്തുന്നതിനുള്ള നമ്മുടെ പാർട്ടിയുടെ കഴിവു് വർദ്ധിപ്പി
ച്ചുറപ്പിച്ചുവെന്നു മാത്രമല്ല, ജപ്പാൻെറ കീഴടങ്ങലിനുശേഷമുള്ള കാല
ഘട്ടത്തിൽ ചിയാങ്–കൈഷക്കു് പ്രതിവിപ്ലവയുദ്ധം കെട്ടഴിച്ചുവി
ട്ടപ്പോൾ ഇതു് ജനകീയ വിപ്ലവയുദ്ധത്തിലൂടെ ചിയാങ്–കൈഷ
ക്കിൻെറ പ്രതിവിപ്ലവയുദ്ധത്തെ നേരിടുന്നതിനുള്ള പാതയിലേക്കു്
നാശനഷ്ടങ്ങൾ കൂടാതെയും ശ്രമരഹിതമായും നീങ്ങുന്നതിനും ഹ്രസ്വ
കാലത്തിനുള്ളിൽ മഹത്തായ വിജയങ്ങൾ നേടുന്നതിനുമുള്ള നമ്മുടെ
പാർട്ടിയുടെ കഴിവു് വർദ്ധിപ്പിച്ചുറപ്പിക്കുകയും ചെയ്തു. എല്ലാ പാർ
ട്ടിസഖാക്കളും ഈ ചരിത്രപാഠങ്ങൾ ശരിക്കും മനസ്സിലാക്കിയിരി
ക്കണം.''

ന്നോട്ടുമാറുന്നു''2 ഇതാണ് ലെനിനിസം. ആനുകൂല്യങ്ങളെ തീർത്തും നിഷേധാത്മകമായി പരിഗണിക്കുന്നതു് മാർക്സിസം—ലെനിനിസത്തിനെതിരാണ്. തീർത്തും നിഷേധാത്മകമായ ആനുകൂല്യങ്ങളുടെ ഉദാഹരണങ്ങൾ തീർച്ചയായും നമ്മുടെ മുന്നിലുണ്ട്—അദ്ധ്വാനവും മൂലധനവും തമ്മിലുള്ള സഹകരണമെന്ന രണ്ടാം ഇൻറർനാഷണലിൻെറ സിദ്ധാന്തം 3 വർഗ്ഗത്തെ മുഴുവനും, വിപ്ലവത്തെ മുഴുവനും വഞ്ചിക്കുന്നതിനു കാരണമായി. ചൈനയിൽ ചെൻ ടു—ഷിയുവും പിന്നീട് ചാങ്ങ്കോ—ടാവോയും കീഴടങ്ങൽ വാദികളായിരുന്നു; കീഴടങ്ങൽ വാദത്തെ കഠിനമായി എതിർക്കണം. നാം ആനുകൂല്യങ്ങൾ ചെയ്യുമ്പോഴും പിന്നോട്ടു മാറുമ്പോഴും പ്രതിരോധത്തിലേക്കു നീങ്ങുമ്പോഴും അല്ലെങ്കിൽ സഖ്യശക്തികളോ ശത്രുക്കളോ ആയുള്ള നമ്മുടെ ബന്ധങ്ങൾക്കനുസരണമായി നമ്മുടെ മുന്നേററം നിറുത്തുമ്പോഴും നാം ഇവയെ എല്ലായ്പോഴും കാണേണ്ടതു് നമ്മുടെ വിപ്ലവനയത്തിൻെറയാകെ ഭാഗമായിട്ടും പൊതുവിപ്ലവലൈനിലെ ഒഴിച്ചുകൂടാനാവാത്ത കണ്ണിയായിട്ടും വളഞ്ഞുതിരിഞ്ഞ പാതയിലെ ഒരു തിരിവായിട്ടും ആയിരിക്കണം. ചുരുക്കിപ്പറഞ്ഞാൽ, അവ ക്രിയാത്മകമാണ്.

## ദേശീയയുദ്ധവും വർഗസമരവും തമ്മിലുള്ള അനന്യത

ദീർഘകാല സഹകരണത്തിലൂടെ ഒരു ദീർഘകാലയുദ്ധം നിലനിത്തുക, അഥവാ മറെറാരു വിധത്തിൽ പറഞ്ഞാൽ, വർഗ്ഗസമരത്തെ ഇപ്പോഴത്തെ ജപ്പാനെതിരായ ദേശീയ യുദ്ധത്തിനു കീഴ്പ്പെടുത്തുക—ഇതാണ് ഐക്യമുന്നണിയുടെ അടിസ്ഥാന തത്വം. ഈ തത്വത്തിനനുസരണമായി പാർട്ടികളുടെയും വർഗ്ഗങ്ങളുടെയും സ്വതന്ത്ര സ്വഭാവവും ഐക്യമുന്നണിക്കുള്ളിലെ അവയുടെ സ്വാതന്ത്ര്യവും മുൻകൈയും രക്ഷിച്ചു നിലനിത്തുകയും, സഹകരണത്തിൻെറയും ഐക്യത്തിൻെറയും പേരിൽ അവയുടെ ഒഴിച്ചുകൂടാനാവാത്ത അവകാശങ്ങൾ ബലികഴിക്കാതിരിക്കുകയും ചെയ്യണം, നേരെ മറിച്ച് ചില നിർദ്ദിഷ്ട പരിമിതികൾക്കുള്ളിൽ ആ അവകാശങ്ങളെ ദൃഢമായി ഉയർത്തിപ്പിടിക്കണം. ഈ രീതിയിൽ മാത്രമെ സഹകരണത്തെ പ്രോത്സാഹിപ്പിക്കാനാവുകയുള്ളു. മാത്രമല്ല ഇപ്രകാരം മാത്രമെ ഏതെങ്കിലും തരത്തിലുള്ള സഹകരണത്തിനു് കഴിയുകയുമുള്ളു. അല്ലെങ്കിൽ സഹകരണം ലയിച്ചുചേരലായി മാറും, ഐക്യമുന്നണി അനിവാര്യമായും ബലികഴിക്കപ്പെടുകയും ചെയ്യും. ദേശീയ സ്വഭാവത്തോടുകൂടിയുള്ള സമരത്തിൽ, വർഗ്ഗസമരം ദേശീയ സമരത്തിൻെറ രൂപം കൈക്കൊള്ളുന്നു, ഇവ രണ്ടും തമ്മിലുള്ള അനന്യതയെ തെളിച്ചു കാട്ടുന്നു. ഒരു വശത്തു്, ഒരു നിർദ്ദിഷ്ട ചരിത്രകാലഘട്ടത്തെ സംബന്ധിച്ചിടത്തോളം വിവിധ വർഗ്ഗങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ആവശ്യങ്ങൾ സഹകരണത്തെ തകർക്കുന്ന രീതിയിലുള്ളവയായിക്കൂടാ; മറുവശത്തു്, ദേശീയ സമരത്തിൻെറ ആവശ്യങ്ങൾ (ജപ്പാനെ ചെറുക്കേണ്ടതിൻെറ ആവശ്യം) എല്ലാ വർഗ്ഗസമരത്തിൻെറയും നിർഗ്ഗമന ബിന്ദുവായിരിക്കണം. ഇപ്രകാരം ഐക്യമുന്നണിയിൽ ഐക്യവും സ്വാതന്ത്ര്യവും തമ്മിലും ദേശീയ സമരവും വർഗ്ഗസമരവും തമ്മിലും അനന്യതയുണ്ട്.

Scanned by CamScanner

## "എല്ലാം ഐക്യമുന്നണിയിലൂടെ എന്ന വാദം തെറ്റാണ്"

ക്വമിന്താങ്ങ് അധികാരത്തിലിരിക്കുന്ന പാർട്ടിയാണു്, അതു് ഐക്യമുന്നണി ഒരു സംഘടിതരൂപം കൈവരിക്കുന്നതിനു് ഇനിയും അനുവദിച്ചിട്ടില്ല. ശത്രു നിരകൾക്കു പിന്നിൽ എല്ലാം 'ഐക്യമുന്നണിയിലൂടെ' എന്ന ആശയം അസാദ്ധ്യമാണു്, കാരണം അവിടെ നമുക്കു് ക്വമിന്താങ്ങ് അംഗീകരിച്ച ഒത്തുതീർപ്പുകൾ പാലിച്ചുകൊണ്ടുതന്നെ സ്വതന്ത്രമായും മുൻകൈ സ്വന്തം കൈകളിൽ നിലനിർത്തിക്കൊണ്ടും പ്രവർത്തിക്കേണ്ടതുണ്ടു് (ഉദാഹരണത്തിനു്, സായുധ ചെറുത്തുനില്പിന്റെയും ദേശീയ പുനർനിർമ്മാണത്തിന്റേതുമായ പരിപാടി) അല്ലെങ്കിൽ, ക്വമിന്താങ്ങ് എന്തൊക്കെ അനുകൂലിക്കുമെന്നു് മുൻകൂട്ടി കണ്ടുകൊണ്ടു് നമുക്കു് ആദ്യം പ്രവർത്തിക്കുകയും പിന്നീടു് അറിയിക്കുകയും ചെയ്യാം. ഉദാഹരണത്തിനു് ഷാൻടുങ് പ്രവിശ്യയിൽ ഭരണനിർവ്വാഹകരുടെ നിയമനവും അങ്ങോട്ടു സൈന്യത്തെ അയച്ചതും എല്ലാം 'ഐക്യമുന്നണിയിലൂടെ' എന്ന ആശയമനുസരിച്ചു് പ്രവർത്തിച്ചിരുന്നെങ്കിൽ ഒരിക്കലും നടക്കുമായിരുന്നില്ല. ഫ്രഞ്ച് കമ്യൂണിസ്റ്റുപാർട്ടി ഒരിക്കൽ ഇതുപോലൊരു മുദ്രാവാക്യം മുന്നോട്ടു വെച്ചതായി പറയപ്പെടുന്നുണ്ടു്; ഒരുപക്ഷെ അതിനു കാരണം പാർട്ടികളുടെ ഒരൈക്യകമ്മിറ്റി മുമ്പേതന്നെ നിലനിന്നിരുന്ന ഫ്രാൻസിൽ, സോഷ്യലിസ്റ്റ് പാർട്ടി കൂട്ടായി അംഗീകരിക്കപ്പെട്ട പരിപാടിയനുസരിച്ചു പ്രവർത്തിക്കുവാൻ തയ്യാറല്ലാതിരുന്നതുമൂലവും സ്വന്തം രീതിയിൽ പ്രവർത്തിക്കാൻ ആഗ്രഹിച്ചിരുന്നതുമൂലവും അതിൽനിന്നു് സോഷ്യലിസ്റ്റ്പാർട്ടിയെ വിലക്കുവാനായി കമ്യൂണിസ്റ്റ് പാർട്ടിക്കു് അതുപോലൊരു മുദ്രാവാക്യം മുന്നോട്ടുവെക്കേണ്ടതായി വന്നിരിക്കണം. തീർച്ചയായും അപ്രകാരം ചെയ്തതു് സ്വയം ചങ്ങലക്കെട്ടുകളിൽ കുരുങ്ങുവാനായിരുന്നില്ല. ചൈനയുടെ കാര്യത്തിൽ ക്വമിന്താങ്ങ് മറ്റെല്ലാ രാഷ്ട്രീയപാർട്ടികൾക്കും തുല്യാവകാശം നിഷേധിക്കുകയും സ്വന്തം ഉത്തരവുകളനുഷ്ഠിക്കാൻ അവയെ നിർബ്ബന്ധിക്കുകയുമാണു്. ഈ മുദ്രാവാക്യം കൊണ്ടർത്ഥമാക്കുന്നതു് ക്വമിന്താങ്ങ് ചെയ്യുന്നതെല്ലാം നമ്മുടെ അറിവോടുകൂടിയായിരിക്കണമെന്ന ആവശ്യമാണെങ്കിൽ, അതു് പരിഹാസം മാത്രമല്ല അസാധ്യവുമാണു്. നാം ചെയ്യുന്നതിനെല്ലാം മുൻകൂട്ടി ക്വമിന്താങ്ങിൽനിന്നു് അനുവാദം വാങ്ങിക്കേണ്ടിവരികയാണെങ്കിൽ, ക്വമിന്താങ്ങ് സമ്മതിച്ചില്ലെങ്കിൽ നാമെന്തു ചെയ്യും? ക്വമിന്താങ്ങിന്റെ നയം നമ്മുടെ വളർച്ചയെ തടസ്സപ്പെടുത്തുക എന്നതായതുകൊണ്ടു്, നമ്മുടെ കയ്യും കാലും വരിഞ്ഞുമുറുക്കിയിടുന്ന ഇതുപോലൊരു മുദ്രാവാക്യം നിർദ്ദേശിക്കേണ്ട യാതൊരാവശ്യവും നമുക്കില്ല. നമ്മുടെ മൂന്നു ഡിവിഷനുകളെ മൂന്നു സൈനിക കൂറുകളാക്കി വികസിപ്പിക്കുക എന്നതുപോലുള്ള കാര്യങ്ങൾക്കു് ഇപ്പോൾ നമുക്കു ക്വമിന്താങ്ങിന്റെ അനുവാദം മുൻകൂട്ടി വാങ്ങേണ്ടതുണ്ടു്—ഇതു് ആദ്യം അറിയിക്കുകയും പിന്നീടു പ്രവർത്തിക്കുകയും ചെയ്യുക എന്നതിനുദാഹരണമാണു്. നമ്മുടെ സേനകളെ രണ്ടു ലക്ഷത്തിലധികമായി വികസിപ്പിക്കുക എന്നതുപോലെ നടപ്പിൽ വന്നതിനുശേഷം ക്വമിന്താങ്ങിനെ അറിയിക്കേണ്ട മറ്റു കാര്യങ്ങളുണ്ടു്—ഇതു് ആദ്യം പ്രവർത്തിക്കുകയും പിന്നീടു് അറിയിക്കുകയും ചെയ്യുക എന്നതിനുദാഹരണമാണു്. അതിർത്തിമേഖലാ അസംബ്ലി വിളിച്ചുകൂട്ടുക എന്നതുപോലുള്ള കാര്യങ്ങളുമുണ്ടു്, ഇതിനോടു ക്വമിന്താങ്ങ് യോജിക്കുകയില്ല എന്നറിഞ്ഞുകൊണ്ടുതന്നെ തല്ക്കാലം ക്വമിന്താങ്ങിനെ അറിയിക്കാതെ നാമിതു ചെയ്യും. ഇനിയും മറ്റു ചില കാര്യങ്ങളുണ്ടു്. തല്ക്കാലം ഇവയെക്കുറിച്ചു് നാമറിയിക്കുകയോ അവയെ പ്രയോ

Scanned by CamScanner

ഗത്തിൽ വരുത്തുകയോ ചെയ്യുകയില്ല, കാരണം അതു് സ്ഥിതി മുഴുവൻ വഷളാക്കും. ചുരുക്കിപ്പറഞ്ഞാൽ, നാം ഐക്യമുന്നണി പിളർക്കരുതു്, എന്നാൽ അതേസമയം നമ്മുടെ കൈയും കാലും വരിഞ്ഞുകെട്ടുവാൻ നാമനു വദിക്കുകയുമരുതു്, അതുകൊണ്ടു് ''എല്ലാം മുന്നണിയിലൂടെ'' എന്ന മുദ്രാ വാക്യം മുന്നോട്ടു വെക്കരുതു്. ''എല്ലാം ഐക്യമുന്നണിയെ അറിയിച്ചി രിക്കണം'' എന്നതിനെ ''എല്ലാം ചിയാങ്ങ് കൈഷെക്കിനേയും, യെൻ സി–ഷാനെയും അറിയിച്ചിരിക്കണം'' എന്നാണു് വ്യാഖ്യാനിക്കപ്പെടുന്ന തെങ്കിൽ ആ മുദ്രാവാക്യവും തെററാണു്. നമ്മുടെ നയം ഐക്യമുന്നണിക്കു ള്ളിൽ സ്വാതന്ത്ര്യവും മുൻകൈയ്യും എന്നതാണു്, ഇതു് ഐക്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേതുമായ ഒരു നയമാണു്.

## കുറിപ്പുകൾ:

1. മെൻഷിയസ്സിൽനിന്നുള്ള ഒരുദ്ധരണി.

2. ലെനിൻ, '' 'ദാർശനികചരിത്രത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ' എന്ന ഹെഗലിന്റെ പുസ്തകത്തിന്റെ ഒരു വ്യാപകവീക്ഷണം'', സമാഹൃതകൃതികൾ, വാല്യം 37.

3. ''അദ്ധ്വാനവും മൂലധനവും തമ്മിലുള്ള സഹകരണമെന്ന സിദ്ധാന്തം''. രണ്ടാം ഇൻറർ നാഷണലിന്റെ പിന്തിരിപ്പൻ സിദ്ധാന്ത മാണു്. ഇതു് മുതലാളിത്തരാജ്യങ്ങൾ ഇത്തരം സഹകരണത്തിനുവേണ്ടി വാദിക്കുകയും ബൂർഷ്വാഭരണത്തെ വിപ്ലവപരമായി വലിച്ചെറിയുന്നതി നേയും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം സ്ഥാപിക്കുന്നതിനേയും എതിർക്കുകയും ചെയ്യുന്നു.

Scanned by CamScanner

# യുദ്ധത്തിന്റേയും തന്ത്രത്തിന്റേയും പ്രശ്നങ്ങൾ*

*1938 നവമ്പർ 6*

## 1. ചൈനയുടെ സ്വഭാവവിശേഷങ്ങളും വിപ്ലവപരമായ യുദ്ധവും

സായുധ ശക്തികൊണ്ട് അധികാരം പിടിച്ചുപററുക, യുദ്ധംകൊണ്ട് പ്രശ്നം പരിഹരിക്കുക, ഇതു് വിപ്ലവത്തിന്റെ കേന്ദ്രകടമയും ഏററവും ഉയർന്ന രൂപവുമാണ്. വിപ്ലവത്തെ സംബന്ധിച്ച ഈ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് തത്വം ചൈനക്കും മററെല്ലാ രാജ്യങ്ങൾക്കും സാർവ്വത്രികമായി ബാധകമാണ്.

പക്ഷെ എല്ലാ രാജ്യങ്ങളിലും ഈ തത്വം ഒന്നുതന്നെയാണെങ്കിലും വ്യത്യസ്ത സാഹചര്യങ്ങൾക്ക് അനുസൃതമായി വിവിധ മാർഗങ്ങളിലാണ് ഓരോ രാജ്യത്തെയും തൊഴിലാളിവർഗപാർട്ടിയുടെ ഈ തത്വത്തിന്റെ പ്രയോഗം പ്രകടമായിക്കാണുന്നതു്. ആഭ്യന്തരമായി മുതലാളിത്തരാജ്യങ്ങൾ, അവർ ഫാസിസ്റ്റ് സമ്പ്രദായത്തിലല്ലാത്തപ്പോഴോ, അല്ലെങ്കിൽ, യുദ്ധത്തിൽ ഏർപ്പെട്ടിരിക്കാത്തപ്പോഴോ, ബൂർഷ്വാ ജനാധിപത്യമാണ് (ജന്മി–നാടുവാഴിത്തമല്ല) അനുവർത്തിക്കുന്നതു്. അവയുടെ ബാഹ്യബന്ധങ്ങളിൽ, മററു രാജ്യങ്ങളെ മർദ്ദിക്കുകയാണ് ചെയ്യുന്നതു്. ഈ സ്വഭാവവിശേഷങ്ങൾ കാരണം തൊഴിലാളികൾക്ക് ശിക്ഷണം നൽകുകയും നീണ്ടൊരുകാലത്തെ നിയമവിധേയമായ സമരങ്ങൾവഴി അവരുടെ ശക്തി കെട്ടിപ്പടുക്കുകയും അങ്ങിനെ മുതലാളിത്തത്തിന്റെ അന്തിമമായ മറിച്ചിടലിനു തയ്യാറെടുക്കുകയും ചെയ്യുക എന്നതാണ് മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളി വർഗത്തിന്റെ പാർട്ടിയുടെ കടമ. ഈ രാജ്യങ്ങ

---

* പാർട്ടിയുടെ ആറാം കേന്ദ്രക്കമ്മിററിയുടെ ആറാംപ്ലീനറിയോഗത്തിൽ സഖാവ് മാവോ സെതുങ്ങ് ചെയ്ത ഉപസംഹാരപ്രസംഗത്തിന്റെ ഭാഗമാണ് ഈ ലേഖനം. തന്റെ ''ജപ്പാനെതിരായ ഗറില്ലാ യുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങൾ'' എന്നകൃതിയിലും ''സുദീർഘ യുദ്ധത്തെക്കുറിച്ച്'' എന്ന കൃതിയിലും ജപ്പാനെതിരായ പ്രതിരോധ യുദ്ധത്തിൽ പാർട്ടിയുടെ നേതൃത്വപങ്കിന്റെ പ്രശ്നം സഖാവ് മാവോ സെതുങ്ങ് പരിഹരിച്ചുകഴിഞ്ഞിരുന്നു. പക്ഷെ വലതുപക്ഷ അവസരവാദപരമായ തെററുകൾ ചെയ്തുകൊണ്ട് ചില സഖാക്കൾ ഐക്യമുന്നണിയിൽ പാർട്ടി അതിന്റേതായ സ്വാതന്ത്ര്യവും മുൻകൈയും നിലനിർത്തിയേതീരൂ എന്ന ആശയത്തെ നിഷേധിക്കുകയും അങ്ങിനെ യുദ്ധത്തേയും തന്ത്രത്തേയും പററിയുള്ള പാർട്ടിയുടെ ലൈനിനെ അവിശ്വസിക്കുകയും അതിനെ എതിർക്കുകകൂടിയും ചെയ്തു. ഈ വലതുപക്ഷ അവസരവാദത്തെ അതിജീവിക്കാനും ചൈനീസ്

Scanned by CamScanner

ളിലെ പ്രശ്നം ഒരു ദീർഘകാല നിയമ വിധേയമായ സമരത്തിന്റെ പ്രശ്ന മാണ്, പാർലമെന്റിനെ ഒരു വേദിയായി ഉപയോഗപ്പെടുത്തുന്നതി ന്റേയും, സാമ്പത്തികവും രാഷ്ട്രീയവുമായ സമരങ്ങളുടേയും, ട്രേഡ് യൂണിയനുകൾ സംഘടിപ്പിക്കുന്നതിന്റേയും, തൊഴിലാളികൾക്ക് ശിക്ഷണം നൽകുന്നതിന്റേയും ആയ പ്രശ്നമാണ്. അവിടങ്ങളിൽ സംഘ ടനയുടെ രൂപം നിയമവിധേയമായതാണ്, സമരത്തിന്റെ രൂപം രക്ത രഹിതം (സൈനികേതരം) ആണ്. യുദ്ധത്തിന്റെ കാര്യത്തിൽ മുതലാ ളിത്ത രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടികൾ തങ്ങളുടെ സ്വന്തം രാജ്യ ങ്ങൾ നടത്തുന്ന സാമ്രാജ്യത്വ യുദ്ധങ്ങളെ എതിർക്കുന്നു. അത്തരം യുദ്ധ ങ്ങൾ പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ, തങ്ങളുടെ സ്വന്തം രാജ്യങ്ങളിലെ പിന്തിരിപ്പൻ ഗവർമ്മേണ്ടുകളുടെ പരാജയത്തിനു ഇടവരുത്തുകയെന്ന താണ് ഈ പാർട്ടികളുടെ നയം. അവർ പോരാടാൻ ആഗ്രഹിക്കുന്ന ഒരേ ഒരു യുദ്ധം അവർതന്നെ തയ്യാറെടുത്തുവരുന്ന ആഭ്യന്തര യുദ്ധമാണ്1. പക്ഷെ ബൂർഷ്വാവർഗം ശരിക്കും നിസ്സഹായരാകുന്നതുവരേയും തൊഴി ലാളി വർഗത്തിന്റെ ബഹുഭൂരിപക്ഷവും സായുധരായി ഉണരാനും സമരം ചെയ്യാനും ദൃഢനിശ്ചയം ചെയ്യുന്നതുവരേയും, തുടർന്നു തൊഴിലാളിവർഗ ത്തിനു് നാട്ടിൻപുറത്തെ ബഹുജനങ്ങൾ സ്വമനസ്സാലെ സഹായം നൽകി വരികയും ചെയ്യുന്നതുവരേയും, ഈ ഉയിർത്തെഴുന്നേല്പും യുദ്ധവും കെട്ടഴി ച്ചുവിടാൻ പാടുള്ളതല്ല. അത്തരമൊരു ഉയിർത്തെഴുന്നേല്പു യുദ്ധവും കെട്ട ഴിച്ചുവിടാനുള്ള സമയമാകുമ്പോഴാകട്ടെ നഗരങ്ങളെ പിടിച്ചടക്കുകയെന്ന തായിരിക്കും ഒന്നാമത്തെ പടി. അതിനുശേഷം നാട്ടിൻപുറത്തേക്കു മുന്നേ റുക, അല്ലാതെ മറിച്ചല്ല. മുതലാളിത്ത രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് പാർട്ടികൾ ഇതെല്ലാമാണ് ചെയ്യുന്നതു്. റഷ്യയിലെ ഒക്ടോബർ വിപ്ലവം ഇതു തികച്ചും ശരിയാണെന്നു തെളിയിച്ചിട്ടുമുണ്ട്.

എന്നാൽ ചൈന വ്യത്യസ്തമാണ്. ചൈനയുടെ സ്വഭാവ വിശേ ഷങ്ങൾ ഇപ്രകാരമാണ്. അതു് സ്വതന്ത്രവും ജനാധിപത്യപരവും അല്ല. മറിച്ച്, അർദ്ധ കൊളോണിയലും അർദ്ധ ഫ്യൂഡലുമാണ്. ആഭ്യന്തരമാ യി അതിനു് ജനാധിപത്യമില്ല. പകരം അതു ജന്മി, നാടുവാഴി മർദ്ദ നത്തിനും വിധേയമാണ്. ബാഹ്യബന്ധങ്ങളിൽ അതിനു് ദേശീയ സ്വാതന്ത്ര്യമില്ല, മറിച്ച് സാമ്രാജ്യത്വത്താൽ മർദ്ദിക്കപ്പെട്ടിരിക്കയാണ്. നമുക്കു് ഉപയോഗപ്പെടുത്താനായി പാർലമെന്റൊന്നില്ലെന്നും പണിമുടക്കിനു് തൊഴിലാളികളെ സംഘടിപ്പിക്കാനുള്ള നിയമവിധേയ മായ അവകാശമില്ലെന്നും ഇതിൽനിന്നു് ബോധ്യമാകുന്നു. അടിസ്ഥാന

---

വിപ്ലവത്തിൽ യുദ്ധത്തിന്റേയും തന്ത്രത്തിന്റേയും പ്രശ്നങ്ങൾ വഹി ക്കുന്ന പ്രാഥമിക പ്രാധാന്യം കൂടുതൽ വ്യക്തതയിൽ മുഴുവൻ പാർട്ടി യേയും ധരിപ്പിക്കാനും ഇക്കാര്യത്തിൽ കാര്യഗൗരവത്തോടെയുള്ള പ്രവർത്തനത്തിനുവേണ്ടി മുഴുവൻ പാർട്ടിയേയും ഉണർത്തി അണിനി രത്താനുംവേണ്ടി സഖാവ് മാവോ സെ തുങ്ങ് വീണ്ടും ഈ പ്ലീനറി യോഗത്തിൽ, ഈ വിഷയത്തിന്റെ പ്രാധാന്യത്തിൽ ഊന്നുകയു ണ്ടായി. ചൈനയുടെ രാഷ്ട്രീയ സമരങ്ങളുടെ ചരിത്രത്തിന്റെ കാഴ്ചപ്പാടിൽ വിഷയത്തെ സമീപിച്ചുകൊണ്ടും പാർട്ടിയുടെ സൈ നിക പ്രവർത്തനത്തിന്റെ വികസനവും അതിന്റെ തന്ത്രത്തിലുള്ള പ്രത്യേക മാററങ്ങളും വിശകലനം ചെയ്തുകൊണ്ടുമായിരുന്നു ഇതു ചെയ്തതു്. ഇതിന്റെയെല്ലാം ഫലം പാർട്ടിനേതൃത്വത്തിൽ ആശയ പരമായ ഏകീകരണവും പാർട്ടിയിലുടനീളം പ്രവർത്തനരംഗത്തിലെ ഏകീകരണവും ആയിരുന്നു,

Scanned by CamScanner

പരമായി ഇവിടത്തെ കമ്യൂണിസ്റ്റു പാർട്ടിയുടെ കടമ ഉയിർത്തെഴുന്നേല്പും യുദ്ധവും കെട്ടഴിച്ചു വിടുന്നതിനു് മുമ്പേ ദീർഘകാല നിയമവിധേയ സമരങ്ങളിൽക്കൂടി കടന്നുപോകുക എന്നും ഒന്നാമതായി വൻ നഗരങ്ങളെ പിടിച്ചടക്കുകയും പിന്നീടു് നാട്ടിൻപുറം അധീനപ്പെടുത്തുകയും ചെയ്യുക എന്നല്ല, നേരെ മറിച്ചാണു്.

സാമ്രാജ്യത്വം നമ്മുടെ രാജ്യത്തിന്മേൽ സായുധ ആക്രമണങ്ങൾ നടത്താതിരിക്കുന്ന കാലങ്ങളിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി ഒന്നുകിൽ ബൂർഷ്വാസിയുമായി കൂട്ടു ചേർന്നുകൊണ്ടു് യുദ്ധപ്രഭുക്കൾക്കു് (സാമ്രാജ്യത്വത്തിന്റെ പിണിയാളുകൾക്കു്) എതിരായി, ക്വാങ് ടുങ് പ്രവിശ്യ2യിലേയും വടക്കൻ സൈനിക നടപടികളിലേയും 1924—1927 ലെ യുദ്ധങ്ങളിൽ ചെയ്തപോലെ ആഭ്യന്തര യുദ്ധം നടത്തുന്നു, അല്ലെങ്കിൽ 1927—36 ലെ കാർഷിക വിപ്ലവയുദ്ധത്തിലെന്നപോലെ യുദ്ധപ്രഭുവർഗ്ഗത്തിനും ദല്ലാൾ ബൂർഷ്വാ വിഭാഗത്തിനും (ഇവരണ്ടും സാമ്രാജ്യത്വത്തിന്റെ പിണിയാളുകൾതന്നെയാണു്,) എതിരായ ആഭ്യന്തരയുദ്ധം ചെയ്യാൻവേണ്ടി കർഷകരും നഗരങ്ങളിലെ പെററി ബൂർഷ്വാസിയുമായി ഒന്നിക്കുന്നു. സാമ്രാജ്യത്വം ചൈനയുടെമേൽ സായുധ ആക്രമണങ്ങൾ അഴിച്ചുവിടുമ്പോൾ, ജപ്പാനെതിരായ ഇന്നത്തെ പ്രതിരോധയുദ്ധത്തിൽ പാർട്ടി ഇന്നു ചെയ്യുന്നപോലെ വിദേശ ശത്രുവിനെതിരായി ദേശീയ യുദ്ധം ചെയ്യാൻ വേണ്ടി വിദേശ ആക്രമണകാരികളെ എതിർക്കുന്ന രാജ്യത്തിനുള്ളിലെ എല്ലാ വർഗ്ഗങ്ങളേയും വിഭാഗങ്ങളേയും അതു് ഒന്നിപ്പിക്കുന്നു.

ഇതെല്ലാംതന്നെ കാട്ടുന്നതു് ചൈനയും മുതലാളിത്തരാജ്യങ്ങളും തമ്മിലുള്ള വ്യത്യാസമാണു്. ചൈനയിൽ യുദ്ധമാണു് സമരത്തിന്റെ മുഖ്യരൂപം, സേനയാണു് സംഘടനയുടെ മുഖ്യ രൂപം. ബഹുജന സംഘടന ബഹുജനസമരം എന്നീ മററു രൂപങ്ങളും അങ്ങേയററം പ്രാധാന്യമുള്ളവയാണു്; തീകച്ചും ഒഴിച്ചുകൂടാൻ വയ്യാത്തവയും ഒരു സന്ദർഭത്തിലും അവഗണിക്കാൻ പാടില്ലാത്തവയും ആണു്. പക്ഷെ അവയുടെ ഉദ്ദേശം യുദ്ധത്തെ സേവിക്കുക എന്നതാണു്. യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിന്റെമുമ്പെ എല്ലാ സംഘടനയും സമരവും, 1919 ലെ മെയ് 4 പ്രസ്ഥാനം3 തുടങ്ങി 1925 ലെ മെയ് 30 പ്രസ്ഥാനം4 വരെയുള്ള കാലഘട്ടത്തിലെന്നപോലെ, യുദ്ധത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പിനെയാണു്, യുദ്ധം പൊട്ടിപ്പുറപ്പെട്ടതിന്റെ ശേഷം എല്ലാ സംഘടനയും സമരവും നേരിട്ടോ, നേരിട്ടല്ലാതെയോ യുദ്ധവുമായി കണ്ണിചേർത്തേകോപിക്കപ്പെടുന്നു. ഉദാഹരണത്തിനു്, വടക്കൻ സൈനിക നടപടിയുടെ കാലഘട്ടത്തിൽ വിപ്ലവസേനയുടെ പിന്നണിപ്രദേശങ്ങളിലെ എല്ലാ സംഘടനയും സമരവും നേരിട്ടു് യുദ്ധവുമായി കണ്ണിചേർത്തൊന്നിപ്പിക്കപ്പെട്ടിരുന്നു; അതേ സമയം വടക്കൻ യുദ്ധപ്രഭുക്കളുടെ പ്രദേശങ്ങളിലേതെല്ലാംതന്നെ യുദ്ധവുമായി നേരിട്ടല്ലാതെ കണ്ണിചേർത്തൊന്നിപ്പിച്ചിരുന്നു. വീണ്ടും കാർഷിക വിപ്ലവ യുദ്ധ കാലഘട്ടത്തിൽ ചുവപ്പ് പ്രദേശങ്ങൾക്കുള്ളിലെ എല്ലാ സംഘടനയും സമരവും യുദ്ധവുമായി നേരിട്ടും അതേസമയം ചുവപ്പു പ്രദേശങ്ങൾക്കു പുറത്തുള്ളവയെ നേരിട്ടല്ലാതെയും കണ്ണിചേർത്തു് ഒന്നിപ്പിക്കപ്പെട്ടിരുന്നു. പ്രതിരോധ യുദ്ധത്തിന്റെ ഇന്നത്തെ കാലഘട്ടത്തിൽ പിന്നെയും ഒരിക്കൽകൂടി ജാപ്പ് വിരുദ്ധ സേനയുടെ പിന്നണി പ്രദേശങ്ങളിലും ശത്രുവാൽ കൈയ്യടക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും എല്ലാ സംഘടനയും സമരവും യുദ്ധവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെടുത്തിയിരിക്കയാണു്.

''ചൈനയിൽ സായുധവിപ്ലവം സായുധ പ്രതിവിപ്ലവത്തോടു് പോരാടുകയാണു്. ഇതു് ചൈനീസ് വിപ്ലവത്തിന്റെ സവിശേഷസ്വഭാവങ്ങളിലൊന്നും, അനുകൂലഗുണങ്ങളിലൊന്നുമാണു്,5 '' സഖാവു്

സ്റ്റാലിന്റെ ഈ വിശിഷ്ടനിഗമനം തികച്ചും ശരിയാണ്. അതു് വട
ക്കൻ സൈനിക നടപടിയെ സംബന്ധിച്ചിടത്തോളവും കാർഷികവിപ്ലവ
യുദ്ധത്തെ സംബന്ധിച്ചിടത്തോളവും ജപ്പാനെതിരായ ഇപ്പോഴത്തെ പ്രതി
രോധയുദ്ധത്തെ സംബന്ധിച്ചിടത്തോളവും ഒരുപോലെ സാധുവാണ്.
അവയെല്ലാംതന്നെ വിപ്ലവയുദ്ധങ്ങളാണ്. എല്ലാംതന്നെ പ്രതിവിപ്ല
വകാരികൾക്കെതിരായി തിരിച്ചുവിടുകയാണ്. എല്ലാംതന്നെ പ്രധാന
മായും വിപ്ലവജനതയാൽ നടത്തപ്പെടുകയാണ്. ഒരു ആഭ്യന്തരയുദ്ധം
ഒരു ദേശീയ യുദ്ധത്തിൽനിന്നു് വ്യത്യസ്തമാകുന്നു എന്ന അർത്ഥത്തിലും
കമ്യൂണിസ്റ്റ്പാർട്ടിയാൽ നടത്തപ്പെടുന്ന ഒരു യുദ്ധം ക്വമിന്താങ്ങുമായി
കൂട്ടുകൂടി അതു നടത്തുന്ന ഒരു യുദ്ധത്തിൽനിന്നു് വ്യത്യസ്തമാകുന്നു എന്ന
അർത്ഥത്തിലും ഇവ തമ്മിൽ ഒരു വ്യത്യാസമുണ്ടെന്നു മാത്രം. തീർച്ചയായും
ഈ വ്യത്യാസങ്ങൾ പ്രധാനമാണ്. അവ കാട്ടുന്നതു് യുദ്ധത്തിലെ
പ്രധാന ശക്തികളുടെ വ്യാപ്തിയും (തൊഴിലാളികളുടേയും, കർഷകരുടേ
യും ഒരു സഖ്യം അല്ലെങ്കിൽ തൊഴിലാളികളുടേയും കർഷകരുടേയും ബൂർ
ഷ്വാസിയുടേയും ഒരു സഖ്യം) യുദ്ധത്തിലെ നമ്മുടെ എതിരാളി ആഭ്യന്തര
മായ ഒന്നോ, ബാഹ്യമായ ഒന്നോ (യുദ്ധം ആഭ്യന്തരമായ ശത്രുക്കൾക്കെതി
രായോ അല്ലെങ്കിൽ വൈദേശികമായ ശത്രുക്കൾക്കെതിരായോ എന്നും,
ആഭ്യന്തരമായ ശത്രുക്കൾക്കെതിരാണെങ്കിൽ അതു് വടക്കൻ യുദ്ധപ്രഭുക്കൾ
ക്കെതിരായോ. ക്വമിന്താങ്ങിനെതിരായോ) എന്നുമാണ്. മാത്രമല്ല ചൈന
യുടെ ചരിത്രത്തിന്റെ വ്യത്യസ്തഘട്ടങ്ങളിൽ അതിന്റെ വിപ്ലവപരമായ
യുദ്ധത്തിന്റെ ഉള്ളടക്കം വ്യത്യസ്തമാണെന്നും അവ ചൂണ്ടിക്കാട്ടുന്നു.
പക്ഷെ ഈ എല്ലാ യുദ്ധങ്ങളും സായുധവിപ്ലവം സായുധ പ്രതിവിപ്ലവ
ത്തോടു് പോരാടുന്നതിന്റെ ഉദാഹരണങ്ങളാണ്. അവയെല്ലാംതന്നെ
വിപ്ലവപരമായ യുദ്ധങ്ങളാണ്. എല്ലാം ചൈനീസ് വിപ്ലവത്തിന്റെ
സവിശേഷസ്വഭാവങ്ങളും അനുകൂല ഗുണങ്ങളും പ്രദർശിപ്പിക്കുന്നതാണ്.
വിപ്ലവപരമായ യുദ്ധം ''ചൈനീസ് വിപ്ലവത്തിന്റെ സവിശേഷ
സ്വഭാവങ്ങളിലൊന്നും അനുകൂല ഗുണങ്ങളിലൊന്നുമാണ്'' എന്ന വിശിഷ്ട
നിഗമനം ചൈനയുടെ സാഹചര്യങ്ങൾക്കു തികച്ചും അനുയോജ്യമാണ്.
ചൈനീസ് തൊഴിലാളിവർഗ്ഗത്തിന്റേതായ പാർട്ടിയുടെ മുഖ്യകടമ—
ഈ കടമയാണെങ്കിൽ മിക്കവാറും അതിന്റെ പിറവിതൊട്ടു് അതിനെ
അഭിമുഖീകരിച്ചിരുന്നതാണ്—സാധ്യമാവുന്നത്ര സഖ്യശക്തികളുമായി
ഒന്നിക്കുകയും പരിത:സ്ഥിതികൾക്കനുസരിച്ചു് ആഭ്യന്തരമോ ബാഹ്യമോ
ആയ സായുധ പ്രതിവിപ്ലവത്തിനെതിരായി ദേശീയ വിമോചനത്തിനും
സാമൂഹ്യവിമോചനത്തിനും വേണ്ടിയുള്ള സായുധസമരങ്ങൾ സംഘടിപ്പി
ക്കുകയും ചെയ്യുക എന്നതായിരുന്നു. സായുധ സമരമെന്നൊന്നില്ലെങ്കിൽ
ചൈനയിൽ തൊഴിലാളിവർഗ്ഗത്തിനും കമ്യൂണിസ്റ്റ്പാർട്ടിക്കും ഒരുതര
ത്തിലുള്ള മതിപ്പും ഉണ്ടാകുമായിരുന്നില്ലെന്നു മാത്രമല്ല വിപ്ലവപരമായ
ഏതൊരു കടമയും നിർവ്വഹിക്കാൻ അസാദ്ധ്യവുമാകുമായിരുന്നു.

അതു സ്ഥാപിക്കപ്പെട്ടതിനു ശേഷമുള്ള ആദ്യത്തെ അഞ്ചോ ആറോ
വർഷങ്ങളോളം, അതായതു് 1921 മുതൽ 1926–ലെ വടക്കൻ സൈനിക
നടപടികളിലെ അതിന്റെ പങ്കുചേരൽ വരെ, നമ്മുടെ പാർട്ടി ഈ കാര്യം
പൂർണ്ണമായും ഗ്രഹിച്ചിരുന്നില്ല. അക്കാലങ്ങളിൽ ചൈനയിൽ സായുധ
സമരത്തിന്റെ പരമമായ പ്രാധാന്യം മനസ്സിലാക്കുകയോ, അഥവാ യുദ്ധ
ത്തിനു് ഗൗരവപൂർവ്വം തയ്യാറെടുക്കുകയും സായുധസേനകളെ സംഘടിപ്പി
ക്കുകയും ചെയ്യുകയോ അല്ലെങ്കിൽ സൈനികതന്ത്രത്തിന്റേയും അടവുകളു
ടേയും പഠനത്തിൽ സ്വയം വ്യാപൃതമാകുകയോ അതു ചെയ്തിരുന്നില്ല.
വടക്കൻ സൈനിക നടപടികളുടെ കാലത്തു് സൈന്യത്തെ തങ്ങളുടെ ഭാഗ

Scanned by CamScanner

ത്തോസ്സ് നേടിയെടുക്കുന്നതിൽ അതു് ഉപേക്ഷ വരുത്തി. പകരം ബഹുജനപ്രസ്ഥാനത്തിന്മേൽ ഏകപക്ഷീയമായി ഊന്നുകയാണുണ്ടായതു്. ഇതിന്റെ ഫലമായി ക്വമിന്താങ്ങ് പിന്തിരിപ്പനായി മാറിയ ആ നിമിഷത്തിൽ മുഴുവൻ ബഹുജനപ്രസ്ഥാനവും തകർന്നു തറപററി. 1927—നു ശേഷമുള്ള നീണ്ട ഒരു കാലത്തോളം നഗരങ്ങളിൽ ഉയർത്തെഴുന്നേല്പുകൾക്കു് തയ്യാറെടുക്കുകയും വെള്ളഭരണത്തിൻകീഴിലുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുക എന്നതു് ധാരാളം സഖാക്കൾ പാർട്ടിയുടെ കേന്ദ്ര കടമയാക്കി കൊണ്ടു പോന്നു. 1931—ൽ ശത്രുവിന്റെ മൂന്നാമത്തെ ''വലയം ചെയ്തു് അടിച്ചമർത്തൽ'' നടപടികളെ പാടെ പരാജയപ്പെടുത്തുന്നതിലുണ്ടായ നമ്മുടെ വിജയത്തിനു ശേഷം മാത്രമാണു് ചില സഖാക്കൾ ഈ പ്രശ്നത്തിന്മേൽ തങ്ങളുടെ നിലപാടു് മൗലികമായും മാററിയതു്. പക്ഷെ മുഴുവൻ പാർട്ടിയേയും സംബന്ധിച്ചു് ഇതു ശരിയല്ലായിരുന്നു. മാത്രമല്ല, ഇവിടെ പ്രതിപാദിച്ച രീതിയിൽ ചിന്തിക്കാത്ത മററു സഖാക്കളുമുണ്ടായിരുന്നു.

സായുധശക്തിയില്ലാതെ ചൈനയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതല്ലെന്നു് അനുഭവം നമുക്കു് പറഞ്ഞുതരുന്നു. ഇക്കാര്യത്തെപ്പററിയുള്ള ഒരു ധാരണ ജപ്പാനെതിരായ പ്രതിരോധയുദ്ധം ഇനിയൊട്ടെങ്കിലും വിജയകരമായി നടത്തുന്നതിൽ നമ്മെ സഹായിക്കും. ജപ്പാനെതിരായ യുദ്ധത്തിൽ മുഴുവൻ രാഷ്ട്രവും സായുധ ചെറുത്തുനില്പിനായി ഉണരുന്നുണ്ടെന്ന വസ്തുത മുഴുവൻ പാർട്ടിക്കുള്ളിലും ഈ പ്രശ്നത്തിന്റെ പ്രാധാന്യത്തെപ്പററി കൂടുതൽ നല്ലൊരു ധാരണ വളർത്തേണ്ടതും ഏതു നിമിഷവും ഓരോ പാർട്ടി അംഗവും ആയുധങ്ങൾ കൈകളിലേന്താനും യുദ്ധരംഗത്തേക്കു പോകാനും തയ്യാറാകേണ്ടതുമാണു്. മാത്രമല്ല യുദ്ധമേഖലകളിലും ശത്രുവിന്റെ പിൻഭാഗങ്ങളിലുമാണു് പാർട്ടിയുടെ മുഖ്യ പ്രവർത്തനരംഗങ്ങൾ എന്നു് തീരുമാനിക്കുകവഴി നമ്മുടെ പരിശ്രമങ്ങളുടെ ഗതി വ്യക്തമായും ഈ സമ്മേളനം നിർവ്വചിച്ചിട്ടുണ്ടു്. പാർട്ടി സംഘടനകളിലും ബഹുജനപ്രസ്ഥാനത്തിലും പ്രവർത്തിക്കാൻമാത്രം ആഗ്രഹിക്കുകയും അതേസമയം യുദ്ധമുറകളെപ്പററി പഠിക്കാനോ അതിൽ പങ്കെടുക്കാനോ വിസമ്മതിക്കുകയും ചെയ്യുകയെന്ന ചില പാർട്ടി മെമ്പർമാരിൽ കാണുന്ന പ്രവണതക്കെതിരായും യുദ്ധരംഗങ്ങളിലേക്കു പോകാൻ തങ്ങളുടെ അനുയായികളെ പ്രോത്സാഹിപ്പിക്കുന്നതിൽ ചില രാഷ്ട്രീയവിഭാഗങ്ങൾക്കു പററുന്ന പരാജയത്തിനും അത്തരം മററു പ്രതിഭാസങ്ങൾക്കുമെതിരായും ഇതൊരു മികച്ച പ്രത്യൗഷധം കൂടിയാണു്. ചൈനയിൽ മിക്കഭാഗത്തും പാർട്ടി—സംഘടനാപ്രവർത്തനവും ബഹുജനപ്രവർത്തവും സായുധസമരവുമായി നേരിട്ടു കണ്ണിചേർത്തു് ഒന്നിച്ചിരിക്കയാണു്. ഒററപ്പെട്ടതും സ്വതന്ത്രമായി നില്ക്കുന്നതുമായ ഒരുതരം പാർട്ടി പ്രവർത്തനമോ, ബഹുജനപ്രവർത്തനമോ, ഇല്ലതന്നെ, ഉണ്ടാവാൻ സാദ്ധ്യവുമല്ല. യുദ്ധമേഖലകളിൽ നിന്നെത്രയോ അകന്ന പിന്നണിപ്രദേശങ്ങളിൽ പോലും (ഉദാഹരണത്തിനു് യുനാൻ, കഘീച്ചൌ, ഷെചുവാൻ) എന്നല്ല ശത്രുവിന്റെ അധീനത്തിലുള്ള പ്രദേശങ്ങളിൽ തന്നെയും (ഉദാഹരണത്തിനു് പെയ്പിങ്ങ്, ടിയൻസിൻ, നാങ്കിങ്ങ്, ഷാങ്ഹായ്) പാർട്ടി—സംഘടനാ പ്രവർത്തനവും ബഹുജനപ്രവർത്തനവും യുദ്ധവുമായി ഏകോപിക്കപ്പെട്ടിരിക്കയാണു്. അവ രണ്ടും യുദ്ധമുന്നണിയിലെ ആവശ്യങ്ങളെ സേവിക്കേണ്ടതാണു്, അവയെ മാത്രമേ സേവിക്കാൻ പാടുള്ളതാനും. ഒററ വാക്കിൽ പറയുകയാണെങ്കിൽ മുഴുവൻ പാർട്ടിയും യുദ്ധത്തിന്റെ കാര്യത്തിൽ വളരെയേറെ ബദ്ധശ്രദ്ധരാവുകയും സൈനികകാര്യങ്ങൾ പഠിക്കുകയും പോരാട്ടത്തിനായി സ്വയം തയ്യാറെടുക്കുകയും ചെയ്തേ തീരൂ.

Scanned by CamScanner

## II കുമിന്താങ്ങിൻെറ യുദ്ധ ചരിത്രം

കുമിന്താങ്ങിൻെറ ചരിത്രത്തിലേക്ക് ഒന്ന് കണ്ണോടിച്ച് നോക്കു
ന്നതും യുദ്ധത്തിൻെറ കാര്യത്തിൽ അതെത്രമാത്രം ശ്രദ്ധ ചെലുത്തുന്നുണ്ടെന്നു
കാണുന്നതും നമുക്ക് പ്രയോജനകരമായിരിക്കും.

തുടക്കം മുതല്ലേ സൺയാററ്—സെൻ ഒരു ചെറിയ വിപ്ലവഗ്രൂപ്പ്
സംഘടിപ്പിച്ചപ്പോൾ അദ്ദേഹം ചിങ് രാജവംശത്തിനെതിരായി സാ
യുധ ഉയിർത്തെഴുന്നേല്പുകൾ നടത്തുകയാണുണ്ടായത്. 1911—ലെ വിപ്ല
വത്തിൽ ചിങ് രാജവംശം ആയുധമുപയോഗിച്ച് മറിച്ചിടപ്പെട്ടതു വരേ
യുള്ള തുങ് മെങ് ഹുയിൻെറ (ചൈനീസ് വിപ്ലവലീഗ്) കാലഘട്ടം
സായുധ ഉയിർത്തെഴുന്നേല്പുകൾ7 കൊണ്ടു നിറഞ്ഞതായിരുന്നു. പിന്നീട്
ചൈനീസ് വിപ്ലവപാർട്ടിയുടെ കാലഘട്ടത്തിൽ അദ്ദേഹം യുവാൻഷി—
കായ്8 ക്കെതിരായി ഒരു സൈനിക നടപടി എടുക്കുകയുണ്ടായി. നാ
വികഘടകങ്ങളുടെ തെക്കൻ പ്രസ്ഥാനവും9 കൈ്വലിനിൽനിന്നുള്ള വട
ക്കൻ സൈനിക നടപടിയും10 വാമ്പോ സൈനിക അക്കാഡമിയുടെ
സ്ഥാപനവും11 പിന്നീടുണ്ടായ സംഭവങ്ങളും സൺയാററ്—സെന്നിൻെറ
സൈനികപ്രവർത്തനങ്ങളിൽ ചിലവയായിരുന്നു.

സൺയാററ്—സെന്നിനുശേഷം ചിയാങ് കൈഷെക്ക് രംഗത്തു
വന്നു. അയാളാകട്ടെ കുമിന്താങ്ങിൻെറ സൈനികശക്തി അതിൻെറ മൂർ
ദ്ധന്യത്തിലേക്കെത്തിച്ചു. സേനയെ സ്വന്തം ജീവനെപ്പോലെ അയാൾ
വിലമതിക്കുന്നു. അയാൾക്കാണെങ്കിൽ മൂന്നു യുദ്ധങ്ങളുടെ അനുഭവവും
ഉണ്ടായിരുന്നു. അതായതു് വടക്കൻ പടയേററം, ആഭ്യന്തരയുദ്ധം, ജപ്പാ
നെതിരായ ചെറുത്തുനില്പുയുദ്ധം. കഴിഞ്ഞ പത്തു വർഷങ്ങളോളമായി
ചിയാങ് കൈഷെക്ക് ഒരു പ്രതിവിപ്ളവകാരിയായിത്തീർന്നിരിക്ക
യാണ്. പ്രതിവിപ്ളവ ആവശ്യങ്ങൾക്കായി വൻതോതിലുള്ള ഒരു
''കേന്ദ്രീകൃതസേന'' അയാൾ സൃഷ്ടിച്ചിട്ടുണ്ട്. ആർക്കെല്ലാം ഒരു സേന
യുണ്ടോ അവർക്ക് അധികാരവുമുണ്ടെന്നും യുദ്ധമാണ് സർവ്വതും നിർണ്ണ
യിക്കുന്നതെന്നും ഉള്ള ജീവൽപ്രധാനമായ കാര്യത്തെ അയാൾ മുറുകെ പി
ടിച്ചിരുന്നു. ഈ വിഷയത്തിൽ സൺയാററ്—സെന്നും ചിയാങ് കൈ
ഷെക്കും നമ്മുടെ ഗുരുനാഥന്മാരാണ്.

1911 ലെ വിപ്ലവത്തിനു ശേഷം എല്ലാ യുദ്ധ പ്രഭുക്കന്മാരും സ്വന്തം
ജീവനെപ്പോലെ തങ്ങളുടെ സേനകളെ കെട്ടിപ്പുണർന്നിരുന്നു. 'ആർ
ക്കെല്ലാം ഒരു സേനയുണ്ടോ അവർക്ക് അധികാരവുമുണ്ട്'' എന്ന തത്വത്തെ
അവർ പൂർവ്വാധികം വിലമതിക്കുകയും ചെയ്തിരുന്നു.

ഹുനാനിൽ വർണ്ണശബളമായ ജീവിതം നയിച്ചിരുന്ന ഒരു സമർ
ത്ഥനായ ഉദ്യോഗസ്ഥമേധാവി ടാൻയെൻ—കായി12 ഒരിക്കലും തനി
പരിശുദ്ധമായ ഭരണകാര്യങ്ങളിൽ മാത്രമേർപ്പെട്ട ഒരു ഗവർണ്ണർ അല്ലായി
രുന്നു. പകരം അയാൾ സൈനികഗവർണ്ണറും ഭരണകാര്യങ്ങളിൽ ഏർ
പ്പെട്ട ഗവർണ്ണറും ആയിരിക്കാൻ എല്ലായ്പ്പോഴും ശഠിച്ചിരുന്നു. ഒന്നാമ
തായി കാൻറണിലും പിന്നീട വുഹാനിലും ദേശീയഗവർമ്മെണ്ടിൻെറ
തലവനായിത്തീർന്നപ്പോൾപോലും അയാൾ രണ്ടാം സേനയുടെ സൈന്യാ
ധിപനും കൂടിയായിരുന്നു. ചൈനയുടെ ഈ സവിശേഷത മനസ്സിലാ
ക്കുന്ന ഇത്തരം ധാരാളം യുദ്ധപ്രഭുക്കൾ ഇന്നുമുണ്ട്.

ഒരു സേനയുണ്ടാവാൻ ആഗ്രഹിക്കാത്ത പാർട്ടികളും—പ്രോഗ്രസ്സീവ്
പാർട്ടി13 ഇക്കാര്യത്തിൽ ശ്രദ്ധേയമാണ്—ചൈനയിൽ ഉണ്ടായിട്ടുണ്ട്.

Scanned by CamScanner

എങ്കിൽക്കൂടി ഏതെങ്കിലും ഒരു യുദ്ധപ്രഭുവിന്റെ പിന്തുണകൂടാതെ അതിനു സർക്കാർപദവികൾകിട്ടാൻ കഴിയുന്നതല്ലെന്നു ഈ പാർട്ടിതന്നെയും അംഗീകരിച്ചിരുന്നു. അതിന്റെ ഒന്നിനേതുടർന്നു മറ്റൊന്നായി സ്ഥാനമെട്ടത്ത രക്ഷാധികാരികളിൽ ചിലരായിരുന്നു യുവാൻഷി—കായ്[14] ടുവാൻചി—ജൂയ്[15] ചിയാങ്ങ് കൈ—ഷെക്ക് (പ്രോഗ്രസ്സീവ് പാർട്ടിയുടെ ഒരു വിഭാഗത്തിൽനിന്നു് രൂപീകരിച്ച രാഷ്ട്രീയ ശാസ്ത്രസംഘം[16] ഇയാളോട് കൂടിച്ചേർന്നിരുന്നു) എന്നിവർ.

ഒരു ഹ്രസ്വകാല ചരിത്രത്തോടുകൂടിയ ചുരുക്കം ചില രാഷ്ട്രീയ പാർട്ടികൾക്കു് ഉദാഹരണത്തിനു് യുവജനപാർട്ടിക്കു് സേനയില്ലതന്നെ. അക്കാരണത്താൽ അവർക്കു് എവിടേയും എത്തിച്ചേരാൻ കഴിഞ്ഞതുമില്ല.

മററു രാജ്യങ്ങളിലാണെങ്കിൽ അതിന്റെ നേരിട്ടുള്ള നേതൃത്വത്തിൻ കീഴിൽ ബൂർഷ്വാ പാർട്ടികളിലോരോന്നിനുമായി ഒരു സായുധസേനയുണ്ടാവേണ്ടതിന്റെ ആവശ്യകതയില്ല. പക്ഷെ ചൈനയിൽ കാര്യങ്ങൾ വ്യത്യസ്തമാണു്. അവിടെ രാജ്യത്തിന്റെ ജന്മി—നാടുവാഴി വിഭജനം കാരണം, ഏതെല്ലാം ഭൂപ്രഭുക്കൾക്കോ അഥവാ ബൂർഷ്വാ ഗ്രൂപ്പുകൾക്കോ അല്ലെങ്കിൽ പാർട്ടികൾക്കോ തോക്കുകൾ ഉണ്ടോ, അവയ്ക്കു് അധികാരമുണ്ടു്. മാത്രമല്ല ഇവയിൽ കൂടുതൽ തോക്കുകൾ ഉള്ളവയ്ക്കു് കൂടുതൽ അധികാരവുമുണ്ടു്. ഇത്തരമൊരു ചുററുപാടിൽ ആയതുകൊണ്ടു്, തൊഴിലാളിവർഗത്തിന്റെ പാർട്ടി ഈ കാര്യത്തിന്റെ അന്തസത്ത വ്യക്തമായികാണുകതന്നെ വേണം.

കമ്യൂണിസ്റ്റുകാർ സ്വന്തം വ്യക്തിപരമായ സൈനികാധികാരത്തിനുവേണ്ടി പോരാടുകയല്ല. (യാതൊരു സാഹചര്യങ്ങളിലും അവർ ഇതു ചെയ്യരുതു്. ഒരിക്കലും ചാങ്ങ്കോ—ടാവോവിന്റെ ഉദാഹരണം ആരും തന്നെ പിന്തുടരാതിരിക്കട്ടെ) പകരം പാർട്ടിയുടെ സൈനികാധികാരത്തിനുവേണ്ടിയും ജനങ്ങളുടെ സൈനികാധികാരത്തിനുവേണ്ടിയും അവർ പോരാടിയേ തീരൂ—ചെറുത്തുനില്പിന്റേതായ ഒരു ദേശീയ യുദ്ധം ഇന്നു നടന്നുകൊണ്ടേയിരിക്കുന്നതുകൊണ്ടു് മുഴുവൻ രാഷ്ട്രത്തിന്റെ സൈനികാധികാരത്തിനുവേണ്ടിയും നാം പോരാടിയേ തീരൂ. സൈനികാധികാരത്തിന്റെ പ്രശ്നത്തിൽ അലംഭാവം പുലർത്തുകയാണെങ്കിൽ യാതൊന്നും തന്നെ നേടാൻ സാദ്ധ്യമാകുന്നതല്ല. ആയിരമായിരം വർഷങ്ങളോളം പിന്തിരിപ്പൻ ഭരണ വർഗങ്ങളാൽ വഞ്ചിക്കപ്പെട്ടവരും അവരുടെ ഭീഷണിക്കു വിധേയരായവരുമായ അദ്ധ്വാനിക്കുന്ന ജനതയ്ക്കു് തങ്ങളുടെ സ്വന്തം കൈകളിൽ തോക്കുകൾ ഉണ്ടാകേണ്ടതിന്റെ പ്രാധാന്യത്തെപ്പററി ബോധമുണരുക എന്നതു് വളരെ വിഷമകരമാണു്. ഇപ്പോഴാകട്ടെ, ജപ്പാന്റെ സാമ്രാജ്യത്വമർദ്ദനവും അതിനോടുള്ള ദേശവ്യാപകമായ ചെറുത്തുനില്പും നമ്മുടെ അദ്ധ്വാനിക്കുന്ന ജനതയെ അടർക്കളത്തിലേക്കു് തള്ളിവിട്ടിരിക്കുകയാൽ, ഈ യുദ്ധത്തിലെ ഏററവും രാഷ്ട്രീയപ്രബുദ്ധതയുള്ള നേതാക്കന്മാരാണു് തങ്ങളെന്നു് കമ്യൂണിസ്റ്റുകാർ സ്വയം തെളിയിക്കേണ്ടതാണു്. ''രാഷ്ട്രീയാധികാരം വളർന്നുവരുന്നതു് തോക്കിൻകുഴലിലൂടെയാണു്'' എന്ന സത്യം കമ്യൂണിസ്റ്റുകാർ ഗ്രഹിച്ചേ തീരൂ. പാർട്ടി തോക്കിനെ നയിക്കുന്നു, പാർട്ടിയെ നയിക്കാൻ തോക്കിനെ ഒരിക്കലും അനുവദിക്കരുതു് എന്നതാണു് നമ്മുടെ തത്വം. എങ്കിലും തോക്കുകൾ കൈകളിലായാൽ, പാർട്ടി സംഘടനകൾ നമുക്കു് സൃഷ്ടിക്കാൻ കഴിയുന്നതാണു്. വടക്കൻ ചൈനയിൽ എട്ടാംപഥസേന സൃഷ്ടിച്ച സുശക്തമായ പാർട്ടിസംഘടനകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. കേഡർമാരെ സൃഷ്ടിക്കാനും വിദ്യാലയങ്ങൾ സൃഷ്ടിക്കാനും സംസ്കാരം സൃഷ്ടിക്കാനും ബഹുജനപ്രസ്ഥാനങ്ങൾ സൃഷ്ടിക്കാനുംകൂടി നമുക്കു് കഴിയുന്നതാണു്. യെനാനി

Scanned by CamScanner

ലെ സർവ്വതും തോക്കുകളുണ്ടായതുകൊണ്ടാണ് സൃഷ്ടിക്കപ്പെട്ടതു്. തോ
ക്കിൻ കുഴലിലൂടെ എല്ലാ വസ്തുക്കളും വളർന്നുവരുന്നു. ഭരണകൂടത്തെ സംബ
ന്ധിച്ച മാർക്സിസ്റ്റ് സിദ്ധാന്തമനുസരിച്ച് രാഷ്ട്രീയാധികാരത്തി
ന്റെ മുഖ്യഘടകം സേനയാണ്. ആരെല്ലാം രാഷ്ട്രീയാധികാരം പിടി
ച്ചടക്കാനും നിലനിർത്താനും ആഗ്രഹിക്കുന്നുവോ, അവർക്കെല്ലാംതന്നെ
ഒരു സുശക്തമായ സേന ഉണ്ടായേതീരൂ. ചില ആളുകൾ നമ്മെ ''യുദ്ധ
ത്തിന്റെ സർവ്വശക്തിയുടെ'' വക്താക്കളാണ് എന്നുപറഞ്ഞു അവഹേളി
ക്കുന്നു. അതേ, വിപ്ലവപരമായ യുദ്ധത്തിന്റെ സർവ്വശക്തിയുടെ വക്താ
ക്കളാണ് നാം. അതു നല്ലതാണ്; ഒട്ടും ചീത്തയല്ല. അതു മാർക്സിസ
ത്തിനു നിരക്കുന്നതാണ്. റഷ്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ തോക്കുകൾ
സോഷ്യലിസം സൃഷ്ടിച്ചു. നാമാകട്ടെ ഒരു ജനാധിപത്യറിപ്പബ്ലിക്ക്
സൃഷ്ടിക്കുകതന്നെ ചെയ്യും. തോക്കിന്റെ ശക്തികൊണ്ടു മാത്രമേ തൊഴി
ലാളി വർഗത്തിനും അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കും സായുധരായ
ബൂർഷ്വാസിയേയും ഭൂപ്രഭുക്കന്മാരേയും പരാജയപ്പെടുത്താൻ കഴിയുകയുള്ളു
എന്ന് സാമ്രാജ്യത്വ യുഗത്തിലെ വർഗസമരത്തിന്റെ അനുഭവം നമ്മെ
പഠിപ്പിക്കുന്നു. ഈ അർത്ഥത്തിൽ തോക്കുകൾകൊണ്ടു മാത്രമേ മുഴുവൻ
ലോകവും രൂപാന്തരപ്പെടുത്താൻ കഴിയുകയുള്ളു എന്ന് നമുക്കു് പറയാവുന്ന
താണ്. യുദ്ധം ഇല്ലായ്മ ചെയ്യുന്നതിന്റെ വക്താക്കളാണ് നാം. നമുക്കു്
യുദ്ധം ആവശ്യമില്ല. പക്ഷെ യുദ്ധത്തിൽക്കൂടിമാത്രമേ യുദ്ധം ഇല്ലാ
യ്മചെയ്യാൻ കഴിയുകയുള്ളു. തോക്ക് കൈവെടിയുന്നതിന് തോക്കു്
കൈകളിലേന്തേണ്ടതു് ആവശ്യമാണ്.

## III ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ യുദ്ധചരിത്രം

മൂന്നോ നാലോ വർഷങ്ങളോളം അതായതു് 1921 മുതൽ (അക്കൊ
ല്ലമായിരുന്നു ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കപ്പെട്ടതു്.)
1924 വരെ (അന്നായിരുന്നു ക്വമിന്താങ്ങിന്റെ ഒന്നാം ദേശീയ കോൺഗ്ര
സ് ചേർന്നതു്) യുള്ള ഒരു കാലത്തേയ്ക്കു് നേരിട്ടു യുദ്ധത്തിനുവേണ്ടിയുള്ള
തയ്യാറെടുപ്പിലും സായുധ ശക്തികളെ സംഘടിപ്പിക്കുന്നതിലും ഏർപ്പെടു
ന്നതിന്റെ പ്രാധാന്യം ഗ്രഹിക്കുന്നതിൽ നമ്മുടെ പാർട്ടി പരാജയപ്പെട്ടു.
1924—27 കാലഘട്ടത്തിലും അതിനെ തുടർന്നും ഈ പ്രശ്നത്തെ സംബന്ധി
ച്ചു വേണ്ടത്ര ധാരണ അതിന്നു് പിന്നേയും ഇല്ലായിരുന്നു. എന്നിരുന്നാ
ലും 1924 നു ശേഷം വാമ്പോ സൈനിക അക്കാഡമിയിൽ അതു പങ്കെടു
ക്കാൻ തുടങ്ങിയതോടെ ഒരു പുതിയ ഘട്ടത്തിലേക്കു് പ്രവേശിക്കുകയും
സൈനിക കാര്യങ്ങളുടെ പ്രാധാന്യം കാണാൻ തുടങ്ങുകയും ചെയ്തു. ക്വാങ്
ടുങ്ങ് പ്രവിശ്യയിലെ യുദ്ധങ്ങളിൽ ക്വമിന്താങ്ങിനെ സഹായിക്കുകവഴി
യും വടക്കൻ സൈനിക നടപടികളിൽ പങ്കെടുക്കുക വഴിയും ചില സായു
ധസേനകളുടെമീതെ പാർട്ടി, നേതൃത്വം നേടുകയുണ്ടായി18 പിന്നീടു് വി
പ്ലവത്തിന്റെ പരാജയത്തിൽനിന്നു് തിക്തമായ ഒരു പാഠം പഠിച്ചു കഴി
ഞ്ഞതിനാൽ പാർട്ടി നാഞ്ചാങ്ങ് ഉയർത്തെഴുന്നേൽപ്പും19 ശരൽക്കാല വി
ളവെടുപ്പുയർത്തെഴുന്നേല്പും20 കാൻറൻ ഉയർത്തെഴുന്നേല്പും21 സംഘടിപ്പി
ക്കുകയും ഒരു പുതിയ ഘട്ടത്തിലേയ്ക്കു്, ചുവപ്പുസേനയുടെ സ്ഥാപനത്തി
ലേക്കു്, പ്രവേശിക്കുകയും ചെയ്തു. സൈന്യത്തിന്റെ പ്രാധാന്യത്തെ
സംബന്ധിച്ച പൂർണ്ണമായും തികഞ്ഞൊരു ധാരണയിൽ നമ്മുടെ പാർട്ടി

എത്തിച്ചേർന്ന കാലഘട്ടമായിരുന്നു അതു്. ഈ കാലഘട്ടത്തിൽ ചുവപ്പു സേനയില്ലായിരുന്നുവെങ്കിലോ ചുവപ്പുസേന പങ്കെടുത്ത യുദ്ധം ഇല്ലായിരുന്നുവെങ്കിലോ, അതായതു് കമ്യൂണിസ്റ്റു പാർട്ടി ചെൻട-സ്യൂവിന്റെ പിരിച്ചുവിടൽ സിദ്ധാന്തം അംഗീകരിച്ചിരുന്നുവെങ്കിൽ, ഇന്നത്തെ ചെറുത്തുനില്പു് യുദ്ധത്തെപ്പററി ചിന്തിക്കാൻപോലും അസാദ്ധ്യമാകുകയോ അല്ലെങ്കിൽ അതു് ദീർഘകാലം നിലനിർത്താൻ കഴിയാതെ വരികയോ ചെയ്യുമായിരുന്നു.

1927 ആഗസ്റ്റ് 7 നു് ചേർന്ന അതിന്റെ അടിയന്തിര യോഗത്തിൽ, പാർട്ടിയുടെ കേന്ദ്രകമ്മിററി രാഷ്ട്രീയ തലത്തിലുള്ള വലതുപക്ഷ അവസര വാദത്തോടു് സമരമഴിച്ചുവിട്ടു. അങ്ങനെ മുന്നോട്ടുള്ള ഒരു വലിയ കാൽവെപ്പു് എടുക്കാൻ അതു പാർട്ടിയെ സഹായിച്ചു. 1931 ജനുവരിയിലെ അതിന്റെ നാലാം വിപുലീകൃത പ്ലീനറി യോഗത്തിൽ, പാർട്ടിയുടെ ആറാം കേന്ദ്രകമ്മിററി രാഷ്ട്രീയ തലത്തിലുള്ള 'ഇടതു'പക്ഷ അവസരവാദത്തോടു് നാമമാത്രമായി സമരമഴിച്ചുവിട്ടു. പക്ഷെ യഥാർത്ഥത്തിൽ അതു 'ഇടതു'പക്ഷ അവസരവാദത്തിന്റെ തെററു് വീണ്ടും ചെയ്യുകയാണുണ്ടായതു്. ഈ രണ്ടു യോഗങ്ങളും അവയുടെ ഉള്ളടക്കത്തിലും അതു വഹിച്ച ചരിത്രപരമായ പങ്കിലും വ്യത്യസ്ത സ്വഭാവങ്ങളുള്ളവയായിരുന്നു. പക്ഷെ, യുദ്ധത്തിന്റേയും തന്ത്രത്തിന്റേയും പ്രശ്നങ്ങളെ അവ രണ്ടും തന്നെ ഗൗരവപൂർവ്വം കൈകാര്യം ചെയ്തിരുന്നില്ല. ഈ വസ്തുതയാകട്ടെ, യുദ്ധം ഇനിയും പാർട്ടിയുടെ പ്രവർത്തനത്തിന്റെ ഗുരുത്വകേന്ദ്രമായിത്തീർന്നിട്ടില്ലെന്നു് കാട്ടിത്തന്നു. പാർട്ടിയുടെ കേന്ദ്രനേതൃത്വം ചുവപ്പു പ്രബലദേശങ്ങളിലേക്കു് മാറിയതിനുശേഷം, ഈ പരിതഃസ്ഥിതിക്കു് ഒരു സമൂലമായ മാററം സംഭവിച്ചു. പക്ഷെ യുദ്ധത്തിന്റെ പ്രശ്നത്തിന്മേൽ (മറെല്ലാ പ്രധാന പ്രശ്നങ്ങളിലും) തത്വത്തിന്റെ കാര്യത്തിൽ വീണ്ടും അതിനു് തെററുകൾ പററുകയും വിപ്ലവപരമായ യുദ്ധത്തിനു്22 ഗുരുതരമായ നഷ്ടങ്ങൾ വരുത്തിവെക്കുകയും ചെയ്തു. ഇതിനു പകരം 1935 ലെ സുൻയി യോഗം പ്രധാനമായും സൈനികതലത്തിലെ അവസരവാദത്തിനെതിരായ ഒരു പോരാട്ടമായിരുന്നു. മാത്രമല്ല, അതു യുദ്ധത്തിന്റെ പ്രശ്നത്തിനു പരമാവധി മുൻഗണന നൽകുകയും ചെയ്തു. ഇതാകട്ടെ നിലവിലുള്ള യുദ്ധസാഹചര്യങ്ങളുടെ ഒരു പ്രതിഫലനമായിരുന്നു. കഴിഞ്ഞ പതിനേഴു് വർഷങ്ങളിലെ സമരങ്ങളിലൂടെ ഒരു ഉറച്ച മാർക്സിസ്റ്റ് രാഷ്ട്രീയ ലൈൻ മാത്രമല്ല, ഒരുറച്ച മാർക്സിസ്റ്റ് സൈനിക ലൈൻ കൂടിയും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി മൂശയിലിട്ടു് ഉടച്ചു വാർത്തെടുത്തിട്ടുണ്ടെന്നു് നമുക്കു് ആത്മവിശ്വാസത്തോടെ ഇന്നു് പറയാൻ കഴിയുന്നതാണു്. രാഷ്ട്രീയ പ്രശ്നങ്ങൾ മാത്രമല്ല, സൈനിക പ്രശ്നങ്ങൾ കൂടിയും പരിഹരിക്കുന്നതിൽ മാർക്സിസം പ്രയോഗിക്കാൻ നമുക്കു് കഴിഞ്ഞിട്ടുണ്ടു്. പാർട്ടിയേയും ഭരണകൂടത്തേയും നടത്തിക്കൊണ്ടുപോകാൻ കഴിവുള്ള കേഡർമാരുടെ വലിയ കാതലായ ഒരു വിഭാഗത്തെ മാത്രമല്ല നാം പരിശീലിപ്പിച്ചെടുത്തതു്. പിന്നെയോ, സേനയെ മുന്നോട്ടു കൊണ്ടുപോകാൻ കഴിവുള്ള കേഡർമാരുടെ വൻതോതിലുള്ള ഒരു കാതലായ വിഭാഗത്തേയുംകൂടി നാം പരിശീലിപ്പിച്ചെടുത്തിട്ടുണ്ടു്. വിപ്ലവത്തിന്റെ പൂവാണു് ഈ നേട്ടങ്ങൾ; എണ്ണമററ രക്തസാക്ഷികളുടെ ചുടുരക്തത്താൽ നനച്ചു വളർത്തിയതുമാണു്. ഇതിന്റെ ഉജ്ജ്വലമായ മഹത്വം ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടേയും ചൈനീസ് ജനതയുടേയും മാത്രമല്ല, മുഴുവൻ ലോകത്തിലേയും കമ്യൂണിസ്റ്റ് പാർട്ടികളുടേയും ജനതകളുടേയും കൂടിയാണു്. തൊഴിലാളിവർഗ്ഗത്തിന്റെയും അദ്ധ്വാനിക്കുന്ന ജനതയുടേയും

Scanned by CamScanner

കൈകളിലുള്ള മൂന്നു സേനകൾ മാത്രമെ മുഴുവൻ ലോകത്തുമിന്നുള്ളു. അതായത്, സോവിയറ്റ് യൂണിയനിലേയും ചൈനയിലേയും സ്പെയിനിലേയും കമ്മ്യൂണിസ്റ്റ് പാർട്ടികളാൽ നയിക്കപ്പെട്ട സേനകൾ. മാത്രമല്ല ഇന്നുവരേയും മറ്റു രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ഒരു തരത്തിലുമുള്ള സൈനികാനുഭവം ഉണ്ടായിട്ടില്ല. ഈ കാരണംകൊണ്ട് സർവ്വോപരി നമ്മുടെ സേനയും നമ്മുടെ സൈനികാനുഭവവും അങ്ങേയറ്റം വിലപ്പെട്ടതാണ്.

ജപ്പാനെതിരായ ഇന്നത്തെ ചെറുത്തുനില്പുയുദ്ധം വിജയത്തിലേക്ക് എത്തിക്കുന്നതിനുവേണ്ടി നമ്മുടെ പാർട്ടിയാൽ നയിക്കപ്പെടുന്ന എട്ടാം പഥ സൈന്യത്തേയും പുതിയ നാലാം സൈന്യത്തേയും എല്ലാ ഗറില്ലാ ഘടകങ്ങളേയും വിപുലീകരിക്കുകയും സുദൃഢീകരിക്കുകയും ചെയ്യേണ്ടതു് അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. ഈ തത്വം മുൻനിർത്തി പാർട്ടിയുടെ മികച്ച അംഗങ്ങളിലും കേഡർമാരിലും പെട്ട വേണ്ടത്ര പേരെ യുദ്ധരംഗത്തേക്കയയ്ക്കേണ്ടതാണ്. സർവ്വതും യുദ്ധരംഗത്തിലെ വിജയത്തെ സേവിച്ചേ തീരൂ. സംഘടനാതലത്തിലുള്ള കടമ രാഷ്ട്രീയത്തിലുള്ള കടമയ്ക്കു് കീഴ്പ്പെട്ടിരിക്കുകയും വേണം.

## IV ആഭ്യന്തര യുദ്ധത്തിലും ദേശീയ യുദ്ധത്തിലും പാർട്ടിയുടെ സൈനിക തന്ത്രത്തിൽ വന്ന മാറ്റങ്ങൾ.

നമ്മുടെ പാർട്ടിയുടെ സൈനികതന്ത്രത്തിൽ വന്ന മാറ്റങ്ങൾ പഠനാർഹമാണ്. ആഭ്യന്തരയുദ്ധം, ദേശീയയുദ്ധം എന്നീ രണ്ടു് പ്രക്രിയകളേയും നമുക്ക് വെവ്വേറെ കൈകാര്യം ചെയ്യാം.

ആഭ്യന്തരയുദ്ധത്തെ മൊത്തത്തിൽ തന്ത്രപരമായ രണ്ടു കാലഘട്ടങ്ങളായി വിഭജിക്കാവുന്നതാണ്. ഒന്നാമത്തെ കാലഘട്ടത്തിൽ ഗറില്ലാ യുദ്ധമുറ പ്രാഥമികമായിരുന്നു; രണ്ടാമത്തേതിലാകട്ടെ, സ്ഥിരയുദ്ധമുറയും. പക്ഷെ ഈ യുദ്ധമുറ ചൈനീസ് മാതൃകയിലുള്ളതായിരുന്നു. അതായതു് നിലയുറപ്പിക്കാതെ നീങ്ങിക്കൊണ്ടേയിരിക്കുന്ന യുദ്ധമുറയ്ക്കുവേണ്ടി സൈനികരുടേതായ അതിന്റെ കേന്ദ്രീകരണത്തിലും നേതൃത്വത്തിന്റേയും സംഘടനയുടേയും കാര്യത്തിൽ ഒരതിരുവരെയുള്ള കേന്ദ്രീകരണത്തിലും ആസൂത്രണത്തിലും എന്നുമാത്രം. മറ്റു കാര്യങ്ങളിൽ അതൊരു ഗറില്ലാ സ്വഭാവം നിലനിർത്തിയിരുന്നു. മാത്രവുമല്ല സ്ഥിരയുദ്ധമുറതന്നെയും ഒരു താഴ്ന്ന നിലവാരത്തിലുള്ളതായിരുന്നു. വിദേശസൈന്യങ്ങളുടെ വ്യവസ്ഥാപിത യുദ്ധമുറയുമായോ അഥവാ ചില കാര്യങ്ങളിൽ ക്വമിന്താങ്ങ് സേനയുടേതുമായിപ്പോലുമോ യാതൊരു താരതമ്യവും അതിനുണ്ടായിരുന്നില്ല. അങ്ങനെ ഒരർത്ഥത്തിൽ യുദ്ധമുറയുടെ ഈ മാതൃക കൂടുതൽ ഉയർന്ന ഒരു നിലവാരത്തിലേക്കു് ഉയർത്തപ്പെട്ട ഗറില്ലാ യുദ്ധമുറ മാത്രമായിരുന്നു.

നമ്മുടെ പാർട്ടിയുടെ സൈനിക കടമകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധത്തേയും മൊത്തത്തിൽ രണ്ടു തന്ത്രപരമായ ഘട്ടങ്ങളായി വിഭജിക്കാവുന്നതാണ്. ഇതിലെ ഒന്നാം ഘട്ടത്തിൽ (തന്ത്രപരമായ പ്രതിരോധത്തിന്റേയും തന്ത്രപരമായ സ്തംഭനത്തിന്റെയും ഘട്ടങ്ങൾ ഉൾക്കൊള്ളുന്നു) ഗറില്ലാ യുദ്ധമുറയാണ് പ്രാഥമികമാകുന്നതു്. അതേസമയം രണ്ടാമത്തേതിലാകട്ടെ (തന്ത്രപരമായ

പ്രത്യാക്രമണത്തിന്റെ ഘട്ടം) സ്ഥിരയുദ്ധമുറയാണ് പ്രാഥമികമാകുക.
എന്നാലും ചെറുത്തുനില്പുയുദ്ധത്തിന്റെ ഒന്നാം കാലഘട്ടത്തിലെ ഗറില്ലാ
യുദ്ധമുറ, ആഭ്യന്തര യുദ്ധത്തിലെ ഒന്നാം കാലഘട്ടത്തിലേതുമായി ഉള്ളടക്ക
ത്തിൽ വളരെയേറെ വ്യത്യസ്തമാണ്. കാരണം ചെറുത്തുനില്പുയുദ്ധത്തിലെ
അങ്ങിങ്ങായി ചിതറി സ്ഥിതിചെയ്യുന്ന ഗറില്ലാ കടമകൾ സ്ഥിരം
(അതായത് ഒരതിരുവരെ സ്ഥിരം) എട്ടാംപഥസേനയാലാണ് നിർവ്വഹി
ക്കപ്പെടുന്നത്. അതുപോലെതന്നെ ചെറുത്തുനില്പുയുദ്ധത്തിലെ രണ്ടാം
ഘട്ടത്തിലെ വ്യവസ്ഥാപിത യുദ്ധമുറ, ആഭ്യന്തരയുദ്ധത്തിന്റെ രണ്ടാം
ഘട്ടത്തിലേതിൽനിന്നു വ്യത്യസ്തമായിരിക്കും. കാരണം നവീന യുദ്ധ
സാമഗ്രികൾ കിട്ടുന്നപക്ഷം സേനയിലും അതിന്റെ സൈനികപ്രവർത്ത
നത്തിലും വമ്പിച്ച ഒരു മാററം സംഭവിക്കുമെന്ന് നമുക്ക് അനുമാനിക്കാൻ
കഴിയുന്നതാണ്. അപ്പോഴാകട്ടെ നമ്മുടെ സൈന്യത്തിനു് കേന്ദ്രീകരണ
ത്തിന്റെയും സംഘടനയുടേയും ഒരു ഉന്നതനിലവാരം കൈവരുത്തുന്നതും,
അതിന്റെ പ്രവർത്തനത്തിൽ ഗറില്ലാസ്വഭാവം ഒട്ടേറെ ഇല്ലാതാവുന്നതും
വ്യവസ്ഥാപിതത്വത്തെ സംബന്ധിച്ചിടത്തോളം ഒരു ഉന്നതനിലവാരം
കൈവരുത്തുന്നതുമാണ്. ഇപ്പോൾ ഒരു താഴ്ന്ന നിലവാരത്തിലുള്ളത്
അപ്പോൾ കൂടുതൽ ഉന്നതമായ ഒരു നിലവാരത്തിലേക്ക് ഉയർത്തപ്പെടുന്ന
തും ചൈനീസ് മാതൃകയിലുള്ള വ്യവസ്ഥാപിത യുദ്ധം പൊതുമാതൃകയി
ലുള്ള ഒന്നായി മാറുന്നതുമാണ്. തന്ത്രപരമായ പ്രത്യാക്രമണത്തിന്റെ
ഘട്ടത്തിൽ ഇതായിരിക്കും നമ്മുടെ കടമ.

അങ്ങനെ ആഭ്യന്തരയുദ്ധം, ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധം എന്നീ രണ്ടു പ്രക്രിയകളും, അവയുടെ നാല് തന്ത്രപരമായ കാലഘട്ടങ്ങളും തന്ത്രത്തിന്റെ കാര്യത്തിൽ മൂന്നു മാററങ്ങൾ ഉൾക്കൊള്ളുന്നുവെന്നു നാം കാണുന്നു. ഇതിൽ ഒന്നാമത്തേത്, ആഭ്യന്തര യുദ്ധത്തിലെ ഗറില്ലാ യുദ്ധമുറയിൽനിന്നു വ്യവസ്ഥാപിത യുദ്ധത്തിലേക്കുള്ള മാററമായിരുന്നു. രണ്ടാമത്തേത്, ആഭ്യന്തരയുദ്ധത്തിലെ വ്യവസ്ഥാപിതമായ യുദ്ധമുറയിൽ നിന്നു ചെറുത്തുനില്പുയുദ്ധത്തിലെ ഗറില്ലാ യുദ്ധമുറയിലേക്കുള്ള മാററമായിരുന്നു. മൂന്നാമത്തേതാണെങ്കിൽ ചെറുത്തുനില്പുയുദ്ധത്തിലെ വ്യവസ്ഥാപിത യുദ്ധമുറയിലേക്കുള്ള മാററമായിരിക്കുന്നതാണ്.

ഈ മൂന്നു മാററങ്ങളിൽ ഒന്നാമത്തേതു വമ്പിച്ച വിഷമങ്ങളെ നേരിടുകയുണ്ടായി. ഇരട്ട സ്വഭാവമുള്ള ഒരു കടമ ഇതിലന്തർഭവിച്ചിരുന്നു. ഒരുവശത്തു പ്രാദേശികത്വം, ഗറില്ലായിസം എന്നീ വലതുപക്ഷപ്രവണതകളോട് നമുക്കു പോരാടേണ്ടിവന്നു. ഈ പ്രവണതയാകട്ടെ ഗറില്ലാശീലങ്ങൾ മുറുകെ പിടിക്കുന്നതിലും വ്യവസ്ഥാപിതത്വത്തിലേക്കുള്ള മാററത്തിനു വിസമ്മതിക്കുന്നതിലും ആയിരുന്നു സ്ഥിതിചെയ്തതു്. ശത്രുവിന്റെ പരിത:സ്ഥിതിയിലും നമ്മുടെ സ്വന്തം കടമകളിലും സംഭവിച്ച മാററങ്ങളെ നമ്മുടെ കേഡർമാർ വിലകുറച്ചു കണ്ടതു കാരണമായിരുന്നു ഇത്തരമൊരു പ്രവണത തലപൊക്കിയത്. ചുവപ്പുപ്രദേശത്തിന്റെ മദ്ധ്യഭാഗങ്ങളിൽ വളരെയേറെ ശ്രമകരമായ ശിക്ഷണം നടത്തിയതിനുശേഷം മാത്രമേ പടിപടിയായി ഈ പ്രവണത തിരുത്തപ്പെടുകയുണ്ടായുള്ളു. മറുവശത്ത്, അമിതമായ കേന്ദ്രീകരണം, അതിസാഹസികത്വം എന്നീ 'ഇടതുപക്ഷ' പ്രവണതയോടും നമുക്കു പോരാടേണ്ടിവന്നു. ഈ പ്രവണതയാകട്ടെ, വ്യവസ്ഥാപിതത്വത്തിന്മേൽ ആവശ്യമായതിലുമധികം ഊന്നിയിരുന്നു. നമ്മുടെ നേതൃസ്ഥാനത്തിലുള്ള ചില കേഡർമാർ ശത്രുവിനെ ഉള്ളതിലധികം ശക്തനായി കരുതിയതുകൊണ്ടും, കടമകൾ അപ്രായോഗികമായ ഉന്നതനിലവാരത്തിൽ നിർവ്വചിച്ചതുകൊണ്ടും, യഥാർത്ഥസാഹചര്യങ്ങളെ കണക്കിലെടുക്കാതെ വിദേശാനുഭവങ്ങളെ യാന്ത്രികമായി പ്രയോഗിച്ചതു

Scanned by CamScanner

കൊണ്ടുമായിരുന്നു ഇത്തരമൊരു പ്രവണത തലപൊക്കിയതു്. നീണ്ട
മൂന്നു വർഷങ്ങളോളം (സുൻ യി യോഗത്തിനുമുമ്പു്) ചുവപ്പുപ്രദേശത്തിന്റെ
മദ്ധ്യഭാഗങ്ങളിൽ ഈ പ്രവണത വളരെയേറെ ത്യാഗങ്ങൾക്കു വഴിവച്ചു.
രക്തം വിലയായി കൊടുക്കേണ്ടിവന്ന പാഠങ്ങൾ നാം പഠിച്ചതിനുശേഷം
മാത്രമേ അതു തിരുത്തപ്പെടുകയുണ്ടായുള്ളു. സുൻ യി യോഗത്തിന്റെ നേട്ട
മായിരുന്നു ഈ പ്രവണതയുടെ തിരുത്തൽ.

1937 ലെ ശരത്കാലത്തു (ലുക്കൗ ച്യാവോ സംഭവത്തിനുശേഷം)
രണ്ടു വ്യത്യസ്തയുദ്ധങ്ങൾ ഒന്നു മറെറാന്നായി മാറിക്കൊണ്ടിരുന്ന കാലത്താ
യിരുന്നു തന്ത്രത്തിന്റെ കാര്യത്തിലുള്ള രണ്ടാമത്തെ മാററം സംഭവിച്ചതു്.
ഒരു പുതിയ ശത്രുവെ, ജാപ്പനീസ് സാമ്രാജ്യത്വത്തെ നാം അഭിമുഖീകരി
ച്ചു. നമ്മുടെ പഴയകാല ശത്രുവായ കുമിന്താങ്ങ് (ഇതാകട്ടെ അപ്പോഴും
നമ്മളോടു് ശത്രുതയിലായിരുന്നു) നെ നമുക്കൊരു സഖ്യശക്തിയായി
കിട്ടി. വടക്കൻ ചൈനയുടെ വിശാലമായ ഭൂപ്രദേശങ്ങളായിരുന്നു യുദ്ധ
രംഗം (ഇതാണെങ്കിൽ താല്ക്കാലികമായി നമ്മുടെ സൈന്യത്തിന്റെ മുന്ന
ണിയായിരുന്നു. പക്ഷെ വേഗത്തിൽ ശത്രുവിന്റെ പിന്നണിയായിത്തീ
രുന്നതും നീണ്ടൊരു കാലത്തോളം അങ്ങനെതന്നെ നില്ക്കുന്നതുമാണു്.) ഈ
പ്രത്യേക സാഹചര്യത്തിൽ തന്ത്രത്തിലുള്ള നമ്മുടെ മാററം അങ്ങേയററം
ഗൗരവമേറിയ ഒന്നായിരുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ പഴയകാ
ലത്തെ സ്ഥിരം സേനയെ ഒരു ഗറില്ലാസേനയായി നമുക്കു രൂപാന്തരപ്പെ
ടുത്തേണ്ടതായും (അങ്ങിങ്ങായി ചിതറിക്കിടക്കുന്ന സ്ഥലങ്ങളിലെ സൈ
നിക നടപടികളെ സംബന്ധിച്ചേടത്തോളമാണു്. അല്ലാതെ സംഘടന
യെക്കുറിച്ചുള്ള അതിന്റെ ധാരണയിലൊ അല്ലെങ്കിൽ അതിന്റെ അച്ചട
ക്കത്തിലൊ അല്ല) കഴിഞ്ഞകാലത്തെ നിലയുറപ്പിക്കാതെ നീങ്ങിക്കൊ
ണ്ടിരുന്ന യുദ്ധമുറയെ ഗറില്ലായുദ്ധമുറയായി രൂപാന്തരപ്പെടുത്തേണ്ടതായും
വന്നു. നമ്മെ അഭിമുഖീകരിച്ചിരുന്ന പ്രത്യേകതരം ശത്രുവെയും കടമകളെ
യും നമുക്കു ഉചിതമായ മട്ടിൽ നേരിടാൻ കഴിയുന്നതിനുവേണ്ടിയായിരുന്നു
ഇതു നാം ചെയ്തതു്. പക്ഷെ, ഈ മാററം ഒരു പിന്നോട്ടുള്ള കാൽവെപ്പാ
യിരുന്നു. അതുകൊണ്ടുതന്നെ അനിവാര്യമായും വളരെ വിഷമം പിടി
ച്ചതുമായിരുന്നു. അത്തരമൊരു സമയത്തു സംഭവിക്കാൻ സാദ്ധ്യതയുള്ള പ്ര
വണതകൾ, അതായതു് ജപ്പാനെ ഉള്ളതിൽ കുറവായി വിലയിരുത്തുക
യും അതിനോടു അങ്ങേയററം വിറളിപിടിച്ച ഭീതിപുലർത്തുകയും ചെയ്യു
ന്ന പ്രവണതകൾ, കുമിന്താങ്ങുകാർക്കിടയിൽ യഥാർത്ഥത്തിൽ സംഭവി
ക്കുകതന്നെ ചെയ്തു. പ്രധാനമായും ശത്രുവിനെ ഉള്ളതിൽ കുറവായി അതു
വിലയിരുത്തിയതു കാരണവും, കൂടാതെ ജപ്പാനോടുള്ള വിറളിപിടിച്ച
അതിന്റെ ഭയം കാരണംകൂടിയും (ഹാൻഫു–ചുവിന്റെയും ലിയു–ചിയു
ടേയും ഉദാഹരണങ്ങൾ 23) ആഭ്യന്തര യുദ്ധത്തിൽനിന്നു് ദേശീയ യുദ്ധത്തി
ലേയ്ക്കു് കുമിന്താങ്ങ് മാറിയപ്പോൾ വളരെയേറെ അനാവശ്യമായ നഷ്ട
ങ്ങൾ അതിനു സംഭവിക്കുകയുണ്ടായി. അതേസമയത്തു് ഒട്ടേറെ അനായാ
സമായാണു് നാം ഈ മാററം ഫലത്തിൽ വരുത്തുകയുണ്ടായതു്. അതുകൊ
ണ്ടുതന്നെ നഷ്ടങ്ങൾ പററുന്നതിനു പകരം വലിയ വിജയങ്ങൾ നാം നേടു
കയും ചെയ്തു. കേന്ദ്ര കമ്മിററിയും ചില സൈനികകേഡർമാരും തമ്മിൽ
ഗുരുതരമായ വാഗ്വാദങ്ങൾ നടന്നിരുന്നുവെങ്കിൽകൂടിയും, തക്കസമയത്തു
കേന്ദ്രകമ്മററിയുടെ ശരിയായ മാർഗ്ഗദർശനം നമ്മുടെ ബഹുഭൂരിപക്ഷം കേ
ഡർമാരും അംഗീകരിക്കുകയും യഥാർത്ഥ പരിത:സ്ഥിതിയെ വളരെ പാട
വത്തോടുകൂടി വിലയിരുത്തുകയും ചെയ്തതാണു് ഇതിനുകാരണം. മൊത്തം
ചെറുത്തുനില്പു യുദ്ധത്തിൽ പതറിച്ച പററാതെ ഉറച്ചുനില്ക്കുന്നതിനും, അതു
വികസിപ്പിക്കുന്നതിനും, വിജയിക്കുന്നതിനും ആവശ്യമായ ഈ മാററ

Scanned by CamScanner

ത്തിൻെറ വമ്പിച്ച പ്രാധാന്യത്തേയും അതേസമയം ചൈനീസ് കമ്യൂണി സ്റ്റ് പാർട്ടിയുടെ ഭാവിയെ സംബന്ധിച്ചേടത്തോളവുമുള്ള ഈ മാററ ത്തിൻെറ അങ്ങേയററം പ്രാധാന്യത്തേയും പററി അടിയന്തിരമായും നമുക്കു മനസ്സിലാകണമെങ്കിൽ ചൈനയിലെ ദേശീയ വിമോചനസമരത്തിൻെറ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ജാപ്പ് വിരുദ്ധ ഗറില്ലായുദ്ധമുറ വഹിച്ച ചരിത്രപരമായ പ്രാധാന്യത്തെപ്പററി നാം ചിന്തിച്ചാൽ മതി, അനിതര സാധാരണമായ അതിൻെറ വ്യാപ്തിയിലും നീണ്ടുകൊണ്ടേ പോകുന്ന സ്വ ഭാവത്തിലും, ചൈനയുടെ ജാപ്പ്‌വിരുദ്ധ ഗറില്ലായുദ്ധം കിഴക്കൻ ഭൂഖണ്ഡ ത്തിൽ മാത്രമല്ല ഒരുപക്ഷെ മുഴുവൻ മാനവചരിത്രത്തെത്തന്നെയും മുൻവഴ ക്കമില്ലാത്തതാണ്.

മൂന്നാമത്തെ മാററം, അതായതു് ജപ്പാനെതിരായ ഗറില്ലായുദ്ധമുറ യിൽനിന്നു് വ്യവസ്ഥാപിതയുദ്ധമുറയിലേക്കുള്ള മാററം, യുദ്ധത്തിൻെറ ഭാവിവികസനവുമായി ബന്ധപ്പെട്ടതാണ്. ഇതാകട്ടെ പുതിയ പരിത: സ്ഥിതികൾക്കും പുതിയ വിഷമതകൾക്കും ഇട നൽകുമെന്നു് നമുക്കു് അനു മാനിക്കാം. ഇപ്പോൾ നാം അതു് ചർച്ചചെയ്യേണ്ടതില്ല.

## V. ജപ്പാനെതിരായ ഗറില്ലാ യുദ്ധമുറയുടെ തന്ത്രപരമായ പങ്കു്

മൊത്തത്തിലെടുത്താൽ ജാപ്പ്‌വിരുദ്ധ യുദ്ധത്തിൽ വ്യവസ്ഥാ പിതയുദ്ധമുറ പ്രാഥമികവും ഗറില്ലായുദ്ധമുറ അതിനു അനുപൂരകവുമാണ്. കാരണം യുദ്ധത്തിൻെറ അന്തിമഫലം വ്യവസ്ഥാപിത യുദ്ധമുറക്കു മാ ത്രമേ നിർണ്ണയിക്കാൻ കഴിയുകയുള്ളു. രാജ്യത്തെ മുഴുവനായെടുത്താൽ യുദ്ധത്തിൻെറ സമഗ്രമായ പ്രക്രിയയിലെ മൂന്നു തന്ത്രപരമായ ഘട്ടങ്ങ ളിൽ (പ്രതിരോധം, സ്തംഭനം, പ്രത്യാക്രമണം) ആദ്യത്തേതും അവസാന ത്തേതും വ്യവസ്ഥാപിതയുദ്ധമുറ പ്രാഥമികവും ഗറില്ലായുദ്ധമുറ അനുപൂ രകവുമായ ഘട്ടങ്ങളാണ്. ഇടക്കാലഘട്ടത്തിൽ ഗറില്ലായുദ്ധമുറ പ്രാഥ മികമാകുന്നതും വ്യവസ്ഥാപിത യുദ്ധമുറ അനുപൂരകമാകുന്നതുമാണ്. കാ രണം, താൻ കയ്യടക്കിവെച്ച പ്രദേശങ്ങളെ ശത്രു പിടിച്ചുനില്ക്കുന്നതും അ തേസമയം നാം പ്രത്യാക്രമണത്തിനായി തയ്യാറെടുത്തുകൊണ്ടിരിക്കുന്നതും പക്ഷെ അതഴിച്ചുവിടാൻ ഇനിയും ഒരുങ്ങിക്കഴിഞ്ഞിട്ടില്ലെന്നതുമാണ്. ഈ ഘട്ടം ഏററവും നീണ്ട ഒന്നായേക്കാമെങ്കിൽക്കൂടിയും മുഴുവൻ യുദ്ധ ത്തിലേയും മൂന്നു ഘട്ടങ്ങളിൽ ഒന്നുമാത്രമായിരിക്കുന്നതാണതു്. അതുകൊ ണ്ടു് യുദ്ധത്തെ മുഴുവനായി നാം എടുക്കുകയാണെങ്കിൽ, വ്യവസ്ഥാപി തയുദ്ധമുറ പ്രാഥമികവും ഗറില്ലായുദ്ധമുറ അനുപൂരകവുമാണ്. നാം ഇതു മനസ്സിലാക്കുന്നില്ലെങ്കിലും, വ്യവസ്ഥാപിത യുദ്ധമുറയാണ് യുദ്ധ ത്തിൻെറ അന്തിമഫലം തീരുമാനിക്കുക എന്ന വസ്തുത നാം അംഗീകരിക്കു ന്നില്ലെങ്കിലും ഒരു സ്ഥിരം സേന കെട്ടിപ്പടുക്കുന്നതിലും വ്യവസ്ഥാപി ത യുദ്ധമുറ പഠിക്കുന്നതിലും സംവിധാനം ചെയ്യുന്നതിലും നാം ശ്രദ്ധ ചെലുത്തുന്നില്ലെങ്കിൽ നമുക്കു് ജപ്പാനെ പരാജയപ്പെടുത്താൻ കഴിയാതെ വരുന്നതാണ്, ഇതു് കാര്യത്തിൻെറ ഒരു വശമാണ്.

അതേസമയംതന്നെ, യുദ്ധത്തിലുടനീളം ഗറില്ലാ യുദ്ധമുറക്കു് അതിൻേറതായ പ്രാധാന്യവും തന്ത്രപരമായ സ്ഥാനവുമുണ്ടു്. ഗറില്ലാ യുദ്ധമുറ കൂടാതെയും ഗറില്ലാ ഘടകങ്ങളും ഗറില്ലാ സേനകളും കെട്ടിപ്പടു ക്കുന്നതിലും ഗറില്ലാ യുദ്ധമുറ പഠിക്കുന്നതിലും സംവിധാനം ചെയ്യുന്നതി

Scanned by CamScanner

ലും ആവശ്യമായ ശ്രദ്ധ ചെലുത്താതെയും ഇരിക്കയാണെങ്കിൽ, നമുക്ക് മേൽ പറഞ്ഞപോലെതന്നെ ജപ്പാനെ പരാജയപ്പെടുത്താൻ കഴിയാതെ വരുന്നതാണ്. ഇതിനു കാരണം ചൈനയുടെ ഭൂരിഭാഗവും ശത്രുവിന്റെ പിന്നണി പ്രദേശങ്ങളായി മാററപ്പെടുമെന്നതുകൊണ്ട്, ഏററവും വ്യാപകവും ഇടതടവില്ലാത്തതുമായ ഗറില്ലാ യുദ്ധമുറയുടെ അഭാവത്തിൽ പിന്നിൽനിന്നുള്ള ആക്രമണങ്ങളെക്കുറിച്ച് യാതൊരു ഭയവുംകൂടാതെ, ശത്രു സുസ്ഥിരമായി നിലയുറപ്പിക്കുന്നതും മുന്നണിയിൽ പോരാടുന്ന നമ്മുടെ പ്രധാന സേനകളുടെമേൽ കനത്ത നഷ്ടങ്ങൾ അടിച്ചേല്പിക്കുന്നതും കൂടുതൽ കൂടുതൽ ഉഗ്രമായ പ്രത്യാക്രമണങ്ങൾ അഴിച്ചുവിടുന്നതുമാണ്; അങ്ങിനെ ഒരു സ്തംഭനാവസ്ഥ സൃഷ്ടിക്കാൻ നമുക്ക് വിഷമമായിത്തീരുന്നതും ചെറുത്തുനില്പുയുദ്ധത്തിന്റെ തുടർച്ചതന്നേയും അപകടത്തിലായേക്കാവുന്നതുമാണ്. അതേസമയം കാര്യങ്ങൾ ഇപ്രകാരമല്ല സംഭവിക്കുന്നതെങ്കിൽ കൂടിയും, മററു അനുകൂലമല്ലാത്ത പരിതഃസ്ഥിതികൾ, ഉദാഹരണത്തിനു നമ്മുടെ പ്രത്യാക്രമണത്തിനുവേണ്ടിയുള്ള ശക്തിയുടെ അപര്യാപ്തമായ കെട്ടിപ്പടുക്കൽ, പ്രത്യാക്രമണകാലത്ത് അതിനു പിന്തുണ നൽകുന്ന ചില്ലറ സൈനിക നടപടികളുടെ അഭാവം, തന്റെ നഷ്ടങ്ങളെ ശത്രുവിനു നികത്താൻ കഴിഞ്ഞേക്കുമെന്ന സാദ്ധ്യത എന്നിവ ഉത്ഭവിക്കുന്നതാണ്. ഇത്തരം പരിതഃസ്ഥിതികൾ ഉടലെടുക്കുകയാണെങ്കിലും വ്യാപകവും ഇടതടവില്ലാത്തതുമായ ഗറില്ലാ യുദ്ധമുറയുടെ സമയോചിതമായ വികാസംകൊണ്ട് അവയെ അതിജീവിക്കുന്നില്ലെങ്കിലും ജപ്പാനെ പരാജയപ്പെടുത്താൻ അസാദ്ധ്യമാകുന്നതാണ്. അക്കാരണത്താൽ, മൊത്തം യുദ്ധത്തിൽ ഗറില്ലായുദ്ധമുറ ഒരു അനുപൂരകസ്ഥാനമാണ് വഹിക്കുന്നതെങ്കിലും, തന്ത്രത്തിന്റെ കാര്യത്തിൽ അങ്ങേയററം പ്രാധാന്യമുള്ള ഒരു സ്ഥാനം അതിനുണ്ടെന്നതിൽ സംശയമില്ല. ജപ്പാനെതിരായ ചെറുത്തുനില്പുയുദ്ധം നടത്തുന്നതിൽ, ഗറില്ലായുദ്ധമുറയെ അവഗണിക്കുകയെന്നതു് നിസ്സംശയമായും ഒരു ഗുരുതരമായ തെററാണ്. ഇതു് കാര്യത്തിന്റെ മറെറാരു വശമാണ്.

നിങ്ങൾക്കു് ഒരു വലിയ രാജ്യം ഉണ്ടെന്നു വയ്ക്കുക. എങ്കിൽ ഗറില്ലാ യുദ്ധമുറ സാദ്ധ്യമാണ്. അതുകൊണ്ടുതന്നെ പണ്ടുകാലങ്ങളിലും ഗറില്ലാ യുദ്ധമുറ ഉണ്ടായിരുന്നു. പക്ഷെ കമ്യൂണിസ്റ്റ് പാർട്ടിയാൽ നയിക്കപ്പെടുമ്പോൾ മാത്രമേ, ഗറില്ലാ യുദ്ധമുറയിൽ അടിയുറച്ചു നില്ക്കാൻ കഴിയുകയുള്ളു. ഇതായിരുന്നു കഴിഞ്ഞ കാലങ്ങളിൽ പൊതുവിൽ ഗറില്ലാ യുദ്ധമുറ പരാജയപ്പെട്ടതിന്റെ കാരണവും, ആധുനിക കാലങ്ങളിൽ മാത്രവും കമ്യൂണിസ്റ്റ് പാർട്ടികൾ ഉടലെടുത്ത വലിയ രാജ്യങ്ങളിൽ മാത്രവും—ഉദാഹരണത്തിനു് ആഭ്യന്തര യുദ്ധകാലങ്ങളിൽ സോവിയററു് യൂണിയനിലും ഇന്നത്തെ ചൈനയിലും—അതിനു വിജയംവരിക്കാൻകഴിയുന്നതിന്റെ കാരണവും. ഇന്നത്തെ പരിതഃസ്ഥിതികളും യുദ്ധത്തോടു് ബന്ധപ്പെട്ട പൊതു സാഹചര്യവും പരിഗണിച്ചാൽ, ജാപ്പ് വിരുദ്ധ യുദ്ധത്തിൽ കുമിന്താങ്ങും കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള അദ്ധ്വാനവിഭജനം—ഇതിലാണെങ്കിൽ ആദ്യത്തേതു് മുന്നണി രംഗങ്ങളിൽ വ്യവസ്ഥാപിത യുദ്ധമുറയിൽ ഏർപ്പെടുകയും രണ്ടാമത്തേതു് ശത്രുനിരകൾക്കു് പിന്നിൽ ഗറില്ലായുദ്ധമുറയിലേർപ്പെടുകയും ചെയ്യുന്നു—ആവശ്യമായതും ഉചിതമായതുമാണ്. മാത്രമല്ല പരസ്പര ആവശ്യത്തിന്റേയും പരസ്പരം കണ്ണിചേർത്തൊന്നിക്കലിന്റേയും പരസ്പരസഹായത്തിന്റേയും ഒരു കാര്യവുമാണ്.

അപ്പോൾ ആഭ്യന്തരയുദ്ധത്തിന്റെ അവസാന കാലത്തെ വ്യവസ്ഥാപിത യുദ്ധമുറയിൽനിന്നു് ചെറുത്തുനില്പു യുദ്ധത്തിന്റെ ആദ്യകാലത്തെ ഗറില്ലാ യുദ്ധമുറയിലേക്കു് നമ്മുടെ പാർട്ടിക്കു് അതിന്റെ സൈ

Scanned by CamScanner

നിക തന്ത്രം മാറ്റേണ്ടിവന്നത് എത്രമാത്രം പ്രാധാന്യമേറിയതും ആവശ്യവുമായിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയുന്നതാണല്ലൊ. ഈ മാറ്റത്തിന്റെ അനുകൂല ഫലങ്ങൾ താഴെ പറയുന്ന പതിനെട്ടു കാര്യങ്ങളിൽ സംക്ഷേപിക്കാവുന്നതാണ്.

1. ശത്രുസേനകൾ കൈയടക്കിവെച്ച പ്രദേശങ്ങളുടെ ചുരുങ്ങിവരൽ.

2. നമ്മുടെ സ്വന്തം സേനകളുടെ താവളപ്രദേശങ്ങളുടെ വികസനം.

3. ശത്രുവെ നിന്നേടത്തു കെട്ടിനിർത്താൻ കഴിയുമാറ് പ്രതിരോധത്തിന്റെ ഘട്ടത്തിൽ യഥാർത്ഥ യുദ്ധരംഗത്തുള്ള സൈനിക പ്രവർത്തനങ്ങളുമായുള്ള കണ്ണി ചേർത്തൊന്നിക്കൽ.

4. യഥാർത്ഥ യുദ്ധരംഗത്ത് സൈനികരുടെ പരിശീലനവും പുന:സംഘടനയും സുഗമമാക്കുമാറ്, സ്തംഭനത്തിന്റെ ഘട്ടത്തിൽ ശത്രുനിരകളുടെ പിന്നിലെ നമ്മുടെ താവള പ്രദേശങ്ങളുടെ മേലുള്ള പിടിമുറുക്കം നിലനിത്തിപ്പോരൽ.

5. പ്രത്യാക്രമണത്തിന്റെ ഘട്ടത്തിൽ, നഷ്ടപ്പെട്ട പ്രദേശങ്ങളെ വീണ്ടെടുക്കാനായി യഥാർത്ഥ യുദ്ധരംഗവുമായുള്ള കണ്ണിചേർത്തൊന്നിക്കൽ.

6. നമ്മുടെ സേനകളുടെ ഏററവും വേഗതയിലുള്ളതും ഏററവും ഫലപ്രദവുമായ വികസനം.

7. ഓരോ ഗ്രാമത്തിലും ഓരോ പാർട്ടി ബ്രാഞ്ച് സംഘടിപ്പിക്കുവാൻ കഴിഞ്ഞേക്കുമാറ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ഏററവും വിപുലമായ വികസനം.

8. ശത്രുവിന്റെ ശക്തികേന്ദ്രങ്ങളിലെ ജനങ്ങളെയൊഴിച്ചാൽ അവന്റെ സൈനിക നിരകൾക്കു പിന്നിലുള്ള എല്ലാവരേയും സംഘടിപ്പിക്കാൻ കഴിഞ്ഞേക്കുമാറ് ബഹുജനപ്രസ്ഥാനങ്ങളുടെ ഏററവും വിശാലമായ വികസനം.

9. ജാപ്പ് വിരുദ്ധ ജനാധിപത്യ രാഷ്ട്രീയാധികാര ഉപകരണങ്ങളുടെ ഏററവും വ്യാപകമായ സ്ഥാപനം.

10. ജാപ്പ്‌വിരുദ്ധ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഏററവും വിപുലമായ വികസനം.

11. ജനകീയ ഉപജീവന മാർഗ്ഗത്തിന്റെ ഏററവും വ്യാപകമായ ഉന്നമനം.

12. ശത്രു സേനകളുടെ ഏററവും ഫലപ്രദമായ ശിഥിലീകരണം.

13. ജനകീയ വികാരത്തിന്മേലുള്ള ഏററവും വ്യാപകവും ഏററവും ഈടുററതുമായ പ്രത്യാഘാതവും രാജ്യത്താകമാനമുള്ള മനോവീര്യത്തിന്റെ ഉത്തേജനവും.

14. സുഹൃദ്സേനകളിലും പാർട്ടികളിലും പുരോഗതി നേടാനായുള്ള ഏററവും വിപുലമായ പ്രേരണ ചെലുത്തൽ.

15. നമ്മുടെ നഷ്ടങ്ങൾ ചുരുക്കാനും കൂടുതൽ വിജയങ്ങൾ നേടാനും കഴിയുമാറ് ശത്രു ശക്തനായിരിക്കുന്നതും നാം ക്ഷീണാവസ്ഥയിലിരിക്കുന്നതുമായ സാഹചര്യത്തിനൊത്ത പ്രവർത്തനം.

16. ശത്രുവിനു് കൂടുതൽ നഷ്ടങ്ങൾ സംഭവിക്കാനും വിജയങ്ങൾ കുറയ്ക്കാനും ഇടവരുത്തുമാറ് ചൈന വലുതാണെന്നും ജപ്പാൻ ചെറുതാണെന്നുമുള്ള വസ്തുതയ്ക്കനുയോജ്യമായ പ്രവർത്തനം.

17. നേതൃത്വത്തിനുവേണ്ടി കേഡർമാരുടെ വമ്പിച്ച സമൂഹത്തിന്റെ ഏററവും ദ്രുതഗതിയിലുള്ളതും ഏററവും ഫലപ്രദവുമായ പരിശീലനം.

Scanned by CamScanner

ഭക്ഷ്യപ്രശ്നത്തിൻെറ ഏററവും ഫലപ്രദമായ പരിഹാരം.

18. ഭക്ഷ്യപ്രശ്നത്തിൻെറ ഏററവും ഫലപ്രദമായ പരിഹാരം. ഗറില്ലാ ഘടകങ്ങ
ക്കൂടാതെ സമരത്തിൻെറ നീണ്ട കാലയളവിൽ, ഗറില്ലാ ഘടകങ്ങ
ളും ഗറില്ലാ യുദ്ധമുറയും നിന്നേടത്തുതന്നെ നിൽക്കുകയില്ലെന്നതും, ഉയർ
ന്നൊരു ഘട്ടത്തിലേക്ക് അവ വികസിക്കുകയും ക്രമേണ സ്ഥിരം ഘടക
ങ്ങളായും വ്യവസ്ഥാപിത യുദ്ധമുറയായും അവ രൂപാന്തരപ്പെടുമെന്നതും
സംശയാതീതമാണ്. ഗറില്ലാ യുദ്ധമുറയിൽക്കൂടി നമ്മുടെ ശക്തി നാം
കെട്ടിപ്പടുക്കേണ്ടതും ജാപ്പനീസ് സാമ്രാജ്യത്വത്തെ ഞെരിച്ചു തകർക്കുന്ന
തിനുമുള്ള ഒരു നിർണ്ണായക ഘടകമായി നാം സ്വയം മാറേണ്ടതുമാണ്.

# VI സൈനിക കാര്യങ്ങളുടെ പഠനത്തിൽ അതീവ ശ്രദ്ധ ചെലുത്തുക

ശത്രുതയിൽ വർത്തിക്കുന്ന രണ്ടു സേനകൾ തമ്മിലുള്ള എല്ലാ പ്രശ്നങ്ങളും അവയുടെ പരിഹാരത്തിനുവേണ്ടി യുദ്ധത്തിന്മേലാണ് ആശ്രയിക്കുന്നത്. ചൈനയുടെ നിലനില്പ് അല്ലെങ്കിൽ വിനാശംതന്നെയും ഇന്നത്തെ യുദ്ധത്തിലെ അതിൻെറ വിജയത്തിൽ അല്ലെങ്കിൽ പരാജയത്തിൽ ആണ് ആശ്രയിക്കുന്നത്. അതുകൊണ്ടു് സൈനിക സിദ്ധാന്തത്തിലുള്ള നമ്മുടെ പഠനവും, തന്ത്രത്തിലും അടവുകളിലും സൈനിക രാഷ്ട്രീയ പ്രവർത്തനത്തിലും ഉള്ള നമ്മുടെ പഠനവും ഒരു നിമിഷംപോലും വൈകാൻ പാടുള്ളതല്ല. അടവുകളെ സംബന്ധിച്ചുള്ള നമ്മുടെ പഠനം ഇപ്പോഴും അപര്യാപ്തമാണെങ്കിൽ പോലും സൈനിക പ്രവർത്തനത്തിലേർപ്പെട്ട നമ്മുടെ സഖാക്കൾ കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ വളരെയേറെ നേട്ടങ്ങളുണ്ടാക്കുകയും ചൈനയിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ പുതിയ പലതും രംഗത്തു കൊണ്ടുവരികയും ചെയ്തിട്ടുണ്ടു്. പൊതുവായ ഒരു വിലയിരുത്തൽ ഉണ്ടായിരുന്നില്ലെന്നതാണ് ഇവിടെയുള്ള ന്യൂനത. പക്ഷെ ഇന്നുവരെ, തന്ത്രത്തിൻെറ പ്രശ്നങ്ങളേയും യുദ്ധത്തിൻെറ സിദ്ധാന്തത്തേയും കുറിച്ചുള്ള പഠനം വളരെ കുറച്ചുപേർ മാത്രമേ ഏറ്റെടുത്തിട്ടുള്ളു. നമ്മുടെ രാഷ്ട്രീയ പ്രവർത്തനത്തിൻെറ പഠനത്തിൽ ഒന്നാംകിട ഫലങ്ങൾ നേടിക്കഴിഞ്ഞിരിക്കയാണ്. ഇതാകട്ടെ അനുഭവസമ്പന്നതയിലും അതിൻെറ പുതുമയേറിയ സമ്പ്രദായങ്ങളുടെ എണ്ണത്തിലും സവിശേഷതയിലും, സോവിയററു യൂണിയൻേറതിനു മാത്രം തൊട്ടു പിന്നിലായാണ് സ്ഥിതിചെയ്യുന്നതു്. ഇവിടെത്തന്നെയും വേണ്ടത്ര ഉപഗ്രഥനവും ക്രമീകരണവും ഇല്ലാത്തതാണ് ന്യൂനത. സൈനികവിജ്ഞാനത്തെപ്പററി ബഹുജനങ്ങൾക്കിടയിലെ പ്രചരണം പാർട്ടിയുടേയും മുഴുവൻ രാജ്യത്തിൻെറയും ഒരടിയന്തിര കടമയാണ്. ഈ എല്ലാ കാര്യങ്ങളിലും സർവ്വോപരി യുദ്ധത്തിൻേറയും തന്ത്രത്തിൻെറയും സിദ്ധാന്തത്തിൽ, നാം ഇപ്പോൾ വമ്പിച്ച ശ്രദ്ധ ചെലുത്തിയേ തീരൂ. സൈനിക സിദ്ധാന്തത്തിൻെറ പഠനത്തിൽ നാം താല്പര്യം ഉണർത്തിവിടേണ്ടതും സൈനിക കാര്യങ്ങളുടെ പഠനത്തിൽ മുഴുവൻ അംഗങ്ങളുടേയും ശ്രദ്ധ തിരിച്ചുവിടേണ്ടതും അത്യന്താപേക്ഷിതമാണെന്നു ഞാൻ കരുതുന്നു.

Scanned by CamScanner

## കുറിപ്പുകൾ

1. വി. ഐ. ലെനിന്റെ ''യുദ്ധവും സോഷ്യൽ–ഡമോക്രസിയും'' സമാഹൃത കൃതികൾ, മോസ്കോ 1964 വാല്യം XXI. പേജ് 27-34) ''വിദേശത്തുള്ള ആർ. എസ്. ഡി. എൽ. പി. ഗ്രൂപ്പുകളുടെ സമ്മേളനം'' (അതേ വാല്യം പേജ് 158–64), ''സാമ്രാജ്യത്വ യുദ്ധത്തിൽ തന്റെ സ്വന്തം ഗവർമ്മെണ്ടിന്റെ പരാജയം'' (അതേ വാല്യം പേജ് 275–80) ''റഷ്യയുടെ പരാജയവും വിപ്ലവപരമായ പ്രതിസന്ധിയും'' (അതേ വാല്യം പേജ് 378–82) നോക്കുക. 1914–15 വർഷങ്ങളിൽ എഴുതിയ ഈ ലേഖനങ്ങൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതു് അക്കാലത്തെ സാമ്രാജ്യത്വ യുദ്ധത്തെയായിരുന്നു. കൂടാതെ ''സി. പി. എസ്. യു. (ബി) ചരിത്രം, ഹ്രസ്വപാഠം''വും നോക്കുക. ഇംഗ്ലീഷ് പതിപ്പ്, എഫ്. എൽ. പി. എച്ച്. മോസ്കോ 1951, പേജ് 258–67.

2. ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി കൂട്ടുചേർന്നുകൊണ്ട് കാൻടണിൽ പ്രതിവിപ്ളവ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ദല്ലാളുകളുടേയും ഭൂപ്രഭുക്കളുടേയും ഒരു സായുധസേനയായിരുന്ന ''കച്ചവടക്കാരുടെ പടയണി'' 1924 ൽ ഡാക്ടർ സൺയാത്–സെൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായും, വിപ്ളവകാരികളായ തൊഴിലാളികളും കർഷകരുമായും ഒത്തുചേർന്നുകൊണ്ട് ഈ ''കച്ചവടക്കാരുടെ പടയണി''യെ പരാജയപ്പെടുത്തി. കുമിന്താങ്ങും കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലുള്ള സഹകരണത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട ഒരു വിപ്ളവപരമായ സേന 1925–ന്റെ ആരംഭത്തിൽ കാൻടണിൽനിന്നു പുറപ്പെടുകയും കിഴക്കൻ സൈനിക പര്യടനത്തിൽ പങ്കെടുക്കുകയും കർഷകരുടെ പിന്തുണയോടുകൂടി യുദ്ധപ്രഭുവായ ചെൻ ച്യുങ്–മിങ്ങിന്റെ പടകളെ പരാജയപ്പെടുത്തുകയും ചെയ്തു. ഇതിൽപിന്നെ ഈ സേന കാൻറണിലേക്കു് മടങ്ങുകയും അവിടെ നിലയുറപ്പിച്ചിരുന്ന യുനാനിലേയും ക്വാങ്സിയിലേയും യുദ്ധപ്രഭുക്കളെ മറിച്ചിടുകയും ചെയ്തു. ആ ശരത്കാലത്തു് അതു രണ്ടാം കിഴക്കൻ സൈനിക പര്യടനത്തിൽ ഏർപ്പെടുകയും അവസാനമായി ചെൻ ച്യുങ്–മിങ്ങിന്റെ സേനകളെ തുടച്ചുമാച്ചു കളയുകയും ചെയ്തു. കമ്യൂണിസ്റ്റ് പാർട്ടിയിലേയും–കമ്യൂണിസ്റ്റ് യുവജനലീഗിലേയും അംഗങ്ങൾ മുൻപന്തിയിൽ നിന്നുകൊണ്ട് ധീരോദാത്തമായി പോരാടിയ ഈ സൈനിക നടപടികളുടെ ഫലമായി ക്വാങ്ടങ് പ്രവിശ്യയുടെ രാഷ്ട്രീയ ഏകീകരണം കൈവരികയും വടക്കൻ സൈനിക നടപടിക്കു് വഴിതെളിയിക്കുകയും ചെയ്തു.

3. 1919 മെയ് 4–നു് ആരംഭിച്ച സാമ്രാജ്യത്വവിരുദ്ധവും ജന്മി–നാടുവാഴിത്ത വിരുദ്ധവുമായ ഒരു വിപ്ലവപ്രസ്ഥാനമായിരുന്ന മെയ് 4 പ്രസ്ഥാനം. ആ വർഷത്തിന്റെ ആദ്യത്തെ പകുതിയിൽ ഒന്നാം ലോകമഹായുദ്ധത്തിലെ വിജയികൾ; അതായതു് ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്കൻ ഐക്യനാടുകൾ, ജപ്പാൻ, ഇററലി തുടങ്ങിയ സാമ്രാജ്യത്വ രാജ്യങ്ങൾ കൊള്ളമുതൽ വിഭജിക്കാനായി പാരീസിൽ യോഗംചേരുകയും, ചൈനയുടെ ഷാൻടുങ് പ്രവിശ്യയിൽ മുമ്പുകാലങ്ങളിൽ ജർമ്മനി അനുഭവിച്ചുകൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും ജപ്പാൻ ഏറെറടുക്കേണ്ടതാണെന്നു് തീരുമാനിക്കുകയും ചെയ്തു. മെയ് 4–നു് ബഹുജനറാലികളും പ്രകടനങ്ങളും നടത്തിക്കൊണ്ട് ഈ ഗൂഢാലോചനയോടുള്ള ഉറച്ച എതിർപ്പ് ഒന്നാമതായി കാട്ടിയതു് പീക്കിങ്ങിലെ വിദ്യാർത്ഥികളായിരുന്നു. ഈ എതിർപ്പിനെ അടിച്ചമർത്താനുള്ള ശ്രമത്തിൽ അന്നത്തെ വടക്കൻ യുദ്ധപ്രഭുസർക്കാർ മുപ്പതിലധികം വിദ്യാർത്ഥികളെ തടവിലാക്കി. ഇതിൽ പ്രതി

ഷേധിച്ചു്, പീക്കിങ്ങിലെ വിദ്യാൎത്ഥികരം ഒരു പഠിപ്പുമുടക്കത്തിലേർപ്പെട്ടകയും രാജ്യത്തിൻെറ മററു ഭാഗങ്ങളിലെ വളരെയേറേ വിദ്യാൎത്ഥികരം ഇതിനോടനുഭാവം പ്രകടിപ്പിക്കുകയും ചെയ്തു. ജൂൺ മൂന്നാംതീയതി വടക്കൻ യുദ്ധപ്രഭു സർക്കാർ പീക്കിങ്ങിലെ വിദ്യാൎത്ഥികളെ കൂട്ടത്തോടെ തടവിലാക്കാൻ തുടങ്ങുകയും രണ്ടു ദിവസങ്ങരംക്കുള്ളിൽ ഉദ്ദേശം ആയിരത്തോളംപേരെ ബന്ധനത്തിലാക്കുകയും ചെയ്തു. ഇതു് രാജ്യത്താകമാനം കൂടുതൽ വമ്പിച്ച ഒരു അമർഷത്തിനിടയാക്കി. ജൂൺ 5 മുതൽ ഷാങ്ങ്ഹായിലേയും മററനവധി നഗരങ്ങളിലേയും തൊഴിലാളികരം പണിമുടക്കുകയും ഈ സ്ഥലങ്ങളിലെ വ്യാപാരികരം തങ്ങളുടെ കടകരം അടച്ചിടുകയുംചെയ്തു. അങ്ങിനെ ആദ്യം പ്രധാനമായും ബുദ്ധിജീവികളെ മാത്രം ആകർഷിച്ചിരുന്ന ഒരു ദേശാഭിമാനപ്രസ്ഥാനം, തൊഴിലാളിവർഗ്ഗവും നഗരങ്ങളിലെ പെററി ബൂർഷ്വാസിയും, ബൂർഷ്വാസിയും പങ്കുചേർന്നുകൊണ്ടുള്ള ഒരു ദേശവ്യാപകമായ ദേശാഭിമാനപ്രസ്ഥാനമായി അതിവേഗം വളർച്ചപ്രാപിച്ചു. മെയ് 4–നു മുമ്പെ ഫ്യൂഡലിസത്തിന്നെതിരായും ശാസ്ത്രത്തിൻെറയും ജനാധിപത്യത്തിൻെറയും അഭിവൃദ്ധിക്കുവേണ്ടിയുള്ള ഒരു പ്രസ്ഥാനമെന്നോണം ആരംഭിച്ച ആ പൊതുസാംസ്കാരിക പ്രസ്ഥാനം ഈ ദേശാഭിമാനപ്രസ്ഥാനത്തിൻെറ വളർച്ചയോടൊപ്പം ഒരു വീര്യമേറിയതും സുശക്തവുമായ വിപ്ലവ സാംസ്കാരികപ്രസ്ഥാനമായി വളരുകയുണ്ടായി. ഇതിൻെറ പ്രധാന പ്രവണതയാകട്ടെ, മാർക്സിസം–ലെനിനിസത്തിൻെറ പ്രചരണമായിരുന്നു.

4. 'മെയ് 30 പ്രസ്ഥാന'ത്തെപ്പററി അറിയാൻ. ''ഒരൊററ തീപ്പൊരിക്കു് ഒരു വമ്പിച്ച കാട്ടുതീ ആരംഭിക്കാൻ കഴിയും'' എന്ന കൃതിയിലെ മൂന്നാമത്തെ കുറിപ്പു നോക്കുക. (1925 മെയ് 30–നു് ഷാങ്ങ്ഹായിൽ ചൈനീസ് ജനതയെ ബ്രിട്ടീഷ് പോലീസ് കൂട്ടക്കൊല ചെയ്തതിനെതിരായി പ്രതിഷേധിച്ച രാജ്യവ്യാപകമായ സാമ്രാജ്യത്വ വിരുദ്ധപ്രസ്ഥാനമായിരുന്നു മെയ് 30–ൻെറ പ്രസ്ഥാനം.)

5. ''ചൈനയിലെ വിപ്ലവത്തിൻെറ പ്രതീക്ഷകരം'' എന്ന ജെ. വി. സ്റ്റാലിൻെറ കൃതി നോക്കുക. 'സ്റ്റാലിൻ കൃതികരം', ഇംഗ്ലീഷ് പതിപ്പു്, എഫ്. എൽ. പി. എച്ച്. മോസ്കോ 1954, വോള്യം 8, പേജ് 379.

6. 1894–ൽ സിങ്ങ് ചുങ്ങ് ഹൂയ് (ചൈനയുടെ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള സംഘം) എന്ന പേരിൽ അറിയപ്പെട്ട ഒരു ചെറിയ വിപ്ലവസംഘടന ഡോക്ടർ സൺയാററ്–സെൻ ഹൊണോലുലുവിൽ രൂപീകരിച്ചു. 1895–ലെ ചൈന–ജപ്പാൻ യുദ്ധത്തിൽ ചിങ്ങ് ഗവണ്മെൻറു് പരാജയപ്പെട്ടശേഷം അതിനെതിരായി ക്വാങ്ങ്ടങ്ങ് പ്രവിശ്യയിൽ, ആദ്യത്തിൽ 1895–ൽ കാൻറണിലും, പിന്നീടു് 1900–ൽ ഹ്യൂചൗവിലും രണ്ടു സായുധ ഉയത്തെഴുന്നേല്പുകരം ജനങ്ങരംക്കിടയിലെ രഹസ്യസംഘങ്ങളുടെ പിന്തുണയോടുകൂടി അദ്ദേഹം സംഘടിപ്പിച്ചു.

7. സിങ്ങ് ചുങ്ങ് ഹൂയ് (മേൽകുറിപ്പു നോക്കുക)യുടേയും, രണ്ടു മററു ഗ്രൂപ്പുകളുടേയും, അതായതു് ഹ്വാസിങ്ങ് ഹൂയ് (ചൈനയുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള മറെറാരു സംഘം) യുടേയും ലയനത്തിൽകൂടി ആയിരുന്ന തുങ്ങ്മെങ്ങ്ഹൂയ് അഥവാ ചൈനീസ് വിപ്ലവ ലീഗ് (ബൂർഷ്വാസിയുടേയും പെററിബൂർഷ്വാസിയുടേയും ചിങ്ങ്ഗവണ്മെൻറിനെതിരായ ഭൂവുടമകളായ നാട്ടുപ്രമാണിമാരിലൊരുവിഭാഗത്തിൻേറയും ഒരു ഐക്യമുന്നണി സംഘടന) 1905–ൽ രൂപീകരിച്ചതു്. ''ടാർടാറു (മഞ്ചൂകരം) കളുടെ പുറന്തള്ളലിനും, ചൈനയുടെ വീണ്ടെടുക്കലിനും, ഒരു റിപ്പബ്ളിക്കിൻെറ സ്ഥാപനത്തിനും ഭൂവുടമസമീകരണത്തിനും'' വേണ്ടി

Scanned by CamScanner

നിലകൊള്ളുന്ന ബൂർഷ്വാ വിപ്ലവത്തിൻെറ ഒരു പരിപാടി അതു മുന്നോട്ടു വെച്ചു. ചൈനീസ് വിപ്ലവലീഗിൻെറ കാലത്തു് രഹസ്യസംഘങ്ങളും ചിങ്ങ്ഗവർമ്മെണ്ടിൻെറ പുതിയ സേനയുടെ ഒരു ഭാഗവും ആയി സഖ്യത്തിലേർപ്പെട്ടുകൊണ്ടു്, ചിങ്ങ് ഭരണയന്ത്രത്തിനെതിരായി കുറെയധികം സായുധ ഉയർത്തെഴുന്നേല്പുകൾ ഡോക്ടർ സൺയാററ്-സെൻ തൊടുത്തു വിട്ടു. ഇതിൽ പ്രധാനമായവ 1906 ൽ പിങ്ങ്സിയാങ്ങ് (ക്യാങ്ങ്സി പ്രവിശ്യ) ലിയുയാങ്ങ്, ലൈലിങ്ങ് (ഹുനാൻപ്രവിശ്യ) എന്നിവിടങ്ങളിലേതും 1907 ലെ ഹ്വാങ്ങ്കാങ്ങ്, ചാഒചോ, ചിങ്ങ് ചോ (ക്വാങ്ങ്ടുങ്ങ് പ്രവിശ്യ) എന്നിവിടങ്ങളിലേതും ചെന്നാൻക്വാനി (ക്വാങ്ങ്സി പ്രവിശ്യ)ലേതും 1908 ലെ ഹോകൗ (യുനാൻപ്രവിശ്യ) യിലേതും 1911 ലെ കാൻറണിലേതുമായിരുന്നു. ഇതിൽ അവസാനത്തേതിനെതുടർന്നു് അതേവർഷത്തിൽ വുച്ചാങ്ങ് ഉയർത്തെഴുന്നേല്പ് ഉണ്ടായി. ഇതാണെങ്കിൽ ചിങ്ങ് രാജവംശത്തിൻെറ മറിച്ചിടലിൽ കലാശിക്കുകയും ചെയ്തു.

8. 1912 ൽ ചൈനീസ് വിപ്ലവലീഗ് കുമിന്താങ്ങ് എന്നപേരിൽ പുന:സംഘടിപ്പിക്കപ്പെടുകയുംയുവാൻഷികായുടെ നേതൃത്വത്തിലുള്ള വടക്കൻ യുദ്ധപ്രഭു സർക്കാരുമായി ഒരൊത്തുതീർപ്പിലെത്തുകയും ചെയ്തു. 1911 ലെ വിപ്ലവത്തിനിടയിൽ ക്യാങ്ങ്സി, ആൻഹ്വ, ക്വാങ്ങ്ടുങ്ങ് എന്നീ പ്രവിശ്യകളിൽ ഉയർന്നുവന്ന സേനകളെ അടിച്ചമർത്താനായി യുവാൻെറ പടകൾ 1913 ൽ തെക്കോട്ടുനീങ്ങി. ഡോക്ടർ സൺയാററ്-സെൻ സായുധപ്രതിരോധം സംഘടിപ്പിച്ചു. പക്ഷെ അതു വളരെവേഗം തകർക്കപ്പെടുകയാണുണ്ടായതു്. 1914 ൽ ഒത്തുതീർപ്പിൻെറതായ കുമിന്താങ്ങ്നയത്തിൻെറ തെററുകൾ മനസ്സിലാക്കിയതിൻെറ ഫലമായി, ജപ്പാനിലെ ടോക്കിയോവിൽ ഡോക്ടർ സൺചുങ്ങ്ഹ്വാ കേമിങ്ങ്ടാങ്ങ് (ചൈനീസ് വിപ്ലവപാർട്ടി) രൂപീകരിച്ചു. തൻെറ സംഘടനയെ അന്നത്തെ കുമിന്താങ്ങിൽനിന്നു വേർതിരിച്ചറിയാൻവേണ്ടിയായിരുന്നു അദ്ദേഹം ഇതു ചെയ്തതു്. യഥാർത്ഥത്തിൽ ഈ പുതിയ പാർട്ടി യുവാൻഷി-കായ്ക്കെതിരായ പെററിബൂർഷ്വാസിയിലെ ഒരു വിഭാഗത്തിൻേറയും ബൂർഷ്വാസിയിലെ ഒരു വിഭാഗത്തിൻേറയും രാഷ്ട്രീയ പ്രതിനിധികളുടെ ഒരു സഖ്യമായിരുന്നു. ഈ സഖ്യത്തിൽക്കൂടി, ഡോക്ടർ സൺയാററ്-സെൻ 1914 ൽ ഷാങ്ങ്ഹായിൽ ഒരു ചെറു ഉയർത്തെഴുന്നേല്പ് സംഘടിപ്പിച്ചു. 1915 ൽ ചക്രവർത്തിയായി യുവാൻഷി-കായ് സ്വയം പ്രഖ്യാപിച്ചതോടെ, സാൻ എൻഗോയും മററും അയാൾക്കെതിരായി നടപടികൾ എടുക്കാൻവേണ്ടി യുനാനിൽനിന്നു പുറപ്പെട്ടു. ഡോക്ടർ സൺ ആകട്ടെ, യുവാൻഷി-കായ്ക്കു് എതിരായി സായുധ എതിർപ്പിനുവേണ്ടി വാദിക്കുന്നതിലും അതിനെ പ്രോത്സാഹിപ്പിക്കുന്നതിലും വളരെ സജീവവുമായിരുന്നു.

9. 1917 ൽ തൻെറ സ്വാധീനതയിലായിരുന്ന ഒരു നാവികപ്പടയുടെ നേതൃത്വം വഹിച്ചുകൊണ്ടു് ഡോക്ടർ സൺയാററ്-സെൻ ഷാങ്ങ്ഹായിൽനിന്നു കാൻറണിലേക്കുപോയി. ക്വാങ്ങ്ടുങ്ങ് ഒരു താവളമാക്കി ഉപയോഗിച്ചുകൊണ്ടും വടക്കൻ യുദ്ധപ്രഭുവായ ടുവാൻചി-ജുവിന്നെതിരായി തെക്കുപടിഞ്ഞാറൻ യുദ്ധപ്രഭുക്കളുമായി സഹകരിച്ചുകൊണ്ടും ടുവാൻ-ചിജുവിനെതിരായ ഒരു സൈനികസർക്കാർ അദ്ദേഹം സ്ഥാപിച്ചു.

10. 1921 ൽ ഡോക്ടർ സൺയാററ്-സെൻ ക്വാങ്ങ്സിപ്രവിശ്യയിലെ കൈ്വലിനിൽനിന്നു ഒരു വടക്കൻ സൈനികനടപടി ആവിഷ്ക്കരിച്ചു. വടക്കൻ യുദ്ധപ്രഭുക്കളുമായി രഹസ്യബന്ധത്തിലായിരുന്ന

Scanned by CamScanner

തന്റെ കീഴുദ്യോഗസ്ഥൻ ചെൻചൃങ്ങ്—മിങ്ങിന്റെ കലാപം കാരണം അദ്ദേഹത്തിന്റെ ഈ പദ്ധതി താറുമാറാകുകയാണുണ്ടായതു്.

11. കാൻറണിനടുത്തുള്ള വാമ്പോവിൽ നിലവിൽവന്ന വാമ്പൊ സൈനിക അക്കാഡമി, ചൈനീസ് കമ്യൂണിസ്റ്റുകാരുടേയും സോവിയറ്റ്യൂണിയന്റേയും സഹായത്തോടുകൂടി 1924 ൽ ഡോക്ടർ സൺയാററ്—സെന്നിനാൽ സ്ഥാപിക്കപ്പെട്ടതായിരുന്നു. അന്നു് അതു് കൂമിന്താങ്ങിനാലും കമ്യൂണിസ്റ്റ്പാർട്ടിയാലും കൂട്ടായി നടത്തപ്പെട്ടതായിരുന്നു. പലപ്പോഴായി ചൗഎൻ—ലായ്, യൂൻടായ്—യിങ്ങ്, സിയോ ചുൻ, സുങ്ങ്, ഡ്യൂങ്ങ് തുടങ്ങിയ സഖാക്കൾ ഈ സർവ്വകലാശാലയിൽ രാഷ്ട്രീയവും മററുമായ പ്രവർത്തനങ്ങൾ ചെയ്തിരുന്നു. വിപ്ലവപരമായ സായുധസേനകൾക്കുവേണ്ടി ഒരു വിപ്ലവസ്പിരിററോടുകൂടി ധാരാളം കേഡർമാരെ അവർ പരിശീലിപ്പിച്ചിരുന്നു. കമ്യൂണിസ്റ്റ്പാർട്ടിയിലേയും കമ്യൂണിസ്റ്റ് യൂത്ത്ലീഗിലേയും ധാരാളം മെമ്പർമാർ ഈ കേഡർമാരിൽ ഉൾപ്പെട്ടിരുന്നു. എന്നിരിക്കിലും സർവ്വകലാശാലയുടെ തലവൻ ചിയാങ്ങ് കൈഷെക്ക് ആയിരുന്നു. തന്റെ സ്ഥാനം ഉപയോഗിച്ചുകൊണ്ടു കമ്യൂണിസ്റ്റ്കാരെ അയാൾ ഒരു ഭാഗത്തേക്കു തിക്കി അകററുകയും തന്റെ സ്വന്തം സേവകരെ കെട്ടിപ്പടുക്കുകയും അവസാനത്തിൽ 1927 ഏപ്രിൽ 12 ന്റെ പ്രതിവിപ്ലവപരമായ അട്ടിമറിക്കുശേഷം ഈ സർവ്വകലാശാലയെ ഒരു പ്രതിവിപ്ലവസംഘടനയായി മാററുകയും ചെയ്തു.

12. ടേൻയെൻ—കായ്, ഹൂനാനിലെ ഒരു നിവാസിയായിരുന്നു. അയാളാകട്ടെ ചിങ്ങ് രാജവംശത്തിൻകീഴിലുള്ള ഏററവും ഉയർന്ന ഔദ്യോഗിക പണ്ഡിതസംഘത്തിലെ അംഗമായ ഒരു 'ഹാൻലിൻ' ആയിരുന്നു. ആദ്യമായി ഒരു ഭരണഘടനാപരമായ രാജവാഴ്ചക്കുവേണ്ടി വാദിക്കുകയും പിന്നീടു് 1911 ലെ വിപ്ലവത്തിൽ പങ്കെടുക്കുകയും ചെയ്ത ഒരു സ്വാർത്ഥിയായിരുന്നു അയാൾ. അയാളുടെ പിൽകാലങ്ങളിലെ കൂമിന്താങ്ങുമായുള്ള യോജിപ്പ്, ഹൂനാൻ യുദ്ധപ്രഭുക്കളും വടക്കൻ യുദ്ധപ്രഭുക്കളും തമ്മിലുള്ള വൈരുദ്ധ്യത്തെയായിരുന്നു പ്രതിഫലിപ്പിച്ചതു്.

13. റിപ്പബ്ളിക്കിന്റെ ആദ്യവർഷങ്ങളിൽ യുവാൻ ഷി—കായുടെ സംരക്ഷണത്തിൻ കീഴിൽ ലിയാങ്ങ് ചി—ചാവോയും മററും സംഘടിപ്പിച്ചതായിരുന്നു പ്രോഗ്രസ്സീവ് പാർട്ടി.

14. ചിങ്ങ് രാജവംശത്തിന്റെ അവസാന കാലങ്ങളിൽ വടക്കൻ യുദ്ധപ്രഭുക്കളുടെ തലവനായിരുന്നു യുവാൻ ഷി—കായ്. 1911—ലെ വിപ്ലവത്താൽ ചിങ്ങുരാജവംശം മറിച്ചിടപ്പെട്ടതോടെ, റിപ്പബ്ളിക്കിന്റെ അദ്ധ്യക്ഷപദം അയാൾ പിടിച്ചുപററുകയും വൻകിട ഭൂപ്രഭുവർഗ്ഗത്തെയും വൻകിട ദല്ലാൾവർഗ്ഗത്തെയും പ്രതിനിധീകരിച്ച വടക്കൻ യുദ്ധപ്രഭുക്കളുടെ ആദ്യത്തെ സർക്കാർ അയാൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രതിവിപ്ലവപരമായ സായുധശക്തിയിലും സാമ്രാജ്യവാദികളുടെ പിന്തുണയിലും ആശ്രയിച്ച് വിപ്ലവത്തെ അന്നു നയിച്ചിരുന്ന ബൂർഷ്വാസിയുടെ അനുരഞ്ജനസ്വഭാവത്തെ ഉപയോഗപ്പെടുത്തിയും ആയിരുന്നു അയാൾ ഇതു ചെയ്തതു്. 1915—ൽ അയാൾ ചക്രവർത്തിയാകാൻ ആഗ്രഹിക്കുകയും ജാപ്പനീസ് സാമ്രാജ്യവാദികളുടെ പിന്തുണനേടാൻവേണ്ടി, മുഴുവൻ ചൈനയേയും തങ്ങളുടെ ഒററയ്ക്കുള്ള നിയന്ത്രണത്തിൽ കൊണ്ടുവരാനുദ്ദേശിച്ച് ജപ്പാന്റെ 'ഇരുപത്തിയൊന്നു് ആവശ്യങ്ങൾ' അംഗീകരിക്കുകയും ചെയ്തു. ആ കൊല്ലം ഡിസമ്പറിൽതന്നെ അയാളുടെ സിംഹാസനാരോഹണത്തിനെതിരായി യുനാൻ പ്രവിശ്യയിൽ ഒരു കലാപമുണ്ടാകുകയും ദേശവ്യാപകമായ അനുകമ്പയും പിന്തുണയും അതു തൽക്ഷണം നേടുകയും ചെയ്തു. 1916 ജൂണിൽ യുവാൻഷി—കായ് പീക്കിങ്ങിൽവെച്ചു മരിച്ചു.

Scanned by CamScanner

15. ടുവാൻ ചി—ജുയ്, യുവാൻഷി—കായ്‌യുടെ ഒരു പഴയ കീഴ്ദ്യോഗസ്ഥനും വടക്കൻ യുദ്ധപ്രഭുക്കളുടെ ആൻഹ്വെയ് ക്ലിക്കിൻെറ തലവനമായിരുന്നു. യുവാൻെറ മരണത്തിനുശേഷം ഒന്നിലധികം പ്രാവശ്യം അയാരം പീക്കിങ്ങ്സർക്കാരിനെ തൻെറ നിയന്ത്രണത്തിലാക്കിയിരുന്നു.

16. പ്രോഗ്രസ്സീവ് പാർട്ടിയുടെ ഒരു ഭാഗവും ക്വമിന്താങ്ങിൻെറ ഒരു വിഭാഗവും കൂടിച്ചേർന്ന് 1916—ൽ അങ്ങേയററം വലതുപക്ഷ സ്വഭാവമുള്ള ഒരു രാഷ്ട്രീയ ശാസ്ത്രഗ്രൂപ്പ് രൂപീകരിക്കുകയുണ്ടായി. സർക്കാരുദ്യോഗങ്ങരം ആർത്തിയോടെ തട്ടിയെടുക്കാൻവേണ്ടി ഒരിക്കൽ തെക്കൻ യുദ്ധപ്രഭുക്കളുമായും മററുചിലപ്പോരം വടക്കൻ യുദ്ധപ്രഭുക്കളുമായും അതു് ചൂതാട്ടത്തിൽ ഏർപ്പെട്ടു. 1926—27—ലെ വടക്കൻ സൈനികനടപടിയുടെ കാലത്തു് ക്വാങ്ങ്ഫു, ചാങ്ങ്ചുൻ, യാങ്ങ്യുങ്ങ്—തായ് എന്നിവരെപ്പോലെയുള്ള അതിലെ ജാപ്പ്അനുകൂല അംഗങ്ങരം ചിയാങ്ങ് കെയ്—ഷെക്കുമായി കൂട്ടുചേരാൻ തുടങ്ങുകയും, തങ്ങളുടെ പിന്തിരിപ്പൻ രാഷ്ട്രീയാധികാരം ഉപയോഗിച്ചുകൊണ്ടു് ഒരു പ്രതിവിപ്ലവ ഭരണയന്ത്രത്തെ കെട്ടിപ്പടുക്കാൻ അയാളെ സഹായിക്കുകയും ചെയ്തു.

17, യുവജനപാർട്ടി—അതിനെ, ചൈനീസ് യുവജനപാർട്ടി അല്ലെങ്കിൽ 'ഇററാററിസ്റ്റ' പാർട്ടി എന്നും വിളിച്ചിരുന്നു—ഒരു കൈപ്പിടിയിൽ ഒതുങ്ങുന്ന നെറികെട്ട ഫാസിസ്റ്റ് രാഷ്ട്രീയക്കാരാൽ രൂപീകരിക്കപ്പെട്ടതായിരുന്നു. കമ്യൂണിസ്റ്റ്പാർട്ടിയേയും സോവിയററ് യൂണിയനേയും എതിർത്തുകൊണ്ടു പ്രതിവിപ്ലവ ഉപജീവന മാർഗ്ഗങ്ങരം തങ്ങരംക്കുവേണ്ടി അവർ ഉണ്ടാക്കുകയും അധികാരത്തിലുള്ള പിന്തിരപ്പന്മാരുടെ വിവിധ ഗ്രൂപ്പുകളിൽനിന്നും സാമ്രാജ്യവാദികളിൽനിന്നും പണം പററുകയും ചെയ്തു.

18. വടക്കൻ സൈനിക നടപടിയുടെ കാലത്തു് ഒരു കമ്യൂണിസ്റ്റ്കാരനായ ജനറൽ യങ്ങ്ടിങ്ങിനാൽ നയിക്കപ്പെട്ട ആ സ്വതന്ത്ര റജിമെൻറിനെപ്പററിയാണ് പ്രധാനമായും സഖാവ് മാവോ സെതുങ്ങ് ഇവിടെ പ്രതിപാദിക്കുന്നതു്. ''ചിങ്ങ് കാങ്ങ് പർവ്വതങ്ങളിലെ സമരം'' എന്ന കൃതിയിലെ 15—ാം കുറിപ്പു നോക്കുക. (1926—ലെ വടക്കൻ സൈനിക നടപടിയുടെ കാലത്തു് സഖാവ് യങ്ങ്ടിങ്ങ് ഒരു സ്വതന്ത്ര റജിമെൻറിനെ നയിച്ചിരുന്നു. കമ്യൂണിസ്റ്റുകാർ കാതലായിരുന്ന ആ റജിമെൻറു്, ഒരു തകർപ്പൻ ശക്തിയെന്നോണം പ്രസിദ്ധിയാർജ്ജിക്കുകയുണ്ടായി. വിപ്ലവ സേന വുച്ചാങ്ങ് പിടിച്ചടക്കിയശേഷം 24—ാംവിഭാഗമായും പിന്നീട് നാൻചാങ്ങ് കലാപത്തിനുശേഷം പതിനൊന്നാം സേനയായും അതു വിപുലീകരിക്കപ്പെടുകയും ചെയ്തു.)

19. ചിയാങ്ങ് കൈഷെക്കിൻെറയും വാങ്ങ്ചിങ്ങ്—വെയുടേയും പ്രതിവിപ്ലവത്തെ നേരിടാൻ വേണ്ടിയും 1924—27—ലെ വിപ്ലവം തുടർന്നുകൊണ്ടുപോകുവാൻ വേണ്ടിയും കമ്യൂണിസ്റ്റ്പാർട്ടിയാൽ നയിക്കപ്പെട്ട 1927 ആഗസ്റ്റ് 1—ൻെറ പ്രശസ്തിയാർജ്ജിച്ച കലാപത്തിൻെറ രംഗമായിരുന്നു ക്യാങ്ങ്സിപ്രവിശ്യയുടെ തലസ്ഥാനമായ നാൻചാങ്ങ്. മുപ്പതിനായിരത്തിൽപരം സൈനികർ ഈ കലാപത്തിൽ പങ്കെടുത്തു. ഇതു നയിച്ചതു് സഖാക്കരം ചൗ എൻ—ലായും ചുട്ടേയും ഹോലുങ്ങും യേടിങ്ങും ആയിരുന്നു. പ്ളാനനുസരിച്ചു് ഈ ഉയർത്തെഴുന്നേല്പിൻെറ സേന ആഗസ്റ്റ് 5—നു് നാൻ ചാങ്ങിൽനിന്നും പിന്മാറി. പക്ഷെ ക്വാങ്ങ്ടുങ്ങ്പ്രവിശ്യയിലെ ചോ ചൗവിന്നും സ്വാടോവിനുമടുത്തെത്തിയപ്പോരം അവർക്കു് ഒരു പരാജയം സംഭവിച്ചു. സഖാക്കരം ചുട്ടേ, ചെൻയി, ലിൻപിയാവോ എന്നിവരുടെ നേതൃത്വത്തിൽ സൈനികരുടെ ഒരു ഭാഗം പോരാടിക്കൊ

ണ്ടു് ചിങ്ങ്കാങ്ങ് പർവ്വതങ്ങളിലെത്തിച്ചേരുകയും സഖാവ് മാവോസെതുങ്ങിന്റെ നേതൃത്വത്തിലു ഒന്നാമത്തെ തൊഴിലാളികളുടേയും കർഷകരുടേയും വിപ്ലവസേനയുടെ ഞ്ഞാം ഡിവിഷനുമായി ഒന്നിക്കുകയുംചെയ്തു.

20. സഖാവു് മാവോ സെതുങ്ങിന്റെ നേതൃത്വത്തിലുള്ള പ്രസിദ്ധിയാർജ്ജിച്ച ശരത്കാല വിളവെടുപ്പുയർത്തെഴുന്നേല്പ് 1927 സെപ്റ്റംബറിലായിരുന്നു തൊടുത്തുവിട്ടതു്. ഹുനാൻ—ക്യാങ്ങ്സി അതിർത്തിയിലെ സിയുഷുയ്, പിങ്ങ്സിയാങ്ങ്, പിങ്ങ്ക്യാങ്ങ്, ല്യുയാങ്ങ് കൗണ്ടികളിലെ ജനകീയ സായുധ സേനകളായിരുന്നു ഇതു ചെയ്തതു്. ഇവരാണെങ്കിൽ ഒന്നാം തൊഴിലാളി—കർഷക വിപ്ലവസേനയുടെ ഒന്നാം ഡിവിഷനായി സംഘടിക്കുയും ചെയ്തു. ഈ സേനയെ ചിങ്ങ് കാങ്ങ് പർവ്വതങ്ങളിലേക്കു സഖാവു് മാവോ സെതുങ്ങ് നയിക്കുകയും അവിടെ ഒരു വിപ്ലവ താവള പ്രദേശം സ്ഥാപിക്കുകയും ചെയ്തു.

21. 1927ൽ ചിയാങ്ങ് കൈഷെക്കും വാങ്ങ് ചിങ്ങ്വെയും തുടരെത്തുടരെ വിപ്ലവത്തെ വഞ്ചിച്ചശേഷം വിവിധ സ്ഥലങ്ങളിലായി പ്രതിവിപ്ലവ സേനകൾക്കെതിരെ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ജനങ്ങൾ അഴിച്ചുവിട്ട തുടക്കത്തിലെ പ്രത്യാക്രമണങ്ങളായിരുന്നു ഇവ. 1927 ഡിസംബർ 11 നു കാന്റണിലെ തൊഴിലാളികളും വിപ്ലവകാരികളും വിപ്ലവകാരികളായ പട്ടാളക്കാരും ഒരു ഉയർത്തെഴുന്നേല്പ് സംഘടിപ്പിക്കാനായി ഒന്നിക്കുകയും ഒരു ജനകീയ രാഷ്ട്രീയാധികാരം സ്ഥാപിക്കുകയും ചെയ്തു. സാമ്രാജ്യത്വത്തിന്റെ പിന്തുണയുള്ള പ്രതിവിപ്ലവ ശക്തികൾക്കെതിരായി അവർ ഘോരമായി പൊരുതിയെങ്കിലും അവസാനത്തിൽ പരാജയമടയുകയാണുണ്ടായതു്. കാരണം ശത്രുവും അവരും തമ്മിലുള്ള ബലാബലത്തിൽ അത്രയേറെ അന്തരമുണ്ടായിരുന്നു.
ക്വാങ്ങ് ടുങ്ങ് പ്രവിശ്യയിലെ കിഴക്കൻ തീരപ്രദേശത്തെ ഹൈഫെങ്ങ്,
ലുഫെങ്ങ് എന്നിവിടങ്ങളിലെ കർഷകർ, കമ്യൂണിസ്റ്റ് പാർട്ടിയിലെ
ഒരംഗമായ സഖാവു് പെങ്ങ്പായുടെ നേതൃത്വത്തിൽ 1923—'25 വർഷ
ങ്ങളിൽ ശക്തിമത്തായ ഒരു വിപ്ലവ പ്രസ്ഥാനം ആരംഭിച്ചിരുന്നു. ചെൻ
ച്യുങ്ങ്—മിങ്ങിന്റെ നേതൃത്വത്തിലുള്ള പ്രതിവിപ്ലവ ക്ലിക്കിനെതിരായി
ദേശീയ വിപ്ലവസേന കാന്റണിൽ നിന്നാരംഭിച്ച രണ്ടു കിഴക്കൻ സൈ
നിക നടപടികളുടേയും വിജയത്തിനു് ഈ പ്രസ്ഥാനം വൻതോതിൽ സം
ഭാവന ചെയ്തു. ഈ കർഷകർ ചിയാങ്ങ് കൈഷെക്ക് 1927 ഏപ്രിൽ
12 നു് വിപ്ലവത്തെ വഞ്ചിച്ചശേഷം മൂന്നു കലാപങ്ങൾ (ഏപ്രിൽ, സെ
പ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ) സംഘടിപ്പിക്കുകയുണ്ടായി. മാത്ര
മല്ല, ഒരു വിപ്ലവ ഭരണാധികാരകേന്ദ്രം അവർ സ്ഥാപിക്കുകയും ചെയ്തു.
ഇതാണെങ്കിൽ 1928 ഏപ്രിൽവരെ നിലനിന്നു പോരികയും ചെയ്തു.
1927 സെപ്റ്റംബറിൽ ഹുനാൻ പ്രവിശ്യയുടെ കിഴക്കൻ ഭാഗങ്ങളിൽ ഉയ
ർത്തെഴുന്നേല്പിലേർപ്പെട്ട കർഷകർ ല്യുയാങ്ങ്, പിങ്ങ്ക്യാങ്ങ്, ലൈലി
ങ്ങ്, ച്യുചൌ എന്നീ സ്ഥലങ്ങളടങ്ങുന്ന ഒരു പ്രദേശം പിടിച്ചടക്കി. മിക്ക
വാറും അതേകാലത്തു വടക്കു കിഴക്കൻ ഹുപെയ് പ്രവിശ്യയിലെ സ്യാ
യോകാൻ, മച്ചെങ്ങ്, ഹ്വാൻഗാൻ എന്നീ സ്ഥലങ്ങളിൽ പതിനായിര
ക്കണക്കിലുള്ള കർഷകർ ഒരു സായുധ കലാപം സംഘടിപ്പിക്കുകയും മുപ്പ
തിലധികം ദിവസങ്ങളോളം ഹ്വാൻഗാൻ എന്ന ചെറുനഗരം കൈയടക്കി
വെക്കുകയും ചെയ്തു. തെക്കൻ ഹുനാനിലെ യിച്ചാങ്ങ്, ചെൻചൌലെ
യാങ്ങ്, യുങ്ങ്സിങ്ങ്, നെഹ്സിങ്ങ്, എന്നീ കൗണ്ടികളിലെ കർഷ
കർ 1928 ജനുവരിയിൽ സായുധരായി ഉണരുകയും ഒരു വിപ്ലവ ഭരണാ
ധികാരകേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. ഇതു മൂന്നുമാസങ്ങളോളം നില
നില്ക്കുകയുണ്ടായി.

22. 'ചൈനീസ് വിപ്ളവ യുദ്ധത്തിലെ തന്ത്രത്തിന്റെ പ്രശ്നങ്ങൾ' എന്ന സഖാവു് മാവോ സെതുങ്ങിന്റെ കൃതി നോക്കുക.

23. ഷാൻടുങ്ങ് പ്രവിശ്യയിലെ ഒരു ക്ഷമിന്താങ്ങ് യുദ്ധപ്രഭുവായിരുന്ന ഹാൻഫു-ച്യു. ഹുനാൻ പ്രവിശ്യയിൽ ചിയാങ്ങ് കൈഷെക്കിന്റെ സ്വന്തം പടകളെ നയിച്ചിരുന്ന മറ്റൊരു യുദ്ധപ്രഭുവായ ലി യുചി ആയിരുന്നു ജപ്പാനെതിരായ ചെറുത്തുനില്പു യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം ഹൊപെയിലെ പോട്ടിങ്ങ് പ്രദേശത്തിന്റെ പ്രതിരോധത്തിനു് ഉത്തരവാദിയായിരുന്നതു്. ഇവർ രണ്ടുപേരും ജപ്പാൻ സേനയെ നേരിട്ടതോടെ ഒരൊററ വെടിയുണ്ടപോലും ഉതിർക്കാതെ ഓടിപ്പോവുകയാണുണ്ടായതു്.

Scanned by CamScanner

# മെയ് നാല് പ്രസ്ഥാനം*

*1939 മെയ്*

ഇരുപതു വർഷങ്ങൾക്കു മുൻപ് 'മേയ് നാല് പ്രസ്ഥാനം', സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനും എതിരായ ചൈനയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ളവത്തിന്റെ ഒരു പുതിയ ഘട്ടത്തെ കുറിക്കുകയുണ്ടായി. മേയ് നാല് പ്രസ്ഥാനത്തിൽനിന്നും വളർന്നുവന്ന സാംസ്കാരിക പരിഷ്കരണ പ്രസ്ഥാനം ഈ വിപ്ളവത്തിന്റെ സമൂർത്തപ്രകടിതരൂപങ്ങളിൽ ഒന്നു മാത്രമായിരുന്നു. ആ കാലഘട്ടത്തിലെ പുതിയ സാമൂഹ്യ ശക്തികളുടെ വളർച്ചയോടും വികാസത്തോടുംകൂടെ ഒരു സുശക്തമായ ക്യാമ്പ്, തൊഴിലാളിവർഗ്ഗവും വിദ്യാർഥിസമൂഹവും പുതിയ ദേശീയ ബൂർഷ്വാസിയുമടങ്ങുന്ന ക്യാമ്പ്, ബൂർഷ്വാ ജനാധിപത്യ വിപ്ളവത്തിൽ പ്രത്യക്ഷപ്പെട്ടു. മേയ് 4 പ്രസ്ഥാനത്തിന്റെ കാലത്തോടടുപ്പിച്ച് ലക്ഷക്കണക്കിനു വിദ്യാർഥികൾ ധീരതയോടുകൂടി ആ വാഹനത്തിൽ സ്ഥലം പിടിച്ചു. ഈ അർഥത്തിൽ മേയ് നാല് പ്രസ്ഥാനം 1911—ലെ വിപ്ളവത്തിൽനിന്നും ഒരു പടി മുന്നോട്ടുപോയി.

ചൈനയിലെ ബൂർഷ്വാ ജനാധിപത്യവിപ്ളവം രൂപമെടുത്ത കാലഘട്ടം മുതലിങ്ങോട്ടുള്ള അതിന്റെ ഒരു രൂപരേഖ നാം എടുക്കുകയാണെങ്കിൽ, കറുപ്പുയുദ്ധം, തായ്പിങ്ങ് സ്വർഗ്ഗീയരാജ്യയുദ്ധം, 1894—ലെ ചൈനാ—ജാപ്പ് യുദ്ധം1, 1898—ലെ പരിഷ്കരണപ്രസ്ഥാനം2, യിഹോതുവാൻ പ്രസ്ഥാനം 3, 1911—ലെ വിപ്ളവം, മേയ് 4 പ്രസ്ഥാനം, വടക്കൻ പടനീക്കം, കാർഷിക വിപ്ളവയുദ്ധം എന്നീ വിവിധ ഘട്ടങ്ങളിൽ കൂടി അതു കടന്നുപോയിട്ടുള്ളതായി കാണാൻ കഴിയും. ജപ്പാനെതിരായുള്ള ഇപ്പോഴത്തെ ചെറുത്തുനില്പുയുദ്ധം—അതിൽ പിന്നീടുള്ള ഒരു ഘട്ടവും, ഇതുവരെയുള്ള എല്ലാ ഘട്ടങ്ങളിലുംവെച്ച് ഏററവും മഹത്തരവും ഏററവും തീക്ഷ്ണവും ഏററവും ഊർജ്ജസ്വലവുമായ ഒരു ഘട്ടവുമാണ്. വിദേശ സാമ്രാജ്യശക്തികളെയും നാട്ടിനുള്ളിലെ ഫ്യൂഡലിസത്തെയും അടിയോടെ മറിച്ചിടുകയും ഒരു സ്വതന്ത്ര ജനാധിപത്യ ഭരണകൂടം സ്ഥാപിക്കുകയും ചെയ്യുമ്പോൾ മാത്രമെ, ദേശീയ ബൂർഷ്വാ—ജനാധിപത്യ വിപ്ളവം സഫലീകൃതമായതായി കണക്കാക്കാൻ പററുകയുള്ളു. വിപ്ളവത്തിന്റെ വികാസത്തിൽ, കറുപ്പുയുദ്ധം മുതലിങ്ങോട്ടുള്ള ഓരോ ഘട്ടങ്ങൾക്കും അതിന്റേതായ വ്യതിരിക്ത സ്വഭാവവിശേഷങ്ങളുണ്ടായിരുന്നിട്ടുണ്ട്. പക്ഷെ അവയെ വിവേചിച്ചുകാണിക്കുന്ന ഏററവും പ്രധാനപ്പെട്ട സ്വഭാവ വിശേഷത, അവ സംഭവിച്ചതു് കമ്യൂണിസ്റ്റ്പാർട്ടിയുടെ ഉദയത്തിനു മുൻപോ പിമ്പോ എന്നതാണ്. എങ്ങിനെയായാലും മൊത്തത്തിൽ എടുത്താൽ ആ ഘട്ടങ്ങളെല്ലാം ബൂർഷ്വാ—ജനാധിപത്യ വിപ്ളവത്തിന്റെ ലക്ഷ്യം, ചൈനീസ് ചരിത്രത്തിൽ ഇന്നുവരെ അറിയപ്പെട്ടിട്ടില്ലാത്ത ഒരു ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥ മുൻഗാമിയായിട്ടുള്ളതും (കഴിഞ്ഞ

---

* മെയ് 4 പ്രസ്ഥാനത്തിന്റെ ഇരുപതാം വാർഷികത്തിന്റെ അഭിവാദനാശംസക്കായി യെനാനിലെ പത്രങ്ങൾക്കുവേണ്ടി സ: മാവോ സെതുങ്ങ് എഴുതിയതാണ് ഈ ലേഖനം.

Scanned by CamScanner

ഒരു ശതാബ്ദക്കാലമായി അർദ്ധ കൊളോണിയൽ, അർദ്ധ ഫ്യൂഡൽ സമൂഹം) സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥിതി പിൻഗാമിയായിവരുന്നതുമായ ഒരു ജനാധിപത്യ സാമൂഹ്യ വ്യവസ്ഥിതി സ്ഥാപിക്കുക എന്നുള്ളതാണ്. എന്തുകൊണ്ട് ഒരു കമ്യൂണിസ്റ്റുകാരൻ ആദ്യം ഒരു ബൂർഷ്വാ ജനാധിപത്യ സാമൂഹ്യക്രമത്തിനുവേണ്ടിയും പിന്നീട് ഒരു സോഷ്യലിസ്റ്റ് സമൂഹത്തിനുവേണ്ടിയും പരിശ്രമിക്കുന്നു എന്നു ചോദിച്ചാൽ അതിനുള്ള നമ്മുടെ മറുപടി ഞങ്ങൾ ചരിത്രത്തിൻെറ അനിവാര്യമായ ഗതിയെ പിന്തുടരുന്നു എന്നുള്ളതാണ്.

ചൈനയുടെ ജനാധിപത്യവിപ്ളവം അതിൻെറ വിജയത്തിനു വേണ്ടി നിയത സാമൂഹ്യശക്തികളെ ആശ്രയിക്കുന്നു. തൊഴിലാളിവർഗ്ഗവും കർഷകജനതയും ബുദ്ധിജീവികളും ബൂർഷ്വാസിയിലെ പുരോഗമന വിഭാഗവും ആകുന്ന ആ സാമൂഹ്യശക്തികൾ. അതായത് വിപ്ളവകാരികളായ തൊഴിലാളികൾ, കർഷകർ, സൈനികർ, വിദ്യാർത്ഥികളും ബുദ്ധിജീവികളും, വ്യവസായികൾ എന്നിവരും അവരുടെ അടിസ്ഥാന വിപ്ളവശക്തിയായി തൊഴിലാളികളും കർഷകരും, വിപ്ളവത്തിനു ഒരു വർഗ്ഗമെന്ന നിലയിൽ നേതൃത്വം കൊടുക്കുന്ന തൊഴിലാളികളും അടങ്ങിയ സാമൂഹ്യശക്തികളാണവ. സാമ്രാജ്യത്വവിരുദ്ധ, ഫ്യൂഡൽ വിരുദ്ധ ജനാധിപത്യവിപ്ളവം സാക്ഷാത്കരിക്കുന്നതിനു ഈ അടിസ്ഥാന വിപ്ളവശക്തികൾ കൂടാതെയും തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വം ഇല്ലാതെയും സാധ്യമല്ല. ഇന്നു വിപ്ളവത്തിൻെറ പ്രധാന ശത്രുക്കൾ ജാപ്പ് സാമ്രാജ്യവാദികളും ചൈനീസ് രാജ്യദ്രോഹികളും ആണ്. വിപ്ലവത്തിനു ഒരു വർഗ്ഗമെന്ന നിലയിൽ നേതൃത്വം കൊടുക്കുന്ന തൊഴിലാളികളും അടങ്ങിയ സമൂഹശക്തികളാണവ. സാമ്രാജ്യത്വവിരുദ്ധ, ഫ്യൂഡൽ വിരുദ്ധ ജനാധിപത്യവിപ്ലവം സാക്ഷാത്കരിക്കുന്നതിനു ഈ ഈ അടിസ്ഥാന വിപ്ലവശക്തികൾകൂടാതെയും തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വം ഇല്ലാതെയും സാദ്ധ്യമല്ല. ഇന്നു വിപ്ലവത്തിൻെറ പ്രധാന ശത്രുക്കൾ ജാപ്പസാമ്രാജ്യവാദികളും ചൈനീസ് രാജ്യദ്രോഹികളുമാണ്. വിപ്ളവത്തിൻെറ അടിസ്ഥാനനയമാകട്ടെ എല്ലാ തൊഴിലാളികളും കർഷകരും സൈനികരും വിദ്യാർത്ഥികളും ബുദ്ധിജീവികളും ജാപ്പ് ആക്രമണത്തെ എതിർക്കുന്ന വ്യവസായികളും അടങ്ങുന്ന ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയുടെ നയമാകുന്നു. ഈ ഐക്യമുന്നണി വമ്പിച്ച തോതിൽ സുദൃഢവും വികസിതവും ആകുന്നതോടെ ചെറുത്തുനില്പുയുദ്ധം അന്തിമവിജയം നേടും.

ചൈനയിലെ ദേശീയ വിപ്ലവപ്രസ്ഥാനത്തിൽ ബുദ്ധിജീവികളാണ് ആദ്യമായി തട്ടിയുണർത്തപ്പെട്ടതു്. 1911 ലെ വിപ്ലവവും മെയ് 4 പ്രസ്ഥാനവും ഇക്കാര്യം വ്യക്തമാക്കുകയുണ്ടായി. 1911 ലെ വിപ്ലവകാലത്തേക്കാളും, മെയ് 4 പ്രസ്ഥാനത്തിൻെറ ദിനങ്ങളിൽ ബുദ്ധിജീവികൾ ഏറെ സംഖ്യയിൽ ഉള്ളവരും കൂടുതൽ രാഷ്ട്രീയബോധമുള്ളവരും ആയിരുന്നു. പക്ഷേ തൊഴിലാളികളും കർഷകരുമായി സ്വയം അലിഞ്ഞുചേരാൻ കഴിയാത്തപക്ഷം ബുദ്ധിജീവികൾക്കു് ഒന്നും സാക്ഷാത്കരിക്കാനാവുകയില്ല. അന്തിമവിശകലനത്തിൽ വിപ്ലവകാരികളായ ബുദ്ധിജീവികളേയും വിപ്ലവകാരികളല്ലാത്തവരോ പ്രതിവിപ്ലവകാരികളോ ആയ ബുദ്ധിജീവികളേയും തമ്മിൽ വേർതിരിക്കുന്ന രേഖ അവർ തൊഴിലാളികളും കർഷകരുമായി സ്വയം അലിഞ്ഞുചേരാൻ തയ്യാറാവുകയും, അങ്ങനെ യഥാർത്ഥത്തിൽ അലിഞ്ഞുചേരുകയും ചെയ്യുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ്. അവസാനമായി ഇതൊന്നു തന്നെയാണ്, അല്ലാതെ മൂന്നു ജനകീയ തത്വങ്ങളിലോ, മാർക്സിസത്തിലോ വിശ്വസി

Scanned by CamScanner

കുന്നു എന്നു പറയുന്നതല്ല ഒന്നിനെ മറ്റൊന്നിൽനിന്നും വ്യതിരിക്തമാക്കുന്നതു്. തൊഴിലാളികളും കർഷകരുമായി സ്വയം അലിഞ്ഞുചേരാൻ തയ്യാറാവുകയും വാസ്തവത്തിൽ അങ്ങനെ ചെയ്യുകയും ചെയ്യുന്നവനാണു് വിപ്ളവകാരി.

ഇപ്പോൾ മെയ് 4 പ്രസ്ഥാനത്തിനുശേഷം ഇരുപതു വർഷവും ജാപ്പ്‌വിരുദ്ധ യുദ്ധം പൊട്ടിപ്പുറപ്പെട്ടിട്ടു് മിക്കവാറും രണ്ടു വർഷവും ആയിരിക്കുന്നു. മുഴുവൻ രാജ്യത്തേയും ചെറുപ്പക്കാർക്കും സാംസ്ക്കാരിക വൃത്തങ്ങൾക്കും ജനാധിപത്യ വിപ്ളവം, ചെറുത്തുനില്പുയുദ്ധം എന്നിവയിൽ ഭാരിച്ച ചുമതലകളുണ്ടു്. അവർ ചൈനീസ് വിപ്ളവത്തേയും പ്രേരകശക്തികളേയും മനസ്സിലാക്കുകയും തൊഴിലാളികളേയും കർഷകരേയും സേവിക്കുന്നതു് തങ്ങളുടെ പ്രവർത്തനമാക്കുകയും അവരുടെ ഇടയിലേക്കു് ഇറങ്ങിച്ചെല്ലുകയും അവരുടെ ഇടയിൽ പ്രചാരകരും സംഘാടകരുമായിതീരുമെന്നും ഞാൻ പ്രത്യാശിക്കുന്നു. ജനതയാകെ ജപ്പാനെതിരായി ഉണർന്നെഴുന്നേല്ക്കുന്നതോടെ വിജയം നമ്മുടേതായിത്തീരും. രാജ്യമാസകലമുള്ള ചെറുപ്പക്കാരേ! ത്വരിപ്പിക്കുന്നവർ നിങ്ങൾതന്നെയാവുക.

## കുറിപ്പുകൾ

1. കൊറിയയേയും ചൈനയേയും ആക്രമിച്ചു കീഴടക്കുന്നതിനുവേണ്ടി ജാപ്പ സാമ്രാജ്യത്വം 1894 ലെ ചൈനാ—ജാപ്പയുദ്ധം ആരംഭിച്ചു. വളരെയധികം ചൈനീസ് ഭടന്മാരും രാജ്യസ്നേഹികളായ ചില സേനാനായകരും വീരോചിതമായി അടരാടി. എന്നാൽ ചിങ് സർക്കാരിന്റെ അഴിമതിയും ചെറുത്തുനില്പു തയ്യാറെടുപ്പിൽ അതു വരുത്തിയ വീഴ്ചയുംമൂലം ചൈനക്കു തോൽവിസംഭവിച്ചു. 1895—ൽ ചിങ് സർക്കാർ ജപ്പാനുമായി നാണംകെട്ട ഷിമോനോ സാക്കി ഉടമ്പടിയുണ്ടാക്കി.

2. 1898—ലെ പരിഷ്ക്കരണ പ്രസ്ഥാനത്തെ സംബന്ധിച്ചു് ഇതേ വാല്യത്തിലുള്ള ''സുദീർഘയുദ്ധം'' എന്ന ലേഖനത്തിന്റെ 8—ാം കുറിപ്പ് നോക്കുക.

3. 1900—ൽ ഉത്തരചൈനയിലുണ്ടായ സാമ്രാജ്യത്വവിരുദ്ധ സായുധസമരമാണു് യിഹോ ട്വാൻ പ്രസ്ഥാനം. കർഷകരും കരകൗശലവേലക്കാരും മറ്റുള്ളവരുമടങ്ങിയ വിശാലബഹുജനവിഭാഗങ്ങൾ ഈ പ്രസ്ഥാനത്തിൽ ഭാഗഭാക്കുകളായി. അമേരിക്കൻ ഐക്യനാടുകൾ, ബ്രിട്ടൻ, ജപ്പാൻ, ജർമ്മനി, റഷ്യ, ഫ്രാൻസ്, ഇററലി, ആസ്ത്രിയ എന്നീ എട്ടു സാമ്രാജ്യത്വശക്തികൾക്കെതിരായി മതപരവും മറ്റുമായ മാർഗ്ഗങ്ങളിലൂടെയും,, തമ്മിൽ തമ്മിൽ ബന്ധപ്പെട്ടുകൊണ്ടു് ചെറിയ രഹസ്യസംഘങ്ങളുടെ അടിസ്ഥാനത്തിൽ അവർ സ്വയം സംഘടിക്കുകയും ധീരോദാത്തമായി സമരം ചെയ്യുകയും ചെയ്തു. സംയുക്ത ആക്രമണസൈന്യങ്ങൾ ടിയൻസീനും പീക്കിങ്ങും പിടിച്ചടക്കിയശേഷം വിവരണാതീതമായ മൃഗീയതയോടുകൂടി ഈ പ്രസ്ഥാനം അടിച്ചമർത്തപ്പെട്ടു.

Scanned by CamScanner

# യുവജനപ്രസ്ഥാനത്തിന്റെ നിലപാട്*

*1939 മെയ് 4*

ഇന്ന് മെയ് 4 പ്രസ്ഥാനത്തിന്റെ ഇരുപതാം വാർഷികദിനമാണ്. യെനാനിലെ യുവജനങ്ങളെല്ലാം അഭിവാദനയോഗത്തിനായി ഇവിടെ കൂടിയിട്ടുണ്ട്. അതുകൊണ്ട് ചൈനയിലെ യുവജനപ്രസ്ഥാനത്തിന്റെ നിലപാടിനെ സംബന്ധിക്കുന്ന ചില പ്രശ്നങ്ങളെപ്പററി ഈ അവസരത്തിൽ ഞാൻ സംസാരിക്കാം.

ഒന്നാമതായി, ഇപ്പോൾ മെയ് 4 ചൈനയുടെ യുവജനദിനമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു; അത് അങ്ങിനെതന്നെയാണു താനും. മെയ് 4 പ്രസ്ഥാനത്തിനുശേഷം 20 വർഷങ്ങൾ കടന്നുപോയിരിക്കുന്നു. എന്നിട്ടും ഇപ്പോൾ മാത്രമാണ് ആ ദിനം ദേശീയ യുവജനദിനമായി അംഗീകരിക്കപ്പെട്ടതു്. ഇതു് വളരെ പ്രാമുഖ്യമുള്ള ഒരു വസ്തുതയാണ്. കാരണം ഇതു് സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായ ചൈനീസ് ജനകീയ ജനാധിപത്യവിപ്ലവം ഉടൻതന്നെ പുതിയ ഒരു വഴിത്തിരിവിലെത്തുമെന്നതു് ചൂണ്ടിക്കാണിക്കുന്നു. ഈ വിപ്ലവം പല ദശകങ്ങളായി ആവർത്തിച്ചുള്ള പരാജയങ്ങളെ അതിജീവിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ അതിനു് മാററം ഉണ്ടായിതന്നെ തീരണം—വിജയത്തിനുവേണ്ടിയുള്ള മാററം, അല്ലാതെ പരാജയത്തിനുവേണ്ടിയുള്ള മാററമല്ല. ചൈനീസ് വിപ്ലവം ഇപ്പോൾ മുന്നേറുകയാണ്; വിജയത്തിലേക്കു മുന്നേറുകയാണ്. കഴിഞ്ഞ കാലങ്ങളിൽ ആവർത്തിക്കപ്പെട്ടിട്ടുള്ള പരാജയങ്ങൾ പുനരാവർത്തിക്കാൻ അനുവദിക്കരുതു്. ആ പരാജയങ്ങൾ വിജയങ്ങളായി മാററുകതന്നെ വേണം. പക്ഷെ ആ മാററം ഉണ്ടായിക്കഴിഞ്ഞുവോ? ഇല്ല; അതുണ്ടായിട്ടില്ല; എന്നാൽ നമ്മൾ വിജയം നേടിക്കഴിഞ്ഞിട്ടുമില്ല. എന്നാൽ വിജയം നേടാൻ കഴിയും. കൃത്യമായി പറഞ്ഞാൽ ഇന്നത്തെ ജാപ്പവിരുദ്ധ ചെറുത്തുനില്പുയുദ്ധത്തിൽ നമ്മൾ ശ്രമിക്കുന്നതു് പരാജയത്തിൽനിന്നു് വിജയത്തിലേക്കു തിരിയുന്ന ബിന്ദുവിൽ എത്തിച്ചേരാനാണ്. ദേശീയ വഞ്ചനയുടേതായ ഒരു സർക്കാരിനെതിരെ, സാമ്രാജ്യത്വവുമായി ഗൂഢാലോചന നടത്തിയ, ദേശീയ താല്പര്യങ്ങളെ വിററുമാറിയ ഒരു സർക്കാരിനെതിരെ ഉന്നംവെച്ചുള്ളതായിരുന്നു മെയ് 4 പ്രസ്ഥാനം. അത്തരം ഒരു സർക്കാരിനെ എതിർക്കുകയെന്നതു് ആവശ്യമായിരുന്നില്ലേ? അതാവശ്യമല്ലായിരുന്നെങ്കിൽ മെയ് 4 പ്രസ്ഥാനം ഒരു

---

* മെയ് 4 പ്രസ്ഥാനത്തിന്റെ ഇരുപതാം വാർഷികാചരണത്തോടനുബന്ധിച്ച് യെനാനിൽ കൂടിയ യുവജനവിഭാഗങ്ങളുടെ പൊതുയോഗത്തിലാണ് സ: മാവോ സെതുങ് ഈ പ്രസംഗം നടത്തിയതു്. ഇതു് ചൈനീസ് വിപ്ലവത്തിന്റെ പ്രശ്നത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ ആശയങ്ങളിലുണ്ടായ ഒരു വികാസത്തെ പ്രതിനിധീകരിക്കുന്നു.

Scanned by CamScanner

തെററുതന്നെയായിരുന്നു. അത്തരം ഒരു സർക്കാർ എതിർക്കപ്പെടേണ്ടതാണെന്നതും അത്തരം ഒരു സർക്കാർ വലിച്ചെറിയപ്പെടേണ്ടതാണെന്നതും വ്യക്തമാണ്. മെയ് 4 പ്രസ്ഥാനത്തിനും വളരെ മുമ്പ്, അന്നുണ്ടായിരുന്ന സർക്കാരിനെതിരെ ഡോ: സൺയാററ്—സെൻ ഒരു കലാപകാരിയായിത്തീർന്നിരുന്ന എന്നകാര്യം ഒന്നോർത്തുനോക്കൂ. അദ്ദേഹം ചിങ്ങ് സർക്കാരിനെ എതിർക്കുകയും അതിനെ മറിച്ചിടുകയും ചെയ്തു. അദ്ദേഹം അങ്ങിനെ ചെയ്തത് ശരിയായിരുന്നില്ലേ? എന്റെ അഭിപ്രായത്തിൽ അദ്ദേഹം തികച്ചും ശരിയാണു പ്രവർത്തിച്ചത്. കാരണം, അദ്ദേഹം എതിർത്തിരുന്ന ആ സർക്കാർ സാമ്രാജ്യത്വത്തെ ചെറുത്തതേയില്ല, മറിച്ച് അതുമായി ഗൂഢാലോചന നടത്തുകയാണ് ചെയ്തത്. അതൊരു വിപ്ളവസർക്കാർ അല്ല, മറിച്ച് വിപ്ളവത്തെ അടിച്ചമർത്തുന്ന ഒരു സർക്കാരായിരുന്നു. മെയ് 4 പ്രസ്ഥാനം ഒരു വിപ്ളവ പ്രസ്ഥാനമായിരുന്നു; അതു് ദേശീയവഞ്ചന നടത്തിയ ഒരു സർക്കാരിനെ എതിർത്തിരുന്നു എന്നതാണ് ചുരുക്കത്തിൽ അതിന്റെ കാരണം. ചൈനയിലെ യുവജനങ്ങൾ മെയ് 4 പ്രസ്ഥാനത്തെ ഈ വെളിച്ചത്തിൽ കാണേണ്ടതുണ്ട്. ജപ്പാനെ ചെറുക്കാൻ മുഴുവൻ ദേശവും രണോത്സുകമായി ഉണർന്നെഴുന്നേററിരിക്കേ, ഇന്നു് നമ്മൾ ജാപ്പ് സാമ്രാജ്യത്വത്തെ പരാജയപ്പെടുത്തുന്നതിൽ ദൃഢനിശ്ചയമുള്ളവരാണ്. ദേശദ്രോഹികളെ നാം പൊറുപ്പിക്കുകയോ, വിപ്ളവം ഇനിയും പരാജയപ്പെടാൻ അനുവദിക്കുകയോ ചെയ്യില്ല. കാരണം, അതിന്റെ ഗതകാല പരാജയങ്ങളിൽനിന്നു് നാം മുന്നറിവ് നേടിയിട്ടുണ്ട്. ചില അപവാദങ്ങളൊഴിച്ച്, ചൈനയിലെ മുഴുവൻ യുവജനങ്ങളും ഉണരുകയും, വിജയം നേടാൻ മനസ്സുറപ്പിക്കുകയും ചെയ്തിരിക്കുന്നു. മേയ് 4 യുവജനദിനമായി അംഗീകരിക്കപ്പെട്ടതിൽ അതാണ് പ്രതിഫലിക്കുന്നതു്. നാം വിജയത്തിലേക്കുള്ള പാതയിലൂടെ മുന്നേറുകയാണ്. മുഴുവൻ ജനങ്ങളും അക്ഷീണം പരിശ്രമിക്കുകയാണെങ്കിൽ ചെറുത്തുനില്പുയുദ്ധത്തിലൂടെ ചൈനീസ് വിപ്ളവം വിജയശ്രീലാളിതമാകുകതന്നെ ചെയ്യും.

രണ്ടാമതായി, ചൈനീസ് വിപ്ളവം എന്തിനെതിരായിട്ടാണ് തിരിച്ചുവിടപ്പെട്ടിരിക്കുന്നതു്? വിപ്ളവത്തിന്റെ ഉന്നങ്ങളെന്തൊക്കെയാണ്? എല്ലാപേർക്കും അറിയാവുന്നതുപോലെ സാമ്രാജ്യത്വമാണ് ഒരു ഉന്നം. മറെറാന്നു് ഫ്യൂഡലിസവും. ഈ സന്ദർഭത്തിൽ, വിപ്ളവത്തിന്റെ ഉന്നങ്ങളേതാണ്? ഒന്നു് ജാപ്പ് സാമ്രാജ്യത്വവും, മറെറാന്നു് ശത്രുവിന്റെ ചൈനയിലെ കൂട്ടായ്മക്കാരും. നമ്മുടെ വിപ്ളവം സൃഷ്ടിക്കുന്നതിനു് നമ്മൾ ജാപ്പ് സാമ്രാജ്യത്വത്തേയും ചൈനയിലെ ദേശദ്രോഹികളേയും തുരത്തെറിഞ്ഞേ തീരൂ. ആരാണ് വിപ്ളവത്തിന്റെ സൃഷ്ടികർത്താക്കൾ? അതിന്റെ മുഖ്യശക്തി ഏതാണ്? ചൈനയിലെ സാമാന്യജനതതന്നെ. തൊഴിലാളിവർഗ്ഗവും കർഷകജനതയും മററു വർഗ്ഗങ്ങളിലെ സാമ്രാജ്യത്വത്തേയും ഫ്യൂഡലിസത്തേയും എതിർക്കാൻ തയ്യാറുള്ള മുഴുവൻ അംഗങ്ങളും ആണ് വിപ്ളവത്തിന്റെ പ്രേരകശക്തികൾ. സാമ്രാജ്യത്വത്തേയും, ഫ്യൂഡലിസത്തേയും എതിരിടുന്ന വിപ്ളവശക്തികൾ ഇവയാണ്. എന്നാൽ ഇങ്ങിനെ അനവധി ഉള്ളതിൽതന്നെ അടിസ്ഥാന ശക്തി, വിപ്ളവത്തിന്റെ നട്ടെല്ല് ആരാണ്? രാഷ്ട്രത്തിന്റെ ജനസംഖ്യയിൽ 90 ശതമാനം വരുന്ന തൊഴിലാളികളും കർഷകരുമാണ് അതു്. ചൈനീസ് വിപ്ളവത്തിന്റെ സ്വഭാവം എന്താണ്? ഏതു് ഇനം വിപ്ളവമാണ് നാമിന്നു് സൃഷ്ടിക്കുന്നതു്? ഇന്നു് നമ്മൾ ഒരു ബൂർഷ്വാജനാധിപത്യ വിപ്ളവമാണ് നടത്തുന്നതു്. നാം ചെയ്യുന്നതൊന്നും അതിന്റെ പരിധിക്കപ്പുറം പോകുന്നില്ല. നാമിന്നു് സ്വകാര്യ

സ്വത്തിന്റേതായ ബൂർഷ്വാ വ്യവസ്ഥിതിയെ ആകത്തുകയിൽ തകർക്കാൻ പാടില്ല. നാം തകർക്കാനാഗ്രഹിക്കുന്നതു് സാമ്രാജ്യത്വത്തേയും ഫ്യൂഡലിസത്തേയുമാണ്. ഇതാണ് ബൂർഷ്വാ ദേശീയ വിപ്ലവമെന്നതുകൊണ്ട് നാം അർത്ഥമാക്കുന്നതു്. പക്ഷെ അതു് നേടിയെടുക്കുക എന്നുള്ളതു് ബൂർഷ്വാസിയുടെ കഴിവിനപ്പുറമാണ്, അതിനു് തൊഴിലാളികളുടേയും വിശാല ബഹുജന വിഭാഗങ്ങളുടേയും യത്നത്തിൽ ആശ്രയിക്കേണ്ടതുണ്ട്. ഈ വിപ്ലവത്തിന്റെ ലക്ഷ്യമെന്താണ്? സാമ്രാജ്യത്വത്തേയും ഫ്യൂഡലിസത്തേയും മറിച്ചിടുകയും ഒരു ജനകീയ ജനാധിപത്യ പരമാധികാര രാഷ്ട്രം സ്ഥാപിക്കുകയും ചെയ്യുക. ജനകീയ ജനാധിപത്യ പരമാധികാര രാഷ്ട്രം എന്നതുകൊണ്ടർത്ഥമാക്കുന്നതു് വിപ്ലവാത്മകമായ മൂന്നു ജനകീയതത്വങ്ങളിലധിഷ്ഠിതമായഒരു പരമാധികാര രാഷ്ട്രമെന്നാണ്. ഇന്നത്തെ അർദ്ധ കൊളോണിയലും അർദ്ധ-ഫ്യൂഡലുമായ ഭരണകൂടം, ഭാവിയിലെ സോഷ്യലിസ്റ്റു വ്യവസ്ഥിതി എന്നിവ രണ്ടിൽനിന്നും അതു് വിഭിന്നമായിരിക്കും. സോഷ്യലിസ്റ്റ് സമൂഹത്തിൽ മുതലാളിമാർക്കു് സ്ഥാനമേയില്ല, എന്നാൽ ജനകീയ ജനാധിപത്യ വ്യവസ്ഥിതിയിൽ അവർക്കു് ഇടം അനുവദിക്കേണ്ടതുണ്ട്. ചൈനയിൽ മുതലാളിമാർക്കു് എന്നുമെന്നും സ്ഥാനമുണ്ടായിരിക്കുമോ? ഇല്ല, ഭാവിയിൽ തീർച്ചയായിട്ടുമില്ല. ഇതു് ചൈനയെ സംബന്ധിച്ചതു മാത്രമല്ല മുഴുവൻ ലോകത്തെ സംബന്ധിച്ചും സത്യമാണ്. ഭാവിയിൽ ബ്രിട്ടണിലായാലും അമേരിക്കൻ ഐക്യനാടുകളിലായാലും ഫ്രാൻസിലായാലും ജപ്പാനിലായാലും ജർമ്മനിയിലൊ ഇററലിയിലൊ ആയാലും ലോകത്തു് ഒരു രാജ്യത്തിലും മുതലാളിമാർക്കു് യാതൊരു സ്ഥാനവും ഉണ്ടായിരിക്കുകയില്ല; ചൈനയും ഒരപവാദമായിരിക്കുകയില്ല. സോഷ്യലിസം സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ള രാഷ്ട്രമാണ് സോവിയററു യൂണിയൻ, സംശയലേശമന്യേ ലോകമാകെ അതിന്റെ മാതൃക പിന്തുടരും. ചൈന ഭാവിയിൽ തീർച്ചയായും സോഷ്യലിസത്തിൽ എത്തും. അതു തടയപ്പെടാൻ കഴിയാത്ത ഒരു നിയമമാണ്. പക്ഷെ ഇന്നത്തെ ഘട്ടത്തിൽ നമ്മുടെ കടമ സോഷ്യലിസം പ്രയോഗത്തിൽ വരുത്തലല്ല, മറിച്ചു് സാമ്രാജ്യത്വത്തെയും ഫ്യൂഡലിസത്തെയും നശിപ്പിക്കുകയും ചൈനയുടെ ഇന്നത്തെ അർദ്ധ കൊളോണിയൽ, അർദ്ധ ഫ്യൂഡൽനില മാററിയെടുക്കുകയും ജനകീയ ജനാധിപത്യം സ്ഥാപിക്കുകയുമാണ്. ഇതിനുവേണ്ടി രാജ്യമെമ്പാടുമുള്ള യുവജനങ്ങൾ പരിശ്രമിക്കേണ്ടതുണ്ട്.

മൂന്നാമതായി, ചൈനീസ് വിപ്ലവത്തിന്റെ പാഠങ്ങൾ എന്തൊക്കെയാണ്? ഈ പ്രശ്നവും നമ്മുടെ യുവജനങ്ങൾ മനസ്സിലാക്കേണ്ട പ്രധാനമായ ഒരു പ്രശ്നമാണ്. കൃത്യമായി പറഞ്ഞാൽ, സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായിട്ടുള്ള ചൈനയുടെ ബൂർഷ്വാ ജനാധിപത്യ വിപ്ലവം ഡോ: സൺയാററ്സൺ തുടങ്ങിവെച്ചതും കഴിഞ്ഞ അമ്പതിലേറെ വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. ചൈനക്കെതിരായുള്ള വിദേശീയ മുതലാളിത്ത കടന്നാക്രമണമാണെങ്കിൽ ഏകദേശം നൂറു വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുകയാണ്. ആ നൂറു വർഷങ്ങളിൽ ആദ്യം ബ്രിട്ടീഷ് ആക്രമണത്തിനെതിരായി കറുപ്പുയുദ്ധമുണ്ടായി. പിന്നീട് തായ്പിങ്ങ് സ്വർഗ്ഗരാജ്യയുദ്ധവും അതിൽ പിന്നീട് 1894ലെ ചൈന—ജപ്പാൻയുദ്ധം, 1898 ലെ പരിഷ്കരണപ്രസ്ഥാനം, യീഹോടാൻ പ്രസ്ഥാനം, 1911 ലെ വിപ്ലവം, മെയ് 4 പ്രസ്ഥാനം, വടക്കൻ പടനീക്കം, ചുവപ്പുസേന നടത്തിയ യുദ്ധം എന്നിവയുണ്ടായി. ഈ സമരങ്ങളെല്ലാം ഒന്നിനൊന്നു വ്യത്യസ്തമായിരുന്നെങ്കിൽകൂടിയും അതിനെല്ലാം തന്നെ വിദേശശത്രുവിനെ ആട്ടിപ്പായിക്കുക അല്ലെങ്കിൽ നിലവിലുള്ള

പരിതസ്ഥിതികളെ മാററുക എന്ന ലക്ഷ്യം ഉണ്ടായിരുന്നു. എന്തായിരുന്നാലും ഡോ: സൺയാററ്സനോടുകൂടി മാത്രമാണ്, ഏറെക്കുറെ വ്യക്തമായും നിർവ്വചിക്കപ്പെട്ട ബൂർഷ്വാ ജനാധിപത്യ വിപ്ലവം ആരംഭിച്ചത്. ഡാ: സൺയാററ്സൺ തുടങ്ങിവെച്ച വിപ്ലവത്തിനു് കഴിഞ്ഞ അമ്പതു് വർഷങ്ങളിൽ വിജയങ്ങളും പരാജയങ്ങളും ഉണ്ടായിട്ടുണ്ട്. 1911 ലെ വിപ്ലവം ഒരു വിജയമല്ലായിരുന്നോ? അതു് ചക്രവർത്തിയെ കെട്ടുകെട്ടിച്ചില്ലേ? എങ്കിലും ചക്രവർത്തിയെ കെട്ടുകെട്ടിച്ചപ്പോഴുംതന്നെ ചൈനയെ സാമ്രാജ്യത്വത്തിന്റെയും ഫ്യൂഡലിസത്തിന്റെയും അടിച്ചമർത്തലുകൾക്ക് വിട്ടുകൊടുക്കുകയും അങ്ങിനെ സാമ്രാജ്യത്വവിരുദ്ധ, ഫ്യൂഡൽ വിരുദ്ധ വിപ്ലവത്തിന്റെ കടമ സഫലീകരിക്കപ്പെടാതെ അവശേഷിക്കുകയും ചെയ്തു എന്ന അർത്ഥത്തിൽ അതൊരു പരാജയമായിരുന്നു. മേയ് 4 പ്രസ്ഥാനത്തിന്റെ ഉദ്ദേശമെന്തായിരുന്നു? അതിന്റെ ഉദ്ദേശവും ഇതുപോലെ സാമ്രാജ്യത്വത്തേയും ഫ്യൂഡലിസത്തേയും തുരത്തെറിയുക എന്നതായിരുന്നു. പക്ഷെ അതു് പരാജയപ്പെട്ടു. ചൈന ഇപ്പോഴും സാമ്രാജ്യത്വത്തിന്റെയും ഫ്യൂഡലിസത്തിന്റെയും ഭരണത്തിൽതന്നെ കഴിയുന്നു. വടക്കൻ പടനീക്കം എന്ന പേരിലറിയപ്പെടുന്ന വിപ്ളവത്തിന്റെ കാര്യത്തിലും ഇതുതന്നെയായിരുന്നു സത്യം. അതിനു ചില വിജയങ്ങൾ നേടി എങ്കിലും അതും പരാജയപ്പെട്ടു. കമ്യൂണിസ്ററു പാർട്ടിക്കെതിരായി കുമിന്താങ്ങ് തിരിഞ്ഞ സമയം2 മുതൽ ചൈന വീണ്ടും സാമ്രാജ്യത്വത്തിന്റെയും ഫ്യൂഡലിസത്തിന്റെയും മേൽക്കോയ്മക്കു കീഴിലായി. അതിന്റെ അനിവാര്യഫലം ചുവപ്പുസേന നടത്തിയ പത്തു വർഷത്തെ യുദ്ധമായിരുന്നു. പക്ഷെ സമരത്തിന്റെ ഈ പത്തു വർഷങ്ങൾ ചൈനയുടെ ചില ഭാഗങ്ങളിൽ മാത്രമെ വിപ്ളവ കടമകൾ നിറവേററിയുള്ളു. രാജ്യമാകെ അതു നടന്നില്ല. കഴിഞ്ഞ ദശകങ്ങളിലായി നടന്ന വിപ്ളവത്തിന്റെ ആകെത്തുക നാം എടുക്കുകയാണെങ്കിൽ, അതു് താല്കാലികവും ഭാഗികവുമായ വിജയങ്ങൾ നേടിയെങ്കിലും സ്ഥിരവും രാജ്യവ്യാപകവുമായ വിജയങ്ങൾ നേടിയിട്ടില്ലെന്നു് പറയേണ്ടിവരും. ഡോ: സൺയാററ്സൺ പറഞ്ഞതുപോലെ, 'വിപ്ളവം ഇനിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല; എന്റെ എല്ലാ സഖാക്കളും ഇനിയും സമരം തുടരണം,' ഇപ്പോഴുള്ള ചോദ്യം ഇതാണ്: ദശവർഷങ്ങളായുള്ള സമരങ്ങൾക്കു ശേഷവും ചൈനീസ് വിപ്ളവം എന്തുകൊണ്ടാണ് ഇനിയും അതിന്റെ ലക്ഷ്യത്തിലെത്താത്തതു്? എന്താണതിന്റെ കാര്യങ്ങൾ? അതിന് രണ്ടു കാരണങ്ങളുണ്ടെന്നാണ് എനിക്കു തോന്നുന്നതു്—ഒന്നാമതായി ശത്രുവിന്റെ ബലം ഏറെ ശക്തവും; രണ്ടാമതായി നമ്മുടേതായ ബലം ഏറെ ദുർബ്ബലവുമായിരുന്നിട്ടുണ്ട്. ഒരു ഭാഗം ശക്തവും മറുഭാഗം ദുർബ്ബലവുമായിരുന്നതു കാരണം വിപ്ളവം വിജയിക്കാതെപോയി: ശത്രുബലം ഏറെ ശക്തമായിരുന്നു എന്നു പറയുന്നതുകൊണ്ടു് നാം അർത്ഥമാക്കുന്നതു്, സാമ്രാജ്യത്വത്തിന്റെയും, (പ്രാഥമിക ഘടകം) ഫ്യൂഡലിസത്തിന്റെയും ബലങ്ങൾ ഏറെ ശക്തമായിരുന്നു എന്നതാണ്. നമ്മുടെ സ്വന്തം ബലങ്ങൾ ദുർബ്ബലമായിരുന്നു എന്നതുകൊണ്ടു് നാം അർത്ഥമാക്കുന്നതു് സൈനികവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ക്ഷീണാവസ്ഥയിലായിരുന്നു എന്നതാണ്. പക്ഷെ നമ്മുടെ ദുർബ്ബലതകളും തൽഫലമായി സാമ്രാജ്യത്വവിരുദ്ധ ഫ്യൂഡൽവിരുദ്ധ കടമകൾ നിറവേററുന്നതിലുള്ള പരാജയവും നമുക്കുണ്ടായതിന്റെ മുഖ്യ കാരണം അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളിൽ ജനസംഖ്യയിൽ 90 ശതമാനം വരുന്ന തൊഴിലാളികളെയും കർഷകരെയും അപ്പോഴും അണിനിരത്താൻ കഴിഞ്ഞിരുന്നില്ല എന്നതാണ്, കഴിഞ്ഞ ദശകങ്ങളിലെ വിപ്ളവാനുഭവങ്ങൾ നാം വിലയിരുത്തുകയാണെങ്കിൽ, രാജ്യമെമ്പാടുമുള്ള ജനങ്ങൾ പൂർണ്ണമായി

അണിനിരത്തപ്പെട്ടിരുന്നില്ലെന്നു മാത്രമല്ല, പിന്തിരിപ്പന്മാർ അത്തരം അണിനിരത്തലിനെ നിരന്തരമായി എതിർക്കുകയും അട്ടിമറിക്കുകയും ചെയ്തു എന്നു് കാണാം. ജനസംഖ്യയിൽ 90 ശതമാനം വരുന്ന തൊഴിലാളികളെയും കർഷകരേയും അണിനിരത്തുകയും സംഘടിപ്പിക്കുകയും ചെയ്യുന്നതിലൂടെ മാത്രമെ സാമ്രാജ്യത്വത്തെയും ഫ്യൂഡലിസത്തെയും തിരിച്ചറിയാൻ കഴിയുകയുള്ളു. ഡോ: സൺയാററ്സൺ അദ്ദേഹത്തിന്റെ മരണപത്രത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്. 'ചൈനക്കു് സ്വാതന്ത്ര്യവും സമത്വവും നേടിയെടുക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി കഴിഞ്ഞ 40 വർഷം ദേശീയ വിപ്ളവത്തിൽ ഞാൻ സ്വയം അർപ്പിച്ചു. ഈ നാല്പതു വർഷത്തെ അനുഭവത്തിൽനിന്നു് ഈ ലക്ഷ്യം നേടുന്നതിനു് വിശാല ബഹുജനങ്ങളെ തട്ടിയുണർത്തുകയും നമ്മളോടു് തുല്യതയിൽ വർത്തിക്കുന്ന ലോകത്തെ മററു ദേശങ്ങളുമായി പൊതുസഹകരണത്തിൽ ഏർപ്പെടുകയും വേണമെന്നു് എനിക്കു് തീർത്തും ബോദ്ധ്യമായി.'

ഡോ: സൺയാററ്സൺ മരിച്ചിട്ടിപ്പോൾ 10 കൊല്ലത്തിലധികമായി. ഇതുകൂടി കൂട്ടുകയാണെങ്കിൽ മൊത്തം അമ്പതു വർഷത്തിലധികമായിരിക്കുന്നു. ഈ വർഷങ്ങൾക്കിടയ്ക്കു്, വിപ്ലവത്തിന്റെ അനുഭവമെന്താണു്? ''ബഹുജനങ്ങളെ തട്ടിയുണർത്തുക'' എന്നതാണു് അടിസ്ഥാനപരമായതു്. നിങ്ങൾ ഈ പാഠം ശ്രദ്ധാപൂർവ്വം പഠിക്കണം. ചൈനയിലെങ്ങുമുള്ള മുഴുവൻ ജനങ്ങളും അങ്ങിനെ ചെയ്യണം. ജനസംഖ്യയിൽ 90 ശതമാനം വരുന്ന തൊഴിലാളികളെയും കർഷകരെയും അണിനിരത്തിക്കൊണ്ടു മാത്രമേ സാമ്രാജ്യത്വത്തേയും ഫ്യൂഡലിസത്തെയും പരാജയപ്പെടുത്തുവാൻ നമുക്കു സാധിക്കുകയുള്ളു എന്ന കാര്യം അവർ മനസ്സിലാക്കണം. രാജ്യമാസകലമുള്ള തൊഴിലാളികളേയും കർഷകരേയും അണിനിരത്താതെ ജപ്പാനെ പരാജയപ്പെടുത്താനും ഒരു പുതിയ ചൈന കെട്ടിപ്പടുക്കാനും അസാദ്ധ്യമാണു്. നാലാമതായി യുവജനപ്രസ്ഥാനത്തെ പരിശോധിക്കാം. ഇരുപതു വർഷങ്ങൾക്കു മുൻപു് ഇതേ ദിനത്തിലാണു് വിദ്യാർത്ഥികൾ പങ്കെടുത്ത മെയ് 4 പ്രസ്ഥാനം എന്നറിയപ്പെടുന്ന ഐതിഹാസികമായ ഒരു മഹാസംഭവം ചൈനയിൽ ഉണ്ടായതു്. അതത്യന്തം പ്രാമുഖ്യമുള്ള ഒരു പ്രസ്ഥാനമായിരുന്നു. മെയ് 4 പ്രസ്ഥാനത്തെത്തുടർന്നു് ചൈനയിലെ ചെറുപ്പക്കാർ ഏതു ഭാഗമാണു് വഹിച്ചതു്? ഒരു രീതിയിൽ ഒരു മുന്നണിപ്പടയുടെ ഭാഗമാണു് അവർ നിർവ്വഹിച്ചിട്ടുള്ളതു്. തനി മൂരാച്ചികൾ ഒഴിച്ചു് മറെറല്ലാവരും അംഗീകരിക്കുന്ന ഒരു വസ്തുതയാണതു്. മുന്നണിപ്പടയുടേതായ പങ്കെന്താണു്? നേതൃത്വം വഹിച്ചതുകൊണ്ടു്, വിപ്ലവ അണികളുടെ മുൻനിരയിൽ മാർച്ചുചെയ്യുക എന്നതാണു് അത്ഥം. ചൈനീസ് ജനതയിലെ സാമ്രാജ്യത്വ വിരുദ്ധ, ഫ്യൂഡൽ വിരുദ്ധ അണികളിൽ നാട്ടിലെ വിദ്യാർത്ഥികളും ചെറുപ്പക്കാരായ ബുദ്ധിജീവികളും അടങ്ങിയ ഒരു വ്യൂഹമുണ്ടു്. ആ വ്യൂഹം ഗണ്യമായി വലിപ്പമുള്ളതാണു്. ജീവാർപ്പണം ചെയ്തവരെ കണക്കിലെടുക്കാതിരുന്നാൽതന്നെയും ഇന്നതു് നിരവധി ദശലക്ഷങ്ങൾ വരും. ഇതു് നമ്മുടെ സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനും എതിരായ മുന്നണികൾ ഒന്നിലെ ഒരു സേനാവിഭാഗമാണെന്നു മാത്രമല്ല, ഒരു പ്രധാനപ്പെട്ട സേനാവിഭാഗമാണു താനും. പക്ഷെ ഈ സേന കൊണ്ടു മാത്രം മതിയാവുകയില്ല. ഇതിനെ മാത്രം അവലംബിച്ചുകൊണ്ടു് നമുക്കു ശത്രുവിനെ പരാജയപ്പെടുത്താനാവില്ല. കാരണം, എന്തൊക്കെയായാലും മുഖ്യശക്തി ഇതല്ലല്ലോ. പിന്നെ ഏതാണു് മുഖ്യശക്തി? തൊഴിലാളികളും കർഷകരും ആണതു്. നമ്മുടെ യുവബുദ്ധിജീവികളും വിദ്യാർത്ഥികളും ജനതയുടെ 90 % വരുന്ന തൊഴിലാളികൾ, കർഷകർ എന്നിവർക്കിടയിലേക്കു പോവുകയും അവരെ അണിനിരത്തുകയും സംഘടിപ്പി

ക്കകയും ചെയ്യണം. തൊഴിലാളികളുടെയും കർഷകരുടെയും ഈ മുഖ്യ ശക്തിയില്ലാതെ സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായ നമ്മുടെ പോരാട്ടത്തിൽ വിജയിക്കാനാവുകയില്ല. അതു് രാജ്യത്തെമ്പാടുമുള്ളതുകൊണ്ടു് യുവബുദ്ധിജീവികളും വിദ്യാർത്ഥികളും തൊഴിലാളികളുടെയും കർഷകരുടെയും വിശാല ബഹുജനവിഭാഗങ്ങളുമായി ഐക്യപ്പെട്ടുകൊണ്ടു് അവരോടു് ഒന്നുചേരേണ്ടിയിരിക്കുന്നു. അപ്പോഴം മാത്രമേ ഒരു പ്രബല ശക്തി സൃഷ്ടിച്ചെടുക്കുവാൻ കഴിയുകയുള്ളു. കോടിക്കണക്കിനു് ജനങ്ങളുടെ ഒരു സൈന്യം! ഈ വൻസൈന്യംകൊണ്ടേ ശത്രുവിന്റെ ശക്തികേന്ദ്രങ്ങൾ പിടിച്ചെടുക്കുവാനും അവരുടെ അവസാന കോട്ടകൾ തകർക്കാനും കഴിയുകയുള്ളു. നമ്മുടെ കഴിഞ്ഞകാല യുവജനപ്രസ്ഥാനത്തെ ഈ വീക്ഷണകോണിൽക്കൂടെ വിലയിരുത്തുമ്പോൾ ഒരു തെററായ പ്രവണതയിലേക്കു നാം ശ്രദ്ധ ക്ഷണിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ചില ദശകങ്ങളിലെ യുവജനപ്രസ്ഥാനത്തിൽ ഒരു വിഭാഗം ചെറുപ്പക്കാർ തൊഴിലാളികളും കർഷകരുമായി ഐക്യപ്പെടുന്നതിനു വിസമ്മതിക്കുകയും അവരുടെ പ്രസ്ഥാനങ്ങളെ എതിർക്കുകയും ചെയ്തിരുന്നു. ഇതു് യുവജനപ്രസ്ഥാനത്തിലെ ഒരു എതിരൊഴുക്കാണു്. ജനസംഖ്യയിൽ 90 ശതമാനം വരുന്ന ജനവിഭാഗങ്ങളുമായി ഐക്യപ്പെടുന്നതു് നിരസിക്കുന്നതിലും അവരെ കണ്ണടച്ചു് എതിർക്കുന്നിടംവരെ പോകുന്നതിലും വാസ്തവത്തിൽ ഇവർ കാണിക്കുന്നതു് ബുദ്ധിസാമർത്ഥ്യം അല്ലതന്നെ. ഇതു് നല്ല ഒരു പ്രവണതയാണോ? ആണെന്നു ഞാൻ കരുതുന്നില്ല; കാരണം തൊഴിലാളികളേയും കർഷകരേയും എതിർക്കുന്നതിൽ കൂടി അവർ എതിർക്കുന്നതു് വാസ്തവത്തിൽ വിപ്ലവത്തെതന്നെയാണു്. അതുകൊണ്ടാണു് ഇതിനെ യുവജനപ്രസ്ഥാനത്തിലെ ഒരു എതിരൊഴുക്കാണെന്നു നാം പറയുന്നതു്. അത്തരം യുവജനപ്രസ്ഥാനം ഗുണംപിടിക്കുകയില്ല. കുറച്ചു ദിവസങ്ങൾക്കുമുമ്പു് ഒരു ചെറിയ ലേഖനമെഴുതിയതിൽ ഞാൻ ഇതു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

> അന്തിമവിശകലനത്തിൽ, വിപ്ലവകാരികളായ ബുദ്ധിജീവികളെയും വിപ്ലവകാരികളല്ലാത്തവരോ പ്രതിവിപ്ലവകാരികളോ ആയ ബുദ്ധിജീവികളെയും തമ്മിൽ വേർതിരിക്കുന്ന രേഖ അവർ തൊഴിലാളികളും കർഷകരുമായിട്ടു് സ്വയം അലിഞ്ഞുചേരാൻ തയ്യാറാവുകയും, യഥാർത്ഥത്തിൽ അങ്ങിനെ അലിഞ്ഞുചേരുകയും ചെയ്യുന്നുണ്ടോ ഇല്ലയോ എന്നതാണു്.

ഇവിടെ, ഏതൊന്നിനു മാത്രമാണൊ സാദ്ധ്യതയുണ്ടെന്നു ഞാൻ കരുതുന്നതു് ആ ഒരു മാനദണ്ഡം മുന്നോട്ടു വെച്ചിരിക്കയാണു്. ഒരു യുവാവു് വിപ്ലവകാരിയാണൊ എന്നു് നമുക്കെങ്ങിനെ തീരുമാനിക്കാം? നമുക്കു് പറയുവാനെങ്ങിനെയാണു കഴിയുക? അതിനു് ഒരൊററ മാനദണ്ഡമേയുള്ളു. അതായതു് അയാൾ തൊഴിലാളികളും കർഷകരുമടങ്ങിയ വിശാല ജനങ്ങളുമായി താരതമ്യം പ്രാപിക്കുവാൻ തയ്യാറാവുകയും പ്രവർത്തനപഥത്തിൽ അങ്ങിനെ ചെയ്യുകയും ചെയ്യുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണതു്. അയാളതു ചെയ്യാൻ തയ്യാറുള്ളവനായിരിക്കുകയും യഥാർത്ഥത്തിൽ ചെയ്യുകയുമാണെങ്കിൽ അയാളൊരു വിപ്ലവകാരിയാണു്. മറിച്ചാണെങ്കിൽ അയാളൊരു വിപ്ലവകാരി അല്ലാത്തവനോ, പ്രതിവിപ്ലവകാരിയൊ ആണു്. അയാൾ ഇന്നു, സ്വയം തൊഴിലാളി—കർഷക ജനവിഭാഗങ്ങളുമായി അലിഞ്ഞുചേരുന്നുണ്ടെങ്കിൽ അയാളിന്നു് വിപ്ലവകാരിയാണു്. എന്നാൽ നാളെ അയാൾ അങ്ങിനെ ചെയ്യുന്നതു് നിർത്തുകയോ ഘടകം തിരിഞ്ഞു് സാധാരണക്കാരെ അടിച്ചമർത്താൻ തുടങ്ങുകയൊ ചെയ്യുകയാണെങ്കിൽ അയാളപ്പോളൊരു വിപ്ലവകാരി അല്ലാത്തവനോ പ്രതിവിപ്ലവകാരിയോ ആയിത്തീരുന്നു. ചില ജനങ്ങൾ, മൂന്നു ജനകീയ തത്വങ്ങളിലോ

മാർക്സിസത്തിലോ അവർക്കുള്ള വിശ്വാസത്തെപ്പററി വാതോരാതെ സംസാരിക്കാറുണ്ട്. പക്ഷെ ഇതൊന്നുംതന്നെ തെളിയിക്കുന്നില്ല. ഹിററ്ലർ തന്റെ 'സോഷ്യലിസ'ത്തിൽ ഉള്ള വിശ്വാസം കൊട്ടിഘോഷിക്കുന്നില്ലേ? ഇരുപതു വർഷം മുമ്പ് മുസ്സോളിനിപോലും ഒരു ''സോഷ്യലിസ്റ്റാ''യിരുന്നു! അവരുടെ സോഷ്യലിസത്തിന്റെ ആകെത്തുക എന്താണ്? ഫാസിസം! ചെൻടൂഹ്സ്യൂ ഒരു കാലത്ത് മാർക്സിസത്തിൽ വിശ്വസിച്ചിരുന്നില്ലേ? പിന്നീടയാളെന്താണു ചെയ്തത്? അയാൾ പ്രതിവിപ്ളവപക്ഷത്തു ചേർന്നു. ചാങ്കോ ടാവോ മാർക്സിസത്തിൽ ''വിശ്വസിച്ചിരുന്നി''ല്ലേ? അയാളിന്നെവിടെയാണ്? അയാൾ ഓടിപ്പോവുകയും ചെളിക്കുണ്ടിൽ വീഴുകയും ചെയ്തു. ചിലയാളുകൾ ''മൂന്നു ജനകീയതത്വങ്ങളുടെ പിന്തുടർച്ചക്കാർ'' സഹയാത്രികർ എന്നു സ്വയം വിശേഷിപ്പിക്കുകയോ അവയുടെ പഴയ അചഞ്ചല നായകരെപോലെ വീമ്പിളക്കുകയോ ചെയ്യാറുണ്ട്. പക്ഷെ അവർ ചെയ്തിട്ടുള്ളതോ? അവരുടെ ദേശീയതയുടെ തത്വത്തിനു് അർത്ഥം സാമ്രാജ്യത്വവുമായി ഗൂഢാലോചനയിൽ ഏർപ്പെടുക എന്നും, അവരുടെ ജനാധിപത്യത്തിന്റെ തത്വത്തിനു് അർത്ഥം സാധാരണക്കാരെ അടിച്ചമർത്തുക എന്നും, അവരുടെ ജനകീയ ജീവിതമാർഗ്ഗങ്ങളുടെ തത്വത്തിനു് അർത്ഥം ജനങ്ങളുടെ ചോരയൂററിക്കുടിക്കുക എന്നും വരുന്നു. അവർ അധരവ്യായാമംകൊണ്ട് മൂന്നു ജനകീയതത്വങ്ങളെ ഉറപ്പിച്ചുപറയുകയും മറിച്ച് ഹൃദയത്തിനുള്ളിൽ അവയെ നിഷേധിക്കുകയും ചെയ്യുന്നു. അപ്പോൾ ഒരാൾ മൂന്നു ജനകീയതത്വങ്ങളിൽ സത്യത്തിലോ കപടമായോ ഉറച്ചുനില്ക്കുന്നതു്, ഒരാൾ മാർക്സിസത്തിൽ സത്യത്തിലോ കപടമായോ ഉറച്ചുനില്ക്കുന്നതു് എന്നതു വിലയിരുത്തുകയും വിധിയെഴുതുകയും ചെയ്യുമ്പോൾ അയാൾ തൊഴിലാളി, കർഷക ബഹുജനങ്ങളുമായുള്ള ബന്ധത്തിൽ എന്തു നിലപാടെടുക്കുന്നു എന്ന കാര്യം മാത്രം പരിഗണിച്ചാൽ മതി; അപ്പോൾ നമുക്കു മനസ്സിലാകും അയാൾ എന്തിനുവേണ്ടിയാണ് നിലകൊള്ളുന്നതെന്ന്. ഈ ഒരൊററ മാനദണ്ഡമല്ലാതൊന്നുമില്ലതന്നെ. ഈ കുടിലമായ എതിരൊഴുക്കിൽപെട്ടുപോകുന്നതിനു് ഈ രാജ്യത്തിലെ യുവാക്കൾ സ്വയം അനുവദിക്കുകയില്ലെന്നും, മറിച്ച് തൊഴിലാളികളും കർഷകരും അവരുടെ സുഹൃത്തുക്കളാണെന്നു മനസ്സിലാക്കിക്കൊണ്ട് ശോഭനമായ ഒരു ഭാവിയിലേക്കു മുന്നേറുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

അഞ്ചാമതായി ജപ്പാനെതിരായിട്ടുള്ള ഇന്നത്തെ ചെറുത്തുനില്പുയുദ്ധം ചൈനീസ് വിപ്ളവത്തിലെ ഒരു പുതിയ ഘട്ടത്തെ—ഏററവും മഹത്തും, പ്രബലവും, ഊർജ്ജസ്വലവുമായ ഒരു ഘട്ടത്തെ കുറിക്കുന്നു. ഈ ഘട്ടത്തിൽ അതിബൃഹത്തായ ഉത്തരവാദിത്വങ്ങൾ യുവജനങ്ങൾ ചുമലിലേററുന്നുണ്ട്. നമ്മുടെ വിപ്ളവപ്രസ്ഥാനം കഴിഞ്ഞ ദശകങ്ങളിൽ നിരവധി ഘട്ടങ്ങൾ തരണം ചെയ്തിട്ടുണ്ടെങ്കിലും അതൊന്നുംതന്നെ ഇന്നത്തെ ചെറുത്തുനിൽപ്പുയുദ്ധത്തിലോളംതന്നെ വിശാലമായിരുന്നില്ല. ചൈനീസ് വിപ്ലവത്തിനു് ഇന്നു് കഴിഞ്ഞകാല വിപ്ളവങ്ങളിൽനിന്നും അതിനെ വ്യതിരിക്തമാക്കുന്ന സ്വഭാവവിശേഷങ്ങളുണ്ടെന്നും അതു് പരാജയത്തിൽനിന്നും വിജയത്തിലേക്കു് വഴിതിരിയുമെന്നും നാം പറയുമ്പോൾ ചൈനീസ് ജനവിഭാഗങ്ങൾ വമ്പിച്ച പുരോഗതി നേടിയിട്ടുണ്ടെന്നാണ് നാം അർത്ഥമാക്കുന്നതു്. യുവാക്കളുടെ പുരോഗതി അതിന്റെ വ്യക്തമായ തെളിവാണ്. എന്നിരിക്കെ ജാപ്പ്‌വിരുദ്ധയുദ്ധം തീർച്ചയായും വിജയശ്രീലാളിതമാകണം. വിജയശ്രീലാളിതമാവുകയും ചെയ്യും. ഏവർക്കും അറിയാവുന്നതുപോലെ, ജാപ്പ്സാമ്രാജ്യത്വത്തെയും ചൈനയിലെ അവരുടെ കൂട്ടാളികളെയും മറിച്ചിടുകയും, പഴയ ചൈനയെ ഒരു പുതിയ ചൈനയാ

Scanned by CamScanner

ക്കി മാററിയെടുക്കുകയും, രാഷ്ട്രത്തെയാകെ അർദ്ധ—കൊളോണിയൽ, അർ
ദ്ധ ഫ്യൂഡൽ സ്ഥാനത്തുനിന്നും മോചിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യ
ത്തോടുകൂടിയ ഒരു ജാപ്പ് വിരുദ്ധ ദേശീയ ഐക്യമുന്നണിയാണ് ഈ യു
ദ്ധത്തിന്റെ അടിസ്ഥാന നയം. ചൈനയിലെ യുവജനപ്രസ്ഥാനത്തിൽ
ഇന്നുള്ള ഐക്യമില്ലായ്മ വളരെ ഗൗരവതരമായ ഒരു ബലഹീനതയാണ്.
നിങ്ങൾ ഐക്യത്തിനുവേണ്ടി തുടർന്നു യത്നിക്കണം. കാരണം, ഐകമ
ത്യം മഹാബലം. ഇന്നത്തെ പരിതസ്ഥിതി മനസ്സിലാക്കാനും ഐക്യം
നേടിയെടുക്കാനും ജപ്പാനെതിരെ അവസാനം വരെ ചെറുത്തുനിൽക്കാനും
രാജ്യത്തെമ്പാടുമുള്ള യുവജനങ്ങളെ നിങ്ങൾ നിശ്ചയമായും സഹായി
ക്കണം.

ആറാമത്തും അവസാനവുമായി, യെനാനിലെ യുവജനപ്രസ്ഥാന
ത്തെപ്പററി സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു. അതു് മുഴുവൻ രാജ്യത്തെ
യുവജനപ്രസ്ഥാനത്തിനും മാതൃകയാണ്. അതു് ഇന്നു കൈക്കൊണ്ടി
രിക്കുന്ന ദിശ, വാസ്തവത്തിൽ മുഴുവൻരാജ്യത്തെയും യുവജനപ്രസ്ഥാനത്തി
നുള്ള നിലപാടാണ്. എന്തുകൊണ്ടു്? കാരണം അതാണ് ശരിയായനി
ലപാടു്. നോക്കു, ഐക്യത്തിന്റെ കാര്യത്തിൽ യെനാനിലെ യുവജന
ങ്ങൾ ചെയ്യേണ്ടതു് നന്നായി, യഥാർത്ഥത്തിൽ വളരെ നന്നായി സ്വയം
ചെയ്തുതീർത്തു. യെനാനിലെ യുവജനങ്ങൾ ഐക്യദാർഢ്യവും ഐക്യവും
നേടിക്കഴിഞ്ഞു. യെനാനിലെ ചെറുപ്പക്കാരായ ബുദ്ധിജീവികളും, വി
ദ്യാർത്ഥികളും, ചെറുപ്പക്കാരായ തൊഴിലാളികളും കർഷകരും ഒ
ന്നിച്ചുകഴിഞ്ഞു. രാജ്യമെമ്പാടുമുള്ള യുവജനങ്ങളും, വിദേശത്തുള്ള ചൈ
നാക്കാരായ യുവാക്കൾ, രാജ്യത്തെല്ലായിടത്തുനിന്നും വിദേശത്തുള്ള ചൈ
നീസ് സമുദായങ്ങളിൽ നിന്നുപോലും വിപ്ലവകാരികളായ യുവാക്കൾ
പഠനത്തിനായി യെനാനിലേക്കു വന്നിട്ടുണ്ടു്. ഇന്നു് ഈ സമ്മേളന
ത്തിൽ പങ്കുകൊണ്ടിരിക്കുന്ന നിങ്ങളിൽ ഏറെപ്പേർ ആയിരമായിരം മൈ
ലുകൾ ദൂരത്തുനിന്നും വന്നിട്ടുള്ളവരാണ്. നിങ്ങളുടെ കുടുംബനാമം ചാ
ങ്ങെന്നോ ലീയെന്നോ ആയിക്കൊള്ളട്ടെ, നിങ്ങൾ സ്ത്രീയോ, പുരുഷനോ,
തൊഴിലാളിയോ, കർഷകനോ ആയിക്കോട്ടെ; നിങ്ങളെല്ലാം ഒററമനസ്സു
ള്ളവരാണിന്നു്. ഇതു് രാജ്യത്തിനാകമാനം ഒരു മാതൃകയായെടുക്കേണ്ടത
ല്ലേ? യെനാനിലെ യുവജനങ്ങൾ തങ്ങളിൽഐക്യപ്പെട്ടതിനു പുറമെ, തൊ
ഴിലാളി കർഷക ജനവിഭാഗങ്ങളുമായും സ്വയം അലിഞ്ഞുചേർന്നു കഴി
ഞ്ഞിരിക്കുന്നു. ഇതു് നിങ്ങളെ മറെറന്തിനേക്കാളും രാഷ്ട്രത്തിനാകെയുള്ള
മാതൃകയാക്കിത്തീർത്തിരിക്കുന്നു. നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരി
ക്കുന്നതു്? നിങ്ങൾ വിപ്ലവ സിദ്ധാന്തങ്ങൾ പഠിക്കുകയും, ജപ്പാനെ
ചെറുക്കുന്നതിനും ദേശത്തെ രക്ഷിക്കുന്നതിനും വേണ്ടിയുള്ള തത്വങ്ങളും പ്ര
വർത്തനരീതികളും അഭ്യസിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. നിങ്ങൾ ഉ
ല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രചാരവേലകളും, ആയിരക്ക
ണക്കിനു് ''മൗ'' തരിശുഭൂമി കൃഷിക്കുപയുക്തമാക്കിത്തീർക്കുകയും ചെ
യ്തിരിക്കുന്നു. കൺഫ്യൂഷ്യസ് ഒരിക്കലും ഭൂമി വീണ്ടെടുക്കുകയോ നിലമുഴ
കയോ ചെയ്തിട്ടില്ല. അയാൾ തന്റെ വിദ്യാലയം നടത്തിയിരുന്ന കാല
ത്തു് അയാൾക്കു് വളരെയധികം വിദ്യാർത്ഥികളുണ്ടായിരുന്നു. ''എഴുപതു
ഉപയോഗയോഗ്യരും മൂവായിരം ശിഷ്യന്മാരും.''—എന്തൊരു തഴച്ചുവളർന്ന
വിദ്യാലയം! പക്ഷെ യെനാനിലുള്ളതിനേക്കാൾ എത്രയോ കുറച്ചു വിദ്യാ
ർത്ഥികളെ അയാൾക്കുണ്ടായിരുന്നുള്ളു. അതുവിട്ടു് അവർ ഉല്പാദനപ്രവർത്ത
നപരിപാടികൾ ഇഷ്ടപ്പെട്ടമായിരുന്നില്ല. എങ്ങിനെയാണ് നിലം ഉഴു
ന്നതെന്നു് ഒരു വിദ്യാർത്ഥി ചോദിച്ചപ്പോൾ മറുപടി പറഞ്ഞു; ''എനിക്ക
റിയില്ല; ഞാനൊരു നല്ല കൃഷീവലനെപ്പോലെ അക്കാര്യത്തിൽ സമർത്ഥ

നല്ല.'' പച്ചക്കറി വളർത്തുന്നത് എങ്ങിനെയാണെന്ന് കൺഫ്യൂഷ്യസിനോട് അടുത്തതായി ചോദിച്ചപ്പോൾ അയാൾ പറഞ്ഞു; ''എനിക്കറിയില്ല; ഞാൻ പച്ചക്കറികൃഷിക്കാരന്റെയത്ര അക്കാര്യത്തിൽ വിദഗ്ദ്ധനല്ല.'' പുരാതനകാലങ്ങളിൽ ഋഷിമാരുടെയടുക്കൽ വിദ്യ അഭ്യസിച്ചുകൊണ്ടിരുന്ന ചൈനയിലെ യുവജനങ്ങൾ വിപ്ലവസിദ്ധാന്തങ്ങൾ പഠിക്കുകയോ അദ്ധ്യയനത്തിൽ പങ്കെടുക്കുകയോ ചെയ്തിരുന്നില്ല. ഇന്ന് രാജ്യത്തിന്റെ അതിവിപുല ഭാഗങ്ങളിലെ സ്കൂളുകളിൽ വിപ്ലവ സിദ്ധാന്തങ്ങൾ പഠിപ്പിക്കലോ, ഉല്പാദന പ്രസ്ഥാനങ്ങളെന്നൊരു കാര്യമോ ഇല്ല തന്നെ. ഇവിടെ യെനാനിലും ശത്രുനിരകൾക്കു പിന്നിലുള്ള ജാപ്പ്‌വിരുദ്ധതാവളപ്രദേശങ്ങളിലും മാത്രമാണ് യുവജനങ്ങൾ അടിസ്ഥാനപരമായി വിഭിന്നമായിരിക്കുന്നത്, അവർ ജപ്പാനെ ചെറുത്തു നിൽക്കുന്നതിലും രാഷ്ട്രത്തെ രക്ഷിക്കുന്നതിലും ശരിക്കുമൊരു മുന്നണിപ്പടയാണ്. കാരണം അവരുടെ രാഷ്ട്രീയനിലപാടും പ്രവർത്തനരീതികളും ശരിയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് യെനാനിലെ യുവജനപ്രസ്ഥാനം രാജ്യമെമ്പാടുമുള്ള യുവജനപ്രസ്ഥാനത്തിന് മാതൃകയാണെന്ന്.

നമ്മുടെ ഇന്നത്തെ സമ്മേളനം അങ്ങേയററം സുപ്രധാനമായ ഒന്നാണ്. പറയാൻ ഉദ്ദേശിച്ചതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു. ചൈനീസ് വിപ്ലവത്തിന്റെ കഴിഞ്ഞ അമ്പതു വർഷത്തെ പാഠങ്ങൾ നിങ്ങൾ പഠിക്കുമെന്നും, അതിലെ നല്ല കാര്യങ്ങൾ വികസിപ്പിച്ചെടുക്കുകയും തെററുകൾ കയ്യൊഴിയുകയും ചെയ്യുമെന്നും, അങ്ങനെ യുവജനങ്ങൾ രാജ്യത്താകമാനമുള്ള ജനങ്ങളുമായി ഒന്നായിത്തീരുകയും വിപ്ലവം പരാജയത്തിൽനിന്നും വിജയത്തിലേക്കു തിരിയുമെന്നും ഞാൻ പ്രത്യാശിക്കുന്നു. യുവജനങ്ങളും ദേശമാകേയും ഒന്നിച്ചണിനിരക്കുകയും സംഘടിക്കുകയും ഐക്യപ്പെടുകയും ചെയ്യുമ്പോൾ ജാപ്പ് സാമ്രാജ്യത്വം തുരത്തെറിയപ്പെടും. ഓരോ യുവാവും തന്റേതായ ഉത്തരവാദിത്വം ഏറെറടുക്കണം. നിങ്ങളോരോരുത്തരും ഇന്നലത്തേതിൽനിന്നു വിഭിന്നരാവുകയും യുവജനങ്ങളാകെ ഏകീകരിക്കാൻ മനസ്സുറപ്പിക്കുകയും ജാപ്പ് സാമ്രാജ്യത്വത്തെ തുരത്തെറിയുന്നതിനും പഴയ ചൈനയെ ഒരു പുതിയ ചൈനയാക്കി മാററുന്നതിനും വേണ്ടി രാജ്യമാകെയുള്ള ജനങ്ങളെ സംഘടിപ്പിക്കുകയും ചെയ്യണം. ഇതാണ് നിങ്ങളെല്ലാവരിൽനിന്നും ഞാൻ പ്രതീക്ഷിക്കുന്നത്.

Scanned by CamScanner

# കുറിപ്പുകൾ

1. ഷെൻസി—കാൻസു—നിംഗ്സിയാ അതിർത്തിമേഖലയിലെ യുവജന സംഘടനയാണ് ആദ്യമായി മെയ് 4 ചൈനയുടെ യുവജന ദിനമായി അംഗീകരിച്ചത്. യുവജനതയിലെ വിശാലവിഭാഗങ്ങളുടെ ദേശാഭിമാനോജ്ജ്വലമായ ഉയർത്തെഴുന്നേല്പിന്റെ സമ്മർദ്ദംമൂലം കുമിന്താങ്ങ് സർക്കാർ സമ്മതം പ്രകടിപ്പിക്കുകയാണുണ്ടായത്. പക്ഷെ പിന്നീട് യുവജനങ്ങൾ വിപ്ളവകാരികളായി മാറുമെന്ന ഭയന്ന്, മേയ് 4 ആചരിക്കുന്നത് അപകടകരമാണെന്ന് കരുതിയതുകൊണ്ട്, അത് 1911 ലെ കാൻറൺ ലഹളയിൽ രക്തസാക്ഷികളായവരെ അനുസ്മരിച്ചുകൊണ്ടുള്ള തങ്ങളുടെ യുവജനദിനമായി മാർച്ച് 29 പ്രഖ്യാപിച്ചു. എങ്കിലും കമ്യൂണിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിൽ വിപ്ളവതാവളപ്രദേശങ്ങളിൽ മേയ് 4 യുവജനദിനമായി ആചരിക്കുകയും, 1949 ഡിസംബറിൽ ജനകീയ ചൈന റിപ്പബ്ലിക്കിന്റെ സ്ഥാപനത്തിനുശേഷം, കേന്ദ്രജനകീയ സർക്കാരിന്റെ ഭരണകൗൺസിൽ ഔദ്യോഗികമായി തന്നെ യുവജനദിനമായി ആ ദിനം പ്രഖ്യാപിക്കുകയും ചെയ്തു.

2. 'കമ്യൂണിസ്റ്റുപാർട്ടിക്കുനേരെ കുമിന്താങ്ങ് തിരിഞ്ഞു' എന്നതുകൊണ്ടിവിടെ ഉദ്ദേശിക്കുന്നത് 1927 ൽ ഷാങ്ഹായിലും, നാങ്കിങ്ങിലും ചിയാങ്ങ്കൈഷെക്കും വൂഹാനിൽ വാങ്ചിങ്വേയും നടത്തിയ പ്രതിവിപ്ളവ അട്ടിമറിയേയാണ്,

Scanned by CamScanner

# മാവോ സെതുങ്ങ് കൃതികൾ

毛泽东选集



Scanned by CamScanner

Malayalam

MAO TSETUNG KRITHIKAL

Volume II

First Published December 1983

Cover design: V. K. Satheesan

Publishers:
Janakeeya Prasidheekarana Kendram
East Arpookara
Kottayam-686 008

First impression
Copies 2000

Printed at Lipee Press, Arpookara

Price Rs. 40/-

Scanned by CamScanner

# കീഴടങ്ങൽവാദ പ്രവർത്തനങ്ങളെ എതിർക്കുക

*1939-ജൂൺ 30*

ചൈനീസ്ദേശം ജാപ്പ് ആക്രമണത്തെ അഭിമുഖീകരിക്കാൻ തുടങ്ങിയതുതൊട്ട് പ്രഥമമായും പ്രധാനമായ ചോദ്യം പൊരുതണമോ, പൊരുതാതിരിക്കണമോ എന്നുള്ളതാണ്. ഈ ചോദ്യം 1931 സെപ്തംബർ 18 ലെ സംഭവം മുതൽ 1937 ജൂലൈ 7 ലെ ലൂക്കോ ച്യാവോ സംഭവംവരെയുള്ള കാലയളവിൽ ഗൗരവതരമായ അഭിപ്രായവ്യത്യാസങ്ങൾ ഉയർത്തിവിടുകയുണ്ടായി. ദേശസ്നേഹമുള്ള എല്ലാ രാഷ്ട്രീയപാർട്ടികളും എല്ലാ ദേശസ്നേഹികളായ സഹദേശവാസികളും എത്തിച്ചേർന്ന നിഗമനം ''പൊരുതുക എന്നാൽ അതിജീവിക്കുക എന്നർത്ഥം, പൊരുതാതിരിക്കുക എന്നാൽ നശിക്കുക എന്നുമാണ്''' എന്നായിരുന്നു. കീഴ്പ്പെടുത്തിക്കൊടുപ്പുകാർ എത്തിച്ചേർന്ന അനുമാനം ''പൊരുതുക എന്നാൽ നശിക്കുക എന്നതും പൊരുതാതിരിക്കുക എന്നാൽ അതിജീവിക്കുക എന്നും ആണ്''' എന്നായിരുന്നു.

കുറച്ചുകാലത്തേക്ക് ലൂക്കൗച്യാവോയിലെ ചെറുത്തുനില്പിന്റെ അലറുന്ന തോക്കുകൾ പ്രശ്നത്തിനു തീർപ്പുണ്ടാക്കി. അവർ ആദ്യത്തെ അനുമാനം ശരിയെന്നും രണ്ടാമത്തേത് തെററാണെന്നും ഉള്ളത് ഉദ്ഘോഷിച്ചു. പക്ഷെ എന്തുകൊണ്ടാണീപ്രശ്നത്തിന് താല്ക്കാലികമായി മാത്രം തീർപ്പുണ്ടാകുകയും എന്നെന്നേക്കുമായി തീർപ്പുണ്ടാകാതെ പോവുകയും ചെയ്തത്? കാരണം ജാപ്പ് സാമ്രാജ്യവാദികൾ ചൈനയെ കീഴടങ്ങലിനായി പ്രലോഭിപ്പിക്കുകയും അന്താരാഷ്ട്രീയ കീഴ്പ്പെടുത്തിക്കൊടുപ്പുകാർ ഒരൊത്തുതീർപ്പുണ്ടാക്കാൻ പരിശ്രമിക്കുകയും നമ്മുടെ ജാപ്പ് വിരുദ്ധമുന്നണിയിൽതന്നെയുള്ള ചിലയാളുകൾ ആടിക്കളിക്കുകയും ചെയ്തു. ഇപ്പോൾ ''സമാധാനമോ യുദ്ധമോ'' എന്ന് ലേശം വ്യത്യസ്ഥമായ വാക്കുകളിൽ ഈ ചോദ്യം വീണ്ടും ഉന്നയിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ യുദ്ധം തുടർന്നുപോകുന്നതിനെ അനുകൂലിക്കുന്നവരും സമാധാനം ഉണ്ടാകുന്നതിനെ അനുകൂലിക്കുന്നവരും തമ്മിൽ ചൈനക്കുള്ളിൽ ഒരു വിവാദം ഉയർന്നുവന്നിരിക്കുന്നു. അവരുടെ നിലപാടുകൾ യഥാക്രമം പഴയതുപോലെതന്നെയാണ്. യുദ്ധം വേണമെന്ന് പറയുന്നവരുടെ നിഗമനം ''പൊരുതുക എന്നാൽ അതിജീവിക്കുക എന്നും സമാധാനമുണ്ടാകുക എന്നാൽ നശിക്കുക എന്നുമാണ്''' എന്നുതന്നെയാണ്. സമാധാനവിഭാഗത്തിന്റെ നിഗമനം ''സമാധാനം ഉണ്ടാകുക എന്നാൽ അതിജീവിക്കുക എന്നതും പൊരുതുക എന്നാൽ നശിക്കുക എന്നതും ആണ്''' എന്നാണ്. എല്ലാ ദേശാഭിമാനപാർട്ടികളും എല്ലാ ദേശസ്നേഹികളുമടങ്ങുന്നതും ദേശത്തിന്റെ ബഹുഭൂരിപക്ഷം വരുന്നതുമാണ് ആദ്യത്തെ വിഭാഗം, എന്നാൽ രണ്ടാമത്തെ കൂട്ടർ, അതായത് കീഴടങ്ങിക്കൊടുപ്പുകാർ ജാപ്പ്വിരുദ്ധമുന്നണിയിൽ ചാഞ്ചാടുന്ന ഒരു ചെറിയ ന്യൂനപക്ഷം മാത്രമാണ്. അതിന്റെ ഫലമായി സമാധാനവിഭാഗക്കാർക്ക് നുണപ്രചാരണത്തെ, സർവ്വോപരി കമ്യൂണിസ്റ്റ് വിരുദ്ധപ്രചാരണത്തെ അവലംബിക്കേണ്ടിവന്നി

Scanned by CamScanner

ഉദാഹരണമായി അവർ അസത്യവാർത്തകളുടേയും, കുത്തുറി
രിക്കുന്നു. കുത്തുപ്രമാണങ്ങളുടേയും, കുത്തുപ്രമേയങ്ങളുടേയും ഒരു
പ്പോർട്ടുകളുടേയും, ''കമ്യൂണിസ്റ്റുപാർട്ടി പിളർപ്പൻപണി
പ്രളയംതന്നെ സൃഷ്ടിച്ചിരിക്കുന്നു. ''എട്ടാംപഥ സേനയും പുതിയ നാലാംസേനയും പോരാ
നടത്തുന്നു.'' ''എട്ടാംപഥ സേനയും കല്പനകൾ അനുസരിക്കാതിരിക്കുകയും
ടാതെ ചുമ്മാ കറങ്ങിനീങ്ങുകയും കല്പനകൾ അനുസരിക്കാതിരിക്കുകയും
ചെയ്യുന്നു.''ഷെൻസി—കാൻസു—നിങ്സിയാ അതിർത്തിമേഖലയിൽ
ഒരു വിഘടനവാദപരമായ ഭരണക്രമം സ്ഥാപിക്കുകയും അതിന്റെ പരി
ധിക്കുപുറത്തേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നു.'' ''സർക്കാരിനെ മറി
ച്ചിടാൻ കമ്യൂണിസ്റ്റുപാർട്ടി ഗൂഢാലോചന നടത്തുകയാണെന്നും'' ''സോ
വിയററ്യൂണിയൻ ചൈനയെ ആക്രമിക്കാൻ ഗൂഢപദ്ധതിയിടുകയാ
ണ്''' എന്നുപോലുമുള്ളവ ഉദാഹരണങ്ങളാണ്. യാഥാർത്ഥ സത്യങ്ങളെ
മൂടിവെച്ച് ജനങ്ങളിൽ ചിന്താകുഴപ്പം സൃഷ്ടിച്ച് സമാധാനം ഉണ്ടാക്കുക
അഥവാ മററുവാക്കുകളിൽ പറഞ്ഞാൽ കീഴടക്കികൊടുക്കുക എന്നുള്ളതാ
ണ് അവരുടെ യഥാർത്ഥ ഉദ്ദേശം. ഐക്യമുന്നണിയുടെ പ്രണേതാവും
രക്ഷകനുമായ കമ്യൂണിസ്റ്റുപാർട്ടിയെ എതിർത്തുകററാതെ അവർക്കു കുമി
ന്താങ്ങ്—കമ്യൂണിസ്റ്റ് സഹകരണം തകർക്കാനും, ജാപ്പ് വിരുദ്ധദേശീയ
ഐക്യമുന്നണിയെ പൊളിക്കാനും അങ്ങനെ ജപ്പാനു് കീഴടങ്ങാനും കഴിയു
കയില്ലെന്നുള്ളതുകൊണ്ടാണു് സാധാരണവിഭാഗക്കാർ അഥവാ കീഴ്പ്പെടു
ത്തികൊടുപ്പുകാർ ഇതെല്ലാം ചെയ്തിരുന്നതു്. രണ്ടാമതായി ജാപ്പ് സാ
മ്രാജ്യവാദികൾ ചില സൗജന്യങ്ങൾ അനുവദിക്കുമെന്ന് അവർ പ്രതീ
ക്ഷിക്കുന്നു. ജപ്പാൻ തളർന്നുകഴിഞ്ഞെന്നും മദ്ധ്യക്ഷേിണചൈനയിൽനി
ന്നു മാത്രമല്ല വടക്കൻ ചൈനയിൽനിന്നുപോലും സ്വമേധയായി ഒഴിഞ്ഞു
കൊണ്ടു് അവരുടെ അടിസ്ഥാനനയം മാററുമെന്നും അങ്ങിനെ ചൈനക്കു്
ഇനി ഒട്ടും പൊരുതാതെതന്നെ വിജയിക്കാമെന്നും അവർ വിശ്വസിക്കുന്നു.
മൂന്നാമതായി സാർവ്വദേശീയ സമ്മർദ്ദത്തിലാണ് അവർ പ്രതീക്ഷ അർ
പ്പിക്കുന്നതു്. ജപ്പാൻ ചില സൗജന്യങ്ങൾ അനുവദിക്കാനും അങ്ങിനെ
ഒരു സമാധാന കരാറിനു് വഴിവെക്കാനും നിർബ്ബന്ധിതമാകുംവിധം
ജപ്പാന്റെമേൽ മാത്രമല്ല, ചൈനീസ് സർക്കാരിനെ ''നോക്കൂ! ഇന്ന
ത്തെ അന്താരാഷ്ട്രീയ കാലാവസ്ഥയിൽ നമുക്കു് സമാധാനം ഉണ്ടാക്കി
യേ പററു. ശാന്തസമുദ്രപ്രദേശത്തെ ഒരു അന്താരാഷ്ട്രീയ സമ്മേളനം2
ചൈനക്കു ഗുണമായിരിക്കും. അതു് മറെറാരു മ്യൂണിക് ആകുകയില്ല.
എന്നാൽ ചൈനയുടെ പുനരുജ്ജീവനത്തിനുള്ള മുന്നോട്ടുള്ള കാൽവെപ്പാ
യിരിക്കും എന്നീപ്രകാരം യുദ്ധവിഭാഗത്തോടു പറയാൻ സാധിക്കുംവിധം
ചൈനീസ് സർക്കാരിന്റെ മേലും വൻശക്തികൾ സമ്മർദ്ദം ചെലുത്തുമെ
ന്നു് സമാധാനവിഭാഗത്തിലുള്ള അനേകം പേർ കരുതുന്നു. സമാധാന
വാദികളുടെ, അതായതു് ചൈനീസ് കീഴ്പ്പെടുത്തിക്കൊടുപ്പുകാരുടെ
വീക്ഷണങ്ങളുടെയും അടവുകളുടെയും പദ്ധതികളുടെയും ആകെത്തുക ഇതാ
ണ്. ഈ പ്രഹസനം അരങ്ങേറുന്നതു് വാങ്ചിങ്വെയ് തനതായി
മാത്രമല്ല; മറിച്ച് ചിലർ വെള്ള മേലങ്കിയണിഞ്ഞ വിദൂഷകനായകന്മാരാ
യും മററു ചിലർ ചുവപ്പു ചട്ടയണിഞ്ഞ കഥാനായകന്മാരായും ഒരുതരം
ഭന്താ ഭിനയത്തിലോ4 കൂട്ടഭിനയത്തിലോ അയാളുമായി കൂട്ടായ്മയിൽ
വർത്തിക്കുന്ന മററു പലരും കൂടിച്ചേർന്നാണു്, എന്നതാണ് ഏറെ ഗുരുതര
മായ കാര്യം.

ഞങ്ങൾ, കമ്യൂണിസ്റ്റുകാർ, യുദ്ധം തുടരുന്നതിനെ അനുകൂലിക്കുന്ന
വരോടൊപ്പം എപ്പോഴും നിലകൊള്ളുമെന്നും സമാധാനമുണ്ടാക്കുന്നതിനെ
അനുകൂലിക്കുന്നവരെ ഉറച്ചുനിന്ന് എതിർക്കണമെന്നും പരസ്യമായി പ്രഖ്യാ
പിച്ചുകൊള്ളുന്നു. പക്ഷെ, മറെറല്ലാ ദേശാഭിമാനികളായ കക്ഷികളോടും

എല്ലാ ദേശാഭിമാനികളോടും ഒന്നിച്ചുകൊണ്ടു് ദേശീയ ഐക്യമുന്നണിയേയും ക്വമിന്താങ്ങ്–കമ്യൂണിസ്റ്റ് സഹകരണത്തേയും ഏകീകരിച്ച് കെട്ടുറപ്പുള്ളതാക്കാനും ബലവത്താക്കാനും മൂന്നു ജനകീയതത്വങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരാനും ചെറുത്തുനില്പുയുദ്ധം പര്യവസാനംവരെ തുടർന്നുപോകാനും, യാലുനദിക്കരെവരെ ഉടനീളം യുദ്ധംചെയ്തു മുന്നേറാനും നഷ്ടപ്പെട്ട പ്രദേശഭാഗങ്ങളെല്ലാം തിരിച്ചുപിടിക്കാനും ഉള്ള ആഗ്രഹം ഞങ്ങൾ കണ്ടു്[5]. ഒരു കമ്യൂണിസ്റ്റ്‌വിരുദ്ധ കാലാവസ്ഥ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നവരും ക്വമിന്താങ്ങും കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിൽ ഉരസൽ[6] ഉണ്ടാക്കുന്നതിനുവേണ്ടി കരുനീക്കിക്കൊണ്ടിരിക്കുന്നവരും ഇരുകക്ഷികളും തമ്മിൽ മറെറാരു ആഭ്യന്തരയുദ്ധം കത്തിപ്പൊക്കുന്നതിനു ശ്രമിക്കുകപോലും ചെയ്യുന്നവരുമായ ഒളിഞ്ഞും തെളിഞ്ഞുമുള്ള വാങ്ചിങ്‌വേയ്‌മാരെ ഞങ്ങൾ കർശനമായി അപലപിക്കുന്നു. ഞങ്ങൾ അവരോടു പറയുന്നു: നിങ്ങളുടെ വിഭജനകുടിലപദ്ധതികൾ സത്തയിൽ കീഴടക്കിക്കൊടുക്കാനുള്ള തയാറെടുപ്പുകളല്ലാതെ മറെറാന്നുമല്ല. നിങ്ങളുടെ പിളർപ്പൻ കീഴടക്കിക്കൊടുപ്പുനയം വെളിവാക്കുന്നതു് ഒരുപിടി വ്യക്തികളുടെ സ്വാർത്ഥതാല്പര്യപൂരണത്തിനുവേണ്ടി ദേശീയ താല്പര്യങ്ങൾ വിററുകാശാക്കുന്നതിനുള്ള നിങ്ങളുടെ പൊതുവായ പദ്ധതിയെയാണ്. ജനങ്ങൾക്കു കണ്ണുണ്ട്, അവർ നിങ്ങളുടെ കുടിലപദ്ധതിയുടെ ഉള്ളു കാണുകയും ചെയ്യും. ശാന്തസമുദ്രപ്രദേശസമ്മേളനം ഒരു കിഴക്കൻമ്യൂണിക് ആകുകയില്ലെന്നുള്ള അസംബന്ധപൂർണ്ണമായ കാഴ്ചപ്പാടിനെ ഞങ്ങൾ അർത്ഥശങ്കക്കിടയില്ലാത്തവിധം തള്ളിക്കളയുന്നു. തീർച്ചയായിട്ടും ഈ ശാന്തസമുദ്രപ്രദേശ സമ്മേളനം ഇന്നൊരു കിഴക്കൻ മ്യൂണിക്കും, ചൈനയെ മറെറാരു ചെക്കോസ്ലോവാക്യയും ആക്കിമാററുന്നതിനുള്ള തയ്യാറെടുപ്പ് ആയിത്തീരും. ജാപ്പ് സാമ്രാജ്യത്വത്തിനു് ബുദ്ധി തെളിയുമെന്നും സൗജന്യങ്ങൾ അനുവദിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ ഉറച്ച പ്രസ്താവനകളെ ഞങ്ങൾ ശക്തിയായി അപലപിക്കുന്നു. ജാപ്പ് സാമ്രാജ്യത്വം ചൈനയെ കീഴ്പ്പെടുത്തുക എന്ന അതിന്റെ അടിസ്ഥാന നയം ഒരിക്കലും മാററുകയില്ല. ''ദേശീയ സർക്കാരിനെ കൂടിയാലോചനകളിൽ മറുകക്ഷിയായി അംഗീകരിക്കുകയില്ല''[7] എന്ന നയം ഉപേക്ഷിക്കുമെന്നും പകരം അതിനെ അപ്പാടെ അംഗീകരിക്കുമെന്നും മദ്ധ്യ ദക്ഷിണചൈനയിൽനിന്നും നിശ്ചിത ഉപാധികൾക്കുവിധേയമായി സൈന്യങ്ങളെ പിൻവലിക്കുമെന്നും തുടങ്ങിയ നിർദ്ദേശങ്ങളെപ്പോലെ, വൂഹാന്റെ പതനശേഷമുള്ള ജപ്പാന്റെ തേൻമൊഴികൾ 'മത്സ്യത്തെ കുടുക്കുന്നതിനുള്ള വെട്ടിപ്പചൂണ്ടകളല്ലാതെ മറെറാന്നുമല്ല. അങ്ങനെ ആ ചൂണ്ട വിഴുങ്ങുന്നവർ ആരായാലും അവർക്കു നന്നായും സത്യത്തിലും പാകപ്പെടുത്തപ്പെടും എന്നു പ്രതീക്ഷിച്ചേക്കണം. അന്താരാഷ്ട്ര കീഴടക്കിക്കൊടുപ്പുകാരും ഇതുപോലെ ചൈനയെ കീഴടങ്ങലിനു പ്രേരിപ്പിക്കുന്ന കൗശലത്തട്ടിപ്പുനയം തുടർന്നുകൊണ്ടിരിക്കുകയാണ്. ചൈനയുടെ മേലുള്ള ജപ്പാന്റെ ആക്രമണത്തെ അവർ അക്ഷോഭ്യരായി നോക്കിനില്ക്കുന്നുണ്ട്. അതേസമയം അവർ സ്വയം മററാളുകളുടെ ചിലവിൽ മുതലെടുപ്പുണ്ടാക്കുന്നതിനായി മദ്ധ്യസ്ഥത വഹിക്കുന്നതിനു് ഒരു ശാന്തസമുദ്ര സമ്മേളനപ്രദേശം എന്നു വിളിക്കുന്ന കെണിയൊരുക്കാനായി പററിയ സന്ദർഭം പ്രതീക്ഷിച്ചുകൊണ്ടു് ''കടുവാകളുടെ പോരു കാണാനായി മലമുകളിൽ ആസനസ്ഥമായിരിക്കു''കയും ചെയ്യുന്നു. ഇത്തരം കുടിലബുദ്ധികളിൽ വിശ്വാസമർപ്പിക്കുന്നവരാരായാലും അവർ വളരെ നീചമായ രീതിയിൽ വഞ്ചിക്കപ്പെടുമെന്നു് ഭാവിയിൽ മനസ്സിലാക്കും.

ഒരിക്കൽ യുദ്ധം ചെയ്യണമോ വേണ്ടയോ എന്നതായിരുന്ന ചോദ്യം ഇപ്പോൾ തുടരണമോ സമാധാനമുണ്ടാക്കണമോ എന്നതായി മാറിയിരിക്കുന്നു. എന്നാൽ സാരാംശത്തിൽ അതേ ചോദ്യംതന്നെയാണിതും.

Scanned by CamScanner

അതു് എല്ലാററിലുംവെച്ച് ഏററവും പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമാ
യ ചോദ്യമാണ്. ജപ്പാൻ ചൈനയെ കീഴടക്കുന്നതിനു പ്രേരിപ്പിക്കുക
എന്ന നയം കൂടുതൽ ശക്തിമത്താക്കുകയും, അന്താരാഷ്ട്ര കീഴടങ്ങിക്കൊടു
പ്പുകാർ അവരുടെ പ്രവർത്തനം തീക്ഷ്ണമാക്കുകയും അതിനെല്ലാം ഉപരി
നമ്മുടെ ജാപ്പ്‌വിരുദ്ധമുന്നണിയിൽതന്നെയുള്ള ചിലയാളുകൾ എന്നത്തെ
ക്കാളും ഏറെ ചാഞ്ചാട്ടം കാണിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതോടൊപ്പം
കഴിഞ്ഞ ആറു മാസങ്ങളിൽ സമാധാനമോ യുദ്ധമോ എന്ന ചോദ്യത്തെ
കേന്ദ്രമാക്കി ഒരു വലിയ കോലാഹലം ഉയർന്നുവന്നിട്ടുണ്ടു്. അങ്ങിനെ
കീഴടക്കിക്കൊടുക്കൽ ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളിലെ മുഖ്യ
അപകടമായിത്തീർന്നിട്ടുണ്ടു്. അതു് ഏർപ്പാടാക്കുന്നതിനുവേണ്ടി കീഴട
ങ്ങിക്കൊടുപ്പുകാർ നടത്തുന്ന പ്രഥമവും ഏററവും പ്രധാനമായ നീക്കം കമ്യൂ
ണിസത്തിനെതിരെ പൊരുതുക, അതായതു് കൂമിന്താങ്ങ്—കമ്യൂണിസ്റ്റ്
സഹകരണത്തെയും ജാപ്പ് വിരുദ്ധമുന്നണിയിലെ ഐക്യത്തെയും തകർ
ക്കുക എന്നതാണ്. ഈ പരിതസ്ഥിതിയിൽ എല്ലാ ദേശാഭിമാനികളാ
യ കക്ഷികളും എല്ലാ രാജ്യസ്നേഹികളും കീഴടക്കിക്കൊടുപ്പുകാരുടെ പ്രവർ
ത്തനങ്ങളെ പററി ജാഗരൂകരായിരിക്കുകയും കീഴടക്കിക്കൊടുപ്പാണ് മുഖ്യ
അപകടമെന്നും, കമ്യൂണിസ്റ്റ് വിരുദ്ധ കീഴടക്കിക്കൊടുപ്പിൻെറ തയാറെടു
പ്പാണെന്നും ഉള്ള ഇന്നത്തെ സ്ഥിതിഗതിയുടെ പ്രധാന സ്വഭാവവിശേഷം
മനസ്സിലാക്കുകയും കീഴടക്കിക്കൊടുപ്പിനെയും പിളർപ്പിനേയും എല്ലാ
ശക്തിയുമുപയോഗിച്ച് എതിർക്കുകയും ചെയ്യണം. രക്തച്ചൊരിച്ചിലി
ൻെറ രണ്ടു മുഴുവൻ വർഷങ്ങൾ ദേശത്തിനു വില കൊടുക്കേണ്ടിവന്നു.
ജാപ്പ് സാമ്രാജ്യത്തിനെതിരായുള്ള യുദ്ധത്തെ തുരങ്കംവെക്കാനും വഞ്ചി
ക്കാനും ഒരു വിഭാഗത്തിലുംപെട്ട ആളുകളെ ഒരിക്കലും അനുവദിച്ചുകൂടാ.
മുഴുവൻ ദേശത്തിൻെറയും പരിശ്രമഫലമായി ഊട്ടിയുണ്ടാക്കപ്പെട്ട ജാപ്പ്
വിരുദ്ധ ദേശീയ ഐക്യമുന്നണിയെ താറുമാറാക്കാനോ പിളർക്കാനോ
ഒരിക്കലും ഏതൊരു വിഭാഗത്തിൽപ്പെട്ട ആളുകളെയും അനുവദിച്ചുകൂടാ.
തുടർന്നും പൊരുതുക ഐക്യത്തിൽ ഉറച്ചുനില്ക്കുക, അപ്പോൾ ചൈന
അതിജീവിക്കുകതന്നെ ചെയ്യും. സമാധാനം ഉണ്ടാക്കുക, പിളർപ്പൻ
പണിയിൽ ഉറച്ചുനില്ക്കുക, അപ്പോൾ ചൈന തുലഞ്ഞുപോകും.
ഏതാണ് നിരാകരിക്കേണ്ടതു്, ഏതാണ് സ്വീകരിക്കേണ്ടതു്?
ദേശവാസികൾ വേണ്ടതു് ഉടൻ തിരഞ്ഞെടുക്കണം. നമ്മുടെ
സ്റ്റുകാർ നിശ്ചയമായും തുടർന്നു പൊരുതുകയും ഐക്യത്തിൽ ഉറച്ചുനില്ക്കു
കയും ചെയ്യും. രാജ്യസ്നേഹികളായ എല്ലാ കക്ഷികളും എല്ലാ രാജ്യസ്നേഹി
കളും തുടർന്നും പൊരുതുകയും ഐക്യത്തിൽ ഉറച്ചുനില്ക്കുകയും ചെയ്യും.
കീഴടങ്ങലിനും പിളർപ്പിനുംവേണ്ടി ഗൂഢപദ്ധതികൾ കൂട്ടുന്ന കീഴ
ടക്കിക്കൊടുപ്പുകാർക്ക് താല്ക്കാലികമായി മേൽകൈ നേടാൻ കഴിഞ്ഞെ
ങ്കിൽതന്നെയും, അന്തിമമായി ജനങ്ങൾ അവരുടെ മുഖംമൂടികൾ പിച്ചി
ച്ചീന്തുകയും അവരെ ശിക്ഷിക്കുകയും ചെയ്യും. ചൈനീസ് ദേശത്തിൻെറ
ചരിത്രപരമായ കടമ ഏകീകൃത ചെറുത്തുനില്പിലൂടെ വിമോചനം നേടുക
എന്നുള്ളതാണ്. പക്ഷെ അവർക്ക് എത്രമാത്രം മേൽകൈ ഉണ്ടായിരു
ന്നാലും അവരെ ആരും ഉപദ്രവിക്കുകയില്ല, മിഥ്യാധാരണകൊണ്ടു്
അവർ എത്രമാത്രം ആഹ്ലാദഭരിതരായിരുന്നാലും അവർക്ക് മുഴുവൻ ജന
തയും നൽകുന്ന ശിക്ഷയിൽനിന്നും രക്ഷപ്പെടാൻ കഴിയുകയില്ല. കീഴട
ക്കിക്കൊടുപ്പിനേയും പിളർപ്പിനേയും എതിർക്കുക—രാജ്യസ്നേഹികളായ
എല്ലാ രാഷ്ട്രീയപാർട്ടികളേയും, ഗ്രൂപ്പുകളേയും എല്ലാ ദേശാഭിമാനികളാ
യ സഹദേശവാസികളേയും അഭിമുഖീകരിക്കുന്ന അടിയന്തിരകർത്തവ്യം
ഇതാണ്.

Scanned by CamScanner

മുഴുവൻ രാജ്യത്തെയും ജനങ്ങളേ, ഒന്നിക്കുക! ചെറുത്തുനില്പിലും ഐക്യത്തിലും ഉറച്ചുനില്ക്കുക, കീഴടങ്ങിക്കൊടുപ്പിനും ഒരു പിളർപ്പിനും വേണ്ടിയുള്ള എല്ലാ ഗൂഢപദ്ധതികളേയും അടിച്ചമർത്തുക!

## കുറിപ്പുകൾ

1. ചൈനയെ ബലികൊടുത്തു ജപ്പാനുമായി ഒത്തുതീർപ്പുണ്ടാക്കാൻ ഗൂഢപദ്ധതികളിണക്കുന്ന ബ്രിട്ടീഷ്, അമേരിക്കൻ സാമ്രാജ്യമോഹികളാണ് ''അന്താരാഷ്ട്ര കീഴടക്കികൊടുപ്പുകാർ''

2. നിർദ്ദേശിക്കപ്പെട്ട ശാന്തസമുദ്ര അന്താരാഷ്ട്ര സമ്മേളനത്തെ വിദൂരപൂർവ്വദേശമ്യൂണിക് എന്ന മാററപ്പേരു് വിളിച്ചു. കാരണം ബ്രിട്ടീഷ്, യു. എസ്, ഫ്രഞ്ച് സാമ്രാജ്യവാദികൾ സമാധാനത്തിനുവേണ്ടി വാദിക്കുന്ന ചൈനീസ് വിഭാഗവുമായി കൂട്ടുചേർന്നുകൊണ്ടു് ചൈനയെ വിട്ടുമാറി ജപ്പാനുമായി ഒത്തുതീർപ്പുണ്ടാക്കാൻ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുകയുണ്ടായി. ചിയാങ് കൈഷെക്ക് അത്തരം ഒരു സമ്മേളനം പൂർവ്വദേശമ്യൂണിക്കാവുകയില്ലെന്നു് പറഞ്ഞുകൊണ്ടുള്ള അസംബന്ധമായ വാദമുഖം ഉപയോഗിച്ചിരുന്നു. അതിനെ സ: മാവോ സെതുങ് ഈ ലേഖനത്തിൽ ഖണ്ഡിക്കുന്നു.

3. 1938 സെപ്തംബറിൽ ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ഇററലി എന്നിവയുടെ സർക്കാരുകളുടെ തലവന്മാർ ജർമ്മനിയിലെ മ്യൂണിക്കിൽ സമ്മേളിക്കുകയും ജർമ്മനിയുമായി മ്യൂണിക് ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു. അതനുസരിച്ചു് ജർമ്മനി സോവ്യററ് യൂണിയനെ ആക്രമിക്കുന്നതിനു പ്രതിഫലമായി ബ്രിട്ടണും ഫ്രാൻസും ചെക്കോസ്ലാവോക്യയെ ജർമ്മനിക്കു് ഒററുകൊടുത്തു. ചൈനയെ ബലികഴിച്ചുകൊണ്ടു് ജപ്പാനുമായി ഒരു ഒത്തുതീർപ്പുണ്ടാക്കുവാൻ 1938 ലും 1939 ലും ബ്രിട്ടീഷ്—അമേരിക്കൻ സാമ്രാജ്യവാദികൾ നിരവധി നീക്കങ്ങൾ നടത്തി. ഈ ലേഖനം സ: മാവോ സെതുങ് എഴുതിയ 1939 ജൂണിൽ ബ്രിട്ടണും ജപ്പാനും ഈ പദ്ധതി നടപ്പാക്കാനായി ചർച്ചകൾ നടത്തുകയുണ്ടായി. ബ്രിട്ടണും ഫ്രാൻസും ഇററലിയും ചേർന്നു നടത്തിയ മ്യൂണിക് ഗൂഢാലോചനയോടുള്ള സാമ്യംമൂലം ഇതിനെ ''പൂർവ്വദേശമ്യൂണിക്'' എന്നു വിളിക്കുന്നു.

4. ഈ ഭണ്ഡാഭിനയം നടത്തിയതു് ചിയാങ് കൈഷെക്കും വാങ്ചിങ്വേയും കൂടിയാണു്. വാങ്ചിങ്വേയ് പരസ്യമായ കീഴടക്കികൊടുപ്പിൻെറ റിങ്മാസ്റററും ചിയാങ്കൈഷേക്ക് ജാപ്പ് വിരുദ്ധ മുന്നണിയിൽ ഒളിഞ്ഞിരുന്നവരുടെ റിങ്മാസ്റററുമായിരുന്നു.

5. 1939 ജനുവരിയിൽ കുമിന്താങ് അഞ്ചാം കേന്ദ്രനിർവ്വാഹകസമിതിയുടെ അഞ്ചാമത്തു് പ്ലീനറി സമ്മേളനത്തിൽ ചിയാങ് കൈഷേക്ക് പരസ്യമായി പ്രസ്താവിച്ചു, താൻ ''അന്ത്യംവരെ ചെറുത്തുനില്പുസമരം തുടർന്നുപോകുക'' എന്ന മുദ്രാവാക്യത്തിലെ ''അന്ത്യംവരെ'' എന്നതുകൊണ്ടു് അർത്ഥമാക്കിയതു് ''ലുക്കൗച്യാവോ സംഭവത്തിനുമുമ്പുണ്ടായിരുന്ന യഥാസ്ഥിതി പുനസ്ഥാപിക്കുക'' എന്നുമാത്രമാണെന്നു്. ഈ വ്യാഖ്യാനത്തിൻെറ സാരം വടക്കും വടക്കുകിഴക്കും ചൈനയുടെ വിശാലമായ ഭൂവിഭാഗം ജപ്പാൻെറ അധീനതക്കായി ഉപേക്ഷിക്കുക എന്നതാണു്. അതുകൊണ്ടു് ചിയാങ് കൈഷേക്കിൻെറ ''കീഴടക്കിക്കൊടുപ്പു'' നയത്തെ ഖണ്ഡിക്കുന്നതിനായി സ: മാവോ സെതുങ് ''അന്ത്യംവരെ'' എന്നതു

Scanned by CamScanner

കൊണ്ടർത്ഥമാക്കുന്നതു് ''യാലു നദിക്കരവരെ പൊരുതി മുന്നേറുകയും നഷ്ടപ്പെട്ട ഭൂവിഭാഗങ്ങളെല്ലാം തിരിച്ചുപിടിക്കുകയും ചെയ്യുക'' എന്നതാണെന്നു് പ്രത്യേകം ഉറപ്പിച്ചുപറഞ്ഞു.

6. ജാപ്പ്‌വിരുദ്ധ ദേശീയ ഐക്യമുന്നണിയെ തകർക്കുന്നതിനും, കമ്യൂണിസ്റ്റ് പാർട്ടിയേയും മററു പുരോഗമന ശക്തികളേയും എതിർക്കുന്നതിനുമായി എട്ടാംപഥ സേനയിലും പുതിയ നാലാംസേനയിലും കൂട്ടക്കൊലകളും വിപുലമായ ആക്രമണങ്ങളും നടത്തുന്നതു് തുടങ്ങി കുമിന്താങ്ങ് പിന്തിരിപ്പന്മാർ നടത്തിയ വിവിധ പിന്തിരിപ്പൻ രാഷ്ട്രീയ, സൈനിക നടപടികളെ സൂചിപ്പിക്കുന്നതിന് ''ഉരസൽ'' എന്ന പദം അക്കാലത്തു് പരക്കെ ഉപയോഗിക്കപ്പെട്ടിരുന്നു.

7. 1937 ഡിസംബർ 13 ന് നാങ്കിങ്ങിന്റെ ജാപ്പ് അധിനിവേശത്തിനുശേഷം 1938 ജനവരി 16–ാംതീയതി ജപ്പാൻ സർക്കാർ പ്രസിദ്ധീകരിച്ച ഒരു പ്രസ്താവനയിൽ ജപ്പാൻ ''കൂടിയാലോചനകളിൽ മറുകക്ഷിയായി ദേശീയ സർക്കാരിനെ അംഗീകരിക്കുകയില്ലെന്നും മറെറാരു പുതിയ സർക്കാർ സ്ഥാപിക്കപ്പെടുമെന്നു് ജപ്പാൻ പ്രതീക്ഷിക്കുന്നുണ്ടെന്നും'' പറയുകയുണ്ടായി. 1938 ഒക്ടോബറിൽ കാൻറണും വുഹാനും ജാപ്പ് സൈന്യം പിടിച്ചടക്കിയതിനുശേഷം ചിയാങ്ങ് കൈഷേക്കിന്റെ ചാഞ്ചാട്ടം മുതലെടുത്തുകൊണ്ട് ജാപ്പ് സർക്കാർ കീഴടങ്ങലിന് അയാളെ പ്രേരിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി അവരുടെ നയത്തിൽ മാററംവരുത്തി. നവമ്പർ മൂന്നിന് അവർ മറെറാരു പ്രസ്താവന പുറപ്പെടുവിച്ചു. അതിൽ ഇങ്ങനെ പറയുന്നു ''ദേശീയ സർക്കാരിനെ സംബന്ധിച്ചിടത്തോളം അവർ അവരുടെ ഇതുവരേയുള്ള തെററായ നടപടികൾ ഉപേക്ഷിക്കുകയും പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും ക്രമസമാധാനങ്ങൾ സ്ഥാപിക്കുന്നതിനുമായി പുതിയ ആളുകളെ ഉൾക്കൊള്ളിക്കുകയും ചെയ്യുകയാണെങ്കിൽ, സാമ്രാജ്യത്വം അവരുമായി കൂടിയാലോചന നടത്താൻ മടികാണിക്കുകയില്ല.

# പിന്തിരിപ്പൻമാർ ശിക്ഷിക്കപ്പെടുകതന്നെവേണം*

*1939 ആഗസ്റ്റ് 1*

ആഗസ്റ്റ് ഒന്നാംതീയതിയായ ഇന്ന് നാമിവിടെ കൂടിയിരിക്കുന്നത് ഒരു അനുസ്മരണ സമ്മേളനം നടത്തുന്നതിനായിട്ടാണ്. എന്തുകൊണ്ടാണ് നാമീ അനുസ്മരണസമ്മേളനം നടത്തുന്നത്? കാരണം, പിന്തിരിപ്പന്മാർ നമ്മുടെ വിപ്ലവസഖാക്കളെ കൊലചെയ്തു; ജപ്പാനെ എതിരിട്ട പോരാളികളെ കൊലചെയ്തു. ഇക്കാലഘട്ടത്തിൽ ആരാണ് കൊല്ലപ്പെടേണ്ടത്? ചൈനയിലെ രാജ്യദ്രോഹികളും ജാപ്പ് സാമ്രാജ്യവാദികളും. ചൈന ജാപ്പ് സാമ്രാജ്യവാദികളോട് രണ്ടു വർഷക്കാലമായി യുദ്ധം ചെയ്യുന്നു, അതിന്റെ ഫലം ഇനിയും തീരുമാനിക്കപ്പെട്ടിട്ടില്ല. രാജ്യദ്രോഹികൾ ഇപ്പോഴും ഏറെ പ്രവർത്തനനിരതരാണ്. അവരിൽ ചുരുക്കംപേരേ കൊല്ലപ്പെട്ടിട്ടുള്ളൂ; എന്നിട്ടും നമ്മുടെ വിപ്ലവകാരികളായ സഖാക്കൾ—അവരെല്ലാം ജപ്പാനെ എതിരിട്ട ധീരയോദ്ധാക്കളായിരുന്നു—കൊല്ലപ്പെട്ടു. ആരാൽ കൊല്ലപ്പെട്ടു? പട്ടാളത്താൽ കൊല്ലപ്പെട്ടു. ജപ്പാനെതിരായി പൊരുതിയവരെ എന്തിനാണ് പട്ടാളം കൊലചെയ്തത്? പട്ടാളം തങ്ങൾക്ക നൽകപ്പെട്ട ഉത്തരവുകൾ അനുസരിക്കുകയായിരുന്നു. ചിലർ കൊലചെയ്യാൻ അവർക്ക് ഉത്തരവുകൊടുത്തു. ആരാണവർക്ക കൊലചെയ്യാൻ ഉത്തരവ് നൽകിയത്? പിന്തിരപ്പന്മാർ 1 സഖാക്കളെ! യുക്തിപരമായി നോക്കിയാൽ ജാപ്പിനെതിരായി യുദ്ധം ചെയ്യുന്നവരെ കൊല്ലാൻ ആരാണ് ആഗ്രഹിക്കുന്നത്? ഒന്നാമതായി ജാപ്പ് സാമ്രാജ്യവാദികൾ, അടുത്തതായി വാങ്ചിങ് വേയേപോലുള്ള ചൈനയിലെ അഞ്ചാംപത്തികളും ദേശദ്രോഹികളും. പക്ഷെ കൊല നടന്ന രംഗം ഷാങ്ഹായ്‌യോ, പേയ്പിങോ, ടിയിൻസിനോ, നാങ്കിങോ, ജാപ്പ് കടന്നാക്രമണകാരികളുടെയോ, ചൈനയിലെ അഞ്ചാംപത്തികളുടെയോ അധീനതയിലുള്ള മറ്റേതെങ്കിലും സ്ഥലമോ ആയിരുന്നില്ല. അതു നടന്നത് പിങ്കിയാങിലാണ്. ചെറുത്തുനില്പുയുദ്ധനിരയുടെ പിന്നിൽ കൊലചെയ്യപ്പെട്ടവരിൽ പുതിയ നാലാംപടയുടെ പിങ്കിയാങിലെ ബാഹ്യബന്ധ ഓഫീസിലെ ഉത്തരവാദപ്പെട്ട സഖാക്കളായ, തുപെത്കുനും, ലോത്സ്സമിങ്ങും ഉൾപ്പെടുന്നു. വ്യക്തമായും ഈ കൊലപാതകം നടത്തിയത് ജാപ്പ് സാമ്രാജ്യവാദികളുടെയും, വാങ്ചിങ്–വേയുടെയും ഉത്തരവുകളനുസരിച്ച് ചൈനയിലെ ഒരുകൂട്ടം പിന്തിരിപ്പന്മാരാണ്. കീഴടങ്ങലിനുള്ള തയാറെടുത്തുകൊണ്ട് ജപ്പാൻകാരുടെയും വാങ്ചിങ്വേയുടെയും ഉത്തരവുകൾ ഈ പിന്തിരിപ്പന്മാർ വിധേയത്വത്തോടുകൂടി അനുസരിക്കുകയായിരുന്നു. എന്നുമാത്രമല്ല ആദ്യമായി വധിക്കപ്പെട്ടത് ജപ്പാനെതിരായി ഏററവും അധികം അടിയുറച്ചുനിന്നു പൊരുതിയവരുമാണ്. ഇതൊരു

---

* പിങ്കിയാങിലെ രക്തസാക്ഷികളെ അനുസ്മരിക്കുന്നതിനായി യെനാനിലെ ജനങ്ങൾ വിളിച്ചുകൂട്ടിയ ഒരു അനുസ്മരണയോഗത്തിൽ സ: മാവോസെതുങ് ചെയ്തതാണ് ഈ പ്രഭാഷണം.

Scanned by CamScanner

നിസ്സാരസംഗതിയല്ല. നാം ഇതിനെതിരായി ശബ്ദമുയർത്തണം. ഇതിനെ തീർച്ചയായും അപലപിക്കുകതന്നെവേണം.

മുഴുവൻ ദേശവും ഇന്ന ജപ്പാനെ ചെറുത്തുനില്ക്കുകയും ആ ചെറുത്തുനില്പിനുവേണ്ടി ജനങ്ങളുടെ ഒരു ഉറച്ചതായ ഐക്യം ഊട്ടിവളർത്തുകയും ചെയ്യുകയാണ്. പക്ഷെ ഈ ഉറച്ചതായ ഐക്യത്തിനകത്തുതന്നെ പിന്തിരിപ്പന്മാരും കീഴടങ്ങിക്കൊടുപ്പുകാരുമുണ്ട്, അവരെന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവർ, ജപ്പാനെതിരായി പൊരുതുന്നവരെ വധിച്ചുകൊണ്ടിരുന്നു, പുരോഗതിയെ കടിഞ്ഞാണിട്ട് പിന്നിലേക്ക് വലിച്ചുകൊണ്ടിരിക്കുകയും, കീഴടങ്ങപ്പെടുന്നതിനായുള്ള വഴി ഒരുക്കുന്നതിനായി ജാപ്പ് ആക്രമണകാരികളുമായും ചൈനയിലെ അഞ്ചാംപത്തികളുമായും കൂട്ടുചേർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഏതെങ്കിലും ജാപ്പ് വിരുദ്ധ സഖാക്കളുടെ വധത്തിന്റേതായ ഈ ക്രൂരകൃത്യത്തിനെതിരെ എന്തെങ്കിലും നടപടി എടുത്തോ? കൊലപാതകം നടന്നതു് ജൂൺ 12-ാംതീയതി വൈകുന്നേരം മൂന്നു മണിക്കാണ്. ഇന്ന് ആഗസ്റ്റ് ഒന്നാണ്. എന്നാലിത്രയും ദിവസമായിട്ടും ആരെങ്കിലും മുന്നോട്ടുവരികയും നടപടി എടുക്കുകയും ചെയ്തതായി കാണുകയുണ്ടായോ? ഇല്ല, അതുചെയ്യേണ്ടിയിരുന്നതു് ആരാണ്? നിയമഭരണം നടത്തുന്നവർ രാജ്യത്തെ നിയമങ്ങൾക്കനുസൃതമായി നടപടി എടുക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരം സംഭവങ്ങൾ ഷെൻസി–കാൻസു–നിങ്ങ്സിയാ അതിർത്തി പ്രദേശങ്ങളിലാണ് നടന്നിരുന്നതെങ്കിൽ നമ്മുടെ ഹൈക്കോടതി എത്രയോ മുമ്പുതന്നെ നടപടികൾ എടുത്തുകഴിഞ്ഞേനേ. എന്നാൽ പിങ്ങ്കിയാങ്ങ് കൂട്ടക്കൊലക്കുശേഷം ഏകദേശം രണ്ടുമാസം കഴിഞ്ഞിട്ടും നിയമവും നിയമപാലകരും ഒന്നുംതന്നെ ചെയ്തില്ല. എന്താണിതിന്റെ കാരണം? കാരണം ചൈന ഇപ്പോഴും ഏകീകൃതമായി കഴിഞ്ഞിട്ടില്ലെന്നതു തന്നെ2.

ചൈന ഏകീകൃതമാവുകതന്നെ വേണം. ഏകീകരണമില്ലാതെ വിജയം നേടുക സാദ്ധ്യമല്ല. ഏകീകരണം എന്നാൽ എന്താണർത്ഥം? അതിന്റെ അർത്ഥം ഓരോരുത്തരും ജപ്പാനെ ചെറുത്തുനില്ക്കണം. എല്ലാവരും ഒന്നുചേർന്നു പുരോഗതിക്കുവേണ്ടി അശ്രാന്തം പരിശ്രമിക്കണം, യഥാർത്ഥമായ പാരിതോഷികങ്ങളും ശിക്ഷകളും ഉണ്ടായിരിക്കണം. ആർക്കാണ് പാരിതോഷികങ്ങൾ നൽകേണ്ടതു്? ജപ്പാനെ ചെറുത്തുനില്ക്കുന്നവർക്ക്, ഐക്യതയെ ഉണർത്തിപ്പിടിക്കുന്നവർക്ക്, പുരോഗമനവാദികൾക്ക്. ആരാണു ശിക്ഷിക്കപ്പെടേണ്ടതു്? ചെറുത്തുനില്പിനേയും ഐക്യതയേയും, പുരോഗതിയേയും തുരങ്കംവെക്കുന്ന അഞ്ചാംപത്തികളും പിന്തിരിപ്പന്മാരും. ഇന്നു നമ്മുടെ രാജ്യം ഏകീകൃതമാണോ? ഏകീകൃതമല്ല. പിങ്ങ്കിയാങ്ങ് കൂട്ടക്കൊല അതു തെളിയിക്കുന്നു. അതു കാണിക്കുന്നതു് ഏകീകരണം വേണ്ടിടത്തു് അതില്ലെന്നാണ്. നമ്മൾ വളരെ കാലമായി രാഷ്ട്രത്തിന്റെയാകെ ഏകീകരണം ആവശ്യപ്പെടുന്നു. ഒന്നാമതായി ചെറുത്തുനില്പുയുദ്ധത്തിന്റെ അടിസ്ഥാനത്തിലുള്ള ഏകീകരണം. പക്ഷെ ഇപ്പോൾ പാരിതോഷികങ്ങൾ നൽകപ്പെടുന്നതിനു പകരം തുചെങ്ങ്–കുൻലോതസിമിക്കും മററു സഖാക്കളും മൃഗീയമായി വധിക്കപ്പെട്ടിരിക്കുന്നു. അതേസമയം ചെറുത്തുനില്പിനെ എതിർത്തുനില്ക്കുന്ന തെമ്മാടികൾ കീഴടക്കിക്കൊടുപ്പിന് തയ്യാറെടുക്കുകയും കൊലപാതകങ്ങൾ നടത്തി ശിക്ഷിക്കപ്പെടാതെ രക്ഷപെടുകയും ചെയ്യുന്നു! ഇതു് ഏകീകരണമല്ല. നമ്മൾ ഈ തെമ്മാടികളേയും കീഴ്പ്പെടുത്തിക്കൊടുപ്പുകാരെയും എതിരിടുകയും കൊലപാതകികളെ അറസ്റ്റുചെയ്യുകയും ചെയ്തേ തീരൂ. രണ്ടാമതായി ഐക്യതയുടെ

Scanned by CamScanner

അടിസ്ഥാനത്തിലുള്ള ഏകീകരണത്തിൻെറ കാര്യം. ഐക്യത്തിനുവേണ്ടി നിലകൊള്ളുവർക്കു് പാരിതോഷികം നൽകുകയും അതിനെ തുരങ്കംവെക്കുന്നവർ ശിക്ഷിക്കപ്പെടുകയും ചെയ്യണം. എന്നാൽ ഇന്നു് ഐക്യതയെ ഉയർത്തിപ്പിടിച്ചിരുന്ന സഖാക്കൾ ത്സെങ്ങ്–കനും, ലോതു് സ്യ–മിങ്ങും മറ്റുള്ളവരും ശിക്ഷിക്കപ്പെട്ടിരിക്കുന്നു, മൃഗീയമായി കൊലചെയ്യപ്പെട്ടിരിക്കുന്നു. അതേസമയം ഐക്യതയെ തുരങ്കംവെക്കുന്ന പോക്കിരികൾക്കു് സ്വൈരവിഹാരം നടത്താൻ അനുവദിക്കപ്പെട്ടിരിക്കുന്നു. മൂന്നാമതായി പുരോഗതിയുടെ അടിസ്ഥാനത്തിലുള്ള ഏകീകരണം രാജ്യമാകെതന്നെ മുന്നോട്ടുപോയേ മതിയാകൂ. പിന്നണിയിലുള്ളവർ പുരോഗാമികളോടൊപ്പമെത്താൻ ഓടുകതന്നെ വേണം. അതുപോലെതന്നെ മുമ്പേ പോയവരെ പിന്നിലുള്ളവർക്കൊപ്പം പിന്നോട്ടു പിടിച്ചുവലിക്കരുതു്. പിങ്ങ്–കിയാങ്ങിലെ കശാപ്പുകാർ പുരോഗാമികളായ ആളുകളെ കൊലചെയ്തു. ചെറുത്തുനില്പുയുദ്ധം പൊട്ടിപ്പുറപ്പെട്ടതിനുശേഷം നൂറുകണക്കിനു് കമ്യൂണിസ്റ്റുകാരും രാജ്യസ്നേഹികളും നിർദ്ദയം വധിക്കപ്പെട്ടിട്ടുണ്ടു്. പിങ്ങ് കിയാങ്ങ് കൂട്ടക്കൊല ഏറ്റവും അടുത്ത കാലത്തു നടന്ന ഒരുദാഹരണം മാത്രം. ഇതു് തുടരാൻ അനുവദിച്ചാൽ അതു ചൈനയ്ക്കു് വിനാശകരമായിരിക്കും. ജപ്പാനെ എതിർക്കുന്നവരെല്ലാം വധിക്കപ്പെട്ടേക്കും; ഈ കൊലപാതകങ്ങൾ എന്താണു് അർത്ഥമാക്കുന്നതു്? ജാപ്പു് സാമ്രാജ്യവാദികളുടേയും വാങ്ങ്പിങ്ങ്–വേയുടേയും ഉത്തരവുകളനുസരിച്ചു പ്രവർത്തിക്കുന്ന ചൈനയിലെ പിന്തിരിപ്പന്മാർ കീഴടക്കിക്കൊടുക്കുന്നതിനു് ഒരുക്കുകൂട്ടുകയാണെന്നും അതുകൊണ്ടാണവർ ജപ്പാനെതിരായി പടപൊരുതുന്നവരെ വധിച്ചുകൊണ്ടും കമ്യൂണിസ്റ്റുകാരെയും രാജ്യസ്നേഹികളേയും കശാപ്പു ചെയ്തുകൊണ്ടും തുടക്കം കുറിച്ചിരിക്കുന്നതെന്നുമാണു് അവ അർത്ഥമാക്കുന്നതു്. ഇതവസാനിപ്പിച്ചില്ലെങ്കിൽ ഈ പിന്തിരിപ്പന്മാരുടെ കൈകളിൽ ചൈന നാശമടയും. ഈ കൊലപാതകങ്ങൾ അതുകൊണ്ടു് മൊത്തം രാജ്യത്തിൻെറ പ്രശ്നമാണു്. ഇതു് ഗൗരവതരമായ പ്രാധാന്യം അർഹിക്കുന്നു. മാത്രമല്ല, നാം ഈ പിന്തിരിപ്പന്മാരെ അങ്ങേയററം ഗുരുതരപൂർണ്ണമായ ശിക്ഷയ്ക്കു വിധേയമാക്കുമെന്നു് ദേശീയ സർക്കാരിനോടു് ആവശ്യപ്പെടുകതന്നെ വേണം. ജാപ്പു് സാമ്രാജ്യത്വം ഈയിടെയായി അവരുടെ ശിഥിലീകരണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും, സാർവ്വദേശീയ സാമ്രാജ്യത്വം ജപ്പാനെ സഹായിക്കുന്നതിൽ കൂടുതൽ പ്രവർത്തന നിരതമായിട്ടുണ്ടെന്നും ചൈനയിലെ ഒളിഞ്ഞുതെളിഞ്ഞുള്ള രാജ്യദ്രോഹികളും വാങ്ങ്പിങ്ങ്–വേയ്മാരും ചെറുത്തുനില്പുയുദ്ധത്തെ അട്ടിമറിക്കാനും ഐക്യത്തെ തകർക്കാനും നാഴികമണിയുടെ സൂചി പിന്നിലേക്കു തിരിക്കാനും മുമ്പെന്നത്തെക്കാളിലും കൂടുതൽ പ്രവർത്തനനിരതരായിട്ടുണ്ടെന്നും ഉള്ള കാര്യംകൂടി സഖാക്കൾക്കു ബോധ്യമായേ തീരൂ. നമ്മുടെ നാടിൻെറ കൂടുതലും ഭൂവിഭാഗങ്ങൾ അടിയറവെക്കാനും ആഭ്യന്തര പിളർപ്പിനു കാരണമുണ്ടാക്കാനും ഒരു ആഭ്യന്തരയുദ്ധം കുത്തിപ്പൊക്കാനും അവർ ആഗ്രഹിക്കുന്നു. ഇന്നു്, ''ദേശീയേതര കക്ഷികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ4 '' എന്നറിയപ്പെടുന്ന ഒരു രഹസ്യനിയമം വിപുലമായ തോതിൽ നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടു്. ആ നിയമം കാതൽവരെ പിന്തിരിപ്പന്മാരും ജാപ്പു് സാമ്രാജ്യത്വത്തെ സഹായിക്കുന്നതും, ചെറുത്തുനില്പിനും ഐക്യത്തിനും പുരോഗതിക്കും കടക്കു് കത്തിവെക്കുന്നതുമാണു്. ഏതൊക്കെയാണു് ''വിദേശ ശക്തികൾ?'' ജാപ്പു് സാമ്രാജ്യവാദികളും വാങ്ങ്പിങ്ങ്–വേയും രാജ്യദ്രോഹികളും. ജപ്പാനെ ചെറുത്തുനില്ക്കുന്നതിൽ ഒന്നിച്ചുനില്ക്കുന്ന കമ്യൂണിസ്റ്റ്പാർട്ടിയേയും മററല്ലാ ജാപ്പ്‌വിരുദ്ധ രാഷ്ട്രീയകക്ഷികളേയും എങ്ങിനെയാണു് ''വിദേശീയ കക്ഷികളാണെന്നു്'' വിളിക്കാൻ

Scanned by CamScanner

കഴിയുക? എന്നിട്ടും കീഴടങ്ങിക്കൊടുപ്പുകാരും, പിന്തിരിപ്പന്മാരും മുറാച്ചികളും ജാപ്പ്‌വിരുദ്ധ അണികൾക്കുള്ളിൽ കുഴപ്പവും ഭിന്നതയും ബോധപൂർവ്വം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ ശരിയാണോ തെറ്റാണോ? ഇതു് തീർത്തും തെറ്റാണു്! (ഉച്ചകണ്ഠമായ കരഘോഷം). നിയന്ത്രണത്തിന്റെ കാര്യത്തിലേക്കു വന്നാൽ ഏതുതരം ആളുകളെയാണു് നിയന്ത്രിക്കേണ്ടതു്? ജാപ്പ് സാമ്രാജ്യവാദികളേയും വാങ്ങ്പിങ്ങ്—വേയേയും കീഴടങ്ങിക്കൊടുപ്പുകാരെയും, (ഉച്ചകണ്ഠമായ കരഘോഷം) ജപ്പാനെ ചെറുക്കുന്നതിൽ ഏറ്റവും അടിയുറച്ചുനില്ക്കുന്നതും, ഏറ്റവുമധികം വിപ്ലവകാരികളും ഏറ്റവുമധികം പുരോഗമനേച്ഛുക്കളുമായ കമ്യൂണിസ്റ്റ്പാർട്ടിയെ എന്തിനു നിയന്ത്രിക്കണം? ഇതു് തീർത്തും തെറ്റാണു്. നാം, യെനാനിലെ ജനത, നമ്മുടെ ഉറച്ച എതിർപ്പിന്റെയും പ്രതിഷേധത്തിന്റെയും ശബ്ദമുയർത്തുന്നു. (ഉച്ചകണ്ഠമായ കരഘോഷം) ''വിദേശകക്ഷികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികളെ'' നാം എതിർത്തേ തീരൂ. കാരണം ഇത്തരം നടപടികളാണു് ഐക്യത്തെ തകർക്കുന്ന എല്ലാ കുറ്റകരമായ പ്രവർത്തികളുടേയും മൂലം. നാമീ സമ്മേളനം ഇന്നു നടത്തുന്നതു് ചെറുത്തുനില്പ് തുടർന്നുകൊണ്ടുപോകുന്നതിനും ഐക്യത്തിനും പുരോഗതിക്കും വേണ്ടിയുമാണു്. ഈ ലക്ഷ്യം നേടുന്നതിനു് ''ദേശീയേതരകക്ഷികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ'' റദ്ദാക്കുകതന്നെ വേണം. കീഴടങ്ങിക്കൊടുപ്പുകാരെയും പിന്തിരിപ്പന്മാരെയും ശിക്ഷിച്ചുതന്നെ തീരണം. എല്ലാ വിപ്ലവകാരികളായ സഖാക്കളും ജപ്പാനെ ചെറുത്തുകൊണ്ടിരിക്കുന്ന എല്ലാ സഖാക്കളും ജനങ്ങളും സുരക്ഷിതരാക്കപ്പെട്ടേ തീരൂ. (ആവേശകരമായ കരഘോഷവും മുദ്രാവാക്യം വിളികളും)

## കുറിപ്പുകൾ

1. ചിയാങ്ങ്കൈഷെക്കും അയാളുടെ പിണിയാളുകളുമാണു് ഈ പിന്തിരിപ്പന്മാർ. 1952 ജൂൺ 12–നു് ചിയാങ്ങ്കൈഷെക്കിന്റെ ഒരു രഹസ്യഉത്തരവു് അനുസരിച്ചു് ക്വമിന്താങ്ങിന്റെ 27–ാമത്തെ സൈന്യവിഭാഗം ഹുനാൻപ്രവിശ്യയിലുള്ള പിങ്ങ്കിയാങ്ങിലെ പുതിയ നാലാംസേനയുടെ ബാഹ്യബന്ധ ഓഫീസ് വളയുന്നതിനുവേണ്ടി ഭടന്മാരെ അയയ്ക്കുകയും പുതിയ നാലാംസേനയുടെ സ്റ്റാഫ് ഓഫീസറായ സ: തുചെങ്ങ് കുനിനേയും എട്ടാംപഥ സേനയിലെ മേജറും അഡ്ജൂടൻറുമായ സ: ലോതസ്യു മിങ്ങിനെയും മററു നാലു സഖാക്കളേയും ക്രൂരമായി വധിക്കുകയുണ്ടായി. ഈ കൂട്ടക്കൊല ജാപ്പ് വിരുദ്ധ ജനാധിപത്യ താവളപ്രദേശങ്ങളിലുള്ള ജനങ്ങളിൽ മാത്രമല്ല ക്വമിന്താങ്ങ്പ്രദേശങ്ങളിലുള്ള സത്യസന്ധരായ ആളുകൾക്കിടയിൽപോലും ധാർമ്മികരോഷമുണർത്തി.

2. കമ്യൂണിസ്റ്റ്നേതൃത്വത്തിലുള്ള ജാപ്പ് വിരുദ്ധ സായുധസേനയേയും താവളപ്രദേശങ്ങളേയും നശിപ്പിക്കുന്നതിനുള്ള കുടിലപദ്ധതി മറച്ചുവെക്കുന്നതിനായി ക്വമിന്താങ്ങ് പിന്തിരിപ്പന്മാർ ഉപയോഗിച്ചുകൊണ്ടിരുന്ന ''ഏകീകരണം'' എന്നതിനെ ഖണ്ഡിക്കുന്നതിനായിട്ടാണു്, സ: മാവോ സെതുങ്ങ് ഏകീകരണത്തെ നിർവ്വചിച്ചതു്. ജപ്പാനെ സംയുക്തമായി ചെറുക്കുന്നതിനായി പുതുക്കപ്പെട്ട ക്വമിന്താങ്ങ്—കമ്യൂണിസ്റ്റ് സഹകരണത്തെത്തുടർന്നു് 'ഏകീകരണം' എന്ന മുദ്രാവാക്യം കമ്യൂണിസ്റ്റ് പാർട്ടിയെ ആക്രമിക്കുന്നതിനുള്ള ക്വമിന്താങ്ങിന്റെ പ്രധാന ആയുധമാ

Scanned by CamScanner

യിത്തീർന്നു. കമ്യൂണിസ്റ്റ് പാർട്ടി എപ്പോഴും വ്യത്യസ്തത പുലർത്താൻ ശ്രമിക്കുന്നു എന്നും ഏകീകരണത്തിനു തടസ്സം സൃഷ്ടിക്കുന്നു എന്നും ചെറുത്തുനില്പിന്റെ താല്പര്യത്തെ അപകടപ്പെടുത്തുന്നു എന്നും അവർ കമ്യൂണിസ്റ്റ് പാർട്ടിയെ കുററപ്പെടുത്തിക്കൊണ്ടിരുന്നു. ചിയാങ്ങ് കൈഷെക്കിന്റെ നിർദ്ദേശപ്രകാരം 1939 ജനവരിയിൽ ക്വമിന്താങ്ങിന്റെ അഞ്ചാം കേന്ദ്ര നിർവ്വാഹക സമിതിയുടെ അഞ്ചാമത്തു പ്ലീനറി സമ്മേളനം ''ദേശീയേതര കക്ഷികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ'' അംഗീകരിച്ചതിനുശേഷം ഈ പിന്തിരിപ്പൻ പ്രചരണ കോലാഹലം വർദ്ധിക്കുകയുണ്ടായി. സ: മാവോസെതുങ്ങ് ക്വമിന്താങ്ങ് പിന്തിരിപ്പന്മാരിൽനിന്നും ''ഏകീകരണം'' എന്ന മുദ്രാവാക്യം വീണ്ടെടുക്കുകയും അതു ദേശത്തേയും ജനങ്ങളേയും ഭിന്നിപ്പിക്കുന്നതിനുള്ള ക്വമിന്താങ്ങിന്റെ വിഭജന നടപടികളെ എതിർക്കുന്നതിനുള്ള മുദ്രാവാക്യമായി മാററുകയും ചെയ്തു.

3. 1938 ഒക്ടോബറിൽ വൂഹാന്റെ പതനത്തിനുശേഷം ക്വമിന്താങ്ങിനെ കീഴടക്കിക്കൊടുപ്പിനു പ്രേരിപ്പിക്കുന്നതിനായി രാഷ്ട്രീയമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുക എന്നതു് ജപ്പാന്റെ മുഖ്യ നയമായി മാറി. ബ്രിട്ടീഷ് അമേരിക്കൻ സാമ്രാജ്യവാദികൾ ഉൾപ്പെടെയുള്ള സാർവ്വദേശീയ സാമ്രാജ്യത്വം ചിയാങ്ങ് കൈഷെക്കിനോടു് സമാധാനമുണ്ടാക്കാൻ കൂടിയാലോചനയിൽ ഏർപ്പെടണമെന്നു നിർദ്ദേശിക്കുകയും ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ചേമ്പർ ലേയ്ൻ വിദൂര പൂർവ്വദേശത്തിന്റെ പുനരുദ്ധാരണം എന്നു പറയുന്നതിൽ ബ്രിട്ടൻ ഭാഗഭാക്കാവുന്നതാണെന്നു സൂചിപ്പിക്കുകയും ചെയ്തു. അക്കൊല്ലം ഏപ്രിൽമാസത്തിൽ ചിയാങ്ങ് കൈഷെക്കും ജാപ്പ് ആക്രമണകാരികളും തമ്മിൽ സമാധാന സംഭാഷണം നടത്തുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്താൻ ബ്രിട്ടീഷ് നയതന്ത്ര പ്രതിനിധിയായ ക്ലാർക് കെർ മദ്ധ്യസ്ഥനായി പ്രവർത്തിച്ചു. ജൂലൈ മാസത്തിൽ ബ്രിട്ടനും ജപ്പാനും തമ്മിൽ ഒരു കരാറുണ്ടാക്കി. അതുപ്രകാരം ജപ്പാൻ ചൈനയിലുണ്ടാക്കിത്തീർത്തിട്ടുള്ള ''യഥാർത്ഥമായ പരിതസ്ഥിതിയെ'' അംഗീകരിക്കാൻ ബ്രിട്ടൻ തയ്യാറായി.

4. ''ദേശീയേതര കക്ഷികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ'' 1939—ൽ ക്വമിന്താങ്ങിന്റെ കേന്ദ്ര അധികാരികൾ രഹസ്യമായി വിതരണം ചെയ്തു. അവർ ജനങ്ങളുടെ ജാപ്പവിരുദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ താറുമാറാക്കുക എന്ന ഉദ്ദേശത്തോടുകൂടി കമ്യൂണിസത്തിന്റേതും മററെല്ലാ പുരോഗമനപരമായ ആശയങ്ങളുടേയും മേൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ക്വമിന്താങ്ങിന്റെ അഭിപ്രായത്തിൽ ''ഏററവും അധികം ശക്തിയായി പ്രവർത്തിക്കുന്ന'' സ്ഥലങ്ങളിൽ കടുത്ത ഉത്തരവാദിത്വത്തിന്റെയും കൂട്ടായ ശിക്ഷയുടേയും നിയമം'' പ്രാബല്യത്തിൽ വരുത്തണമെന്നും ''വിവരം ശേഖരിക്കുന്നതിനുള്ള വലക്കൂട്''' അഥവാ പ്രതിവിപ്ലവ രഹസ്യ പ്രവർത്തനം ഹവോ—ചിയാങ്ങ് ഘടകങ്ങൾക്കകത്തുതന്നെ പൊതുവായി നടപ്പാക്കണമെന്നും അന്നു് നിബന്ധന വെച്ചിരുന്നു. ക്വമിന്താങ്ങ് ഫാസിസ്റ്റ് ഭരണത്തിന്റെ അടിസ്ഥാന ഭരണഘടകങ്ങളാണ് ''പാവോയും'' ''ചിയാവും.'' പത്തു കുടുംബങ്ങൾ ഒരു ''പാവോയും'' അത്തരം പത്തു ''പാവോകൾ'' ഒരു ''ചിയാ''യും ആകുന്നു.

Scanned by CamScanner

# പുതിയ അന്താരാഷ്ട്ര പരിത:സ്ഥിതിയെപ്പററി ന്യൂ ചൈനാ ദിനപ്പത്രത്തിൻെറ പ്രതിനിധിയുമായി നടത്തിയ കൂടിക്കാഴ്ച

*1939 സെപ്ററംബർ 1*

പ്രതിനിധി: സോവ്യററ യൂണിയനും ജർമ്മനിയും തമ്മിലുണ്ടാക്കിയ അനാക്രമണക്കരാറിൻെറ പ്രാധാന്യം എന്താണ്?[1]

മാവോ സെതുങ്ങ്: സോവ്യററ യൂണിയൻെറ വളർന്നുകൊണ്ടിരിക്കുന്ന സോഷ്യലിസ്ററ ബലത്തിൻെറയും സോവ്യററ സർക്കാർ നിരന്തരമായി പിന്തുടർന്നു വരുന്ന സമാധാന നയത്തിൻെറയും പരിണീതഫലമാണ് സോവ്യററ്—ജർമ്മൻ അനാക്രമണക്കരാർ. ചേമ്പർലെയിനും ഡലാഡിയറും പ്രതിനിധീകരിക്കുന്ന പിന്തിരിപ്പൻ അന്താരാഷ്ട്ര മൂരാച്ചികളുടെ സോവ്യററ—ജർമ്മൻ യുദ്ധം ഇളക്കിവിടുന്നതിനുള്ള ഉപജാപങ്ങളെ തകർക്കുകയും ജർമ്മൻ, ഇററാലിയൻ, ജാപ്പ് കമ്യൂണിസ്റ്റ് വിരുദ്ധ ബ്ലോക്കിൻെറ സോവ്യററ യൂണിയനു ചുററുമുണ്ടായിരുന്ന വലയം പൊളിക്കുകയും, സോവ്യററയൂണിയനും ജർമ്മനിയും തമ്മിൽ സമാധാനം ബലവത്താക്കുകയും, സോവ്യററയൂണിയനിലെ സോഷ്യലിസ്ററ നിർമ്മാണ പ്രവർത്തനങ്ങളെ സുരക്ഷിതമാക്കുകയും ചെയ്തു. പൂർവ്വദേശത്തു് അതു് ജപ്പാനു് നല്ലൊരടിയായിത്തീരുകയും ചൈനക്കു് സഹായകമാകുകയും ചെയ്തു. അതു് ജപ്പാനെ ചെറുത്തുനില്ക്കുന്ന ശക്തികളുടെ നിലപാടു് ബലവത്താക്കുകയും കീഴടങ്ങൽ മോഹികൾക്കു് അടിയായിത്തീരുകയും ചെയ്തു. അതു് ലോകത്തെമ്പാടുമുള്ള ജനങ്ങൾക്കു് സ്വാതന്ത്ര്യം നേടുന്നതിനും വിമോചനം സാദ്ധ്യമാക്കുന്നതിനും സഹായിക്കുന്ന അടിത്തറയുണ്ടാക്കിത്തീർത്തു. അങ്ങിനെയുള്ളതാണു് സോവ്യററു്—ജർമ്മൻ അനാക്രമണക്കരാറിൻെറ പൂർണ്ണമായ രാഷ്ട്രീയ പ്രാധാന്യം.

ചോദ്യം: ആംഗ്ലോ—ഫ്രഞ്ചു്—സോവ്യററ സംഭാഷണങ്ങളുടെ തകർച്ചയുടെ ഫലമാണു് സോവ്യററു—ജർമ്മൻ അനാക്രമണ കരാറെന്ന കാര്യം ഇപ്പോഴും ചിലയാളുകൾ മനസ്സിലാക്കുന്നില്ല. പക്ഷെ, അവർ വിചാരിക്കുന്നതു് സോവ്യററു—ജർമ്മൻ കരാറാണു് അതിൻെറ തകർച്ചക്കു് നിദാനമെന്നാണു്. ആംഗ്ലോ—ഫ്രഞ്ചു്—സോവ്യററ സംഭാഷണം തകർന്നതു് എന്തുകൊണ്ടാണെന്നു് ദയവുചെയ്തു വിശദീകരിക്കാമോ?

ഉത്തരം: ബ്രിട്ടീഷ്, ഫ്രഞ്ചു സർക്കാരുകളുടെ സത്യസന്ധതയില്ലായ്മ മൂലമാണു് ആ സംഭാഷണങ്ങൾ തികച്ചും പരാജയമടഞ്ഞതു്. അടുത്ത ചില വർഷങ്ങളായി അന്താരാഷ്ട്രീയ പിന്തിരിപ്പൻ മൂരാച്ചികളു

പ്രത്യേകിച്ചും ബ്രിട്ടണിലും ഫ്രാൻസിലുമുള്ളവർ, ഫാസിസ്ററു ജർമ്മനിയുടേയും ഇററലിയുടേയും ജപ്പാന്റെയും കടന്നാക്രമണങ്ങളുടെ നേരെ 'ഇടപെടൽരാഹിത്യ'മെന്ന പിന്തിരിപ്പൻനയം നിരന്തരം തുടർന്നുവരികയായിരുന്നു. അവരുടെ ഉദ്ദേശം യുദ്ധങ്ങളിൽ കണ്ണടച്ചു കളിച്ചു് അതുകൊണ്ടു് ലാഭം നേടുക എന്നുള്ളതാണു്. ആക്രമണത്തിനെതിരെ യഥാർത്ഥമായ ഒരു മുന്നണി ഉണ്ടാക്കണമെന്നുള്ള സോവ്യററുയൂണിയന്റെ തുടരെത്തുടരെയുള്ള നിർദ്ദേശങ്ങളെ ബ്രിട്ടണും ഫ്രാൻസും നിസ്സന്ദേഹം നിരാകരിക്കുകയും പാർശ്വനിരകളിൽനിന്നുകൊണ്ടു് അവർ ഒരു 'ഇടപെടൽ രഹിത' നിലപാടു സ്വീകരിക്കുകയും ജർമ്മനിയുടേയും ഇററലിയുടേയും ജപ്പാന്റെയും കടന്നാക്രമണങ്ങളുടെനേരെ കണ്ണടയ്ക്കുകയും ചെയ്തു. അവരുടെ ലക്ഷ്യം വിരോധികൾ തമ്മിലടിച്ചു് ശക്തിഹീനരാകുമ്പോൾ കടന്നു ചെല്ലുകയും ഇടപെടുകയും ചെയ്യുക എന്നുള്ളതായിരുന്നു. ഈ പിന്തിരിപ്പൻ നയത്തിനെ തുടർന്നു് അവർ പകുതി ചൈനയെ ജപ്പാനും അബിസീനിയയും സ്പെയിനും ആസ്ട്രിയയും ചെക്കോസ്ലോവോക്യയും മുഴുവനായും ഇററലിക്കും ജർമ്മനിക്കും[2] ബലിയർപ്പിച്ചു. എന്നിട്ടവർക്കു് സോവ്യററുയൂണിയനേയും ബലികൊടുക്കണമെന്നായിരുന്നു. ഈ ഗൂഢ പദ്ധതി ആംഗ്ലോ—ഫ്രഞ്ചു്—സോവ്യററു സംഭാഷണങ്ങളിൽ വ്യക്തമായി തുറന്നു കാട്ടപ്പെട്ടു. ആ സംഭാഷണങ്ങൾ ഏപ്രിൽ 15 മുതൽ ആഗസ്റ്റു് 23 വരെ നാലിലധികം മാസങ്ങൾ നീണ്ടുനിന്നു. ആ കാലമത്രയും സോവ്യററു യൂണിയൻ അങ്ങേ അററത്തെ ക്ഷമ പ്രദർശിപ്പിച്ചു. പക്ഷെ തുടക്കം മുതൽ അവസാനംവരെ ബ്രിട്ടണും ഫ്രാൻസും സമത്വം, പരസ്പരപൂരകത്വം എന്നിവയെ നിരാകരിച്ചു. സോവ്യററുയൂണിയൻ അവരുടെയെല്ലാം സുരക്ഷിതത്വത്തിനു് വേണ്ടതു ചെയ്തുകൊള്ളണമെന്നവർ ആവശ്യപ്പെട്ടു. എന്നാൽ സോവ്യററു യൂണിയനും ചെറിയ ബാൾട്ടിക്കു് രാജ്യങ്ങൾക്കുംവേണ്ടി അതുപോലെ ചെയ്യാൻ അവർ വിസമ്മതിക്കുകയും അതുമൂലം ജർമ്മനിക്കു് ആക്രമിക്കാനുള്ള പഴുതു് ഉണ്ടാക്കിക്കൊടുക്കുക മാത്രമല്ല ആക്രമണകാരികൾക്കെതിരായി പൊരുതുന്നതിനു് സോവ്യററു പട്ടാളം പോളണ്ടിൽക്കൂടി കടന്നുപോകുന്നതിനു് സമ്മതിക്കാതിരിക്കുകകൂടിയും ചെയ്തു. അതുകൊണ്ടാണു് സംഭാഷണങ്ങൾ തകരാനിടയായതു്. അതേസമയം ജർമ്മനി സോവ്യററുയൂണിയനെതിരായിട്ടുള്ള പ്രവർത്തനങ്ങൾ നിറുത്തിവയ്ക്കാനും കമ്യൂണിസ്ററു് ഇന്റർനാഷണലിനെതിരായിട്ടുള്ള ഉടമ്പടി[3] എന്നു പറയുന്നതിനെ ഉപേക്ഷിക്കാനും തയ്യാറാണെന്നു് സൂചിപ്പിക്കുകയും, സോവ്യററു് അതിർത്തികളുടെ പവിത്രമായ അലംഘനീയത അംഗീകരിക്കുകയും ചെയ്തു. തത്ഫലമായിട്ടാണു് സോവ്യററു—ജർമ്മൻ അനാക്രമണക്കരാർ ഉണ്ടാക്കപ്പെട്ടതു്. അന്താരാഷ്ട്ര പിന്തിരിപ്പന്മാർ— പ്രാഥമികമായി ആംഗ്ലോ, ഫ്രഞ്ചു പിന്തിരിപ്പന്മാർ-തുടർന്നുവന്ന 'ഇടപെടൽ രഹിത'നയം പർവ്വതമുകളിലിരുന്നു് കടുവാകൾ കടിപിടി കൂടുന്നതു കാണുന്ന തരത്തിലുള്ള ഒരു നയമാണു്. മററാളുകളുടെ ചിലവിൽ സ്വയം ലാഭമുണ്ടാക്കുന്ന കറകളഞ്ഞ സാമ്രാജ്യത്വ നയമാണതു്. ഈ നയം തുടങ്ങിവച്ചതു് ചേമ്പർലെയിൻ പ്രധാനമന്ത്രി പദമേററതോടുകൂടിയാണു്. കഴിഞ്ഞ കൊല്ലം സെപ്ററംബറിലെ മ്യൂണിക്കു് ഉടമ്പടിയോടുകൂടി അതു് അതിന്റെ പാരമ്യത്തിലെത്തി. അവസാനം ഈയടുത്ത കാലത്തു നടന്ന ആംഗ്ലോ—ഫ്രഞ്ചു് സോവ്യററു സംഭാഷണത്തോടുകൂടി അതു് പൊളിഞ്ഞു പാളീസാകുകയും ചെയ്തു. ഇനി മുതൽ, ആംഗ്ലോ—ഫ്രഞ്ചു് കൂട്ടുകെട്ടു് ജർമ്മനി—ഇററലി കൂട്ടുകെട്ടു് എന്നീ രണ്ടു വൻ സാമ്രാജ്യത്വ കൂട്ടുകെട്ടുകൾ തമ്മിൽ നേരിട്ടുള്ള യുദ്ധമായി പരിത:സ്ഥിതികൾ അനിവാര്യമായും വികാസം പ്രാപിക്കും. 1938 ഒക്ടോബറിൽ നമ്മുടെ പാർട്ടിയുടെ ആറാമതു കേന്ദ്രകമ്മിററിയുടെ

Scanned by CamScanner

ആറാമതു് പരമാധികാര സമ്മേളനത്തിൽ ഞാൻ പറഞ്ഞതുപോലെ, ചേ
മ്പർലെയിൻെറ നയം 'ഒരാൾ ഒരു വലിയ പാറ പൊക്കിയെടുത്തു്
സ്വന്തം തള്ളവിരലിൽ ഇടുന്ന'തിനു് തുല്യം അനിവാര്യമായ ഫലമായി
രിക്കും ഉളവാക്കുവാൻ പോകുന്നതു്. ചേമ്പർലെയിൻ മററുള്ളവരെ മുറി
പ്പെടുത്തുന്നതിനുവേണ്ടി തുടങ്ങിവച്ചതു് സ്വന്തം വിനാശത്തിൽ മാത്രമാ
ണു് കലാശിക്കുന്നതു്. ഇതു് എല്ലാ പിന്തിരിപ്പൻ നയങ്ങളുടേയും വി
കാസത്തെ നിയന്ത്രിക്കുന്ന തത്വമാണു്.

ചോദ്യം: താങ്കളുടെ അഭിപ്രായത്തിൽ ഇന്നത്തെ അവസ്ഥ എങ്ങി
നെയാണു് വികസിക്കുവാൻ പോകുന്നതു്?

ഉത്തരം: അന്താരാഷ്ട്രപരിതഃസ്ഥിതി ഇപ്പോൾതന്നെ ഒരു പുതി
യ ഘട്ടത്തിലേക്കു് പ്രവേശിച്ചുകഴിഞ്ഞു. കുറച്ചുകാലമായി നിലനിന്നി
രുന്ന രണ്ടാമതു് സാമ്രാജ്യത്വയുദ്ധത്തിലെ ഏകപക്ഷീയമായ അവസ്ഥ,
മറെറാരു ഭാഷയിൽ പറഞ്ഞാൽ, ''ഇടപെടൽരാഹിത്യ''മെന്ന നയത്തി
ൻെറ ഫലമായി ഒരുകൂട്ടം സാമ്രാജ്യമോഹി രാജ്യങ്ങൾ ആക്രമണം നടത്തു
കയും മറെറാരുകൂട്ടം സ്വസ്ഥരായി അതുകണ്ടു രസിച്ചുകൊണ്ടിരിക്കുകയും
ചെയ്തിരുന്ന അവസ്ഥ, യൂറോപ്പിനെ സംബന്ധിച്ചിടത്തോളം സമാശ്ലേ
ഷിതമായ യുദ്ധത്തിൻേറതായ ഒരു അവസ്ഥയാൽ അനിവാര്യമായും മാ
ററിവയ്ക്കപ്പെടും. രണ്ടാമതു്, സാമ്രാജ്യത്വയുദ്ധം ഒരു പുതിയ ഘട്ടത്തിലേ
ക്കു് കടന്നുകഴിഞ്ഞിരിക്കുന്നു.

കോളണിവാസികളുടെമേൽ ആധിപത്യം സ്ഥാപിക്കുക എന്ന
ഉദ്ദേശത്തോടുകൂടി ജർമ്മൻ—ഇററലി, ബ്രിട്ടൺ—ഫ്രാൻസ് സാമ്രാജ്യത്വ
കൂട്ടുകെട്ടുകൾ തമ്മിൽ യൂറോപ്പിൻ ഒരു വൻകിട സാമ്രാജ്യത്വയുദ്ധം ഉടനടി
ഉണ്ടാകും. ജനങ്ങളെ തെററിദ്ധരിപ്പിക്കുന്നതിനും പൊതുജനാഭിപ്രായം
തങ്ങൾക്കനുകൂലമാക്കിത്തീർക്കാനുംവേണ്ടി, ഓരോ ശത്രുവിഭാഗവും ഈ
യുദ്ധത്തിൽ തങ്ങളുടെ പക്ഷം നീതിപൂർണ്ണമാണെന്നും മറേറ കക്ഷിയുടെ
പക്ഷം അന്യായപൂർണ്ണമാണെന്നും നിർലജ്ജം പ്രഖ്യാപിക്കും. സത്യ
ത്തിൽ ഇതൊരു കബളിപ്പിക്കലാണു്. ഇരുവിഭാഗങ്ങളുടേയും ഉന്നം സാ
മ്രാജ്യത്വമാണു്. ഇരുവിഭാഗങ്ങളും യുദ്ധം ചെയ്യുന്നതു് കോളണികളേയും
അർദ്ധകോളണികളേയും തങ്ങളുടെ മേല്ക്കോയ്മയ്ക്കുകീഴിലാക്കാനും, സ്വാ
ധീനമണ്ഡലത്തിനുവേണ്ടിയും ആണു്. രണ്ടു വിഭാഗങ്ങളും ഒരു കൊള്ള
യടിയുദ്ധമാണു് നടത്തുന്നതു്. ഇപ്പോൾ അവർ യുദ്ധം ചെയ്യുന്നതു് പോ
ളണ്ടിൻേറയും ബാൾക്കൻരാജ്യങ്ങളുടേയും മെഡിററേനിയൻ രാജ്യങ്ങളു
ടേയും കടലോരപ്രദേശങ്ങൾക്കുവേണ്ടിയാണു്. ഈ യുദ്ധം ഒരിക്കലും
ഒരു ധർമ്മയുദ്ധമല്ല. ധർമ്മയുദ്ധങ്ങൾ കൊള്ളയടിക്കാനല്ലാതുള്ള
വിമോചനത്തിനുവേണ്ടിയുള്ള യുദ്ധങ്ങൾ മാത്രമാണു്. കമ്യൂ
ണിസ്റ്റുകൾ യാതൊരു പരിതഃസ്ഥിതിയിലും ഒരു കൊള്ളയടിയുദ്ധ
ത്തേയും പിന്താങ്ങുകയില്ല. എന്തായാലും, അവർ കൊള്ളയടിക്കു വിരു
ദ്ധമായതും നീതിയുക്തവുമായ ഓരോ വിമോചനയുദ്ധത്തിലും ധീരമായി
മുന്നോട്ടുചെന്നു് പിന്തുണനൽകുകയും, അവർ യുദ്ധത്തിൻെറ മുന്നണിയിൽ
തീർച്ചയായും നിലകൊള്ളുകയും ചെയ്യും. ചേമ്പർലെയിനും ഡലാഡി
യറും ഭീഷണിയും കൈക്കൂലിയും പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്നതി
നാൽ രണ്ടാം ഇൻററർനാഷണലുമായി ബന്ധപ്പെട്ടിട്ടുള്ള സാമൂഹ്യ—ജനകീയ
കക്ഷികൾ പിളർന്നുകൊണ്ടിരിക്കുന്നു. പിന്തിരിപ്പനും മേലേക്കിടയി
ലുള്ളതുമായ ഒരു വിഭാഗം, ഒന്നാംലോകമഹായുദ്ധത്തിലെപ്പോലെ അതേ
പഴയവിനാശകരമായ പാതയിലൂടെ സഞ്ചരിക്കുകയും പുതിയ സാമ്രാജ്യ
ത്വയുദ്ധത്തെ പിന്തുണയ്ക്കുവാൻ തയ്യാറാവുകയും ചെയ്തിരിക്കുന്നു. പക്ഷെ,
മറെറാരുവിഭാഗം യുദ്ധത്തിനും ഫാസിസത്തിനും എതിരായ ഒരു ജനകീയ

Scanned by CamScanner

മുന്നണി കെട്ടിപ്പടുക്കുവാൻ കമ്യൂണിസ്റ്റുകാരോടൊപ്പം ചേർന്നുകൊണ്ടിരിക്കുന്നു. ചേമ്പർലെയിനും ദലാഡിയറും ജർമ്മനിയുടേയും ഇററലിയുടേയും കാലടിപ്പാടുകൾ പിന്തുർന്നുകൊണ്ട്, തികച്ചും ഫാസിസ്റ്റുരീതിയിൽ തങ്ങളുടെ ഭരണസംവിധാനത്തെ യുദ്ധസന്നാഹങ്ങൾക്ക് സജ്ജമാക്കിക്കൊണ്ട് കൂടുതൽ കൂടുതൽ പിന്തിരിപ്പന്മാരായിത്തീർന്നുകൊണ്ടിരിക്കുകയും, സാമ്പത്തികസംവിധാനത്തെ പട്ടാളാവശ്യങ്ങൾക്കനുസൃതമായി മാററുകയുംചെയ്തുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഇരു സാമ്രാജ്യത്വ കൂട്ടുകെട്ടുകളും തകൃതിയായി യുദ്ധത്തിനുവേണ്ടി തയ്യാറെടുത്തുകൊണ്ടിരിക്കുകയും, ദശലക്ഷക്കണക്കിന് ജനങ്ങൾ ഒരു കൂട്ടക്കുരുതിയെന്ന അപകടത്തെ നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. തീർച്ചയായും ഇതെല്ലാം ജനസമൂഹങ്ങൾക്കിടയിൽ എതിർപ്പിന്റേതായ പ്രസ്ഥാനങ്ങളെ ഇളക്കിവിടും. ജർമ്മനിയിലായാലും ഇററലിയിലായാലും ബ്രിട്ടണിലോ ഫ്രാൻസിലോ ആയാലും യൂറോപ്പിലെവിടെയായാലും, അതല്ല ലോകം മൊത്തത്തിലായാലും ജനങ്ങൾക്ക് പീരങ്കിയുടെ ആഹാരമായിത്തീരാൻ ആഗ്രഹമില്ലെങ്കിൽ അവർ തീർച്ചയായും എല്ലാ സാധ്യമായ മാർഗ്ഗങ്ങളിൽകൂടിയും ഈ സാമ്രാജ്യത്വയുദ്ധത്തിനെതിരായി ഉണർന്നെഴുന്നേല്ക്കുകയും അതിനെ എതിർക്കുകയും ചെയ്യണം.

ഈ രണ്ടു കൂട്ടുകെട്ടുകൾക്കും പുറമെ, മധ്യദക്ഷിണ അമേരിക്കയിലെ രാജ്യങ്ങൾ ഉൾപ്പെട്ടതും ഐക്യനാടുകളുടെ നേതൃത്വത്തിലുള്ളതുമായ ഒരു മൂന്നാം ശക്തികൂടി മുതലാളിത്തലോകത്തിലുണ്ട്. അവരുടെ സ്വന്തതാല്പര്യമനുസരിച്ച് അവർ തല്ക്കാലം ഈ യുദ്ധത്തിൽ ഭാഗഭാക്കുകളാകുകയില്ല. നിഷ്പക്ഷതയുടെ പേരിൽ യു. എസ്. സാമ്രാജ്യത്വം താൽക്കാലികമായി രണ്ടു ശത്രുഭാഗങ്ങളിൽ ഒന്നിലും ചേരാതെ നിൽക്കുകയും, അതുകൊണ്ടുതന്നെ പിന്നീടവർക്ക് സൗകര്യംപോലെ രംഗത്തു പ്രവേശിക്കുകയും മുതലാളിത്തലോകത്തിന്റെ നേതൃത്വം നേടി സംതൃപ്തരാവുകയും ചെയ്യാം. അമേരിക്കൻ ഐക്യനാടുകളിലെ ബൂർഷ്വാസി ഇപ്പോഴും ജനാധിപത്യം ഉപേക്ഷിക്കുവാൻ തയ്യാറായിട്ടില്ല എന്നുള്ളതും അവർ ഇപ്പോഴും ഒരു സമാധാനകാല സാമ്പത്തിക സംവിധാനമാണ് സ്വന്തം നാട്ടിൽ തുടർന്നുപോകുന്നതെന്നുള്ളതും ലോകസമാധാന പ്രസ്ഥാനത്തിന് അനുകൂലമായ വസ്തുതകളാണ്.

സോവ്യററ്—ജർമ്മൻ ഉടമ്പടികൊണ്ട് നിശിതമായ അടിയേററു കഴിഞ്ഞ ജപ്പാൻ ഇതിലും കൂടുതൽ ബുദ്ധിമുട്ടുകൾ നിറഞ്ഞ ഒരു ഭാവിയെയാണ് അഭിമുഖീകരിക്കുന്നതു്. ജപ്പാനുള്ളിൽതന്നെ രണ്ടു വിഭാഗങ്ങൾ തമ്മിൽ വിദേശനയത്തെച്ചൊല്ലി തമ്മിൽ തല്ലിക്കൊണ്ടിരിക്കുന്നു. ചൈനയുടെമേൽ തങ്ങളുടേതു മാത്രമായ നിയന്ത്രണം നേടുകയും, തെക്കുകിഴക്കനേഷ്യയെ ആക്രമിക്കുകയും, ബ്രിട്ടൺ, അമേരിക്കൻ ഐക്യനാടുകൾ, ഫ്രാൻസ് എന്നിവരെ പൂർവദേശത്തുനിന്നും പുറത്താക്കുകയും ചെയ്യുന്നതിനുവേണ്ടി, ജർമ്മനിയും ഇററലിയുമായി ബന്ധം സ്ഥാപിക്കുവാൻ ജപ്പാനിലെ സൈനികവാദികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മറുവശത്തു് ബൂർഷ്വാസിയുടെ ഒരു വിഭാഗം, ചൈനയെ കൊള്ളയടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുവേണ്ടി ബ്രിട്ടണും, അമേരിക്കയ്ക്കും, ഫ്രാൻസിനും ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കുന്നതിൽ താരതമ്യേന കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നു. ഇപ്പോൾ ബ്രിട്ടണുമായി ഒത്തുതീർപ്പുണ്ടാക്കാനുള്ള ശക്തമായ പ്രവണതയാണുള്ളതു്. ബ്രിട്ടീഷ് പിന്തിരിപ്പന്മാർ ജപ്പാനു് ചൈനയെ സംയുക്തമായി വെട്ടിപ്പിളർന്നു് നൽകാമെന്നു സമ്മതിക്കുന്നതോടൊപ്പം സാമ്പത്തികവും ധനപരവുമായ സഹായങ്ങൾ ചെയ്യുകയും അതിന്റെ പ്രതിഫലമായി ജപ്പാൻ പൂർവ്വദേശത്തു് ബ്രിട്ടന്റെ താല്പര്യങ്ങൾ കാത്തു

Scanned by CamScanner

സൂക്ഷിക്കുന്ന കാവൽപട്ടിയായിരിക്കുകയും, ചൈനയിലെ ദേശീയ വിമോചന പ്രസ്ഥാനത്തെ അടിച്ചമർത്തുകയും, സോവ്യറ്റ്യൂണിയനെ തടഞ്ഞു നിറുത്തുകയും ചെയ്യണം. അതുകൊണ്ട് എന്തൊക്കെ സംഭവിച്ചാലും ചൈനയെ ആക്രമിക്കുക എന്ന ജപ്പാന്റെ അടിസ്ഥാനപരമായ ഉന്നം ഒരിക്കലും മാറുകയില്ല. ജപ്പാൻ ചൈനയുടെനേരെ വൻതോതിൽ ഒരു നേരിട്ടുള്ള സൈനികാക്രമണം നടത്താനുള്ള സാദ്ധ്യത അത്ര വലുതല്ലായിരിക്കാം. പക്ഷെ, 'ചൈനയെ കീഴ്പ്പെടുത്തുവാൻ ചൈനക്കാരെ ഉപയോഗിക്കുക 4' എന്നുള്ളതു ലക്ഷ്യമാക്കി അവർ അവരുടെ രാഷ്ട്രീയമായ ആക്രമണവും 'യുദ്ധത്തിന്റെ ചിലവിനു 'വക'കണ്ടെത്താൻ യുദ്ധം തുടർന്നു പോകുക' എന്ന ഉദ്ദേശത്തോടുകൂടിയുള്ള അതിന്റെ ധനപരമായി ചൈനയെ കൊള്ളയടിക്കലും തീവ്രതരമാക്കും. അതേസമയം അധിനിവേശ പ്രദേശങ്ങളിൽ അവരുടെ ഭ്രാന്തമായ തുടച്ചുമാറ്റൽ പ്രവർത്തനം തുടർന്നു പോകുകയും ചെയ്യും. കൂടാതെ ബ്രിട്ടൺ മുഖേന കീഴടങ്ങലിനുവേണ്ടി ചൈനയുടെ മേൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യും. അനുകൂലമായ ഒരു നിമിഷത്തിൽ അവർ ഒരു പൂർവ്വ മ്യൂണിക്കിനുവേണ്ടി നിർദ്ദേശം ഉന്നയിക്കുകയും, ചൈനയെ കീഴ്പ്പെടുത്തുക എന്ന ഉന്നം സാക്ഷാത്കരിക്കുന്നതിനായി താരതമ്യേന വലിയ ആനുകൂല്യങ്ങൾ എന്ന ചൂണ്ടലെറിഞ്ഞുകൊണ്ട് അവരുടെ കീഴടങ്ങൽ വ്യവസ്ഥകൾ അംഗീകരിക്കുവാൻ ചൈനയെ പ്രലോഭിപ്പിക്കുകയും പീഡിപ്പിക്കുകയും ചെയ്യും. ജാപ്പ് ഭരണവർഗ്ഗത്തിനിടയിൽ എന്തെല്ലാം മന്ത്രിസഭാമാറ്റങ്ങളുണ്ടാക്കിയാലും ശരി, ജപ്പാൻ ജനത ഒരു വിപ്ലവത്തിലൂടെ ഉണർന്നെഴുന്നേല്ക്കുന്നതുവരെ, ഈ സാമ്രാജ്യത്വ ലക്ഷ്യം മാറാതെതന്നെ നിലനിൽക്കും.

മുതലാളിത്തലോകത്തിന് പുറത്ത് പ്രകാശമാനമായ മറ്റൊരു ലോകമുണ്ട്, അതായത് സോഷ്യലിസ്റ്റ് സോവ്യറ്റ്യൂണിയൻ. സോവ്യറ്റ്—ജർമ്മൻ ഉടമ്പടി, സോവ്യറ്റ്യൂണിയനെ ലോകസമാധാന പ്രസ്ഥാനത്തിന് കൂടുതൽ സഹായങ്ങൾ നൽകാനും, ചൈനയെ ജപ്പാനെ ചെറുത്തുനിൽക്കുന്നതിന് സഹായിക്കുന്നതിനും, കഴിവുള്ളവരാക്കും.

ഇതാണ് അന്താരാഷ്ട്ര പരിതസ്ഥിതിയെ സംബന്ധിച്ചുള്ള എന്റെ വിലയിരുത്തൽ.

ചോദ്യം: ഇത്തരം പരിത:സ്ഥിതികളിൽ ചൈനയുടെ പ്രത്യാശകളെന്തെല്ലാമാണ്?

ഉത്തരം: രണ്ടു സാദ്ധ്യതകളുണ്ട്. ഒന്ന് ദേശീയ പുനരുജ്ജീവനം അർത്ഥമാക്കുന്ന ചെറുത്തുനില്പിൽ നിരന്തര പ്രയത്നവും, ഐക്യവും, പുരോഗതിയുമാണ്. മറ്റൊന്ന് ദേശീയമായ കീഴ്പെടൽ അർത്ഥമാക്കുന്ന ഒത്തുതീർപ്പും, പിളർപ്പും പശ്ചാത്ഗമനവും.

ഇന്നത്തെ പുതിയ അന്താരാഷ്ട്ര പരിത:സ്ഥിതിയിൽ, ജപ്പാൻ അധികരിച്ച പ്രയാസങ്ങളെ അഭിമുഖീകരിക്കുകയും നാം ഒത്തുതീർപ്പിനു വിസമ്മതിക്കുകയും ചെയ്യുന്ന നിലക്ക്, നമ്മെ സംബന്ധിച്ചിടത്തോളം തന്ത്രപരമായ പിന്മാറൽ ഘട്ടം അവസാനിച്ചുകഴിയുകയും സ്തംഭനഘട്ടം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. ഈ രണ്ടാമത്തെ ഘട്ടം തന്ത്രപരമായ തിരിഞ്ഞാക്രമണത്തിന് തയാറെടുക്കുന്ന ഒന്നാണ്.

എന്തായാലും മുന്നിലെ സ്തംഭനം എന്നുവച്ചാൽ ശത്രുവിന്റെ പിൻനിരയിൽ സ്തംഭനത്തിൽനിന്നും പുറകോട്ടു പോകുക എന്നാണർത്ഥം. മുൻനിരയിൽ സ്തംഭനം ഉണ്ടാകുന്നതോടൊപ്പം, ശത്രുവിന്റെ പിൻനിരയിലുള്ള സമരം തീവ്രതരമാകും. ജപ്പാന്റെ പതനത്തിനുശേഷം അധിനിവേശ

Scanned by CamScanner

പ്രദേശങ്ങളിൽ, പ്രധാനമായും വടക്കൻ ചൈനയിൽ, ശത്രു നടത്തിക്കൊണ്ടിരിക്കുന്ന വൻതോതിലുള്ള തുടച്ചുമാററൽ പ്രവർത്തനം തുടരുമെന്നു മാത്രമല്ല, ഇപ്പോഠംമുതൽ അതു് രൂക്ഷമാക്കുകയും ചെയ്യും. ശത്രുവിൻെറ മുഖ്യനയം 'ഇപ്പോഠം അവൻെറ രാഷ്ട്രീയാക്രമണത്തെ സംബന്ധിച്ചിടത്തോളം ഉള്ള നയം' ചൈനക്കാരെ അടിപ്പെടുത്താൻ ചൈനാക്കാരെ ഉപയോഗിക്കുക' എന്നുള്ളതായിരിക്കുകയും സാമ്പത്തികാക്രമണത്തെ സംബന്ധിച്ചിടത്തോളം അതു് 'യുദ്ധത്തിൻെറ ചിലവിനുള്ള 'വഹ' യുദ്ധംകൊണ്ടുണ്ടാക്കുക' എന്നുള്ളതായിരിക്കുകയും, ചെയ്യുന്നിടത്തോളം കാലവും, വിദൂര പൂർവ്വദേശ മ്യൂണിക്കു് എന്നതു് ബ്രിട്ടൻെറ പൂർവ്വദേശനയത്തിൻെറ ലക്ഷ്യമായിരിക്കുന്നിടത്തോളവും, ചൈനയുടെ കൂടുതൽ ഭാഗങ്ങഠം അടിയറവയ്ക്കേണ്ടിവരിക എന്നതിൻേറയും ഒരു ആഭ്യന്തര പിളർപ്പിൻെറയും അപകടം വളരെ കൂടുതലായിതീരും. ചൈന ഇപ്പോഴും ശത്രുവിനേക്കാഠം വളരെയധികം ബലഹീനമാണ്. മൊത്തം രാഷ്ട്രവും ഒന്നുചേർന്നു് കഠിനമായി പരിശ്രമിക്കാതിരുന്നാൽ ഒരു തിരിഞ്ഞാക്രമണത്തിനുള്ള ശക്തിയാർജ്ജിക്കുവാൻ അതിനു് കഴിയുകയില്ല. അതുകൊണ്ടു് സ്ഥിരപരിശ്രമം ഇപ്പോഴും നമ്മുടെ മുഖ്യകടമയായിരിക്കുകയും ഒരിക്കലും അലംഭാവം ഉണ്ടാകുവാൻ പാടില്ലാത്തതും ആകുന്നു.

സംശയലേശമെന്യേ ചൈന ഒരുതരത്തിലും ഈ സന്ദർഭം നഷ്ടപ്പെടുത്തിക്കൂടാത്തതും തെററായ തീരുമാനം എടുക്കാൻ പാടില്ലാത്തതും ആണെന്നു മാത്രമല്ല, ഉറച്ച രാഷ്ട്രീയ നിലപാടു് എടുക്കുകയും വേണം.

മററു വാക്കുകളിൽ പറഞ്ഞാൽ:

ഒന്നു്: ജപ്പാനെതിരായ ചെറുത്തുനില്പെന്ന നിലപാടിൽ ശക്തിയായി മുറുകെപ്പിടിക്കുകയും ഒത്തുതീർപ്പിനുള്ള ഏതു നീക്കത്തെയും എതിർക്കുകയും ചെയ്യുക. ഒളിവിലും തെളിവിലുമുള്ള എല്ലാ വാങ്ചിംഗ് വേയ്മാർക്കും നിശ്ചയദാർഢ്യത്തോടെയുള്ള മാരകപ്രഹരമേല്പിക്കണം. ജപ്പാനിൽനിന്നോ ബ്രിട്ടണിൽനിന്നോ ഉള്ള എന്തനുനയവും ശക്തിയായി നിരാകരിക്കണം. ഒരു പൂർവ്വദേശ മ്യൂണിക്കിൽ പങ്കെടുക്കുകയേ ചെയ്യരുതു്.

രണ്ടു്: ഐക്യത്തിൻെറ നിലപാടിൽ ശക്തമായി മുറുകെ പിടിക്കുക, പിളർപ്പിനായിട്ടുള്ള ഏതു നീക്കത്തേയും എതിർക്കുക. ജാപ്പ് സാമ്രാജ്യമോഹികളുടെ ഭാഗത്തുനിന്നോ അതല്ല ചൈനയിലുള്ള കീഴടങ്ങൽ വാദികളുടെ ഭാഗത്തുനിന്നോ ഉണ്ടാകാവുന്ന അത്തരം നീക്കങ്ങഠക്കെതിരായി നിദാന്തജാഗ്രത പാലിക്കണം. ചെറുത്തുനില്പു യുദ്ധത്തിനു് ഹാനികരമായ എല്ലാ ആന്തരിക ഉരസലുകളേയും ശക്തിയായി തടയണം.

മൂന്നു്: പുരോഗതിയുടെ നിലപാടിൽ ശക്തിയായി മുറുകെ പിടിക്കുകയും ഏതു പാശ്ചാത്ഗമനവാദത്തേയും എതിർക്കുകയും ചെയ്യുക. സൈനികകാര്യങ്ങളിലായാലും, രാഷ്ട്രീയവും. സാമ്പത്തികവും അല്ലെങ്കിൽ ധനപരവുമായ രംഗങ്ങളിലായാലും, പാർട്ടിയുടെ കാര്യത്തിലായാലും സാംസ്കാരിക—വിദ്യാഭ്യാസരംഗങ്ങളിലായാലും ബഹുജനപ്രസ്ഥാനങ്ങളിലായാലും, യുദ്ധത്തിനു ഹാനികരമായ ഓരോ തത്വവും, ഓരോ സ്ഥാപനവും ഏതു നടപടിയും പുനഃപരിശോധനക്കു വിധേയമാക്കപ്പെടുകയും ചെറുത്തുനില്പുയുദ്ധത്തെ സേവിക്കുംവിധം ഫലപ്രദമായി മാററപ്പെടുകയും ചെയ്യണം.

ഇതെല്ലാം ചെയ്തുകഴിയുമ്പോഠം തിരിഞ്ഞാക്രമണത്തിനു് ഉള്ള ശക്തി ഫലപ്രദമായി ഊട്ടി വളർത്തുവാൻ ചൈനയ്ക്കു് കഴിയും,

Scanned by CamScanner

ചെറുത്തുനില്പുയുദ്ധത്തിലെ പൊതുകടമ എന്ന നിലയിൽ ഇപ്പോഴേ മുതൽ മുഴുവൻ രാഷ്ട്രവും ''തിരിഞ്ഞാക്രമണത്തിനുള്ള തയാറെടുപ്പ്'' നടത്തുകതന്നെ വേണം.

ഇന്നു്, ഒരു വശത്തു് മുന്നണികളിൽ നമ്മുടെ പ്രതിരോധം ഗൗരവപൂർവം നിലനിറുത്തുകയും ശത്രുവിന്റെ പിൻനിരയിൽ പോരാട്ടം ശക്തിമത്തായി തുടർന്നുപോകുകയും ചെയ്യേണ്ടതു് ആവശ്യമാണു്. മറുവശത്തു്, രാഷ്ട്രീയവും സൈനികവും മറ്റുതരത്തിലുള്ളതുമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുകയും ചെയ്യണം. അങ്ങിനെ ചെയ്യുന്നതുമൂലം സന്ദർഭം വരുമ്പോൾ മുഴുവൻ രാഷ്ട്രത്തിനും നമ്മുടെ നഷ്ടപ്പെട്ട പ്രദേശങ്ങൾ തിരിച്ചുപിടിക്കുന്നതിനുവേണ്ടി ഒരു വൻകിട തിരിഞ്ഞാക്രമണം നടത്താൻ കഴിയും.

## കുറിപ്പുകൾ

1. സോവിയറ്റുയൂണിയനും ജർമ്മനിയും തമ്മിലുള്ള അനാക്രമണക്കാർ 1939 ആഗസ്റ്റ് 23നു് ഒപ്പുവയ്ക്കപ്പെട്ടു.

2. ബ്രിട്ടീഷ് ഫ്രഞ്ചുസർക്കാരുകളുടെ ''ഇടപെടൽ രാഹിത്യം'' എന്ന നയംമൂലം സഹായിക്കപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്ത ഫാസിസ്റ്റുജർമ്മനിയും ഇററലിയും തുടർച്ചയായി കടന്നാക്രമണങ്ങൾ നടത്തുകയും അവരുടെ ആഗ്രഹം സാധിക്കുകയും ചെയ്തു. ഇററലി അബിസീനിയക്കെതിരായി 1935 ഒക്ടോബറിൽ സായുധ കടന്നാക്രമണം നടത്തുകയും 1936 മെയിൽ മുഴുവൻരാജ്യവും പിടിച്ചടക്കുകയും ചെയ്തു. 1936 ജൂലൈയിൽ ജർമ്മനിയും ഇററലിയും സ്പെയിനിന്റെ ആഭ്യന്തര കാര്യങ്ങളിൽ സായുധമായി ഇടപെടാൻ തുടങ്ങുകയും ഫാസിസ്റ്റുഫ്രാങ്കോയെ ജനകീയമുന്നണി സർക്കാരിനെതിരായുള്ള വിപ്ലവത്തിനു് സഹായിക്കുകയും ചെയ്തു. ജർമ്മനിയുടേയും ഇററലിയുടേയും ഇടപെടലിനെതിരായും ഫ്രാങ്കോയുടെ സൈന്യത്തിനെതിരായും നീണ്ടുനിന്ന ഒരു യുദ്ധത്തിനു ശേഷം 1939 മാർച്ചിൽ ജനകീയ മുന്നണിസർക്കാർ പരാജയപ്പെടുത്തപ്പെട്ടു. ജർമ്മൻസൈന്യം 1938 മാർച്ചിൽ ആസ്ട്രിയ പിടിച്ചടക്കുകയും ഒക്ടോബറിൽ ചെക്കോസ്ലോവാക്യായുടെ സുദത്തൻ പ്രദേശം ആക്രമിക്കുകയും ചെയ്തു. 1939 മാർച്ചിൽ മുഴുവൻ ചെക്കോസ്ലോവാക്യായും ജർമ്മനിയുടെ അധീനതയിലായി.

3. ജപ്പാനും ജർമ്മനിയും തമ്മിൽ കമ്യൂണിസ്റ്റു ഇൻറർനാഷണലിനെതിരായുള്ള ഉടമ്പടി 1936 നവംബറിൽ ഉണ്ടാക്കുകയും 1937 നവംബറിൽ ഇററലി അതിൽ കൂട്ടുചേരുകയും ചെയ്തു.

4. ''ചൈനയെ അടിപ്പെടുത്താൻ ചൈനാക്കാരെ ഉപയോഗിക്കുക'' എന്നതു് ചൈനയെ കടന്നാക്രമിക്കുന്നതിനു് ജാപ്പ് സാമ്രാജ്യമോഹികളുടെ കുടിലമായ ഒരുപായമായിരുന്നു. ആഭ്യന്തരമായി പിളർപ്പുകൾ സൃഷ്ടിക്കുന്നതിനു് അവരുടെ പിണിയാളുകളായി ചൈനാക്കാരായ വിവിധ ശക്തികളെ വളർത്തിയെടുത്തു. യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനു ശേഷം വാംങ്ചിങ്വേയ്‌യുടെ നേതൃത്വത്തിലുള്ള പരസ്യമായ കൂമിന്താങ്ങിലെ ജാപ്പ് അനുകൂലികളെ മാത്രമല്ല, അടിയുറച്ചുനിന്നു് ജപ്പാനെ ചെറുക്കുന്ന കമ്യൂണിസ്റ്റുപാർട്ടിയെ നിയന്ത്രിക്കുന്നതിനുവേണ്ടി ചിയാംഗ് കൈഷെക്ക് സങ്കുചിത കൂട്ടുകെട്ടിനേയും ഉപയോഗപ്പെടുത്തി. 1939 ൽ,

ചിയാങ് കൈഷെക്കിന്റെ സൈന്യത്തെ ആക്രമിക്കുന്നത് അവർ മതിയാക്കുകയും അയാളുടെ കമ്യൂണിസ്റ്റുവിരുദ്ധ പ്രവർത്തനങ്ങൾക്ക് രാഷ്ട്രീയമായി പ്രോത്സാഹനം നൽകുകയും ചെയ്തു.

5. ''യുദ്ധത്തിന്റെ ചിലവിനുള്ള 'വഹ' യുദ്ധംമൂലം ഉണ്ടാക്കുക'' എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് ജപ്പാന്റെ ആക്രമണയുദ്ധത്തിന്റെ ചിലവിനായി അവരുടെ അധീനത്തിലായ ചൈനാ പ്രദേശങ്ങളിൽ അവർ നടത്തിയ മൃഗീയമായ കൊള്ളയടികളെയാണ്.

6. ''തുടച്ചുമാററൽ'' പ്രവർത്തനം, എല്ലാം കൊള്ളിവയ്ക്കുക, എല്ലാപേരേയും വധിക്കുക, എല്ലാം കൊള്ളയടിക്കുക എന്ന ത്രിമുഖക്രൂരതയെന്ന കാട്ടാളനയത്തിനുവേണ്ടിയുള്ള ജാപ്പ് ആക്രമണകാരികളുടെ പ്രയോക്തിയാണ്.

Scanned by CamScanner

# കേന്ദ്ര വാർത്താ ഏജൻസി സാവോതാങ്ങ് പാവോ, ഹ്സിൻമിൻ പാവോ, എന്നിവയുടെ മൂന്നു പ്രതിനിധികളുമായി നടത്തിയ കൂടിക്കാഴ്ച

*1939 സെപ്റ്റംബർ 16*

പ്രതിനിധി: ചില പ്രശ്നങ്ങളുടെമേൽ താങ്കളുടെ വീക്ഷണം എന്താണെന്നു ഞങ്ങൾ ചോദിച്ചുകൊള്ളട്ടെ? ഇന്നത്തെ ''ന്യൂചൈനാ ന്യൂസിൽ'' താങ്കളുടെ സെപ്തംബർ 1–ാംതീയതിയിലെ പ്രസ്താവന വായിച്ചു. ഞങ്ങളുടെ ചില ചോദ്യങ്ങളെ അതുൾക്കൊള്ളുന്നുണ്ട്. എന്നാൽ മറ്റു ചില ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം താങ്കൾ കുറേക്കൂടി വിശദീകരിച്ചാൽ കൊള്ളാമെന്നു ഞങ്ങളാഗ്രഹിക്കുന്നു. ഞങ്ങൾ എഴുതിത്തന്നിട്ടുള്ള ചോദ്യങ്ങൾ മൂന്നു ഭാഗങ്ങളായിട്ടു വിഭജിച്ചിട്ടുണ്ട്. അവയിലോരോന്നിനെ സംബന്ധിച്ചും താങ്കളുടെ അഭിപ്രായങ്ങളറിയാൻ ഞങ്ങളാഗ്രഹിക്കുന്നു.

മാവോ സെതുങ്ങ്: നിങ്ങളുടെ ലിസ്റ്റിൻപ്രകാരംതന്നെ ഞാനവയെ കൈകാര്യം ചെയ്യാം. ചെറുത്തുനില്പുയുദ്ധം ഒരു സ്തംഭനാവസ്ഥയിലെത്തിയിട്ടുണ്ടോ എന്നു നിങ്ങൾ ചോദിക്കുന്നു. ഒരർത്ഥത്തിൽ അതങ്ങിനെയായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതായതു് ഒരു പുതിയ അന്താരാഷ്ട്ര പരിത:സ്ഥിതി ഇന്നുണ്ട്. ജപ്പാൻ കൂടുതൽ വലിയ പ്രയാസങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു; അതേസമയം ചൈന ഒത്തുതീർപ്പിനെതിരായി ഉറച്ചുനില്ക്കുകയും ചെയ്യുന്നു. ഇതു് ശത്രു ഇനിയും താരതമ്യേന വലിയ ആക്രമണപ്രവർത്തനങ്ങൾ നടത്തുമെന്നുള്ള സാദ്ധ്യതയെ തള്ളിക്കളയുന്നില്ല. ഉദാഹരണമായി അവർ പാക്കോയ്, ചാങ്ങ്ഷാ എന്നിവിടങ്ങളിലും സീയാൻപോലും ആക്രമിച്ചു എന്നുവരാം. ശത്രുവിന്റെ വൻതോതിലുള്ള തന്ത്രപരമായ ആക്രമണങ്ങളും, നമ്മുടെ തന്ത്രപരമായ പിൻവാങ്ങലും ഒരർത്ഥത്തിൽ വിശാലാടിസ്ഥാനത്തിൽ അവസാനിച്ചിരിക്കുന്നു എന്നു നാം പറയുമ്പോൾ നമ്മൾ ഇനിയും കൂടുതൽ ആക്രമണങ്ങളും, പിൻവാങ്ങലുകളും മുഴുവനായി ഒഴിവാക്കുന്നില്ല. ഈ പുതിയ ഘട്ടത്തിലെ പ്രത്യേക കർത്തവ്യത്തെ സംബന്ധിച്ചിടത്തോളം തിരിഞ്ഞാക്രമണത്തിനു തയാറെടുക്കുകയും, ആ സങ്കല്പത്തിൽ എല്ലാം ഒതുങ്ങുകയും ചെയ്യുന്നു. അതായതു് സ്തംഭനത്തിന്റെ ഘട്ടത്തിൽ ചൈന ഭാവിയിലെ തിരിഞ്ഞാക്രമണത്തിനു് വേണ്ടതായ എല്ലാ ശക്തിയും വളർത്തിയെടുക്കണം. തിരിഞ്ഞാക്രമണത്തിനു തയാറെടുക്കുക എന്നുവച്ചാൽ അതുടൻതന്നെ ആരംഭിക്കുക എന്നല്ല അർത്ഥം. കാരണം പരിത:സ്ഥിതി പാകമാകുന്നതുവരെ അതു ചെയ്യാൻ കഴിയുകയില്ലെന്നുള്ളതുതന്നെ. നമ്മൾ

Scanned by CamScanner

സംസാരിക്കുന്നതു് തന്ത്രപരമായ തിരിഞ്ഞാക്രമണത്തെപ്പററിയല്ല കൗശല പരമായ തിരിഞ്ഞാക്രമണത്തെപ്പററിയാണ്. ദക്ഷിണ കിഴക്കൻ ഷാൻ സിയിലെ ശത്രുവിന്റെ ''തുടച്ചുനീക്കൽ'' പ്രവർത്തനങ്ങൾക്ക് നമ്മൾ നൽകിയ തിരിച്ചടികൾപോലുള്ള കൗശലപരമായ തിരിഞ്ഞാക്രമണങ്ങൾ സാദ്ധ്യമാണെന്നു മാത്രമല്ല എന്നാൽ അവശ്യം ആവശ്യവുമാണ്. പക്ഷെ ഒരു സമൂലമായ തന്ത്രപര തിരിഞ്ഞാക്രമണത്തിനു് സമയം ഇനിയും ആയിട്ടില്ല, എന്നു മാത്രമല്ല ഇപ്പോൾ നമ്മൾ അതിനുവേണ്ടി സജീവമായി തയാറെടുത്തുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണ്. ഈ ഘട്ടത്തിൽ മുന്നണിയിൽ ശത്രു നടത്താനിടയുള്ള കറെ കടന്നാക്രമണപ്രവർത്തനങ്ങൾക്കെങ്കിലും തിരിച്ചടി നൽകിയേ തീരൂ.

ഈ പുതിയ ഘട്ടത്തിലെ കടമകളെ തരംതിരിച്ചുപറയുകയാണെങ്കിൽ, ശത്രുവിന്റെ പിൻനിരയിൽ ഒളിപ്പോരുകൾ സംഘടിപ്പിക്കുകയും, അവന്റെ ''തുടച്ചുമാററൽ''പ്രവർത്തനങ്ങളെ തകർക്കുകയും, അവന്റെ ധനപരമായ കടന്നാക്രമണങ്ങളെ തോല്പിക്കുകയും ചെയ്യണം. മുന്നണിയിൽ നമ്മുടെ സൈനിക പ്രതിരോധങ്ങൾ ശക്തിപ്പെടുത്തുകയും, ശത്രു നടത്താനിടയുള്ള ഏതു കടന്നാക്രമണ പ്രവർത്തനത്തിനും തിരിച്ചടി നൽകുകയും ചെയ്യണം. 'മഹത്തായ പിന്നണിപ്രദേശ'ത്തു് രാഷ്ട്രീയമായ പരിഷ്കാരങ്ങൾക്കുവേണ്ടി കഠിനമായി പ്രവർത്തിക്കുക എന്നതാണ് പ്രധാന കാര്യം. ഇതെല്ലാംകൂടിയാണ് നമ്മുടെ തിരിഞ്ഞാക്രമണത്തിനു വേണ്ടിയുള്ള തയാറെടുപ്പായിത്തീരുന്നതു്.

ആന്തരികമായ രാഷ്ട്രീയ പരിഷ്കാരം വളരെ പ്രധാനമാണ്, കാരണം ശത്രു പ്രധാനമായി ഒരു രാഷ്ട്രീയമായ കടന്നാക്രമണമാണ് നടത്തിക്കൊണ്ടിരിക്കുന്നതു്. അതുകൊണ്ട് നമ്മൾ പ്രത്യേകിച്ചും നമ്മുടെ രാഷ്ട്രീയമായ ചെറുത്തുനില്പ് കൂടുതൽ ശക്തമാക്കേണ്ടിയിരിക്കുന്നു. വേറൊരു ഭാഷയിൽ പറഞ്ഞാൽ ജനാധിപത്യത്തിന്നേരതായ പ്രശ്നം കഴിയുന്നത്ര വേഗം പരിഹരിക്കപ്പെടണം. കാരണം അതിലൂടെ മാത്രമേ നമുക്കു നമ്മുടെ രാഷ്ട്രീയമായ ചെറുത്തുനില്പിനുള്ള കഴിവു് വർദ്ധിപ്പിക്കാനാവുകയും നമ്മുടെ സൈനികശക്തി വളർത്തിയെടുക്കാൻ കഴിയുകയും ചെയ്യുകയുള്ളൂ. ചെറുത്തുനില്പുയുദ്ധത്തിൽ, ചൈന സ്വന്തം പ്രയത്നത്തെത്തന്നെ ആശ്രയിക്കണം. നാം നമ്മുടെ സ്വന്തം പ്രയത്നംകൊണ്ടാണ് തലമുറകളായി നിലനിന്നുപോന്നതു്. ഇന്നത്തെ പുതിയ അന്താരാഷ്ട്ര പരിതസ്ഥിതിയിൽ ഇതു് മുമ്പെന്നത്തേക്കാളും കൂടുതൽ പ്രാധാന്യമുള്ളതായിത്തീർന്നിരിക്കുന്നു. അത്തരം പുനരുജ്ജീവനത്തിന്റെ സത്ത ജനാധിപത്യമാണ്.

ചോദ്യം: നമ്മുടെ സ്വന്തം പ്രയത്നത്തിലൂടെ ചെറുത്തുനില്പുയുദ്ധത്തിൽ വിജയം കരസ്ഥമാക്കുവാൻ ജനാധിപത്യം അവശ്യം ആവശ്യമാണ് എന്നു താങ്കൾ ഇപ്പോൾ പറഞ്ഞു. ഇന്നത്തെ പരിത:സ്ഥിതിയിൽ അത്തരം ഒരു വ്യവസ്ഥ എങ്ങിനെയാണ് കൊണ്ടുവരാൻ കഴിയുക?

ഉത്തരം: ഡോ: സൺയററ്സൺ മൗലികമായി സൈനിക ഭരണത്തിന്റേയും, രാഷ്ട്രീയമായ രക്ഷാകർത്തൃത്വത്തിന്റേയും, ഭരണഘടനാനുസൃതമായ സർക്കാരിന്റേതും2 ആയ മൂന്നു ഘട്ടങ്ങൾ ഭാവനയിൽ കണ്ടിരുന്നു. എന്നാൽ തന്റെ മരണത്തിനു വളരെ മുമ്പല്ലാതെ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ''എന്റെ വടക്കോട്ടുള്ള പുറപ്പാടിനെപററിയുള്ള പ്രസ്താവന3''യിൽ, അദ്ദേഹം ഈ മൂന്നു ഘട്ടങ്ങളെക്കുറിച്ചു് മിണ്ടിയതേയില്ല; എന്നാൽ അതിനുപകരം ഒരു ദേശീയ നിയമസഭ ഉടൻ വിളിച്ചുകൂട്ടണമെന്ന് അദ്ദേഹം പറഞ്ഞു. അതുകാണിക്കുന്നതു്, ഡോ: സൺ

വളരെ കൊല്ലങ്ങൾക്കുമുമ്പ് തന്റെ വീക്ഷണങ്ങൾ മാറിയ പരിതഃസ്ഥിതികൾക്കനുസൃതമായി സ്വയം തിരുത്തുകയുണ്ടായെന്നാണ്. ചെറുത്തുനില്പുയുദ്ധം തുടർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ ഗൗരവതരമായ പരിതഃസ്ഥിതിയിൽ, ദേശീയമായ അടിമപ്പെടൽ എന്ന അപകടം ഒഴിവാക്കുന്നതിനും, ശത്രുവിനെ തുരത്തിയോടിക്കുന്നതിനും, ഒരു ദേശീയ നിയമസഭ കഴിയുന്നത്ര വേഗം വിളിച്ചുകൂട്ടുക എന്നുള്ളതും ജനകീയ സർക്കാർ സ്ഥാപിക്കുക എന്നുള്ളതും അടിയന്തിരാവശ്യമാണ്. ഈ പ്രശ്നത്തിനെ സംബന്ധിച്ചിടത്തോളം അഭിപ്രായങ്ങൾ വിഭിന്നങ്ങളാണ്. ചിലയാളുകൾ പറയുന്നത് സാധാരണ ജനങ്ങൾ വിവരം ഇല്ലാത്തവരാണെന്നും ജനാധിപത്യസർക്കാർ സ്ഥാപിക്കാൻ സാദ്ധ്യമല്ലെന്നുമാണ്. അവർ പറയുന്നത് തെററാണ്. സാധാരണജനങ്ങൾ യുദ്ധത്തിൽ വളരെ വേഗത്തിൽ പുരോഗതി നേടുകയും, നേതൃത്വവും നേരായ നയങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. ജനാധിപത്യസർക്കാർ തീർച്ചയായിട്ടും സ്ഥാപിക്കുവാൻ കഴിയും. ഉദാഹരണമായി വടക്കൻചൈനയിൽ അതു് പ്രായോഗികമാക്കിയിട്ടുണ്ട്. ജില്ലകളുടേയും, പട്ടണങ്ങളുടേയും 'പാവോ'യുടേയും 'ചിയാ'യുടേയും മിക്കവാറും തലവന്മാർ ജനങ്ങളുടെ സമ്മതിദാനത്തിന്റെ ഫലമായാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്. ചില കൗണ്ടിമജിസ്ട്രേട്ടുമാർ പോലും ഇങ്ങിനെയാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്. മാത്രമല്ല പുരോഗമനശക്തികളും ഭാവിയുള്ള ചെറുപ്പക്കാരായ ആളുകളും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരസ്യമായ ബഹുജനചർച്ചക്കുവേണ്ടി തുറന്നിടപ്പെടുകതന്നെ വേണം.

നിങ്ങളുടെ ലിസ്റ്റിലെ രണ്ടാമത്തെ വിഭാഗത്തിൽ ''വിദേശീയകക്ഷികളെ നിയന്ത്രിക്കുന്ന'' പ്രശ്നം ഉന്നയിച്ചിരിക്കുന്നു. അതായതു് പല സ്ഥലങ്ങളിലുമുള്ള ഉരസലിന്റെ പ്രശ്നം. ഇക്കാര്യത്തിലുള്ള നിങ്ങളുടെ ഉല്ക്കണ്ഠ ന്യായയുക്തമാണ്. ഈയിടെയായിട്ട് കുറച്ചു പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും, അടിസ്ഥാനപരമായി സ്ഥിതിഗതികൾ മാററമില്ലാതെ തുടരുകതന്നെയാണ്.

ചോദ്യം: ഈ പ്രശ്നത്തെക്കുറിച്ചുള്ള കമ്യൂണിസ്റ്റുപാർട്ടിയുടെ നിലപാട് കേന്ദ്രസർക്കാരിനോട് വ്യക്തമാക്കിയിട്ടുണ്ടോ?

ഉത്തരം: ഞങ്ങൾ പ്രതിഷേധിച്ചിട്ടുണ്ട്.

ചോദ്യം: ഏതുരീതിയിൽ?

ഉത്തരം: ഞങ്ങളുടെ പാർട്ടിപ്രതിനിധി, സ: ചൗ എൻലായ്, ജൂലൈയിൽതന്നെ ജനറാലിസ്സിമോ ചിയാങ് കൈഷെക്കിന് ഒരു കത്തെഴുതുകയുണ്ടായി. പിന്നീട് വീണ്ടും ആഗസ്റ്റ് ഒന്നിനു് യെനാനിലെ എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങൾ രഹസ്യമായി വിതരണം ചെയ്യപ്പെട്ടിട്ടുള്ളതും പല സ്ഥലങ്ങളിലും ഉരസലിന്റെ മൂലവുമായ ''വിദേശപാർട്ടികളുടെ പ്രവർത്തനങ്ങളെ നിന്ത്രിക്കുന്നതിനുള്ള നടപടികൾ'' പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനറാലിസ്സിമോക്കും ദേശീയ സർക്കാരിനും ഒരു കമ്പിസന്ദേശം അയക്കുകയുണ്ടായി.

ചോദ്യം: കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും മറുപടി ഉണ്ടായോ?

ഉത്തരം; ഇല്ല. എന്നാൽ കുമിന്താങ്ങിനുള്ളിൽപോലും ഈ നടപടികളെ അംഗീകരിക്കാൻ വിസമ്മതിക്കുന്ന ആളുകൾ ഉണ്ടെന്നു് പറയപ്പെടുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ, ജപ്പാനെതിരായിട്ടുള്ള പൊതുയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സേന ബന്ധുസേനയാണ്. 'വിദേശസേന'യല്ല. അതുപോലെ ജപ്പാനെതിരായിട്ടുള്ള പൊതു സമര

ത്തിൽ പങ്കെടുക്കുന്ന ഒരു പാർട്ടി ഒരു ബന്ധുകക്ഷിയാണ്, 'വിദേശകക്ഷി'യല്ല. പല പാർട്ടികളും വിഭാഗങ്ങളും ചെറുത്തുനില്പുയുദ്ധത്തിൽ പങ്കെടുക്കുന്നുണ്ട്. ശക്തിയെ സംബന്ധിച്ചിടത്തോളം ഏറ്റക്കുറച്ചിലുകളുണ്ടെങ്കിലും അവരെല്ലാം ഒരേ കാര്യത്തിനുവേണ്ടിയാണ് പൊരുതുന്നത്. തീർച്ചയായും അവരെല്ലാം ഒന്നിച്ചു നില്ക്കുകതന്നെ വേണം. ഒന്ന് മറ്റൊന്നിനെ ഒരു പരിത:സ്ഥിതിയിലും 'നിയന്ത്രിച്ചു'കൂടതന്നെ. ഏതു കക്ഷിയാണ് വിദേശകക്ഷി? വാങ്ചിങ്വേയുടെ നേതൃത്വത്തിലുള്ള രാജ്യദ്രോഹികളുടെ കക്ഷി—ജപ്പാന്റെ കാവൽ പട്ടി. കാരണം, അതിന് ജാപ്പ് വിരുദ്ധ കക്ഷികളോടൊപ്പം രാഷ്ട്രീയമായി പൊതുവായി ഒന്നുംതന്നെയില്ല. അത്തരം ഒരു കക്ഷിയെയാണ് നിയന്ത്രിക്കേണ്ടത്. ജാപ്പ് ആക്രമണത്തെ ചെറുത്തുനില്ക്കുക എന്ന രാഷ്ട്രീയമായി പൊതുവായ ഒരു തലം കൂമിന്താങ്ങിനും കമ്യൂണിസ്റ്റ്പാർട്ടിക്കും തമ്മിലുണ്ട്. അതുകൊണ്ട്, പ്രശ്നം നമ്മുടെ എല്ലാ ശക്തികളും ജപ്പാനേയും വാങ്ചിങ്വേയ്‌യേയും എതിർക്കുന്നതിനും തടയുന്നതിനുംവേണ്ടി കേന്ദ്രീകരിക്കുകയാണ വേണ്ടത്. അല്ലാതെ കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കുന്നതിനും തടയുന്നതിനുംവേണ്ടിയല്ല. ഒരു ശരിയായ മുദ്രാവാക്യം രൂപവല്ക്കരിക്കുന്നതിനുള്ള അടിസ്ഥാനം ഇതു മാത്രമാണ്. വാങ്ചിങ്വേയ്ക്ക് മൂന്നു മുദ്രാവാക്യങ്ങളുണ്ട്: 'ചിയാങ്കൈഷെക്കിനെ എതിർക്കുക', 'കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കുക', 'ജപ്പാനുമായി സ്നേഹിതരായിരിക്കുക' വാംഗ് ചിങ്വേയ്‌യാണ് കൂമിന്താങ്ങിന്റെയും, കമ്യൂണിസ്റ്റ് പാർട്ടിയുടെയും മൊത്തം ജനതയുടെയും പൊതുശത്രു. എന്നാൽ കമ്യൂണിസ്റ്റ്പാർട്ടി കൂമിന്താങ്ങിന്റെ ശത്രുവല്ല, കൂമിന്താങ്ങ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ശത്രുവും അല്ല. അവർ രണ്ടും പരസ്പരം എതിർക്കുകയും 'നിയന്ത്രി'ക്കുകയും ചെയ്യുന്നതിനു പകരം ഒന്നിച്ചുനിന്ന് അങ്ങോട്ടും ഇങ്ങോട്ടും സഹായിക്കുകയാണ വേണ്ടത്. നമ്മുടെ ഭാഗത്തുള്ള മുദ്രാവാക്യം വാങ്ചിങ്വേയുടേതിൽ നിന്നു വ്യത്യസ്തമായിരിക്കുകതന്നെ വേണം. അതുമായിട്ട് കൂട്ടിക്കുഴയ്ക്കാൻ പാടില്ല. അയാൾ 'ചിയാങ്കൈഷെക്കിനെ എതിർക്കുക' എന്നു പറഞ്ഞാൽ എല്ലാവരും ചിയാങ്കൈഷെക്കിനെ പിന്താങ്ങണം; അയാൾ 'കമ്യൂണിസ്റ്റ് പാർട്ടിയെ എതിർക്കുക' എന്നു പറയുകയാണെങ്കിൽ എല്ലാപേരും കമ്യൂണിസ്റ്റുപാർട്ടിയുമായി ഒന്നുചേരണം; അയാൾ 'ജപ്പാന്റെ സ്നേഹിതരായിരിക്കുക' എന്നു പറയുകയാണെങ്കിൽ എല്ലാവരും ജപ്പാനെ ചെറുക്കണം. ശത്രു എതിർക്കുന്നതിനെയെല്ലാം നാം പിന്താങ്ങുകയും ശത്രു പിന്താങ്ങുന്നതിനെയെല്ലാം നാം എതിർക്കുകയും ചെയ്യണം. ലേഖനങ്ങളിൽ. ഈയിടെയായി, ആളുകൾ നിങ്ങളുടെ സ്നേഹിതന്മാരെ സങ്കടപ്പെടുത്താതിരിക്കുക', എന്ന ചൊല്ല് ഉദ്ധരിക്കാറുണ്ട്. യുയാങ്ങിന്റെ മേലധികാരിയായിരുന്ന പെങ്ച്യൂങിന് പൂർവ്വഹാൻ രാജവംശത്തിലെ ല്യൂഹന്യൂവിന്റെ കീഴിൽ ജനറലായിരുന്ന ച്യൂഫ്യൂ എഴുതിയ ഒരു കത്തിലുള്ളതാണീ വാചകം. ആ സന്ദർഭത്തിൽ അതിങ്ങനെ വായിക്കാമായിരുന്നു: നിങ്ങൾ എന്തൊക്കെയാണ് ചെയ്യുന്നതെങ്കിലും അതൊന്നുംതന്നെ നിങ്ങളുടെ സ്നേഹിതന്മാരെ സങ്കടപ്പെടുത്തുന്നതായിരുന്നുകൂടെന്നു മാത്രമല്ല, ശത്രുക്കളെ സന്തോഷിപ്പിക്കുന്നതായിരിക്കുകയുമരുത്. ച്യൂഫൂവിന്റെ വാക്കുകൾ നാം ഒരിക്കലും മറക്കാൻ പാടില്ലാത്ത വ്യക്തമായ ഒരു രാഷ്ട്രീയ നയം വ്യഞ്ജിപ്പിക്കുന്നു.

നിങ്ങളുടെ ചോദ്യാവലിയിൽ ''ഉരസൽ''എന്നു വിളിക്കപ്പെടുന്ന കാര്യത്തിൽ കമ്യൂണിസ്റ്റുപാർട്ടിയുടെ മനോഭാവം എന്താണെന്ന് ചോദിച്ചിരിക്കുന്നു. ജാപ്പുവിരുദ്ധകക്ഷികൾ തമ്മിലുള്ള ഉരസലിനെ, അത് അതിന്റെ ശക്തിയെ ഇല്ലായ്മചെയ്യും എന്നുള്ളതുകൊണ്ട്, ഞങ്ങൾ തീർത്തും എതിർക്കുന്നു. പക്ഷെ ആരെങ്കിലും ഞങ്ങൾക്കെതിരായി അക്രമം

Scanned by CamScanner

കാണിക്കുകയോ, പീഡിപ്പിക്കുകയോ, അടിച്ചമർത്തലുപയോഗിക്കുകയോ ചെയ്യുകയാണെങ്കിൽ, കമ്യൂണിസ്റ്റുപാർട്ടിക്ക് ഉറച്ച ഒരു നിലപാട് എടുക്കേണ്ടിവരും. ഞങ്ങളുടെ സമീപനം ഇതാണ്: ഞങ്ങൾ ആക്രമിക്കപ്പെടുന്നില്ലെങ്കിൽ ഞങ്ങളും ആക്രമിക്കുകയില്ല. ഞങ്ങൾ ആക്രമിക്കപ്പെടുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ തിരിഞ്ഞാക്രമിക്കും. ഞങ്ങളുടെ നിലപാട് പൂർണ്ണമായും സ്വയം പ്രതിരോധത്തിന്റേതാണ്; ഒരു കമ്യൂണിസ്റ്റുകാരനും സ്വയം പ്രതിരോധനയം എന്നതിനപ്പുറംപോകാൻ അനുവദിക്കപ്പെട്ടിട്ടില്ല.

ചോദ്യം: ഉത്തരചൈനയിലെ ഉരസലിനെ സംബന്ധിച്ച് എന്തു പറയുന്നു?

ഉത്തരം: ചാങ്ങ്യിൻ–വു ചിൻചി–ജുംഗ് എന്നിവരാണ് വിദഗ്ധരായ അവിടത്തെ രണ്ടു ഉരസൽമോഹികൾ. ഹോപേയിൽ ചാങ്ങ്യിൻ–വുവും ഷാൻടുങ്ങിൽ ചിൻചി–ജുങ്ങും മാനുഷികമോ, ദൈവീകമോ ആയ എല്ലാ നിയമങ്ങളേയും ലംഘിച്ചുകൊണ്ടിരിക്കുകയാണ്. നേരിയ തോതിൽപോലും തിരിച്ചറിയാനാവാത്തവിധം അവർ രാജ്യവഞ്ചകരാണ്. അവർ ചുരുക്കമായേ ശത്രുവുമായി പൊരുതാറുള്ളു, പക്ഷെ എപ്പോഴും എട്ടാംപഥസേനയെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. എട്ടാംപഥസേനയെ ആക്രമിക്കുന്നതിനു തന്റെ കീഴ്ജീവനക്കാർക്ക് ചാങ്ങ്യിൻ–വു നൽകിയ ഉത്തരവുകളെപ്പോലുള്ള അനിഷേധ്യമായ തെളിവുകളുടെ ഒരു കൂമ്പാരം ഞങ്ങൾ ജനറാലിസ്സിമോ ചിയാങ്ങ് കൈഷെക്കിനു അയച്ചുകൊടുത്തിട്ടുണ്ട്.

ചോദ്യം: പുതിയ നാലാംസേനയുമായി എന്തെങ്കിലും ഉരസലുണ്ടോ?

ഉത്തരം: അതെ ഉണ്ട്. പിംഗ്കിയാങ്ങ് കൂട്ടക്കൊലസംഭവം മുഴുവൻ രാഷ്ട്രത്തേയും ഞെട്ടിച്ചിരിക്കുന്നു.

ചോദ്യം: ചിലയാളുകൾ പറയുന്നതു് ഐക്യമുന്നണി പ്രധാനമാണ്; പക്ഷെ ഏകീകരണത്തിനായി അതിർത്തി പ്രദേശസർക്കാരിനെ റദ്ദാക്കണം. ഇതിനെപ്പററി താങ്കൾക്കെന്തുതോന്നുന്നു?

ഉത്തരം: എല്ലാവിധ വിവരക്കേടുകളും എല്ലാ സ്ഥലത്തും പറയപ്പെടുന്നുണ്ട്. അതിർത്തിപ്രദേശ സർക്കാരിന്റെ റദ്ദാക്കൽ എന്നു പറയുന്നതു് ഒരുദാഹരണമാണ്. ഈ ഷെൻസി–കാൻസു–നിങ്ങ്സിയ അതിർത്തി പ്രദേശം ജനകീയ ജാപ്പു വിരുദ്ധ താവളപ്രദേശമാണ്. മാത്രമല്ല, അതു് രാജ്യത്തിലെ രാഷ്ട്രീയമായി ഏററവും പുരോഗമനപരമായ പ്രദേശവുമാണ്. അതിനെ റദ്ദാക്കുന്നതിനു് എന്തടിസ്ഥാനമാണുള്ളതു്? മാത്രമല്ല, ജനറാലിസ്സിമോ ചിയാങ്ങ് വളരെ മുമ്പുതന്നെ അതിർത്തി പ്രദേശത്തെ അംഗീകരിക്കുകയും ദേശീയ സർക്കാരിന്റെ നിർവ്വാഹകയാവാൻ റിപ്പബ്ലിക്കിന്റെ 26–ാമതു വർഷത്തിലെ ശിശിരത്തിൽതന്നെ (1937) ഔദ്യോഗികമായി അതിനെ അംഗീകരിച്ചിട്ടുമുണ്ട്. ചൈന തീർച്ചയായും ഏകീകരിക്കപ്പെടണം. പക്ഷേ അതു് ഏകീകരിക്കപ്പെടേണ്ടതു് ചെറുത്തുനില്പിന്റെയും ഐക്യതയുടെയും പുരോഗതിയുടെയും അടിസ്ഥാനത്തിലായിരിക്കണം. അതിനു വിപരീതമായ അടിസ്ഥാനത്തിലാണ് ഏകീകരണത്തിനൊരുങ്ങുന്നതെങ്കിൽ രാജ്യം നശിക്കും.

ചോദ്യം: ഏകീകരണത്തെ സംബന്ധിച്ചിടത്തോളം വിഭിന്നമായ അർത്ഥകല്പനകളുണ്ടായിരിക്കുന്ന സ്ഥിതിക്ക് കുമിന്താങ്ങും കമ്യൂണിസ്റ്റുപാർട്ടിയും തമ്മിൽ തെററിപ്പിരിയാൻ എന്തെങ്കിലും സാദ്ധ്യതയുണ്ടോ?

Scanned by CamScanner

ഉത്തരം: നമ്മൾ സാദ്ധ്യതകളെപ്പററി മാത്രമാണ് സംസാരിക്കുന്നതെങ്കിൽ ക്വമിന്താങ്ങിൻേറയും കമ്യൂണിസ്റ്റുപാർട്ടിയുടേയും പ്രത്യേകിച്ചും രാജ്യത്താകമാനമുള്ള ജനങ്ങളുടേയും സമീപനത്തെ ആശ്രയിച്ച് ഐക്യത്തിനുള്ള സാദ്ധ്യതയും, പിളർപ്പിനുള്ള സാദ്ധ്യതയും ഉണ്ട്. ഞങ്ങൾ, കമ്യൂണിസ്റ്റുകളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ നയം സഹകരണത്തിൻേറതാണെന്ന് വളരെ മുമ്പുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഞങ്ങൾ ദീർഘകാലാടിസ്ഥാനത്തിലുള്ള സഹകരണമാണ് പ്രതീക്ഷിക്കുന്നതെന്നു മാത്രമല്ല അതിനുവേണ്ടി തീവ്രമായി പരിശ്രമിക്കുകയും ചെയ്യുന്നു. കേന്ദ്രനിർവാഹകസമിതിയുടെ അഞ്ചാമത്തു പരമാധികാരസമ്മേളനത്തിൽ ജനറാലിസിമോ ചിയാംഗ് കൈഷക്കുതന്നെ, ആഭ്യന്തര പ്രശ്നങ്ങൾ ശക്തിയുപയോഗിച്ച് പരിഹരിക്കാൻ സാധിക്കുകയില്ലെന്ന് പ്രഖ്യാപിച്ചതായി പറയപ്പെടുന്നു. ഭീഷണമായ ഒരു ശത്രുവിനെ നേരിട്ടുകൊണ്ടിരിക്കുകയും കഴിഞ്ഞകാല പാഠങ്ങൾ ഓർമ്മിക്കുകയും ചെയ്യുമ്പോൾ ക്വമിന്താങ്ങും കമ്യൂണിസ്റ്റുപാർട്ടിയും ദീർഘകാലാടിസ്ഥാനത്തിലുള്ള സഹകരണത്തിനു് വേണ്ടി നിരന്തരം പ്രവർത്തിക്കുകയും, ഒരു പിളർപ്പിനെ ഒഴിവാക്കുകയും ചെയ്യണം. എന്നാൽ ഒരു പിളർപ്പിൻെറ എല്ലാ സാദ്ധ്യതകളും ഒഴിവാക്കുന്നതിനുവേണ്ടി, ദീർഘകാലസഹകരണത്തിനുള്ള രാഷ്ട്രീയമായ ഉറപ്പ് കണ്ടുപിടിക്കുകതന്നെ വേണം; അതായതു് ചെറുത്തുനില്പുയുദ്ധത്തിൽ മുറുകെ പിടിക്കുകയും ഒരു ജനകീയസർക്കാർ സ്ഥാപിക്കുകയും ചെയ്യണം. ഇതെല്ലാം ചെയ്യുന്നതോടുകൂടി, ഐക്യം തുടരാനും പിളർപ്പ് ഒഴിവാക്കാനും കഴിയും. ഇതു് രണ്ടു പാർട്ടികളുടേയും മൊത്തം രാഷ്ട്രത്തിൻേറയും പൊതുവായ പരിശ്രമത്തെ ആശ്രയിച്ചിരിക്കുന്നു. ആ പരിശ്രമം നടത്തിതന്നെ തീരണം. ചെറുത്തുനില്പിൽ മുറുകെ പിടിക്കുകയും, കീഴടങ്ങലിനെ എതിർക്കുകയും ചെയ്യുക. ഐക്യത്തിൽ മുറുകെ പിടിക്കുകയും പിളർപ്പിനെ എതിർക്കുകയും ചെയ്യുക, പുരോഗതിയിൽ മുറുകെ പിടിക്കുകയും പശ്ചാത്ഗമനത്തെ എതിർക്കുകയും ചെയ്യുക. ഈ മൂന്നു മഹത്തായ രാഷ്ട്രീയ മുദ്രാവാക്യങ്ങളാണ് ഞങ്ങളുടെ പാർട്ടി ഇക്കൊല്ലം ജൂലായ് ഏഴിനു് അതിൻെറ പ്രകടനപത്രികയിലൂടെ മുന്നോട്ടുവച്ചതു്. ഞങ്ങളുടെ അഭിപ്രായത്തിൽ ചൈനക്കു് കീഴടങ്ങലിനെ ഒഴിവാക്കുന്നതിനും ശത്രുവിനെ തുരത്തിയോടിക്കുന്നതിനുമുള്ള ഒരേയൊരു മാർഗ്ഗം ഇതാണ്. മറെറാരു മാർഗ്ഗവുമില്ല.

## കുറിപ്പുകൾ

1. ക്വമിന്താങ്ങിൻെറ ഔദ്യോഗിക വാർത്താ ഏജൻസി ആയിരുന്നു കേന്ദ്രവാർത്താ ഏജൻസി. ക്വമിന്താങ്ങ് സർക്കാരിലെ സൈനിക വൃത്തങ്ങൾ നടത്തിയിരുന്ന ഒരു പത്രമായിരുന്നു ''സാഓ താങ്ങ് പാഓ''. ദേശീയ ബൂർഷ്വാസിയുടെ ജിഹ്വകളിൽ ഒന്നായിരുന്നു ഹ്സിൻ മിൻ പാഓ.

2. ഡോ: സൺയത്സെൻെറ 'ദേശീയ പുനർനിർമ്മാണ പരിപാടി' നോക്കുക. ഡോ. സൺയത്സെൻ വിഭാവനം ചെയ്ത ''സൈനിക ഭരണ''ത്തിൻെറതോ അല്ലെങ്കിൽ ''രാഷ്ട്രീയ ബദൽ നിർവ്വഹണ''ത്തിൻെറതോ ആയ ഘട്ടമായി തങ്ങളുടെ നിഷ്ഠൂരമായ പ്രതിവിപ്ലവ സർവ്വാധിപത്യത്തെ പകരം വെച്ചുകൊണ്ട് ആയതിനെ ന്യായീകരിക്കാൻ ഒരു നീണ്ട കാലത്തേക്ക് ചിയാങ്ങ് കൈഷെക്കിൻെറ നേതൃത്വത്തിലുള്ള ക്വമിന്താങ്ങ് പിന്തിരിപ്പൻ ക്ലിക്ക് ശ്രമിക്കുകയുണ്ടായി.

Scanned by CamScanner

3. ഫെങ്ങ് യൂ—ഹ്സിയാങ്ങിൻെറ ക്ഷണപ്രകാരം പീക്കിങ്ങിലേക്ക് കാൻറൺ വിട്ടുപോകുന്നതിനു രണ്ടു ദിവസം മുമ്പ്, 1924 നവമ്പർ 10 ന് ഡാ: സൺയത്സൻ നടത്തിയതാണ് ഈ പ്രസ്താവന. മുഴുവൻ ദേശത്തിൻെറയും പിന്തുണ നേടിയ ഈ പ്രസ്താവനയിൽ, സാമ്രാജ്യത്വത്തോടും യുദ്ധപ്രഭുക്കളോടും തനിക്കുള്ള എതിർപ്പ് ഡോ: സൺ ആവർത്തിച്ച പ്രകടിപ്പിക്കുകയും രാജ്യത്തെ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി ഒരു ദേശീയ നിയമസഭ വിളിച്ചുകൂട്ടുന്നതു് അടിയന്തിരാവശ്യമായി ഉന്നയിക്കുകയും ചെയ്തു. ചിഹ്‌ലി യുദ്ധപ്രഭു ക്ളിക്കിലാണ് തുടക്കത്തിൽ ഫെങ്ങ് യൂ—ഹ്സിയാങ്ങ് ഉൾപ്പെട്ടിരുന്നതെങ്കിലും 1924 ശൈത്യകാലത്തു്, അവരും ഫെങ്ങ്ടീൻ യുദ്ധപ്രഭു ക്ളിക്കുംതമ്മിൽ രണ്ടാമതും യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ, അയാൾ യുദ്ധംവെട്ടാൻ വിസമ്മതിക്കുകയും തൻെറ പടകളെ തിരിച്ച പീക്കിങ്ങിലേക്ക നയിക്കുകയും അങ്ങനെ വൂപെ—ഫൂ എന്ന സാക്ഷാൽ ചിഹ്‌ലി യുദ്ധപ്രഭു നേതാവിൻെറ പതനത്തിനിടവരുത്തുകയും ചെയ്തു, അതിനെ തുടർന്നാണ് അയാൾ ഡോ: സണിനു് പീക്കിങ്ങിലേക്കുള്ള ക്ഷണക്കമ്പി അയച്ചതു്.

Scanned by CamScanner

# സോവിയററു യൂണിയന്റെയും മാനവരാശിയുടേയും താല്പര്യങ്ങൾ തമ്മിലുള്ള അനന്യത

*1939 സെപ്തംബർ 28*

മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ 22-ാം വാർഷികത്തിന്റെ സാമീപ്യത്തോടെ സീനോ-സോവിയറ്റ് സാംസ്കാരികസംഘം എന്നോട് ഒരു ലേഖനം ആവശ്യപ്പെട്ടിട്ടുണ്ട്. എന്റേതായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, സോവിയറ്റ് യൂണിയനേയും ചൈനയേയും സംബന്ധിച്ചുള്ള കുറച്ച് പ്രശ്നങ്ങളെ സ്പഷ്ടമാക്കാൻ ഞാൻ താല്പര്യപ്പെടുന്നു. കാരണം ഇന്ന് ചൈനയിൽ ജനങ്ങൾ അവ ചർച്ചചെയ്യുന്നുണ്ട്, എങ്കിലും നിയതമായ നിഗമനങ്ങളിൽ പ്രത്യക്ഷരൂപത്തിൽ അവർ ഇനിയും എത്തിച്ചേർന്നിട്ടില്ല. യൂറോപ്പിലെ യുദ്ധത്തേയും സീനോ-സോവിയറ്റ് ബന്ധങ്ങളേയും കുറിച്ച് പരിചിന്തിക്കുന്നവരുടെ പരിഗണനയ്ക്കായി എന്റെ വീക്ഷണങ്ങൾ അവതരിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണെങ്കിൽ അതു കുറച്ചൊക്കെ സഹായകമായേക്കും.

സോവിയററുയൂണിയൻ, ലോകം സമാധാനത്തിൽ വർത്തിക്കുന്നതു് ആഗ്രഹിക്കുന്നില്ല എന്ന് ചില ആളുകൾ പറയുന്നു. ഒരു ലോകയുദ്ധം പൊട്ടിപ്പുറപ്പെടുന്നതു് അതിന് നേട്ടമാണെന്നും പകരം ബ്രിട്ടണും ഫ്രാൻസുമായി പരസ്പര സഹായത്തിന്റേതായ ഒരു സന്ധിക്ക് ജർമ്മനിയുമായുള്ള സോവിയററു് യൂണിയന്റെ അനാക്രമണ സന്ധിയുടെ തീർപ്പു മൂലമാണ് ഇപ്പോഴത്തെ യുദ്ധം ഉരുണ്ടുകൂടിയതെന്നും അവർ കാരണമായി പറയുന്നു. ഈ വീക്ഷണം തെററാണെന്ന് ഞാൻ കണക്കാക്കുന്നു. സോവിയററു യൂണിയന്റെ വിദേശനയം, തങ്ങളുടെ താല്പര്യങ്ങളും മനുഷ്യവംശത്തിലെ മഹാഭൂരിഭാഗത്തിന്റെ താല്പര്യങ്ങളും തമ്മിലുള്ള ഗാഢബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള ഒരു നയം വളരെ നീണ്ട കാലമായി സ്ഥിരതയോടെ സമാധാനത്തിന്റേതായിരുന്നിട്ടുണ്ട്, സോവിയററു യൂണിയൻ തങ്ങളുടെതന്നെ സോഷ്യലിസ്റ്റ് നിർമ്മാണത്തിന് എല്ലായ്പ്പോഴും സമാധാനം ആവശ്യമായിരുന്നിട്ടുണ്ട്. മററു രാജ്യങ്ങളുമായുള്ള തങ്ങളുടെ സമാധാനപരമായ ബന്ധങ്ങൾ ശക്തമാക്കാനും ഒരു സോവിയററു് വിരുദ്ധയുദ്ധം ഒഴിവാക്കാനും എല്ലായ്പ്പോഴും അതാഗ്രഹിച്ചിട്ടുണ്ട്. ലോകതലത്തിലുള്ള സമാധാനത്തിനുവേണ്ടി അതു ഫാസിസ്റ്റ് രാജ്യങ്ങളുടെ ആക്രമണത്തെ വിശേഷിച്ചുപ്പെടുന്നവയുടെ യുദ്ധകൊതിയെ ഒതുക്കുന്നതിനും ആകാവുന്നിടത്തോളം ഒരു സാമ്രാജ്യത്വലോകയുദ്ധത്തിന്റെ പൊട്ടിപ്പുറപ്പെടൽ വൈകിക്കുന്നതിനുംകൂടി അതു് ആഗ്രഹിച്ചിട്ടുണ്ട്. ലോകസമാധാനത്തിന്റെ ലക്ഷ്യത്തിലേയ്ക്കു് തങ്ങളുടെ വമ്പിച്ച ശക്തി സോവിയററു യൂണിയൻ ദീർഘകാലമായി അർപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന് അതു് സർവ്വരാജ്യസംഘടന 1 യിൽ ചേർന്നിട്ടുണ്ട്. ഫ്രാൻസും, ചെക്കോ

Scanned by CamScanner

സ്ലോവാക്യയുമായി പരസ്പരസഹായസന്ധികൾ2 ഒപ്പുവെച്ചിട്ടുണ്ട്. സമാധാനത്തിന് സമ്മതമുള്ള മററ് രാജ്യങ്ങളും ബ്രിട്ടണുമായി സുരക്ഷ ഉടമ്പടികളിൽ എത്തുന്നതിനായി അതു കഠിനമായി ശ്രമിച്ചിട്ടുണ്ട്. ജർമ്മനിയും ഇററലിയും സംയുക്തമായി സ്പെയിനിനെ കടന്നാക്രമിച്ചതിനുശേഷവും ബ്രിട്ടണും, ഐക്യനാടുകളും, ഫ്രാൻസും തങ്ങളുടെ ആക്രമണത്തിന്റെ യഥാത്ഥ കള്ളക്കണ്ണോടെയുള്ള നാമമാത്രമായ ''ഇടങ്കോലിടായ്മ''യുടെതായ ഒരു നയം സ്വീകരിച്ചപ്പോഴും സോവിയററ് യൂണിയൻ ''ഇടങ്കോലിടായ്മ'' നയത്തെ എതിർക്കുകയും സ്പാനിഷ് റിപ്പബ്ളിക്കൻ സേനകൾക്ക് ജർമ്മനിയേയും, ഇററലിയേയും ചെറുത്തുനിൽക്കുന്നതിൽ സക്രിയസഹായം നൽകുകയും ഉണ്ടായി. ചൈനയെ ജപ്പാൻ കടന്നാക്രമിക്കുകയും തുടൎന്ന മേൽപറഞ്ഞ മൂന്നു ശക്തികൾ അതേപോലുള്ള ''ഇടങ്കോലിടായ്മ''നയം സ്വീകരിക്കുകയും ചെയ്തപ്പോൾ സോവിയററു യൂണിയൻ ചൈനയുമായി ഒരു അനാക്രമണസന്ധിയിൽ ഏർപ്പെട്ടു എന്നു മാത്രമല്ല ചൈനയ്ക്ക് അതിന്റെ ചെറുത്തുനില്പിൽ സക്രിയസഹായം ചെയ്തുകൊടുക്കുകയും ചെയ്തു. ഹിററ്ലറുടെ ആക്രമണത്തെ ബ്രിട്ടണും, ഫ്രാൻസും കണ്ടില്ലെന്ന് നടിക്കുകയും ഓസ്ട്രിയയേയും ചെക്കോസ്ലോവാക്യയേയും അടിയറവയ്ക്കുകയും ചെയ്തപ്പോൾ സോവിയററു യൂണിയൻ മ്യൂണിക് നയത്തിന് പിന്നിലുള്ള കുടില ലക്ഷ്യങ്ങളെ തുറന്നുകാണിക്കുന്നതിൽ ഏർപ്പെടുത്താത്ത യത്നങ്ങൾ ഒന്നും ഇല്ല, എന്നല്ല തുടൎന്നുള്ള ആക്രമണത്തെ തടുക്കുന്നതിനായി ബ്രിട്ടണും, ഫ്രാൻസിനും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ഇക്കൊല്ലം വസന്തത്തിലും, വേനലിലും കത്തുന്നൊരു സമസ്യയായി പോളണ്ട് ഉയൎന്നുവരുകയും ലോകയുദ്ധത്തിന്റെ പൊട്ടിപ്പുറപ്പെടലിന്റെ കയർ അററു-അററില്ലെന്ന സ്ഥിതി ആവുകയും ചെയ്തപ്പോൾ സോവിയററ് യൂണിയൻ. ചേമ്പർ ലെയിനേറയും ദലാഡീറിനേറയും പൂർണ്ണമായ ആത്മാത്ഥതയില്ലായ്മ ഉണ്ടായിട്ടും ബ്രിട്ടണും, ഫ്രാൻസുമായി നാലു മാസത്തിലേറെക്കാലം, യുദ്ധം പൊട്ടിപ്പുറപ്പെടുന്നതൊഴിവാക്കുന്നതിനായുള്ള പരസ്പര സഹായത്തിനേറതായ സന്ധിയിലെത്തുന്നതിനുള്ള പരിശ്രമത്തിൽ കൂടിയാലോചനകളിൽ ഏർപ്പെടുകയുണ്ടായി. എന്നാൽ ബ്രിട്ടീഷ്-ഫ്രഞ്ച് ഗവർമ്മെണ്ടുകളുടെ സാമ്രാജ്യവാദപരമായ നയത്താൽ അതായതു് യുദ്ധത്തിന് നേരെ കണ്ടില്ലെന്ന നാട്യത്തിനേറയും അതിനെ കത്തിപ്പൊക്കുന്നതിനേറയും പടുത്തുന്നതിനേറയുമായ നയത്താൽ ഈ യത്നങ്ങളെല്ലാം സ്തംഭനാവസ്ഥയിലാണ് എത്തിയതു്. ഇതാകട്ടെ അതിന്റെ അനന്തരഫലമായി ലോകസമാധാന ലക്ഷ്യത്തിനു തടസ്സം സൃഷ്ടിക്കുകയും സാമ്രാജ്യത്വലോകയുദ്ധം പൊട്ടിപ്പുറപ്പെടുവിക്കുന്നതിലേക്ക് എത്തിക്കുകയുംചെയ്തു. ബ്രിട്ടണിലേയും, ഐക്യനാടുകളിലേയും ഫ്രാൻസിലേയും സർക്കാരുകൾക്ക് ഈ യുദ്ധം ഒഴിവാക്കാൻ യഥാർത്ഥത്തിലുള്ള യാതൊരു ഇച്ഛയും ഇല്ലായിരുന്നു. മറിച്ച് അതു വരുത്തിതീർക്കുന്നതിനായാണ് അവർ സഹായിച്ചതു്. സോവ്യററുയൂണിയനുമായി ഒരുമപ്പെടുന്നതിനേയും തുല്യതയുടേയും തമ്മിൽതമ്മിലുള്ള തുണയ്ക്കലിന്റെയും അടിസ്ഥാനത്തിലുള്ള പരസ്പര സഹായത്തിനേറതായ യഥാത്ഥത്തിൽ ഫലപ്രദമായൊരു സന്ധിയിൽ ഏർപ്പെടുന്നതിനേയും അവർ നിരാകരിച്ചതു് തെളിയിച്ചതു് അവർ സമാധാനമല്ല, യുദ്ധമാണ് ആഗ്രഹിക്കുന്നതു് എന്നാണ്. സമകാലീനലോകത്തു്, സോവ്യററുയൂണിയനെ നിരാകരിക്കുക എന്നതിനത്ഥം സാമാധാനത്തെ നിരാകരിക്കുക എന്നാണ് എന്ന് സകലവർക്കും അറിയാം. ലിയോഡ്ജോർജ്ജിനുപോലും ബ്രിട്ടീഷ് ബൂർഷ്വാസിയുടെ മാതൃകായോഗ്യനായ ആ പ്രതിനിധിക്കുപോലും, ഇതറിയാം3. ഈ സാഹചര്യങ്ങളിലും തങ്ങളുടെ സോവ്യററു വിരുദ്ധ നടപടികൾ നിൎത്താനും

കമ്യൂണിസ്റ്റ് ഇൻറർനാഷണൽ വിരുദ്ധ കരാർ കയ്യൊഴിക്കാനും സോവ്യററ് അലംഘനീയതയംഗീകരിക്കാനും ജർമ്മനി സമ്മതിച്ച സന്ദർഭത്തിലുമാണ് സോവിയററ്—ജർമ്മൻ അനാക്രമണസന്ധി ഒപ്പുവെയ്ക്കപ്പെട്ടതു്. സോവ്യററുയൂണിയനെ ആക്രമിക്കുന്നതിനായി ജർമ്മനിക്കുമേൽ അടയിരിക്കാനും അതുവഴി തങ്ങൾ സ്വയംതന്നെ 'കടുവപോരാട്ടം വീക്ഷിക്കുന്നതിനായി മലമുകളിൽ ഇരുന്നുകൊണ്ടു്' അവസരത്തിനൊത്തു താഴെ ഇറങ്ങി പരസ്പര പോരാട്ടത്തിൽ സോവ്യററ്യൂണിയനും, ജർമ്മനിയും അവശരാകുമ്പോൾ കയ്യടക്കാനും ആയിരുന്ന ബ്രിട്ടൻെറയും ഐക്യനാടുകളുടേയും ഫ്രാൻസിൻേറയും പദ്ധതി. സോവിയററ് ജർമ്മൻ അനാക്രമണ സന്ധി ഈ കുടില പദ്ധതിയെ തകർത്തുതരിപ്പണമാക്കി. ഈ കുടിലപദ്ധതിയും യുദ്ധശ്രമങ്ങൾക്കുനേരെ കണ്ണടയ്ക്കുകയും അതിനെ കുത്തിപ്പൊക്കുകയും അങ്ങിനെ ഒരു ലോകയുദ്ധം ഉരുത്തിരിച്ച് എടുക്കുകയും ചെയ്ത ഇംഗ്ലീഷ്, ഫ്രഞ്ച് സാമ്രാജ്യവാദികളുടെ ഗൂഢ പരിപാടികളും കാണുന്നതിൽ ശ്രദ്ധ വെയ്ക്കാതിരുന്നതിലൂടെ നമ്മുടെ ചില സഹദേശവാസികൾ ഈ ഗൂഢ പരിപാടിക്കാരുടെ മധുരം പൊതിഞ്ഞ പ്രചാരണത്തിൽ യഥാർത്ഥത്തിൽ പെട്ടുപോയിട്ടുണ്ടു്, സ്പെയിനെതിരെയോ, ചൈനയ്ക്കെതിരെയോ, ഓസ്ത്രിയക്കും, ചേക്കോസ്ലോവിയയ്ക്കും എതിരെയോ, ഉള്ള ആക്രമണത്തെ തടയുന്നതിൽ ഈ രാഷ്ട്രീയ കരകൗശലക്കാർ തീർത്തും താല്പര്യ രഹിതർ ആയിരുന്നു. നേരെമറിച്ച് അവർ ഞണ്ടിനേയും, കൊക്കിനേയും, കടിപിടി കൂട്ടി രണ്ടിൻേറയുംമേൽ മുതലെടുപ്പു നടത്തുന്ന പഴഞ്ചൊല്ലിലെ മീൻപിടുത്തക്കാരൻെറ ഭാഗം കളിച്ചുകൊണ്ടു്, ആക്രമണം കണ്ടില്ലെന്നു് നടിക്കുകയും യുദ്ധം കുത്തിപ്പൊക്കുകയും ചെയ്തു. അവർ തങ്ങളുടെ പ്രവൃത്തികളെ 'ഇടങ്കോലിടായ്മ'യായി തെറ്റിച്ചു ചിത്രീകരിച്ചു, എന്നാൽ അവർ യഥാർത്ഥത്തിൽ ചെയ്തതു് 'കടുവപ്പോരാട്ടം വീക്ഷിക്കാനായി മലമുകളിൽ ഇരിക്കുക' എന്നതായിരുന്നു. ലോകത്താസകലം ഉള്ള കറെയേറെപ്പേർ ചേമ്പർലെയിൻേറയും, കൂട്ടാളികളുടേയും തേൻ പുരട്ടിയ വാക്കുകളാൽ വിഡ്ഢികളാക്കപ്പെട്ടിട്ടുണ്ടു്. അവരുടെ ചിരികൾക്കു് പുറകിലുള്ള മാരകമായ ദുരുദ്ദേശം കാണുന്നതിലും സോവ്യററ്യൂണിയൻെറ നിർദ്ദേശം നിരാകരിക്കാനും, സാമ്രാജ്യത്വയുദ്ധം വരുത്തിതീർക്കാനും ചേമ്പർലെയിനും, ദലാഡിറും മനസ്സുറപ്പിക്കുകയും ചെയ്തതിനുശേഷം മാത്രമാണ് സോവ്യററ് ജർമ്മൻ അനാക്രമണസന്ധി ഒപ്പുവെയ്ക്കപ്പെട്ടതു് എന്നു മനസ്സിലാക്കുന്നതിലും പരാജയപ്പെട്ടതുകൊണ്ടാണ് അവർക്കു് വിഡ്ഢിത്തം പററിയിട്ടുള്ളതു്. ഇക്കൂട്ടർക്കു് ഉണർന്നെണീക്കാനുള്ള സമയമിതാണു്. സോവ്യററ്യൂണിയൻ ലോകസമാധാനം നിലനിർത്തുന്നതിനു് അവസാന നിമിഷംവരെ കഠിനയത്നം ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത സോവ്യററുയൂണിയൻെറ താല്പര്യങ്ങളും മനുഷ്യവംശത്തിൻെറ മഹാഭൂരിപക്ഷത്തിൻെറ താല്പര്യങ്ങളും അനന്യമാണെന്നു് തെളിയിക്കുന്നു. ഞാൻ സംസാരിക്കാൻ ആഗ്രഹിച്ച ഒന്നാമത്തെ പ്രശ്നം ഇതാണു്.

ചിലർ പറയുന്നു, രണ്ടാം സാമ്രാജ്യത്വ ലോകയുദ്ധം ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടുകഴിഞ്ഞ സ്ഥിതിക്കു്സോവിയററു യൂണിയൻ മിക്കവാറും പക്ഷംപിടിക്കുമെന്നു്—മററു വാക്കുകളിൽ പറഞ്ഞാൽ, സോവിയററ് ചുവപ്പുസേന, ജർമ്മൻ സാമ്രാജ്യത്വ മുന്നണിയിൽ ചേരുന്നതായ മുഹൂർത്തം കാണുമാറുയ്ക്കൂളിൽകഴിഞ്ഞു എന്നു്. ഈ വീക്ഷണം ശരിയല്ലെന്നു ഞാൻ കരുതുന്നു. ഈ യുദ്ധം്—ഫ്രഞ്ചു് പക്ഷത്തുനിന്നോ ജർമ്മൻപക്ഷത്തുനിന്നോ, വീക്ഷിക്കുകയല്ല വേണ്ടതെ ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടിട്ടുള്ള യുദ്ധം നീതിരഹിതൊഴിലാളി—കർഷിലുള്ളതും സാമ്രാജ്യത്വപരവുമായ യുദ്ധമാണു്. അതിയും പോളിഷ് ജനാധ്യങ്ങളിലേയും കമ്യൂണിസ്റ്റ്പാർട്ടികളും ജനങ്ങളും പോളിഷ് ഭൂപ്രഭുക്കൾ, ന്യരുയുദ്ധംവെട്ടുകാരുടേയും സാമ്രാജ്യത്വസ്വഭാവം

തുറന്നുകാണിക്കുകയും വേണം; കാരണം, അപാകതമാത്രമല്ലാതെ യാതൊരു വിധ മേന്മയും ലോകജനതയ്ക്ക് ഈ യുദ്ധം വരുത്തില്ല. സാമ്രാജ്യത്വ യുദ്ധത്തെ പിന്തുണയ്ക്കുന്നതിലും തൊഴിലാളിവർഗ്ഗത്തെ വഞ്ചിക്കുന്നതിലും ഉള്ള സോഷ്യൽ ഡമോക്രാററിക് പാർട്ടികളുടെ കുററകൃത്യങ്ങളേയും അവർ തുറന്നുകാട്ടണം. സോവിയററ് യൂണിയൻ ഒരു സോഷ്യലിസ്റ്റ് രാജ്യം, കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലുള്ള ഒരു രാജ്യമാണ്. അതു് യുദ്ധത്തിനോട് സുവ്യക്തമായി ഇരുവശങ്ങളുമുള്ള ഒരു നിലപാട് അവശ്യമായും പുലർത്തുന്നുണ്ട്. 1. നീതിരഹിതവും അനവസരവും സാമ്രാജ്യത്വപരവുമായ ഏതൊരു യുദ്ധത്തിലും പങ്കെടുക്കാൻ അതു് ഉറപ്പോടെ കൂട്ടാക്കാതിരിക്കുകയും യുദ്ധംവെട്ടുകൂട്ടങ്ങളോട് കർശനമായ നിഷ്പക്ഷത പുലർത്തുകയും ചെയ്യുന്നു. എന്നിരിക്കെ, സോവിയററ് ചുവപ്പുസേന ഒരിക്കലും, തത്വങ്ങൾ കണക്കിലെടുക്കാതിരിക്കയോ സാമ്രാജ്യത്വയുദ്ധമുന്നണികളിൽ ഏതെങ്കിലും ഒന്നിൽ ചേരുകയോ ചെയ്യില്ല. 2. നീതിയുക്തവും അനവസരത്തിലല്ലാത്തതുമായ വിമോചനയുദ്ധങ്ങളെ അതു സക്രിയമായി പിന്തുണയ്ക്കുന്നു. ഉദാഹരണത്തിനു്, ചൈനീസ് ജനതയെ പതിമൂന്നു കൊല്ലം മുമ്പത്തെ അവരുടെ വടക്കൻപടനീക്കത്തിലും സ്പാനിഷ് ജനതയെ ഇക്കഴിഞ്ഞവർഷം വരെയുണ്ടായ അവരുടെ ജർമ്മനിക്കും ഇററലിക്കുമെതിരായ യുദ്ധത്തിലും അതു സഹായിച്ചു. ചൈനീസ് ജനതയെ കഴിഞ്ഞ രണ്ടുകൊല്ലമായുള്ള അവരുടെ ജാപ്പ് വിരുദ്ധ ചെറുത്തുനില്പുയുദ്ധത്തിലും മംഗോളിയൻജനതയെ കഴിഞ്ഞ കുറച്ചു മാസങ്ങളായി ജപ്പാനെ ചെറുക്കുന്നതിലും അതു സഹായിക്കുന്നുണ്ട്. ബഹുജനവിഭാഗങ്ങളുടേയോ ഒരു ദേശത്തിന്റേതോ ആയി ഭാവിയിൽ മററു രാജ്യങ്ങളിൽ പൊട്ടിപ്പുറപ്പെട്ടേക്കാവുന്ന ഏതൊരു വിമോചനയുദ്ധത്തിനും സമാധാന സംരക്ഷണത്തിനും സംഭാവനയായിത്തീരുന്ന ഏതൊരു യുദ്ധത്തിനും അതു് നിശ്ചയമായും സഹായം നൽകുന്നതുമാണ്. കഴിഞ്ഞ ഇരുപത്തിരണ്ടു സംവത്സരമായുള്ള സോവിയററ് യൂണിയന്റെ ചരിത്രം ഇതു തെളിയിച്ചിട്ടുണ്ട്; ഭാവിയിൽ വീണ്ടും ചരിത്രം അതുതന്നെ തെളിയിക്കുകയും ചെയ്യും. സോവിയററ്—ജർമ്മൻ വാണിജ്യകരാർ പ്രകാരമുള്ള, സോവിയററ് യൂണിയന്റെ ജർമ്മനിയുമായുള്ള വ്യാപാരത്തെ, ജർമ്മൻപക്ഷത്തു് യുദ്ധത്തിൽ പങ്കാളിത്തം വഹിക്കുന്നതിന്റേതായ ഒരു പ്രവൃത്തിയായി ചിലയാളുകൾ കണക്കാക്കുന്നു. ഈ വീക്ഷണവും, അതു് വ്യാപാരത്തെ യുദ്ധത്തിലെ പങ്കാളിത്തവുമായി കൂട്ടിക്കുഴച്ചുകാണിക്കുന്നതുകൊണ്ടു് തെററാണ്. യുദ്ധത്തിലെ പങ്കാളിത്തവുമായോ, സഹായമെത്തിക്കലുമായോ വ്യാപാരത്തെ കൂട്ടിക്കുഴച്ചുകൂടാ. ഉദാഹരണത്തിനു്, സ്പാനിഷ് യുദ്ധത്തിനിടയ്ക്കു് ജർമ്മനിയും ഇററലിയുമായി സോവിയററ് യൂണിയൻ വ്യാപാരം നടത്തിയിട്ടും സ്പെയിനിനെതിരായ ജർമ്മനിയുടേയും ഇററലിയുടേയും ആക്രമണത്തിൽ സോവിയററ് യൂണിയൻ അവരെ സഹായിക്കുകയാണെന്നു് ലോകത്താരുംതന്നെ പറയുകയുണ്ടായില്ലല്ലോ; എന്നല്ല, മറിച്ചു് ആക്രമണത്തെ ചെറുക്കുന്നതിൽ അതു് സ്പെയിനിനെ സഹായിക്കുകയായിരുന്നെന്നു് ആളുകൾ പറയുകയുമുണ്ടായി, സോവിയററ് യൂണിയൻ സ്പെയിനിനു് യഥാർത്ഥത്തിൽ സഹായം നൽകുകതന്നെ ചെയ്തു എന്നതായിരുന്നു അതിന്റെ കാരണം. വീണ്ടും ഇപ്പോഴത്തെ ചൈനാ—ജാപ്പ് യുദ്ധത്തിന്റെ കാലത്തു് സോവിയററ് യൂണിയൻ ജപ്പാനുമായി വ്യപാരം നടത്തുന്നുണ്ടു്, എങ്കിലും ജപ്പാനെ അതിന്റെ ചൈനയ്ക്കെതിരായ ആക്രമണത്തിൽ സോവിയററ് [illegible] സഹായിക്കുകയാണെന്നു് ലോകത്താരും പറയുന്നില്ല; [illegible] ആക്രമണത്തെ ചെറുക്കുന്നതിനു് ചൈനയെ സഹായിക്ക[illegible]റിയാം 3. ഈ [illegible]ന്നു് ആളുകൾ പറയുന്നു. ചൈനയെ അതു് യഥാർത്ഥ[illegible]ടികൾ നിത്താനം യാണു് എന്നതാണു് അതിന്റെ കാരണം. ഇപ്പോ

ഇരുപക്ഷത്തിനും സോവിയററ് യൂണിയനുമായി വ്യാപാരബന്ധങ്ങളുണ്ട്. എന്നാൽ ഇതിനെ രണ്ടിലൊന്നിനുള്ള സഹായമായും അതിലേറെ യുദ്ധത്തിൽ പങ്കെടുക്കലായും കണക്കാക്കിക്കൂടാ. യുദ്ധത്തിന്റെ സ്വഭാവത്തിനു മാററം സംഭവിക്കുകയും (ഒന്നോ കൂട്ടതലോ രാജ്യങ്ങളിൽ യുദ്ധം നിയതമായ അവശ്യ മാററങ്ങളിലൂടെ കടന്നുപോവുകയാണെങ്കിൽ), സോവിയററ് യൂണിയനും ലോകജനതയ്ക്കും നേട്ടമുള്ളതായിത്തീരുകയും ചെയ്യുകയാണെങ്കിൽ മാത്രമാണ് സോവിയററ് യൂണിയന് സഹായിക്കാനോ പങ്കെടുക്കാനോ സാദ്ധ്യമാവുക; മറിച്ചാണെങ്കിൽ സാദ്ധ്യമാവില്ല. യുദ്ധപങ്കാളികളിൽ ഒന്നിനോടോ മറേറതിനോടൊ അതെത്രമാത്രം സൗഹാർദ്ദത്തിൽ അല്ലെങ്കിൽ ശത്രുതയിൽ വർത്തിക്കുന്ന എന്നതനുസരിച്ച്, സോവിയററ് യൂണിയൻ ഏറിയോ കുറഞ്ഞോ ഉള്ള മെച്ചപ്പെട്ട വ്യവസ്ഥകളിന്മേൽ, വൻതോതിലോ ചെറുതോതിലോ ഉള്ള വ്യാപാരത്തിനു് ബാദ്ധ്യസ്ഥമായിട്ടുണ്ട് എന്ന വസ്തുതയെ സംബന്ധിച്ചാണെങ്കിൽ, അതു് സോവിയററ് യൂണിയനെയല്ല മറിച്ച് യുദ്ധപങ്കാളികളുടെ നിലപാടിനെയാണ് ആശ്രയിച്ചിരിക്കുന്നതു്. എന്നാൽ, ഒരു സോവിയററ് വിരുദ്ധ നിലപാട് ഒന്നോ ഏറെയോ രാജ്യങ്ങൾ സ്വീകരിക്കുകയാണെങ്കിൽപോലും, അവ ആഗസ്റ്റ് 23—നു മുമ്പുള്ള ജർമ്മനിയെപ്പോലെ, അതുമായി നയതന്ത്രബന്ധങ്ങൾ നിലനിർത്താനും വ്യാപാരക്കരാറുകൾ ഒപ്പുവയ്ക്കാനും സമ്മതമുള്ളവരായിരിക്കുകയും അതിനോടു യുദ്ധം പ്രഖ്യാപിക്കാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം, സോവിയററ് യൂണിയൻ അവയുമായുള്ള വ്യാപാരബന്ധങ്ങൾ വിച്ഛേദിക്കുകയില്ല. സഹായം എന്നോ അതും വിട്ട്, യുദ്ധപങ്കാളിത്തം എന്നോ അത്തരം വാണിജ്യബന്ധങ്ങൾക്ക് അർത്ഥമില്ലെന്ന കാര്യം വ്യക്തമായും മനസ്സിലാക്കിയിരിക്കണം. ഞാൻ സംസാരിക്കാൻ ആഗ്രഹിച്ച രണ്ടാമത്തെ പ്രശ്നം ഇതാണ്.

സോവിയററ് പടനിരകൾ പോളണ്ടിൽ പ്രവേശിച്ചിട്ടുണ്ട്4 എന്ന വസ്തുത, ചൈനയിൽ അനേകം ആളുകളെ ചിന്താക്കുഴപ്പത്തിലാക്കിയിട്ടുണ്ട്. ജർമ്മനിയുടേതും ബ്രിട്ടൻ, ഫ്രാൻസ് എന്നിവയുടേതും പോളിഷ് സർക്കാരിന്റേതും പോളിഷ് ജനതയുടേതും സോവിയററ് യൂണിയന്റേതുമായി വിവിധ കോണുകളിൽനിന്നും പോളിഷ്പ്രശ്നം വീക്ഷിക്കേണ്ടതുണ്ട്. പോളിഷ് ജനതയെ കൊള്ളയടിക്കാനും ഇംഗ്ലീഷ്—ഫ്രഞ്ച് സാമ്രാജ്യത്വമുന്നണിയുടെ ഒരു പാർശ്വം തകർക്കാനുംവേണ്ടി ജർമ്മനി യുദ്ധമാരംഭിച്ചു. ജർമ്മനിയുടെ പ്രകൃത്യാതന്നെ സാമ്രാജ്യവാദപരവും എതിർക്കപ്പെടേണ്ടതുമാണുനയം സമ്മതിച്ചുകൊടുക്കാവുന്നതല്ല. ബ്രിട്ടനേയും ഫ്രാൻസിനേയും സംബന്ധിച്ചിടത്തോളം തങ്ങളുടെ പണമൂലധനത്തിനുവേണ്ടി കൊള്ളചെയ്യാവുന്ന ഒരു വസ്തുവായിട്ട് പോളണ്ടിനെ അവർ കണക്കാക്കുകയും കൊള്ളമുതലിന്റെ ഒരു ലോകപുനർവിഭജനത്തിനായുള്ള ജർമ്മൻ സാമ്രാജ്യത്വശ്രമത്തെ തടഞ്ഞിടുന്നതിനു് പോളണ്ടിനെ ചൂഷണം ചെയ്യുകയും അതിനെ തങ്ങളുടേതായ സാമ്രാജ്യത്വ മുന്നണിയുടെ ഒരു പാർശ്വമാക്കുകയുമാണ് അവർ ചെയ്തതു്. അവരുടെ യുദ്ധം അപ്രകാരം ഒരു സാമ്രാജ്യത്വയുദ്ധമാകുന്നു, അവരുടെ സഹായം എന്നു വിളിക്കപ്പെടുന്നതു് പോളണ്ടിൽ അധീശത്വം നേടുന്നതിനുവേണ്ടി ജർമ്മനിയുമായുള്ള കിടമത്സരത്തിന്റെ ഉദ്ദേശത്തിലേക്കായി മാത്രമുള്ളതുമാണ്. ഈ യുദ്ധത്തെക്കൂടിയും എതിർക്കുകതന്നെയാണ്, സമ്മതിച്ചുകൊടുക്കുകയല്ല വേണ്ടതു്. പോളിഷ്സർക്കാരിനെ സംബന്ധിച്ചാകട്ടെ, തൊഴിലാളി—കർഷക ബഹുജനങ്ങളെ നിർദ്ദാക്ഷിണ്യം ചൂഷണം ചെയ്യുകയും പോളിഷ് ജനാധിപത്യവാദികളെ അടിച്ചമർത്തുകയും ചെയ്തുപോന്ന പോളിഷ് ഭൂപ്രഭുക്കൾ, ബൂർഷ്വാസി എന്നിവയുടേതായ ഒരു ഫാസിസ്റ്റ്,

Scanned by CamScanner

പിന്തിരിപ്പൻ സർക്കാരായിരുന്നു അതു്. അതിലുപരി, പോളിഷ് ഇതര ന്യൂനപക്ഷദേശീയതകളെ—ഉക്രേനിയന്മാർ, ബൈലോറഷ്യക്കാർ, ജൂതന്മാർ, ജർമ്മൻകാർ, ലിത്വാനിയന്മാർ, എന്നിവരും മററുമായ ഒരു കോടിയിൽ ഏറെ വരുന്നവരെ—നിർദ്ദാക്ഷിണ്യം അടിച്ചമർത്തിയ ബൃഹത്പോളണ്ട് ദേശീയ സങ്കുചിതവാദികളുടേതായ ഒരു സർക്കാരായിരുന്ന അതു്. അങ്ങനെ അതു് സ്വയം ഒരു സാമ്രാജ്യത്വ സർക്കാർ ആയിരുന്നു. യുദ്ധത്തിൽ ബ്രിട്ടീഷ്, ഫ്രഞ്ച് പണ മൂലധനത്തിനുള്ള വെടിമരുന്നായി സേവനമനുഷ്ഠിക്കാൻ പോളിഷ്ജനതയെ ഈ പിന്തിരിപ്പൻ സർക്കാർ മനഃപൂർവ്വം ആട്ടിത്തെളിച്ചുവിടുകയും അതു സ്വമനസ്സാലെ സാർവ്വദേശീയപണ മൂലധന പിന്തിരിപ്പൻമുന്നണിയുടെ ഒരു വിഭാഗമായി സേവനമനുഷ്ഠിക്കുകയും ചെയ്തു. പോളിഷ്സർക്കാർ ഇരുപതുകൊല്ലം നിരന്തരം സോവിയററുയൂണിയനെ എതിർക്കുകയും ബ്രിട്ടൻ, ഫ്രാൻസ്, സോവിയററുയൂണിയൻ എന്നിവ തമ്മിലുള്ള സംഭാഷണങ്ങളുടെ അവസരത്തിൽ, പടനിരകളെ അയച്ചു സഹായിക്കാമെന്ന സോവിയററു വാഗ്ദാനം ധിക്കാരത്തോടെ നിരാകരിക്കുകയും ചെയ്തു. അതിലേറെ, അതു തീർത്തും അവിദഗ്ദ്ധമായ ഒരു സർക്കാരായിരുന്നു. അതിന്റെ 15 ലക്ഷത്തിൽ കൂടുതൽ ആകുന്ന കൂററൻ പട്ടാളം ആദ്യപ്രഹരത്തിൽതന്നെ നിലംപരിശായി, പോളിഷ്ജനതയെ ജർമ്മൻ സാമ്രാജ്യത്വത്തിന്റെ ചവിട്ടടിയിൽവിട്ടുംവെച്ചു്, വെറും രണ്ടാഴ്ചകൊണ്ടു് രാജ്യത്തെ നാശഗർത്തത്തിൽ അതു് എത്തിക്കുകയും ചെയ്തു. പോളിഷ്സർക്കാരിന്റെ കൊടും പാതകങ്ങൾ അത്തരത്തിലായിരുന്നു; എന്നിരിക്കെ, അതിനുവേണ്ടി ഏതെങ്കിലും അനുഭാവം പാഴാക്കുന്നതു് നമ്മെ സംബന്ധിച്ചിടത്തോളം തെററാകും. പോളിഷ് ജനതയെ സംബന്ധിച്ചാകട്ടെ, അവർ ഇരയായ് തീർന്നവരാണു്; അവർ ജർമ്മൻ ഫാസിസ്റ്റുകളുടെ അടിച്ചമർത്തലിനെതിരായും തങ്ങളുടെതന്നെ പിന്തിരിപ്പൻ ഭൂപ്രഭു, ബൂർഷ്വാവർഗങ്ങൾക്കെതിരായും ഉണർന്നെഴുന്നേൽക്കുകയും, പരാശ്രയമില്ലാത്തതും, സ്വതന്ത്രവും ജനാധിപത്യപരവുമായ ഒരു പോളിഷ്രാഷ്ട്രം സ്ഥാപിക്കുകയും ചെയ്യുകതന്നെ വേണം. സംശയലേശമെന്യേ, നമ്മുടെ അനുഭാവം പോളിഷ് ജനതക്കു് എത്തിക്കണം. സോവിയററുയൂണിയനെ സംബന്ധിച്ചാണെങ്കിൽ, അതിന്റെ നടപടികൾ പരിപൂർണ്ണമായും നീതിയുക്തമായിരുന്നു. അതു രണ്ടു സമസ്യകളെ നേരിടുകയായിരുന്നു. മുഴുവൻ പോളണ്ടിനെയും ജർമ്മൻ സാമ്രാജ്യത്വഭരണത്തിൻകീഴിൽ പതിക്കാൻ അനുവദിക്കണമോ അതോ കിഴക്കൻ പോളണ്ടിലെ ന്യൂനപക്ഷ ദേശീയതകളെ അവയുടെ വിമോചനം നേടുന്നതിനു സഹായിക്കണമോ എന്നതായിരുന്നു ഒന്നാമത്തെ സമസ്യ. രണ്ടാമതു പറഞ്ഞ ഗതിയാണു് അതു തിരഞ്ഞെടുത്തതു്. ബ്രെസ്റ്റ്—ലിറേറാവിസ്ക് ഉടമ്പടി ഒപ്പുവെയ്ക്കപ്പെട്ട 1918 എന്ന പൂർവ്വകാലത്തുതന്നെ, നവജാതമായ സോവിയററുരാഷ്ട്രത്തിൽനിന്നു് ബൈലോറഷ്യക്കാരും ഉക്രൈൻകാരും അധിവസിച്ചിരുന്ന വിസ്തൃതമായ ഒരു ഭൂവിഭാഗമേഖല, ജർമ്മൻ സാമ്രാജ്യവാദികൾ പിടിച്ചുപറിച്ചെടുത്തിരുന്നു. അതാകട്ടെ പിന്നീടു് വേഴ്സെയിൽസ് ഉടമ്പടിപ്രകാരം, നിയമസാധുതയെന്യേ സ്വേച്ഛാപരമായി പിന്തിരിപ്പൻ പോളിഷ് സർക്കാരിന്റെ ഭരണത്തിൻകീഴിലാക്കപ്പെടുകയും ചെയ്തു. നഷ്ടപ്പെട്ട തങ്ങളുടെ ഭൂപ്രദേശം തിരിച്ചെടുക്കുകയും മർദ്ദിതരായ ബൈലോറഷ്യക്കാരേയും ഉക്രൈൻകാരേയും വിമോചിപ്പിക്കുകയും അവരെ ജർമ്മൻ അടിച്ചമർത്തലിൽനിന്നും രക്ഷിക്കുകയും മാത്രമാണു് സോവിയററുയൂണിയൻ ഇപ്പോൾ ചെയ്തതു്. ചുവപ്പുസേനയെ തങ്ങളുടെ വിമോചകർ എന്ന നിലയിൽ, ഭക്ഷ്യപേയങ്ങളുമായി എത്ര ഊഷ്മളമായാണു് ഈ ന്യൂനപക്ഷ ദേശീയത

Scanned by CamScanner

കരം സ്വാഗതം ചെയ്യുന്നതെന്നു് കഴിഞ്ഞ കുറച്ചു ദിവസങ്ങളിൽ അയച്ചു കിട്ടിയ വാർത്താവിവരണങ്ങരം കാണിക്കുന്നുണ്ടു്; അതേസമയംതന്നെ, ജർമ്മൻ പടകരം കയ്യടക്കിയിട്ടുള്ള പടിഞ്ഞാറൻ പോളണ്ടിൽനിന്നോ ഫ്രഞ്ചുപടകരം കയ്യടക്കിയിട്ടുള്ള പടിഞ്ഞാറൻ ജർമ്മനിയിലെ ഇടങ്ങളിൽ നിന്നോ ഇത്തരത്തിലുള്ള ഒരൊററ റിപ്പോർട്ടുമില്ലാതാനം. സോവിയററുയൂണിയൻെറ യുദ്ധം, നീതിയുക്തവും അനവസരത്തിൽ അല്ലാത്തതുമായ ഒരു വിമോചനയുദ്ധമാണെന്നു്, ദുർബ്ബലവും ചെറിയതുമായ ദേശങ്ങളെ വിമോചിപ്പിക്കുന്നതിനും ജനതയെ സ്വതന്ത്രരാക്കുന്നതിനും സഹായിക്കുന്ന ഒരു യുദ്ധമാണെന്നു്, ഇതു വ്യക്തമായും കാണിക്കുന്നു. മറുവശത്തു് ജർമ്മനിയും ബ്രിട്ടൻ, ഫ്രാൻസ് എന്നിവയും നടത്തുന്ന യുദ്ധം, മററു ദേശങ്ങളേയും ജനതകളേയും അടിച്ചമർത്തുന്നതിനുവേണ്ടി നടത്തുന്ന ഒരു നീതിരഹിത, അനവസര, സാമ്രാജ്യത്വ യുദ്ധമാണു്. തൻെറ പഴയ സോവിയററുവിരുദ്ധനയം തുടരുവാനുള്ള ചേമ്പർലെയിനിൻെറ അതീവയത്നമായിരുന്നു, സോവിയററുയൂണിയൻ നേരിട്ടുകൊണ്ടിരുന്ന രണ്ടാമത്തെ സമസ്യ. ഒന്നാമതായി, ജർമ്മനിക്കുമേൽ വൻതോതിൽ ഉപരോധം ഏർപ്പെടുത്തുകയും പടിഞ്ഞാറുനിന്നു് അതിൻെറമേൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുക; രണ്ടാമതായി, ഐക്യനാടുകളുമായി ഒരു സഖ്യം രൂപീകരിക്കുന്നതിനു ശ്രമിക്കുകയും ജർമ്മനിയെ ഒററപ്പെടുത്തത്തക്കവിധം ഇററലിയേയും ജപ്പാനെയും വടക്കൻ യൂറോപ്യൻരാജ്യങ്ങളേയും വിലയ്ക്കു വാങ്ങുക; മൂന്നാമതായി, പോളണ്ടിൻേറയും ഹങ്കറി, റുമാനിയ എന്നിവയുടെ പോലും ഇരകാട്ടി ജർമ്മനിയെ കോഴകൊണ്ടു സ്വാധീനിക്കുക എന്നിങ്ങനെയുള്ളതായിരുന്നു അയാളുടെ നയം. ചുരുക്കത്തിൽ, ചേമ്പർലെയിൻ, ജർമ്മനിയെക്കൊണ്ടു് സോവിയററു—ജർമ്മൻ അനാക്രമണസന്ധിയെ കയ്യൊഴിപ്പിക്കാനും അതിൻെറ തോക്കുകരം സോവിയററുയൂണിയനുനേരെ തിരിപ്പിക്കാനും എല്ലാതരം പിപ്പിടിയും കൈക്കൂലിയും പയററിനോക്കി. കുറച്ചുകാലമായി ഈ ഗൂഢപദ്ധതി തുടർന്നുകൊണ്ടേയിരിക്കുന്നുണ്ടു്; ഇനിയും തുടരുകയും ചെയ്യും. സോവിയററുയൂണിയൻേറതായ പ്രദേശങ്ങരം തിരിച്ചെടുക്കുക അവിടത്തെ ചെറു—ദുർബ്ബലദേശീയതകളെ വിമോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സുശക്ത സോവിയററുസേനയുടെ കിഴക്കൻ പോളണ്ടിലേക്കുള്ള പ്രവേശം, അതേ സമയംതന്നെ ജർമ്മൻ ആക്രമണപ്പടകളെ കിഴക്കോട്ടു വ്യാപിക്കുന്നതിൽനിന്നു് തടയുന്നതിനും ചേമ്പർലെയിൻെറ ഗൂഢപദ്ധതി പൊളിക്കുന്നതിനുമുള്ള ഒരു പ്രായോഗിക നീക്കം ആയിരുന്നു. ഈ സോവിയററുനയം അങ്ങേയററം വിജയകരമായിട്ടുണ്ടെന്നു് കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ വാർത്താ റിപ്പോർട്ടുകളിൽനിന്നു നിർണ്ണയിക്കാം. പിന്തിരിപ്പൻ പോളിഷ് ഭരണത്തിൻകീഴിലെ മർദ്ദിതജനതയടക്കമുള്ള മനുഷ്യവംശ മഹാഭൂരിപക്ഷത്തിൻെറ താല്പര്യങ്ങളുമായി സോവിയററുയൂണിയൻെറ താല്പര്യങ്ങരക്കുള്ള അനന്യതയുടെ ഒരു സമ്പൂർത്ത പ്രകടിതരൂപമാണു് ഇതു്. ഞാൻ സംസാരിക്കാൻ ആഗ്രഹിച്ച മൂന്നാമത്തെ പ്രശ്നം ഇതാണു്.

സോവ്യററു—ജർമ്മൻ അനാക്രമണ സന്ധി നിലവിൽ വന്നതിനെ തുടർന്നുള്ള സ്ഥിതി ജപ്പാനൊരു വമ്പിച്ച പ്രഹരവും ചൈനയ്ക്കു് വമ്പിച്ച ഒരു സഹായവും ആയിത്തീർന്നിരിക്കുന്നു; അതു് ജപ്പാനെ ചെറുക്കുന്നവരുടെ നിലയെ ശക്തമാക്കുകയും കീഴ്പ്പെടുത്തിക്കൊടുക്കലുകാരെ ക്ഷീണിപ്പിക്കുകയും ചെയ്യുന്നു. ചൈനീസ് ജനത ഈ സന്ധിയെ ശരിയായിതന്നെ സ്വാഗതം ചെയ്തിട്ടുണ്ടു്. എന്നിരിക്കെത്തന്നെ, നോമൺഹാൻ വെടിനിർത്തൽ കരാറിനെ5 തുടർന്നു് ബ്രിട്ടീഷ്, യു. എസ്. വാർത്താ ഏജൻസികരം, ഒരു സോവ്യററു ജർമ്മൻ അനാക്രമണസന്ധി ഒപ്പുവെയ്ക്കു

പ്പെടാൻ പോവുകയാണെന്ന കള്ളക്കഥ തിരക്കിട്ട പരത്തുന്നുണ്ട്, ഇതാക്ര
ട്ടെ ചൈനീസ് ജനതയിലെ ചിലർക്കിടയിൽ ഉൽക്കണ്ഠയ്ക്കു വഴിവെച്ചിട്ടു
മുണ്ട്—ചൈനയെ ഇനിമേൽ സോവ്യറ്റു യൂണിയൻ സഹായിച്ചേക്കില്ലെ
ന്നാണ് ഇവരുടെ ചിന്ത. അവർക്കു തെറ്റു പററിയിരിക്കുന്നതായി ഞാൻ
വിശ്വസിക്കുന്നു. മുൻപത്തെ ചാങ്ക്കുഫെങ്ങ് വെടിനിർത്തൽ കരാറി
ന്റേതുപോലെതന്നെയാണ് നോമൺഹാൻ വെടിനിർത്തൽ കരാറിന്റെ
യും സ്വഭാവം; എന്നു പറഞ്ഞാൽ, ജാപ്പനീസ് സൈനികപ്രമാണിത്ത
മോഹികൾക്ക്, തങ്ങളുടെ തോൽവി സമ്മതിക്കാൻ അവർ നിർബന്ധി
തരായ സ്ഥിതിയിൽ സോവിയററു മംഗോളിയൻ അതിർത്തികളുടെ അലം
ഘനീയത അംഗീകരിക്കുകയല്ലാതെ ഗതിയില്ലായിരുന്നു. ചൈനക്കുള്ള
സഹായം ചുരുക്കുന്നതിനല്ല, അതിലേറെ വർദ്ധിപ്പിക്കുന്നതിന് ഈ
വെടിനിർത്തൽ കരാറുകൾ സോവ്യററുയൂണിയനെ പ്രാപ്തമാക്കും, ഒരു ജാ
പ്പനീസ്—സോവ്യററ് അനാക്രമണ സന്ധിയെ സംബന്ധിച്ചാണെങ്കിൽ,
അനേകം വർഷങ്ങളായി സോവ്യററുയൂണിയൻ അതിനുവേണ്ടി നിർദ്ദേശ
മുന്നയിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ജപ്പാൻ അക്കാര്യം പഴതടച്ചു നി
രാകരിക്കുകയാണ് ഉണ്ടായിട്ടുള്ളത്. സോവ്യററുയൂണിയനുമായി അത്ത
രമൊരു സന്ധി ആഗ്രഹിക്കുന്നതായി ജാപ്പനീസ് ഭരണവർഗ്ഗത്തിൽ ഒരു
വിഭാഗം ഇപ്പോഴുണ്ട്, എന്നാലും സോവ്യററുയൂണിയന്റെയും മനുഷ്യവം
ശത്തിൽ മഹാഭൂരിഭാഗത്തിന്റെയും താല്പര്യങ്ങൾക്ക് അനുസൃതമാകുമോ
സന്ധി എന്ന അടിസ്ഥാനതത്വത്തെ ആശ്രയിച്ചാണ് സോവ്യററുയൂണിയ
ന് അതു സമ്മതമാകുമോ എന്നതു് ഇരിക്കുന്നത്, സ്പഷ്ടമായി പറഞ്ഞാൽ
ചൈനയുടെ ദേശീയ വിമോചനയുദ്ധത്തിന്റെ താല്പര്യങ്ങൾക്ക് വിഘാ
തമാകുമോ സന്ധി എന്നതിനെ ആശ്രയിച്ചാണ് അതിരിക്കുന്നത്. ഈ
കൊല്ലം മാർച്ച് 10 ന്റെ സോവ്യററ് കമ്യൂണിസ്റ്റ് പാർട്ടി പതിനെട്ടാം
കോൺഗ്രസ്സിലെ സ്റ്റാലിന്റെ റിപ്പോർട്ടും മേയ് 30 ന് യു. എസ്
എസ്. ആർ. സുപ്രീം സോവിയററിലെ മൊളോട്ടോവിന്റെ പ്രസംഗവും
കണക്കിലെടുക്കുന്നതിലൂടെ എനിക്കു തോന്നുന്നത്, സോവ്യററുയൂണിയൻ
മേല്പറഞ്ഞ അടിസ്ഥാനതത്വത്തെ മാററിത്തീർക്കില്ല എന്നുതന്നെയാണ്.
ഒരു സന്ധിയിൽ എത്തേണ്ടിവരികയാണെങ്കിൽപോലും, ചൈനയെ
സഹായിക്കുന്നതിനുള്ള പ്രവർത്തന സ്വാതന്ത്ര്യത്തിന് തടസ്സമാവുന്ന യാ
തൊന്നിനും സോവ്യററുയൂണിയൻ നിശ്ചയമായും സമ്മതിക്കുകയില്ല
തന്നെ. ചൈനയുടെ ദേശീയ വിമോചനത്തിന്റെ താല്പര്യങ്ങൾക്ക്
എന്നും ഒത്തു നില്ക്കുന്നവയാണ്, ഒരിക്കലും വിഘാതമാവുന്നവയല്ല, സോ
വ്യററുയൂണിയന്റെ താല്പര്യങ്ങൾ. ഇതു തീർത്തും സംശയാതീതമാണെ
ന്ന് എനിക്കുറപ്പാണ്. സോവ്യററുയൂണിയനെതിരായി മുൻവിധി എഴു
തുന്നവർ നോമൺഹാൻ വെടിനിർത്തൽ കരാറിന്മേലും ഒരു ജാപ്പനീസ്
സോവ്യററ് അനാക്രമണ സന്ധിയെക്കുറിച്ചുള്ള സംസാരത്തിന്മേലും മുത
ലെടുപ്പു നടത്തുകയാണ് ചെയ്യുന്നത്; ഇതു് അവർ ചെയ്യുന്നതാകട്ടെ,
ചൈന, സോവ്യററുയൂണിയൻ എന്നീ മഹത്തായ രണ്ടു രാഷ്ട്രങ്ങൾക്കിട
യിൽ കുഴപ്പം സൃഷ്ടിക്കാനും മുഷിച്ചിലുണ്ടാക്കാനും വേണ്ടിയാണുതാനും.
ബ്രിട്ടീഷ്, യു. എസ്, ഫ്രഞ്ച്, ഗൂഢാലോചനക്കാരും ചൈനയിലെ കീ
ഴടക്കിക്കൊടുപ്പുകാരും ചെയ്യുന്നത് ഇതത്രേ, ഇതു വളരെയേറെ അപകട
മാണ്; നാം അവരുടെ വൃത്തികെട്ട കൗശലങ്ങളെ അപ്പാടെ തുറന്നു കാട്ടുക
തന്നെ വേണം. ജാപ്പ് ആക്രമണത്തോടുള്ള ചെറുത്തുനില്പിന്റേതായ ഒന്നാ
യിരിക്കണം ചൈനയുടെ വിദേശനയം എന്നതു് സ്പഷ്ടമാണ്. പ്രാഥമി
കമായി നമ്മുടെതന്നെ പ്രയത്നത്തിൽ ആശ്രയിക്കുകയും അതേസമയം വി
ദേശത്തുനിന്നുള്ള സഹായം നേടിയെടുക്കുന്നതിന്റേതായ ഏതൊരു സാ-

Scanned by CamScanner

ദ്ധ്യതയേയും അവഗണിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് ഈ നയത്തിൻെറ ഉദ്ദേശം. സാമ്രാജ്യത്വലോകയുദ്ധം ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടു കഴിഞ്ഞെന്നിരിക്കെ മുഖ്യമായും മൂന്നു ഉറവിടങ്ങളിൽനിന്നാണ് വിദേശ സഹായം എത്തുന്നത്—അവ: (1) സോഷ്യലിസ്റ്റു സോവ്യററ്യൂണിയൻ, (2) മുതലാളിത്ത രാജ്യങ്ങളിലെ ജനങ്ങൾ, (3) കോളനികളിലേയും അർദ്ധകോളനികളിലേയും മർദ്ദിത ദേശീയ രാഷ്ട്രങ്ങൾ എന്നിവയാണ്. നമുക്കു വിശ്വസ്തമായ സഹായ ഉറവിടങ്ങൾ ഇവ മാത്രമാണ്. വിദേശ സഹായമെന്നു വിളിക്കപ്പെട്ടേക്കാവുന്ന മററെന്തും, അതു ലഭ്യമായേക്കാമെങ്കിൽപോലും, അനുപൂരകവും താല്ക്കാലികവുമായേ കണക്കാക്കാവൂ. അനുപൂരകവും താല്ക്കാലികവുമായ അത്തരം വിദേശസഹായങ്ങൾ സമ്പാദിക്കുന്നതിനു ചൈന തീർച്ചയായും ശ്രമിക്കേണ്ടതുണ്ട്, എന്നാൽ അതിന്മേൽ ഏറെ ആശ്രയിക്കുകയോ വിശ്വസനീയം എന്നു കണക്കാക്കുകയോ ചെയ്തുകൂടാ. ചൈന, സാമ്രാജ്യത്വയുദ്ധപക്ഷങ്ങളോട് കർശനമായ നിഷ്പക്ഷത പുലർത്തുകയും ഏതൊരു പക്ഷത്തും ചേരാതിരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇംഗ്ലീഷ്—ഫ്രഞ്ച് സാമ്രാജ്യത്വ യുദ്ധമുന്നണിയിൽ ചൈന ചേരുമെന്ന ആശയം വച്ചുപുലർത്തുന്നതു ചെറുത്തുനില്പുയുദ്ധത്തിനെന്നപോലെതന്നെ ചൈനീസ് ദേശത്തിൻെറ സ്വാശ്രയത്വത്തിനും വിമോചനത്തിനും ഹാനികരമായ ഒരു കീഴടക്കിക്കൊടുപ്പുവീക്ഷണമാണ്; അതിനെ തുറന്നടിച്ചു നിരാകരിക്കയും വേണം. ഞാൻ സംസാരിക്കാൻ ആഗ്രഹിച്ച നാലാമത്തെ പ്രശ്നം ഇതാണ്.

നമ്മുടെ സഹദേശവാസികൾ ഈ നാലു പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ജാപ്പ് ആക്രമണത്തിനുമേൽ വിജയം എന്നതാണ് അവരുടെ ലക്ഷ്യമെന്നതിനാൽ, സാർവ്വദേശീയ പ്രശ്നങ്ങളുടെ പഠനത്തിലും സാമ്രാജ്യത്വ ലോകയുദ്ധവും ചൈനയുടെ ചെറുത്തുനില്പുയുദ്ധവും തമ്മിലും ചൈനയും സോവ്യററ്യൂണിയനും തമ്മിലുള്ള ബന്ധങ്ങളിലും അവർ ശ്രദ്ധവെയ്ക്കുന്നു എന്നതു വളരെ നല്ല ഒരു കാര്യമാണ്. ഈ പ്രശ്നങ്ങളിൽ എനിക്കുള്ള അടിസ്ഥാനവീക്ഷണങ്ങളിൽ ചിലതു ഇവിടെ ഞാൻ അവതരിപ്പിച്ചിട്ടുണ്ടല്ലോ, അവയെക്കുറിച്ചുള്ള തങ്ങളുടെ അഭിപ്രായങ്ങൾ വായനക്കാർ ഒരുക്കിവയ്ക്കില്ലെന്നു ഞാൻ പ്രത്യാശിക്കുന്നു.

## കുറിപ്പുകൾ

1. ഒന്നാം ലോകയുദ്ധത്തിനുശേഷം, തല്പരസംഘട്ടനങ്ങളുടെ വിലപേശലിലൂടെയും താല്ക്കാലിക നീക്കുപോക്കുകളിലൂടെയും ലോകത്തിൻെറ പുനർവിഭജനത്തിനായി ബ്രിട്ടനും ഫ്രാൻസും ജപ്പാനും മററു സാമ്രാജ്യത്വശക്തികളും രൂപം നൽകിയ ഒരു സംഘടനയായിരുന്നു, സർവ്വരാജ്യസംഘടന. 1931—ൽ ജാപ്പനീസ് സാമ്രാജ്യവാദികൾ ചൈനയുടെ വടക്കുപടിഞ്ഞാറൻ മേഖല കയ്യടക്കി; കൂടുതൽ സ്വതന്ത്രമായി അതിൻെറ ആക്രമണം വിപുലീകരിക്കുന്നതിനു പ്രാപ്തരാകാനായി ജപ്പാൻ 1933—ൽ സർവ്വരാജ്യസംഘടനയിൽനിന്നു പിൻവലിയുകയും ചെയ്തു. അതേ കൊല്ലം ജർമ്മൻ ഫാസിസ്റ്റുകൾ അധികാരത്തിൽ വരികയും പിന്നീട് അവരും ഒരാക്രമണയുദ്ധത്തിനുള്ള തങ്ങളുടെ തയ്യാറെടുപ്പുകൾക്കു നേട്ടമുണ്ടാക്കാനായി സർവ്വരാജ്യസംഘടനയിൽനിന്നു പിൻവലിയുകയും ചെയ്തു. 1934—ൽ, ഒരു ഫാസിസ്റ്റ് ആക്രമണ യുദ്ധഭീഷണി വളർന്നുകൊണ്ടിരുന്നപ്പോളാണ് സോവിയററ് യൂണിയൻ സർവ്വരാജ്യസംഘടനയിൽ ചേർന്നു

Scanned by CamScanner

ത്ത്. അങ്ങനെ ലോകത്തിന്റെ പുനർവിഭജനത്തിനായുള്ള ഈ സാമ്രാജ്യ
ത്വസംഘടനയിൽനിന്ന് അത് ലോകസമാധാനലക്ഷ്യത്തെ സേവിച്ചേ
ക്കാവുന്ന ഒന്നായി മാററപ്പെടുന്നതിന്റെതായ സാദ്ധ്യത ഉയർന്നുവന്നു.
ഇററലി, 1935–ൽ അബിസീനിയയ്ക്കു മേലുള്ള അതിന്റെ കടന്നാക്രമണ
ത്തിനുശേഷം സർവ്വരാജ്യസംഘടനയിൽനിന്നു പിൻവലിഞ്ഞു.

2. 1935–ൽ, യു. എസ്. എസ്. ആർ–ഉം ഫ്രാൻസും തമ്മിലുള്ള പരസ്പര സഹായസന്ധി, യു. എസ്. എസ്. ആർ–ഉം ചെക്കോസ്ലോവാക്യൻ റിപ്പബ്ലിക്കും തമ്മിലുള്ള പരസ്പരസഹായസന്ധി എന്നിവ ഒപ്പുവയ്ക്കപ്പെട്ടു.

3. ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ഇററലി എന്നിവ കൂടിയാലോചിക്കാൻ ഒരുങ്ങിയ സന്ദർഭത്തിൽ കൂടിയാലോചനകളിൽ സോവിയററ് പങ്കാളിത്തം നിരാകരിച്ചുകൊണ്ട് സമാധാനം നേടാൻ ആവില്ലെന്ന് ഒന്നാം ലോകയുദ്ധകാലത്ത് പ്രധാനമന്ത്രിയായിരുന്ന ബ്രിട്ടീഷ് രാഷ്ട്രീയ നേതാവ് ലോയ്ഡ് ജോർജ്ജ് 1932 നവമ്പറിൽ പാർലമെന്റിൽ പ്രഖ്യാപിച്ചു.

4. 1939 സെപ്തംബർ 1–ന് ജർമ്മൻകാർ പോളണ്ടിനെ കടന്നാക്രമിക്കുകയും അതിന്റെ മിക്കവാറും ഭൂപ്രദേശങ്ങൾ കയ്യടക്കുകയും ചെയ്തു. പിന്തിരിപ്പൻ പോളിഷ് സർക്കാർ 17–ാംതീയതി വിദേശത്തേക്ക് ഒളിച്ചോടി. അതേദിവസംതന്നെ, തങ്ങളുടേതായ നഷ്ടഭൂവിഭാഗങ്ങൾ തിരിച്ചെടുക്കാനും മർദ്ദിതരായ ഉക്രൈനിയൻ, ബൈലോറഷ്യൻ ജനതകളെ മോചിപ്പിക്കാനും ജർമ്മൻ ഫാസിസ്റ്റുപാർട്ടികളുടെ കിഴക്കോട്ടുള്ള നീക്കം തടയാനുമായി, സോവിയററ് യൂണിയൻ അതിന്റെ സേനകളെ കിഴക്കൻ പോളണ്ടിലേക്ക് അയച്ചു.

5. 1939 സെപ്തംബറിൽ മോസ്കോയിൽവച്ചാണ് നോമൺ
ഹാൻ വെടിനിർത്തൽ കരാർ തീർപ്പിലെത്തിയത്. സോവിയററ്
യൂണിയന്റെയും മംഗോളിയൻ ജനകീയ റിപ്പബ്ളിക്കിന്റെയും സൈന്യ
ങ്ങളെ മംഗോളിയയ്ക്കും ''മഞ്ചുക്കോ''യ്ക്കും ഇടയ്ക്കുള്ള അതിർത്തിയിലുള്ള നോ
മൺഹാനിൽവച്ച് 1939 മേയിൽ ജാപ്പപടയും ''മഞ്ചുക്കൊ'' പാവസൈ
ന്യങ്ങളും സംയുക്തമായി ആക്രമിക്കുകയും സോവിയററ്–മംഗോളിയൻ
സൈന്യബലങ്ങൾ ഒരു ധീരോദാത്ത സ്വയം രക്ഷാത്മകയുദ്ധത്തിൽ അവ
യെ പൂർണ്ണമായും പരാജയപ്പെടുത്തുകയും ചെയ്തു. അതിൽപിന്നെ ജപ്പാൻ
കാർ സമാധാനം അർത്ഥിച്ചു. ഉടനടിയുള്ള ഒരു വെടിനിർത്തലിനും സംഘട്ട
നമുണ്ടായ ഇടങ്ങളിൽ മംഗോളിയൻ ജനകീയ റിപ്പബ്ലിക്കും ''മഞ്ചുക്കോ''
പാവഭരണക്രമവും തമ്മിലുള്ള അതിർത്തി രേഖപ്പെടുത്താനായി, ഇരുപുറ
ത്തുനിന്നും ഈരണ്ടു പ്രതിനിധികൾ അടങ്ങുന്ന ഒരു നാലംഗകമ്മീഷന്റെ
രൂപീകരണത്തിനും വെടിനിർത്തൽകരാർ ഉപയുക്തമായി.

6. 1938 ആഗസ്റ്റ് 11–ന് മോസ്കോയിൽവച്ചാണ് ചാങ്
കുഫെങ്ങ് വെടിനിർത്തൽ കരാർ തീർപ്പിലെത്തിച്ചത്. 1938 ജൂലൈ
അവസാനത്തിലും ആഗസ്റ്റ് ആദ്യഘട്ടത്തിലുമായി ജപ്പാൻകാർ ചൈന,
കൊറിയ, സോവിയററ് യൂണിയൻ എന്നിവ തമ്മിലുള്ള അതിർത്തിയി
ലെ ചാങ്ങ് കുഫെങ്ങ് ജില്ലയിലുണ്ടായിരുന്ന സോവിയററ് സൈന്യ
ങ്ങൾക്കെതിരായ പ്രകോപന നടപടികളിൽ ഏർപ്പെടുകയും അവസ്സ് കടു
ത്ത തിരിച്ചടി ലഭിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ജപ്പാൻകാരാകട്ടെ
സമാധാനം അർത്ഥിക്കുകയും ചെയ്തു. ഉടനടിയുള്ള ഒരു വെടിനിർത്തൽ,
അതിർത്തിരേഖകൾ അന്വേഷിച്ചു പിടിക്കുകയും അന്തിമതീർപ്പുണ്ടാക്കു
കയും ചെയ്യുന്നതിന്, സോവിയററുപക്ഷത്തുനിന്ന് രണ്ടും ജാപ്പനീസ്–
''മഞ്ചുക്കോ''പക്ഷത്തുനിന്നു രണ്ടുമായി ഒരു നാലംഗകമ്മീഷന്റെ രൂപീ
കരണം വെടിനിർത്തൽ കരാറിന്റെ ഫലമായി ഉണ്ടായി.

Scanned by CamScanner